

# ശ്രീമദ് ഭാഗവതം

## നിത്യ പാരായണം

സ്വാമി വെങ്കിടേശാനന്ദ

വിവർത്തനം: സുകുമാർ

ॐ

ഓം നമോ ഭഗവതേ വാസുദേവായ

# ശ്രീമദ് ഭാഗവതം

## നിത്യ പാരായണം

ॐ


സ്വാമി വെങ്കിടേശാനന്ദ

വിവർത്തനം
എ.പി. സുകുമാർ

ॐ

**കടപ്പാട്**

**ജോസ്  മപ്രാണത്തുകാരൻ:** ശ്രദ്ധാഭക്തിപുരസ്സരം ഓരോ പുറങ്ങളും കമ്പ്യൂട്ടറിലാക്കാൻ സഹായിച്ചും വിവർത്തകനെ പ്രോത്സാഹിപ്പിച്ചും ഈ ശ്രീമദ് ഭാഗവതപൂജ നടത്താൻ ജോസിനുത്തേജനം നൽകിയ ആ പരംപൊരുളിനോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തട്ടെ. ഇതിലുള്ള തെറ്റുകുറ്റങ്ങളും അക്ഷരത്തെറ്റുകളും വിവർത്തകൻേറതു മാത്രം

സുകുമാർ

*Malayalam Translation of Srimad Bhagavatham written in English by H.H. Swami Venkitesananda is now available in a daily reading format. The entire Bhagavatham has been abridged into page-a-day reading so that in 366 days it will be completed. The idea is to read just one page a day, preferably in the morning so that during the day our mind can dwell in the subject matter. Happy reading. Hari Om !*

*Translation is by me (A.P. Sukumar or Babu); just sharing the joy I felt in translating the noble work by Swamiji. I haven't taken permission to translate or publish the material and I hope the reader will pardon me for the inadequacies of my ability to write, in the name of Lord Krishna; Somehow I feel that HE will pardon me as He is known to accept anything that is offered at His lotus feet.(malarkkanyaa maNavaaLan okkeyumaakaam).*

*I welcome all suggestions for improvement.*

*All proceeds, if any will be donated to charity*

*A. P. Sukumar*
*4887 Parker Street*
*Burnaby, BC*
*Canada V5C 6G6*

*sukumar@canada.com*

*$$$$$$ Priceless ! $$$$$*

ॐ

**<u>സമർപ്പണം</u>**

അക്ഷരത്തിന്റെ
കനിവു പകർന്നു തന്ന
**അച്ഛനും അമ്മയ്ക്കും**

ॐ

# അവതാരിക

(കവി യോഗി മഹർഷി ശുദ്ധാനന്ദഭാരതി)

ഇത് ഈശ്വരനെക്കുറിച്ചുള്ള വെറുമൊരു ഗ്രന്ഥമല്ല. മറിച്ച് ഈശ്വരദർശനം തന്നെയാണ്. ശ്രീമദ് ഭാഗവതം ആത്മീയവീര്യത്തിൻെറ പരകോടിയത്രെ. പന്ത്രണ്ടദ്ധ്യായങ്ങളിലെ ശ്ലോകങ്ങളിൽ കൂടി ഭാഗവതം നമുക്കു നൽകുന്നത് ഒരു ആത്മീയ വിശ്വവിജ്ഞാനകോശമാണ്. ഇതിലെ ശ്ലോകങ്ങളോരോന്നും യോഗാത്മകവും ദർശനപരവുമായ ഹർഷോൻമാദത്തെ പ്രദാനം ചെയ്യുന്നു. വിശ്വസൃഷ്ടിയുടെ വിവരണത്തിൽ തുടങ്ങി മാനവകുലത്തിൻെറ ഉത്ഭവവും അതിൻെറ ദിവ്യതയിലേയ്ക്കുള്ള വികാസപരിണാമവുമെല്ലാം ഇതിലുണ്ട്. ദിവ്യപ്രവചനങ്ങളുടെ ഒരു കലവറ തന്നെയാണ് ഭാഗവതം. ശ്രീരാമനും ശ്രീകൃഷ്ണനും ഭാരതീയ പാരമ്പര്യ ത്തിൻെറ അവതാരശക്തികളത്രെ. ശ്രീരാമൻ ധർമ്മനിഷ്ഠയുടെ വീരനായകനാണെങ്കിൽ ശ്രീകൃഷ്ണൻ യോഗധർമ്മത്തിൻെറ പുരാതനാവതാരമാകുന്നു. ശ്രീകൃഷ്ണനെയാണീ സ്വർഗ്ഗീയ ഗാനത്തിൽ ആരാധിച്ചിരി ക്കുന്നത്. ഭാഗവതം മാനവകുലത്തിൻെറ തന്നെ വേദപുസ്തകമത്രെ.

പൂജനീയ വെങ്കിടേശാനന്ദസ്വാമികൾ ശിവാനന്ദസ്വാമിയാൽ പ്രചരിപ്പിക്കപ്പെട്ട യോഗവേദാന്തത്തിൻെറ സുവിശേഷ പ്രചാരകനാണ്. അദ്ദേഹം തൻെറ വ്യാഖ്യാനത്തിലൂടെ അനുവാചകനെ ഗീതാഖനിയിലെ അമൂല്യനിധികളിലേക്ക് നയിച്ചു. ഇപ്പോൾ ഇതാ ഭാഗവതവ്യാഖ്യാനത്തിലൂടെ ഭഗവാൻ ശ്രീകൃഷ്ണൻെറ ലീലകളെക്കുറിച്ചൊരു കാവ്യം നൽകി നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. ഇതിലെ താളുകളോരോന്നും സംശുദ്ധി, ഏകത, ദൈവീകത എന്നിവയിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയിരിക്കുന്നു. മൈത്രേയി മുതൽ ശുകൻ വരെ ഇത് വിജ്ഞാനഭണ്ഡാകാരത്തെ അളന്ന് മാനവതയുടെ അന്ത:സത്തയായ ദിവ്യതയുടെ സ്ഫുരണങ്ങൾ ജ്വലിപ്പിക്കുന്നു. ഈ മഹാനായ സ്വാമിജി ഭാഗതപുരാണം മുഴുവൻ സൂക്ഷ്മപരിശോധന നടത്തി നിത്യപഠനത്തിനുതകുന്ന ശ്ലോകങ്ങൾ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്ത് സമഗ്രരൂപത്തിൽ കഥയും നൽകിയിരിക്കുന്നു. ഈശ്വരബോധമുള്ള മഹാത്മാക്കളുടെ വാക്കുകൾ ആത്മബോധമുള്ള സ്വാമിജിയുടെ വിവരണങ്ങളിലൂടെ മനുഷ്യമനസ്സിന് ശാന്തിയും ആനന്ദവും പ്രദാനം ചെയ്യുന്നു. മനസീക ക്ഷോഭങ്ങളാലും ആസക്തികളാലും കലുഷമായി കഷ്ടപ്പെടുന്ന മനുഷ്യഹൃദയത്തിന് ആശ്വാസം നൽകുന്നു.

ഭഗവാൻ വിഷ്ണുവിൻെറ സമ്പൂർണ്ണാവതാരമായി ശ്രീകൃഷ്ണനെ ആരാധിച്ചു വരുന്നു. അദ്ദേഹത്തിൻെറ നിഗൂഢലീലകൾ അഹങ്കാരോൻമുഖമായ ആസുരികശക്തികളെ നശിപ്പിച്ച് വേദനനിറഞ്ഞ മനുഷ്യ ഹൃദയത്തിനു മോചനമേകുന്നു. ദൈവീകത എന്ന പരമലക്ഷ്യത്തിലേക്കുള്ള പാതയിൽ ദുഷ്ടതയുടെ ശക്തികളെ വേരോടെ പിഴുതെറിഞ്ഞ് ദിവ്യധർമ്മം പുന:സ്ഥാപിച്ച് ആത്മാവിനു സദ്ഗതി നൽകുന്നത് അവിടുത്തെ ദിവ്യകൃപയൊന്നു മാത്രമാണ്. പത്താമദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള ശ്രീകൃഷ്ണാവതാര കഥകളും ലീലകളും വായിച്ചാൽ മറ്റ് അവതാരങ്ങൾ ശ്രീകൃഷ്ണാവതാരത്തിനുള്ള ആമുഖങ്ങളായേ തോന്നുകയുള്ളു. അത്രമാത്രം ആകർഷകമാണ് ദശമസ്കന്ദം. മഹത്തായ ഭാഗവതത്തിൻെറ സാരസത്ത, ആകർഷണീയത നിറഞ്ഞ വ്യാഖ്യാനത്തിലൂടെ നല്ല ഒഴുക്കുള്ള തർജ്ജമയിലൂടെ ശ്ലോകങ്ങളിലെ രത്നങ്ങളുടെ തിളക്കമേതും നഷ്ടം വരാതെ സ്വാമികൾ വിവരിച്ചു തന്നിരിക്കുന്നു. സെപ്തംബർ മാസത്തിലേയ്ക്കായി വച്ചിട്ടുള്ള വരികൾ ശ്രീകൃഷ്ണരാസലീലയുടെ പ്രാധാന്യം വിശദമാക്കുന്നു. ഗോപികാഗീതം പോലെ കൃഷ്ണ ഭക്തൻെറ മനസ്സുരുക്കുന്നതായി മറ്റൊന്നുമില്ല. കൃഷ്ണാവബോധത്തിൻെറ തീവ്രാഹ്ലാദവും ഹർഷോൻമാദവും ഇതിൽ പ്രകടമത്രെ. ഗോപികമാർ അവരുടെ ലൈംഗീകതയെല്ലാം മറന്ന് ആത്മാവിൽ ദിവ്യതയുമായി സംയോജിക്കുന്നു. ചേതോഹരമായ രാസലീലയിൽ മധുരോൻമത്തരായ അവർ സ്വന്തം വ്യക്തിത്വം മറക്കുന്നു. ഈ കന്യകമാർ കൃഷ്ണനെ ഗ്രഹിച്ചറിഞ്ഞ് സകല ചരാചരങ്ങളുടേയും പ്രണയിതാവായ കൃഷ്ണപ്രേമത്തിൽ ജീവിച്ചു. ശ്രീകൃഷ്ണൻെറ ഓടക്കുഴൽ നാദം അവരുടെ ആത്മാവിൽ അനുരണനങ്ങളുണ്ടാക്കി. ഹൃദയത്തിൽ ത്രസനമുണ്ടാക്കി. അവരുടെ ഉള്ളുണർത്തി. തീർച്ചയായും ഭാഗവതപഠനവും ഇതെല്ലാം നമ്മളിലുമുളവാക്കും. നിശ്ചയം.

ॐ

ശ്രീമദ്ഭാഗവതത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അമൃതവാണികൾ വിശദീകരിച്ചു സമാഹരിച്ച വെങ്കിടേശാനന്ദസ്വാമികൾ വളരെ സാരഗർഭമായ ഒരു സേവനമാണനുഷ്ഠിച്ചിട്ടുള്ളത്. അജയ്യനായ ഈ മഹാത്മാവിൻെറ ജീവിതം ഒരു സമർപ്പണവും വാക്കുകൾ ആത്മീയോക്തികളും കർമ്മം ധ്യാനത്തിൽ നിന്നുളവാകുന്ന സ്ഫുരണങ്ങളുടെ പ്രകടനവുമത്രെ. അദ്ദേഹത്തെക്കുറിച്ചു പറയാൻ എനിക്ക് ആരാധനയുടെ വാക്കുകളേയുള്ളു. ഈ ഗ്രന്ഥം എല്ലാവർക്കും വേണ്ടിയുള്ളതാണ്. വായിക്കൂ. മനസ്സിലാക്കൂ. ചിന്തിക്കൂ. ജീവിക്കൂ. പ്രേമിക്കൂ. നൽകൂ. സേവിക്കൂ. ധ്യാനിക്കൂ. സാക്ഷാത്കരിക്കൂ.

*ഓം ശിവം ഓം ജയം*

**യോഗി ശുദ്ധാനന്ദഭാരതി**

യോഗസമാജം
മദിരാശി

ॐ

# ആമുഖം

ഭാഗവതം എന്നാൽ ഭഗവാനെക്കുറിച്ചുള്ള ഗ്രന്ഥം. പുരാതനസാഹിത്യങ്ങളിൽ വച്ച് ഭാഗവതം അത്യുന്നതമാണെന്ന് ഭാരതത്തിലെ സംസ്കൃത പണ്ഡിതൻമാർ പോലും കണക്കാക്കി വരുന്നു.

അതിലെ സന്ദേശം ശ്രേഷ്ഠമത്രെ. ഭാഗവതത്തിനെ അതിനർഹിക്കുന്ന ബഹുമാനത്തോടെ പഠിക്കുന്നവർക്ക് അതിൽ ശാസ്ത്രീയവും അതീന്ദ്രിയവും തത്വശാസ്ത്രപരവുമായ പ്രായോഗിക നിർദ്ദേശങ്ങളും കൂടാതെ സാമൂഹികവും രാഷ്ട്രീയവുമായ വിവരങ്ങളും ലഭിക്കുന്നു. വ്യാജവും കപടവുമായ ഭക്തിയോടെ ഭാഗവതത്തെ പൂജിച്ചതുകൊണ്ടു മാത്രം അതിലെ എടുത്താലൊതുങ്ങാത്ത വിജ്ഞാനത്തിൻെറ ഖനി ലഭ്യമാവുന്നതല്ല. ജ്യോതിശാസ്ത്രപരമായ സംഭവങ്ങൾ വളരെ വിശദമായിത്തന്നെ ഭാഗവതത്തിൽ വിവരിച്ചിട്ടുണ്ട്. ആണവായുധങ്ങളടക്കം വളരെ ആധുനീകമായ തരത്തിലുള്ള ആയുധങ്ങളെയും ഇതിൽ പരാമർശിച്ചിട്ടുണ്ട്. ചിലപ്പോഴൊക്കെ ജനിതകശാസ്ത്രത്തിൻെറ അത്ഭുതങ്ങൾ പ്രതിപാദിച്ചിരിക്കുന്നതു കാണുമ്പോൾ ആധുനീക ശാസ്ത്രീയ നോവലുകളേക്കാൾ അവ വളരെ മുന്നിലാണെന്ന് കാണാം. ബഹിരാകാശയാത്രയും ഭാഗവതത്തിൽ ഉണ്ട്. കൃഷ്ണനെപ്പറ്റിയുള്ള കഥയാണ് ഇതിലെ മുഖ്യ വിഷയം. കൃഷ്ണൻെറ ജീവിതവും ക്രിസ്തുവിൻെറ ജീവിതവും തമ്മിലുള്ള സാദൃശ്യം ആകസ്മികമെന്ന് പറയാവുന്നത്ര ചെറുതല്ല. സാഹിത്യചോരണമാണെന്നും കരുതുക വയ്യ. ഇരുപതാം നൂറ്റാണ്ടിലെയും ഇരുപത്തൊന്നാം നൂറ്റാണ്ടിലെയും നാഗരീകതകളെപ്പറ്റി പ്രവാചകസ്വഭാവത്തിലെഴുതിയ പ്രവചനങ്ങളും ഭാഗവതത്തിൽ കാണാം.

ഭാഗവതം അതിൽ പ്രതിപാദിച്ച വിഷയങ്ങളുടെയെല്ലാം ആധികാരികമായ പുസ്തകമത്രെ. ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള പാഠങ്ങളും പല ഗുരുക്കൻമാരുടെ നിർദ്ദേശങ്ങളും സത്യസന്ധമായി എഴുതി വയ്ക്കുക എന്നതു മാത്രമേ ഈ ഗ്രന്ഥകർത്താവ് ചെയ്തിട്ടുള്ളൂ. അതിൽ എഴുതിയതെല്ലാം സത്യമെന്ന് കരുതി ആ പാഠങ്ങൾ അനുസരിച്ച് ജീവിക്കുന്നതാണ് ധാർമ്മീകമായ ജീവിതം. ധർമ്മനിഷ്ഠ, ഉചിതമായ പെരുമാറ്റ ചട്ടങ്ങൾ എന്നിവയെ മൈത്രേയനും നാരദമുനിയും വിവരിച്ചിട്ടുണ്ട്. കപിലൻ ജഡഭരതൻ തുടങ്ങിയ മഹാത്മാക്കൾ സാംഖ്യവും യോഗവും പഠിപ്പിച്ചു. സൃഷ്ടിയെക്കുറിച്ചുള്ള രഹസ്യങ്ങൾ സൃഷ്ടാവു സ്വയവും ഇതിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഭഗവൽഭക്തിയെക്കുറിച്ചുള്ള ആവേശപൂർണ്ണമായ കഥകൾ ഭക്തോത്തമരായ അംബരീക്ഷൻ, സുദാമാവ്(കുചേലൻ), ധ്രുവൻ, പ്രഹ്ലാദൻ, ഗജേന്ദ്രൻ എന്നിവരിലൂടെ നാം മനസ്സിലാക്കുന്നു. ഭഗവാൻ കൃഷ്ണൻെറ ജീവചരിത്രത്തിനു മാത്രമായി വലിയൊരു ഭാഗം തന്നെയുണ്ട്. അത് ഗ്രന്ഥത്തിൻെറ കിരീടചൂഡാമണിയായി വിരാജിക്കുന്നു.

ഭഗവദ് ഭക്തിയാണ് ഭാഗവതത്തിൻെറ മുഖ്യോദ്ദേശം. എന്നാൽ ഇത് അന്ധമായ ഭക്തിയല്ല. വാസ്തവ ത്തിൽ മഹൽഭക്തൻമാരുടെ അഭിപ്രായത്തിൽ വളരെ വ്യക്തമായ ജ്ഞാനത്തോട് കൂടിയല്ലാതെ ഒരുവന് ഹൃദയം തുറന്നു സ്നേഹിക്കുക സാദ്ധ്യമല്ല. അതിനാലാണ് ഭഗവൽപ്രേമമുണ്ടാകുവാൻ ആദ്യമായി ജ്ഞാന മുണ്ടാകണം എന്നവർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിനാൽ ഭഗവാൻെറ സ്വഭാവത്തെപ്പറ്റി ഇതിൽ വളരെ വിശദ മായിത്തന്നെ വിവരിച്ചിട്ടുണ്ട്.

ഭഗവാനെപ്പറ്റിയുള്ള ശുദ്ധ സൈദ്ധാന്തികമായ വിവരം കൊണ്ടു പ്രയോജനമില്ല. അതുപോലെ ഈശ്വര പ്രേമം വെറും പ്രേമമോ വികാരദൗർബല്യമോ അല്ല. സൃഷ്ടിയെപ്പറ്റിയുള്ള സത്യത്തെ മുഖാമുഖം ദർശിക്കു ന്നവരുടെ ഹൃദയത്തിൽ അയത്നലളിതമായി വളരുന്ന പ്രേമമാണ് ഭക്തി. എത്ര വിശദമായിട്ടാണ് ഇതിൽ സൃഷ്ടിയെപ്പറ്റി വിവരിച്ചിട്ടുള്ളത്? എത്ര വിശാലമാണീ വിശ്വം. അതിൽ തുലോം ശുഷ്ക്കമാണ് ഭൂമി. സമയം എത്ര അളവറ്റതാണ്? അതുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ക്ഷണികമാണ് ഒരുവൻെറ ജീവിതകാലം. പ്രതാപികളായ ദേവൻമാരെക്കുറിച്ചും അത്രതന്നെ പ്രതാപശാലികളായ അസുരൻമാരെ ക്കുറിച്ചും നമുക്കിതിൽ വായിക്കാം. അവർ ഭൂമി മാത്രമല്ല മറ്റ് ഗ്രഹങ്ങളിലും അവരുടെ സ്വാധീനം ചെലുത്തിയിരുന്നു. അവർ അമരത്വം ആഗ്രഹിച്ച് അതിനായി ശ്രമിച്ചു വിജയിച്ച് ദീർഘകാലം ജീവിച്ചിരുന്നു. മനുഷ്യജീവിതം നൂറുകൊല്ലമുണ്ടെങ്കിൽ പോലും ആ പ്രതാപികളുടേതുമായി താരതമ്യം ചെയ്യുമ്പോൾ

ॐ

വെറുമൊരു നിമിഷം പോലെ തോന്നുന്നു. വാസ്തവത്തിൽ മനുഷ്യജീവിതത്തിനു നൽകിയിട്ടുള്ള ആദരവിന് അർഹതയുണ്ടോ എന്നു സംശയം തോന്നുന്നു.

ഈ സന്ദേശം ഹൃദയത്തിലെത്തുമ്പോൾ അഹങ്കാരപരമായ ജിവിതത്തിന് അർത്ഥമില്ലാതാകുന്നു. അങ്ങിനെയുണ്ടാകുന്ന ശൂന്യതയിൽ ഭഗവൽഭക്തി നിറയുന്നു.

ഈശ്വരപ്രേമമെന്നാൽ ജീവിതത്തോടും ലോകത്തോടും വെറുപ്പുളവായി ലോകത്തുനിന്നും ഒളിക്കുക എന്നതാ ണെങ്കിൽ ഈ ശാസ്ത്രപഠനം കൊണ്ട് യാതൊരു പ്രയോജനവുമില്ല. പ്രാകൃതമായ സ്വഭാവവൈകൃതം മാത്രമേ അവശേഷിക്കൂ. കാരണം ഈശ്വരൻ തന്നെയാണെല്ലാം. സർവ്വം ബ്രഹ്മമയം എന്നത് തത്വശാസ്ത്ര പരമായല്ല ഉൺമയിലും അങ്ങിനെയത്രെ. ഈശ്വരൻ എല്ലാറ്റിലും സ്ഥിതി ചെയ്യുകയല്ല ഈശ്വരൻ വിശ്വത്തിലെ എല്ലാമായി പ്രത്യക്ഷമാവുകയുമല്ല. ഈശ്വരൻ മാത്രമേയുള്ളൂ. ഈശ്വരൻ, ഭഗവാൻ എന്നെല്ലാം നാം പറയുന്നതു കൊണ്ട് വേദശാസ്ത്രങ്ങൾ പ്രഖ്യാപിക്കുന്നത് ആദിയിൽ ആ ഭഗവാൻ കാരണമാണ് സൃഷ്ടികൾ മുഴുവനും സാധുതയുള്ള ഉൺമയായി വിളങ്ങുന്നത് എന്നാണ്.

അഹങ്കാരപരമായ വ്യക്തിത്വം ഇല്ലാതാവുമ്പോൾ ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുന്നു. ഈ കീഴടങ്ങൽ പ്രേമംകൊണ്ടോ ഭയംകൊണ്ടോ വെറുപ്പുകൊണ്ടോ വിജ്ഞാനംകൊണ്ടോ ആകാം. അദ്ദേഹം മാത്രമേ യുള്ളൂ. അഹങ്കാരവും അദ്ദേഹത്തിൻെറ സൃഷ്ടിയുടെ ഭാഗമത്രെ. വാസ്തവത്തിൽ അത് ഉൺമയായ ഒരു വസ്തുവത്രെ. എന്നാൽ അത് അതിരു കടക്കുമ്പോൾ മതിഭ്രമമുണ്ടാകുന്നു. വയറ്റിൽ ആഹാരവും ശ്വാസ കോശത്തിൽ വായുവും പോകുന്നതിൽ എന്തെങ്കിലും കുഴപ്പമുണ്ടായാൽ എന്തുണ്ടാകുമെന്ന് നമുക്കറിയാം.

അതിനാൽ സകലതും ഈശ്വരനായിരിക്കുകയും എല്ലാവിധ മാനസീക സംഘട്ടനങ്ങളും ഉണ്ടാവുന്നത് അഹങ്കാരപരമായ ചിന്താക്കുഴപ്പങ്ങൾ കൊണ്ടായിരിക്കുകയും കൊണ്ട് ദേവൻമാരും മനുഷ്യരും ഉപമനുഷ്യരും തമ്മിൽ വാസ്തവത്തിൽ വ്യത്യാസമൊന്നുമില്ല. എല്ലാവർക്കും ചിന്താക്കുഴപ്പത്തിലാണ്ടു വീഴാനുള്ള സാദ്ധ്യതയും അതുപോലെ തന്നെ മോക്ഷത്തിനുള്ള അവസരവും ഒരുപോലെയാണ്. ഭഗവദ് പാർഷദൻമാർ പോലും പതനത്തിനു വിധേയരാവുമ്പോൾ മൃഗമായ ഗജേന്ദ്രനും രാക്ഷസകുലത്തിൽപ്പെട്ട സ്ത്രീപുരുഷൻമാർക്കും ക്ഷണനേരംകൊണ്ട് മോക്ഷം ലഭിച്ചതായി ശ്രീകൃഷ്ണകഥയിൽ കാണാം. സൃഷ്ടികളെ തമ്മിൽ തരംതിരിച്ചിരിക്കുന്നത് ത്രിഗുണസ്വഭാവമനുസരിച്ചാണെങ്കിലും യഥാർത്ഥ്യത്തിലുള്ള ഉൺമയുടെ അടിസ്ഥാനത്തിൽ അവ തമ്മിൽ വൈരുദ്ധ്യമേതുമില്ല.

വിശ്വത്തിൻെറ രൂപപരിണാമം ഒരുവൻ മനസ്സിലാക്കേണ്ടതുണ്ട്. ദ്രവ്യപ്രപഞ്ചത്തിൻെറ വികാസം നിയതമായ സംഭവങ്ങളുടെ തുടർച്ചയായി വിശദീകരിക്കാവുന്നതാണ്. ഭഗവാനായ ആ ഒന്നിൽ സ്വയം സത്വം (ബോധം), രജസ് (ശക്തി), തമസ് (ദ്രവ്യത) എന്നിവ അന്തർലീനമായിരുന്നു. കാലമെന്ന പ്രേരകശക്തി ഉപയോഗിച്ച് ഇവയിലെ സമതുലിതാവസ്ഥക്ക് ഭംഗം വരുത്താൻ ഭഗവാൻ തീരുമാനിച്ചു. ഈ മൂന്നും കൂടിക്കലർന്ന് ആദ്യത്തെ പ്രപഞ്ചധാതുതത്വം ഉണ്ടായി അല്ലെങ്കിൽ ഉണ്ടാക്കി. ഈ സമതുലിതഭഞ്ജനം തുടർന്നു കൊണ്ടേയിരുന്നു. ഒരു പക്ഷേ ഇപ്പോഴും തുടരുന്നു. അങ്ങിനെ തുടർച്ചയായി ധാതുക്കൾ മറ്റുള്ളവ യോടു ചേർന്ന് കുറേക്കൂടി സങ്കീർണ്ണങ്ങളായ ധാതുക്കളും തത്വങ്ങളും ഉളവായി.

സൃഷ്ടിക്കപ്പെട്ട വിശ്വത്തിലെ എല്ലാറ്റിലും ഈ ത്രിഗുണങ്ങളുടെ സ്വഭാവങ്ങൾ ഉണ്ട്. ദേവൻമാരും മനുഷ്യരും അസുരൻമാരുമെല്ലാം ഇതിൽപ്പെടുന്നു. അവരുടെ ഉന്നതിയിലും താഴ്ചയിലും കാലം സർവ്വ ശക്തനായി വർത്തിക്കുന്നു. ഈശ്വരൻ മാത്രമേ എല്ലാറ്റിലും ഉൺമയായിട്ടുള്ളൂ. ഈശ്വരൻ കാലമാണ്. ദുഷ്ടതയുടെ ഉയർച്ച കാണുന്നത് ചില കാലഘട്ടത്തിൽ മാത്രമാണ്. കാലത്താൽ നിയന്ത്രിക്കപ്പെട്ട് വിരോധാഭാസമെന്ന് തോന്നുമെങ്കിലും സംരക്ഷിക്കപ്പെട്ട് കാലത്തിൻെറ നിശ്ചയങ്ങളനുസരിച്ചാണവയുടെ ഗതിവിഗതികൾ. ചിലസമയം ദുഷ്ടതയും അധർമ്മവും ഉയർച്ചയിലായിരിക്കും. അപ്പോൾ ഭഗവാൻ സ്വയം ദേവതകളോട് കാലം അവർക്കനുകൂല മാവുന്നതുവരെ ക്ഷമയോടെ കാത്തിരിക്കാൻ നിർദ്ദേശിക്കും. ഇത് കാണുന്നവൻ യാതൊരു തിൻമയും അതിൽ കാണുകയില്ല. (അല്ലെങ്കിൽ എല്ലാം പൊങ്ങച്ചമായി കാണുന്നു– സഭാപ്രസംഗം ബൈബിൾ)

ॐ

ഇഹലോകവാസമെന്ന നിഴൽനാടകം അതിൻെറ എല്ലാവിധ വൃത്തികേടുകളും സംഘട്ടനങ്ങളുമടക്കം നയിക്കുന്നവരെ അതിൽനിന്നു പിന്തിരിപ്പിച്ച് അനശ്വരമായ ഈശ്വരതയിലേക്ക് നയിക്കുകയാണ് ഭാഗവതത്തിൻെറ ഉദ്ദേശം. അതിനാൽ ചരിത്രപരമായി ഇതിലെ സംഘട്ടനങ്ങൾ പുരാതന ചരിത്രത്തെ കുറിക്കുന്നവ തന്നെയാണെങ്കിൽപ്പോലും അതിൽ പ്രതിപാദിച്ച വ്യക്തികൾ ജീവിച്ചിരുന്നവരാണെങ്കിലും ഈ ഗ്രന്ഥത്തിൽ അവരുടെ കൃത്യമായ വ്യക്തിത്വം മൂടിവച്ചിട്ടുള്ളതായി കാണാം. കാരണം ആ ചരിത്രപുരുഷൻമാരുടെ പാരമ്പര്യത്തിലുളളവർ ഇപ്പോൾ അതോർമ്മിച്ച് ശത്രുത ഉണ്ടാക്കാതിരിക്കണമല്ലോ. സന്ദേശമാണ് പ്രധാനം. അവരുടെ പേരുകളോ രാഷ്ട്രീയവ്യക്തിത്വമോ അല്ല തന്നെ.

ഇതിലുപയോഗിച്ചിട്ടുള്ള സംസ്കൃതനാമങ്ങളും, സ്ഥലങ്ങളുടെയോ മനുഷ്യരുടെയോ പേരുകളും എല്ലാം വളരെ പ്രാധാന്യമർഹിക്കുന്ന അർത്ഥങ്ങളുള്ളവയാണ്. ഉദാഹരണത്തിന് നാലാം പുസ്തകം അദ്ധ്യായം ഒന്നിൽ കൊടുത്തിട്ടുള്ള പേരുകൾ മന:ശാസ്ത്രപരവും ആത്മീയവുമായ തത്വങ്ങളിലധിഷ്ഠിതമത്രെ. സ്വയംഭു (സ്വയം ജനിച്ചവൻ) ശതരൂപയെ (വൈവിദ്ധ്യത-നാനാത്വം) വിവാഹം ചെയ്തു. ഒന്ന് പലതിൽ പ്രവേശിക്കുന്നു എന്നർത്ഥം. അവരിൽ നിന്നും പ്രിയവ്രതൻ (സുഖവും സ്നേഹവും), ഉത്താനപാദൻ (കുട്ടികൾ), ആകുതി (ആഗ്രഹം), ദേവഹൂതി (ദേവൻമാരെനശിപ്പിക്കൽ), പ്രസൂതി(അമ്മ, സന്തത്യുല്പാദനം), എന്നിവരുണ്ടായി. അങ്ങിനെയാണ് എല്ലാം ആരംഭിച്ചത്. പിന്നീട് യജ്ഞം (യാഗം, പൂജ) ദക്ഷിണയെ (സമ്മാനം, യാഗം പൂർത്തിയാക്കൽ) വിവാഹം ചെയ്തു. അവരിൽ നിന്നും തോഷം, പ്രതോഷം, സന്തോഷം (തൃപ്തിയുടെ മൂന്നുതലങ്ങൾ), ഭദ്ര (ഐശ്വര്യം), ശാന്തി, ഇഡസ്പതി (അഗ്നി), ഇദമ (ഇന്ധനം), കവി (ബുദ്ധി), വിഭു(ശാന്തി, ആത്മനിയന്ത്രണം), രോചന (വെളിച്ചം), ഇവരുണ്ടായി. ദക്ഷൻ (നിപുണത) പ്രസൂതിയെ (സന്തത്യുൽപ്പാദനം, പുരോഗതി, ഉദ്ഗമം) വിവാഹം ചെയ്തു. അവർക്ക് പതിനാറ് പുത്രിമാർ. അവരെല്ലാം ധർമ്മത്തെ വിവാഹം ചെയ്തു. ശ്രദ്ധയിൽ (വിശ്വാസം) ശുഭ (ശുഭോദർക്കത, ഭാഗ്യം) ജനിച്ചു. മൈത്രിയിൽ (സൗഹൃദം), പ്രസാദം (സഫലത, ശാന്തി, ക്ഷേമം), ദയയിൽ അഭയം, ശാന്തിയിൽ സുഖം, തുഷ്ടിയിൽ മുദ, (സംതൃപ്തിയിൽ നിന്നും കൃതകൃത്യത), പുഷ്ടി (ശക്തി)യിൽ സ്മയ (അതിശയം, ധിക്കാരം). ക്രിയയിൽ യോഗ (ഭഗവാനുമായുള്ള ഒന്നുചേരൽ, എല്ലാത്തരം നേട്ടങ്ങളും). ഉന്നതിയിൽ ദർപ്പം (അഹങ്കാരം), ബുദ്ധിയിൽ അർത്ഥം (സമ്പത്ത്, ആഗ്രഹവസ്തുക്കൾ) മേധയിൽ (ബുദ്ധികൂർമ്മത) സ്മൃതി. തിതിക്ഷയിൽ (സഹനശക്തി) ക്ഷേമം. ഹ്രിയിൽ (വിനയം) പ്രാശ്രയ (ബഹുമാനം, പ്രേമം, സ്നേഹം), മൂർത്തിയിൽ (രൂപങ്ങൾ) നരനും നാരായണനും ജനിച്ചു.

എട്ടാമദ്ധ്യായത്തിൽ അധർമ്മത്തിൻെറ സന്താനങ്ങളെപ്പറ്റി പറയുന്നുമുണ്ട്. അധർമ്മ മൃശയെ (ഉപയോഗശൂന്യം, തെറ്റ്) വിവാഹം ചെയ്തു. ദംഭവും (ഭളള്) മായയും അതിൽ നിന്നുണ്ടായി. അവരെ നൃത്തി (ചെകുത്താൻ) ദത്തെടുത്തു വളർത്തി. ദംഭം മായയെ വിവാഹം ചെയ്തു. അതിൽ ലോഭം (ദുരാഗ്രഹം) നികൃതി (ദുഷ്ടത, ചതി) എന്നീ മക്കൾ ഉണ്ടായി. ലോഭം നികൃതിയെ വിവാഹം ചെയ്തതിൽ ക്രോധവും ഹിംസയും ജനിച്ചു. ക്രോധത്തിൽ നിന്നും ഹിംസയിൽ നിന്നും കലിയും ദുരുക്തിയും (വഷളായ സംഭാഷണം) ജനിച്ചു. കലിദുരുക്തിയിൽ ഭയവും മൃത്യുവും ഉണ്ടായി. ഭയത്തിൽനിന്നും മൃത്യുവിൽ നിന്നുമായി നിരയം (നരകം) യാതന, (നരകയാതന, പക) എന്നിവ ഉണ്ടായി.

ഇത്രയും വിവരിച്ചത് മേല്പറഞ്ഞവയെല്ലാം ശരിയായ പേരുകളല്ലാ എന്നു സൂചിപ്പിക്കുവാനല്ല. എന്നാൽ അവയെ ഇപ്രകാരവും വ്യാഖ്യാനിക്കാവുന്നതാണെന്നു നിശ്ചയം. മറ്റുനാമങ്ങളും ഇങ്ങിനെ വ്യാഖ്യാനവിധേയമാക്കാനും മനസ്സിലാക്കാനുമായുണ്ട്. എന്നാൽ ആത്മീയസന്ദേശം മനസ്സിലാക്കുവാനുദ്ദേശിക്കുന്ന വായനക്കാർക്ക് എല്ലാവർക്കും അവയിൽ താത്പര്യമുണ്ടാവുകയില്ല. ആഴത്തിൽ ഇവ പഠിക്കണമെന്നുളളവർക്ക് സംസ്കൃതാക്ഷരങ്ങൾ പഠിച്ച് ഭാഗവതം മൂലത്തിലെ ശ്ലോകങ്ങൾ വായിച്ച് പഠനം തുടരാം.

പൂജനീയ ഗുരുദേവൻ ശിവാനന്ദസ്വാമി സ്വയം വിവരിച്ച കുറച്ചു മഹാത്മാക്കളുടെ ജീവചരിത്രങ്ങൾകൂടി ഇതിൽ ചേർത്തിട്ടുണ്ട്. അവർ താരതമ്യേന പുതിയ മഹാത്മാക്കളത്രെ. വായനക്കാരനെ ഭഗവദവതാരങ്ങൾ

ॐ

ഇനിയും അവസാനിച്ചിട്ടില്ല എന്ന് ഓർമ്മിപ്പിക്കുവാനായാണ് ഈ ജീവചരിത്രങ്ങൾ ഗ്രന്ഥത്തിൻെറ അവസാനത്തിൽ ചേർത്തിട്ടുളളത്.

ഭാഗവതം ഇതാദ്യമായിട്ടാണ് നിത്യപാരായണരൂപത്തിൽ അവതരിപ്പിച്ചിട്ടുളളത്. ദിവസവും ഏതാനും നിമിഷങ്ങൾ ഭാഗവതം വായിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുവാനാണ് ഇങ്ങിനെ ചെയ്തിട്ടുളളത്. ദിവസേനയുളള വായനക്കുശേഷം ധ്യാനത്തിലിരുന്ന് ഭഗവാനുമായി സംവദിച്ച് ഹൃദയത്തിൽ സത്യദർശനം അവർക്ക് സാദ്ധ്യമാകട്ടെ എന്നാണെൻെറ വിനീതമായ പ്രാർത്ഥന. ഈ ഗ്രന്ഥം അവിടത്തെ മഹിമയുടെ കഥയാണ്. ഇത് ഭക്തഹൃദയത്തിൽ നിറഞ്ഞുവിളങ്ങുന്ന ആ ഭഗവാൻെറ പാദങ്ങളിൽ വിനയപൂർവ്വം സമർപ്പിച്ചു കൊളളുന്നു.

**വെങ്കിടേശൻ**

ॐ

<u>ഭാഗവതം വായിക്കേണ്ട വിധം.</u>

അതിരാവിലെ കുളി കഴിഞ്ഞ് ഭഗവാനെ പൂജിച്ച് പൂക്കൾ കൊണ്ട് ഭാഗവതത്തെ അർച്ചന ചെയ്യുക. എന്നിട്ട് **ഓം നമോ ഭഗവതേ വാസുദേവായ** എന്ന പവിത്രമന്ത്രമോ **ഓം ക്ലീം കൃഷ്ണായ ഗോവിന്ദായ ഗോപീജന വല്ലഭായ സ്വാഹ** എന്ന മന്ത്രമോ നൂറ്റിയെട്ടു തവണ ഉരുവിടണം. എന്നിട്ട് ഈ മന്ത്രം ചൊല്ലുക.

ഓം അസ്യ ശ്രീമദ് ഭാഗവതാഖ്യ സ്തോത്ര മന്ത്രസ്യ നാരദ ഋഷി:
ബൃഹതീ ഛന്ദ: ശ്രീകൃഷ്ണ പരമാത്മ ദേവതാ
ബ്രഹ്മബീജം ഭക്തി: ശക്തി: ജ്ഞാന വൈരാഗ്യകീലകം
മമ ശ്രീമദ് ഭഗവത് പ്രസാദ സിദ്ധ്യർത്ഥം പാഥേ വിനിയോഗ:

*ഓരോ അവയവങ്ങളിൽ കൈ തൊട്ടു കൊണ്ട് ഇങ്ങിനെ ചൊല്ലുക:*

| | |
|---|---|
| ഓം ക്ലാം ഹൃദയായ നമ: | – ഹൃദയം |
| ഓം ക്ലീം ശിരസേ സ്വാഹ: | – ശിരസ്സ് |
| ഓം ക്ലൂം ശിഖയേ വശത് | – ശിഖ |
| ഓം ക്ലൈം കവചായ ഹും | – ഭുജങ്ങൾ മറ്റേ കയ്യു കൊണ്ട് |
| ഓം ക്ലൗം നേത്രത്രയായ വൗശത് | – കണ്ണുകൾ മോതിരവിരലുകൊണ്ടും ചൂണ്ടുവിരലുകൊണ്ടും നെറ്റിമദ്ധ്യം നടുവിരൽകൊണ്ടും തൊടുക. |
| ഓം ക്ലാ: അസ്ത്രായ ഫട്ട് | – മൂന്നു തവണ കൈയടിക്കുക. |
| ഓം ക്ലാം അംഗുഷ്ടാഭ്യാം നമ: | – ചൂണ്ടുവിലരുകൾ തള്ള വിരലുകളിൽ തൊടുക. |
| ഓം ക്ലീം തർജനീഭ്യാം നമ: | – തള്ളവിരലു കൊണ്ട് ചൂണ്ടുവിരൽ തൊടുക. |
| ഓം ക്ലൂം മദ്ധ്യമാഭ്യാം നമ: | – നടുവിരൽ തൊടുക |
| ഓം ക്ലൈം അനാമികാഭ്യാം നമ: | – മോതിരവിരൽ തൊടുക |
| ഓം ക്ലൗം കനിഷ്തി കാഭ്യാം നമ: | – ചെറുവിരൽ തൊടുക |
| ഓം ക്ലാ: കരതല കരപ്രഷ്ടാഭ്യാം നമ: | – കൈതലങ്ങൾ കൈപ്പുറങ്ങളിലുരസുക. |

<u>ധ്യാനം</u>

കസ്തൂരീ തിലകം ലലാട പതലേ വക്ഷസ്ഥലേ കൗസ്തുഭം
നാസാഗ്രേ വര മൗക്തികം കരതലേ വേണും കരേ കങ്കണം
സർവ്വാംഗേ ഹരി ചന്ദനം സുലലിതം കണ്ഠേ ച മുക്താവലീ
ഗോപസ്ത്രീ പരിവേഷ്ടിതോ വിജയതേ ഗോപാല ചൂഡാമണി:
അസ്തി സ്വസ്തരുണീ കരാഗ്രവിഗലത് കൽപ പ്രസൂനാപ്ലുതം
വസ്തു പ്രസ്തുത വേണുനാദ ലഹരീ നിർവ്വാണ നിർവ്യാകുലം
സ്രസ്ത സ്രസ്ത നിബദ്ധനീവി വിലസദ് ഗോപീ സഹസ്രാവൃതം
ഹസ്ത ന്യസ്ത നതാപവർഗം അഖിലോദാരം കിശോരാകൃതി.

എന്നിട്ട് അതാതു ദിവസത്തെ ഭാഗവത ഭാഗം വായിക്കുക.

ॐ

*ഓം തത് സത്*
*ഓം ശ്രീ സത്ഗുരുഭ്യോ നമ:*
*ഓം നമോ ഭഗവതേ വാസുദേവായ.*

<u>പ്രാർത്ഥന</u>

ജൻമാദ്യസ്യ യതോന്വയാദി തരതശ് ചാർത്ഥേഷ്വ ഭിജ്ഞ: സ്വരാട്
തേനേ ബ്രഹ്മ ഹൃദായ ആദികവയേ മുഹ്യന്തി യത് സൂരയ:
തേജോ വാരിമൃദാം യഥാ വിനിമയോ യത്ര ത്രിസർഗ്ഗോമൃഷാ
ധാമ്നാ സ്വേന സദാ നിരസ്ത കുഹകം സത്യം പരം ധീമഹി (1)
ധർമ്മ പ്രോത്ഝിതകൈതവോത്ര പരമോ നിർമ്മത്സരാണാം സതാം
വേദ്യം വാസ്തവമത്ര വസ്തു ശിവദം താപത്രയോൻമൂലനം
ശ്രീമദ് ഭാഗവതേ മഹാമുനികൃതേ കിം വാ പരൈരീശ്വര:
സദ്യോ ഹൃദ്യവരുദ്ധ്യതേത്ര കൃതിഭി: ശുശ്രൂഷുഭിസ് തത് ക്ഷണാത് (2)
യം പ്രവ്രജന്തമനുപേത മപേതകൃത്യം ദ്വൈപായനോ വിരഹകാതര ആജുഹാവ
പുത്രേതി തൻമയതയാ തരവോƒഭിനേദുസ്തം സർവ്വഭൂതഹൃദയം മുനിമാനതോതസ്മി (3)
നാരായണം നമസകൃത്യ നരഞ്ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേത് (4)

ഏതൊരതീന്ദ്രിയമായ ഉൺമയിൽനിന്നാണോ വിശ്വമുണ്ടായി നിലകൊണ്ട് ഒടുവിലുൾവലിയുന്നത് അതിനെ ഞങ്ങൾ ധ്യാനിക്കുന്നു. എല്ലാ നിലനിൽക്കുന്ന വസ്തുക്കളിലും സത്തയായിരിക്കുകയും ആ സത്തയിൽ നിന്ന് വ്യതിരിക്തമായി നിൽക്കുകയും ചെയ്യുന്നു അത്. സ്വയംപ്രഭവും ആത്മബോധ സ്വരൂപവും ബ്രഹ്മാവിന് സങ്കൽപ്പമാത്രേണ വേദമോതിക്കൊടുത്തതുമായ ആ പരംപൊരുളിനെ ഞങ്ങൾ ധ്യാനിക്കുന്നു. മഹർഷികൾക്കു പോലും അത്ഭുതമൊടുങ്ങാത്തതും സൃഷ്ടിമുഴുവൻ ഉൺമയെന്ന് തോന്നിപ്പിക്കുന്ന പ്രഭാവമുള്ളതുമായ ആ ഭഗവാൻെറ പ്രഭ കൊണ്ട് മായാമോഹമില്ലാതാവുന്നു. അങ്ങിനെയുള്ള ഭഗവാനെ ഞങ്ങൾ ധ്യാനിക്കുന്നു.

വ്യാസവിരചിതമായ ഈ മഹത്തരമായ ഭാഗവതം ആഗ്രഹസംബന്ധിയായ കള്ളത്തരങ്ങളുടെ നിഴലേൽക്കാത്ത പരമധർമ്മത്തെപ്പറ്റി പഠിപ്പിക്കുന്നു. കളങ്കമേശാത്ത മഹാത്മാക്കൾക്ക് മാത്രം പ്രാപ്യമായ പരമസത്യത്തെ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ശാരീരികമോ മാനസീകമോ ആത്മീയമോ ആയ ത്രിവിധ ദു:ഖങ്ങളുടെയും സ്വയംകൃതമോ പ്രകൃതിമൂലമോ മറ്റു ജീവികൾ മൂലമോ ഉണ്ടാകുന്ന വേദനകളുടെയും വേരറുത്ത് പരമാനന്ദത്തെ പ്രദാനം ചെയ്യാൻ കഴിവുള്ളതത്രെ ആ ഉൺമ. ഈ ഗ്രന്ഥത്തെ മനസ്സിലാക്കാൻ ഉൾക്കടമായ ആഗ്രഹമുള്ളവർക്ക് ഭഗവാനെ സാക്ഷാത്കരിക്കാൻ കഴിയും.

ശുകമുനി തന്നെ വിട്ടുപോയപ്പോൾ അഥരനായ വ്യാസൻ സ്നേഹത്തോടെ മകനേ എന്നു വിളിച്ചു പിറകേ ചെന്നു. സകലതിൻെറയും ഏകത്വം ശുകമുനി സാക്ഷാത്കരിച്ചിരുന്നതുകൊണ്ട് വ്യാസൻെറ വിളികേട്ടു പ്രതികരിച്ചത് വൃക്ഷങ്ങളായിരുന്നു. വിശ്വബോധത്തിനുടമയായ ശുകമുനിയെ ഞാൻ നമസ്ക്കരിക്കുന്നു.

നരനാരായണൻമാരെ നമസ്ക്കരിച്ച് സരസ്വതിയേയും വ്യാസനേയും നമസ്ക്കരിച്ചതിനു ശേഷമാണ് ഒരുവൻ ഭാഗവതം വായിക്കേണ്ടത്.

ॐ

## ഉള്ളടക്കം

**അദ്ധ്യായം 1 ദിവസം 1**
നാരദൻെറ പൂർവ്വജൻമം
അശ്വത്ഥാമാവും ദ്രൗപദീ സന്താനങ്ങളും
പരീക്ഷിത്തിൻെറ ജനനം
ധൃതരാഷ്ട്രർ
ഗാന്ധാരി
പരീക്ഷിത്തിനെ മുനി ശപിക്കുന്നു
**അദ്ധ്യായം 2 ദിവസം 20**
ഭഗവാൻെറ വിശ്വരൂപം
സൃഷ്ടി
ഭഗവദവതാരങ്ങൾ
ബ്രഹ്മാവിന് ഭാഗവതം വെളിപ്പെടുന്നു
**അദ്ധ്യായം 3 ദിവസം 32**
മൈത്രേയൻെറ സൃഷ്ടി വിവരണം
ബ്രഹ്മാവിൻെറ അവതരണം
ദിവ്യനായ വരാഹാവതാരം
ഹിരണ്യ കശിപുവും ഹിരണ്യാക്ഷനും
ജയനും വിജയനും
ഹിരണ്യാക്ഷനിഗ്രഹം
കർദ്ദമനും ദേവഹൂതിയും
കപിലമുനി
**അദ്ധ്യായം 4 ദിവസം 68**
ദക്ഷനും ശിവനും
ധ്രുവൻ
വേനൻ
പൃഥു
പ്രചേതർ
പുരഞ്ജനൻ
**അദ്ധ്യായം 5 ദിവസം 102**
പ്രിയവ്രതൻ
ഋഷഭൻ
ഭരതൻ
വിശ്വവിവരണം
**അദ്ധ്യായം 6 ദിവസം 131**
അജാമിളൻ
ദക്ഷനും നാരദനും
ഇന്ദ്രനും വൃത്രനും
ചിത്രകേതു
**അദ്ധ്യായം 7 ദിവസം 153**
ഹിരണ്യ കശിപുവും പ്രഹ്ളാദനും
ത്രിപുര വിജയം
സനാതന ധർമ്മം

ॐ


**അദ്ധ്യായം 8 ദിവസം 170**

ഗജേന്ദ്രൻ

സമുദ്ര മഥനം

മോഹിനി

ദിവ്യ മത്സ്യം

**അദ്ധ്യായം 9 ദിവസം 194**

ച്യവനൻ

അംബരീഷൻ

ഹരിശ്ചന്ദ്രൻ

സാഗരൻ

ഭഗീരഥൻ

രാമൻ

പരശുരാമൻ

യയാതി

ദുഷ്യന്തൻ

രന്തിദേവൻ

**അദ്ധ്യായം 10 ദിവസം 217**

വസുദേവരും ദേവകിയും കംസൻെറ തടവിൽ

ദേവകീഗർഭം

കൃഷ്ണജയന്തി

പൂതന

തൃണാവർത്തൻ

യശോദയ്ക്കു ലഭിച്ച ദർശനം

കുബേരപുത്രൻമാരുടെ മോചനം

വൽസാസുരനും ബകാസുരനും

അഘാസുരൻ

ബ്രഹ്മാവിൻെറ പരാജയം

ധേനുകൻ

കാളീയൻ

കാട്ടുതീ

പ്രലംബൻ

വസ്ത്രാപഹരണം

ബ്രാഹ്മണസ്ത്രീകൾക്ക് അനുഗ്രഹം

ഗോവർദ്ധനപർവ്വതം

കൃഷ്ണനും വരുണനും

രാസലീല

സുദർശനവും ശംഖചൂഡവും

അരിഷ്ടൻ

കേശിയും വ്യോമനും

അക്രൂരൻ

കുബ്ജ

കുവലയാപീഡം

ചാണൂരൻ

കംസവധം

ഗുരു സാന്ദീപനി

ജരാസന്ധൻ

ॐ

**അദ്ധ്യായം 10 തുടർച്ച**
മുചുകുന്ദൻ
രുക്മിണി
പ്രദ്യുമ്ന ജനനം
സ്യമന്തകമണി
കൃഷ്ണവിവാഹങ്ങൾ
നരകാസുരൻ
അനിരുദ്ധൻ
നൃഗൻ
യമുനാനദി ഗതി മാറിയത്
പൗണ്ഡ്രകൻ
ബലരാമനും ദ്വിവിദനും
കൃഷ്ണൻെറ നിത്യ ജീവിതം
ശിശുപാലൻ
ദുര്യോദനാപമാനം
സാല്വൻ
ദന്തവക്രനും വിദൂരഥനും
ബലരാമനും ബല്വലനും
കുചേലൻ
മരണപ്പെട്ട കൃഷ്ണസഹോദരൻമാർക്ക് മോക്ഷം
സുഭദ്രാപരിണയം
കൃഷ്ണൻ ശിവനെ വൃകാസുരനിൽ നിന്നും രക്ഷിക്കുന്നു
ഭൃഗുമുനി ത്രിമൂർത്തികളെ പരീക്ഷിക്കുന്നു
ബ്രാഹ്മണൻെറ മരണപ്പെട്ട കുട്ടിയെ തിരിച്ചു കൊണ്ടുവരുന്നു

**അദ്ധ്യായം 11 ദിവസം 318**
യാദവർക്കു ശാപമേൽക്കുന്നു
മാമുനിമാർ നിമിയെ പഠിപ്പിക്കുന്നു
കൃഷ്ണൻ ഉദ്ധവരെ പഠിപ്പിക്കുന്നു
താപസനും ഇരുപത്തിനാലു ഗുരുക്കളും
ദിവ്യഹംസം
അവന്തിബ്രാഹ്മണൻ
കൃഷ്ണ സ്വർഗ്ഗാരോഹണം

**അദ്ധ്യായം 12 ദിവസം 354**
കലിയുഗ വിവരണം
തക്ഷകനാൽ പരീക്ഷിത്തിൻെറ മരണം
മാർക്കണ്ഡേയൻ

**ശുഭം**

**തന്നഃ ശുശ്രൂഷമാണാനാമർഹസ്യങ്ഗാനുവർണ്ണിതും
യസ്യാവതാരോ ഭൂതാനാം ക്ഷേമായ ച ഭവായ ച (1-1-13)**

ശൗനകനും മറ്റുമുനിമാരും സൂതനോടു പറഞ്ഞു:
അല്ലയോ പരമപൂജനീയനായസൂതാ, നാമിവിടെ നൈമിശികാരണ്യത്തിൽ ഒരു പുണ്യകർമ്മത്തിനായി എത്തിച്ചേർന്നിരിക്കുകയാണല്ലോ. ഇവിടെ കിട്ടുന്ന ഓരോനിമിഷവും ഭഗവൽകഥകൾ കേൾക്കുന്നതിനും ആത്മീയപുരോഗതിക്കും മനുഷ്യവർഗ്ഗത്തിൻെറ മുക്തിസാധനയ്ക്കുമായി നമുക്കു വിനിയോഗിക്കാം. ഈ കലിയുഗത്തിൽ മനുഷ്യജീവിതം തുലോം കുറഞ്ഞ കാലത്തേക്കുമാത്രമെങ്കിലും നാം ജീവിതകാലം മുഴുവനും സുഖഭോഗങ്ങളിലും അതിൽനിന്നുണ്ടാകുന്ന തീരാത്ത കഷ്ടപ്പാടുകളിലും മുഴുകിയിരിക്കുന്നു. സുഖഭോഗങ്ങളിൽ താല്പര്യമില്ലാത്തവർക്കുകൂടി പുരാണേതിഹാസങ്ങളാൽ നിയതമായ മുക്തിസാധനയിൽ ജീവിതം നയിക്കുവാൻവേണ്ട മനഃസ്ഥൈര്യം ഇല്ലാതെ പോവുന്നു. ഈ പുരാണേതിഹാസങ്ങളാകട്ടെ അത്യന്തം വൈവിദ്ധ്യമാർന്നതും അനുശാസനങ്ങളിൽ വിരുദ്ധങ്ങളും പഠിക്കുവാൻ ക്ലേശകരവുമാണ്. ഇവയെല്ലാം വളരെക്കാലം പഠിക്കേണ്ടവയാണെങ്കിലും അങ്ങിനെ പഠിച്ചുണ്ടാക്കിയവയെ കാലംതന്നെ മറവിയിലൂടെ നശിപ്പിക്കുന്നതായും കാണുന്നു. ഈരീതിയിൽ അന്തമില്ലാതെ ചംക്രമണംചെയ്യുന്ന കാലചക്രത്തിൽ നിന്നുകൊണ്ട് ചിന്നിച്ചിതറിപ്പോയ വ്യക്തിത്വവും ജീവിതവും ഒരുമിച്ചുകൊണ്ടുപോകുവാൻ മനുഷ്യൻ വൃഥാ പരിശ്രമിക്കുന്നു.

പൂജനീയനായ സൂതാ, വേദപുരാണങ്ങൾ ഹൃദിസ്ഥമാക്കിയ ആളെന്നനിലയിൽ ഞങ്ങളെ സഹായിക്കുവാൻ ഏറ്റവും അനുയോജ്യനായ ആൾ അങ്ങുതന്നെ. ഏതൊരു വിജ്ഞാനമാണോ ഈ വേദപുരാണങ്ങൾ തരുന്നത്, ഏതൊരു വിജ്ഞാനമാണോ മനുഷ്യനെ ജനനമരണചക്രത്തിൻെറ പിടിയിൽനിന്നും മോചിപ്പിക്കുവാൻ പര്യാപ്തമായത്, ആയതിൻെറ പൊരുൾ ഞങ്ങൾക്കു പറഞ്ഞു തന്നാലും. സമഗ്രവ്യക്തിത്വബോധത്തിൻേറയും ജീവൻേറയും സമ്യക്കായ ഒത്തുചേരലുണ്ടാകുമ്പോൾ മാത്രമേ അജ്ഞാനാന്ധകാരവും തൽഫലമായ ദുഃഖവും നശിപ്പിക്കപ്പെടുകയുള്ളൂ. ഭഗവാൻ ഭൂമിയിൽ ജന്മമെടുക്കുന്നത് എല്ലാ ജീവ-നിർജീവജാലങ്ങളുടേയും ക്ഷേമത്തിനും രക്ഷയ്ക്കും വേണ്ടിയാണെന്ന് ഞങ്ങളറിയുന്നു. പ്രത്യേകിച്ചും ശ്രീകൃഷ്ണഭഗവാൻ വസുദേവരുടേയും ദേവകിയുടേയും പുത്രനായി പിറന്നത്. ദയവായി ഈകാര്യങ്ങൾ ഞങ്ങൾക്കു വിശദീകരിച്ചുതന്നാലും. അങ്ങനെ ഞങ്ങൾ ആ നാമവും മഹിമയും ഓർക്കുമാറാകട്ടെ. ആ ദിവ്യനാമം അറിയാതെയെങ്കിലും ഉച്ചരിക്കുന്നവരിൽനിന്നും സർവഭയങ്ങളും അകലുന്നു. കാരണം ഭയത്തിനുതന്നെയും അവിടുത്തെ ഭയമാണ്. ഭഗവൽനാമങ്ങളും അവതാരകഥകളും ലീലകളും ഞങ്ങൾക്ക് എത്രകേട്ടാലും മതിവരാത്തവയത്രെ. അതുകൊണ്ട് അവയെല്ലാം ഞങ്ങൾക്കു പറഞ്ഞുതന്നാലും. ഈ കഥകളെല്ലാം പല മുനിമാരിലൂടെ വരുംതലമുറകളിലേയ്ക്കും എത്തുന്നതാണ്. അവിടുത്തെ അപദാനങ്ങൾ കേൾക്കുന്നമാത്രയിൽത്തന്നെ ആ പാദാരവിന്ദങ്ങളിൽ പൂജിച്ചുകൊണ്ട് മനുഷ്യർക്ക് അവരുടെ പാപങ്ങളിൽനിന്നും മുക്തിയും നിർവ്വാണപദവും പ്രാപിക്കാം. ഭഗവൽപാദങ്ങൾ ഹൃത്തലത്തിൽ സൂക്ഷിച്ചുവച്ച ഋഷിവര്യന്മാർ പരമഭാഗ്യവാന്മാരത്രേ. അവരുമായി ഇടപഴകാൻ കഴിയുന്നവർക്ക് ഹൃദയം ക്ഷണേന ശുദ്ധീകരിക്കാനും ശാന്തിയും സമാധാനവും കൈവരിക്കുവാനും കഴിയുന്നു.

ഈ കലിയുഗത്തിൽ മനഃശുദ്ധിയും നൈർമ്മല്യവും നന്മതിന്മകളുടെ വൈരുദ്ധ്യശക്തികൾക്കിടയിൽപ്പെട്ടു ഞെരിയുമ്പോൾ മഹാമുനിമാരുടെ സാന്നിദ്ധ്യവും ഭഗവൽകഥാശ്രവണവും മാത്രമാണ് മനുഷ്യർക്കുള്ള ഒരേയൊരാശ്രയം. ഈ കഥകൾ മനുഷ്യമനസ്സിനെ പിടിച്ചുനിർത്തി ഹൃദയത്തെ നിർമ്മലമാക്കി പരിപാവനമായ ഭഗവൽപ്രേമം നിറയ്ക്കുകവഴി സമഗ്രവ്യക്തിത്വത്തിൻെറ പരിവർത്തനം പൂർണ്ണമാവുന്നു. അതുകൊണ്ട് അങ്ങയുടെ സാന്നിദ്ധ്യത്തിലൂടെ ലഭിച്ച ഭഗവദനുഗ്രഹത്തെ ഞങ്ങളേറ്റവും വിലമതിക്കുന്നു. ദയവായി അങ് കഥ ആരംഭിച്ചാലും.

## സ വൈ പുംസാം പരോ ധർമ്മോ യതോ ഭക്തിരധോക്ഷജേ
## അഹൈതുക്യപ്രതിഹതാ യയാത്മാ സംപ്രസീദതി (1-2-6)

സൂതൻ പറഞ്ഞു:
വിശുദ്ധമനസ്കരായ നിങ്ങളുടെ അഭ്യർത്ഥന ശ്ലാഘിനീയംതന്നെ. ശ്രീകൃഷ്ണഭഗവാൻെറ മഹിമയാർന്ന ലീലാകഥകളാണല്ലോ നിങ്ങളെന്നോടു പറയുവാൻ ആവശ്യപ്പെട്ടത്. മനുഷ്യൻ എല്ലായ്പ്പോഴും ശ്രീകൃഷ്ണനിലുള്ള ഭക്തി വർദ്ധിപ്പിക്കാനുതകുന്ന കാര്യങ്ങളിൽ ഏർപ്പെടേണ്ടതാണ്. എന്തെന്നാൽ സ്വാർത്ഥലാഭമോഹരഹിതമായ ഭക്തിയുടെ ഫലമായി മനുഷ്യൻ സച്ചിദാനന്ദസ്വരൂപമായ ദൈവപദം പ്രാപിക്കുന്നു.

പാരമ്പര്യസംസ്കാരം മനുഷ്യന് നാലുതരം നേട്ടങ്ങൾ പറഞ്ഞിരിക്കുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം. ഒരുവൻ തൻെറകടമ അതെത്രഭംഗിയായിത്തന്നെനിർവഹിച്ചാലും ഭഗവൽഭക്തിയിൽ കൂടുതൽ താത്പര്യമുളവാക്കുവാൻ പര്യാപ്തമല്ലെങ്കിൽ വ്യർത്ഥമത്രെ. ധനസമ്പാദനത്തിനായി മാത്രം ഒരുവൻ തൻെറകടമകൾ നിർവഹിക്കരുത്. ധനമാകട്ടെ സുഖഭോഗങ്ങൾക്കായിമാത്രം ഉപയോഗിക്കയുമരുത്. ധർമ്മപ്രവൃത്തികൾക്കായിവേണം അതുവിനിയോഗിക്കുവാൻ. ഇന്ദ്രിയസുഖങ്ങൾ ജീവിതത്തിൻെറ പ്രകൃതിയാണ്. ആയത് ലക്ഷ്യമോ മാർഗ്ഗമോ ആയിക്കൂടാ. കാരണം ജീവിതോദ്ദേശം ഉന്നതമായ ഒന്നാണ്. അതത്രേ മുക്തി. പരമവിജ്ഞാനം. സത്തിനെകണ്ടെത്തൽ. ഈപരമസത്യത്തെത്തന്നെ ദൈവമെന്നും പരമാത്മാവെന്നും ജ്ഞാനികൾ പറയുന്നു.

ഒരുവനെ പരമപദത്തിലേക്കാനയിക്കുന്ന വഴികൾ ഇനി പറഞ്ഞുതരാം. തീർത്ഥയാത്രചെയ്യുന്ന ഒരുവൻ പലതീർത്ഥങ്ങളിലായി ദിവ്യപുരുഷന്മാരേയും മുനിമാരേയും കാണാനിടയാവുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. അവരിൽനിന്ന് വാസുദേവൻെറ, ശ്രീകൃഷ്ണഭഗവാൻെറ, കഥകൾകേൾക്കുന്ന അവൻെറമനസ്സിൽ ദുഷ്പ്രവണതകൾക്കുപകരം ഭഗവൽപ്രേമം ഉണരുകയും ഹൃദയം നിർമ്മലമാവുകയും ചെയ്യുന്നു. ഭഗവാൻ സത്വഗുണസ്വരൂപനാകയാൽ രജോ-തമോഗുണജന്യങ്ങളായ ദുഷ്ചിന്തകളെ പാടേനിർമ്മാർജനം ചെയ്യുവാൻ ഹൃദയത്തിലെ ഈ പരമപ്രേമത്തിനുകഴിയും. പിന്നീട് സംശയമന്യേ, കാലതാമസംകൂടാതെ അവന് തൻെറ ആത്മബോധം പരമാത്മബോധംതന്നെയാണെന്ന തിരിച്ചറിവുണ്ടാകുന്നു. അതുമാത്രമാണ് സത്യമെന്നും അവനറിയുന്നു. ഈ ആത്മബോധത്തെയാണ് എല്ലാവേദപുരാണങ്ങളും ലക്ഷ്യമാക്കുന്നത്. എല്ലാ കർമ്മങ്ങളും, പൂജാവിധികളും, ധർമ്മമാർഗ്ഗങ്ങളും, വിജ്ഞാനസമ്പാദനവും, ജീവിതായോധനവും ഇതിനെത്തന്നെയാണ് ലക്ഷ്യമാക്കുന്നത്. അന്തിമവിശകലനത്തിൽ അതുമാത്രമേ സത്യമായുള്ളൂ. തുടക്കത്തിൽ സ്വപ്രഭാവത്തിൽനിന്നും മൂന്ന് സ്വഭാവഗുണങ്ങൾ-സത്വ-രജസ്-തമോ ഗുണങ്ങൾ - ജനിച്ചു. ഇക്കാണുന്നതും അല്ലാത്തതുമായ എല്ലാം ആ ശ്രീകൃഷ്ണഭഗവാൻതന്നെ. കത്തുന്ന കനലിൻെറരൂപഭാവങ്ങളാർജ്ജിക്കുന്ന തീപോലെ എല്ലാറ്റിലും അനന്തകോടിരൂപങ്ങളിലും ജ്വലിച്ചു നിൽക്കുന്ന സത്ത് ആ പ്രഭാവമത്രെ. അതേ തിരുവടികളാണ് ദേവതകളായും, സൃഷ്ടികർത്താവായ ബ്രഹ്മാവായും, സംരക്ഷകനായ വിഷ്ണുവായും, സംഹാരകനായ ശിവനായും പ്രത്യക്ഷനാവുന്നത്. എന്നിരുന്നാലും പരമപദപ്രാപ്തിക്കായും ജീവന്മുക്തിക്കായും ഭക്തിരൂപേണ വിഷ്ണുവിനെ പൂജിക്കയാണ് ഏറ്റവും നല്ലമാർഗ്ഗം. എന്തെന്നാൽ ഭഗവാൻ പരിപൂർണ്ണവും നിർമ്മലവുമായ സത്യമത്രെ.

**ഏതേ ചാംശകലാ: പുംസ: കൃഷ്ണസ്തു ഭഗവാൻ സ്വയം**
**ഇന്ദ്രാരിവ്യാകുലം ലോകം മൃഡയന്തി യുഗേ യുഗേ (1–3–28)**

സൂതൻ പറഞ്ഞു:
പ്രിയപ്പെട്ട ഋഷിവര്യരേ, ആ പരമാത്മവിശ്വബോധം അപ്രകടിതമായസ്ഥിതിയിൽനിന്നും സ്വയം പ്രകാശിതമാകാൻ തീരുമാനിച്ചപ്പോൾ വിശ്വപുരുഷനുണ്ടായി. ആ പുരുഷനാകട്ടെ പതിനാറു കലകളുണ്ട്: പത്തിന്ദ്രിയങ്ങളും അഞ്ച് ഭൂതങ്ങളും മനസ്സും. ഇതോടൊപ്പംതന്നെ മറ്റനേകം രൂപങ്ങളും ഉത്ഭൂതമായി: മനുഷ്യർ, മൃഗങ്ങൾ, അതിമാനുഷർ, വൃക്ഷലതാദികൾ, ധാതുക്കൾ തുടങ്ങിയവ. അങ്ങിനെ വിശ്വപുരുഷന് അനേകംതലകളും കണ്ണുകളും കാലുകളും കൈകളും വായ്കളും ഉണ്ടെന്നു പറയപ്പെടുന്നു. അനന്തതയിൽനിന്നും ഉത്ഭവിച്ച ഈ പ്രകടിതാവസ്ഥകൾക്കുശേഷവും അനന്തത അങ്ങിനെത്തന്നെ അവശേഷിച്ചു. വളരെച്ചെറിയ ഒരംശം മാത്രമേ വിശ്വനിർമ്മിതിക്കായി ഉപയോഗിക്കപ്പെട്ടുള്ളു.

ഭഗവാൻ നാരായണൻ വിശ്വനിർമ്മിതിയുടെ ദിവ്യലക്ഷ്യം പൂർണ്ണമാക്കാൻ പലതവണ സ്വയം ഇറങ്ങി വന്നു. അങ്ങിനെയുള്ളചില അവതാരങ്ങളെക്കുറിച്ചു കേട്ടാലും. സനത്കുമാരന്മാർ (പരമാത്മബോധമാർജ്ജിച്ച നാലുസഹോദരന്മാർ), ദിവ്യനായവരാഹം (ഭൂമിയെ രക്ഷിച്ചുപൊന്തിച്ച മൃഗം), നാരദൻ (ഭക്തിസൂത്ര കർത്താവായ സന്യാസിവര്യൻ), ദിവ്യതപസ്സിന്റെ പ്രണേതാക്കളായ നരനാരായണന്മാർ, ആദ്യത്തെ ഭൗതികശാസ്ത്രജ്ഞനായ കപിലമുനി, ആത്മജ്ഞാനവിജ്ഞാനത്തിന്റെ ആദിവ്യാഖ്യാതാവായ ദത്താത്രേയൻ, ശ്രേഷ്ടരായ പരമഹംസാചാര്യന്മാരിൽ അഗ്രഗണ്യനായ ഋഷഭദേവൻ, ഭൂമിയെ ഫല പുഷ്പങ്ങൾകൊണ്ടുനിറച്ച പൃഥു, ഭൂമിയെ പ്രളയത്തിൽനിന്നും കരകയറ്റിയ മത്സ്യാവതാരം, ദിവ്യാമൃതിന്റെ നിർമ്മിതിക്കുസഹായിച്ച കൂർമ്മാവതാരം, ആ ദിവ്യാമൃതുമായി പ്രത്യക്ഷനായ ധന്വന്തരിമുനി, അസുരന്മാരിൽനിന്നും അമൃതുരക്ഷിച്ചു ദേവകൾക്കുനല്കിയ മോഹിനി, ഹിരണ്യകശിപുവിനെഹിംസിച്ച നരസിംഹാവതാരം, കുള്ളനായിവന്ന് മഹാബലിക്കു മോക്ഷംനൽകിയ വാമനാവതാരം, ദുഷ്ടരാജാക്കൻ മാരെക്കൊന്ന് ധർമ്മരക്ഷനൽകിയ പരശുരാമാവതാരം, വേദപുരാണേതിഹാസങ്ങളുടെ കർത്താവായ വ്യാസഭഗവാൻ, മര്യാദാപുരുഷോത്തമനായ ശ്രീരാമചന്ദ്രൻ, ധർമ്മസംസ്ഥാപകരായ ശ്രീകൃഷ്ണനും ബലരാമനും, ദിവ്യബോധോദയം കൈവരിച്ച ബുദ്ധഭഗവാൻ, എന്നിവരും കലിയുഗാന്ത്യത്തിൽ വരാൻ പോവുന്നകൽക്കിയും ഭഗവാന്റെ അവതാരങ്ങളത്രേ. ഇവരെക്കൂടാതെ അസംഖ്യം ഋഷിമുനിമാരും ഭഗവാന്റെ അവതാരങ്ങൾതന്നെ. ഇവയെല്ലാം ആ ദിവ്യസത്തിന്റെ പ്രകാശകണികകൾ മാത്രമത്രെ. എന്നാൽ ശ്രീകൃഷ്ണനാകട്ടെ ആ പരമാത്മാവുതന്നെയാണ്. എല്ലാ അവതാരങ്ങളും വെളിച്ചത്തിന്റെശക്തികളെ ഇരുട്ടിൽനിന്നും സംരക്ഷിക്കാനായി പ്രത്യക്ഷപ്പെട്ടവയത്രെ. ഈ കാര്യത്തെ ദിവസേന രാവിലെയും വൈകുന്നേരവും ചിന്തിച്ചുറപ്പിക്കുന്ന ഒരുവൻ എല്ലാവിധദു:ഖങ്ങളിൽനിന്നും മോചിതനാകുന്നു.

എങ്കിലും മഹാമുനിമാരേ, പരമാത്മാവ് ജനിച്ചു, ജീവിച്ചു, മരിച്ചു, എന്നെല്ലാംപറയുന്നത് സർവ്വാബദ്ധ മായിരിക്കും. എന്തെന്നാൽ അനന്തത അങ്ങിനെത്തന്നെനിലനിൽക്കുന്നു. ആകാശത്തിലെ മേഘങ്ങൾ ആകാശത്തിന്റെ വലുപ്പത്തെ ബാധിക്കാത്തതുപോലെയത്രെ അത്. സൃഷ്ടികർമ്മങ്ങൾ ഭഗവാന്റെ ലീലാവിലാസങ്ങൾ എന്നു പറയപ്പെടുന്നു. അവിടുത്തേയ്ക്ക് ഒന്നിന്േറയും കുറവില്ല. ഒന്നിന്റെയും ആവശ്യമില്ല. അവിടുന്ന് യാതൊന്നിനായും ആഗ്രഹിക്കുന്നുമില്ല. ഇതു വെറും ലീലകൾ മാത്രം. എങ്കിലും വെളിച്ചത്തിന്റെ ദിവ്യശക്തികളെ പരിരക്ഷിക്കുക എന്നൊരുലക്ഷ്യം ഇതിനുണ്ട്. ആ താമരക്കാലടികളിൽ സ്വയംസമർപ്പിച്ചവർക്കുമാത്രമേ ഈ വിരുദ്ധങ്ങളായ, വൈവിദ്ധ്യമേറിയ, അവതാരപ്രാഭവത്തെയും, മാസ്മരികതയെയും മനസ്സിലാക്കാൻ സാധിക്കൂ. ദിവ്യസുകൃതികളേ, ഈ അവതാരകഥകൾ ഞാൻ ശുകദേവനിൽനിന്നും ഗ്രഹിച്ചിട്ടുള്ളവയാണ്. ശുകദേവനാകട്ടെ അദ്ദേഹത്തിന്റെ അച്ഛൻ വ്യാസഭഗവാൻ പരീക്ഷിത്ത് രാജാവിനോടു കഥപറയുന്നതു കേട്ടു മനസ്സിലാക്കി. അപ്പോൾ പരീക്ഷിത്ത് മരണശിക്ഷയും കാത്തുകിടക്കുകയായിരുന്നല്ലോ.

## കിം വാ ഭാഗവതാ ധർമ്മാ ന പ്രായേണ നിരൂപിതാ:
## പ്രിയാ: പരമഹംസാനാം ത ഏവ ഹ്യച്യുതപ്രിയാ: (1–4–31)

ശൗനകൻ സൂതനോടു ചോദിച്ചു:
അല്ലയോ ദിവ്യസ്വരൂപനായസൂതാ, അങ്ങുപറഞ്ഞ ഭഗവൽക്കാര്യങ്ങൾകേട്ട് ഞങ്ങൾ അത്യധികം ദാഹാകുലരായിരിക്കുന്നു. ഭഗവദവതാരകഥകളുംമഹിമകളും കൂടുതലായിഅറിയാനും കേൾക്കാനും ഞങ്ങളാഗ്രഹിക്കുന്നു. ശുകമുനി വ്യാസഭഗവാനിൽനിന്നും ഭാഗവതകഥകൾപഠിച്ചതായും അദ്ദേഹം പരീക്ഷിത്ത്‌രാജാവിനായി കഥകൾ വിവരിക്കുകയുണ്ടായി എന്നും അങ്ങുപറഞ്ഞു. ശുകമുനി അദ്വൈതചിന്തയിൽ മുഴുകി ആത്മഭാവത്തിൽ നിറഞ്ഞുനിന്ന ഒരുമഹദ്‌വ്യക്തിയായിരുന്നല്ലോ. ഒരിക്കൽ മകനായ ശുകനെ വ്യാസഭഗവാൻ പിന്തുടർന്നു. ശുകൻ യുവസുന്ദരനാണെങ്കിലും നഗ്നനായിട്ടാണുനടന്നിരുന്നത്. വഴിയരികിലെപൊയ്കയിൽ കുളിച്ചുകൊണ്ടിരുന്ന തരുണികൾ ശുകനെക്കണ്ട് നാണിച്ചില്ലെങ്കിലും വൃദ്ധനായ വ്യാസനെക്കണ്ട് നാണംപൂണ്ട് വെള്ളത്തിൽ മുങ്ങിയത്രേ. ശുകമുനി സ്ത്രീപുരുഷവ്യത്യാസങ്ങൾക്കതീതനായിരുന്നു. വ്യാസൻ ജ്ഞാനവൃദ്ധനാണെങ്കിലും ശുകമുനിയോളംപോന്ന പരമഹംസനല്ലതന്നെ. ശുകമുനി വെറുമൊരുകിറുക്കനെപ്പോലെ, മഠയനെന്നപോലെ അലഞ്ഞു നടന്നുവല്ലോ. പരീക്ഷിത്ത്‌രാജാവ് ശുകമുനിയുടെമാഹാത്മ്യം എങ്ങിനെയാണ് കണ്ടെത്തിയത്?.

പ്രിയപ്പെട്ട സൂതാ, എങ്ങിനെയാണ് പരീക്ഷിത്ത് രാജാവ് മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടത്?. പ്രജാവത്സലനും വില്ലാളിവീരനുമായിരുന്നല്ലോ ആ മഹാരാജാവ്. അദ്ദേഹം എങ്ങിനെയാണ് തന്റെ സമ്പത്തുംരാജ്യവും ഉപേക്ഷിച്ച് മുനിയുടെകാൽക്കലിരുന്ന് ഭഗവദ്കഥകൾ കേൾക്കാനിടയായത്?. ദയവായി പറഞ്ഞുതന്നാലും.

സൂതൻ പറഞ്ഞു: അല്ലയോ മുനിവര്യരേ, ഭൂതഭാവിവർത്തമാനകാലങ്ങളെ മുൻകൂട്ടിയറിയുന്ന വ്യാസഭഗവാൻ ദ്വാപരയുഗത്തിൽത്തന്നെ കലിയുഗത്തിലുണ്ടാവുന്ന കാലുഷ്യങ്ങളെപ്പറ്റിയും ധർമ്മഭ്രംശത്തെപ്പറ്റിയും മുൻകൂട്ടിക്കണ്ടിരുന്നു. അതുകൊണ്ട് വേദങ്ങളെ വേണ്ടരീതിയിൽ തരം തിരിച്ചെഴുതി വിശദീകരിക്കുന്ന മഹോത്തരമായ ഉദ്യമത്തിൽ ഏർപ്പെടുകയും നാലുവേദങ്ങൾ നാലു മാമുനിമാരെ പഠിപ്പിക്കുകയും ചെയ്തു. വേദപഠനം ദുഷ്ക്കരമായിട്ടുള്ളവർക്കായി അഞ്ചാമത്തെ വേദമെന്നറിയപ്പെടുന്ന മഹാഭാരതവും അദ്ദേഹമാണെഴുതിയത്. ഇങ്ങിനെയെല്ലാം സജ്ജനക്ഷേമാർത്ഥം കർമ്മങ്ങൾചെയ്തിട്ടും വ്യാസഭഗവാൻ സംതൃപ്തനായില്ല. വ്യാസൻ ആലോചിച്ചു: ഞാൻ വേദപഠനം നടത്തി ദിവ്യപുരുഷന്മാരെ സേവിച്ചു. കർമ്മയാഗങ്ങൾ അനവധി നടത്തി. പലേവിധആചാരങ്ങളും ഭംഗിയായി അനുഷ്ടിച്ചു. ധർമ്മത്തിന്റെ പാതയിൽനിന്നും അണുവിടവിട്ടുനടന്നിട്ടുമില്ല. എന്നിട്ടും എന്റെ ആത്മബോധം പരമാത്മബോധത്തിൽ വിലീനമായിത്തീരാത്തതെന്തേ? ഒരുപക്ഷേ ഞാൻ ഭാഗവതധർമ്മത്തെ പരിപൂർണ്ണമായിവ്യാഖ്യാനിക്കാത്തതു കൊണ്ടാവുമോ?. പരമഹംസപദത്തിലേക്കുള്ള ആ വഴിയെപ്പറ്റി, ദിവ്യപുരുഷന്മാരാൽ പ്രകീർത്തിക്കപ്പെട്ട ആ പാതയെപ്പറ്റി ധ്യാനിക്കാത്തതിനാലാകുമോ? എന്നിങ്ങനെ ചിന്താകുലനായിരിക്കുന്ന വ്യാസഭഗവാന്റെ മുന്നിൽ നാരദമുനി പ്രത്യക്ഷപ്പെട്ടു. വ്യാസൻ എഴുന്നേറ്റ് മുനിയെ ആദരിച്ചു സ്വാഗതംചെയ്തു. അണ്ഡകാഹത്തിലെ സകലദേവതകളും ആദരിക്കുന്ന നാരദമുനിയെ വ്യാസൻ സ്വീകരിച്ചാനയിച്ചു.

## നമോ ഭഗവതേ തുഭ്യം വാസുദേവായ ധീമഹി
## പ്രദ്യുമ്നായാനിരുദ്ധായ നമ: സങ്കർഷണായ ച (1–5–37)

ദിവ്യർഷിയായ നാരദൻ പറഞ്ഞു:
അല്ലയോ വ്യാസ, താങ്കൾ ആ ഭഗവൽകൃപയുടെ ഒരു കിരണമത്രേ. തപശ്ചര്യകളിലൂടെയും യോഗാഭ്യാസങ്ങളിലൂടെയും അങ്ങ് ആത്മവിദ്യയുടെയും വേദപുരാണങ്ങളുടെയും ഉള്ളറിഞ്ഞവനാണല്ലോ. മനുഷ്യനായിപ്പിറന്നവൻ അനുഷ്ഠിക്കേണ്ടുന്ന ധർമ്മമാർഗ്ഗങ്ങളെപ്പറ്റി അങ്ങ് വിശദമായി എഴുതിയിട്ടുമുണ്ട്. എങ്കിലും അപക്വമതികളായസാധകർ ഈ കർമ്മ-ധർമ്മ മാർഗ്ഗങ്ങളെ തൽകാര്യസമ്പാദനത്തിനായും സ്വാർത്ഥാഭിമാന വർദ്ധനവിനായും ഉപയോഗിച്ചേക്കാം. അഹങ്കാരപ്രവണതയ്ക്ക് ഒരാത്മീയപരിവേഷം നൽകാൻ ഈ ധർമ്മാനുഷ്ടാനങ്ങളെ അവർ ഉപയോഗിച്ചുവെന്നുംവരാം. വളരെക്കുറച്ചു സുകൃതികൾ മാത്രമേ കർമ്മങ്ങളുടെയും വേദപുരാണസംഹിതാനുസാരിയായ മാർഗ്ഗങ്ങളുടെയുമപ്പുറത്ത് ഭഗവൽഭക്തിയിലൂടെ മാത്രമേ ശാശ്വതമായ മോക്ഷം ലഭിക്കൂ എന്ന സത്യം മനസ്സിലാക്കി വർത്തിക്കുകയുള്ളു. അല്ലയോ ഋഷിപുംഗവാ, ഏതൊരു കൃതിയാണോ രചനയാണോ ഭഗവാനെ വിഷയമാക്കി അവിടത്തെ കഥകൾ വിവരിച്ചു തരുന്നത്, അതു മാത്രമേ എണ്ണപ്പെടുന്നതായുള്ളു. മറ്റെല്ലാം വ്യർത്ഥരചനകളത്രേ. ഉള്ളടക്കത്തിലും വസ്തുവിലും വിഷയത്തിലും ഭഗവാൻ നിറഞ്ഞിരിക്കുന്നവയത്രേ ശാശ്വതമാവുന്ന കൃതികൾ. ഏതൊരുവൻ ഭഗവൽപാദങ്ങളിൽ ഭക്തി വിശ്വാസമുള്ളവനാണോ, ഏതൊരുവൻ ഭൗതികനേട്ടങ്ങളിൽ ശ്രദ്ധയറ്റവനാണോ, അവൻെറ ആത്മീയപാതയിൽ തടസ്സങ്ങൾ ഉണ്ടായാലും ലക്ഷ്യപ്രാപ്തിക്കു മുൻപ് അവൻ മരിച്ചു പോയാലും, അവൻെറമേൽ പാപത്തിൻെറ ശങ്കപോലുമുണ്ടാകുന്നതല്ല. എന്നാൽ 'ലോകത്തിലെ എൻെറ കടമകൾ ഞാൻ ചെയ്യുന്നു' എന്നനാട്യത്തിൽ ഭഗവാനെ ആശ്രയിക്കാതെ ജീവിക്കുന്ന ഒരുവൻ തൻെറ ജീവിതംകൊണ്ട് യാതൊന്നും നേടുന്നില്ല. ഭഗവൽദാസന് ജനിമരണചക്രത്തിലേക്ക് മടങ്ങിവരേണ്ടതില്ല തന്നെ.

മഹർഷേ, എൻെറ കഴിഞ്ഞജന്മത്തിലെ കഥ കേട്ടാലും. ഞാൻ ബ്രാഹ്മണരുടെ വേലക്കാരിയുടെ പുത്രനായിട്ടാണുജനിച്ചത്. ഞാനും ബ്രാഹ്മണരെ പരിചരിക്കാറുണ്ടായിരുന്നു. അങ്ങിനെ അവരെന്നിൽ ദയവുള്ളവരായിത്തീർന്നു. ഒരിക്കൽ ഞാനവരുടെ ഉഛിഷ്ഠം ഭുജിക്കുകയും ചെയ്തു. ഇതെല്ലാം എൻെറ മനസ്സിനെ ശുദ്ധീകരിക്കുവാൻ ഉപകരിച്ചു. അവരുടെ കാൽക്കീഴിൽനിന്ന് ഭഗവാൻ ശ്രീകൃഷ്ണൻെറ ആത്മചോരണശക്തിയുള്ള ലീലാവിലാസകഥകൾ ഞാൻകേട്ടു. എൻെറഹൃദയം ഭഗവാനുവേണ്ടി അത്യധികം ആഗ്രഹിച്ചു. സ്വർഗ്ഗമുൾപ്പടെയുള്ള ഈ ലോകമെല്ലാം മായയാണെന്നും എൻെറതന്നെ അജ്ഞതയുടെ ഫലമാണെന്നും താമസംവിനാ എനിക്കുമനസ്സിലായി. തുടർച്ചയായുള്ള ഭഗവൽകഥാശ്രവണം എൻെറ ആഗ്രഹങ്ങളെയും അജ്ഞതയേയും അകറ്റി. ആ മഹാമുനികൾ പോകാൻനേരത്ത് അവർ തപ:ശക്തികൊണ്ടും ദീർഘകാലധ്യാനംകൊണ്ടും നേടിയ വിദ്യാസമ്പത്ത് – ഭഗവാനിൽ നിന്നു നേരിട്ടു ലഭിച്ച ആത്മവിദ്യ – എനിക്കുപറഞ്ഞുതന്നു. ഭഗവാൻ വാസുദേവൻെറ മഹിമയെ അങ്ങിനെയാണു ഞാൻ സാക്ഷാത്കരിച്ചത്.

അല്ലയോ വ്യാസ, സാധാരണകർമ്മങ്ങൾ പ്രത്യാഘാതങ്ങൾക്കു വഴിതെളിക്കുമ്പോൾ, ഏതൊരു കർമ്മമാണോ ഭഗവൽപ്രേമം ലക്ഷ്യമാക്കിച്ചെയ്യുന്നത്, അത് നമ്മെ മോക്ഷത്തിലേയ്ക്കു നയിക്കുന്നു. അതുകൊണ്ട് ഒരുവൻ മനസാ ഭഗവാനെ നമസ്കരിച്ചുകൊണ്ട് 'ഓം നമോ ഭഗവതേ വാസുദേവായ. അങ്ങയെ ഞാൻ ധ്യാനിക്കുന്നു. നമോ പ്രദ്യുമ്നായ. നമോ അനിരുദ്ധായ. നമോ സങ്കർഷണായ' എന്ന മന്ത്രംജപിക്കണം. ഈ മന്ത്രം ഭഗവൽശരീരമത്രെ. ഈമന്ത്രം ജപിച്ച് അതിൻെറ പൊരുളറിഞ്ഞ് ജോലിയും പൂജയും ചെയ്യുന്നവനത്രേ യഥാർത്ഥ മനുഷ്യൻ. അവൻ എല്ലായ്പ്പോഴും ഭഗവൽസ്മരണയിലാണ്ടിരിക്കുന്നു. വ്യാസ, ഭഗവൽകഥകളും മാഹാത്മ്യങ്ങളും പാടി താങ്കളുടെ ഹൃദയത്തിൽ ശാന്തിയും പരമാനന്ദവും നിറയ്ക്കൂ. താങ്കളുടെ ഹൃദയാകുലതയ്ക്കുകാരണം ഈ ശാന്തിയെ കണ്ടെത്താത്തതാണ്.

## സകൃദ്യദ്ദർശിതം രൂപമേതത് കാമായ തേ*f*നഘ
## മത്കാമശ്ശനകൈസ്സാധു: സർവ്വാൻ മുഞ്ചതി ഹൃച്ഛയാൻ (1–6–23)

നാരദമുനി തുടർന്നു:
അന്നെനിക്ക് അഞ്ചുവയസ്സായിരുന്നു പ്രായം. എല്ലാറ്റിനും ഞാൻ അമ്മയെ ആശ്രയിച്ചു കഴിഞ്ഞു പോന്നു. അമ്മയ്ക്കാകട്ടെ അവരുടെ ഏകസന്താനമായിരുന്ന എന്നോട് വലിയ സ്നേഹമായിരുന്നു. എനിക്കു നല്ലൊരു സുഖസമ്പന്നജീവിതം നൽകാൻ അവർ പരിശ്രമിച്ചെങ്കിലും അതുനടന്നില്ല. ദൈവനിയോഗത്തെമാറ്റാൻ ആർക്കാണുകഴിയുക? എല്ലാവരും ഭഗവൽക്കരങ്ങളിലെകളിപ്പാവകളത്രേ. അമ്മയോടുള്ള ആദരവുനിമിത്തം മാത്രമാണ് ഞാൻ ഗ്രാമത്തിൽ കഴിഞ്ഞുപോന്നത്. അല്ലാതെ അമ്മയോടോ ഗ്രാമത്തിനോടോ അതിരറ്റ അടുപ്പമുണ്ടായിരുന്നതുകൊണ്ടല്ല. ഒരുരാത്രി അമ്മ പാമ്പിൻെറകടിയേറ്റ് തൽക്ഷണം മരണപ്പെട്ടു. ഈ സംഭവത്തെ ഞാനാഗ്രഹിച്ചിരുന്നില്ലെങ്കിൽക്കൂടി ഒരു വരമായിക്കരുതി ഞാൻ ഗ്രാമംവിട്ടു വനത്തിലേക്കുനടന്നു. അവിടെ ധ്യാനയോഗാഭ്യാസങ്ങൾ പരിശീലിച്ച് മഹാത്മാക്കൾ പറയുന്നതുംകേട്ട് കഴിഞ്ഞുപോന്നു.

ഭഗവൽപാദാരവിന്ദങ്ങളിൽ ധ്യാനനിമഗ്നനായിരിക്കെ എൻെറയുള്ളം പ്രേമത്താൽനിറയുകയും ഹൃദയത്തിൽ അവിടുന്ന് ആമഗ്നനാവുകയുംചെയ്തു. ഞാൻ അതീവസന്തുഷ്ടനായി. ആ പരമാനന്ദം–എല്ലാ അറിവുകൾക്കു മപ്പുറമുള്ള ശാന്തി – ഞാൻ അനുഭവിച്ചറിഞ്ഞു. പക്ഷേ ആ ദർശനം ക്ഷണനേരംകൊണ്ടു മാഞ്ഞുപോവുകയും എൻെറഹൃദയം വേദനിക്കുകയും ചെയ്തു. അപ്പോൾ കരുണാമയനായ അവിടുത്തെ ശബ്ദം കേൾക്കുമാറായി. 'ഈ ജന്മത്തിൽ നിനക്ക് ആത്മസാക്ഷാത്കാരത്തിന് സാദ്ധ്യതയില്ല. ധ്യാനയോഗങ്ങളിൽ പരിപൂർണ്ണത നേടിയവനും ഹൃദയംപരിശുദ്ധീകരിച്ചവനും മാത്രമേ അതുസാദ്ധ്യമാവൂ. എന്നിലേക്കെത്താൻ ത്വരയുള്ളവൻെറ സകലമാനആഗ്രഹങ്ങളും ക്രമേണനീങ്ങി സ്വയം സ്വതന്ത്രനാവും എന്ന സത്യം നിന്നെ മനസ്സിലാക്കാനായി മാത്രമാണ് ഞാൻ നിനക്കൊരു ദർശനം തന്നത്. നീ മഹാത്മാക്കളായ ബ്രാഹ്മണരെ കുറച്ചു കാലത്തേക്കാണെങ്കിൽകൂടി സേവിച്ചുശുശ്രൂഷിക്കയാൽ നിൻെറ ഹൃദയം എന്നിൽ ശ്രദ്ധാഭക്തി യുള്ളതായിത്തീർന്നു. താമസംവിനാ നീയീ ശരീരം ഉപേക്ഷിക്കുകയും എൻെറ സേവകരി ലൊരാളായിത്തീരുകയും ചെയ്യും. നീയൊരിക്കലും എന്നെ മറക്കാനിടവരികയില്ല. വരാൻ പോകുന്ന പ്രളയകാലത്തിലും നിനക്കെൻെറ അനുഗ്രഹാശിസ്സുകൾ തുടർന്നുമുണ്ടാവും. ഈ ജന്മത്തിലെ സംഗതികൾ നിനക്ക് ഓർമ്മയുണ്ടായിരിക്കുകയും ചെയ്യും'. ഇങ്ങിനെ പറഞ്ഞ് അപ്രത്യക്ഷനായ അവിടുത്തെ തീരുമാനത്തെ ഞാൻ ശിരസ്സുനമിച്ചുസ്വീകരിച്ചു.

ആ ജന്മമെടുക്കാൻ കാരണമായകർമ്മഭാരം തീർന്നപ്പോൾ എനിക്കു മരണംസംഭവിക്കുകയും ഞാൻ ഭഗവൽ പാർഷദന്മാരിലൊരാളായിത്തീരുകയും ചെയ്തു. സർവ്വചരാചരങ്ങളും ബ്രഹ്മാവുതന്നെയും ഭഗവാനിൽ വിലീനമായി. ഞാനുമാദേഹത്തിൽ കുടിയേറി. പിന്നീട് കുറേക്കാലംകഴിഞ്ഞ് ഭഗവാൻ സ്വപ്രേരണയാൽ സൃഷ്ടിയാഗ്രഹിച്ചപ്പോൾ ബ്രഹ്മാവെന്നെ മറ്റ് ഋഷിമാരോടൊപ്പം സൃഷ്ടിച്ചു. അന്നുമുതൽ ഞാൻ അണ്ഡകഠാഹം മുഴുവൻ ഈവീണയും വായിച്ചുകൊണ്ട്, അവിടുത്തെ നാമം ജപിച്ചുകൊണ്ട്, ആ മഹിമകളെ വർണ്ണിച്ചുകൊണ്ട്, സ്വതന്ത്രനായി സഞ്ചരിക്കുകയാണ്. അങ്ങിനെയാഭഗവൽരൂപം എൻെറഹൃദയം നിറഞ്ഞിരിക്കുന്നു. ഭഗവാൻെറ നാമാലാപനവും കഥാകഥനവും തന്നെയാണ് സാക്ഷാത്കാരപ്രാപ്തിക്കുള്ള –ഈ സംസാരസാഗരം കടക്കുന്നതിനുള്ള– ഏകമാർഗ്ഗം. ഇഹലോകസുഖസമ്പത്തുകളിൽ മഴുകിക്കിടക്കുന്ന ഹൃദയത്തെ മറുകരയടുപ്പിക്കുവാൻ ഉതകുന്ന തോണിയെന്നനിലയിൽ ഭഗവദവതാരകഥകളെ എഴുതി അവതരിപ്പിക്കാൻ ഞാൻ അങ്ങയെ ആഹ്വാനം ചെയ്യുന്നു.

**കൃഷ്ണ കൃഷ്ണ മഹാഭാഗ ഭക്താനാമഭയംകര !**
**ത്വമേകോ ദഹ്യമാനാനാമപവർഗ്ഗോസി സംസൃതേ: (1-7-22)**

സൂതൻ പറഞ്ഞു:
നാരദമുനി പോയതിനുശേഷം വ്യാസൻ ഭഗവാനെധ്യാനിച്ച് തൻെറ കുടിലിൽ കഴിഞ്ഞുപോന്നു. മനുഷ്യൻെറ ദു:ഖകാരണമായ ആത്മീയാന്ധതക്കുള്ള ഏക മറുമരുന്ന് കൃഷ്ണപ്രേമമാണെന്നു മനസ്സിലാക്കി അദ്ദേഹം ഭാഗവതം എഴുതി. ഭാഗവതം വായിക്കുന്നവരുടെ ഉള്ളിൽ കൃഷ്ണഭക്തിയും പ്രേമവും നിറയുന്നു. ഈ ഭഗവൽപ്രേമം എല്ലാവിധ ഭയാശങ്കകളേയും ദൂരീകരിക്കുന്നു. കൃഷ്ണഭഗവാൻ പരമാത്മാവും അദ്വൈതസത്തതന്നെയാണെന്നും അറിയാവുന്ന ശുകമുനിയും മറ്റനേകം ഋഷിവര്യന്മാരും ഭാഗവതം കേട്ടാനന്ദിക്കുന്നു. വ്യാസഭഗവാൻ രചിച്ച ഭാഗവതം ശുകമുനിയും മറ്റുമുനിമാരും രചയിതാവിൽനിന്നും നേരിട്ടുകേട്ടാസ്വദിച്ചു. ശുകമുനി പരീക്ഷിത്ത് രാജാവിനായി ഭാഗവതം എങ്ങിനെ വ്യാഖ്യാനിച്ചു എന്ന് ഇനി പറഞ്ഞു തരാം.

മഹാഭാരതയുദ്ധംകഴിഞ്ഞു. ദുര്യോധനൻ രണഭൂമിയിൽ മരണപ്രായനായിക്കിടക്കുന്നു. അദ്ദേഹത്തിൻെറ സുഹൃത്ത് ബ്രാഹ്മണനായ അശ്വത്ഥാമാവ് പാണ്ഡവപുത്രന്മാരെ ഉറക്കത്തിൽ വധിച്ച് അവരുടെതലകൾ ദുര്യോധനന് മരണത്തിന്മുൻപേ സമ്മാനിച്ചു. കോപിഷ്ടനായ അർജുനൻ അശ്വത്ഥാമാവിനെ വധിക്കാൻ പുറപ്പെട്ടു. എല്ലാമാർഗ്ഗങ്ങളുംമുട്ടിയ അശ്വത്ഥാമാവട്ടെ ബ്രഹ്മാസ്ത്രംതന്നെ പ്രയോഗിച്ചു. ഭയചകിതനായി അർജുനൻ ശ്രീകൃഷ്ണനോട് പ്രാർത്ഥിച്ചു. "അല്ലയോ കൃഷ്ണാ, അങ്ങ് ഭക്തരുടെ ഭയംനീക്കുന്നയാളാണ്. ലോകത്തിൽ യാതനയുംമരണവും പാപവുംദുഃഖവും സഹിക്കുന്നവർക്കുള്ള ഏകാശ്രയവും നീയത്രെ. ലോകത്തിൻെറ നന്മയ്ക്കായി ഭക്തജനങ്ങളുടെ നിത്യധ്യാനത്തിനു നിദാനമായ പലേഅവതാരങ്ങളും നീയെടുത്തിട്ടുണ്ട്. ഭഗവാനെ, ഇപ്പോളെൻെറചുറ്റിലും കത്തിയാളുന്ന ഈ തീയെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല." കൃഷ്ണൻ ബ്രഹ്മാസ്ത്രത്തിൻെറ തീവ്രതയെപ്പറ്റി അർജുനനെ പറഞ്ഞുമനസ്സിലാക്കി മറ്റൊരു ബ്രഹ്മാസ്ത്രം അർജുനനു നൽകി. രണ്ടുശരങ്ങളും കൂട്ടിമുട്ടി വലിയൊരുതീപ്രളയംതന്നെ ഉണ്ടാവുകയും ഭൂമിമുഴുവൻ ദഹിക്കുമാറാവുകയും ചെയ്തു. അനന്തരം കരുണാമയനായ ഭഗവാൻെറ നിർദ്ദേശപ്രകാരം അർജുനൻ അസ്ത്രങ്ങളെ നിർവീര്യമാക്കി.

അശ്വത്ഥാമാവ് അർജുനൻെറ കാരാഗ്രഹത്തിലായി. ധർമ്മപരിപാലനശീലത്തിൻെറ ആഴമളക്കാനായി അശ്വത്ഥാമാവിനെവധിക്കാൻ കൃഷ്ണൻ അർജുനനെ പ്രേരിപ്പിച്ചു. "മാന്യനായ ഒരാൾ ആയുധ മില്ലാത്തവനേയൊ ഉറങ്ങികിടക്കുന്നവനേയൊ കുട്ടികളേയോ അവർ ശത്രുക്കളായാൽകൂടി കൊല്ലുകയില്ല. എന്നാൽ അശ്വത്ഥാമാവതുചെയ്തു. ഇതുപോലുള്ളദുഷ്ടരെ കൊല്ലുന്നതാണ് ധർമ്മം. അല്ലെങ്കിൽ അവർ ഈദൃശപ്രവൃത്തികൾ തുടർന്നുകൊണ്ടേയിരിക്കും." എങ്കിലും അർജുനൻ അയാളെ കൊന്നില്ല. പാണ്ഡവരുടെ കേന്ദ്രത്തിൽ അശ്വത്ഥാമാവിനുള്ളശിക്ഷകൾ പലരും ചർച്ച ചെയ്തു. ചിലർ വധശിക്ഷയെ അനുകൂലിച്ചു. മറ്റുചിലർ എതിർക്കുകയുംചെയ്തു. സ്വപുത്രന്മാർ കൊലചെയ്യപ്പെട്ടെങ്കിലും ദ്രൌപദിയാണ് ഏറ്റവും സംയമവും ദയയും പ്രകടിപ്പിച്ചത്. "അശ്വത്ഥാമാവ് ഒരുബ്രാഹ്മണനും പാണ്ഡവഗുരുവായ ദ്രോണാചാര്യരുടെ പുത്രനുമാണ്. മാത്രമല്ല, യുദ്ധമവസാനിച്ചു സമാധാനംകൈവന്ന ഈ അവസരത്തിൽ വധം ശരിയല്ല. അശ്വത്ഥാമാവ് ഗുരുദ്രോണാചാര്യരുടെ പുത്രനാകയാൽ ഗുരുവിൻെറയംശം അവനിലുമുണ്ടല്ലൊ. അവൻെറ അമ്മയെങ്കിലും പുത്രശോകത്താൽ എന്നെപ്പോലെ കരയാൻ ഇടവരാതിരിക്കട്ടെ." ഭീമന് അശ്വത്ഥാമാവിനെ വധിക്കണമെന്നുതന്നെയായിരുന്നു. പിന്നീട് കൃഷ്ണൻ പറഞ്ഞു. "ബ്രാഹ്മണനാകയാൽ അവനെ വധിക്കേണ്ടതില്ല. എന്നാൽ മഹാപാതകം ചെയ്തയാളെന്ന നിലയിൽ വധശിക്ഷക്കർഹനാണയാൾ. ദ്രൌപദിക്കും ഭീമനും സമ്മതമാവുന്ന ശിക്ഷവേണം ഇവനുനൽകാൻ. എന്താണുവേണ്ടതെന്നുവെച്ചാൽ ചെയ്യുക." അർജുനന് ഭഗവാൻെറ ഉദ്ദേശം മനസ്സിലായി. അർജുനൻ അശ്വത്ഥാമാവിൻെറശിരസ്സിലെ ബ്രാഹ്മണശിഖമുറിച്ചു കളഞ്ഞിട്ട് അയാളെ വെറുതെവിട്ടു. ഇത് വധശിക്ഷക്കുതുല്യമാണല്ലൊ.

## വിപദസ്സന്തു നശ്ശശ്വത്തത്ര തത്ര ജഗദ്ഗുരോ !
## ഭവതോ ദർശനം യത് സ്യാദപുനർഭവദർശനം (1–8–25)

സൂതൻ തുടർന്നു.
കൃഷ്ണൻ തൻെറ ജോലിതീർന്നശേഷം ദ്വാരകയിലേക്കുമടങ്ങാൻ തുടങ്ങുമ്പോൾ മരിച്ചുപോയ അഭിമന്യുവിൻെറവിധവ ഉത്തര അലറിവിളിച്ചുകൊണ്ടോടിയെത്തി അവിടുത്തെ അഭയംപ്രാപിച്ചു. ഭയങ്കരമായ ഒരാഗ്നേയാസ്ത്രം ഭയന്നാണ് ഉത്തര ഓടിയെത്തിയത്. ഇതിനോടൊപ്പംതന്നെ പാണ്ഡവരും അതിശക്തമായ ഒരുബ്രഹ്മാസ്ത്രത്താൽ ആക്രമിക്കപ്പെട്ടു. പ്രാണഭിക്ഷനൽകി തിരിച്ചയച്ച അശ്വത്ഥാമാവായിരുന്നു ഇതിൻെറ യെല്ലാം പിന്നിൽ. ഉത്തരയുടെ ഗർഭംകൂടി നശിപ്പിക്കാനായിരുന്നു അയാളുടെ ദുഷ്ടബുദ്ധി. കൃഷ്ണൻ തൻെറ കനിവേറിയ കരങ്ങൾകൊണ്ട് ഗർഭസ്ഥശിശുവിനെയടക്കംഎല്ലാവരേയും രക്ഷിച്ചു. ഏതൊരു ദുഷ്ട ശക്തിക്കാണ് അവിടുത്തെ ജയിക്കാനാവുക.

പാണ്ഡവമാതാവായ കുന്തി ഭക്തിപാരവശ്യത്തോടെ പ്രാർത്ഥിച്ചു. "കൃഷ്ണ, അങ്ങ് പരമാത്മാവു തന്നെയാണ്. വികലമായ മനസ്സുള്ളവർക്ക് അങ്ങയെ തിരിച്ചറിയാൻ കഴിയില്ലതന്നെ. നമോവാകം. അങ്ങേയ്ക്ക് നമോവാകം. അങ്ങു ഞങ്ങളെ ഈആപത്ഘട്ടത്തിലും അശ്വത്ഥാമാവിൻെറ അസ്ത്രത്തിൽനിന്നും രക്ഷിച്ചു. എങ്കിലും ഞാൻപ്രാർത്ഥിക്കുന്നത് സർവ്വലോകനിയന്താവായ അവിടുന്ന് ഞങ്ങൾക്ക് കൂടുതൽ ആപത്തുകൾ വരുത്തണമെന്നുതന്നെയാണ്. അങ്ങിനെ ഞങ്ങൾ അവിടുത്തെ ശരണം പ്രാപിക്കാനിടവരുമല്ലൊ. അങ്ങിനെ ജനനമരണചക്രത്തിൻെറപിടിയിൽനിന്നും മോചനംലഭിക്കുമല്ലൊ. സ്വന്തം പാരമ്പര്യത്തിലും ശക്തിയിലും വിദ്യയിലും ധനത്തിലും അഹങ്കരിച്ചവർ നിൻെറ നാമം ഉരുവിടുന്നുപോലുമില്ല. നിന്തിരുവടിയെകാണുവാൻ സ്വന്തമായി ഒന്നുമില്ലാത്തവർക്കും അഹങ്കാരമില്ലാത്തവർക്കും മാത്രമേ സാധിക്കൂ.

ഭഗവാൻ, അങ്ങ് ആദിയന്തമില്ലാത്തവനാണല്ലൊ. ആർക്കാണവിടുത്തെ മഹിമയുടെ ആഴമളക്കാനാവുക? മനുഷ്യരൂപത്തിൽ അവതരിക്കുമ്പോഴും എങ്ങിനെയാണ് അങ്ങയെ അളക്കുക? അങ്ങ് തികച്ചും പക്ഷപാത മില്ലാത്തയാളാണെങ്കിലും മനുഷ്യൻെറ തുലോംതുച്ഛമായ മനസ്സ് അങ്ങയിൽ വൈവിദ്ധ്യംകണ്ടെത്തുന്നു. അങ്ങീവിശ്വത്തിൻെറ ആത്മാവാണ്. വിശ്വമായികാണപ്പെടുന്നതിൻെറ ആത്മസത്തയുമാണ്. ജനനമറ്റവനായ അവിടുന്ന് അനേകം രൂപഭാവങ്ങളെ കൈക്കൊള്ളുന്നു. അങ്ങയുടെ അവതാരകാരണങ്ങളെപ്പറ്റി കൂർമ്മബുദ്ധികൾ പലവസ്തുതകളും നിരത്തുന്നുണ്ട്. അവിടുന്ന് ഭൂമിയിലേക്കിറങ്ങിവന്ന് പലവിധലീലകളും ചെയ്ത് മനുഷ്യനുസ്മരിക്കാനും ഭക്തിയുണ്ടാകാനുംവേണ്ടരീതിയിലുള്ള കർമ്മങ്ങൾ കൈയാളുന്നു. അങ്ങിനെയാ പാദാരവിന്ദങ്ങളിലേക്കവരെആകർഷിച്ച് മോക്ഷപദത്തിലേക്ക് നയിക്കുന്നു. ഭഗവൻ, ഞാനങ്ങയുടെ പാദങ്ങളിൽ അഭയംതേടുന്നു. എൻെറ മറ്റുബന്ധനങ്ങളെയെല്ലാമറുത്ത് അവിടുത്തെമാത്രം ചിന്തയിൽമുഴുകാൻ ഇടവരുത്തണേ. ഇതെൻെറ ഹൃദയംനിറഞ്ഞ പ്രാർത്ഥനയാണു കൃഷ്ണാ."

കൃഷ്ണൻ പുഞ്ചിരിച്ചുകൊണ്ടുപറഞ്ഞു. "അങ്ങിനെയാകട്ടെ." യുധിഷ്ഠിരന് തൻെറസങ്കടവും ആത്മനിന്ദയും സഹിക്കാവുന്നതിലപ്പുറമായിരുന്നു. മഹാഭാരതയുദ്ധത്തിൽ കുറെയേറെവില്ലാളികളെ കൊലക്കുകൊടുത്തതി ൻെറമനോദു:ഖം. "വേദപുരാണങ്ങളിൽപറയുമ്പോലെ ധർമ്മയുദ്ധത്തിൽ ശത്രുവിനെകൊല്ലുന്നതുകൊണ്ട് ഒരു രാജാവിന് പാപം കിട്ടുന്നില്ലെങ്കിലും അതെന്നെ സംതൃപ്തനാക്കുന്നില്ല." യുധിഷ്ഠിരൻ പറഞ്ഞു.

**ഭക്ത്യാ*ff*വേശ്യ മനോ യസ്മിൻ വാചാ യന്നാമ കീർത്തയൻ**
**ത്യജൻ കളേബരം യോഗീ മുച്യതേ കാമകർമ്മഭി: (1–9–23)**

യുധിഷ്ഠിരൻെറമനസ്സ് യുദ്ധക്കെടുതികളെക്കുറിച്ച് വ്യാകുലമായിരുന്നു. ധർമ്മരാജാവിൻെറ മകന് യുദ്ധസമയത്തെ അധാർമ്മികത നിയമാനുസൃതമെങ്കിൽകൂടി മനോവിഷമമുണ്ടാക്കി. അദ്ദേഹം ഭീഷ്മ പിതാമഹൻെറ സാന്നിദ്ധ്യംതേടി. ഋഷിവര്യരെ ഇത് ചരിത്രത്തിലെതന്നെ ഓർമ്മിപ്പിക്കപ്പെടേണ്ട ഒരു നിമിഷമാണ്. ദേവതകളും യക്ഷകിന്നരന്മാരും മനുഷ്യരും എല്ലാംചേർന്ന് എറ്റവും മഹാനായ യോദ്ധാവ് എന്നറിയപ്പെടുന്ന ഭീഷ്മരുടെ കാൽക്കലെത്തി. യുദ്ധത്തിൽ വീണുപോയ ഭീഷ്മർ ശരശയ്യയിൽ മരണവും കാത്തുകിടക്കുകയാണ്. സ്വഛന്ദമൃത്യുവായ അദ്ദേഹം മരണം ഉത്തരായനത്തിലാവാൻകാത്തുകിടന്നു. ഈയവസരത്തിൽ പാണ്ഡവർ കൃഷ്ണനോടൊപ്പം അവിടെ ചെന്നു.

യുദ്ധത്തിൽ കൗരവപക്ഷത്ത് ശത്രുവിൻെറകൂടെ നിന്നെങ്കിലും യുധിഷ്ഠിരനോട് ഭീഷ്മർക്ക് വാത്സല്യമുണ്ടായിരുന്നു. അദ്ദേഹം യുധിഷ്ഠിരനെ സമാധാനപ്പെടുത്തി. “അല്ലയോ രാജാവേ, എന്തൊക്കെ സംഭവിച്ചുവോ അതെല്ലാം ഭൂമിയിലെ എല്ലാറ്റിനേയും നിയന്ത്രിക്കുന്ന ആ നിയാമകശക്തിയുടെ പ്രഭാവംകൊണ്ടാണ്. എന്തൊരത്ഭുതമെന്ന് നോക്കൂ! ധർമ്മിഷ്ഠനായ നിൻെറ ഭരണം. മഹായോദ്ധാക്കളായ അർജുനനുംഭീമനും സഹായത്തിന്. പോരാഞ്ഞ് ശ്രീകൃഷ്ണഭഗവാൻ തന്നെ ആത്മമിത്രമായി ഉണ്ടായിരുന്നിട്ടുകൂടി അനിഷ്ടങ്ങളുംആപത്തുകളും ഉണ്ടാവുന്നു. അതുകൊണ്ട് ഇതെല്ലാം ആ അദൃശ്യശക്തിയുടെ മാസ്മരീകപ്രഭാവം കൊണ്ടുതന്നെയാണുണ്ടായത് എന്നറിയുക.”

ഭീഷ്മർതുടർന്നു: ശ്രീകൃഷ്ണൻ ആ പരമാത്മാവുതന്നെയാണ്. തൻെറദിവ്യത്വം സ്വയംമായയാൽമറച്ചു ജീവിക്കുകയാണദ്ദേഹം. അദ്ദേഹത്തിന് എല്ലാവരും ഒരുപോലെയത്രെ. എങ്കിലും എത്ര ദയാപരനാണദ്ദേഹം. ഈ അവസാനസമയത്ത് ദേഹത്യാഗത്തിനുമുൻപ് ഭഗവൽസ്മരണനൽകാനായി സ്വയം പ്രത്യക്ഷനായിരിക്കുന്നു!. മരണത്തിനുമുൻപ് ഏതൊരു യോഗിവര്യൻ ഭഗവാനെ മനസ്സിൽ ധ്യാനിച്ച് ആ നാമമുരുവിട്ട് ദേഹംവെടിയാൻ തയ്യാറാവുന്നുവോ അയാൾ കാമത്തിൻേറയും കർമ്മബന്ധത്തിൻേറയും ബന്ധനത്തിൽനിന്നും മോചനംനേടുന്നു. മുനിവര്യരേ, ഭീഷ്മപിതാമഹൻ വീണ്ടും മനുഷ്യൻെറ ധർമ്മകർമ്മങ്ങളെപ്പറ്റി യുധിഷ്ഠിരനെ വിശദമായി മനസ്സിലാക്കി. ഭീഷ്മർ പരംപൊരുളിനെയറിഞ്ഞവരിൽ അഗ്രഗണ്യനായിരുന്നുവല്ലോ. ദിവ്യമായ മരണമുഹൂർത്തം സംജാതമായപ്പോൾ ഭീഷ്മർ ഇമവിടാതെ കൃഷ്ണനെത്തന്നെനോക്കി ഇടമുറിയാതെ ഭഗവൽകീർത്തനമാലപിക്കാൻ തുടങ്ങി.

“വിടപറഞ്ഞു പോകുന്ന ഈ സമയത്ത് ഞാനെൻെറ മനസ്സിനെ ശ്രീകൃഷ്ണപരമാത്മാവിൻെറ പക്കലേൽപ്പിക്കുന്നു. അവിടുന്ന് പലേ അവതാരങ്ങളെടുത്ത് സ്വന്തം ദിവ്യോദ്ദേശങ്ങളെ നടപ്പിലാക്കുന്നു. എൻെറ ഹൃദയമെന്നെന്നേക്കുമായി ശ്രീകൃഷ്ണനിൽ അലിഞ്ഞുചേരട്ടെ. അവിടുത്തെ മുഖം യുദ്ധക്കളത്തിലെ പൊടിപറ്റിയ മുടിച്ചുരുൾവീണുമറഞ്ഞിരിക്കുന്നു. അങ്ങ് അർജുനൻെറ സാരഥിയാകാൻ മുന്നോട്ടു വരികയും അയാൾക്കു ഭഗവദ്ഗീതോപദേശം നൽകുകയും ചെയ്തുവല്ലോ. അങ്ങ് പാണ്ഡവരെ പലവിധത്തിൽ സഹായിക്കുകയും യുദ്ധത്തിൽകൊലചെയ്യപ്പെട്ട എല്ലാവർക്കും ശത്രുമിത്രഭേദമെന്യേ കരുണാകടാക്ഷത്താൽ മോക്ഷമേകുകയുംചെയ്തു. അവർക്കെല്ലാം ഭഗവൽ സമാനമായ രൂപവും സിദ്ധിച്ചു.”

ഭീഷ്മപിതാമഹൻ അനന്തമായ പരമാത്മാവിൽ വിലയംപ്രാപിച്ചു. യുധിഷ്ഠിരനും അനുചരന്മാരും കൃഷ്ണനോടൊപ്പം തലസ്ഥാനനഗരിയിലേക്ക് തിരിച്ചു. യുധിഷ്ഠിരൻ രാജാവായി സ്ഥാനമേറ്റു.

**യദാ ഹ്യധർമ്മേണ തമോധിയോ നൃപാ**
**ജീവന്തി തത്രൈഷ ഹി സത്വത: കില**
**ധത്തേ ഭഗം സത്യമൃതം ദയാം യശോ**
**ഭവായ രൂപാണി ദധദ്യുഗേ യുഗേ (1-10-25)**

സൂതൻ തുടർന്നു:
ദുർവൃത്തികളായവരെകീഴടക്കി ധർമ്മിഷ്ടനായ യുധിഷ്ഠിരനെ രാജാവാക്കിവാഴിച്ചതിൽ ശ്രീകൃഷ്ണൻ സംതൃപ്തനായി. യുധിഷ്ഠിരനാകട്ടെ ഭീഷ്മപിതാമഹൻെറ ഉപദേശവാക്കുകൾകേട്ട് മനോവിഷമംമാറി രാജ്യത്തെ നീതിയുടേയുംപ്രേമത്തിൻേറയും പാതയിൽ നയിച്ചുപോന്നു. ദേവതകൾ സംപ്രീതരാവുകയും നാട്ടിൽ ഐശ്വര്യത്തിൻെറ മന്ദഹാസം വിടരുകയുംചെയ്തു. ദുഷ്ടതകൾക്കറുതിവന്നതോടെ ജനത്തിൻെറ മാനസികവും കായികവുമായ ആരോഗ്യം വീണ്ടുകിട്ടി. ശ്രീകൃഷ്ണൻ പാണ്ഡവരുടെ അനുവാദത്തോടെ ഭാരതത്തിൻെറ പടിഞ്ഞാറേതീരത്തുള്ള തൻെറ രാജ്യമായ ദ്വാരകയിലേക്കുപുറപ്പെട്ടു. ആ വേർപാട് പാണ്ഡവർക്കും കൃഷ്ണനും ഒരുപോലെ വേദനാജനകമായിരുന്നു. കൃഷ്ണകഥകൾ കേൾക്കുന്നവനുപോലും ആകഥകൾ എത്രകേട്ടാലും മതിവരില്ല. പാണ്ഡവർക്കാകട്ടെ ആ കൃഷ്ണനെ നേരിട്ട് അടുത്തറിയാൻ കഴിഞ്ഞിരുന്നു. അവർക്കതെങ്ങനെസഹിക്കാനാകും? എങ്കിലും അതായിരുന്നു വിധി.

പാണ്ഡവർ കൃഷ്ണന് വമ്പിച്ചൊരുയാത്രയയപ്പു നൽകി. അവർ ഹസ്തിനപുരത്തിൻെറ അതിർത്തിവരെ അദ്ദേഹത്തെപ്പിന്തുടർന്നുചെന്ന് യാത്രാമംഗളം നേരുകയുംചെയ്തു. ഭഗവൽ പ്രേമികളായ സാധുഗ്രാമീണ സ്ത്രീകൾ ഭഗവാനെ കൺകുളുർക്കെ കണ്ട് അവിടുത്തെ അപദാനങ്ങൾ ഇങ്ങിനെവാഴ്ത്തി.

“അല്ല സുഹൃത്തെ, ഇതു പരമാത്വായനിന്തിരുവടിതന്നെയല്ലയോ? സർവതിൻേറയും സൃഷ്ടി സ്ഥിതി സംഹാരകാരണഭൂതനായ അവിടുന്ന് വിശ്വത്തിനധിപനാണല്ലോ. മഹാമുനിമാരും മഹാത്മാക്കളും ദിവസവും പാടിപ്പുകഴ്ത്തുന്ന ആ ഭഗവാൻ ഇതുതന്നെയല്ലയോ? വേദപുരാണങ്ങളും വർണ്ണിക്കുന്നത് അവിടുത്തെയല്ലെ? അചഞ്ചലമായഭക്തികൊണ്ടു പരമപവിത്രമാക്കിയഹൃദയത്തിൽ അങ്ങയുടെദർശനമാണല്ലോ ഇന്ദ്രിയങ്ങളെ യെല്ലാംകീഴടക്കിയ യോഗിവര്യന്മാർ കാംക്ഷിക്കുന്നത്. അവർ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നത് അവിടത്തെ ചെന്താമലരടികളാണല്ലൊ. അവിടുത്തേക്ക് മാത്രമേ ഹൃദയത്തെശുദ്ധീകരിക്കാൻ കഴിയുകയുള്ളു. എപ്പോഴെല്ലാം ഭരണാധികാരികൾ അധർമ്മത്തിൻെറവഴിക്കു നീങ്ങുന്നുവോ അപ്പോഴെല്ലാം പവിത്രതയുടെ പര്യായമായ അങ്ങ് പലരൂപങ്ങളിൽ ദിവ്യപ്രഭാവം കാണിച്ചുകൊണ്ട് ഭൂമിയിലേക്കിറങ്ങിവരുന്നു. ദിവ്യതയുടെ പ്രഭാവമായ അനന്തശക്തി, വിശ്വസാന്നിദ്ധ്യം, സത്യം, നീതി, ദയ, ദിവ്യപ്രവൃത്തികൾ എന്നിവയും അപ്പോൾ പ്രകടിതമാകുന്നു. അവിടുന്ന് പിറന്നുവളർന്ന കുലവും ദ്വാരകയും അവിടുത്തെജനങ്ങളുമെല്ലാം ധന്യരത്രെ. അദ്ദേഹത്തെ പരിണയിച്ചിരിക്കുന്ന സ്ത്രീജനങ്ങൾ ധന്യരും സ്ത്രീകുലത്തിനുതന്നെ അഭിമാനവുമാണ്.”

ശ്രീകൃഷ്ണൻ മന്ദഹാസംപൂണ്ടു. വില്ലാളിവീരന്മാർക്കും മഹാരാജാക്കന്മാർക്കും പ്രത്യക്ഷമാവാതിരുന്ന സത്യത്തെ നിർമ്മലമായപ്രേമംകൊണ്ട് സാധുഗ്രാമീണസ്ത്രീകൾ തിരിച്ചറിഞ്ഞിരിക്കുന്നു. പാണ്ഡവരോട് യാത്രപറഞ്ഞുപിരിഞ്ഞ ശ്രീകൃഷ്ണൻ ഭാരതത്തിലെ പലരാജ്യങ്ങളും മാർഗ്ഗമദ്ധ്യേസന്ദർശിച്ച് സ്വീകരണങ്ങൾ കൈക്കൊണ്ടു. അങ്ങിനെ പടിഞ്ഞാറേത്തീരത്തെത്തിച്ചേർന്നു.

**നതാ: സ്മ തേ നാഥ സദാംഘ്രിപങ്കജം വിരിഞ്ചവൈരിഞ്ച്യ സുരേന്ദ്രവന്ദിതം**
**പരായണം ക്ഷേമമിഹേച്ഛതാം പരം ന യത്ര കാല: പ്രഭവേത് പരപ്രഭു: (1-11-6)**
**തമയം മന്യതേ ലോകോ ഹ്യസംഗമപി സംഗിനം**
**ആത്മൗപമ്യേന മനുജം വ്യാപൃണ്വാനം യതോ$f$ബുധ: (1-11-37)**

സൂതൻ തുടർന്നു:
തലസ്ഥാനനഗരിക്കടുത്തെത്തിയപ്പോൾ ശ്രീകൃഷ്ണൻ ശംഖൂതി തൻെറ തിരിച്ചുവരവറിയിച്ചു. അതോടെ ആഘോഷങ്ങളുടെ തുടക്കമായി. നഗരത്തിന് ഉത്സവഛായതന്നെയുണ്ടായിരുന്നു. ജനങ്ങൾ വഴിയരുകിൽ വരിവരിയായിനിന്ന് ഭഗവാൻെറ ദിവ്യപ്രഭവിളങ്ങുന്ന മുഖം നേരിൽക്കണ്ടാസ്വദിച്ചു. അവർ തങ്ങളുടെ പ്രേമവും ഭക്തിയും ബഹുമാനവും പ്രകടിപ്പിച്ചുകൊണ്ട് ഭഗവാനു സ്വാഗതമരുളി.

"ഭഗവാനേ, അവിടുത്തെ താമരപ്പൂവൊത്തപാദങ്ങളിൽ ഞങ്ങൾ നമസ്കരിക്കുന്നു. ദേവകൾവന്ദിക്കുന്ന അചഞ്ചലമായ ആ പദകമലങ്ങളെയാണല്ലൊ മുക്തിസാധകരും ഉപാസിക്കുന്നത്? അവിടുന്ന് ഞങ്ങളുടെ അച്ഛനുംഅമ്മയുംസുഹൃത്തും മാത്രമല്ല സൃഷ്ടാവും പരമവിഗ്രഹവുമാണ്. ഞങ്ങൾ ലോകത്തിലേക്കു വെച്ചേറ്റവും അനുഗ്രഹീതരത്രെ. അതുകൊണ്ടാണല്ലൊ അങ്ങയെ അടുത്തുതന്നെ കിട്ടാൻ ഇടയായത്. അവിടുത്തെ പ്രഭാവം അപാരംതന്നെ. ഇത്ര അടുത്തിടപഴകിയിട്ടും കുറച്ചു നിമിഷം അങ്ങിവിടെനിന്നു പോകുമ്പോൾ യുഗങ്ങൾ കടന്നുപോകുന്നതുപോലെ തോന്നുന്നു."

ഭഗവാൻ കടന്നുപോയ ഇടങ്ങളിലെല്ലാം തോരണങ്ങളും മറ്റലങ്കാരപ്പണികളും നിറച്ചുണ്ടായിരുന്നു. ആകാശത്തിൽനിന്ന് പുഷ്പവൃഷ്ടിയുമുണ്ടായി. ബ്രാഹ്മണർ വേദപാഠങ്ങളുരുവിട്ടു. ഗായകർ പാടി. സ്ത്രീകൾ നൃത്തംചെയ്തു. അന്തരീക്ഷത്തിലെങ്ങും ആഹ്ലാദമലയടിച്ചു. ഇതിനെല്ലാമിടയിലും കടന്നുപോയനഗരവീഥികളിൽ ഭഗവാൻ എല്ലാവരേയും വണങ്ങിയും കൈവീശിയും കരുണാകടാക്ഷം പൊഴിച്ച് സർവ്വരേയും സന്തുഷ്ടരാക്കി. കൂട്ടത്തിൽ താഴ്ന്നവരായ ഹീനജാതിക്കാരെപ്പോലും നെഞ്ചോടണച്ചാശ്ലേഷിച്ചു. എല്ലാവരേയും അഭിവാദനംചെയ്ത് പുഞ്ചിരിയുംതൂകി ആവശ്യപ്പെട്ട വരദാനങ്ങൾ നൽകി അദ്ദേഹമങ്ങിനെനീങ്ങി. ഗുരുജനങ്ങളേയും വയോവൃദ്ധന്മാരേയും സ്ത്രീകളേയും വന്ദിച്ച് സ്വയം അനുഗ്രഹം തേടുകയും ചെയ്തു.

ആദ്യം അദ്ദേഹം തൻെറ മാതാപിതാക്കളുടെ കൊട്ടാരത്തിൽക്കയറി അവരുടെ കാൽതൊട്ടുവണങ്ങി. പിന്നീട് പ്രേമപൂർവ്വം ഭാര്യമാർ താമസിക്കുന്ന കൊട്ടാരത്തിലേക്കുപ്രവേശിച്ചു. ഭഗവൽപ്രേമത്തിനു പാത്രങ്ങളായ ഈ സ്ത്രീകളാകട്ടെ അവിടുത്തെമാത്രം മനസാ ധ്യാനിച്ച് കാത്തിരിക്കുകയായിരുന്നു. അദ്ദേഹം ദുഷ്ടനിഗ്രഹത്തിനു സാക്ഷ്യംവഹിച്ച് തിരിച്ചെത്തിയിരിക്കുകയാണല്ലൊ. എന്നാൽ ഭഗവാനിപ്പോൾ ഭാര്യമാരുടെ പ്രിയകാന്തനായി വന്നിരിക്കുന്നു. അദ്ദേഹത്തിന് ലോകവ്യാപാരപരങ്ങളായ കെട്ടുപാടുകൾ ഇല്ലെങ്കിൽക്കൂടി മായയുടെ അതിശക്തികൊണ്ട് അങ്ങിനെ കാണപ്പെടുകയാണ്. അജ്ഞരായജനങ്ങൾ തങ്ങളെപ്പോലെതന്നെ ഭഗവാനും ലോകവ്യാപാരനിമഗ്നനായിരിക്കുന്നതുകണ്ടിട്ട് നേട്ടങ്ങൾമാത്രമുള്ള ഒരുത്തമമനുഷ്യനായി അദ്ദേഹത്തെ കണക്കാക്കുന്നു. ഇതുതന്നെയാണ് അവിടുത്തെ ദിവ്യമഹിമ. നശ്വരമെന്നു തോന്നിച്ച് പ്രകൃതിക്കടിമപ്പെട്ടമട്ടിൽ കഴിയുമ്പോഴും അവിടുന്ന് യാതൊരുവിധ ഗുണദോഷങ്ങളാലും കളങ്കപ്പെടുന്നില്ല. പ്രകൃതിയിലെ സത്വ-രജസ്-തമോ ഗുണങ്ങൾ ഒന്നും അവിടുത്തെ ബാധിക്കുന്നുമില്ല. അവിടുത്തെ പാദങ്ങളിൽ അഭയം തേടുന്നവർക്കും ത്രിഗുണങ്ങളുടെ കളങ്കം ബാധിക്കയില്ല.

**മാതുർഗർഭഗതോ വീരസ്സ തദാ ഭൃഗുനന്ദന!
ദദർശ പുരുഷം കഞ്ചിദ് ദഹ്യമാനോƒസ്ത്രതേജസാ (1-12-7)
അംഗുഷ്ഠമാത്രമമലം സ്ഫുരത്പുരടമൌലിനം
അപീച്യദർശനം ശ്യാമം തഡിദ്വാസസമച്യുതം (1-12-8)**

ശൗനകൻ പ്രാർത്ഥിച്ചു:
അല്ലയോസൂതാ, ഉത്തരയുടെ ഗർഭസ്ഥശിശുവിനെ ശ്രീകൃഷ്ണൻ രക്ഷിച്ചുവെന്നുപറഞ്ഞുവല്ലൊ. പരീക്ഷിത്തിൻെറ ജനനത്തേപ്പറ്റിയും അദ്ദേഹമെന്തൊക്കെച്ചെയ്തുവെന്നും ഇനി പറഞ്ഞുതന്നാലും.

സൂതൻ പറഞ്ഞു:
അതിഭയങ്കരമായ നാളത്തോടുകൂടിയ ഒരുതീഗോളം ഉത്തരയുടെവയറ്റിൽക്കിടക്കുന്ന ശിശുവിനെ പീഢിപ്പിച്ചു കൊണ്ടിരിക്കെ കൈവിലരോളംവലിപ്പവും നീലവർണ്ണവും മഞ്ഞവസ്ത്രധാരിയുമായ ഒരു സത്വം സൂര്യനെ പ്പോലെതിളങ്ങിയും സുവർണ്ണകിരീടം ധരിച്ചും പ്രത്യക്ഷമായി. അത് ശ്രീകൃഷ്ണഭഗവാൻതന്നെയായിരുന്നു. ആയുധത്തെനിർവീര്യമാക്കിയതും ആഗ്നേയാസ്ത്രത്തിൻെറ ചൂടിൽനിന്നും തന്നെരക്ഷിച്ചതും ആ സത്വമാണെന്നു ശിശു മനസ്സിലാക്കി. തീയെല്ലാമടങ്ങിയപ്പോൾ ശിശുവിൻെറ കാഴ്ചയിൽനിന്നും ആ തേജ:പുഞ്ജം മറഞ്ഞുപോയി. പിന്നീട് ഉത്തര നല്ലൊരു മുഹൂർത്തത്തിൽ പാണ്ഡവകുലത്തിൻെറ അവകാശിയായ ശിശുവിനെ പ്രസവിച്ചു. ശിശുവിൻെറ മുത്തച്ഛന്മാർ സന്തോഷിച്ചു. രാജാവാകട്ടെ കയ്യഴിഞ്ഞ് ദാനധർമ്മങ്ങൾ ചെയ്ത് ഈ അവസരം ആഘോഷിച്ചു.

നക്ഷത്രനിലകൾ നോക്കിയ ജോത്സ്യന്മാർ കുട്ടി ഭാവിയിൽ ധർമ്മിഷ്ഠനും മഹാനുമായ രാജാവായിത്തീരുമെന്നു പ്രവചിച്ചു. ഇഷ്വാകുവിനെപ്പോലെ നീതിമാനായഭരണകർത്താവും രാമനെപ്പോലെ സത്യപരിരക്ഷകനും ശിബിയെപ്പോലെ ദാനശീലനും ഭരതനെപ്പോലെ പ്രശസ്തനും അർജ്ജുനനെപ്പോലെ വില്ലാളിയും സിംഹത്തെപ്പോലെ വീരനും ഭൂമിയെപ്പോലെ ക്ഷമാശീലനും ബ്രഹ്മാവിനെപ്പോലെ സമബുദ്ധിയും ശിവനെപ്പോലെ ഉന്നതനും വിഷ്ണുവിനെപ്പോലെ സംരക്ഷകനും ശ്രീകൃഷ്ണൻെറ ഗുണഗണങ്ങളുള്ളവനും രന്തിദേവനെപ്പോലെ ദയാവായ്പ്പുള്ളവനും യയാതിയെപ്പോലെ പാവനചരിതനും ബാലിയെപ്പോലെ ഉറച്ചവനും പ്രഹ്ളാദനെപ്പോലെ കൃഷ്ണഭക്തനുമായി പരീക്ഷിത്തു രാജ്യം ഭരിച്ചു. ദുഷ്ടശക്തികളെ മുഴുവൻ കീഴ്പ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു.

കാലമേറെക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ബ്രാഹ്മണശാപമേൽക്കാനിടയായി. അതുമൂലം സർപ്പദംശനമേറ്റുള്ള മരണം തീർച്ചയായിരുന്നു. മരണം കാത്തുകിടക്കുമ്പോൾ രാജാവ് സർവ്വസമ്പൽസമൃദ്ധികളുമുപേക്ഷിച്ച് ഭഗവൽക്കഥകൾ കേൾക്കുന്നതിൽമാത്രമുത്സുകനായിക്കഴിഞ്ഞു. കഥകൾ പറഞ്ഞുകൊടുത്തത് മഹാമുനിയായ ശുകൻതന്നെയായിരുന്നു. അങ്ങിനെ ഭഗവൽച്ചരണങ്ങളിൽ മനസ്സുറപ്പിച്ച് രാജാവ് ഭൗതികശരീരത്തെ ഉപേക്ഷിക്കുകയാണുണ്ടായത്. ജനനസമയത്ത് വിഷ്ണുവിനാൽ പരിരക്ഷിക്കപ്പെട്ടവനായതുകൊണ്ട് അദ്ദേഹം വിഷ്ണുരാതനെന്ന പേരിലും അറിയപ്പെടുന്നു. അമ്മയുടെ ഗർഭപാത്രത്തിൽവെച്ചുകണ്ട ആ തേജോരൂപത്തെ തുടർന്നും ജീവിതകാലംമുഴുവൻ അന്വേഷിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തെ പരീക്ഷിത്ത് എന്നും വിളിക്കുന്നു. (പരീക്ഷിത്ത് -എന്തിനെങ്കിലും വേണ്ടി നിരന്തരം തേടിക്കൊണ്ടിരിക്കുന്നയാൾ)

**മാ കഞ്ചന ശുചോ രാജൻ യദീശ്വരവശം ജഗത്
ലോകാസ്സപാലാ യസ്യേമേ വഹന്തി ബലിമീശിതു:
സ സംയുനക്തി ഭൂതാനി സ ഏവ വിയുനക്തി ച (1-13-40)**

സൂതൻ തുടർന്നു:
ഏതാണ്ടീസമയത്ത് ധൃതരാഷ്ട്രരുടെ അനുജൻ വിദുരർ ദീർഘമായൊരു തീർത്ഥാടനത്തിനുശേഷം ഹസ്തിനപുരത്ത് തിരിച്ചെത്തി. എല്ലാവരും അദ്ദേഹത്തെ സ്വാഗതം ചെയ്തുസ്വീകരിച്ചു. യുധിഷ്ഠിരൻ ചോദിച്ചു. "അമ്മാവാ, അങ്ങുസന്ദർശിച്ച തീർത്ഥങ്ങളെപ്പറ്റി ഞങ്ങൾക്കുപറഞ്ഞു തന്നാലും. അങ്ങയെപ്പോലുള്ള പാവനചരിതരും ദൈവീകരുമായ പുണ്യാത്മാക്കൾ സന്ദർശിക്കുന്നതു കൊണ്ടു തന്നെ സ്ഥലങ്ങൾ തീർത്ഥങ്ങളായി മാറുന്നു."

വിദുരൻ തൻെറ തീർത്ഥാടനത്തെപ്പറ്റി വിശദമായിപ്പറഞ്ഞു. യാദവവംശത്തിൻെറ നാശവർത്തമാനമൊഴിച്ച് മറ്റെല്ലാം വിശദീകരിച്ചുകൊടുത്തു. ദിനരാത്രങ്ങൾ പൊയ്ക്കൊണ്ടേയിരുന്നു. ഒരു ദിവസം വിദുരൻ ജ്യേഷ്ഠനായ ധൃതരാഷ്ട്രരോട് പറഞ്ഞു. "ജ്യേഷ്ഠാ, ഇനിയും ഗൃഹസ്ഥാശ്രമം നയിക്കുന്നതെന്തിന്? രാജ്യത്തോടും കുടുംബത്തോടും ആസക്തിപൂണ്ട് കാലം കടന്നുപോകുന്ന തറിയുന്നില്ലേ? മരണദിനമടുത്തു വരുന്നതും അങ്ങേക്കറിയാമല്ലോ. ജീവിതം മുഴുവൻ കൃഷ്ണപ്രേമത്തിൽ മുഴുകി ലോകവ്യാപാരങ്ങളിൽ നിന്നുവിട്ട് ശുദ്ധജ്ഞാനത്തെ സ്വീകരിച്ച് ഈ ശരീരമുപേക്ഷിക്കുന്നവനെയാണ് ഞാൻ ശരിക്കും വീരനേതാവായി കണക്കാക്കുന്നത്." ഇതുകേട്ട് ധൃതരാഷ്ട്രർ ഗാന്ധാരിയുമൊത്ത് ആരുമറിയാതെ കൊട്ടാരമുപേക്ഷിച്ച് വനത്തിലേക്കുപോയി. ധൃതരാഷ്ട്രർ പോയതറിഞ്ഞ് യുധിഷ്ഠിരൻ വളരെ വ്യസനിച്ചു. അപ്പോൾ മഹാമുനിയായനാരദൻ അവിടെയെത്തി അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. ധൃതരാഷ്ട്രരുടെ തിരോധാനത്തെപ്പറ്റി ആരാഞ്ഞ രാജാവിനോട് നാരദൻപറഞ്ഞു.

"ആർക്കുവേണ്ടിയും ദു:ഖിക്കരുത് മഹാരാജാവേ, കാരണം, ഈ ലോകംമുഴുവൻ ഭഗവാൻെറ നിയന്ത്രണത്തിലാണ്. എല്ലാ ലോകങ്ങളും രാജാക്കന്മാരും അവിടുത്തെ ആരാധിക്കുന്നു. അവിടുന്ന് തന്നെയാണ് മനുഷ്യരെ കൂട്ടിച്ചേർക്കുന്നതും അകറ്റുന്നതും. മനുഷ്യജീവിയെ പരമാത്മചൈതന്യമെന്നോ ജീവനുള്ള ചരവസ്തുവെന്നോ ഇവ രണ്ടും ചേർന്നതെന്നോ ഇതു രണ്ടുമല്ലെന്നോ കണക്കാക്കിയാലും അവർക്കുവേണ്ടി ദു:ഖിക്കുന്നതിൽ അർത്ഥമില്ല. ഒരാൾക്ക് എങ്ങിനെ മറ്റൊരാളെ പരിരക്ഷിക്കാനാകും? ഒരുവൻെറശരീരം ധാതുനിർമ്മിതവും രോഗബാധിതവും ജരാനരകൾ ബാധിക്കുന്നതും കാലപ്പഴക്കത്തിൽ മരണത്തിനടിമപ്പെടുന്നതുമാണല്ലോ. ആ ശരീരത്തിൻെറ ചുമതലയേൽക്കുന്നത് വിഡ്ഢിത്തം തന്നെ. സ്വയം പെരുമ്പാമ്പിനാൽ വിഴുങ്ങപ്പെട്ടിരിക്കുന്ന ഒരാൾ മറ്റൊരാളെ എങ്ങിനെരക്ഷിക്കും? രാജാവേ, താങ്കളുടെ വല്യച്ഛനും വല്യമ്മയും വനത്തിൽ നിരന്തരം ഭഗവൽധ്യാനത്തിൽമുഴുകി ജീവിക്കുന്നു. മായയുടെ ത്രിഗുണങ്ങളിൽനിന്നുമകന്ന് ഭക്തിയോടെ കഴിയുകയാണവർ. താമസിയാതെ ആ വനപ്രദേശം തീയിലകപ്പെടുകയും അവരുടെ കുടിലടക്കമെല്ലാം തീപ്പെടുകയുംചെയ്യും. വല്യച്ഛനും വല്യമ്മയും അവിടെവെച്ച് ശരീരമുപേക്ഷിച്ചവിവരമറിയുമ്പോൾ വിദുരൻ വീണ്ടുമൊരു തീർത്ഥാടനത്തിനിറങ്ങും. അതുകൊണ്ട് ഇപ്പോഴുള്ള ഈ വ്യർത്ഥമായ ശോകത്തെ കളയൂ."

ഈ വാക്കുകൾ യുധിഷ്ഠിരന് ആശ്വാസവും സമാധാനവും നൽകി.

**മന്യ ഏതൈർമ്മഹോത്പാതൈർനൂനം ഭഗവത: പദൈ:**
**അനന്യപുരുഷശ്രീഭിർഹീനാ ഭൂർഹതസൌഭഗാ (1-14-21)**

സൂതൻ തുടർന്നു:
അർജുനൻ ശ്രീകൃഷ്ണൻേറയും മറ്റുബന്ധുക്കളുടേയും ക്ഷേമമന്വേഷിക്കാൻ ദ്വാരകയിൽ പോയിരുന്നു. കുറേമാസങ്ങൾ കടന്നുപോയിട്ടും അദ്ദേഹം തിരിച്ചുവന്നില്ല. രാജാവ് ആകാംക്ഷാഭരിതനായി. ചീത്തശകുനങ്ങൾ ദർശിക്കാനും തുടങ്ങി.

ദുഷ്ടൻമാരെല്ലാം മഹാഭാരതയുദ്ധത്തിൽ കൊലചെയ്യപ്പെട്ടശേഷം ചീത്തശകുനങ്ങൾ ഇപ്പോഴാണു കാണുന്നത്. ജനങ്ങൾ അധാർമ്മികമായ പ്രവൃത്തികൾ ചെയ്യാനും തുടങ്ങിയിരിക്കുന്നു. അവർ അത്യാഗ്രഹികളും പരസ്പരം ചതിക്കുന്നവരും കലഹിക്കുന്നവരുമായിത്തുടങ്ങി. സുഹൃത്തുക്കൾ തമ്മിലും ദമ്പതികൾ തമ്മിൽപോലും വെറുപ്പും പകയും ഉണ്ടായിത്തുടങ്ങി. യുധിഷ്ഠരൻ കലിയുഗത്തിൻെറ ആരംഭമായി എന്നു ഭയന്ന് ഭീമനോട് പറഞ്ഞു.

"അർജുനൻ തിരിച്ചുവരാത്തതെന്തുകൊണ്ട്? നമ്മുടെജീവനും രാജ്യത്തിനും നിലനിൽപിനുംതന്നെ ആധാരമായ ശ്രീകൃഷ്ണഭഗവാൻ ഇഹലോകവാസം വെടിഞ്ഞിരിക്കുമോ? എൻെറ ഇടതുഭാഗം തുടിക്കുന്നു. മൃഗങ്ങൾ വല്ലാത്തരീതിയിൽ പെരുമാറുകയും കാലാവസ്ഥ ക്രമംതെറ്റുകയും ചെയ്തിരിക്കുന്നു. എനിക്ക് വല്ലാത്ത ഉദ്വേഗം തോന്നുന്നു. ആകാശം പൊടിപടലം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇടക്കിടെ ഭൂമികുലുക്കങ്ങളും പേമാരിയും ഇടിവെട്ടുംമിന്നലും ഉണ്ടാവുന്നല്ലൊ. തീവ്രമായകൊടുങ്കാറ്റിൽ ഭൂമിമുഴുവൻ പൊടിപടലം നിറഞ്ഞ് സൂര്യപ്രഭയ്ക്കുപോലും മങ്ങലേറ്റുവോ? സ്വർഗ്ഗവുംഭൂമിയും തീയിൽപ്പെട്ടപോലെയും നദികളുംതടാകങ്ങളും ഇളകിമറിഞ്ഞും കാണപ്പെടുന്നു. അന്ത:രീക്ഷംമുഴുവൻ മൂകതയുംശോകവും നിറഞ്ഞപോലെ. ഈദൃശ ശകുനങ്ങളിൽനിന്നും ഭൂമിയുടെ ആകർഷണീയത നഷ്ടപ്പെട്ടുവെന്നെനിക്കുതോന്നുന്നു. ശ്രീകൃഷ്ണൻെറ പാദസ്പർശം നഷ്ടപ്പെട്ടതിൻെറ പ്രതികരണമാവുമോ ഇത്?."

ഒരുദിവസം അർജുനൻ തിരിച്ചെത്തിയതും രാജാവിൻെറ കാൽക്കൽ കുഴഞ്ഞുവീണു. ഇതർജുനൻെറ സ്വഭാവത്തിനു നിരക്കാത്തതാണ്. അദ്ദേഹത്തിൻെറമുഖം ദു:ഖാകുലമായിരുന്നു. ഇത് യുധീഷ്ഠിരൻെറ ദു:ഖത്തെ വർദ്ധിപ്പിച്ചു. അദ്ദേഹം ചോദിച്ചു. "അർജുനാ, എന്താണീ കൊടിയദു:ഖ:ത്തിനു കാരണം? നമ്മുടെബന്ധുമിത്രാദികൾക്ക് ദ്വാരകയിൽ സുഖംതന്നെയല്ലെ? കൃഷ്ണഭഗവാൻ എങ്ങിനെയിരിക്കുന്നു? നീയെന്താണൊന്നും മിണ്ടാത്തത്? ഉത്തരംപറയൂ. നീ വളരെ ദു:ഖാകുലനായിരിക്കുന്നുവല്ലോ. നിൻെറ ആരോഗ്യത്തിനെന്തെങ്കിലും പറ്റിയോ? അർജുനാ, നിന്നെ ആരെങ്കിലും അപമാനിക്കുകയൊ മോശപ്പെട്ടരീതിയിൽ നിന്നോടാരെങ്കിലും പെരുമാറുകയോ ഉണ്ടായോ? ആവശ്യക്കാർക്ക് സംരക്ഷണം നൽകുന്നതിൽനിന്നും നിനക്ക് വ്യതിചലിക്കേണ്ടതായി വന്നുവോ? വൃദ്ധർക്കും അശരണർക്കും കുട്ടികൾക്കും കൊടുക്കുന്നതിന് മുൻപ് നീ ഭക്ഷണം കഴിക്കുകയുണ്ടായൊ? നീ അരുതാത്തത് വല്ലതും ചെയ്തോ? അതോ, എനിക്കതോർക്കാൻപോലും വയ്യ! നിനക്ക് ശ്രീകൃഷ്ണഭഗവാനിൽനിന്നും എന്നെന്നേയ്ക്കുമായി വേർപിരിയേണ്ടതായിവന്നോ? ദയവായി പറയൂ."

**സോ$f$ഹം നൃപേന്ദ്ര രഹിത: പുരുഷോത്തമേന
സഖ്യാ പ്രിയേണ സുഹൃദാ ഹൃദയേന ശൂന്യ:
അധ്വന്യുരുക്രമപരിഗ്രഹമംഗ! രക്ഷൻ
ഗോപൈരസദ്ഭിരബലേവ വിനിർജ്ജിതോ$f$സ്മി. (1-15-20)**

സൂതൻ തുടർന്നു:
അർജുനൻ ഗദ്ഗദകണ്ഠനായി യുധിഷ്ഠിരനോട് പറഞ്ഞു. "ജ്യേഷ്ഠാ, ഭഗവാൻെറ മായാവലയിൽ ഞാനും പെട്ടുപോയി. നമ്മുടെ കൃഷ്ണൻ ഭഗവാൻതന്നെയാണ്. അദ്ദേഹമാണ് എന്നേയും ഭീമനേയും ദേവതകൾ പോലും വാഴ്ത്തുന്ന ധീരകൃത്യങ്ങൾ ചെയ്യാൻ ഇടയാക്കിച്ചത്. പലേ വീഴ്ചകളിൽനിന്നും അദ്ദേഹം നമ്മെ കരകയറ്റി. ശിവനോടും ഇന്ദ്രനോടും പടവെട്ടിയതും ഇന്ദ്രൻെറ കൊട്ടാരത്തിലെനിക്കു കുറച്ചുകാലം കഴിയാനിടവന്നതും അവിടത്തെ കൃപകൊണ്ടുമാത്രം. എന്നെ പ്രത്യേകിച്ചും പലരീതികളിൽ ഭഗവാൻ സംരക്ഷിച്ചിരിക്കുന്നു. രഥത്തിനു മുന്നിലിരുന്ന് എതിരാളികളുടെ ശക്തിയും ഹൃദയവും കവർന്ന് പിന്നിലിരുന്ന എനിക്ക് എല്ലാ സംരക്ഷണവും നൽകിയത് അവിടുന്നല്ലേ? എൻെറ വിഡ്ഢിത്തം നോക്കൂ. ഋഷിമുനിമാർ പാദവന്ദനം നടത്തുന്ന ആ ഭഗവാനെ ഞാൻ തേരാളിയാക്കി!. അദ്ദേഹമെന്നെ സുഹൃത്തായി കണക്കാക്കി. ഞാൻതിരിച്ചും. വല്ലാത്ത സ്വാതന്ത്ര്യവും ഞാൻ അദ്ദേഹത്തോടുകാട്ടിയിട്ടുണ്ട്. അമിതമായ ആ ദയാവായ്പിൽ അതെല്ലാം അദ്ദേഹം പൊറുത്തിട്ടുമുണ്ട്.

ഇപ്പോൾ എൻെറപ്രിയമിത്രം, പരമാത്മസ്വരൂപൻ, എല്ലാമെനിക്കുനഷ്ടമായിരിക്കുന്നു. എൻെറ ഹൃദയവും ജീവനുമെല്ലാം!. ദുഷ്ടരും അബലരുമായ കന്നുകാലിപ്പിള്ളേരിൽനിന്നു പോലും എനിക്കു പരാജയം സംഭവിച്ചിരിക്കുന്നു. ഭഗവാൻെറ ഭാര്യമാരെ ആദുഷ്ടരിൽനിന്നും രക്ഷിക്കാനെനിക്കുകഴിഞ്ഞില്ല. അദ്ദേഹമുള്ള പ്പോൾ യാതൊന്നും അസാദ്ധ്യമല്ല. അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ ഒന്നും സാദ്ധ്യവുമല്ലതന്നെ!.

മഹാരാജാവേ, ദ്വാരകയിലെ ബന്ധുമിത്രാദികളെപ്പറ്റി ചോദിച്ചുവല്ലൊ?. ശക്തരായ യാദവരെക്കൊണ്ട് ദുഷ്ടരെ അദ്ദേഹം വകവരുത്തിച്ചു. പിന്നീട് ഉൾപ്പോരുകൊണ്ട് യാദവർതമ്മിൽ കലഹമായി. മുള്ളുകൊണ്ടുമുള്ളെടുക്കുംപോലെ അദ്ദേഹം കൃത്യനിർവ്വഹണം നടത്തി. ആ മുള്ളു പോലും വലിച്ചെറിയുമ്പോലെ യാദവകുലത്തെ ഇല്ലാതെയുമാക്കി. ഇങ്ങിനെ അത്യന്തം അദ്ഭുതപരമാണ് ഭഗവാൻെറ പ്രവൃത്തികൾ. ചിലപ്പോൾ പ്രേമപരിരക്ഷക്കും മറ്റുചിലപ്പോൾ സംഹാരത്തിനും ഭഗവാൻ കൂട്ടുനിൽക്കുന്നതായി തോന്നിപ്പോകുന്നു." അർജുനന് പണ്ടു ഭഗവാനുപദേശിച്ച ഭഗവത്ഗീത ഓർമ്മ വരികയും അദ്ദേഹം ശോകംവിട്ട് സമചിത്തനാവുകയും ചെയ്തു. ഈ വൃത്താന്തമെല്ലാം കേട്ട് കലികാലാരംഭമായി എന്ന ബോധമുണ്ടായ യുധിഷ്ഠിരൻ ചെറുമകനായ പരീക്ഷിത്തിനെ രാജാവായിവാഴിച്ച് ലോകവ്യാപാരമുപേക്ഷിച്ചു. പ്രകൃതിയിലേയ്ക്ക് ഓരോ ഇന്ദ്രിയങ്ങളെയും തിരിച്ചേൽപ്പിക്കുന്ന ലയയോഗശാസ്ത്രപ്രകാരം അദ്ദേഹം പരമാത്മാവിൽ വിലയിച്ചു. ഉത്തരദിക്കിലേക്ക് ബധിരമൂകനെപ്പോലെനടന്ന അദ്ദേഹത്തെ സഹോദരന്മാരും ദ്രൌപദിയും പിന്തുടർന്നു. വിദുരൻ ദ്വാരകക്കടുത്തുവെച്ച് ശരീരമുപേക്ഷിച്ചു. ഭഗവാനിൽതന്നെ മനസ്സുറപ്പിച്ച് ദ്രൌപദിയും പരമപദം പ്രാപിച്ചു.

മുനിവര്യരേ, ഇങ്ങിനെയാണ് പാണ്ഡവർ സ്വർഗ്ഗം പൂകിയത്. ഇത് കേൾക്കുന്നവർക്കുപോലും മോക്ഷ പ്രാപ്തിയുണ്ടാവുന്നതാണ്.

**സത്യം ശൌചം ദയാ ക്ഷാന്തിസ്ത്യാഗസ്സന്തോഷ ആർജവം**
**ശമോ ദമസ്തപസ്സാമ്യം തിതിക്ഷോപരതി: ശ്രുതം (1-16-27)**
**ജ്ഞാനം വിരക്തിരൈശ്വര്യം ശൌര്യം തേജോ ബലം സ്മൃതി:**
**സ്വാതന്ത്ര്യം കൌശലം കാന്തിർധൈര്യം മാർദ്ദവമേവ ച. (1-16-28)**
**പ്രാഗത്ഭ്യം പ്രശ്രയശ്ശീലം സഹ ഓജോ ബലം ഭഗ:**
**ഗാംഭീര്യം സൈ്ഥര്യമാസ്തിക്യം കീർത്തിർമ്മാനോ*f*നഹം കൃതി: (1-16-29)**
**ഏതേചാന്യേ ച ഭഗവന്നിത്യാ യത്ര മഹാഗുണാ:**
**പ്രാർത്ഥ്യാ മഹത്വമിച്ഛദ്ഭിർന്ന വിയന്തി സ്മ കർഹിചിത് (1-16-30)**

സൂതൻ തുടർന്നു:
കാലക്രമത്തിൽ ധർമ്മിഷ്ഠനും ഭക്തനുമായ പരീക്ഷിത്തുരാജാവ് വിവാഹം ചെയ്തു. അദ്ദേഹത്തിനു നാലുപുത്രന്മാരുമുണ്ടായി (ജനമേജയനും മറ്റും). പരീക്ഷിത്തു നടത്തിയ മൂന്ന് അശ്വമേധയാഗങ്ങളിൽ തൃപ്തരായ ദേവകൾ നേരിട്ടുവന്നാണ് അർഘ്യം സ്വീകരിച്ചത്. രാജാവ് കുരുജംഗാളപ്രദേശത്ത് താമസിക്കുന്ന സമയത്താണ് കലികാലത്തിൻെറ തുടക്കമായെന്നും അധാർമ്മികരായ ആൾക്കാർ രാജ്യത്തു പ്രവേശിക്കുന്നുണ്ടെന്നും അറിയാനിടയായത്. ഇതുകേട്ടു ദു:ഖിതനായ രാജാവ് കാര്യങ്ങൾ നേരിട്ടുകണ്ടുമനസ്സിലാക്കാൻ രാജ്യംമുഴുവൻ സഞ്ചരിച്ചു. ഇപ്പോഴും ജനങ്ങൾ ശ്രീകൃഷ്ണമഹിമകളും പാണ്ഡവകഥകളുംപാടി അവരുടെഅപദാനങ്ങൾ വാഴ്ത്തുന്നുവെന്നു മനസ്സിലാക്കിയ രാജാവ് ഏറെ സന്തോഷിച്ചു. താൻ മാതൃഗർഭത്തിലിരിക്കുമ്പോൾ ശ്രീകൃഷ്ണഭഗവാനാൽ എങ്ങിനെയാണ് രക്ഷിക്കപ്പെട്ടതെന്നുകൂടി അവർ രാജാവിനെ ചൊല്ലിക്കേൾപ്പിച്ചു. ഗ്രാമീണർ ഈദൃശകഥകളെ മനോഹരങ്ങളായ നാടൻശീലുകളിലാക്കിയാണവതരിപ്പിച്ചത്. ശ്രീകൃഷ്ണൻേറയും പാണ്ഡവവീരന്മാരുടേയും കഥകൾ നിലനിൽക്കാനായി ഗായകർക്ക് വേണ്ടത്ര സമ്മാനങ്ങളും പ്രശംസകളും നൽകി രാജാവവരെസന്തുഷ്ടരാക്കി.

പിന്നെ രാജാവിന് വല്ലാത്തൊരുദർശനം ലഭിച്ചു. ഒറ്റക്കാലിൽ നിൽക്കുന്നൊരുകാള, കരയുന്നൊരു പശുവിനെ സമാധാനിപ്പിക്കുകയാണ്. ധർമ്മത്തിൻെറ അവതാരമാണ് കാള. പശുവാകട്ടെ ഭൂമിയും. രാജാവ് അത്ഭുതസ്തബ്ധനായിനിൽക്കെ കാള പശുവിനോടു ചോദിച്ചു. "നീ കരയുന്നത് എൻെറ മൂന്ന്കാലുകളും നഷ്ടപ്പെട്ടതുകണ്ടിട്ടാണൊ? അതോ ഭൂമിയിനി താമസിയാതെ അധാർമ്മികരും ദുഷ്ടരുമായ സംസ്കാരഹീനരാൽ ഭരിക്കപ്പെടും എന്നറിഞ്ഞിട്ടോ? അതോ ആത്മീയവിജ്ഞാനം കറപുരണ്ടകൈകളിൽ വീണതറിഞ്ഞിട്ടോ? ബ്രാഹ്മണർ വിജ്ഞാനത്തെ ധനത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി വിൽക്കുന്നതുകണ്ടിട്ടോ?."

ഭൂമി (പശു) പറഞ്ഞു: "ധർമ്മാത്മൻ, അങ്ങേയ്ക്കുത്തരമറിയാം. ശ്രീകൃഷ്ണനുണ്ടായിരുന്നപ്പോൾ അങ്ങേയ്ക്കു നാലുകാലുകളും ഉണ്ടായിരുന്നല്ലോ?. ആ കരുണകൊണ്ട് എൻെറഭാരവും കുറഞ്ഞിരുന്നു. സത്യം, ശുചി, ദയ, ക്ഷാന്തി, ത്യാഗം, തൃപ്തി, ആർജവം, സമ, ദമ, തപസ്സുകൾ, ക്ഷമ, സഹിക്കാനുളള കഴിവ്, ശാന്തി, സമാധാനം, വിജ്ഞാനം, സാക്ഷാത്ക്കാരം, ഇന്ദ്രിയനിയന്ത്രണം, നേതൃത്വം, നിഷ്പ്പക്ഷത, ദൈവീകത്വം, പ്രേമം, സൈ്ഥര്യം, മാന്യത, ശരിയായ നീതി, സ്വാതന്ത്ര്യം, മനസ്സുറപ്പ്, തയ്യാറെടുപ്പ്, ബഹുമാന്യത, സൽപ്പേര്, ഭക്തി, അഹംഭാവമില്ലായ്മ, എന്നുവേണ്ട എല്ലാ മൂല്യങ്ങളും ആ ഭഗവാനുണ്ടല്ലൊ. അതാണ് ഉന്നതവ്യക്തികൾ തേടുന്നതും. ഭഗവാൻ പോയ ശേഷം അങ്ങയുടെ സ്ഥിതിയോർത്ത് ഞാൻ സങ്കടപ്പെടുന്നു. മറ്റുള്ളവരുടേയും സ്ഥിതി ഇതുതന്നെ. ഭഗവാനില്ലാത്ത ഈ ലോകത്ത് ധർമ്മവും ദൈവീകതയും എങ്ങിനെയാണുവാഴുക? ദുഷ്ടജനങ്ങൾ എൻെറഭാരംകൂട്ടുന്ന വെറുംചുമടുകളാണ്. അതിനാലാണുഞാൻ ദു:ഖിക്കുന്നത്."

**യസ്യ രാഷ്ട്രേ പ്രജാസ്സർവാസ്ത്രസ്യന്തേ സാധ്വ്യസാധുഭി:**
**തസ്യ മത്തസ്യ നശ്യന്തി കീർത്തിരായുർഭഗോ ഗതി: (1-17-10)**
**യദധർമ്മകൃത: സ്ഥാനം സൂചകസ്യാപി തദ്ഭവേത് (1-17-22)**
**അഭ്യർത്ഥിതസ്തദാ തസ്മൈ സ്ഥാനാനി കലയേ ദദൌ**
**ദ്യൂതം പാനം സ്ത്രീയ: സൂനാ യത്രാധർമ്മശ്ചതുർവിധ: (1-17-38)**
**പുനശ്ച യാചമാനായാ ജാതരൂപമദാത് പ്രഭു: (1-17-39)**

സൂതൻ തുടർന്നു:
സംസ്കാരരഹിതനും അധാർമ്മികനുമായ ഒരു രാജാവിൻെറ വേഷത്തിൽവന്ന് കാളയെ തല്ലുകയും പശുവിനെ ചവിട്ടുകയും ചെയ്ത ഒരാളെ പരീക്ഷിത്ത് തടവിലാക്കി. പിന്നീടദ്ദേഹം കാളയോടു ചോദിച്ചു. "നീയാരാണ്? ഒറ്റക്കാലിലിങ്ങിനെ ചാടിനടക്കുന്നതെന്തുകൊണ്ട്? നിനക്കെങ്ങിനെയാണു മറ്റുകാലുകൾ നഷ്ടമായത്.? എൻെറരാജ്യത്ത് ഇത്തരമൊരുകാര്യം നടക്കാൻപാടില്ലാത്തതാണ്. ഒരു രാജാവിൻെറ അഭിമാനം, മാന്യത, ആയുസ്സ്, ഭാവിസ്വർഗ്ഗപ്രാപ്തി ഇവയെയെല്ലാം ബാധിക്കാൻ ദുഷ്ടരുടെയീപ്രവൃത്തിമതി. നിൻെറ ഈ സ്ഥിതിക്കു കാരണക്കാരനാരെന്നു പറഞ്ഞുതരൂ. ഞാനവനെ വകവരുത്തുന്നുണ്ട്."

ബുദ്ധിമാനായ കാള മറുപടിപറഞ്ഞു: "നന്ദി മഹാരാജാവേ നന്ദി. സംരക്ഷണം വാഗ്ദാനം ചെയ്തതിൽ നന്ദിയുണ്ട്. പക്ഷെ ഈ ദുരിതത്തിൻെറ കാരണമാരെന്ന് എങ്ങിനെ പറയുവാനാവും? ചിലർ പറയുന്നത് അവനവൻെറ സ്വകർമ്മഫലമാണീജന്മത്തിൽ അനുഭവിക്കുന്നതെന്നാണ്. മറ്റുചിലർ പറയുന്നു പ്രകൃതി നിയമമാണെന്നും വിധിയാണെന്നും. ഇനിയുംചിലർ ഇത് വാക്കിനുംബുദ്ധിക്കും അപ്പുറത്തുള്ള കാരണങ്ങൾകൊണ്ടാണെന്നു പറയുന്നു." കാളയുടെ സംഭാഷണത്തിനിടക്കു കയറി രാജാവ് പറഞ്ഞു. "അല്ലയോ വൃഷഭശ്രേഷ്ഠ: താങ്കൾ ധർമ്മംതന്നെ. ദുഷ്ടതയുടെ കാരണം തേടുന്നതുപോലും ദുഷ്ടതയാണെന്ന് അങ്ങറിയുന്നു. കഴിഞ്ഞയുഗത്തിൽ താങ്കൾക്ക് തപസ്സ്, ശുദ്ധി, ദയ, സത്യം എന്നീ നാലുകാലുകളുണ്ടായിരുന്നല്ലോ. അധാർമ്മികതകൊണ്ട് ആദ്യത്തെ മൂന്നു കാലുകളും പോയി. ഇപ്പോഴിതാ കലിയുഗം അവിടുത്തെ നാലാമത്തെക്കാലിനേയും ഭീഷണിപ്പെടുത്തുന്നു. ശ്രീകൃഷ്ണൻ ഭൂമിവിട്ടുപോയതിൽ പരിതപിക്കുന്ന ഭൂമിദേവിതന്നെയാണ് ആ നിൽക്കുന്നപശു എന്നും ഞാൻ മനസ്സിലാക്കുന്നു."

അധാർമ്മികനായ മനുഷ്യനെ (കലിതന്നെ അയാൾ) നോക്കി പരീക്ഷിത്ത് പറഞ്ഞു. "നിനക്കെൻെറ രാജ്യത്തു സ്ഥാനമില്ല. നിൻെറ സാന്നിദ്ധ്യംകൊണ്ട് ഭൂമിയിൽ അധർമ്മം കൂടിയിരിക്കുന്നു. എങ്കിലും ശ്രീകൃഷ്ണശക്തികൊണ്ട് ഈ രാജ്യത്തിപ്പോഴും ഭക്തിക്കും ധർമ്മത്തിനുമാണു സ്ഥാനം." രാജാവിൻെറ മുൻപിൽ പേടിച്ചുവിറച്ച് കലി യാചിച്ചു. "എനിക്കു താമസിക്കാൻ പറ്റിയസ്ഥലങ്ങൾ ദയവായി പറഞ്ഞുതന്നാലും. പിന്നെ അങ്ങേക്ക് യാതൊരുബുദ്ധിമുട്ടും ഉണ്ടാക്കാതെ ഞാൻ കഴിഞ്ഞുകൊള്ളാം."

കുറച്ചുനേരത്തെ ഗാഢാലോചനക്കുശേഷം പരീക്ഷിത്ത് പറഞ്ഞു. "നീ അധർമ്മത്തിൻേറയും ദുഷ്ടതയുടേയും പര്യായമാണല്ലോ. നിനക്ക് ചൂതുകളിസ്ഥലത്തും മദ്യത്തിലും കാമാർത്തകളായ സ്ത്രീകളിലും അറവുശാലകളിലും സ്വർണ്ണത്തിലും വസിക്കാം. ചതി, ലഹരി, കാമം, ഹിംസ, ശത്രുത എന്നിവയെല്ലാം പ്രകടിപ്പിച്ച് നിനക്കവിടെ ജീവിക്കാം."

മുനിവര്യരേ, സത്യാന്വേഷിയായ ഉപാസകർ മേല്പ്പടി അഞ്ചുകാര്യങ്ങളിൽനിന്നും തീർത്തും വിട്ടുനിൽക്കേണ്ടതാണ്. കാളയുടെ മൂന്നുകാലുകളും വീണ്ടെടുത്തേൽപ്പിച്ച് ഭൂമിദേവിയെ സമാധാനിപ്പിച്ചശേഷം മഹാരാജാവ് രാജധാനിയിലേക്കുതിരിച്ചു.

**നോത്തമശ്ലോകവാർത്താനാം ജൂഷതാം തത് കഥാമൃതം**
**സ്യാത് സംഭ്രമോ*f*ന്തകാലേ*f*പി സ്മരതാം തത്പദാംബുജം (1-18-4)**
**തിരസ്കൃതാ വിപ്രലബ്ധാശ്ശപ്താ: ക്ഷിപ്താ ഹതാ അപി**
**നാസ്യ തത് പ്രതികുർവന്തി തദ്ഭക്താ: പ്രഭവോപി ഹി (1-18-48)**

മുനിമാരേ, പരീക്ഷിത്തുരാജൻ ജനനത്തിനുമുൻപേ ശ്രീകൃഷ്ണഭഗവാനാൽ രക്ഷിക്കപ്പെട്ടവനാണെന്നുപറഞ്ഞല്ലൊ. അധാർമ്മികരേയും കലിയെത്തന്നേയും നിർഭയനായി നേരിട്ട് അദ്ദേഹമവരെ തന്റെ രാജ്യത്തിൽനിന്നുമകറ്റി. മരണം വാതിൽമുട്ടിവിളിക്കുമ്പോഴും രാജാവതിനെ നിർഭയനായിത്തന്നെ നേരിട്ടു. ഭഗവൽപ്പാദാരവിന്ദങ്ങളിൽ ഹൃദയമർപ്പിച്ചവനും ഭഗവൽനാമം ജപിക്കുന്നവനും മരണസമയത്ത് യാതൊരുവിധ കലുഷചിന്തകളും ഉണ്ടാകുന്നില്ല. അവിടുത്തെ തൃപ്പാദം തൊട്ടുശുദ്ധമായ ഗംഗയിലെജലമാണ് ഭൂമിയേയും ദേവകളെത്തന്നെയും പരിശുദ്ധരാക്കുന്നത്. ഐശ്വര്യസമ്പത്തുകളുടെ അധിപയായ ലക്ഷ്മീദേവിയും അവിടുത്തെ പാദരേണുക്കൾക്കായി പ്രാർത്ഥിക്കുന്നു.

ഋഷിമാരേ, ഇനി പരീക്ഷിത്തുരാജാവിന്റെ അന്ത്യകാലത്തെപ്പറ്റിയുള്ള കഥപറയാം. ഒരു ദിവസം രാജാവ് വനത്തിൽ നായാട്ടിനായിപ്പോയി. നല്ല ചൂടുള്ളദിവസം. ദാഹാർത്തനായ രാജാവ് വെള്ളത്തിനുവേണ്ടി മഹാമുനിയായ സമീകന്റെ പർണ്ണശാലയിലേക്കു കയറി. മുനി ധ്യാനത്തിലാണ്. വെള്ളത്തിനുവേണ്ടി ചോദിച്ചിട്ടും മുനി ധ്യാനത്തിൽനിന്നുണർന്നില്ല. രാജാവിന്റെ മനസ്സിലാദ്യമായിട്ടാണ് മഹാത്മാക്കളോട് ദേഷ്യവും വെറുപ്പും തോന്നുന്നത്. വില്ലിന്റെ തുമ്പുകൊണ്ട് അടുത്തു കിടന്നിരുന്ന ഒരു പാമ്പിന്റെശവം തോണ്ടി മുനിയുടെകഴുത്തിൽ മാലപോലെയിട്ടിട്ട് രാജാവ് ചോദിച്ചു. "നിങ്ങൾ ശരിക്കും ധ്യാനത്തിലാണോ അതോ ധാർഷ്ട്യം കൊണ്ട് എന്നെക്കാണാതിരിക്കാൻ ധ്യാനമഭിനയിക്കുകയാണോ.?" മുനിയെന്നിട്ടും കണ്ണുതുറന്നില്ല.

രാജാവ് തിരിച്ചുപോയി. സമീകമുനിയുടെ മകൻ ഈസംഭവം കേട്ടു ക്രുദ്ധനായി. "ഈ ക്ഷത്രിയരാജാക്കന്മാർക്കെത്ര ധിക്കാരമാണ്? മഹാത്മാക്കളേയും ഗുരുക്കളേയും ഇപ്രകാരം അപമാനിക്കുകയോ?. അവരെ നിയന്ത്രിക്കാൻ കൃഷ്ണഭഗവാനില്ലാത്തതുകൊണ്ടാണ് മുനിമാരെ വിനയത്തോടെ പരിരക്ഷിക്കാൻ ചുമതലയുള്ള രാജാക്കന്മാരിങ്ങിനെ പെരുമാറുന്നത്. ഏതായാലും ഇതിനുതക്കശിക്ഷ ഞാൻതന്നെനൽകുന്നതാണ്." എന്നിട്ട് രാജാവിനെ ഇങ്ങിനെ ശപിച്ചു. "ഇന്നേക്കേഴുദിവസത്തിനകം കൊടിയവിഷമുള്ള തക്ഷകസർപ്പത്തിന്റെ ദംശനത്താൽ പരീക്ഷിത്ത് കൊല്ലപ്പെടട്ടെ." പിന്നീട് പർണ്ണശാലയിലെത്തിയ ചെറുപ്പക്കാരന് ആവലാതിയായി. മുനി കണ്ണുതുറന്നപ്പോൾ കാര്യങ്ങൾ മനസ്സിലാക്കി. നടന്നകാര്യങ്ങൾ സമീകനിഷ്ടമായില്ല. "മകനേ, നീ രാജാവിനെതിരെ പാപം ചെയ്തിരിക്കുന്നു. രാജാവ് വിഷ്ണുഭഗവാൻതന്നെയാണ്. അദ്ദേഹത്തിന്റെ ചെറിയൊരുതെറ്റിന് വലിയൊരുശാപമാണ് നീ കൊടുത്തത്. രാജാവുമരിച്ചാൽ കള്ളന്മാരും അധർമ്മികളും പെരുകും. ആത്മീയകാര്യങ്ങൾ നടക്കാതെപോകുകയും രാജ്യം കലാപകലുഷിതമാവുകയും ചെയ്യും. നിന്റെ ശാപം കാരണം ഈ കുഴപ്പങ്ങളെല്ലാം നമ്മെ പിന്തുടരും. മാത്രമല്ല നിന്ദയിലോ ചതിയിലോ പെരുമാറ്റദൂഷ്യത്തിലോ അപമാനത്തിലോ തങ്ങളെ മറ്റാരെങ്കിലും ഉപദ്രവിച്ചാൽപ്പോലും ഭഗവൽഭക്തന്മാർ പ്രതികാരം ചെയ്യുകയില്ല എന്നറിയുക. എന്തുതന്നെ ചെയ്യാൻകഴിവുണ്ടെങ്കിലും. സർവ്വനിയന്താവായഭഗവാൻ നിന്റെ പാപത്തേയും അപക്വതയേയും ക്ഷമിക്കട്ടെ."

**പുനശ്ച ഭൂയാദ് ഭഗവത്യനന്തേ രതി: പ്രസംഗശ്ച തദാശ്രയേഷു:**
**മഹത്സു യാം യാമുപയാമി സൃഷ്ടിം**
**മൈത്ര്യസ്തു സർവ്വത്രനമോ ദ്വിജേഭ്യ: (1-19-16)**
**അത: പൃച്ഛാമി സംസിദ്ധിം യോഗിനാം പരമം ഗുരും**
**പുരുഷസ്യേഹ യത് കാര്യം മ്രിയമാണസ്യ സർവ്വഥാ (1-19-37)**
**യച്ഛ്രോതവ്യമഥോ ജപ്യം യത് കർത്തവ്യം നൃഭി: പ്രഭോ**
**സ്മർത്തവ്യം ഭജനീയം വാ ബ്രൂഹി യദ്വാ വിപര്യയം (1-19-38)**

ദാഹം ശമിച്ചപ്പോൾ രാജാവിന് സംഭവിച്ചതെല്ലാം ഓർമ്മവന്നു. കോപം തണുത്തു. കുറ്റബോധവും പാപബോധവും ഉണ്ടായി. മഹാനായൊരു മുനിയോടുകാണിച്ച അപരാധത്തെപ്പറ്റി അത്യന്തം വ്യസനം തോന്നി. മുനിയെ അപമാനിച്ചതിൻെറ പരിണിതഫലമായി തനിക്ക് വലിയൊരാപത്തുവന്നുചേരുമെന്ന് പരീക്ഷിത്തിനറിയാമായിരുന്നു. താമസിയാതെ മുനികുമാരൻെറ ശാപം രാജാവറിഞ്ഞു. അദ്ദേഹമതു പ്രതീക്ഷിച്ചു തയ്യാറായിരുന്നുതാനും. മറ്റു ദുഷ്കൃത്യങ്ങളിൽനിന്നും തന്നെത്തടയുവാനിതിനുകഴിയുമല്ലോ എന്നോർത്ത് അദ്ദേഹമാശാപത്തെ സ്വാഗതം ചെയ്തു. തന്നിലുള്ള ആസക്തി രാജാവ് തീരെയുപേക്ഷിച്ചു. ഏഴുദിനം മുൻപേ മരണദിവസമറിയാൻ കഴിഞ്ഞതിലും രാജാവ് സന്തുഷ്ടനായി.

പുത്രനായ ജനമേജയനെ രാജ്യഭാരമേൽപ്പിച്ച് മരണംവരെ നിരാഹാരവൃതം അനുഷ്ഠിക്കാനായി രാജാവ് ഗംഗാതീരത്തുവന്നു. അദ്ദേഹമവിടെവന്നതു കണ്ട് ചുറ്റുപാടുനിന്നും മുനിമാരും ദിവ്യൻമാരും എത്തിച്ചേർന്നു. എല്ലാവരേയും സ്വാഗതംചെയ്ത് തൻെറ തീരുമാനത്തെപ്പറ്റി രാജാവവരെ അറിയിച്ചു. അവരുടെ അനുഗ്രഹം തേടിക്കൊണ്ട് രാജാവ് പറഞ്ഞു. "എന്നെപ്പോലെ പാപിയായ രാജാവിന് ആ മുനികുമാരൻെറശാപം ഒരനുഗ്രഹംതന്നെയാണ്. അല്ലയോ ദിവ്യസുകൃതികളേ, ഞാൻ പ്രാർത്ഥിക്കുന്നതിത്രമാത്രം. ഓരോ ജന്മമെടുക്കുമ്പോഴും എനിക്ക് പരമാത്വായ ശ്രീകൃഷ്ണനിൽ ദൃഢഭക്തിയുണ്ടാവണം. അവിടുത്തെ ഭക്തന്മാരായ സദ്പുരുഷന്മാരുമായുള്ള സഹവാസവുമുണ്ടാവണം. എല്ലാവരുമായി സൗഹൃദമുണ്ടാകാനും ഞാൻ പ്രാർത്ഥിക്കുന്നു." മുനിമാർ രാജാവിൻെറ തീരുമാനത്തെ അനുകൂലിച്ചു. അവസാനകാലത്ത് അദ്ദേഹത്തിൻെറകൂടെക്കഴിയാനും അവർ തീരുമാനിച്ചു.

അപ്പോൾ ശുകമുനി അവിടെ വന്നെത്തി. പതിനാറുവയസ്സായ ബാലനെപ്പോലെ തോന്നിച്ച അദ്ദേഹം പൂർണ്ണനഗ്നനായിരുന്നു. ആകർഷകമായ സുദൃഢഗാത്രം. എല്ലാറ്റിലും പരിപൂർണ്ണതയുള്ള ആകാരം. ദേഹത്തിൽ കുലത്തിനേയൊ ഗാത്രത്തിനേയൊ തിരിച്ചറിയാൻ അടയാളങ്ങളൊന്നുമില്ലായിരുന്നു. (അദ്ദേഹമതിനെല്ലാം അതീതനാണല്ലൊ). പുറമേയൊരു ഭ്രാന്തൻെറ ഭാവമുണ്ടെങ്കിലും മുനിമാർ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി.

ശുകമുനിയെ വന്ദിച്ചുസ്വീകരിച്ച് രാജാവ് അനുഗ്രഹീതനും സന്തുഷ്ടനും ആയി വർത്തിച്ചു. "ആ ശ്രീകൃഷ്ണ ഭഗവാനെന്നിൽ തീർച്ചയായും സന്തുഷ്ടനാണ്. അതാണല്ലോ മരണം കാത്തുകിടക്കുന്ന എനിക്ക് അവിടുത്തെപ്പോലുള്ള ദിവ്യപുരുഷരെക്കാണാൻ അവസരം ലഭിച്ചത്. താങ്കളുടെ സാന്നിദ്ധ്യം കൊണ്ടുതന്നെ ഞങ്ങളുടെ പാപങ്ങൾ ഇല്ലാതാവുന്നു. ഭഗവാനേ, മരണമടുത്തിരിക്കുന്ന ഒരുവൻ എന്തൊക്കെയാണ് ചെയ്യേണ്ടത്? മറ്റുള്ളവർ പൊതുവേ ജീവിതത്തിൽ എന്തൊക്കെയാണ് പാലിക്കേണ്ടത്? എന്താണു കേൾക്കേണ്ടത്? പാടേണ്ടത്? ചെയ്യേണ്ടത്? ഓർക്കേണ്ടത്? എന്തൊക്കെയാണ് ഉപേക്ഷിക്കേണ്ടതും ആശ്രയിക്കേണ്ടതുമെന്നെല്ലാം ദയവായി പറഞ്ഞു തന്നാലും."

2-ാം സ്കന്ദം ആരംഭം

**ഏതാവാൻ സാംഖ്യയോഗാഭ്യാം സ്വധർമ്മപരിനിഷ്ഠയാ**
**ജന്മലാഭ: പര: പുംസാമന്തേ നാരായണസ്മൃതി: (2-1-6)**
**സ സർവ്വധീവൃത്ത്യനുഭൂതസർവ ആത്മാ യഥാ സ്വപ്നജനേക്ഷിതൈക:**
**തം സത്യമാനന്ദനിധിം ഭജേത നാന്യത്ര സജ്ജേദ്യത ആത്മപാത: (2-1-39)**

ശുകമുനി പറഞ്ഞു:
രാജൻ, ഉന്നതമായൊരുചോദ്യം തന്നെയത്. മനുഷ്യൻ സാധാരണയായി നശ്വരമായ വസ്തുവകകളിൽ ആസക്തനാണ്. അതേ വസ്തുക്കളെ 'ഞാൻ' എന്നുകരുതി കൂടുതൽ സുഖം നൽകുന്ന വസ്തുക്കളെ മാത്രമറിഞ്ഞ് അവൻ ജീവിക്കുന്നു. മനുഷ്യജന്മത്തിൻെറ ലക്ഷ്യംതന്നെ മരണസമയത്ത് പരമപുരുഷനായ ശ്രീകൃഷ്ണനെ (നാരായണനെ) ഓർക്കാൻ കഴിയുക എന്നതാണ്. ആയത് ധാർമ്മീകജീവിതത്തിലൂടെയോ യോഗമാർഗ്ഗങ്ങളിലൂടെയോ നേടാവുന്നതാണ്. രാജർഷിയായ ഖട്വാംഗൻ കേവലമൊരുമണിക്കൂർമാത്രമേ മരണത്തിനുമുൻപ് സമയമുള്ളൂ എന്നറിഞ്ഞ് സർവ്വതും ത്യജിച്ച് സ്വയം ഭഗവാനിൽവിലീനനായി. സ്വന്തം മോക്ഷപ്രാപ്തിക്കുവേണ്ടി ശ്രമിച്ചില്ലെങ്കിൽ നീണ്ടൊരു ജീവിതംകൊണ്ടെന്താണു പ്രയോജനം? മരണമടുക്കുമ്പോഴേയ്ക്കും മനുഷ്യൻ അവൻെറ എല്ലാ കെട്ടുപാടുകളിൽനിന്നും, സ്വന്തം ശരീരത്തോടു പോലുമുള്ള ആസക്തിയിൽനിന്നും മുക്തനാവണം. ശാന്തവുംശുദ്ധവുമായ ഒരിടത്തുപോയി 'ഓം' എന്ന ദിവ്യമന്ത്രം ധ്യാനിച്ചുകഴിയണം. പരമപുരുഷൻെറ ഏതെങ്കിലുമൊരവയവത്തെ ധ്യാനത്തിൽ ദർശിച്ച് അവിടുത്തോടുള്ള ഭക്തിയുംപ്രേമവും വർദ്ധിപ്പിച്ച് മറ്റൊന്നിലും താത്പര്യമില്ലാത്ത അവസ്ഥയിലെത്തണം. ഈ ധ്യാനം മനോമാലിന്യങ്ങളെ അകറ്റി മനസ്സിൽ ദിവ്യഭക്തിയും പ്രേമവും നിറയ്ക്കുന്നു. താമസംവിനാ അവൻ പരമപദം പ്രാപിക്കയും ചെയ്യും.

ഇനി ഭഗവാൻെറപരമദിവ്യരൂപം നിങ്ങളുടെ ധ്യാനത്തിനുവേണ്ടി വിവരിച്ചുതരാം. അത് വിശ്വത്തിൻെറ പ്രതിഭാസരൂപങ്ങളായ പഞ്ചഭൂതങ്ങളും (ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം) അഹങ്കാരവും ബുദ്ധിയും എല്ലാത്തിൻേറയും സത്തടങ്ങിയതുമത്രെ. ചുരുക്കത്തിൽ നാം കാണുന്ന ഈ വിശ്വമത്രയും ഭഗവൽശരീരമാകുന്നു. ഭൂമിക്കുതാഴെയുള്ളയിടങ്ങൾ (പാതാളം, സതാതളം, മഹാതളം, തലാതളം, വിതളം, സുതലം, അതലം), ഭഗവൽപ്പാദങ്ങൾ, പാദപ്രതലം, ഞെരിയാണികൾ, കാൽവണ്ണകൾ, കാൽമുട്ടുകൾ, തുടകൾ, എന്നിവയത്രെ. ഭൂമി അവിടുത്തെ അരക്കെട്ടാണ്. ഭൂമിക്കുമുകളിലുള്ളയിടങ്ങൾ (ഭൂവർലോകം, സ്വർലോകം, മഹർലോകം, ജനലോകം, തപോലോകം, സത്യലോകം) ഭഗവൽനാഭി, നെഞ്ച്, കഴുത്ത്, മുഖം, പുരികങ്ങൾ, തല എന്നിവയാണ്. മായ അവിടുത്തെ പുഞ്ചിരിയത്രെ. ദൈവീകത അവിടുത്തെ ഇന്ദ്രിയങ്ങളും ആകാശം കണ്ണുകളും, സൂര്യൻ കാഴ്ചയും, രാത്രിപകലുകൾ കൺപോളകളുമാകുന്നു. രാജാവേ, സമുദ്രമവിടുത്തെ ആമാശയവും പർവ്വതങ്ങൾ എല്ലുകളും നദികൾ രക്തധമനികളുമത്രെ. മരങ്ങൾരോമങ്ങളും മൃഗങ്ങളും മനുഷ്യരും ദേവന്മാരും അവിടുത്തെ ശരീരഭാഗങ്ങളുമത്രെ. അവിടുന്നല്ലാതെ മറ്റൊന്നുംതന്നെയില്ല. ഈ വിശ്വംമുഴുവൻ ആ ദിവ്യമഹിമകൊണ്ടു നിറഞ്ഞിരിക്കുന്നു. അതേശ്രീകൃഷ്ണനിൽത്തന്നെ താങ്കളും ഉൾക്കൊള്ളുന്നു.

സ്വപ്നം കാണുന്നയാൾ തൻെറ സ്വപ്നത്തിൽ പലേ രൂപങ്ങളുണ്ടാക്കി അവനവനെത്തന്നെ കാണുന്നപോലെ പരമാത്മാവായ ശ്രീകൃഷ്ണൻതന്നെയാണ് എല്ലാവരുടേയും ബുദ്ധിവ്യാപാരങ്ങളിലൂടെ എല്ലാം അനുഭവിക്കുന്നത്. അദ്ദേഹം എല്ലാവിധ നിലനിൽപ്പിൻേറയും ആനന്ദത്തിൻേറയും ഇരിപ്പിടമാണ്. ഒരുവൻ മറ്റൊന്നിനേയും ആശ്രയിക്കാതെ അവിടുത്തെ പൂജിച്ച് കഴിയുന്നില്ലെങ്കിൽ സ്വന്തം പതനത്തിലേക്കുള്ള വഴി തെളിയിക്കുകയത്രേ ചെയ്യുന്നത്.

**ഇത്ഥം മുനിസ്തൂപരമേദ്വ്യവസ്ഥിതോ**
**വിജ്ഞാനദൃഗ്വീര്യസുരന്ധിതാശയ:**
**സ്വപാർഷ്ണിനാ*ff*പീഡ്യ ഗുദം തതോ*f*നിലം**
**സ്ഥാനേഷു ഷട്സൂന്നമയേജ്ജിതക്ലമ: (2-2-19)**

ശുകൻ തുടർന്നു.
ഏതൊരു ധ്യാനമാർഗ്ഗമാണോ ബ്രഹ്മാവ് സൃഷ്ടിക്കുവേണ്ടശക്തി കിട്ടുന്നതിനായി അവലംബി ക്കുന്നത്, ആ ധ്യാനത്തെപ്പറ്റി ഞാൻ പറഞ്ഞുതന്നുകഴിഞ്ഞു. പക്ഷെ ധ്യാനത്തിനു തടസ്സം നിൽക്കുന്നത് സുഖാസക്തിയും ഇന്ദ്രിയങ്ങളിലുള്ള ആകർഷണവുമാണ്. എങ്കിലും ബുദ്ധിയുള്ള മനുഷ്യൻ ഇന്ദ്രിയങ്ങളെ ജീവിക്കാൻ അത്യാവശ്യമായ ഉപകരണങ്ങളായി മാത്രം കാണുന്നു. വാസ്തവത്തിൽ മനുഷ്യന്റെ ആവശ്യങ്ങൾ വളരെ ചെറുതാണല്ലൊ. കിടന്നുറങ്ങാൻ ഭൂമിയുണ്ട്. അകത്ത് വായു, തലവയ്ക്കാൻ കൈകൾ, ആഹാര നീഹാരത്തിനായി കൈപ്പത്തികൾ, വഴിയരികിലെ കീറത്തുണി നാണം മറയ്ക്കുവാൻ, നിസ്വാർത്ഥമായി ഫലംതരുന്ന വൃക്ഷങ്ങൾ, ദാഹമകറ്റാൻ നദികൾ, ഗുഹകളുടെ സുരക്ഷിതത്വം, എല്ലാറ്റിനുമുപരി രക്ഷിക്കാനും പരമലക്ഷ്യ പ്രാപ്തിക്കുമായി ഭഗവാൻ. പിന്നെ ധനവാന്റെപക്കൽ കൈനീട്ടേണ്ടതായുണ്ടോ?

മറ്റൊരുധ്യാനമാർഗ്ഗം ഞാൻ പറഞ്ഞുതരാം. ഹൃദയകമലത്തിൽ, നാലുകൈകളിലും ശംഖ്, ചക്രം, ഗദ, പങ്കജം ഇവയോടുകൂടിയ തള്ളവിരൽവലുപ്പത്തിലുള്ള കൃഷ്ണഭഗവാന്റെരൂപം ധ്യാനിക്കുക. അതിസുന്ദരങ്ങളായ വലിയകണ്ണുകളോടെ മനോഹരമായ പുഞ്ചിരിയുംതൂകി മഞ്ഞപ്പട്ടുടുത്ത് ആടയാഭരണങ്ങളണിഞ്ഞ് ആ ദിവ്യരൂപം കാണപ്പെടുന്നു. മനസ്സുശാന്തമാവുംവരെ ഉള്ളിലീരൂപം വീണ്ടുംവീണ്ടും ദൃശ്യവൽക്കരിക്കുക. ഭഗവാന്റെ ഒരവയവത്തിൽ അതു പരിപൂർണ്ണമായി മനസ്സിൽ പതിയുംവരെ ശ്രദ്ധകേന്ദ്രീകരിക്കുക. പിന്നീട് മറ്റൊരവയവത്തിലേക്ക് ശ്രദ്ധമാറ്റി ധ്യാനിക്കുക. അങ്ങിനെ ആ ദിവ്യരൂപത്തിലെ ഓരോഅംശവും മനസ്സിൽ നിറച്ച് അതിനെ ശുദ്ധീകരിച്ച് നിർഗ്ഗുണ നിരാകാരമായ ആ തേജസ്സ്, സർവ്വസാക്ഷിയായ ആ ബോധസ്വരൂപം സാക്ഷാത്കരിക്കാനുള്ള തയ്യാറെടുപ്പു പൂർത്തിയാക്കുക. പരീക്ഷിത്ത്രാജൻ, ഇനി ശരീരമുപേക്ഷിക്കേണ്ട രീതികളെപ്പറ്റി പറഞ്ഞുതരാം. ധ്യാനാസനത്തിലിരുന്ന് പ്രാണായാമം പരിശീലിക്കുകയും ഇന്ദ്രിയങ്ങളെ ഓരോന്നായി അതിന്റെ സംഗവസ്തുക്കളിൽനിന്നും പിൻവലിക്കാൻ കഴിയുകയും വേണം. പിന്നെ മനോനിയന്ത്രണം വരുത്തണം. ആത്മാനാത്മവിവേകത്തിൽക്കൂടി ധ്യാനത്തിൽമുഴുകണം. അവസാനമായി ഇനിപ്പറയുന്ന രീതിയിൽ ശരീരമുപേക്ഷിക്കാം.

ഗുദദ്വാരം കാലുകൊണ്ടമർത്തിപ്പിടിച്ച് ആന്തരവായുക്കളെ ആറുബോധചക്രങ്ങളിലൂടെ മുകളിലേക്കുയർത്തണം. മണിപൂരകത്തിൽനിന്ന് അനാഹതചക്രത്തിലേക്ക്, പിന്നെ കാരണത്തോടുകൂടി കണ്ഠനാളത്തിലേക്കും. ഏഴുദ്വാരങ്ങളുമടച്ച് (കണ്ണുകൾ, മൂക്ക്, ചെവി, വായ) ആന്തരവായുവിനെ പുരിക മദ്ധ്യത്തിലേക്കുയർത്തണം. സ്വർഗ്ഗസന്ദർശനവും സുഖവുമാസ്വദിക്കാൻ താത്പ്പര്യമില്ലാത്തവനെങ്കിൽ സ്വയം സഹസ്രാരധാരയിലൂടെ (ആയിരം ഇതളുകളുള്ള താമര) ഭഗവാനിൽ സമർപ്പിക്കണം. ശിരസ്സിന്റെ മുകളിലുള്ള ബ്രഹ്മരന്ധ്രത്തിലൂടെ ശരീരമുപേക്ഷിച്ച് പുറത്തുകടക്കണം. മുക്തി ഇപ്പോൾ ഇവിടെവെച്ചാണ്. സ്വർഗ്ഗവാസം കാംക്ഷിക്കുന്നവനെങ്കിൽ മനസ്സുകൊണ്ട് ഉപരിലോകങ്ങളിൽനിന്ന് ഉന്നതങ്ങളിലേക്കു കയറി ലോകചക്രങ്ങൾ തീരുന്നതുവരെ ചുറ്റിക്കറങ്ങി അവസാനം സാക്ഷാത്കാരത്തേയും മുക്തിയേയും പ്രാപിക്കുന്നു. ഇതാണ് മുക്തിക്കുള്ള രണ്ടുമാർഗ്ഗങ്ങൾ. ഈ ലക്ഷ്യപ്രാപ്തി നേടിയവന് തിരികെ ഭൂമിയിൽ മടങ്ങി വരേണ്ടതില്ല.

ഇതുമാത്രമാണ് പരീക്ഷിത്തേ, മനുഷ്യനുചെയ്യാവുന്ന ഏറ്റവുംവലിയ സാധന. അതു ശ്രീകൃഷ്ണ ഭഗവാനിൽ ഏകോന്മുഖമായഭക്തി വളർത്തുന്നു.

**അകാമസ്സർവ്വകാമോ വാ മോക്ഷകാമ ഉദാരധീ:**
**തീവ്രേണ ഭക്തിയോഗേന യജേത പുരുഷം പരം (2-3-10)**
**ജീവഞ്ചരവോ ഭഗവതാംഘ്രിരേണും**
**ന ജാതു മർത്യോƒഭിലഭേത യസ്തു**
**ശ്രീവിഷ്ണുപദ്യാ മനുജസ്തുളസ്യാ**
**ശ്ശ്വസഞ്ചരവോ യസ്തു ന വേദ ഗന്ധം (2-3-23)**

ശുകമുനി തുടർന്നു:
രാജൻ, മനുഷ്യൻ തൻെറ അന്ത്യകാലമടുക്കുമ്പോൾ ചെയ്യേണ്ടതെന്താണെന്നു പറഞ്ഞുതന്നുവല്ലോ. പക്ഷെ പരമമോക്ഷമല്ലാതെ മറ്റാഗ്രഹങ്ങൾ സാധിക്കുന്നതിനായും ആളുകൾ ഭഗവാൻെറ പ്രഭാവങ്ങളെ പൂജിക്കാറുണ്ട്. ഉദാഹരണത്തിന് ജ്ഞാനസമ്പാദനത്തിനായി ബൃഹസ്പതിയെ. സമ്പത്തിനായി വസുവിനെ. ഭക്ഷണത്തിനായി അദിതിയെ. സ്വർഗ്ഗത്തിനായി ആദിത്യനെ. ആയുസ്സിനായി അശ്വിനീ ദേവകളെ. വ്യക്തിപരമായ ഐശ്വര്യത്തിനായി ഗന്ധർവ്വനെ. സൽഭാര്യയെക്കിട്ടാൻ ഉർവ്വശിയെ. സൽജീവിതത്തിനും പ്രശസ്തിക്കും വേണ്ടി വിഷ്ണുവിനെ. ശരീരശക്തിക്കായി ഹനുമാനെ. എല്ലാ ആഗ്രഹങ്ങളും അവസാനിപ്പിക്കാനായി ശ്രീകൃഷ്ണനെ. ചിലർ ഇന്ദ്രിയങ്ങളെ ഊർജ്ജസ്വലമാക്കാൻ ഇന്ദ്രനെ പൂജിക്കുന്നു. ഐശ്വര്യത്തിന് മായയെ പൂജിക്കുന്നു. അവസാനിക്കാത്ത ഊർജ്ജത്തിനുവേണ്ടി അഗ്നിദേവനേയും ശക്തിക്കായി രുദ്രനേയും സ്ഥാനമാനലബ്ധിക്കായി രണ്ടു വിശ്വമാതാക്കളേയും നേതൃത്വലബ്ധിക്കായി ബ്രഹ്മാവിനേയും ആപത്തിൽ നിന്നുള്ള സംരക്ഷണത്തിനായി യക്ഷനേയും സന്താനസൌഭാഗ്യത്തിനായി പ്രജാപതിയേയും ആളുകൾ പൂജിക്കുന്നു. പക്ഷെ ഒരു സൽപുരുഷൻ ഏതെങ്കിലും ആഗ്രഹപൂരണത്തിനായാലും അല്ലെങ്കിലും, മോക്ഷത്തിനാണെങ്കിലും അല്ലെങ്കിലും, ആ പരമപുരുഷനായഭഗവാനിൽ അത്യധികം ഭക്തിയുള്ളവനായിരിക്കും. ഭഗവാൻെറ സൽക്കഥകൾ കേട്ടുംപറഞ്ഞും ഇങ്ങിനെ ഭക്തിയുണർന്ന മനസ്സിൽനിന്ന് ഇന്ദ്രിയസുഖങ്ങളോടുള്ള ആസക്തി കുറഞ്ഞുവരുന്നു. ഭഗവൽകഥകളിൽ രസമറിഞ്ഞ ഒരുവനിൽ മറ്റൊന്നിലും താല്പര്യം തന്നെയില്ലാതാവുന്നു.

ശൗനകൻ സൂതനോട് പറഞ്ഞു:
ഇങ്ങിനെ മനസ്സുണർത്തുന്ന കാര്യങ്ങൾ കേട്ടിട്ട് പരീക്ഷിത്തെന്തു ചെയ്തു?. പരീക്ഷിത്ത് ഭഗവൽഭക്തനും പ്രേമിയുമാണ്. ശുകനാകട്ടെ പരമപദംസാക്ഷാത്കരിച്ച മുനിവര്യനും. അദ്ദേഹം ഭഗവാൻ കൃഷ്ണനിൽ അത്യന്തം ഭക്തിയുള്ളയാളാണ്. അവരുടെ സംഭാഷണം സ്വാഭാവികമായും ഭക്തിസാന്ദ്രമായിരുന്നു എന്നു പറയേണ്ടതില്ല. ഏതൊരുജീവിതമാണ് ഭഗവാനിൽ സ്വയം അർപ്പിക്കാതെ ധന്യമാവുന്നത്? മരങ്ങൾ ജീവിക്കുന്നു. കൊല്ലൻെറ ആലയിലെ ഉല ശ്വസിക്കുന്നു. മൃഗങ്ങൾ സന്താനോൽപാദനം നടത്തുന്നു. ഭഗവാൻ കൃഷ്ണൻെറ അവതാരകഥകൾ കേൾക്കാത്ത മനുഷ്യൻ ഒരു നായയേക്കാൾ ഭേദപ്പെട്ടവനല്ല. അവൻെറചെവികൾ വെറുംതുളകൾ മാത്രം. ഭഗവൽനാമമുരുവിടാത്തവൻെറ നാവ് തവളയുടെ നാവുപോലെയത്രെ. ഭഗവത്സമരണയിൽ കുനിക്കാത്തതല ഒരു ഭാരംതന്നെയാണ്. ഭഗവാനെത്തൊഴാത്ത കൈകൾ മരിച്ചവൻെറ കൈകൾക്ക് സമം. ഭഗവാൻ വിഷ്ണുവിൻെറരൂപം ദർശിക്കാത്ത കണ്ണുകൾ മയിൽപ്പീലിക്കണ്ണുകൾ പോലെ നിർജ്ജീവം. പുണ്യസ്ഥലങ്ങൾ സന്ദർശിക്കാത്ത കാലുകൾ മരങ്ങളുടെ വേരുകൾപോലെയാണ്. ഭക്തജനങ്ങളുടെ പാദരേണുക്കളിൽ മുങ്ങാത്ത മനുഷ്യൻ ജീവച്ഛവമാണ്. ഭഗവൽപ്പാദത്തിലർച്ചനചെയ്ത തുളസീദളങ്ങൾഭക്തിയോടെ ചുണ്ടിൽത്തൊട്ടു സ്വീകരിക്കാത്തവനും അങ്ങിനെയത്രെ.

ഭഗവൽനാമസ്മരണയിലലിയാത്ത ഹൃദയം കല്ലുപോലെകഠിനമാണ്. ഹൃദയം ഭഗവൽനാമസ്മരണ യിലലിയുമ്പോൾ കണ്ണുകൾ ആനന്ദബാഷ്പം പൊഴിക്കുന്നു. രോമാഞ്ചവും ദിവ്യപ്രേമവും ഉണർന്നു വരുന്നു. ഭഗവൽപ്രേമരഹിതമായ ജീവിതംതന്നെ തിന്മയത്രെ.

**യത്കീർത്തനം യത്സ്മരണം യദീക്ഷണം**
**യദ്വന്ദനം യച്ഛ്രവണം യദർഹണം**
**ലോകസ്യ സദ്യോ വിധുനോതി കൽമഷം**
**തസ്മൈ സുഭദ്രശ്രവസേ നമോ നമ: (2-4-15)**
**ശ്രീയ: പതിർയജ്ഞപതി: പ്രജാപതിർ**
**ധിയാം പതിർല്ലോകപതിർദ്ധരാപതി:**
**പതിർഗ്ഗതിശ്ചാന്ധകവൃഷ്ണിസാത്വതാം**
**പ്രസീദതാം മേ ഭഗവാൻ സതാം പതി: (2-4-20)**

സൂതൻ പറഞ്ഞു:
ആത്മീയവിജ്ഞാനം തുളുമ്പുന്ന ശുകമുനിയുടെ വാക്കുകൾ കേട്ട് പരീക്ഷിത്തിൻെറ അജ്ഞത നീങ്ങിത്തുടങ്ങി. കൂടുതൽ ഭഗവൽകഥകൾക്കായി അദ്ദേഹം മുനിയോടഭ്യർത്ഥിച്ചു.

പരീക്ഷിത്ത് ശുകമുനിയോടു ചോദിച്ചു.
"അങ്ങയുടെ ഈ ചുരുങ്ങിയവാക്കുകൾകൊണ്ടുതന്നെ എന്നിലെ അജ്ഞതയുടെ മറ നീങ്ങിത്തുടങ്ങിയിരിക്കുന്നു. ഭഗവൽക്കഥകളും മഹാലീലകളും ഇനിയും പറഞ്ഞുതരുവാൻ ഞാൻ അങ്ങയോടപേക്ഷിക്കുന്നു. ആ നിന്തിരുവടി എങ്ങിനെയാണ് സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നതെന്ന് പറഞ്ഞു തന്നാലും."

രാജാവിൻെറ അപേക്ഷ കേട്ടിട്ട് ഭഗവാനെ സ്മരിച്ചു നമസ്കരിച്ച് കഥാകഥനത്തിനുവേണ്ട അനുഗ്രഹാശിസ്സുകൾക്കായി ശുകമുനി ഇപ്രകാരം പ്രാർത്ഥിച്ചു: പൂർണ്ണമായ ഉദ്ദ്യേശ്യലക്ഷ്യങ്ങളോടെ യാണെങ്കിലും യാതൊരുവിധ ആവശ്യങ്ങളും ആയാസവും ഇല്ലാതെ ലീലാവിലാസങ്ങളായി ഈ ജഗത്തിനെ സൃഷ്ടിച്ചു കാത്തു രക്ഷിച്ചു സംഹരിച്ച് വിലസുന്ന ആ പരമാത്മസ്വരൂപനെ ഞാൻ നമസ്കരിക്കുന്നു. കാരണത്തിനും യുക്തിക്കുമതീതനും എല്ലാജീവികളുടേയും മനോനിയന്താവുമായ അവിടേയ്ക്കു നമസ്കാരം. ധാർമ്മിക ജീവിതം നയിക്കുന്നവരുടെ ദു:ഖം നശിപ്പിക്കുന്നവനും അധർമ്മതിന്മകളുടെ ഹന്താവും നിഷ്പക്ഷമതിയും മോക്ഷകാംക്ഷികൾക്ക് സാക്ഷാത്ക്കാരം കൊടുക്കുന്നവനുമായ നിന്തിരുവടിക്കു നമസ്കാരം. ഭക്തരുടെ ഉറ്റബന്ധുവും ഹൃദയത്തിൽ പ്രേമമില്ലാത്തവരിൽ നിന്നുമേറെ അകലത്തിലുളളവനുമായ അങ്ങേക്കു നമസ്കാരം. ആരുടെ അപദാനങ്ങൾ കേട്ടിട്ടാണോ, ആരേക്കുറിച്ച് ചിന്തിക്കുമ്പോഴാണോ, ആരെ ദർശിക്കുമ്പോഴാണോ, ആരെ വന്ദിക്കുമ്പോഴാണോ, മനുഷ്യർക്കവരുടെ പാപങ്ങളിൽനിന്നു മോചനം ലഭിക്കുന്നത്, ആ നിന്തുരുവടിയെ ഞാൻ നമിക്കുന്നു. ആയാസരഹിതമായി, വിജ്ഞാനസമ്പന്നനു മോക്ഷപ്രാപ്തിയേകുന്ന ആ ഭഗവാനെ ഞാൻ നമസ്കരിക്കുന്നു. സർവ്വൈശ്വര്യങ്ങളുടേയും നിറകുടവും ബുദ്ധിശക്തികളുടെ ഇരിപ്പിടവും സർവ്വപ്രാണികളുടേയും സ്വാമിയും വിശ്വത്തിൻെറ നാഥനും ഭൂമിയുടെ നിയന്താവുമായ അങ്ങെന്നിൽ അനുഗ്രഹം ചൊരിയട്ടെ. സർവ്വമാനവികതക്കും അന്ധനും അജ്ഞാനിക്കും കോപിഷ്ഠനും വിഷയാസക്തനും മാമുനിമാർക്കും കൃഷ്ണഭക്തൻമാർക്കും ദിവ്യന്മാർക്കുപ്രത്യേകിച്ചും അഭയം നൽകുന്നവന് എൻെറ നമോവാകം. അവിടുത്തെ പാദാരവിന്ദങ്ങളെ ധ്യാനിക്കുന്നവർക്ക് മോക്ഷം സാദ്ധ്യമത്രെ. അവരുടെ ഹൃദയം നിർമ്മലമാവുകയും സാക്ഷാത്ക്കാരമുണ്ടാവുകയും ചെയ്യും. ആ നിന്തുരുവടിതന്നെയാണ് എല്ലാ ജീവജാലങ്ങളിലും, സൃഷ്ടിക്കപ്പെട്ട എല്ലാറ്റിലും പഞ്ചഭൂതാംശങ്ങളായി പ്രവേശിച്ച് തൻെറ സാന്നിദ്ധ്യംകൊണ്ട് ജീവനേകുന്നത്. ആ പരമപുരുഷൻ എൻെറ കഥാകഥനത്തെ ജീവസ്സുറ്റതാക്കട്ടെ. എൻെറപിതാമഹനും ഗുരുവുമായ ശ്രീവ്യാസഭഗവാനെ ഞാൻ നമസ്കരിക്കുന്നു. "പരീക്ഷിത്തേ, ഈ കഥകൾ ആദ്യമായി ബ്രഹ്മാവ് നാരദമുനിയോടാണു പറഞ്ഞത്. ശ്രദ്ധയോടെ കേട്ടാലും."

**ദ്രവ്യം കർമ്മ ച കാലശ്ച സ്വഭാവോ ജീവ ഏവ ച**
**വാസുദേവാത് പരോ ബ്രഹ്മന്നചാന്യോfർത്ഥോfസ്തിതത്ത്വത: (2-5-14)**
**നാരായണോപരോ യോഗോ നാരായണപരം തപ:**
**നാരായണപരം ജ്ഞാനം നാരായണപരാ ഗതി: (2-5-16)**
**കാര്യകാരണകർത്തൃത്വേ ദ്രവ്യജ്ഞാനക്രിയാശ്രയാ:**
**ബധ്നന്തി നിത്യദാ മുക്തം മായിനം പുരുഷം ഗുണാ: (2-5-19)**

ശുകമുനി പറഞ്ഞു.
നാരദൻ ഇതേ ചോദ്യം ബ്രഹ്മാവിനോടു ചോദിക്കുകയുണ്ടായി. ഉത്തരമായി സൃഷ്ടികർത്താവ് വെളിപ്പെടുത്തിയ സത്യത്തെ ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം.

നാരദൻ ചോദിച്ചു: "പ്രഭോ, അങ്ങ് തപസ്സും ധ്യാനവും ചെയ്തു എന്നതിൽനിന്നും അങ്ങേക്കുപരിയായി ആരോ ഉണ്ടെന്ന നിഗമനത്തിലാണ് ഞാൻ എത്തിച്ചേർന്നിരിക്കുന്നത്. ആരാണവിടുത്തെ നിലനിർത്തി ഈ സൃഷ്ടികൾക്കുവേണ്ട ഊർജ്ജവും ദ്രവ്യവും പ്രദാനം ചെയ്യുന്നത്?"

ബ്രഹ്മാവു പറഞ്ഞു: മകനേ, നിന്റെ ചോദ്യത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. കാരണം, പരമാത്മാവിനെപ്പറ്റിയോർക്കാനും പറയാനും ദിവ്യമഹിമകൾ വാഴ്ത്താനുമുള്ള അവസരമാണല്ലോ എനിക്കു ലഭിക്കുന്നത്. എല്ലാറ്റിനുമുപരിയായുള്ള ആ നാഥനാണ് ശരിയായ സൃഷ്ടികർത്താവ്. ഞാനല്ലതന്നെ. വിഡ്ഢികളാണ് എന്നെ സൃഷ്ടാവെന്നു കരുതുന്നത്. അവരാണ് ശരീരത്തെ ആത്മാവെന്നുകരുതി ശരീരോപാധികളെ സ്വന്തമെന്നു വിശ്വസിക്കുന്നത്. സത്യംപറഞ്ഞാൽ ശ്രീകൃഷ്ണഭഗവാനല്ലാതെ ഒന്നുമില്ല. ആ നാഥൻ മാത്രമേയുള്ളൂ. യാതൊരു ദ്രവ്യവും വസ്തുവും പ്രവർത്തനവും കാലവും പ്രകൃതിയും ജീവികളും ഇല്ലതന്നെ. ആ നാഥൻ മാത്രമേയുള്ളൂ. യോഗധ്യാനങ്ങളുടെ ലക്ഷ്യം നാരായണനത്രെ. തപസ്സും വിജ്ഞാനയോഗങ്ങളും അതേ നാരായണനെത്തേടിത്തന്നെ. ഒരുവന്റെ വിധിനിയോഗവും അന്തിമമായി അവിടെത്തന്നെ. നാരായണനാകട്ടെ മൂന്നുഗുണങ്ങൾക്കുമതീതനാണ് (പവിത്രത അല്ലെങ്കിൽ സത്വഗുണം, പ്രവർത്തനപരത അല്ലെങ്കിൽ രജോഗുണം, നിഷ്ക്രിയത്വം അല്ലെങ്കിൽ തമോഗുണം). വ്യക്തിപരമായി ആത്മാവിനെ ഈ ഗുണങ്ങൾ ബന്ധിപ്പിക്കുന്നു. അന്തിമവിശകലനത്തിൽ, പരിപൂർണ്ണ സ്വതന്ത്രനെങ്കിൽകൂടി, കർമ്മം, കർമ്മോപകരണങ്ങൾ, 'ഞാൻ ചെയ്യുന്നു' എന്ന അഭിമാനം, എന്നീ മൂന്നുപാധികൾ, ദ്രവ്യം, ബുദ്ധി, കർമ്മങ്ങൾ ഇവയോടുചേർന്ന് മായയാൽ ആത്മാവിനെ ബന്ധിക്കുന്നതായി അനുഭവപ്പെടുന്നു.

ഭഗവാൻ സൃഷ്ടിക്കായി തീരുമാനിച്ചപ്പോൾ സ്വമായയാൽ തന്നിൽ ലീനമായിരുന്ന കാലത്തേയും കർമ്മങ്ങളേയും പ്രകൃതിയേയുമുണർത്തി. കാലം പ്രകൃതിയുടെ സംതുലനത്തെ ഇളക്കിമറിച്ചു. അങ്ങിനെ പ്രകൃതിഗുണങ്ങളുണ്ടായി (സത്വരജസ്തമോഗുണങ്ങൾ). കർമ്മത്തിൽ നിന്നും വിശ്വബുദ്ധി (മഹത്) ഉത്ഭവിച്ചു. മഹത്തിൽ നിന്നും ദ്രവ്യവും ജനനവും പ്രവർത്തനവും താമസപരിവർത്തനങ്ങളിലൂടെ ഉണ്ടായി. ഇത് അഹങ്കാരമാണ്. വീണ്ടും മൂന്ന് വിധത്തിൽ ഇതു പ്രകടമായി. താമസാഹങ്കാരത്തിൽ നിന്നു പഞ്ചഭൂതങ്ങളും (ആകാശം, വായു, അഗ്നി, വെള്ളം, ഭൂമി) അവയുടെ ഗുണങ്ങളായ ശബ്ദം, സ്പർശനം, കാഴ്ച, സ്വാദ്, ഗന്ധം ഇവയും ഉണ്ടായി. പിന്നീടുണ്ടായ ഓരോദ്രവ്യങ്ങളും അതാതിന്റെ മൂലഭൂതങ്ങളുടെ ഗുണഗണങ്ങൾ സ്വീകരിച്ചു. സാത്വികാഹങ്കാരത്തിൽ നിന്നും മനസ്സുൽഭവിച്ചു. ഓരോ ജ്ഞാന-കർമ്മേന്ദ്രിയങ്ങളുടേയും അധിദേവതകൾ ഇതിൽനിന്നുണ്ടായി. രാജസാഹങ്കാരത്തിൽ നിന്നും അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളുമുണ്ടായി. ബുദ്ധിയും പ്രാണവായുവും രാജസാഹങ്കാരത്തിൽ നിന്നുതന്നെയാണുണ്ടായത്. കാരണസമുദ്രത്തിൽ ഒരു അണ്ഠകാഹമായി ഏറെക്കാലമിവയെല്ലാം ഒത്തുചേർന്നു കിടന്നു. വിശ്വപുരുഷൻ ഈ അണ്ഠം പൊട്ടിച്ച് പുറത്ത്കടന്നു. ലോകങ്ങളും അതിലെ ജീവികളത്രയും ആ വിശ്വരൂപത്തിന്റെ അവയവങ്ങളത്രെ. ഈ വിശ്വം മുഴുവൻ ആ ഭഗവാനത്രെ. !

**സർവ്വം പുരുഷ ഏവേദം ഭൂതം ഭവ്യം ഭവച്ച യത്**
**തേനേദമാവൃതം വിശ്വം വിതസ്തിമധിതിഷ്ഠതി (2-6-15)**
**പാദേഷു സർവ്വഭൂതാനി പുംസ: സ്ഥിതിപദോ വിദു:**
**അമൃതം ക്ഷേമമഭയം ത്രിമൂർധ്നോ$f$ധ്യായി മൂർധസു (2-6-18)**

ബ്രഹ്മാവുതുടർന്നു:
ആ വിശ്വപുരുഷനിൽ നിന്നാണ് സർവ്വസൃഷ്ടികളുമുണ്ടായത്. ശബ്ദിക്കാനും വർത്തമാനം പറയുവാനുമുള്ള അവയവങ്ങൾ അവൻെറ വായിൽനിന്നും, സ്വാദറിയാനുള്ളകഴിവ് അവൻെറ നാവിൽനിന്നും. പ്രാണവായുക്കളും വായുഘടകങ്ങളും അവൻെറ മൂക്കിൽനിന്നും, എല്ലാഗന്ധങ്ങളും ഭക്ഷണധാന്യങ്ങളും സ്വർഗ്ഗീയവൈദ്യന്മാരും അവൻെറ ഘ്രാണശക്തിയിൽ നിന്നും, നിറങ്ങളും വെളിച്ചവും അവൻെറ ദൃശ്യശക്തിയിൽ നിന്നും, സ്വർഗ്ഗവും സൂര്യനും അവൻെറ കണ്ണുകളിൽനിന്നും, ദിക്കുദിശകൾ അവൻെറ ചെവികളിൽനിന്നും, ആകാശവും ശബ്ദവും അവൻെറ കേൾവിശക്തിയിൽനിന്നും, എല്ലാത്തിൻേറയും സത്തും പ്രേമസ്വഭാവവും അവൻെറ കൈകാലുകളിൽനിന്നും, വായുവും എല്ലാവിധ ബലികർമ്മങ്ങളും അവൻെറ സ്പർശനശക്തിയിൽനിന്നും, മരങ്ങളും ചെടികളും അവൻെറ മുടിയിൽ നിന്നും, അവൻെറ മുടിജടയിൽ നിന്ന് മേഘങ്ങളും, താടിരോമങ്ങളിൽ നിന്ന് ഇടിമിന്നലും, നഖങ്ങളിൽനിന്ന് പാറകളും ഇരുമ്പും, കൈകളിൽ നിന്ന് കാവൽമാലാഖമാരും, കാൽപ്പാദങ്ങളിൽനിന്ന് അഭയവും (കൃഷ്ണഭഗവാൻെറ കാൽപ്പാദങ്ങളാണല്ലൊ അഭയസ്ഥാനവും സംരക്ഷയും), വെള്ളവും സന്താനോൽപ്പാദനവും അവൻെറ ജ്ഞാനേന്ദ്രിയങ്ങളിൽ നിന്നും, ലൈംഗീകാസ്വാദനം അവൻെറ പ്രത്യുൽപ്പാദനശക്തിയിൽനിന്നും, മരണത്തിൻെറ ദേവതയും വിസർജ്ജനവും അവൻെറ വിസർജ്ജ നാവയവങ്ങളിൽനിന്നും, എല്ലാ നശീകരണശക്തികളും നരകവും അവൻെറ ഗുദത്തിൽനിന്നും, പരാജയം അധാർമ്മികത തുടങ്ങിയ തമോശക്തികൾ അവൻെറ പുറത്തുനിന്നും, ചെറുതും വലുതുമായ നദികൾ അവൻെറ സിരകളിൽനിന്നും, അവൻെറ എല്ലുകളിൽനിന്നു മലകളും, സമുദ്രവും എല്ലാ ജീവജാലങ്ങളുടേയും തുടക്കവുമവസാനവും അവൻെറ ഉദരത്തിൽനിന്നും, മനസ്സ് അവൻെറ ഹൃദയത്തിൽനിന്നും, ധർമ്മവും എല്ലാ ദേവതകളും അവൻെറ ചിത്തത്തിൽനിന്നും ഉണ്ടായി. ഇവ നിനക്കു ധ്യാനിക്കുവാനുള്ള ഒരുപാധി എന്ന നിലയ്ക്കു പറയുന്നതാണ്. കാണപ്പെടുന്നതും പ്രകടിപ്പിക്കപ്പെടുന്നതുമായ എന്തും ആ ഭഗവാനെ ഓർമ്മിക്കുവാൻ ഉതകണം. നീയും ഞാനും ഈ മുനിമാരും ദേവതകളെല്ലാവരും അസുരരും മനുഷ്യരും മൃഗങ്ങളും സ്വർഗ്ഗവാസികളും ചെടിവർഗ്ഗങ്ങളും നക്ഷത്രങ്ങളും ഇടിമിന്നലും മേഘങ്ങളും എന്നുവേണ്ട ഈ വിശ്വംമുഴുവനും ഭൂതഭാവി വർത്തമാനങ്ങളും ആ ഭഗവാൻ തന്നെയാണ്. ആർക്കുമാമഹിമയെ അളക്കാൻ കഴിയില്ലതന്നെ. ഈ വിശ്വം അവിടുത്തെ പ്രകടിതരൂപത്തിൻെറ ഒരംശം മാത്രമത്രെ. ഇവിടെയാണ് സൃഷ്ടിക്കപ്പെട്ട ജീവജാലങ്ങൾ നിവസിക്കുന്നത്. പക്ഷെ ചിരഞ്ജീവിത്വം, സംരക്ഷണം, ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, എന്നിവ മറ്റുബോധതലങ്ങളിലാണു സ്ഥിതിചെയ്യുന്നത്. അവ ഈ നശ്വരലോകത്തിൽ നിന്നുമുയർന്ന അവസ്ഥയാണ്. ചിതറിക്കിടന്നപ്പോൾ ഈ ബോധതലങ്ങൾ ഉപയോഗപ്രദമായിരുന്നില്ല. ഭഗവൽനിയോഗം ഇവയെ ഒന്നിച്ചുകൊണ്ടുവന്ന് വിശ്വപ്രകൃതിയേയും ഒറ്റപ്പെട്ട സൃഷ്ടികളേയും ഉണ്ടാക്കാനിടയായി.

നാരദാ, നിത്യബ്രഹ്മചാരികൾ, സന്യാസികൾ, അവധൂതർ എന്നിവർ ഉയർന്ന ബോധതലങ്ങളിലാണ് നിവസിക്കുന്നത്. ഗൃഹസ്ഥർ ഈ ജനനമരണനിബദ്ധമായ ലോകത്തിലും ജീവിക്കുന്നു. അവർ മരണം, സംരക്ഷണം, ഭയം എന്നിവയ്ക്ക് അടിമപ്പെട്ടുമിരിക്കുന്നു.

**ന ഭാരതീ മേ$f$ങ്ഗ മൃഷോപലക്ഷ്യതേ**
**ന വൈ ക്വചിന്മേ മനസോ മൃഷാ ഗതി:**
**ന മേ ഹൃഷികാണി പതന്ത്യസത്പഥേ**
**യന്മേ ഹൃദൌത് കണ്ഠ്യവതാ ധൃതോ ഹരി: (2-6-33)**
**സ ഏഷ ആദ്യ: പുരുഷ: കൽപേ കൽപേ സൃജത്യജ:**
**ആത്മാ$ff$ത്മന്യാത്മനാ$ff$ത്മാനം സംയച്ഛതി ച പാതി ച (2-6-38)**

സൃഷ്ടികർത്താവായ ബ്രഹ്മാവുപറഞ്ഞു:
വേദേതിഹാസങ്ങൾ മനുഷ്യർക്കു സ്വീകരിക്കാവുന്ന രണ്ടുമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. കർമ്മമാർഗ്ഗവും ധ്യാനമാർഗ്ഗവും. കർമ്മമാർഗ്ഗത്തിൻേറത് അവിദ്യയും അജ്ഞാനവും ആയതുകൊണ്ട് അത് ഇന്ദ്രിയാനുഭവങ്ങളുടെ ലോകത്തിലേക്ക് നമ്മെ നയിക്കുന്നു. എന്നാൽ ധ്യാനമാർഗ്ഗം ജ്ഞാനത്തിൻേറയും വിദ്യയുടേയുമായതുകൊണ്ട് അതു നമ്മെ ശാശ്വതശാന്തിയിലേക്കു നയിക്കുന്നു. ഞാൻ ജന്മനാൽത്തന്നെ ആ നിന്തിരുവടിയെ പൂജിക്കാനും ധ്യാനിക്കാനും ആഗ്രഹിച്ചു. പക്ഷെ എന്തു ദ്രവ്യംകൊണ്ടാണു പൂജിക്കേണ്ടതെന്ന് എനിക്കു ചിന്താക്കുഴപ്പമുണ്ടായി. കാരണം ഭഗവാൻ സ്വയം എങ്ങുംനിറഞ്ഞു നിൽക്കുന്നുവല്ലൊ. യാഗശാലയും ഭൂമിയും പാത്രങ്ങളും യാഗവസ്തുക്കളും ഗ്രന്ഥങ്ങളും പൂജാവിധികളുമെല്ലാം അവിടുന്നുതന്നെയെന്ന് എനിക്കറിയാമായിരുന്നു. ഭഗവാനെ പൂജിക്കാൻ അതേ ഭഗവാൻെറ പ്രതിരൂപങ്ങളായ വസ്തുക്കൾ എനിക്കുപയോഗിക്കേണ്ടിവന്നു. പിന്നീടുണ്ടായ മാമുനിമാരും ഈ വിധത്തിൽ പൂജകൾ തുടർന്നുവന്നു. സകലജീവികളും ദേവതകളും മനുഷ്യരും യക്ഷകിന്നരന്മാരുമെല്ലാം നാരായണനെ പൂജിക്കാൻ ഇൗരീതിയവലംബിച്ചു. പൂജിക്കുന്നവനും പൂജാദ്രവ്യങ്ങളും പൂജിക്കപ്പെടുന്നവനും പൂജാവിധിതന്നെയും ആ നാരായണൻ തന്നെ. ആ നാഥനെക്കൂടാതെ ഒരു കാരണമോ കാര്യമോ ഇല്ല. മകനേ, ഞാൻ ഭഗവാൻെറ കാൽക്കൽ ഹൃദയംനിറഞ്ഞ ഭക്തിയോടെ അഭയം തേടിയിരിക്കയാൽ എൻെറ വാക്കിൽ തിന്മയോ തെറ്റോ ഉണ്ടാകാൻ സാദ്ധ്യമല്ല. എൻെറമനസ്സ് ചഞ്ചലമാവുകയോ ഇന്ദ്രിയസുഖങ്ങൾക്കു പിറകേപോവുകയോ ചെയ്യുന്നുമില്ല. ശരിയായഭക്തൻെറ ലക്ഷണമിതൊക്കെയാണ്.

ഭഗവൽമഹിമ അപാരംതന്നെ. ആ മായാവിശേഷത്തിൻെറ വ്യാപ്തി അവിടുത്തേക്കുതന്നെ അറിയാമോ എന്നു സംശയം. അനന്തമാണദ്ദേഹം. എന്നിട്ടും മനുഷ്യർ വിഡ്ഢിത്തംകൊണ്ടാമഹിമയെ അളക്കാനും സ്വന്തം മാനദണ്ഡംവച്ചു കണക്കാക്കാനും തുനിയുന്നു. അജനുമനന്തനുമായ ആ പുരുഷൻ സ്വയം സൃഷ്ടിക്കുന്നു. സംരക്ഷിക്കുന്നു. സംഹരിച്ച് എല്ലാം തന്നിലേക്കാവഹിക്കുന്നു. അവനിൽ തന്നെ, അവനാൽ, അവൻെറ ഇഷ്ടത്തിന് വീണ്ടും വീണ്ടുമീപ്രക്രിയ തുടരുന്നു. മനസ്സും ശരീരവും ഇന്ദ്രിയങ്ങളും നിയന്ത്രിച്ച് ഋഷിമാർ അവിടുത്തെ സാക്ഷാത്കരിക്കുന്നു.

ഭഗവാൻെറ ആദ്യത്തെ പ്രത്യക്ഷരൂപം വിശ്വപുരുഷനായിട്ടത്രെ. പിന്നീട് മറ്റുരൂപങ്ങൾ, സമയം, പ്രകൃതി, പഞ്ചഭൂതങ്ങൾ, ചരാചരങ്ങൾ എന്നിവയുണ്ടായി. വിജ്ഞാനിയായ ഒരുവനീലോകത്തിലെയേതിനേയും, അതിഭൌതികശക്തികളുള്ളതും മഹിമ, വീര്യം, തീർപ്പ്, ശാരീരികശക്തി, സ്ഥൈര്യം, മാന്യത, ഭാഗ്യം, ബുദ്ധിവൈഭവം എന്നിവയുള്ള സർവ്വതിനേയും വിശ്വപുരുഷൻെറ പ്രത്യക്ഷരൂപമെന്നു ധ്യാനിച്ചുകഴിയുന്നു. ആ അറിവ് അവനെ ഈശ്വരസാക്ഷാത്കാരത്തിലേക്കു നയിക്കുന്നു.

**യേഷാം സ ഏവ ഭഗവാൻ ദയയേദനന്ത**
**സ്സർവാത്മനാƒƒശ്രിതപദോ യദി നിർവ്യളീകം**
**തേ ദുസ്തരാമതിതരന്തി ച ദേവമായാം**
**നൈഷാം മമാഹമിതി ധീ: ശ്വസൃഗാലഭക്ഷ്യേ (2-7-42)**

സൃഷ്ടികർത്താവായ ബ്രഹ്മാവുതുടർന്നു:
മനുഷ്യലോകത്തിൽ ഭഗവാൻ എടുത്തിട്ടുള്ള അവതാരങ്ങളെപ്പറ്റി ഞാൻ ചുരുക്കത്തിൽ വിവരിച്ചു തരാം. ഹിരണ്യാക്ഷന്റെ ദുശ്ശക്തിയെ വെല്ലാൻ ഒരുപന്നിയായി അവതരിച്ച് താഴ്ന്നുപോയ ഭൂമിയെ ഭഗവാൻ ഉയർത്തിക്കൊണ്ടുവന്നു. ലോകത്തിന്റെ ദു:ഖശാന്തിക്കായി പലപ്പോഴുമായി ഭഗവാനവതരിച്ചു. കപിലമുനിയായിവന്ന് ജ്ഞാനമാർഗ്ഗത്തെ കാണിച്ചുതന്നു. ദത്താത്രേയനായി വന്ന് പല രാജാക്കൻമാർക്കും ഈശ്വരസാക്ഷാത്ക്കാരത്തിനു വേണ്ട ഉപദേശങ്ങൾ നൽകി. ഞാൻ തപസ്സിലായിരുന്നപ്പോൾ ലോകംമറന്നുപോയ സത്യതത്വങ്ങളെ സനത്കുമാരന്മാരുടെ രൂപത്തിൽവന്നു പ്രഖ്യാപിച്ചു. നരനായും നാരായണനായും വന്ന് സന്യാസവൃത്തിയുടെ പരമോന്നതി എന്തെന്നും കാമക്രോധങ്ങളെ ജയിക്കുന്ന തെങ്ങിനെയെന്നും വെളിപ്പെടുത്തി. അദ്ദേഹം ധ്രുവനെ അനുഗ്രഹിച്ചു. ഭൂമിക്കടിയിലെ നിധിയെടുക്കാൻ പ്രഥുവായി അവതരിച്ചു. ഋഷഭനായി സന്യാസിവര്യന്മാരുടെ ശ്രേഷ്ഠതക്കുദാഹരണമായി. ഹയഗ്രീവനായി വന്ന് വേദങ്ങൾ ഉഛ്വാസവായുപോലെ ഉരുവിട്ടു. ലോകവും വേദങ്ങളും രക്ഷിക്കാൻ മത്സ്യാവതാരമെടുത്തു. ദിവ്യനായ ഒരാമയുടെ രൂപത്തിൽവന്ന് പാലാഴി കടയാനുപയോഗിച്ച പർവ്വതത്തെ താങ്ങിനിർത്തി. നരസിംഹമായി വന്ന് ദേവതകളുടെ ഭയത്തെ അകറ്റി ഹിരണ്യകശിപുവിനു മോക്ഷമേകി. മുതലയുടെ പിടിയിലകപ്പെട്ട ഗജേന്ദ്രന് രക്ഷയേകി. കുള്ളനായി ബ്രാഹ്മണവേഷത്തിൽ അവതരിച്ച് ഭൂമിയും സ്വർഗ്ഗവും കാലുകൊണ്ടളന്ന് മഹാബലിക്ക് മോക്ഷമേകുകയും ചെയ്തു. ആ ഭഗവാനുപോലും എളിമ അലങ്കാരമാണെന്ന് അങ്ങിനെ അറിയപ്പെട്ടു. ഹംസമായിവന്ന് നാരദാ, നിന്നെ ഭക്തിസൂത്രം പഠിപ്പിച്ചു. ഓർക്കുന്നമാത്രയിൽ സർവ്വരോഗങ്ങളിൽനിന്നും മുക്തി കിട്ടാൻ പര്യാപ്തമായ ധന്വന്തരിയായും അവിടുന്നവതരിച്ചു. ദുഷ്ടരാജാക്കന്മാരെ വകവരുത്താനായി പരശുരാമനായി അദ്ദേഹം. രാവണഗർവ്വമടക്കാൻ ശ്രീരാമനായി. രാക്ഷസാവതാരങ്ങളായ ദുഷ്ടരാജാക്കന്മാരാൽ ഭൂമിക്കുണ്ടായ ഭാരംതീർക്കാൻ ബലരാമനും ശ്രീകൃഷ്ണ നുമായി. വ്യാസഭഗവാനായിവന്നു വേദങ്ങൾക്ക് ലളിതഭാഷ്യം ചമച്ച്, ബുദ്ധി കുറഞ്ഞവർക്കുപോലും വേദാദ്ധ്യയനത്തിനവസരം നൽകി. രാക്ഷസന്മാർ പറക്കുന്ന കൊട്ടാരങ്ങളിൽനിന്നും മനുഷ്യരെ നശിപ്പിക്കാൻ തുടങ്ങുമ്പോൾ ആ ഭഗവാൻ രക്ഷക്കെത്തും. ഇനി കൽക്കിയായി അവതരിച്ച് കലികാലത്തിന്റെ ദുഷ്പ്രവണതകളെ (ഭഗവൽനാമമഹിമാകഥനത്തിന് മുടക്കംവരിക തുടങ്ങിയവ) അദ്ദേഹം നിശ്ശേഷമില്ലാതാക്കും.

ഇതൊക്കെയാണാ മായയുടെമഹിമ. നായ്ക്കൾക്കും കുറുക്കനും തിന്നാനുതകുന്ന ഈ ശരീരത്തെ ആത്മാവെന്നു കരുതാതെ സർവ്വസ്വവും ഭഗവൽപാദങ്ങളിലർപ്പിക്കുന്നവർക്കു മാത്രമേ ഭഗവൽമായയെ തരണംചെയ്യാനുതകുന്ന അനുഗ്രഹവർഷം ലഭിക്കൂ. അവർക്ക് സർവ്വതും സർവ്വേശ്വരൻ തന്നെയെന്ന സാക്ഷാത്ക്കാരം ലഭിക്കുന്നു. മായാസമുദ്രം കടക്കാൻ പാപജീവികൾക്കും മൃഗങ്ങൾക്കും പക്ഷികൾക്കു പോലും സാദ്ധ്യമത്രെ. ശരിയായഭക്തിയിലൂടെ വേദശാസ്ത്രങ്ങളനുസരിച്ചു ജീവിക്കുന്ന ഏതൊരു ജീവിക്കും ഇതുസാദ്ധ്യമാണ്. നാരദാ, ഇതാണുഭാഗവതത്തിന്റെ സാരസംക്ഷിപ്തം. ഭഗവാനിൽനിന്നു ഞാനിതു നേരിട്ടറിഞ്ഞതാണ്. ഇനി നീയിതിനെ വേണ്ടരീതിയിൽ വ്യാഖ്യാനിച്ച് വിവരിക്കേണ്ടിയിരിക്കുന്നു. ഇതു പറയുന്നവർക്കും കേൾക്കുന്നവർക്കും മായയുടെ പിടിയിൽ കുരുങ്ങിക്കിടക്കേണ്ടതായി വരുന്നില്ല തന്നെ.

**ശൃണ്വത: ശ്രദ്ധയാ നിത്യം ഗൃണതശ്ച സ്വചേഷ്ടിതം**
**കാലേന നാതിദീർഘേണ ഭഗവാൻ വിശതേ ഹൃദി (2-8-4)**
**പ്രവിഷ്ട: കർണ്ണരന്ധ്രേണ സ്വാനാം ഭാവസരോരുഹം**
**ധുനോതി ശമലം കൃഷ്ണ: സലിലസ്യ യഥാശരത് (2-8-5)**
**ധൌതാത്മാ പുരുഷ: കൃഷ്ണപാദമൂലം ന മുഞ്ചതി**
**മുക്തസർവ്വപരിക്ലേശ: പാന്ഥസ്സ്വ ശരണം യഥാ (2-8-6)**

പരീക്ഷിത്തുരാജാവ് ശുകമുനിയോടു ചോദിച്ചു:
"അല്ലയോ മഹർഷേ, എങ്ങിനെയാണ് നാരദൻ ബ്രഹ്മാവിൻെറ ആജ്ഞയനുസരിച്ച് ഭാഗവതകഥകൾ അവതരിപ്പിച്ചത്? ഈ ദിവ്യവിജ്ഞാനം ആദ്യമായി ആർക്കാണദ്ദേഹം പറഞ്ഞുകൊടുത്തത്? എങ്ങിനെയാണ് ഞാൻ ഭഗവാൻ ശ്രീകൃഷ്ണൻെറ പാദാരവിന്ദത്തിങ്കൽ ശ്രദ്ധപതിപ്പിക്കേണ്ടത്? മരണമടുത്തിരിക്കുന്ന സമയത്ത് ഭഗവൽപ്പാദങ്ങൾ മനസിലുറച്ചിരിക്കാൻ ഞാനെന്താണു ചെയ്യേണ്ടത്?.

ഭഗവൽക്കഥകൾ കേട്ടുകൊണ്ടിരിക്കുന്ന ഒരുവൻെറ ഹൃദയത്തിൽ ഭഗവാൻ കടന്നുചെല്ലുന്നുവല്ലൊ. ചെവികളിലൂടെ തൻെറമാത്രം പ്രത്യേകതയായ മാസ്മരികതയോടെ നിന്തിരുവടി കടന്നുചെന്ന് ഭക്തഹൃദയങ്ങളിൽ പ്രവേശിച്ച് അവൻെറ സകലപാപങ്ങളും ഇല്ലായ്മ ചെയ്യുന്നു. ഇങ്ങിനെ സംശുദ്ധമാക്കപ്പെട്ട ഹൃദയത്തിനുടമയായയാൾ ഒരിക്കലുമാപാദാരവിന്ദങ്ങളെ ഉപേക്ഷിക്കില്ല. യാത്ര ചെയ്തു ക്ഷീണിച്ചവൻ സത്രത്തെ ഉപേക്ഷിക്കാത്തതു പോലെയാണത്. പഞ്ചഭൂതങ്ങളുമായി ബന്ധമില്ലാത്ത ഈ വസ്തുക്കൾ എങ്ങിനെ പരസ്പരം ബന്ധപ്പെടുന്നു? ഇതിനൊരു കാരണമുണ്ടോ?. അതോ ഇതെല്ലാം ആകസ്മികം മാത്രമോ? എന്താണ് ബന്ധനം? എന്താണ് മോചനം? എങ്ങിനെയാണ് ഒരുവൻ തൻെറ ആത്മസത്തയിൽ പിടിച്ചു നിലകൊള്ളുന്നത്?

മനുഷ്യാവയവങ്ങൾപോലെ ഭഗവദവയവങ്ങൾ എന്നുപറഞ്ഞുവല്ലൊ. നിന്തിരുവടി, മനുഷ്യൻെറ രൂപഭാവത്തിലാണോ ഉള്ളത്? എന്താണുഭഗവാൻെറ സത്യസ്വരൂപം? സ്വനിർമ്മിതമായ മായാശക്തിയിൽ നിന്നു പുറത്തുവരുമ്പോഴും ഭഗവൽരൂപമെന്താണ്? ഭഗവദവയവങ്ങൾ (കൈകാലുകൾ) വിവിധ ലോകങ്ങളെ ഉൾക്കൊള്ളുന്നു എന്നും അവ വിവിധലോകങ്ങൾ തന്നെയാണെന്നും അവിടുന്നു പറഞ്ഞുവല്ലൊ. ഈ വസ്തുതയെ ഒന്നു വിവരിച്ച് തന്നാലും.

സൃഷ്ടിസംഹാരചക്രത്തിൻെറ നീളം, കാലം ഇവയെ വിശദമാക്കിത്തന്നാലും. എങ്ങിനെയാണീ ലോകമുണ്ടായത്? എങ്ങിനെയാണു ലോകത്ത് ജീവജാലങ്ങളുണ്ടായത്? അവ വ്യത്യസ്ത സ്വഭാവരൂപ ഗുണങ്ങളാർജ്ജിക്കുന്നതെങ്ങിനെയാണ്? ചാക്രികയുഗങ്ങൾക്ക് വ്യത്യസ്ഥ സ്വഭാവ വിശേഷതകൾ ഉണ്ടോ? വിവിധ സമൂഹതലങ്ങളിലെ മനുഷ്യർ അനുഷ്ടിക്കേണ്ട കടമകൾ എന്തെല്ലാം? ജീവിതത്തിലെ പല ഘട്ടങ്ങളിലും എന്തൊക്കെയാണു മനുഷ്യൻ അനുഷ്ടിക്കേണ്ടത്? എങ്ങിനെയാണു നാം ആ വിശ്വപുരുഷനെ പൂജിക്കേണ്ടത്? യോഗാഭ്യാസമാർഗ്ഗങ്ങളേവ? ധാർമ്മീക ജീവിതവും അതിൽനിന്നുണ്ടാകുന്ന ആനന്ദവും എങ്ങിനെ കൈകാര്യം ചെയ്യണം?. ഭഗവൻ, അവിടുന്നു സത്യമറിഞ്ഞ വിജ്ഞാനികളിൽ അഗ്രഗണ്യനാണല്ലൊ. അവിടുന്നാണ് എനിക്കിതെല്ലാം പറഞ്ഞു തരാൻ ഏറ്റവുമുത്തമൻ. എന്തുകൊണ്ടെന്നാൽ അങ്ങീ വിജ്ഞാനമെല്ലാം നേരിട്ടു മനസ്സിലാക്കിയ ആളാണല്ലൊ. മറ്റുള്ളവർ കേട്ടകഥകളെ വിവരിച്ചുതരുന്നവർ മാത്രമത്രെ."

സൂതൻ പറഞ്ഞു:
പരീക്ഷിത്തിൻെറ ചോദ്യങ്ങൾക്കുത്തരമായി ശുകമഹർഷി ഭാഗവതകഥ വിവരിക്കാൻതുടങ്ങി. ഈ കഥ ഭഗവാൻസ്വയം ബ്രഹ്മാവിനു വിവരിച്ചു കൊടുത്തതാണ്.

**ആത്മമായാമൃതേ രാജൻ പരസ്യാനുഭവാത്മന:
ന ഘടേതാർത്ഥസംബന്ധ: സ്വപ്നദ്രഷ്ടുരിവാഞ്ജസാ (2-9-1)
തപോ മേ ഹൃദയം സാക്ഷാദാത്മാഹം തപസോഽനഘ! (2-9-22)
സൃജാമി തപസൈവേദം ഗ്രസാമി തപസാ പുന:
ബിഭർമ്മി തപസാ വിശ്വം വീര്യം മേ ദുശ്ചരം തപ: (2-9-23)**

ശുകമുനി പറഞ്ഞു:
രാജൻ, സൃഷ്ടിക്കപ്പെട്ട വസ്തുക്കളുമായി ആത്മാവിന്-ബോധസ്വരൂപമായ ആത്മാവിന്- യാതൊരു വകബന്ധങ്ങളും ഉണ്ടാവുകവയ്യ. എന്നാൽ ഭഗവൽമായയാൽ ആത്മ-വസ്തു ബന്ധം ഉള്ളതായി കാണപ്പെടുന്നു. മനുഷ്യനും അവന്റെ സ്വപ്നസംഗതികളുമായി യാഥാർഥ്യത്തിൽ ബന്ധമില്ലാത്തതുപോലെ. നാമവും രൂപവും, 'ഞാൻ', 'എന്റെ', എന്നഭാവങ്ങളും മായാവലയത്തിനുള്ളിൽ മാത്രമേയുള്ളൂ. അവയ്ക്ക് നാമരഹിതമായ, അനന്തമായ, പരമാത്മാവിനെ തൊടാൻ സാദ്ധ്യമല്ലതന്നെ. ഭഗവാൻ സ്വയം സൃഷ്ടികർത്താവിനു വെളിപ്പെടുത്തിയ ആ സത്യം ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം.

ആദിയിൽ ബ്രഹ്മാവിനു സൃഷ്ടിക്കാനുള്ള ആഗ്രഹമുണ്ടായപ്പോൾ സ്വയം അതിനുള്ള കഴിവുണ്ടായിരുന്നില്ല. ആഗ്രഹസഫലീകരണത്തിനായി തീവ്രമായി ആലോചിച്ചിരിക്കുമ്പോൾ 'തപ:' എന്ന രണ്ടക്ഷരങ്ങൾ രണ്ടുതവണ അശരീരിയായിക്കേട്ടു. ബ്രഹ്മാവ് ഇതുനിർദ്ദേശമായിക്കരുതി കഠിനമായ തപസ്സനുഷ്ടിക്കാൻ തുടങ്ങി. ആയിരം ദേവവർഷങ്ങൾതന്നെ അദ്ദേഹം തപസ്സിരുന്നു. ഈ തപസ്സിന്റെ ഫലമായി അദ്ദേഹത്തിന് സൃഷ്ടിപ്രക്രിയകൾ മനസ്സിലുളവായി. അതറിവായി. സന്യാസിവര്യൻമാരുടെപോലും പരമധനമത്രെ തപസ്സ്.

ബ്രഹ്മ തപസ്സിൽ സന്തുഷ്ടനായ ഭഗവാൻ സ്വപ്രഭാവം അദ്ദേഹത്തിനു വെളിപ്പെടുത്തി. ആ പ്രഭാവപ്രദേശത്ത് യാതൊരുവിധ കാലുഷ്യങ്ങളോ ഭയമോ ഇല്ല. രജസ്തമോഗുണങ്ങളോ സത്വഗുണമോ പോലും അവിടെയില്ല. അവിടെ മായയോ കാലമോ ഇല്ല. ഭഗവൽപാർഷദന്മാർപോലും ഭഗവാനെപ്പോലെതന്നെ ശോഭയാർന്നു കാണപ്പെടുന്നു. എല്ലാവിധ സൽഗുണങ്ങളും ഐശ്വര്യങ്ങളും അവിടെ നിറഞ്ഞിരിക്കുന്നു.

സർവ്വാന്തര്യാമിയായി, സർവ്വനിയന്താവായി വർത്തിക്കുന്ന ആ പ്രഭാവത്തേയും ശോഭയേയും മനസ്സിൽ നിറച്ച് ബ്രഹ്മാവു നിലകൊണ്ടു. അപൂർവ്വാഭരണങ്ങളണിഞ്ഞ് ഏറ്റവും സുന്ദരമായൊരു സിംഹാസന ത്തിലാരൂഢനായി ഐശ്വര്യമഹത്തുക്കളുടെ അകമ്പടിയോടെ ഭഗവാൻ കാണപ്പെട്ടു. ഇരുപത്തിയഞ്ച് പ്രകൃതി ശക്തികളാൽ (പത്തിന്ദ്രിയങ്ങൾ, അഞ്ച്ഭൂതങ്ങൾ, അഞ്ചുസൂക്ഷ്മഭൂതങ്ങൾ, മനസ്സ്, അഹങ്കാരം, വിശ്വബോധം, പ്രകൃതി, ആത്മാവ്) ആ സിംഹാസനം അലങ്കരിച്ചിരുന്നു. ഭഗവാൻ ബ്രഹ്മാവിനോടു പറഞ്ഞു. "താങ്കളുടെ തപസ്സിൽ നാം അതീവ സന്തുഷ്ടനായിരിക്കുന്നു. മനുഷ്യന്റെ ധാർമ്മീകമായ പ്രവർത്തനങ്ങൾ എന്റെ ദൃഷ്ടിയിൽ പര്യവസാനിക്കുന്നു. തപസ്സ് എന്റെ ഹൃദയമാണ്. തപസ്സിന്റെ ആത്മാവുതന്നെ ഞാനാകുന്നു. ഈ തപസ്സിന്റെ ഫലമായാണ് ഞാൻ വിശ്വം സൃഷ്ടിക്കുന്നത്. ഇതേ തപസ്സിനാൽ ഞാൻ വിശ്വത്തെ പരിരക്ഷിച്ച് അവസാനം എന്നിലേക്ക് വിലയിപ്പിക്കുന്നു. എന്റെ ശക്തി തപസ്സിലടങ്ങിയിരിക്കുന്നു. ശരിയായ തപസ്സിനാൽ ഞാൻ സംപ്രീതനാവുന്നു. കള്ളത്തരത്തിൽ പ്രവർത്തിക്കുന്ന യോഗിക്ക് എന്നെ പ്രീതിപ്പെടുത്താൻ കഴിയില്ല. ബ്രഹ്മദേവാ, താങ്കൾക്കാവശ്യമുള്ള വരം ആവശ്യപ്പെട്ടാലും. എല്ലാ അനുഗ്രഹങ്ങളും നൽകാൻ കഴിയുന്നവനാണ് ഞാൻ എന്നറിയുക."

**അഹമേവാസമേവാഗ്രേ നാന്യദ്യത് സദസത് പരം**
**പശ്ചാദഹം യദേതച്ച യോഽവശിഷ്യേത സോസ്മ്യഹം (2-9-32)**
**ഋതേഽർത്ഥം യത് പ്രതീയേത ന പ്രതീയേത ചാത്മനി**
**തദ്വിദ്യാദാത്മനോ മായാം യഥാഽഽഭാസോ യഥാ തമ: (2-9-33)**
**യഥാ മഹാന്തി ഭൂതാനി ഭൂതേഷൂച്ചാവചേഷ്വനു**
**പ്രവിഷ്ടാന്യപ്രവിഷ്ടാനി തഥാ തേഷു ന തേഷ്വഹം (2-9-34)**
**ഏതാവദേവ ജിജ്ഞാസ്യം തത്വ ജിജ്ഞാസുനാഽഽത്മന:**
**അന്വയവ്യതിരേകാഭ്യാം യത് സ്യാത് സർവത്ര സർവദാ (2-9-35)**

ശുകൻ തുടർന്നു:
ബ്രഹ്മാവു പ്രാർത്ഥിച്ചു: ഭഗവാനേ, അവിടുന്ന് എല്ലാമറിയുന്നവനും എൻെറയുള്ളിൽത്തന്നെയുള്ള സത്തുമാണെങ്കിലും അവിടത്തെ പ്രഭാവം മനസ്സിലാക്കിത്തരാൻ ഞാൻ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. അവിടുത്തെ പരമസത്തയേപ്പറ്റിയും നിരാകാരവും ആപേക്ഷികമായി സാകാരവുമായ വിശ്വരൂപത്തെപ്പറ്റിയും എനിക്കറിവുണ്ടാക്കിത്തന്നാലും. അവിടുന്നീവിശ്വംമുഴുവനും നിറഞ്ഞിരിക്കുന്നുവെങ്കിലും സ്വന്തം മായാശക്തിയാൽ ഭൂമിയിൽ പ്രത്യക്ഷമായി കാണപ്പെടുന്നു. അവിടുന്ന് വിശ്വത്തെ സംരക്ഷിക്കുകയും അവസാനം സ്വശക്തിയിൽ വിലയിപ്പിക്കയും ചെയ്യുന്നു. എട്ടുകാലി തന്നിൽനിന്നു വലയുണ്ടാക്കി അതിൽ കുറച്ചുനേരം കളിച്ച് അവസാനം തന്നിലേക്കുതന്നെ ഉൾവലിയുന്നു. ഇതേക്കുറിച്ച് ഞാനെന്നും അറിവുള്ളവനാകട്ടെ. അവിടത്തെക്കയ്യിലെ ഒരുപകരണമായി ഈ സൃഷ്ടി കർമ്മത്തിൽ എന്നെ പങ്കെടുപ്പിച്ചാലും. 'ഞാൻ സൃഷ്ടിച്ചു' എന്നൊരു തോന്നൽ എന്നിലുണ്ടാകാതേയുമിരിക്കട്ടെ.

ഭഗവാൻ പറഞ്ഞു:
"ഏറ്റവും നിഗൂഢവും ഉന്നതവുമായ ആ വിജ്ഞാനം ഞാൻ നിനക്കുപറഞ്ഞു തരാം. അതെന്നെക്കുറിച്ചുള്ള സത്യമത്രെ. എൻെറ അനുഗ്രഹത്താൽ നിനക്കാ അറിവിൻെറ സാന്നിദ്ധ്യം എന്നുമുണ്ടാവുകയും എൻെറ ശരിയായ സംശുദ്ധരൂപത്തെപ്പറ്റിയും പ്രത്യക്ഷാവസ്ഥകളെപ്പറ്റിയും ഉൾക്കാഴ്ചയുണ്ടാവുകയും ചെയ്യും. ബ്രഹ്മാവേ, തീർച്ചയായും ഞാൻ മാത്രമേ ആദിയിലുണ്ടായിരുന്നുള്ളൂ. മറ്റൊന്നും ഉണ്ടായിരുന്നില്ല. ആപേക്ഷികമായി അസ്ഥിത്വമോ അനസ്ഥിത്വമോ ഉണ്ടായിരുന്നില്ലതന്നെ. 'അതിലും' 'ഇതിലും' സൃഷ്ടിക്കപ്പെട്ടവയെങ്കിലും എല്ലാം സ്ഥിതിചെയ്യുകമാത്രമാണ്. എൻെറ മായാശക്തിയാലാണ് വസ്തുക്കൾ എന്നിൽ സ്ഥിതിചെയ്യുന്നു എന്ന തോന്നൽ ഉണ്ടാക്കുന്നത്. (വാസ്തവമല്ലത്) അതൊരു പ്രതിഫലനം പോലെയാണ് പ്രവർത്തിക്കുന്നത്. അല്ലെങ്കിൽ പുകയുണ്ടാകുന്നതിൻെറ തുടക്കം തീയിൽ നിന്നാണെങ്കിലും പുകയാൽ തീ മറയ്ക്കപ്പെട്ടു കാണുന്നതു പോലെയാണത്. എല്ലാ ജീവശരീരങ്ങളിലും പഞ്ചഭൂതങ്ങൾ പ്രവേശിക്കുന്നു എന്നും പഞ്ചഭൂതങ്ങൾ ശരീരങ്ങളിൽ പ്രവേശിക്കുന്നില്ലാ എന്നും ആപേക്ഷികമായി പറയാം. അതുപോലെ ജീവസത്തായി ഞാൻ ജീവജാലങ്ങൾക്കുള്ളിൽ കയറിയിരിക്കുന്നു എന്നും അനന്തമായതിനാൽ ജീവജാലങ്ങൾക്കുള്ളിൽക്കയറേണ്ട കാര്യമില്ലെന്നും പറയാവുന്നതാണ്. ശരിയായ സാധകൻ നേതി നേതി (ഇതല്ല: ഇതല്ല) എന്ന മാർഗ്ഗത്തിലൂടെ അസത്യങ്ങളെ ഉപേക്ഷിച്ച് സത്യത്തെ സാക്ഷാത്ക്കരിക്കേണ്ടതാണ്. എല്ലാം ബ്രഹ്മമയം (ഇതാണ് ബ്രഹ്മം) എന്ന ദൃഢമാർഗ്ഗത്തിലൂടേയും സത്യത്തെ സാക്ഷാത്ക്ക രിക്കാവുന്നതാണ്."

ഭാഗവൽദൃശ്യം അപ്രത്യക്ഷമായി. ബ്രഹ്മദേവൻ ധ്യാനത്തിലാണ്ട് പിന്നേയും നിലകൊണ്ടു. സൃഷ്ടി കർമ്മത്തിനായുള്ള ധ്യാനവും തപസ്സും വീണ്ടുമനുഷ്ടിച്ചു. ഈ സമയം നാരദൻ ബ്രഹ്മാവിനെ സമീപിച്ച് താങ്കൾ എന്നോടു ചോദിച്ച അതേ ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ബ്രഹ്മാവ് നാരദനു നിർദ്ദേശിച്ച ഭാഗവതപുരാണം ഞാൻ പറഞ്ഞുതരാം.

*32 മുതൽ 35 വരെ വരികൾ ഭാഗവതത്തിൻെറ സത്ത എന്നറിയപ്പെടുന്നു.*

**അമുനീ ഭഗവദ്രൂപേ മായാ തേ അനുവർണിതേ**
**ഉഭേ അപി ന ഗൃഹ്ണന്തി മായാസൃഷ്ടേ വിപശ്ചിത: (2-10-35)**
**സ വാച്യവാചകതയാ ഭഗവാൻ ബ്രഹ്മരൂപധൃക്**
**നാമരൂപക്രിയാ ധത്തേ സകർമാകർമക: പര: (2-10-36)**

ശുകമുനി തുടർന്നു:
ഈ ദിവ്യഗ്രന്ഥത്തിലുള്ള കാര്യങ്ങൾ: 1) സൂക്ഷ്മതരങ്ങളായ വിശ്വഘടകങ്ങൾ, പ്രകൃതിയുടെ സംതുലിതഭാവത്തിലുണ്ടായ വ്യതിചലനങ്ങൾ, അവയുണ്ടാവാനിടയായ ഭഗവദിഛ 2) ബ്രഹ്മാവിനാൽ ചരാചരവസ്തുക്കളുടെ സൃഷ്ടി 3) വിശ്വസ്ഥിതി കാത്തുരക്ഷിക്കുന്ന ഭഗവദ്വിജയം 4) ഭഗവാന്റെ അഭയമഹിമ 5) ലോകചക്രങ്ങളുടെ കഥകൾ 6) മറഞ്ഞുകിടക്കുന്ന വാസനകളാൽ കൂടുതൽ കെട്ടുപാടുകളിലേക്കു നീങ്ങുന്ന മനുഷ്യന്റെ കഥ 7) ഭഗവദവതാരകഥകൾ 8) വിശ്വപ്രളയവും ആസമയത്ത് ചരാചരവസ്തുക്കളുടെ ഉൾവലിയലും 9) ജീവാത്മാവിന്റെ മോചനം 10) എല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്ന ഏതോ അത്. എന്നിങ്ങനെയാണ്. പത്താമത്തെ ഘടകം വ്യക്തമാക്കാൻ ആദ്യത്തെ ഒമ്പതിന്റേയും അടിസ്ഥാനം ഭഗവാൻതന്നെയാണെന്ന ബോധമുണ്ടാകണം. അതുകൊണ്ടാണ് ഒന്നുമുതൽ ഒമ്പതുവരെയുള്ള കാര്യങ്ങൾ ഇതിൽ വിശദീകരിക്കുന്നത്.

വിശ്വപുരുഷൻ അണ്ഡത്തിൽനിന്നും പുറത്തുവരുമ്പോൾ നിലകൊള്ളാനായി ജലത്തെ സൃഷ്ടിച്ചു. വെള്ളത്തിൽ ജീവിച്ചതുകൊണ്ട് അദ്ദേഹം നാരായണൻ എന്നറിയപ്പെടുന്നു. പിന്നീടദ്ദേഹം മറ്റു സൃഷ്ടികൾ തുടങ്ങി. ഭഗവാന്റെ ദിവ്യേഛയാൽ ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവീകം എന്നിങ്ങിനെ മൂന്നുതരത്തിലുള്ള ദിവ്യശക്തികൾ ഉത്ഭവിച്ചു. അദ്ദേഹം ഒന്നിളകിയപ്പോൾ ശക്തിയും പ്രാണനുമുണ്ടായി. അദ്ദേഹം ആഹരിക്കാനാഗ്രഹിച്ചപ്പോൾ നാവുംരുചികളും അവയാസ്വദിക്കാനാവശ്യമായ ബുദ്ധിവൈഭവവും സൃഷ്ടിക്കപ്പെട്ടു. അതുപോലെ വാക്കും ഭാഷയും അവയ്ക്കുവേണ്ട അവയവങ്ങളും അധിദേവതയായ അഗ്നിദേവനുമുണ്ടായി. നാസാരന്ധ്രങ്ങൾ, വസ്തുക്കളിൽ മണം, അവയുടെ അധിദേവതയായ വായുദേവൻ, ഇവയുണ്ടായി. കണ്ണുകൾ, നിറങ്ങൾ, കാഴ്ചയുടെ അധിദേവതയായ സൂര്യദേവൻ, എന്നിവ പിന്നീടുണ്ടായി. ചെവി, ശബ്ദം, കേൾവി, അവയുടെ അധിദേവതയും ആകാശത്തിന്റെ ദേവതയുമുണ്ടായി. ത്വക്ക്, സ്പർശനത്താലറിയുന്ന വസ്തുക്കൾ, സ്പർശനം, അവയുടെ അധിദേവത എന്നിവയുണ്ടായി. കൈകൾ, കർമ്മശേഷി, കർമ്മങ്ങളുടെ അധിദേവനായ ഇന്ദ്രൻ. പ്രത്യുൽപ്പാദനേന്ദ്രിയങ്ങൾ, മൈഥുനം എന്നിവയും പിന്നീടുണ്ടായി. ലൈംഗികബന്ധത്തിനു പ്രജാപതിയും ഗുദദ്വാരം, വിസർജനമെന്നിവയ്ക്കായി മിത്രദേവനുമുണ്ടായി. നാഭിയും അപാനവായുവും, മരണവും ആത്മാവിന്റെ യാത്രയും, ഒരു ശരീരത്തിൽ നിന്നു മറ്റൊന്നിലേക്ക് ആത്മാവിനെ കൊണ്ടുപോകുന്നതിന്റെ അധിദേവതയും പിന്നീടുണ്ടായി. ഉദരവും, പോഷകവും, ആഹാരത്തിന്റെ അധിദേവതകളും, ഹൃദയം, മനസ്സ്, ആഗ്രഹം, സ്വമായയാലുണ്ടായ അത്ഭുതങ്ങൾ ചിന്തിച്ചുധ്യാനിക്കാൻ ചന്ദ്രൻ എന്നിവയും ഉണ്ടായി. ഭഗവദിഛയാൽ ചെറുതും വലുതുമായി എല്ലാം ഇങ്ങിനെയാണുണ്ടായത്. എല്ലാ ഇന്ദ്രിയങ്ങളും വസ്തുക്കളിലേക്ക് അവയുടെ അധിദേവത(ബുദ്ധി)യുടെ ശക്തിയാൽ തിരിഞ്ഞിരിക്കുന്നു. ഭഗവാൻ തന്നെയാണ് സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും, മനുഷ്യനായും മൃഗമായും വേഷമിട്ടുവരുന്നതും. പക്ഷെ ഈ സൂക്ഷ്മവും സ്ഥൂലവുമായ ഭഗവൽരൂപങ്ങളെല്ലാം മായയുടെ പ്രകടനമത്രെ. മായയാകട്ടെ ഭഗവാന്റെ ശക്തിയുമാണ്. അതുകൊണ്ട് മഹത്തുക്കൾ ഇതൊന്നും സത്യമായി സ്വീകരിക്കുന്നില്ല. ഭഗവാൻ കർമ്മത്തിലോ സൃഷ്ടിയിലോ വ്യാപൃതനല്ല. മായാശക്തിയാണിതെല്ലാം ചെയ്യുന്നത്. ഭഗവാൻ എല്ലാത്തരം വിശേഷണങ്ങൾക്കും അതീതനാണെന്ന് വിജ്ഞാനിയായ ഒരുവൻ മനസ്സിലാക്കണം.

**മൂന്നാം സ്കന്ദം ആരംഭം**

**നൂനം നൃപാണാം ത്രി മദോത്പഥാനാം
മഹീം മുഹുശ്ചാലയതാം ചമൂഭി:
വധാത് പ്രപന്നാർത്തിജിഹീർഷയേശോ
പ്യുപൈക്ഷതാഘം ഭഗവാൻ കുരൂണാം (3-1-43)**

ശുകമുനി തുടർന്നു:
അല്ലയോ പരീക്ഷിത്തേ, അന്ധനായ ധൃതരാഷ്ട്രർ ദുഷ്ടരായ സ്വപുത്രന്മാരോടുള്ള സ്നേഹത്തിന്റെ അന്ധതകൊണ്ട് സ്വന്തം സഹോദരപുത്രന്മാരായ പാണ്ഡവരെ ഒന്നടങ്കം നശിപ്പിക്കാൻ ശ്രമിച്ച കഥ നിങ്ങൾക്കറിയാമല്ലൊ. പാണ്ഡവരെ അരക്കില്ലത്തിൽ താമസിപ്പിച്ച് അതു തീയിട്ട് നശിപ്പിച്ചു. ഭഗവൽകൃപയാൽ അവിടെനിന്നും രക്ഷപ്പെട്ട പാണ്ഡവരെ കൗരവർ ചൂതിൽ തോൽപ്പിച്ച് ദ്രൌപതിയെ സഭാമദ്ധ്യത്തിലേക്ക് വലിച്ചിഴച്ചപമാനിക്കുകയും ചെയ്തു. ദ്രൌപതിയുടെ കണ്ണുനീർ പോലും അന്ധനായ രാജാവിന്റെ മനസ്സിളക്കാൻ പര്യാപ്തമായില്ല. പിന്നീട് പാണ്ഡവരെ വനവാസത്തിനയച്ചുവല്ലൊ. വനവാസത്തിനു ശേഷം തിരിച്ചുവന്ന പാണ്ഡവർക്കവകാശപ്പെട്ട രാജ്യമോ നിയമപ്രകാരമുള്ള മറ്റവകാശങ്ങളോ കൊടുക്കുവാൻ കൗരവർ ഒരുക്കമായിരുന്നില്ല. ഭഗവാൻ കൃഷ്ണൻതന്നെ സ്വയം ദൂതനായിവന്ന് ദുര്യോധനനോടപേക്ഷിച്ചിട്ടും അവർ വഴങ്ങിയില്ല. മാത്രമല്ല ഭഗവാനെ പരിഹസിച്ച് അപമാനിച്ചയക്കുകയും ചെയ്തു. ദുര്യോധനൻ അതുവരെയാർജ്ജിച്ച സൽഫലങ്ങൾ മുഴുവനും നശിച്ചുകഴിഞ്ഞതിന്റെ തെളിവായിരുന്നു അത്. ഈ സമയത്ത് സഹോദരനായ വിദുരരെ വിളിച്ച് ധൃതരാഷ്ട്രർ ഉപദേശമാരായുകയുണ്ടായി.

പരീക്ഷിത്തേ, വിദുരർ അപ്പോൾ നൽകിയ ഉപദേശങ്ങൾ ഗഹനവും വിജ്ഞാനം നിറഞ്ഞതുമായ ഒരു വിശേഷാത്തരതത്ത്വസംഹിതതന്നെയാണ്. ദുര്യോധനൻ തിന്മയുടെ മൂർത്തീഭാവമാണെന്നും അതുകൊണ്ടാണ് ഭഗവാൻ സ്വയം സുഹൃത്തായിരിക്കുന്ന പാണ്ഡവരെ അപമാനിക്കാനും നിന്ദിക്കാനും തുനിഞ്ഞതെന്നും വിദുരർ പറഞ്ഞു. ധൃതരാഷ്ട്രർക്ക് ഇതുകേട്ട് ദ്വേഷ്യം വരികയും വിദുരരെ അപമാനിച്ച് നാടുവിടാൻ ആജ്ഞാപിക്കുകയും ചെയ്തു. വിജ്ഞാനിയായ വിദുരർക്ക് വിഷമം തോന്നിയെങ്കിലും എല്ലാത്തിലും, ഹീനപ്രവൃത്തികൾക്ക് പിന്നിൽപ്പോലും ഭഗവൽക്കരങ്ങൾ സ്വയം ദർശിച്ച് ആയുധങ്ങളെ നഗരവാതിൽക്കലുപേക്ഷിച്ച് അദ്ദേഹം തീർത്ഥാടനത്തിനു പുറപ്പെട്ടു.

നാടുമുഴുവൻ വേഷംമാറി ചുറ്റിനടന്ന് വിദുരർ ജീവിതത്തിന്റേയും ഭഗവാന്റേയും മഹിമകൾ ആസ്വദിച്ചു. ഭാരതത്തിന്റെ പടിഞ്ഞാറൻ നാടുകളിൽ യാത്രചെയ്യുമ്പോൾ മഹാഭാരതയുദ്ധത്തെപ്പറ്റിയും കൗരവരുടെ അന്ത്യത്തെപ്പറ്റിയും അദ്ദേഹം കേട്ടറിഞ്ഞു. പിന്നീടദ്ദേഹം ശ്രീകൃഷ്ണഭക്തനും തന്റെ മിത്രവുമായ ഉദ്ധവരെ കണ്ടു. അദ്ദേഹം ഉദ്ധവരോട് തന്റെ ബന്ധുമിത്രാദികളുടെ ക്ഷേമം അന്വേഷിച്ചു. പാണ്ഡവരെപ്പറ്റിയും ധൃതരാഷ്ട്രരെപ്പറ്റിയുമെല്ലാം. പിന്നീട് അദ്ദേഹം പറഞ്ഞു. "ഉദ്ധവരേ, ഭഗവാനുവേണമെങ്കിൽ കൗരവരെ അപ്പോൾ അവിടെവെച്ചുതന്നെ ശിക്ഷിക്കാമായിരുന്നു. പക്ഷെ അവരുടെ പാപപ്രവൃത്തികളെ കുറേസമയത്തേക്ക് അദ്ദേഹം കണ്ടില്ലെന്നുനടിച്ചു. കുലം, വിജ്ഞാനം, സമ്പത്ത് ഇവയേപ്പറ്റി ദുരഭിമാനികളും അഹങ്കാരികളുമായ രാജാക്കന്മാരെ സ്വയം ഉന്മൂലനം ചെയ്യിപ്പിക്കയും ചെയ്തു. ഭഗവാന്റെ മാർഗ്ഗങ്ങൾ അത്യന്തം നിഗൂഢമത്രെ. അദ്ദേഹം അവതാരമെടുക്കുന്നത് ദുഷ്ടനിഗ്രഹത്തിനും നന്മയെ തന്നിലേക്ക് ആകർഷിക്കുന്നതിനും മാത്രമാണെന്നു തോന്നുന്നു. അദ്ദേഹത്തെ വെറുമൊരു മനുഷ്യനായി മാത്രം കാണുന്നവർ സ്വയം വഞ്ചിക്കപ്പെടുകയാണ്."

**സ്വശാന്തരൂപേഷ്വിതരൈ: സ്വരൂപൈ**
**രഭ്യർദ്യമാനേഷ്വനുകമ്പിതാത്മാ**
**പരാവരേശോ മഹദംശയുക്തോ**
**ഹ്യജോ*f*പി ജാതോ ഭഗവാൻ യഥാഗ്നി: (3-2-15)**

ശുകമുനി തുടർന്നു:
അല്ലയോ പരീക്ഷിത്തേ, ഉദ്ധവർ ഭഗവാനിൽ ഏറ്റവും ഭക്തിയുള്ളവനായിരുന്നു. ചെറുപ്പത്തിൽത്തന്നെ ഭഗവൽസ്സന്നിധിയിൽ ഉദ്ധവരെല്ലാം മറക്കുമായിരുന്നു. ഭക്ഷണം പോലും. വളരുന്തോറും അദ്ദേഹത്തിൽ ഭക്തി വർദ്ധിച്ചുവന്നു. വിദുരൻെറ വാക്കുകൾ ഉദ്ധവരെ ഭക്തിയുടെ പാരമ്യത്തിലെത്തിക്കുകയും കുറച്ചു നേരത്തേക്ക് അദ്ദേഹം അബോധാവസ്ഥയിലാവുകയും ചെയ്തു. പിന്നീട് കണ്ഠമിടറിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

"അല്ലയോ വിദുര: എത്ര കഷ്ടമെന്നു നോക്കൂ. ശ്രീകൃഷ്ണഭഗവാൻെറകൂടെ കഴിഞ്ഞിരുന്നവർക്കുപോലും അദ്ദേഹത്തിൻെറ തത്സ്വരൂപം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഭൂമിയിൽ ജീവിക്കുമ്പോൾത്തന്നെ, അദ്ദേഹം പരംപൊരുൾ തന്നെയാണെന്നു മനസിലാക്കാനവർക്കു കഴിഞ്ഞില്ല. സാധാരണ ഒരു മനുഷ്യനായി മാത്രമേ അവരദ്ദേഹത്തെ വീക്ഷിച്ചുള്ളു. കരുണകൊണ്ടുമാത്രമാണ് സാധാരണക്കാരുടെ ഇടയിൽ അദ്ദേഹം അവതരിച്ചത്.

വിദുരരേ, അദ്ദേഹത്തിൻെറ അഴകൊത്ത ശരീരം ഞാനെങ്ങനെ വർണ്ണിക്കും? ആഭരണങ്ങൾക്കഴകേകുന്ന താണവിടുത്തെ സൌന്ദര്യം. ആരൂപത്തിലദ്ദേഹം സാധാരണക്കാരണനായി ജീവിച്ചു. യുധിഷ്ഠിരൻെറ രാജസൂയയാഗസമയത്ത്, സൃഷ്ടികർത്താവ് തൻെറയെല്ലാകഴിവുകളും വിനിയോഗിച്ചുവെന്നു കൃഷ്ണഭക്തി യുള്ളവർക്കുതോന്നുമാറു തേജസുറ്റതായി ആരൂപം കാണപ്പെട്ടു. വൃന്ദാവനത്തിൽ കൃഷ്ണനെക്കണ്ട് ഗോപികമാർ സകലതും മറന്നുനിന്നു. അഗ്നി പലരൂപത്തിൽ കാണപ്പെടുന്നതുപോലെ ജനനമരണങ്ങളില്ലാ ത്തവനെങ്കിലും നിരാകാരവും സാകാരവുമായ ആ പരംപൊരുൾ ദിവ്യഗുണങ്ങളോടുകൂടി ഈ ഭൂമിയിൽ ജന്മമെടുത്തു. ശാന്തസ്വരൂപികളായ സ്വന്തം ഭാഗങ്ങളെ ശല്യപ്പെടുത്തുന്ന മറ്റുഭാഗങ്ങളെ നിയന്ത്രി ച്ചൊതുക്കാനായിട്ടാണദ്ദേഹമവതരിച്ചത്.

വിദുരരേ ഇതൊരു ദിവ്യാൽഭുതം തന്നെ. വസുദേവരുടേയും ദേവകിയുടേയും പുത്രനായിപ്പിറന്ന് ശത്രുക്കളിൽ (കംസൻ, കാലയവനൻ) പേടിയുള്ളവനായി അഭിനയിക്കുക. അച്ഛനമ്മമാരുടെ മുന്നിൽ തൊഴുതുനിന്നു കൊണ്ടദ്ദേഹം പറഞ്ഞു. "എന്നോട് ക്ഷമിച്ചാലും. കംസനോടുള്ള പേടി കൊണ്ട് നിങ്ങളെ സേവിക്കാനെനിക്കു കഴിയുന്നില്ല!." ദേവന്മാരടിപണിയുന്ന ആ നിന്തിരുവടി വെറുമൊരു രാജാവിനെ 'അല്ലയോ പ്രഭുവേ' എന്നു സംബോധനചെയ്യുന്നതു കാണുമ്പോൾ മനുഷ്യൻെറ പൊങ്ങച്ചവും മിഥ്യാഭിമാനവും ഞാനോർത്തുപോകുന്നു. ഭഗവാൻ എത്ര കരുണാമയനും ഭക്തവത്സലനുമാണെന്നോ? തന്നെ കൊല്ലാൻ ശ്രമിച്ച പൂതനയ്ക്ക് മോക്ഷമാണ് നൽകിയത്. തന്നെ വെറുത്ത ശിശുപാലനും മഹാഭാരതയുദ്ധത്തിൽ മരിച്ചുവീണവർക്കും ദയാവായ്പുനിറഞ്ഞ കടാക്ഷത്താൽ അവിടുന്നു മോക്ഷമേകി. അവരെയെല്ലാം ഞാൻ ഭഗവൽഭക്തന്മാരായി കണക്കാക്കുന്നു. ഭഗവാനെ വെറുത്തുവെങ്കിലും അവരുടെ മനസ്സ് ഭഗവാനിലുറച്ചിരുന്നുവല്ലോ. മറ്റാരേയെങ്കിലും നാം അഭയം തെടുന്നത് വിഡ്ഢിത്തമല്ലാതെന്താണ്? വിദുരരേ, ഭഗവാൻെറ ബാല്യം അൽഭുതം നിറഞ്ഞതായിരുന്നു. വൃന്ദാവനത്തിൽ അച്ഛൻേറയും അമ്മയുടേയും കൂടെ ജീവിച്ച കൃഷ്ണൻ ഗ്രാമവാസികളുടെ കണ്ണിലുണ്ണിയായിരുന്നു. അതേസമയം ഭീകരരാക്ഷസന്മാരെ കളിമട്ടിൽ അദ്ദേഹം ഇല്ലാതാക്കുകയും ചെയ്തു. വിഷമേറിയ കാളിയനെ ഒതുക്കി. ഗോവർദ്ധനപർവ്വതം ഉയർത്തിപ്പിടിച്ച് പശുക്കൾക്കുവേണ്ടി പൂജാദികൾ തുടങ്ങിവെച്ചു. അങ്ങിനെ സ്വജനാഭിവൃദ്ധിക്കായി അദ്ദേഹം പലതും ചെയ്തു. ആടിയും പാടിയും സൌന്ദര്യത്തിൻെറ പ്രതീകമായി വന്ന കൃഷ്ണൻ ഗ്രാമീണപെൺകൊടികളുടെ ആഹ്ളാദത്തിന് കാരണവുമായി."

**തസ്യൈവം രമമാണസ്യ സംവത്സരഗണാൻ ബഹൂൻ**
**ഗൃഹമേധേഷു യോഗേഷു വിരാഗസ്സമജായത (3–3–22)**
**ദൈവാധീനേഷു കാമേഷു ദൈവാധീന: സ്വയം പുമാൻ**
**കോ വിസ്രംഭേത യോഗേന യോഗേശ്വരമനുവ്രത: (3–3–23)**

ഉദ്ധവർ തുടർന്നു:
ചെറിയകുട്ടിയായിരിക്കുമ്പോൾത്തന്നെ കൃഷ്ണഭഗവാൻ ദുഷ്ടനായ കംസനെ വധിച്ചു. എല്ലാമറിയുന്ന ഭഗവാൻ സാന്ദീപനിയുടെ ശിഷ്യനായി വേദങ്ങളും മറ്റുപുരാണങ്ങളും പഠിച്ചു. പഠനം കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ ഗുരുദക്ഷിണയായി ഗുരുവിൻെറ മരിച്ചുപോയമകനെ ജീവിപ്പിച്ചുകൊടുത്തു. രുഗ്മിണി തന്നെ മനസാവരിച്ചതായി അറിഞ്ഞ കൃഷ്ണൻ അവളെ ആഗ്രഹിച്ച മറ്റു രാജാക്കന്മാരിൽനിന്നുമുടലോടെ രക്ഷിച്ചു പരിണയിച്ചു. ഏഴു കാട്ടുകാളകളെ മല്ലടിച്ച് മയക്കി മറ്റുപല രാജകുമാരന്മാരേയും തോൽപ്പിച്ച് സത്യഭാമയെ പാണിഗ്രഹണം ചെയ്തു. സത്യയോടുള്ള പ്രേമംകൊണ്ട് ഇന്ദ്രൻെറ വളപ്പിലുണ്ടായിരുന്ന ഒരു സ്വർഗ്ഗീയ വൃക്ഷത്തെ അവൾക്കായി കൊണ്ടുവന്നുകൊടുത്തു. ദുഷ്ടനായ നരകാസുരനെക്കൊന്ന് അവൻ തടവിലാക്കി വെച്ചിരുന്ന പതിനാറായിരം രാജകുമാരിമാരെ രക്ഷിച്ചു. അവരെല്ലാം ഭഗവാനെ പരിണയിക്കാനാഗ്രഹിച്ചപ്പോൾ സ്വയം പതിനാറായിരം രൂപങ്ങളായിമാറി എല്ലാവരേയും വിവാഹം ചെയ്തു. എല്ലാവരിലും പത്തു പുത്രന്മാർ വീതമുണ്ടാവുകയും ചെയ്തു.

പല രാക്ഷസന്മാരേയും ഭഗവാൻ നിഗ്രഹിച്ചു. പലരേയും ഭഗവാൻ സ്വയവും മറ്റുള്ളവരെ ബലരാമനുമാണു വകവരുത്തിയത്. കുരുക്ഷേത്രയുദ്ധത്തിൽ പരസ്പരം നശിപ്പിക്കാനും അവസരം നൽകിയാണദ്ദേഹം ദുഷ്ടരുടെ നിഗ്രഹം സാധിച്ചത്. ദുഷ്ടരുടെ ഉപദേശങ്ങൾ മാത്രം കേട്ടു പ്രവർത്തിച്ച ദുര്യോധനൻെറ ചെയ്തികൾമൂലം വളരെയേറെപ്പേർക്ക് ജീവഹാനി സംഭവിച്ചു. കൃഷ്ണൻെറ ബന്ധുക്കൾ പോലും (യാദവർ) ശക്തരും പാപികളും ആയിത്തീർന്നു. അവർ മദ്യപിച്ച് തമ്മിൽതല്ലി സ്വയം നാശം ക്ഷണിച്ചുവരുത്തുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അവർ പരസ്പരം നിഗ്രഹിക്കുവാൻ അദ്ദേഹമങ്ങിനെ ഇടവരുത്തി. ഭഗവാൻ കൃഷ്ണൻ യുധിഷ്ഠിരനെ സിംഹാസനത്തിലിരുത്തി. ഗർഭത്തിലിരിക്കുന്ന പരീക്ഷിത്തിനെ അശ്വത്ഥാമാവിൻെറ ആഗ്നേയാസ്ത്രത്തിൽ നിന്നും പരിരക്ഷിച്ചു. ദ്വാരകവാഴുമ്പോൾ എല്ലാ സമ്പദൈശ്വര്യങ്ങളിലും വ്യാപൃതനായിരുന്നെങ്കിലും ഭഗവാൻ ഒന്നിൻേറയും ബന്ധനത്തിലായിരുന്നില്ല. യോഗികൾക്കുമാത്രം സാധിക്കുന്നമട്ടിൽ അദ്ദേഹം നിസ്സംഗനായി വിട്ടുനിന്നു. ലോകവും നാകവും അദ്ദേഹത്തിൻെറ ദിവ്യശക്തിയാലും കരുണാവായ്പ്പിനാലും സൗഹൃദത്തിനാലും സർവ്വദാ സന്തോഷിച്ചിരുന്നു. അങ്ങിനെ ജിവിതമാസ്വദിച്ചേറെനാൾ കഴിഞ്ഞപ്പോൾ ഗൃഹസ്ഥജീവിതത്തിനോടദ്ദേഹത്തിനു തീരെ താല്പര്യമില്ലാതായി. അതാണു ഭഗവാൻെറ ജീവിതോദാഹരണം. ആ പാദാരവിന്ദങ്ങളെ പിൻതുടരാനാ ഗ്രഹിക്കുന്നവർ എങ്ങിനെ വിഷയാസക്തനും ഇന്ദ്രിയഭോഗിയുമായിത്തീരും? അദ്ദേഹംപോലും സ്വയം ഈശ്വരേച്ഛയ്ക്കും വിധിക്കും അതീതനല്ലത്രേ.

ഇതിനിടയിൽ ഭഗവാൻെറ ബന്ധുപുത്രാദികൾ കളിയായി ഒരു മുനിയെ അപമാനിച്ച് അദ്ദേഹത്തിൻെറ ശാപത്തിന്നിരയായി. അതിനുശേഷം കടലിൽ കുളിക്കാനും സന്ധ്യാവന്ദനത്തിനുമായി അവർ പോവുകയും ബ്രാഹ്മണർക്കും മറ്റും കൈനിറയെ സംഭാവനകൾ നൽകുകയും ചെയ്തു.

**കോ നവീശ തേ പാദസരോജഭാജാം**
**സുദുർല്ലഭോ*f*ർത്ഥേഷു ചതുർഷ്വപീഹ**
**തഥാപി നാഹം പ്രവൃണോമി ഭൂമൻ**
**ഭവത്പദാംഭോജനിഷേവണോത്സുക: (3-4-15)**

ഉദ്ധവർ തുടർന്നു:
യാദവർ എല്ലാവരും കുടിച്ചുമത്തരായി തമ്മിൽ കലഹിച്ച് മരണമടഞ്ഞു. അപ്പോൾ ശ്രീകൃഷ്ണ ഭഗവാൻ അവതാരമവസാനിപ്പിക്കാൻ തീരുമാനിച്ചു. ഭൂമിയിലെ അവതാരോദ്ദേശ്യം നിറവേറിക്ക ഴിഞ്ഞിരുന്നു. എന്നോട് ബദരീകാശ്രമത്തിലേക്ക് പോകാൻ ഭഗവാനാവശ്യപ്പെട്ടു. എന്നിട്ടദ്ദേഹം ഒരു വൃക്ഷത്തിന് കീഴെ ഇരിപ്പുറപ്പിച്ചു. ആ സമയത്ത് ഈശ്വരസാക്ഷാത്ക്കാരം നേടിയ മൈത്രേയമുനി അവിടെയെത്തി.

പ്രിയപ്പെട്ടതും പ്രോത്സാഹജനകവുമായ വാക്കുകൾ കൊണ്ട് ഭഗവാനെനിക്കു ധൈര്യം തന്നു. ദിവ്യമായ ഭാഗവതപുരാണം പറഞ്ഞുതന്ന് ഇതു തന്റെ അവസാനജന്മമാണെന്നു ഭഗവാനരുളി. കൈകൂപ്പി ഒരുന്മത്താവസ്ഥയിൽ ഞാൻ പ്രാർത്ഥിച്ചു. “ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ ഏതും അങ്ങയിൽ ഭക്തരായിട്ടുളളവർക്ക് നിഷ്പ്രയാസമല്ലൊ. അല്ലയോ സീമാതീതനും കാലാതീതനുമായ ഭഗവനേ അവിടുത്തെ കാലിണകളല്ലാതെ മറ്റൊന്നും ഞാൻ കൊതിക്കുന്നില്ല. അങ്ങയുടെ ജീവിതവും കർമ്മങ്ങളും ഏറെ അത്ഭുതം നിറഞ്ഞതും മനുഷ്യനാൽ മനസ്സിലാക്കാൻ കഴിയാത്തതുമത്രെ. അങ്ങ് സർവ്വജ്ഞനും പരമവിജ്ഞാനത്തിൽ വിലീനനുമാണല്ലൊ. എന്നിട്ടും അങ്ങു ചിലപ്പോൾ ഒരജ്ഞാനിയെപ്പോലെ എന്നേപ്പോലുളളവരുടെ ഉപദേശമാരായുന്നു. ഇതിന്നുമെനിക്കു മനസ്സിലാകാത്ത കാര്യമാണ്. അങ്ങേക്കുമാത്രമേ അവിടുത്തെ മഹിമ ഞങ്ങൾക്കായി വിവരിച്ചു തരാനാവൂ.” പിന്നീട് ഭഗവാൻ സ്വയം ആ പ്രഭാവത്തെ എനിക്കു കാണിച്ചുതന്നു. നരനാരായണന്മാർ തപസ്സുചെയ്യുന്ന ബദരീകാശ്രമത്തിലേക്ക് ഭഗവാനെ നമസ്കരിച്ചു ഞാൻ പുറപ്പെട്ടിരിക്കുകയാണ്.” സർവ്വനാശത്തിന്റെ കഥയറിഞ്ഞ വിദുരൻ വിഷാദചിത്തനായി. പിന്നീടദ്ദേഹം ഉദ്ധവരോടു പറഞ്ഞു. “ഭഗവത്സന്നിധിയിൽ നിന്നും അങ്ങു കേട്ടറിഞ്ഞ ആ കഥാമൃതത്തെ എനിക്കും പറഞ്ഞു തന്നനുഗ്രഹിച്ചാലും.”

ഉദ്ധവർ പറഞ്ഞു: “വിദുരരേ, ഭഗവാൻ മൈത്രേയമുനിക്ക് ഭാഗവതം പറഞ്ഞു കൊടുക്കുമ്പോൾ ഞാൻ അടുത്തുതന്നെ ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൽനിന്നു തന്നെ ഭാഗവതം കേട്ടുകൊളളുക.” ശുകൻ പറഞ്ഞു: ഉദ്ധവർ യമുനാനദീതീരത്ത് ഒരുരാത്രിമുഴുവൻ ചിലവഴിച്ച് പിറ്റേന്നുരാവിലെ സ്ഥലം വിട്ടു. പരീക്ഷിത്തു ചോദിച്ചു: “ശ്രീകൃഷ്ണന്റെ കുടുംബവും കുലവും മറ്റെല്ലാവരും മനുഷ്യത്ത്വം പോലും സർവ്വനാശത്തിനടിമയായിട്ടും ഭഗവാൻസ്വയം ഭൂമിയിൽനിന്നും തിരോധാനം ചെയ്തിട്ടും ഉദ്ധവർമാത്രം എങ്ങിനെയാണ് രക്ഷപ്പെട്ടു നിലകൊണ്ടത്?” ശുകൻ പറഞ്ഞു: “ഇതും കൃഷ്ണഭഗവാന്റെ ഇച്ഛയത്രെ.”

ഭഗവാൻ ആലോചിച്ചു:
“എന്റെ ഈ അവതാരം അവസാനിച്ചു കഴിഞ്ഞാൽ ഭക്തോത്തമനും സ്വയം സാക്ഷാത്ക്കാരം നേടിയ വനുമായ ഉദ്ധവർ എന്നേക്കുറിച്ചുളള സത്യം കാത്തുരക്ഷിച്ചുകൊളളും. ഉദ്ധവർ എന്റെതന്നെ സ്വരൂപമത്രെ. സ്വയംപരിപൂർണ്ണനും ഇന്ദ്രിയാതീതനുമായ ഉദ്ധവർതന്നെയാണീ ജ്ഞാനത്തെ ഭൂമിയിലെ മനുഷ്യരാശിക്കായി പറഞ്ഞു മനസ്സിലാക്കാൻ യോഗ്യനായിട്ടുളളത്.” ഉദ്ധവർ ബദരീകാശ്രമത്തിലേക്ക് പുറപ്പെട്ടുകഴിഞ്ഞപ്പോൾ വിദുരർ ദു:ഖഭാരത്തോടെ ഗംഗാതീരത്തേക്കു പുറപ്പെട്ടു. അവിടെച്ചെന്ന് മൈത്രേയമുനിയെ കണ്ടു.

**ജനസ്യ കൃഷ്ണാദ്വിമുഖസ്യ ദൈവാ**
**ദധർമ്മശീലസ്യ സുദു:ഖിതസ്യ**
**അനുഗ്രഹായേഹ ചരന്തി നൂനം**
**ഭൂതാനി ഭവ്യാനി ജനാർദ്ദനസ്യ (3-5-3)**

ഹരിദ്വാരിൽവെച്ച് മൈത്രേയനെ കണ്ടപ്പോൾ വിദുരർ ചോദിച്ചു:
"ഭഗവാനേ, മനുഷ്യർ സുഖത്തിനായി കഷ്ടപ്പെടുന്നുണ്ടെങ്കിലും ആ കർമ്മങ്ങൾ അവന് സമാധാനം നൽകുന്നില്ലെന്നുമാത്രമല്ലാ അവരുടെ ദു:ഖങ്ങൾ വർദ്ധിക്കുകയത്രേ ചെയ്യുന്നത്. എന്താണ് മനുഷ്യർ ചെയ്യേണ്ടതെന്നങ്ങു പറഞ്ഞു തന്നാലും. കൃഷ്ണഭക്തന്മാർ ലോകംമുഴുവൻചുറ്റി അധാർമ്മികളെപ്പോലും ഭഗവൽനാമമഹിമയാലനുഗ്രഹിച്ചു രക്ഷിക്കാൻ ശ്രമിക്കുന്നു. ഒരുവൻെറയുള്ളിൽ ഭഗവാൻ സിംഹാസന സ്ഥനാവാൻ വേണ്ടി അവൻ ചെയ്യേണ്ട കാര്യങ്ങളെന്തൊക്കെയാണ്? ആ ഭഗവൽസാന്നിദ്ധ്യമാണല്ലൊ പരമവിജ്ഞാനത്തിൻെറ വെളിച്ചം ഹൃദയത്തിൽ നിറക്കുന്നത്. ഭഗവാനീ ജഗത്തിനെ സൃഷ്ടിച്ചതെങ്ങനെ യെന്നും എനിക്കറിയാനാഗ്രഹമുണ്ട്. ഭഗവത്സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ രഹസ്യവും അവിടുന്നു ലോകരക്ഷക്കായി അവതാരമെടുക്കുന്നതെങ്ങനെയെന്നും പറഞ്ഞുതന്നാലും. ഭഗവദവതാരങ്ങൾ മനുഷ്യൻേറയും ദേവന്മാരുടേയും അസുരന്മാരുടേയും നന്മയ്ക്കായി പ്രവർത്തിക്കുമ്പോഴും സ്വയം കർമ്മബന്ധിതമല്ല എന്നു ഞാനറിയുന്നു. വ്യാസമുനിയിൽനിന്നും ലൌകീകമനുഷ്യരുടെ ധർമ്മത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ആ കാര്യങ്ങളിൽ ഇപ്പോഴെനിക്കു താൽപ്പര്യമില്ല. കാരണം അതുകൊണ്ടു ലഭിക്കുന്ന നൈമിഷികാനന്ദം എന്നെയാകർഷിക്കുന്നില്ല. ആവർത്തനവിരസമായ ജീവിതാസ്ഥിത്വത്തിൻെറ കെട്ടുപാടുകളിൽനിന്നും ക്ഷണനേരംകൊണ്ട് വിമുക്തമാക്കാൻ പര്യാപ്തമത്രെ ഭഗവൽനാമവും കഥകളും. അതങ്ങയേപ്പോലുള്ള ദിവ്യപുരുഷന്മാരുടെ നാവിൽനിന്ന് ഒരുവൻെറ ചെവികളിലെത്തുന്നമാത്രയിൽ ദു:ഖ പൂർണ്ണമായ അസ്ഥിത്വത്തിൽനിന്ന് അവൻ മോചിതനാവുന്നു. ശ്രീകൃഷ്ണകഥകളിലും മഹിമയിലും താൽപര്യമില്ലാതെ അജ്ഞാനത്തിൻെറ പിടിയിൽപ്പെട്ടിരിക്കുന്നവരെയോർത്തെനിക്കു സഹതാപം തോന്നുന്നു. കാലം (യമദേവൻ) അവരുടെ ജീവിതത്തെ വൃഥാവ്യായാമങ്ങളിലും വ്യാപാരങ്ങളിലും അനാവശ്യചിന്തകളിലും പ്രവർത്തികളിലുമായി നശിപ്പിച്ചു കളയുന്നു. അതുകൊണ്ട് മഹാമുനേ, മോക്ഷപ്രാപ്തിക്കായി ആ ഭഗവദവതാരകഥകൾ വിശദമായി പറഞ്ഞുതന്നാലും."

മൈത്രേയൻ പറഞ്ഞു:
നല്ല ചോദ്യം തന്നെ വിദുരരേ, വരും തലമുറകൾക്കു കടപ്പാടുണ്ടാകുമാറുചിതമായ ഉത്തരത്തെ തേടുന്ന ഉന്നതമായ ചോദ്യങ്ങളാണങ്ങുന്നയിച്ചത്. ആദിമസൃഷ്ടിക്ക്മുൻപ് ഭഗവാൻ മാത്രമേയുണ്ടായിരുന്നുള്ളൂ. അന്തർലീനമായിരുന്ന അഹംബോധത്തിൽ അവിടുന്നാലോചിച്ചു. "എനിക്ക് അസ്ഥിത്വമുണ്ടോ?." ഈ ശക്തി (മായാശക്തി) ഒരേസമയം അവിടുത്തേതായതിനാൽ ഉൺമയും അവിടുത്തെവിട്ടൊരസ്ഥിത്വമില്ലാത്തതിനാൽ മിഥ്യയുമാണ്. ഈ ശക്തിയാലാണ് അവിടുന്നു വിശ്വനിർമ്മിതി ചെയ്തത്. ഈ ശക്തിയുടെ ഇളകിമറിയലിൽ അന്തർലീനമായിരുന്ന ഗുണഗണങ്ങൾ ഉണർന്നു. ഭഗവാൻ സ്വയം ആത്മാവായി (പുരുഷൻ) ഇവകളിൽ പ്രവേശിച്ചു. ഇങ്ങിനെ ഇതുവരെ പ്രകടമാകാതിരുന്ന വിശ്വബുദ്ധിയിൽനിന്നും ബോധമുളവായി. മഹാതത്വത്തിൽ (വിശ്വബോധം) നിന്നും അഹം ഉണ്ടായി. അഹമാണ് പഞ്ചഭൂതങ്ങൾക്കും ഇന്ദ്രിയങ്ങൾക്കും മനസ്സിനും കാരണം. അഹമാകട്ടെ മൂന്നുവിധത്തിലാണ്. സാത്വികം, രാജസികം, താമസീകം. സാത്വികത്തിൽനിന്ന് മനസ്സും ബുദ്ധിയും ഇന്ദ്രിയനിയന്ത്രണവും ഉണ്ടായി. രാജസീകത്തിൽനിന്നും കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും ഉണ്ടായി. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചഭൂതങ്ങൾ തമോജന്യമത്രേ. പഞ്ചഭൂതങ്ങൾ ഒരോന്നും അടുത്തതിൻെറ കാരണമായിത്തീരുകയും അതു മുൻപിലത്തേതിൻെറ ഗുണങ്ങൾ സ്വാംശീകരിക്കയും ചെയ്യുന്നു. ഇതിൻെറയെല്ലാം ദേവതകളായി വർത്തിക്കുന്നത് ഭഗവാൻ വിഷ്ണുവിൻെറ പ്രഭാകിരണങ്ങൾ തന്നെയാണ്. സ്വയം പ്രവർത്തനോൻ മുഖമാകാൻ കഴിയാതെ ഈ ദേവതകളെല്ലാം ഭഗവാനെത്തന്നെ പ്രാർത്ഥിച്ചു.

**നമാമ തേ ദേവ പദാരവിന്ദം
പ്രപന്നതാപോപശമാതപത്രം
യന്മൂലകേതാ യതയോ*f*ഞ്ജസോരു
സംസാരദു:ഖം ബഹിരുത്ക്ഷിപന്തി (3-5-39)
വിശ്വസ്യ ജന്മസ്ഥിതിസംയമാർത്ഥേ
കൃതാവതാരസ്യ പദാംബുജം തേ
വ്രജേമ സർവ്വേ ശരണം യദീശ
സ്മൃതം പ്രയച്ഛത്യഭയം സ്വപുംസാം (3-5-43)**

ദേവതകൾ പറഞ്ഞു:
"ഞങ്ങൾ അവിടുത്തെ പാദാരവിന്ദങ്ങളെ നമിക്കുന്നു. അഭയം തേടുന്നവർക്കു ദുഃഖ:ശമനം നൽകുന്നതും ധ്യാനികളായ മുനിമാർക്ക് വിരസമായ ജീവിതത്തിൽ നിന്ന് മുക്തിയേകുന്നതുമാണല്ലോ ആ തൃപ്പാദകമലങ്ങൾ. ഈ ലോകത്തിലെ ജീവജാലങ്ങൾ മൂന്നുവിധത്തിലുള്ള ആധിയാൽ മനസ്സുഖമില്ലാതെ ജീവിക്കുമ്പോൾ ശാന്തിക്കായി അവിടുത്തെ പാദങ്ങളെ പ്രാപിക്കുന്നു. വിജ്ഞാനത്തിൻെറ ഉറവിടമാണാതൃപ്പാദങ്ങൾ. ഗംഗാജലത്തെപ്പോലും പുണ്യതീർത്ഥമാക്കുന്ന വൈദികമന്ത്രങ്ങൾ ജപിച്ചുകൊണ്ട് മാമുനിമാർ ധ്യാനിക്കുന്നതും ആ കാലടികൾ തന്നെ. ഹൃദയത്തിൽ ഭക്തിനിറഞ്ഞു സംശുദ്ധമായ അവരുടെയുള്ളിൽ പരമവിജ്ഞാനവും വൈരാഗ്യവും നിറയുന്നത് അവിടുത്തെ കഥകളും മഹിമകളും കേട്ട് മനോനിയന്ത്രണം ചെയ്യാൻ കഴിയുന്നതുകൊണ്ടത്രേ. ആ പാദമലരിണയെ ഞങ്ങളും അഭയം പ്രാപിക്കുന്നു. ഭഗവൻ: സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കായി അവിടുന്ന് ദ്രവ്യവസ്തുക്കളിലേക്ക് ഇറങ്ങിവന്നിരിക്കുന്നു. സർവ്വവിധഭയങ്ങളിൽനിന്നും മോചനംകിട്ടാൻ ഞങ്ങൾ ആത്മസമർപ്പണം ചെയ്യട്ടെ. 'എൻേറത്, ഞാൻ' എന്നീ ചിന്തകൾ കൊണ്ടു ശരീരത്തോടും കുടുംബത്തോടും മാത്രം കൂറുകാട്ടുന്നവർക്ക് അപ്രാപ്യമായ ആ കാലടികളെ ഞങ്ങൾ പൂജിക്കുന്നു. പരമപുരുഷനായ ഭഗവാനേ, കളങ്കമേറ്റ വാസനകളുടെ ബലത്തിനാൽ സുഖഭോഗവസ്തുക്കളുടെ ആകർഷണത്തിൽപ്പെട്ടുപോയ മനസ്സു കാരണം അവിടുത്തെ ഭക്തരുടെ മഹിമയോ അവിടുത്തെ പാദങ്ങളെ പൂജിക്കുന്നതുകൊണ്ടുള്ള മേന്മയോ അവർക്ക് മനസ്സിലാകുന്നില്ല. എന്നാൽ ഭഗവത് കഥാമഹിമകളിൽ മനസ്സുകുളുർന്ന് ഭഗവൽപ്രേമം മനസ്സിൽനിറച്ച് വിവേകവും വൈരാഗ്യവും പരിപാലിച്ചു ജീവിക്കുന്ന ഭക്തർക്കാകട്ടെ താമസംവിനാ അങ്ങയെ പ്രാപിക്കാൻ കഴിയുന്നു. എന്നാൽ മറ്റുചിലർ ശക്തിയേറിയ മായയെ കീഴടക്കി യോഗസമാധിയിലൂടെ പരമപദത്തെ പ്രാപിക്കുന്നു. ഈ വീരന്മാരുടെ പാത തികച്ചും ദുഷ്കരമാണ്. എന്നാൽ ഭക്തദാസന്മാരുടെ വഴി ഏറ്റവും ലളിതമത്രെ.

ഭഗവാനേ, വിശ്വത്തിൻെറ അസ്ഥിത്വത്തിനായാണ് ഞങ്ങൾ ജനിച്ചിട്ടുള്ളതെന്ന് ഞങ്ങളറിയുന്നു. എങ്കിലും പരസ്പരം യോജിക്കാതെയും ബന്ധപ്പെടാതെയും ഏകത്വം മനസ്സിലാക്കാതെ ഞങ്ങൾക്കാ ഭഗവേച്ഛ നടപ്പിലാക്കാൻ കഴിയുന്നില്ല. അവിടുത്തെ ദിവ്യശക്തിയും വീക്ഷണവും തന്ന് അവിടുത്തെക്കുറിച്ച് ശരിയായ ഉൾക്കാഴ്ചയുണ്ടാവാനും ഭഗവദിച്ഛ അറിയാനും ഞങ്ങളെ അനുഗ്രഹിച്ചാലും."

* * * * *

ദേവതകൾ ശരീരത്തിനേയും മനസ്സിനേയും ഭരിക്കുന്ന ബുദ്ധിശക്തികളത്രേ. ആഗ്രഹപൂർണ്ണമായ അഹങ്കാരം ആ ബുദ്ധിശക്തികളുടെ പ്രവർത്തനത്തിൽ ഇടപെടാതെയിരിക്കുമ്പോൾ ഭഗവദിച്ഛ അവയിലൂടെ പ്രകടമാവുന്നു. അവയെ നാം പ്രകൃതിയെന്ന് വിളിക്കുന്നു.

**അതോ ഭഗവതോ മായാ മായിനാമപി മോഹിനീ**
**യത്സ്വയം ചാത്മവർത്മാത്മാ ന വേദ കിമുതാപരേ (3–6–39)**
**യതോ*f*പ്രാപ്യ നിവർത്തന്തേ വാചശ്ച മനസാ സഹ**
**അഹം ചാന്യ ഇമേ ദേവാസ്തസ്മൈ ഭഗവതേ നമ: (3–6–40)**

മൈത്രേയൻ പറഞ്ഞു:
അനന്തരം ഭഗവാൻ കാലത്തിൻെറരൂപത്തിൽ മഹത് തുടങ്ങിയ ഘടകങ്ങളെ നിയന്ത്രിക്കുന്ന ഇരുപത്തിമൂന്നു ദേവതകളിൽ പ്രവേശിച്ചു. ഇവയെ ഏകീകരിച്ച് വിഭിന്നങ്ങളായിരുന്നവയെ ആ വിശ്വപുരുഷൻെറ സമഗ്രഭാഗങ്ങളാക്കിതീർത്തു. അണ്ഠകാഹമായി വീണ്ടും ആയിരം ദേവവർഷങ്ങൾ വിശ്വപുരുഷൻ സ്വയം പ്രകടമാവാതെയിരുന്നു. അതത്രെ ഭഗവാൻെറ ആദ്യാവതാരം. സ്വയം വിശ്വപുരുഷനായി ഒന്നും (ഹൃദയം) പത്തും (പ്രാണൻ തുടങ്ങിയ ശക്തി കേന്ദ്രങ്ങൾ) മൂന്നും (പത്തിന്ദ്രിയങ്ങളും മനസ്സും ഇന്ദ്രിയഭോഗവസ്തുക്കളെ ബന്ധിപ്പിക്കുന്ന ബുദ്ധിശക്തി) ഏന്നിങ്ങിനെ ഭഗവാൻ പ്രകടമായി.

ഭഗവാൻ ഈ സാദ്ധ്യതകളെ പ്രകാശമാനമാക്കി. അങ്ങിനെയീ വിശ്വം സൃഷ്ടിക്കപ്പെട്ടു. ജീവനിൽ പലേവിധ കഴിവുകളും (ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധിശക്തി, വിവേകബുദ്ധി, അഹങ്കാരം) അവക്കാവശ്യമായ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. വസ്തുക്കളും വിവേചനശക്തികളും തമ്മിലുള്ള വിനിമയത്തിനാവശ്യമായ ബുദ്ധിയും ഉണ്ടായി.

വിശ്വപുരുഷനിൽ ബ്രഹ്മാവിൻെറ കേളീരംഗമായ ചിത്തവും നന്മതിന്മകൾ തിരിച്ചറിയാനുള്ള ബുദ്ധിയുമുണ്ടായി. അവൻെറ തലയിൽനിന്ന് സ്വർഗ്ഗവും കാലടികളിൽനിന്നു ഭൂമിയും ഉദരഭാഗത്തു നിന്നും അന്ത:രീക്ഷവും ഉത്ഭവിച്ചു. ദൈവീകമായ സാത്വികജീവികൾ സ്വർഗ്ഗത്തിലും, മനുഷ്യരും മൃഗങ്ങളും അവരുടെ രാജസീകസ്വഭാവം മൂലം ഭൂമിയിലും, ഭൂതപ്രേതാദികൾ തങ്ങളുടെ താമസീക സ്വഭാവത്താൽ അന്തരീക്ഷത്തിലും അലയുന്നു.

വിശ്വപുരുഷൻെറ വായിൽനിന്നും വേദങ്ങളും ഗുരുക്കന്മാരായ ബ്രാഹ്മണരും ഉണ്ടായി. അവൻെറ കൈകാലുകളിൽനിന്ന് ക്ഷത്രിയരുണ്ടായി. അവർ സമൂഹത്തിൻെറ രക്ഷാപ്രവർത്തനങ്ങൾ ചെയ്യേണ്ടവരത്രേ. അവൻെറ തുടകളിൽനിന്നു കൃഷികളും വ്യവസായങ്ങളും മറ്റുപ്രവൃത്തികളും ഉൽഭവിച്ചു. വൈശ്യർ എല്ലാവർക്കുംവേണ്ട ഭക്ഷണം ഉണ്ടാക്കുന്നവരത്രേ. വിശ്വപുരുഷൻെറ കാലടികളിൽനിന്ന് ശൂദ്രന്മാർ ഉണ്ടായി. ഭഗവാൻെറ സേവനത്തിലേർപ്പെട്ട് എല്ലാവർക്കും വേണ്ട ജോലികൾ ചെയ്യലാണ് ശൂദ്രന്മാരുടെ കർത്തവ്യം. ഭഗവൽസേവതന്നെയാണ് ശൂദ്രന്മാരുടെ പ്രവൃത്തികളേതും. ഇങ്ങിനെ ഓരോ വിഭാഗങ്ങളിലുള്ളവരും തങ്ങളുടെ ജോലി ഭംഗിയായി ചെയ്യുന്നതുവഴി ഭഗവാനെ പ്രീതിപ്പെടുത്തുന്നു.

ആ വിശ്വപുരുഷൻെറ മഹിമയെ പൂർണ്ണമായി വിവരിക്കാൻ ആർക്കു കഴിയും? ആ ഭഗവൽനാമമഹിമയെ വാഴ്ത്തിപ്പാടുകമാത്രമാണ് നമുക്കുചെയ്യാൻ കഴിയുന്ന പ്രയോജനപ്രദമായ ഒരെയൊരു ജോലി. എങ്കിലും സൃഷ്ടാവിനുപോലും സ്വയമാമഹിമയെ പൂർണ്ണമായി വിവരിക്കാനാവില്ല. മായാശക്തിയുടെ അപാരതകൊണ്ട് അപൂർവ്വശക്തിശാലികൾ പോലും അതിനടിമപ്പെടുന്നു. ഒരുപക്ഷേ ഭഗവാനുതന്നെ തൻെറ മായാശക്തിയുടെ ആഴമളക്കാൻ കഴിയുമോയെന്നു സംശയം. പിന്നെ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ? എന്നേപ്പോലുള്ള മുനിമാർക്കും ദേവന്മാർക്കുപോലും അപ്രാപ്യനും മനസ്സിനുംവാക്കിനുമതീതനുമായ ഭഗവാന് നമോവാകം.

**യദർത്ഥേന വിനാമുഷ്യ പുംസ ആത്മവിപര്യയ:**
**പ്രതീയത ഉപദ്രഷ്ടുസ്സ്വശിരശ്ഛേദനാദിക: (3-7-10)**
**സ വൈ നിവൃത്തിധർമ്മേണ വാസുദേവാനുകമ്പയാ**
**ഭഗവദ്ഭക്തിയോഗേന തിരോധത്തേ ശനൈരിഹ (3-7-12)**
**യശ്ച മൂഢതമോ ലോകേ യശ്ച ബുദ്ധേ: പരം ഗത:**
**താവുഭൌ സുഖമേധേതേ ക്ലിശ്യത്യന്തരിതോ ജന: (3-7-17)**
**സർവ്വേ വേദാശ്ച യജ്ഞാശ്ച തപോ ദാനാനി ചാനഘ!**
**ജീവാഭയപ്രദാനസ്യ ന കുർവ്വീരൻ കലാമപി. (3-7-41)**

വിദുരർ ചോദിച്ചു:
“ഭഗവാൻ തൻെറ ലീലാവിലാസങ്ങളുടെ ഭാഗമായി വിശ്വസൃഷ്ടി നടത്തിയെന്ന് എങ്ങിനെ പറയാൻ കഴിയും? ഒരു കുട്ടി തൻെറ കളിക്കോപ്പുകളോട് താൽപ്പര്യവും അടുപ്പവും ഉള്ളതുകൊണ്ടാണ് അതുമായി കളിക്കാൻ പോകുന്നത്. ഭഗവാനാകട്ടെ ആഗ്രഹങ്ങളില്ല. അവിടുന്ന് അനന്തസത്യമാണല്ലൊ. ഭഗവാൻ മായയിലൂടെ യാണിതെല്ലാം ചെയ്യുന്നതെന്നുവെച്ചാൽ ഈ മായ അവിടുത്തെ എങ്ങിനെ ബാധിക്കും? എല്ലാത്തിനും ഉള്ളിൽ സ്ഥിതമായിട്ടുള്ളത് അവിടുത്തെ പ്രഭാവം മാത്രമാണല്ലൊ. അതുകൊണ്ട് അവിടുന്നെങ്ങിനെ കർമ്മബന്ധ നിയമങ്ങളാൽ നിയന്ത്രിതനാവുന്നു എന്നു പറഞ്ഞു തന്നാലും.”

മൈത്രേയമുനി പറഞ്ഞു:
“വിശ്വനാഥനായ ഭഗവാൻ എന്തിൻെറയെങ്കിലും നിയന്ത്രണത്തിലാണെന്നത് സംഭവ്യമല്ല. എങ്കിലും മായാശക്തി അപാരമത്രെ. ജീവൻ മായാബന്ധിതമെന്നുതോന്നുമെങ്കിലും യാഥാർഥ്യത്തിൽ അത് സംഗവിമുക്തമത്രേ. സ്വപ്നത്തിൽ സ്വന്തം തല നഷ്ടപ്പെട്ടു എന്നു തോന്നുന്നതു പോലെയാണിത്. വിദുരരേ, വെള്ളത്തിലെ ചന്ദ്രബിംബം ഓളങ്ങളുടെ ഇളക്കത്തിനനുസരിച്ച് ഇളകിമറിയുമ്പോഴും ചന്ദ്രനു മാറ്റമൊന്നുമില്ല. ചന്ദ്രൻ ഇളകുന്നതായി തോന്നുന്നത് തെറ്റായ ബോധംകൊണ്ടാണ്. തൻെറശരീരത്തെ താനെന്നുകരുതി ശരീരത്തിൻെറ ജര, നര, വിശപ്പ്, മരണം, തുടങ്ങി എല്ലാമായി താദാത്മ്യഭാവം പ്രാപിക്കുമ്പോൾ ജീവൻ ഈ അവസ്ഥകളുടെ ബന്ധനത്തിലായിത്തീരുന്നു. ഈ തെറ്റായ തദാത്മ്യഭാവം ശ്രീകൃഷ്ണഭഗവാൻെറ കരുണാകടാക്ഷത്താൽ ക്രമേണ നഷ്ടമാവുന്നു. ഇതിനായി ലൌകീകാസക്തിവെടിഞ്ഞ് ഭഗവൽഭക്തിക്കായി ജീവിതം സമർപ്പിക്കുകയാണു വേണ്ടത്. ഭക്തി ഹൃദയത്തിൽനിറഞ്ഞ ഒരുവനെ സുഖദു:ഖങ്ങളോ ലൌകീകാവസ്ഥകളോ അലട്ടുന്നില്ല. ദീർഘസുഷുപ്തിയിലാണ്ട ഒരുവന് സുഖദു:ഖങ്ങളിൽ നിന്നും മുക്തി കിട്ടുന്നതു പോലെയത്രെ ഇത്.”

വിദുരർ പറഞ്ഞു: “ഭഗവൻ, എൻെറ സംശയങ്ങൾ തീർന്നിരിക്കുന്നു. ഈ ലോകത്ത് തീരെ അജ്ഞാനി യായവനും വളരെ വിജ്ഞാനമുള്ളവനും മനോബുദ്ധിക്കതീതമായ ശാന്തി ലഭിക്കുന്നു. മറ്റുള്ളവരാണ് വാസ്തവത്തിൽ ദു:ഖിക്കുന്നത്. വസ്തുപ്രപഞ്ചം വാസ്തവത്തിൽ സത്യമല്ല. മായയാകട്ടെ ആത്മാവിൽ സ്വയം ഉത്ഭവിക്കുന്നതത്രേ. എൻെറയീഭാവനയിലെ അപാകതപോലും അവിടുത്തെ പാവനപാദങ്ങളെ സേവിക്കുകവഴി ഇല്ലായ്മചെയ്യാനാവുമെന്നു ഞാൻ കരുതുന്നു. അങ്ങയേപ്പോലുള്ള മാമുനിമാരുടെ പാദസേവനം കൊണ്ടുമാത്രമേ ഭഗവൽപ്പാദാരവിന്ദങ്ങളെ പ്രാപിക്കാനാവൂ എന്നു ഞാൻ മനസ്സിലാക്കുന്നു. ആ പരമപദം വിശ്വമായയെത്തന്നെ അവസാനിപ്പിക്കുന്നു. തീവ്രസാധന ചെയ്യാത്തവർക്ക് ആ ലക്ഷ്യം അസാദ്ധ്യം. അല്ലയോ മുനിവര്യ, ഭഗവൽമഹിമകളെപ്പറ്റി ഇനിയും പറഞ്ഞു തന്നാലും. ഈശ്വരസാക്ഷാത്കാര മാർഗ്ഗങ്ങളെപ്പറ്റി വിവരിച്ചു തന്നാലും. എനിക്ക് ചോദിക്കാൻപോലും അറിഞ്ഞുകൂടാത്ത സത്യങ്ങളെപ്പറ്റിയും എനിക്കു പറഞ്ഞു തരൂ. മാമുനേ, ഒരുജീവനെ സംസാരഭയത്തിൽ നിന്നും ബന്ധമുക്തനാക്കുക എന്നത് വേദപാരായണത്തേക്കാളും യാഗത്യാഗങ്ങളേക്കാളും എത്രയോ പുണ്യപ്രദമാണ്. ”

**തർഹ്യേവ തന്നാഭി സരസ്സരോജ**
**മാത്മാനമംഭഃ ശ്വസനം വിയച്ച**
**ദദർശ ദേവോ ജഗതോ വിധാതാ**
**നാതഃപരം ലോകവിസർഗ്ഗദൃഷ്ടിഃ (3-8-32)**

മൈത്രേയമുനി പറഞ്ഞു:
നിങ്ങളുടെ കുലമത്രയും ഈ ചോദ്യം ചോദിക്കയാൽ ധന്യധന്യമായിരിക്കുന്നു. ഭഗവാൻ സ്വയം വെളിപ്പെടുത്തിയതും മാമുനിപരമ്പരകൾവഴി തലമുറകളായി പറഞ്ഞുകൊണ്ടിരിക്കുന്നതുമായ ഭാഗവത പുരാണം ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം.

സൃഷ്ടിക്കു മുൻപ് ഭഗവാൻ യോഗനിദ്രയിൽ ആദിജലത്തിൽ സ്വാനുഭൂതിയിൽ ലയിച്ചു കിടന്നു. കഴിഞ്ഞ കാലചക്രത്തിലെ ജീവജാലങ്ങളുടെ സൂക്ഷ്മശരീരങ്ങൾ ഭഗവാനിൽ അന്തർലീനമായിരുന്നു. കാലം മാത്രമേ ഉണർന്നിരുന്നുള്ളൂ. ഭഗവദിച്ഛക്കനുസരിച്ച് അവിടുന്ന് നിശ്ചയിക്കുന്ന മാത്രകളിൽ സൃഷ്ടിവാസന യുണർത്തുന്ന ജോലിയും കാലത്തിനായിരുന്നു. ഭഗവാനിൽ അസംഖ്യം ലോകങ്ങൾ ലീനമായിരുന്നു. ഈ ലോകങ്ങളാകട്ടെ കാലത്തിന്റെ നിയന്ത്രണത്തിൽ ഗുണസ്വഭാവമനുസരിച്ച് ഇളകിമറിഞ്ഞുകൊണ്ടേയിരുന്നു. ഈ ഇളകിലിൽ ഭഗവൽനാഭിയിൽനിന്നും പുറത്തുവന്ന സൂക്ഷ്മവസ്തുവിന് താമരപ്പൂവിന്റെ ആകൃതിയുണ്ടായിരുന്നു. അത് ആദിജലത്തിൽ സൂര്യബിംബം പോലെ ശോഭിച്ചു. അതിൽ സൃഷ്ടികർത്താവായ ബ്രഹ്മാവു പ്രത്യക്ഷമായി. ഭഗവാൻ സ്വയം ബ്രഹ്മാവായി രൂപമെടുത്തു. ബ്രഹ്മാവ് നാലു ദിശകളിലേക്കും നോക്കി നാന്മുഖനായി. അദ്ദേഹം സ്വയം ചോദിച്ചു 'ഞാനാരാണ്?'. എന്നെ നിലനിർത്തുന്നതെന്ത്? താമരയായ എന്റെ വാസസ്ഥലത്തെ എങ്ങിനെയാണ് താങ്ങിനിർത്തിയിരിക്കുന്നത്?. ബ്രഹ്മാവ് ആദിജലത്തിൽ മുങ്ങിയിറങ്ങി തന്റെ ഉത്ഭവത്തെപ്പറ്റിയറിയാൻ ഏറെസമയം ജലത്തിൽക്കഴിഞ്ഞു. കാലം ഭഗവാന്റെ സുദർശനമത്രെ. കാലചക്രം ഒരുവന്റെ ആയുസ്സിനെ നിമിഷംപ്രതി കുറച്ചു കളയുന്നു. ബ്രഹ്മാവ് ഈ യത്നം ഉപേക്ഷിച്ച് തീവ്രധ്യാനത്തിൽ ഏർപ്പെട്ടു. നൂറുവർഷത്തെ കഠിന തപസ്സിനുശേഷം വിജ്ഞാനത്തിന്റെ വെളിച്ചം ബ്രഹ്മദേവനിൽ പ്രകാശിച്ചു. വിശ്വംമുഴുവൻ മുങ്ങിയിരിക്കുന്ന ആദിജലത്തിൽ ഭഗവാൻ വിഷ്ണു ശേഷനാഗത്തിന്റെപുറത്തു ശയിക്കുന്നു. (ശേഷനാകട്ടെ മുൻ കാലചക്രങ്ങളിലെ ജീവജാലങ്ങളുടെ വാസനാശേഷമാണ്.)

ഭഗവൽപ്രകാശവുമായി താരതമ്യപ്പെടുത്താൻ മറ്റൊന്നുമില്ല. എല്ലാ ലോകങ്ങളും അവകളിലെ ചരാചര പ്രപഞ്ചങ്ങളും ഭഗവാനിൽ ഒളിഞ്ഞിരിക്കുന്നു. സൂര്യചന്ദ്രന്മാർക്കു പോലും അപ്രാപ്യനായിരിക്കുന്ന ഭഗവാനു ചുറ്റും ദിവ്യായുധങ്ങൾ ചുറ്റിക്കൊണ്ടേയിരിക്കുന്നു. സൃഷ്ടിവാഞ്ഛയാൽ ബ്രഹ്മദേവൻ വിശ്വനിർമ്മിതിക്കായി തന്റെ താങ്ങായിരിക്കുന്ന താമരയേയും ആദിജലത്തേയും ആദിശബ്ദത്തേയും ആകാശത്തേയും തന്നെത്തന്നേയും മനസ്സിൽക്കണ്ടു. പിന്നെ മനസ്സിനെ ഭഗവാനിലുറപ്പിച്ചുകൊണ്ട് അവിടുത്തെ മഹിമകൾ വാഴ്ത്താൻ തുടങ്ങി.

**യാവത് പൃഥക്ത്വമിദമാത്മന ഇന്ദ്രിയാർത്ഥ
മായാബലം ഭഗവതോ ജന ഈശ പശ്യേത്
താവന്ന സംസൃതിരസൌ പ്രതിസംക്രമേത
വ്യർത്ഥാപി ദു:ഖനിവഹം വഹതീ ക്രിയാർത്ഥാ (3-9-9)
ത്വം ഭാവയോഗപരിഭാവിതഹൃത്സരോജ
ആസ്സേ ശ്രുതേക്ഷിതപഥോ നനു നാഥ പുംസാം
യദ്യദ്ധിയാ ത ഉരുഗായ വിഭാവയന്തി
തത്തദ്വപു: പ്രണയസേ സദനുഗ്രഹായ (3-9-11)**

ബ്രഹ്മാവ് പ്രാർത്ഥിച്ചു:
ഭഗവൻ, ഏറെക്കാലം തപസ്സനുഷ്ഠിച്ച് ഏതു ജ്വലിപ്പിച്ചാൽ ആ സത്യം വെളിച്ചപ്പെടുമോ അതിനെയുണർത്തിയാണ് അവിടുന്നു മാത്രമേ ഉണ്മയായുള്ളൂവെന്നു ഞാനറിഞ്ഞത്. അവിടുന്ന് മായാമേഘപടലങ്ങളാലോ ഇഛാമോഹങ്ങളാലോ ആവൃതനല്ലതന്നെ. അവിടുത്തെ മായയുടെ ഘടകങ്ങളായ മൂന്നു ശക്തികളുടെ സംതുലിതാവസ്ഥക്ക് ഇളക്കം തട്ടുമ്പോൾ അവിടുന്നു സ്വയം പലതായി കാണപ്പെടുന്നു. ആ ദിവ്യരൂപം എനിക്കിപ്പോൾ പ്രത്യക്ഷമായിരിക്കുന്നു. അതുപോലെ അനേകം രൂപങ്ങളായി അനിത്യങ്ങളായ ലോകങ്ങളിലേക്കിറങ്ങിവന്ന് ഭക്തർക്കും ആശ്രിതർക്കും പ്രാപ്യനായി സ്വയം നിലകൊള്ളുന്നു. അവിടുത്തെ പാദാരവിന്ദങ്ങളെ ആശ്രയിക്കുന്നവർക്ക് ഭയമോ മായാമോഹമോ ഉണ്ടാവുന്നതല്ല. സമ്പത്തിനാലും സുഹൃത്തുക്കളാലും ഗൃഹത്താലും ഒരുവന് ഭയം, ദു:ഖം, സംഗം, അത്യാഗ്രഹം എന്നിവ ഉണ്ടാവുകയും അവകളിൽ വ്യഥാഭിമാനം ഉണ്ടാവുകയും ചെയ്യുന്നു. ഭഗവൽപ്പാദത്തിലഭയം ലഭിക്കുംവരെ ഇതു കൊടുംദു:ഖത്തിന് കാരണമാവുന്നു. തുടർച്ചയായി ഭഗവൽക്കാര്യങ്ങളിലേർപ്പെട്ട് പൂജ, കീർത്തനം, ഭഗവൽമഹിമാകഥനം ഇവയിൽ മുഴുകി ആ പാദാരവിന്ദങ്ങളിൽ പ്രേമത്തോടെ ജീവിക്കുന്നവർക്ക് അവിടുത്തോടൊന്നുചേരാൻ കഴിയുന്നു. ഇന്ദ്രിയങ്ങളുടെ മായാശക്തിയാലും ശ്രദ്ധയെ വികേന്ദ്രീകരിക്കാനുള്ള കഴിവിനാലും അവിടുത്തോട് വിഭിന്നനായി തോന്നുന്നിടത്തോളം കാലം അന്തമില്ലാത്ത ജനനമരണ ചക്രത്തിൻെറ പിടിയിൽനിന്നും ഒരുവനു മോചനമില്ല. ഇതുൺമയല്ലെങ്കിലും ദു:ഖഹേതുവത്രെ.

അവിടുത്തെ മഹിമ അപാരം തന്നെ. ആ സവിധത്തിലേക്ക് എത്തിച്ചേരാനുള്ള വഴി കാട്ടിത്തരുന്നതും അവിടുന്നു തന്നെ. അവിടുത്തെ കഥകൾ കേൾക്കുകയാണ് ആ വഴിയിലെത്തിച്ചേരാനുള്ള മാർഗ്ഗം. ഭക്തിയാൽ പരിശുദ്ധമാക്കപ്പെട്ട ഹൃദയങ്ങളിലാണല്ലോ അവിടുന്നു നിവസിക്കുന്നത്. ഭക്തഹൃദയങ്ങളിലും ബോധമണ്ഡലത്തിലും അങ്ങയെ സ്മരിക്കുന്ന അതേ രൂപഭാവങ്ങളിൽ ദർശനം നൽകി അങ്ങവരെ അനുഗ്രഹിക്കുന്നു. ഭഗവൻ, അവിടുന്ന് ക്ഷിപ്രപ്രസാദിയത്രെ. ആഢംബരപ്രദമായ പൂജാദി കർമ്മങ്ങൾ ചെയ്യുന്നയാളുകളോടുള്ളതിനേക്കാൾ സഹജീവികളോട് കരുണ കാണിക്കുന്നവരോടാണവിടുത്തേക്ക് പ്രിയം. അവിടുന്നുസ്വയം പലേ രൂപഭാവങ്ങളോടെ ഇവിടെ നിലകൊള്ളുന്നതായിക്കാണുന്നു. ചരാചര-ജീവനിർജീവജാലങ്ങളുടെ അസ്ഥിത്വത്തിനടിസ്ഥാനം അങ്ങാണല്ലോ. ലോകത്തിൻെറ സൃഷ്ടികർത്താവെന്ന നിലയിൽ എന്നിൽ അഹംഭാവമുദിക്കാതിരിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു.

ഭഗവാൻ പറഞ്ഞു: “എൻെറ മഹിമയാൽത്തന്നെയാണ് നിങ്ങൾ തപസ്സനുഷ്ഠിച്ച് സൃഷ്ടിശക്തിയുണർത്തിയത്. ബ്രഹ്മാവേ, നിങ്ങൾ ധ്യാനനിരതനായി എന്നെത്തിരഞ്ഞപ്പോൾ ഹൃദയത്തിൽ പ്രത്യക്ഷനായതും ഞാനാണെന്നറിഞ്ഞാലും. എല്ലാറ്റിലുമെന്നെ ദർശിക്കുന്നവന് മായാമോഹബന്ധത്തിൽ കഷ്ടപ്പെടേണ്ടിവരികയില്ല. ആത്മാവ് ഇന്ദ്രിയങ്ങളോടോ പഞ്ചഭൂതങ്ങളോടോ ബന്ധിക്കപ്പെട്ടിരിക്കുന്നില്ല എന്നറിയുകയും അതുമാത്രമാണുൺമ എന്നു സാക്ഷാത്ക്കരിക്കുകയും ചെയ്യുന്നവൻ മുക്തനത്രെ. എല്ലാവിധത്തിലുള്ള പൊതുജനസേവയും ആത്മീയകാര്യങ്ങളും എന്നെ ലക്ഷ്യമാക്കിയാണെന്ന് അവൻ മനസ്സിലാക്കുന്നു. ഇപ്പോഴുള്ള ഈ മന:ശ്ചാഞ്ചല്യം മാറ്റി എൻെറ ഇഛപ്രകാരമുള്ള സൃഷ്ടികർമ്മം തുടങ്ങിയാലും.”

## വിശ്വം വൈ ബ്രഹ്മതന്മാത്രം സംസ്ഥിതം വിഷ്ണുമായയാ
## ഈശ്വരേണ പരിച്ഛിന്നം കാലേനാവ്യക്തമൂർത്തിനാ (3-10-12)

വിദുരരുടെ അഭ്യർത്ഥനയനുസരിച്ച് മൈത്രേയൻ സൃഷ്ടിയെക്കുറിച്ചിങ്ങനെ വിവരിച്ചു:
ഭഗവാനപ്രത്യക്ഷനായിക്കഴിഞ്ഞ് വീണ്ടും നൂറു ദേവവർഷങ്ങൾ ബ്രഹ്മദേവൻ തപസ്സനുഷ്ടിച്ചു. പിന്നീട്, താൻ നിലകൊള്ളുന്നതാമരയും ചുറ്റുമുള്ള പ്രളയജലവും കാറ്റിലാടിയുലയുന്നതായി ബ്രഹ്മാവിനു തോന്നി. വിശ്വത്തിനെ പ്രകടിതാവസ്ഥയിലേക്കു നയിക്കാൻ ഈ താമരയെത്തന്നെയാശ്രയിക്കാൻ നിശ്ചയിച്ച്, ബ്രഹ്മദേവൻ അതിലേക്കിറങ്ങിച്ചെന്ന് താമരയെ മൂന്നായിപ്പിളർന്നു. ഇങ്ങിനെയുണ്ടായ മൂന്നുലോകങ്ങളിലും കർമ്മബന്ധിതനായജീവൻ കർമ്മ-പ്രാരാബ്ധങ്ങളെ അനുഭവിച്ചു തീർക്കുന്നു. മറ്റുയർന്നതലങ്ങളിലുള്ള ലോകങ്ങൾ നിസ്സ്വാർത്ഥരും ദിവ്യരുമായിട്ടുള്ളവർക്കു വേണ്ടിയത്രെ. ഭഗവാൻ മാത്രമായിരുന്ന വിശ്വത്തിൽ കാലത്തിൻെറ പ്രത്യക്ഷാവസ്ഥയിലൂടെ പഞ്ചഭൂതങ്ങളിൽ മാറ്റങ്ങളുണ്ടായി. സ്വയം അനാദിയും അനന്തവുമാണ് ഭഗവാനെങ്കിലും പ്രകടിതവും അല്ലാത്തതുമായ എല്ലാം ഭഗവൽപ്രഭാവങ്ങൾ മാത്രമത്രേ. ഒൻപതുവിധത്തിലാണ് സൃഷ്ടികൾ. പത്താമത്തേത് ഭഗവൽപ്രകൃതിയും സൃഷ്ടികർത്താവിൻെറ സ്വയം മാറ്റവുമാണ്. ആദ്യത്തെ ആറെണ്ണം ഭഗവൽപ്രകൃതിയിൽ നിന്നുമുൽഭവിക്കുന്നു. മറ്റുമൂന്നെണ്ണം ബ്രഹ്മാവിൻെറ സൃഷ്ടികളാണ്. അവയും അന്തിമവിശകലനത്തിൽ ഭഗവൽലീലതന്നെയാണെന്നുകാണാം.

1) മഹത്: വിശ്വബോധവും ബുദ്ധിശക്തിയും ചേർന്ന ഊർജ്ജസ്രോതസ്സ്. 2) അഹങ്കാരം: അഹം 3) സ്ഥൂലരൂപങ്ങൾക്ക് കാരണമായ സൂക്ഷ്മങ്ങളായ പഞ്ചഭൂതങ്ങൾ 4) ഇന്ദ്രിയങ്ങൾ: കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും 5) സാത്വീക അഹം: ഇന്ദ്രിയങ്ങളുടെ അധിദേവതകൾ. 6)തമസ്സ്: അജ്ഞാനം, സത്യത്തെ മൂടുന്ന മായാമൂടുപടം 7) ആറുതരത്തിലുള്ള അചരസൃഷ്ടികൾ: പൂക്കാതെ തന്നെ കായ്കനികൾ തരുന്ന വൃക്ഷങ്ങൾ. വർഷാവർഷങ്ങളിൽ പൂത്തുകായ്ച്ചുമരിക്കുന്ന ചെടികൾ. കട്ടിയുള്ള തോലോടുകൂടിയ വൃക്ഷങ്ങളിൽ പടർന്നുകയറുന്ന വള്ളിച്ചെടികൾ. വൃക്ഷങ്ങളിൽ പടർന്നു കയറാത്ത ചെടികളും പൂത്തുകായ്ച്ചു ഫലംതരുന്ന വൃക്ഷങ്ങളും. മണ്ണിനടിയിൽനിന്നു പോഷകം വലിച്ചെടുത്തു ജീവിക്കുന്നവകൾ. ജീവൻെറയംശം തുലോം അപ്രത്യക്ഷമായിരിക്കുന്ന അചരങ്ങൾ. 8) മൃഗങ്ങൾ: ഭൂമിക്കു സമാന്തരമായിനിന്ന് സമയബോധമോ യുക്തിബോധമോ ഇല്ലാതെ സഹജവാസനകൾക്കനുസൃതമായി ജീവിക്കുന്ന മൃഗങ്ങൾക്ക് ഇന്ദ്രിയങ്ങളാണ് പ്രധാനം. ഇവയുടെ കൂട്ടത്തിൽ 28 ഇനങ്ങളുണ്ട്. ഒറ്റക്കുളമ്പുള്ളവ, ഇരട്ടക്കുളമ്പുള്ളവ, അഞ്ചുനഖങ്ങളുള്ളവ, ആകാശത്തിലെ പക്ഷികൾ എല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. 9) മനുഷ്യജീവികൾ: വിശ്രമമില്ലാത്തവരും, അനന്തമായ പരിശ്രമശീലം കയ്യിലുള്ളവരും, ദുഖ:ജന്യവും വേദനാധിഷ്ഠിതവുമായ ഇന്ദ്രിയസുഖ ഭോഗങ്ങൾക്കടിമകളുമാണ് മനുഷ്യർ. 10) മുനിമാർ, സനകാദികൾ തുടങ്ങിയവർ: ഭഗവൽപ്രകൃതിയും ബ്രഹ്മാവും ചേർന്നു സൃഷ്ടിച്ചവരത്രേ ഇവർ.

ഇവരെക്കൂടാതെ ഭഗവത്സൃഷ്ടിയിൽപ്പെട്ടവർ വേറേയുമുണ്ട്. ദേവതകൾ, പിതൃക്കൾ, രാക്ഷസന്മാർ, ദേവഗായകർ, അപ്സരസ്സുകൾ, യക്ഷന്മാർ, സിദ്ധപുരുഷന്മാർ, അതിഭൌതികശക്തിയുള്ളവർ, ദേവകവികൾ, വിദ്യാധരന്മാർ, ഭൂതപ്രേതാദികൾ, പിശാചുക്കൾ, കിന്നരന്മാർ, കിമ്പുരുഷന്മാർ, അശ്വമുഖന്മാർ എന്നിവരെല്ലാം ഇതിൽപ്പെടുന്നു. എങ്കിലും വിദുരരേ, ഈ ജീവജാലങ്ങളിലെല്ലാം സ്വയംപ്രകടമായി നിലകൊള്ളുന്നത് ആ ഭഗവാൻതന്നെയെന്നറിഞ്ഞാലും.

## തമേവാന്വപിധീയന്തേ ലോകാ ഭൂരാദയസ്ത്രയ:
## നിശായാമനുവൃത്തായാം നിർമുക്തശശിഭാസ്കരം (3-11-28)

മൈത്രേയൻ തുടർന്നു:
ഈ വിശ്വപ്രപഞ്ചം ഉണ്ടായതെങ്ങിനെയെന്നും അതിൻെറ അവസാനമെങ്ങിനെയെന്നും ഇനി ഞാൻ പറഞ്ഞുതരാം. ദ്രവ്യങ്ങളിലേറ്റവും ചെറുതും സ്വയം സംതുലിതമായി നിലകൊള്ളുന്നതുമായ വസ്തുവിന് പരമാണു എന്നു പറയും. മനുഷ്യൻ തൻെറ അറിവില്ലായ്മകൊണ്ട്, ഈ പരമാണുക്കൾ ചേർന്നാണ് മറ്റു വസ്തുക്കൾ ഉണ്ടാകുന്നതെന്നു വിശ്വസിക്കുന്നു. വകതിരിക്കപ്പെട്ടിട്ടില്ലാത്ത ദ്രവ്യവസ്തുക്കൾ സ്വയം മാറ്റത്തിനു വിധേയമാകുംമുൻപ് മഹത്തും അനന്തവുമായ 'അവിശേഷം' എന്നറിയപ്പെടുന്നു. സമയത്തിൻെറ ഏറ്റവും ചെറിയ ഏകകം, പ്രകാശം സഞ്ചരിക്കുന്ന ഏറ്റവും ചെറിയ ദൂരത്തെ ആശ്രയിച്ചിരിക്കുന്നു. ഏറ്റവും വലിയ സമയത്തിൻെറ അളവാകട്ടെ, പ്രകാശം സഞ്ചരിക്കുന്ന ഏറ്റവും കൂടിയ ദൂരത്തേയും ആശ്രയിച്ചിരിക്കുന്നു. പ്രകാശവും ദൂരവും ഒരേ പ്രതിഭാസത്തിൻെറ രണ്ടു വശങ്ങൾ മാത്രമത്രേ.

രണ്ടുപരമാണുക്കൾ ചേർന്ന് ഒരണുവും മൂന്നണുക്കൾ ചേർന്ന് ത്രിസരേണുവും ഉണ്ടാകുന്നു. പ്രകാശത്തിന് മൂന്നുത്രിസരേണുക്കൾ കടന്നുപോകാനെടുക്കുന്ന സമയത്തിന് ത്രുതി എന്നു പറയുന്നു. ഇത് ഏറ്റവും ചെറിയ സമയത്തിൻെറ അളവത്രേ. ഇതു കൺപീലിയുടെ ചലനത്തിൻെറ ഒരംശം മാത്രം. ഈ സമയത്തിൻെറ പലമടങ്ങുകളായി നിമിഷം, മണിക്കൂർ, ദിവസം, മാസം, വർഷം എന്നിവയെ ഗണിച്ചെടുക്കാം. ഒരുവർഷത്തെ പലവിധത്തിൽ ഗണിച്ചെടുക്കുന്നു. സൂര്യൻേറയൊ, വ്യാഴത്തിൻേറയൊ, ചന്ദ്രൻേറയൊ, ചലനസ്വഭാവ മനുസരിച്ചോ, 27 മുതൽ 30 വരെ ദിവസങ്ങളുള്ള മാസങ്ങൾ ചേർത്തുവച്ച കാലയളവായോ ഒരു വർഷം നിർണ്ണയിക്കപ്പെടുന്നു. ധ്യാന്യ-ഫലവർഗ്ഗങ്ങളുടെ വളർച്ചയും മനുഷ്യൻെറ അജ്ഞാനാന്ധകാരത്തിൻെറ മറുമരുന്നായ വെളിച്ചവും ആരിലാശ്രയിച്ചിരിക്കുന്നുവോ ആ സൂര്യഭഗവാനെ ഞാൻ വന്ദിക്കട്ടെ.

4,320,000 മനുഷ്യവർഷങ്ങൾ ചേർന്നതത്രെ നാലുയുഗങ്ങൾ ചേർന്ന ഒരു കാലചക്രം. ഈ മൂന്നുലോക ങ്ങൾക്കുമപ്പുറത്ത് ആയിരം കാലചക്രങ്ങൾ ചേരുമ്പോൾ ബ്രഹ്മാവിൻെറ ഒരു ദിവസമായി. അത്രയും തന്നെ സമയം ബ്രഹ്മാവിൻെറ രാത്രിയും. ബ്രഹ്മാവിൻെറ രാത്രിയിൽ സൃഷ്ടിയടക്കം എല്ലാം സുഷുപ്തിയിലാണ്ടു പോകുന്നു. ഉണരുമ്പോൾ എല്ലാം പുന:സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പകൽ സമയത്ത് പതിനാലു വിശ്വാധിപന്മാരെ ബ്രഹ്മാവ് സൃഷ്ടിക്കുന്നു. അവരാണ് വിശ്വത്തെ ഭരിക്കുന്നവർ. മനു എന്നറിയപ്പെടുന്ന ഇവർ ഭഗവാൻെറ തന്നെ അംശാവതാരങ്ങളത്രേ. ദിവസത്തിൻെറ അന്ത്യത്തിൽ സൃഷ്ടിയെല്ലാം സ്വയമവസാനിപ്പിച്ച് ശാന്തത കൈവരിച്ച് ബ്രഹ്മാവ് സുഷുപ്തിയിലേക്ക് നീങ്ങുന്നു. കാലത്തിൻെറ ശക്തിയിൽ എല്ലാ സൃഷ്ടിയും അദ്ദേഹത്തിൻെറ ഉള്ളിലേക്കു മടങ്ങുന്നു. സൂര്യചന്ദ്രന്മാർ അപ്രത്യക്ഷമാവുന്നു. മൂന്നു ലോകങ്ങളും അദ്ദേഹത്തിലലിഞ്ഞു ചേരുന്നു. ആ ദിവ്യോർജ്ജത്തിൽ ലോകങ്ങളില്ലാതാകുമ്പോൾ മുനിമാരും ദേവകളും മറ്റും ഉയർന്ന തലങ്ങളിലേക്ക് കയറിപ്പോകുന്നു. എല്ലാ ലോകങ്ങളും സമുദ്രം നിറയുന്നു. ഭഗവാൻ മാത്രം ശേഷതൽപ്പത്തിൽ സുഷുപ്തിയിലാണ്ടു നിലകൊള്ളുന്നു.

ബ്രഹ്മദേവൻെറ ഒരു ദിവസം മാത്രമാണിത്. അങ്ങിനെയുള്ള നൂറുവർഷങ്ങളാണ് ബ്രഹ്മാവിൻെറ ആയുസ്സ്. അതിൽ പകുതിക്ക് പാരാർധം എന്ന് പറയുന്നു. നാമിപ്പോൾ രണ്ടാം പാരാർധത്തിൻെറ തുടക്കത്തിലാണ്. വളരെ നീണ്ടതെന്നുതോന്നുന്ന ഈ രണ്ടു പാരാർധങ്ങളും ചേർന്നാലും ഭഗവാൻെറ കണ്ണിമയുടെ ചലനത്തോളമേ ആവുന്നുള്ളൂ. ആ ഭഗവാൻ കാലത്തിനും ദൂരത്തിനും അതീതനത്രെ. പരമാണു മുതൽ ബ്രഹ്മാവിൻെറ ജീവിതകാലംവരെ നീണ്ടുനിൽക്കുന്ന കാലത്തിനുമതീതനത്രേ ഭഗവാൻ. ഈവിശ്വം ചെറിയൊരു പരമാണുമാത്രം. അതിൽ എല്ലാത്തിൻേറയും കാരണഭൂതനായ, അനേകം വിശ്വങ്ങൾക്കും കാരണനായ, വിഷ്ണുഭഗവാൻ, ആ പരമോന്നതവിശ്വപുരുഷൻ നിറഞ്ഞിരിക്കുന്നു.

**തസ്മൈ നമോ ഭഗവതേ യ ഇദം സ്വേന രോചിഷാ**
**ആത്മസ്ഥം വ്യഞ്ജയാമാസ സ ധർമ്മം പാതുമർഹതി. (3-12-32)**

മൈത്രേയൻ തുടർന്നു:
സൃഷ്ടികർത്താവായ ബ്രഹ്മാവ് തൻെറസൃഷ്ടികൾ തുടർന്നുകൊണ്ടേയിരുന്നു. നാനാതരത്തിലുള്ള സൃഷ്ടിയുടെ തുടക്കത്തിൽത്തന്നെ നാനാത്വത്തിൻെറ കാരണമായ ഇരുട്ടിൻെറ തത്വങ്ങളെ ഉണ്ടാക്കി. ആത്മാവിനെക്കുറിച്ചുള്ള അജ്ഞാനം, ശരീരത്തോടുള്ള താദാത്മ്യഭാവം, സുഖാസക്തി, കോപം, മൃത്യുഭയം എന്നിവയെല്ലാം ഇരുട്ടിൻെറ തത്വങ്ങളത്രെ. ഈ സൃഷ്ടിയിൽ തൃപ്തി പോരാഞ്ഞ് ബ്രഹ്മാവ് നാലു മാനസപുത്രന്മാരെ സൃഷ്ടിച്ചു. സനകാദികൾ സൃഷ്ടികർമ്മം തുടരുമെന്നു പ്രത്യാശിച്ചെങ്കിലും അവരതിനു തയ്യാറാകാതെ തപസ്സിനായി പുറപ്പെട്ടു. ബ്രഹ്മാവ് കോപമടക്കിയെങ്കിലും കൺപീലികൾക്കു നടുവിൽനിന്നും ഒരു ബാലനായി ആ കോപം പുറത്തുവന്നു. ബാലൻ വിളിച്ചു ചോദിച്ചു. "എൻെറ പേരെന്ത്? എൻെറ ആസ്ഥാനങ്ങൾ ഏതൊക്കെ?". ബ്രഹ്മാവ് കുട്ടിക്ക് രുദ്രൻ എന്നു പേരിട്ടു. ആസ്ഥാനങ്ങളായി ഹൃദയം, ഇന്ദ്രിയങ്ങൾ, പ്രാണവായു, പഞ്ചഭൂതങ്ങൾ, തപസ്സ് തുടങ്ങിയവയും കൂട്ടിനായി രുദ്രാണിയേയും സൃഷ്ടിച്ചു. രുദ്രൻ സ്വയം സൃഷ്ടി തുടങ്ങി അനേകം ദുഷ്പ്രഭൃതികളെ ഉണ്ടാക്കി. ബ്രഹ്മാവ് രുദ്രനെ തടഞ്ഞ് തപസ്സിനായി പറഞ്ഞയച്ചു.

പിന്നീട്, ബ്രഹ്മാവ് പത്ത് ഋഷിമാരെ തൻെറതന്നെ പലേ അവയവങ്ങളിൽനിന്നായി ജനിപ്പിച്ചു. മടിത്തട്ടിൽനിന്നും നാരദൻ, തള്ളവിരലിൽനിന്നും ദക്ഷൻ, ശ്വാസത്തിൽനിന്നും വസിഷ്ഠൻ, ത്വക്കിൽ നിന്നും ഭൃഗു, കൈകളിൽനിന്നും കൃതു, നാഭിയിൽനിന്നും പുലഹൻ, ചെവികളിൽനിന്നും പുത്സ്യൻ, വായിൽനിന്നും അംഗിരസ്, കൺകളിൽനിന്നും അത്രി, മനസ്സിൽനിന്നും മരീചി, വലതു മാറിടത്തിൽനിന്നും ധർമ്മം, പുറത്തുനിന്നും അധർമ്മം, എന്നിവ ഉണ്ടായി. ഹൃദയത്തിൽനിന്നു സ്നേഹത്തിൻെറ ദേവതയും, കൺപുരികങ്ങളിൽനിന്ന് ദ്വേഷ്യത്തിൻെറ ദേവനും, അത്യാഗ്രഹം താഴത്തെ ചുണ്ടിൽനിന്നും, വാക്ക് വായിൽനിന്നും ഉണ്ടായി.

സ്രഷ്ടാവിന് വാക്കിൽ അഭിനിവേശം ഉണ്ടായി. ബ്രഹ്മകുമാരന്മാർ ഭഗവാനെ പ്രാർത്ഥിച്ചു. "വിശ്വം നിറഞ്ഞുനിൽക്കുന്ന സർവ്വേശ്വരന്, സൃഷ്ടിയിലും പ്രളയത്തിലും വിശ്വത്തിന്നാധാരമായ ജഗദീശന്, നമോവാകം. നിന്തിരുവടി ധർമ്മം രക്ഷിക്കട്ടെ". ബ്രഹ്മാവ് സ്വയം ദേഹംവെടിഞ്ഞ് ഇരുണ്ടമേഘമായി ആകാശത്തിൽ ഒഴുകിനടന്നു. അവിടത്തെ നാലുമുഖങ്ങളിൽനിന്നും നാലുവേദങ്ങൾ, ധർമ്മത്തെ പ്രതിപാദിക്കുന്ന നാലുപുരാണേതിഹാസങ്ങൾ, നാലുശാസ്ത്രങ്ങൾ (യുദ്ധം, വൈദ്യം, സംഗീതം, വാസ്തുവിദ്യ), ധർമ്മത്തിൻെറ നാലു നെടുംതൂണുകൾ (ജ്ഞാനം, ദയ, തപസ്സ്, സത്യം) എന്നിവ ഉണ്ടായി. നാലു ജീവൽഘട്ടങ്ങൾ (ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം), നാലു ദിവ്യസങ്കലനങ്ങൾ, രാഗങ്ങൾ എന്നിവയുണ്ടായി. ബ്രഹ്മാവിൽ നിന്നുതന്നെ സംഗീതവും അക്ഷരവുമുണ്ടായി.

എന്നിട്ടും തൻെറ സൃഷ്ടികൾ വർദ്ധിക്കുന്നില്ലെന്നുകണ്ട് ബ്രഹ്മദേവൻ സ്വയം രണ്ടായിത്തീർന്നു. സ്ത്രീയും പുരുഷനും. സ്വയംഭൂവായ മനുവും ശതരൂപയും. അതുമുതൽ സംയോഗംകൊണ്ട് പ്രജകൾ ഉണ്ടായിത്തുടങ്ങി. അവർക്ക് പ്രിയവ്രതൻ, ഉത്താനപാദൻ എന്നീ രണ്ടു പുത്രന്മാരും ആകൂതി, ദേവഹൂതി, പ്രസൂതി എന്നീ മൂന്നുപുത്രിമാരും ഉണ്ടായി. ഈ പുത്രിമാരാണ് ലോകത്തിന് പ്രജകളെ ഉണ്ടാക്കി കൊടുത്തത്.

(കായം: കാ- ബ്രഹ്മാവ്. കായം- ബ്രഹ്മാവിൻേറത്)

**ഘ്രാണേന പൃത്ഥ്യാ: പദവീം വിജിഘ്രൻ**
**ക്രോഡാപദേശസ്സ്വയമദ്ധ്വരാംഗ:**
**കരാളദംഷ്ട്രോ*f*പ്യകരാളദൃഗ്ഭ്യാ**
**മുദ്വീക്ഷ്യ വിപ്രാൻ ഗൃണതോ*f*വിശത് കം (3-13-28)**

മൈത്രേയൻ തുടർന്നു:
സ്വയംഭൂവമനു ബ്രഹ്മാവിനെ വണങ്ങിയിട്ടു ചോദിച്ചു. "എൻെറ കർത്തവ്യം എന്താണ്? ഏതെല്ലാം ചെയ്താൽ എൻെറ കീർത്തി ഇഹലോകത്തിൽ പരക്കുകയും പരലോകത്തിൽ സദ്വിധിയുണ്ടാവുകയും ചെയ്യുമോ അതെല്ലാം പറഞ്ഞുതരാൻ ഞാൻ പ്രാർത്ഥിക്കുന്നു." മനുവിൻെറ ചോദ്യം ബ്രഹ്മാവിനെ സന്തുഷ്ടനാക്കി. ലോകകർത്തവ്യങ്ങളെപ്പറ്റിയും ഭൂമിയേയും പ്രജകളേയും എങ്ങിനെ ഭരിക്കണമെന്നും ബ്രഹ്മാവ് പുത്രനെ മനസ്സിലാക്കി. അപ്രകാരം ജീവിച്ചാൽ ഭഗവൽപ്രസാദം നിശ്ചയമായും ഉണ്ടാവും എന്നുപറയുകയും ചെയ്തു. പക്ഷെ ഭൂമി കടലിൽ താഴ്ന്നുപോയിരുന്നു. മനു ഭൂമിയെ മുകളിലേക്കു കൊണ്ടുവരാനായി പ്രാർത്ഥിച്ചു.

ബ്രഹ്മാവ് ഭഗവാനെ ധ്യാനിച്ചു. "എന്നെ സൃഷ്ടിച്ച ആ നിന്തിരുവടിതന്നെ ഭൂമിയെ രക്ഷി ക്കാനുള്ള പദ്ധതി തയ്യാറാക്കിത്തരട്ടെ!." ഭഗവാൻെറ മൂക്കിൽനിന്ന് വിരൽവലുപ്പത്തിലുള്ള ഒരു വരാഹം (പന്നി) ഇറങ്ങിവന്നു. ഉടനെ തന്നെ അതുവലുതായി ആന വലുപ്പത്തിൽ പാറപോലെ ഉറച്ചശരീരത്തോടെ നിലകൊണ്ടു. ബ്രഹ്മാവും പുത്രന്മാരും ഈ മൃഗത്തിൻെറ സ്വഭാവവിശേഷങ്ങളെപ്പറ്റി ഊഹിച്ചിരിക്കവേ അത് പർവ്വതാകാരമായിത്തീർന്ന് അലറാൻ തുടങ്ങി. ഭഗവാൻെറതന്നെ അവതാരമാണിതെന്ന് ബ്രഹ്മാവും പുത്രന്മാരും മനസ്സിലാക്കി. ഭഗവാൻെറതന്നെ തത്സ്വരൂപമാണല്ലോ എല്ലാവിധപൂജകളിലും പ്രാർത്ഥനകളിലും യാഗങ്ങളിലുമുള്ളത്.

ഭഗവാൻ വരാഹരൂപത്തിൽ ഭൂമിയെ കണ്ടുപിടിക്കാൻ മണത്തുനടന്നു. കൂർത്തു വലിയ ദംഷ്ട്രങ്ങളുമായിട്ടാണെങ്കിലും മുനിമാരുടെ നേരേ കരുണയോടെ അതങ്ങിനെ നടന്നു. പിന്നീട് സമുദ്രത്തിന്നടിയിലേക്ക് മുങ്ങി. സമുദ്രത്തിൻെറ അഗാധതയിൽ ഭൂമിയെ കണ്ടെത്തി. ഭൂമിയെ സമുദ്രത്തിനു മുകളിലേക്കു പൊന്തിച്ചു കൊണ്ടുവരുമ്പോൾ ഹിരണ്യാക്ഷൻ എന്ന അസുരൻ തടസ്സപ്പെടുത്തിയെങ്കിലും അവൻെറകഥ അപ്പോഴേ കഴിച്ച് ഭൂമിയെ സമുദ്രത്തിനു മുകളിൽ ഉറപ്പിച്ചു നിർത്തി.

ബ്രഹ്മാവും കൂട്ടരും ഭഗവാന് 'ജയജയ' പാടി. ധ്യാനത്തിൻേറയും ത്യാഗത്തിൻേറയും ആത്മാവായ അവിടുത്തേക്ക് നമോവാകം. അവിടുത്തെ ശരീരം വിജ്ഞാനവേദങ്ങളാണ്. അവിടുത്തെ പ്രവർത്തനങ്ങളാകട്ടെ ധ്യാനയോഗങ്ങളും യാഗങ്ങളും തന്നെയാണ്. അവിടുന്നുതന്നെയാണ് മന്ത്രവും പൂജയും പൂജയാൽ പ്രീതിപ്പെടുത്തുന്ന ദേവതകളും. തിളങ്ങുന്ന ആ കൊമ്പുകളിൽ ഭൂമിയെ താങ്ങി നിൽക്കുന്ന അവിടുത്തെരൂപം വലിയൊരു പർവ്വതത്തെ ഓർമ്മിപ്പിക്കുന്നു. അവിടുന്ന് സിദ്ധികളുടേയും അത്ഭുതങ്ങളുടേയും ഇരിപ്പിടമായ സ്ഥിതിക്ക് ഭൂമിയെ കടലിന്നടിയിൽനിന്നും ഉയർത്തിക്കൊണ്ടു വന്നതിൽ അത്ഭുതമില്ലതന്നെ. അവിടുത്തെ മഹിമകളെ ആർക്കു വാഴ്ത്താനാകും? ഈ ഭൂമിയെ ഉറപ്പിച്ചുനിർത്തി ജീവജാലങ്ങൾക്കുതകുംവിധമാക്കിത്തീർക്കാൻ ഞങ്ങൾ അവിടുത്തോട് പ്രാർത്ഥിക്കുന്നു.

വരാഹരൂപത്തിൽ വന്ന ഭഗവാൻ പെട്ടെന്ന് അപ്രത്യക്ഷനായി. ഭക്തിയോടെ ഭഗവൽക്കഥകൾ കേൾക്കുന്നവരിൽ അദ്ദേഹം അതീവതൃപ്തനത്രേ. ഭഗവൽപ്പാദങ്ങളിൽ ശ്രദ്ധാഭക്തിയോടെ അവിടുത്തെമാത്രം ധ്യാനിച്ചു കഴിയുന്നവർക്ക് അവിടുന്ന് ഏറ്റവുമുയർന്ന മുക്തി നൽകുന്നു.

(ഭൂമിയെന്നാൽ ഈ ഭൂമിയും സൗരയൂഥങ്ങളും ദ്രവ്യസൃഷ്ടികളിൽപ്പെട്ട എല്ലാം -അണ്ഠകടാഹങ്ങൾ- ഉൾക്കൊള്ളുന്നു)

**സർവാശ്രമാനുപാദായ സ്വാശ്രമേണ കളത്രവാൻ**
**വ്യസനാർണ്ണവമത്യേതി ജലയാനൈര്യഥാർണ്ണവം (3-14-17)**
**ന വയം പ്രഭവസ്താം ത്വാമനുകർത്തും ഗൃഹേശ്വരി**
**അപ്യായുഷാ വാ കാർത്സ്ന്യേന യേ ചാന്യേ ഗുണഗൃധ്നവ: (3-14-20)**
**യസ്യാനവദ്യാചരിതം മനീഷിണോ ഗൃണന്ത്യവിദ്യാപടലം ബിഭിത്സവ:**
**നിരസ്തസാമ്യാതിശയോ*f*പി യസ്സ്വയം പിശാചചര്യാമചരദ് ഗതിസ്സതാം. (3-14-26)**
**നമോ രുദ്രായ മഹതേ ദേവായോഗ്രായ മീഢുഷേ**
**ശിവായ ന്യസ്തദണ്ഡായ ധൃതദണ്ഡായ മന്യവേ (3-14-34)**

വിദുരർ ചോദിച്ചു: "എങ്ങിനെയാണ് ഭഗവാൻ ഹിരണ്യാക്ഷനുമായി ഏറ്റുമുട്ടിയത്? ആ രാക്ഷസൻെറ ജനനത്തേപ്പറ്റി പറഞ്ഞുതന്നാലും." മൈത്രേയൻ തുടർന്നു: സൃഷ്ടികർത്താവിൻെറ പുത്രനായ ദക്ഷൻെറ പുത്രിയാണ് ദിതി. ദിതിയും സഹോദരികളായ പന്ത്രണ്ടുപേരും മരീചീപുത്രനായ കശ്യപനെ പരിണയിച്ചു. ദിതിക്കൊഴികെ എല്ലാവർക്കും പുത്രഭാഗ്യമുണ്ടായി. ഒരു സന്ധ്യാസമയം കശ്യപനെ സമീപിച്ച ദിതി പുത്രഭാഗ്യത്തിനായി വികാരാവേശത്തോടെ അഭ്യർത്ഥിച്ചു. കശ്യപനാകട്ടെ അനുനയപൂർവ്വം ആവശ്യത്തെ അംഗീകരിച്ചശേഷം ഈ സമയം സംയോഗയോഗ്യമല്ലെന്നറിയിച്ചു.

അദ്ദേഹം പറഞ്ഞു: "നിൻെറ ആഗ്രഹം ഇപ്പോൾത്തന്നെ സാധിപ്പിച്ചുതരാൻ ഞാൻ തയ്യാറാണ്. ഭാര്യയാണ് ഗൃഹസ്ഥാശ്രമധർമ്മത്തിൻെറ അടിത്തറ എന്നെനിക്കറിയാം. ഗൃഹസ്ഥാശ്രമിയാണ് മറ്റു ധർമ്മാശ്രമങ്ങളിലുള്ളവരെ സംസാരസാഗരത്തിനപ്പുറം പോകാൻ സഹായിക്കുന്നത്. ഒരുവന് കടൽ കടക്കാൻ കപ്പൽ ലഭിക്കും പോലെയാണത്. ഗൃഹസ്ഥജീവിതത്തിൻെറ യാതനകൾ മുഴുവനും സ്വയമേൽക്കുന്ന ഭാര്യമാരുള്ളതുകൊണ്ടാണ് ഗൃഹസ്ഥാശ്രമികൾക്കിതു സാധിക്കുന്നത്. ഒരു ജീവിത കാലം മുഴുവൻകൊണ്ടോ വരാൻ പോകുന്ന ജന്മങ്ങൾ കൊണ്ടോ ഈ കടം ഞങ്ങൾ ആണുങ്ങൾ എങ്ങിനെ തീർക്കുവാനാണ്? നിങ്ങൾ ഗൃഹത്തിൻെറ ദേവതകൾ തന്നെയാണ്. അജ്ഞാനത്തിൻെറ ആവരണം നീക്കാൻ ശ്രമിക്കുന്ന പുരുഷൻ എപ്പോഴും അകളങ്കിതനായ രുദ്രനെ പ്രകീർത്തിച്ചു കഴിയുന്നു. രുദ്രന് തുല്യമായി മറ്റൊരുമില്ലതന്നെ. ആ പ്രകീർത്തനമാണ് ധർമ്മിഷ്ഠൻെറ യഥാർത്ഥ കർത്തവ്യം. ആ രുദ്രഭഗവാൻ ഒരു പിശാചിനെപ്പോലെ തൻെറ ഭൂതഗണങ്ങളുമായി ചുറ്റിത്തിരിയുന്ന സന്ധ്യാവേളയാണിത്. ഈ നാഴികയൊന്നു കഴിഞ്ഞുകൊള്ളട്ടെ."

ദിതിക്ക് സ്വയം നിയന്ത്രിക്കാനായില്ല. കശ്യപൻ അവളുടെ വികാരത്തിനു ശമനമുണ്ടാക്കിക്കൊടുത്തശേഷം കുളികഴിഞ്ഞ് വൈകുന്നേരത്തെ പൂജയ്ക്കായി പുറപ്പെട്ടു. ആഗ്രഹനിവൃത്തിക്കുശേഷം സ്വന്തം വിഡ്ഢിത്തത്തെപ്പറ്റി ദിതിക്കു ബോധമുണ്ടായി. വീണ്ടും കശ്യപനോടവർ പ്രാർത്ഥിച്ചു. "രുദ്രഭഗവാൻെറ കോപത്തിനു പാത്രീഭൂതമാവാൻ എൻെറകുട്ടിക്കിടവരുത്തല്ലേ. ആ രുദ്രഭഗവാനെ ഞാൻ വണങ്ങുന്നു. അപ്രമേയനും ഭക്തർക്കു വരമരുളുന്നവനും ദുഷ്ടനിഗ്രഹത്തിനായി ദണ്ഡെടുക്കുന്നവനും എന്നാൽ സ്വയം അക്രമരഹിതനും ക്രോധത്തിൻെറ മൂർത്തിയുമെല്ലാമായ ആ ഭഗവാനെ ഞാൻ നമിക്കുന്നു."

കശ്യപൻ അവളെ സമാധാനിപ്പിച്ചു. "രുദ്രഭഗവാൻെറ സമയസീമകളെ ലംഘിച്ചതുകൊണ്ട് നിനക്കുണ്ടാകുന്ന പുത്രന്മാർരണ്ടും അതിഭയങ്കരന്മാരായ രാക്ഷസന്മാരായിരിക്കും. എങ്കിലും നീ സ്വയം തെറ്റു മനസ്സിലാക്കിയതുകൊണ്ട് അവർക്ക് രണ്ടുപേർക്കും ഭഗവാനായ ഹരിയുടെ കൈകളാൽ കൊല്ലപ്പെടാൻ സാദ്ധ്യത കൈവരും." ആദ്യം കാര്യം കേട്ടുഞെട്ടിയെങ്കിലും പിന്നീട് ദിതി സ്വയം ആശ്വസിച്ചു. കശ്യപൻ തുടർന്നു: "നിൻെറ ഹരിഭക്തിയാലും നിനക്ക് ശിവനിലും എന്നിലും ഭക്തിയുള്ളതിനാലും നിൻെറ പൗത്രന്മാരിൽ ഒരുവൻ ഭാവിയിൽ ഭക്തന്മാരുടെ തിലകക്കുറിയായിവാണ് ലോകമെങ്ങും പുകൾപെറ്റവനായിത്തീരുന്നതാണ്."

**ന ഹ്യന്തരം ഭഗവതീഹ സമസ്തകുക്ഷാ
വാത്മാന്മാത്മനി നഭോ നഭസീവ ധീരാ:
പശ്യന്തി യത്ര യുവയോസ്സുരലിംഗിനോ: കിം
വ്യുത്പാദിതം ഹ്യുദരഭേദി ഭയം യതോƒസ്യ (3-15-33)**

മൈത്രയൻ തുടർന്നു:
തൻെറ രാക്ഷസപുത്രന്മാർ ദേവതകളെ ഉപദ്രവിക്കുമെന്നു ഭയന്ന ദിതി, ഗർഭത്തെ നൂറുവർഷത്തേക്ക് പുറത്തുവരുത്താതെ തൻെറയുള്ളിൽ സൂക്ഷിച്ചു. എങ്കിലും വരാൻപോവുന്ന അത്യാപത്തിന് മുന്നോടിയായി ലോകത്തിൻെറ തിളക്കം നഷ്ടപ്പെടുകയും ദേവതകളുടെ മാറ്റുകുറയുകയും ചെയ്തു. ദേവന്മാർ ബ്രഹ്മാവിൻെറ അടുക്കൽപ്പോയി വരാൻപോവുന്ന ആ ഇരുണ്ട ശക്തികളെപ്പറ്റി പരാതിപ്പെട്ട് പരിഹാരമാരാഞ്ഞു.

ബ്രഹ്മാവു വിവരിച്ചു: ദേവകളേ, പണ്ടൊരിക്കൽ എൻെറ മാനസപുത്രന്മാരായ സനകാദിമുനികൾ വൈകുണ്ഠത്തിൽ, വിഷ്ണുസവിധമണഞ്ഞു. ശുദ്ധപ്രകാശരൂപത്തിൽ വൈകുണ്ഠത്തിൽ വാണരുളുക യാണല്ലൊ ഭഗവാൻ. ഇവിടമത്രേ സർവ്വസൃഷ്ടികളുടേയും ഉൽഭവസ്ഥാനം. അനേകം സൗരയൂഥങ്ങളും അണ്ഡകടാഹങ്ങളും അവിടുത്തെ പ്രകീർത്തിക്കാനെന്നപോലെ വൈകുണ്ഠത്തിനെ വലംവെച്ചു കൊണ്ടേയിരിക്കുന്നു. ആ തലത്തിൽ എല്ലാംതന്നെ ശുദ്ധവും അതിഭൗതികവും ദിവ്യവുമത്രേ. ദിവ്യരത്നങ്ങളാലും സ്വർണ്ണത്തിനാലും തീർത്ത ആകാശരഥങ്ങളിലിരുന്ന് ദേവഗായകർ ഭഗവാനെ പ്രകീർത്തിച്ചു പാടുന്നു. സ്വയം കൃഷ്ണചിന്താവിലീനരായതുകൊണ്ട് മറ്റൊരുചിന്തകളും മനസ്സിലേശാതെ ഇവിടെയുള്ളവർ ഭക്തിപ്രേമ പാരമ്യത്തിലാണ്ടു കഴിയുകയാണ്. സ്വയം ധനലക്ഷ്മിയായ ലക്ഷ്മീദേവി ഭഗവത്സവിധത്തിൽ വെഞ്ചാമരംവീശി അവിടുത്തെ പ്രാർത്ഥിക്കുന്നു. ഈ തലത്തിലേക്കു കടക്കാൻ മനസ്സു മുഴുവനായി വിഷ്ണുവിൽ വിലീനമാവണം. നന്മയാൽ പൂരിതമായിരിക്കുകയും വേണം. വൃഥാവർത്തമാനത്തിൽ സമയം കളയുന്നവർക്കുള്ളതല്ലത്രേ ഇവിടം.

സനകാദികൾ ഈ വിഷ്ണുതലത്തിൽ പ്രവേശിച്ചു. ആദ്യത്തെ ആറുദ്വാരങ്ങൾ ആരും തടസ്സപ്പെടുത്താതെ അവർ കടന്നുചെന്നു. ഏഴാം ദ്വാരത്തിൽ സ്വയം വിഷ്ണുരൂപത്തിലുള്ള ദ്വാരപാലന്മാർ അവരെ തടഞ്ഞു. ഇത് മുനിമാരെ ക്രുദ്ധരാക്കി. "ഈ വിശ്വംമുഴുവൻ ഭഗവാൻെറ ഉദരമായതുകൊണ്ട് ഇവിടെക്കഴിയുന്നവർ സ്വയം നാനാത്വത്തെ അറിയുന്നില്ല. അപ്പോൾപ്പിന്നെ നിങ്ങൾമാത്രം സ്വയം വിഷ്ണുസമാനമായ ദിവ്യശരീര രൂപമുണ്ടെങ്കിലും വൈവിദ്ധ്യത്തിൻെറ ഭയമേശി ഞങ്ങളുടെ യാത്ര തടയുവാൻ ഇടവന്നതെന്തുകൊണ്ട്?" ഈ രണ്ടുപേരും ലൗകീകജീവിതത്തിലേക്കു മടങ്ങിപ്പോയി സ്വയം പാപപരിഹാരം നേടി തിരിച്ചുവരട്ടെ എന്നു മുനിമാർ തീരുമാനിച്ചു. ദ്വാരപാലകർ ഇതുകേട്ടു ഭയചകിതരായി. തങ്ങൾക്കുകിട്ടിയ ശിക്ഷ ശിരസാവഹിച്ചെങ്കിലും ലോകവാസത്തിനിടയിലും ഭഗവൽച്ചിന്ത കൈവിടാതിരിക്കാൻ അനുഗ്രഹം നൽകണമെന്നവർ മുനിമാരോടഭ്യർത്ഥിച്ചു.

ദ്വാരപാലകരുടെ ചെയ്തികളറിഞ്ഞ വിഷ്ണുഭഗവാൻ സ്വയമിറങ്ങിവന്നു. മുനിമാർ ഭഗവൽമാഹാത്മ്യം പാടാൻ തുടങ്ങി. "ഭഗവൻ, അങ്ങ് മുൻപുതന്നെ ഞങ്ങളുടെ ഹൃദയത്തിൽ, ഞങ്ങളുടെ പിതാവായ ബ്രഹ്മാവു പറഞ്ഞറിഞ്ഞ രൂപത്തിൽ, കയറിയിരുന്നുവെങ്കിലും അങ്ങയുടെ രൂപം കൺമുന്നിൽക്കണ്ടു നിർവൃതിയടയാൻ ഇപ്പോഴാണു സാധിച്ചത്. എല്ലാവരുടേയും ഹൃദയത്തിൽ അങ്ങ് നിവസിക്കുന്നുവെങ്കിലും ദുഷ്ടമനസ്സുകൾ ക്കവിടുത്തെ കാണാൻ കഴിയില്ലതന്നെ. അങ്ങ് ആത്മീയസത്യം സാക്ഷാൽക്കരിച്ച മാമുനിമാർക്കും അഹംബോധമൊഴിഞ്ഞവർക്കും അവിടുത്തെത്തന്നെ കൃപയാൽ ദർശനം നൽകുന്നു. ഞങ്ങളുടെ ഭാവി എന്തായാലും അവിടുത്തെ പാദാരവിന്ദങ്ങളെ എപ്പോഴുമോർക്കാൻ ഞങ്ങൾക്കു സാധിക്കുമാറാകട്ടെ."

**യേ മേ തനൂർദ്വിജവരാൻ ദുഹതീർമ്മദീയാ**
**ഭൂതാന്യലബ്ധശരണാനി ച ഭേദബുദ്ധ്യാ**
**ദ്രക്ഷ്യന്ത്യഘക്ഷതദൃശോ ഹ്യഹിമന്യവസ്താൻ**
**ഗൃധ്രാ രുഷാ മമ കുഷന്ത്യധി ദണ്ഡനേതു: (3-16-10)**
**ത്വത്തസ്സനാതനോ ധർമ്മോ രക്ഷ്യതേ തനുഭിസ്തവ**
**ധർമ്മസ്യ പരമോ ഗുഹ്യോ നിർവികാരോ ഭവാന്മത: (3-16-18)**

ബ്രഹ്മദേവൻ തുടർന്നു:
മുനിമാരുടെ പ്രാർത്ഥന കേട്ടിട്ട് ഭഗവാൻ ഇങ്ങിനെ അരുൾ ചെയ്തു. “എൻെറയീ ദ്വാരപാലകർ -ജയവിജയന്മാർ- അത്യന്താപരാധമാണു നിങ്ങളോടു ചെയ്തത്. അത് എന്നെ നിന്ദിച്ചതിനു തുല്യമായ കൃത്യമാണ്. യജമാനൻ ഭൃത്യൻെറ കുറ്റത്തിൻെറ ഉത്തരവാദിത്വമേറ്റെടുക്കണമല്ലോ. ഞാൻ നിങ്ങളോടു മാപ്പുചോദിക്കുന്നു. നിങ്ങൾ മുനിമാർ, എൻെറ ഉപാസനാമൂർത്തികളത്രേ. ഞാനീ വിശ്വത്തിൽ അറിയപ്പെടുന്നത് മാമുനിമാർ എൻെറമഹിമകൾ വാഴ്ത്തുന്നതു കൊണ്ടാണ്. ഈ മഹിമാകഥനം ശ്രവിക്കുന്ന ഏവരും സ്വയം ശുദ്ധീകരിക്കപ്പെടുന്നു. ഞാൻ നിങ്ങളിൽ ഭക്തിയുള്ളവനായതുകൊണ്ട് എൻെറ പാദരേണുക്കൾ പാപമോചനശക്തിയുള്ളതാകുന്നു. എൻെറ പാദങ്ങൾകഴുകിയ തീർത്ഥജലം മൂന്നു ലോകങ്ങളേയും പവിത്രമാക്കുന്നു. അതുകൊണ്ടാണ് മറ്റുള്ളവർ ഈ തീർത്ഥജലത്തെ ശിരസ്സിൽ തളിക്കുന്നത്. ഞാൻ എൻെറ ശിരസ്സിൽ മാമുനിമാരുടെ പാദരേണുക്കളാണു ധരിക്കുന്നത്. ദ്വിജന്മാർ, പശുക്കൾ, അശരണർ, എല്ലാം എൻെറ സ്വന്തം ശരീരങ്ങൾ എന്നു മനസ്സിലാക്കുക. അജ്ഞാനതിമിരത്താൽ ഇവരെ എന്നിൽനിന്നു ഭിന്നമായി കാണുന്ന കൂട്ടർക്ക് വേണ്ട ശിക്ഷനൽകാൻ ഞാൻതന്നെ നിയമിച്ച ദേവന്മാർ തയ്യാറായി ഇരിക്കുന്നു. എന്നാൽ മുനിമാരെ സേവിക്കുന്നവരും അവരെ എൻെറ സ്വരൂപമെന്നുകണ്ട് സ്നേഹിച്ചാദരിക്കുന്നവരും എന്നിൽ സന്തോഷമുണ്ടാക്കുന്നു. ഈ ദ്വാരപാലകർ നിങ്ങളെ നിന്ദിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വിധിച്ച ശിക്ഷക്കവരർഹരത്രേ. അവരെ എത്രയും വേഗത്തിൽ എൻെറ സവിധത്തിൽ തിരിച്ചെത്താൻ അനുഗ്രഹിച്ചയച്ചാലും.”

മുനിമാർ പറഞ്ഞു: “മാമുനിമാരുടെ സുഹൃത്തും അഭ്യുദയകാംക്ഷിയും എന്ന നിലയിൽ ഞങ്ങളെ ദേവതുല്യരായി അങ്ങ് കണക്കാക്കുന്നതുചിതം തന്നെ. അവിടുത്തെ സനാതനധർമ്മം സ്വയം നിർമ്മിതമായ ഒന്നത്രേ. അവിടുത്തെ കൃപയാലാണല്ലോ ധർമ്മം സംരക്ഷിക്കപ്പെട്ടുവരുന്നതും. ധർമ്മത്തിൻെറ ലക്ഷ്യവും, രഹസ്യവും, മാർഗ്ഗവും അവിടുന്നുതന്നെ. ധർമ്മാവതാരങ്ങളായി കാലാകാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും അവിടുന്നല്ലേ? ഞങ്ങളുടെ ഹൃദയകമലങ്ങളെ ശുദ്ധമാക്കാൻ അനുഗ്രഹം നൽകിയാലും. മാമുനിമാരുടെ മഹിമാകഥനങ്ങൾ ധർമ്മരക്ഷക്കായി അവിടുന്നുതന്നെ ചെയ്യുന്ന ലീലാവിലാസമത്രേ. ഞങ്ങളിൽ സംപ്രീതനായി ഞങ്ങളോടും ഈ ദ്വാരപാലകരോടും എന്തു ചെയ്യണമെന്നറിയിച്ചാലും.”

അനുഗ്രഹം നൽകി ഭഗവാൻ പറഞ്ഞു: “നിങ്ങൾ ചെയ്തത് എനിക്കു ഹിതം തന്നെ. രാക്ഷസരൂപത്തിൽ ഭൂമിയിൽ പിറക്കുമെങ്കിലും ഇവർ വിദ്വേഷത്തിലൂടെ എന്നിൽ അതീവ ഭക്തിയുള്ളവരായിരിക്കും. അങ്ങിനെ ഈ സവിധത്തിലേക്കവർ തിരിച്ചുവരും. ”

ബ്രഹ്മാവു തുടർന്നു: ദേവന്മാരേ, ആ മുനിമാർ വിഷ്ണുദേവനെ നമസ്കരിച്ച് വിടവാങ്ങി. ഭഗവാൻ ജയവിജയന്മാരെ സമാധാനിപ്പിച്ചു. “പേടിക്കേണ്ട. നിങ്ങൾ മനസ്സുമുഴുവൻ ഏകചിത്തരായി എന്നോടുള്ള വിദ്വേഷത്തിൽ കഴിയുകയും താമസംവിനാ തിരിച്ചുവരികയും ചെയ്യും.” ഈ രണ്ടുപേരാണ് ദിതിയുടെ ഗർഭത്തിലുള്ളത്. ഇതെല്ലാം ഭഗവേച്ഛക്കൊത്തുനടന്നതത്രേ. ഭഗവദേച്ഛ മനസ്സിലാക്കാൻ യോഗിവര്യന്മാർക്കുപോലും അസാദ്ധ്യം.

**പശ്യാമി നാന്യം പുരുഷാത് പുരാതനാ**
**ദ്യസ്സംയുഗേ ത്വാം രണമാർഗ്ഗകോവിദം**
**ആരാധയിഷ്യത്യസുരർഷഭേഹി തം**
**മനസ്വിനോ യം ഗൃണതേ ഭവാദൃശാ: (3-17-30)**

മൈത്രേയൻ പറഞ്ഞു:
ബ്രഹ്മദേവന്റെ വാക്കുകൾ കേട്ട് ദേവന്മാർ അവരവരുടെ സ്ഥലങ്ങളിലേക്ക് മടങ്ങി. ഒരു നൂറു വർഷം ഗർഭത്തിലിരുന്നശേഷം ദിതി ഇരട്ടപെറ്റു. വിശ്വപ്രളയമുണ്ടാകുന്നുവോ എന്നു സംശയം ജനിപ്പിക്കുമാറ് ആ സമയം ഭൂമി കുലുങ്ങി. ആകാശം വിറകൊണ്ടു. ഉല്ക്കകൾ വർഷിക്കുകയും ഇടി വെട്ടുകയും ചെയ്തു. കൊടുങ്കാറ്റുവീശി മരങ്ങളെ അപ്പാടെ പിഴുതെറിഞ്ഞു. സമുദ്രങ്ങൾ ഇളകി മറിഞ്ഞു. സമുദ്രജീവികൾ ഭയചകിതരായി. ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും വീണ്ടും വീണ്ടും കാണാറായി. മൃഗങ്ങൾ പേടിച്ചരണ്ടു. ചില ഗ്രഹങ്ങൾ പ്രഭാപൂരിതമാവുകയും മറ്റുചിലവ ഇരുളുകയും ചെയ്തു.

ദിതിയുടെ ഈ പുത്രന്മാർ വളർന്ന് അതിശക്തരും പർവ്വതസമാനരുമായിത്തീർന്നു. ആകാശംമുട്ടെ വളർന്ന അവരുടെ ഭാരത്തിൽ ഭൂമി ഞെരിഞ്ഞമർന്നു. കശ്യപമുനി അവർക്ക് ഹിരണ്യകശിപു എന്നും ഹിരണ്യാക്ഷൻ എന്നും പേരിട്ടു. ബ്രഹ്മാവിൽ നിന്നും നേടിയ വരബലത്തിൽ അവർ അജയ്യരായിത്തീർന്നു. ഹിരണ്യകശിപു മൂന്നു ലോകങ്ങളും കീഴടക്കി, ദേവന്മാരെപ്പോലും തന്റെ അധീനതയിലാക്കി. ഹിരണ്യാക്ഷൻ യുദ്ധക്കൊതി പൂണ്ട് ഭൂലോകം മുഴുവൻ ചുറ്റി നടന്നു. അഹങ്കാരംകൊണ്ടുമത്തനായി തന്നെ എതിർക്കാൻ ശക്തനായ എതിരാളിയെത്തേടി അവനങ്ങിനെ നടന്നു. ആർക്കും അവന്റെ നീക്കങ്ങളെ തടയാനായില്ല. ദേവന്മാർ പേടിച്ചൊളിച്ചു. ഇതവന്റെ അഹങ്കാരം വർദ്ധിപ്പിക്കുകയും ദ്വന്ദയുദ്ധത്തിനായി അവൻ എല്ലാവരേയും വെല്ലുവിളിക്കുകയും ചെയ്തു.

ആരേയും എതിർക്കാൻ കിട്ടാതെ അവൻ സമുദ്രത്തിലേക്കു ചാടി. സമുദ്രമാകെ ഇളകി മറിഞ്ഞു. സമുദ്രജീവികളും അവനെ അവഗണിച്ച് രക്ഷതേടിയൊളിച്ചു. പലവർഷങ്ങൾ ഹിരണ്യാക്ഷൻ സമുദ്രതലങ്ങളിൽ അലഞ്ഞുനടന്നു. പിന്നെ വരുണദേവനെച്ചെന്നുകണ്ടു. ഹിരണ്യാക്ഷൻ വരുണന്റെ കാൽക്കൽവീണു പരിഹസിച്ചപമാനിച്ച് യുദ്ധത്തിനായി വെല്ലുവിളിച്ചു. "അങ്ങ് പല ദേവന്മാരേയും അസുരന്മാരേയും കീഴടക്കിയ വീരനാണല്ലോ. രാജസൂയം നടത്തിയ മഹാനുമാണല്ലോ. ഇനി എന്നേയും യുദ്ധംചെയ്തു തോൽപ്പിച്ചാലും." വരുണൻ സ്വയം കോപമടക്കി പറഞ്ഞു: "എനിക്ക് വയസ്സായിരിക്കുന്നു. നിന്നോടുപൊരുതാൻ ആ പരംപൊരുളല്ലാതെ ആരുമില്ലതന്നെ. നിന്റെ യുദ്ധദാഹം തീർക്കാൻ അതേ മാർഗ്ഗമുള്ളൂ. നീ വീരനാണല്ലോ. അദ്ദേഹത്തെ സമീപിച്ചാലും. നിന്നേപ്പോലുള്ള വീരന്മാരും ആരാധിക്കുന്ന ആളാണ് ഭഗവാൻ." വരുണൻ ഹിരണ്യാക്ഷനോട് ഭഗവാനുമായി ഏറ്റുമുട്ടിയാൽ എന്തുണ്ടാവുമെന്നു പറഞ്ഞുകൊടുക്കുകയും ചെയ്തു. തോൽവിയും അഹങ്കാരശമനവും ഉറപ്പാണെന്നു മുന്നറിയിപ്പും നൽകി. സ്വയം രൂപരഹിതനെങ്കിലും കാലാകാലങ്ങളിൽ അവതരിച്ച് ധർമ്മം നടപ്പിലാക്കുക എന്നത് ഭഗവൽലീലയത്രേ.

**സ ഗാമുദസ്താത്സലിത്സ്യ ഗോചരേ
വിന്യസ്യ തസ്യാമദധാത്സ്വ സത്വം
അഭിഷ്ടുതോ വിശ്വസൃജാ പ്രസൂനൈ
രാപൂര്യമാണോ വിബുധൈ: പശ്യതോ$f$രേ: (3-18-8)
ദൈത്യസ്യ യജ്ഞാവയവസ്യ മായാ
ഗൃഹീതവരാഹതനോർമ്മഹാത്മന:
കൌരവ്യ മഹ്യാം ദ്വിഷതോർവ്വിമർദ്ദനം
ദിദൃക്ഷുരാഗാദൃഷിഭിർവൃതസ്സ്വരാട് (3-18-20)**

മൈത്രേയൻ തുടർന്നു:
രാക്ഷസൻ വരുണൻെറ വെല്ലുവിളി സ്വീകരിച്ചു. എങ്കിലും മുന്നറിയിപ്പുകൾ വകവെച്ചതേയില്ല. നാരദമുനിയിൽനിന്നും അവൻ ഭഗവാൻെറ ഇരിപ്പിടം മനസ്സിലാക്കി. പാതാളത്തിലേക്കാണ്ടുപോയ ഭൂമിയെ ഉപരിതലത്തിലേയ്ക്കുയർത്തിക്കൊണ്ടുവരാൻ സ്വീകരിച്ച അവതാരവേഷത്തിലായിരുന്നു ഭഗവാൻ. ഹിരണ്യാക്ഷൻ ഭഗവാനെ പരിഹസിച്ചു. "കരയിലും ജലത്തിലുമല്ലാതെ ജീവിക്കുന്ന മൃഗമേ, ഞങ്ങളാണ് ഭൂമിയുടെ ഉടമസ്ഥർ. അല്ലയോ വരാഹരൂപത്തിലുള്ള ദേവാ നിനക്കവളെ കൊണ്ടുപോകാൻ എൻെറ അനുവാദം കൂടിയേ തീരൂ. മായാശക്തിയൊഴികെ നിനക്കെന്തു ശക്തിയാണുള്ളത്? ഇപ്പോൾത്തന്നെ നിന്നെ ഞാൻ കൊന്നുകളയും." തലയിൽ സ്വർണ്ണമുടിക്കെട്ടുകളോടു കൂടിയ ഹിരണ്യാക്ഷൻ ഭഗവാനെ പിന്തുടർന്നു. ഭഗവാൻ താഴേക്കിറങ്ങി ഭൂമിയെ തൻെറതേറ്റകളിൽത്താങ്ങി മുകളിലേക്കു കൊണ്ടുവന്നു. "ഭൂമിയെ മോഷ്ടിക്കാനും വെല്ലുവിളിക്കുന്ന എതിരാളിയിൽനിന്ന് ഓടിപ്പോകാനും നിങ്ങൾക്കു നാണമില്ലേ?" അസുരൻ അലറി.

ഭഗവാൻ ഭൂമിയെ അതിൻെറ സ്ഥാനത്തു പ്രതിഷ്ഠിക്കുകയും ഭ്രമണപഥത്തിൽനിന്നും മാറിപ്പോകാതിരിക്കുന്നതിനുള്ള ശക്തിവിശേഷം അതിൽ നിക്ഷേപിക്കുകയും ചെയ്തു. അസുരൻ ഭഗവാൻെറ ചെയ്തികൾ നോക്കിനിന്നു. ബ്രഹ്മാദിദേവതകൾ പുഷ്പവർഷം നടത്തി. ഭഗവാൻ പിന്നെ അസുരൻെറ വെല്ലുവിളി സ്വീകരിച്ചു. അവർ ദ്വന്ദ്വയുദ്ധം തുടങ്ങി. അസുരൻെറ ഗദയുടെ പ്രഹരത്തിൽ നിന്നും ഭഗവാൻ ഒഴിഞ്ഞുമാറി. ഏതു യോഗശ്രേഷ്ഠനും മരണത്തിൽനിന്ന് ഒഴിഞ്ഞുമാറുമല്ലൊ. ഭഗവാൻെറ ഗദയുടെ അടി രാക്ഷസൻ തൻെറഗദയാൽ തടുത്തു. തീവ്രമായ യുദ്ധം തുടർന്നു. ബ്രഹ്മാവും മുനിശ്രേഷ്ഠരും ഹിരണ്യാക്ഷനുമായുള്ള ഭഗവാൻെറ ഈ യുദ്ധം കണ്ടിരുന്നു. വരാഹരൂപത്തിൽ യുദ്ധം ചെയ്തുകൊണ്ടിരുന്ന ഭഗവാൻ ത്യാഗഭാവത്തിൻെറ രൂപമത്രേ. രാക്ഷസനും ഭഗവാനും ഭൂമിക്കുവേണ്ടിയാണ് യുദ്ധത്തിലേർപ്പെട്ടത്.

ബ്രഹ്മാവ് ഭഗവാനെ പ്രാർത്ഥിച്ചു. "ഭഗവൻ, എന്നിൽനിന്നു കിട്ടിയ വരത്തിൻെറ ബലത്തിൽ ദേവന്മാരേപ്പോലും നിന്ദിക്കാനും ആക്രമിക്കാനും ഈ രാക്ഷസൻ മുതിർന്നിരിക്കുന്നു. അവനെ നശിപ്പിക്കാൻ വൈകരുതേ. സന്ധ്യാനേരമായാൽ രാക്ഷസപ്പരിഷകൾക്ക് ശക്തി വർദ്ധിക്കും. ഈ വിഡ്ഢിയാകട്ടെ ഞങ്ങളുടെ ഭാഗ്യാതിരേകംകൊണ്ട് ഭഗവാനേ, അങ്ങയുടെ അടുത്തേക്ക് സ്വയം വന്നിരിക്കുന്നു. ഉടനെതന്നെ അവനെ വധിച്ച് ഭൂമിയിൽ സമാധാനം വരുത്തിയാലും."

(ഭൂമി പാതാളത്തിലേക്കാണ്ടു പോയത് 'ബ്ലാക്ക് ഹോൾ' തിയറിയുമായി ബന്ധിപ്പിച്ചാലോ?)

**യം യോഗിനോ യോഗ സമാധിനാ രഹോ**
**ധ്യായന്തി ലിംഗാദസതോ മുമുക്ഷയാ**
**ഥസ്യൈഷദൈത്യർഷഭ: പദാഹതോ**
**മുഖം പ്രപശ്യംസ്തനുമുത്സസർജ്ജ ഹ (3–19–28)**

മൈത്രേയൻ തുടർന്നു:
ഭഗവാൻ ബ്രഹ്മാവിൻെറ പ്രാർത്ഥനകൾ കേട്ട് സമ്മതമെന്നവിധത്തിൽ പുഞ്ചിരിച്ചിട്ട് രാക്ഷസനെ ഗദകൊണ്ടു പ്രഹരിച്ചു. രാക്ഷസൻ തൻെറ ഗദകൊണ്ട് തിരിച്ചടിച്ചപ്പോൾ ഭഗവാൻെറ കയ്യിൽനിന്നും ഗദ താഴെ വീണുപോയി. അത്രക്കു രണവീരനായിരുന്നു ഹിരണ്യാക്ഷൻ. ആയുധമില്ലാത്തവനോട് പോരാടാൻ രാക്ഷസനാണെങ്കിലും അവൻ വിമുഖനായിരുന്നു. ഭഗവാൻ അവൻെറ യുദ്ധധർമ്മത്തെ പ്രശംസിച്ചിട്ട് തൻെറ ചക്രായുധത്തെ വരുത്തി. ഈ യുദ്ധം കണ്ടുകൊണ്ടിരുന്ന ദേവന്മാർ ഭഗവൽവിജയത്തിനായി പ്രാർത്ഥിച്ചു.

ഹിരണ്യാക്ഷൻ ആകാശത്തേക്കുയർന്ന് ചാടി ഭഗവാനെ പ്രഹരിച്ചു. ഭഗവാനാകട്ടെ തൻെറ ഇടതു കാലുകൊണ്ടത് തട്ടിനീക്കിക്കളഞ്ഞു. അടുത്തതവണ ഗദയുമായി വന്നപ്പോൾ ഭഗവാനതു പിടിച്ചെടുത്തു. പിന്നീട് രാക്ഷസൻ തീതുപ്പുന്ന ഒരു ത്രിശൂലം ഭഗവൻെറ നേർക്കെറിഞ്ഞു. ഈ സമയം ആകാശം അത്യന്തം പ്രകാശമാനമായി. ഭഗവൽചക്രം ത്രിശൂലത്തെ തുണ്ടംതുണ്ടമാക്കി. ഹിരണ്യാക്ഷൻ തൻെറ മുഷ്ടിചുരുട്ടി ഭഗവാനെ പ്രഹരിച്ചെങ്കിലും അത് വെറുതെയായി. പിന്നീട് രാക്ഷസൻ തൻെറ മായാവിവേലകൾ കാണിക്കാൻ തുടങ്ങി. കൊടുങ്കാറ്റുംചുഴലിയും തുടങ്ങി യുദ്ധക്കളമാകെ പൊടിപടലമായി. ആകാശം കറുത്തിരുണ്ട് കല്ലുകൾ വർഷിക്കാൻ തുടങ്ങി. നക്ഷത്രങ്ങളും ഗ്രഹങ്ങളും മേഘത്തിനടിയിൽ പോയി മറഞ്ഞു. ഭീകരമായ മിന്നലും ഇടിമുഴക്കവും ഉണ്ടായി. പർവതങ്ങളിൽ നിന്ന് ആയുധങ്ങൾ പൊട്ടിത്തെറിച്ചു പുറത്തുവന്നു. പക്ഷേ ഭഗവൽചക്രമൊന്ന് ചുഴറ്റവേ ഇവയെല്ലാം ക്ഷണനേരത്തിൽ അപ്രത്യക്ഷമായി.

രാക്ഷസൻ പിന്നെ ഭഗവാനെ തൻെറ ശക്തമായ കരവലയത്തിൽ ഒതുക്കാൻ ശ്രമിച്ചു. അവനപ്പോൾ ഭഗവാനെ കീഴടക്കുക അസാദ്ധ്യമെന്ന് മനസ്സിലായി. ഭഗവാൻ ഹിരണ്യാക്ഷൻെറ ചെവിക്കു താഴെ ആഞ്ഞിടിച്ചു. അതോടെ അവൻ ചത്തുമലച്ചുവീണു. ദേവന്മാർ സന്തോഷിച്ചു. അവർ ഈ രാക്ഷസൻെറ ഭാഗ്യാതിരേകത്തെപ്പറ്റി അത്ഭുതം കൂറി. "ഭഗവാൻെറ കാലു കൊണ്ടുള്ള തൊഴിയേൽക്കുക! ഏറ്റവുംവലിയ യോഗിവര്യന്മാർ പോലും നിത്യവും പൂജിക്കുന്ന പാദാരവിന്ദങ്ങളാണത്. ഭഗവൽമുഖം കണ്ടുകൊണ്ട് ശരീരമുപേക്ഷിക്കുവാൻ ഭാഗ്യമുണ്ടാവുക! എല്ലാം രാക്ഷസവീരൻെറ സുകൃതമത്രെ. ഈ രാക്ഷസൻ മുജ്ജന്മങ്ങളിൽ ഭഗവൽസേവയ്ക്കു നിന്നവനാണല്ലൊ. മരണശേഷം അവനാപദവിയിലേക്ക് തിരിച്ചു പോവുകയും ചെയ്യും." ദേവന്മാർ ഭഗവാനെ പ്രാർത്ഥിച്ചു, പ്രകീർത്തിച്ചു. അദ്ദേഹം വൈകുണ്ഠത്തിലേക്ക് തിരിക്കുകയും ചെയ്തു.

സൂതൻ പറഞ്ഞു:
ഹിരണ്യാക്ഷനും ഭഗവാനും തമ്മിലുള്ള ഈ ഏറ്റുമുട്ടലിനെപ്പറ്റി കേൾക്കുകയോ പറയുകയോ ചെയ്യുന്ന ഏതൊരുവനും ധനം, കീർത്തി, ആയുസ്സ്, ഇഷ്ടസാദ്ധ്യം, പാപമോചനം എന്നിവയുണ്ടാകും.

(ഭൂമിയുണ്ടാകുംമുൻപു നടന്ന ആകാശവസ്തുക്കളുടെ പരസ്പരമുള്ള ആഘാതങ്ങളാണോ ഈ ദ്വന്ദ യുദ്ധത്തിൽ പറഞ്ഞിട്ടുള്ളത്?)

**അഹോ ഏതജ്ജഗത് സ്രഷ്ടസ്സുകൃതം ബത തേ കൃതം**
**പ്രതിഷ്ഠിതാ: ക്രിയാ യസ്മിൻ സാകമന്നമദാമഹേ (3-20-51)**

വിദുരൻ സൃഷ്ടികർമ്മത്തെപ്പറ്റി വീണ്ടും ചോദിച്ചപ്പോൾ മൈത്രേയൻ ഇങ്ങിനെ തുടർന്നു: ഭഗവൽനാഭിയിൽ നിന്നു പുറത്തുവന്ന താമരയിൽ ബ്രഹ്മാവു പ്രത്യക്ഷപ്പെട്ടതും ഭഗവാൻ സ്വയം ബ്രഹ്മഹൃദയത്തിൽ കയറി പഴയ ലോകചക്രങ്ങളിൽ ഉണ്ടായിരുന്ന സൃഷ്ടികളെ അതേപടി ഉണ്ടാക്കുവാനുള്ള പദ്ധതി കരുതിയതും താങ്കൾക്കറിയാമല്ലോ? ആദ്യമായി ബ്രഹ്മാവ് നാനാത്വഭാവഹേതുവായ അറുതലങ്ങളുള്ള അജ്ഞതയെ സൃഷ്ടിച്ചു. സ്വയം തൃപ്തിപ്പെടാതെ ആ ശരീരത്തെ സൃഷ്ടാവ് ഉപേക്ഷിച്ചു. ഇത് രാത്രിയായി മാറി. ഇരുട്ടിന്റെ ശക്തികളായ യക്ഷരും രാക്ഷസരും അതുസ്വന്തമാക്കി. വിശപ്പിന്റേയും ദാഹത്തിന്റേയും മൂലകാരണമായ ഇവർ ബ്രഹ്മാവിനെപ്പോലും തിന്നാൻ ശ്രമിച്ചു. ബ്രഹ്മദേവൻ പിന്നീട് സത്വഗുണ പ്രധാനമായ ദൈവികതയെ സൃഷ്ടിച്ചു. സൃഷ്ടിയുടെ ഉദ്ദേശം സഫലമായ ഉടനെ ആ ശരീരവും ഉപേക്ഷിച്ചപ്പോൾ അതു പകലായി. ദേവന്മാർ അതിന്റെ നേതൃത്വമേറ്റു.

ബ്രഹ്മാവിന്റെ പുറത്തുനിന്നും കാമം നിറഞ്ഞ അസുരന്മാർ ഉണ്ടായി. ഈ സൃഷ്ടികൾ ബ്രഹ്മദേവനിൽ പോലും കാമസാഫല്യം നേടാൻ തുനിയുകയുണ്ടായി. ഭഗവൽപ്രേരണയിൽ ഈ ദേഹവും ബ്രഹ്മാവു പേക്ഷിച്ചു. അത് സന്ധ്യയായിത്തീർന്നു. അസുരന്മാർക്ക് സന്ധ്യയൊരു മാദകസുന്ദരിയായി കാണപ്പെടുകയും അവർ മോഹവലയത്തിൽപ്പെടുകയും ചെയ്തു. ബ്രഹ്മദേവൻ സ്വയം ചിരിച്ചു. സ്വന്തം പ്രേമഭാവത്തിൽ നിന്നും ഗന്ധർവന്മാരേയും അപ്സരസ്സുകളേയും സൃഷ്ടിച്ചു. ഇവയുണ്ടായ ബ്രഹ്മശരീരം നിലാവായിത്തീർന്നു. ദേവഗായകരും സുന്ദരികളും നിലാവിനെ സ്വന്തമാക്കി. ബ്രഹ്മാവിന്റെ സ്വന്തം ആലസ്യത്തിൽനിന്നും ഭീകരരൂപികളായ പിശാചുക്കളും ഭൂതങ്ങളും പിറന്നു. ഇതുണ്ടായ ബ്രഹ്മശരീരം ഒരു കോട്ടുവായിട്ടു കൊണ്ട് ഉപേക്ഷിച്ചപ്പോൾ ഈ ഭൂതങ്ങൾതന്നെ അതേറ്റെടുത്തു. ഇവർ നിദ്രയിലും കോട്ടുവായിലും പ്രകടമാവുകയും അശുദ്ധരായവരിൽ ആവേശിച്ച് മാനസിക വിഭ്രാന്തിയുണ്ടാക്കുകയും ചെയ്യുന്നു.

അരൂപികളായ സിദ്ധന്മാരും പിതൃക്കളും ബ്രഹ്മശരീരത്തിൽനിന്നു പൂർണ്ണശക്തിയോടെ ഊർജ്ജ്വസ്വലരായി പുറത്തുവന്നു. ബ്രഹ്മശരീരത്തിലൂടെയത്രേ പിതൃക്കൾക്ക് തപ്പർണമേകുന്നതും അതു സ്വീകരിക്കപ്പെടുന്നതും. മറഞ്ഞിരിക്കാനുള്ള സിദ്ധിയിൽനിന്നും ബ്രഹ്മാവ് സിദ്ധനേയും വിദ്യാധരനേയും സൃഷ്ടിച്ചു. അവരാ ബ്രഹ്മശരീരം സ്വന്തമാക്കുകയും ചെയ്തു. സ്വന്തം പ്രതിബിംബം ജലത്തിൽ കണ്ട് വശായ ബ്രഹ്മാവിൽനിന്നും കിന്നരന്മാരും കിംപുരുഷന്മാരും ഉണ്ടായി. സൃഷ്ടാവ് വിശ്രമിക്കുമ്പോൾ താഴെവീണ രോമങ്ങൾ പാമ്പുകളായി.

അവസാനമായി ബ്രഹ്മാവ് മനുവിനെ സ്വരൂപത്തിൽ സൃഷ്ടിച്ചു. മനുഷ്യരൂപം അങ്ങിനെ ഉണ്ടായി. ഈ പുതിയ സൃഷ്ടിയിൽ ഇതിനു മുൻപുണ്ടായവരെല്ലാം സന്തുഷ്ടരായിരുന്നു. അവർ പറഞ്ഞു: “അല്ലയോ സൃഷ്ടാവേ ഞങ്ങൾക്കു സന്തോഷമായി. ഈ സൃഷ്ടിയിലൂടെ അങ്ങ് നല്ലകാര്യമാണ് ചെയ്തത്. അവനിൽ ത്യാഗബുദ്ധി വേണ്ടത്ര ഉറപ്പിച്ചിട്ടുള്ളതുകൊണ്ട് ഞങ്ങൾക്കുള്ള വിഹിതങ്ങൾ കിട്ടാതെ പോകില്ലെന്നുറപ്പുണ്ട്.” ബ്രഹ്മാവ് സ്വയം തപസ്സ്, യോഗം, സമാധി എന്നിവ സ്വീകരിച്ച് ഋഷിയായിത്തീർന്നു. തന്റെ ശരീരത്തിൽ ധ്യാനം, സിദ്ധികൾ, പൂജാവിധികൾ, നിർമ്മമത എന്നിവ നിറഞ്ഞുനിൽക്കുന്ന ഭാഗത്തെയാണ് ഋഷിയാക്കിയത്.

**തതസ്സമാധിയുക്തേന ക്രിയായോഗേന കർദ്ദമ:**
**സംപ്രപേദേ ഹരിം ഭക്ത്യാ പ്രപന്നവരദാശുഷം (3-21-7)**
**സഹാഹം സ്വാംശകലയാ ത്വദ്വീര്യേണ മഹാമുനേ**
**തവ ക്ഷേത്രേ ദേവഹൂത്യാം പ്രണേഷ്യേ തത്ത്വസംഹിതാം. (3-21-32)**

മൈത്രേയൻ തുടർന്നു:
ബ്രഹ്മാവ് തൻെറ സൃഷ്ടികളായ പത്തു പ്രജാപതിമാരോട് ഭൂമിയിൽ സൃഷ്ടി തുടരാൻ ആവശ്യപ്പെട്ടു. അതിലൊരാളായ കർദ്ദമൻ പതിനായിരം കൊല്ലം തപസ്സിലായിരുന്നു. ക്രിയായോഗവും സമാധിയും ചേർന്ന ഈ തപശ്ചര്യയാൽ കർദ്ദമൻ ഭഗവാനിൽ പൂർണ്ണമായി സ്വയം സമർപ്പിച്ചിരുന്നു. ഭഗവാൻ പ്രത്യക്ഷപ്പെട്ട് തൻെറ മഹിമയാർന്ന രൂപം മുനിക്കു കാട്ടിക്കൊടുത്തു. ഹൃദയം നിറഞ്ഞ ഭക്തിപ്രേമപാരവശ്യത്തോടെ കർദ്ദമൻ ഭഗവൽപ്പാദങ്ങളിൽ വീണു. "ഭഗവാനേ ആ പാദാരവിന്ദങ്ങൾ ഇഹലോകത്തിലെ മുഷിഞ്ഞ ജീവിതവും സംസാരക്കടലും ക്ഷണത്തിൽ കടത്തിക്കൊണ്ടു പോവാൻ പര്യാപ്തമാണ്. അജ്ഞരായവർ മാത്രമേ സ്വന്തം ലൗകികസുഖത്തിനും നേട്ടങ്ങൾക്കും വേണ്ടി അവയെ പൂജിക്കൂ. അങ്ങയുടെ യഥാർത്ഥ ഭക്തന്മാർ ലൗകികസുഖത്തിൽ നിന്നുവിട്ട് സദാ ഭഗവൽപ്രേമമത്തരായിരിക്കും. അങ്ങയാൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന കാലചക്രത്തിൽ ജീവൻെറ ഇഹലോകവാസം നിമിഷംപ്രതി ചെറുതായിവരുന്നു എന്നും അവർക്കറിയാം. അങ്ങയുടെ ഭക്തന്മാരുടെ ഏതാഗ്രഹവും അങ്ങാണല്ലോ സാധിച്ചു തരുന്നത്. സൃഷ്ടികർത്താവിൻെറ ആജ്ഞയനുസരിക്കാൻ വേണ്ടി എനിക്കൊരു വിവാഹം ചെയ്യണമെന്നാഗ്രഹമുണ്ട്. എനിക്ക് പുണ്യവതിയും അങ്ങയോടതിരറ്റ ഭക്തിയുമുള്ള ഒരു പെൺകുട്ടിയെ ഭാര്യയായിക്കിട്ടാനിടയാക്കിയാലും. "

ഭഗവാൻ പറഞ്ഞു: "സൃഷ്ടിക്കപ്പെട്ടവരിൽ അഗ്ര്യണ്യനായ മഹാമുനേ എന്നോടുള്ള ഒരു പ്രാർത്ഥനയും വെറുതെയാവാൻ പറ്റില്ലതന്നെ. നിൻെറ മനസ്സിലുള്ള ഈ ആഗ്രഹം നീ പറയും മുൻപേ എനിക്കറിയാമായിരുന്നു. നേരത്തേതന്നെ ഞാനതനുവദിക്കുകയും ചെയ്തിരുന്നു. സ്വയംഭൂവമനു ചക്രവർത്തി തൻെറ മകളെ നിനക്കുവിവാഹം ചെയ്തുതരും. നിനക്കൊൻപത് പെൺകുട്ടികളുണ്ടാവുകയും ചെയ്യും. നിൻെറ ഇഹലോകകടമകളെല്ലാം തീർത്തുകഴിയുമ്പോഴേക്കും നിസ്വാർത്ഥവും അഹങ്കാരരഹിതവുമായ ജീവിതം കൊണ്ട് എന്നെ സാക്ഷാത്ക്കരിക്കുവാനും ഏകത്വം കൈവരിക്കുവാനും നിനക്കു കഴിയും. എല്ലാ ജീവികളിലും കരുണയുള്ളവനായും യാതൊരു ജീവജാലങ്ങൾക്കും നിന്നോട് പേടിയോ വിദ്വേഷമോ ഇല്ലാതേയും നിനക്ക് ഈ വിശ്വം മുഴുവൻ എൻെറതന്നെരൂപമെന്നു കാണാനാകും. ഞാൻ സ്വയം നിനക്കുപുത്രനായിപ്പിറന്ന് സത്യം വെളിപ്പെടുത്തുകയും ചെയ്യും." ഭഗവാൻ മറഞ്ഞശേഷവും കർദ്ദമൻ സന്തോഷോന്മാദത്തിലായിരുന്നു.

കർദ്ദമൻെറ കുടിൽ പ്രകൃതിരമണീയമായ ബിന്ദുസരോവരത്തിൻെറ തീരത്തായിരുന്നു. ഭഗവൽപ്രേമമത്തനായ കർദ്ദമനെക്കണ്ട സന്തോഷത്തിൽ ഭഗവൽനേത്രങ്ങളിൽ നിന്നുവീണ കണ്ണുനീർ ബിന്ദുവാണ് സരോവരമായിതീർന്നത്. അതീവസൗന്ദര്യവും ദൈവികതയും നിറഞ്ഞ ചുറ്റുപാടുകൾ. പരമമായ സമാധാനത്തിൻെറ അന്ത:രീക്ഷം. ഭഗവൽവിധിപോലെ ഒരുദിനം ചക്രവത്തി തൻെറ മകൾ ദേവഹൂതിയുമായി പർണ്ണശാലയിൽ വന്നു. കർദ്ദമൻ ചക്രവർത്തിയെ ഉപചാരപൂർവ്വം സ്വീകരിച്ചു. "സ്വയം രാജ്യമുടനീളം സന്ദർശിച്ച് ദുഷ്ടനിഗ്രഹം നടത്തി ശിഷ്ടപരിപാലനം ചെയ്യുന്ന രാജാവ് ഭഗവാൻെറ ഒരംശംതന്നെയാണല്ലോ. ധർമ്മത്തെ പരിപാലിക്കയും അധർമ്മത്തെ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യാൻ ജനങ്ങളോട് ഇടപഴകിത്തന്നെയാണ് ഒരു രാജാവ് കഴിയേണ്ടത്. അല്ലെങ്കിൽ ദുഷ്ടരുടെ എണ്ണംപെരുകി അധർമ്മം നിലനിൽക്കാനിടവരും. അങ്ങയുടെ ആഗമനോദ്ദേശം വെളിപ്പെടുത്തിയാലും. എനിക്കങ്ങേക്കുവേണ്ടി എന്തുചെയ്യാൻ കഴിയും?"

**അതോ ഹ്യന്യോന്യമാത്മാനം ബ്രഹ്മ ക്ഷത്രം ച രക്ഷത:**
**രക്ഷതി സ്മാവ്യയോ ദേവസ്സ യസ്സദസദാത്മക: (3-22-4)**
**അതോ ഭജിഷ്യേ സമയേന സാധ്വീം**
**യാവത്തേജോ ബിഭൃയാദാത്മനോ മേ**
**അതോ ധർമ്മാൻ പാരമഹംസ്യമുഖ്യാൻ**
**ശുക്ലപ്രോക്ത്താൻ ബഹുമന്യേƒവിഹിംസ്രാൻ (3-22-19)**

മൈത്രേയമുനി തുടർന്നു:
കർദ്ദമന്റെ പ്രശംസകൾ കേട്ട് ലോകത്തിലെ ആദ്യത്തെരാജാവും നിയമജ്ഞനുമായ സ്വായംഭുവമനു ഉചിതമായ ഉപചാരവാക്കുകളാൽ മുനിയെവാഴ്ത്തി. "ഭഗവാൻ, അങ്ങയെപ്പോലുള്ള ബ്രാഹ്മണരെ തന്റെ വദനത്തിൽനിന്നു സൃഷ്ടിച്ച്, അങ്ങിനെ തപസ്സിലും വിജ്ഞാനത്തിലും യോഗവിദ്യയിലും പ്രാവീണ്യമുള്ളവരും ഇന്ദ്രിയവിഷയങ്ങളിൽ ആസക്തിയില്ലാത്തവരുമാക്കിയിരിക്കുന്നു. അങ്ങിനെയുള്ളവരെ സംരക്ഷിക്കാനാണ് എന്നേപ്പോലുള്ള രാജാക്കന്മാരെ തന്റെ കരങ്ങളിൽനിന്നും ഭഗവാൻ സൃഷ്ടിച്ചിരിക്കുന്നത്. അതാണ് രാജാക്കന്മാരും മഹർഷിമാരും പരസ്പരം കാക്കുന്നത്. എന്തു കൊണ്ടെന്നാൽ രണ്ടുപേരും ഒരേ പരമാത്മാവിന്റെ ഭാഗങ്ങളത്രെ. അതുകൊണ്ട് ഭഗവാൻതന്നെയാണ് സ്വയം സംരക്ഷിക്കുന്നതും സംരക്ഷിക്കപ്പെടുന്നതും. അങ്ങയെക്കണ്ട് ആ കാലടികൾ വണങ്ങാൻ എനിക്കുകിട്ടിയ ഈ അവസരം എന്റെ ഏറ്റവുംവലിയ സൗഭാഗ്യമായി ഞാൻ കണക്കാക്കുന്നു. എന്റെ മകൾ ദേവഹൂതി അവളുടെഹൃദയം അങ്ങയിൽ സമർപ്പിച്ചിരിക്കയാണ്. നാരദമുനിയാണ് അങ്ങയേപ്പറ്റി അവളോടു പറഞ്ഞത്. അങ്ങ് ജീവിതം മുഴുവൻ ബ്രഹ്മചര്യവ്രതത്തിലല്ലാ എന്നറിയുന്നതുകൊണ്ട് എന്റെ മകളെ പാണിഗ്രഹണം ചെയ്യണമെന്ന് ഞാനഭ്യർത്ഥിക്കയാണ്. അവളെ ഭാര്യയായി സ്വീകരിച്ചാലും."

കർദ്ദമൻ പറഞ്ഞു. "തീർച്ചയായും അങ്ങയുടെ മകളെ വിവാഹംചെയ്ത് സൃഷ്ടാവിന്റെ കൽപ്പന നിറവേറ്റാനും അങ്ങിനെ ലോകത്ത് ജനസമ്പത്തുണ്ടാക്കാനും ഞാൻ തയ്യാറാണ്. ഭഗവൽപാദാരവിന്ദങ്ങളെ പൂജിക്കുന്ന ഒരുവനുമാത്രമേ അങ്ങയുടെ മകളും ഉത്താനപാദന്റെ സഹോദരിയുമായ ദേവഹൂതിയെ കാണാൻപോലും സാധിക്കൂ. അതുകൊണ്ട് ദേവഹൂതിയെ വേൾക്കുന്നത് എന്റെ സൗഭാഗ്യമായിത്തന്നെ ഞാൻ കരുതുന്നു. ഒരു നിബന്ധനയോടെ ഞാൻ അവളെ പാണിഗ്രഹണം ചെയ്തുകൊള്ളാം. അവൾക്കൊരു ആൺകുഞ്ഞുണ്ടാകന്നതുവരെമാത്രമേ ഞാൻ അവളൊന്നിച്ചുകഴിയൂ. അതുകഴിഞ്ഞ് സന്യാസവൃത്തി സ്വീകരിക്കുന്നതാണ്. എന്തെന്നാൽ ഈ സന്യാസവൃത്തി ഭഗവൽപ്രോക്തവും, അഹിംസാധിഷ്ഠിതവും സർവ്വഥാ പ്രശംസനീയവുമത്രെ." ഇത്രയും പറഞ്ഞ് മഹർഷി ധ്യാനത്തിലാണ്ടു.

രാജ്ഞിയുടേയും മകളുടേയും അഭിപ്രായങ്ങൾ വ്യക്തമായി ചോദിച്ചറിഞ്ഞശേഷം സ്വായംഭുവമനു മകളെ കർദ്ദമനു വിവാഹം ചെയ്തുകൊടുത്തു. ദേവഹൂതി ദിവ്യഗുണങ്ങളുടെ വിളനിലമായിരുന്നു. ആ ദമ്പതികളോ ഉത്തമ ജോടിയും. വിവാഹച്ചടങ്ങിനുശേഷം മകളേയും ഭർത്താവിനേയും വിട്ട് മനു തന്റെ കൊട്ടാരത്തിലേക്ക് മടങ്ങിപ്പോയി.

ബ്രഹിസ്മതി എന്ന തലസ്ഥാനത്തിരുന്നു രാജ്യംഭരിച്ച മനുവാണ് ലോകത്തിലെ ഏറ്റവും പുരാതനമായ തത്വനിയമസംഹിതയായ മനുസ്മൃതി രചിച്ചത്. മനുഷ്യരുടെ ധർമ്മങ്ങളും പലേ തൊഴിലുകളിലുള്ളവരുടെ ചുമതലകളും മനുസ്മൃതിയിൽ പ്രതിപാദിച്ചിരിക്കുന്നു. എഴുപത്തിരണ്ട് ചതുർയുഗങ്ങളടങ്ങിയ ഒരു മന്വന്തരം മുഴുവനും സ്വായംഭുവമനു രാജാവായിരുന്നു. അദ്ദേഹം തന്റെ ജീവിതംമുഴുവനും ഭഗവാൻ വാസുദേവനെ മനസ്സിൽ ധ്യാനിച്ച് അവിടത്തെ പ്രകീർത്തിച്ചുപൂജിച്ച് നിമിഷങ്ങളെ ധന്യമാക്കി.

**വിശ്രംഭേണാത്മശൌചേന ഗൌരവേണ ദമേന ച**
**ശുശ്രൂഷയാ സൌഹൃദേന വാചാ മധുരയാ ച ഭോ: (3-23-2)**
**വിസൃജ്യ കാമം ദംഭം ച ദ്വേഷം ലോഭമഘം മദം**
**അപ്രമത്തോദ്യതാ നിത്യം തേജീയാംസമതോഷയത് (3-23-3)**
**സംഗോ യസ്സംസൃതേർഹേതുരസത്സു വിഹിതോ*f*ധിയാ**
**സ ഏവ സാധുഷു കൃതോ നിസ്സംഗത്വായ കൽപ്പതേ (3-23-55)**

മൈത്രേയമുനി തുടർന്നു:
ദേവഹൂതി തൻെറ ഭർത്താവിനോട് അങ്ങേയറ്റത്തെ ഭക്തിയുള്ളവളും അദ്ദേഹത്തിൻെറ മനസ്സറിഞ്ഞ് ഭക്തിയോടെ ജീവിക്കുന്നവളുമായിരുന്നു. കാമം, ക്രോധം, വെറുപ്പ്, അത്യാഗ്രഹം, പാപം, പൊങ്ങച്ചം ഇവയുടെ കളങ്കമേശാതെ ആത്മീയപ്രഭാപൂരിതനായ സ്വഭർത്താവിനെ സദാജാഗരൂകയായി സേവിച്ചു. പാതിവ്രത്യം, പവിത്രത, സദ്ഗുണസമ്പന്നത, മനോനിയന്ത്രണം, സേവനം, സ്നേഹം, മധുരോക്തികൾ എന്നിവകളാൽ ദേവഹൂതി കർദ്ദമമുനിയെ ഭക്ത്യാദരവോടെ പരിചരിച്ചു. സമയം കടന്നുപോയി. ദേവഹൂതി ക്ഷീണിതയും ദുർബ്ബലയുമായി. മുനി അതു മനസ്സിലാക്കി അവളോടുള്ള തൻെറ സ്നേഹവായ്പ്പും ഇങ്ങിനെ വെളിപ്പെടുത്തി. “നിൻെറ പരിചരണവും ഭക്തിയും എനിക്കേറ്റവും സംതൃപ്തിയേകുതാണ്. നിനക്ക് അതീന്ദ്രിയമായ കാഴ്ചയുണ്ടാകാൻ ഞാൻ അനുഗ്രഹിക്കുന്നു. ഞാൻ തപസ്സുകൊണ്ടു നേടിയ ശക്തികളെല്ലാം നിനക്കുകൂടി അവകാശപ്പെട്ടതത്രെ. കാരണം നിൻെറ ഭക്തിയും പ്രേമവും അങ്ങിനെയുള്ളതാണല്ലോ.”

ദേവഹൂതി പറഞ്ഞു: “നാഥാ, അങ്ങയ്ക്ക് പലേവിധ യോഗശക്തികളും ഉണ്ടെന്ന് എനിക്കറിയാം. അങ്ങയെ ഭർത്താവായിക്കിട്ടി സേവിക്കാനിടയായതിനാൽ ഞാൻ അതീവ ഭാഗ്യവതി തന്നെ. ഇനി അങ്ങയുടെ വാക്കുനിറവേറ്റാൻ എനിക്ക് സന്താനഭാഗ്യംകൂടി കനിഞ്ഞേകിയാലും. അങ്ങയുടെ വരും തലമുറകൾ എന്നിലൂടെയാകട്ടെ.”

കർദ്ദമമുനി തൻെറ യോഗശക്തിയാൽ കമനീയമായ ഒരാകാശക്കൊട്ടാരം നിർമ്മിച്ചു. നിർമ്മിതിയിലും ഭംഗിയിലും ആ പറക്കുംകൊട്ടാരം അതിവിശിഷ്ഠമായിരുന്നു. എന്നിട്ട് ദേവഹൂതിയോട് ദിവ്യമായ ഒരു തടാകത്തിലിറങ്ങി കുളിക്കാൻ നിർദ്ദേശിച്ചു. ആശകളെല്ലാം സഫലമാക്കാൻ കഴിവുള്ളതത്രേ ഈ പൊയ്ക. വെള്ളത്തിലിറങ്ങവേ ദേവഹൂതിക്ക് തോഴികളായി വന്നത് അപ്സരകന്യകമാർ തന്നെയായിരുന്നു. അവരവളെ കുളിപ്പിച്ച് ആടയാഭരണങ്ങൾ അണിയിച്ചൊരുക്കി. തൻെറ നാഥനെ സ്മരിച്ചമാത്രയിൽ ദേവഹൂതി കർദ്ദമസമീപത്തെത്തുകയും ചെയ്തു. കർദ്ദമൻ തൻെറ ഭാര്യയിൽ യൗവനകാന്തിയും പ്രസരിപ്പും വീണ്ടുകിട്ടിയതായി കണ്ടു. പറക്കുംകൊട്ടാരത്തിൽ അവളേയും കയറ്റി കർദ്ദമൻ ലോകസഞ്ചാരം നടത്തി. നാനാദിക്കുകളിലുള്ള വിവിധ രാജ്യങ്ങൾ സഞ്ചരിച്ചു ചുറ്റിക്കണ്ടു. സുഖോദ്യാനങ്ങളിൽ പലതിലുമവർ ചുറ്റിനടന്നു സമയം ചിലവഴിച്ചു. കർദ്ദമൻെറ ഭഗവൽപ്രേമവും ദേവഹൂതിയുടെ ഭർത്തൃപ്രേമവും കൊണ്ടാണ് ഇതെല്ലാം സാദ്ധ്യമായത്. അവർ പർണ്ണശാലയിലേക്കു മടങ്ങി. സന്താനങ്ങൾക്ക് വേണ്ടിയുള്ള ദേവഹൂതിയുടെ ആഗ്രഹം പൂർത്തീകരിക്കാൻ മുനി തീരുമാനിച്ചു. ആത്മസാക്ഷാത്ക്കാരം നേടിയ മുനി, ദേവഹൂതിയെ തൻെറതന്നെ ഭാഗമായിക്കണ്ട് സ്വയം ഒൻപതായി ഒൻപതു പെൺകുട്ടികളെ ദേവഹൂതിക്ക് നൽകി. പ്രസവം കഴിഞ്ഞയുടനെ സന്യാസവൃത്തിക്കായി പുറപ്പെടാനൊരുങ്ങിയ കർദ്ദമനോട് ദേവഹൂതി ഒരു പുത്രനെക്കൂടി വേണമെന്നാവശ്യപ്പെട്ടു. “മാമുനേ, അങ്ങയുടെ പുത്രിമാർ എല്ലാവരും നാളെ എന്നെവിട്ട് ഭർതൃഗൃഹ ങ്ങളിലേക്കു പോകുമല്ലോ. പിന്നെ എന്നെ നോക്കാൻ ആരുമില്ല. ഭൗതികലോകസുഖങ്ങൾ എല്ലാം ആവോളം ഞാൻ അനുഭവിച്ചിരിക്കുന്നു. എങ്കിലും അജ്ഞാനത്തോടുള്ള അടുപ്പം ഒരുവളെ ജനനമരണചക്രത്തിൽ ബന്ധിച്ചിടുന്നു എന്നു ഞാനറിയുന്നു. എന്നാൽ ദിവ്യപുരുഷന്മാരുമായുള്ള അടുപ്പം മുക്തിദായകമത്രേ. വിരസമായ ജീവിത ബന്ധനത്തിൽനിന്നുള്ള മോചനമാണ് ഞാനാഗ്രഹിക്കന്നുത്. എനിക്ക് ഭയത്തിൽനിന്നു മോചനംനൽകി അനുഗ്രഹിച്ചാലും. ”

**സ്വീയം വാക്യമൃതം കർത്തുമവതീർണ്ണോ$f$സി മേ ഗൃഹേ**
**ചികീർഷുർഭഗവാൻ ജ്ഞാനം ഭക്താനാം മാനവർദ്ധന: (3-24-30)**
**താന്യേവതേ$f$ഭിരൂപാണി രൂപാണി ഭഗവംസ്തവ**
**യാനി യാനി ച രോചന്തേ സ്വജനാനാമരൂപിണ: (3-24-31)**

മൈത്രേയൻ തുടർന്നു:
കർദ്ദമൻ ഭഗവദനുഗ്രഹത്തെപ്പറ്റി ഓർത്തിട്ട് ദേവഹൂതിയോട് അവളുടെ ആഗ്രഹം സഫലമാകും എന്നു പറഞ്ഞു. ഭഗവാൻ സ്വയം പുത്രനായി ജനിക്കും എന്നാണല്ലോ പറഞ്ഞിട്ടുള്ളത്. ദേവഹൂതി, തൻെറ സർവ്വസ്വവും ഭഗവാനിലർപ്പിച്ചു കഴിഞ്ഞു പോന്നു. പിന്നെയും കുറേക്കാലംകഴിഞ്ഞ് ഭഗവാൻ സ്വയം കർദ്ദമൻെറ ഊർജ്ജമായി ദേവഹൂതിയിൽക്കൂടി പുറത്തുവന്നു. വിറകുതടിയിൽ ലീനമായിരിക്കുന്ന തീ പുറത്തുവരുന്നതു പോലെ. ദേവതകൾപോലും ഭഗവൽജനനത്തെ വാഴ്ത്തി. സൃഷ്ടാവുതന്നെ കുട്ടിക്ക് കപിലൻ എന്നു പേരിട്ടു. ബ്രഹ്മാവിൻെറ നിർദ്ദേശമനുസരിച്ച് കർദ്ദമൻ തൻെറ ഒൻപത് പുത്രിമാരെ ഒൻപതു മഹർഷിമാർക്ക് വിവാഹംചെയ്തു കൊടുത്തു. കലയെ മരീചിക്കും. അനസൂയയെ അത്രിക്കും. ശ്രദ്ധയെ അംഗിരസ്സിനും. ഹവിർഭുവിനെ പുലസ്ത്യനും. ഗതിയെ പുലഹനും. ക്രിയയെ കൃതുവിനും. ഖ്യാതിയെ ഭൃഗുവിനും. അരുന്ധതിയെ വസിഷ്ടനും. ശാന്തിയെ അഥർവ്വനും വിവാഹം കഴിച്ചു. അവരെല്ലാം സ്വഗൃഹങ്ങളിലേക്ക് പോവുകയും ചെയ്തു.

ഭഗവാൻസ്വയം സ്വപുത്രനായി പിറന്ന കപിലനോട് കർദ്ദമമുനി ഇപ്രകാരം പറഞ്ഞു: “പലേ ജന്മങ്ങളിലെ ഭക്തിസാധനകളിലൂടെ മാത്രമേ അങ്ങയെ സാക്ഷാത്കരിക്കാൻ സാധകർക്ക് സാധിക്കൂ. പരിപൂർണ്ണമായി പവിത്രമാവാതെ ദുഷ്ടബുദ്ധികൾക്ക് ഇത് സാദ്ധ്യമാവുകയില്ല തന്നെ. എങ്കിലും അങ്ങയുടെ കാരുണ്യവും മഹിമയും അപാരം. അല്ലെങ്കിൽ എന്നെപ്പോലുള്ള ഒരു സാധാരണക്കാരൻെറ വീട്ടിൽവന്നു ജനിക്കുമോ? സർവ്വസാധാരണമായ നിരൂപണത്തെപോലും അവഗണിച്ച് ഇവിടെ അവതരിച്ചിരിക്കുന്നത് അവിടുത്തെ പരമകാരുണ്യം തന്നെയാണ്. ആത്മവിദ്യാപരമായ അറിവ് പ്രചരിപ്പിക്കാൻ സ്വയമവതരിച്ച് ഭക്തജനങ്ങളുടെ മഹിമ ലോകത്തെ അറിയിക്കാൻവേണ്ടിയാണല്ലോ അവിടുന്നങ്ങിനെ ചെയ്തത്. അങ്ങ് എല്ലാ രൂപഭാവങ്ങൾക്കും അതീതനാണെന്ന് ഞാൻ അറിയുന്നു. എങ്കിലും ഭക്തജനങ്ങൾക്കിഷ്ടമാവുന്ന രൂപങ്ങളെ സ്വീകരിക്കാൻ അങ്ങ് തയ്യാറുമാണ്. സർവ്വചരാചരങ്ങളുടെയും ബോധമണ്ഡലത്തെ നിയന്ത്രിക്കുന്നതും, അവയെ സൃഷ്ടിച്ച്, സംരക്ഷിച്ച്, സംഹരിച്ച്, പഞ്ചഭൂതങ്ങളേയും കാലത്തേയും നിയന്ത്രിച്ച്, വിശ്വബോധത്തിൻെറ നിയന്താവായും, പരമാത്മസ്വരൂപനായും നിലകൊള്ളുന്ന കപിലനെ ഞാൻ അഭയം പ്രാപിക്കുന്നു. എൻെറ പിതാവായ ബ്രഹ്മദേവനു ഞാൻ നൽകിയ വാഗ്ദാനപ്രകാരം എൻെറ എല്ലാ ആഗ്രഹങ്ങളും നിന്നിൽ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇനി ഈ ലൗകികജീവിതം ഉപേക്ഷിച്ച് പൂർണ്ണമായും സന്യസിക്കാൻ അനുമതിയേകിയാലും. ”

കപിലനായി അവതരിച്ച ഭഗവാൻ പറഞ്ഞു: “ആത്മവിദ്യാചരണത്തിനാണീ അവതാരത്തിൽ ഞാൻ വന്നിട്ടുള്ളത്. ഗൃഹസ്ഥാശ്രമത്തിൽനിന്നും വിട്ടുപോകാൻ ഞാൻ അനുമതി നൽകുന്നു. എന്നിലുള്ള ഭക്തിയാലും പ്രവൃത്തികളാലും മരണത്തിൽനിന്നും അങ്ങു വിമുക്തനത്രെ. ഹൃദയം എന്നിൽ ലീനമായതിനാൽ ദു:ഖത്തിൽനിന്നും ഭയത്തിൽനിന്നും മുക്തിയും ഉണ്ടാകട്ടെ.” എന്നുപറഞ്ഞ് സ്വപുത്രരൂപത്തിൽ ഭഗവാൻ മുനിയെ അനുഗ്രഹിച്ചു. കർദ്ദമൻ ഗൃഹംവിട്ട് മനസ്സുമുഴുവൻ ഭഗവാനിലർപ്പിച്ച് ആത്മസാക്ഷാത്കാരം നേടി. പരമാത്മാവിൽ നിന്നും സ്വയം വിഭിന്നമല്ലെന്നും സർവ്വചരാചരങ്ങളിലെ ആത്മാവും ഒന്നാണെന്നും അദ്ദേഹം കണ്ടു. അങ്ങിനെ ജനനമരണചക്രങ്ങളിൽ നിന്നും കർദ്ദമൻ എന്നെന്നേക്കുമായി മുക്തി നേടി.

**യോഗ ആദ്ധ്യാത്മിക: പുംസാം മതോ നി:ശ്രേയസായ മേ
അത്യന്തോപരതിർയത്ര ദു:ഖസ്യ ച സുഖസ്യ ച (3-25-13)
ഏതാവനേവ ലോകേ*f*സ്മിൻ പുംസാം നി:ശ്രേയസോദയ:
തീവ്രേണ ഭക്തിയോഗേന മനോ മയ്യർപ്പിതം സ്ഥിരം (3-25-44)**

മൈത്രേയൻ തുടർന്നു:
കർദ്ദമമുനി ഗൃഹസ്ഥാശ്രമം വിട്ട് സന്യാസിയായി പോയതിനുശേഷം കപിലൻ ബിന്ദുസരോവരത്തിൽ അമ്മയെ പരിചരിച്ച് കഴിഞ്ഞുപോന്നു. ഒരു ദിവസം ദേവഹൂതി കപിലനോട് പറഞ്ഞു. "അല്ലയോ ഉത്തമാ, ഇന്ദ്രിയതൃപ്തിക്കായുള്ള ജീവിതത്തിന്റെ വ്യർത്ഥതയെപ്പറ്റി എനിക്കു പൂർണ്ണമായി മനസ്സിലായിരിക്കുന്നു. നിന്റെ കണ്ണുകളിൽ അജ്ഞാനാവരണം നീക്കാൻ കഴിയുന്ന പ്രഭയുടെ തെളിമ ഞാൻ കാണുന്നു. ഇരുട്ടകറ്റുന്ന സൂര്യപ്രകാശം പോലെ അജ്ഞാനമകറ്റുന്ന തേജസ്സാർന്ന ഭഗവാൻതന്നെയാണ് നീ. നിന്റെ കൃപകൊണ്ടു മാത്രമേ 'ഞാൻ', 'എന്റേത്' എന്നെല്ലാമുള്ള തോന്നലുകളിൽനിന്നു മോചനം ലഭിക്കുകയുള്ളൂ. ഈ തോന്നലുകൾ തന്നേയും നിന്റെ മായാശക്തി യുടെ പ്രകടനം തന്നെ. സത്യവിജ്ഞാനസാരം നൽകി എന്നെ അനുഗ്രഹിച്ചാലും."

"അനുഗൃഹീതയായ അമ്മേ, എന്റെ അഭിപ്രായത്തിൽ സുഖദു:ഖങ്ങളുടെ കെട്ടുപാടുകളിൽനിന്നു മോചനം കിട്ടാനുതകുന്ന യോഗമാർഗ്ഗത്തിലൂടെയാണ് ആ ശാന്തിപൂർണ്ണമായ പരമപദം പ്രാപിക്കുന്നത്. ഈ യോഗമാർഗ്ഗത്തെ ഞാൻ വിശദീകരിച്ചുതരാം. മനസ്സാണ് ബന്ധനങ്ങൾക്കും മോചനത്തിനും മൂലകാരണം. മനസ്സ് സുഖം തേടി പുറത്തുള്ള വസ്തുക്കളിൽ ആസക്തിപൂണ്ടലയുമ്പോൾ ബന്ധനവും ഭഗവത് സ്മരണയിലും ഭക്തിയിലും മുഴുകിയിരിക്കുമ്പോൾ മോചനവും ലഭിക്കുന്നു. സുഖം തേടുന്ന മനസ്സാണ് കാമ, ക്രോധ, ലോഭ, മദ, മാത്സര്യങ്ങൾ ഉണ്ടാക്കുന്നത്. സുഖമോഹത്തിൽ നിന്നും നിസ്സംഗമാവുമ്പോൾ മനസ്സിൽ ശുദ്ധിയും ശാന്തിയും ഉണ്ടാവും. അങ്ങിനെ മനസ്സു തയ്യാറാകുമ്പോൾ അജ്ഞാനത്തിന്റെ ആവരണവും നാനാത്വബോധവും മാറി ആത്മബോധം കൈവരുന്നു. എല്ലാറ്റിലും എല്ലായിടത്തും അദ്വൈതമായ ആ ആത്മാവുതന്നെ കാണുമാറാകുന്നു. പ്രകൃതിജന്യമായ വാസനകൾ പോലും ദുർബ്ബലമായിത്തീരുകയും ചെയ്യും. ആത്മസാക്ഷാത്ക്കാരം സിദ്ധിച്ച ഒരുവന് ഭക്തിതന്നെ ഏറ്റവും നല്ല മാർഗ്ഗം. ഭൗതികസുഖങ്ങളോടും വസ്തുക്കളോടുമുള്ള പ്രേമം ബന്ധനത്തിലേക്ക് നയിക്കുമ്പോൾ ദിവ്യപുരുഷന്മാരുമായുള്ള സത്സംഗം, ജീവനെ മോചനത്തിന്റെ പാതയിലേക്ക് നയിക്കുന്നു. ഈ ദിവ്യപുരുഷന്മാർ കരുണയുടേയും, ക്ഷമയുടേയും, ദയാവായ്പ്പിന്റേയും വിളനിലങ്ങളും എല്ലാവരോടും സൗഹൃദഭാവമുള്ളവരുമത്രെ. നന്മയാണവരുടെ ആഭരണം. അവർക്ക് ശത്രുക്കളില്ല. അവരുടെ ഭക്തി എന്നിൽത്തന്നെ അടിയുറച്ചിരിക്കുന്നു. എല്ലാവിധ സ്വാർത്ഥമോഹങ്ങളേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ച് എനിക്കു വേണ്ടിയാണവർ കഴിയുന്നത്. അവരുടെ ഏകാശ്രയവും അഭയസ്ഥാനവും ഞാൻ തന്നെ. എന്റെ കഥകൾ കേട്ടും പറഞ്ഞും അവർ കാലം കഴിക്കുന്നു. ഒന്നിനോടും ആസക്തി കൂടാതെ കഴിയുന്ന ഈ ദിവ്യന്മാരുമായുള്ള അടുപ്പം ഭൗതികാ സക്തിയിൽനിന്നും മോചനംകിട്ടാനുതകുന്ന മരുന്നത്രെ. അവരുടെ സത്സംഗത്തിൽ നിന്നും പടിപടിയായി ഭഗവാനിൽ പരിപൂർണ്ണവുമായ പ്രേമവും ഭക്തിയും അങ്ങിനെ സുഖഭോഗാസക്തിയിൽനിന്നു മോചനവും ലഭ്യമാകുന്നു. യോഗാഭ്യാസംകൊണ്ട് ഇപ്പോൾ, ഇവിടെ ഈ ജന്മത്തിൽത്തന്നെയാണ് ആത്മസാക്ഷാത്ക്കാരം ഉണ്ടാകേണ്ടത്. നിസ്വാർത്ഥവും ആഗ്രഹരഹിതവുമായ ഭഗവൽഭക്തിയാണ് അത്യുത്തമം. നിർവ്വാണത്തേക്കാൾ കൂടിയ ഒരവസ്ഥയത്രേ അത്. ഉത്തമഭക്തൻ എന്നിലല്ലാതെ മറ്റൊന്നിലും തൽപ്പരനല്ല. അത്തരത്തിലുള്ള ഭക്തി ആത്മാവിന്റെ ആവരണങ്ങളെയെല്ലാം അലിയിച്ചു കളയുന്നു. സ്വയം ആഗ്രഹിക്കുകപോലും ചെയ്യാതെതന്നെ എന്റെ സവിധത്തിലേക്കവരെത്തുന്നു. എന്നെ ഏകാവലംബമായി കരുതി അഭയം തേടുന്നവർക്ക് എന്നിലെന്നും സ്ഥാനമുണ്ടായിരിക്കും. കാലത്തിന് അവരെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അവർക്ക് ജനനമരണങ്ങളുടെ ഭയത്തിൽ നിന്നും ഞാൻ മുക്തിയേകും. പരിപൂർണ്ണഭക്തിയോടെ എന്നിലർപ്പിച്ച മനസ്സത്രെ ഇഹലോകത്തിൽ മനുഷ്യന്റെ ഏറ്റവും വലിയ സ്വത്ത്."

**അനാദിരത്മാ പുരുഷോ നിർഗ്ഗുണ: പ്രകൃതേ: പര:**
**പ്രത്യഗ്ധാമാ സ്വയം ജ്യോതിർവിശ്വം യേന സമന്വിതം (3-26-3)**
**അന്ത: പുരുഷരൂപേണ കാലരൂപേണ യോ ബഹി:**
**ശമന്വേത്യേഷസത്ത്വാനാം ഭഗവാനാത്മമായയാ (3-26-18)**

കപിലൻ തുടർന്നു:
ഭക്തിമാർഗ്ഗം വിജ്ഞാനമാർഗ്ഗത്തിൻെറ ശത്രുവല്ല. മറിച്ച് അവരണ്ടും വേർപിരിയാനാവാത്ത സുഹൃത്തുക്കളത്രെ. ഒരുവനെ ബന്ധനത്തിൽനിന്നും മോചിപ്പിക്കാനുതകുന്ന ആ വിജ്ഞാനത്തിൻെറ സ്വഭാവത്തെപ്പറ്റി ഞാൻ വിശദീകരിക്കാം. ആത്മാവ്, ഉള്ളിൽ വസിക്കുന്നതും എന്നെന്നും നിലനിൽക്കുന്നതും ഭൗതികവസ്തുക്കളാൽ വിശദീകരിക്കാപ്പെടാനാവാത്തതുമത്രെ. ഈ വിശ്വത്തെ മുഴുവൻ പ്രകാശമാനമാക്കാൻ ഹൃദയത്തിൽ നിറഞ്ഞുനിന്ന് പ്രഭചൊരിയുന്നത് ഈ ആത്മാവത്രെ. എല്ലായിടവും നിറഞ്ഞുവിളങ്ങുന്ന പരമാത്മാവ് വസ്തുവകകളിൽനിന്ന് തുലോം ഭിന്നമാണെങ്കിലും ദ്രവ്യവസ്തുക്കളാൽ സൃഷ്ടിക്കപ്പെട്ടതു പോലെ കാണപ്പെടുന്നു. ഒരു വ്യക്തി സ്വപ്നം കാണുകയോ ഭാവന ചെയ്യുകയോ ചെയ്യുന്നതുപോലെയാണ് ആത്മാവും ദ്രവ്യവുമായുള്ള കൂടിച്ചേരൽ. ഈ ദ്രവ്യത്തിനാവട്ടെ മൂന്നു സൂക്ഷ്മാവസ്ഥകളുണ്ട്.

സ്വയം സർവ്വസ്വതന്ത്രമെങ്കിലും ദ്രവ്യത്തിൻെറ ആകർഷണത്തിൽപ്പെട്ടതുപോലെ ആത്മാവ് തികച്ചും ഭൗതികവസ്തുക്കളിൽ നിറഞ്ഞിരിക്കുന്നു. നാടകശാലയിലെ വേദിയിൽ നടക്കുന്ന നാടകത്തിലെ വികാരം ഉൾക്കൊള്ളുന്ന കാണിയെപ്പോലെയാണത്. വിശ്വനിർമ്മിതിക്കായുപയോഗിക്കുന്ന പദാർത്ഥങ്ങളുടെ ധാതുക്കൾ എപ്പോഴും രൂപഭാവങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇത് വിശ്വചരിത്ര സംഭവങ്ങൾ തന്നെയല്ലേ? സനാതനമായ ആത്മാവ് സർവ്വസാക്ഷിയായി ഈ സംഭവങ്ങളാൽ ബാധിക്കപ്പെടാതെയാണെങ്കിൽക്കൂടി സ്വാർജ്ജിതമായ അജ്ഞാനത്താൽ വസ്തുക്കളുമായി താദാത്മ്യം പ്രാപിച്ച് കാര്യകർത്തൃത്വഭാവവും ഭോക്തൃഭാവവും കൈക്കൊള്ളുന്നു.

കർത്തൃത്വഭാവം ജനനമരണങ്ങളേയും സുഖദു:ഖങ്ങളേയും വരുത്തുന്നു. പ്രകൃതിയാണ് (ദ്രവ്യം, വസ്തു) ആത്മാവിൻെറ ഈ ഭാവങ്ങൾക്കു കാരണം. പ്രകൃതിക്കു പ്രവർത്തിക്കാൻ വേണ്ട ഊർജ്ജവും പ്രകാശവും ലഭിക്കുന്നത് ആത്മാവിൽ നിന്നത്രെ. എങ്കിലും പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളേയും സംഭവങ്ങളേയും സ്വാംശീകരിക്കുമ്പോൾ മാത്രമേ പ്രകൃതിയിലെ സംഭവങ്ങൾ ആത്മാവിൻേറതാകുന്നുള്ളൂ. ഈ ഭാവന ആത്മാവിൻെറ സ്വന്തം നിർമ്മിതിയായ അജ്ഞാനത്തിൻെറ സന്തതിയത്രേ.

ഇനി പ്രകൃതിയെപ്പറ്റി ഞാൻ വിശദീകരിക്കാം. അത് പ്രധാന എന്നും പറയപ്പെടുന്നു. സത്വം, രജസ്, തമസ്, എന്നീ സ്വഭാവങ്ങളോടുകൂടിയ ഊർജ്ജമത്രേ അത് (ആണവം, വിദ്യുത്കാന്തം, ഗുരുത്വാ കർഷണം). പ്രകൃതി, സ്വയം കാര്യവും കാരണവുമത്രേ (കോഴിയും, മുട്ടയും). മാറ്റങ്ങൾ മാത്രമേ പ്രകൃതിയിൽ മാറ്റപ്പെടാതായുള്ള ഒരു നിയമമായുള്ളൂ. എപ്പോഴും ജനനവും, മരണവും, ഉണ്ടാക്കലും, ഉടയ്ക്കലും, സൃഷ്ടിയും, സംഹാരവും പ്രകൃതിയിലുണ്ട്. പഞ്ചഭൂതങ്ങൾ, അഞ്ച് സൂക്ഷ്മധാതുക്കൾ, നാലുമടങ്ങുള്ള ആന്തരേന്ദ്രിയങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ എന്നിവയാണ് ഇരുപത്തിനാലു കലകൾ. ഇരുപത്തഞ്ചാമത്തെ കലയായ കാലം, ആത്മാവിൻെറ, പുരുഷൻെറ, ദൈവത്തിൻെറ, ശക്തിയത്രെ. ഭഗവാൻ സ്വയം കാലമാണ്. പ്രധാനയിൽ ധാതുക്കളും, ഇന്ദ്രിയങ്ങളും, വസ്തുക്കളും ഉണ്ടാകുന്നു. ഭഗവാൻ എല്ലാ വസ്തുവകകളിലും ജീവികളിലും പുരുഷനായും, ആത്മാവായും പുറമേ കാലമായും നിലകൊള്ളുന്നു.

ഈ ഇരുപത്തിയഞ്ച് കലകളേയും നേരിട്ടു സാക്ഷാൽക്കരിക്കുന്ന ഒരുവന് കർത്തൃത്വഭാവത്തിൻേറയും ഭോക്തൃഭാവത്തിൻേറയും പിടിയിൽനിന്നും മോചനംകിട്ടുന്നു. തദ്വാരാ പാപവും ദു:ഖവും ഒഴിയുകയും ചെയ്യുന്നു.

## യത്തത് സത്ത്വഗുണം സ്വച്ഛം ശാന്തം ഭഗവത: പദം
## യദാഹുർവ്വാസുദേവാഖ്യം ചിത്തം തന്മഹദാത്മകം (3-26-21)

കപിലദേവൻ തുടർന്നു:
ബോധസ്വരൂപനായ ഭഗവാൻ അതീവജാഗ്രതയോടെ പ്രകൃതിയുടെ ലീലകൾക്കു സാക്ഷ്യം നിന്നു. അങ്ങിനെ മന:ശക്തി (ബുദ്ധി) ഉണ്ടായി. ചിത്തശക്തിയുടെ പ്രഭാവത്തിലാണ് അന്തർലീനമായിക്കിടക്കുന്ന പ്രകടിതാവസ്ഥയും വ്യതിരിക്തതയും ഉണ്ടാവുന്നത്. ഈ ചിത്തശക്തിക്കിളക്കം തട്ടിയപ്പോൾ പ്രകൃതിയുടെ സംതുലിതാവസ്ഥക്കു ഭംഗം വരികയും വിശ്വബോധത്തിൻെറ തത്വം ഉണ്ടാവുകയും ചെയ്തു. വിശ്വബോധം (മഹത്തത്വം) പ്രകാശരൂപേണ വർത്തിച്ച് മുൻപുണ്ടായ വിശ്വപ്രളയതമസ്സിനെ നശിപ്പിച്ചു.

സ്ഥൂലജീവികളിലുള്ള മഹത്തത്രേ സൂക്ഷ്മദ്രവ്യമായ ചിത്തം (മനസ്സ്). അത് പ്രകൃത്യാ സത്വവും, ശുദ്ധവും, ശാന്തത നിറഞ്ഞതും, ഭഗവാൻെറ ഇരിപ്പിടവുമായതിനാൽ വാസുദേവൻ എന്നറിയപ്പെടുന്നു. മഹത്തിൽനിന്നും പരിണാമവിധേയമായി മൂന്നുതരത്തിലുള്ള അഹങ്കാരം ഉടലെടുത്തു. സാത്വികം, രാജസികം, താമസികം. ഈ മൂന്നുതരത്തിലുള്ള അഹങ്കാരങ്ങളിൽനിന്നും ധാതുക്കളും മനസ്സും ഉണ്ടായി. ആയിരം ഫണങ്ങളുള്ള അനന്തനെന്നും ഭഗവാൻെറതന്നെ പേരായ സംഘർഷണൻ എന്നും ഇതറിയപ്പെടുന്നു. ഈ അഹങ്കാരമാണ് കർതൃത്വഭാവവും ഭോക്തൃഭാവവും ഉണ്ടാക്കി കർമ്മത്തേയും കർമ്മഫലങ്ങളേയും നയിക്കുന്നത്.

മനസ്സുണ്ടായത് സാത്വീകാഹങ്കാരത്തിൽ നിന്നാണ്. മനസ്സ് അനിരുദ്ധൻ എന്ന പേരിൽ അറിയപ്പെടുന്നു. ഭഗവാൻെറ നാമംതന്നെ അത്. ഇന്ദ്രിയങ്ങളെ നയിക്കുന്ന അനിരുദ്ധരൂപത്തിലുള്ള മനസ്സിനെ യോഗികൾ നീലത്താമരയുടെ നിറത്തിൽ ധ്യാനിക്കുന്നു. രാജസീകാഹങ്കാരത്തിൽനിന്നും ബുദ്ധിയുടെ (അറിവിൻെറ) തത്വങ്ങൾ ഉടലെടുത്തു. വസ്തുദ്രവ്യങ്ങളുടെ സ്വഭാവം മനസ്സിലാക്കി ഇന്ദ്രിയങ്ങളെ ഊർജ്ജസ്വലമാക്കുന്നത് ഈ ബുദ്ധിയത്രേ. പ്രദ്യുമ്നൻ എന്ന ഭഗവൽനാമത്താൽ ഈ ബുദ്ധി അറിയപ്പെടുന്നു. സംശയം, തെറ്റായഅറിവ്, ദൃഢത, ഓർമ്മ, നിദ്ര എന്നീ അഞ്ചുതരത്തിൽ ബുദ്ധി വർത്തിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ജീവശ:ക്തിയായ പ്രാണനും എല്ലാം രാജസീകാഹങ്കാരത്തിൽ നിന്നും ഉണ്ടായതത്രേ.

താമസീകാഹങ്കാരത്തിൽ നിന്നാണ് സ്ഥൂലധാതുക്കളും ദ്രവ്യങ്ങളും സൂക്ഷ്മങ്ങളായ ഇന്ദ്രിയങ്ങളും കേൾവി, സ്പർശം, നിറം, സ്വാദ്, ഗന്ധം ഇവയുണ്ടായത്. ആദ്യം ആകാശതത്വവും, ദൂരം, ശബ്ദം ഇവയുമുണ്ടായി. ഇവ ശബ്ദമല്ലാതെ മറ്റൊന്നുമല്ല. ആകാശം വസ്തുവകകൾക്ക് നിലകൊള്ളാനും ജീവജാലങ്ങൾക്ക് വളരാനുമുള്ള ഇടം നൽകുന്നു. അകത്തെന്നും പുറത്തെന്നുമുള്ള വ്യത്യസ്ഥതയും ജീവികളുടെ ഇരിപ്പിടവുമാണ് ആകാശം. പിന്നീട് സ്പർശനതത്വം ഉണ്ടായി. ഇത് വായുവിൻെറ ധർമ്മമത്രെ. പിന്നീട് നിറങ്ങളുടേയും കാഴ്ചയുടേയും തത്വം ഉണ്ടായി. ഇതഗ്നിയുടെ ധർമ്മമാണ്. സ്വാദിൻെറ തത്വം, വൈവിദ്ധ്യമാർന്ന സ്വാദുകൾ തിരിച്ചറിയുന്നതിന് ജലവും അതിൻെറ തത്വവും. ഗന്ധത്തിൻെറ തത്വമാണ് ഘ്രാണശക്തിയും ഭൂമിയും. ജീവജാലങ്ങളെ താങ്ങിനിർത്തി പരിരക്ഷിക്കുന്ന ഭൂമിയുടെ ധർമ്മവും ഈ തത്വത്തിൻെറ അടിസ്ഥാനത്തിലത്രേ.

**ചിത്തേന ഹൃദയം ചൈത്യ: ക്ഷേത്രജ്ഞ: പ്രാവിശദ്യദാ**
**വിരാട് തദൈവ പുരുഷസ്സലിലാദുദതിഷ്ഠത (3-26-70)**
**തമസ്മിൻ പ്രത്യഗാത്മാനം ധിയാ യോഗപ്രവൃത്തയാ**
**ഭക്ത്യാ വിരക്ത്യാ ജ്ഞാനേന വിവിച്യാത്മനി ചിന്തയേത് (3-26-72)**

കപിലദേവൻ തുടർന്നു:
ആകാശത്തിൽ നിന്ന് വായു, വായുവിൽ നിന്ന് അഗ്നി, അഗ്നിയിൽ നിന്നും ജലം, ജലത്തിൽനിന്ന് ഭൂമി എന്നിവയുണ്ടായി. ഓരോ കാര്യത്തിലും കാരണം അന്തർലീനമാകുന്നു. ഈ ഓരോ ധാതുക്കളിലും കാരണധാതുക്കളുടെ സ്വഭാവവിശേഷം കൂടി അടങ്ങിയിരിക്കുന്നു. എല്ലാ ധാതുക്കളുടെ സ്വഭാവവിശേഷങ്ങളും ഭൂമിയിൽ ഒന്നുചേർന്നിരിക്കുന്നു.

പഞ്ചഭൂതങ്ങളും, മഹത്തും, അഹങ്കാരവും വേർപ്പെട്ടിരുന്നു. അതുകൊണ്ട് ഭഗവാൻ നാരായണൻ സ്വയം കാലരൂപത്തിൽ അവയിൽ പ്രവേശിച്ചു. പൂർവ്വസൃഷ്ടിചക്രത്തിൽ മുക്തി ലഭിച്ചിട്ടില്ലാത്ത ആത്മാക്കളുടെ കർമ്മഭാരവും പ്രകൃതിയുടെ സ്വഭാവവിശേഷതകളും അവയിൽ ചേർത്തുവെച്ചു. ഏഴുതത്വങ്ങളും അങ്ങിനെ പ്രവർത്തനോന്മുഖമായി. വിശേഷൻ എന്ന പേരുള്ള അണ്ഡമായിമാറി അതിൽനിന്നും വിരാട് എന്ന വിശ്വജീവി പുറത്തുവന്നു.

ഈ അണ്ഡത്തിൽ ജീവനുണ്ടായിരുന്നില്ല. പഞ്ചഭൂതങ്ങളാലും മഹത്ത്, അഹങ്കാരം, എന്ന തത്വങ്ങളാലും അത് ചുറ്റപ്പെട്ടിരുന്നു. ഭഗവാൻ അതിൽ പ്രവേശിച്ച് സൃഷ്ടിപരിണാമത്തിന് തുടക്കമിട്ടു. സൂക്ഷ്മങ്ങളായ ഇന്ദ്രിയങ്ങൾ അണ്ഡത്തിലെ പഞ്ചഭൂതങ്ങളിൽനിന്നും പരിണമിച്ച് ഒറ്റക്കെട്ടായി വിശ്വജീവിയുടെ ഭാഗമായി. അവനിൽ വദനവും, രസനയും, സംസാരശേഷിയും, അഗ്നിദേവനും ആവിർഭവിച്ചു. ഘ്രാണശക്തിയോടെ നാസികയും, പ്രാണനും പിന്നീടുണ്ടായി. ഒരുജോടി കണ്ണുകളും കാഴ്ചശക്തിയും സൂര്യദേവനും, അതിനുശേഷം കർണ്ണങ്ങളും കേൾവിശക്തിയും ആകാശദേവതകളും ഉണ്ടായി. പിന്നീടാ വിശ്വജീവിയിൽ ത്വക്കും രോമങ്ങളും ഉണ്ടായി. സസ്യലതാദികളും, വൃക്ഷങ്ങളും അവയുടെ ദേവതകളും അങ്ങിനെ ഉണ്ടായി. ജലദേവതകളും പുനരുൽപ്പാദനാവയവങ്ങളും ഉൽപ്പാദനശേഷിയും പിന്നീടുണ്ടായി. വിസർജ്ജനാവയവങ്ങളും ഗുദദ്വാരവും അവയെ നിയന്ത്രിക്കുന്ന ദേവതകളും ഉണ്ടായി. അതുപോലെ കൈകളും അവയെ നിയന്ത്രിക്കാൻ ഇന്ദ്രനും ഉത്ഭവിച്ചു. കാലുകളും ചലനങ്ങളും വിഷ്ണുദേവനും പിന്നീടുണ്ടായി. രക്തധമനികളും, നദികളും, കടലും, വയറും, വിശപ്പും എല്ലാം ഉണ്ടായി. പിന്നീട് ഹൃദയവും, മനസ്സും, ചന്ദ്രനും, ബുദ്ധിയും, ബ്രഹ്മാവും, അഹങ്കാരവും, രുദ്രനും അവസാനമായി ചിത്തവും അന്തര്യാമിയായി അതിനെ നിയന്ത്രിക്കുന്ന ദേവതയും ഉണ്ടായി. എല്ലാ ഇന്ദ്രിയങ്ങളും ഈ വിശ്വജീവിയെ ഉണർത്താൻ ശ്രമിച്ചെങ്കിലും അതു വൃഥാവിലായി. ചിത്തത്തെ നിയന്ത്രിക്കുന്ന അന്തര്യാമി ശ്രമിച്ചപ്പോൾമാത്രമേ വിശ്വപുരുഷൻ ഉണർന്നുള്ളൂ. അതുകൊണ്ടാണ് യോഗമാർഗ്ഗങ്ങളിലൂടെ ആത്മജ്ഞാനവും വിരക്തിയും നേടി ഒരുവൻ ഈ അന്തര്യാമിയെ പൂജിക്കുന്നത്.

**അർഥേ ഹ്യവിദ്യമാനേ*f*പി സംസൃതിർന്ന നിവർത്തതേ**
**ധ്യായതോ വിഷയാനസ്യ സ്വപ്നേ*f*നർത്ഥാഗമോ യഥാ (3-27-4)**
**മദ് ഭക്ത: പ്രതിബുദ്ധാർത്ഥോ മത് പ്രസാദേന ഭൂയസാ**
**നി:ശ്രേയസം സ്വസംസ്ഥാനം കൈവല്യാഖ്യം മദാശ്രയം (3-27-28)**
**പ്രാപ്നോതീഹാഞ്ജസാ ധീര: സ്വദൃശാച്ഛിന്നസംശയ:**
**യദ്ഗത്വാ ന നിവർത്തേത യോഗീ ലിംഗാദ്വിനിർഗ്ഗമേ (3-27-29)**

കപിലദേവൻ തുടർന്നു:
അന്തര്യാമിയായ ആത്മാവ് ശരീരത്തിലാണു നിവസിക്കുന്നതെങ്കിലും ശരീരത്തിന്റെ അനുഭവങ്ങളായ സുഖവും വേദനയുമൊന്നും അതിനെ ബാധിക്കുന്നില്ല. അത് തികച്ചും സ്വതന്ത്രമായ ഒരു സാക്ഷി മാത്രമാണ്. എങ്കിലും പ്രകൃതിജന്യഗുണങ്ങളുടെ മായാവലയത്തിൽപ്പെട്ട് ജീവാത്മാവിന് സ്വയം താനാണ് കർത്താവെന്നും ഭോക്താവെന്നുമുള്ള തോന്നലുകളുണ്ടാവുകയും മന:ശാന്തി നഷ്ടപ്പെടു കയും ചെയ്യുന്നു. ഈ വിഭ്രാന്തിമൂലം സ്വയമാർജ്ജിച്ച അജ്ഞാനാവരാണത്താൽ ജീവൻ ജനനമരണചക്രത്തിൽ ചംക്രമണം തുടർന്നു കൊണ്ടേയിരിക്കുന്നു. വസ്തുവകകൾ (സാധനങ്ങൾ) അതേപ്പറ്റി ചിന്തിക്കുന്നയാളുടെ ഭാവനയിലാണു സ്ഥിതി ചെയ്യുന്നത്. എങ്കിലും, വസ്തുക്കളിൽ ആസക്തിപൂണ്ടുകഴിയുന്ന ഒരാൾക്ക് ജനനമരണങ്ങളിൽ നിന്നും മോചനമില്ല. സ്വപ്നത്തിൽ നടന്ന (നടക്കാത്ത) കാര്യങ്ങൾ പോലും ഒരുവന് വൈഷമ്യമോ, സന്തോഷമോ ഉണ്ടാക്കുമല്ലോ.

അതുകൊണ്ട് ഭക്തിയോഗസാധനയിലൂടെ മനസ്സിനെ ക്രമത്തിൽ അടക്കി നിർത്താൻ ശ്രമിക്കണം. യമ (അഹിംസ തുടങ്ങിയവ), എന്നെപ്പററിയുള്ള കഥകൾ കേൾക്കാനുള്ള താത്പര്യം, സമാനദൃഷ്ടി, ആകർഷണത്തിൽനിന്നും വികർഷണത്തിൽനിന്നും വിടുതൽ, വെറുപ്പിൽനിന്നും മോചനം, മൗനം, അനാസക്തി, ഭഗവൽപ്രേമത്തോടെ സ്വധർമ്മം ഭഗവാനിലർപ്പിച്ചു ചെയ്യാനുള്ള മനസ്സ്, ഏതിലും തൃപ്തി, ഭക്ഷണത്തിൽ മിതത്വം, ഏകാന്തതയോടുള്ള താത്പര്യം, പ്രശാന്തത, സൗഹൃദഭാവം, കരുണ, ആത്മനിയന്ത്രണം, ആത്മാവും ശരീരവും (ഊർജ്ജവും ദ്രവ്യവും) തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കി ശരീരാസക്തിയിൽനിന്നും വിട്ട് എല്ലാത്തിലും ഈശ്വരദർശനം എന്നീ ഗുണഗണങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഭക്തൻ ഭൗതികവസ്തുക്കളിൽ ആസക്തനാവുകയില്ല. ഇപ്രകാരം ബുദ്ധിയെ ശുദ്ധീകരിക്കുന്ന ഭക്തനിൽ ആത്മസാക്ഷാത്ക്കാരത്തിനുള്ള എല്ലാ യോഗ്യതകളും തികഞ്ഞിരിക്കുന്നു. കുടത്തിൽ പ്രതിബിംബിക്കുന്ന സൂര്യപ്രകാശം ചുവരിൽ പ്രതിഫലിക്കുന്ന പ്രകാശത്തിന്റെ തിളക്കത്തിലൂടെ പ്രകടമാകുന്നതുപോലെ, അഹങ്കാരം നീങ്ങിയ ആത്മപ്രകാശം മനസ്സിൻേറയും ഇന്ദ്രിയങ്ങളുടേയും പ്രവർത്തനങ്ങളിലൂടെ പ്രകടമാവുന്നു."

ദേവഹൂതി ചോദിച്ചു: "പ്രകൃതിയാൽ ആത്മാവ് വിഭ്രാന്തിയിൽ ആണ്ടുപോവുന്നല്ലോ. പിന്നീട് ആത്മബോധം വീണ്ടുകിട്ടിയാൽത്തന്നെയും വീണ്ടും ആ വിഭ്രാന്തിയിലേക്ക് വഴുതിവീഴാൻ സാധ്യതയുണ്ടല്ലോ. എങ്ങിനെയാണ് ആ സാദ്ധ്യതയുടെ മൂലകാരണവുംകൂടി കളയുവാൻ സാധിക്കുന്നത്?"

കപിലദേവൻ പറഞ്ഞു: "ഒരുവൻ ജന്മജന്മാന്തരങ്ങളായി ദിനരാത്രേന എന്നിൽ ഭക്തിയുള്ളവനായി കഴിയുമ്പോൾ ലൗകീകസുഖങ്ങളിൽ ആസക്തി ഇല്ലാത്തവനായിത്തീരുകയും സ്വർഗ്ഗലാഭമോ അതിഭൗതികസിദ്ധിയോ അവനെ ആകർഷിക്കാൻ പര്യാപ്തമല്ലാതാവുകയും ചെയ്യും. പേടിസ്വപ്നങ്ങളാൽ വിഭ്രാന്തനായ ഒരുവൻ ഉറക്കമുണരുന്നതോടെ എല്ലാ ഭയവും അവസാനിക്കുന്നതുപോലെയത്രേ അത്. എന്റെ അനുഗ്രഹംകൊണ്ട് അവൻ ആത്മാവിനെ കണ്ടെത്തുന്നു. അവന്റെ സംശയങ്ങൾ ആത്മദർശനത്തോടെ ഇല്ലാതാവുന്നു. കൈവല്യമുക്തി എന്ന അവസ്ഥയിൽ സർവ്വസ്വതന്ത്രനായി അവൻ വർത്തിക്കുന്നു."

**യോഗസ്യ ലക്ഷണം വക്ഷ്യേ സബീജസ്യ നൃപാത്മജേ**
**മനോ യേനൈവ വിധിനാ പ്രസന്നം യാതി സത്പഥം. (3-28-1)**

കപിലദേവൻ തുടർന്നു:
ഇനി ധ്യാനയോഗത്തെപ്പറ്റി പറയാം. ഇതുകൊണ്ട് മനസ്സിന് ശാന്തതയുണ്ടാവുന്നു, അതൊരുവനെ ഭഗവത് പാദത്തിലേക്ക് നയിക്കുന്നു. ഒരുവൻ കഴിവിൻെറ പരമാവധി, ധർമ്മമാർഗ്ഗത്തിലൂടെ മാത്രം അവനവൻെറ കർമ്മങ്ങൾ ചെയ്യണം. ഭഗവൽപ്രസാദമായ ലൗകീകകാര്യങ്ങളിൽ സ്വയം സംതൃപ്തനുമാവണം. പുണ്യപുരുഷന്മാരോടുള്ള ഭക്തി, ആത്മസാക്ഷാത്ക്കാരത്തിനുള്ള അഭിവാഞ്ച, ലൗകീകകാര്യങ്ങളിലുള്ള അനാസക്തി, മിതഭക്ഷണം, ഏകാന്തതയോടുള്ള താത്പര്യം, അഹിംസ, സത്യം, കളവും അത്യാഗ്രഹവും ഇല്ലാതിരിക്കുക, സംശുദ്ധി, ഭഗവൽപൂജ, മൗനം, യോഗാഭ്യാസങ്ങിൽ പ്രാവീണ്യം, ഇന്ദ്രിയങ്ങളെ ലൗകീകതയിൽ അലയാൻ വിടാതെ ഉള്ളിലേക്ക് നയിക്കൽ, അന്തര്യാമിയായ ഈശ്വരനിലേക്ക് മനസ്സിനെ നയിക്കൽ എന്നിവയെല്ലാം സാധനാസോപാനത്തിലെ ചവിട്ടുപടികളത്രെ. മനസ്സു നിയന്ത്രിച്ച് ജീവശക്തിയെ ശരീരത്തിലെ ചക്രങ്ങളിലൊന്നിൽ കേന്ദ്രീകരിച്ച് സ്ഥിരമായി ഭഗവൽക്കഥകളിലും മഹിമകളിലും മുഴുകി ശാന്തത നേടാം. ജീവശക്തിയേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിക്കാൻ ഇങ്ങിനെ പലേ മാർഗ്ഗങ്ങളുമുണ്ട്.

ഈ കാര്യങ്ങൾ സാധനയ്ക്കടിത്തറയിട്ട ഒരുവനിൽ ശരിയായ അറിവിൻെറ സഹായത്താൽ ധ്യാനം സ്വാഭാവികമായും പ്രയാസരഹിതവും എളുപ്പവുമാവുന്നു. സൗകര്യപ്രദമായ ഒരിടത്ത് ശുദ്ധിയോടെയിരുന്നു പ്രാണായാമം ചെയ്യണം. ശ്വാസം വലിക്കലും, വിടലും, ഇടക്ക് ശ്വാസംപിടിക്കലും പ്രാണായാമത്തിൻെറ ഘട്ടങ്ങളാണ്. മനസ്സിനെ ശാന്തമാക്കാനും ശുദ്ധീകരിക്കാനും പ്രാണായാമം സഹായിക്കുന്നു. മനസ്സ് ഏകോന്മുഖമാവുന്നതോടെ പാപങ്ങൾ ഒഴിയുകയും. ഇന്ദ്രിയങ്ങളെ പിൻവലിക്കുകവഴി (പ്രത്യാഹാരം) ആസക്തി ഇല്ലാതാവുന്നു. ഇങ്ങിനെ മന:ശുദ്ധി കൈവന്ന ഒരുവൻ നാസാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ച് ദൈവീകവും അതീവസുന്ദരവുമായ ഭഗവൽരൂപത്തെ ധ്യാനിക്കണം. ഭഗവൽവദനം അതീവസുന്ദരവും ആനന്ദദായകവുമത്രെ. ആ ശരീരം നീലമേഘവർണ്ണമാണ്. നാല് തൃക്കരങ്ങൾ ശംഖ്, ഗദ, ചക്രം, താമര എന്നിവയാൽ അലംകൃതം. അരക്കെട്ടിൽ മഞ്ഞപ്പട്ട്. മാറിടത്തിൽ തിളങ്ങുന്ന കല്ലും കഴുത്തിൽ ഒരിക്കലും ഒളിമങ്ങാത്ത പൂമാലയും. ഭക്തൻെറ മനസ്സിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്നത് ഈ യുവകോമളരൂപമത്രെ. മനസ്സ് മറ്റിടങ്ങളിൽ അലയാതെ ഭഗവൽരൂപത്തെ ഓരോ അവയവങ്ങളായി ധ്യാനിക്കണം. താമരപ്പാദങ്ങൾ, കാൽമുട്ടുകൾ, അരക്കെട്ട്, മാറിടം, നാല് തൃക്കരങ്ങൾ, മുഖം, കണ്ണുകൾ, അധരങ്ങൾ എല്ലാം ഓരോന്നായി മനസ്സിലുദിക്കണം. ഭഗവാൻെറ ദിവ്യസൗന്ദര്യം ഭക്തൻെറ മനസ്സിൽ മറ്റൊന്നും കാണാനുള്ള ആഗ്രഹം അവശേഷിപ്പിക്കുകയില്ല തന്നെ.

ഭഗവൽപ്രേമത്തിൽ ഭക്തഹൃദയമലിയുന്നു. ഭഗവാനെക്കുറിച്ച് ചിന്തിക്കുന്ന മനസ്സുപോലും അപ്പോൾ ഉൾവലിഞ്ഞില്ലാതായിരിക്കുന്നു. ചിന്തകൾ ഇല്ലാതായി മനസ്സ് അവനിൽ അലിഞ്ഞുചേർന്നിരിക്കുന്നു. ഇങ്ങിനെയുള്ള യോഗി വിശ്വബോധമനുഭവിക്കുന്നു. ദ്വന്ദശക്തികളായ സുഖദു:ഖങ്ങളും ശീതോഷ്ണങ്ങളും അജ്ഞതാസന്താനങ്ങളാണെന്നും അഹങ്കാരവുമായി ബന്ധപ്പെട്ടതാണെന്നും അവനറിയുന്നു. എല്ലാ ജീവികളിലും സ്വയം ആത്മാവിനെ കണ്ടെത്തുന്നു. ഞാൻ, നിൻെറ, എൻെറ എന്ന മട്ടിലുള്ള ഭേദചിന്ത യുണ്ടാക്കുന്ന മായാശക്തിയുടെ പ്രഭാവത്തിൽനിന്നും യോഗി വിമുക്തനാവുന്നു. ആ പരമാത്മാവിൽ സാക്ഷാത്കാരം നേടുക വഴി ശരീരബുദ്ധിയിൽനിന്നും സ്വയം മോചിതനാവുകയും ചെയ്യുന്നു.

## ഭക്തിയോഗോ ബഹുവിധോ മാർഗ്ഗൈർഭാമിനി ഭാവ്യതേ
## സ്വഭാവഗുണമാർഗ്ഗേണ പുംസാം ഭാവോ വിഭിദ്യതേ. (3-29-7)

കപിലദേവൻ തുടർന്നു:
ഭക്തിയോഗം പലതരത്തിലുള്ളതും സാധകൻെറ സ്വഭാവമനുസരിച്ച് ആചാരങ്ങളിൽ ഭിന്നങ്ങളുമാണ്. ഓരോരുത്തർക്കും യോജിച്ചരീതിയിൽ ഭക്തിയോഗമാകാം. എങ്കിലും പൊതുവെ പറഞ്ഞാൽ ഹൃദയത്തിൽ അക്രമവാസനയും അസൂയയും കപടതയും നിറഞ്ഞ ഭക്തൻ താമസഭക്തനത്രേ. സ്വന്തം ഇഷ്ടലാഭത്തിനുവേണ്ടി പ്രാർത്ഥിച്ച് ലൗകീകകാര്യങ്ങൾ നേടുന്നവൻ രാജസികഭക്തനും, സ്വന്തം പാപങ്ങൾ അകലാനാഗ്രഹിക്കുകയും തൻെറ എല്ലാ കർമ്മങ്ങളും എന്നിലർപ്പിർച്ച് ഭക്തി തൻെറ ജീവിതധർമ്മമെന്ന് കരുതുകയും ചെയ്യുന്നവൻ സാത്വികഭക്തനുമത്രെ. ഈ മൂന്നുകൂട്ടരും എന്നിൽനിന്നു വ്യത്യസ്ഥരായി സ്വയം കാണുന്നു. ശരിയായ ഭക്തിയോഗമാവട്ടെ അനുസ്യൂതമായി ഭക്തഹൃദയം എന്നോടുചേർന്നു നിലകൊള്ളുന്ന അവസ്ഥയത്രെ.

ശരിയായ ഭക്തൻ ലൗകീകസുഖങ്ങളിൽ തൃപ്തനല്ല. അവന് സാലോക്യമോ (എൻെറ കൂടെയുള്ള വാസം), സാരഷ്ടിയോ (എൻേറതുപോലുള്ള സിദ്ധികൾ), സാമീപ്യമോ (എൻെറസാന്നിദ്ധ്യം), സാരൂപ്യമോ (എൻെറ രൂപഭാവങ്ങളോ) സായൂജ്യം പോലുമോ ആഗ്രഹമായിട്ടില്ല. അവൻ തൻെറ ധർമ്മങ്ങളെ സ്വാർത്ഥതയുടെ കണികപോലുമില്ലാതെ ചെയ്യുന്നു. എൻെറ മഹിമകൾ വാഴ്ത്തി പൂജിക്കുകയും പുണ്യപുരുഷന്മാരെ വന്ദിച്ചാദരിക്കയും ചെയ്യുന്നു. ഹൃദയത്തിൽ കരുണയും ദയാവായ്പ്പും അവനിൽ നിറഞ്ഞിരിക്കുന്നു. എല്ലാവർക്കും സുഹൃത്താണവൻ. യമനിയമാദി ഗുണഗണങ്ങളുടെ ഇരിപ്പിടമായ അവൻ എൻെറ കഥകളും മഹിമകളും വർണ്ണിക്കാനിഷ്ടപ്പെടുന്നു. സജ്ജനങ്ങളെയും ഭക്തരെയും കൂട്ടി സ്വാർത്ഥരഹിതനായി സത്സംഗത്തിലേർപ്പെടുന്നു. ഇങ്ങിനെയുള്ള ഭക്തൻ എൻെറ നാമശ്രവണമാത്രേന തീവ്രമായ ഭക്തിപ്രേമത്താൽ പുളകിതഗാത്രനുമാകുന്നു.

വിഗ്രഹാരാധന നടത്തുമെങ്കിലും എൻെറ ഏറ്റവും ചെറിയ പ്രാണികളെയെങ്കിലും വെറുക്കുന്ന ഭക്തൻ കപടഭക്തനത്രെ. അവന് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഞാൻ എല്ലാറ്റിലും എപ്പോഴും നിറഞ്ഞിരിക്കുന്നു. ഹൃദയത്തിൽ എന്നെ സാക്ഷാത്ക്കരിക്കുകയും അതേ സമയം സകലജീവികളിലും എൻെറ സാന്നിദ്ധ്യം ദർശിക്കുകയും ചെയ്യുന്നതുവരെ മാത്രമെ ഒരുവൻ വിഗ്രഹാരാധന നടത്തേണ്ടതുള്ളൂ. കാപട്യവും പൊങ്ങച്ചവും കാട്ടുന്ന ഭക്തൻ എന്നേയും ജീവജാലങ്ങളേയും വെറുക്കുന്നു. എന്നിൽനിന്ന് വ്യത്യസ്ഥനാണെന്ന് കരുതുകയോ ഏതെങ്കിലും ജീവിയോട് വെറുപ്പു പുലർത്തുകയോ ചെയ്യുന്നവന് മന:ശാന്തി അസാദ്ധ്യമത്രെ. അതുകൊണ്ട് എൻെറ ഭക്തന്മാർ സർവ്വ ചരാചരങ്ങളേയും സ്നേഹിക്കുകയും എല്ലാവരിലും കരുണയുള്ളവരാവുകയും, ദാനധർമ്മങ്ങളിൽ മുഴുകുകയും വേണം. എൻെറ സാന്നിദ്ധ്യമാണ് സർവ്വചരാചരങ്ങളേയും നിയന്ത്രിക്കുന്നതെന്നറിഞ്ഞ് എല്ലാറ്റിനേയും തികഞ്ഞ ബഹുമാനത്തോടെ തൊഴുതു വണങ്ങി കഴിയണം.

ഞാൻ ധ്യാനയോഗത്തെപ്പറ്റിയും ഭക്തിയോഗത്തെപ്പറ്റിയും വിശദീകരിച്ചു കഴിഞ്ഞു. ഈ മാർഗ്ഗങ്ങളിലേതിലൂടെയും ഒരുവന് ഭഗവൽ സന്നിധി പൂകാം. പ്രകൃതിയായും, പുരുഷനായും അവയുടെ അപ്പുറത്തുള്ള സത്യമായും വിശ്വത്തിൻെറയും, കാലത്തിൻെറയും ഊർജ്ജമായും വർത്തിക്കുന്ന പരമാത്മാവിൻെറ നിയന്ത്രണത്തിലത്രേ അണ്ഡകാഹങ്ങൾ തങ്ങളുടെ ധർമ്മങ്ങൾ മുറതെറ്റാതെ അനുവർത്തിക്കുന്നത്.

**യം യമർത്ഥമുപാദത്തേ ദു:ഖേന സുഖഹേതവേ**
**തം തം ധുനോതി ഭഗവാൻ പുമാൻ ശോചതി യത്കൃതേ**
**യദധ്രുവസ്യ ദേഹസ്യ സാനുബന്ധസ്യ ദുർമതി:**
**ധ്രുവാണി മന്യതേ മോഹാദ് ഗൃഹക്ഷേത്രവസൂനി ച (3-30-2)**

കപിലദേവൻ തുടർന്നു:
കാലം, അജ്ഞാനിയായ ഒരുവന് മരണമത്രെ. അവൻ ജനനമരണചക്രങ്ങളാൽ പന്താടപ്പെടുന്നു. ഈ വസ്തുത അറിയാൻപോലും കഴിയാത്ത മന്ദബുദ്ധിയത്രെ അവൻ. എങ്കിലും, ജാഗരൂകനായിരുന്നാൽ അവനും സത്യം കണ്ടെത്താൻ കഴിയും. ഒരുവൻ കഷ്ടപ്പാടും വേദനയും സഹിച്ച് ഉണ്ടാക്കിയെടുക്കുന്നതെന്തും സുഖത്തിനുവേണ്ടിയാണല്ലൊ. എങ്കിലും, കാലമതിനെ നശിപ്പിക്കുമ്പോൾ വിഡ്ഢിയായ മനുഷ്യൻ ദു:ഖിക്കുന്നു. അജ്ഞതാമൂലമായ വിഭ്രാന്തിയിൽ നശ്വരമായ ശരീരത്തെ അവൻ ശാശ്വതമാണെന്നു കരുതി അതിനോടു ചേർന്നുളള എല്ലാറ്റിനേയും -വീട്, സ്വത്ത്, വസ്തുവകകൾ- അങ്ങിനെത്തന്നെ കണക്കാക്കുന്നു.

കബളിപ്പിക്കപ്പെട്ട ജീവൻ ആത്മസ്വരൂപമായ സ്വന്തം സ്വഭാവത്തെ തിരിച്ചറിയാതെ നശ്വരമായ ശരീരത്തിൽ ആസക്തനായി കേവലരായ മനുഷ്യരേയും ഉപമനുഷ്യന്മാരേയും സ്നേഹിക്കുന്നു. തുടർച്ചയായി വേദനയ്ക്കും ദു:ഖത്തിനും അടിമപ്പെടുമ്പോഴും മനുഷ്യൻ നശ്വരമായ ഇഹലോക ജീവിതത്തിലെ ക്ഷണപ്രഭാചഞ്ചലമായ സുഖത്തിനുവേണ്ടി കടിച്ചുതൂങ്ങി നിലകൊളളുന്നു. ഭഗവാൻെറ മായാശക്തി അപാരം തന്നെ. ഭാര്യ, സ്വത്ത്, കുട്ടികൾ, പണം, പശുക്കൾ എന്നിവയെല്ലാം അവൻെറ അനുഗ്രഹങ്ങളെന്നു കരുതാനുളള മൗഢ്യം പോലും അവനുണ്ടാകുന്നു. കുടുംബജീവിതത്തിൽ തികച്ചും ദുരിതമാണെങ്കിൽക്കൂടി അവൻ അതിൽ ആസക്തനായി കഴിഞ്ഞുകൂടുന്നു. ഏതെങ്കിലും പുണ്യകർമ്മങ്ങളിലൂടെ ഈ ദുരിതങ്ങളെ തൽക്കാലത്തേക്കെങ്കിലും ഒഴിവാക്കാൻ സാധിക്കുമ്പോൾ അവൻ സ്വയം അനുഗൃഹീതനെന്നും ഭാഗ്യവാനെന്നും കരുതുന്നു.

ശരിയോ തെറ്റോ ആയ മാർഗ്ഗങ്ങളിലൂടെ നേടിയ സ്വത്തുകൊണ്ട് അവൻ തൻെറ കുടുംബത്തെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. പക്ഷെ സ്വത്തെല്ലാം തീരുമ്പോൾ ഈ കുടുംബം പോലും അവനെ തൃണവൽഗണിക്കുന്നു. എങ്കിലും, വയസ്സായിട്ടും ആഗ്രഹം നശിക്കാത്തവനായി അവൻ മരണം കാത്തു കിടക്കുന്നു. മരണഭീതിയാൽ ബോധം നശിക്കുന്ന അവനിൽ യമദൂതന്മാർ ഒരു സൂക്ഷ്മശരീരം നിക്ഷേപിക്കുന്നു. പിന്നെ നരകത്തിലേക്കുകൂട്ടിച്ചെന്ന് പലേ വിധത്തിലുളള പീഢനങ്ങൾക്കിരയാക്കുന്നു. ഭൂമിയിൽച്ചെയ്ത എല്ലാ അധാർമ്മികപ്രവൃത്തികൾക്കും പ്രായശ്ചിത്തം ചെയ്യിക്കുന്നു. അമ്മേ, എങ്കിലും പലേ മാമുനിമാരുടേയും അഭിപ്രായത്തിൽ സ്വർഗ്ഗനരകങ്ങൾ ഇവിടെത്തന്നെയാണ്. ഈ ഭൂമിയിൽത്തന്നെ മരണതുല്യയാതനകളും ദുരിതങ്ങളും നമുക്ക് ദിനേന കാണാവുന്നതാണല്ലോ.

ശരീരവും അതിനെ അവലംബിക്കുന്ന കുടുംബവും സ്വത്തും എല്ലാം ഉപേക്ഷിച്ചിട്ട് സ്വയം ജീവിതകാല ത്താർജ്ജിച്ച പാപങ്ങളുടെ കെട്ടുമായി ജീവൻ പോകുന്നു. നരകത്തിൽ ശിക്ഷകൾ അനുഭവിച്ചശേഷം ആത്മശുദ്ധീകരണത്തിനായി മറ്റുജന്മങ്ങളെടുത്തശേഷം ഏറെക്കാലം കഴിഞ്ഞ് ജീവൻ വീണ്ടും മനുഷ്യജന്മമെടുക്കാൻ ഭൂമിയിലേക്ക് മടങ്ങുന്നു.

**തസ്മാദഹം വിഗതവിക്ലവ ഉദ്ധരിഷ്യ**
**ആത്മാനമാശു തമസസ്സുഹൃദാ*ff*ത്മനൈവ**
**ഭുയോ യഥാ വ്യസനമേതദനേകരന്ധ്രം**
**മാ മേ ഭവിഷ്യദുപസാദിതവിഷ്ണുപാദ: (3-31-21)**

കപിലദേവൻ തുടർന്നു:
മനുഷ്യജന്മമെടുക്കാൻ വിധിക്കപ്പെട്ട ജീവാത്മാവ് പുരുഷൻെറ ശുക്ലത്തിലൂടെ സ്ത്രീയുടെ യോനിയിൽ പ്രവേശിക്കുന്നു. ഒരു രാത്രി ഗർഭപാത്രത്തിൽ സംയോജിച്ച് അഞ്ചുദിവസങ്ങൾകൊണ്ട് അതൊരു ചെറിയ കുമിളയായിത്തീരുന്നു. പത്തുദിവസംകൊണ്ട് ഒരു ഞാവൽപ്പഴത്തിൻെറ വലിപ്പവും, ഒരുമാസം കൊണ്ട് തലയും, രണ്ടു മാസമാകുമ്പോൾ കൈകാലുകളും ഉണ്ടാകുന്നു. മൂന്നു മാസം കൊണ്ട്, മറ്റവയവങ്ങളും നാലു മാസത്തിൽ മാംസരക്താദി വസ്തുക്കളും ഉണ്ടാവുന്നു. ആറാം മാസത്തിൽ, ഗർഭശിശു അനങ്ങിത്തുടങ്ങുന്നു. അമ്മയുടെ ആഹാരത്തിൽ നിന്നുമൊരംശം സ്വീകരിച്ചു കൊണ്ട് ഏഴാം മാസമാവുമ്പോൾ ശിശുവിന് ബോധമുണ്ടാകുന്നു. ഭഗവൽകൃപയാൽ അത് മുൻജന്മങ്ങളെപ്പറ്റി ഓർക്കുകയും ഭഗവാനെ പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

"എൻെറ കർമ്മപ്രാരബ്ധങ്ങളനുസരിച്ച് എന്നെ ഇവിടെയാക്കിയിരിക്കുമ്പോഴും ഞാൻ ഭഗവാനിൽ അഭയം തേടുന്നു. എല്ലാവിധ വിസ്മയങ്ങൾക്കുമതീതനും എൻെറ ഹൃദയകമലനിവാസിയുമായ ഭഗവാനെ ഞാൻ വണങ്ങുന്നു. ആ ബോധതലത്തിൽ ഞാൻ ജനനമരണങ്ങൾക്കും ശരീരബുദ്ധിക്കും അതീതനാണെന്ന് മനസ്സിലാക്കുന്നു. ഈ ശരീരവസ്ത്രത്താൽ എന്നെ പൊതിഞ്ഞിരിക്കുന്നതായി തോന്നുന്നത് അജ്ഞത മൂലമാണെന്നും ഞാനറിയുന്നു. അവിടുത്തെ കൃപാകടാക്ഷത്താൽ മാത്രമാണ് എനിക്ക് പൂർവ്വജന്മബോധവും ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചുള്ള അറിവും ഉണ്ടായത്. അവിടുത്തെ മഹിമകളെ വാഴ്ത്താൻ എനിക്കു സാധിക്കുന്നതുപോലും ആ കൃപയാലത്രെ. ഗർഭത്തിലെ വാസം ബുദ്ധിമുട്ടു നിറഞ്ഞതാണെങ്കിലും പുറത്ത് ലോകജീവിതത്തെപ്പറ്റി ഓർക്കുമ്പോൾ ഭയം തോന്നുന്നു. പുറത്തുവരുമ്പോഴേ, മായയാൽ പൊതിഞ്ഞ് ആത്മഭാവം മറന്ന്, അഹങ്കാരബോധത്താൽ നയിക്കപ്പെടുമല്ലോ എന്നാണെൻെറ പേടി. അതുകൊണ്ട്, ഞാൻ എൻെറ ഹൃദയത്തിൽ ഭഗവാൻ വിഷ്ണുവിൻെറ പാദാരവിന്ദങ്ങൾ പ്രതിഷ്ഠിക്കുകയാണ്. മനസ്സിൻെറ ചാഞ്ചല്യങ്ങൾ ഒഴിഞ്ഞ്, അജ്ഞത നീക്കി ജനനമരണഹേതുവായ ഈ സംസാരചക്രത്തിൽനിന്നും മോചനം നേടാൻ എന്നെ അനുഗ്രഹിച്ചാലും."

സമയമാവുമ്പോൾ കുട്ടി പിറക്കുന്നു. ജനനസമയത്തെ വേദനമൂലം പൂർവ്വസ്മൃതികളോ ഭഗവൽ സ്മരണയോ കുട്ടിക്കില്ലാതെ പോവുന്നു. വലിയൊരു പുഴുവിൻെറ അവസ്ഥയിൽ വൃത്തികേടുകളുടെ മദ്ധ്യത്തിൽ കിടന്ന് കുട്ടി കരയുന്നു. കുട്ടി വളരുന്നു. തന്നോട് സംസാരിക്കാനോ സംവദിക്കാനോ കഴിവില്ലാത്ത ആളുകൾ കൊടുക്കുന്ന ഭക്ഷണം കഴിച്ച് അവൻ വളരുന്നു. കൃമികീടങ്ങളുടെ ആക്രമണം സഹിച്ച് നിർത്താതെ കരയുന്നു. യൗവനത്തിലേക്ക് വളരുമ്പോൾ അവൻ പലേവിധ ആകർഷണങ്ങൾക്കും അടിമപ്പെടുന്നു. ഭഗവാൻെറ മായാരൂപമായ സ്ത്രീയാൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. (സ്ത്രീയോ പുരുഷനോ ആകട്ടെ, ആത്മസാക്ഷാത്ക്കാരം ആഗ്രഹിക്കുന്നയാൾ എതിർലിംഗത്തിൽ പ്പെട്ടവരുമായുള്ള സംസർഗ്ഗം വർജ്ജിക്കണം. അങ്ങിനെ നരകത്തിൻെറ വാതിൽപ്പടി കാണാതെ കഴിക്കാം).

അങ്ങിനെ ജീവാത്മാവ് സ്വകർമ്മങ്ങളുടെ ഫലമനുഭവിച്ചുകൊണ്ട് ജനനമരണചക്രങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. സൂക്ഷ്മശരീരം (ജീവാത്മാവ്), ഭൗതികശരീരവുമായി ചേരുമ്പോൾ ജനനമായി. എന്നാൽ അവ ഒന്നായി പ്രവർത്തിക്കാതെ വരുമ്പോൾ മരണവുമായി. ബുദ്ധിമാനായ ഒരുവൻ മരണത്തെ ഭയപ്പെടുന്നില്ല. ജീവനെ ശരീരത്തോടുബന്ധിച്ചുനിർത്താൻ വ്യാകുലനാകുന്നുമില്ല. അവൻ ഇഹലോകത്തിൽ ആസക്തിയില്ലാതെ സ്വശരീരം ലോകത്തിൻെറ തന്നെ ഭാഗമായി കണക്കാക്കി മുന്നോട്ടു പോവുന്നു.

**ഏവം പരേത്യ ഭഗവന്തമനുപ്രവിഷ്ടാ
യേ യോഗിനോ ജിതമരുന്മനസോ വിരാഗാ:
തേനൈവ സാകമമൃതം പുരുഷം പുരാണം
ബ്രഹ്മ പ്രധാനമുപയാന്ത്യഗതാഭിമാനാ: (3-32-10)**

കപിലദേവൻ തുടർന്നു:
ഇഹലോകജീവിതം വിട്ടുപോകുന്നവർ സ്വീകരിക്കുന്ന വിവിധമാർഗ്ഗങ്ങളെപ്പറ്റി ഇനി പറഞ്ഞുതരാം. സ്വാർത്ഥയോടെ സ്വന്തംകാര്യങ്ങൾ നേടാനായി ഒരുവൻ വിവിധ ദേവതകളെ പൂജിക്കുന്നു. ദേവതാഭക്തരായും പൂർവ്വികരെ പൂജിച്ചും അവൻ ചന്ദ്രപഥത്തിലൂടെ വീണ്ടും ഭൂമിയിലേക്കു തിരിച്ചു വരുന്നു. സ്വാർത്ഥലേശമില്ലാതെ സ്വധർമ്മം അനുഷ്ടിക്കുകയും ആസക്തിയില്ലാതെ എല്ലാം എന്നിലർപ്പിക്കുകയും ചെയ്ത് സന്യാസപാതയിൽ ചരിക്കുന്ന ഒരുവന് മന:സമാധാനവും ഹൃദയ നൈർമ്മല്യവും ഉണ്ടാവുന്നു. അങ്ങിനെയുള്ള ഒരുവൻ അഹങ്കാരരഹിതനും സ്വധർമ്മാനുഷ്ടാനത്തിൽ ധന്യത കൈവന്നവനുമത്രേ. അയാൾ സൂര്യപഥത്തിലൂടെ ഭഗവൽസന്നിധി പ്രാപിക്കുന്നു. ഇനിയും ചിലർ, ഭഗവദവതാരങ്ങളായ ദേവതകളെ പൂജിക്കുന്നു. പരമാത്മാവിൽ നിന്നു സ്വയം വിഭിന്നരല്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണവർ പൂജിക്കുന്നത്. സൃഷ്ടിചക്രത്തിനുശേഷം കല്പാന്തത്തിൽ ഭഗവൽസന്നിധിയിലേക്ക് ബ്രഹ്മാവ് മടങ്ങുമ്പോൾ, അവരും ഭഗവാനിൽ ഒന്നുചേരുന്നു. ഈ യോഗിവര്യന്മാർ സ്വയം ശ്വാസവും മനസ്സും നിയന്ത്രിച്ച് ആത്മസാക്ഷാത്ക്കാരം കിട്ടിയവരെങ്കിലും അഹങ്കാരം മുഴുവനായി വിട്ടുപോയിട്ടുള്ളവരല്ലത്രേ. അവരിൽ കർമ്മാഭിമാനത്തിൻെറ അംശം ബാക്കി നിൽക്കുന്നതിനാൽ, അടുത്ത സൃഷ്ടി ചക്രം തുടങ്ങുമ്പോൾ അവർ യോഗിവര്യന്മാരും, മഹർഷിമാരും, ഗുരുക്കന്മാരും മറ്റുമായി പിറക്കുന്നു.

അതുകൊണ്ട് അമ്മേ, മനസ്സും ശരീരവുമെല്ലാം ആ ഭഗവാനിലർപ്പിക്കൂ. സർവ്വവും അവിടുത്തെ മുന്നിൽ അർപ്പിക്കുമ്പോൾ മാത്രമേ ലൗകീകമോ സ്വർഗ്ഗീയമോ ആയുള്ള സുഖാസക്തിയിൽനിന്നും ഒരുവന് മോചനംലഭിക്കൂ. അപ്പോൾ ആത്മീയജ്ഞാനമുണരുകവഴി, സത്യത്തെ തിരിച്ചറിയാനും അസത്യത്തെ അസത്യമായി കാണാനുമുള്ള വിവേകം ഉണ്ടാവുന്നു. ഈ ഭക്തൻ ഇഹലോകത്തിൽ ഇന്ദ്രിയങ്ങളുടെ ബഹ്യനിയന്ത്രണത്തിൽ ജീവിക്കുമ്പോഴും ലൗകീകവസ്തുക്കളാൽ ആകർഷിക്കപ്പെടുകയോ അവനവയോട് വെറുപ്പുണ്ടാവുകയോ ചെയ്യുന്നില്ല. അവൻ എല്ലാവിധ ബന്ധനത്തിൽ നിന്നും മോചിതനത്രെ. ഈ കാണപ്പെടുന്നതെന്തും, കാഴ്ചയും കാണുന്നയാളും എല്ലാം, ആ ഭഗവാൻെറതന്നെ വിവിധരൂപങ്ങളാണെന്ന് അവനു ബോധമുദിക്കുന്നു. ബ്രഹ്മം ആദിയന്തമില്ലാത്തതും വൈവിധ്യമാർന്ന വസ്തുക്കളായി കാണപ്പെടുന്നതുമത്രേ. ബഹിർമുഖമായി തിരിച്ചുവെച്ചിട്ടുള്ള മനസ്സിൻേറയും ഇന്ദ്രിയങ്ങളുടേയും പ്രഭാവത്താലാണ്, ഒന്നായബ്രഹ്മം പലതായി കാണപ്പെടുന്നത്. ഈ ഏകത്വം അനുഭവിക്കാൻ, സാധകൻ തികച്ചും ഭഗവൽഭക്തനും നിത്യനിദാനപൂജായോഗക്രമങ്ങളിൽ ജാഗരൂകനുമായിരിക്കണം.

പരമാത്മവിജ്ഞാനവും അതിലേക്കെത്തിച്ചേരാനുള്ള വിവിധമാർഗ്ഗങ്ങളും ഞാൻ വിശദീകരിച്ചു കഴിഞ്ഞു. ഭഗവാൻ ഒന്നുമാത്രം. ആ സവിധത്തിലേക്കെത്തിച്ചേരാൻ പലേ വഴികളുമുണ്ട്. ഈ കാര്യങ്ങൾ ഒരിക്കലെങ്കിലും ഭക്തിപുരസ്സരം കേട്ട് മനസ്സെന്നിലുറപ്പിക്കുന്നവൻ എന്നെ പ്രാപിക്കുന്നതാണ്. ഈ വിജ്ഞാനം പക്വമതിയും, നിസ്വാർത്ഥനും, എളിമയുമുള്ള ഒരു ഭക്തനു മാത്രമേ നൽകാൻ പാടുള്ളൂ. സ്വാർത്ഥമതിയും, ദുഷ്ടമനസ്കനും, ഇന്ദ്രിയസുഖദാഹിയുമായ ഒരുവൻ ഈ ജ്ഞാനസമ്പാദനത്തിന് അർഹനല്ല തന്നെ.

**ബ്രഹ്മണ്യവസ്ഥിതമതിർഭഗവത്യാത്മസംശ്രയേ**
**നിവൃത്ത ജീവാപത്തിത്വാത് ക്ഷീണക്ലേശാ ffപ്തനിർവൃതി: (3-33-26)**
**സ്വാംഗം തപോയോഗമയം മുക്തകേശം ഗതാംബരം**
**ദൈവഗുപ്തം നബുബുധേ വാസുദേവപ്രവിഷ്ടധീ: (3-33-29)**

മൈത്രേയൻ തുടർന്നു:
കപിലൻെറ പ്രവചനം കേട്ട് ദേവഹൂതി അതീവ സന്തുഷ്ടയും പ്രബുദ്ധയുമായിത്തീർന്നു. ഹൃദയം നിറഞ്ഞ പ്രാർത്ഥനയോടെ അവർ ഭഗവാനു നന്ദി പറഞ്ഞു. "സൃഷ്ടികർത്താവായ ബ്രഹ്മാവുപോലും അങ്ങയെ മാനസപുത്രനായിട്ടാണല്ലോ സൃഷ്ടിച്ചത്. അങ്ങ്, എല്ലാ കർമ്മങ്ങൾക്കുമതീതനും അങ്ങയുടെ ശക്തി അളവറ്റതുമത്രെ. വിശ്വത്തിൻെറ മുഴുവൻ നാഥനായ അങ്ങ് സൃഷ്ടി, സ്ഥിതി, സംഹാരകർമ്മ ങ്ങളിലേർപ്പെട്ടപ്പോലെ കാണപ്പെടുന്നു. ഓരോ ലോകചക്രങ്ങൾ കഴിയുമ്പോഴും ഈ വിശ്വം മുഴുവൻ ഉൾവലിയുന്നതും അങ്ങിലേക്കുതന്നെ. ഇങ്ങിനെയൊക്കെയാണെങ്കിലും എൻെറ ഉദരത്തിൽ പിറക്കാൻ അങ്ങെന്തുകൊണ്ടു തീരുമാനിച്ചു എന്നു ഞാൻ വിസ്മയിക്കുന്നു. ധർമ്മരക്ഷയ്ക്കും അധർമ്മനിർമ്മാർജ്ജന ത്തിനും വേണ്ടി ഓരോ വ്യക്തിത്വം സ്വീകരിക്കുകയാണവിടുന്ന്. ഏറെ താഴ്ന്നരീതിയിൽ ജീവിക്കുന്ന - നായ്മാംസം കഴിക്കുന്ന- ആളുകൾക്കുപോലും അവിടുത്തെ നാമശ്രവണം കൊണ്ടും നാമോച്ചാരണം കൊണ്ടും ബ്രാഹ്മണപദവി ലഭ്യമത്രെ. അവിടുത്തെ മഹിമയാൽ ദർശനമാത്രേണ ഈ ലോകജീവിതത്തിൻെറ കഷ്ടപ്പാടുകളിൽനിന്നു മുക്തിയും സാദ്ധ്യമാണ്. അങ്ങെൻെറപുത്രൻ കപിലനായി പിറന്നുവെങ്കിലും അവിടുന്ന് ആ പരമാത്മസ്വരൂപം തന്നെയെന്നു ഞാനറിയുന്നു."

താൻ വിശദീകരിച്ച യോഗമാർഗ്ഗങ്ങൾ സ്വീകരിച്ചു ജീവിക്കുന്ന പക്ഷം ആത്മസാക്ഷാത്ക്കാരം ലഭിക്കുമെന്ന് കപിലൻ അമ്മയ്ക്കു വീണ്ടും ഉറപ്പു നൽകി. പിന്നീടദ്ദേഹം അമ്മയോട് യാത്രപറഞ്ഞ് വടക്കുകിഴക്കേ ദിശയിലൂടെ സമുദ്രത്തിൽ പ്രവേശിച്ച് മറഞ്ഞു. അവിടെ ദിവ്യപ്രഭയോടെ അദ്ദേഹം വാഴുന്നു. ദേവഹൂതി തൻെറ എല്ലാ കഴിവുകളും ഉപയോഗിച്ച് യോഗമാർഗ്ഗങ്ങൾ ശരിയാംവണ്ണം അനുവർത്തിച്ചു പോന്നു. തൻെറ ജീവിതത്തിൻെറ വസന്തകാലം കർദ്ദമനുമൊത്ത് വസിച്ചിരുന്ന അതിവിശാലമായ കൊട്ടാരം ഉപേക്ഷിച്ച് ദേവഹൂതി ധ്യാനമാർഗ്ഗത്തിലൂടെ ആത്മസാക്ഷാത്ക്കാരത്തിനായി തപസ്സിരുന്നു. പാൽപ്പാടയുടെ മാർദ്ദവമുള്ള കിടക്കകളും, അപ്സരകന്യകമാരുടെ പ്രതിമകളാലലംകൃതമായ കണ്ണാടിച്ചുവരുകളും, ചുറ്റുപാടും നന്ദനോദ്യാനങ്ങളും നിറഞ്ഞ ആ ഗൃഹമാണ് ദേവഹൂതി ധ്യാനത്തിനായി ഉപേക്ഷിച്ചത്. തൻെറ ഹൃദയനിവാസിയായ ആത്മസ്വരൂപത്തെ വിശ്വമായിക്കണ്ടു ധ്യാനിച്ച് ഇടമുറിയാതുള്ള ഭക്തിസാധനയാൽ മനസ്സുനിറച്ച് യോഗമാർഗ്ഗങ്ങളിലൂടെ ആസക്തി ഇല്ലാതാക്കി അവർ ആത്മജ്ഞാനം നേടി. ദേവഹൂതിയുടെ മനസ്സ് പരബ്രഹ്മത്തിലും ഭഗവാനിലും ഉറച്ചിരുന്നതിനാൽ വ്യക്തിത്വബോധമെന്ന തെറ്റിദ്ധാരണയിൽനിന്നു മോചിതയാവുകയും അങ്ങിനെ ദു:ഖവിമോചനമുണ്ടാവുകയും ചെയ്തു. അവൾ ശരീരബുദ്ധിക്കതീതയായി. ശരീരം തപസ്സിനാലും യോഗമാർഗ്ഗങ്ങളിലൂടെയും പലേവിധമാറ്റങ്ങൾക്കടിമപ്പെട്ടുവെങ്കിലും ഭഗവാൻെറ പരിരക്ഷയിലായിരുന്നു. തൻെറ മുടിക്കെട്ടഴിഞ്ഞതോ വസ്ത്രമുരിഞ്ഞുപോയതോ അവളറിഞ്ഞില്ല. അവളുടെ വ്യക്തിബോധം വാസുദേവൻെറ പരമാത്മബോധത്തിൽ വിലയം പ്രാപിച്ചിരുന്നു. ദേവഹൂതിക്ക് ആത്മസാക്ഷാത്ക്കാരവും മുക്തിയും കിട്ടിയസ്ഥലത്തിന് സിദ്ധപാദം എന്നു പറയുന്നു. നശ്വരമായ ശരീരം വീണിടത്ത് ഒരു നദിയുണ്ടായി.

കപിലൻെറ മഹിമകൾ അങ്ങിനെയൊക്കെയാണ്. ഇതു കേൾക്കുന്നവരിൽ ഭഗവൽപ്രേമം അങ്കുരിക്കുന്നു.

**നാലാം സ്കന്ദം ആരംഭം**

**ത ഏതേ മുനയ: ക്ഷത്തർല്ലോകാൻ സർഗ്ഗൈരഭാവയൻ**
**ഏഷ കർദ്ദമദൌഹിത്രസന്താന: കഥിതസ്തവ**
**ശൃണ്വത: ശ്രദ്ധാനസ്യ സദ്യ: പാപഹര: പര: (4-1-46)**

മൈത്രേയൻപറഞ്ഞു:
വിദുരരേ, ഞാൻ മനുവിൻെറ പുത്രിമാരിലൊരാളായ ദേവഹൂതിയുടെ കഥ പറഞ്ഞുവല്ലൊ. മറ്റു രണ്ടു പുത്രിമാരായ ആകൂതി, പ്രസൂതി എന്നിവരിൽ ആകൂതിയെ രുചിക്കു കൊടുത്തു. അവർ ഭഗവൽ ഭക്തിനിരതരായതിനാൽ, ഭഗവാൻ പ്രസന്നനായി സ്വയം അവർക്കു പുത്രനായി ലക്ഷ്മീസമേതം പിറന്നു. വിഷ്ണു യജ്ഞ്മായും, ലക്ഷ്മി ദക്ഷിണയായും പിറന്നു. അവർക്ക് പന്ത്രണ്ടു പുത്രന്മാരുണ്ടായി. തോഷ, പ്രതോഷ, സന്തോഷ, ഭദ്ര, ശാന്തി, ഇഡസ്പതി, ഇദ്മ, കവി, വിഭു, സ്വഹ്ന, സുദേവ, രേചന. തുസീത: എന്നറിയപ്പെടുന്ന ഇവർ ധർമ്മദാനസമ്മാനങ്ങളോടെ വേണ്ടപോലെ ചെയ്യുന്ന യജ്ഞത്തിൻെറ ഫലങ്ങളത്രേ.

ദേവഹൂതിയുടെ ഒൻപതു പുത്രിമാരിൽ കല, കശ്യപനും പൂർണ്ണിമയ്ക്കും ജന്മം നൽകി. പൂർണ്ണിമയ്ക്ക് വിരാജ, വിസ്വഗ, ദേവകുല്യ, എന്നീ മക്കളുണ്ടായി. ദേവകുല്യ, ഗംഗ എന്ന പേരിൽ പിന്നീടറിയപ്പെട്ടു. അനസൂയയെ വിവാഹം ചെയ്ത അത്രിമുനി, ഒറ്റക്കാലിൽ ഒരു നൂറുവർഷം അതികഠിനമായ തപസ്സിലേർപ്പെട്ടു. ഭഗവൽരൂപത്തിലുള്ള മക്കൾ ഉണ്ടാവാനായിട്ടാണ് അത്രിമുനി തപസ്സനുഷ്ടിച്ചത്. ത്രിമൂർത്തികൾ -സൃഷ്ടി, സ്ഥിതി, സംഹാരമൂർത്തികൾ- പ്രത്യക്ഷരായി മുനിയോട് പറഞ്ഞു. “മാമുനേ, നിങ്ങളുടെ ആഗ്രഹമെന്തോ അതു നടക്കും. ഞങ്ങൾ മൂവരും അങ്ങയുടെ പുത്രന്മാരായി പിറക്കുന്നതാണ്. അങ്ങയുടെയും തങ്ങളുടേയും മഹിമ പ്രസരിപ്പിച്ചുകൊണ്ട് അവർ ജീവിക്കും.” ബ്രഹ്മപ്രഭയാൽ ചന്ദ്രദേവതയും, വിഷ്ണുമഹിമയാൽ ദത്താത്രേയനും, ശിവശക്തിയിൽനിന്നും ദുർവ്വാസാവും അത്രിപുത്രന്മാരായി പിറന്നു. ആഗിരനും ശ്രദ്ധക്കും നാലു പുത്രിമാരും, ഉതസ്യ, ബ്രഹസ്പതി എന്നീ രണ്ടു പുത്രന്മാരും ഉണ്ടായി. പുലസ്ത്യമുനിക്കും ഹവിർഭുവിനും കൂടി രണ്ടു പുത്രന്മാർ. ഒരാൾ അഗസ്ത്യമുനി. മറ്റേയാൾ മാമുനിയായ വിശ്രവൻ. വിശ്രവൻെറ പുത്രനാണ് കുബേരൻ. മറ്റൊരു ഭാര്യയിൽ, വിശ്രവപുത്രൻമാരാണ് രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ എന്നിവർ. പുലഹനും ഗതിക്കും കൂടി കർമ്മശ്രേഷ്ഠ, വാരീയാൻ, സഹിഷ്ണു എന്നിവരും കൃതുവിനും ക്രിയക്കും കൂടി വാലഖില്യാ എന്നറിയപ്പെടുന്ന അറുപതിനായിരം ഋഷികളും ഉണ്ടായി. വസിഷ്ടനും ഊർജ്ജക്കും കൂടി ഏഴു പുത്രന്മാർ -ചിത്രകേതു, സുരോചി, വിരാജ, മിത്ര, ഉൽബന, വസുഭ്രദ്യാന, ദ്യുമാൻ- എന്നിവർ. അഥർവനും ശാന്തിക്കും കൂടി ദദീചി. ഭൃഗുവിനും ഖ്യാതിക്കും കൂടി ധാതാ, വിധാതാ എന്നീ പുത്രന്മാരും ശ്രീ, കവി എന്നീ പുത്രിമാരും ഉണ്ടായി. കർദ്ദമൻെറ കുലത്തിലെ പരമ്പരയെപ്പറ്റി കേൾക്കുന്നവരിൽ നിന്നും പാപങ്ങൾ ഒഴിയുന്നു.

മനുവിൻെറ പുത്രി പ്രസൂതിയെ ദക്ഷനു കൊടുത്തു. അവർക്ക് പതിനാറ് പുത്രിമാർ. ദക്ഷൻ തൻെറ പതിമൂന്ന് പുത്രിമാരെ ധർമ്മദേവനു കൊടുത്തു- ശ്രദ്ധ, മൈത്രി, ദയ, ശാന്തി, തുഷ്ടി, പുഷ്ടി, ക്രിയ, ഉന്നതി, ബുദ്ധി, മേധ, തിതിക്ഷ, ഹ്യി, മൂർത്തി. അവർക്ക് ശുഭ, പ്രസാദ, അഭയ, സുഖ, മദ, സ്മയ, യോഗ, ദർപ്പ, അർദ്ധ, സ്മൃതി, ക്ഷേമ, പ്രാശ്രയ എന്നിവരും നരനാരായണന്മാരും മക്കളായി ജനിച്ചു. ഈ നരനാരായണൻമാരാണല്ലൊ ദ്വാപരയുഗത്തിൽ അർജ്ജുനനും ശ്രീകൃഷ്ണനുമായി അവതരിച്ചത്. ദക്ഷൻെറ മറ്റൊരു പുത്രി സ്വാഹയെ അഗ്നിക്ക് കൊടുത്തു. ഇനിയുമൊരു പുത്രിയെ പിതൃക്കന്മാർക്കും ഏറ്റവും ഇളയമകളായ സതിയെ ശിവനും കൊടുത്തു. സതി ചെറുപ്പത്തിലേത്തന്നെ മരിച്ചുപോയി.

ഈ പേരുകളെല്ലാം മന:ശാസ്ത്രപരമായി പ്രാധാന്യമർഹിക്കുന്നവയാണ്. ഈ അദ്ധ്യായം മുഴുവനും ധ്യാനയോഗ്യമത്രെ.

**നിഷിദ്ധ്യ മാനസ്സ സദസ്യമുഖ്യൈർദക്ഷോ ഗിരിത്രായ വിസൃജ്യ ശാപം**
**തസ്മാദ്വിനിഷ്ക്രമ്യ വിവൃദ്ധമന്യുർജ്ജഗാമ കൌരവ്യ നിജം നികേതനം (4-2-19)**

സതിയുടെ അകാലവിയോഗത്തെപ്പറ്റിയുള്ള വിദുരരുടെ ചോദ്യത്തിന് മറുപടിയായി മൈത്രേയൻ ഇങ്ങിനെ പറഞ്ഞു: ഒരിക്കൽ സൃഷ്ടിദേവതയായ പ്രജാപതി നടത്തിയ സുപ്രധാനവും വിപുലവുമായ ഒരു യാഗത്തിൽ അനേകം മുനിമാരും ദേവതകളും പങ്കെടുത്തു. സൃഷ്ടാക്കളിലൊരുവനായ ദക്ഷൻ സഭയിലേക്ക് കടന്നുവന്നപ്പോൾ സ്വപിതാവായ ബ്രഹ്മാവും ജാമാതാവായ ശിവനുമൊഴികെ മറ്റെല്ലാവരും എഴുന്നേറ്റുനിന്ന് ബഹുമാനം പ്രകടിപ്പിച്ചു. ശിവന്റെ പെരുമാറ്റത്തിൽ അതൃപ്തനായ ദക്ഷൻ ഇങ്ങിനെ പറഞ്ഞു. "അല്ലയോ ഋഷി മുനി ദേവന്മാരേ, കേട്ടാലും, ഞാനീ പറയുന്നത് അജ്ഞത കൊണ്ടോ ആരോടുമുള്ള വിരോധം കൊണ്ടോ അല്ല, മറിച്ച് ശരിയായ പെരുമാറ്റരീതിയെക്കറിച്ച് മനസ്സിലാക്കിക്കാനാണ്. ഈ അഹംഭാവിയും വൃത്തി ഹീനനുമായ മനുഷ്യൻ, ശ്മശാനഭസ്മവും പൂശി, ഭ്രാന്തനെപ്പോലെ നടക്കുകയും, ഭൂതഗണങ്ങളെ കൂട്ടുപിടിച്ച് അവരിലൊരാളെപ്പോലെ അലയുകയും ചെയ്യുന്നവനാണെങ്കിലും എന്റെ മരുമകനും അതുകൊണ്ട് എനിക്ക് മകനെപ്പോലെയുമാണ്. കഷ്ടം, എന്റെ സുചരിതയായ മകളെ അവനാണല്ലോ, വിവാഹത്തിൽ നൽകിയത്! എന്റെ അച്ഛന്റെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് ഞാൻ ആ വിഡ്ഢിത്തത്തിനു സമ്മതിച്ചത്. എന്നോടുള്ള ബഹുമാനം കാണിക്കാതിരിക്കുക വഴി അവൻ നമ്മുടെയെല്ലാം മുഖത്ത് കരിവാരിത്തേച്ചിരിക്കുന്നു. ശരിയായ നടപടിക്രമങ്ങളേയും പെരുമാറ്റത്തേയും അംഗീകരിക്കാത്ത ശിവന് ഇനിമുതൽ യജ്ഞവീതം ലഭിക്കാതെ പോകട്ടെ." ഇത്രയും പറഞ്ഞ് മറ്റുമുനിമാർ അഭ്യർത്ഥിച്ചിട്ടുകൂടി യജ്ഞശാലയിൽ നിന്നും ദക്ഷൻ ദേഷ്യത്തിൽ ഇറങ്ങിപ്പോയി.

ശിവന്റെ പരമഭക്തന്മാരിലഗ്രഗണ്യനായ നന്ദി ദക്ഷനേയും യാഗശാലയിൽ ദക്ഷനു കൂട്ടുനിന്ന ബ്രാഹ്മണരേയും ശപിച്ചു. "ഈ വിഡ്ഢി, ശരീരത്തെ ആത്മാവുതന്നെ എന്നുകരുതി ഇന്ദ്രിയസുഖങ്ങളിലും പൊങ്ങച്ചമേറിയ വിപുലമായ ആചാരക്രമങ്ങളിലും മുഴുകി ഒരു മൃഗത്തിന്റെ അവസ്ഥയിൽത്തന്നെ ജീവിക്കുന്നു. അതുകൊണ്ട് അവന്റെ മുഖം സത്യത്തിനുനേരെ പുറം തിരിഞ്ഞിരിക്കട്ടെ. അവന്റെ തല ആടിന്റേതുപോലെയുമാകട്ടെ. അവനും അവനെ പിന്തുടരുന്നവരും വീണ്ടും വീണ്ടും ജനിച്ചും മരിച്ചും കാലചക്രം തുടർന്നു കൊണ്ടേയിരിക്കും. ഈ ബ്രാഹ്മണർ വേദപഠനങ്ങളിലും യജ്ഞങ്ങളിലും അതീവ തൽപ്പരരായിരിക്കുന്നത് ധനസമ്പാദനത്തിനു മാത്രമാണല്ലോ. ഇഷ്ടമുള്ളതെല്ലാം ഭക്ഷിച്ച് പ്രകടനപരവും അലംകൃതങ്ങളുമായ വേദോച്ചാരണവും നടത്തി ശിവനെ വെറുത്തു കഴിയുന്നതുകൊണ്ട് ലോകം മുഴുവൻ ഈ ബ്രാഹ്മണർ യാചകരെപ്പോലെ അലഞ്ഞുനടക്കും."

നന്ദി, ബ്രാഹ്മണകുലത്തെമുഴുവൻ ശപിച്ചതുകേട്ട ഭൃഗുമഹർഷി ഒരു മറുശാപം കൊടുത്തു. "ശിവന്റെ പാത പിന്തുടരുന്ന ഇവരെല്ലാം നിഷേധികളത്രെ. വേദങ്ങളുടേയും ബ്രാഹ്മണരുടേയും അധികാരത്തെ ചോദ്യം ചെയ്യുന്ന ഇവർ തിരഞ്ഞെടുത്തിരിക്കുന്ന പാത പവിത്രമല്ല. ജട നിറഞ്ഞ മുടിയും ചൂടി, ചുടലച്ചാരം മേലണിഞ്ഞ്, ലഹരികുടിച്ചു നടക്കുന്ന ഇവർ ഭഗവാൻ വിഷ്ണുവിനാൽ അംഗീകരിക്കപ്പെട്ട വേദത്തെത്തന്നെ ധിക്കരിക്കുന്നു. വേദങ്ങളെ നിഷേധിക്കുകമൂലം നിങ്ങളെല്ലാം ധിക്കാരികളായി അറിയപ്പെടും." ഈ ശാപവചനം കേട്ട് തന്റെ ഭീകരരൂപികളായ ഭൂതഗണങ്ങളുമൊത്ത് ശിവൻ സഭയിൽനിന്നും ഇറങ്ങിപ്പോയി. പ്രജാപതി ഒരായിരം വർഷത്തേക്കു കൂടി ഈ യാഗം തുടർന്നു. പിന്നീട് യാഗശേഷം ഔപചാരികസ്നാനവും കഴിഞ്ഞ് എല്ലാവരും സ്വകുടുംബങ്ങളിലേക്ക് മടങ്ങി.

---

ദക്ഷ എന്നാൽ ജാഗരൂകമായ കാര്യക്ഷമതയും കർമ്മശേഷിയും. എല്ലാ കഴിവുകളും അവയുടെ ദേവതകളും ദക്ഷനെ അംഗീകരിക്കുന്നു, എന്നാൽ സൃഷ്ടാവും സംഹർത്താവും അതിനെ അംഗീകരിക്കുന്നില്ല. സംഹാരകനോടുള്ള ഭക്തിയില്ലാത്ത കാര്യക്ഷമതയെക്കുറിക്കുന്നതാണ് ഈ അദ്ധ്യായം.

**അനാഹുതാ അപ്യഭിയന്തി സൌഹൃദം**
**ഭർത്തുർഗ്ഗുരോർദ്ദേഹ കൃതശ്ച കേതനം (4-3-13)**
**വിദ്യാ തപോവിത്തവപുർവ്വയ: കുലൈ:**
**സതാം ഗുണൈ: ഷഡ് ഭിരസത്തമേതരൈ: (4-3-17)**

മൈത്രേയൻ തുടർന്നു:
കാലം കുറെ കടന്നു പോയി. ദക്ഷൻ പ്രജാപതിമാരിൽ പ്രധാനിയായിത്തീർന്നു. അദ്ദേഹം വാജപേയയജ്ഞം ഭംഗിയായി നടത്തി പ്രശസ്തി നേടി. ഇപ്പോൾ അതിലും കേമത്തിൽ ബ്രഹസ്പതി സവയജ്ഞം തുടങ്ങിയിരിക്കുന്നു. ശിവസന്നിധിയിൽനിന്ന് ശിവപത്നിയും ദക്ഷപുത്രിയുമായ സതി, ആകാശമാർഗ്ഗേണ യാത്രപോകുന്ന മാമുനിമാരേയും ദേവതകളേയും കണ്ടു. തൻെറ സഹോദരിമാരും കുടുംബാംഗങ്ങളും പങ്കെടുക്കുന്ന യജ്ഞത്തിൽ പങ്കെടുക്കാൻ അവൾക്ക് അദമ്യമായ ആഗ്രഹമുണ്ടായി. അവൾ ശിവനെ സമീപിച്ച് പോകാനുള്ള ആഗ്രഹമറിയിച്ചു. “ഭർത്താവിൻെറയോ, മാതാപിതാക്കളുടെയോ, ഗുരുവിൻേറയോ മറ്റുബന്ധുജനങ്ങളുടേയോ ഗൃഹങ്ങളിൽ ക്ഷണിക്കാതെതന്നെ പോകാമെന്ന് ശാസ്ത്രം പറയുന്നു. ഈ സൃഷ്ടികൾ മുഴുവൻ അങ്ങയുടെ ഉള്ളിൽത്തന്നെയെന്നു ഞാൻ മനസിലാക്കുമ്പോഴും സ്വന്തം അമ്മയേയും സഹോദരിമാരേയും കാണാനുള്ള സ്ത്രൈണമായ ആഗ്രഹം എനിക്കുണ്ടായിപ്പോകുന്നു. മാത്രമല്ലാ, ഈ വിപുലമായ യാഗത്തിൽനിന്നും വിട്ടുനിൽക്കാനും എനിക്കു തോന്നുന്നില്ല. അങ്ങയുടെകൂടെതന്നെ അവിടെ പോയി വരാൻ ഞാനാഗ്രഹിക്കുന്നു.”

സതിയുടെ അജ്ഞതയ്ക്കുനേരെ പുഞ്ചിരിയോടെ പരമശിവൻ പറഞ്ഞു: “ബന്ധുക്കളുടേയൊ ഗുരുക്കൻ മാരുടേയോ ഗൃഹങ്ങളിൽ ക്ഷണിക്കാതെതന്നെ പോകാം എന്നതു ശരി തന്നെ. പക്ഷെ, അവരിൽ വിരോധവും ദുഷ്ടബുദ്ധിയും ഇല്ലെങ്കിൽ മാത്രം. ജ്ഞാനം, തപസ്സ്, ധനം, ശരീരസൗന്ദര്യം, പ്രായം, പാരമ്പര്യം എന്നിവ സുമനസ്ക്കർക്ക് ആഢ്യത്വം നൽകുമെങ്കിലും ഇവ ദുഷ്ടരുടെ ദുഷ്ടത കൂട്ടുവാനിടയാക്കുന്നു. അതുകൊണ്ട് ഈദൃശഗുണങ്ങളുണ്ടെന്നു കാഴ്ചയിൽ തോന്നുമെങ്കിലും സ്വന്തം ബന്ധുക്കളാണെങ്കിൽക്കൂടി ദുഷ്ടതയുള്ള വരുമായുള്ള സഹവാസം വർജ്ജിക്കുകയാണ് നല്ലത്.”

ശത്രുക്കളുടെ കൈകളാൽ പീഢിക്കപ്പെടുന്നതാണ് ബന്ധുക്കളുടെ നിന്ദയേക്കാൾ അഭികാമ്യം. ശത്രു പീഢനം കാലക്രമത്തിൽ മറക്കാൻ കഴിയുമെങ്കിലും ബന്ധുക്കളുടെ നിന്ദ പൊറുക്കാൻ കഴിയുന്നതല്ലതന്നെ. നീ പോയാൽ അഛൻെറ ഏറ്റവും പ്രിയപ്പെട്ട മകളായിരുന്നുവെങ്കിലും എൻെറ ഭാര്യയായതുകൊണ്ട് നിന്നെ അവഗണിച്ചപമാനിക്കും എന്നറിയുക. ശരീരാസക്തിയുള്ളവർ അതിനെ ആത്മാവെന്നു കരുതി ഉന്നതരേയും സാക്ഷാത്ക്കാരം നേടിയവരേയും വെറുക്കുന്നു. അവരെ മനസ്സിലാക്കാൻപോലും ശ്രമിക്കുന്നില്ല. ആത്മസാക്ഷാത്ക്കാരം നേടിയവർ ശരീരാസക്തിയില്ലാത്തവരാണെന്നും, എല്ലാവരേയും ആത്മാവുകൊണ്ട് പരിപൂർണ്ണമായി താണുവണങ്ങുന്നുവെന്നും അവർക്ക് മനസ്സിലാവുന്നില്ല. വെറും ശരീരംകൊണ്ടുള്ള ബഹുമാനപ്രകടനം മാത്രമല്ല ഭഗവൽസാന്നിദ്ധ്യം എല്ലാ ഹൃദയങ്ങളിലും ദർശിക്കുന്നതുകൊണ്ട്എല്ലാവരോടും യോഗിക്ക് ബഹുമാനമാണ്. നിർമ്മലമായ മനസ്സ് വാസുദേവനത്രെ. ഭഗവൽമഹിമ ഇതിലൂടെ സുവിദിതമാണ്. എൻെറ മനസ്സിൻെറ നിർമലതയിൽ ഭഗവാനെ എന്നും ഞാൻ ആരാധിക്കുന്നു. ഞാൻ ഒരുതെറ്റും അങ്ങോട്ടു ചെയ്യാതെതന്നെ എന്നെ നിന്ദിക്കുന്നവരുടെ അടുക്കൽ നിനക്കു പോവേണ്ട കാര്യമെന്ത്? എൻെറ ഉപദേശം കേൾക്കാതെ നീ പോയാൽ നിനക്ക് ദുരിതം നിശ്ചയം. സ്വന്തം ബന്ധുക്കളിൽനിന്നുള്ള അപമാനം മരണതുല്യമത്രെ.”

**കർണ്ണൗ പിധായ നിരിയാദ്യദകൽപ്പ ഇശേ**
**ധർമ്മാവിതര്യസൃണിഭിർന്നൃഭിരസ്യമാനേ**
**ഛിന്ദ്യാത് പ്രസഹ്യ രുശതീമസതീം പ്രഭുഞ്ചേത്**
**ജിഹ്വാമസൂനപി തതോ വിസൃജേത് സ ധർമ്മ: (4-4-17)**

മൈത്രേയൻ തുടർന്നു:
സതിക്ക് ശിവനോട് ഈർഷ്യയുണ്ടായി. ആഗ്രഹവും ദു:ഖവും ദേഷ്യവും എല്ലാം ചേർന്ന് അവളുടെ ബുദ്ധി മൂടിയിരുന്നു. നന്ദി തുടങ്ങിയ ശിവഗണങ്ങളുമൊപ്പം സതി സ്വന്തം മാതാപിതാക്കളുടെ ഗൃഹത്തിലേക്ക് തിരിച്ചു. യാഗശാലയിൽ ദക്ഷൻ പൂജയുടെ ചടങ്ങുകൾ നടത്തുന്നു. സഭാവാസികളായ ദേവന്മാരോ മുനിമാരോ ആരും ദക്ഷകോപം ഭയന്ന് സതിയെ ആദരിച്ചില്ല. സ്ത്രീജനങ്ങൾ മാത്രം സതിയെ സ്വാഗതം ചെയ്തു. ദേവന്മാരിൽ ശിവനുമാത്രം യാഗവിഹിതം വെച്ചിട്ടില്ലെന്ന് അവൾ കണ്ടു. സ്വന്തം സ്ഥാനമാനത്തിലും പഠിപ്പിലും അഹങ്കാരമുണ്ടായിത്തീർന്ന ദക്ഷൻ മനപ്പൂർവ്വം ശിവനിന്ദ ചെയ്യുകയാണ്.

സതി പറഞ്ഞു: “അല്ലയോ ബ്രാഹ്മണരേ, നിങ്ങൾ മറ്റുള്ളവരുടെ മഹിമയിലും കുറ്റം കണ്ടുപിടിക്കുന്നു. എന്നാൽ മറ്റുള്ളവരുടെ ചെറിയ മഹത്വം പോലും വലുതാക്കിക്കണ്ട് ബഹുമാനിക്കുന്നവരാണ് ഉന്നതരായ മഹജ്ജനങ്ങൾ. അളവില്ലാത്ത ശക്തിയും മഹിമയുമുള്ള ശിവനെ നിങ്ങൾ വെറുക്കുന്നു. എങ്കിലും ആ രണ്ടക്ഷരം ഉച്ചരിക്കുന്ന മാത്രയിൽ എല്ലാ പാപങ്ങളും ശമിക്കുന്നു എന്നറിയുക. നിങ്ങൾ ശിവനെ പവിത്രതയില്ലാത്തവനെന്നു പറയുന്നു. ബ്രഹ്മദേവൻപോലും ആ പാദങ്ങളെ പൂജിക്കുമ്പോൾ നിങ്ങളുടെ ഈ ആരോപണത്തിനെന്തു സാംഗത്യം? ഇനി ഞാനിവിടെ നിന്നുകൂടാ. അധാർമ്മിയും ദൈവനിന്ദകനുമായ ഒരുവൻെറ ദുഷ്ടത കിനിയുന്ന നാവ് കഴിയുമെങ്കിൽ പിഴുതെടുക്കണം. എന്നിട്ട് സ്വയം ജീവനൊടുക്കണം. അതിനു ശക്തിയില്ലെങ്കിൽ കാതുകൾ പൊത്തിയടച്ച് ആ സ്ഥലം വിടണം. അതാണ് ശരിയായ നടപടി. നിങ്ങളുടെ പൂജാഘോഷങ്ങളെ ഞാൻ വെറുക്കുന്നില്ല. കാരണം, വേദസംഹിതാനുസാരിയായ കർമ്മങ്ങളും യാഗങ്ങളും പ്രധാനമായി കണക്കാക്കുന്നവരും ആത്മസാക്ഷാത്ക്കാരത്തിന് അവയേക്കാൾ പ്രാധാന്യം നൽകുന്നവരും ഉണ്ടല്ലോ. ഈ രണ്ടു പാതകളും വിഭിന്നങ്ങളത്രെ. ഒരുവൻ സ്വധർമ്മം ഭംഗിയായി അനുഷ്ടിക്കണം. എന്നാൽ, മറ്റേവിഭാഗത്തിൻെറ ചെയ്തികളെ താഴ്ത്തിക്കണ്ടുകൂടാ. ശിവൻ, പരമാത്മ സ്വരൂപംതന്നെയായതിനാൽ സ്വയം എല്ലാവിധ കടമകൾക്കും കർമ്മങ്ങൾക്കും അതീതനത്രെ. നിങ്ങൾ അങ്ങിനെയുള്ള ശിവനു നിരക്കാത്ത രീതിയിലാണ് പെരുമാറുന്നത്. ഇനി നിങ്ങളിൽനിന്നു ജനിച്ച ഈ ശരീരം ഞാൻ വെച്ചുകൊണ്ടിരിക്കയില്ല.”

ഇത്രയും പറഞ്ഞ് സതി, യോഗവിധിപ്രകാരമുള്ള അഗ്നിയിൽ ശരീരമുപേക്ഷിക്കാൻ തയ്യാറെടുത്തു. അവൾ പ്രാണനെയും അപാനനെയും സൂര്യനാഡിയിലെത്തിച്ചു. ഉദാനൻെറ സഹായത്തോടെ ഈ ശക്തിയെ ഹൃദയഭാഗത്തെത്തിച്ച് ബോധമണ്ഡലവുമായി ചേർത്തുവെച്ചു. അതിനെ കണ്ഠനാളിയിലൂടെ കടത്തി ഇരുപുരികങ്ങൾക്കുമിടയിലെത്തിച്ച് ഭഗവാൻെറ താമരപ്പാദങ്ങളിൽ ധ്യാനനിമഗ്നയായിരിക്കെ യോഗാഗ്നി യുണ്ടാവുകയും അതവളുടെ ശരീരത്തെ പൊതിയുകയും ചെയ്തു. ആകാശദേവതകൾ ദക്ഷനെ ഉപേക്ഷിച്ചു. ശിവഗണങ്ങൾ ദക്ഷനെയും കൂട്ടരേയും കൊല്ലാൻ തുനിഞ്ഞെങ്കിലും, മാന്ത്രികമായ ഒരു കർമ്മംകൊണ്ട് ആയിരക്കണക്കിന് സത്വങ്ങളെ യാഗാഗ്നിയിൽ നിന്നു സൃഷ്ടിച്ചാണ് ഭൃഗുമുനി ശിവഗണങ്ങളെ യാഗശാലയിൽനിന്നും ആട്ടിപ്പായിച്ചത്.

--------------------------------

ആളുകൾ പ്രകടമായ കാരണങ്ങൾ കൂടാതെ തന്നെ തീപ്പെടുന്നതിനെപ്പറ്റി ചരിത്രത്തിൽ പല രേഖകളുമുണ്ട്.

**ജുഹ്വത: സ്രുവഹസ്തസ്യ ശ്മശ്രൂണി ഭഗവാൻ ഭവ:**
**ഭൃഗോർല്ലുലുഞ്ചേ സദസി യോഽഹസച്ശ്മശ്രു ദർശയൻ (4-5-19)**
**ഭഗസ്യ നേത്രേ ഭഗവാൻ പാതിതസ്യ രുഷാ ഭുവി**
**ഉജ്ജഹാര സദ:സ്ഥോഽക്ഷ്ണാ യശ്ശപന്തമസൂചയത് (4-5-20)**
**പൂഷ്ണശ്ചാപാതയദ്ദന്താൻ കാലിംഗസ്യ യഥാ ബല:**
**ശാപ്യമാനേ ഗരിമണി യോഽഹസദ്ദർശയൻ ദത: (4-5-21)**

മൈത്രേയൻ തുടർന്നു:
ദക്ഷസഭയിൽ നടന്നതെല്ലാം നാരദമുനി ശിവനോടു പറഞ്ഞു. സതി സ്വയം യോഗാഗ്നിയിൽ ദഹിച്ചതും ഭൃഗുമുനി യാഗാഗ്നികളിൽ നിന്നുമാവാഹിച്ചെടുത്ത ഋഭു ശിവഗണങ്ങളെ ആട്ടിപ്പായിച്ചതുമെല്ലാം ശിവൻ അറിഞ്ഞു. കോപിഷ്ടനായി ശിവൻ തൻെറ ജടയിൽനിന്നും ഒരുരോമം പറിച്ച് അടുത്തുള്ളൊരു പാറയിലുരച്ചപ്പോൾ അതു വീരഭദ്രൻ എന്നു പേരായ വലിയൊരു സത്വമായിത്തീർന്നു. അവന് ഒരായിരം കൈകളും മൂന്നുകണ്ണുകളും ഭീകരമായ ദംഷ്ട്രങ്ങളും ഉണ്ടായിരുന്നു.

ശിവനെ നമിച്ച് ആജ്ഞയ്ക്കായി വീരഭദ്രൻ കാത്തുനിന്നു. ശിവൻ പറഞ്ഞു: “നീ എൻെറതന്നെ പ്രഭയുടെ ഒരു കിരണമത്രെ. ദക്ഷനെയും അവൻെറ യാഗത്തേയും നീ നശിപ്പിക്കണം.” വീരഭദ്രൻ ഭഗവാനെ വണങ്ങി യാത്രയായി. കുടെ ശിവഗണങ്ങളും അനുഗമിച്ചു. ദക്ഷസഭയിൽ വലിയ ബഹളം തന്നെയായിരുന്നു. വടക്കുദിശയിൽനിന്ന് വല്ലാത്ത പൊടിപടലവും കാർമേഘവും കാണായി. ഏതോ അത്യാപത്തിൻെറ തോന്നൽ എല്ലാവരേയും ഭയചകിതരാക്കി. ദക്ഷപത്നിക്കും മറ്റുസ്ത്രീകൾക്കും സതീദേഹത്യാഗത്തെത്തുടർന്ന് ദക്ഷനെതിരെ ഭഗവാൻെറ പ്രതികാരമായിരിക്കുമിതെന്നു മനസ്സിലായി.

ശിവഗണങ്ങൾ ദക്ഷസഭയിൽ അതിക്രമിച്ചുകയറി യാഗസന്നാഹങ്ങളെല്ലാം നശിപ്പിച്ചു. മണിമാൻ എന്ന ശിവഭൃത്യൻ ഭൃഗുവിനെ ബന്ധിച്ചു. വീരഭദ്രൻ, ദക്ഷനേയും. ചണ്ഡീശൻ പൂഷദേവനേയും, നന്തി ഭഗദേവനേയും ബന്ധിച്ചു. മറ്റുള്ളവർ നാനാഭാഗങ്ങളിലേക്കും ഓടി രക്ഷപ്പെട്ടു. വീരഭദ്രൻ ഭൃഗുവിൻെറ മീശയും താടിരോമങ്ങളും ബലമായി പറിച്ചെടുത്തു. അഗ്നിയിലേക്ക് ഹോമ ദ്രവ്യങ്ങളർപ്പിക്കുമ്പോൾ ഭൃഗു അഹങ്കാരത്തോടെ ഒരു കൈകൊണ്ട് തൻെറ മീശ തടവി മറ്റേക്കൈകൊണ്ട് യാഗം നടത്തുകയായിരുന്നുവല്ലൊ. ഭഗനെ വീരഭദ്രൻ അടിച്ചുവീഴ്ത്തി, അവൻെറ കണ്ണുകൾ ചൂഴ്ന്നെടുത്തു. ശിവനെ ദക്ഷൻ അപമാനിക്കുന്ന സമയത്ത് കുസൃതിയോടെ കണ്ണിറുക്കിക്കാണിച്ചതിനുള്ള ശിക്ഷ. പൂഷദേവൻ പരിഹാസമായി ചിരിച്ചതിനുള്ള പ്രതിഫലമായി അയാളുടെ പല്ലുകൾ മുഴുവനും വീരഭദ്രൻ പറിച്ചെടുത്തു. പിന്നീട് ദക്ഷൻെറ കഴുത്തു വെട്ടാൻ തുനിഞ്ഞെങ്കിലും വീരഭദ്രന് കുറച്ച് തടസ്സം നേരിട്ടു. എന്നാൽ യാഗബലി നൽകുന്ന മൃഗത്തിനെപ്പോലെ ദക്ഷജീവൻ ഭഗവാന് സമർപ്പിച്ചപ്പോൾ അയാളുടെ തല അറ്റുവീണു. വീരഭദ്രനും കൂട്ടരും കൈലാസത്തിലേക്ക് മടങ്ങി. എല്ലാ ദുഷ്ടർക്കും അതാതു കുറ്റങ്ങൾക്കുള്ള ശിക്ഷകൾ കിട്ടി.

**തം ബ്രഹ്മനിർവ്വാണസമാധിമാശ്രിതം വ്യുപാശ്രിതം ഗിരീശം യോഗകക്ഷാം**
**സലോകപാല മുനയോ മനൂനാമാദ്യം മനും പ്രാഞ്ജലയ: പ്രണേമു: (4-6-39)**

മൈത്രേയൻ തുടർന്നു:
പരാജിതരായ മുനിമാരും ദേവതകളും സൃഷ്ടികർത്താവായ ബ്രഹ്മദേവൻെറ അടുക്കൽ ചെന്ന് ഉണ്ടായ കാര്യങ്ങൾ വിശദീകരിച്ചു.

ബ്രഹ്മാവ് പറഞ്ഞു: "ഉടനേതന്നെ വിശുദ്ധമായ കൈലാസത്തിൽപ്പോയി ശിവഭഗവാൻെറ പാദാരവിന്ദങ്ങളിൽ അഭയം തേടുക. ദക്ഷനും നിങ്ങളുമെല്ലാം ശിവന് വിഹിതമായ അർഘ്യം നൽകാതെ ദ്രോഹം ചെയ്തിരിക്കുന്നു. എനിക്കോ യജ്ഞാധിപനായ വിഷ്ണുവിനോ ശിവമഹിമയെ അളക്കാൻ കഴിയില്ല തന്നെ. ദേവതകൾക്കും മുനിമാർക്കും പോലും അവിടുത്തെ ശക്തിയും സ്വഭാവവും അറിയാൻ കഴിയില്ല. കാരണം, ശിവൻ സർവ്വതന്ത്രസ്വതന്ത്രനത്രെ."

മുനിമാരാലും ദേവതകളാലും അനുഗമിക്കപ്പെട്ട് ബ്രഹ്മാവ് കൈലാസത്തിലേക്ക് പുറപ്പെട്ടു. കൈലാസത്തിൽ അസാധാരണ സിദ്ധികളുള്ള ദേവന്മാർ കഴിയുന്നു. ചിലർ ജന്മനാ സിദ്ധർ. മറ്റുള്ളവർ മരുന്ന്, തപസ്സ്, യോഗാഭ്യാസം എന്നിവകൊണ്ട് സിദ്ധിനേടിയവരത്രെ. പർവ്വതശിഖരങ്ങൾ രത്നത്തിൻെറ തിളക്കമാർന്നിരിക്കുന്നു. മലകൾ വൃക്ഷലതാദികൾകൊണ്ട് സർവ്വഹരിതവുമാണ്. പലേവിധ പക്ഷികളും മയിലുകളും കൈലാസ പ്രദേശം മുഴുവനും ശബ്ദായമാനമാക്കിയിരിക്കുന്നു. മാൻ, പുലി, സിംഹം തുടങ്ങിയ കാട്ടുജീവികളും അവിടെ സുലഭം. നന്ദ, അളകനന്ദ എന്നീ നദികളുടെ ഇടയ്ക്ക് അളക എന്ന അതീവസുന്ദരമായ ദിവ്യനഗരം സ്ഥിതി ചെയ്യുന്നു. ഈ നഗരത്തിൽ ദിവ്യപുരുഷന്മാർ ജീവിക്കുന്നു. രത്നഖചിതങ്ങളായ വിമാനങ്ങളാൽ നഗരം നിറഞ്ഞിരിക്കുന്നു.

ദേവതകളും ബ്രഹ്മാവുതന്നെയും ഈ സുന്ദരദൃശ്യങ്ങൾ കണ്ട് കുറച്ചുനേരം വിസ്മയിച്ചുപോയി. അവിടെ കുറച്ചു ദൂരെ വലിയൊരാൽമരം കാണായി. അതിനു ചുവട്ടിൽ ശിവൻ ആത്മീയപ്രഭയിൽ മുങ്ങി പരമശാന്തനായിരിക്കുന്നു. സർവ്വചരാചരങ്ങളുടേയും സുഹൃത്തായി വാഴുന്നവൻ പൊതുനന്മയ്ക്കായും, അഭിവൃദ്ധിക്കായും സദാ തപസ്സിലും യോഗാഭ്യാസങ്ങളിലും ഏർപ്പെടുന്നു. ശിവനുചുറ്റും ദിവ്യരായ ഋഷി വര്യന്മാരും യോഗികളുമുണ്ട്. നാരദൻ സശ്രദ്ധം ശിവൻെറ വാക്കുകൾ കേൾക്കുന്നു. കൈകൾ കൂപ്പി ബ്രഹ്മാവും, ദേവതകളും മറ്റുബ്രാഹ്മണരും വിനയപുരസരം ശിവനെ നമിച്ചു. ശിവൻ വിശ്വബോധത്തിൻെറ പരമകാഷ്ടയിൽ വിരാജിക്കുകയായിരുന്നു. ബ്രഹ്മാവിനേയും ബ്രാഹ്മണരേയും മറ്റും സ്വീകരിച്ചു ഉപചാരപൂർവ്വം ശിവൻ പെട്ടെന്നെഴുന്നേറ്റുവന്നു. ദിവ്യന്മാരുടെ മഹിമ അതാണല്ലൊ. അവർ തികച്ചും വിനയശീലരത്രെ.

ബ്രഹ്മദേവൻ ശിവനോട് പറഞ്ഞു: "ഭഗവൻ, അങ്ങ് പരമാത്മാവിനോട് ഒന്നുചേർന്നിരിക്കുന്നുവെങ്കിലും ലീലകളായി ശിവശക്തിദ്വന്ദങ്ങളുടെ രൂപത്തിൽ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തി വിശ്വസൃഷ്ടിയുടെ വിക്ഷേപാവരണക്രിയകൾ നടപ്പിലാക്കുന്നു. അങ്ങാണ് യാഗകർമ്മങ്ങളുടെ നടപടിക്രമങ്ങൾ ആദ്യമായി നടപ്പിലാക്കിയത്. അങ്ങ് സന്മനസുള്ളവർക്ക് ശാന്തിയും, ദുഷ്ടർക്ക് തക്കതായ ശിക്ഷകളും നൽകുന്നു. അങ്ങയുടെ ക്രോധം ഭക്തജനങ്ങളെ ബാധിക്കയില്ലതന്നെ. അങ്ങ് ദക്ഷനെ കുഴപ്പിച്ച വിഷ്ണുവിൻെറ മായാശക്തിക്കുമതീതനാണല്ലൊ. ദക്ഷനും മറ്റുള്ളവരും മായാശക്തിക്കടിമയാണെന്നറിയുക. അവരിൽ കരുണകാണിക്കാൻ ഞങ്ങളഭ്യർത്ഥിക്കുന്നു. അവരെയെല്ലാം പഴയ രൂപത്തിലാക്കി പുനർജനിപ്പിച്ചാലും. ആ ദക്ഷയാഗത്തെ പൂർത്തിയാക്കാൻ അനുവദിച്ച് പരിസമാപ്തി നൽകിയാലും. മാമുനിമാർ അങ്ങേക്കുള്ള യജ്ഞവിഹിതം വിധിയാംവണ്ണം യാഗത്തിൽ നൽകുമെന്നുറപ്പു വരുത്തുന്നതാണ്."

**അഹം ബ്രഹ്മാ ച ശർവശ്ച ജഗത: കാരണം പരം**
**ആത്മേശ്വര ഉപദ്രഷ്ടാ സ്വയം ദൃഗവിശേഷണ: (4-7-50)**
**തസ്മിൻ ബ്രഹ്മണ്യദ്വിതീയേ കേവലേ പരമാത്മനി**
**ബ്രഹ്മരുദ്രൌ ച ഭുതാനി ഭേദേനാജ്ഞോഽനുപശ്യതി (4-7-52)**

ഭഗവാൻ ശിവൻ പറഞ്ഞു: "ആരും എനിക്ക് വിരോധികളായിട്ടില്ലതന്നെ. മായയിൽ മയങ്ങിപ്പോയവർക്ക് തെറ്റുതിരുത്തപ്പെടാനുതകുന്നതരത്തിലുള്ള ശിക്ഷാദണ്ഡനം അനുഭവിക്കേണ്ടിവരുന്നുവെന്നു മാത്രം. യാഗാഗ്നിയിൽ കരിഞ്ഞുപോയ ദക്ഷൻെറ തലക്കു പകരം ഒരാടിൻെറ തലയാകട്ടെ. ഭൃഗുമുനിക്ക് ആടിൻെറ താടിയും മീശയും ഉണ്ടാകട്ടെ. ഭഗനമിത്രൻെറ കണ്ണുകളിലൂടെ കാഴ്ചയുമാവാം. പൂഷന് യാഗം ചെയ്യുന്നയാളുടെ വായിലൂടെ ഭക്ഷിക്കാം. മറ്റ് ദേവതകളേയും പുനർജ്ജീവിപ്പിക്കാം, കാരണം എനിക്കർഹതപ്പെട്ട യജ്ഞവിഹിതം അവർ തന്നുവല്ലൊ."

മൈത്രേയമുനി തുടർന്നു: മാമുനിമാരും ദേവതകളും ശിവൻെറ ആജ്ഞ നടപ്പാക്കാൻ ഓടി നടന്നു. ആടിൻെറ തല ദക്ഷശരീരത്തോടു ചേർത്തുവെച്ചപ്പോൾ ദക്ഷൻ പുനർജനിച്ചു. വികാരനിർഭരമായ സ്വരത്തിൽ അദ്ദേഹം ശിവനോട് പറഞ്ഞു. "എന്നെ ശിക്ഷിക്കുകവഴി അങ്ങെന്നെ അനുഗ്രഹിച്ചിരിക്കുന്നു. അങ്ങയുടെ വദനത്തിൽ നിന്നാണല്ലൊ ബ്രാഹ്മണരെ സൃഷ്ടിച്ചിരിക്കുന്നത്. അങ്ങവരെ സംരക്ഷിക്കുന്ന വിവിധമാർഗ്ഗങ്ങൾ അതിവിചിത്രങ്ങളത്രെ. അവ പലപ്പോഴും വേദനാജനകവുമാണ്." ബ്രഹ്മാവിൻെറ അനുവാദത്തോടെ യജ്ഞം തുടർന്നു. വിഷ്ണുദേവനെ പ്രീതിപ്പെടുത്തി യാഗശാല ശുദ്ധീകരിച്ചു. അല്ലയോ വിദുര, അവർ ധ്യാനനിരത രായപ്പോൾ, ഭഗവാൻ പ്രഭാപൂരിതനായി അവിടെ പ്രത്യക്ഷമായി. എല്ലാവരും എഴുന്നേറ്റുനിന്നു കൈകൂപ്പി, ഭക്തിപൂർവ്വം ഭഗവാൻെറ അപദാനങ്ങൾ വാഴ്ത്തി. മുഖ്യപുരോഹിതർ, തങ്ങൾക്ക് യാഗകർമ്മാദികൾ മാത്രമേ അറിയാവൂ എന്നും അതിനാലാണ് അവയ്ക്കു പ്രാധാന്യം കൊടുത്തത് എന്നും പറഞ്ഞു. മറ്റു പുരോഹിതർ, തങ്ങൾ ഭഗവൽപ്പാദങ്ങളിലഭയം തേടുന്നതിനു പകരം കേവലങ്ങളായ സുഖഭോഗങ്ങളിൽ മുഴുകി സംസാര ചക്രത്തിൽപ്പെട്ടുഴറുകയാണെന്നും ഏറ്റു പറഞ്ഞു.

ബ്രഹ്മദേവൻ പറഞ്ഞു. "അവിടുന്ന് വിജ്ഞാനത്തിൻെറ മുഴുവൻ അടിത്തറയത്രെ. ജീവാത്മാവിന് മനസ്സിൽ ഉൾക്കൊള്ളാവുന്നതിലും ഇന്ദ്രിയങ്ങൾക്ക് തിരിച്ചറിയാവുന്നതിലും അപ്പുറമത്രെ അത്." സിദ്ധന്മാർ ഭഗവൽക്കഥാമൃതപാനത്തിൽ മുഴുകിയതിനാൽ സുഖദു:ഖാനുഭവങ്ങൾ അവരെ ബാധിച്ചതേയില്ല. യോഗിവര്യന്മാർ, അദ്വൈതോപാസകരാണ് ഭഗവാനേറ്റവും പ്രിയപ്പെട്ടവർ എന്നു പ്രഖ്യാപിച്ചു. ഭഗവാൻ സ്വയം യജ്ഞവും, യജ്ഞകർത്താവും, യജ്ഞഹവിസ്സ് സ്വീകരിക്കുന്നവനും, യജ്ഞവസ്തുക്കളും, യജ്ഞാധിപനായ ദേവതയും എല്ലാമാണെന്ന് ബ്രാഹ്മണർ പ്രഖ്യാപിച്ചു. മറ്റുള്ളവരും ഭഗവാൻെറ അപദാനങ്ങൾ വാഴ്ത്തി.

വിഷ്ണുഭഗവാൻ പറഞ്ഞു: "സൃഷ്ടാവായ ബ്രഹ്മാവും, സംഹാരകനായ ശിവനും, വിശ്വകാരണവും ഞാൻ തന്നെ. ഞാൻ ആത്മാവും, ഈശ്വരനും, എല്ലാത്തിൻേറയും അധിപനും, സ്വയംപ്രഭനും, ഗുണാതീതനുമെന്നറിയുക. എൻെറതന്നെ സൃഷ്ടിയായ മായയിൽ പ്രവേശിച്ച് ഞാൻ വിശ്വത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്നു. അജ്ഞാനിയായ മനുഷ്യൻ ഏകബ്രഹ്മമായ എൻെറ വൈവിദ്ധ്യങ്ങളിൽ ആകൃഷ്ടനായി എൻെറ അദ്വൈതഭാവം കാണാതെ പോവുന്നു. താനും സർവ്വതന്ത്ര സ്വതന്ത്രമായ, സനാതനമായ, പരമാത്മാവാണെന്ന് മനസ്സിലാക്കി നാനാത്വത്തിൽ ഏകത ദർശിക്കുന്നവന് പരമശാന്തി ലഭിക്കുന്നു." ഭഗവദനുഗ്രഹത്തോടെ, ദക്ഷൻതുടങ്ങിവെച്ച യാഗം ഭംഗിയായി അവസാനിപ്പിച്ചു. സതി, ഹിമവാൻേറയും മേനയുടേയും മകളായിപ്പിറന്നു. പിന്നീട് തൻെറ നാഥനായ ശിവൻെറ സവിധമണയുകയും ചെയ്തു.

ഈ കഥ കേൾക്കുന്നവർക്ക് ആയുസ്സും പ്രശസ്തിയും പാപമോചനവും ലഭ്യമത്രെ.

## മാƒമംഗളം താത പരേഷ്വമംസ്ഥാ ഭുംക്തേ ജനോ യത് പരദുഃഖദസ്തത് (4-8-17)

മൈത്രേയൻ തുടർന്നു:
സ്വായംഭുവമനുവിൻെറ രണ്ടു പുത്രന്മാർ, പ്രിയവ്രതനും ഉത്താനപാദനും, ധർമ്മനിഷ്ടയോടെ രാജ്യം ഭരിച്ചു. ഉത്താനപാദന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. സുനീതിയും സുരുചിയും. പ്രായം കുറഞ്ഞ സുരുചിയായിരുന്നു രാജാവിനു പ്രിയപ്പെട്ടവൾ. ഒരു ദിവസം, സിംഹാസനസ്ഥനായ രാജാവിൻെറ മടിയിൽ സുരുചിയുടെ മകൻ ഉത്തമൻ ഇരിക്കുമ്പോൾ സുനിതിയുടെ മകനായ ധ്രുവൻ അഛൻെറ കൂടെയിരിക്കാൻ ചെന്നു. സുരുചിയാകട്ടെ, അവനെ തടഞ്ഞുനിർത്തി ദേഷ്യപ്പെട്ടു. "രാജാവ് നിൻെറ അഛനാണെങ്കിലും നീ എൻെറ മകനല്ല. അതുകൊണ്ട് സിംഹാസനത്തിലിരിക്കാനുള്ള അർഹത നിനക്കില്ല. വേണമെങ്കിൽ ഈശ്വരനോട് പ്രാർത്ഥിച്ച് എൻെറ വയറ്റിൽ ജനിച്ചുവന്നാൽ നിനക്ക് സിംഹാസനത്തിനവകാശം തരാം."

കരഞ്ഞുകൊണ്ട് ധ്രുവൻ അമ്മയുടെ അടുത്തുചെന്നു. സുനീതി അവനെ സമാധാനിപ്പിച്ചു. "മറ്റുള്ളവർ ക്കെതിരായ ചിന്തകൾ മനസ്സിൽ വയ്ക്കരുത്. കാരണം, മനുഷ്യൻ വിതയ്ക്കുന്നതിൻെറ ഫലംതന്നെയാണ് കൊയ്യുന്നത്. മറ്റൊരാളിൽ വേദനയുണ്ടാക്കുന്നയാൾക്ക് കാലക്രമത്തിൽ അത് തിരിച്ചു കിട്ടുകയും ചെയ്യും. പ്രതികാരം, കാര്യകാരണചക്രത്തിലേക്ക് നമ്മെ കൂടുതൽ ബന്ധിക്കുന്നു. ഭഗവാനിൽ ഹൃദയംനിറഞ്ഞ ഭക്തിയും പ്രേമവും നിറച്ചാൽ നിൻെറ മനോദുഃഖം മാറുന്നതാണ്. അങ്ങിനെയുള്ള പരിപൂർണ്ണഭക്തിയാലാണ് നിൻെറ മുത്തഛൻെറ അഛൻ ബ്രഹ്മദേവന് സൃഷ്ടി കർമ്മം ചെയ്യുവാനാകുന്നത്. നിൻെറ മുത്തഛനായ സ്വായംഭുവമനുവും ആ പരമാനന്ദം അനുഭവിച്ചയാളത്രേ."

അമ്മയുടെ വാക്കുകൾ കേട്ട ബലത്തിൽ ധ്രുവൻ കൊട്ടാരംവിട്ട് കാട്ടിലേക്ക് നടന്നു. നാരദമുനി, വഴിയിൽ വെച്ച് ധ്രുവനെ കണ്ടു. കാര്യങ്ങൾ മനസ്സിലാക്കിയ മുനി, ബാലൻെറ മനോദാർഢ്യവും ആത്മാർത്ഥതയും അളക്കാനായി തപഃശ്ചര്യയുടെ കഷ്ടപ്പാടുകൾ പറഞ്ഞു പിൻതിരിപ്പിക്കാൻ ശ്രമിച്ചു. "മാമുനിമാരും ഋഷികളും പോലും നീയാഗ്രഹിക്കുന്ന ആ ദർശനം കിട്ടാൻ കഴിയാതെ പരാജയപ്പെടുന്നു." നാരദമുനിയുടെ മുന്നറിയിപ്പു കേട്ടെങ്കിലും ധ്രുവനിൽ അത് മാറ്റമൊന്നുമുണ്ടാക്കിയില്ല. ആ ബാലഹൃദയം മുന്നോട്ടു പോകാൻ തന്നെ ഉറച്ചിരുന്നു. ബാലൻെറ മനഃസ്ഥൈര്യത്തിൽ സംപ്രീതനായ മുനി, അനുഗ്രഹം കൊണ്ട് ധ്രുവനെ അഭിഷേകം ചെയ്തു. അദ്ദേഹം പറഞ്ഞു. "യമുനാതീരത്ത് ഏകാന്തമായി ഒരിടത്തു പോകൂ. ദിവസവും മൂന്നുനേരം കുളിച്ച് ആസനസ്ഥനായി ഇന്ദ്രിയങ്ങളെ ശുദ്ധീകരിച്ച്, പ്രാണായാമത്തിലൂടെ മനഃശുദ്ധിവരുത്തി ഭഗവാൻെറ പരമാനന്ദസ്വരൂപം ധ്യാനിക്കണം. ഐശ്വര്യത്തിൻേറയും സൗന്ദര്യത്തിൻേറയും മൂർത്തരൂപമത്രെ ഭഗവാൻ. ഇനിയും നിനക്ക് ഏറ്റവും ഗൂഢമായ ഒരു മന്ത്രം പറഞ്ഞുതരാം. - ഓം നമോ ഭഗവതേ വാസുദേവായ- ഈ മന്ത്രം ഏഴുരാത്രികൾ ഉരുവിടുന്നവന് ആകാശത്തു സഞ്ചരിക്കുന്ന ദിവ്യദേവതകളെ കാണാനാകും. മനസ്സിൽ കല്ലുകൊണ്ടോ മറ്റോ ഉണ്ടാക്കിയ ഒരു ഭഗവൽരൂപത്തെ ധ്യാനിച്ച് ഈ മന്ത്രം ഉരുവിടുക. അങ്ങിനെ പൂജിച്ച് ഭജിക്കുമ്പോൾ ഭഗവാൻ നിൻെറ ആഗ്രഹം സഫലമാക്കിത്തരും."

ഭാര്യയുടെ ദുഷ്പ്പെരുമാറ്റത്തിൽ ദുഃഖിതനായ ഉത്താനപാദരാജാവിനെ നാരദൻ ചെന്നു കണ്ടു. ധ്രുവൻെറ സുരക്ഷയെപ്പറ്റിയും ഭാവിമഹിമയെപ്പറ്റിയും മുനി രാജാവിനോട് പറഞ്ഞു. ധ്രുവൻ അസാധാരണമായ ഒരു തപസ്സിലേർപ്പെട്ടു. ഒരു മാസം മുഴുവൻ മൂന്നുദിവസമിടവിട്ട് ഫലവർഗ്ഗങ്ങൾ കഴിച്ചും, അടുത്തമാസം ആറുദിവസ മിടവിട്ട് പുൽക്കൊടി ഭക്ഷിച്ചും. മൂന്നാംമാസത്തിൽ ഒൻപതു ദിവസമിടവിട്ട് വെള്ളം കുടിച്ചും. നാലാം മാസത്തിൽ പന്ത്രണ്ടുദിവസം കൂടുമ്പോൾ ശ്വാസമെടുത്തും അഞ്ചാംമാസത്തിൽ ശരീരധർമ്മങ്ങളെല്ലാ മുപേക്ഷിച്ചും ധ്രുവൻ തീവ്ര തപസ്സനുഷ്ടിച്ചു. ഭഗവാനിൽ സ്വയം വിലീനനായി അവൻ പരമാത്മ സാക്ഷാത്ക്കാരം നേടി. ശ്വാസംപിടിച്ചുനിന്ന ധ്രുവൻ കാരണം ദേവന്മാർ കഷ്ടപ്പെട്ടു. അവർക്കും ശ്വാസം കഴിക്കാനാവാതെ വന്നു. അവർ ഭഗവാനിൽ അഭയം തേടി പ്രാർത്ഥിച്ചു.

**യോƒന്ത: പ്രവിശ്യ മമ വാചമിമാം പ്രസുപ്താം
സംജീവയത്യഖിലശക്തിധര: സ്വധാമ്നാ
അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ
പ്രാണാന്നമോ ഭഗവതേ പുരുഷായ തുഭ്യം (4-9-6)**

മൈത്രേയൻ തുടർന്നു:
ധ്രുവൻ തൻെറ ഹൃദയകമലത്തിൽ ധ്യാനിച്ചാരാധിച്ച ആ ഭഗവൽരൂപം അവൻെറ മുന്നിൽ വന്നുനിന്നു. ഉൾക്കണ്ണിലുണ്ടായ ദർശനം കഴിഞ്ഞപ്പോൾ ധ്രുവൻ കണ്ണുതുറന്നു. ഭഗവൽമഹിമകളെ വാഴ്ത്താൻ അവന് വാക്കുകളില്ലാതെ പോയി. ഭഗവാൻ തൻെറ ശംഖിൻെറ അഗ്രംകൊണ്ട് അവൻെറ കവിളിൽ ഒന്ന് തട്ടിയപ്പോഴേക്കും മഹിമകൾ സങ്കീർത്തനമായി പുറത്തുവന്നു. "എൻെറ ഉള്ളിലിരുന്ന് എനിക്ക് ജീവനേകി എൻെറ സംസാരശേഷി, കൈകാലുകൾ, ഇന്ദ്രിയങ്ങൾ ഇവയ്ക്കെല്ലാം അർത്ഥമേകി വാഴുന്ന ഭഗവാന് എൻെറ നമോവാകം. അങ്ങയുടെ സ്ഥൂലരൂപമായ ഇഹലോകം എന്ന നിലയിൽ അവിടുത്തെ ഞാനറിയുന്നു. വസ്തുപ്രപഞ്ചങ്ങളും ചരാചരവസ്തുക്കളും അവിടുത്തെ പ്രതിരൂപങ്ങളെന്നും ഞാനറിയുന്നു. എങ്കിലും അവിടുത്തെ അതീന്ദ്രിയഭാവം അളക്കാൻ വയ്യാത്തത്ര സങ്കീർണ്ണമത്രെ. വിവരണാതീതവുമാണത്. വിരോധഭാവത്തിലുൾപ്പടെയുള്ള എല്ലാ കഴിവുകളുടേയും സ്രോതസ്സ് അവിടുന്നുതന്നെ. അങ്ങുതന്നെ എല്ലാം. ഞാനങ്ങയിൽ അഭയം തേടുന്നു."

ഭഗവാൻ അവനെ അനുഗ്രഹിച്ചു. "മറ്റാരും ഇരുന്നിട്ടില്ലാത്ത ഒരിടത്ത് നിനക്ക് സ്ഥാനമുണ്ടാവും. ബ്രഹ്മദിനാന്ത്യത്തിൽ ലോകങ്ങൾ നശിക്കുമ്പോഴും സൗരയൂഥങ്ങൾക്കും നക്ഷത്രപംക്തികൾക്കും നെടുംതൂണായി ചിരഞ്ജീവിയായി നീ നിലകൊള്ളും. ഭൂമിയിൽ രാജാവായി ഏറെക്കാലം വാഴാനും നിനക്ക് സാധിക്കട്ടെ." ഇത്രയും പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി. ധ്രുവൻ ഭഗവദനുഗ്രഹത്തിൽ അതീവസന്തുഷ്ടനായെങ്കിലും നിർവ്വാണമെന്ന പരമപദം കിട്ടിയില്ലല്ലൊ എന്നു സങ്കടപ്പെട്ടു. അനിയന് സിംഹാസനം ലഭിച്ചതിൽ താൻ അൽപമെങ്കിലും അസൂയാലുവായിരുന്നതുകൊണ്ടാണ് അജ്ഞാനാവരണം മുഴുവനായി നീങ്ങാതെ പോയതെന്ന് അവൻ പശ്ചാത്തപിച്ചു. ഇങ്ങിനെ ചിന്തിച്ച് ധ്രുവൻ നാട്ടിലേക്ക് മടങ്ങി.

ധ്രുവൻെറ തിരിച്ചുവരവ് നാരദമുനിയിൽനിന്നും ഗ്രഹിച്ച ഉത്താനപാദരാജാവ് സന്തോഷത്തോടെ അവനെ എതിരേൽക്കാൻ തിരിച്ചു. മരണത്തിൽനിന്നു മടങ്ങിവന്ന മകനെപോലെയായിരുന്നു ധ്രുവൻെറ മടക്കം. സ്വർണ്ണത്തേരിൽ ബ്രാഹ്മണരോടും മന്ത്രിമാരോടും സുഹൃത്തുക്കളോടുമൊപ്പം ധ്രുവനെ വരവേൽക്കാൻ എല്ലാവരും ഉണ്ടായിരുന്നു. രണ്ട് അമ്മമാരും ഉത്തമനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. മഹാരാജാവ് മകനെ കണ്ടയുടൻ രഥത്തിൽനിന്നും ചാടിയിറങ്ങി അവനെ ആലിംഗനം ചെയ്തു. ധ്രുവൻ അമ്മമാരെ നമസ്കരിച്ചു. ഭഗവദനുഗ്രഹം നേടിയ, സകലജീവികൾക്കും സുഹൃത്തായ ഒരുവനെ ഏവർക്കും പ്രിയമാണല്ലൊ. സുരുചി സന്തോഷാശ്രുക്കൾ പൊഴിച്ചു. സുനീതി കണ്ണീരോടെ മകനെ ആലിംഗനം ചെയ്തു. ജനം രാജാവിനെ പ്രകീർത്തിച്ചു. രാജകുമാരൻെറ തിരിച്ചുവരവിൽ അവർ ആഹ്ലാദിച്ചു. ഉത്സവപ്രതീതിയോടെ രാജഘോഷയാത്ര നഗരത്തിലൂടെ കൊട്ടാരത്തിലെത്തി. കാലക്രമത്തിൽ രാജാവ് ധ്രുവനെ രാജ്യഭാരമേൽപ്പിച്ചു. മന്ത്രിമാർക്കും ജനങ്ങൾക്കും ധ്രുവനെ പ്രിയമായിരുന്നു. ഉത്താനപാദൻ വനവാസത്തിനും ഭഗവൽധ്യാനത്തിനുമായി കൊട്ടാരം വിട്ടുപോയി.

**ഔത്താനപാദേ ഭഗവാംസ്തവ ശാർങ്ഗധന്വാ**
**ദേവ: ക്ഷിണോത്വവനതാർത്തിഹരോ വിപക്ഷാൻ**
**യന്നാമധേയമഭിധായ നിശമ്യ ചാദ്ധാ**
**ലോകോ$f$ഞ്ജസാ തരതി ദുസ്തരമംഗ മൃത്യും (4–10–30)**

മൈത്രേയൻ തുടർന്നു:
ധ്രുവൻ ബ്രാഹ്മിയെ വിവാഹം ചെയ്തു. അവർക്ക് കൽപ എന്നും വത്സര എന്നും പേരായ രണ്ടു പുത്രൻമാരുണ്ടായി. ധ്രുവൻെറ മറ്റൊരു ഭാര്യയായ ഇലയിൽ ഉത്കലൻ എന്നൊരു പുത്രനും ഒരു പുത്രിയും ഉണ്ടായി. ധ്രുവൻെറ അനുജൻ ഉത്തമൻ വിവാഹത്തിനു മുൻപേ മരിച്ചുപോയി. അവൻെറ അമ്മ സുരുചിയാകട്ടെ അതിൻെറ ദു:ഖത്തിൽ ഹൃദയം തകർന്നു മരണപ്പെട്ടു. ഹിമാലയസാനുക്കളിൽ നായാട്ടിനുപോകവെ ഒരു യക്ഷനാണ് ഉത്തമനെ കൊന്നത്. ഇതറിഞ്ഞ് ധ്രുവൻ യക്ഷൻമാരെ യുദ്ധത്തിനായി വെല്ലുവിളിച്ചു. അവരുടെ തലസ്ഥാനമായ അളകനഗരത്തിൽച്ചെന്ന് ശംഖൂതി യുദ്ധത്തിന് മുന്നോടി കുറിച്ചു.

ദേവഗണങ്ങളിൽപ്പെട്ട അസംഖ്യം യക്ഷന്മാർ ധ്രുവൻെറ നേരെ പാഞ്ഞടുത്തു. യുദ്ധതന്ത്രങ്ങളിൽ നിപുണനായ ധ്രുവൻ എല്ലാവരുടേയും നെറ്റിയിൽ മുമ്മൂന്ന് അസ്ത്രങ്ങൾ എയ്തു തറച്ചു. ഇതുകണ്ടു വിസ്മയംപൂണ്ട യക്ഷർ ശത്രുവിൻെറ യുദ്ധനൈപുണ്യത്തെ വാഴ്ത്തി. എന്നിട്ട് പലേതരത്തിലുള്ള ആയുധങ്ങൾ ധ്രുവനുനേരെ ചൊരിഞ്ഞു. ധ്രുവൻ അവയ്ക്കോരോന്നിനും എതിരായുള്ള ആയുധങ്ങൾ പ്രയോഗിച്ചു.

യുദ്ധം കൊടുമ്പിരി കൊണ്ടു. ധ്രുവൻെറ ആയുധങ്ങൾ ശത്രുസൈന്യത്തിൽ മരണം വിതച്ചു. തലകളും കബന്ധങ്ങളും അവിടെ ചിതറികിടന്നു. ജീവിച്ചിരിക്കുന്ന യക്ഷന്മാരെ ധ്രുവൻ കീഴടക്കുകയും ചെയ്തു. എങ്കിലും മറ്റു ചില യക്ഷന്മാർ കുതന്ത്രങ്ങളിലും മായാവിദ്യകളിലും മിടുക്കന്മാരായിരുന്നു. ഈ തന്ത്രങ്ങളെപ്പറ്റി അറിഞ്ഞിരുന്നതുകൊണ്ട് യക്ഷനഗരത്തിനുള്ളിലേക്ക് ധ്രുവൻ കയറിയതേയില്ല. യുദ്ധം മുഴുവൻ നഗരത്തിനു പുറത്തായിരുന്നു.

പെട്ടെന്ന് നാനാഭാഗത്തുനിന്നും മേഘവും ഇടിയും മിന്നലും വന്നു ഭൂമി നിറഞ്ഞു. മേഘങ്ങൾ ചൊരിഞ്ഞത് വൃത്തികെട്ട വസ്തുക്കളായിരുന്നു. പിന്നീട് ഒരു മായാപർവ്വതം പ്രത്യക്ഷപ്പെട്ട് അതിൽ നിന്ന് ആയുധവർഷം തുടങ്ങി. സമുദ്രം യഥാർത്ഥത്തിൽ വളരെ അകലത്തായിരുന്നുവെങ്കിലും മായാവികൾക്ക് സമുദ്രപ്രതീതി ജനിപ്പിക്കാൻ കഴിഞ്ഞു. യുദ്ധഭൂമിയിലെ സമുദ്രങ്ങൾ പ്രളയഭീതി ഉണ്ടാക്കാൻ പോന്നത്ര ഭീകരാവസ്ഥയിലായിരുന്നു.

ധ്രുവൻെറ ദയനീയാവസ്ഥയിൽ മനംനൊന്ത ഋഷിമാർ പ്രാർത്ഥിച്ചു. “ധ്രുവാ, സാരംഗപാണിയായ, ദുഖ:രക്ഷകനായ ഭഗവാൻ നിൻെറ ശത്രുക്കളെ നശിപ്പിക്കാനിടവരുത്തട്ടെ. ആ ദിവ്യനാമോച്ചാരണമാത്രയിൽത്തന്നെ കീഴടക്കാൻ അസാദ്ധ്യമായ മരണത്തെപ്പോലും മറികടക്കാൻ കഴിയുമല്ലോ.”

**യേനോപസൃഷ്ടാത് പുരുഷാല്ലോക ഉദ്വിജതേ ഭൃശം
ന ബുധസ്തദ്വശം ഗച്ഛേദിച്ഛന്ന ഭയാത്മന: (4-11-32)**

മൈത്രേയൻ തുടർന്നു:
മാമുനിമാരുടെ പ്രാർത്ഥന കേട്ടപ്പോൾ ഭഗവാൻ നാരായണൻ സ്വയമുണ്ടാക്കി നൽകിയ നാരായണാസ്ത്രത്തെപ്പറ്റി ധ്രുവനോർമ്മവന്നു. അതെടുത്തുകുലച്ചപ്പോഴേക്കും മായാവികളുടെ മായാജാലങ്ങളെല്ലാം അപ്രത്യക്ഷമായി. വിജ്ഞാനംകൊണ്ട് അജ്ഞതയും തൽസന്താനങ്ങളും നശിക്കുന്നതുപോലെയായിരുന്നു അത്. ധ്രുവന്റെ അസ്ത്രം സുവർണ്ണനിറത്തിൽ അഗ്നിനാളങ്ങളോടുകൂടി ശത്രുവിന്റെ നേരെ പാഞ്ഞു. ആക്രമിക്കാനടുത്ത ശത്രുക്കളെയെല്ലാം ധ്രുവൻ അരിഞ്ഞുവീഴ്ത്തി.

ധ്രുവന്റെ മുതുമുത്തച്ഛൻ സ്വയംഭുവമനു യുദ്ധക്കളത്തിലെത്തി, സർവ്വനാശകമായ യുദ്ധത്തിന്റെ വ്യർത്ഥതയെപ്പറ്റി ധ്രുവനോട് ഇങ്ങിനെ പറഞ്ഞു. “മകനേ, ഈ ക്രോധം മതിയാക്കൂ. ഇത് നരകത്തിലേക്കുള്ള പാതയത്രെ. യക്ഷന്മാരുടെ കൂട്ടത്തിൽ ആരോ ഒരാൾ നിന്റെ സഹോദരനെ കൊന്നു എന്നുകേട്ട് ആ സമൂഹത്തെ മുഴുവൻ വകവരുത്തി നിരപരാധികളെയാണ് നീ കൊല്ലുന്നത്. ശരീരമാണ് ആത്മാവ് എന്ന നിഗമനത്തിൽ ശത്രുവിനെ കൊല്ലുന്നത് ധാർമ്മികമല്ല തന്നെ. നിന്റെ അനുജന്റെ മരണത്തോടെ അവന്റെ ശരീരം മാത്രമേ നശിച്ചുള്ളൂ. അതുപോലെ ഈ യുദ്ധത്തിൽ മരിച്ചവരുടേയും ശരീരത്തെ മാത്രമെ നിനക്ക് വധിക്കാൻ സാധിക്കൂ. യഥാർത്ഥത്തിൽ അവരെ നിനക്ക് വധിക്കാൻ സാധിക്കുകയുമില്ല. ഈ ലോകത്തിൽ മറ്റാർക്കും സാധിക്കാത്ത വിധത്തിൽ ചെറിയ പ്രായത്തിൽത്തന്നെ ഭഗവൽപ്രീതി നേടുകയും അവിടുത്തെ കൃപയാൽ വിശേഷോത്തരമായ പ്രാമുഖ്യം ലഭിക്കുകയും ചെയ്തവനാണല്ലോ നീ. നിനക്ക് ധാർമ്മീകമര്യാദകളെപ്പറ്റിയും കടമകളെപ്പറ്റിയും പഠിപ്പിക്കാൻ പോലും കഴിയുമെങ്കിലും നീ സ്വയം പാപകർമ്മങ്ങളിലേർപ്പെടുന്നു. ക്ഷമ, കരുണ, സൗഹൃദം, സമദൃഷ്ടി എന്നീ ഗുണങ്ങൾ സ്വയം വളർത്തിയെടുത്ത് സകല ജീവികളോടും ഒരേപോലെ പ്രതികരിക്കുന്നവനിലാണ് ഭഗവൽപ്രീതിയുണ്ടാവുക. അങ്ങിനെ ജീവഭാവത്തിന്റെ അതിരുകൾക്കപ്പുറത്ത് പരമാത്മാവുമായി ഒത്തുചേരാൻ നിനക്ക് സാധിക്കും.

കുബേരന്റെ അനുയായികളായ യക്ഷരല്ല നിന്റെ അനുജനെ കൊന്നത്. ഭഗവദിച്ഛയാലാണ് ഒരുവൻ ജനിക്കുന്നതും മരിക്കുന്നതുമെല്ലാം. അവിടുന്നാണ് വിശ്വസൃഷ്ടാവും, സ്ഥിതികർത്താവും സംഹാരകനും. എങ്കിലും കർത്തൃത്വ-ഭോക്തൃത്വാഭിമാനമില്ലാത്തതുകൊണ്ട് അവിടുത്തെ കർമ്മങ്ങളോ ഗുണങ്ങളോ ബാധിക്കുന്നില്ല. ഭഗവാന്റെ ഊർജ്ജത്തിന്റെ ശക്തികൊണ്ടാണ് സൃഷ്ടി സ്ഥിതിസംഹാരങ്ങൾ നടക്കുന്നത്. ഇതേ ശക്തിയാലാണ് ആണും പെണ്ണും ഇണചേർന്ന് അവരുടെ രൂപസാദൃശ്യത്തിൽ കുട്ടികളുണ്ടാവുന്നത്. ഇതേ ശക്തിയാൽതന്നെയാണ് ഒരുശരീരത്തെ മറ്റൊരു ശരീരം നശിപ്പിക്കുന്നതും, നശിപ്പിക്കുന്നവനെയും മരണം കീഴടക്കുന്നതും.

അതുകൊണ്ട് മകനേ, എന്റെ, ഞാൻ, എന്നീ ചിന്തകൾ വെടിഞ്ഞ് ഭഗവാനെ ഹൃദയത്തിൽ വെച്ചാരാധിക്കുക. ജ്ഞാനിയായ ഒരുവൻ, ഭയരഹിതനാവാനാഗ്രഹിക്കുന്ന പക്ഷം ക്രോധത്തിനടിപ്പെടാതെയിരിക്കണം. ക്രോധവാനെ മറ്റുള്ളവർ ഭയക്കുകയും അവഗണിക്കുകയും ചെയ്യും. നീ ഭഗവാൻ ശിവനെതിരായി കൊടുംപാപം ചെയ്തിരിക്കുന്നു. കുബേരൻ പരമശിവന്റെ സുഹൃത്താണ്. നീ കുബേരന്റെ അനുയായികളേയാണ് കൊലചെയ്തത്. അതുകൊണ്ട് ഹൃദയംതുറന്നു പരമശിവനെ പ്രാർത്ഥിച്ചു കൊള്ളുക.”

**ശാന്താഃ സമദൃശഃ ശുദ്ധാഃ സർവ്വഭൂതാനുരഞ്ജനാഃ
യാന്ത്യഞ്ജസാച്യുതപദമച്യുതപ്രിയ ബാന്ധവാഃ (4-12-37)**

മൈത്രേയൻ തുടർന്നു:
ധ്രുവന്റെ കോപം അടങ്ങിയതറിഞ്ഞ് കുബേരൻ സംതൃപ്തനായി. അദ്ദേഹം ധ്രുവനെ ചെന്നുകണ്ട് അനുഗ്രഹിച്ചു. എന്നിട്ടിങ്ങനെ സമാധാനിപ്പിച്ചു. "വാസ്തവത്തിൽ യക്ഷന്മാർ നിന്റെ അനുജനെ കൊല്ലുകയോ, നീ അവരോട് പകവീട്ടി കൊലചെയ്യുകയോ ഉണ്ടായിട്ടില്ലതന്നെ. കാലമാണ് എല്ലാത്തിനും അറുതിവരുത്തുന്നത്. ആർക്കും കാലനെ അവഗണിക്കാൻ സാദ്ധ്യമല്ല. സാഹചര്യം ഒരുകാരണം മാത്രം. ജനനവും മരണവും സ്വപ്നദൃശ്യങ്ങൾപോലെ നശ്വരമത്രേ. ഞാൻ, എന്റെ, എന്ന ചിന്തയോടെ ശരീരാസ്കതി പൂണ്ടിരിക്കുന്നതു കൊണ്ടാണ് ലൌകീകബന്ധനവും തൽസംബന്ധിയായ ദുഃഖങ്ങളും അനുഭവിക്കാനിടയാവുന്നത്. ഇതെല്ലാം മനസ്സിൽനിന്നുകളഞ്ഞ് ഭഗവാനെ ധ്യാനിച്ച് ഹൃദയത്തിൽ ഭക്തി നിറയ്ക്കൂ. നിനക്ക് ഇഷ്ടമുള്ള ഏതുവരം വേണമെങ്കിലും ചോദിക്കാം."

ധ്രുവൻ വിനയത്തോടെ പറഞ്ഞു: "എന്നും എന്റെ ഹൃദയം നിറയെ വാസുദേവനോടുള്ള ഭക്തിയുണ്ടാവാൻ അനുഗ്രഹിച്ചാലും." കുബേരൻ ധ്രുവനെ അനുഗ്രഹിച്ചു. ഭഗവാനിൽ ഹൃദയമുറപ്പിച്ചുകൊണ്ട് ഏറെക്കാലം ധ്രുവൻ രാജ്യം ഭരിച്ചു. അഹങ്കാരലേശമില്ലാതെ മുൻജന്മങ്ങളിലാർജ്ജിച്ച കർമ്മഫലങ്ങൾ ആസ്വദിച്ചും അനുഭവിച്ചും ധ്രുവൻ കഴിഞ്ഞുപോന്നു. കാലക്രമത്തിൽ പുത്രനായ ഉത്കലനെ രാജ്യഭാരമേൽപ്പിച്ച് വിഷാല എന്ന സ്ഥലത്ത് ഭഗവൽച്ചിന്തമാത്രമായി കഴിഞ്ഞുകൂടി. അവിടെ ധ്രുവൻ ധ്യാനയോഗാഭ്യാസങ്ങളിലേർപ്പെട്ടു. ആസനത്തിലാരൂഢനായി പ്രാണായാമവും പ്രത്യാഹാരവും (ഇന്ദ്രിയനിഗ്രഹം) ദിനേന ചെയ്തുപോന്നു. പിന്നീട് ഭഗവാന്റെ സ്ഥൂലരൂപത്തെ ധ്യാനിച്ച് ധ്യാനിയും ധ്യാനവസ്തുവും തമ്മിലുള്ള അന്തരമില്ലാതായതുവരെ . കാഗ്രതയിലിരുന്ന് സമാധി പ്രാപിച്ചു. ആ സമയം ഒരു ആകാശവാഹനം അവിടേയ്ക്കുവരുന്നതായി ധ്രുവന് അനുഭവപ്പെട്ടു. അതിൽനിന്നും രണ്ടു ദേവന്മാർ ഇറങ്ങി വന്നു. അവർ പറഞ്ഞു: "ഞങ്ങൾ ഭഗവാൻ വാസുദേവന്റെ പാർഷദന്മാരാണ്. വാസുദേവനെ ധ്യാനിച്ച് അവിടുത്തെ അനുഗ്രഹമാർജ്ജിച്ച ആളാണല്ലൊ അങ്ങ്. ഈ വാഹനത്തിലേറിയാലും. അങ്ങയെ ഈ അണ്ഡകാഹത്തിന്റെ ധ്രുവത്തിൽ എത്തിക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നത്. അവിടെ ലോകങ്ങളുടെ മുഴുവൻ ആരാധനയ്ക്കു പാത്രമായി വസിച്ചാലും. വിശ്വം മുഴുവൻ അങ്ങയെ ഭ്രമണം ചെയ്തു നിലനിൽക്കുതാണ്." ആകാശവാഹനത്തിലേറുമ്പോൾ തന്റെ അമ്മയെപ്പറ്റി ധ്രുവൻ ഓർമ്മിച്ചു. വാസുദേവപാർഷദന്മാർ, സുനീതി മറ്റൊരുവാഹനത്തിൽ തനിക്കുമുൻപേ യാത്രയായ വിവരം ധ്രുവനെ അറിയിച്ചു. അവർ കാലന്റെ തലയ്ക്കുമുകളിൽ കാലുവെച്ച് ശൂന്യാകാശത്തിലേക്ക് കുതിച്ചു. നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കുമപ്പുറത്ത് വിഷ്ണുസവിധത്തിൽ ധ്രുവൻ എത്തിച്ചേർന്നു. കരുണയോടെ സകല ജീവജാലങ്ങളേയും സമദൃഷ്ടിയോടെ വീക്ഷിക്കാത്തവർക്ക് വിഷ്ണുസവിധമണയുക അസാദ്ധ്യമത്രെ. മറ്റുള്ളവർക്ക് എപ്പോഴും നന്മചെയ്യുന്നവർക്ക് അതു സാദ്ധ്യവുമാണ്. പ്രശാന്തതയോടെ, സമദൃഷ്ടിയോടെ, ഹൃദയശുദ്ധിയോടെ സകലജീവികളുടേയും നന്മയ്ക്കായി പ്രവർത്തിക്കുകയും ഭഗവൽഭക്തരെ സുഹൃത്തുക്കളാക്കുകയും ചെയ്യുന്നവർ ആ പരമപദമണയുന്നു.

നാരദൻ ധ്രുവന്റെ മഹിമയെ വർണ്ണിച്ചു. ഏതൊരുവനും ധ്രുവചരിതം കേൾക്കുകയോ പറയുകയോ ചെയ്യുന്നപക്ഷം സർവ്വവിധ ഐശ്വര്യങ്ങളും, ധനസമ്പത്തുക്കളും, ദീർഘായുസ്സും, സ്ഥാനമാനാദികളും ലഭിക്കുന്നതാണ്. അതിനെല്ലാമുപരി ഇഹലോകദുഃഖനിവാരണകാരിയായ ഭഗവൽഭക്തി അവരുടെ ഹൃദയത്തിൽ നിറയുകയും ചെയ്യുന്നു.

ധ്രുവനക്ഷത്രം ഇന്നും നിലനിൽക്കുന്നു.

**യത: പാപീയസി കീരത്തിരധർമ്മശ്ച മഹാൻ നൃണാം**
**യതോ വിരോധ: സർവ്വേഷാം യത ആധിരനന്തക: (4-13-44)**
**കസ് തം പ്രജാപദേശം വൈ മോഹബന്ധനാത്മന:**
**പണ്ഡിതോ ബഹുമന്യേത യദർത്ഥാ: ക്ലേശാദാ ഗൃഹാ: (4-13-45)**

മൈത്രേയൻ തുടർന്നു:
ധ്രുവൻെറ പുത്രൻ ഉത്കലൻ ജന്മനാതന്നെ വിവേകശാലിയും ലൗകീകകാര്യങ്ങളിൽ താൽപര്യമില്ലാത്തവനുമായിരുന്നു. അദ്ദേഹം ആത്മസാക്ഷാത്ക്കാരം നേടിയിരുന്നു. അസാധാരണമായ പെരുമാറ്റത്തിലൂടെ മറ്റുള്ളവർക്ക് അദ്ദേഹം വിഡ്ഢിയും കുരുടനുമായി കാണപ്പെട്ടു. ചിലപ്പോൾ ഭ്രാന്തനാണോ എന്നും ജനങ്ങൾ അദ്ദേഹത്തെ സംശയിച്ചു. അതുകൊണ്ട് രാജ്യസഭയിലെ കാരണവന്മാർ ഉത്കലൻെറ അനുജൻ വത്സരനെ രാജാവായി വാഴിച്ചു.

വത്സരൻ (വർഷം) സ്വരവീഥിയെ (ശ്വേതപഥം) പരിണയിച്ചു. അവർക്ക് ആറുപുത്രന്മാർ. പുഷ്പർണൻ, തിഗ്മകേതു, ഈശൻ, ഊർജൻ, വസു, ജയ എന്നിവർ. പുഷ്പർണൻ പ്രഭയേയും ദോഷത്തേയും (പകലും രാത്രിയും) വിവാഹം ചെയ്തു. പ്രഭയിൽ പ്രാത:യും, മദ്ധ്യന്തിനവും, സായവും (പ്രഭാതം, മദ്ധ്യാഹ്നം, സായം കാലം) ഉണ്ടായി. ദോഷയിൽ പ്രദോഷവും, നിശീഥവും, വ്യുഷ്ടവും (സന്ധ്യ, രാത്രി, ഉദയം) ഉണ്ടായി. ഈ പരമ്പരയിലാണ് അംഗരാജാവ് ജനിച്ചത്. അംഗരാജാവ് നീതിമാനും ധർമ്മിഷ്ടനും ആയിരുന്നു. ഒരിക്കൽ അദ്ദേഹം രാജകീയ പ്രൗഢിയോടെ അശ്വമേധയാഗം നടത്തി. യാഗത്തിൻെറ എല്ലാചിട്ടവട്ടങ്ങളും ഭംഗിയായി ചെയ്തിട്ടും യാഗാന്ത്യത്തിൽ അർഘ്യം സ്വീകരിക്കാൻ ദേവതകൾ എത്തിയില്ല. യാഗമുഖ്യന്മാരായ ഋഷികൾ അതിനു കാരണം കണ്ടെത്തി. കഴിഞ്ഞജന്മത്തിൽ ചെയ്ത ഏതോ പാപത്തിൻെറ ഫലമായി ഈ ജന്മത്തിൽ അംഗരാജന് പുത്രന്മാരുണ്ടായിരുന്നില്ല. അതുകൊണ്ട് മറ്റൊരുചിതമായ യാഗം നടത്തി ദേവതകളെ പ്രീതിപ്പെടുത്തി പുത്രഭാഗ്യം നേടാൻ അവർ അംഗരാജനെ ഉപദേശിച്ചു.

യാഗഫലമായി ജനിച്ച പുത്രൻ വേനൻ അനുഗ്രഹത്തിനുപകരം വലിയൊരു ശാപമായി മാറി. മൃത്യുവിനെ ഉപാസിക്കുന്ന അവൻ അധർമ്മിയും ദുർബുദ്ധിയും അക്രമിയും ആയിരുന്നു. ജനങ്ങൾ അവനെ ഭയന്നു. അടുത്തുവന്ന മൃഗങ്ങളെയും കുഞ്ഞുങ്ങളെപ്പോലും വേനൻ ആക്രമിച്ചു. അവനെ ധർമ്മപാതയിലേക്ക് നയിക്കാൻ അംഗരാജാവ് നടത്തിയ ശ്രമം വൃഥാവിലായി. അവസാനം, അംഗരാജൻ ആശയറ്റ് പുത്രലാഭത്തിനുവേണ്ടി പ്രാർത്ഥിച്ചല്ലോ എന്നു പരിതപിച്ചു. “പുത്രരില്ലാത്തവർ ഭാഗ്യവാന്മാരത്രേ, കാരണം ദുഷ്പുത്രൻെറ ചെയ്തികൾ കൊണ്ടുള്ള വേദന അവർക്കനുഭവിക്കേണ്ടിവരുന്നില്ലല്ലൊ.” വീണ്ടും ആലോചിച്ച് അദ്ദേഹം പറഞ്ഞു: “ഒരുപക്ഷെ ദുഷ്പുത്രനാണ് സൽപ്പുത്രനേക്കാൾ നല്ലത്. സൽപ്പുത്രൻ, ഇഹലോകത്തിൽ അവനോട് ചേർന്നിരുന്നു കഴിയാനുള്ള ആഗ്രഹമുണ്ടാക്കുന്നു. എന്നാൽ ദുഷ്പുത്രൻമൂലം ഒരുവന് ഇഹലോകവാസത്തിനുള്ള ആഗ്രഹംതന്നെ ഇല്ലാതാവുന്നു. ജ്ഞാനിയായ ഒരുവൻ അക്രമിയും അധർമ്മിയും ആയ പുത്രൻെറ ബന്ധത്തെ വിലമതിക്കയില്ലതന്നെ. അവൻ മാതാപിതാക്കൾക്ക് പാപവും വെറുപ്പും അവമതിപ്പുമാണല്ലോ നൽകുന്നത്.” താമസിയാതെ ആരോടും പറയാതെ അദ്ദേഹം അജ്ഞാതമായ ഒരിടത്തേക്ക് യാത്രയായി. ജനങ്ങളും അധികാരികളും രാജാവ് അപ്രത്യക്ഷനായതറിഞ്ഞ് വ്യാകുലരായി. എല്ലായിടത്തും തിരഞ്ഞിട്ടും അവർക്ക് രാജാവിനെ കണ്ടെത്തുവാനായില്ല. അവർ രാജസഭയിലെ മുതിർന്നവരെ ഈ വിവരം ധരിപ്പിക്കുകയും ചെയ്തു.

**തം സർവ്വ ലോകാമരയജ്ഞ സംഗ്രഹം
ത്രയീമയം ദ്രവ്യമയം തപോമയം
യജ്ഞൈർവ്വിചിത്രൈർയജതോ ഭവായ തേ
രാജൻ സ്വദേശാനനുരോദ്ധു മർഹസി (4–14–21)**

മൈത്രേയൻ തുടർന്നു:
രാജാവില്ലാത്ത രാജ്യം നീതിരഹിതവും അധാർമ്മീകവുമായ പാതയിലേക്ക് നീങ്ങുമെന്നറിഞ്ഞ ഋഷിമാർ രാജ്ഞിയുടെ സമ്മതത്തോടെ വേനനെ രാജാവാക്കി അവരോധിച്ചു. പെട്ടെന്ന് അധർമ്മത്തിനും അക്രമ ത്തിനും ഒരറുതിവന്നു. മാറ്റുദുഷ്ടന്മാർക്ക് വേനൻെറ ദുഷ്ടതയെ ഭയമായിരുന്നതാണ് ഈ മാറ്റത്തിനു കാരണം. ഏകഛത്രാധിപതിയും പരമാധികാരിയുമായ ഒരുവനിലാണ് സിംഹാസനം കൈവന്നത്. ഉടനെ തൻെറ അധികാരത്തെപ്പറ്റി വേനനു ബോധം വരികയും എല്ലാവിധ ധർമ്മപരമായ ചടങ്ങുകളും നാട്ടിൽ നിരോധിക്കുകയും ചെയ്തു. ഋഷിമാർ നാട്ടിൽ അധർമ്മം പെരുകുന്നതു വേദനയോടെ കണ്ടു. വേനൻ രാജാവാണെങ്കിലും അല്ലെങ്കിലും ഫലം ഒന്നുതന്നെയായിരുന്നുവല്ലൊ. എങ്കിലും അവർ രാജാവിനോട് സംസാരിക്കാൻ തീരുമാനിച്ചു.

അവർ പറഞ്ഞു: “രാജാവേ, താങ്കളുടെ നന്മയ്ക്കു വേണ്ടിത്തന്നെയാണ് ഞങ്ങൾ വന്നുപദേശിക്കുന്നത്. ഒരുവൻെറ ശരീരമനോബുദ്ധികൾകൊണ്ട് ഉചിതമായി കടമകളും കർത്തവ്യങ്ങളും നിറവറ്റുമ്പോൾ അവന് എല്ലാവിധ ദു:ഖങ്ങളിൽനിന്നും മോചനം ലഭ്യമാകുന്നു. അങ്ങയുടെ ജോലി നാട്ടിലെ സമാധാനം ധർമ്മം, സുരക്ഷ, ഐശ്വര്യം എന്നിവ കാത്തു സംരക്ഷിക്കലാണ്. അതുപേക്ഷിക്കരുതേ. ഏതൊരു രാജാവിൻെറ പ്രജകളാണോ ഭഗവൽപൂജകളും, ധർമ്മനിഷ്ഠകളും ചെയ്യുന്നത്, ആ രാജാവിനും പ്രജകൾക്കും ശാന്തിയും ഐശ്വര്യവും ലഭ്യമത്രെ. ജനം, ഭഗവൽപ്പൂജചെയ്ത് അങ്ങയുടെ ഐശ്വര്യം ഉറപ്പാക്കുന്നു. അതുകൊണ്ട് ജനനന്മചെയ്യുക എന്നത് അങ്ങയുടെ കർത്തവ്യമത്രെ. അവരുടെ സ്നേഹത്തിനു പാത്രമായി ഭഗവാൻെറ അനുഗ്രഹങ്ങൾ നേടിയാലും.”

ദുഷ്ടനായ വേനൻ പറഞ്ഞു. “വിഢ്ഢികളേ, പ്രീതിപ്പെടുത്തേണ്ട, പ്രസാദിപ്പിക്കേണ്ട ഏതോ ഒരു ഭഗവാനെപ്പറ്റി നിങ്ങൾ പുലമ്പുന്നുണ്ടല്ലോ. എല്ലാ ദേവന്മാരുടേയും ഇരിപ്പിടം രാജാവിലാണ്. ഞാൻ നിങ്ങളുടെ രാജാവായതുകൊണ്ട് ഏതൊരു വിധത്തിൽ നോക്കിയാലും നിങ്ങൾ എന്നെയാണ് പൂജിക്കേണ്ടത്. പൂജാർഹനായി മറ്റാരുമില്ല.” അത് വേനൻെറ ദുഷ്ടതയുടെ പാരമ്യമായിരുന്നു. ഭഗവൽനിന്ദയും അക്രമവും ക്രൂരതയും കാരണം ജീവിക്കാനുള്ള യോഗ്യത അവനുണ്ടായിരുന്നില്ല. ക്രുദ്ധരായ ഋഷിമാർ ഒന്നുചേർന്ന് “ഹും” എന്നു പറഞ്ഞപ്പോഴേക്കും വേനൻ ചത്തുവീണു. ഋഷിമാർ, ഭഗവൽമഹിമകളെ വാഴ്ത്തി അവിടം വിട്ടു പോയി. വേനൻെറ അമ്മ, ചില പച്ചമരുന്നുപ്രയോഗങ്ങൾകൊണ്ട് വേനൻെറ ശവശരീരം കേടുകൂടാതെ സൂക്ഷിച്ചുവച്ചു. രാജാവില്ലാതെ നാട്ടിലുടനീളം അധർമ്മം നടമാടാൻ തുടങ്ങി. വേനൻെറ സിംഹാസനാരോഹണത്തിനും അവൻെറ മരണത്തിനും കാരണക്കാരായ ഋഷിമാർ കാര്യങ്ങൾ സ്വയം ഏറ്റെടുത്തു. ജനത്തിൻെറ മുഴുവൻ നന്മയാണല്ലൊ അവരുടെ ലക്ഷ്യം. ബ്രാഹ്മണരും ഋഷിമാരും ജനങ്ങളുടെ ദു:ഖനിവാരണത്തിനു ശ്രമിക്കാതെ നിസ്സംഗരായിരിക്കുന്ന പക്ഷം അവരുടെ ആത്മീയശക്തിയും ഊർജവും ഇല്ലാതാവുന്നു. വേനൻെറ തുടഭാഗം അതിശീഘ്രം തിരിച്ച് ഋഷിമാർ ഒരു കുള്ളനെ സൃഷ്ടിച്ചു. അവൻ ചോദിച്ചു “ഞാനെന്താണ് ചെയ്യേണ്ടത് ?” ബ്രാഹ്മണർ പറഞ്ഞു. “അവിടെയിരിക്കുക.” അതിൽനിന്നാണ് “നിഷാദൻ”എന്ന പേരിൽ അവനറിയപ്പെട്ടത്. അവന് അഛൻെറ പാപപങ്കിലമായ സ്വഭാവം കിട്ടി. അവൻെറ പിൻഗാമികൾ നിഷാദർ എന്ന പേരിൽ കാനനവാസികളായി ജീവിച്ചു.

**ഏഷ സാക്ഷാദ്ധരേരംശോ ജാതോ ലോകരിരക്ഷയാ**
**ഇയം ച തത്പരാ ഹി ശ്രീരനുജജ്ഞേ*f*നപായിനീ (4-15-6)**
**പ്രഭവോ ഹ്യാത്മന: സ്തോത്രം ജുഗുപ്സന്ത്യപി വിശ്രുതാ:**
**ഹ്രീമന്ത: പരമോദാരാ: പൗരുഷം വാ വിഗർഹിതം (4-15-25)**

മൈത്രേയൻ തുടർന്നു:
വേനന്റെ ശരീരത്തിലെ കയ്യെടുത്ത് മുനിമാർ വീണ്ടും കടഞ്ഞു. ഇത്തവണ അളവറ്റ ഊർജ്ജം പുറത്തുവരികയും ആലിംഗനബദ്ധരായ യുവമിഥുനങ്ങളായി അവ പ്രത്യക്ഷമാവുകയും ചെയ്തു. ഋഷിമാർ സംതൃപ്തരും സന്തുഷ്ടരുമായി. കാരണം, മിഥുനങ്ങളിൽ പുരുഷൻ, ഭഗവാന്റെ പ്രതിരൂപം തന്നെയെന്നും, ലോകസംരക്ഷക്കായി അവതരിച്ചിട്ടുള്ളതാണെന്നും അവർക്കറിയാമായിരുന്നു. സ്ത്രീഭാഗമാകട്ടെ സൗന്ദര്യ ദേവതയുടെ അവതാരവും. ആനന്ദവും ഐശ്വര്യവും നിറഞ്ഞ അവൾ എന്നും തന്റെ നാഥനെ പിരിയാതെയിരുന്നു. ഈ ദിവ്യമിഥുനങ്ങളുടെ ഭക്തർക്ക് മാത്രമേ അവരുടെ സവിധമണയുക സാദ്ധ്യമാവൂ. ഋഷിമാർ അവർക്ക് പൃഥു എന്നും അർചി എന്നും പേരിട്ടു. ലോകത്തിന്റെതന്നെ ആദ്യത്തെ ഭരണകർത്താവായ രാജാവ് പൃഥുവത്രെ. അദ്ദേഹം തന്റെ സാമ്രാജ്യം ഉണ്ടാക്കുകയും, ഭൂമിയെ ഫലഭൂയിഷ്ടമാക്കുകയും, ജനത്തിന് ശാന്തിയും സമാധാനവും നൽകുകയും ചെയ്തു. പൃഥുവിന്റെ ജനനം ദേവതകൾക്കും മനുഷ്യർക്കും ഒരുപോലെ ആനന്ദപ്രദമായിരുന്നു. ആകാശദേവതകൾ പാടിയും ആടിയും പൃഥുവിന്റെ ഭരണം കൊണ്ടാടി. പൃഥു പരമാത്മാവിന്റെ പ്രത്യക്ഷരൂപമെന്നു കണ്ട ദേവതകൾ എല്ലാവരും പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിനു സ്വയം കീഴടങ്ങി തങ്ങളുടെ അടയാളചിഹ്നങ്ങൾ അടിയറവെച്ചു. ബ്രാഹ്മണർ കാർമ്മീകത്വം വഹിച്ച് കിരീടധാരണം നടത്തി. ദിവ്യനദികളുടെ അധിപരായ ദേവതകൾ സ്വയം യജ്ഞജലം കൊണ്ടുവന്നു. പൃഥുവും അർചിരാജ്ഞിയും ദിവ്യപ്രഭയോടെ സിംഹാസനാരൂഢരായി.

ധനദേവതയായ കുബേരൻ സിംഹാസനം സമ്മാനിച്ചു. സമുദ്രദേവതയായ വരുണൻ ഒരു കുട സമ്മാനിച്ചു. വായുദേവത വിശറിയും, നന്മയുടെ ദേവത പ്രശസ്തിയും, ദേവന്മാരുടെ രാജാവ് കിരീടവും സമ്മാനിച്ചു. സാന്മാർഗ്ഗീകതയുടേയും നശ്വരതയുടേയും ദേവൻ ഒരു ചെങ്കോൽ സമ്മാനിച്ചു. ഏറ്റവും ഉന്നതമായ കവചമായ വിജ്ഞാനകവചം, സൃഷ്ടാവ് സ്വയം സമ്മാനിച്ചു. വിഷ്ണുഭഗവാൻ ചക്രവും, ലക്ഷമീദേവി ഐശ്വര്യവും, രുദ്രൻ ഒരു വാളും, ദുർഗ്ഗ ഒരു പരിചയും സമ്മാനം നൽകി. ചന്ദ്രദേവത കുതിരകളേയും ത്വഷ്ടാവ് രഥവും നൽകി. അഗ്നിദേവൻ വില്ലും സൂര്യഭഗവാൻ പ്രഭയേറിയ അമ്പുകളും നൽകി. ഭൂമി, മരം കൊണ്ടുണ്ടാക്കിയ മെതിയിടികൾ നൽകി. ആകാശദേവതകൾ ലളിതകലകളെക്കുറിച്ചുള്ള അറിവു നൽകി. പിന്നീട് ഋഷികൾ രാജാവിനെ അനുഗ്രഹിച്ചു. അദ്ദേത്തിന്റെ വാക്കുകൾ എന്നും സത്യമായി വരുമെന്ന് ഋഷികൾ പ്രവചിച്ചു. രാജഗായകർ ചക്രവർത്തിയുടെ അപദാനങ്ങൾ വാഴ്ത്താൻ തുടങ്ങവേ രാജാവ് അവരെ തടഞ്ഞു. "മഹാത്മാക്കളെ, നശ്വരനായ ഒരു മനുഷ്യനെ അവന്റെ മഹിമകൾ വാഴ്ത്തി പ്രത്യേകിച്ചും അവന്റെ മുന്നിൽവെച്ച് സ്തുതിക്കുന്നത് അഭിലഷണീയമല്ല. കാരണം അവന്റെ മഹത്തായ ഔന്നത്യം എപ്പോൾ വേണമെങ്കിലും ഇല്ലാതാവാം. അങ്ങിനെ അവൻ ഒരു പരിഹാസപാത്രമാവുകയും ചെയ്യും. നിങ്ങൾക്ക് ഭഗവദ്മഹിമ പാടാനുള്ള അനുവാദം എന്നുമുണ്ട്. നന്മനിറഞ്ഞവർ സ്വമഹിമകളെ വാഴ്ത്താൻ പ്രോത്സാഹനം നൽകുകയില്ല. ഞങ്ങൾ ലോകത്തിൽ ഇനിയും അറിയപ്പെടാത്തവരത്രെ. ഈ പ്രശംസക്ക് യാതൊരു നീതീകരണവുമില്ലതന്നെ."

## അയം തു സാക്ഷാദ് ഭഗവാംസ്ത്ര്യധീശ: കൂടസ്ഥ ആത്മാ കലയാവതീർണ്ണ: യസ്മിന്നവിദ്യാരചിതം നിരർത്ഥകം പശ്യന്തി നാനാത്വമപി പ്രതീതം (4-16-19)

രാജാവിൻെറ പ്രതിഷേധമൊന്നും വകവെക്കാതെ രാജഗായകർ ഇങ്ങിനെ പാടി:
ഞങ്ങൾ അങ്ങയുടെ മഹിമ എങ്ങിനെ വർണ്ണിക്കട്ടെ? ഭഗവൻ, അങ്ങ് സ്വന്തം മായാശക്തിയാൽ ഈ ലോകത്തേക്ക് ഇറങ്ങി വന്നിരിക്കുന്നു. അങ്ങയുടെ ഭൗതീകശരീരം, വേനനിൽനിന്നും ഉണ്ടായതാണെങ്കിലും അങ്ങ് ഭഗവാൻ വിഷ്ണു തന്നെ. തൽക്കാലത്തേക്ക് പൃഥുവെന്ന നാമം സ്വീകരിച്ചിരിക്കുകയാണ്. ഞങ്ങൾ അങ്ങയുടെ അപദാനങ്ങൾ വാഴ്ത്തിപ്പാടുന്നത് അങ്ങേക്കു വേണ്ടിയല്ല, ഞങ്ങൾക്കു വേണ്ടിത്തന്നെയാണ്. അവിടുത്തെ അപദാനങ്ങൾ പാടാൻ ഞങ്ങൾ അത്യുത്സുകരാണ്. അങ്ങ് ഒരു രാജാവിനുണ്ടായിരിക്കേണ്ട ഗുണഗണങ്ങൾക്ക് ഉദാഹരണമത്രെ. ഞങ്ങളുടെ പ്രഭുവായ പൃഥുരാജൻ ധർമ്മിഷ്ടന്മാരിൽ അഗ്രഗണ്യനും മറ്റുള്ളവരിൽ ധർമ്മനിഷ്ട വളർത്തുന്നവനുമത്രേ. അദ്ദേഹത്തിൻെറ സംരക്ഷണയിൽ ദേവതകൾ തങ്ങളുടെ കടമകൾ മാനവീകതയുടെ ഉന്നമനത്തിനായി ചെയ്യുന്നു. അദ്ദേഹം ജനങ്ങളിൽനിന്ന് ന്യായയുക്തവും ലഘുവുമായ കരം പിരിച്ച് അവരുടെ ആവശ്യാനുസരണം സമ്പത്ത് വിതരണം ചെയ്യുന്നു. തന്നോടു തെറ്റുചെയ്യുന്നവനേപ്പോലും സംരക്ഷിച്ച് എല്ലാവരോടും ക്ഷമയോടെ വർത്തിക്കുന്നു. ജനത്തോട് അദ്ദേഹത്തിന് അളവറ്റ പ്രേമമുള്ളതുപോലെ, ജനങ്ങൾക്ക് അവിടുത്തെ ദൃശ്യം ഹൃദയഹാരിയുമത്രെ. പൃഥുരാജൻെറ ആജ്ഞയിൽ മേഘം മഴപെയ്യുന്നു. രാജാവിൻെറ ഒരു പുഞ്ചിരിയിൽ ജനങ്ങളുടെ ആകാംക്ഷയെല്ലാം പോയിമറയുന്നു. അദ്ദേഹത്തിൻെറ മഹിമ ആർക്കും അളക്കാൻ കഴിയില്ലതന്നെ. അദ്ദേഹം തികച്ചും ശാന്തനും പരിപൂർണ്ണ സംതൃപ്തനുമാണ്.

അദ്ദേഹം സൂര്യനേപ്പോലെയാണ്. ഭൂമിയിലെ ജലം നീരാവിയാക്കി മഴ മേഘങ്ങളിൽ സൂക്ഷിച്ച് മഴയായി തിരിച്ചു നൽകുന്നതുപോലെ, കരംപിരിച്ച് അതുപിന്നീട് ധനമായി ജനത്തിന് തന്നെ തിരിച്ചു നൽകുന്നു. ഭൂമിയേപ്പോലെ ക്ഷമാശീലനും സംയമനശീലനുമാണദ്ദേഹം. ചന്ദ്രനേപ്പോലെ ജനഹൃദയങ്ങളെ അദ്ദേഹം സന്തുഷ്ടനാക്കുന്നു. സമുദ്രത്തെപ്പോലെ അളവറ്റതും, എല്ലാമടങ്ങിയതും, മാസ്മരീകതയാർന്നതുമത്രെ അവിടുത്തെ പ്രഭാവം. പരമാത്മാവിൻെറ കിരണമായ അവിടുന്ന് എല്ലാവർക്കും അഭിമതനും സമീപസ്ഥനുമത്രേ. എങ്കിലും ആർക്കും സ്വാധീനിക്കാനാവാത്തവിധം ദൂരസ്ഥനുമാണ്. ഏവരുടേയും ആത്മനിവാസി എന്ന നിലയിൽ അദ്ദേഹത്തിന് എല്ലാവരുടേയും അകവും പുറവും നന്നായറിയാം. അദ്ദേഹത്തിൻെറ നീതി ന്യായവ്യവസ്ഥ അചഞ്ചലവും, ഭയത്തിനും സ്വാധീനത്തിനും അതീതവുമത്രേ. സ്വന്തം പുത്രനായിരുന്നാൽ പോലും ശിക്ഷിക്കപ്പെടേണ്ടവരെ അദ്ദേഹം ശിക്ഷിക്കും. എങ്കിലും നിരപരാധികൾക്ക് അദ്ദേഹത്തിൻെറ സവിധത്തിൽ എന്നും സംരക്ഷയുണ്ടായിരിക്കും.

പൃഥുരാജൻ എല്ലാ അർത്ഥത്തിലും രാജൻ തന്നെ (രാജതേ: സന്തുഷ്ടനാക്കുന്നവൻ): സത്യത്തിൻെറ പാതയിൽനിന്ന് വ്യതിചലിക്കാതെ അദ്ദേഹം തൻെറ വാക്കുകൾ കൃത്യമായി പാലിക്കുന്നു. സകല ജനങ്ങളുടേയും പ്രത്യേകിച്ച് വൃദ്ധരുടേയും ദരിദ്രരുടേയും അഭിവൃദ്ധി ലാക്കാക്കി വർത്തിക്കുന്നു. അദ്ദേഹം പരമാത്മൻെറ ഒരു കിരണമായി മൂന്നുലോകത്തിൻേറയും നാഥനായി, ദൈവസാന്നിദ്ധ്യമായി കാണപ്പെടുന്നു. അദ്ദേഹം ഒരേയൊരു പരമാത്മസത്വമാണെങ്കിലും അജ്ഞാനികൾ വൈവിദ്ധ്യം കണ്ടെത്തുന്നു.

ഞങ്ങളുടെ പ്രഭുവായ പൃഥുരാജൻ ലോകം മുഴുവൻ കീഴടക്കിവാഴും. അദ്ദേഹത്തിൻെറ ആജ്ഞയിൽ ഭൂമിക്ക് സമ്പൂർണ്ണഫലഭൂയിഷ്ടത കൈവരും. പർവ്വതങ്ങൾ തകർത്ത് സമനിരപ്പാക്കാനും അദ്ദേഹത്തിന് കഴിയും. അങ്ങിനെ ഭൂമി സകലജനങ്ങൾക്കും വാസയോഗ്യമാക്കും. അദ്ദേഹത്തിന് പ്രതിപക്ഷമെന്നൊന്ന് ഉണ്ടാവുകയുമില്ല.

**ത്വം ഖല്വോഷധിബീജാനി പ്രാക്സൃഷ്ടാനി സ്വയംഭുവാ**
**ന മുഞ്ചസ്യാത്മരുദ്ധാനി മാമവജ്ഞായ മന്ദധീ: (4-17-24)**
**അമൂഷാം ക്ഷുത്പരീതാനാമാർത്താനാം പരിദേവിതം**
**ശമയിഷ്യാമി മദ് ബാണൈർഭിന്നായാസ്തവ മേദസാ (4-17-25)**

മൈത്രേയൻ തുടർന്നു:
പൃഥുരാജനെ രാജാവാക്കി വാഴിച്ച ബ്രാഹ്മണർ ക്ഷീണിച്ചവശരായിരുന്നു. അവർ രാജാവിനോട്, നാട്ടിൽ ക്ഷാമം പിടിപ്പെട്ടിരിക്കുന്നുവെന്നും ജനങ്ങൾ പട്ടിണിയിലാണെന്നും അറിയിച്ചു. ഒന്നാലോചിച്ചപ്പോൾ രാജാവിന് അതിന്റെ കാരണം മനസിലായി. ഭൂമി തന്റെ കലവറയിൽനിന്ന് വേണ്ടത്ര ഭക്ഷണം ഉത്പ്പാദിപ്പിക്കുന്നില്ല.

രാജാവ് തന്റെ ആയുധങ്ങളുമായി കൊട്ടാരത്തിനു വെളിയിലേക്ക് കുതിച്ചു. ഭൂമിയിൽനിന്ന് ഭക്ഷണ വസ്തുക്കൾ ഉത്പ്പാദിപ്പിക്കും എന്ന ദൃഢനിശ്ച്ചയത്തോടെ, വേണ്ടിവന്നാൽ എല്ലാം ചുട്ടുകരിക്കും എന്നപോലെ കോപിഷ്ടനായിരുന്നു അദ്ദേഹം. ഭൂമിയെ ഫലഭൂയിഷ്ടമാക്കാൻ, സ്ഫോടക വസ്തുക്കളാൽ മണ്ണിളക്കി മറിക്കാനും അദ്ദേഹം തയ്യാറായിരുന്നു. എങ്ങോട്ടു തിരിഞ്ഞാലും ഒരു പശുവിന്റെ രൂപത്തിൽ ഭൂമീദേവിയെ അദ്ദേഹം കണ്ടു. ഭൂമിയുടെ എല്ലാ കഴിവുകളും എങ്ങോ ഒളിപ്പിച്ചുവച്ചിരുന്നു. പശു ഓടിയ ദിക്കിലെല്ലാം രാജാവിന്റെ ആയുധം പിന്തുടർന്നു ചെന്നു. അദ്ദേഹം മരങ്ങൾ പിഴുതെറിഞ്ഞ് ഭൂമിയെ ഉഴുതു മറിക്കാനും തുടങ്ങി.

ഭൂമീദേവി പ്രത്യക്ഷപ്പെട്ട് ഇങ്ങിനെ അപേക്ഷിച്ചു. "അങ്ങേക്ക് ധർമ്മം എന്തെന്നറിയാം. അങ്ങയുടെ പ്രജകളുടെ ജീവിതത്തെ ഓർത്തെങ്കിലും എന്നെ സംരക്ഷിച്ചാലും. ഒരു സ്ത്രീയോട് പെരുമാറുന്നതു പോലെ സൗമ്യമായി എന്നോട് പ്രതികരിച്ചാലും. സർവ്വജീവജാലങ്ങൾക്കും വേണ്ടിയാണ് എന്നെ സൃഷ്ടിച്ചിരിക്കുന്നത്. എന്നെ നിർദ്ദയമായി ശിക്ഷിച്ചിട്ട് അങ്ങെന്ത് നേടാനാണ്."

രാജാവ് പറഞ്ഞു: "നീ മനുഷ്യരാശിക്ക് വേണ്ടിയാണ് നിലകൊള്ളുന്നത് എന്നത് സത്യം തന്നെ. എന്നാൽ എന്റെ ആജ്ഞ ധിക്കരിച്ച് മരുന്നുവർഗ്ഗങ്ങളും ഭക്ഷ്യധാന്യങ്ങളും ഉത്പ്പാദിപ്പിക്കാതെ നീ മനുഷ്യരെ കഷ്ടപ്പെടുത്തുന്നു. സൃഷ്ടാവ് സ്വയം നിന്നെ ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യമത്രെ ഭക്ഷണോൽപ്പാദനം. എന്റെയീ ശരംകൊണ്ട് നിന്നെപ്പിളർന്ന് ഭൂമി മുഴുവൻ ഉഴുതുമറിച്ച് പട്ടിണി കിടക്കുന്നവർക്കുള്ള പരിഹാരം ഞാൻ കണ്ടെത്തും. ഒരു രാജാവിനെ സംബന്ധിച്ചേടത്തോളം ജനദ്രോഹിയായ പുരുഷനേയോ സ്ത്രീയേപ്പോലുമോ ശിക്ഷിക്കുന്നത് പാപമല്ല. ധർമ്മമാണുതാനും." എള്ളിന്മണികൾപോലെ ഭൂമിയെ ചെറുകഷണങ്ങളാക്കി പൊടിക്കാൻ രാജാവ് തീരുമാനിച്ചിരുന്നു. പേടിച്ചരണ്ട്, ഭൂമി രാജാവിന്റെ മഹിമകൾ വാഴ്ത്തി അദ്ദേഹത്തോട് ഇങ്ങിനെ പ്രാർത്ഥിച്ചു. "ഏതൊരു പരമാത്മസ്വരൂപത്തിന്റെ പ്രഭാവത്താലാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടക്കുന്നത്, അതിനെ ഞാൻ നമിക്കുന്നു. ഏതൊരു ശക്തിയാണോ സ്വയം എന്നെ സൃഷ്ടിച്ചയച്ചത് അതേ ശക്തി ശാലിയായ സൃഷ്ടാവ് ഇതാ എന്റെ മുന്നിൽ ആയുധമേന്തി നിൽക്കുന്നു. ഭൂമിയിലെ സകല ചരാചരങ്ങളേയും സംരക്ഷിക്കാനായി നിലകൊള്ളുന്ന ആ പരമാത്മസ്വരൂപം ഒരിക്കൽ എന്നെ പ്രളയജലത്തിൽ നിന്ന് ഉയർത്തിക്കൊണ്ടുവന്നു. ഇന്ന്, സ്വസൃഷ്ടികളെ സംരക്ഷിക്കാനായി എന്റെ മുകളിൽ സായുധനായി നിലകൊള്ളുന്നു. അങ്ങേക്ക് നമോവാകം, നമോവാകം."

**അഥാസ്മിൻ ഭഗവാൻ വൈന്യ: പ്രജാനാം വൃത്തിദ: പിതാ**
**നിവാസാൻ കൽപ്പയാഞ്ചക്രേ തത്ര തത്ര യഥാർഹത: (4-18-30)**
**ഗ്രാമാൻ പുര: പത്തനാനി ദുർഗ്ഗാണി വിവിധാനി ച**
**ഘോഷാൻ വ്രജാൻ സശിബിരാനാകരാൻ ഖേടഖർവ്വടാൻ (4-18-31)**
**പ്രാക്പൃഥോരിഹ നൈവൈഷാ പുരഗ്രാമാദികൽപ്പനാ**
**യഥാസുഖം വസന്തി സ്മ തത്ര കുതോഭയാ: (4-18-32)**

മൈത്രേയൻ തുടർന്നു:
പൃഥുവിനെ പുകഴ്ത്തിയ ശേഷം, തൻെറ രഹസ്യം രാജാവിനോട് പറയാൻ സമയമായി എന്നു ഭൂമിദേവി മനസ്സിലാക്കി. തൻെറ സ്വത്തുക്കളെല്ലാം രാജാവിന് സമർപ്പിച്ച് ദേവി ഇങ്ങിനെ പറഞ്ഞു: "മാമുനിമാർ കണ്ടെത്തി പ്രഖ്യാപിച്ച സന്മാർഗ്ഗങ്ങളിലൂടെ വേണ്ടരീതിയിൽ അദ്ധ്വാനിച്ചാണ് മനുഷ്യൻ തനിക്കു വേണ്ട വസ്തുവകകൾ നേടുന്നത്. പ്രകൃതിനിയമങ്ങൾ അനുസരിച്ച് വർത്തിക്കുന്നവൻ വമ്പിച്ച വിളവെടുക്കുകയും ചെയ്യും. വിഡ്ഢികളാകട്ടെ, സ്വാർത്ഥപരമായി അക്രമവാസനയോടെ ശ്രമിക്കുമ്പോൾ ആഗ്രഹിക്കുന്ന ഫലം ലഭിക്കുകയില്ല. അങ്ങേയ്ക്കു മുൻപ് രാജസിംഹാസനത്തിലിരുന്നവർ ധർമ്മിഷ്ഠരായിരുന്നില്ല. അതുകൊണ്ട് ഭൂമിയിലെ ധനധാന്യങ്ങൾ ഞാൻ അവരിൽനിന്നു സംരക്ഷിച്ച് ഒളിപ്പിച്ച് വെച്ചു. ദുഷ്ടരെ പരിരക്ഷിക്കാനും വളർത്താനും ഈ ധനം ഉപയോഗിച്ചുകൂടാ. തീർച്ചയായും അങ്ങേയ്ക്ക് എൻെറ അഗാധതകളിൽനിന്നു പോലും എല്ലാ ധനവും കറന്നെടുക്കാം."

ഭൂമിയുടെ അഭിപ്രായം സ്വീകരിച്ച് രാജാവ് ഭൂമിയെ കറന്നെടുക്കാൻ തുടങ്ങി, ഭൂമി കാമധേനുവാണല്ലോ. എല്ലാ വർഗ്ഗവിഭാഗങ്ങളും, തങ്ങളിൽ ശ്രേഷ്ടരായവരെ, പശുവിനെ കറക്കുവാൻ മുൻപേവിടുന്ന പശുക്കുട്ടിയാക്കി നിർത്തി. എന്നിട്ട് ധനമെല്ലാം സൗകര്യപ്രദമായ പാത്രങ്ങളിലാക്കി സൂക്ഷിച്ചു. സ്വയംഭുവമനുവിനെ പശുക്കുട്ടിയാക്കി രാജാവ് സ്വയം എല്ലാ സസ്യജാലങ്ങളെയും പച്ചമരുന്നുചെടികളെയും ഭൂമിയിൽനിന്നു പുറത്തെടുത്തു. മാമുനിമാർ തങ്ങളുടെ സൃഷ്ടാവിനെ പശുക്കുട്ടിയാക്കി ദിവ്യജ്ഞാനം തങ്ങളുടെ ഇന്ദ്രിയങ്ങളായ ചെവി, വാക്ക്, മനസ്സ് എന്നിവിടങ്ങളിൽ സൂക്ഷിച്ചുവെച്ചു. ഇന്ദ്രനെ പശുക്കുട്ടിയാക്കി ദേവതകൾ അമൃതു കറന്നെടുത്തു. അറകമവാസനയുള്ളവർ ലഹരികളും കറന്നു. ദേവഗായകർ സംഗീതവും സൗന്ദര്യവും കറന്നു. പിതൃക്കൾ കാവ്യവും, സിദ്ധന്മാർ അത്യത്ഭുതശക്തികളും എടുത്തു. ഭൂതപ്രേതങ്ങൾ തലയോട്ടി നിറയെ രക്തമെടുത്തു. പാമ്പുകൾക്ക് വിഷമുണ്ടായി. സസ്യഭുക്കുകളായ മൃഗങ്ങൾക്കുവേണ്ടി പുല്ല്, മാംസഭുക്കുകൾക്ക് ഇറച്ചി, മരങ്ങൾക്ക് മരനീര്, മലകൾക്ക് ധാതുക്കൾ എന്നിവ ലഭിച്ചു. അങ്ങിനെ എല്ലാത്തരത്തിലുള്ള ജീവജാലങ്ങൾക്കും ഭൂമീദേവിയിൽനിന്നും എല്ലാം വേണ്ടപോലെ ലഭിച്ചു. ഇതുകണ്ടു സന്തുഷ്ടനായ രാജാവ് ഭൂമിയെ സ്വന്തം പുത്രിയായി ദത്തെടുത്തു.

രാജാവ് ഭൂമിയെ കറന്നെടുക്കൽ അവസാനിപ്പിച്ചിരുന്നില്ല. രാജാവ് മനുഷ്യരെ സംഘടിപ്പിച്ച്പട്ടണങ്ങളും, ഗ്രാമങ്ങളും, നഗരങ്ങളും, കോട്ടകൊത്തളങ്ങളും, പശുതൊഴുത്തുകളും ഉണ്ടാക്കി. ഭൂമിയിൽനിന്നും വിലപിടിച്ച ലോഹങ്ങൾ എടുക്കാൻ ഖനനവും തുടങ്ങിവെച്ചു. കർഷകർക്കായി ഭവനങ്ങളുണ്ടാക്കി അവരുടെ നിലങ്ങൾ കൃഷിയോഗ്യമാക്കി. ഇതാണ് ലോകത്തിലെ ആദ്യത്തെ സാമൂഹ്യ പ്രവർത്തനവും സമാജസംഘടനാശ്രമവും. ഇതിൻെറയെല്ലാം ഫലമായി ജനം സമാധാനത്തോടെ സുരക്ഷാബോധത്തോടെ വർത്തിച്ചു.

**മാസ്മിന്മഹാരാജ കൃഥാ: സ്മചിന്താം നിശാമയാസ്മദ്വച ആദൃതാത്മാ**
**യദ്ധ്യായതോ ദൈവഹതം നു കർത്തും മനോƒതിരുഷ്ടം വിശതേ തമോƒന്ധം (4-19-34)**

മൈത്രേയൻ തുടർന്നു:
രാജസൂയങ്ങളിൽവെച്ച് ഏറ്റവും ഉന്നതമായ നൂറ് അശ്വമേധയാഗങ്ങൾ നടത്താൻ പൃഥുരാജൻ തീരുമാനിച്ചു. നൂറു യാഗങ്ങളും വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ദേവദേവനായ ഇന്ദ്രൻെറ സ്ഥാനം ലഭിക്കും. ഇന്ദ്രൻ സ്വയം ഇപ്രകാരമുള്ള യാഗം നടത്തിയിട്ടത്രെ ആ സ്ഥാനം ലഭിച്ചത്. പൃഥുരാജൻ തൊണ്ണൂറ്റിയൊൻപത് യാഗങ്ങൾ നടത്തിയപ്പോഴേക്കും ഇന്ദ്രന് അസൂയയായി. നൂറാമതുയാഗം ഏതു വിധേനയും മുടക്കുവാൻ ഇന്ദ്രൻ തിരുമാനിച്ചു.

യാഗാശ്വമായ കുതിരയെ ഇന്ദ്രൻ മോഷ്ടിച്ചൊളിച്ചു വച്ചു. ആകാശവീഥിയിൽ പറക്കുന്ന ഇന്ദ്രനെ കണ്ട ഒരു പുരോഹിതൻ, പൃഥുവിൻെറ പുത്രനോട് ഇന്ദ്രനെ നേരിടുവാൻ ആഹ്വാനം ചെയ്തു. പാരമ്പര്യങ്ങളെ ധിക്കരിച്ച് ഒരു ഭിക്ഷാംദേഹിയായി ഇന്ദ്രൻ വേഷംകെട്ടിനടന്നു. അങ്ങിനെയുള്ള ഒരാളെ കൊല്ലാൻ പൃഥുപുത്രന് മടിയായിരുന്നു. പക്ഷെ യാഗപുരോഹിതനായ അത്രിമുനി പറഞ്ഞു: “അവനോട് ദയ കാണിക്കേണ്ട കാര്യമില്ല, യാഗം മുടക്കാൻ ശ്രമിച്ചവനാണയാൾ”. പൃഥുവിൻെറ പുത്രൻ വീണ്ടും ഇന്ദ്രനെ പിന്തുടരവേ സ്വയം കുതിരയെ ഉപേക്ഷിച്ച് ഇന്ദ്രൻ അപ്രത്യക്ഷനായി. പൃഥുവിൻെറ പുത്രൻ “വിജാതാശ്വൻ” എന്നറിയപ്പെട്ടു.

ഇന്ദ്രൻ വീണ്ടും തൻെറ കളി തുടർന്നു. കുതിരയെ മോഷ്ടിച്ച് വിചിത്രമായ ഒരു താപസവേഷത്തിൽ നടന്നു. അത്രിയും വിജിതാശ്വനും വീണ്ടും ഇന്ദ്രനെ പിന്തുടർന്ന് കുതിരയെ വീണ്ടെടുത്ത് യാഗം പൂർത്തീകരിക്കാൻ പരിശ്രമിച്ചു. ഇന്ദ്രൻ കുതിരയെ വിട്ടുകൊടുത്ത് വീണ്ടും മറഞ്ഞിരിപ്പായി. ഇന്ദ്രൻെറ പ്രവൃത്തികൾ, വിചിത്രമായ ഒരു താപസപരമ്പര തന്നെ ഉണ്ടാക്കി. പാരമ്പര്യങ്ങളെ ധിക്കരിച്ച ഇവർ ധാർമ്മീകതയെ വെല്ലു വിളിച്ചു. ധർമ്മത്തെ അധർമ്മമായും, അധർമ്മത്തെ ധർമ്മമായും കണക്കാക്കി അവർ പ്രവർത്തിച്ചു. യാഗങ്ങളെ തകർക്കൽ അവർക്ക് സൽക്കർമ്മങ്ങളായി. ഇതെല്ലാം പ്രഥുരാജനെ ക്രുദ്ധനാക്കി. രാജാവ് സ്വയം ഇന്ദ്രനെ നേരിടാൻ തീരുമാനിച്ചു.

മുനിമാർ ഇതുകണ്ട് പരിഭ്രമിച്ചു. അദ്ദേഹത്തെ തടഞ്ഞുനിർത്തി, ഇന്ദ്രനെ പരാജയപ്പെടുത്താൻ അഗ്നിയിൽ നിവേദിക്കേണ്ട ഒരാഹുതിയെപ്പറ്റി അവർ രാജാവിനെ മനസ്സിലാക്കി. മുനിമാർ ഇതുചെയ്യാൻ തുടങ്ങിയപ്പോഴേയ്ക്കും സൃഷ്ടാവ് മുന്നിലെത്തി രാജാവിനോട് ഇങ്ങിനെ പറഞ്ഞു: “നീ ശിക്ഷിക്കാൻ പോകുന്ന ഇന്ദ്രനും, ആ പരമാത്മാവിൻെറ പ്രത്യക്ഷരൂപം തന്നെ. എന്നിട്ടും ബ്രാഹ്മണാ, അവൻ അധർമ്മ മാർഗ്ഗത്തിലൂടെ ദിവ്യമായ ഒരു യാഗം തടയാൻ ഒരുമ്പെടുന്നു. അസൂയയും ഭയവും കൊണ്ടാണവൻ അങ്ങിനെ ചെയ്യുന്നത്. അവനത് തുടരുകയും ചെയ്യും. മഹാരാജൻ, ഇന്ദ്രൻെറ സിംഹാസനംകൊണ്ട് അങ്ങേയ്ക്ക് എന്താണൊരു നേട്ടം?. നിങ്ങൾ രണ്ടും ഭഗവാൻ വിഷ്ണുവിൻെറ അംശങ്ങളത്രെ. അപ്പോൾ നിൻെറ തന്നെ അഹങ്കാരഭാവത്തോട് ശത്രുത പുലർത്തിയിട്ടെന്തു കാര്യം?

ദേവഹിതത്തിനെതിരായി വർത്തിക്കാനൊരുങ്ങുന്ന മനസ്സിൽ ക്രോധം വളരുന്നു. ഞങ്ങളുടെ ഉപദേശം കേട്ടാലും. യാഗം ഒരെണ്ണം കുറഞ്ഞങ്ങിനെ നിന്നുകൊള്ളട്ടെ. ഇന്ദ്രന് തൻെറ സിംഹാസനം തുടർന്നും ലഭിക്കട്ടെ. ഇതുമൂലം ഈ കലഹം തീരുകയും അധാർമ്മീകരുടെ പരമ്പരയ്ക്ക് അറുതിവരുകയും ചെയ്യും.” പൃഥുരാജൻ, ബ്രഹ്മാവിൻെറ ഉപദേശം സ്വീകരിച്ച് യാഗം നിർത്തിവെച്ചു. നൂറാമത്തെ യാഗം നടത്താതെ എല്ലാവർക്കും സമാധാനവും സംതൃപ്തിയും നൽകി പൃഥുരാജൻ തൻെറ ത്യാഗമനോഭാവം പ്രകടമാക്കി.

**ന കാമയേ നാഥ തദപ്യഹം ക്വചിന്നയത്ര യുഷ്മച്ചരണാംബുജാസവ:
മഹത്തമാന്തർഹൃദയാന്മുഖച്യുതോ വിധത്സ്വ കർണ്ണായുതമേഷ മേ വര: (4-20-24)**

മൈത്രേയൻ തുടർന്നു:
പൃഥുവിൻെറ പ്രശംസാർഹമായ ത്യാഗമനോഭാവത്തിൽ ഭഗവാൻ വിഷ്ണു സംപ്രീതനായി ഇന്ദ്രനോടൊപ്പം രാജാവിൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

ഭഗവാൻ പറഞ്ഞു: "നിൻെറ യാഗകർമ്മങ്ങളിൽ തനിക്കു യോജിക്കാത്തവിധത്തിൽ പ്രവർത്തിച്ചതിൽ ഇന്ദ്രനിപ്പോൾ പശ്ചാത്താപമുണ്ട്. അയാൾക്ക് മാപ്പു കൊടുത്താലും. നന്മനിറഞ്ഞവർ മറ്റുള്ളവർക്കെ തിരായ മനോഭാവം വെച്ചു പുലർത്തുകയില്ല തന്നെ. ശത്രുതാ മനോഭാവം, ഒരുവൻ ലോകത്തിൽ വൈവിധ്യം കണ്ടെത്തുന്നു എന്നതിൻെറ തെളിവും അജ്ഞാനത്തിൽനിന്നുളവായതുമത്രെ. ശരീരത്തോട് ആത്മഭാവം വളർത്തുന്നതുകൊണ്ടുമാണ് ശത്രുതാമനോഭാവമുടലെടുക്കുന്നത്. അജന്യവും ശാശ്വതവും സർവ്വവ്യാപിയും ആയ ആത്മാവ് ത്രിഗുണങ്ങൾക്കതീതമെന്നറിയുന്നവൻ മായാശക്തിക്കടിമയാവുന്നില്ല. പാപവും ദു:ഖവും ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ അയാളെ തീണ്ടുന്നതുമില്ല. സ്വാർത്ഥരഹിതമായി സ്വകർമ്മങ്ങൾ ചെയ്ത് എന്നെ പൂജിക്കുന്ന ഒരുവൻെറ മനസ്സ് നിർമ്മല മാകുകയും അവന് ആത്മസാക്ഷാത്ക്കാരം സാധിതമാവുകയും ചെയ്യും. അവൻെറ മനസ്സ് ക്രമേണ ലൌകീകതയിൽനിന്ന് വിട്ടുമാറി പരമശാന്തിയെന്ന അവസ്ഥയെ പ്രാപിക്കുന്നു. അത് എൻെറ തന്നെ നിരാകാരാവസ്ഥയത്രേ. അങ്ങിനെയുള്ള ഒരുവന് വീണ്ടും ജനനമരണങ്ങളില്ല. അതുകൊണ്ട് രാജാവേ, സ്വകർമ്മങ്ങൾ ശരിയായ ഭാവത്തോടെ അനുഷ്ടിച്ചാലും. പ്രജാപരിപാലനവും സംരക്ഷ ണവും രാജധർമ്മങ്ങളിൽ പ്രധാനമത്രേ. അങ്ങിനെ ജനങ്ങളുടെ പുണ്യത്തിൻെറ ഒരംശം രാജാവിന് അവകാശമുള്ളതാവുന്നു. പക്ഷെ, രാജാവ് തെറ്റായ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുകയാണെങ്കിൽ പാപമാർജ്ജിക്കുന്നു. രാജൻ, ഞാൻ താങ്കളിൽ സംപ്രീതനായിരിക്കുന്നു. ഇഷ്ടമുള്ള വരം എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക.

രാജാവിൻെറ കണ്ണുകൾ സജലങ്ങളായി. ഭക്തിപ്രേമപാരവശ്യത്തോടെ കണ്ഠമിടറി പ്രഥു പറഞ്ഞു: "ഭഗവൻ, അങ്ങ് ഈ വിശ്വത്തിൻെറ നാഥനാണല്ലോ. ആർക്കും ഏതുസമയത്തും പരമശാന്തമായ പരമപദം നൽകാൻ കഴിയുന്ന അങ്ങയോട് എന്തു വരമാണ് ചോദിക്കേണ്ടത്? എനിക്ക് ആത്മസാക്ഷാൽക്കാരം വേണ്ട. അങ്ങയുടെ പാദാരവിന്ദങ്ങളിൽ നിന്നൊഴുകുന്ന അമൃതിൻെറ സ്പർശമേൽക്കാത്ത ഒന്നും എനിക്കു വേണ്ട. എനിക്ക് പതിനായിരം ചെവികൾ തന്നാലും. അതിലൂടെ എനിക്കെപ്പോഴും അങ്ങയുടെ മഹിമാപദാനങ്ങൾ കേൾക്കുവാനിടയാവട്ടെ. അങ്ങയുടെ പാദാരവിന്ദങ്ങളിൽ പരമഭക്തയായ ലക്ഷ്മീദേവിയുടെ മഹാഭാഗ്യം പങ്കുവെക്കാൻ ഞാൻ കൊതിക്കുന്നു. പക്ഷെ, ഞാൻ ലക്ഷ്മീദേവിയുടെ അസൂയക്കു പാത്രമായേക്കും. ഇന്ദ്രൻെറ അസൂയക്ക് പാത്രമായവനാണല്ലോ ഞാൻ. അങ്ങ് അതീന്ദ്രിയനാണ്. അങ്ങ് ആത്മാനന്ദത്തിൽ മുഴുകിയിരിക്കുന്നു. ലക്ഷ്മീദേവിക്കുപോലും അതിൽ പങ്കില്ല. എന്നോട് എന്തു വരം വേണമെങ്കിലും ചോദിക്കാം എന്നുപറയുന്നത് തന്നെ അങ്ങയുടെ മായാവിനോദമത്രെ. സ്വയം അങ്ങയിൽ നിന്ന് വേറിട്ടുനിൽക്കുന്നു എന്ന തോന്നലുള്ളവനു മാത്രമേ അങ്ങയോട് വരം ചോദിക്കുവാൻ പറ്റൂ. സ്വന്തം കുട്ടികളോട് അച്ഛൻ കാണിക്കുന്ന സ്നേഹവായ്പ്പും നന്മയുമാണ് അവിടുന്നു ഞങ്ങളിൽ ചൊരിയുന്നത്."

പൃഥുവിൻെറ പ്രാർത്ഥനയും മനോഭാവവും ഭഗവാന് ഏറെ പ്രിയങ്കരമായിരുന്നു. പൃഥുവിന് ഏറ്റവും വലിയ വരമായ ഭഗവൽപദഭക്തി ഭഗവാൻ മനസാ നൽകി. ഇന്ദ്രനും പൃഥുവും പരസ്പരം ആശ്ലേഷിച്ചു. രാജാവ് എല്ലാ ദേവതകളേയും ആദരിച്ചു സമ്മാനങ്ങൾ നൽകി. ഭഗവാൻ വിഷ്ണുവും ദേവതകളും സ്വന്തം സവിധങ്ങളിലേക്ക് മടങ്ങി. രാജാവ് കൊട്ടാരത്തിലേക്ക് തിരിച്ചു പോയി.

## യ ഉദ്ധരേത് കരം രാജാ പ്രജാ ധർമേഷ്വശിക്ഷയൻ
## പ്രജാനാം ശമലം ഭുങ്ക്തേ ഭഗം ച സ്വം ജഹാതി സ: (4-21-24)

മൈത്രേയൻ തുടർന്നു:
കൊട്ടരത്തിൽതിരിച്ചെത്തിയ രാജാവിന് ജനങ്ങൾ വരവേൽപ്പു നൽകി. അദ്ദേഹം തന്റെ ജനങ്ങളെ കാര്യക്ഷമതയോടെയും ഭരണനിപുണതയോടെയും ഏറെക്കാലം ഭരിച്ചു. അവസാനം ശരീരമുപേക്ഷിച്ച് പരമപദമണയുകയും ചെയ്തു.

രാജാവിന്റെ സദ്വൃത്തികളെപ്പറ്റി വിദുരൻ ചോദിച്ചതിനുത്തരമായി മൈത്രേയൻ ഇങ്ങിനെ പറഞ്ഞു: വിദുര, ഗംഗയ്ക്കും യമുനയ്ക്കുമിടക്കുമുള്ള പ്രശോഭമായ പ്രദേശമായിരുന്നല്ലോ പൃഥുവിന്റെ രാജ്യം. അവിടെത്താമസിച്ച് രാജാവ് തന്റെ മുൻജന്മകർമ്മഫലമായി ലഭിച്ച സുഖസൗകര്യങ്ങൾ ആസ്വദിച്ച് രാജ്യം ഭരിച്ചു. സ്വയം വന്നുചേർന്ന സുഖസമ്പത്തല്ലാതെ അദ്ദേഹം ഒന്നിനുവേണ്ടിയും ആഗ്രഹിച്ചില്ല. ദിവ്യന്മാരായ മഹൽപ്പുരുഷന്മാരൊഴികെ എല്ലാ ജനങ്ങളേയും അദ്ദേഹം തന്റെ മാർഗ്ഗത്തിലേക്ക് കൊണ്ടുവന്നു. ഒരിക്കൽ അദ്ദേഹം രാജ്യസഭ വിളിച്ചുകൂട്ടി സകലജനങ്ങളേയും അഭിസംബോധന ചെയ്തു സംസാരിച്ചു. മുതിർന്നവരെ വണങ്ങി, സദസ്സിനോട് സംസാരിക്കുന്ന അദ്ദേഹം ആഭരണമണിയാതെതന്നെ സ്വപ്രഭയിൽ തിളങ്ങി കാണപ്പെട്ടു. വാക്കുകളിൽ സംസ്കാരവും, മര്യാദയും, ആത്മാർത്ഥതയും, മധുരിമയും, സ്വാനുഭവ തീഷ്ണതയും കാണായി.

"ശിഷ്ടപരിപാലനവും ദുഷ്ടശിക്ഷണവും രാജാവെന്നനിലക്ക് എന്റെ കടമയത്രെ. പൊതുവേ ജനങ്ങളുടെ സംരക്ഷ, രാജാവിൽ നിക്ഷിപ്തമാണ്. ഞാൻ എന്റെ ധർമ്മം ഭംഗിയായി ചെയ്യുന്നതിലൂടെ പുണ്യമാർജ്ജിക്കുന്നു. ഏതൊരു രാജാവ് തന്റെ പ്രജകളെ ധർമ്മവിചാരത്തെപ്പറ്റി പഠിപ്പിക്കുന്നില്ലയോ, അയാൾ ജനങ്ങളോട് കരംപിരിച്ച് ജീവിക്കുന്നതിലൂടെ പാപമാർജ്ജിക്കുന്നു. ആ രാജാവിന്റെ പുണ്യസമ്പത്ത് നഷ്ടമാവുകയും ചെയ്യും. ഞാൻ നിങ്ങളോട് പ്രാർത്ഥിക്കുന്നതിത്രമാത്രം. ആ ഭഗവാന്റെ താമരപ്പാദങ്ങൾ മനസ്സിലുറപ്പിച്ച് നിങ്ങൾ നിങ്ങളുടെ ധർമ്മത്തിലേർപ്പെട്ടു ജീവിക്കുക. സ്വധർമ്മം അനുഷ്ടിക്കുന്നതിലൂടെ നിങ്ങൾ എനിക്കും പുണ്യഫലം നൽകുന്നു.

നമ്മുടെ ജീവിതത്തിന്റെ ഏകലക്ഷ്യം ഭഗവാൻ നാരായണനെ സാക്ഷാക്കരിക്കുകയെന്നുള്ളതാണ്. മനു, ഉത്താനപാദൻ, ധ്രുവൻ, പ്രിയവ്രതൻ, ബ്രഹ്മാവ്, ശിവൻ, എന്റെ മുത്തച്ഛൻ അംഗൻ, പ്രഹ്ളാദൻ, മഹാബലി തുടങ്ങിയ മഹദ്വ്യക്തികളെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞിട്ടുള്ളതാണത്. എന്നാൽ ചിലർക്കിതു സ്വീകാര്യമല്ലതന്നെ. അവരോട് സഹതപിക്കുകയല്ലാതെന്തു ചെയ്യാൻ. ഭഗവാനെ പ്രാപിക്കുകവഴി എല്ലാ പാപങ്ങളിൽനിന്നും നമുക്ക് തൽക്ഷണം മോചനം ലഭിക്കുന്നു. അതുകൊണ്ട് മനസാവാചാകർമ്മണാ ഭഗവാനെ പൂജിച്ച് ഏതു ജോലിയാണോ നിങ്ങൾക്ക് ജീവനോപാധി, അത് ഭംഗിയായി ചെയ്താലും. ഭഗവാൻ സ്വയം പൂജയും, പൂജ ചെയ്യുന്നയാളും, പൂജിക്കപ്പെടേണ്ടയാളുമത്രേ. ബ്രഹ്മജ്ഞാനം നേടിയ ബ്രാഹ്മണരെ രാജവംശം ഒരിക്കലും നിന്ദിക്കാതിരിക്കട്ടെ. ശുദ്ധി, തപ:ശക്തി, മിതഭാഷണം എന്നിവ ഭൂഷണമായ മഹാത്മാക്കളായ അവരുടെ പാദരേണുക്കൾ എന്റെ നെറ്റിത്തടത്തെ അലങ്കരിക്കട്ടെ.

രാജാവിന്റെ പ്രസംഗം മഹാത്മാക്കളും പുണ്യചരിതരുമായവർക്ക് സന്തുഷ്ടിയേകി. രാജാവിന്റെ ആത്മീയ പ്രഭ അച്ഛനായ വേനന്റെ ദുഷ്ടതയും പാപങ്ങളും പോലും തീർക്കാൻ പര്യാപ്ത മായിരുന്നു. പ്രഹ്ളാദന്റെ ഭക്തി, അച്ഛന് മോക്ഷപ്രാപ്തിയേകാനുതകിയതുപോലെയത്രേ അത്.

**കൃച്ഛ്റോ മഹാനിഹ ഭവാർണ്ണവമപ്ലവേശാം
ഷഡ്വർഗനക്രമസുഖേന തിതീരിഷന്തി
തത്ത്വം ഹരേർഭഗവതോ ഭജനീയമംഘ്രിം
കൃത്വോഡുപം വ്യസന്മുത്തര ദുസ്തരാർണ്ണം (4-22-40)**

മൈത്രേയൻ തുടർന്നു:
രാജാവിൻെറ മഹത്വങ്ങൾ ജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കേഎന്നും യുവാക്കളായ ആ നാലു ബ്രഹ്മജ്ഞാനികൾ, ബ്രഹ്മപുത്രന്മാരായ സനത്കുമാരന്മാർ അവിടെ പ്രത്യക്ഷപ്പെട്ടു. രാജാവ് അവരെ പൂജിച്ചുപചരിച്ച ശേഷം പറഞ്ഞു: "അവിടുത്തെ ക്ഷേമം അന്വേഷിക്കുന്നത് അസ്ഥാന ത്താണ്, കാരണം നിങ്ങൾ നാലുപേരും ആത്മസാക്ഷാത്ക്കാരത്തിൽ മുഴുകിയവരാണല്ലൊ. അവിടുത്തേയ്ക്ക് ആസനവും ജലവും നൽകാൻ കഴിയുന്ന ദരിദ്രൻ പോലും അനുഗ്രഹീതനത്രെ. ഇഹലോകജീവിതത്തിൽത്തന്നെ ആത്മസാക്ഷാത്ക്കാരം ലഭിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് ഞങ്ങളെ ഉൽബുദ്ധരാക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു."

സനത്കുമാരന്മാർക്ക് ചോദ്യം ഇഷ്ടമായി. സകലരുടേയും ക്ഷേമം ലക്ഷ്യമാക്കി അവരിങ്ങനെ പറഞ്ഞു: "ദിവ്യപുരുഷന്മാരുമായുള്ള സത്സംഗം രണ്ടു കൂട്ടർക്കും നല്ലതാണ്. കാരണം ശരിയായ ചോദ്യങ്ങൾ ചോദിക്കപ്പെടുകയും ശരിയായ ഉത്തരങ്ങൾ ലഭിക്കുകയും ചെയ്യുമല്ലൊ. രാജാവേ, അനാത്മവസ്തുക്കളോടുള്ള പരിപൂർണ്ണമായ അനാസക്തിയും ആത്മാവിനോടുള്ള നിരന്തരഭക്തിയും മുക്തിയിലേക്കുള്ള മാർഗ്ഗമായി അറിയപ്പെടുന്നു. വിശ്വാസം, ഭക്തി, ഭഗവദർപ്പണഭാവത്തോടെയുള്ള കർമ്മങ്ങൾ, ഭഗവദ് കഥാശ്രവണം, പൂജകൾ, സത്സംഗത്തിനല്ലാതെയുള്ള എല്ലാ ലൌകീക കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കൽ, യമനിയമാദികൾ പാലിക്കൽ, സ്വാർത്ഥത ഇല്ലാതാക്കൽ എന്നീ മാർഗ്ഗങ്ങളാൽ നിഷ്പ്രയാസം ജീവൻ മുക്തി സാദ്ധ്യമത്രെ. ഈവിധചര്യകളാൽ തയ്യാറെടുത്ത ഒരുവൻ ശരിയായ ഒരു ഗുരുവിൻെറ സഹായത്തോടെ ആത്മാവും താനുമായുള്ള വൈവിദ്ധ്യത്തെ യുണ്ടാക്കുന്ന ആ സൂക്ഷ്മ കവചത്തെ, സൂക്ഷ്മശരീരമായ മനസ്സിനെ, മാറ്റണം. സൂക്ഷ്മശരീര മുള്ളിടത്തോളം മാത്രമേ വൈവിദ്ധ്യം അനുഭവവേദ്യമാവുകയുള്ളൂ. ഒരു വസ്തുവും അതിൻെറ പ്രതിച്ഛായയും തമ്മിലുള്ള അന്തരം, കണ്ണാടിയോ വെള്ളമോ ഉള്ള സമയത്തു മാത്രമേ പ്രകടമാവുക യുള്ളൂവല്ലൊ. ഇന്ദ്രിയങ്ങൾ, ഇന്ദ്രിയവസ്തുക്കളിൽ രമിക്കുമ്പോൾ മനസ്സ് ചഞ്ചലപ്പെടുന്നു. വിവേകം നഷ്ടപ്പെടുകയും വിജ്ഞാനം ഇല്ലാതാവുകയും ചെയ്യുന്നു. അതുകൊണ്ട് മുക്തിസാധകൻ, ഇന്ദ്രിയ വസ്തുക്കളോടുള്ള ആസക്തി, തീരെ ഉപേക്ഷിക്കേണ്ടതാണ്. പുരുഷാർത്ഥങ്ങളിൽ മുക്തി മാത്രമേ ശാശ്വതമായുള്ളൂ. ധാർമ്മീകത, സുഖാസ്വാദനം, ധനസമ്പാദനം എന്നിവയെല്ലാം നശ്വരമത്രേ. അതുകൊണ്ട് രാജൻ, ഭഗവദ്പദകമലങ്ങളിൽ ഹൃദയമർപ്പിക്കൂ. മാമുനിമാർ, ആ പാദങ്ങളിലെ വിരൽനഖത്തെ പ്പോലും സ്മരിക്കുന്നമാത്രയിൽ സ്വയം അഹങ്കാരപാശങ്ങളിൽനിന്നും മോചിതരാകുന്നു. സംസാരസാഗരം കടക്കാൻ തുനിയുന്നവരുടെ യാത്ര ദുർഘടമാണ്. ആറുതരത്തി ലുള്ള മുതലകൾ (പഞ്ചേന്ദ്രിയങ്ങളും മനസ്സും, അല്ലെങ്കിൽ കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ) യാത്ര മുടക്കാൻ തയ്യാറായി നിൽക്കുന്നു. അതുകൊണ്ട് ഭഗവാൻ നാരായണൻെറ താമരപ്പാദങ്ങൾ ശരണമാക്കി സംസാരസാഗരത്തെ അതിജീവിച്ചാലും."

സന്തുഷ്ടനായ രാജാവ് രാജ്യവും സകലതും സനത്കുമാരന്മാരുടെ കാൽക്കൽ സമർപ്പിച്ചു. "വിജ്ഞാനിയും ആത്മജ്ഞാനിയുമായവർക്കു മാത്രമേ രാഷ്ട്രീയബലവും സേനാബലവും കയ്യാളി, ലോകം ഭരിക്കാൻ അർഹതയുള്ളൂ." രാജാവിൽ സന്തുഷ്ടരായ സനകാദികൾ തങ്ങളുടെ സവിധങ്ങളിലേക്ക് യാത്രയായി. അങ്ങിനെ ലൌകീകജീവിതത്തോട് ആസക്തിയില്ലാതെ രാജാവ് ഏറെക്കാലം രാജ്യം ഭരിച്ചു. എന്തെല്ലാം ചെയ്യേണ്ടതായിട്ടുണ്ടോ അതെല്ലാം യഥാവിധി യഥാസമയം അദ്ദേഹം ചെയ്തു. അദ്ദേഹത്തിന് അഞ്ച് പുത്രന്മാരുണ്ടായി. വിജിതാശ്വൻ, ധൂമകേശൻ, ഹര്യാക്ഷൻ, ദ്രവീനൻ, വൃകൻ എന്നിവർ. അദ്ദേഹം തികച്ചും ഒരു രാജാവ് തന്നെയായിരുന്നു. അദ്ദേഹം മനസാ വാചാ കർമ്മണാ ജനങ്ങളെ സംതൃപ്തരും സന്തുഷ്ടരുമാക്കി: രാജപദത്തിൻെറ അർത്ഥം അതാണല്ലോ. പ്രഥുരാജൻെറ മഹിമ ലോകമെങ്ങും മുഴങ്ങികേട്ടു.

**അനുദിനമിദമാദരേണ ശൃണ്വൻ പൃഥുചരിതം പ്രഥയൻ വിമുക്ത സംഗ:**
**ഭഗവതി ഭവസിന്ധുപോതപാദേ സ ച നിപുണാം ലഭതേ രതിം മനുഷ്യ: (4-23-39)**

മൈത്രേയൻ തുടർന്നു:
തനിക്കു പ്രായമേറുന്നതു തിരിച്ചറിഞ്ഞ പൃഥു രാജ്യഭാരം തന്റെ പുത്രനെ ഏൽപ്പിച്ച് ഭാര്യയുമൊത്തു വനവാസത്തിനു പുറപ്പെട്ടു. വനവാസകാലത്ത്, മൂന്നു കാലാവസ്ഥയിലും ചെയ്യാവുന്ന ഏറ്റവും കഠിനമായ തപശ്ചര്യകളിലേർപ്പെട്ടു. വേനൽക്കാലത്ത് കത്തിയെരിയുന്ന സൂര്യൻ മുകളിൽ നിൽക്കെ അഗ്നിവലയത്തിനുള്ളിൽ തപസ്സു ചെയ്തു. മഴക്കാലത്ത് കോരിച്ചൊരിയുന്ന മഴയിൽനിന്നും, മഞ്ഞു കാലത്ത് തണുത്തുറഞ്ഞ വെള്ളത്തിൽ കഴുത്തറ്റം ഇറങ്ങിനിന്നും അദ്ദേഹം തപസ്സു ചെയ്തു. മനസാ വാചാ കർമ്മണാ പൂർണ്ണമായ തപസ്സാണദ്ദേഹം അനുഷ്ടിച്ചത്. ഇതിലൂടെ കർമ്മപാശങ്ങളെയെല്ലാം നശിപ്പിച്ച് അകളങ്കിതമായ ഭക്തികൊണ്ട് അദ്ദേഹം തന്റെ ഹൃദയം നിറച്ചു.

ലൌകീകതയോടുള്ള നിസ്സംഗതയും പരമോന്നത ജ്ഞാനവും അദ്ദേഹത്തിനുണ്ടായി. അതോടെ ശരീരാസക്തി തീരെ ഇല്ലാതായി. അഹങ്കാരവും അഹംഭാവവും നശിച്ചുകഴിഞ്ഞ അദ്ദേഹം ആ വിജ്ഞാനത്തിനുമപ്പുറം ഭഗവാൻ ശ്രീകൃഷ്ണന്റെ മഹിമകളിലും കഥകളിലും ഭക്തലീനായിത്തീർന്നു. ഇത്തരത്തിലുള്ള നിർമ്മലമായ ഭക്തി, സാധനയുടെ മുന്നോട്ടുള്ള പോക്കിനെയാണ് കാണിക്കുന്നത്. ഒരുദിവസം അദ്ദേഹം ശരീരമുപേക്ഷിക്കാൻ തീരുമാനിച്ചു. സിദ്ധാസനത്തിലിരുന്ന് കാലുകൊണ്ട് ഗുദദ്വാരം അടച്ചുപിടിച്ച് പ്രാണശക്തിയെ താഴെനിന്ന് പൊക്കിൾത്തടം, ഹൃദയം, കണ്ഠനാളം, പുരികങ്ങൾക്കിടയിലുള്ള നെറ്റിത്തടം എന്നീ കേന്ദ്രങ്ങളിലൂടെ ഉയർത്തി ശിരസ്സിനു മുകളിലെത്തിച്ച് അന്ത:രീക്ഷത്തിലെ പഞ്ചഭൂതങ്ങളുമായി വിലയിപ്പിച്ചു. വിശ്വനിർമ്മിതിയിലെ ഘടകങ്ങളായ പഞ്ചഭൂതങ്ങളാൽത്തന്നെയാണല്ലോ മനുഷ്യദേഹവും നിർമ്മിച്ചിട്ടുള്ളത്. പിന്നീട് ഈ ഭൂതാംശങ്ങളെ അദ്ദേഹം ഒന്നാക്കിവെച്ചു. ഭൂമിയെ ജലത്തിലും, ജലത്തെ അഗ്നിയിലും, അഗ്നിയെ വായുവിലും, വായുവിനെ ആകാശത്തിലും ലയിപ്പിച്ചു. മനസ്സിനെ പഞ്ചേന്ദ്രിയങ്ങളിലും പഞ്ചേന്ദ്രിയങ്ങളെ പഞ്ചഭൂതങ്ങളിലും വിലയിപ്പിച്ചു. ഇവയെല്ലാം പിൻവലിച്ച് അഹങ്കാരവും ചേർത്ത് മഹത്തത്വത്തിൽ, വിശ്വാവബോധത്തിൽ, വിലയിപ്പിച്ചിട്ട് ജീവനിൽ ചേർത്തുവെച്ചു. മായാശക്തിയുടെ അനന്തമായ ശക്തിവിശേഷങ്ങൾക്കടിമയാണല്ലോ ജീവൻ. പരിപൂർണ്ണമായ വിജ്ഞാനം വഴി ഈ അവസ്ഥപോലും പൃഥുവിന് കടന്നുപോകാൻ കഴിഞ്ഞു. അങ്ങിനെ നിർവ്വാണപദവും ആത്മസാക്ഷാത്ക്കാരവും ലഭിച്ച് അദ്ദേഹം വിശ്വാവബോധത്തിൽ വിലീനനായി.

പൃഥുവിന്റെ രാജ്ഞി അരചി, തന്റെ ഭർത്താവ് ശരീരമുപേക്ഷിച്ചതുകണ്ട് അന്ത്യകർമ്മങ്ങൾക്ക് ചിത യൊരുക്കി. കുളികഴിഞ്ഞു തയ്യാറായി ചിതാഗ്നിക്ക് വലംവെച്ച് സ്വയം അഗ്നിയിൽ പ്രവേശിച്ചു. ഭർത്താവിന്റെ ശരീരത്തോടൊപ്പം തന്റെ ശരീരം രാജ്ഞിയും ഉപേക്ഷിച്ചു. ദിവ്യപുരുഷന്മാർ രാജ്ഞിയുടെ ആത്മത്യാഗത്തെ പ്രശംസിച്ചു. അവളുടെ മഹിമകൾ വാഴ്ത്തി. "ഈ രാജ്ഞി തന്റെ നാഥനെ ജീവിതം മുഴുവൻ അളവറ്റ സ്നേഹത്തോടെ പരിചരിച്ചു. അതുകൊണ്ടുതന്നെ അവർക്ക് നമ്മുടെയെല്ലാം തലത്തിൽനിന്നും വളരെ ഉയർന്ന സ്ഥാനമാണുള്ളത്. തീർച്ചയായും ഭഗവൽസവിധത്തിൽ തന്റെ ഭർത്താവിനോടൊപ്പം അവരുമുണ്ടാവും. മനുഷ്യജൻമോദ്ദേശം ഇതു തന്നെയാണെങ്കിലും വിഡ്ഢികൾ ആയതിനെ അവഗണിക്കുന്നു". അതാണ് ലോകത്തിലെ ആദ്യത്തെ ചക്രവർത്തിയായ പൃഥുവിന്റെ ജീവിതകഥ. വിദുരരേ ആരീ കഥ കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നുവോ, അയാൾ പൃഥുവിനേപ്പോലെയാകുന്നു. അയാൾ തന്റെ ആഗ്രഹങ്ങളെല്ലാം സാധിക്കും. ഈ കഥ ദിവസവും കേൾക്കുന്നതിലൂടെ ഒരുവന് ഭഗവൽഭക്തിയുണ്ടാവുകയും ജനന മരണനിയതമായ സംസാരസാഗരത്തിൽനിന്ന് മോചനംകിട്ടുകയും ചെയ്യും."

**സ്വധർമ്മനിഷ്ഠ: ശതജൻമഭി: പുമാൻ വിരിഞ്ചതാമേതി തത: പരം ഹി മാം**
**അവ്യാകൃതം ഭഗവതോഽഥ വൈഷ്ണവം പദം യഥാഹം വിബുധാ: കലാത്യയേ (4-24-29)**

മൈത്രേയൻ തുടർന്നു: പൃഥുവിൻെറ പുത്രൻ വിജിതാശ്വൻ ചക്രവർത്തിയായി. അയാൾ തൻെറ രാജ്യം നാലായി വിഭജിച്ച് സഹോദരന്മാർക്ക് വീതിച്ചു. ഹര്യാക്ഷന് കിഴക്കേ ഭാഗം, ധൂമ്രകേശന് തെക്കുഭാഗം, വൃകന് പടിഞ്ഞാറേഭാഗം, ദ്രവീണന് വടക്കുഭാഗം. വിജിതാശ്വന് സ്വേച്ഛയാൽ അപ്രത്യക്ഷനാവാൻ കഴിവുണ്ടായിരുന്നതിനാൽ അന്തർധാനൻ എന്നും പേരുണ്ട്. അദ്ദേഹത്തിന് തൻെറ ഭാര്യ ശിഖണ്ഡിനിയിൽ പാവകൻ, പാവമണൻ, സവചി എന്നീ മൂന്നുപുത്രന്മാരും നഭസ്വതിയിൽ ഹവിർധനൻ എന്ന പുത്രനും ഉണ്ടായി. ശിഖണ്ഡിനീപുത്രന്മാർ ഒരു മുനിയുടെ ശാപത്താൽ ഭൂമിയിൽ പിറന്ന അഗ്നിദേവതകളായിരുന്നു. അവർക്ക് യോഗമാർഗ്ഗത്തിലൂടെ പിന്നീട് ശാപമോക്ഷം ലഭിക്കുകയും ചെയ്തു. വിജിതാശ്വൻ, തൻെറ ചക്രവർത്തിപദം ഹവിർധനനെ ഏൽപ്പിച്ച് നിരന്തരമായി ധർമ്മയാഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. രാജകീയ ധർമ്മങ്ങളായ ശിക്ഷ, കരംപിരിവ്, അധികാരപ്രകടനം ഇവയെല്ലാം അദ്ദേത്തിനിഷ്ടമായിരുന്നില്ല. ഭഗവൽപ്പദകമലങ്ങളിൽ ഹൃദയമർപ്പിച്ച് അവസാനം അദ്ദേഹം ആ സവിധത്തിൽ ഒരിടം നേടുകയും ചെയ്തു.

ഹവിർധനന് ഹവിൽധനി എന്ന ഭാര്യയിൽ ആറുപുത്രന്മാർ ഉണ്ടായി. ബർഹിഷാദ്, ഗയൻ, ശുക്ലൻ, കൃഷ്ണൻ, സത്യൻ, ജുതവൃതൻ എന്നിവർ. ബർഹിഷാദ് ചക്രവർത്തിയായി അവരോധിക്കപ്പെട്ടു. അദ്ദേഹം വേദയാഗകർമ്മങ്ങളിൽ അതിനിപുണനായിരുന്നു. സ്ഥിരമായി ഈദൃശകർമ്മങ്ങളിലേർപ്പെടുക മൂലം അദ്ദേഹം പ്രാചീനബർഹി എന്നറിയപ്പെട്ടു. ശതദ്രുതി എന്നാണ് അദ്ദേഹത്തിൻെറ ഭാര്യയുടെ പേര്. അതീവസുന്ദരിയായിരുന്നു അവർ. വിവാഹമംഗളമാശംസിക്കാൻ വന്ന ദേവന്മാർ പോലും അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായിപ്പോയി. അഗ്നിഭഗവാൻ അവളിൽ അനുരാഗിയായിരുന്നുവത്രെ. ബർഹിഷാദ ശതദ്രുതി ദമ്പതിമാർക്ക് പ്രചേതർ എന്ന പേരിലറിയപ്പെടുന്ന പത്തു പുത്രന്മാരുണ്ടായി. തങ്ങളുടെ അച്ഛൻെറ ആജ്ഞപ്രകാരം, പ്രചേതർ വിവാഹംചെയ്ത് കുട്ടികളുണ്ടായി വംശം വർദ്ധിപ്പിക്കാനായി തപസ്സിലേർപ്പെടാൻ പുറപ്പെട്ടു. വഴിക്കുവെച്ച് രുദ്രഭഗവാനെക്കണ്ട് ഒരു ദിവ്യമന്ത്രം പഠിച്ചു. പിന്നീട് ഒരു തടാകത്തിലിറങ്ങി ഈ മന്ത്രവും ജപിച്ച് പതിനായിരം കൊല്ലം തപസ്സനുഷ്ടിച്ചു.

പ്രചേതർ രുദ്രദേവനെ കാണാനുണ്ടായ സാഹചര്യം മൈത്രേയൻ ഇങ്ങിനെ വിവരിച്ചു. പ്രചേതർ പടിഞ്ഞാറേദേശത്തേക്ക് തപസ്സിനായി പുറപ്പെട്ടപ്പോൾ വഴിക്കുവെച്ച് സുന്ദരവും വിപുലവുമായ ഒരു തടാകം കാണുകയുണ്ടായി. അവിടെ ഒരു ദിവ്യസംഗീതം കേൾക്കായി. പ്രചേതർ അതിൽ മതിമറന്നുനിൽക്കെ രുദ്രഭഗവാൻ തടാകത്തിൽനിന്നും പൊങ്ങിവന്നു. ദേവസ്ത്രീകളാൽ ചുറ്റപ്പെട്ടാണ് രുദ്രദേവൻ പ്രത്യക്ഷനായത്.

രുദ്രഭഗവാൻ പറഞ്ഞു: "അല്ലയോ പ്രചേതരേ, നിങ്ങളുടെ ഹൃദയാഭിലാഷം ഞാൻ മനസ്സിലാക്കുന്നു. നിങ്ങളെക്കണ്ട് അനുഗ്രഹിക്കാനും ഒരു ദിവ്യമന്ത്രം ഉപദേശിക്കാനുമാണ് ഞാൻ പ്രത്യക്ഷപ്പെട്ടത്. ഭഗവാൻ വിഷ്ണുവിൻെറ പാദാരവിന്ദങ്ങളിൽ അഭയം തേടിയവരാകയാൽ നിങ്ങളിൽ ഞാൻ സംപ്രീതനാണ്. ഒരു നൂറുവർഷം ധർമ്മിഷ്ടനായി ജീവിക്കുമ്പോൾ ഒരുവൻ സൃഷ്ടാവിൻെറ സവിധമണയുന്നു. അതും കഴിഞ്ഞ് കാലം കുറെക്കഴിയുമ്പോൾ എൻെറയടുക്കൽ എത്തിച്ചേരുന്നു. പക്ഷെ വിഷ്ണുഭക്തൻ, ലോകവാസം വെടിഞ്ഞയുടൻ വിഷ്ണുസവിധത്തിലേക്കു നേരിട്ടു ചെന്നെത്തുന്നു. ആ സവിധമണയാൻ ഞങ്ങൾക്കുപോലും ഒരു ലോകചക്രം കഴിയാൻ കാത്തിരിക്കേണ്ടതുണ്ട്. ഇനി ഞാൻ ആ ദിവ്യമന്ത്രം നിങ്ങൾക്കു പറഞ്ഞുതരാം. പരമശാന്തിയുടെ മാർഗ്ഗമണയാൻ ഈ മന്ത്രം നിങ്ങൾക്കു പ്രയോജനപ്പെടുന്നതാണ്."

**ദർശനം നോ ദിദൃക്ഷൂണാം ദേഹി ഭാഗവതാർച്ചിതം**
**രൂപം പ്രിയതമം സ്വാനാം സർവ്വേന്ദ്രിയഗുണാഞ്ജനം (4-24-44)**
**ഇദം യ: കല്യ ഉത്ഥായ പ്രാഞ്ജലി: ശ്രദ്ധയാന്വിത:**
**ശൃണുയാച്ഛ്രാവയേന്മർത്ത്യോ മുച്യതെ കർമ്മബന്ധനൈ: (4-24-78)**

രുദ്രദേവൻ പറഞ്ഞു: "വാസുദേവന് നമോവാകം. സ്വയംപ്രഭനും പഞ്ചഭൂതങ്ങളേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിക്കുന്നവനുമായ ആ വാസുദേവനെ ഞാൻ നമസ്കരിക്കുന്നു. ഭൗതീകമായ വിശ്വത്തെ സംഹരിക്കുന്ന സംഘർഷണദേവനു നമോവാകം. എല്ലാവരുടേയും അന്തരാത്മാവായി വർത്തിച്ച് വിശ്വത്തെ ഉണർത്തുന്ന പ്രദ്യുമ്നദേവന് നമസ്കാരം. പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും നിയന്ത്രിക്കുന്ന അനിരുദ്ധനു നമസ്കാരം. എപ്പോഴും നിറഞ്ഞു വിളങ്ങുന്ന പരമഹംസനായ സൂര്യന് നമസ്കാരം. സ്വർഗ്ഗത്തിലേക്കും മുക്തിയിലേക്കുമുള്ള വാതിലായ അഗ്നിക്കു നമസ്കാരം. എല്ലാത്തിൻേറയും സത്തയായി വിളങ്ങി ചരാചരങ്ങൾക്കു സംതൃപ്തിയേകുന്ന ആ ദേവനു നമസ്കാരം. അകത്തും പുറത്തും നിറഞ്ഞു നിന്ന് ശബ്ദത്തെ പ്രസരിപ്പിക്കുന്ന ആകാശത്തിന് നമസ്കാരം. ആത്മീയതയുടെ മാർഗ്ഗത്തിലൂടെ ദേവലോകവും ഭൗതീകസാധനയിലൂടെ പിതൃലോകവും സാധിതമാക്കുന്ന കർമ്മമാർഗ്ഗങ്ങൾക്കു നമസ്കാരം. അധാർമ്മീകതയുടെ ഫലവും ദു:ഖജന്യവുമായ മരണത്തിന് നമസ്കാരം. കർമ്മഫലത്തെ തരുന്ന ആ ഭഗവാന് നമോവാകം. ആത്മജ്ഞാനത്തിൻേറയും യോഗമാർഗ്ഗത്തിൻേറയും ദേവനും അനന്തമായ വിജ്ഞാനത്തിൻെറ ഉറവിടവുമായ ആ ശ്രീകൃഷ്ണഭഗവാന് നമസ്കാരം. മൂന്നു വിധത്തിലുള്ള ശക്തിയിലൂടെ അഹംബോധത്തിൻെറ അധിപനായ രുദ്രദേവന് നമസ്കാരം. ജ്ഞാനത്തിൻേറയും കർമ്മത്തിൻേറയും ദേവന് നമോവാകം. നാനാരൂപഭാവങ്ങളിൽ നിറഞ്ഞു വിളങ്ങുന്ന ആ പരമാത്മാവിന് നമസ്കാരം.

അങ്ങയുടെ ദർശനഭാഗ്യം ഞങ്ങൾക്കു തന്നാലും. അങ്ങയിൽ ഏറ്റവും വലിയ ഭക്തിയുള്ളവർ ഉന്നതമെന്നു കരുതുന്ന ആ ദൃശ്യം കണ്ടു കൺകുളിർക്കാൻ ഞങ്ങൾ അക്ഷമരാണ്. ഭക്തർക്ക് അതിപ്രിയവും ഇന്ദ്രിയങ്ങളെപ്പോലും ആകർഷിക്കുന്നതുമാണ് ആ ദിവ്യരൂപം. എല്ലാ രീതിയിലും വിശദാംശങ്ങളിലും തികച്ചും പരിപൂർണ്ണമാണത്. നാലു മഹത്തായ കൈകൾ. പ്രസരിപ്പും തേജസ്സുമാർന്നു വിളങ്ങുന്ന മുഖകമലം. കടക്കണ്ണുകളിൽ പുഞ്ചിരിതൂകുന്ന താമരക്കണ്ണുകൾ. ശ്വാസോഛ്വാസതാളംകൊണ്ട് ഉയർന്നുംതാണും പരിലസിക്കുന്ന നാഭിത്തടം. ദിവ്യപ്രഭചൊരിയുന്ന കാലുകൾ, അവയിൽ തിളക്കവും പ്രഭയുമാർന്ന നഖങ്ങൾ. ആ പ്രഭയാകട്ടെ അജ്ഞാനത്തിൻെറ ഇരുട്ടിനെ അകറ്റാൻ പോന്ന വെളിച്ചമത്രേ. ആ രൂപം ദിവ്യാഭരണങ്ങളാലും ദിവ്യവസ്ത്രങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഒരുവൻ എപ്പോഴും ഈ ഭഗവൽരൂപത്തെ ധ്യാനിച്ചിരിക്കേണ്ടതാണ്. അങ്ങിനെ അവന് ഭയവിമോചനം ഉണ്ടാവുന്നു. അങ്ങയോട് ഭക്തിയുള്ളവർക്കു മാത്രം പര്യാപ്താമാണാസവിധം. ആ പാദങ്ങളിലഭയം തേടിയവരെ മരണദേവനുപോലും തൊടാൻ സാദ്ധ്യമല്ല തന്നെ. സ്വർഗ്ഗീയസുഖത്തേക്കാളേറെ വലുതാണ് അവിടുത്തെ സവിധത്തിൽ കഴിയുന്ന ഓരോ നിമിഷവും. അങ്ങയുടെ മഹിമകളും കഥകളും ഹൃദയം മുഴുവൻ നിറഞ്ഞിരിക്കുന്നവരും അങ്ങയുടെ പാദങ്ങളിൽനിന്നുത്ഭവിക്കുന്ന ഗംഗയിൽ മുങ്ങിയവരുമായുള്ള സത്സംഗം ഞങ്ങൾക്കുണ്ടാവട്ടെ. ഈ വരമാണ് ഞങ്ങൾക്ക് വേണ്ടത്. വൈദീകകർമ്മങ്ങളിലേർപ്പെട്ടവരും ഈ രൂപത്തെയാണ് പൂജിക്കേണ്ടത്, കാരണം അങ്ങ് എല്ലാത്തിൻേറയും അന്തര്യാമിയാണല്ലോ. അങ്ങയുടെ ശരിയായ രൂപഭാവങ്ങൾ കണ്ടറിയാനാവില്ലതന്നെ. അത് സ്വയം മനസ്സിലാവേണ്ടതാണ്. സർവ്വാന്തര്യാമിയും സർവ്വവ്യാപിയുമായ അങ്ങുമാത്രമാണ് ഞങ്ങൾക്കഭയം.

ഈ മന്ത്രത്തിന് യോഗാദേശം എന്നു പറയും. തുടർച്ചയായി ഇതാവർത്തിച്ചാലും. സൃഷ്ടാവ് സ്വയം പഠിപ്പിച്ചതാണിത്. സൂര്യോദയത്തിനു മുൻപായി ഇതു ചൊല്ലി ശ്രദ്ധാഭക്തിയോടെ കഴിയുന്ന ഒരുവൻ എല്ലാ കർമ്മബന്ധനങ്ങളിൽനിന്നും മോചിതനാവുകയും അവൻെറ ആഗ്രഹങ്ങൾ സഫലമാവുകയും ചെയ്യും."

**ഭോ ഭോ: പ്രജാപതേ രാജൻ പശൂൻ പശ്യ ത്വയാധ്വരേ
സംജ്ഞാപിതാഞ്ജീവസങ്ഘാന്നിർഘൃണേന സഹസ്രശ: (4-25-7)
ഏതേ ത്വാം സംപ്രതീക്ഷന്തേ സ്മരന്തോ വൈശസം തവ
സമ്പരേതമയ: കൂടൈശ്ഛിന്ദന്ത്യുത്ഥിതമന്യവ: (4-25-8)**

മൈത്രേയൻ തുടർന്നു: രുദ്രദേവൻ പഠിപ്പിച്ച മന്ത്രം ജപിച്ചുകൊണ്ട് പ്രചേതർ തടാകത്തിലിറങ്ങി തപസ്സനുഷ്ടിച്ചു. ഈ സമയത്ത് നാരദൻ പ്രചേതരുടെ അച്ഛനായ പ്രാചീനബർഹിയെ സന്ദർശിച്ച് അദ്ദേഹത്തെ സൌമ്യമായൊന്ന് ശകാരിച്ചു. "അങ്ങയുടെ ഈ ദു:ഖം മാറ്റാൻ നിരന്തമായി യാഗകർമ്മങ്ങൾ ചെയ്തതു കൊണ്ടൊന്നും ഫലമില്ല. അല്ലയോ രാജാവേ ഒരോകർമ്മങ്ങൾക്കായി ബലികൊടുത്ത ആയിരക്കണക്കിന് മൃഗങ്ങളെ ഓർക്കുന്നുണ്ടോ? അവരെല്ലാം അങ്ങേലോകത്ത് അങ്ങയുടെ വരവും കാത്തിരിക്കുകയാണ്. അവർ അങ്ങയെ കാരിരിമ്പുമുനയുള്ള കൊമ്പുകളാൽ കുത്തിക്കീറാൻ തയ്യാറായിരിക്കുന്നു. ഏതായാലും ഞാനൊരു കഥ പറയാം. ഒരിടത്ത് ഒരിക്കൽ പുരഞ്ജന എന്ന പേരിൽ പ്രശസ്തനായ ഒരു രാജാവുണ്ടായിരുന്നു. അയാൾക്ക് അവിജ്ഞാതൻ എന്ന പേരിലൊരു സുഹൃത്തുണ്ടായിരുന്നു. രാജാവ് നല്ലൊരു വീടുതേടി പുറപ്പെട്ടു. അങ്ങിനെ ഒരു ദിനം ഭോഗവാടി എന്ന നഗരത്തിലെത്തിച്ചേർന്നു. ഒൻപതു വാതിലുകളാണീ നഗരത്തിന്. അവിടെ, പത്തു പരിചാരകരോടുകൂടി, ശക്തിശാലിയായ ഒരു പടനായകൻെറ നേതൃത്വത്തിൽ, അഞ്ചു തലയുള്ള സർപ്പത്തിൻെറ കാവലിൽ അതിസുന്ദരിയായ ഒരു തരുണിയെ കണ്ടു. പ്രേമത്തിൽ കുടുങ്ങിയ രാജാവ് അവളെ സമീപിച്ച് അവളാരെന്നും മറ്റും അന്വേഷിച്ചു.

അവൾ പറഞ്ഞു: "എൻെറ അച്ഛൻ ആരെന്നെനിക്കറിയില്ല. വാസ്തവത്തിൽ ആരുടേയും അച്ഛനെ എനിക്കറിയില്ല. ഞാനിവിടെയാണ് എന്നുമാത്രം എനിക്കറിയാം. ഈ നഗരം ആരു നിർമ്മിച്ചു എന്നും എനിക്കറിയില്ല. ഇവരെല്ലാം എൻെറ കൂട്ടുകാരും പരിചാരകരും ആണ്. അഞ്ചുതലയുള്ള ഈ സർപ്പം എനിക്കു കാവലായി എപ്പോഴും നഗരം കാത്ത് ഉണർന്നിരിക്കുന്നു. ഈ നഗരത്തിലേക്ക് സ്വാഗതം. എൻെറ സുഹൃത്തുക്കളും ഞാനും ചേർന്ന് അങ്ങേയ്ക്കു വേണ്ട എല്ലാ സുഖഭോഗങ്ങളും ഒരു നൂറുവർഷത്തേക്ക് തയ്യാറാക്കിത്തരാം. കാരണം, നിങ്ങൾ ഒരു വിവരവും വിജ്ഞാനവും ഇല്ലാത്ത സുഖാന്വേഷിമാത്രമാണല്ലോ. ഭാവിജീവിതത്തെപ്പറ്റി ചിന്തയുമില്ല നിങ്ങൾക്ക്. നിങ്ങളെപ്പോലുള്ള ഒരുവനെ മാത്രമല്ലേ എനിക്കു സുഖഭോഗങ്ങളിൽ മുക്കാൻ സാധിക്കൂ. ഈ നഗരത്തിൽ ഒരുവന് സമ്പത്തും ഇന്ദ്രിയസുഖവും പുണ്യവും ആവോളം സമാഹരിക്കാൻ സാധിക്കുന്നതാണ്."

അവളെ ഭാര്യയായി സ്വീകരിച്ച് അമിതാഹ്ലാദത്തോടെ രാജാവ് നഗരത്തിൽ പ്രവേശിച്ചു. നഗരത്തിൻെറ ഏഴു കവാടങ്ങൾ ഉയർന്നതലത്തിലും, രണ്ടെണ്ണം താഴ്ന്ന സ്ഥലത്തുമായിരുന്നു. അഞ്ചു കവാടങ്ങൾ കിഴക്കോട്ടും, രണ്ടെണ്ണം പടിഞ്ഞാറോട്ടും, ഒരെണ്ണം തെക്കോട്ടും, മറ്റൊരെണ്ണം വടക്കോട്ടും തുറക്കുന്നു. ഇതിൽ രണ്ടു കവാടങ്ങളിലൂടെ വിഭ്രാജിതയിലേക്ക് ദ്യുമാൻ എന്ന സുഹൃത്തുമായി രാജാവ് സഞ്ചരിച്ചു. അവധൂതൻ എന്ന സുഹൃത്തിനൊപ്പം മറ്റുരണ്ടു കവാടങ്ങളിലൂടെ സൗരഭ എന്നയിടത്തേക്ക് പോയി. രസജ്ന, വിപാന എന്നിവരോടൊപ്പം രാജാവ് മുഖ്യ എന്ന കവാടത്തിലൂടെ അപാന, ബഹുദാന എന്നീ സ്ഥലങ്ങളിലേക്ക് സഞ്ചരിച്ചു. ശ്രുതധാരനുമൊരുമിച്ച് തെക്കേ കവാടമായ ദേവഹുവിലൂടെ തെക്കൻ പാഞ്ചാലദേശത്തും വടക്കേ കവാടമായ പിതൃഹുവിലൂടെ വടക്കൻ പാഞ്ചാലദേശത്തും രാജാവ് സഞ്ചരിച്ചു. പടിഞ്ഞാറേ കവാടമായ ആസുരിയിലൂടെ ദുർമ്മദനുമൊരുമിച്ച് രാജാവ് ഗ്രാമക എന്നയിടം സന്ദർശിച്ചു. പടിഞ്ഞാറുള്ള മറ്റേ കവാടത്തിലൂടെ ലുബ്ധകനുമൊത്ത് വൈഷാസ എന്നയിടത്തിലേക്ക് പോയി. രണ്ടു കവാടങ്ങൾ ഇരുളടഞ്ഞ ഇടവഴികളിലേക്ക് നയിക്കുന്നു. അതിലൂടെ കടന്നുചെന്ന് രാജാവ് പലേവിധ പ്രവർത്തനങ്ങളിലേർപ്പെട്ടു ജീവിച്ചു.

രാജാവ് ഭാര്യയുമായി വല്ലാത്ത പ്രേമത്തിലായിരുന്നു. അദ്ദേഹത്തിൻെറ കർമ്മങ്ങളും അനുഭവങ്ങളും ഭാര്യയുടേതുപോലെതന്നെയായിരുന്നു. അത്രയ്ക്ക് വിഭ്രാന്തമായ ഒരു മാനസീകാവസ്ഥയിൽ രാജാവ് മോഹവലയത്തിലടിമപ്പെട്ട് സ്വന്തം അസ്ഥിത്വം പോലും മറന്നു ജീവിച്ചു.

**യ ഏവം കർമ്മ നിയതം വിദ്വാൻ കുർവീത മാനവ:**
**കർമണാ തേന രാജേന്ദ്ര ജ്ഞാനേ ന സ ലിപ്യതേ (4-26-7)**
**അന്യഥാ കർമ്മ കുർവാണോ മാനാരൂഢോ നിബധ്യതേ**
**ഗുണപ്രവാഹപതിതോ നഷ്ടപ്രജ്ഞോ വ്രജത്യധ: (4-26-8)**

നാരദമുനി തുടർന്നു: ഒരു ദിവസം രാജാവ് നായാട്ടിനു പോയി. അദ്ദേഹത്തിൻെറ കയ്യിൽ ഗംഭീരമായ ഒരു വില്ലും അമ്പൊഴിയാത്ത ആവനാഴിയും ഉണ്ടായിരുന്നു. അഞ്ചുകുതിരകളെ പൂട്ടിയ തേര്, അതിന് രണ്ട് ലംബങ്ങളും, രണ്ട് ചക്രങ്ങളും ഒരു അച്ചുതണ്ടും ഉണ്ടായിരുന്നു. മൂന്നു കൊടിമരങ്ങളും, അഞ്ചു കയറുകളും, ഒരു കടിഞ്ഞാണും, ഒരു തേരാളിയും, ഒരിരിപ്പിടവും ഉണ്ടായിരുന്നു. രണ്ടു തൂണുകളിലായി നുകവും, അഞ്ച് രഹസ്യഅറകളും, ഏഴു സുരക്ഷിതവലയങ്ങളും ഉണ്ടായിരുന്നു. അഞ്ചുകാര്യങ്ങൾ നടത്തുവാൻ ഈ രഥത്തിലിടമുണ്ടായിരുന്നു. നായാട്ടിനോട് അതീവ ഭ്രമമുണ്ടായിരുന്ന രാജാവ്, കാട്ടിൽ പോവാനുള്ള ധൃതിയിൽ, ഭാര്യയെ കൂടെ കൊണ്ടുപോയില്ല.

ആവശ്യാനുസരണമുള്ള നായാട്ട് ഒരു രാജാവിൻെറ അവകാശങ്ങളിൽപ്പെട്ടതത്രെ. ഇതു ജീവിതത്തിനു തന്നെയും ബാധകമാണ്. ഏതൊരുവൻ ധർമ്മത്തിനും കടമകൾക്കുമനുസരിച്ച് വർത്തിക്കുന്നുവോ ആ കർമ്മങ്ങൾ അയാളെ ബന്ധിക്കുന്നില്ല. കളങ്കപ്പെടുത്തുന്നുമില്ല. എന്നാൽ അഹങ്കാരത്തോടെ പ്രവർത്തി ക്കുന്നവനാകട്ടെ ത്രിഗുണങ്ങളുടെ വരുതിയിൽപ്പെട്ട് വിജ്ഞാനം നശിച്ച് പരിണാമദശകളുടെ പടികളിറങ്ങുകയാണ് ചെയ്യുന്നത്.

രാജാവ് ദയയില്ലാതെ, ആവശ്യങ്ങളില്ലെങ്കിലും കുറെയധികം മൃഗങ്ങളെ നായാടി കൊന്നു. അദ്ദേഹത്തിൻെറ ക്രൂരതയാൽ, വേദനയോടെ അനേകം മൃഗങ്ങൾ ചത്തുവീണു. മനസ്സിനു മതിയാവോളം നായാട്ടു നടത്തിയ ശേഷം, ക്ഷീണിതനായ രാജാവ് കൊട്ടാരത്തിലേക്ക് തിരിച്ചു. കുളികഴിഞ്ഞ് ഉൻമേഷവാനായി രാജാവ് വിശ്രമിച്ചു. അപ്പോൾ തൻെറ ഭാര്യയുടെ സാമീപ്യം കൊതിച്ച് ദാസികളോട് അവരെവിടെയെന്നു തിരക്കി. “സ്നേഹസമ്പന്നയായ അമ്മയുടേയും, ഭർത്താവിനെ ദൈവമായി കരുതുന്ന ഭാര്യയുടേയും സാമീപ്യം ആഗ്രഹിക്കാത്ത ഒരുവൻ താമസിക്കുന്ന വീട് സുഖപ്രദമോ സൗകര്യപ്രദമോ എന്നു പറഞ്ഞുകൂടാ. അതുകൊണ്ട്, എൻെറ രാജ്ഞി എവിടെയാണെന്ന് പറഞ്ഞുതന്നാലും. എനിക്കു വ്യസനം വരുമ്പോൾ സന്തോഷിപ്പിക്കുന്നവളും എല്ലാത്തരത്തിലും എൻെറ ഹൃദയത്തെ ഉല്ലസിപ്പിച്ച്, പ്രോത്സാഹിപ്പിച്ച് പ്രഭയേകുന്നവളുമായ എൻെറ പ്രിയപത്നി എവിടെയാണ് ?”

ദാസികൾ, രാജ്ഞികിടക്കുന്നയിടം രാജാവിന് കാണിച്ചുകൊടുത്തു. അസന്തുഷ്ടയും ദു:ഖിതയുമായിരുന്നു അവർ. രാജാവ് അസാധാരണായ ഈ കാഴ്ച്ചയിൽ അതീവ ദു:ഖിതനായി. അവളുടെ മുന്നിൽ മുട്ടുകുത്തി ആ കാലുകൾ സ്വന്തം മടിയിൽ എടുത്തുവെച്ചു. അവളെ ആലിംഗനം ചെയ്തു തലോടി ആശ്വസിപ്പിക്കാൻ ആവതെല്ലാം രാജാവു ചെയ്തു. അദ്ദേഹം ചോദിച്ചു. “അല്ലയോ സുന്ദരീ, ആരെങ്കിലും നിന്നെ അപമാനി ക്കുകയൊ നിന്നോട് അപമര്യാദയായി പെരുമാറുകയോ ചെയ്തുവോ? ആരാണെങ്കിലും അവരെ ഞാൻ കഠിനമായി ശിക്ഷിക്കുന്നുണ്ട്. മുനിമാരോ ദൈവഭക്തന്മാരോ ഒഴികെ ആരേയും ശിക്ഷിക്കാൻ രാജാവിന് അധികാരമുണ്ട്. കുറ്റം ചെയ്തവന് ശിക്ഷ ഒരനുഗ്രഹമാണ്. കാരണം, ആ ശിക്ഷ, ദൈവത്തിൻെറ തന്നെ മഹിമയും ദയാവായ്പ്പുമത്രെ. എന്നോട് കരുണ കാണിച്ചാലും പ്രിയതമേ. നായാട്ടിന് കൂടെ കൊണ്ടുപോവാതെ ഞാൻ നിന്നോട് അപമര്യാദ കാണിച്ചു. എന്നോടു ക്ഷമിക്കൂ. നിൻെറ മുഖം ഒരിക്കലുമിങ്ങനെ ദു:ഖാകുലമായി ഞാൻ കണ്ടിട്ടില്ലല്ലോ. എന്നോട് പ്രേമവും ക്ഷമയും കാട്ടിയാലും.”

**തയോപഗൂഢ: പരിരബ്ധകന്ധരോ രഹോ*f*നുമന്ത്രൈരപകൃഷ്ട ചേതന:
ന കാലരംഹോ ബുബുധേ ദുരത്യയം ദിവാ നിശേതി പ്രമദാപരിഗ്രഹ: (4-27-3)**

നാരദമുനി തുടർന്നു: രാജാവ് പൂർണ്ണമായും തൻെറ അടിമയായെന്നു ബോദ്ധ്യമായ രാജ്ഞി എഴുന്നേറ്റുകുളിച്ച് അണിഞ്ഞൊരുങ്ങി അദ്ദേഹത്തിൻെറ സാമീപ്യം ആസ്വദിച്ചു. രാജ്ഞിയുടെ വിഷയാസക്തമായ പ്രേമത്തിൽ രാജാവ് ജീവിതം മുഴുവൻ ചിലവഴിച്ചു. സമയം കടന്നുപോകുന്നതോ രാത്രിയോ പകലോ ഒന്നും രാജാവറിഞ്ഞില്ല. സുഖത്തിനായുള്ള ആസക്തി അദ്ദേഹത്തിൻെറ വിവേകവിവേചനശക്തികൾ കവർന്നെടുത്തിരുന്നു. തൻെറ ഭാര്യയിൽ ആയിരത്തിയൊരുനൂറ് പുത്രന്മാരും നൂറ്റിപ്പത്തുപുത്രികളും ഉണ്ടായി. അവരുടെയെല്ലാം വിവാഹങ്ങൾ കെങ്കേമമായി നടത്തികൊടുത്തു. അവർക്ക് കുട്ടികളുണ്ടായി തൻെറ കുലം വർദ്ധിക്കുന്നതു കണ്ട് രാജാവ് സന്തോഷിച്ചു. അദ്ദേഹവും നിങ്ങൾ ഇപ്പോൾ നടത്തുന്നതുപോലെ മൃഗബലി നടത്തി നിരപരാധികളായ നിരവധി മിണ്ടാപ്രാണികളുടെ ശാപമേറ്റു വാങ്ങി. അങ്ങിനെ ആത്മീയതക്ക് വിരുദ്ധമായ പ്രയോജനരഹിതമായ ജീവിതം നയിക്കേ വാർദ്ധ്യക്യസഹജമായ അസുഖങ്ങൾ രാജാവിനെ പിടികൂടി.

ചണ്ഡവേഗൻ എന്ന രാജാവാണ് ഗന്ധർവ്വന്മാരുടെ നേതാവ്. അദ്ദേഹത്തിന് മുന്നൂറ്റിയറുപത് കിങ്കരന്മാരും അത്രതന്നെ വെളുത്ത സ്ത്രീകളും ചേർന്ന ഒരു പടയുണ്ട്. ഏതൊരു പട്ടണത്തേയും അവർ ആക്രമിക്കും. ഇപ്പോഴല്ലെങ്കിൽ മറ്റൊരിക്കൽ. പുരഞ്ജനൻെറ നഗരത്തെ ആക്രമിച്ചപ്പോഴൊക്കെ പ്രജാളരൻ എന്ന സർപ്പം അതിനെ ചെറുത്തുനിന്നു. വയസ്സായതോടെ സർപ്പത്തിനും ക്ഷീണമായി. രാജാവിന് വരാൻ പോവുന്ന വിപത്തിനേക്കുറിച്ചാലോചിക്കാനായില്ല. അദ്ദേഹം പരിക്ഷീണനായിരുന്നു.

കാലൻെറ ഒരു പുത്രിയാണ് ദുർഭഗ. പേരിനൊത്തു ഭയങ്കരമായിരുന്നു അവളുടെ രൂപവും. അവൾ ഒരു ഭർത്താവിനെ തേടി. അവൾ കുറച്ചുനാൾ യയാതിയുടെ പുത്രനായ പുരുവിൻെറ ഭാര്യയായിരുന്നു. പിന്നീടവൾ എന്നെ വശീകരിക്കാൻ തുനിഞ്ഞു. ഞാനതിനെ ചെറുത്തുനിന്നപ്പോൾ "ജന്മം മുഴുവൻ അലഞ്ഞുനടക്കാനിടവരട്ടെ" എന്ന് അവളെന്നെ ശപിക്കുകയും ചെയ്തു. പിന്നീടവർ 'ഭയ'ത്തിനെ ചെന്നുകണ്ട് അയാളെ വശീകരിക്കാൻ ശ്രമിച്ചു. ഭയത്തിൻെറ അജയ്യശക്തിയെപ്പറ്റിപ്പറഞ്ഞ് അയാളെ പുകഴ്ത്തി. "അങ്ങയുടെ പേരിൽ ജനങ്ങളിലുള്ള പ്രത്യാശ ഒരിക്കലും പാഴാവുന്നില്ല. (പ്രത്യാശയുള്ളിടത്തെല്ലാം ഭയം പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.) വച്ചുനീട്ടുന്ന സമ്മാനത്തെ സ്വീകരിക്കാത്തവൻ വിഢ്ഢിയത്രെ. സ്വീകരിക്കുന്നതു പുരുഷലക്ഷണവും." അങ്ങിനെ വിവാഹാഭ്യർത്ഥന നടത്തി ഭുർഭഗ.

ദേവന്മാരുടെ ഗൂഢാലോചന മണത്തറിഞ്ഞ ഭയം (ലോകത്തിലെ എല്ലാ ജീവികളുടേയും മരണം) പുഞ്ചിരിയോടെ മറുപടി പറഞ്ഞു. "ഭവതിയെ ലോകത്തിലുള്ള എല്ലാവർക്കും വെറുപ്പാണല്ലോ. പക്ഷെ വിഷമിക്കേണ്ടതില്ല. നിനക്കുപറ്റിയ ഒരു ഭർത്താവിനെ ഞാൻ കാണിച്ചുതരാം. മാത്രമല്ല എൻെറ പടയുടെ ശല്യമൊന്നുമില്ലാതെ ഈ സൃഷ്ടിയെ മുഴുവൻ ആസ്വദിച്ച് അവരവരുടെ കർമ്മങ്ങൾക്കനുസരിച്ച് അവർക്ക് ദുർഭാഗ്യം വിളമ്പി ജീവിക്കുകയും ചെയ്യാം. എൻെറ സഹോദരൻ പ്രജ്വരൻ നിന്നെ കല്ല്യാണം കഴിക്കും. ഞാൻ നിനക്കൊരു ജ്യേഷ്ഠനായിരിക്കും. നമുക്കു മൂവർക്കും, ആതിഥേയരുടെ സഹായത്തോടെ ലോകം മുഴുവനുമുള്ള മാനവരാശിയെ കീഴടക്കി ജീവിക്കാം." (ഭയം, ദൗർഭാഗ്യം, പ്രജ്വരം)

**അഹം ഭവാന്ന ചാന്യാസ്ത്വം ത്വമേവാഹം വിചക്ഷ്വ ഭോ:**
**ന നൗ പശ്യന്തി കവയ: ഛിദ്രം ജാതു മനാഗപി (4-28-62)**
**യഥാ പുരുഷ ആത്മാനമേകാദർശചക്ഷുഷോ:**
**ദ്വിതാഭുതമവേക്ഷേത തഥൈവാന്തരമാവയോ: (4-28-63)**

നാരദൻ തുടർന്നു: പ്രജ്വരനെ വിവാഹം ചെയ്ത് ഭയത്തിൻെറ സേനാബലത്തോടുകൂടി കാലപുത്രി ലോകത്തിൽ ദുരിതം വിതച്ചു നടന്നു. ഒരു ദിവസം അവർ പുരഞ്ജന നഗരിയെ ആക്രമിച്ചു. കാലപുത്രിയുടെ (ദുർഭഗ) പിടിയിൽ പുരഞ്ജൻ നിസ്സഹായനായി. ഭയത്തിൻെറ സേന വരുത്തിവെച്ച ദുരിതങ്ങളാൽ നഗരവാസികൾക്ക് പലേവിധത്തിലുമുള്ള ദു:ഖങ്ങളുമുണ്ടായി. പുരഞ്ജനൻെറ മനസ്സ് വിഷയാസക്തി യിൽനിന്നും ഇനിയും മുക്തി പ്രാപിച്ചിട്ടുണ്ടായിരുന്നില്ല. അവസാനം മനമില്ലാമനമോടെ നഗരം വിട്ടുപോകാൻ അദ്ദേഹം തീരുമാനിച്ചു. പ്രജ്വരൻ നഗരത്തിൽ പ്രവേശിച്ചതോടെ നഗരം കത്താൻ തുടങ്ങി. പുരഞ്ജനൻെറ സ്ഥിതി വളരെ കഷ്ടത്തിലായി. നഗരപാലകനായ പ്രജാഗരസർപ്പവും അവസാനത്തെ ഒരു ശ്രമം പരാജയപ്പെട്ടപ്പോൾ നഗരം വിട്ടുപോകാൻ തിരുമാനിച്ചു. നഗരം തൻേറതാണെന്നും, ഭാര്യയും കുട്ടികളും തൻേറതാണെന്നും ഉള്ള വിചാരത്താൽ അവർക്കു വേണ്ടി പുരഞ്ജനൻ വ്യസനപ്പെട്ടു. ഭയം അയാളെ കെട്ടിമുറുക്കി കൊണ്ടു പോകാൻ തുനിയുമ്പോഴും തൻെറ പഴയ സുഹൃത്തായ അവിജ്ഞാതനെ ഓർമ്മ വന്നില്ല. ദൂരത്തായി താൻ ഉപദ്രവിച്ചു കൊന്ന മൃഗങ്ങൾ പുരഞ്ജനനെ കാത്തുനിന്നിരുന്നു.

ഹൃദയത്തിൽ, അപ്പോഴും രാജാവിന് ഭാര്യയുമായുള്ള ആസക്തി കൈവിട്ടിരുന്നില്ല. അതുകൊണ്ട് അദ്ദേഹം അടുത്തജന്മത്തിൽ വിദർഭയിലെ രാജാവിൻെറ സുന്ദരിയായ മകളായി ജനിച്ചു. പാണ്ഡ്യരാജ്യത്തിൻെറ രാജാവായ മലയധ്വജൻ അവളെ വിവാഹം ചെയ്തു. അവർക്ക് സുന്ദരിയായ ഒരു മകളും ഏഴു പുത്രന്മാരും ഉണ്ടായി. മകളെ അഗസ്ത്യമുനിക്ക് വിവാഹം ചെയ്തു കൊടുത്തു. മലയധ്വജൻ ഭാര്യയുമൊത്ത് വനത്തിലേക്ക് പോയി. അവിടെ തൻെറ മനസ്സും ശരീരവും ശുദ്ധീകരിച്ച് ഭഗവാൻ ശ്രീകൃഷ്ണനെ ധ്യാനിച്ച് തീവ്രസാധനയിലും തപസ്സിലും കഴിഞ്ഞു. അങ്ങിനെ പരമാത്മസ്വരൂപനായ ഭഗവാനിൽ വിലീനമായി, നിർവ്വാണപദം പൂകി. അദ്ദേഹം ദ്വന്ദശക്തികളെ വെന്ന്, ആത്മാവിനെ സാക്ഷിരൂപത്തിൽ തിരിച്ചറിഞ്ഞ്, ശരീരമനോവ്യപാരങ്ങളെ നിസ്സംഗതയോടെ കണ്ടു. അങ്ങിനെ ഭഗവൽധ്യാനത്തിൽ ഏറെക്കാലം തപസ്സിരുന്നാണ് ഒടുവിൽ അദ്ദേഹം ശരീരമുപേക്ഷിച്ചത്. മലയധ്വജൻെറ രാജ്ഞിയും ഭർത്താവിൻെറ പാതയിൽ ധ്യാനനിരതയായി വർത്തിച്ചു. രാപകൽ ഭർത്തൃശുശ്രൂഷ ചെയ്ത അവർ ഒരു ദിനം ഭർത്താവിൻെറ കാലുകൾ തണുത്തു മരവിച്ചതായി കണ്ടു. അതീവ ദു:ഖഭാരത്തോടെ ചിതയൊരുക്കി ഭർത്തൃശരീരം അതിനു മുകളിൽവെച്ച് സ്വയം അതിൽ കയറാൻ തുടങ്ങുമ്പോൾ ഒരു ബ്രാഹ്മണൻ പ്രത്യക്ഷപ്പെട്ട് തടഞ്ഞു.

“എന്നെ ഓർക്കുന്നുണ്ടോ? നിങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്ത് അവിജ്ഞാതനാണ് ഞാൻ. ഏറെക്കാലം മുൻപ് കഴിഞ്ഞ ജന്മത്തിൽ നമ്മൾ നല്ലൊരു ഗൃഹം തേടിപ്പോയി. ഒരിടത്ത് ഒരു സ്ത്രീയുടെ സൗന്ദര്യത്തിൽ മയങ്ങി വിഷയസുഖങ്ങളാസ്വദിക്കാൻ നിങ്ങൾ അവിടെത്തന്നെ കഴിഞ്ഞുപോന്നു. ആ മാളികയ്ക്കു ചുറ്റുമായി അഞ്ചു പൂന്തോട്ടങ്ങളും, ഒൻപതു കവാടങ്ങളും, ഒരു നഗരപാലകനും, മൂന്നു ഭിത്തികളും, ആറു കച്ചവടക്കാരും, അഞ്ച് വിപണികളും ഉണ്ടായിരുന്നു. ഒരു സ്ത്രീയായിരുന്നു ആ നഗരത്തിൻെറ അധിപ. നിങ്ങൾ ദിവ്യമായ ആത്മസ്വരൂപത്തെ മറന്നതുകൊണ്ട് ആ ശരീരം ഉപേക്ഷിച്ചപ്പോൾ വീണ്ടും വിദർഭ രാജാവിൻെറ മകളായി പിറക്കുകയാണുണ്ടായത്.”

“ഞാൻ നീയും നീ ഞാനുമാണ്. വ്യത്യാസം, കണ്ണാടിയിലെ പ്രതിബിംബവും മറ്റുള്ളവരുടെ കൃഷ്ണമണിയിലെ പ്രതിബിംബവും തമ്മിലുള്ള വ്യത്യാസമത്രെ. നീയും ഞാനും അനുഗൃഹീതരായ ഹംസങ്ങളത്രെ. വിശ്വാവബോധത്തിൻെറ പൊയ്കയിൽ എന്നേയ്ക്കും കഴിയേണ്ട ഹംസങ്ങൾ.” ഇതുകേട്ട് രാജ്ഞിയും ശരീരമുപേക്ഷിച്ച് വിശ്വാവബോധം പ്രാപിച്ചു.

**ദേഹോ രഥസ്ത്വിന്ദ്രിയാശ്വ: സംവത്സരരയോ*f*ഗതി:**
**ദ്വികർമചക്രസ്ത്രിഗുണധ്വജ: പഞ്ചാസുബന്ധുര: (4-29-18)**
**മനോരശ്മിർബ്ബുദ്ധി സൂതോ ഹൃന്നീഡോ ദ്വന്ദ്വകൂബര:**
**പഞ്ചേന്ദ്രിയാർത്ഥപ്രക്ഷേപ: സപ്തധാതുവരൂഥക: (4-29-19)**
**ആകൂതിർവിക്രമോ ബാഹ്യോ മൃഗതൃഷ്ണാം പ്രധാവതി**
**ഏകാദശേന്ദ്രിയചമൂ: പഞ്ചസൂനാവിനോദകൃത് (4-29-20)**

കഥയുടെ ആത്മീയവശം വിശദീകരിച്ചുകൊണ്ട് നാരദൻ പറഞ്ഞു: "പുരഞ്ജന (നഗരസൃഷ്ടി) ജീവനത്രെ. തൻെറ ശാശ്വതസുഹൃത്തായ അവിജ്ഞാതനെ (ഈശ്വരൻ: അറിയപ്പെടാത്തത്) മറന്നുകൊണ്ട് ജീവൻ സ്വന്തം വാസസ്ഥലമന്വേഷിക്കുന്നു. മനുഷ്യശരീരമാണ് ഉചിതമായ വാസസ്ഥലമെന്ന് കണ്ട് ജീവൻ, രണ്ടു കയ്യും രണ്ടു കാലും ഒൻപതു ദ്വാരങ്ങളുമുള്ള ശരീരത്തിൽ പ്രവേശിക്കുന്നു. യുവതി, മനുഷ്യബുദ്ധിയാണ്, പത്തിന്ദ്രിയങ്ങൾ അവളുടെ തോഴന്മാരും ഇന്ദ്രിയധർമ്മങ്ങൾ അവളുടെ തോഴിമാരുമത്രെ. പതിനൊന്നാമനായ വീരയോദ്ധാവാണ് മനസ്സ്. പുരഞ്ജനന് താമസിക്കാൻ പുരഞ്ജനി നൽകിയ പാഞ്ചാല രാജ്യം ഒൻപതു വാതിലുകളുള്ളതും ലൗകീകസുഖമനുഭവിക്കാനുള്ള ഇടവുമത്രെ.

ഒൻപതു വാതിലുകൾ: രണ്ടു കണ്ണുകൾ, രണ്ടു ചെവികൾ, രണ്ട് നാസാരന്ധ്രങ്ങൾ, വായ്, രണ്ട് വിസർജ്ജനാവയവങ്ങൾ എന്നിവയാണ്. അവ തുറക്കുന്ന ദിശകൾ എല്ലാവർക്കും അറിവുള്ളതാണ്. ഈ വാതിലുകളൂടെ അകത്തു താമസിക്കുന്നയാൾ പുറത്തുപോയി പലേ വിധത്തിലുള്ള സുഖങ്ങൾ തേടുന്നു. ഈ യാത്രകളിൽ കൂട്ടാളികളായി പഞ്ചേന്ദ്രിയങ്ങൾ, അവയുടെ ധർമ്മം എല്ലാം പുരഞ്ജനന് കൂട്ടു പോവുന്നു. കണ്ണുകളിൽക്കൂടി അയാൾ കാണുന്നു, മൂക്കിലൂടെ വാസനയറിയുന്നു, വായിലൂടെ ഭക്ഷണം അനുഭവിക്കുന്നതുകൂടാതെ സംസാരിക്കുന്നു, വലത്തേ ചെവിയിലൂടെ ലൗകീകമാർഗ്ഗങ്ങളെപ്പറ്റിയും ധാർമ്മീകമായ ചടങ്ങുകളെപ്പറ്റിയുമുള്ള ജ്ഞാനം സമ്പാദിക്കുന്നു. ഇടത്തേ ചെവിയിലൂടെ ആത്മശാന്തിയും ഭഗവൽഭക്തിയും ഉണ്ടാകുവാനുള്ള ജ്ഞാനം ആർജിക്കുന്നു, ഉൽപ്പാദനേന്ദ്രിയങ്ങളിലൂടെ ലൈംഗീകസുഖ മനുഭവിക്കുന്നു, വിസർജ്ജനാവയവങ്ങളിലൂടെ മാലിന്യം പുറത്തുകളയുന്നു.

കറുത്തിരുണ്ട ഇടനാഴികയിലേക്ക് നയിക്കുന്ന വാതിലുകൾ കൈകളും കാലുകളുമത്രേ. അവകൊണ്ടാണല്ലോ മനുഷ്യൻ പലകർമ്മങ്ങളും ചെയ്യുന്നത്. ഭാര്യയുടെ സാമീപ്യം അനുഭവിച്ച് രമിക്കുന്ന അന്ത:പുരമത്രേ ഹൃദയം. ഇവിടെ ജീവൻ, ബുദ്ധിയുമായോ മനസ്സുമായോ താദാത്മ്യം പ്രാപിച്ച് അവയുടെ ഗുണഗണങ്ങൾക്കടിമപ്പെടുന്നു. ജീവൻ സ്വതന്ത്രനും ഇളക്കമേശാത്തതുമാണെങ്കിലും ഈ താദാത്മ്യഭാവം കാരണം ജീവൻ സ്വയം കർത്താവായും, കർമ്മഫലഭോക്താവായും കരുതി വർത്തിക്കുന്നു.

രാജാവ് വേട്ടയാടാൻ പോയിരുന്നു എന്നു പറഞ്ഞല്ലോ. ശരീരംതന്നെയാണ് അഞ്ചുകുതിരകളെ (ഇന്ദ്രിയ ങ്ങളെ) പൂട്ടിയ രഥം. പുണ്യപാപകർമ്മങ്ങൾ രഥചക്രങ്ങൾ. ത്രിഗുണങ്ങൾ കൊടിമരങ്ങൾ. പഞ്ചപ്രാണന്മാർ കയറുകൾ. മനസ്സ് കടിഞ്ഞാൺ. ബുദ്ധി തേരാളി. ഹൃദയം ജീവൻെറ ഇരിപ്പിടം. ദ്വന്ദ്വതയുടെ തൂണുകൾ (സുഖദു:ഖങ്ങൾ തുടങ്ങിയവ) നുകമുറപ്പിക്കാനുള്ളയിടം. ഇന്ദ്രിയ ഭോഗവസ്തുക്കൾ രഹസ്യ അറകൾ. ഏഴു കവചങ്ങളുള്ള ശരീരത്തിൻെറ സുരക്ഷിത വലയങ്ങൾ. അഞ്ച് കർമ്മേന്ദ്രിയങ്ങൾ. അഞ്ചു തരത്തിലുള്ള ചലനങ്ങൾ. രഥത്തിൽ ജീവനങ്ങിനെ വിഹരിക്കുന്നു. ഇന്ദ്രിയസുഖമനുഭവിച്ചുകൊണ്ടുള്ള ജീവിതത്തെ മൃഗങ്ങളെ വേട്ടയാടി കൊല്ലുന്നതിനോടുപമിക്കാം."

**അഥാത്മനോർത്ഥഭൂതസ്യ യതോ*f*നർത്ഥപരമ്പരാ**
**സംസൃതിസ്തദ്വ്യവച്ഛേദോ ഭക്ത്യാ പരമയാ ഗുരൌ (4-29-36)**
**വാസുദേവേ ഭഗവതി ഭക്തിയോഗഃ സമാഹിതഃ**
**സധ്രീചീനേന വൈരാഗ്യം ജ്ഞാനം ച ജനയിഷ്യതി (4-29-37)**

നാരദമുനി തുടർന്നു: കഥയിൽ ഒരു വർഷത്തെ ചണ്ഡവേഗ എന്നു വിളിച്ചിരിക്കുന്നു. രാത്രിപകലുകളാണ് കറുത്ത പുരുഷന്മാരും വെളുത്ത സ്ത്രീകളും എന്നപേരിൽ പരാമർശിച്ചിട്ടുള്ളത്. ജരാനരകളുള്ള വാർദ്ധ്യക്യമാണ് ഭീകര രൂപിയായ കാലപുത്രിയായി പറഞ്ഞത്. മരണഭയം അവളുടെ സഹോദരിയും ജ്വരം അവളുടെ ഭർത്താവുമത്രെ. അവളുടെ തോഴരാണ് മാനസീകവും ശാരീരികവുമായുള്ള അസ്വാസ്ഥ്യങ്ങൾ. ഇവരെല്ലാം ജീവനെ ജന്മനിമിഷം മുതൽ നിർത്താതെ പീഢിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രാണൻ ഇവയെ തടഞ്ഞു നിർത്താൻ അവസാനം വരെ ശ്രമിക്കുമെങ്കിലും അവസാനം ആ ശക്തികൾക്കടിമപ്പെടുമ്പോൾ മരണം സംഭവിക്കുന്നു.

പലവിധത്തിലും പീഢിപ്പിക്കപ്പെട്ടാലും ഒരു നൂറു കൊല്ലമെങ്കിലും ഈ ദേഹത്തു കഴിഞ്ഞുകൂടുവാൻ ജീവൻ ആഗ്രഹിക്കുന്നു. തികച്ചും സർവ്വതന്ത്രസ്വതന്ത്രനെങ്കിലും ബുദ്ധിയും തദ്വാരാ ശരീരവുമായുള്ള താദ്വാത്മ്യഭാവം കൈക്കൊണ്ട് മോഹത്തിനടിമപ്പെട്ട് ജീവൻ ത്രിഗുണങ്ങളാൽ ബന്ധിക്കപ്പെട്ടു കഴിയുന്നു. ചിലപ്പോൾ സാത്വീകവും മറ്റുചിലപ്പോൾ രാജസീകവും താമസീകവുമായ കർമ്മങ്ങളിൽ ജീവൻ ഏർപ്പെടുന്നു. ഈ കർമ്മങ്ങളുടെ ഫലമനുസരിച്ച് ജീവൻ ചിലസമയം ദേവതകളായും ചിലപ്പോൾ സ്ത്രീയോ പുരുഷനോ നപുംസകമോ ആയും മറ്റുചിലപ്പോൾ മൃഗങ്ങളായും പുനർജനിക്കുന്നു. ഇതെല്ലാം കർമ്മഫലമനുസരിച്ചു മാത്രമാണ്. അങ്ങിനെ വാതിലുകൾതോറും തെണ്ടിനടക്കുന്ന പട്ടിയെപ്പോലെ ചില സ്ഥലത്തുനിന്നു ഭക്ഷണം, മറ്റിടങ്ങളിൽ നിന്നു തൊഴി, എല്ലാം കിട്ടി ജീവൻ കാമാസക്തിയിൽ മോഹിതനായി, നന്മതിന്മകൾ ചെയ്ത് ഫലം വാങ്ങിക്കൂട്ടുന്നു. സൽക്കർമ്മഫലമായി പരിണാമത്തിൻെറ പടികൾ കയറുകയും ദുഷ്ക്കർമ്മഫലമായി താഴോട്ടു പോവുകയും ചെയ്യുന്നു.

ഈ സംസാരസാഗരത്തിൽ (ലൗകീകതയിൽ) ജീവന്, ദുരിതങ്ങളിൽനിന്നുള്ള മുക്തിക്ക് സാദ്ധ്യതയില്ലതന്നെ. ദുരിതങ്ങളിൽനിന്ന് രക്ഷനേടാൻ ശ്രമിക്കുന്നതത്രയും ദുരിതമുണ്ടാക്കുന്ന കർമ്മങ്ങളത്രെ. ഒരു തോളത്തുനിന്ന് മറ്റേ തോളിലേക്ക് കഠിനമായ ഭാരം മാറ്റിവെക്കുമ്പോൾ ഭാരത്തിനൊരു കുറവും ഉണ്ടാകാത്തതുപോലെ, ജീവൻ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ദുഃഖങ്ങൾ അനുഭവിക്കുന്നു. പ്രതിവിധിക്കായി ചെയ്യുന്ന ഓരോന്നും കൂടുതൽ ദുഃഖങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. വെറും കർമ്മങ്ങൾക്കൊണ്ട് ദുഃഖശമനം സാദ്ധ്യമല്ല തന്നെ. മനസ്സുനിറയെ ഗുരുവിനോടും ഈശ്വരനോടുമുള്ള പ്രേമം നിറയുമ്പോൾ മാത്രമേ മനുഷ്യൻ മോചിതനാവുന്നുള്ളൂ. വാസുദേവനോട് അത്ര ഭക്തിയുണ്ടാവുമ്പോൾ വിരക്തിയും വിജ്ഞാനവും ഉണ്ടാവുന്നു.

മതപരമായ ചടങ്ങുകൾ ഈ അറിവും വിജ്ഞാനവും ഉണ്ടാക്കിത്തരികയില്ല. രാജൻ, ഭഗവദ്ഭക്തിയുണ്ടാക്കുവാനുതകുന്ന കർമ്മങ്ങൾ മാത്രമേ ശരിയായ സൽക്കർമ്മങ്ങളായി പരിഗണിക്കാവൂ. അതുകൊണ്ട് മിണ്ടാപ്രാണികളായ മൃഗങ്ങളെ കൊല്ലുന്ന ഈ യാഗകർമ്മാദികൾ നിർത്തിവെച്ച് ഭഗവൽകഥകളും മഹിമകളും കേട്ട് അവിടുത്തെ പാദത്തിൽ അഭയം തേടിയാലും. അങ്ങിനെ നിങ്ങൾക്ക് എല്ലാ ദുഃഖങ്ങളിൽ നിന്നും മോചനം ഉണ്ടാകുന്നതാണ്. വിശപ്പ്, ദാഹം, ഭയം, ദുഃഖം തുടങ്ങി എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചനം സാദ്ധ്യമത്രെ.

**ക്ഷുദ്രഞ്ചരം സുമനസാം ശരണേ മിഥിത്വാ
രക്തം ഷഡംഘ്രിഗണസാമസു ലുബ്ധകർണ്ണം
അഗ്രേ വൃകാനസുതൃപോ*f* വിഗണയ്യ യാന്തം
പൃഷ്ഠേ മൃഗം മൃഗയ ലുബ്ധകബാണഭിന്നം (4-29-53)**

നാരദമുനി തുടർന്നു: രാജാവേ, ഞാൻ അങ്ങയുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകി കഴിഞ്ഞു. മനോഹരമായ ഒരുദ്യാനത്തിൽ പുല്ലുമേയുന്ന ഒരു മാൻകിടാവിനെപ്പറ്റി ഒന്നു ഭാവന ചെയ്യൂ. കൂട്ടാളികളുമായി ഇടയ്ക്കെല്ലാം കളിച്ചുല്ലസിച്ച്, തേനീച്ചക്കൂട്ടങ്ങളുടെ പാട്ടു കേട്ടതുകഴിയുന്നു, എന്നാൽ തൊട്ടുമുന്നിൽ കൊതിയോടെ നോക്കി നിൽക്കുന്ന ചെന്നായും, പിറകിൽ ക്രൂരനായ നായാട്ടുകാരനും ഉണ്ട്. രാജാവേ, ആ മാൻകിടാവ് താങ്കൾ തന്നെ. ലൗകീക ജീവിതത്തിൻെറ എണ്ണമൊടുങ്ങാത്ത ദുരിതങ്ങളും, മരണമെന്ന നായാട്ടുകാരൻെറ ഭീഷണിയും ഉപേക്ഷിച്ചാലും. ഭഗവദ്പദപങ്കജങ്ങളിൽ അഭയം തേടിയാലും.

പ്രാചീനബർഹി പറഞ്ഞു. "മഹാമുനേ, അങ്ങയുടെ വിജ്ഞാനവെളിച്ചത്തിൽ എൻെറ മനസ്സിലെ തമസ്സ് അപ്രത്യക്ഷമായിരിക്കുന്നു. മഹാമുനികൾക്കു പോലും പിടികിട്ടാത്ത, ഇന്ദ്രിയാതീതമായ ആ പരമസത്യം അങ്ങെനിക്കു പറഞ്ഞു തന്നു. ജീവൻ ചെയ്യുന്ന സൽക്കർമ്മങ്ങളും ദുഷ്ക്കർമ്മങ്ങളുമനുസരിച്ച് വരും ജന്മങ്ങളിൽ ഫലമനുഭവിക്കുന്നു എന്നു ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ അത്തരം കർമ്മങ്ങൾ അവസാനിക്കുകയും വീണ്ടുമൊരിക്കലും അതുണ്ടാകാതാവുകയും ചെയ്യുമല്ലോ."

നാരദൻ പറഞ്ഞു: "ജീവിതം, മരണമെന്ന സംഭവത്തിനുശേഷവും തുടർന്നു കൊണ്ടേയിരിക്കും. കഴിഞ്ഞ ജന്മങ്ങളിലെ കർമ്മങ്ങളുടെ ഫലമനുസരിച്ച്, ഈ ജന്മത്തിൽ പഴയതുപോലെ അല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള ശരീരം സ്വീകരിക്കുന്നു. കർമ്മങ്ങളും തൽഫലമായുള്ള പുനർജന്മവും, 'ഞാൻ', 'എൻേറത്' എന്ന ഭാവങ്ങൾ കൊണ്ടുണ്ടാവുന്നതാണ്. പഞ്ചേന്ദ്രിയങ്ങളേയും അവയുടെ മായീകപ്രഭാവത്തിലുള്ള സങ്കലനത്തേയും പഠിക്കുന്ന ഒരാൾക്ക് മനസ്സിൻെറ അസ്ഥിത്വത്തെപ്പറ്റി അറിയാനാകുന്നു. അതുപോലെ മനസ്സിൻെറ ഭാവങ്ങളും വാസനയും പഠിക്കുമ്പോൾ പഴയജന്മങ്ങളുടെ കാര്യം ഒരുവനു മനസ്സിലാകുന്നു. മറ്റു ചിലപ്പോൾ നാമൊരിക്കലും ഈ ജന്മത്തിൽ കണ്ടിട്ടില്ലാത്ത കാര്യങ്ങളെപ്പറ്റി നാം ചിന്തിക്കുന്നു. ഒരിക്കലും കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത കാര്യങ്ങളെ ഉണ്ടാക്കിയെടുക്കാൻ മനസ്സിനു കഴിവില്ല. കഴിഞ്ഞ ജന്മങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഇത്തരം ചിന്തകളുണ്ടാവുന്നത്. മനസ്സിനു സ്വന്തമായി സൃഷ്ടിക്കാൻ കഴിവില്ലെങ്കിലും, അനുഭവങ്ങളെ പലേ രീതികളിൽ കൂട്ടിയും കുറച്ചും സങ്കൽപ്പിക്കുവാൻ അതിനു കഴിയും.

സൂക്ഷ്മശരീരം നിലനൽക്കുന്നിടത്തോളം കാലം 'ഞാൻ', 'എൻേറത്' എന്ന ഭാവങ്ങൾ പോവുകയില്ല. സൂക്ഷ്മശരീരത്തിനെ പതിനാറുതരത്തിൽ തിരിക്കാം. പഞ്ചപ്രാണന്മാർ, പത്തിന്ദ്രിയങ്ങൾ, പിന്നെ മനസ്സും. ഇവയിൽ ബോധസ്ഫുരണമുണ്ടാവുമ്പോൾ സൂക്ഷ്മശരീരത്തിന് ജീവൻ എന്നു് പറയുന്നു. ഈ സൂക്ഷ്മ ശരീരമാണ് ജനനമരണങ്ങളും, സുഖദു:ഖങ്ങളും ഉണ്ടാക്കുന്നത്. മനസ്സൊന്നു മാത്രമാണ് എല്ലാ ജനനമരണങ്ങൾക്കും കാരണം. അനുഭവിച്ച സുഖങ്ങളിൽ വീണ്ടും മുഴുകാനുള്ള മനസ്സിൻെറ ത്വരയാണ് പുനർജന്മമെടുത്ത് ബന്ധനത്തിലാണ്ടു പോവാനിടയാക്കുന്നത്. അജ്ഞാനത്തിലാണ്ട കർമ്മങ്ങളും, ആത്മീയജ്ഞാനമില്ലായ്മയും നിലനിൽക്കുന്നിടത്തോളം ജനനമരണങ്ങളും കാര്യകാരണചക്രങ്ങളുമായ ബന്ധനവും തുടർന്നുകൊണ്ടേയിരിക്കും. ഈ അജ്ഞാനനിവൃത്തിക്കായി ഭഗവാനെ ശരണം പ്രാപിച്ചാലും. ഈ വിശ്വം മുഴുവൻ അവിടുന്നാണെന്നു വിശ്വസിച്ച് ആ നിന്തുരുവടിയെ പൂജിച്ചാലും." ഇങ്ങിനെ പ്രാചീനബർഹിയെ ഉപദേശിച്ച് നാരദമുനി മടങ്ങി. മക്കളെ രാജ്യഭാരമേൽപ്പിച്ച് രാജാവ് വനവാസത്തിനു പോയി. അവിടെവച്ച് ആത്മസാക്ഷാത്ക്കാരം നേടി. ഈ കഥ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നയാൾക്ക് സൂക്ഷ്മശരീരത്തിൻെറ ബന്ധനത്തിൽനിന്നു് മോചനംലഭിക്കുന്നതാണ്.

**ഗൃഹേഷ്വാവിശതാം ചാപി പുംസാം കുശലകർമണാം**
**മദ്വാർത്തായാതമാനാം ന ബന്ധായ ഗൃഹാ മതാ: (4-30-19)**
**നവ്യവദ്ധ്യദയേ യജ്ഞോ ബ്രഹ്മൈതദ് ബ്രഹ്മവാദിഭി:**
**ന മുഹ്യന്തി നശോചന്തി നഹൃഷ്യന്തി യതോ ഗതാ: (4-30-20)**

പ്രചേതരുടെ തപസ്സിൻെറ ഫലമായി ഭഗവാൻ പ്രത്യക്ഷപ്പെട്ടതിൻെറ രീതിയും മഹിമയും, മൈത്രയൻ പറഞ്ഞു.: രുദ്രഭഗവാൻ പഠിപ്പിച്ച മന്ത്രങ്ങൾ ജപിച്ചുകൊണ്ട് തടാകക്കരയിൽ ഒരു പതിനായിരം കൊല്ലം പ്രചേതർ തപസ്സനുഷ്ഠിച്ചു. അപ്പോൾ ഭഗവാൻ സ്വയം പ്രത്യക്ഷപ്പെട്ടു. പ്രശാന്തവും തേജസ്സാർന്നതുമായ ഭഗവൽരൂപം അതീവസുന്ദരവും സുഖദായകവും, മഹിമാനിർഭരവുമായിരുന്നു. ഭഗവാൻ പ്രചേതരോട് പറഞ്ഞു. “ഒരു ലക്ഷ്യത്തിനായി ഒറ്റക്കെട്ടായി അച്ചടക്കത്തോടെ സഹോദരസ്നേഹത്തോടെ നിങ്ങൾ ഒരുമിച്ച് പരിശ്രമിക്കുകയാൽ നിങ്ങൾക്ക് ഈ ഭാഗ്യമുണ്ടായി. നിങ്ങളെക്കുറിച്ച് ദിവസം ഓർമ്മിക്കുകയെങ്കിലും ചെയ്യുന്നവർക്ക് സഹോദര സ്നേഹവും സർവ്വചരാചരങ്ങളോടുള്ള മമതയും ഉണ്ടാവുന്നതാണ്. രുദ്ര ഭഗവാൻ രചിച്ച മന്ത്രജപങ്ങളോടെ എന്നെ ഭജിക്കുന്ന ഏതൊരുവനും എൻെറ അനുഗ്രഹവും വരങ്ങളും ലഭ്യമത്രെ.

പ്രചേതരേ, നിങ്ങൾക്ക് താമസം വിനാ പ്രശസ്തനും, പ്രഗൽഭനുമായ ഒരു പുത്രനെ ലഭിക്കാൻ ഭാഗ്യം ഉണ്ടാവുന്നതാണ്. ഒരു അപ്സരസ്ത്രീയിൽ കാണ്ഡുമുനിക്ക് ജനിച്ചതാണ് നിങ്ങൾ വിവാഹം ചെയ്യാൻ പോകുന്ന സുന്ദരി. ജനിച്ചയുടനെ അവളെ അപ്സരസ് കാട്ടിലുപേക്ഷിച്ചു പോയി. കുട്ടിയെ മരങ്ങൾ കാത്തു രക്ഷിച്ചു. രാജസോമം (ചന്ദ്രഭഗവാൻ) കുട്ടിയെ അമൃതൂട്ടി വളർത്തി. അവളെ വിവാഹം ചെയ്താലും. അവളും നിങ്ങളുടെ പാത പിന്തുടർന്ന് നിങ്ങൾ ചെയ്യുന്ന കർമ്മധർമ്മങ്ങൾ തുടരുന്നതാണ്. ശരിയായ കർമ്മങ്ങൾ ചെയ്തും, എൻെറ മഹിമാവിശേഷങ്ങൾ കേട്ടും സമയം ചിലവഴിക്കുന്നവർക്ക് കുടുംബജീവിതം ഒരു ബന്ധനമല്ല തന്നെ. മഹാത്മാക്കളായ സത്യദർശികളിൽനിന്ന് ഹൃദയത്തിൽ ഭക്തിജ്ഞാനങ്ങളുടെ പുതു വെളിച്ചം കിട്ടിയവർ ഒരിക്കലും ദു:ഖത്തിനോ മായയ്ക്കോ അടിമപ്പെടുന്നതല്ല. അവർക്ക് ഇന്ദ്രിയസുഖത്തിന് മേൽ ആസക്തിയുണ്ടാകുന്നതുമല്ല. നിങ്ങളെല്ലാം ഹൃദയം സമ്പൂർണ്ണമായി സംശുദ്ധിയാർന്ന ശേഷം എൻെറ സവിധത്തിൽതന്നെ എത്തിച്ചേരും.”

പ്രചേതർ ഭഗവാനെ സ്തുതിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു: “കേവല മനസ്സ്, ഏതൊന്നിലാണോ നാനാത്വം ആരോപിക്കുന്നത്, ആ മഹത്തിന് നമോവാകം. സംസാരദു:ഖത്തിൽനിന്നു മോചനമേകുന്നവനും, ഭക്തരുടെ ഭഗവാനും, കൃഷ്ണനും, വാസുദേവനും, ശുദ്ധസത്വസ്വരൂപമായ ഹരിയുമായ അവിടേയ്ക്ക് നമസ്കാരം. നാഭിയിൽ താമരയും, കാലിണകൾ താമരപോലുള്ളതും, താമരമാലകൾ മാറിടത്തെ അലങ്കരിക്കുന്നതുമായ ഭഗവാനെ ഞങ്ങൾ നമസ്കരിക്കുന്നു. ഈ സംസാരചക്രത്തിൽ കഴിയാൻ ഞങ്ങൾക്ക് വിധിയുള്ളിടത്തോളം ഞങ്ങൾക്കൊരപേക്ഷ മാത്രം. എപ്പോഴും അവിടുത്തെ കഥകൾ കേൾക്കുമാറാകണം, സത്സംഗം സാധിക്കണം. ഭഗവൽഭക്ത സത്സംഗമാണല്ലോ ഏറ്റവും വലിയ വരം. അങ്ങയുടെ ഏറ്റവും വലിയ ഭക്തനായ പരമശിവനെ ഒരുമാത്രകണ്ടതുമൂലം അവിടത്തെ ദർശനം സാദ്ധ്യമായി എന്നത് സത്സംഗമാഹാത്മ്യം തെളിയിക്കുന്നുണ്ടല്ലോ.” ഭഗവാൻ വരം നൽകി അപ്രത്യക്ഷനായി. പ്രചേതർ തടാകത്തിൽനിന്നു പുറത്തുവന്നപ്പോൾ, ചുറ്റുപാടും ഉയർന്നു വളർന്ന മരങ്ങൾ അവരുടെ ആകാശ വീക്ഷണത്തെ തടസപ്പെടുത്തിയതിൽ അവർ കുപിതരായി. എല്ലാ മരങ്ങളും അവർ കത്തിച്ചു കളയാൻ തുടങ്ങി. മരങ്ങളുടെ സൃഷ്ടാവിൻെറ നിർദ്ദേശപ്രകാരം അവ പ്രചേതരോട് കാരുണ്യം യാചിക്കുകയും, അവരുടെ വളർത്തു പുത്രിയായ സുന്ദരിയെ അവർക്കു കന്യാദാനം ചെയ്യാമെന്നു പറയുകയും ചെയ്തു. പ്രചേതർ അവളെ വിവാഹം ചെയ്തു. അവളിൽ ദക്ഷൻ ജനിച്ചു. ഈ ദക്ഷനെയാണ് കഴിഞ്ഞ ജന്മത്തിൽ പരമശിവൻ കൊന്നത്. സൃഷ്ടാവ് സൃഷ്ടിക്കപ്പെട്ട എല്ലാ ജീവജാലങ്ങളുടേയും അധിപനായി ദക്ഷനെ വാഴിച്ചു. പുന:സൃഷ്ടിയുടെ ചുമതല മുഴുവനും ദക്ഷനു നൽകുകയുംചെയ്തു.

**ശ്രേയസാമപി സർവേഷാമാത്മാ ഹ്യവധിരർത്ഥത:**
**സർവ്വേഷാമപി ഭൂതാനാം ഹരിരാത്മാ$ff$ത്മദ: പ്രിയ: (4-31-13)**
**നഭജതി കുമനീഷിണാം സ ഇജ്യാം ഹരിരധനാത്മധനപ്രിയോ രസജ്ഞ:**
**ശ്രുതധനകുലകർമ്മണാം മദൈര്യേ വിദധതി പാപമകിഞ്ചനേഷു സത്സു (4-31-21)**

മൈത്രേയൻ തുടർന്നു: പലേ വർഷങ്ങൾ കഴിഞ്ഞുപോയി. പ്രചേതർ ഭഗവാൻ വിഷ്ണുവിൻെറ വാക്കുകൾ ഓർമ്മിച്ചു. മനസ്സിലുദിച്ച ഉണർവിൻെറ വെളിച്ചത്തിൽ ഭാര്യയായ മാരീശയെ മകനായ ദക്ഷൻെറ ചുമതലയിൽ ഏൽപ്പിച്ചിട്ട് അവർ വീടുവിട്ടു പോയി. ആത്മജ്ഞാനലാഭത്തിനായി അവർ മനസ്സുകൊണ്ടും, വാക്കുകൾ കൊണ്ടും, പ്രാണൻകൊണ്ടും സംയമനത്തോടെ ഭഗവൽസ്മരണ ചെയ്തു. യോഗമാർഗ്ഗങ്ങളിൽ അവർ പ്രവീണരായിരുന്നു. ആ സമയം നാരദൻ അവിടെ ചെല്ലുവാനിടയായി. ഭഗവാൻ വിഷ്ണുവും മഹാദേവനും പറഞ്ഞു കൊടുത്ത വിജ്ഞാനം ഏതാണ്ട് മിക്കവാറും മറന്നുപോയിരിക്കുന്നു എന്നും ആയതിനെ വീണ്ടുമൊന്ന് തെളിച്ചെടുക്കാൻ സഹായിക്കണമെന്നും നാരദമുനിയോടവരഭ്യർത്ഥിച്ചു.

നാരദമുനി പറഞ്ഞു: പ്രചേതരേ, നിങ്ങൾ ചെയ്യുന്ന ഏതൊരു കർമ്മവും ഭഗവാൻ ഹരിയുടെ നേർക്കുള്ള ഭക്തിസാധനയല്ലെങ്കിൽ വ്യർത്ഥമത്രെ. ഭഗവാൻ ഭക്തപ്രിയനാണ്. ഏറ്റവും പ്രിയപ്പെട്ടതും അനുഗൃഹീതമായതും വിലപിടിച്ചതും ആയ എന്തെല്ലാമുണ്ടോ അതിൻെറയെല്ലാം ആകത്തുകയാണ് ആത്മാവ്. ഭഗവാൻ ഹരി എല്ലാ ജീവജാലങ്ങളുടേയും ആത്മസത്തയത്രെ. അതുകൊണ്ടുതന്നെ എല്ലാവർക്കും ഏറ്റവും പ്രിയപ്പെട്ടതും ഭഗവാൻ തന്നെ. ഒരു മരത്തിൻെറ ശാഖകളും ഇലകളും തടിയുമെല്ലാം വേരിൽ വെള്ളമൊഴിക്കുന്നതിൻെറ ഫലമായി തഴച്ചു വളരുന്നു. അതുപോലെ ഭഗവാനെ പ്രസാദിപ്പിച്ചാൽ ലോകത്തിലുള്ള എല്ലാത്തിനേയും പ്രസാദിപ്പിച്ചതിനു തുല്യം. വിശ്വം മുഴുവൻ പ്രസാദമാനമാവുന്നു. ഭഗവാൻ മാത്രമെ സത്തായി നില കൊള്ളുന്നുള്ളൂ. ഇത് സത്യം. സൂര്യൻ സത്തും, സൂര്യകിരണങ്ങൾ സൂര്യനെ ആശ്രയിച്ചു നിലകൊള്ളുന്നു എന്നും പോലെയാണത്. ആകാശത്തു പ്രത്യക്ഷമാകുകയും നശിക്കുകയും ചെയ്യുന്ന മഴമേഘങ്ങൾ പോലെയാണ് ദ്രവ്യവസ്തുക്കൾ അവതരിക്കുകയും അപ്രത്യക്ഷമാവുകയും അനന്തതയിൽ വിലയമാകുകയും ചെയ്യുന്നത്. അനന്തമായ ആ പരമോന്നതസ്ഥിതിയിൽനിന്നും വേറിട്ടൊരു അസ്ഥിത്വം ആർക്കുമില്ല. അതുകൊണ്ട് ആ ഭഗവാൻ തന്നെയാണ് സ്വന്തം ആത്മഭാവമെന്നറിഞ്ഞ് ആ നിന്തിരുവടിയെ എപ്പോഴും പൂജിച്ചാലും. പക്ഷെ എങ്ങിനെയാണതു സാധിക്കുക? എല്ലാ ജീവജാലങ്ങളോടും കരുണകാണിക്കുക. സംതൃപ്തിയോടെ ജീവിച്ച്, കിട്ടുന്നതിൽ പ്രസാദബുദ്ധിയോടെ കഴിയുമ്പോൾ ഇന്ദ്രിയ ശമനം ഉണ്ടാകുന്നു. ഭഗവാൻ ഇതിനാൽ ക്ഷിപ്രപ്രസാദിയത്രെ. ഇന്ദ്രിയസുഖഭോഗങ്ങളോടുള്ള ആസക്തി കളഞ്ഞ ഭക്തൻെറ ഹൃദയത്തിൽ ഭഗവാൻ ബന്ധനസ്ഥനാണ്. സ്വയം ഭഗവാൻ മാത്രം സ്വത്തെന്നു കരുതുന്ന ഭക്തനെ ഭഗവാന് ഏറെ പ്രിയം. അതുകൊണ്ട് ജ്ഞാനം, സമ്പത്ത്, കുടുംബമഹിമ, തൊഴിൽ എന്നിവയിൽ അഭിമാനവും അഹങ്കാരവുമുള്ളവർ നൽകുന്ന പൂജകളിൽ ഭഗവാൻ സംപ്രീതനല്ലതന്നെ. ദരിദ്രനും ശുദ്ധനുമായ ഭക്തനെ നിന്ദിക്കുന്ന സമ്പന്നഭക്തനേയും ഭഗവാന് പ്രിയമില്ല. ലക്ഷ്മീദേവി, സ്വയം ഭഗവാൻെറ സവിധത്തിലുണ്ടെങ്കിലും ഭഗവാൻ ഭക്തന്മാരുടെ ആജ്ഞാനുവർത്തിയും ഭക്തദാസനുമത്രെ. വിജ്ഞാനമുള്ള ഏതൊരുവനും തൻെറ എല്ലാമെല്ലാമായി ഭഗവാനിൽ മനസിലുറപ്പിക്കേണ്ടതാണ്. പ്രചേതരെ അങ്ങിനെ ഉപദേശിച്ച് നാരദമുനി തൻെറ വഴിക്കു പോയി. ഭഗവാനെ ധ്യാനിച്ച് പ്രചേതർ സായൂജ്യവും നേടി.

ശുകമുനി പറഞ്ഞു: മൈത്രേയമുനിയുടെ നാവിൽനിന്നുമാണ് വിദുരർ ഈ കഥ കേട്ടത്. അദ്ദേഹം മുനിയെ വണങ്ങി ഹസ്തിനപുരിയിലേക്ക് പുറപ്പെട്ടു. ഈ കഥകൾ കേൾക്കുകയും ഭഗവാൻ വിഷ്ണുവിൻെറ ഭക്തന്മാരായ രാജാക്കന്മാരുടെ ജീവചരിത്രം അറിയുകയും ചെയ്യുന്ന ഏതൊരുവനും സമ്പൽസമൃദ്ധിയും ദീർഘായുസ്സും സർവ്വാനന്ദവും ഈ ലോകത്തിൽ ലഭിക്കുകയും ആത്മസാക്ഷാൽക്കാരത്തിന് അർഹതയുണ്ടാവുകയും ചെയ്യുന്നു.

**അഞ്ചാം സ്കന്ദം ആരംഭം**

**ന തസ്യ കശ്ചിത്തപസാ വിദ്യയാ വാ നയോഗവീര്യേണ മനീഷയാ വാ**
**നൈവാർത്ഥധർമ്മൈ: പരത: സ്വതോവാ കൃതം വിഹന്തും തനുഭൃദ്വിഭൂയാത് (5–1–12)**

ശുകമുനി പറഞ്ഞു: രാജൻ, ഭഗവൽപദകമലങ്ങളുടെ അമൃതത്വം അനുഭവിച്ച ഒരുവൻ അവയെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ചിലപ്പോൾ അവരുടെ ഭക്തിസാധന തടസ്സപ്പെട്ടുവെന്നിരിക്കുമെങ്കിലും അവർ ആ പദകമലങ്ങളിലേക്ക് തിരിച്ചുവരിക തന്നെ ചെയ്യും. സ്വയംഭുവമനുവിൻെറ പുത്രനായ പ്രിയവ്രതൻ നാരദനിൽനിന്നും, ഭഗവൽപ്പാദങ്ങളിൽ സമർപ്പിക്കേണ്ട ഭക്തഹൃദയത്തെപ്പറ്റി കേട്ടറിഞ്ഞിട്ട് ലൗകീകജീവിതം അവസാനിപ്പിക്കാൻ തുനിഞ്ഞു. ആ സമയം സൃഷ്ടാവ് മുനിമാരോടും ദേവതകളോടും കൂടി അവിടെ പ്രത്യക്ഷപ്പെട്ട് രാജകുമാരനെ ഉപദേശിച്ചു. പ്രിയവ്രതൻ സൃഷ്ടാവിനേയും മാമുനിമാരേയും സ്വാഗതം ചെയ്തു പൂജിച്ചു.

പിന്നീട് ബ്രഹ്മാവു പറഞ്ഞു: "മകനേ, ഞങ്ങൾ ദേവന്മാർ പോലും ത്രിഗുണങ്ങളാലും ദേവലോകങ്ങളാലും ബന്ധിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ആ നിന്തിരുവടിയുടെ ആജ്ഞാനുവർത്തികളായി അവിടത്തെ പരിപൂർണ്ണ നിയന്ത്രണത്തിലത്രേ ഞങ്ങൾ കഴിയുന്നത്." ഭഗവേച്ഛ മാറ്റുവാൻ ഒരു ജീവിക്കും സാദ്ധ്യമല്ല തന്നെ. തപസ്സുകൊണ്ടോ ജ്ഞാനയോഗത്തിലൂടേയൊ യോഗശക്തിയിലൂടേയോ ബുദ്ധിശക്തിയിലൂടേയൊ സ്വന്തം കർമ്മശക്തിയിലൂടേയോ മറ്റുള്ളവരുടെ സഹായത്തോടെയോ ഇതു സാദ്ധ്യമല്ല. സ്വതന്ത്രനായ ആത്മാവ്പോലും ശരീരത്തിൽനിന്നു വിട്ടുവെങ്കിലും കർമ്മബന്ധത്തിൻെറ ശക്തിമൂലം ഇഹലോകത്തിൽ വാസം തുടരുന്നു. കർമ്മഫലത്തിൻെറ പ്രഭാവം തീരുന്നതുവരെ ഇതു തുടരും. ഒരുവൻ വനവാസം നയിച്ചാലും സ്വയം ഇന്ദ്രിയനിഗ്രഹം നടത്തിയവനല്ലെങ്കിൽ ജനനമരണചക്രങ്ങളിൽനിന്ന് അവന് മോചനമില്ല. എന്നാൽ ഒരുവൻെറ മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രണാധീനമെങ്കിൽ അവൻ ഗൃഹസ്ഥാശ്രമിയെങ്കിലും അവനെ ലൗകീകജീവിതം ബന്ധനത്തിലാഴ്ത്തുന്നില്ല. നീ സ്വയം ഇന്ദ്രിയസംയമനം നേടിയവനാകയാൽ ഈ ഭൂഗോളം ഭരിക്കാൻ ഏറ്റവും യോഗ്യനത്രെ. സൃഷ്ടാവ് ഇത്രയും പറഞ്ഞ് അപ്രത്യക്ഷനായി. പ്രിയവ്രതനെ ഭൂമിയുടെ ചുമതല ഏൽപ്പിച്ച് മനു വനവാസത്തിന് പോയി. പ്രിയവ്രതൻ ബർഹിസ്മതി (വിശ്വകർമ്മൻെറ പുത്രി)യെ വിവാഹം ചെയ്തു. അവർക്ക് പത്ത് പുത്രന്മാർ. അഗ്നിയുടെ പര്യായങ്ങളായ നാമധേയങ്ങൾ കൊണ്ട് അവർ അറിയപ്പെട്ടു. ഒരു പുത്രിയും അവർക്കുണ്ടായിരുന്നു. പുത്രന്മാരിൽ കവി, മഹാവീരൻ, സാവനൻ എന്നിവർ നിത്യബ്രഹ്മചര്യം സ്വീകരിച്ച് ആത്മസാക്ഷാൽക്കാരമാർഗ്ഗം തേടി. ഉത്തമൻ, താമസൻ, രൈവതൻ, എന്നീ പുത്രന്മാർ പിന്നീട് ഭൂമിയെ ഒരു യുഗത്തോളം ഭരിച്ചു. പ്രിയവ്രതൻ, രാജാവും ചക്രവർത്തിയുമായി വാണ് ലക്ഷ്യബോധം തന്നെ നഷ്ടപ്പെട്ടതുപോലെ ലൗകീക ജീവിതത്തിൽ മുഴുകിക്കഴിഞ്ഞു. സൂര്യൻ ഭൂഗോളത്തിൻെറ ഒരു പകുതി മാത്രമേ ഒരു സമയം പ്രകാശിപ്പിക്കുന്നുള്ളൂ എന്നു കണ്ട് മറ്റേ പകുതിയേയും പ്രകാശിപ്പിക്കാൻ പ്രിയവ്രതൻ തീരുമാനിച്ചു. ഭൂമിയുടെ ഇരുണ്ട പകുതിക്കു മുകളിലൂടെ പ്രഭാപൂർണ്ണമായ ഒരു ആകാശവാഹനത്തിൽ (ഉപഗ്രഹത്തിൽ) സഞ്ചരിച്ച് അദ്ദേഹം ഇരുട്ടില്ലാതാക്കി. ഭൂമിക്കു മുകളിലൂടെ ഏഴുതവണ ചുറ്റിയാണ് അദ്ദേഹമിതു സാധിച്ചത്. ഈ കാലത്ത് ഭൂമി ഏഴു ഭൂഖണ്ഡങ്ങളായി തിരിച്ച് തൻെറ പുത്രന്മാർക്ക് അധികാരവും നൽകി. താമസിയാതെ തനിക്കു നഷ്ടപ്രായമായ വിജ്ഞാനത്തിൻെറ ഉണർവ് അദ്ദേഹത്തിലുണ്ടായി. അങ്ങിനെ ഗൃഹസ്ഥാശ്രമജീവിതമുപേക്ഷിച്ച് ഭഗവൽസ്മരണയിൽ മുഴുകി അദ്ദേഹം ജീവിച്ചു. പ്രിയവ്രതൻെറ മഹിമയെപ്പറ്റിയുള്ള സ്തുതി ഇതാണ്. "ഭഗവാൻെറ അനുഗ്രഹമില്ലാതെ പ്രിയവ്രതൻ നേടിയതെല്ലാം ഒരുവന് എങ്ങിനെയാണ് നേടാനാവുക ? അദ്ദേഹം ഭൂഗോളത്തിൻെറ ഇരുട്ട് നീക്കാൻ യത്നിക്കുകയും ഭൂമിയെ ഏഴു ഭൂഖണ്ഡങ്ങളാക്കി തിരിക്കുകയും ചെയ്തു. ഭരണസൗകര്യാർത്ഥമാണ് ഭൂമിയെ ഏഴായി തിരിച്ച് പുത്രന്മാരെ ഏൽപ്പിച്ചത്. അവസാനം ത്രിലോകസുഖങ്ങളെല്ലാം ഉപേക്ഷിച്ച് ഭഗവൽഭക്തന്മാർക്ക് സേവനം നൽകി അദ്ദേഹം ജീവിച്ചു."

(ഏഴു ഭൂഖണ്ഡങ്ങളെ ആകാശത്തിലെ ഏഴു ഭ്രമണപഥങ്ങളായും കണക്കാക്കാം. ഭൂഖണ്ഡങ്ങളെ തിരിക്കുന്ന സമുദ്രങ്ങളുണ്ടായത് ആകാശത്തു നിന്നും പൊട്ടിവീണ ഉപഗ്രഹങ്ങൾ (ഉൽക്കകൾ) കൊണ്ടാണെന്നുള്ളതും സ്മരണീയമാണ്)

## ആഗ്നിധ്രോ രാജാ തൃപ്ത: കാമാനാമപ്സരസമേവാനുദിനമധിമന്യമാനസ്തസ്യാ: സാലോകതാം ശ്രുതിഭിരവാവരുന്ധ യത്ര പിതരോ മാദയന്തേ (5-2-22)

ശുകമുനി തുടർന്നു: പ്രിയവ്രതൻ ഭക്തിസാധനയിൽ മുഴുകിക്കഴിയുമ്പോൾ അദ്ദേഹത്തിൻെറ പുത്രൻ അഗ്നിധരൻ ജംബൂദ്വീപരാജ്യത്തെ നിയമാനുസൃതമായും നീതിപരമായും ഭരിച്ചു പോന്നു. തൻെറ കുടുംബത്തിൻെറ ധാർമ്മീകപാരമ്പര്യം നിലനിർത്താൻ ഗൃഹസ്ഥനായ ഒരുവൻ പുത്രലാഭത്തിനായി ആഗ്രഹിക്കുമല്ലോ. പിതൃക്കളെ പ്രസാദിപ്പിക്കുന്നതിനും ഒരു മകൻ വേണമല്ലോ. രാജാവ്, ഈ ആഗ്രഹനിവൃത്തിക്കായി സകലചരാചരസൃഷ്ടാവായ ഭഗവാനെ ധ്യാനിച്ചു. സൃഷ്ടാവ് ഒരു അപ്സരസ്സായ പൂർവ്വചിത്തിയെ അഗ്നിധരൻ ധ്യാനത്തിലിരിക്കുന്ന സ്ഥലത്തേക്ക് പറഞ്ഞുവിട്ടു. മന്ദരപർവ്വതത്തിൽ, അഗ്നിധരൻ തീവ്രധ്യാനത്തിലിരിക്കുന്ന സ്ഥലത്ത് പൂർവ്വചിത്തി എത്തിച്ചേർന്നു. അവിടെ ഉല്ലസിച്ചു നടന്നു. പ്രണയസാന്ദ്രമായ അന്തരീക്ഷം. പക്ഷികളുടെ കളകൂജനവും തേനീച്ചകളുടെ മൂളൽ സംഗീതവും കാട്ടുപൂക്കളുടെ സൗരഭ്യം പേറിയ മന്ദമാരുതനും ഉല്ലാസോദ്യാനങ്ങളും എല്ലാം കൊണ്ടും അവിടം ചേതോഹരമായിരുന്നു. രാജാവ് പതുക്കെ കണ്ണുതുറന്നപ്പോൾ കണ്ടത് അപ്സരസ്സിനെയാണ്. പ്രഥമദൃഷ്ട്യാ പ്രേമാകൃഷ്ടനായി അദ്ദേഹം പറഞ്ഞു.

“ഈ വനത്തിലിങ്ങിനെ കളിച്ചുല്ലസിക്കുന്ന നീ ആരാണ് ? മുനിമാരിലൊരാളാണോ ? നിൻെറ മുഖത്ത് രണ്ടു വില്ലുകൾ ഞാൻ കാണുന്നു. ആയത് ആത്മരക്ഷക്കുള്ള ആയുധമോ അതോ എന്നേപ്പോലെ ശക്തിഹീനരായവരെ കീഴടക്കുവാനുള്ളതോ? വില്ലിനു താഴെയുള്ള കണ്ണുകളിൽ നിന്നുള്ള നീണ്ട നോട്ടങ്ങളാകുന്ന അമ്പുകൾ ആർക്കു നേരെയാണ് നീ അയക്കുന്നത്? നിൻെറ ചുറ്റും മുരളുന്ന തേനീച്ചകൾ വൈദീകമന്ത്രം ചൊല്ലി നിന്നെ പൂജിക്കുകയാണോ എന്നെനിക്ക് തോന്നിപ്പോകുന്നു. മുനിമാർ ധരിക്കുന്ന വൽക്കലത്തിനു പകരം മഞ്ഞപ്പട്ടുപുടവയാണല്ലോ നീ ധരിച്ചിരിക്കുന്നത്. നിൻെറ മാറിടത്തിലെ ആ രണ്ടു കൊമ്പുകൾ എനിക്ക് വളരെ ഇഷ്ടമായിരിക്കുന്നു. അവയിൽ നീ എന്താണ് ഒളിപ്പിച്ചു വെച്ചിരിക്കുന്നത് ? നിൻെറ ജന്മദേശത്തെപ്പറ്റിയും എനിക്കറിയണം. അവിടെനിന്നാണല്ലോ നിന്നെപ്പോലെ മാറിടത്തിൽ കൊമ്പുകളുള്ള സൗന്ദര്യധാമങ്ങൾ വരുന്നത്. എന്നേപ്പോലെ മന:സ്ഥൈര്യമില്ലാത്തവരുടെ മനസ്സുലയ്ക്കാൻ പോന്നതാണ് ആ അപൂർവ്വജോടി അവയവങ്ങൾ. തീർച്ചയായും നീ ഭഗവാൻ വിഷ്ണുവിൻെറ ഒരു കിരണം തന്നെയാണ്. വിശ്വനാഥനാണല്ലോ ഭഗവാൻ. നീയെൻെറ മനസ്സിനെ പിടിച്ചുകെട്ടിയിരിക്കുന്നു. നീ പന്തടിച്ചു കളിക്കുന്നതു കാണുവാൻ തന്നെ എത്ര മനോഹരം. കാറ്റിൻെറ കുസൃതിയാൽ നിൻെറ വസ്ത്രം ഉലയുന്നതും എൻെറ അവസ്ഥയെ തീവ്രതരമാക്കുന്നു. ഇത്രയും മനോഹരമായ രൂപവിശേഷം കൈവരുത്താൻ ചെയ്യേണ്ട തപ:ശ്ചര്യകൾ എന്താണ്? മറ്റു മുനിമാരുടെ തപ:ശ്ചര്യകൾക്ക് ഭംഗം വരുത്താനുതകുന്ന രൂപഭംഗിയാണ് നിനക്കതുകൊണ്ടു കൈവന്നിട്ടുള്ളത്. നിന്നെക്കൂടാതെ എനിക്ക് ജീവിക്കുവാൻ വയ്യ. ഈശ്വരൻ എനിക്കായി വിട്ടതാണു നിന്നെ എന്നു ഞാൻ വിശ്വസിക്കുന്നു. നിനക്കിഷ്ടമുള്ള സ്ഥലത്തേക്ക് എന്നെ കൊണ്ടു പോയാലും.”

പൂർവ്വചിത്തിയും രാജാവിൽ അനുരക്തയായി. അങ്ങിനെ രാജാവിൻെറ പട്ടമഹിഷിയായി. അവർക്ക് നാഭി, കിംപുരുഷ, ഹരിവർ, ഇലാവൃത, രമ്യക, ഹിരൺമയ, കുരു, ഭദ്രാശ, കേതുമാല ഇങ്ങിനെ ഒൻപതു പുത്രന്മാർ. അവരെല്ലാം ശക്തരും അതികായരുമായിരുന്നു. രാജാവ് ഭരണച്ചുമതല അവർക്കായി വീതിച്ചു നൽകി. പൂർവ്വചിത്തി, ബ്രഹ്മലോകത്തേക്ക് തിരിച്ചു പോയി. രാജാവിന് ഇന്ദ്രിയസുഖസംതൃപ്തി ഇനിയും കൈവന്നിട്ടില്ലാത്തതിനാൽ പൂർവ്വചിത്തിയെത്തന്നെ ധ്യാനിച്ച് പിതൃലോകത്ത് അവളുടെ സവിധത്തിൽ എത്തിച്ചേർന്നു. അഗ്നിധരൻെറ ഒൻപതു പുത്രന്മാർ മേരുവിൻെറ പുത്രിമാരെ വിവാഹം ചെയ്തു.

**പരിജനാനുരാഗവിരചിതശബള സംശബ്ദ സലിലസിതകിസലയതുളസികാ ദുർവാങ്കുരൈരപി സംഭൃതയാ സപര്യയാ കില പരമ പരിതുഷ്യസി (5-3-6)**
**അഥ കഥഞ്ചിത് സ്ഖലനക്ഷുത്പതനജൃംഭണ ദുരവസ്ഥാനാദിഷു വിവശാനാം ന: സ്മരണായ ജ്വരമരണദശായാമപി സകലകശ്മലനിരസനാനി തവ ഗുണ കൃത നാമധേയാനി വചന ഗോചരാണി ഭവന്തു (5-3-12)**

ശുകമുനി തുടർന്നു: നാഭിരാജൻ മേരുദേവിയെ വിവാഹം ചെയ്തു. അവർക്ക് കുറേക്കാലത്തേയ്ക്ക് കുട്ടികളൊന്നുമുണ്ടായില്ല. അതുകൊണ്ട് ഭഗവൽപ്രസാദത്തിനായി പ്രത്യേക തരത്തിലുള്ള ഒരു യാഗം നടത്താൻ അവർ തീരുമാനിച്ചു. പ്രവർജ്യം എന്ന ഈ യാഗം തീരുന്നതിനുമുൻപേ തന്നെ ഭഗവാൻ പ്രത്യക്ഷനായി. ഭക്തരുടെ അഭിലാഷങ്ങളേതും നിറവേറ്റാൻ തക്ക കരുണാർദ്രമാണല്ലോ ഭഗവൽഹൃദയം. ഭഗവാൻ തൻെറ പ്രഭാപൂർണ്ണിമയോടെ യാഗശാലയിൽ കൂടിയ ഭക്തജനത്തിനു മുൻപിലങ്ങിനെ നിലകൊണ്ടു. രാജാവും പുരോഹിതരായ ബ്രാഹ്മണരും ഭക്തി സമ്പൂർണ്ണമായ ഭാഷയിൽ ഭഗവാനെ പ്രകീർത്തിച്ചു.

“പരബ്രഹ്മസ്വരൂപമായ ഭഗവാനേ, അവിടുത്തെ മഹിമകൾ എങ്ങിനെ വർണ്ണിക്കുവാനാകും? വിജ്ഞാനികളും ഭക്തരുമായ മനീഷികൾ അങ്ങയെ പ്രകീർത്തിക്കാൻ ഭാഷകളും മനുഷ്യബുദ്ധിയും കൊണ്ട് സാദ്ധ്യമല്ല എന്നു മനസിലാക്കിയതുകൊണ്ടാണ് നമ: എന്ന പദം കൊണ്ട് പൂജകൾ ചെയ്യാൻ ഞങ്ങൾക്കു പ്രേരണയുണ്ടായത്. അങ്ങ് ഭക്തരുടെ ഏറ്റവും ചെറിയ പ്രാർത്ഥനകളിൽപ്പോലും സംപ്രീതനാണല്ലോ. ഭക്തിപ്രേമത്തോടെ അൽപ്പം ജലം, തുളസിലയില അല്ലെങ്കിൽ ദർഭപുല്ല് അർപ്പിച്ചു പൂജിച്ചാൽ അങ്ങയെ പ്രസാദിപ്പിക്കാം. അങ്ങാണല്ലോ മനുഷ്യജീവിതത്തിൻെറ ലക്ഷ്യവും മാർഗ്ഗവും. മനുഷ്യൻെറ ഏറ്റവും വലിയ നേട്ടവും അവിടത്തെ സാക്ഷാൽക്കരിക്കുക തന്നെയാണ്. എന്നിട്ടും ഞങ്ങൾ ചെറിയ സ്വാർത്ഥമോഹങ്ങൾക്കായി അങ്ങയെ പ്രാർത്ഥിക്കുന്നു. അങ്ങയെ ഏറ്റവും ഉചിതമായ രീതിയിൽ സമീപിച്ച് പ്രാർത്ഥിച്ചില്ലെങ്കിൽ കൂടി ഭക്തർക്ക് അനുഗ്രഹമേകാൻ എന്നും അവിടുന്ന് തയ്യാറായിരിക്കുന്നു എന്ന് ഞങ്ങളെ മനസിലാക്കാനാണല്ലോ അങ്ങിപ്പോൾ പ്രത്യക്ഷനായിരിക്കുന്നത്. ഞങ്ങളുടെ പൂജകളും മഹിമാവർണ്ണനകളും അങ്ങേയ്ക്കുവേണ്ടിയല്ല തന്നെ. അവിടുത്തേക്ക് അതുകൊണ്ട് പ്രയോജനമൊന്നുമില്ല. എങ്കിലും ഇതിൽ താൽപ്പര്യമുണ്ടെന്ന മട്ടിൽ ഞങ്ങൾക്ക് മുന്നിൽ പ്രത്യക്ഷനായി ഭഗവൽധ്യാനം കൊണ്ട് ഞങ്ങൾക്ക് അനുഗ്രഹമേകാൻ അങ്ങ് നൽകുന്ന അവസരമാണല്ലോ ഇത്. ആ മഹിമാകഥകളിൽ മനസ്സു നിറച്ച് ഭഗവൽപ്രകീർത്തനം നടത്തുക മാത്രമാണ് ഞങ്ങളുടെ കടമ. അതുകൊണ്ട് ഞങ്ങൾ തുമ്മുമ്പോഴും, തട്ടിവീഴുമ്പോഴും, കോട്ടുവായിടുമ്പോഴും, ദു:ഖമുണ്ടാകുമ്പോഴും, ജ്വരബാധയുണ്ടാവുമ്പോഴും, മരണക്കിടക്കയിലും നിസ്സഹായാവസ്ഥയിലും അശക്തരായിരിക്കുമ്പോഴും അവിടത്തെ നാമം ഞങ്ങളുടെ നാവിലുദിക്കാൻ അനുഗ്രഹിച്ചാലും. പാപനാശകവും ആത്മാവിനെ രക്ഷിക്കാനുതകുന്നതുമാണാ നാമം. രജർഷിയായ നാഭിക്ക് അങ്ങയേപ്പോലുള്ളൊരു പുത്രനുണ്ടാവണമെന്നാണാഗ്രഹം. ഞങ്ങൾ ഇത്തരത്തിലുള്ള ചെറിയ കാര്യങ്ങൾ ചോദിച്ചു അങ്ങയെ ശല്യപ്പെടുത്തുന്നതിൽ ഞങ്ങളോട് ക്ഷമിക്കണം. അദ്ദേഹത്തിൻെറ ആഗ്രഹം സഫലീകരിച്ചാലും.”

ഭഗവാൻ പറഞ്ഞു: “മാമുനിമാരേ, നിങ്ങൾ എന്നെയൊരു വിഷമഘട്ടത്തിലാക്കിയിരിക്കുന്നു. കാരണം, ഈ വിശ്വത്തിൽ എന്നേപ്പോലെ മറ്റൊരാളുണ്ടാവാൻ സാദ്ധ്യമല്ലതന്നെ. അതുകൊണ്ട് എന്നേപ്പോലൊരു പുത്രനു സാദ്ധ്യതയില്ല. എങ്കിലും ബ്രാഹ്മണരായ നിങ്ങൾ എൻെറ നാവാണല്ലോ. നിങ്ങളുടെ വാക്ക് പാഴാവാനും വയ്യ. അതുകൊണ്ട് നാഭിയുടെ പുത്രനായി, എൻെറ ഒരംശം പിറക്കുന്നതാണ്.” അധികം താമസിയാതെ തന്നെ നാഭിരാജൻെറ കൊട്ടാരത്തിൽ ആ തേജ:പുഞ്ജം പരിശുദ്ധസത്വരൂപത്തിൽ രാജസതാമസഭാവങ്ങളേതും കൂടാതെ പ്രത്യക്ഷനായി. രാജാവിനെ അനുഗ്രഹിക്കാനും മനുഷ്യകുലത്തിന് സന്യാസത്തിൻെറയും ധ്യാനത്തിൻേറയും പരമോന്നതഭാവം പഠിപ്പിക്കുവാനും ഭഗവാൻ ഇറങ്ങിവന്നു.

## യേഷാം ഖലു മഹായോഗീ ഭരതോ ജ്യേഷ്ഠ: ശ്രേഷ്ഠ ഗുണ ആസിദ്യേനേദം വർഷം ഭാരതമിതി വ്യപദിശന്തി (5-4-9)

ശുകമുനി തുടർന്നു: നാഭിരാജൻെറ പുത്രൻ ചെറുപ്പത്തിലേ തന്നെ ദൈവീകപ്രഭാവം പ്രസരിപ്പിച്ചിരുന്നു. ജനിച്ചപ്പോഴേ മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രണത്തിലാക്കിയിരുന്നതുമൂലം തികച്ചും ദിവ്യമായ സവിശേഷതകൾ ശിശുവിൽ കാണായി. നാഭിരാജൻ പുത്രന് ഋഷഭൻ (അഗ്രഗണ്യൻ) എന്നു പേരിട്ടു. സ്വർഗ്ഗരാജാവായ ഇന്ദ്രന് ഋഷഭനോട് അസൂയയായിരുന്നു. അതുകൊണ്ട് നാഭിരാജൻെറ അതിർത്തിയിലെങ്ങും മഴപെയ്യാതെ ഇന്ദ്രൻ തടഞ്ഞുവെച്ചു. ഋഷഭൻ ആ വിവരമറിഞ്ഞ് പൊട്ടിചിരിച്ചു. അതിൻെറ പ്രഭാവത്തിൽ നാടെങ്ങും മഴയും പെയ്തു. ഇങ്ങിനെയൊക്കെ ദിവ്യത കാട്ടിയിരുന്നുവെങ്കിലും നാഭിരാജന് ഋഷഭൻ തൻെറ പ്രിയപുത്രനായിരുന്നു. ഭഗവാൻെറ മായ തന്നെ!

രാജ്യവാസികളെല്ലാം ഋഷഭനെ വളരെയധികം സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നു എന്നു മനസ്സിലാക്കിയ രാജാവ് നല്ല മൂഹുർത്തം നോക്കി പുത്രനെ രാജ്യഭാരം ഏൽപ്പിച്ചു. നാഭിരാജൻ വനവാസത്തിനായി വിശാല എന്നയിടത്തേക്ക് ഭാര്യയുമൊന്നിച്ച് പോയി, അവിടെ ഭഗവൽപൂജയിൽ മുഴുകി ജീവിച്ചു. നരനായും നാരായണനായും ഭഗവാനെ ധ്യാനിച്ച് അവർ ആ സവിധത്തിൽത്തന്നെ സാക്ഷാത്ക്കാരം നേടി.

ഋഷഭൻെറ ജീവിതവും രാജ്യഭരണവും ജീവിതത്തിൻെറ പരമോന്നതലക്ഷ്യത്തെ പ്രകടമാക്കി, പ്രജകൾക്കു വഴികാട്ടിയായി. ആദ്യം ഒരു ഗുരുനാഥൻെറ കൂടെ താമസിച്ച് ഉത്തമമായ വിദ്യാർത്ഥിജീവിതത്തിനു മാതൃകയായി. ഭഗവൽരൂപം തന്നെയായ ഋഷഭൻ ഗുരുനാഥനുവേണ്ട വരങ്ങൾ നൽകി, വിദ്യാഭ്യാസം കഴിഞ്ഞ് തിരികെ കൊട്ടാരത്തിൽ വന്ന് ഗൃഹസ്ഥാശ്രമജീവിതം തുടങ്ങി. ഇന്ദ്രൻ സ്വയം കന്യാദാനം നൽകിയ ജയന്തിയായിരുന്നു ഋഷഭൻെറ പത്നി. അവർക്ക് നൂറ് പുത്രന്മാരുണ്ടായി. അതിൽ മൂത്തപുത്രനായ ഭരതൻെറ പേരിലാണ് ഭാരതവർഷം അറിയപ്പെടുന്നത്. ഭരതൻ ഉന്നതനായ യോഗിയായിരുന്നു. മറ്റു പുത്രന്മാരായ കവി, ഹരി, അന്തരീക്ഷ, പ്രബുദ്ധ, പിപ്പലായന, ആവിർപോത്ര, ദ്രുമില, ചമസ, കരഭജന എന്നിവരെല്ലാം ഭഗവൽഭക്തരായിരുന്നു. മറ്റ് 81 പേരും ഭക്തഗണത്തിൽപ്പെട്ട് ഉത്തമജീവിതം നയിച്ചതുകൊണ്ട് ജന്മനാൽ ക്ഷത്രിയരെങ്കിലും അവർ ബ്രാഹ്മണരായിത്തീർന്നു.

ഋഷഭരാജൻ ഭരണത്തിനും ഗൃഹസ്ഥാശ്രമധർമ്മത്തിനും മാതൃകയായി ജീവിച്ചു. രാജ്യവാസികളിൽ ധർമ്മ ബോധം കൈവരുത്തി, അധർമ്മത്തെ പാടെ ഇല്ലാതാക്കി. കളളവും ചതിയും ഇല്ല. അന്യൻെറ ധനം ആഗ്രഹിക്കുന്നതുപോലും ഇല്ലാതായി. ജനങ്ങൾ ഋഷഭനോടുളള ആദരവിലും ആരു മുമ്പിലെന്ന മട്ടിൽ മത്സരിച്ചു.

ഒരുദിവസം ഋഷഭൻ തൻെറ പ്രജകളോട് ഇങ്ങിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.

**മഹത്സേവാം ദ്വാരമാഹുർവ്വിമുക്തേസ്തമോദ്വാരം യോഷിതാം സംഗിസംഗം**
**മഹാന്തസ്തേ സമചിത്താ: പ്രശാന്താ വിമന്യവ: സുഹൃദ: സാധവോ യേ (5–5–2)**
**ഗുരുർന്ന സ സ്യാത്സ്വജനോ ന സ സ്യാത് പിതാ ന സ സ്യാജ്ജനനീ ന സാ സ്യാത്**
**ദൈവം ന തത്സ്യാന്ന പതിശ്ച സ സ്യാന്ന മോചയേദ്യ: സമുപേതമൃത്യും (5–5–18)**

ഋഷഭദേവൻ പറഞ്ഞു: "ഈ മനുഷ്യജന്മം ഇന്ദ്രിയസുഖഭോഗത്തിൽ പാഴാക്കിക്കളയുവാനുള്ളതല്ല, മറിച്ച് പരമസത്യത്തെ സാക്ഷാത്ക്കരിക്കുവാനുള്ള തപശ്ചര്യകളിലേർപ്പെട്ട് വിനിയോഗിക്കേണ്ടതത്രെ. മഹത്തുക്കളെ ഉപചരിക്കുന്നത് മോക്ഷമാർഗ്ഗത്തിലേയ്ക്കുള്ള കവാടവും, സുഖലോലുപരുമയുള്ള സഹവാസം നരകത്തിൻെറ പടിവാതിലുമാവുന്നു. മഹത്തുക്കൾ ശാന്തശീലരും കരുണ നിറഞ്ഞവരും കോപമകന്നവരും ദിവ്യരുമാണല്ലോ, കാരണം അവരുടെ ഹൃദയങ്ങൾ പരിപൂർണ്ണമായി എന്നിലർപ്പിക്കപ്പെട്ടതത്രേ. അവർക്ക് സ്വാർത്ഥപരമായ ഉദ്ദേശം ഒന്നുംതന്നെയില്ല. അവരുടെ ശരീരം പോലും പരിരക്ഷിക്കപ്പെടുന്നത് എനിക്ക് വേണ്ടി മാത്രമാണ്.

സ്വാർത്ഥപരവും ഇന്ദ്രിയാമുഖവുമായ പ്രവർത്തനങ്ങൾ അജ്ഞാനത്തിലുഴറുന്ന ജീവനെ ബന്ധിക്കുന്നു. അജ്ഞാനത്താൽ ഒരുവൻ തൻെറ ശരീരത്തെ തൻെറ ആത്മാവായും ഭാര്യ, കുടുംബം എന്നിവയെ തൻെറ സ്വന്തമാണെന്നും തെറ്റിദ്ധരിക്കുന്നു. ഈ മാനസികാവസ്ഥയെ നീക്കം ചെയ്യുമ്പോൾ ഒരുവൻ ഇവയെപ്പറ്റിയുള്ള സത്യാവസ്ഥ മനസ്സിലാക്കുന്നു. അഹങ്കാരപാശത്തിൽ നിന്നും മോചിതനായി അവൻ പരമപദത്തെ പ്രാപിക്കുന്നു. ഭഗവാനെ പരമസത്യവും ലക്ഷ്യവുമായി കരുതി ജീവിതമെല്ലാം ദു:ഖപൂരിതമാണെന്ന സത്യം മനസ്സിലാക്കി ഉന്നതമായ ധാർമ്മീകജീവിതം നയിച്ച് മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച് ഇവയെ എല്ലാം നിതാന്തജാഗ്രതയോടെ പാലിച്ച് ഒരുവൻ തൻെറ അഹങ്കാരപാശത്തെ പൊട്ടിച്ചകറ്റാൻ പരിശ്രമിക്കേണ്ടതാണ്. ഇങ്ങിനെ കർമ്മഫലങ്ങളുടെ നിലവറ തകരുന്നു. അതിനുശേഷം ഈദൃശകർമ്മങ്ങൾ പോലും ഉപേക്ഷിക്കാവുന്നതാണ്. ഈ പരമസത്യത്തെ തൻെറ ആശ്രിതർക്കു മനസ്സിലാക്കിക്കൊടുക്കുക എന്നത് ഒരു ഗുരുവിൻേറയോ, പിതാവിൻേറയോ രാജാവിൻേറയൊ കടമയാണ്. പക്ഷേ അവരിൽ സമ്മർദ്ദം ചെലുത്തുകയോ, പക്വതയില്ലാത്തവരെങ്കിൽ അവരെ പഠിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അങ്ങിനെ മറ്റൊരുവനെ അജ്ഞാനാന്ധകാരത്തിൽ നിന്നും തജ്ജന്യമായ ജനനമരണങ്ങളിൽ നിന്നും മോചിപ്പിക്കുവാൻ പരിശ്രമിക്കാത്ത ഒരുവൻ ഗുരുവോ, ബന്ധുവോ, മിത്രമോ, അഛനോ, അമ്മയോ, ദേവതയോ ഭർത്താവോ അല്ല തന്നെ. പരിശുദ്ധമനസ്സോടെ സർവ്വചരാചരങ്ങളും എൻെറ തന്നെ ഭാഗമെന്നു വിശ്വസിച്ച് ജീവിക്കുകയാണ് എന്നോടുള്ള ഏറ്റവും ഉത്തമമായ സാധന. നിങ്ങളുടെ മൂത്ത സഹോദരനായ ഭരതനെ ഭക്തിയോടെ സേവിച്ചാലും. ഉത്തമനാണവൻ."

ശുകമുനി തുടർന്നു: തൻെറ പുത്രന്മാരേയും തദ്വാരാ പ്രജകളേയും സത്യമാർഗ്ഗത്തെപ്പറ്റി പഠിപ്പിച്ചശേഷം ഋഷഭൻ രാജ്യഭാരംവിട്ട് ഗൃഹസ്ഥാശ്രമവും അവസാനിപ്പിച്ച് നാടുമുഴുവൻ അലഞ്ഞുനടന്നു. വേഷപ്രഛന്നനായും, നഗ്നനായും, ബാധാവേശം വന്നവനേപ്പോലെയും അദ്ദേഹം ഒരവധൂതനായങ്ങിനെ നടന്നു. ആളുകളുടെ പ്രതികരണം പലേവിധത്തിലായിരുന്നു. സുന്ദരമായ ആ രൂപം സ്ത്രീകളെ ആകർഷിച്ചു, മറ്റുചിലർക്ക് വെറുപ്പുണ്ടാക്കി. അദ്ദേഹത്തിൻെറ പെരുമാറ്റം ആത്മസാക്ഷാൽക്കാരത്തിൻെറ മഹിമയെ വെളിവാക്കുന്ന വിധത്തിലായിരുന്നില്ല. അതുകൊണ്ടുതന്നെ പലരും വെറുപ്പോടേയും അവജ്ഞയോടേയും അദ്ദേഹത്തെ വീക്ഷിച്ചു. ഇതൊക്കെയാണെങ്കിലും ജനത്തിൻെറ പ്രതികരണം തൻെറ ശരീരത്തോടു മാത്രമാണെന്നറിയാവുന്ന ഋഷഭന് യാതൊരു കുലുക്കവുമുണ്ടായില്ല. ആത്മഭാവത്തിൽ ഉറച്ചുനിന്നു കൊണ്ടുതന്നെ സ്വയം ഒരു കാളയായും, മാനായും, കാക്കയായും, പിന്നീടൊരു പെരുമ്പാമ്പായും ശരീരം സ്വീകരിച്ചു. അദ്ദേഹം സാക്ഷാൽകാരം നേടുന്ന ഒരു യോഗിവര്യൻെറ വിവിധ ജീവിതാവസ്ഥകളെ നമുക്കു കാണിച്ചു തന്നു. അദ്ദേഹം ഭഗവാൻ വാസുദേവനുമായി നിരന്തരം അദ്വൈതഭാവത്തിൽ കഴിയുകയാൽ അതിഭൗതീക ശക്തികൾ തന്നെത്തേടിവരുന്നതുപോലും ശ്രദ്ധിക്കുകയുണ്ടായില്ല.

**അഹോ ഭുവ: സപ്ത സമുദ്രവത്യാ ദ്വീപേഷു വർഷേഷ്വധിപുണ്യമേതത്**
**ഗായന്തി യത്രത്യജനാ മുരാരേ: കർമ്മാണി ഭദ്രാണ്യവതാരവന്തി (5–6–13)**
**നിത്യാനുഭൂതനിജലാഭനിവൃത്തതൃഷ്ണ: ശ്രേയസ്യതദ്രചനയാ ചിരസുപ്തബുദ്ധേ:**
**ലോകസ്യ യ: കരുണയാ/ഭയമാത്മലോകമഖ്യാന്നമോ ഭഗവതേ ഋഷഭായ തസ്മൈ (5–6–19)**

പരീക്ഷിത്ത് രാജാവ് ചോദിച്ചു: “ഋഷഭദേവൻ ആത്മസാക്ഷാത്കാരം നേടി കർമ്മഫലങ്ങളെയെല്ലാം എരിച്ചു ഭസ്മമാക്കിയിരുന്ന ആളായിരുന്നല്ലോ. എന്നിട്ടും അദ്ദേഹം എന്തുകൊണ്ടാണ് ലൗകീകത തീരെ ഉപേക്ഷിച്ചു ഒരു ഭ്രാന്തനെപ്പോലെ അലഞ്ഞുനടന്നത്? ”

ശുകദേവൻ പറഞ്ഞു: “ഋഷഭദേവൻ എല്ലാ കർമ്മപാശങ്ങളിൽനിന്നും വിമുക്തനായിരുന്നു എന്നത് ശരിതന്നെ. എങ്കിലും ജ്ഞാനികൾ ഒരു നിമിഷം പോലും ശ്രദ്ധയറ്റവരായി ജീവിച്ച് സ്വയം അധ:പതനത്തിലേക്ക് നീങ്ങാനിടകൊടുക്കുകയില്ല. ഒരുവൻ തന്റെ മനസ്സിനെ പൂർണ്ണമായും വിശ്വസിച്ചുകൂടാ എന്നാണ് അറിവുള്ളവർ പറയുന്നത്, കാരണം വഴിതെറ്റിപ്പോവാനുള്ളൊരവസരം നോക്കിയിരിക്കുകയാണ് മനസ്സ്. ഭർത്താവിനോട് വിശ്വസ്ഥത പുലർത്താത്ത ഭാര്യ, തന്റെ ജാരനെ സ്വീകരിക്കാനും വേണ്ടിവന്നാൽ ഭർത്താവിനെ കൊല്ലാനും മടി കാണിക്കാത്തതുപോലെ മനസ്സ് ദുഷ്ടതയും ചഞ്ചലതയും കാരണം ജാഗരൂഗതയില്ലാത്തവന്റെയുള്ളിൽ കാമക്രോധാദികളെ കടത്തിവിട്ട് ആത്മീയപുരോഗതിക്കു തടസ്സമുണ്ടാക്കുന്നു.”

ഋഷഭദേവന്റെ മഹിമകൾ വർണ്ണനാതീതമത്രെ. എങ്കിലും ജനം ആ മഹിമയെ തിരിച്ചറിയായ്കമൂലം ഭ്രാന്തു പിടിച്ചലഞ്ഞുനടക്കുന്ന ഒരുവനായി അദ്ദേഹത്തെ കണ്ടു. യോഗമാർഗ്ഗത്തിന്റേയും ആത്മീയ പുരോഗതിയുടേയും ഉത്തമോദാഹരണമായി ജീവിച്ച അദ്ദേഹം ഒടുവിൽ ഈ ശരീരം ഉപേക്ഷിക്കുന്നതെങ്ങിനെയെന്നും നമുക്കു കാണിച്ചുതരുന്നു. അദ്ദേഹം തന്റെ സൂക്ഷ്മശരീരത്തിൽ നിന്നും പൂർണ്ണമായി സ്വയം വിട്ടുനിന്നു. എന്നാൽ ഭൗതീകശരീരം പഴയ കർമ്മഫലങ്ങളുടെ സംവേഗശക്തിയാൽ അലഞ്ഞു നടന്നു. ഭഗവൽമായയുടെ പ്രഭാവത്താൽ ആ ശരീരം നിലനിൽക്കുകയും ചെയ്തു. അദ്ദേഹം കൊങ്കണം, വെങ്കണം, കുടക്, ദക്ഷിണകർണ്ണാടക എന്നിവിടങ്ങളിൽ ഒരവധൂതനായി അലഞ്ഞുനടന്നു. ഒരിക്കൽ കുടകുമലകളിൽ കഴിയവേ കാട്ടുമുള കൂട്ടിയുരസിയുണ്ടായ തീയിൽപ്പെട്ട് ആ ശരീരം നശിച്ചു.

ഋഷഭന്റെ പെരുമാറ്റം മറ്റുള്ളവർക്ക് അനുകരിക്കുവാനുള്ളതല്ല. എങ്കിലും ചിലർ അദ്ദേഹത്തിന്റെ ബാഹ്യാവസ്ഥകളെ അനുകരിക്കുന്നു. നഗ്നരായി, തികച്ചും വൃത്തിഹീനരായി, വേദങ്ങളെ അധിക്ഷേപിച്ചുകൊണ്ട്, മാമുനിമാരേയും ഭഗവാൻ വിഷ്ണുവിനെത്തന്നെയും ധിക്കരിച്ചുകൊണ്ട്, അതീന്ദ്രിയാവസ്ഥയിലാണെന്ന് നടിച്ചു ജീവിക്കുന്നു. ഇത് അജ്ഞാനത്തിന്റേയും വിഡ്ഢിത്തത്തിന്റേയും പരമകാഷ്ഠയത്രേ.

ഋഷഭദേവന്റെ ജനനംകൊണ്ട് ധന്യമായ പുണ്യഭൂമിയെ ജനങ്ങൾ ഇങ്ങിനെ വാഴ്ത്തുന്നു. “ഭഗവാൻ വിഷ്ണുവിന്റെ അപദാനങ്ങൾ കീർത്തിക്കപ്പെടുന്ന നാടെന്ന നിലയിൽ ഭാരതം തികച്ചും പുണ്യഭൂമി തന്നെയാണ്. ഋഷഭദേവന് നമോവാകം. ആത്മസാക്ഷാൽക്കാരത്തിൽ മുഴുകിനിന്ന് ആത്മജ്ഞാന മാർഗ്ഗത്തേയും മോക്ഷമാർഗ്ഗത്തേയും മറ്റുള്ളവർക്ക് മനസ്സിലാകുംവിധം ജീവിച്ച്, ശരീരാസക്തിയുടെ ഭ്രമത്തിൽപ്പെട്ടവർക്ക് ജ്ഞാനം നൽകിയ ഋഷഭന് നമസ്കാരം.”

ഋഷഭദേവന്റെ കഥ കേൾക്കുന്നവർക്കും പറയുന്നവർക്കും ഭഗവൽഭക്തിയുണ്ടാവുന്നതാണ്.

**പരോരജ: സവിതുർജ്ജാതവേദോ ദേവസ്യ ഭർഗ്ഗോ മനസേദം ജജാന
സുരേതസാദ: പുനരാവിശ്യ ചഷ്ടേ ഹംസം ഗൃധ്രാണാം നൃഷദ്രിംഗിരാമിമ: (5-7-14)**

ശുകമുനി പറഞ്ഞു: തനിക്കു പിൻഗാമിയായി ഭരതൻ രാജ്യഭാരമേൽക്കണമെന്ന ഋഷഭദേവൻെറ ആഗ്രഹപ്രകാരം ഭരതൻ രാജാവായി. അദ്ദേഹത്തിൻെറ ഭരണമഹിമകൊണ്ട് ഭാരതം അദ്ദേഹത്തിൻെറ പേരിലറിയപ്പെടുന്നു.

ഭരതൻ വിശ്വരൂപൻെറ മകളായ പഞ്ചജാനിയെ വിവാഹം കഴിച്ചു. അവർക്ക് സുമതി, രാഷ്ട്രഭൃത്, സുദർശനൻ, ആവരണ, ധൂമകേതു എന്നിങ്ങിനെ അഞ്ചു പുത്രന്മാർ ഉണ്ടായി.

ഭരതൻ തൻെറ മുത്തച്ഛനെപ്പോലെയും അച്ഛനേപ്പോലെയും ഉന്നതനായ ഭരണനിപുണനായിരുന്നു. രാജധർമ്മത്തെപ്പറ്റി ഏറ്റവും ശ്രദ്ധാലുവായിരുന്നു ഭരതൻ. വേദപുരാണങ്ങളും അതിലെ സംഹിതകളും രാജാവിന് നല്ല അറിവുണ്ടായിരുന്നു. വേദാനുസാരിയായ പൂജകളും യാഗങ്ങളും ആചാരക്രമങ്ങളും ദിവ്യകർമ്മങ്ങളും അദ്ദേഹം കൃത്യമായി ചെയ്തുപോന്നു. പൂജാരികൾ വേദമന്ത്രങ്ങളുച്ചരിച്ചുകൊണ്ട് യാഗം നടത്തുമ്പോൾ അഗ്നിയെ ഭഗവാൻ തന്നെ എന്ന് ഭരതൻ മനസാ ദൃശ്യവൽക്കരിച്ചു. യാഗാഗ്നിയും യാഗഹവിസ്സും പൂജാദികളും പൂജാരിയും എല്ലാം ഭഗവാൻ തന്നെ എന്ന് അദ്ദേഹം കണ്ടു. പലേവിധ വൈദീകമന്ത്രങ്ങളാൽ വിവിധ ദേവതകളെ ആവാഹിക്കുമ്പോഴും ഭരതന് തൻെറ സഹജാവബോധത്താൽ എല്ലാ ദേവതകളും ആ വിശ്വരൂപത്തിൻെറ അംഗങ്ങൾ മാത്രമെന്ന ജ്ഞാനം ഉണ്ടായിരുന്നു. ഇതിനുപുറമേ, ഈ യാഗങ്ങളിൽ നിന്നും ഭൗതീകമോ സ്വർഗ്ഗീയമോ ആയ യാതൊരുവിധ ഫലേച്ഛയും ഇല്ലാതിരുന്നതിനാൽ ഭരതൻെറ ഹൃദയം അനുദിനം പരിപാവനവും പരിശുദ്ധവുമായിത്തീർന്നു.

പരിശുദ്ധമായ ആ മനസ്സിൽ ഭഗവൽഭക്തി ഉദിച്ചുയർന്നു. ഏറെക്കാലം രാജ്യഭാരം വഹിച്ചശേഷം ഒരുദിനം തനിക്ക് സന്യാസത്തിനു കാലമായി എന്നറിഞ്ഞ ഭരതൻ ഗന്ധകിനദിയുടെ തീരത്തുള്ള പുലഹൻെറ ആശ്രമത്തിൽ ചെന്നു. ഭഗവാൻ വിഷ്ണുവിൻെറ ചിഹ്നങ്ങളുള്ള സാളഗ്രാമങ്ങൾ ലഭിക്കുന്ന നദിയത്രേ ഗന്ധകി.

പുലഹൻെറ ആശ്രമത്തിൽ ഭരതൻ നിരന്തരം ഭഗവാൻ വാസുദേവനെ പൂജിച്ചു കഴിഞ്ഞുവന്നു. ഭഗവൽനാമങ്ങളുച്ചരിക്കവേ, അദ്ദേഹം രോമാഞ്ചം കൊണ്ടു. കണ്ണീരൊഴുകുകയും പുറംലോകത്തെ ക്കുറിച്ചുള്ള ബോധം ഇല്ലാതാവുകയും ചെയ്തു. ആ അവസ്ഥയിൽ താൻ തുടങ്ങിവെച്ച പൂജാവിധികൾ പൂർത്തിയാക്കുകപോലും അസാദ്ധ്യമായിത്തീർന്നു. ആ പരമാത്മബോധത്തിൽ ഭഗവൽസാന്നിദ്ധ്യം സദാ ഹൃദയത്തിൽ നിറച്ചുകൊണ്ട് ഭരതൻ ഏറെക്കാലം കഴിഞ്ഞു.

ഒരു മാൻതോലുടുത്ത്, ആവർത്തിച്ചുള്ള സ്നാനത്താൽ നനഞ്ഞ ജടയുമായി ഭരതൻ നാരായണനെ ധ്യാനിച്ചു നിലകൊണ്ടു. സൂര്യഗോളത്തെ ഭഗവാൻെറ പ്രത്യക്ഷരൂപമായി ധ്യാനിച്ച് അദ്ദേഹം ഇങ്ങിനെ പ്രാർഥിച്ചു. “അജ്ഞാനാന്ധകാരത്തിനും ഭൗതീകതയുടെ കളങ്കത്തിനും അതീതമായ ഈ സൂര്യപ്രകാശം നമ്മുടെ കർമ്മഫലങ്ങളുടെ വിധാതാവുതന്നെയാണ്. എല്ലാം ആ മനസ്സിൻെറ സൃഷ്ടിയത്രേ. ഇവകളിലെല്ലാം സ്വയം പ്രവേശിച്ച് ജീവനെ പരിരക്ഷിക്കുന്നത് ബോധത്തിൻെറ ശക്തിയാലത്രെ. ഞങ്ങളുടെ ബുദ്ധിയെ പ്രദ്യോദിപ്പിക്കുന്ന ആ പ്രകാശത്തിൽ ഞാൻ അഭയം തേടുന്നു.”

**അഹോ കഷ്ടം ഭ്രഷ്ടോഽഹമാത്മവതാമനുപഥാദ്യ ദ്വി മുക്ത
സമസ്തസംഗസ്യ വിവിക്ത പുണ്യാരണ്യശരണസ്യാത്മവത
ആത്മനി സർവേഷാമാത്മാനാം ഭഗവതി വാസുദേവേ തദനുശ്രവണ
മനന സങ്കീർത്തനാരാധനാനുസ്മരണാഭിയോഗേ നാ ശൂന്യ
സകലയാമേ ന കാലേന സമാവേശിതം സമാഹിതം കാർത്സ്ന്യേന മനസ്തത്തു
പുനർമ്മമാബുധസ്യാരാന്മൃഗസുതമനു പരിസുസ്രാവ (5-8-29)**

ശുകമുനി തുടർന്നു: ഒരു ദിവസം രാവിലെ സ്നാനശേഷം ഭരതൻ ഗന്ധകീനദിക്കരയിൽ പ്രണവമന്ത്ര ധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അപ്പോഴവിടെ ഒരു മാൻപേട വന്നുചേർന്നു. പെട്ടെന്ന് ഒരു സിംഹം അലറിക്കൊണ്ട് അതിനെ പിടിക്കാൻ ഓടിയെത്തി. പേടിച്ചരണ്ട മാൻപേട നദിയിലേക്ക്ചാടി മറുകരയ്ക്കു പോവാൻ തുനിഞ്ഞു. പേടിയും പൂർത്തിയാവാറായ ഗർഭാവസ്ഥയും കാരണം മാൻപേട പ്രസവിക്കുകയും താമസിയാതെ മരിക്കുകയും ചെയ്തു. ദയാനിധിയായ ഭരതൻ മാൻകുട്ടിയെ ദത്തെടുത്തു. വിധിനിയോഗത്താൽ തന്റെ സംരക്ഷണയിൽ കഴിയേണ്ടുന്നതാണീ മാൻകുട്ടിയെന്ന ധർമ്മബോധത്തോടെ ഭരതൻ അതിനെ ശ്രദ്ധയോടെ പരിരക്ഷിച്ചു. താമസംവിനാ ഈ വാത്സല്യം അതീവ മമതയിലെത്തുകയും ഭരതന് തന്റെ പൂജാദികർമ്മങ്ങളിൽ ശ്രദ്ധ കുറയുകയും ഭഗവൽധ്യാനത്തിനു ഭംഗം വരികയും ചെയ്തു. മാൻകുട്ടിയുടെ ദൗർഭാഗ്യത്തെപ്പറ്റി ഭരതൻ വീണ്ടും വീണ്ടും ചിന്തിക്കുകയും അതിനെ കാത്തുരക്ഷിക്കുക തന്റെ ധർമ്മമാണെന്നു മനസ്സിലുറപ്പിക്കുകയും ചെയ്തു. മാൻകുട്ടിയെ രക്ഷിക്കാനും പരിരക്ഷിക്കാനും തനിക്കു കിട്ടിയ അവസരത്തെ ഭരതൻ ഒരനുഗ്രഹമായി കണക്കാക്കി സ്വയം ചോദിച്ചു. “മഹാത്മക്കൾ പോലും ദയാവായ്പ്പു പ്രകടിപ്പിക്കാൻ തങ്ങളുടെ താൽപ്പര്യങ്ങൾ ഉപേക്ഷിക്കാറുണ്ടല്ലോ ?”

മാൻകുട്ടി അദ്ദേഹത്തിന്റെ സ്ഥിരം സഹചാരിയായി മാറി. ദിവസം മുഴുവൻ മാൻകുട്ടിയെപ്പറ്റിയായി അദ്ദേഹത്തിന്റെ ചിന്ത. അതിന്റെ സന്തോഷം, സംരക്ഷ, എന്നിങ്ങനെയുള്ള കാര്യങ്ങളാൽ ദിനങ്ങൾ കടന്നുപോയി. എപ്പോഴെങ്കിലും വൈകുന്നേരം അത് തന്റെയടുത്തു വന്നില്ലെങ്കിൽ ഭരതന് വ്യഗ്രതയും വ്യസനവുമായി. താൻ ധ്യാനത്തിലെന്ന മട്ടിൽ കണ്ണടച്ചിരിക്കുമ്പോൾ മാൻകുട്ടിവന്ന് നക്കിയുണർത്തുന്നതും മറ്റും അദ്ദേഹം ആലോചിച്ചിരിപ്പായി. തന്റെ പൂജാദ്രവ്യങ്ങളും മറ്റും അശുദ്ധമാക്കുമ്പോൾ താൻ ദ്വേഷ്യപ്പെട്ടാൽ മാൻകുട്ടി ഒരു മുനിയേപ്പോലെ നിശ്ശബ്ദമായി ഒരുമൂലയിൽ പോയിരിക്കാറുള്ള കാര്യവും ഭരതൻ ഓർത്തു. മാൻകുട്ടിയോടുള്ള വാത്സല്യം ഒരു മോഹാവേശമായി ഭരതനെ ബാധിച്ചു കഴിഞ്ഞിരുന്നു. ഇങ്ങിനെയൊരു ജീവിയെ തനിക്കു സ്നേഹിക്കാനും സംരക്ഷിക്കാനും തന്നതിൽ ഭരതൻ ഭൂമീദേവയെ അനുഗ്രഹിക്കപോലും ചെയ്തു.

മനുഷ്യജീവനിൽ താഴെയുള്ള ഒരു ജീവിയോട്, സുഖദു:ഖസ്ഥാനങ്ങൾ ഉപേക്ഷിച്ച മഹാനായ ഒരു സന്യാസിക്ക് ഇത്രമാത്രം മമതയുണ്ടാവുക എന്നത് എത്ര അത്ഭുതകരം! ഭരതന്റെ അവസാന കാലത്തും മനസ്സിൽ മുഴുവൻ മാൻകുട്ടി തന്നെയായിരുന്നു. മാൻകുട്ടിയെ നോക്കി അവസാനശ്വാസം വലിച്ച ഭരതന്റെ ഒപ്പം മാൻകുട്ടിയും മരിച്ചുവീണു. ഭരതൻ ഒരു മാനായി പുനർജ്ജനിച്ചു. ഭരതൻ തന്റെ പൂർവ്വജന്മത്തെപ്പറ്റിയോർത്ത് സങ്കടപ്പെട്ടു. “എല്ലാമുപേക്ഷിച്ച് സന്യാസവും സ്വീകരിച്ച് ഭഗവാൻ വാസുദേവന്റെ താമരപ്പാദങ്ങളെ പൂജിച്ച് ഒറ്റപ്പെട്ട വനാന്തരത്തിൽ കഴിഞ്ഞിരുന്ന ഞാൻ എങ്ങിനെയാണ് ആത്മീയതയുടെ പാതയിൽനിന്ന് വഴുതിവീണത് ? അതും ഒരു മാൻകുട്ടിയുടെ സ്നേഹത്തിനു വേണ്ടി!” ഇതെല്ലാമോർത്ത് മാൻകൂട്ടത്തിൽ നിന്നും ഓടി അദ്ദേഹം പുലഹന്റെ ആശ്രമത്തിനടുത്തുചെന്ന് ഒരു താപസനായി ശരീരമുപേക്ഷിക്കുംവരെ ജീവിച്ചു.

(മനുഷ്യൻ ഒരു മൃഗമായി പുനർജ്ജനിക്കുക എന്നത് സാദ്ധ്യമാണോ? എന്തുകൊണ്ടില്ല? മനുഷ്യനെപ്പോലെ മൃഗങ്ങൾക്കും ബുദ്ധിയുണ്ടോ? അവ പൂർവ്വജന്മങ്ങളെപ്പറ്റി പൂർണ്ണമായി മറന്നുപോവുന്നുണ്ടോ? ഭരതന്റെ കഥ അല്ലെന്നു പറയുന്നു. മൃഗങ്ങളുമായി നമുക്ക് സംവദിക്കാനാവാത്തത് അവരുടെ കുറ്റമല്ലല്ലോ ?)

**ഏവമേവ ഖലു മഹദഭിചാരാതിക്രമ: കാർത്സ്ന്യേനാത്മനേ ഫലതി (5–9–19)
നവാ ഏതദ്വിഷ്ണുദത്ത മഹദദ്ഭുതം യദസംഭ്രമ: സ്വശിരശ്ഛേദന
ആപതിതേ/പി വിമുക്തദേഹാദ്യാത്മഭാവസുദൃഢഹൃദയ ഗ്രന്ഥീനാം സർവ
സത്ത്വസുഹൃദാത്മനാം നിർവ്വൈരാണാം സാക്ഷാദ്ഭഗവതാ/നിമിഷാരി
വരായുധേനാപ്രമത്തേന തൈസ്തൈർ ഭാവൈ: പരിരക്ഷ്യമാണാനാം
തദ്പാദമൂലമകുതശ്ചിദ് ഭയമുപസൃതാനാം ഭാഗവതപരമഹംസാനാം (5–9–20)**

ശുകമുനി തുടർന്നു: അംഗിരമഹർഷിയുടെ പരമ്പരയിൽപ്പെട്ട ഒരു ബ്രാഹ്മണന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ആദ്യ ഭാര്യയിൽ അദ്ദേഹത്തിന് ഒൻപതു പുത്രന്മാരും രണ്ടാം ഭാര്യയിൽ ഇരട്ടപെറ്റുണ്ടായ ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും അവർക്കുണ്ടായിരുന്നു. ഇതിലെ ആൺകുട്ടി, ഭരതൻെറ പുനർജന്മമാണെന്ന് പറയപ്പെടുന്നു. ചെറുപ്പത്തിലേ അവന് തൻെറ പൂർവ്വജന്മങ്ങളെപ്പറ്റി നല്ല ബോധമുണ്ടായിരുന്നു. അതുകൊണ്ടവൻെറ എല്ലാ പെരുമാറ്റങ്ങളും അതീവശ്രദ്ധയോടെയായിരുന്നു. തൻെറ മകന് വേണ്ടത്ര വിദ്യാഭ്യാസം കൊടുക്കുക ആവശ്യമെന്ന് കരുതി ബ്രാഹ്മണൻ, ബാലനെ ഉപനയനം ചെയ്യിച്ച് ഗായത്രി മന്ത്രം പഠിപ്പിക്കുകയും ചെയ്തു. പക്ഷെ ഭരതനാകട്ടെ, തൻെറ മനസ്സ് പരബ്രഹ്മത്തിലുറപ്പിക്കുക മൂലം ലൗകീകകാര്യങ്ങളിലും പഠനത്തിലും താത്പര്യമില്ലാതെ കഴിഞ്ഞു.

ബ്രാഹ്മണൻ കാലക്രമത്തിൽ മരണപ്പെടുകയും രണ്ടാം ഭാര്യ ചിതയിൽ ചാടി സതിയാവുകയും ചെയ്തു. ഭരതൻെറ സഹോദരന്മാർ അവനെ പഠിപ്പിക്കുക എന്ന വൃഥാവൃത്തി ഉപേക്ഷിച്ച് അവനെ ജന്മനാ വിഡ്ഢിയെന്ന രീതിയിൽ കണക്കാക്കി. തൻെറ സഹോദരന്മാർ എത്രമാത്രം നിന്ദിച്ചിട്ടും അവനെ അതു ബാധിക്കുകയുണ്ടായില്ല. അവനോട് പറഞ്ഞ ജോലി അവൻ ചെയ്തു. കൊടുത്ത ഭക്ഷണം കഴിച്ചു. സുഖദു:ഖങ്ങളും, ആദരവും, നിന്ദയും അവനെല്ലാം ഒരുപോലെയായിരുന്നു. അങ്ങിനെ ലൗകീകതയൊന്നും ബാധിക്കാതെ അവനങ്ങിനെ ചുറ്റി നടന്നു.

അങ്ങിനെയിരിക്കെ ഒരുപറ്റം കൊള്ളക്കാർ ഭദ്രകാളിക്ക് നരബലി കൊടുക്കാൻ വ്രതം ചെയ്തിരിക്കുകയായിരുന്നു. അതിനു വേണ്ടി കരുതിവെച്ചിരുന്ന മനുഷ്യൻ അവരിൽനിന്നും രക്ഷപ്പെട്ടുകഴിഞ്ഞിരുന്നു. അവർ മറ്റൊരുവനെ തേടിയിരിക്കുന്ന അവസരത്തിലാണ് ഒരു തോട്ടം കാവൽക്കാരനായി ജോലിചെയ്തിരുന്ന ഭരതനെ കാണാനിടയായത്. ഉറച്ച ശരീരമുള്ളവനും അരോഗദൃഢഗാത്രനുമായ ഭരതനെ അവർ പിടിച്ചു കെട്ടി കാളീക്ഷേത്രത്തിൽ കൊണ്ടു വന്നു. പരമജ്ഞാനത്തിൽ വിലീനനായിരുന്നതുകൊണ്ട് തൻെറ ശരീരത്തോട് എന്താണ് അവർ ചെയ്യുന്നതെന്ന് അവനു ശ്രദ്ധയുണ്ടായിരുന്നില്ല. അവർ അവനെ കുളിപ്പിച്ച് അലങ്കാരവസ്ത്രമുടുപ്പിച്ച് ഭക്ഷണവും കൊടുത്ത് ബലിക്കായി തയ്യാറാക്കി. ബലിപീഠത്തിൽവെച്ച് തലവെട്ടുന്നതിനു മുൻപ് ശ്രീകോവിലിൽനിന്ന് ഭദ്രകാളി സ്വയം ഇറങ്ങിവന്ന് കാപാലികരുടെയെല്ലാം തലവെട്ടിക്കളഞ്ഞു.

ഇങ്ങിനെ മഹത്തുക്കളായ സജ്ജനങ്ങളുടെ നേർക്കു പ്രയോഗിക്കുന്ന ദുഷ്ടതകൾ മനുഷ്യനെ തിരിച്ചടിക്കുമെന്ന് മനസ്സിലാവുന്നു. സദാ ജാഗരൂകമായി സംരക്ഷണായുധങ്ങളുമായി നിലകൊള്ളുന്ന ഭഗവാൻ തൻെറ ഭക്തനെ എല്ലാവിധ ആപത്തുകളിൽനിന്നും രക്ഷിക്കും എന്നതിൽ അത്ഭുതമെന്താണുള്ളത്? സ്വയം മായാമോഹിതനായി ശരീരവുമായി ഐക്യഭാവം കൊള്ളാത്ത ഭക്തൻ ആത്മസാക്ഷാത്കാരം നേടിയവനും, ശത്രുതയില്ലാത്തവനും സർവ്വചരാചരങ്ങൾക്കും സുഹൃത്തുമാണ്.

**സ്ഥൌല്യം കാർശ്യം വ്യാധയ ആധയശ്ച
ക്ഷുത്തൃഡ് ഭയം കലിരച്ഛാ ജരാ ച
നിദ്രാ രതിർമ്മന്യുരഹംമദ: ശുചോ
ദേഹേന ജാതസ്യ ഹി മേ ന സന്തി (5-10-10)**

ശുകമുനി തുടർന്നു: ഭരതൻ ഇങ്ങിനെ അലഞ്ഞുതിരിയുന്ന സമയത്ത് രഹുഗുണൻ എന്നുപേരായ ഒരു രാജാവ് (സിന്ധുവിൻേറയും സൗവീരയുടേയും ഭരണാധികാരി) തൻെറ കൊട്ടാരത്തിൽനിന്നും കപിലമുനിയുടെ പർണ്ണശാല തേടി പുറപ്പെടുകയായിരുന്നു. മുനിയിൽനിന്നും ആത്മീയോപദേശം നേടുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. പല്ലക്കിലായിരുന്നു യാത്ര. പല്ലക്കു ചുമക്കാൻ ഒരാൾകൂടി വേണമെന്ന് സേവകർ ആലോചിച്ചിരിക്കുമ്പോഴാണ് ഭരതനെ കണ്ടുമുട്ടുന്നത്. അവരുടെ കൂടെ പല്ലക്കു ചുമക്കാൻ ഭരതൻ നാലാമനായി കൂടി. ശരീരത്തിനു കിട്ടുന്ന ജോലിയേതും മടികൂടാതെ ഭരതൻ സ്വീകരിച്ചു. പല്ലക്കു ചുമന്ന് നടക്കുമ്പോൾ ഭൂമിയിലെ കീടങ്ങളെ ഉപദ്രവിക്കാതിരിക്കാൻ ഭരതൻ ഇടക്കിടക്ക് ചാടിമാറിക്കൊണ്ടിരുന്നു. രാജാവിന് ഇതു വലിയ ശല്യമായിത്തീർന്നു.

മറ്റുചുമട്ടുകാർ ഭരതനെതിരെ രാജാവിനോട് പരാതി പറഞ്ഞു. രാജാവ് അവനെ ശകാരിച്ച് ശാസനാരൂപത്തിൽ ഇങ്ങിനെ പറഞ്ഞു "തടിച്ചു കൊഴുത്ത് ആരോഗ്യവാനായ നീ തളർന്നു പോയെന്നോ ?. ജോലി ഉചിതമായി ചെയ്തില്ലെങ്കിൽ യജമാനനെന്ന നിലയിൽ നിന്നെ ഒരു പാഠം പഠിപ്പിക്കാനായി ശിക്ഷിക്കേണ്ടിവരും."

ഭരതൻ സൗമ്യനായി ഇതിനു മറുപടി പറഞ്ഞു. "ശരീരത്തിൻെറ തടി, മെലിച്ചിൽ, അസുഖങ്ങൾ, വിശപ്പ്, ദാഹം, ഭയം, കലഹം, മോഹം, ഉറക്കം, ഇന്ദ്രിയഭോഗം, ദേഷ്യം, പൊങ്ങച്ചം, ദു:ഖം എന്നിവയെല്ലാം ശരീരബോധവുമായി പിറന്നവനുള്ളതാണ്. എനിക്കതു ബാധകമല്ല. നിങ്ങൾ ഒരു യജമാനനാണെങ്കിലല്ലേ തൻെറ ജീവനക്കാരനോട് കൽപ്പിക്കാൻ കഴിയൂ. പക്ഷെ വേലക്കാരൻ, യജമാനൻ എന്നീ പദവികൾ ഒരിക്കലും നിജവും നിത്യവുമല്ല. അതെല്ലാം ചില മാമൂലുകളനുസരിച്ച് മനുഷ്യർ പ്രയോഗിക്കുന്ന പദങ്ങളാണ്. നിങ്ങൾക്കെന്നെ പഠിപ്പിക്കാൻ കഴിയുമോ? അതുകൊണ്ട് നിങ്ങൾക്കെന്താണ് നേട്ടം?" ഭരതൻ പല്ലക്കു ചുമക്കൽ തുടർന്നു.

ഈ വാക്കുകൾ കേട്ട് രാജാവ് പല്ലക്കിൽ നിന്നിറങ്ങി ഭരതൻെറ കാൽക്കൽ വീണു ചോദിച്ചു. "അങ്ങാരാണ് ? വേഷപ്രച്ഛന്നനായി നടക്കുന്ന അങ്ങ് കപിലമുനി തന്നെയാണോ എന്നു ഞാൻ സംശയിക്കുന്നു. ശരീരവുമായി പിറന്നവനെന്നും ആത്മാവുമായി പിറന്നവനെന്നും രണ്ടുതരത്തിൽ ആളുകൾ ഉണ്ടെന്ന് അങ്ങ് പറഞ്ഞു. അരിവെയ്ക്കുമ്പോൾ തീയിൻെറ ചൂട്, അരി, കലം, വെള്ളം എന്നിവയെ എല്ലാം ബാധിക്കുന്നതുപോലെ ശരീരവുമായി ചേരുന്നതുകൊണ്ട് ആത്മാവിനേയും വിശപ്പുദാഹങ്ങൾ ബാധിക്കുകയില്ലേ? ഒരു രാജാവ് തൻെറ കടമകൾ ചെയ്യുന്നതിലൂടെ ഭഗവാനെ പ്രീതിപ്പെടുത്തുകയല്ലേ ചെയ്യുന്നത്? തൻെറ പ്രജകളെ പഠിപ്പിച്ച് കൽപ്പനയനുസരിപ്പിക്കുക എന്നത് രാജധർമ്മം തന്നെയാണല്ലോ. എൻെറ ധിക്കാരത്തെ അങ്ങ് പൊറുത്താലും. മഹൽപുരുഷന്മാരെ അപമാനിക്കുന്നവന് നാശമാണ് ഫലമെന്നെനിക്കറിയാം. ദയവു ചെയ്ത് എനിക്കറിവു തന്നാലും."

**ഗുണാനുരക്തം വ്യസനായ ജന്തോ: ക്ഷേമായ നൈർഗുണ്യമഥോ മന: സ്യാത്
യഥാ പ്രദീപോ ഘൃതവർത്തിമശ്നൻ ശിഖാ: സധൂമാ ഭജതി ഹ്യന്യദാ സ്വം
പദം തഥാ ഗുണകർമ്മാനുബദ്ധം വൃത്തീർമ്മന: ശ്രയതേ/ന്യത്ര തത്ത്വം (5-11-8)**

ബ്രഹ്മജ്ഞാനിയായ ഭരതൻ മറുപടിയായി പറഞ്ഞു: "അജ്ഞാനിയെങ്കിലും അറിവുള്ളവനേപ്പോലെയാണ് അങ്ങു സംസാരിക്കുന്നത്. വിവരമുള്ളവർ ലൗകീകതയും ആത്മീയതയും തമ്മിൽ ആശയക്കുഴപ്പം പ്രകടിപ്പിക്കയില്ല. ലൗകീകപ്രശ്നങ്ങളും സത്യം തേടിയുള്ള ആത്മീയാന്വേഷണവും രണ്ടും രണ്ടാണ്. ധർമ്മശാസ്ത്രാദികളിലെ പ്രവചനങ്ങളും അനുശാസനങ്ങളും അജ്ഞാനിയെ സംബന്ധിച്ചേടത്തോളം ഒരടഞ്ഞ പുസ്തകം മാത്രമാണ്. ലൗകീകജീവിതവും ധർമ്മനിഷ്ഠമായ ചടങ്ങുകൾ പോലും, വെറും സ്വപ്നം പോലെയും സ്വപ്നജീവിതം പോലെയും അപ്രധാനമാണെന്ന് അവർ മനസിലാക്കുന്നില്ല.

ത്രിഗുണങ്ങളാൽ നിബദ്ധമായ മനസ്സ് ഒരുവനെ നന്മതിന്മകളിലേയ്ക്കും അതിൻെറ പരിണിത ഫലങ്ങളിലേയ്ക്കും നയിക്കുന്നു. സൂക്ഷ്മശരീരത്തിൻെറ പതിനാറു കലകളിലൊന്നായ മനസ്സ്, ഗുണങ്ങളാൽ ചഞ്ചലമാക്കപ്പെട്ട് കാമം, ക്രോധം, ലോഭം, മോഹം എന്നിവയെ യഥേഷ്ടം കടന്നു പോവാൻ അനുവദിക്കുന്നു. യഥാർത്ഥത്തിൽ മനസ്സ് ഉയർന്നതും താഴ്ന്നതുമായ പലേ ജീവജാലങ്ങളായി പുനർജനിക്കുകയത്രേ ചെയ്യുന്നത്. ഇങ്ങിനെ, മനസ്സുപ്രവർത്തിക്കുന്നവർക്കു മാത്രമേ സ്വപ്നവും ജാഗ്രാവസ്ഥയും തൽഫലമായുണ്ടാവുന്ന സുഖദു:ഖങ്ങളും അനുഭവവേദ്യമാവുന്നുള്ളൂ. അതുകൊണ്ടാണ് ജ്ഞാനികൾ മനസ്സാണ് ബന്ധനത്തിനും മുക്തിക്കും കാരണമാ യിട്ടുള്ളത് എന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ഏതു മനസ്സാണോ വൈകാരികമായി ചാഞ്ചല്യമാർന്നത്, അതിന് ദു:ഖം നിശ്ചയം. എന്നാൽ ഈ അവസ്ഥയിൽനിന്നും ഉയർന്ന മനസ്സിൽ ശാന്തിയും നിർവൃതിയും ഉദയം ചെയ്യുന്നു. നിലവിളക്കിലെ തീനാളവും പുകയും അതിലെ എണ്ണയോട് ചേർന്നിരിക്കുമ്പോൾ മാത്രമേയുള്ളൂ. എണ്ണയിൽനിന്ന് വിട്ടകന്നാൽ തിനാളത്തിന് പൂർവ്വാവസ്ഥയിലേക്ക് (നിർവ്വാണപദം) മടങ്ങാമല്ലോ. ഇങ്ങിനെയൊക്കെയാണെങ്കിലും പ്രകൃതി സമ്പ്രദായങ്ങളാൽ അസ്വസ്ഥമാക്കപ്പെട്ട മനസ്സ് പലവിധ കർമ്മങ്ങളാൽ ബന്ധിതമാണ്. ഇതിൽനിന്നും മോചിതമായാൽ അത് സത്യത്തിൽ വിലീനമാവുന്നു.

മനസ്സിന് പതിനൊന്ന് അവസ്ഥാവിശേഷങ്ങളാണുള്ളത്. പഞ്ചേന്ദ്രിയങ്ങളിലൂടെ മനസ്സ് ബാഹ്യവസ്തുക്കളെ അനുഭവിച്ചറിയുന്നു. അഞ്ച് കർമ്മേന്ദ്രിയങ്ങളിലൂടെ ലൗകീക കർമ്മങ്ങൾ അനുഷ്ടിക്കുന്നു. ഞാൻ, എൻേറത് എന്ന് സ്വശരീരത്തോട് തോന്നുന്ന മമതയാണ് പതിനൊന്നാമത്തെ അവസ്ഥതയായ അഹങ്കാരം. മനസ്സിൻെറ ഈ പതിനൊന്ന് അവസ്ഥകളാണ് കർമ്മങ്ങളായും മറ്റുപല ഭേദഗതികളായും മാറുന്നത്. പക്ഷെ, ഈ അവസ്ഥകൾക്ക് സ്വന്തമായ നിലനിൽപ്പില്ല. ഒന്നു മറ്റൊന്നിനെയുണ്ടാക്കിയെടുക്കുന്നുമില്ല. ഇതിൻെറയെല്ലാം പിന്നിൽ ഉൺമയായിട്ടുള്ളത് സാക്ഷീ ബോധം (ക്ഷേത്രജ്ഞൻ) മാത്രമാണ്. ഈ സാക്ഷിയാകട്ടെ, മനസ്സിൻെറ സമ്പ്രദായങ്ങളിലോ മാറ്റങ്ങളിലോ ഭാഗഭാക്കാവുന്നില്ല. ക്ഷേത്രജ്ഞൻ സനാതനവും, ആത്മദീപ്തവും, അജവും പരമമായതും. നാരയണനെന്നും വാസുദേവനെന്നും അറിയപ്പെട്ട് സ്വേച്ഛയാൽ സർവ്വചരാചരങ്ങൾ ക്കുള്ളിലും വർത്തിച്ച് ആത്മനിയന്ത്രണാധിപനുമായി വിരാജിക്കുന്നവനും ആകുന്നു. എപ്പോഴാണോ ഒരുവൻ തൻെറ ഏറ്റവും വലിയ ശത്രുക്കളായ കാമക്രോധാദികളെ ജയിക്കുന്നത് അപ്പോഴാണ് മനസ്സ് അവസ്ഥാന്തരങ്ങളിൽ നിന്നും രക്ഷപ്രാപിക്കുന്നത്. എന്നിട്ട് ഭഗവൽപ്പാദങ്ങളിലും ഗുരുപാദങ്ങളിലും സ്വയം അർപ്പിക്കുമ്പോഴാണ് അവൻ മുക്തിപദത്തെ പ്രാപിക്കുന്നത്."

**ജ്ഞാനം വിശുദ്ധം പരമാർത്ഥമേകമനന്തരം ത്വ ബഹിർ ബ്രഹ്സത്യം**
**പ്രത്യക്പ്രശാന്തം ഭഗവച്ഛബ്ദസംജ്ഞം യദ്വാസുദേവം കവയോ വദന്തി (5-12-11)**
**രഹുഗണൈ തത്തപസാ നയാതി ന ചേജ്യയാ നിർവ്വപണാദ് ഗൃഹാദ്വാ**
**നച്ഛന്ദസാ നൈവ ജലാഗ്നി സൂരൈർവ്വിനാ മഹത്പാദരജോഽഭിഷേകം (5-12-12)**

രഹുഗണൻ പറഞ്ഞു: "അല്ലയോ ദിവ്യനായ മഹാത്മാവേ, അങ്ങ് ആത്മസാക്ഷാൽക്കാരം നേടിയ യോഗിവര്യൻ തന്നെ. അവിടുത്തെ ചുണ്ടുകളിൽനിന്നു വീഴുന്ന അമൃതസമാനമായ വാക്കുകൾ എനിക്ക് വലിയ സമാധാനം തരുന്നു. ആത്മാവിനെപ്പറ്റി എനിക്കുണ്ടായിരുന്ന അറിവ് തെറ്റായിരുന്നു വെന്ന് എനിക്കിപ്പോൾ ബോദ്ധ്യമായി. എങ്കിലും അങ്ങയുടെ പ്രസ്താവനയുടെ അർത്ഥം മുഴുവനായി ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഇഹലോകലൗകീകതയുടെ തലത്തിൽവെച്ചു നോക്കുമ്പോൾ കർമ്മങ്ങൾ ആപേക്ഷികമായി സാധുതയുള്ളതാണെങ്കിലും അവയ്ക്കവയുടെ ശരിയായ ഉൺമയെ തേടുന്ന പരീക്ഷണങ്ങളെ ജയിക്കാൻ കഴിയില്ല എന്ന് അങ്ങു പറഞ്ഞുവല്ലോ. "

ഭരതൻ പറഞ്ഞു: "രാജൻ, ഭൂമിയിലെ എല്ലാ ശരീരങ്ങളും ഭൂമിയാൽത്തതന്നെ നിർമ്മിതങ്ങളാണെന്ന് മനസ്സിലാക്കിയാലും. ഭൂമിയുടെ ഒരു കഷണം പല്ലക്കിനു മുകളിൽ. മറ്റു കഷണങ്ങൾ പല്ലക്കു ചുമക്കാൻ. ഇങ്ങിനെ, കേവലമായ മൺകട്ടയാണെങ്കിലും പല്ലക്കിനു മുകളിൽ കയറിയിരുന്ന് താനൊരു രാജാവാണെന്ന് വൃഥാ അഭിമാനിച്ച്, നിങ്ങളെ ചുമന്നു കൊണ്ടുനടക്കാൻ പണിയേൽപ്പിച്ച പാവങ്ങളോട് നിങ്ങൾ മോശമായ രീതിയിൽ പെരുമാറുന്നു. അവരോട് സഹതാപം തോന്നേണ്ടുന്നതിനു പകരം അവരെ നിന്ദിക്കുന്നു. ഇഹലോകത്തിലെ കർമ്മങ്ങളുടെ നിജാവസ്ഥയെപ്പറ്റിയുള്ള തെറ്റിദ്ധാരണ നീക്കാൻ, എല്ലാ ജീവജാലങ്ങളും ഭൂമിയുടെ തന്നെ ഉൽപ്പന്നങ്ങളാണെന്ന് മനസ്സിലാക്കിയാൽ മതി. അതേ മണ്ണിലേക്ക് തന്നെ, തങ്ങൾ ചെയ്ത എല്ലാ കർമ്മങ്ങളുമായി അവസാനം എല്ലാവരും മടങ്ങുകയും ചെയ്യും. ഈ ഭൂമിതന്നെ അതിസൂക്ഷ്മമായ അണുക്കളാൽ നിർമ്മിതമത്രേ. ഈ അണുക്കളുടെ വിവിധതരത്തിലുള്ള സങ്കലനത്തെപ്പറ്റി നമ്മൾ നിയമതത്വങ്ങൾ ഊഹിച്ചുണ്ടാക്കി, വസ്തു, ദ്രവ്യം ഇവയുടെ ഉൽപ്പത്തിയെപ്പറ്റി വിശദീകരണങ്ങൾ നൽകുന്നു. കാരണം, നമ്മുടെ അന്വേഷണബുദ്ധിക്ക് ഇത്തരത്തിലുള്ള വിശദീകരണങ്ങൾ ആവശ്യമാണ്. ഇവയെല്ലാം അജ്ഞതയുടെ ഫലമത്രേ. മെലിഞ്ഞത്, തടിച്ചത്, ചെറുത്, വലുത്, ചരം, അചരം, വസ്തു, പ്രകൃതി, സമയം, കർമ്മം തുടങ്ങിയവയെക്കുറിച്ചെല്ലാമുള്ള വിശദീകരണങ്ങളും നിയമങ്ങളും വാസ്തവത്തിൽ അജ്ഞതാ ജന്യമാണ്. കാരണം ഇവയെല്ലാം ദ്വന്ദതയെയാണല്ലോ കാണിക്കുന്നത്.

ശരിയായ സത്യമെന്തെന്നാൽ, പരമബോധം മാത്രമെ നിലനിൽക്കുന്നതായുള്ളൂ. അതിന് അകവും പുറവും ഇല്ല. തികച്ചും ശാന്തവും പരിപൂർണ്ണവുമാണത്. ഭഗവാൻ എന്നറിയപ്പെടുന്നതും, വാസുദേവനെന്ന് ഋഷികൾ വിളിക്കുന്നതും അതുതന്നെയാണ്. ഇതറിയാൻ തപസ്സനുഷ്ഠിച്ചിട്ടോ യാഗകർമ്മങ്ങൾ നടത്തിയിട്ടോ കാര്യമില്ല. ഗൃഹസ്ഥജീവിതം ഉപേക്ഷിച്ചതുകൊണ്ടോ വേദപാഠങ്ങൾ ഉരുവിട്ടതുകൊണ്ടോ ഫലമില്ല. ജലം, അഗ്നി, സൂര്യൻ എന്നിവയെ പൂജിച്ചതുകൊണ്ടും ഫലമില്ല. എന്നാൽ ദിവ്യരും മഹാത്മാക്കളുമായ യോഗിവര്യന്മാരുടെ പാദരേണുക്കളാൽ പരിപാവനമാക്കപ്പെട്ടവർ, അവരുടെ സാമീപ്യഗുണത്താൽ ലൗകീകത നശിച്ച് ഭഗവൽമഹത്വങ്ങളും, അവതാരകഥകളും, അപദാനങ്ങളും പാടുന്നതിലൂടെ മാത്രമെ അജ്ഞത നീങ്ങുകയുള്ളൂ. ഞാൻ, പൂർവ്വജന്മത്തിൽ ഭരതൻ എന്നു പേരായ ഒരു രാജാവയിരുന്നു. ഒരു മാൻപേടയോടുള്ള മമതയാൽ അടുത്ത ജന്മത്തിൽ മാനായി ജനിച്ച എനിക്ക് ഭഗവൽകൃപയാൽ ആത്മബോധമുണ്ടായിരുന്നതു കൊണ്ട് ദിവ്യന്മാരുടെ സഹവാസവും ഭഗവൽപൂജയും ലഭ്യമായി. മൃഗമായിരുന്നുവെങ്കിലും എനിക്കെല്ലാം ഓർമ്മയുണ്ടായിരുന്നു. ഈ ജന്മത്തിൽ എൻെറ ഉൺമയെ മറച്ചുകൊണ്ട് ഞാൻ നടക്കുകയാണ്. രാജാവേ, ദിവ്യരും മഹത്തുക്കളുമായവരുടെ സത്സംഗം വഴി, വിജ്ഞാനത്തിൻെറ വാൾമുനയാൽ ലൗകീകതയുടെ കെട്ടുപാടുകൾ അറുത്തു കളഞ്ഞാലും.

**മനസ്വിനോ നിർജ്ജിതദിഗ്ഗജേന്ദ്രാ മമേതി സർവ്വേ ഭുവി ബദ്ധവൈരാ:
മൃധേ ശയീരന്ന തു തദ്വ്രജന്തി യന്ന്യസ്ത ദണ്ഡോ ഗതവൈരോ/ഭിയാതി (5–13–15)
രഹൂഗുണ ത്വമപി ഹ്യധ്വനോ/സ്യ സംന്യസ്തദണ്ഡ: കൃതഭുതമൈത്ര:
അസജ്ജിതാത്മാ ഹരിസേവയാ ശിതം ജ്ഞാനാസിമാദായ തരാതിപാരം (5–13–20)**

ദിവ്യബ്രാഹ്മണനായ ഭരതൻ തുടർന്നു: വ്യാപാരികളുടെ ഒരുകൂട്ടം സ്വത്തന്വേഷിച്ച് ലൗകീകാസ്തിത്വത്തിൻെറ വനത്തിൽ അലഞ്ഞുതിരിയുന്നു. ആറ് കൊള്ളക്കാർ അവരെ ആക്രമിക്കുന്നു. ചെന്നായ്ക്കളും കൃമികീടങ്ങളും അവരെ ശല്യപ്പെടുത്തുന്നു. മേഘങ്ങൾക്കിടയിൽ ഒരു നഗരം കണ്ട് അവരതിലെ വീടുകളിലും സ്വത്തുക്കളിലും അതീവ മമതയോടെ ജീവിക്കുന്നു. വിശക്കുമ്പോൾ പരസ്പരം യാചിച്ചും അശുദ്ധ വൃക്ഷങ്ങളിലെ ഫലം ഭക്ഷിച്ചും അവർ ജീവിക്കുന്നു. ദാഹമടക്കാൻ ഒരു മരീചികയോ വെള്ളമില്ലാത്ത പൊയ്കയോ തേടി അവരലയുന്നു. കാട്ടുതീയുടെ തീവ്രതയിൽ അവർക്ക് എല്ലാം നഷ്ടമാവുന്നു. സ്വത്തെല്ലാം നഷ്ടപ്പെട്ട് അവർക്ക് ബോധക്ഷയം സംഭവിക്കുന്നു. അവർക്ക് ഒരു മല കയറണമെന്നാഗ്രഹമുണ്ടെങ്കിലും കാലുകളിൽ പുണ്ണു നിറഞ്ഞിരിക്കുന്നു. തേനീച്ചക്കൂട്ടിൽ നിന്ന് അവർ തേനെടുക്കാൻ തുനിയുമ്പോൾ അവയുടെ കുത്തേറ്റ് വേദനയോടെ പുളയുന്നു. ഒരിറ്റു തേൻ കിട്ടിയാലോ, മറ്റുള്ളവരത് തട്ടിക്കൊണ്ടുപോവുന്നു. അവർ പരസ്പരം കച്ചവടത്തിലേർപ്പെടുന്നു. എന്നാൽ അത്യാഗ്രഹം കൊണ്ട് പരസ്പരം ശത്രുതയിലെത്തുന്നു. മറ്റുള്ളവൻെറ സ്വത്താഗ്രഹിച്ച് അതു കിട്ടാതാവുമ്പോൾ ഇഛാഭംഗം വരുന്നു. അവർ ചിലപ്പോൾ വൈവാഹിക ജീവിതത്തിൽ ഏർപ്പെടുന്നു. മരിച്ചുപോയ സഹയാത്രികരെ വിട്ടിട്ട് നവജാതരേയും കൂട്ടി ലക്ഷ്യമേതുമില്ലാത്ത, അവസാനം കാണാത്ത ഈ അലച്ചിൽ അവർ തുടർന്നു കൊണ്ടേയിരിക്കുന്നു.

മനസ്സുറപ്പുള്ളവർ പോലും, ലോകത്തെ കീഴടക്കി മണ്ണിൽ കിടന്നുകൊണ്ട് 'ഇതെൻേറത്' എന്ന തീവ്ര മമതയാൽ കഴിഞ്ഞു കൂടുന്നു. ഇതേ മണ്ണിനു വേണ്ടി അവർ പരസ്പരം വെറുത്തു കഴിയുന്നവരത്രെ. വെറുപ്പുപേക്ഷിച്ച സജ്ജനങ്ങൾ എത്തുന്നിടത്ത് ഇവർ എത്തുകയില്ല. അവർ കിളികൾ മധുരമായി ചിലയ്ക്കുന്ന ചിലേയിടങ്ങളിൽ ചെന്നുചേർന്ന് അവിടവുമായി വിട്ടുപോരാനാവാത്ത അടുപ്പത്തിലാവുന്നു. ചിലപ്പോൾ ചില മൃഗങ്ങളുമായി സൗഹൃദത്തിലാവുന്നു. പിന്നീടവയെ വിട്ട് ഒരു കുരങ്ങനെ കൂട്ടു പിടിക്കുന്നു. ചിലപ്പോൾ മലയിടുക്കുകളിൽ കാലിടറിവീണ് ഏതെങ്കിലും പുൽത്തുരുമ്പിൽ പിടിച്ച്, തിരികെ കയറിവരാൻ ശ്രമിക്കുന്നു. ഇങ്ങിനെ വനപാതയിലൂടെ സഞ്ചരിക്കുന്നവർക്ക് അവരുടെ ജീവിതത്തിൻെറ പരമോന്നതലക്ഷ്യത്തിൽ എത്തുക അസാദ്ധ്യം.

രഹുഗുണാ, നിങ്ങൾ ഈ വനപാതയിലാണിപ്പോൾ സഞ്ചരിക്കുന്നത്. അതുകൊണ്ട് മനസ്സിൽനിന്ന് അക്രമവാസന കളഞ്ഞ് സർവ്വജീവികളുടേയും സുഹൃത്താവുക. നിർമ്മമതയുടെ മാനസീകഭാവത്തോടെ ഭഗവാൻ ഹരിയുടെ ഭക്തനാവുക. വിവേകത്തിൻെറ പടവാളു വീശിക്കൊണ്ട് ജിവിതലക്ഷ്യത്തിലേക്ക് എത്തിച്ചേരുക. ”

വെറും ഒരു മണിക്കൂർ നേരം ഭരതനുമായുണ്ടായ സത്സംഗത്താൽ രാജാവിൻെറ സംശയങ്ങൾ നീങ്ങി, വിവേകമുദിച്ചു. തന്നെനിന്ദിച്ച രാജാവിന് ആത്മോപദേശം നൽകിയ ഭരതൻ പ്രയാണം തുടർന്നു. രഹുഗുണനാകട്ടെ അജ്ഞത നീങ്ങി ശരീരാസക്തിവിട്ട് ആത്മീയതയുടെ പാതയിൽ ജീവിതം നയിച്ചു പോന്നു.

## ഏകദാ⁄സത്പ്രസംഗാന്നികൃതമതിർവ്യുദകസ്രോത: സ്ഖലനവത്
## ഉഭയതോ⁄പി ദു:ഖദം പാഖണ്ഡമഭിയാതി (5-14-13)

കഥാരൂപത്തിൽ പറഞ്ഞ കാര്യത്തെ വിശദീകരിക്കാൻ പരീക്ഷത്തു രാജാവ് അഭ്യർത്ഥിച്ചതനുസരിച്ച് ശുകമുനി ഇങ്ങിനെ തുടർന്നു: ഇന്ദ്രിയാനുഭവങ്ങൾ കൊണ്ടു നിറഞ്ഞലോകം, മായാബന്ധനത്താൽ മനുഷ്യൻ അലഞ്ഞുനടക്കുന്ന വനപാത തന്നെയാണ്. കച്ചവടക്കാർ സ്വത്തുണ്ടാക്കാനായി പലേ വ്യാപാരങ്ങളി ലേർപ്പെടുന്നതുപോലെ മനുഷ്യൻ പലേവിധ കർമ്മങ്ങളിൽ വ്യാപൃതനായിരിക്കുന്നു. കടന്നുപോകുന്ന വഴികളിൽ പലേ പ്രശ്നങ്ങളും തടസ്സങ്ങളും ഉണ്ടായിട്ടുപോലും ശരിയായ പാതയേതെന്ന് തിരിച്ചറിയുവാൻ അവനു കഴിയുന്നില്ല. വഴിയിൽ വെച്ച് ഇന്ദ്രിയങ്ങൾ അവന്റെ വിവേകത്തെ അപഹരിച്ച് കടന്നുകളയുന്നു. ഇന്ദ്രിയങ്ങളത്രേ കാട്ടുകൊള്ളക്കാർ. ധർമ്മാധിഷ്ഠിതമായതുമാത്രമേ സ്വത്ത് എന്ന് പറയാനാവൂ. ഈ ധർമ്മമാകട്ടെ ഭഗവദ്ഭക്തിയിൽ അധിഷ്ഠിതവുമാണ്. അത്തരം ധർമ്മം മാത്രമേ ഇഹലോകത്തിൽ സന്തുഷ്ടിയുളവാക്കുന്നുള്ളൂ. എങ്കിലും ലൗകീകതയിൽ മുങ്ങിയ മനുഷ്യർ ധർമ്മത്തിനെതിരായ പാതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളാണവരെ അങ്ങോട്ട് നയിക്കുന്നത്.

ലൗകീകജീവിതമെന്ന വനത്തിൽ, സ്വന്തം ഭാര്യയും കുട്ടികളും പോലും ഒരുവന്റെ സ്വത്ത് അപഹരിച്ചെടുക്കുന്നു. മതപരമായ ചടങ്ങുകളും യാഗങ്ങളും പോലും അവന് നിതാന്തമായ ശാന്തതയും സന്തോഷവും നൽകുന്നില്ല. തിന്മയുടെ പൂച്ചെടികൾ അവന്റെ ജീവിതപാതയിൽ വീണ്ടും വിണ്ടും വളർന്നു വരുന്നു. എത്ര ഉഴുതുമറിച്ചിട്ടും നശിക്കാത്ത കളകൾ പോലെ ശക്തമാണവ. വേരുകൾ അപ്പാടെ നശിപ്പിച്ചെങ്കിൽ മാത്രമേ കളകളുടെ വളർച്ച തടയുവാനാവൂ. മരുഭൂമിയിലെ മരുപ്പച്ച തേടിയുള്ള പ്രയാണം പോലെ അജ്ഞാനിയായ മനുഷ്യൻ ഇന്ദ്രിയസുഖത്തിനു പിന്നാലെ പരക്കം പായുന്നു. എല്ലാ തിന്മകളുടേയും അടിസ്ഥാനമായ സ്വർണ്ണത്തിനു വേണ്ടി അവൻ മത്തുപിടിച്ചലയുന്നു. ഗൃഹം, സ്വത്ത് എന്നിങ്ങിനെയുള്ള ക്ഷണപ്രഭാചഞ്ചലവും അശാശ്വതങ്ങളുമായ വസ്തുക്കളുമായുള്ള മമത മൂലം അന്ധമായി അവയ്ക്കു വേണ്ടി അലഞ്ഞുനടന്ന് വിലപിടിപ്പേറിയ മനുഷ്യജന്മം പാഴാക്കുന്നു. സർവ്വസാക്ഷിയായ ജഗദീശ്വരന്റെ ദൃഷ്ടി എങ്ങുമുണ്ടെന്ന സത്യം മറന്നുകൊണ്ട് അവൻ സ്ത്രീക്കു പിറകേ കാമാതുരനായും അലയുന്നു.

വല്ലപ്പോഴുമൊക്കെ ഈ ഇന്ദ്രിയസുഖഭോഗങ്ങളുടെ ക്ഷണികതയെപ്പറ്റി അവന് ഉൾക്കാഴ്ച്ചയുണ്ടാവുന്നു. എന്നാൽ പെട്ടെന്നു തന്നെ സുഖഭോഗങ്ങളുടെ പ്രേരണ അവനെ ആ ചിന്തകളിൽനിന്നു പിൻവലിക്കുന്നു. പോയ ജന്മങ്ങളിലാർജ്ജിച്ച പുണ്യഫലമായി ഈ സുഖമെല്ലാം തീർന്നു കഴിയുമ്പോൾ ഈശ്വരനേയും ധർമ്മത്തേയും അഭയം പ്രാപിക്കുന്നതിനു പകരം അവൻ മറ്റു മനുഷ്യരേയാണ് അഭയം പ്രാപിക്കുന്നത്. അവൻ ചിലപ്പോൾ നാസ്തികരുടെ കൂടെ ചേർന്ന് നികൃഷ്ടരായ അവരാൽ നയിക്കപ്പെട്ട് മോഹിതനായി ഇഹലോകത്തും പരലോകത്തും പറയാൻ പോലും വയ്യാത്തത്ര ദുരിതങ്ങൾ അനുഭവിക്കാനിടയാവുന്നു.

അവൻ തന്റെ സ്വത്തിനോട് അമിതമായ മമതയോടെയിരിക്കുന്നു. അത് നഷ്ടപ്പെടുമ്പോൾ സ്വന്തം മാതാപിതാക്കളുടേയൊ കുട്ടികളുടേയോ പോലും സ്വത്ത് അപഹരിക്കാൻ അവന് മടിയില്ലാതാവുന്നു. സമൃദ്ധിയെല്ലാം പോയി നശിച്ച വീട് അവന് കത്തിനശിച്ച കാടുപോലെയാവുന്നു. മാത്രമല്ലാ, രാജാവിന് നികുതിയും കൊടുത്ത് തന്റെ സ്വത്തെല്ലാം നഷ്ടപ്രായമാവുമ്പോൾ അവൻ 'ചത്തതിനൊക്കുമേ ജീവച്ചിരിക്കിലും' എന്ന മട്ടിലുമിരിക്കുന്നു.

## യദിദം യോഗാനുശാസനം ന വാ ഏതദവരുന്ധതേ യന്ന്യസ്ത ദണ്ഡാ മുനയ ഉപശമശീലാ ഉപരതാത്മന: സമവഗച്ഛന്തി (5-14-39)

ശുകമുനി തുടർന്നു: ചിലപ്പോൾ ലൗകീകരായ മനുഷ്യർ ശാസ്ത്രാധിഷ്ഠിതമായ അനുഷ്ഠാന കർമ്മങ്ങളിലേർപ്പെടുന്നു. എങ്കിലും അതവർക്ക് വലിയൊരു പർവ്വതം ചുമക്കുന്നതുപോലെ കഠിനമായി അനുഭവപ്പെടുന്നു. ചിലപ്പോൾ ദുഷ്പേരും അപമാനവും സഹിച്ച് അവന് ഉറക്കം പോലും നഷ്ടപ്പെടുന്നു. അന്ത:മില്ലാതെ നീങ്ങുന്ന ദുരിതങ്ങൾക്കിടയ്ക്ക് ഒരൽപ്പം സുഖഭോഗത്തിനായി അവൻ അന്യന്റെ സ്വത്തിലും പരസ്ത്രീകളിലും കൈവെക്കുന്നു. സുഖലാഭത്തിന് പകരം നിയമപാലകരുടേയോ സ്ത്രീകളുടെ ഭർത്താക്കന്മാരുടെയോ പ്രഹരമേൽക്കാനാണ് അവന് യോഗം. ഇങ്ങിനെയൊന്നും ഉണ്ടായില്ലെങ്കിൽ പോലും അവന്റെ സ്വത്തുക്കൾ ഒന്നും ശാശ്വതമായി നിലനിൽക്കുന്നില്ല. ഈ ലോകത്ത് സമ്പത്ത് ഒരിക്കലും ഒരാൾവശം ഇരിക്കുകയില്ല. അത് കൈമറിഞ്ഞ് പൊയ്ക്കൊണ്ടേയിരിക്കും. നിയമപരമായ വ്യാപാരങ്ങളി ലേപ്പെട്ടിരിക്കുന്നവർ പോലും എതിരാളികളുടെ കുത്സിത പ്രവൃത്തികളാൽ ദുരിതമനുഭവിക്കാൻ ഇടവരുന്നു.

ഇങ്ങിനെ എണ്ണിയാലൊടുങ്ങാത്ത കഷ്ടപ്പാടുകൾ നിറഞ്ഞതാണ് ഇഹലോകജീവിതമെങ്കിലും ആത്മ നിയന്ത്രണമില്ലാത്ത മനുഷ്യൻ സ്ത്രീയെന്ന മായയാൽ ആകർഷിക്കപ്പെട്ട് അവളുടെ പ്രലോഭന ങ്ങൾക്കടിമയാവുന്നു. അവൻ, അവൾക്കുവേണ്ടി അടിമവേല ചെയ്യുന്നു. തന്റെ മക്കൾക്കും അവരുടെ ഭാര്യമാർക്കുമെല്ലാം വേണ്ടി അവൻ മോഹിതനായി ജോലി ചെയ്തുകൊണ്ടേയിരിക്കുന്നു. ഭഗവാന്റെ സൃഷ്ടികൾക്കാവശ്യമായ ഊർജ്ജമത്രേ സ്ത്രീ എന്നറിയപ്പെടുന്ന മായ.

വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ കഴിഞ്ഞ് കാലം കടന്നുപോകുന്നത് അവനറിയുന്നില്ല. അവൻ നാസ്തിക സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായി ജീവിക്കുന്നു. പിന്നീട് അവയുടെ മുഖംമൂടി പൊളിച്ചുമാറ്റി സത്യം വെളിപ്പെടുമ്പോൾ അവൻ ശരിയായ വിശ്വാസസംഹിതയിലേക്ക് തിരിയുന്നു. എങ്കിലും സത്സംഗത്തിനോ ദിവ്യപുരുഷന്മാരുമായുള്ള സഹവാസത്തിനോ അവന് സമയമില്ല. അവനപ്പോഴും സമ്പത്തും വിഷയാസക്തി യുമാണ് പ്രിയം.

വിധിവൈപരീത്യങ്ങൾ അവനെ ബാധിക്കുന്നു. ചിലപ്പോൾ അവൻ ധനവാൻ. ചിലപ്പോൾ തലചായ്ക്കാൻ ഇടം പോലുമില്ലാത്ത ഒരു ദരിദ്രവാസി. ദാരിദ്ര്യം ഒഴിവാക്കാൻ അവൻ ചിലപ്പോൾ വിവാഹം കഴിക്കുന്നു. കുറച്ച് കഴിഞ്ഞ് വിവാഹമോചനം നേടുന്നു. ലൗകീകജീവിതത്തിൽ ആരെങ്കിലും മരണപ്പെട്ടാൽ, കുറച്ചുപേർ ദു:ഖിക്കുകയും കരയുകയും ചെയ്യും. പിന്നീട് മൃതദേഹം മറവു ചെയ്യുന്നു. എന്നിട്ട് തങ്ങളുടെ പഴയ ജീവിതചര്യകൾ തുടരുന്നു. നന്മനിറഞ്ഞ ഒരുവൻ മാത്രമെ സത്യത്തിന്റെ പാതയിൽ പോവുന്നുള്ളൂ. അവൻ യോഗമാർഗ്ഗം സ്വീകരിക്കുന്നു. ലൗകീക ജീവിതാസക്തി ഉപേക്ഷിച്ച് മനസ്സ് ശാന്തമാക്കിയ മാമുനിമാർക്ക് മാത്രം പ്രാപ്യമായ ആ അത്യുന്നതപദത്തിനായി അവൻ പരിശ്രമിക്കുന്നു. രാജാക്കന്മാർ പോലും ദിഗ്വിജയം മോഹിച്ച് പടവെട്ടുമ്പോൾ മരിച്ചു വീഴുവാനാണ് അഭിലഷിക്കുന്നത്. കർമ്മമെന്ന പുൽത്തുരുമ്പിൽ പിടിച്ചുതൂങ്ങി അവൻ ജനനമരണചക്രത്തിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടേയിരിക്കുന്നു.

ഭരതൻ നയിച്ച ജീവിതം എത്ര ഉദാത്തമായിരുന്നു! ഒരു മാനിന്റെ ശരീരത്തിൽ ജീവിച്ചപ്പോഴും അദ്ദേഹം ഹരിഭക്തനായിരുന്നു. ഭരതന്റെ കഥ കേൾക്കുകയോ അത് മറ്റുള്ളവർക്കായി പറഞ്ഞു കൊടുക്കുകയോ ചെയ്യുന്ന ഏതൊരുവനും ആയുരാരോഗ്യസമ്പത്സമൃദ്ധിയും അവസാനം മോക്ഷപദവും ലഭിക്കുന്നതാണ്.

**ഗയം നൃപ: ക: പ്രതിയാതി കർമ്മഭിര്യജ്വാഭിമാനീ ബഹുവിദ്ധർമ്മ ഗോപ്താ**
**സമാഗതാശ്രീ: സദസസ്പതി: സതാം സത്സേവകോƒന്യോ ഭഗവത് കലാമൃതേ (5-15-9)**
**യത്പ്രീണനാദ്ബർഹിഷി ദേവതിര്യങ് മനുഷ്യ വീരുത്തൃണമാവിരിഞ്ചാത്**
**പ്രിയേതസദ്യ: സ ഹ വിശ്വജീവ: പ്രീത: സ്വയം പ്രീതിമഗാദ്ഗയസ്യ (5-15-13)**

ശുകമുനി തുടർന്നു: ഭരതൻെറ പുത്രനായ സുമതി ഋഷഭൻെറ കാലടികളെ പിന്തുടർന്നു. അദ്ദേഹത്തിൻെറ ആദ്യപുത്രനാണ് ദേവതാജിത്. പിന്നെയുണ്ടായവർ ദേവദ്യുമ്നൻ, പരമേഷ്ടി, പ്രതീഹൻ, പ്രതിഹാർത്തൻ, അജൻ, ഭുമൻ, ഉദ്ഗീതൻ, പ്രശ്ടാവൻ, വിഭു, പ്രതുസേനൻ, നക്തൻ എന്നിവരാണ്. നക്തൻെറ പുത്രനാണ് ഗയൻ. ഗയൻ ഭഗവാൻെറ ഒരു അംശാവതാരം തന്നെയായിരുന്നു. തികഞ്ഞ നിസ്വാർത്ഥയോടെ തൻെറ കടമകൾ നിറവേറ്റി ഹൃദയവും മനസ്സും നിർമ്മലമാക്കിയ ഗയൻ തൻെറ പ്രജകളെ എല്ലാ രീതിയിലും സംരക്ഷിച്ചുപോന്നു. പുറത്തെ ശത്രുക്കൾ മാത്രമല്ല, ആന്തരശത്രുക്കളായ വിശപ്പിൽ നിന്നും ദാഹത്തിൽനിന്നും പ്രജകൾക്ക് രക്ഷയേകി. കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ ഉചിതമായി ശിക്ഷിച്ചും മാനസീകമായി തളരുമ്പോൾ നർമ്മം കൊണ്ടും നല്ലവാക്കുപദേശിച്ചും അദ്ദേഹം അവരെ തെറ്റായ ചിന്താമാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിച്ചു. തൻെറ എല്ലാ കർമ്മങ്ങളും പൂജകളായി ഭഗവാൻ വിഷ്ണുവിൻെറ കാൽക്കൽ സമർപ്പിച്ച് അദ്ദേഹം ജനനമരണചക്രത്തിൻെറ ബന്ധനത്തിൽ നിന്നും മുക്തി നേടി. പരംപൊരുൾ തന്നെയാണല്ലോ ഭഗവാൻ. തികച്ചും ഭഗവദ്ബോധത്തിൽ മുങ്ങിനിന്ന ഗയന് ഞാൻ, എൻേറത് എന്ന ഭാവനകളുണ്ടായിരുന്നില്ല. തൻെറ രാജ്യത്തേയും പ്രജകളേയും ഏറ്റവും ഉന്നതമായ രീതിയിൽ നയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തെപ്പറ്റി ജ്ഞാനികൾ ഇങ്ങിനെ വാഴ്ത്തുന്നു.

"ഭഗവാൻ വിഷ്ണുവിൻെറ ഉത്തമഭക്തനും, വിജ്ഞാനിയും, ധർമ്മപരിപാലകനും, ഐശ്വര്യ പ്രതാപങ്ങളുടെ സുഹൃത്തും, സത്സംഗസമ്മേളനങ്ങളുടെ നായകനും, പുണ്യപുരുഷന്മാരുടെ ദാസനുമായ ഗയനു തുല്യമായി മറ്റാരുണ്ട് !"

ഗയൻെറ കിരീടധാരണദിവസം ദക്ഷപുത്രികളും പുണ്യനദികളുകടെ അധിദേവതമാരും അഭിഷേക ത്തിനെത്തിയിരുന്നു. ഗയൻെറ നന്മയിലും മഹത്വത്തിലും മതിമറന്ന് ഭൂമീദേവി തൻെറ മടിത്തട്ടിൽനിന്നും മധുരഫലങ്ങൾ പ്രജകൾക്ക് നൽകി. വൈദീകകർമ്മങ്ങൾക്ക്, ആവശ്യപ്പെടാതെ തന്നെ ഉന്നത ഫലങ്ങളുണ്ടായി. മറ്റുരാജാക്കന്മാർ ഗയനെ പ്രകീർത്തിക്കുകയും മാമുനിമാർ അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു.

ഭഗവാൻ ഗയൻെറ ഭക്തിസാധനയിൽ പ്രസാദിച്ചു. ഭഗവൽപ്രസാദമുണ്ടായാൽപ്പിന്നെ മറ്റെല്ലാവരേയും പ്രസാദിപ്പിച്ചു എന്നർത്ഥം. ദേവന്മാരും മനുഷരും എന്നു വേണ്ട സൃഷ്ടാവു മുതൽ പുൽക്കൊടിവരെയുള്ള ജീവജാലങ്ങളെല്ലാം പ്രസാദിതരായി.

ഗയൻെറ മകനാണ് ചിത്രരത്ഥൻ. പിന്നീട് സാമ്രാട്ട്, മരീചി, ബിന്ദുമാൻ, മന്തു, ഭൗവന, ത്വഷ്ട, വൃജ, എന്നിവരുമുണ്ടായി. അതിൽ വൃജന് നൂറ് പുത്രന്മാരും ഒരു പുത്രിയും. അവരിൽ ആദ്യത്തെയാൾ സത്യജിത്ത്. വൃജൻ തൻെറ വിജ്ഞാനത്താലും ഭരണനൈപുണ്യത്താലും പ്രിയവൃതൻെറ രാജവംശത്തിന് മഹത്വമേകി.

ॐ



**ന വൈ മഹാരാജ ഭഗവതോ മായാഗുണവിഭൂതേ: കാഷ്ഠാം മനസാ വചസാ വാധിഗന്തുമലം വിബുധായുഷാപി പുരുഷസ്തസ്മാത് പ്രാധാന്യേനൈവാ ഭൂഗോളകവിശേഷം നാമരൂപമാനലക്ഷണതോ വ്യാഖ്യാസ്യാമ: (5-16-4)**

പരീക്ഷിത്ത് പറഞ്ഞു: ഭൂതലത്തിൻെറ വിസ്താരത്തെപ്പറ്റിയും അത് തരംതിരിക്കപ്പെട്ടിരിക്കുന്നതെങ്ങിനെയെന്നും എനിക്ക് വിശദമായി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. അതിനെ ധ്യാനിച്ച് ഭഗവാൻെറ സ്ഥൂലരൂപമായ ദ്രവ്യശരീരത്തെക്കുറിച്ച് അറിവുണ്ടാവുന്നതിലൂടെ അവിടത്തെ സ്ഥായിസ്വഭാവത്തെക്കുറിച്ച് എനിക്ക് അറിവുണ്ടാവും എന്നു തോന്നുന്നു.

ശുകമുനി പറഞ്ഞു: മഹാരാജൻ, വളരെയേറെക്കാലം ആയുസ്സോടെ ജീവിച്ചവനുപോലും തൻെറ ചിന്തയാലോ വാക്കുകളാലോ ഭഗവൽമായയുടെ വിപുലത പ്രകടമായി വർണ്ണിക്കുക അസാദ്ധ്യമത്രേ. അതുകൊണ്ട് ഭൂതലത്തിലെ ചില സുപ്രധാന കാര്യങ്ങളെപ്പറ്റി മാത്രം, അവയുടെ നാമം, രൂപം, വ്യാപ്തി, സ്വഭാവസവിശേഷതകൾ എന്നിവയടക്കം, നമുക്ക് വിവരിക്കാം.

നാം ജീവിക്കുന്ന ഈ ദ്വീപ്, ഏഴ് ദ്വീപുകളുടെ മദ്ധ്യത്തിലായി നിലകൊള്ളുന്നു. സകലവും ചേർന്ന് ഒരു താമരയായി സങ്കൽപ്പിച്ചാൽ അതിൻെറ മദ്ധ്യത്തിലെ മൊട്ടായി ഇതിനെ കണക്കാക്കാം. ഈ ദ്വീപിൽ എട്ട് പർവ്വതനിരകളാൽ തിരിക്കപ്പെട്ട ഒൻപത് വർഷങ്ങളുണ്ട്. അവയുടെ മദ്ധ്യത്തിലായുള്ളത് ഇലവ്രതവർഷം. ഇലവ്രതത്തിൻെറ നടുവിലായി സുവർണ്ണമായ മേരുപർവ്വതം സ്ഥിതി ചെയ്യുന്നു. ഇലവ്രതത്തിൻെറ വടക്കായി നീലം, ശ്വേതം, ശൃംഗവനം ഇങ്ങിനെ മൂന്നു പർവ്വതനിരകളുണ്ട്. കൂടാതെ രമ്യകം, ഹിരൺമയം, കുരു ഇങ്ങിനെ മൂന്നു ഭൂഖണ്ഡങ്ങൾ. പുറത്തുള്ള നിരകൾ അകത്തുള്ളവയേക്കാൾ നീളത്തിൽ അൽപ്പം ചെറുതായി കാണപ്പെടുന്നു. ഇലവ്രതത്തിൻെറ തെക്ക് മൂന്ന് പർവ്വതനിരകളാണ്. നിഭാദം, ഹേമകൂടം, ഹിമാലയം, കൂടാതെ ഹരിവർഷം, കിമ്പുരുഷവർഷം, ഭാരതവർഷം എന്നിങ്ങിനെ മൂന്നു ഭൂഖണ്ഡങ്ങൾ. ഇലവ്രതത്തിൻെറ പടിഞ്ഞാറ് മാല്യവാൻ എന്ന പർവ്വതനിര. കിഴക്ക് നീലപർവ്വതം വരെ നീണ്ടുകിടക്കുന്ന ഗന്ധമാദനം. തെക്കായി നിഷാദ പർവ്വതം. ഇവ കേതുമാലം, ഭദ്രാശ്വം എന്നീ ഭൂഖണ്ഡങ്ങളുടെ അതിർനിരകളത്രേ.

മേരുപർവ്വതത്തിനു ചുറ്റും മന്ദര, മേരു, സുപാർശ്വ, കുമുദ എന്നിങ്ങിനെ നാലു മലകൾ. ഇവകളിൽ നാലു വലിയ മരങ്ങൾ. മാവ്, നെല്ലി, കദംബം, അരയാൽ കൂടാതെ പാല്, തേൻ, കരിമ്പുനീര്, വെള്ളം എന്നിവ നിറഞ്ഞിരിക്കുന്ന നാലു തടാകങ്ങളും അവിടെയുണ്ട്. ഇതിലെ വെള്ളം കുടിക്കുന്ന ദേവതകൾക്കും മറ്റുള്ളവർക്കും അതിഭൗതികസിദ്ധികൾ സ്വായത്തമാണ്. നന്ദനം, ചൈക്രരഥം, വൈഭ്രാജം, മർവ്വതോഭദ്രം എന്നീ പേരുകളോടു കൂടിയ നാല് അലൌകീകങ്ങളായ ഉദ്യാനങ്ങളും അവിടെയുണ്ട്. മാമ്പഴത്തിൽ നിന്നുമിറ്റുവീഴുന്ന പഴച്ചാറ് അവിടത്തെ ഭൂമിയെ നനച്ച് സംപുഷ്ടമാക്കുന്നു. നദിക്കരയിലെ നെല്ലിമരങ്ങളിൽ നിന്നും വീഴുന്ന പഴച്ചാറ് മണ്ണും ചെളിയുമായി രാസപ്രവർത്തനം നടത്തി സ്വർണ്ണമുണ്ടാക്കുന്നു. കദംബമരത്തിൻെറ അഞ്ചു ശാഖകളിൽനിന്നും തേനൊഴുകുന്നു. ആൽമരത്തിൽനിന്നും അനേകം നദികൾ ഉത്ഭവിക്കുന്നു. ഈ നദികളിൽ നിന്നുള്ള പ്രസാദമധുരമായ തീർത്ഥമാചമിക്കുന്നവർക്ക് ആയുരാരോഗ്യവും സമ്പത്തും സന്തോഷവും ലഭ്യമത്രേ.

മേരുപർവ്വതത്തിൻെറ അടിത്തട്ടിലായി ഇരുപതു മലകൾ കൂടിയുണ്ട്. കിഴക്ക്, തെക്ക്, വടക്ക്, പടിഞ്ഞാറ് ദിക്കുകളിലെല്ലാം ഈരണ്ടു മലകൾ. മേരുപർവ്വതത്തിൻെറ ഏറ്റവും മുകളിലായി സൃഷ്ടികർത്താവായ ബ്രഹ്മദേവൻെറ നഗരം. അതിനുചുറ്റും മറ്റുദേവതകളുടെ നഗരങ്ങൾ ഓരോ ദിക്കിനേയും പരിപാലിച്ചു നിലകൊള്ളുന്നു.

**നവസ്വപി വർഷേഷു ഭഗവാന്നാരായണോ മഹാപുരുഷ: പുരുഷാണാം**
**തദനുഗ്രഹായാത്മതത്ത്വവ്യൂഹേനാത്മനാദ്യാപി സംനിധീയതേ (5-17-14)**
**ഓംനമോ ഭഗവതേ മഹാപുരുഷായ സർവഗുണ**
**സംഖ്യാനായാനന്തായാവ്യക്തായ നമ ഇതി (5-17-17)**

ശുകമുനി തുടർന്നു: ത്രിവിക്രമനായ ഭഗവാൻ വിഷ്ണു വലതുകാൽകൊണ്ട് ഭൂമി മുഴുവൻ അളന്ന ശേഷം സ്വർഗ്ഗമളക്കാൻ തന്റെ ഇടതുകാൽ ഉയർത്തവേ തന്റെ തള്ളവിരൽ കൊണ്ട് ദിവ്യാകാശത്തിൽ ഒരു തുളയുണ്ടാക്കി. ഇതിൽ നിന്നും നിർഗ്ഗമിക്കുന്ന അരുവി (വശ്വപ്രകാശകിരണങ്ങൾ) ഭഗവതപദീ എന്ന പേരിലറിയപ്പെടുന്നു. ഭഗവാന്റെ താമരപ്പാദങ്ങളുടെ സ്പർശനം കൊണ്ട് ധന്യമാണല്ലോ അത്. ധ്രുവനക്ഷത്രം ഈ കിരണങ്ങളെ തന്റെ തലയിലേറ്റുന്നു. പിന്നീട് ധ്രുവനെ ചുറ്റുന്ന സപ്തർഷികളും ഈ പുണ്യകിരണങ്ങളെ കൈകൊള്ളുന്നു. വീണ്ടും താഴേക്കിറങ്ങിവന്ന്, സൂര്യപഥത്തിനേയും ചന്ദ്രപഥത്തിനേയും തഴുകി, മേരുപർവ്വത മുകളിലുള്ള ബ്രഹ്മനഗരത്തിലെത്തുന്നു. അവിടെനിന്നും നാലായി പിരിഞ്ഞ് നാലുദിക്കുകളിലേക്ക് പ്രവഹിക്കുന്നു. സീത കിഴക്കോട്ടും, ചക്ഷു പടിഞ്ഞാട്ടും, ഭദ്ര വടക്കോട്ടും, അളകനന്ദ തെക്കോട്ടും ഒഴുകുന്നു. അളകനന്ദ ഹിമാലയസാനുക്കൾ വഴിയൊഴുകി തെക്ക് കടലിൽ ചെന്നു ചേരുന്നു. ഈ നദിയിൽ മുങ്ങുന്നവർക്ക് വൈദീക പൂജാദികൾ കൊണ്ടുള്ള ഫലം ലഭിക്കുന്നു.

ഈ ഭൂഖണ്ഡങ്ങളിൽ, ഭാരതവർഷത്തിൽ ജീവിക്കുന്നതു കൊണ്ടു മാത്രമേ മനുഷ്യന് അവന്റെ ഭാഗധേയം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. മറ്റ് എട്ട് ഭൂഖണ്ഡങ്ങളിലും ആത്മാക്കൾ പോയി പൂർവ്വജന്മാർജ്ജിത പുണ്യങ്ങൾ അനുഭവിച്ചു തീർക്കുന്നു. അവിടങ്ങളിൽ ജനങ്ങൾക്ക് ദീർഘായുസും, ആരോഗ്യവും, യുവത്വവും, അസാധാരണമായ ലൈംഗീകശക്തിയും ഉണ്ട്. ഇതൊക്കെയാണെങ്കിലും സ്ത്രീകൾ ഒരുതവണ മാത്രമേ പ്രസവിക്കുന്നുള്ളൂ. അതും കുട്ടികളുണ്ടാവുന്ന പ്രായം തീരാറാവുമ്പോൾ മാത്രം. എന്നാൽ ഇവിടെയാണെങ്കിൽ മഹർഷിമാരുടേയും പുണ്യപുരുഷന്മാരുടേയും പർണ്ണശാലകൾ പ്രശാന്തതയോടെ നിലകൊള്ളുന്നു. ഭഗവാൻ നാരായണൻ, ഇപ്പോഴും ഈ ഒൻപതുഭൂഖണ്ഡങ്ങളിലും മനുഷ്യരെ രക്ഷിക്കാനായി അവതരിച്ചു കൊണ്ടേയിരിക്കുന്നു.

ഇലവ്രതയിൽ ഭഗവാൻ പരമശിവൻ മാത്രമേ പുരുഷനായുള്ളൂ. ബാക്കി എല്ലാവരും ഒരു ശാപത്താൽ സ്ത്രീകളായി തീർന്നിരിക്കുന്നു. പരമശിവൻ, പരംപൊരുളായി ഭഗവാനെ സംകർഷണൻ എന്നറിയപ്പെടുന്ന അവിടുത്തെ ഇങ്ങിനെ സ്തുതിച്ചു വാഴ്ത്തുന്നു.

"ഭഗവൻ, അങ്ങ് വാഴ്ത്തപ്പെടേണ്ട എല്ലാ സദ്ഗുണങ്ങളുടേയും ഇരിപ്പിടമത്രേ. അങ്ങയുടെ ഭക്തരിൽ അവിടുത്തെ ദർശനമുണ്ടാകുന്നതോടെ പുനർജന്മചക്രത്തിൽ നിന്നവർക്ക് മോചനമുണ്ടാവുന്നു. മനസ്സിന്റെ പ്രവർത്തനങ്ങളാലോ ലൗകീകവസ്തുക്കളാലോ അവിടുത്തെ ദൃശ്യം കളങ്കപ്പെടുന്നില്ല. എങ്കിലും ഇതിന്റെയെല്ലാം നിയന്താവെന്ന നിലയിൽ അവിടുന്നെല്ലാമറിയുന്നു. അതുകൊണ്ട് ആത്മനിയന്ത്രണം ആഗ്രഹിക്കുന്നവരേവരും അവിടുത്തെ ആരാധിക്കുന്നു. അവിടുന്ന് ലോക പരിപാലനം നടത്തുക വഴി മറ്റുള്ളവരും അവിടുത്തെ ഭക്തരായിത്തീരുന്നു. എങ്കിലും അവിടുന്ന് സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കതീതനാണെന്നറിയുന്നു. അങ്ങയുടെ ആദ്യസന്തതി മഹത്തത്വമാണല്ലോ. അത് ബ്രഹ്മാവെന്നറിയപ്പെടുന്നു. ആ ബ്രഹ്മാവിന്റെ പുത്രനാണ് ഞാൻ. ഞങ്ങൾ ദേവതകൾ അവിടത്തെ ഇച്ഛക്കൊത്ത് അങ്ങയുടെ നിയന്ത്രണത്തിലാണ് കാര്യങ്ങൾ നടത്തുന്നത്. അങ്ങാണ് ഞങ്ങളെ ഒന്നിപ്പിക്കുന്നതും. അങ്ങേക്കു നമോവാകം, നമസ്കാരം. "

**ഓം നമോ ഭഗവതേ ധർമ്മായാത്മവിശോധനായ നമ ഇതി (5-18-2)**
**ഓം നമോ ഭഗവതേ നരസിംഹായ നമസ്തേജസ്തേജസേ**
**ആവിരാവിർഭവ വജ്രനഖ വജ്രദംഷ്ട്ര കർമ്മാശയാൻ**
**രന്ധയ രന്ധയ തമോ ഗ്രസ ഗ്രസ ഓം സ്വാഹാ**
**അഭയമഭയമാത്മനി ഭൂയിഷ്ഠാ ഓം ക്ഷ്രൗം (5-18-8)**
**ഓം ഹ്രാം ഹ്രീം ഹ്രും ഓം നമോ ഭഗവതേ ഋഷീകേശായ സർവ്വ**
**ഗുണവിശേഷൈർവ്വിലക്ഷിതാത്മനേ ആകൂതീനാം ചിത്തീനാം**
**ചേതസാം വിശേഷണാം ചാധിപതയേ ഷോഡശകലായച്**
**ഛന്ദോമയായന്നമയായാമൃതമയായ സർവ്വമയായ സഹസേ ഓജസേ**
**ബലായ കാന്തായ കാമായ നമസ്തേ ഉഭയത്ര ഭൂയാത് (5-18-18)**

ശുകമുനി തുടർന്നു: ഭദ്രാശ്വം എന്ന ഭൂഖണ്ഡത്തിൽ ഭദ്രാശ്രവൻ തൻെറ പ്രജകളോടൊത്ത് ഭഗവാൻ വാസുദേവനെ ഹയഗ്രീവനെന്ന അവതാരരൂപത്തിൽ ഇങ്ങിനെ ആരാധിച്ചു വാഴ്ത്തുന്നു. "ധർമ്മദേവതയായ അവിടുന്ന് ആത്മശുദ്ധിയേകുന്നവനാണ്. അങ്ങേയ്ക്ക് നമസ്കാരം. ബുദ്ധിയും ചിന്താശക്തിയുമുള്ളവർ പോലും മരണം ഏതുനേരവും തങ്ങളെ കീഴ്പ്പെടുത്തുമെന്ന ബോധമില്ലാതെ ലൗകീകസുഖങ്ങളിൽ ആസക്തരായി കഴിയുന്നു. സ്വന്തം പിതാവിനേയോ മകനേപ്പോലുമോ ചിതയിൽ ദഹിപ്പിച്ചയുടനെ തന്നെ അവർ വിഷയസുഖങ്ങളിൽ വ്യാപരിക്കുന്നു. അങ്ങ് മായാതീതനും കർമ്മങ്ങൾ ബാധിക്കാത്തവനുമാണ്. എങ്കിലും ഒന്നിൻേറയും നിയമങ്ങൾക്ക് വിധേയമാവാതെ തന്നെ എല്ലാത്തിൻേറയും അധിപനുമാണ്. ഹയഗ്രീവന് നമോവാകം."

ഹരിവർഷം എന്ന ഭൂഖണ്ഡത്തിൽ ദേവതകളും മനുഷ്യരും രാക്ഷസരും ഭഗവാനെ നരസിംഹരൂപത്തിലാരാധിച്ചു വാഴ്ത്തുന്നു. "നരസിംഹഭഗവാന് നമോവാകം. വെളിച്ചത്തിൻെറ വെളിച്ചമാണങ്ങ്. അങ്ങേക്ക് അതിശക്തമായ ദംഷ്ട്രങ്ങളും നഖങ്ങളുമുണ്ട്. ഞങ്ങൾക്ക് വേണ്ടി അങ്ങയുടെ പൂർണ്ണരൂപം വെളിപ്പെടുത്തി ഞങ്ങളെ കർമ്മഫലങ്ങളിൽനിന്നും മോചിപ്പിച്ചാലും. ഞങ്ങളുടെ അജ്ഞാനമാകുന്ന ഇരുട്ടിനെ വിഴുങ്ങിയാലും. ഓം സ്വാഹാ: ഞങ്ങൾക്ക് അഭയം നൽകിയാലും. ഓം ക്ഷരൗം. എല്ലാ ജനങ്ങളും സന്തുഷ്ടരും ദുഷ്ടന്മാർ നന്മ നിറഞ്ഞവരുമായിത്തീരട്ടെ. അവർ പരസ്പരം സ്നേഹിക്കാനിടവരട്ടെ. പാവപ്പെട്ട ഭക്തജനങ്ങൾക്കു സുഹൃത്തും ഏകസമ്പാദ്യവുമായ അവിടുന്ന് ഞങ്ങൾക്ക് ഏകാഗ്രത നൽകിയാലും. നന്മയുടേയും ജ്ഞാനത്തിൻേറയും പാതയിൽനിന്നുമകറ്റുന്ന ഇന്ദ്രിയസുഖലോലുപത്വം ഞങ്ങളിലുണ്ടാകാതിരിക്കട്ടെ. അവിടുത്തെ താമരപ്പാദങ്ങളെ മറന്നുളള ജിവിതം, ഞങ്ങളുടെ ജീവൻെറ നിദാനമായ അവിടുത്തെ മറന്നുകൊണ്ട് കഴിയുകമൂലം ഞങ്ങൾക്ക് ബന്ധനവും ദുരിതവും അനുഭവിക്കേണ്ടിവരുന്നു. ഇതിനെയെല്ലാം ഉപേക്ഷിച്ച് നരസിംഹദേവനെ ആരാധിക്കുന്നതുമൂലം ഒരുവൻ എല്ലാ ഭയങ്ങളിൽനിന്നും മോചിതനാവുന്നു."

കേതുമാലം എന്ന ഭൂഖണ്ഡത്തിൽ ഭഗവാൻ സ്നേഹസ്വരൂപനായി ലക്ഷ്മീദേവിയുടെ ഹൃദയ വാസനായി സംവത്സരത്തിൻെറ മക്കൾക്കും നാഥനായി പ്രദ്യുമ്നൻ എന്ന പേരിൽ ആരാധിക്കപ്പെടുന്നു. ലക്ഷ്മീദേവി, ഈ മക്കളോടൊത്ത് ഭഗവാനെ ഇങ്ങിനെ പ്രകീർത്തിക്കുന്നു. "ഓം ഹ്രം ഹ്രീം ഹ്രും. ഇന്ദ്രിയങ്ങളുടെ ദേവനായ അവിടേയ്ക്ക് നമോവാകം. മറ്റെല്ലാ പ്രകൃതിസ്വഭാവങ്ങളിൽ നിന്നും ഭിന്നനും, ഇന്ദ്രിയമനോബുദ്ധികളുടേയും അറിവിൻേറയും നിയന്താവും, പതിനാറുകലകളും സമ്പൂർണ്ണമായി ഒത്തുചേർന്നവനും, വേദങ്ങൾ മൂർത്തീകരിച്ചപോലെയുളളവനും, അമർത്ത്യതയും, ആഹാരവും, എല്ലാമെല്ലാമായ അങ്ങേയ്ക്കു നമോവാകം. കാന്തശക്തിയും, ബലവും, അധികാരവും എല്ലാം അങ്ങുതന്നെ. അങ്ങേയ്ക്ക് നമസ്കാരം. അങ്ങയെ പൂജിക്കുന്നവർ അവിടുന്ന് തങ്ങളുടെ ഏകാവലംബമാവുക എന്ന വരം ചോദിക്കുന്നതിനു പകരം മറ്റുവിലകുറഞ്ഞ കാര്യങ്ങൾ വരമായി ചോദിക്കുന്നത് എത്ര പരിതാപകരം! കരുണയോടെ അവിടുത്തെ താമരക്കൈകൾ ഞങ്ങളുടെ ശിരസിൽവച്ച് അനുഗ്രഹം നൽകിയാലും. "

**ഓം നമോ ഭഗവതേ മുഖ്യതമായ നമ: സത്വായ**
**പ്രാണായൌജസെ സഹസേ ബലായ മഹാമത്സ്യായ നമ ഇതി (5-18-25)**
**ഓംനമോ ഭഗവതേ അകൂപാരായ സർവ്വസത്ത്വഗുണവിശേഷണായാനുപലക്ഷിതസ്ഥാനായ**
**നമോ വർഷ്മണേ നമോ ഭൂമ്നേ നമോ നമോ*f*വസ്ഥാനായ നമസ്തേ (5-18-8)**
**ഓം നമോ ഭഗവതേ മന്ത്രതത്ത്വലിംഗായ യജ്ഞക്രതവേ**
**മഹാധ്വരാവയവായ മഹാപുരുഷായ നമ: കർമ്മശുക്ലായ ത്രിയുഗായ നമസ്തേ (5-18-8)**
**ഓം നമോ ഭഗവതേ ഉത്തമശ്ലോകായ നമ: ആര്യലക്ഷണശീലവ്രതായ നമ ഉപശിക്ഷിതാത്മന**
**ഉപാസിത ലോകായ നമ: സാധുവാദനികഷണായ നമോ**
**ബ്രഹ്മണ്യദേവായ മഹാപുരുഷായ മഹാരാജായ നമ ഇതി (5-19-3)**
**ഓം നമോ ഭഗവതേ ഉപശമശീലായോപരതാനാത്മ്യായ നമോ*f*കിഞ്ചനവിത്തായ**
**ഋഷിഋഷഭായ നരനാരായണായ പരമഹംസപരമഗുരവേ**
**ആത്മാരാമാധിപതയേ നമോ നമ ഇതി (5-19-11)**

ശുകമുനി തുടർന്നു: രമണ്യകവർഷത്തിൽ സത്യവ്രതൻ മത്സ്യാവതാരരൂപത്തിൽ ഭഗവാനെ സ്തുതിക്കുന്നു. 'പരമവും നിർമ്മലവുമായ സാത്വികതയുടെ പരംപൊരുളും, ജീവശക്തിയും ഓജസ്സും, ശരീരമനോബുദ്ധി കളുടെ ഊർജ്ജസ്രോതസ്സുമായ അങ്ങേക്കു നമസ്കാരം.' ഹിരൺമയവർഷത്തിൽ ആര്യമൻ, കൂർമ്മാവതാര രൂപത്തിൽ ഭഗവാനെ വാഴ്ത്തുന്നു. 'കൂർമ്മരൂപത്തിലുള്ള അവിടുന്ന് സംശുദ്ധമായ സാത്വികത തന്നെയാണ്. എല്ലാത്തിനും അടിസ്ഥാനമായി വിളങ്ങി, വിശ്വസത്വമായി പുരാതനവും അജ്ഞാതവുമായി വിരാജിക്കുന്ന അവിടേക്ക് നമസ്കാരം.' വടക്കേ കുരുദേശത്ത് ഭൂമി ഭഗവാനെ വരാഹാവതാരരൂപത്തിൽ സ്തുതിക്കുന്നു. 'മന്ത്രസിദ്ധിയാൽ അറിയാൻ കഴിയുന്ന ആ ഭഗവാനു നമസ്കാരം. യാഗവും, പരമപുരുഷനുമായ അവിടുത്തെ കർമ്മങ്ങൾ സംശുദ്ധമത്രേ. അവിടുന്ന് ത്രിയുഗനായും അറിയപ്പെടുന്നു.' കിംപുരുഭൂഖണ്ഡത്തിൽ ഭക്തോത്തമനായ ഹനുമാൻ ശ്രീരാമനെ ആരാധിക്കുന്നു. ആകാശദേവതകൾ പാടുന്ന ശ്രീരാമസ്തുതിയും രാമകഥയും കേട്ട് ഹനുമാനും മന്ത്രം ജപിക്കുന്നു. 'സുശിക്ഷതനും, ഉത്തമഗുണങ്ങളുമുള്ള ഭഗവാനു നമോവാകം. പ്രജാക്ഷേമതൽപ്പരനും ഭക്തപ്രിയനും, നന്മയുടെ പ്രതീകവും ഉത്തമനായ മഹാരാജാവും ആയ അവിടുന്ന് ദിവ്യപുരുഷന്മാരേയും മഹാത്മാക്കളേയും ദൈവതുല്യരായി കണക്കാക്കുന്നു.' ഹനുമാൻ വീണ്ടും ഭഗവാനെ ഇങ്ങിനെ സ്തുതിച്ചു വാഴ്ത്തുന്നു. 'ഭഗവാൻെറ ഭൂലോകവാസം രാക്ഷസനിഗ്രഹത്തിന് മാത്രമായിരുന്നില്ല, മറിച്ച് മനുഷ്യർക്ക് ഒരു പാഠമായിരിക്കാൻ കൂടിയാണ്. സീതാദേവിയോടുള്ള സ്നേഹത്താൽ അദ്ദേഹം ഒരുത്തമഭർത്താവായി ജീവിച്ചു. അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയും രാജകീയവൃത്തികളും ഒരുത്തമപുരുഷൻേറതുമായിരുന്നു. തന്നിൽ ഭക്തരായ മൃഗങ്ങളോടുപോലും സ്നേഹവാത്സല്യം പ്രകടിപ്പിച്ച് ഭക്തിമാത്രമാണ് തന്നിലേക്കുള്ള വഴിയെന്ന് അദ്ദേഹം പഠിപ്പിച്ചു.'

ഭാരതവർഷത്തിൽ ഭഗവാൻ നരനാരായണനായി നിതാന്തമായ തപശ്ചര്യകളിലേർപ്പെട്ട് ആളുകളെ അനുഗ്രഹിച്ചും ധാർമ്മികജീവിതത്തിനുദാഹരണമായി ജീവിച്ചും വിളങ്ങുന്നു. അവിടുന്ന് മനുഷ്യർക്കു ബോധമുണ്ടാക്കിക്കൊടുത്ത്, ദൈവീകത, ആത്മനിയന്ത്രണം, നിസ്വാർത്ഥത, നിഷ്പക്ഷത എന്നീ പെരുമാറ്റച്ചട്ടങ്ങളിലൂടെ നിർവ്വാണപദം പ്രാപിക്കുന്നതിനെപ്പറ്റിയുള്ള അറിവുണ്ടാക്കുന്നു. നാരദമുനിയും മറ്റുള്ളവരും ഭഗവാനെ ഇങ്ങിനെ വാഴ്ത്തി സ്തുതിക്കുന്നു. 'ആത്മനിയന്ത്രണാധിഷ്ഠിതനും, ശരീരമാണ് ആത്മാവ് എന്ന തെറ്റിദ്ധാരണയില്ലാത്തവനും, പാവങ്ങളുടെ ഏകാശ്രയവും, മാമുനിമാരിലഗ്രഗണ്യനും, പരമഹംസനും, എല്ലാവർക്കും ഗുരുവുമായ അവിടേക്കു നമസ്ക്കാരം.' ഭഗവൻ, യോഗമാർഗ്ഗത്തിൻെറ മഹിമ, ശരീരബുദ്ധിയിൽനിന്നു മോചനം കിട്ടുന്നതിലൂടെയാണ് വെളിപ്പെടുന്നത്. അതുകൊണ്ട് ഈ ശരീരാസക്തിയെ ഉപേക്ഷിക്കാതെ എന്തെല്ലാം ആത്മീയകാര്യങ്ങളിലേർപ്പെട്ടാലും പ്രയോജനമില്ലതന്നെ. ആ ഭയത്തിൽനിന്നുള്ള ഏക മോചനമാർഗ്ഗം അവിടുത്തെ പാദാരവിന്ദങ്ങളെ പ്രാപിക്കുക മാത്രമാണ്.

**പ്രതസ്യ വിഷ്ണോ രൂപം യത്സത്യസ്യർത്തസ്യ ബ്രഹ്മണ:**
**അമൃതസ്യ ച മൃത്യോശ്ച സൂര്യമാത്മാനമീമഹീതി (5-20-5)**
**സ്വഗോഭി: പിതൃദേവേഭ്യോ വിഭജൻ കൃഷ്ണശുക്ലയോ:**
**പ്രജാനാം സർവാസാം രാജാന്ധ: സോമോ ന ആസ്ത്വിതി (5-20-12)**
**പരസ്യ ബ്രഹ്മണ: സാക്ഷാജ്ജാതവേദോ*f* സി ഹവ്യവാട്**
**ദേവാനാം പുരുഷാംഗാനാം യജ്ഞേന പുരുഷം യജേതി (5-20-17)**
**ആപ: പുരുഷവീര്യാ: സ്ഥ പുനന്തീർഭൂർഭുവ: സുവ:**
**താ ന: പുനീതാമീവഘ്നീ: സ്പൃശതാമാത്മനാ ഭുവ ഇതി (5-20-23)**

ശുകമുനി തുടർന്നു: ജംബുദ്വീപ് ഉപ്പുവെള്ളം നിറഞ്ഞ കടലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നു. പ്ലക്ഷദ്വീപ് അതിനുമപ്പുറത്താണ്. അതിൽ ഏഴു നാവുകളോടുകൂടി അഗ്നിദേവൻ വിഹരിക്കുന്നു. പ്രിയവ്രതന്റെ പുത്രനായ ഇധ്മജിഹ്വൻ, ഈ ദ്വീപിനെ ശിവം, യവശം, സുഭദ്രം, ശാന്തം, ക്ഷേമം, അമൃതം, അഭയം എന്നിങ്ങിനെ ഏഴായി തരം തിരിച്ചു. ഈ ദ്വീപിൽ ഏഴുനദികളും ഏഴുമലകളും ഉണ്ട്. ആയിരം വർഷത്തോളം ദീർഘായുസ്സുള്ള നാലുതരം മനുഷ്യരാണവിടെ വസിക്കുന്നത്. ഹംസന്മാർ, പതംഗൻമാർ, ഊർദ്ധ്വായാനർ, സത്യാംഗർ എന്നീ ജാതികൾ. അവർ സൂര്യനെ ഭഗവാൻവിഷ്ണുവിന്റെ പ്രത്യക്ഷരൂപമായി കണക്കാക്കി പൂജിക്കുന്നു. പ്രകൃതിനിയമത്തിന്റേയും സത്യത്തിന്റേയും അമർത്ത്യതയുടേയും മൃത്യുവിന്റേയും എല്ലാം നിയന്താവ് അവിടുന്നാണല്ലോ.

പ്ലക്ഷദ്വീപിനു ചുറ്റും മധുരം നിറഞ്ഞ കരിമ്പുനീരാണുള്ളത്. അതിനുമപ്പുറം സാൽമൽ ദ്വീപ്. അതിനുചുറ്റും വീഞ്ഞുനിറഞ്ഞ സമുദ്രമത്രേ. ഗരുഡദേവന്റെ ആസ്ഥാനമായ സാൽമാലി എന്ന പട്ടുപഞ്ഞിമരം അവിടെയാണ്. പ്രിയവ്രതന്റെ മകൻ യജ്ഞബാഹു, ദ്വീപിനെ സുരോചന, സൗമനസ്യ, രമണക, ദേവവർഷ, പാരിഭദ്ര, അപ്യായന, അവിജ്ഞാത എന്നിങ്ങിനെ ഏഴായിത്തിരിച്ചു. അവിടേയും സപ്തനദികളും മലകളും ഉണ്ട്. ശ്രുതധരർ, വീര്യധരർ, വസുന്ധരർ, ഇഷന്ധരർ എന്നിങ്ങിനെ നാലുജാതി മനുഷ്യരും അവിടെയുണ്ട്. അവർ ചന്ദ്രനെ പൂജിക്കുന്നു. 'രാവും പകലും ജീവികൾക്ക് പോഷകമേകിയും ഭരിച്ചും സംരക്ഷിച്ചും വിഹരിക്കുന്ന ചന്ദ്രഭഗവാൻ ഞങ്ങൾക്ക് രക്ഷയേകട്ടെ.'

നെയ്സമുദ്രത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന കുശദ്വീപിനെ പ്രിയവ്രതന്റെ നാലാമത്തെ പുത്രനായ ഹിരണ്യരേതൻ ഏഴാക്കി തിരിച്ചു. വസു, വസുദാന, ദൃധരുചി, നാഭിഗുപ്ത, സ്തുത്യവൃത, വിവിക്ത, വാമദേവ എന്നീ ഭൂഖണ്ഡങ്ങൾ. ഇതിലും സപ്തനദികളും മലകളും ഉണ്ടായിരുന്നു. ഇവിടുത്തെ നാലുജാതി മനുഷ്യർ കുശലർ, കോവിദർ, അഭ്യുക്തർ, കുലകർ എന്നിങ്ങിനെ അറിയപ്പെടുന്നു. അവർ അഗ്നിദേവനെ പൂജിക്കുന്നു. 'അവിടുന്ന് ഭഗവാനുള്ള അർഘ്യങ്ങൾ സ്വീകരിച്ച് ഭഗവൽപ്രസാദം നേടിത്തരുന്നു. ദിവ്യതയും മഹിമയും ഭഗവാന്റെ കൈകാലുകളത്രേ.'

അതിനുമപ്പുറം ക്രൗഞ്ചദ്വീപ്, പാൽക്കടലിൽ നിലകൊള്ളുന്നു. പ്രിയവ്രതന്റെ പുത്രനായ ഘൃതപൃഷ്ടൻ ദ്വീപിനെ ആമ, മധുരുഹ, മേഘപൃഷ്ട, സുധാമ, ഭ്രാജിഷ്ട, ലോഹിതാർന, വനസ്പതി എന്നിങ്ങിനെ ഏഴാക്കിത്തിരിച്ചു. ഇവിടെയും സപ്തനദികളും മലകളും ഉണ്ട്. ഇവിടത്തെ നാലു ജാതി മനുഷ്യർ പുരുഷർ, ഋഷഭർ, ദ്രവിനർ, ദേവകർ എന്നറിയപ്പെടുന്നവർ വരുണദേവനെ പൂജിക്കുന്നു. 'ഭഗവാന്റെ ഊർജ്ജം അങ്ങിലുണ്ട്. എല്ലാ പാപങ്ങളേയും തുടച്ചുമാറ്റുന്ന അവിടുന്ന് ഞങ്ങളുടെ ശരീരങ്ങളെയും ശുദ്ധമാക്കിയാലും.'

**അന്ത: പ്രവിശ്യ ഭൂതാനി യോ ബി ഭർത്ത്യാത്മകേതുഭി:**
**അന്തര്യാമീശ്വര: സാക്ഷാത് പാതു നോ യദ്വശേ സ്ഫുടം (5–20–28)**
**യത്തത് കർമമയം ലിംഗം ബ്രഹ്മലിംഗം ജനോƒർച്ചയേത്**
**ഏകാന്തമദ്വയം ശാന്തം തസ്മൈ ഭഗവതേ നമ ഇതി (5–20–33)**

ശുകമുനി തുടർന്നു: അതിനുമപ്പുറത്ത് ശാകദ്വീപ്. അത് ഉടച്ച തൈരിനാൽ ചുറ്റപ്പെട്ടിരിക്കുന്നു. പ്രിയവ്രതന്റെ ആറാമത്തെ പുത്രനായ മേദാതിഥി അതിനെ പുരോജവം, മനോജവം, പാവമാനം, ധൂമ്രാനീകം, ചിത്രരേഫം, ബഹുരൂപം, വിശ്വാധാരം എന്നിങ്ങിനെ ഏഴായി തിരിച്ചു. അവിടെ ഏഴു മലകളും നദികളും ഉണ്ടായിരുന്നു. അവിടുത്തെ നാലുജാതി മനുഷ്യർ ഋതവ്രതർ, സത്യവ്രതർ, ദാനവ്രതർ, അനുവ്രതർ എന്നിങ്ങിനെ അറിയപ്പെടുന്നു. ഇവർ പ്രാണായാമത്തോടെ വായുദേവനെ ഇങ്ങിനെ പൂജിക്കുന്നു. 'എല്ലാ ജീവികളുടെ യുള്ളിലും പ്രവേശിച്ച് സംരക്ഷിക്കുന്ന ആ ഭഗവാൻ സകലജീവികളേയും ഞങ്ങളേയും അഭയം നൽകി രക്ഷിക്കട്ടെ.'

അവസാനം ശുദ്ധജലത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പുഷ്ക്കരദ്വീപ്. അതിൽ അനേകകോടി സുവർണ്ണദള ങ്ങളോടു കൂടിയ മഹത്തായ താമരപ്പൂ നിലകൊള്ളുന്നു. അതത്രേ സൃഷ്ടാവിന്റെ ഇരിപ്പിടം. ഈ ദ്വീപിനു നടുവിൽ മാനസോത്തരം എന്ന ഒരു പർവ്വതം മാത്രമേയുള്ളൂ. ദേവാധിദേവനായ ഇന്ദ്രന്റെ നാലു നഗരികളും ഇവിടെയുണ്ട്. അതിനു മുകളിലാണ് കാലചക്രം തിരിയുന്നത്. ഒരു ദിവ്യദിനംകൊണ്ട് ചക്രം ഒരു തവണ തിരിയുന്നു. പ്രിയവ്രതന്റെ ഏഴാമത്തെ പുത്രനായ വീതിഹോത്രൻ ഈ ദ്വീപിന്റെ ആദ്യത്തെ രാജാവായിരുന്നു. അദ്ദേഹം തന്റെ പുത്രന്മാരായ രമണകനും, ധാടകനുമായി ഈ ദ്വീപിലെ രണ്ടു ഭൂഖണ്ഡങ്ങൾ ഭരണത്തിനേൽപ്പിച്ച് വനവാസത്തിനു പോയി. അദ്ദേഹം തന്റെ ആറു ജ്യേഷ്ഠന്മാരെ പിന്തുടർന്നു. ഈ ദ്വീപിലെ ജനങ്ങൾ സൃഷ്ടികർത്താവായ ബ്രഹ്മാവിനെ പ്രാർത്ഥിക്കുന്നു. 'ഉൽകൃഷ്ടമായ കർമ്മസാധനകൊണ്ടുമാത്രം പ്രാപിക്കുവാനാവുന്ന ഭഗവൻ, അങ്ങ് അദ്വൈതവും ശാന്തവും പരമവുമായ ആ പരംപൊരുളിനെ ഞങ്ങൾക്കു മനസ്സിലാക്കാൻ ഇടവരുത്തുന്നു. അങ്ങേയ്ക്ക് നമോവാകം.'

അപ്പുറത്ത് അതേ വിസ്തൃതിയുള്ള മറ്റൊരു പ്രതലം. അതിനുമപ്പുറത്ത് സ്വർണ്ണം നിറഞ്ഞ മറ്റൊരു പ്രദേശം. അവിടെ പ്രവേശിക്കുന്ന യാതൊന്നും പിന്നീട് കാണപ്പെടുകയില്ല. എന്തും അപ്രത്യക്ഷമാക്കാൻ കഴിയുന്ന ഈ പ്രദേശം സർവ്വരാലും വർജ്ജിക്കപ്പെട്ടിരിക്കുന്നു. ഇതിന് 'ലോകാലോകം' എന്നു പേർ. ഇത് സൂര്യനാൽ പ്രകാശമാനമാക്കപ്പെടുന്ന ഭൂഗോളങ്ങളും അല്ലാത്തവയും തമ്മിലുള്ള അതിർത്തിയായി നിലകൊള്ളുന്നു.

മേരുപർവ്വതവും ലോകാലോകവും തമ്മിലുള്ള ദൂരം ഭൂഗോളത്തിന്റെ നാലിലൊന്നത്രേ. മേരുവിനപ്പുറം നാലു ദിക്കുകളും കാത്തു കാവൽ നിൽക്കാൻ ഋഷഭൻ, പുക്ഷരചൂഡൻ, വാമനൻ, അപരാജിതൻ എന്നിങ്ങിനെ നാലാനകൾ. അപ്രകാശിതവും അതിനാൽ ഇന്ദ്രിയഗോചരമല്ലാത്തതുമായ ആ ലോകത്തിനുമപ്പുറത്താണ് യോഗിവര്യന്മാർക്കു മാത്രം പ്രാപ്യമായ ഇടം.

എല്ലാ സ്ഥലങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ട് സൂര്യൻ എല്ലാത്തിലും നടുവിലായി നിലകൊള്ളുന്നു. എല്ലാ ജീവജാലങ്ങളുടേയും ആത്മസത്തതന്നെയാണ് സൂര്യൻ.

(ദ്വീപ്, വർഷം എന്നിവയെല്ലാം ഗവേഷണമർഹിക്കുന്ന വിഷയങ്ങളത്രേ ! ലോകാലോകം ആധുനീക ശാസ്ത്രത്തിന്റെ ബ്ലാക് ഹോൾ ആണോ ?)

## ഏതാവാനേവ ഭൂവലയസ്യ സംനിവേശ: പ്രമാണ ലക്ഷണതോ വ്യാഖ്യാത: (5-21-1)
## ഏതേന ഹി ദിവോ മണ്ഡലമാനം തദ്വിദ ഉപദിശന്തി യഥാ ദ്വി ദളയോർ
## ന്നിഷ്പാവാദീനാം തേ അന്തരേണാന്തരിക്ഷം തദുഭയ സന്ധിതം (5-21-2)

ഭൂതലത്തിൻെറ വിസ്തൃതിയെപ്പറ്റിയുള്ള വെളിപാടാണത്. സത്യദൃക്കുകൾ ഭൂതലത്തിൻെറ ഒരു പകുതിയെ സംക്ഷിപ്തമായി വിവരിച്ച് വിശദികരിക്കുന്നതങ്ങിനെയത്രെ. ഇതിനുരണ്ടിനുമിടക്ക് ശൂന്യാകാശമാണ്. ഈ തലത്തിൻെറ മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന സൂര്യൻ സ്വർഗ്ഗങ്ങളേയും ഭൂമിയേയും ഇടയ്ക്കുള്ള ആകാശത്തെയും പ്രകാശമയമാക്കുന്നു.

ഉത്തരായനത്തിൽ സൂര്യൻ വടക്കോട്ടു നീങ്ങുമ്പോൾ ദിനങ്ങൾക്ക് രാവുകളേക്കാൾ നീളമേറുന്നു. ദക്ഷിണായനത്തിൽ സൂര്യൻ തെക്കോട്ടു നീങ്ങുമ്പോൾ രാത്രികൾക്ക് പകലുകളേക്കാൾ നീളം കൂടുന്നു. സൂര്യൻ മേടവും തുലാമും കടന്നുപോവുമ്പോൾ രാത്രിപകലുകൾക്ക് ഒരേ നീളമായിരിക്കും.

മാനസോത്തരപർവ്വതത്തിനെ പ്രദക്ഷിണം വെച്ചുള്ള യാത്ര 95,100,000 യോജനയാണെന്ന് അറിവുള്ളവർ പറയുന്നു. ആ പർവ്വതനിരയിലാണ് നാലു പ്രധാനനഗരികൾ. കിഴക്കുള്ള നഗരി ഇന്ദ്രൻേറത്. തെക്ക് യമൻേറത്. പടിഞ്ഞാറ് വരുണൻേറത്. വടക്ക് സോമൻേറത്. സൂര്യൻ ഈ നഗരികളെ കടന്നുപോകുമ്പോൾ നമുക്ക് സൂര്യോദയം, നട്ടുച്ച, അസ്തമയം, അർദ്ധരാത്രി എന്നിവ അനുഭവപ്പെടുന്നു. എന്നാൽ മേരുപർവ്വതത്തിൽ നിവസിക്കുന്നവർക്ക് നിരന്തരമായി പകലാണ്. സൂര്യനസ്തമിക്കുമ്പോൾ ലോകം മുഴുവൻ സുഷുപ്തിയിലേക്ക് നീങ്ങുന്നു. എന്നാൽ സൂര്യൻ എതിർദിശയിൽ ഉദിച്ചുയരുമ്പോൾ അത് മനുഷ്യരെ പീഢിപ്പിക്കുന്നു. അവർ ഉഷ്ണിച്ചുവിയർക്കുന്നു.

ജ്ഞാനികൾ സൂചനാത്മകമായി ഒരു സൂര്യരഥത്തെ വർണ്ണിക്കുന്നു. ഒരു വർഷം രഥത്തിൻെറ ചക്രങ്ങളായും, പന്ത്രണ്ടുമാസങ്ങൾ ചക്രത്തിൻെറ അഴികളായും, ആറുകാലങ്ങൾ ചക്രത്തിൻെറ ഭാഗങ്ങളായും, മൂന്നു ഭാഗങ്ങളുള്ള ചക്രകുടവും വർണ്ണനയിലുണ്ട്. ചക്രത്തിൻെറ അച്ചുതണ്ട് (ഗുരുത്വാകർഷണമേഖല) മേരു പർവ്വതത്തിൽ ഒരറ്റവും, മാനസോത്തരത്തിൽ മറ്റേ അറ്റവും ഉറപ്പിച്ചിരിക്കുന്നു. മറ്റൊരച്ചുതണ്ട് ആദ്യത്തേതിൻെറ നാലിലൊന്നു നീളത്തിലാണുള്ളത്. അതിൻെറ ഒരറ്റം വലിയ അച്ചുതണ്ടിലും മറ്റേയറ്റം ധ്രുവനക്ഷത്രത്തിലും ഉറപ്പിച്ചിരിക്കുന്നു.

സൂര്യരഥത്തിന് 3,000,000 യോജന നിളവും 900,000 യോജന വീതിയുമുണ്ട്. അരുണനാണ് രഥത്തിൻെറ സാരഥി. ഏഴു കുതിരകളെ രഥത്തിൽ പൂട്ടിയിരിക്കുന്നു. സൂര്യരഥം മുന്നോട്ട് പോവുമ്പോൾ മാമുനിമാരും, ഋഷികളും, ആകാശദേവതകളും, അപ്സരസുകളുമെല്ലാം സൂര്യഭഗവാനായി വിളങ്ങുന്ന അവിടുത്തെ മഹിമകളെ വാഴ്ത്തിപ്പാടുന്നു.

**സ ഏഷ ഭഗവാനാദിപുരുഷ ഏവ സാക്ഷാന്നാരായണോ ലോകാനാം സ്വസ്തയ ആത്മാനം ത്രയീമയം കർമ്മവിശുദ്ധിനിമിത്തം കവിഭിരപി ച വേദേന വിജിജ്ഞാസ്യമാനോ ദ്വാദശധാ വിഭജ്യ ഷട്സു വസന്താദിഷ്വൃതുഷു യഥോപജോഷമൃതുഗുണാൻ വിദധാതി (5-22-2)**

ശുകമുനി തുടർന്നു: സൂര്യചന്ദ്രാദികൾ കാലചക്രത്തിൻെറ ഭാഗങ്ങളാണെന്നു വിശ്വസിക്കപ്പെടുന്നുവെങ്കിലും അവ തികച്ചും വിഭിന്നങ്ങളും സ്വതന്ത്രങ്ങളുമാണ്. കുശവൻെറ ചക്രത്തിൽ ഇഴയുന്ന എറുമ്പിനെപ്പോലെയത്രേ അത്. വാസ്തവത്തിൽ ഭഗവാൻ നാരായണൻ സ്വയം സകലലോകങ്ങളുടേയും നന്മയ്ക്കായി, അവയിലെ ജീവജാലങ്ങളുടേയും കർമ്മശുദ്ധീകരണത്തിനായി സ്വയം വിഭജിച്ചു എന്നു പറയാം. മൂന്ന് വേദങ്ങൾ (ഋഗ്,യജുസ്,സാമം), മൂന്ന് കാലങ്ങൾ (ഭൂതം, ഭാവി, വർത്തമാനം), മൂന്ന് യോഗമാർഗങ്ങൾ (ഭക്തി, കർമ്മം, ജ്ഞാനം), പന്ത്രണ്ടു മാസങ്ങൾ, ആറ് ഋതുക്കൾ എന്നിങ്ങിനെ വിഭജിക്കപ്പെട്ട് ജീവികൾക്ക് കർമ്മഫലങ്ങൾ ലഭിക്കുവാനിടവരുത്തുന്നു. അങ്ങിനെ ഏതൊരാൾ ശ്രദ്ധാഭക്തിവിശ്വാസങ്ങളോടെ ത്രിവിദ്യാ(വേദ) മാർഗം സ്വീകരിക്കുന്നുവോ യാതൊരുവർ വർണ്ണാശ്രമധർമ്മങ്ങളനുസരിച്ച് ജീവിക്കുന്നുവോ, അവർ യാഗകർമ്മാദികളിലേർപ്പെട്ടാലും ഇല്ലെങ്കിലും അനുഗ്രഹീതരായിത്തിരുന്നു.

അതേ ഭഗവാൻ, എല്ലാ ജീവജാലങ്ങളുടേയും ആത്മസത്തയായ അവിടുന്ന് സൂര്യനിലൂടെ പന്ത്രണ്ടു രാശികളിലായി സംക്രമിക്കുന്നു. രണ്ടു പക്ഷങ്ങൾ (പതിന്നാലു ദിവസം) ചേർന്നാൽ ഒരു മാസമായി. ഈ സമയത്ത് സൂര്യൻ രണ്ടേകാൽ നക്ഷത്രസമൂഹങ്ങളെ താണ്ടുന്നു. ഒരു വർഷത്തിൻെറ ആറിലൊന്ന് ഒരു ഋതു. വർഷത്തിൻെറ പകുതി ഒരു അയനം. ഒരു ലക്ഷം യോജന ദൂരെയുള്ള ചന്ദ്രൻ സൂര്യനേക്കാൾ വേഗത്തിൽ നീങ്ങുന്നതിനാൽ പന്ത്രണ്ടുരാശികളെയും ഒരു പക്ഷം കൊണ്ട് സംക്രമിക്കുന്നു. മനസ്സിൻേറയും ഭക്ഷണത്തിൻേറയും അധിദേവതയായ ചന്ദ്രൻ എല്ലാ ജീവജാലങ്ങൾക്കും പരിപോഷണം നൽകുന്നു. മൂന്നുലക്ഷം യോജന അപ്പുറത്താണ് അഭിജിത്കൂടി അടങ്ങുന്ന ഇരുപത്തിയെട്ട് സ്ഥിര നക്ഷത്രസമൂഹങ്ങൾ. അതിനും രണ്ടുലക്ഷം യോജന അപ്പുറത്ത് ശുക്രൻ. ഈ ഗ്രഹം വളരെ മംഗളകരവും ചൊവ്വാഗ്രഹത്തിൻെറ സ്വാധീനതയിൽ നിന്നും രക്ഷയേകുന്നതും, മഴയുണ്ടാക്കുന്നതുമത്രേ.

ശുക്രനിൽനിന്നും രണ്ടുലക്ഷം യോജന അകലത്തിലാണ് ബുധൻ. ചന്ദ്രസന്തതിയായ ബുധൻ സാധാരണ രീതിയിൽ ഉപകാരിയാണ്. എങ്കിലും അത് സൂര്യനെ മറികടക്കുമ്പോൾ അപശകുനങ്ങളുണ്ടാകുന്നു. അസുഖങ്ങളും, കൊടുങ്കാറ്റും, വരൾച്ചയും ഫലം. ബുധനിൽ നിന്നും രണ്ടുലക്ഷം യോജന ദൂരത്തിലാണ് ചൊവ്വാഗ്രഹം. ദുർനിമിത്തസൂചകമത്രേ ഈ ഗ്രഹം. അതിനും രണ്ടുലക്ഷം യോജന അകലെ വ്യാഴം. അതിനും രണ്ടുലക്ഷം യോജന അപ്പുറത്താണ് ശനി. മന്ദവും ദ്രോഹപരവുമാണ് ഈ ഗ്രഹത്തിൻെറ ഗതി. പതിനൊന്നുലക്ഷം യോജന അകലത്താണ് ധ്രുവനക്ഷത്രത്തെ ചുറ്റുന്ന സപ്തർഷികൾ. അവ എല്ലാ ലോകങ്ങളുടേയും ക്ഷേമത്തിനായി നിലകൊള്ളുന്നു.

**ഏതദു ഹൈവ ഭഗവതോ വിഷ്ണോ: സർവദേവതാമയം രൂപമഹരഹ: സന്ധ്യായാം പ്രയതോ വാഗ്യതോ നിരീക്ഷമാണ ഉപതിഷ്ഠേത നമോ ജ്യോതിർലോകായ കാലായനായാ നിമിഷാം പതയേ മഹാപുരുഷായാഭിധീമഹീതി (5-23-8)**
**ഗ്യഹർക്ഷതാരാമയമാധി ദൈവികം പാപാപഹം മന്ത്രകൃതാം ത്രികാലം നമസ്യത: സ്മരതോ വാ ത്രികാലം നശ്യേത തത്കാലജമാശു പാപം (5-23-9)**

*ശുകമുനി തുടർന്നു:*
സപ്തർഷികൾക്ക് പതിമൂന്നുലക്ഷം യോജന അപ്പുറത്താണ് ധ്രുവനക്ഷത്രം. അവിടമാണ് ഭഗവാൻ വിഷ്ണുവിൻെറ ഇരിപ്പിടം. ധ്രുവൻ അവിടെയാണ് നിരന്തരം വസിക്കുന്നത്. ദേവതകളും സ്വർഗ്ഗവാസികളും ധ്രുവനെ ആരാധിക്കുന്നുണ്ടല്ലോ. എല്ലാ ജ്യോതിർഗോളങ്ങളും ഭഗവാനാൽ സ്വയം കാലചക്രത്തിൽ ഉറപ്പിച്ചു വെച്ചതുപോലെ ചുറ്റിത്തിരിഞ്ഞുകൊണ്ടേയിരിക്കുന്നു. അങ്ങിനെ ദ്രവ്യോർജ്ജനിർമ്മിതികളായ അസംഖ്യം ജീവജാലങ്ങൾക്ക് കർമ്മഫലമനുഭവിക്കുവാനും സ്വന്തം വിധിവിഹിതം നടപ്പിലാക്കുവാനും സാദ്ധ്യമാവുന്നു.

നക്ഷത്രങ്ങളും ജ്യോതിർഗോളങ്ങളുമെല്ലാം നിറഞ്ഞ ആകാശഗോളത്തെ തല താഴോട്ടാക്കി ചുരുണ്ടു കിടക്കുന്ന ഒരു കടൽപ്പന്നിയുടെ രൂപത്തിൽ ഭഗവാനായി സങ്കൽപ്പിച്ച് ധ്യാനിക്കാവുന്നതാണെന്ന് അറിവുള്ളവർ പറയുന്നു. വാലറ്റത്ത് ധ്രുവനക്ഷത്രം. വാലിൽതന്നെയാണ് കശ്യപൻ, അഗ്നി, ഇന്ദ്രൻ, ധർമ്മദേവൻ ഇവരെ പ്രതിനിധാനം ചെയ്യുന്ന നക്ഷത്രങ്ങൾ. വാലിൻെറ കടക്കൽ ധാതാവും വിധാതാവും. ഇടുപ്പുഭാഗത്ത് സപ്തർഷികൾ. കടൽപ്പന്നിയുടെ വലതുഭാഗത്ത് ഉത്തരാർദ്ധഗോളത്തിലെ പതിനാലു നക്ഷത്രങ്ങൾ. ദക്ഷിണാർദ്ധഗോളത്തിൽ മറ്റേ പതിനാലു നക്ഷത്രങ്ങളുടെ സമൂഹം. മുകളിലത്തെ താടിയെല്ല് ആഗസ്തി. താഴത്തേത് യമൻ. വായിൽ ചൊവ്വാഗ്രഹം. ജനനേന്ദ്രിയങ്ങളിൽ ശനിഗ്രഹം. പുറത്ത് വ്യാഴം. മാറിടത്തിൽ സൂര്യൻ. ഹൃദയത്തിൽ ഭഗവാൻ നാരായണൻ. മനസ്സിൽ ചന്ദ്രൻ. നാഭിപ്രദേശത്ത് ശുക്രൻ. മുലകളിൽ അശ്വിനീദേവതകൾ. ശ്വാസോഛ്വാസത്തിൽ ബുധൻ. കഴുത്തിൽ രാഹു. ശരീരം മുഴുവൻ കേതു. മറ്റെല്ലാ നക്ഷത്രങ്ങളും ഈ ദിവ്യനായ കടൽപ്പന്നിയുടെ മുടിയിൽ ഉറപ്പിച്ചിരിക്കുന്നു.

എല്ലാ സൂര്യോദയത്തിലും അസ്തമയത്തിലും ഭഗവാൻ വിഷ്ണുവിൻെറ ദിവ്യതാനിർഭരമായ ഈ രൂപത്തെ ധ്യാനിച്ച് ഇങ്ങിനെ പ്രാർത്ഥിക്കണം. “ദേവന്മാരുടെ ദൈവവും, കാലചക്രത്തിൻെറ വിധാതാവും പരമസത്വവും ആയ അങ്ങയെ ഞങ്ങൾ ധ്യാനിക്കുന്നു.” ഈ പ്രാർത്ഥന ദിവസവും മൂന്നു തവണയെങ്കിലും ആവർത്തിക്കുന്നവർക്ക് സർവ്വപാപങ്ങളിൽനിന്നും മോചനം ലഭിക്കുന്നു. ഭഗവാൻെറ ഈ ദിവ്യരൂപം മനസ്സിൽവെച്ച് ധ്യാനം ചെയ്യുന്നവരുടെ പാപങ്ങളെല്ലാം ക്ഷണനേരം കൊണ്ട് തുടച്ചു മാറ്റപ്പെടുന്നു.

*(സമയത്തിൻെറ സങ്കൽപ്പം ഭൂമിയുടെ ചുറ്റലിനേയും സൗരയൂഥത്തിൻെറ സംക്രമണത്തിനേയും ആശ്രയിച്ചാണല്ലോ ഉള്ളത്. ഈ ക്രമങ്ങളെല്ലാം ഭഗവൽനിയന്ത്രിതവും അവിടത്തെ പരമബോധത്തിൽ നിന്നുളവായതുമാണ്)*

## തദ് ഭക്താനാമാത്മവതാം സർവേഷാമാത്മന്യാത്മദ ആത്മതയൈവ (5–24–21)

ശുകമുനി തുടർന്നു: സൂര്യന് പതിനായിരം യോജന താഴെയാണ് രാഹു. ഇവിടത്തെ അധിദേവത ഒരു രാക്ഷസനായിരുന്നെങ്കിലും ഭഗവൽകൃപയാൽ അയാൾക്ക് ചിരഞ്ജീവിത്വം ലഭിച്ചു. അയാൾക്ക് സൂര്യനോടും ചന്ദ്രനോടും പകയുണ്ടായിരുന്നു. (അതിൻെറ കഥ പിന്നീട് വിവരിക്കാം). രാഹുവാണ് സൂര്യഗ്രഹണത്തിനും ചന്ദ്രഗ്രഹണത്തിനും കാരണം. രാഹുവിനും പതിനായിരം യോജന താഴെയാണ് ദിവ്യപുരുഷന്മാരുടെ വാസം. സിദ്ധർ, ചരണർ, വിദ്യാധരർ ഇവരെല്ലാം ഇവിടെയത്രേ. ഇതിനും താഴെയാണ് രാക്ഷസന്മാരുടേയും ഭൂതങ്ങളുടേയും മറ്റു പ്രേതങ്ങളുടേയും വിഹാരരംഗം. ഈ ആകാശതലത്തിന് നൂറു യോജന താഴെയാണ് നേരത്തെ വിവരിച്ച ഭൂമി. ദൈത്യരും, ദാനവരും, ഇഴജന്തുക്കളും ജീവിക്കുന്ന ഏഴ് അധോലോകങ്ങളുണ്ട്. ഈ ലോകങ്ങളിൽ മണിമാളികകളും രത്നങ്ങളുമുണ്ട്. ഇവിടുള്ളവർക്ക് രാത്രിപകലുകളുടെ വ്യത്യാസമില്ല. ഋതുക്കളും അവിടില്ല. അതീവ ശക്തിമാന്മാരും ദീർഘായുഷ്മതികളുമാണിവർ.

അതലത്തിൽ മയൻെറ പുത്രനായ ബലാസുരൻ വസിക്കുന്നു. മന്ത്രവാദത്തിൻേറയും ആഭിചാരവൃത്തി കളുടേയും തുടക്കം ബലാസുരനിൽ നിന്നത്രെ. ഒരിക്കൽ തൻെറ കോട്ടുവായിൽനിന്ന് ബലാസുരൻ മൂന്നു ദുഷ്ടസ്ത്രികളെ സൃഷ്ടിച്ചു. സൈ്വരിണി, കാമിനി, പുംശചലി എന്നീ സ്ത്രീകൾ കാമാർത്തകളായിരുന്നു. അവർ അതലത്തിൽ പ്രവേശിക്കുന്ന ഏതൊരുവനേയും ഹാടക പ്രയോഗത്തിൽ മയക്കി അതീവ ശക്തിമാനാക്കി തങ്ങളുടെ കാമത്തിനു വേണ്ടി ഉപയോഗിക്കുന്നു. ലഹരിപൂണ്ട അവനോ സ്വയം ശക്തിമാനെന്നു വൃഥാ അഭിമാനിച്ചു കഴിയുന്നു. വിതലത്തിൽ ഭഗവാൻ ശിവൻ തൻെറ ഭൂതഗണങ്ങളോടൊപ്പം, ഭാര്യയുമൊത്ത് ഹാടകേശ്വരൻ എന്ന പേരിൽ വസിക്കുന്നു. ഹാടക നദിയുടെ ഉത്ഭവം ശിവനിൽ നിന്നത്രെ. ഈ നദിയുടെ പതയും കുമിളയുമെല്ലാം ഖനീഭവിച്ചുണ്ടാകുന്ന സ്വർണ്ണം രാക്ഷസന്മാരും രാക്ഷസികളും ആഭരണങ്ങളായി അണിയുന്നു.

സുതലത്തിൽ വിരോചനൻെറ പുത്രനായി ബലി വസിക്കുന്നു. ബലിയുടെ അധീനതയിൽ ഉണ്ടായിരുന്ന മൂന്നുലോകങ്ങളും എങ്ങിനെയാണ് ഭഗവാൻ ഇന്ദ്രനെ പ്രീതിപ്പെടുത്താൻ വേണ്ടി തട്ടിയെടുത്തതെന്നു പിന്നീട് പറയാം. ബലിക്കാകട്ടെ ഭഗവാൻെറ ഈ ലീല അതീവസന്തോഷപ്രദമായിത്തീർന്നു. ഇന്ദ്രൻ കയ്യടക്കിയ മൂന്നു ലോകങ്ങളുടേയും രാജപദവി, ഭഗവൽപ്രസാദത്തേക്കാളും വലുതല്ല എന്ന് ബലിക്കറിയാമായിരുന്നു. എല്ലാത്തിൻേറയും ആത്മസത്തയായ ഭഗവാൻ സ്വയം ഭക്തർക്കായി നിലകൊള്ളുന്നു. സ്വർഗ്ഗത്തിലെ രാജപദവി, ഭഗവാനെ മറക്കാനിടയാക്കുന്നു. തലാതലത്തിൽ മന്ത്രവാദപ്രവീണനായ മയൻ കഴിയുന്നു. താൻ കീഴടക്കിയ മൂന്നുനഗരങ്ങളും പരമശിവൻ ചുട്ടുചാരമാക്കിയതത്രെ. (ശിവന് ത്രിപുരാന്തകൻ എന്നും പേര്). മഹാതലത്തിൽ ക്രോധവാസൻ, കുഹകൻ, തക്ഷൻ, കാളിയൻ, സുസേനൻ എന്നീ അനുചരന്മാരോടൊപ്പം കഴിയുന്നു. രസാതലത്തിൽ ശക്തരായ രാക്ഷസർ, ദേവന്മാരുടെ ശത്രുക്കളായി കഴിയുന്നു. പാതാളത്തിൽ, അനേക ശിരസുകളുള്ള സർപ്പങ്ങൾ വാഴുന്നു. അവരുടെ ഫണങ്ങളിൽ വിളങ്ങുന്ന രത്നമണികളുടെ പ്രകാശത്താൽ അധോലോകങ്ങളെല്ലാം പ്രകാശമയമായിത്തീരുന്നു.

**യന്നാമ ശ്രുതമനുകീർത്തയേദകസ്മാദാർത്തോ വാ യദി പതിത: പ്രലംഭനാദ്വാ**
**ഹന്ത്യംഹ: സപദി നൃണാമശേഷമന്യം കം ശേഷാദ്ഭഗവത ആശ്രയന്മുമുക്ഷു: (5-25-11)**

ശുകമുനി തുടർന്നു: പാതാളത്തിനും മുപ്പതിനായിരം യോജന താഴെയാണ് അനന്തഭഗവാൻ നിലകൊള്ളുന്നത്. സംകർഷണൻ എന്ന പേരിലും ഭഗവാൻ അറിയപ്പെടുന്നു. അഹംബോധത്തിൻെറ അധിദേവതയത്രേ സംകർഷണൻ. അവൻെറ ആയിരം തലകളിലൊന്നിൽ കടുകുമണിപോലെ ഭൂഗോളമിരിക്കുന്നു. ഭഗവാൻ അതിസുന്ദരനും പ്രഭാപൂരിതനുമായി കാണപ്പെടുന്നു. മറ്റേ അധോലോകങ്ങളിൽ നിന്നുള്ള അനേകം രക്ഷസസർപ്പങ്ങൾ അനന്തനെ പൂജിക്കുന്നു. ഇവരെല്ലാം ഭഗവാൻെറ കാൽനഖങ്ങളിൽ പ്രതിഫലിക്കുന്നു. നീല ഉടയാടയും സ്വർണ്ണഅരഞ്ഞാണവും ഒരു കയ്യിൽ കലപ്പയും ഒരു ചെവിയിൽ കമ്മലുമണിഞ്ഞ് ഭഗവാനിരുന്നരുളുന്നു. സകല ജീവജാലങ്ങളോടുമുള്ള കരുണയും കൃപയും കാരണം തൻെറ കോപഭാവങ്ങളൊന്നും പുറത്തു വരുത്താതെ അവിടുന്നിരിക്കുന്നു.

മേൽപ്പറഞ്ഞ വിശേഷണം ശ്രവിച്ച് ധ്യാനിക്കുന്ന മാത്രയിൽ ശ്രോതാവിൻെറ സകല അജ്ഞതയും നിശ്ശേഷം ഇല്ലാതാവുന്നു.

ബ്രഹ്മസഭയിൽ നാരദമുനി ഭഗവാനെ വാഴ്ത്തുന്നതിപ്രകാരമാണ്: "സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് കാരണമായ ആ ഭഗവാനെ വാഴ്ത്താനോ ആ മഹിമയെ സങ്കൽപ്പിക്കാനോ ആരാലും സാദ്ധ്യമല്ല തന്നെ. അനാദ്യന്തവും, കാരണമില്ലാതെതന്നെ എല്ലാത്തിൻേറയും കാരണവും സൃഷ്ടികളുടെയെല്ലാം നാനാത്വം പേറുന്നവനും, വിശ്വത്തിൻെറ മുഴുവൻ നാഥനും അവിടുന്നത്രേ. അതേ പരമസത്വം, നമ്മോടുള്ള കരുണനിമിത്തം നിർമലസാത്വീകതയുടെ രൂപത്തിൽ നമുക്ക് മോചനമേകാൻ, അങ്ങോട്ടേക്കാകർഷിക്കാൻ അവതരിച്ചിരിക്കുന്നു. ഏതൊരുവൻ ആ നാമം ശ്രവിക്കുന്നുവോ. കഷ്ടതയിലോ ദുരിതത്തിലോ ആണെങ്കിലും ഉച്ചരിക്കുന്നുവോ, തെറ്റിലേക്ക് വീണു പിടയുമ്പോഴാണെങ്കിലും പ്രാർത്ഥിക്കുന്നുവോ, അവൻെറ പാപങ്ങളെല്ലാം നിശ്ശേഷം ഇല്ലാതാവുന്നു. മുക്തിക്കു ശേഷം ശേഷഭഗവാൻെറയല്ലാതെ മറ്റാരുടെയടുത്ത് ഒരു സത്യാന്വേഷി അഭയം തേടും? ആയിരം നാവുണ്ടെങ്കിൽ പോലും ഒരുവന് വേണ്ട രീതിയിൽ അനന്തനായ ഭഗവാൻ ശേഷനെ വിവരിച്ച് മഹത്വവർണ്ണന നടത്തുവാൻ സാദ്ധ്യമല്ല തന്നെ. അനന്തഭഗവാൻ തൻെറയൊരു ലീലയായി എല്ലാത്തിനും അവലംബമായി നിലകൊള്ളുന്നു. എങ്കിലും സ്വയം ഒന്നിനേയും അവലംബിക്കുന്നുമില്ല."

പരീക്ഷിത്ത് രാജൻ, ഒരോരോ കർമ്മപഥങ്ങളിലുമുള്ള മനുഷ്യർ എത്തിച്ചേരുന്ന തലങ്ങളെപ്പറ്റി ഞാൻ വിവരിച്ചു കഴിഞ്ഞു. പലവിധ അനുഗ്രഹങ്ങളുമാഗ്രഹിക്കുന്നവരെത്തുന്ന ലോകങ്ങളെപ്പറ്റിയും പറഞ്ഞു. ഇനി എന്താണറിയേണ്ടത്?

അജ്ഞതാബന്ധനമെന്നത് ഭൂമിയുമായി വിഢിത്തം നിറഞ്ഞ ഈ മമത തന്നെയാണ്. ഇവിടെ മാത്രമേ ജീവജാലങ്ങളുള്ളൂ എന്ന ധാരണ. ഇതിൽനിന്ന് ആഗ്രഹം, ശത്രുത, അക്രമങ്ങൾ എന്നിവയുണ്ടാവുന്നു. ഇതിൽ വിവരിച്ച വിവിധ പാതാളങ്ങളും തലങ്ങളും മറ്റു ഗ്രഹങ്ങളാവാം. ആത്മാവിനു ഗുരുത്വാകർഷണശക്തിയാൽ നിയന്ത്രണമേതുമില്ലാത്തതിനാൽ അതിന് എവിടെ വേണമെങ്കിലും സഞ്ചരിക്കാം. അനന്തൻെറ മറ്റൊരു പേരാണ് ശേഷൻ. എല്ലാവിധ ആവിർഭാവങ്ങളും ഇല്ലാതായാലും അവശേഷിക്കുന്നതെന്തോ അതത്രേ ശേഷൻ.

## ഏവമേവ മഹാരൌരവോ യത്ര നിപതിതം പുരുഷം ക്രവ്യാദാ നാമ രുരവസ്തം ക്രവ്യേണ ഘാതയന്തി യ: കേവലം ദേഹംഭര: (5-26-12)

സൃഷ്ടിയുടെ നാനാത്വത്തെപ്പറ്റിയും നരകങ്ങളെപ്പറ്റിയും രാജാവ് ചോദിച്ചതിനുത്തരമായി ശുകമുനി പറഞ്ഞു: നരകങ്ങൾ ഈ വിശ്വത്തിൽ തന്നെയാണുള്ളത്. തെക്കേ അറ്റത്ത്. അവിടെയാണ് കാലത്തിൻേറയും മരണത്തിൻേറയും അധിദേവതയായ യമൻ വാഴുന്നത്. സൂര്യപുത്രനാണദ്ദേഹം. ജീവനെ അദ്ദേഹത്തിൻെറ മുന്നിൽ കൊണ്ടുവരുമ്പോൾ തൻെറ ദിവ്യനിയമങ്ങളനുസരിച്ച് യമൻ തക്കതായ ശിക്ഷാവിധികൾ കൽപ്പിച്ചു നടപ്പാക്കുന്നു. ഈ ശിക്ഷകൾക്കായി ഇരുപത്തെട്ടുതരം നരകങ്ങൾ ഉണ്ട്.

മറ്റൊരുവൻെറ സ്വത്തോ, ഭാര്യയേയോ കുട്ടികളേയൊ മോഷ്ടിച്ചവന് താമിശ്രമെന്ന നരകത്തിലാണ് വാസം. മറ്റൊരുവനെ വഞ്ചിക്കുകയോ പരഭാര്യയെ അനുഭവിക്കുകയോ ചെയ്തവനെ അന്ധതാമിശ്രമെന്ന നരകത്തിൽ തള്ളുന്നു. വഞ്ചകൻെറ ഹൃദയം പോലെ അവിടെ അന്ധതയും ഇരുട്ടുമത്രെ.

സ്വന്തം ഭാര്യയോടും കുട്ടികളോടുമുള്ള അമിതമായ സ്നേഹത്താൽ മറ്റുള്ളവരെ വെറുപ്പിച്ചും വഞ്ചിച്ചും കുടുംബത്തെ പോറ്റുന്നവന് രൗരവം എന്ന നരകം. അവിടെ പാമ്പുകളേക്കാൾ ഭയാനകമായ ജീവികൾ അവനെ പീഢിപ്പിക്കുന്നു. മഹാരൗരവം എന്ന നരകത്തിൽ നരഭോജികളായ ക്രവ്യാദങ്ങളുണ്ട്. സ്വാർത്ഥതയോടെ സ്വന്തം ശരീരത്തിന് വേണ്ടി മാത്രം ജീവിച്ചവർക്കുള്ള നരകമാണിത്. പക്ഷികളേയും മൃഗങ്ങളേയും ജീവനോടെ ചുട്ടുകൊന്നവരെ കുംഭീപാകം എന്ന നരകത്തിൽ യമഭടന്മാർ എണ്ണയിൽ വറുക്കുന്നു. അഛനേയോ മഹാത്മാക്കളേയൊ ധിക്കരിച്ച് വെറുത്തു ജീവിച്ചവരെ കാലസൂത്രം എന്ന നരകത്തിൽ ചുട്ടുപഴുത്ത ചെമ്പുതകിടിൽ യമഭടന്മാർ കിടത്തുന്നു.

സ്വധർമ്മങ്ങളേയും ആചാരങ്ങളേയും ധിക്കരിച്ച് പരധർമ്മം സ്വീകരിക്കുന്നവരെ അസിപത്രവനം എന്ന നരകത്തിൽ തള്ളുന്നു. ഇവിടുത്തെ മരങ്ങളിൽ നിന്നു വീഴുന്ന ഇലകൾ മൂർച്ചയുള്ള വാളുകളത്രേ. അവിടെ ഓടിരക്ഷപ്പെടാൻ നോക്കുന്നവരെ യമഭടന്മാർ ചാട്ടവാറുകൊണ്ടടിക്കുന്നു. നിരപരാധികളെ പീഢിപ്പിക്കുകയോ ശിക്ഷിക്കുകയോ ചെയ്ത ഉദ്യോഗസ്ഥന്മാരേയും രാജാക്കന്മാരേയും സൂകരമുഖം എന്ന നരകത്തിൽ കൊണ്ടുപോയി ശക്തിയേറിയ കരങ്ങളാൽ അവരുടെ കൈകാലുകൾ ഞെരിച്ചുടയ്ക്കുന്നു.

അറിഞ്ഞുകൊണ്ട് മറ്റുള്ളവരിൽ വേദനയുണ്ടാക്കുന്നവനെ അന്ധകൂപമെന്ന നരകത്തിൽ തള്ളുന്നു. അവിടെ അവനാൽ പീഢിക്കപ്പെട്ടവർ അവന് നിരന്തര പീഢനങ്ങൾ നൽകുന്നു. അവനെ ഉറങ്ങാനോ വിശ്രമിക്കാനോ അനുവദിക്കില്ല. ഏതൊരുവൻ തനിക്കു കിട്ടുന്നതൊക്കെ മറ്റുള്ളവർക്ക് കൊടുക്കാതെ അനുഭവിക്കുന്നുവോ അവൻ ഏറ്റവും കഠിനമായ ക്രിമിഭോജനനരകത്തിൽ പതിക്കുന്നു. അവിടെ ക്രിമികീടങ്ങൾ അവനെ തിന്നുന്നു. മഹാത്മാക്കളെ കൊള്ളയടിക്കുന്നവന് (അത്യാവശ്യ സന്ദർഭമൊഴിച്ച്) സന്തംശം എന്ന നരകത്തിൽ ചുട്ടുപഴുത്ത ലോഹഗോളങ്ങളാൽ ശിക്ഷ ലഭിക്കുന്നു. അവിഹിതലൈംഗികവേഴ്ച്ചയിൽ ഏർപ്പെട്ട സ്ത്രീക്കും പുരുഷനും ചുട്ടുപഴുത്ത ലോഹബിംബത്തെ പുൽകുവാനിടവരുത്തുന്നു. താപസൂർമി എന്ന നരകത്തിൽ കമിതാവിൻെറ ലോഹബിംബം തയ്യാറായിരിപ്പുണ്ട്. വിവേകരഹിതമായ ലൈംഗികബന്ധങ്ങളിലേർപ്പെട്ടവരെ കാത്ത് വജ്രകണ്ഡകഷാൽമലി എന്ന നരകത്തിൽ നിറയെ മുള്ളുകളുള്ള പട്ടുപഞ്ഞിമരം തയ്യാറായിരിപ്പുണ്ട്.

**ഏവം വിധാ നരകാ യമാലയേ സന്തി ശതശ: സഹസ്രശസ്തേഷു
സർവ്വേഷു ച സർവ്വ ഏവാധർമ്മവർത്തിനോ യേ കേചിദിഹോദിതാ
അനുദിതാശ്ചാവനിപതേ പര്യായേണ വിശന്തി തഥൈവ ധർമ്മാനുവർത്തിന
ഇതരത്ര ഇഹ തു പുനർഭവേ ത ഉഭയശേഷാഭ്യാം നിവിശന്തി (5–26–37)**

ശുകമുനി തുടർന്നു: ധർമ്മാതിർത്തികൾ ലംഘിച്ചു ജീവിച്ച ഭരണാധികാരികൾ വൈതരിണി എന്ന നദിയിൽ വൃത്തികെട്ട മാലിന്യങ്ങളുടെ കൂടെ കഴിയാനിടയാവുന്നു. അവിടെ അവരെ ജലജന്തുക്കൾ പീഢിപ്പിക്കുന്നു. വേശ്യകളോടൊപ്പം താമസിച്ച് അധർമ്മീകമായി ജീവിച്ചവരെ പുയോദമെന്ന നരകത്തിൽ തള്ളുന്നു.

പ്രാണനിരോധം എന്ന നരകത്തിൽ യമഭടന്മാർ മൃഗങ്ങളെ നായാടിക്കൊന്ന ബ്രാഹ്മണരേയും മറ്റുള്ളവരേയും കുന്തമുനയാൽ കോർത്തെടുക്കുന്നു. വിഷസം എന്ന നരകത്തിൽ യാഗബലിക്ക് മൃഗങ്ങളെ കൊന്നവരെ യമഭടന്മാർ കൊത്തി നുറുക്കുന്നു. ലാലാഭക്ഷം എന്ന നരകത്തിൽ സ്വന്തം ഭാര്യയെ തൻെറ രേതസ്സ് കുടിക്കാൻ നിർബ്ബന്ധിച്ചവനെ ശുക്ലം നിറഞ്ഞ നദിയിൽ തള്ളുന്നു. ഗ്രാമങ്ങളേയും വഴിയാത്രക്കാരേയും കൊള്ളയടിച്ചവരെ സാരമേയദാനം എന്ന നരകത്തിൽ തള്ളുന്നു. അവിടെ കൂർത്തുമൂർത്ത പല്ലുകളുമായി നായ്ക്കൾ അവരെ കടിച്ചു കീറുന്നു. അവീചിമാതം എന്ന നരകത്തിൽ കള്ളസാക്ഷി പറഞ്ഞവനേയും മറ്റുള്ളവരെ വ്യാപാരത്തിൽ ചതിച്ചവരേയും ഒരു മലമുകളിൽനിന്ന് താഴോട്ട് തള്ളിയിട്ട് അവരുടെ ശരീരം ചിന്നിചിതറാനിടയാക്കുന്നു.

ഏതൊരുവൻ ബ്രാഹ്മണനാണെങ്കിലും അല്ലെങ്കിലും വ്രതാനുഷ്ഠാന സമയത്ത് മദ്യപിക്കുന്നുവോ അവന് ആയപനം എന്ന നരകത്തിൽ ഉരുകിയ ഇരുമ്പുലായനി കുടിക്കേണ്ടിവരുന്നു. സോമരസം കുടിക്കുന്ന ഭരണാധികാരികൾക്കും വ്യാപാരികൾക്കും ഇതുതന്നെ ഗതി. മുതിർന്നവരേയും മഹാത്മാക്കളേയും ബഹുമാനിക്കാതെ ചത്തതിനൊക്കുമേ ജീവച്ചിരിക്കിലും എന്ന മട്ടിൽ കഴിഞ്ഞവർക്കുള്ളതാണ് ക്ഷരകർദമം എന്ന നരകം. അവിടെ അവരെ തലകീഴായി വലിച്ചിഴക്കുന്നു.

ഭദ്രകാളിക്കും ഭൈരവനും വേണ്ടി നരബലി കൊടുത്തവരെ രക്ഷോഗണഭോജന എന്ന നരകത്തിൽ യമഭടന്മാർ കൊത്തി നുറുക്കുന്നു. അവരാൽ കൊല്ലപ്പെട്ടവർ അവരുടെ രക്തം കുടിക്കുന്നു. എന്നിട്ട് തങ്ങളെ പീഢിപ്പിച്ചവർ ഭൂമിയിൽ ചെയ്ത പോലെ നൃത്തം ചെയ്യുന്നു. മൃഗങ്ങൾക്കും പ്രാണികൾക്കും ചൂണ്ടയിൽ ഇരകാണിച്ച് വിളിച്ച് കൊല്ലുന്നവർക്കും മൃഗങ്ങളെ പീഢിപ്പിച്ചവർക്കും ശൂലപ്രോതം എന്ന നരകത്തിൽ യമഭടന്മാർ ശൂലംകൊണ്ട് ശിക്ഷയേകുന്നു. ക്രുദ്ധസർപ്പങ്ങളെപ്പോലെ ജീവിച്ച് മറ്റുള്ളവരെ പീഢിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തിയവരെ ദണ്ഡസൂകം എന്ന നരകത്തിൽ സർപ്പങ്ങൾ ആഹരിക്കുന്നു. അവാതനിരോധനം എന്ന നരകം, ഭൂമിയിൽ മറ്റുള്ളവരെ ഇരുട്ടറകളിലടച്ച് ദ്രോഹിച്ചവർക്കുള്ളതാണ്. ഇരുളടഞ്ഞ ഗുഹകളിൽ പാമ്പുകളും പുകയും നിറഞ്ഞയിടങ്ങളിൽ അവർക്ക് ശിക്ഷയേകുന്നു. മറ്റുള്ളവരേയും അപരിചിതരേയും ക്രുദ്ധമായി നോക്കുന്നവൻെറ കണ്ണുകൾ കാക്കകളും കഴുകന്മാരും കൊത്തിയെടുക്കുന്നു. മറ്റുള്ളവരെ അവിശ്വസിച്ച് സ്വാർത്ഥപരമായി ധനമാർജ്ജിച്ചവൻെറ ദേഹം മുഴുവനും സൂചിമുഖം എന്ന നരകത്തിൽ തുന്നികൂട്ടുന്നു.

ഇങ്ങിനെ പാപികൾ ചെല്ലുന്ന അനേകായിരം നരകങ്ങളുണ്ട്. പുണ്യവാന്മാർ സ്വർഗ്ഗലോകങ്ങളിലേക്കു പോവുമെങ്കിലും ബാക്കിയുള്ള കർമ്മഫലത്തിനാൽ അവർ ഇഹലോകജീവിതത്തിൽ പുനർജ്ജനിക്കാനിടയാവുന്നു. സന്യാസത്തിലേക്കുള്ള രണ്ടു മാർഗ്ഗങ്ങളും ഭഗവാൻെറ സ്ഥൂലരൂപവർണ്ണനയും പതിന്നാലുലോകങ്ങളും ഞാൻ വിവരിച്ചു കഴിഞ്ഞു. ഏതൊരുവൻ ഈ വിവരണം കേൾക്കുന്നുവോ അവൻ ഹൃദയവും മനസ്സും നിർമ്മലമായി പരമപദം പ്രാപിക്കുന്നു.

**ആറാം സ്കന്ദം ആരംഭം**

**സകൃന്മന: കൃഷ്ണപദാരവിന്ദയോർന്നിവേശിതം തദ്ഗുണരാഗി യൈരിഹ**
**നതേ യമം പാശഭൃതശ്ച തദ്ഭടാൻ സ്വപ്നേ$f$പി പശ്യന്തി ഹിചീർണ്ണനിഷ്കൃതാ: (6-1-19)**

പരീക്ഷിത്ത് ചോദിച്ചു: "അല്ലയോ മഹാത്മാവേ, നരകത്തിലേക്കു പോകുന്നതിൽനിന്നും ഒരുവനെങ്ങിനെ രക്ഷനേടാനാവും എന്നു പറഞ്ഞു തന്നാലും."

ശുകമുനി പറഞ്ഞു: മരണത്തിനുമുൻപ് ഒരുവൻ സ്വയം പാപങ്ങൾ ചെയ്തവനെന്നു തിരിച്ചറിഞ്ഞ് പ്രായശ്ചിത്തം ചെയ്യുകയാണെങ്കിൽ അവന് നരകത്തിൽ പോകേണ്ടി വരികയില്ല. അല്ലെങ്കിൽ അതനിവാര്യമത്രെ.

പരീക്ഷിത്ത് വീണ്ടും ചോദിച്ചു: "ഭഗവൻ, ഒരുവൻ ആത്മനിയന്ത്രണം നഷ്ടപ്പെട്ടതുകൊണ്ടാണല്ലൊ പാപം ചെയ്യുന്നത്. ആത്മനിയന്ത്രണമില്ലാത്തവർ വീണ്ടുംവീണ്ടും പാപകർമ്മങ്ങൾ ആവർത്തിക്കുന്നു. എങ്ങിനെയാണ് ഒരുവൻ തന്റെ പാപകർമ്മങ്ങൾ നിർത്തിവെച്ച് മുൻപാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുന്നത്? അവൻ തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്താലും, സ്വയം നിയന്ത്രണം ഇല്ലാത്തതിനാൽ അവൻ വീണ്ടും പാപം ചെയ്യുകയും പ്രായശ്ചിത്തം വെറുമൊരു അപഹാസവുമാവുകയും ചെയ്യും."

ശുകമുനി പറഞ്ഞു: നിങ്ങൾ പറഞ്ഞത് തികച്ചും ശരിയാണ്. പ്രായശ്ചിത്തം മാത്രം കൊണ്ട് പാപത്തിന് പരിഹാരം മുഴുവനുമായില്ല. ഒരു രോഗം മാറുവാൻ മരുന്നു കഴിച്ചാൽ മതിയാവും, എന്നാൽ അത് നിശ്ശേഷമായി മാറ്റാൻ അതിന്റെ മൂലകാരണത്തെ ഇല്ലായ്മ ചെയ്യണം. ഉദാഹരണത്തിന് അനുയോജ്യമല്ലാത്ത ഭക്ഷണം അയാൾ ഉപേക്ഷിക്കണം. സദ്ഗുണങ്ങളായ ദയ, സത്യം, ബ്രഹ്മചര്യം എന്നിവയിലൂടെയും ധാർമ്മീകാചാരങ്ങൾ പാലിക്കുന്നതിലൂടെയും ഒരുവന് പാപവാസനയിൽനിന്നും മോചനമുണ്ടാവുന്നു. എന്നാൽ ഭഗവാൻ വാസുദേവനോട് ഭക്തിയുള്ളവന്റെ മുൻപാപങ്ങളടക്കം എല്ലാം ക്ഷണേന വേരോടെ അറ്റു പോവുന്നു. ഒരു പാപിക്ക് ഭഗവൽഭക്തസേവനത്തിലുപരി മറ്റൊരു ശുദ്ധീകരണോപായവുമില്ല തന്നെ. മറ്റേതു മാർഗ്ഗവും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അപൂർണ്ണമാണ്. ഭക്തിമാർഗ്ഗം തികച്ചും ഫലപ്രദവും ഒരിക്കലും തെറ്റുപറ്റാത്തതുമാണ്. വാസ്തവത്തിൽ ഭഗവാൻ നാരായണനോട് ഭക്തിയില്ലാതെ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് വൃഥാവ്യായാമമത്രെ. ഭഗവാൻ ശ്രീകൃഷ്ണന്റെ താമരപ്പാദങ്ങളിൽ ജീവിതത്തിലൊരിക്കലെങ്കിലും മനസ്സർപ്പിച്ച ഒരുവന് സ്വപ്നത്തിൽ പോലും യമഭടന്മാരെ കാണേണ്ടതായി വരുന്നില്ല. കാരണം അവരുടെ പാപങ്ങൾക്ക് പരിഹാരമായി കഴിഞ്ഞുവല്ലൊ. ഇതിനുപോൽബലകമായി ജ്ഞാനികൾ ഒരു കഥ പറയുന്നു.

കന്യാകുബ്ജം എന്ന സ്ഥലത്ത് അജാമിളൻ എന്നു പേരായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. ബ്രാഹ്മണർക്ക് വിധിച്ചിട്ടുള്ള ആചാരമര്യാദകളോ ധർമ്മമാർഗ്ഗങ്ങളോ അനുസരിക്കാതെ, സദാചാര വിരുദ്ധയായ ഒരു സ്ത്രീയുടെ കൂടെയാണയാൾ താമസിച്ചിരുന്നത്. അവർക്ക് പത്തു മക്കളുമുണ്ടായിരുന്നു. അവരെ പോറ്റാനായി ബ്രാഹ്മണൻ കൊള്ളയും കൊലയും ചെയ്ത് മറ്റു പല പാപകർമ്മങ്ങളും ചെയ്ത് എൺപത്തിയെട്ടു വയസ്സുവരെ അയാൾ ജീവിച്ചു. മരണം തന്നെ തീണ്ടുമെന്ന് അയാൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. എന്നാൽ സമയമടുത്തപ്പോൾ യമഭടന്മാർ അവരുടെ ഭീകരരൂപത്തിൽ അജാമിളനെ കൊണ്ടുപോവാൻ വന്നു. അപ്പോൾ അയാൾ തനിക്കു പ്രിയപ്പെട്ട ഇളയമകൻ നാരായണനെ പേരു പറഞ്ഞു വിളിച്ചു. ഭഗവൽനാമശ്രവണമാത്രയിൽ സ്വർഗ്ഗത്തിൽ നിന്നും ഭഗവൽദൂതർ വന്ന് യമഭടന്മാരെ തുരത്തി അജാമിളനു രക്ഷയേകി.

**യേന യാവാൻ യഥാ*f*ധർമ്മോ ധർമ്മോ വേഹ സമീഹിത:**
**സ ഏവ തത്ഫലം ഭുങ്ക്തേ തഥാ താവദമുത്ര വൈ (6–1–45)**
**ഏഷ പ്രകൃതി സംഗേന പുരുഷസ്യ വിപര്യയ:**
**ആസീത് സ ഏവ നചിരാദീശസംഗാദ്വിലീയതേ (6–1–55)**

ശുകമുനി തുടർന്നു: യമഭടന്മാർ വിഷ്ണുദൂതരെ ചോദ്യം ചെയ്തു. നിങ്ങളാരാണ്? യമധർമ്മ മനുഷ്ഠിക്കുന്നതിൽ ഞങ്ങൾക്ക് തടസ്സം നിൽക്കുന്നതെന്തുകൊണ്ട്? ഭഗവൽദൂതന്മാർ പുഞ്ചിരിച്ച് മറുചോദ്യം ചോദിച്ചു. നിങ്ങൾ യമരാജഭടന്മാരെങ്കിൽ മരണശേഷം ആർ എങ്ങിനെ ശിക്ഷിക്കപ്പെടുന്നു എന്നു പറഞ്ഞു തന്നാലും.

യമദൂതർ പറഞ്ഞു: ധർമ്മശാസ്ത്രങ്ങൾക്കനുസരിച്ച് സദ്‌വൃത്തികളെയും പാപപ്രവൃത്തികളെയും തരം തിരിച്ചിട്ടുണ്ട്. ഇഹലോകത്തിൽ പഞ്ചഭൂതങ്ങളും, സൂര്യചന്ദ്രന്മാരും, കാലവും എല്ലാം മനുഷ്യകർമ്മങ്ങൾക്കു സാക്ഷികളത്രെ. മനുഷ്യന് ഇഷ്ടമുളള കർമ്മം ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. ഇഹലോകത്തിലെ സദ്‌വൃത്തികളേയും ദുർവൃത്തികളേയും അനുസരിച്ചാണ് പരലോകത്തിലെ അവന്റെ ഗതി. അതുകൊണ്ട് നന്മതിന്മകളാൽ ഒരുവൻ നയിച്ച ജീവിതത്തിന്റെ രീതിക്കനുസൃതമായി അവന് പരലോകത്തിൽ നല്ലതും ചീത്തയുമായ അനുഭവങ്ങൾ ഉണ്ടാവുന്നു. എങ്ങുംനിറഞ്ഞു വിളങ്ങുന്ന യമൻ എല്ലാത്തിനും സാക്ഷിയാണ്.

ഒരുവന് സ്വപ്നസമയത്ത് ജാഗ്രതാവസ്ഥയിലെ കാര്യങ്ങളെപ്പറ്റി തീരെ അറിവില്ലാത്തതുപോലെ ജീവന് തന്റെ അവസ്ഥയെപ്പറ്റി ശരിയായ ധാരണ ഇല്ലാതാവുന്നു. ജീവൻ പത്തിന്ദ്രിയങ്ങളും, പഞ്ചപ്രാണനും മനസ്സുമടങ്ങിയ സൂക്ഷ്മശരീരത്തോട് താദാത്മ്യഭാവം പ്രാപിച്ച് കർമ്മങ്ങളോടും അനുഭവങ്ങളോടും മമതയിലാവുന്നു. അതിനാൽ ജീവൻ സൂക്ഷ്മശരീരത്തോടൊപ്പം ഒരോ ജന്മവും കടന്നുപോവുന്നു. അഹംബോധത്തോടെ സൂക്ഷ്മശരീരത്തോട് ആസക്തിയുണ്ടാവുന്നതു മൂലമാണ് ദു:ഖമുണ്ടാകുന്നത്. എന്നാൽ അജ്ഞാനിയായ ജീവൻ ഇതു മനസ്സിലാക്കുന്നില്ല. അങ്ങിനെ കൂടുതൽ കർമ്മങ്ങൾ കൊണ്ട് ദു:ഖമകറ്റാൻ ശ്രമിക്കുന്നു. ഇങ്ങിനെയത് തുടർച്ചയായി പോകുന്നു. അജ്ഞതമൂലമുളള ഈ വൃഥാ താദാത്മ്യഭാവം എല്ലാവരേയും കർമ്മം ചെയ്യാൻ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് ആർക്കും ഒരു നിമിഷവും കർമ്മരഹിതമായി കഴിയാൻ സാദ്ധ്യമല്ലതന്നെ. ഈ സൂക്ഷ്മശരീരം, ശുക്ലാണ്ഡങ്ങളുടെ സഹായത്താൽ ഭൗതീകശരീരമുണ്ടാക്കുന്നു. ജീവന്റെ നിസ്സഹായാവസ്ഥ, സ്വയം ദ്രവ്യങ്ങളുമായിട്ടുളള ഏകതാഭാവം കൊണ്ടു തോന്നുന്നതാണ്. എന്നാൽ ജീവൻ ഭഗവാനിലേക്ക് തിരിഞ്ഞു ഭക്തിയുളവാവുമ്പോൾ ഇതിനവസാനമാവുന്നു. ഇതാണ് കർമ്മസിദ്ധാന്തം.

അജാമിളൻ സാത്വീകനായ ബ്രാഹ്മണനായിരുന്നു. എന്നാൽ ഒരിക്കൽ ഒരഭിസാരിക സ്ത്രീയും ഒരു പുരുഷനും ആലിംഗനത്തിലേർപ്പെട്ടതു കണ്ട് കാമത്തിനടിമപ്പെട്ട് സ്വയം ആ സ്ത്രീയുടെ കൂടെ കഴിയാൻ തീരുമാനിച്ചു. അന്നുമുതൽ നന്മയുടേയും ധർമ്മസദാചാരങ്ങളുടേയും മാർഗ്ഗം അയാൾ തുടർന്നില്ല. പാപപങ്കിലമായ ഒരു ജീവിതമാണയാൾ നയിച്ചത്. അതുകൊണ്ട് ഞങ്ങൾ അയാളെ യമരാജനു മുന്നിൽ കൊണ്ടു പോവുന്നു. അവിടെ ഉചിതമായ ശിക്ഷയ്ക്കു വിധേയനായി അയാൾ ശുദ്ധീകരിക്കപ്പെടുന്നതാണ്.

**സാംങ്കേത്യം പാരിഹാസ്യം വാ സ്തോഭം ഹേളനമേവ വാ**
**വൈകുണ്ഡനാമഗ്രഹണമശേഷാഘഹരം വിദു: (6-2-14)**
**പതിത: സ്ഖലിതോ ഭഗ്ന: സന്ദഷ്ടസ്തപ്ത ആഹത:**
**ഹരിരത്യവശേനാഹ പുമാന്നാർഹതി യാതനാം (6-2-15)**
**യഥാഗദം വീര്യതമമുപയുക്തം യദൃച്ഛയാ**
**അജാനതോfപ്യാത്മഗുണം കുര്യാന്മന്ത്രോfപ്യുദാഹൃത: (6-2-19)**
**മ്രിയമാണോ ഹരേർന്നാമ ഗൃണൻ പുത്രോപചാരിതം**
**അജാമിളോfപ്യഗാദ്ധാമ കിം പുന: ശ്രദ്ധയാ ഗൃണൻ (6-2-49)**

വിഷ്ണുദൂതർ പറഞ്ഞു: ധർമ്മരാജാവിൻെറ ദൂതർ തന്നെ നിരപരാധിയായ ഒരുവനെ ശിക്ഷിക്കുന്നുവെന്നോ?. അപ്പോൾ നിരപരാധികൾ ആരെ ശരണം പ്രാപിക്കും? ധർമ്മപരിപാലനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ളവർ തന്നെ സ്വന്തം കടമകളിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ ജനകോടികൾ എന്തു ചെയ്യും? സാധാരണജനങ്ങളും മൃഗങ്ങളും യമധർമ്മരാജൻെറ മടിത്തട്ടിൽ അദ്ദേഹത്തിൻെറ വിധിയും കാത്തിരിക്കുകയാണ്. അപ്പോൾ അദ്ദേഹത്തിന് തെറ്റായ ഒരു കാര്യം ചെയ്യാൻ കഴിയുന്നതെങ്ങിനെ? അങ്ങിനെയെങ്കിൽ അദ്ദേഹം തൻെറ വിശ്വാസികൾക്ക് അത്യാപത്തു വിളിച്ചു വരുത്തുകയല്ലേ ചെയ്യുന്നത്? യമദൂതരെ, ഈ മനുഷ്യൻ തൻെറ മകനെ വിളിച്ചപ്പോഴാണെങ്കിലും ഹരിനാമമാണുച്ചരിച്ചത്. അതുകൊണ്ടു തന്നെ അയാളുടെ സകല പാപങ്ങൾക്കും പ്രായശ്ചിത്തമായിക്കഴിഞ്ഞു. ഭഗവൽനാമത്തിലുപരിയായി മനുഷ്യപാപങ്ങളെ നിശ്ശേഷമില്ലാതാക്കുന്ന മറ്റൊരു ശുദ്ധീകരണോപായവുമില്ല. എത്രതന്നെ നികൃഷ്ടമായ പാപങ്ങളായാൽ പോലും, ഭക്തിയുണ്ടാവുമ്പോൾ അവ വേരോടെ നശിക്കുന്നു.

ഹരിനാമം എല്ലാ പാപങ്ങളേയും നശിപ്പിക്കുന്നു. ആരേയെങ്കിലും വിളിക്കുമ്പോൾ യാദൃശ്ചികമായോ, തുലോം നിന്ദാത്മകമായോ ആണെങ്കിൽ പോലും അത് പ്രയോജനം ചെയ്യും. ഒരുവൻ വീഴുമ്പോഴോ, വഴുതുമ്പോഴോ, കൈകാലുകളൊടിയുമ്പോഴോ, മൃഗങ്ങളുടെ കടികൊള്ളുമ്പോഴോ ഒക്കെ അറിയാതെയെങ്കിലും ഹരിനാമം ഉച്ചരിക്കുന്ന പക്ഷം, അവന് പാപങ്ങളുടെ ശിക്ഷ ബാധകമല്ല തന്നെ. മറ്റു പാപപരിഹാരമാർഗ്ഗങ്ങൾ, ചെറുതും വലുതുമായ പാപങ്ങൾക്കുള്ള പ്രതിവിധികൾ, ധർമ്മശാസ്ത്രങ്ങൾ പ്രതിപാദിക്കുന്നുണ്ട്. അവ പാപത്തിൻെറ ഫലത്തിനെതിരായി വർത്തിക്കുമെങ്കിലും അതിൻെറ വേരറുക്കുന്നില്ല. പാപവാസന നശിക്കുന്നുമില്ല. എന്നാൽ ഭഗവാൻെറ നാമം അതിൻെറ മഹിമയോ അർത്ഥമോ അറിയാതെയാണെങ്കിലും ഉച്ചരിക്കുന്നതുമൂലം ഒരുവൻെറ ബോധതലത്തിൽ സൂക്ഷ്മമായ വ്യതിയാനങ്ങൾ ഉണ്ടാക്കുന്നു. ഭഗവൽനാമമുച്ചരിക്കുമ്പോൾ ഭഗവാൻ ഭക്തനിലേക്ക് തിരിയുന്നു. ശക്തിയേറിയ ഒരൗഷധം, രോഗിയുടെ അറിവുകൂടാതെ തന്നെ ശരീരത്തെ സുഖപ്പെടുത്തുന്നതുപോലെ ഹരിനാമോച്ചാരണം അവൻെറ സ്വഭാവത്തെത്തന്നെ മാറ്റിയെടുക്കുന്നു. അതുകൊണ്ട് അജാമിളനെ വെറുതെ വിടൂ. അവന് യമരാജസവിധത്തിലെത്തേണ്ടതില്ല.

ശുകമുനി തുടർന്നു: യമദൂതരിൽനിന്നും മോചിതനായ അജാമിളന് ഭഗവൽദൂതരായ ആ നാൽവരോട് സംസാരിക്കണമെന്നുണ്ടായിരുന്നു. പക്ഷെ അവർ മറഞ്ഞു കളഞ്ഞു. വിചിത്രമായ ഈ അനുഭവമോർത്ത് പശ്ചാത്തപിച്ച് അജാമിളൻ ഹരിദ്വാരിലോ ഗംഗാതീരത്തിലോ പോയി തീവ്രതപസ്സാധനകളനുഷ്ഠിച്ച് ശിഷ്ടകാലം ജീവിച്ചു. ശരീരമുപേക്ഷിക്കാറായപ്പോൾ ഭഗവൽദൂതർ തന്നെ വന്ന് അദ്ദേഹത്തെ ആ സവിധത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. അദ്ദേഹത്തിനും ഒരു ഭഗവൽദൂതൻെറ ശരീരവും പദവിയും ലഭിച്ചു. അങ്ങിനെ അറിയാതെ ഭഗവൽനാമമുച്ചരിച്ച് മകനെ വിളിച്ച അജാമിളനു ഭഗവദ് സവിധത്തിലിടം കിട്ടിയെങ്കിൽ ശ്രദ്ധാഭക്തിപൂർവ്വം ഭഗവാനെ സ്തുതിക്കുന്നവന് അനുഗ്രഹസിദ്ധി ഉണ്ടാവും എന്നതിനു സംശയമെന്തുള്ളൂ? ഈ കഥാകഥനം ശ്രവിക്കുകയോ പറയുകയോ ചെയ്യുന്ന ഒരുവനും നരകത്തിൽ പോവേണ്ടതായി വരികയില്ല. യമഭടന്മാർ അവനിലേക്ക് നോക്കുകപോലുമില്ല.

**ജിഹ്വാ ന വക്തി ഭഗവദ്ഗുണനാമധേയം**
**ചേതശ്ച ന സ്മരതി തച്ചരണാരവിന്ദം**
**കൃഷ്ണായ നോ നമതി യച്ഛിര ഏകദാപി**
**താനാനയധ്വമസതോഽകൃത വിഷ്ണു കൃത്യാൻ (6–3–29)**

ശുകമുനി തുടർന്നു: യമദൂതർ തങ്ങളുടെ യജമാനനെ ചെന്നു കണ്ടു ചോദ്യം ചെയ്തു. ഈ വിശ്വത്തിനു നിയമപാലകരായി എത്ര പേരുണ്ട്? ഇന്ന് അങ്ങയുടെ അധികാരത്തെ നാലു ദേവതകൾ മറികടന്നു. പാപിയായ അജാമിളനെ കൊണ്ടുവരാൻ കെട്ടിയ കയർ അവർ അറുത്തുകളഞ്ഞ് അവനെ മോചിപ്പിച്ചു. കാരണം, അജാമിളൻ നാരായണനാമം ഉച്ചരിച്ചു എന്നതാണ്. അതുകൊണ്ട് അങ്ങയുടെ ആജ്ഞാനുസരണം അവനെ കൊണ്ടുവരാൻ ഞങ്ങൾക്ക് സാധിച്ചില്ല.

യമരാജൻ ഭഗവാൻെറ പദകമലങ്ങൾ ധ്യാനിച്ച ശേഷം മറുപടിയായി പറഞ്ഞു. വിശ്വത്തിൻെറ നാഥനായി ഒരാളേ ഉള്ളൂ. അത് ഞാനല്ല. അദ്ദേഹം എങ്ങും നിറഞ്ഞു വിളങ്ങുന്നു. ആ ഭഗവാൻെറ മഹിമയിലാണ് നാമെല്ലാം ചേർന്ന് അദ്ദേഹത്താൽ തന്നെ നിയുക്തമായ ധർമ്മങ്ങളെ നിറവേറ്റുന്നത്. ബ്രഹ്മാവ്, ശിവൻ, ഞാൻ, മറ്റ് സ്വർഗ്ഗവാസികൾ എന്നല്ല ആർക്കും ഭഗവേഛയേയോ ഉദ്ദേശ്യത്തേയോ അളക്കാൻ കഴിയില്ലതന്നെ. ഭഗവാൻെറ മായാശക്തിയാൽ ശുദ്ധസാത്വികരായ നമ്മൾപോലും മൂടപ്പെട്ടിരിക്കുന്നു. നിങ്ങൾ അവിടെ കണ്ടു മുട്ടിയവർ ഭഗവൽദൂതരായ ദേവതകളാണ്. അവർ ഭക്തരെ സംരക്ഷിക്കുന്നു.

ഭാഗവതധർമ്മം, ഭഗവാൻെറ ഉൺമയെപ്പറ്റി അദ്ദേഹത്തിലേക്ക് നയിക്കുന്നതുമായ പാതയെപ്പറ്റി, നാരദനും, പ്രഹ്ലാദനും, ജനകനും, ഭീഷ്മർക്കും, ബാലിക്കും, സനത്കുമാരനും, പരമശിവനും, കപിലനും, സ്വയംഭുവമനുവിനും, ശുകനും, എനിക്കുമൊഴികെ മറ്റാർക്കും അറിയില്ല. ഇതു പ്രകാരം ഭഗവൽപാദത്തിൽ ഭക്തി വളർത്തുകയെന്നതാണ് ഒരുവൻെറ പരമമായ ധർമ്മം. അവിടുത്തെ ദൂതന്മാർ കേവലം നശ്വരരായ ഭക്തരെ എല്ലാത്തരത്തിലും സംരക്ഷിക്കുന്നു. മരണത്തിൽനിന്നു പോലും മോചനം കൊടുക്കുന്നു. വെറും നാമോച്ചാരണത്തിൻെറ മഹത്വം നിങ്ങൾ നേരിട്ടറിഞ്ഞതാണല്ലോ. പണ്ഡിതന്മാർ ഇതൊന്നുമറിയാതെ എന്തെല്ലാം കർമ്മങ്ങളാണ് ചെയ്യുന്നത്. ജ്ഞാനികൾ ഭഗവൽനാമത്തെ ആശ്രയിക്കുന്നു. അതുകൊണ്ട് അവർ അറിയാതെയൊരു പാപത്തിൽ ചാടിയാലും നാമം ആ പാപത്തെ തുടച്ചു മാറ്റുന്നു.

ഭഗവൽനാമത്തിലാശ്രയം കണ്ടെത്തിയവരെ നാം സമീപിക്കേണ്ടതില്ല. നമുക്കവരിൽ അധികാരമൊന്നുമില്ല. പക്ഷെ ഭഗവൽനാമമധുരം ആസ്വദിക്കാത്ത നികൃഷ്ടജിവികളെ ഇവിടെ കൊണ്ടുവരിക. ഭഗവൽനാമവും മഹിമയും ഉച്ചരിക്കാൻ ഏതൊരാളുടെ നാവു വഴങ്ങുന്നില്ലയോ, ഏതൊരുവൻെറ ഹൃദയം ഭഗവൽപ്പദമലരിണകളാൽ നിവസിതമാവുന്നില്ലയോ, ഏതൊരുവൻ ഭഗവാൻ കൃഷ്ണൻെറ നാമത്തിലും രൂപത്തിലും നമസ്കരിക്കുന്നില്ലയോ, ഒരിക്കലെങ്കിലും വിഷ്ണുസേവ ചെയ്യുന്നില്ലയോ അവനെ എൻെറ അടുത്തു കൊണ്ടുവരിക. എൻെറ ദൂതരാൽ ഞാൻ ചെയ്ത നിന്ദയെ അവിടുന്നു പൊറുത്താലും. ഭഗവാൻ നാരായണൻെറ ദൂതൻമാരുമായി അവർ വൃഥാ കലഹത്തിലേർപ്പെട്ടുവല്ലോ.

അതാണാദിവ്യനാമത്തിൻെറ മഹിമ. അഗസ്ത്യമുനിയിൽനിന്നും ഞാൻ കേട്ടതാണ് ആത്മോൽക്കൃഷ്ടമായ ആ ദിവ്യകഥ.

**യദ് യന്നിരുക്തം വചസാ നിരൂപിതം ധീയാക്ഷഭിർവ്വാ മനസാ വോത യസ്യ
മാ ഭൂത് സ്വരൂപം ഗുണരൂപം ഹി തത്തത് സ വൈഗുണാപായവിസർഗ്ഗലക്ഷണ: (6-4-29)
യസ്മിൻ യതോ യേന ചയസ്യ യസ്മൈ യദ്യോ യഥാ കുരുതേ കാര്യതേ ച
പരാവരേഷാം പരമം പ്രാക്പ്രസിദ്ധം തദ് ബ്രഹ്മ തദ്ധേതുരനന്യദേകം (6-4-30)**

ശുകമുനി തുടർന്നു: ഞാൻ നേരത്തെ പറഞ്ഞുവല്ലോ പ്രചേതരുടെ കാര്യം. അവർ പൊയ്കയിൽനിന്നും പുറത്തു വന്നപാടെ ചുറ്റുമുള്ള വൃക്ഷങ്ങളെയെല്ലാം വെട്ടി നശിപ്പിക്കുവാൻ തുടങ്ങി. സോമൻ ഇടപെട്ട് അവരെ അനുനയനരൂപത്തിൽ ഗുണദോഷിച്ചു. "പാവപ്പെട്ട മരങ്ങളെ ദ്രോഹിക്കുന്നത് ശരിയല്ല. പ്രത്യേകിച്ചും അവരുടെ ധർമ്മം ജീവികൾക്ക് രക്ഷനൽകുക എന്നതാവുമ്പോൾ. അവയേയും ജീവികളുടെ പോഷകത്തിനായി ഭഗവാൻ സൃഷ്ടിച്ചതത്രേ. അചരങ്ങളായ സൃഷ്ടികൾ ചരങ്ങളായവക്ക് ഭക്ഷണമത്രേ. കാലുകളുള്ളവർക്ക് കാലുകളില്ലാത്ത ജീവികൾ ഭക്ഷണം. കൈയ്യുള്ള ജീവികൾക്ക് കയ്യില്ലാത്തവ ഭക്ഷണം. ഇരുകാലികൾക്ക് നാൽക്കാലികൾ ഭക്ഷണം. ഈ നശീകരണ വൃത്തിയിൽ നിന്നും പിന്തിരിഞ്ഞ് അച്ഛൻ ജീവിച്ച പോലെ ജീവിച്ചാലും. കാരണം മാതാപിതാക്കൾ, കുട്ടികളുടെ ശരിയായ സുഹൃത്തുക്കളത്രെ. കൺപീലികൾ കണ്ണിനും, രാജാവ് പ്രജകൾക്കും, ഗൃഹസ്ഥൻ ഭിക്ഷക്കാരനും, ഭർത്താവ് സ്ത്രീക്കും, ജ്ഞാനി അജ്ഞാനിക്കും, ഉത്തമ സുഹൃത്തുക്കളത്രെ. നിങ്ങളുടെ കോപമടക്കിയാലും. പ്രകൃത്യാലുള്ള ഗുണങ്ങൾക്കതീതരായി നിങ്ങൾ ഭഗവൽകൃപയ്ക്ക് പാത്രമായിത്തീരും. ഭഗവൽശരീരം, ചരാചരസൃഷ്ടികളുടെ സഞ്ചയമത്രെ." ഇത്രയും പറഞ്ഞ് മാരി എന്ന പെൺകുട്ടിയെ സോമൻ അവർക്ക് നൽകി. കാലക്രമത്തിൽ ദക്ഷപ്രാചേതസൻ എന്ന പുത്രൻ അവൾക്കുണ്ടായി.

ആദ്യം ദക്ഷപ്രാചേതസൻ സ്വന്തം ഇഛയാൽ പലേ വിധ ജീവജാലങ്ങളെയും സൃഷ്ടിച്ചു. പക്ഷെ ഇവ പെറ്റുപെരുകിയില്ല. അപ്പോൾ അദ്ദേഹം ഭഗവാനെ ധ്യാനിച്ച് തപസ്സു ചെയ്തു. "ജീവന് തുലോം അജ്ഞാതമായ ഗുണങ്ങളോടു കൂടിയ ആ പരമദിവ്യസ്വരൂപത്തിന് നമസ്കാരം. ഒരു വസ്തു സ്വയം അതിൻെറ ബോധശക്തിയെ അറിയാത്തതുപോലെയാണ് ജീവൻെറ അജ്ഞത. പരിശുദ്ധമായ മനസിൽ ചിന്താവ്യതിയാനങ്ങൾ അകന്ന് ശാന്തതയുണ്ടാവുമ്പോൾ ജീവൻെറ ഈ അജ്ഞതയും അകലുന്നു. പറയപ്പെടുന്ന വാക്കുകൾ കൊണ്ടോ കാഴ്ചശക്തി കൊണ്ടോ, മനസ്സുകൊണ്ടോ അവിടത്തെ അറിയുക സാദ്ധ്യമല്ല. ഇവയെല്ലാം ഗുണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഉൺമയുടെ പ്രകൃതിധർമ്മം അറിയാൻ വിശ്വസൃഷ്ടിയിൽനിന്നും വിശ്വപ്രളയത്തിൽനിന്നും അനുമാനിച്ചെടുക്കേണ്ടിയിരിക്കുന്നു. ആരാൽ എന്ത് ആരോട് ചെയ്യുന്നുവോ അവയെല്ലാം ആ പരബ്രഹ്മം തന്നെയാണ്. വൈരുദ്ധ്യങ്ങളായ തത്വസംഹിതകൾ ക്കടിസ്ഥാനമായുള്ളതും അതേ ബ്രഹ്മം തന്നെ. ആ പരമസത്ത എൻെറ പ്രാർത്ഥനയെ സ്വീകരിക്കട്ടെ."

അങ്ങിനെ പ്രാർത്ഥിക്കവേ ഭഗവാൻ സ്വയം ദക്ഷൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അത്ഭുതസ്തബ്ദനായി ദക്ഷൻ ഭഗവാൻെറ കാൽക്കൽ നിശ്ശബ്ദനായി വീണുകിടന്നു. ഭഗവാൻ പറഞ്ഞു. "എല്ലാ സൃഷ്ടികളും പ്രത്യുൽപ്പാദനം നടത്തി പെരുകണമെന്നത് എൻെറ ഇഛയാണ്. സൃഷ്ടിക്ക് മുൻപ് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. എൻെറ മായാശക്തിയാൽ ഉറങ്ങികിടന്നിരുന്ന അനന്തമായ പ്രാബല്യങ്ങൾ പ്രകടിതമായി. ബ്രഹ്മാവും നീയും മറ്റെല്ലാവരും എൻെറതന്നെ പ്രകടിതരൂപങ്ങളത്രെ. നിങ്ങളെല്ലാം യോനീജന്മങ്ങളല്ല. പുരുഷസ്ത്രീ സംയോഗത്താൽ സൃഷ്ടിജാലങ്ങൾ പെറ്റുപെരുകാനുള്ള സമയമായിരിക്കുന്നു. അതുകൊണ്ട് പഞ്ചജനൻെറ പുത്രിയായ അസികനിയെ പാണിഗ്രഹണം ചെയ്താലും. അവളിലൂടെ മറ്റെല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചാലും." ഇത്രയും പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി.

**ഓം നമോ നാരായണായ പുരുഷായ മഹാത്മനേ
വിശുദ്ധസത്ത്വധിഷ്ണ്യായ മഹാഹംസായ ധീമഹി (6-5-28)
നാനുഭൂയ ന ജാനാതി പുമാൻ വിഷയതീക്ഷ്ണതാം
നിർവ്വിദ്യേത സ്വയം തസ്മാന്ന തഥാ ഭിന്നധീ: പരൈ: (6-5-41)**

ശുകമുനി തുടർന്നു: അസീകിനിയിൽ ദക്ഷന് പതിനായിരം പുത്രന്മാരുണ്ടായി. ഹര്യാസ്വന്മാർ എന്ന് അവർ അറിയപ്പെട്ടു. അഛൻെറ നിർദ്ദേശപ്രകാരം പുനരുൽപ്പാദനം നടത്തി പെരുകാനുള്ള ഉദ്ദേശത്തോടെ നാരായണസാരം എന്ന തടാകത്തിനടുത്ത് തപശ്ചര്യകൾക്കായി അവർ എത്തിച്ചേർന്നു. ഒരു ദിവസം നാരദമുനി അവിടെ ചെന്നു പറഞ്ഞു: "ലോകത്തിൻെറ വിപുലതയെപ്പറ്റി മനസ്സിലാക്കാതെ സന്തതി പരമ്പരകൾ എങ്ങിനെയുണ്ടാവാനാണ്? നിങ്ങൾ, ഒരാൾ മാത്രം വാഴുന്നയിടം അറിയണം. പുറത്തേക്കുള്ള വഴികളില്ലാത്ത ഒരു കുഴി. പലേ രൂപഭാവങ്ങളുള്ള ഒരു സ്ത്രീ. വേശ്യയുടെ ഭർത്താവ്. ഒരേ സമയം എതിർദിശകളിലൊഴുകുന്ന ഒരു നദി. ഇരുപത്തിയഞ്ച് വസ്തുക്കൾ കൊണ്ടുണ്ടാക്കിയ വീട്. അരയന്നം എന്നിവയും എന്താണെന്നറിയണം." ഹര്യാസ്വന്മാർ ഈ കടങ്കഥക്ക് ഉത്തരം കണ്ടെത്താൻ ധ്യാനത്തിലേർപ്പെട്ടു. ആത്മാവിനെപ്പറ്റിയാണിതെന്ന് അവർ മനസ്സിലാക്കി. ലോകമാണ് സൂക്ഷ്മശരീരം. ഭഗവാനാണ് അതിൻെറ ഏകാധിപതി. പലേ രൂപഭാവങ്ങളുള്ള സ്ത്രീ, ബുദ്ധിയാണ്. ബുദ്ധിയോടുള്ള താദാത്മ്യഭാവമാണ് വേശ്യയുടെ ഭർത്താവ്. എതിർദിശകളിലൊരേസമയം ഒഴുകുന്ന നദിയാണ് മായ. ആത്മസാക്ഷാത്ക്കാരത്തിലായി ക്കഴിഞ്ഞാൽ തിരിച്ചു പോക്കില്ല എന്നതാണ് പുറത്തേക്കു വഴികളില്ലാത്ത കുഴി. മനുഷ്യ വ്യക്തിത്വമാണ് ഇരുപത്തിയഞ്ചു വസ്തുക്കൾകൊണ്ട് നിർമ്മിച്ച വീട്. വിജ്ഞാനമാണ് അരയന്നം. ഹര്യാസ്വർ നാരദൻ പറഞ്ഞുകൊടുത്ത കാര്യത്തെപ്പറ്റി വിചിന്തനം ചെയ്തു. ഈ പറഞ്ഞ കാര്യങ്ങളെല്ലാം സ്വയം അനുഭവിച്ചറിയാതെ ലൗകീകകർമ്മങ്ങളിലേർപ്പെട്ടിട്ട് എന്തുകാര്യം എന്നവർ ചിന്തിച്ചു. എല്ലാവരും സന്യസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ദക്ഷൻ ഇതുകേട്ട് ദു:ഖിതനായെങ്കിലും അസീകിനിയിൽ ഒരായിരം പുത്രന്മാരെ കൂടി സൃഷ്ടിച്ചു. അവരെ ശബലാശ്വന്മാർ എന്ന് വിളിക്കുന്നു. അവരും അഛൻെറ നിർദ്ദേശ പ്രകാരം നാരായണസാരത്ത് തപസ്സിനായി ചെന്നു. മനസാ, അവരിങ്ങിനെ പ്രാർത്ഥിച്ചു. "പരമപുരുഷനും പരമസത്വവുമായ ഭഗവാൻ നാരായണന് നമോവാകം." അധികം താമസിയാതെ നാരദമുനി അവരെ സമീപിച്ചു. എന്നിട്ട് അവരെ ജ്യേഷ്ഠന്മാരുടെ പാത പിന്തുടരാൻ പ്രേരിപ്പിച്ചു. നാരദമുനിയുടെ വാക്കുകളുടെ പ്രചോദനത്താൽ ശബലാശ്വന്മാരും സന്യാസമാർഗം സ്വീകരിച്ചു.

ദക്ഷന് ഇതേറ്റവും അസഹ്യമായിത്തോന്നി. നാരദനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. "സന്യാസവേഷത്തിൽ നടന്ന് നിങ്ങൾ ചെയ്തത് വളരെ ഉപദ്രവമായിപ്പോയി. എൻെറ പുത്രന്മാരെ അവരുടെ കടമകളിൽ നിന്ന് നിങ്ങൾ പിന്തിരിപ്പിച്ചു. മാമുനിമാർക്കും പിതൃക്കൾക്കും ദേവതകൾക്കും വേണ്ടി അവർ ചെയ്യേണ്ട കർമ്മങ്ങൾ പോലും നടക്കുന്നില്ല. അവർക്ക് ലൗകീകകർമ്മങ്ങളുടെ അയോഗ്യതയെപ്പറ്റി ചിന്തിക്കാൻ അവസരം കൂടി ലഭിക്കുകയുണ്ടായില്ല. ലോകത്തോടുള്ള നിർമ്മമത, മറ്റുള്ളവർ പറഞ്ഞുകേട്ടതുകൊണ്ട് ലഭിക്കുകയില്ല. ഒരു മനുഷ്യൻ ഇന്ദ്രിയവസ്തുതകളുടെ നിരർത്ഥത അവയുടെ സ്വാനുഭവങ്ങൾകൊണ്ടു മാത്രമേ മനസ്സിലാക്കുകയുള്ളു. അനുഭവങ്ങളിലൂടെ മാത്രമേ ഇന്ദ്രിയാനുഭവങ്ങളോട് അസ്വാരസ്യം ഉണ്ടാവൂ . മറ്റാരുടേയും സാക്ഷ്യാനുഭവം കൊണ്ടല്ല അതുണ്ടാവുന്നത്. അതുകൊണ്ട് നിങ്ങൾ അനാവശ്യമായി, അകാലത്ത് ഈ ചെറുപ്പക്കാരുടെ മനസ്സിളക്കി സൃഷ്ടിപ്രക്രിയക്ക് തടസ്സം വരുത്തി. അതുകൊണ്ട് നിങ്ങൾക്ക് സ്ഥിരതയോടു കൂടിയ ഒരു അസ്തിത്വം ഉണ്ടാവുകയില്ല. നിങ്ങൾ എന്നും അലഞ്ഞു തിരിയാനിടവരട്ടെ."

മുനി പുഞ്ചിരിയോടെ ശാപമേറ്റുവാങ്ങി. അതാണ് മഹാത്മാക്കളുടെ രീതി. അവർക്ക് പ്രതികാര ശക്തിയുണ്ടെങ്കിൽ പോലും അവരതിൽനിന്നും പിൻതിരിയുന്നു. കാരണം അവർ ക്ഷമാശീലരും സഹനശീലരുമാണ്.

## അര്യമ്ണോ മാതൃകാ പത്നീ തയോശ്ചർഷണയ: സുതാ:
## യത്ര വൈ മാനുഷീ ജാതിർ ബ്രഹ്മണാ ചോപകൽപിതാ: (6-6-42)

ശുകമുനി തുടർന്നു: അതിനുശേഷം ദക്ഷനും അസികിനിക്കും അറുപതു പുത്രിമാരുണ്ടായി. അതിൽ പത്തുപേർ ധർമ്മരാജാവിനേയും പതിമൂന്ന് പേർ കശ്യപനേയും ഇരുപത്തിയേഴുപേർ ചന്ദ്രനേയും രണ്ടുപേർ വീതം ഭൂതൻ, അംഗിരൻ, കൃഷ്വസ്വൻ എന്നിവരേയും ബാക്കിയുള്ളവർ താർക്ഷ്യനേയും വിവാഹം കഴിച്ചു. അവരുടെ പരമ്പരകളായാണ് വിശ്വം മുഴുവൻ ജീവനിബിഢമായത്.

ഭാനു, ലമ്പൻ, കുകുഭ, ജാമി, വിശ്വൻ, സാദ്ധ്യ, മരുത്വതി, വാസു, മുഹുർത, സങ്കൽപ എന്നിവർ ധർമ്മരാജൻെറ ഭാര്യമാർ. ഭാനുവിൻെറ പൗത്രനാണ് ഇന്ദ്രസേനൻ. ലമ്പയുടെ മകൻ വിദ്യോതൻ മേഘങ്ങൾക്ക് ജന്മം കൊടുത്തു. കുകുഭിൻെറ മകൻ സങ്കടൻ കോട്ടകൾ ഉണ്ടാക്കി. ജാമിയുടെ പുത്രനായ സ്വർഗ്ഗൻെറ പുത്രനായി നന്ദി പിറന്നു. വിശ്വയിൽനിന്നും വിശ്വദേവരും, സാദ്ധ്യയിൽ സാദ്ധ്യയും, സാദ്ധ്യയിൽ അർത്ഥസിദ്ധിയും, മരുത്വവതിയിൽ മരുതവാനും ജയന്തനും (ഭഗവദവതാരം) ഉണ്ടായി. മുഹുർത, ദിനങ്ങളെ നാൽപ്പത്തിയെട്ട് മിനുട്ടുകളായിത്തിരിക്കുന്ന വിഭജനമുണ്ടാക്കി. സങ്കൽപ്പയിൽനിന്നും ചിന്തകളുണ്ടായി. കാമം ചിന്തയിൽനിന്നും ജനിച്ചു. അഷ്ടവസുക്കൾ (ദ്രോണൻ, പ്രാണൻ, ധ്രുവൻ, അർക്കൻ, അഗ്നി, ദോഷ, വസു, വിഭാവസു) വസുവിൽ ജനിച്ചു. അവരുടെ പരമ്പരകളായി നഗരങ്ങൾ, പട്ടണങ്ങൾ, ജീവഗുണങ്ങൾ, വികാരങ്ങൾ എന്നിങ്ങിനെയെല്ലാം സൃഷ്ടികളുണ്ടായി.

ഭൂതനിൽ നിന്നും സ്വരൂപയിൽ നിന്നും പതിനൊന്ന് രുദ്രന്മാർ പിറന്നു. രൈവതൻ, അജൻ, ഭാവൻ, ഭീമൻ, വാമൻ, ഉഗ്രൻ, വൃഷാകവി, അജൈകപത്, അഹിർഭുധ്ന്യ, ബഹുരൂപ, മഹാൻ എന്നിവർ. ഭൂതൻെറ മറ്റൊരു ഭാര്യയിൽ രുദ്രരുടെ പാർഷദന്മാർ ജനിച്ചു. അംഗിരനും സ്വാധയും പിതൃക്കളെ അവരുടെ മക്കളായി ദത്തെടുത്തു. വിനത, കദ്രു, പതംഗി, യാമിനി എന്നിവർ തർക്ഷ്യൻെറ ഭാര്യമാർ. വിനതയിൽ ഭഗവൽവാഹനമായ ഗരുഡനും, പ്രഭാതവും പിറന്നു. കദ്രുവിൽനിന്നും സർപ്പങ്ങൾ ഉണ്ടായി. കൃഷവന് തൻെറ ആദ്യഭാര്യയായ അർചിയിൽ കൃഷാസ്വൻ ഉണ്ടായി. വേദശിരൻ, ദേവലൻ, വയുനൻ, മനു എന്നിവർ ധീഷ്ണയിൽ നിന്നുമുണ്ടായി.

സോമൻ(ചന്ദ്രൻ) ഇരുപത്തിയേഴ് നക്ഷത്രസമൂഹങ്ങളെ വിവാഹം ചെയ്തു. അതിൽ രോഹിണിയോട് പ്രതിപത്തി കൂടുതലുണ്ടായതുകൊണ്ട് സോമന് ദക്ഷൻെറ ശാപമേൽക്കാനിടയായി. എങ്കിലും ദക്ഷനെ പ്രസാദിപ്പിച്ച്, സോമൻ ശാപപരിഹാരവും നേടി. വൃദ്ധിക്ഷയങ്ങൾ അങ്ങിനെയുണ്ടായി. അദിതി, ദിതി, ദനു, കാസ്ത, അരിഷ്ട, സുരസ, ഇള, മുനി, ക്രോധാസ്വാ, താമ്ര, സുരഭി, സരമ, തിമി എന്നിവർ കശ്യപൻെറ ഭാര്യമാർ. അവരാണ് ഭൂമിയിലെ ജീവജാലങ്ങൾക്ക് ജന്മമേകിയത്. തിമിയിൽനിന്നും ജലജീവികളുണ്ടായി. സരമയിൽനിന്നും വന്യമൃഗങ്ങളുണ്ടായി. സുരഭിയിൽനിന്നാണ് പോത്ത്, എരുമ എന്നിവയുണ്ടായത്. വന്യപക്ഷികൾ ഉണ്ടായത് താമരയിൽനിന്നാണ്. അപ്സരസ്ത്രീകൾ മുനിയിൽനിന്നും, ഇഴജന്തുക്കൾ ക്രോധവസ്വയിൽനിന്നും ഉണ്ടായി. ഇളയിൽനിന്ന് പച്ചക്കറികൾ, സുരസയിൽ നിന്ന് രാക്ഷസന്മാർ, അരിഷ്ടയിൽ നിന്നും സ്വർഗ്ഗഗായകർ എന്നിവരുണ്ടായി. കാസ്തയിൽ നിന്നും ഒറ്റക്കുളമ്പുള്ള മൃഗങ്ങൾ ഉണ്ടായി. യുദ്ധവീരന്മാരായ ദാനവർ ദനുവിൽനിന്നുണ്ടായി. അതിലൊരാളായ വിപ്രചിത്തി നൂറ്റിയൊന്നു പുത്രന്മാർക്ക് ജന്മം നൽകി. അതിൽ രാഹു ചിരഞ്ജീവിയായി. ബാക്കിയുള്ളവർ കേതുവും (ഉൽക്കകൾ). വിധാതൻ, അര്യമാൻ, പൂഷൻ, ത്വഷ്ടാൻ, സവിതാൻ, ഭഗ, ധാതാൻ, വിധാതാൻ, വരുണൻ, മിത്രൻ, ശക്രൻ, വാമനൻ എന്നിവരാണ് ആദിത്യന്മാർ. അദിതിപുത്രന്മാരായ ഇവർ ദേവന്മാരത്രേ. വിവസ്വന് സാംജനായിൽ ശ്രദ്ധാദേവനും, യമയിൽ യമിയും, ഛായയിൽ സനൈശ്യരയും, സാവരണിയും ഉണ്ടായി. ആര്യമയ്ക്ക് ചർഷണിയെന്ന പേരിൽ അറിയപ്പെടുന്ന ആൺമക്കൾ മാതൃകയിലുണ്ടായി. അവരിൽ വിജ്ഞാനമുണ്ടായിരുന്നു. സൃഷ്ടാവ് മനുഷ്യരാശിയെ ഉരുത്തിരിച്ചെടുത്തത് ഇവരിൽനിന്നാണ്.

**കോ ഗൃധ്യേത് പണ്ഡിതോ ലക്ഷ്മീം ത്രിവിഷ്ടപപതേരപി**
**യയാഹമാസുരം ഭാവം നീതോ*ƒ*ദ്യ വിബുധേശ്വര: (6-7-12)**
**ആചാര്യോ ബ്രഹ്മണോ മൂർത്തി: പിതാ മൂർത്തി: പ്രജാപതേ:**
**ഭ്രാതാ മരുത് പതേർമ്മൂർത്തിർമ്മാതാ സാക്ഷാത് ക്ഷിതേസ്തനു: (6-7-29)**
**ദയായാ ഭഗിനീ മൂർത്തിർധർമ്മസ്യാത്മാതിഥി: സ്വയം**
**അഗ്നേരഭ്യാഗതോ മൂർത്തി: സർവ്വഭൂതാനി ചാത്മന: (6-7-30)**

ശുകമുനി തുടർന്നു: ഒരു ദിവസം ദേവരാജാവായ ഇന്ദ്രൻ സ്വർഗ്ഗത്തിൽ മറ്റു ദേവൻമാരോടും വിണ്ണവരോടും കൂടിയിരിക്കുകയായിരുന്നു. സ്വർഗ്ഗഗായകർ ഇന്ദ്രന്റെ മഹത്വങ്ങളെ വാഴ്ത്തിപ്പാടി. ആ സമയത്ത് ദേവരാജാവായ ബ്രഹസ്പതി സഭയിലേക്കു കടന്നുവന്നു. ഇന്ദ്രൻ എഴുന്നേൽക്കുകയോ ഗുരുവിനെ വന്ദിക്കുകയോ ചെയ്തില്ല. ബ്രഹസ്പതിക്ക് വേണമെങ്കിൽ ഇന്ദ്രനെ ശിക്ഷിക്കാമയിരുന്നുവെങ്കിലും അദ്ദേഹമതു ചെയ്തില്ല. രാജഗർവ്വം വർദ്ധിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചുമില്ല. ആരോടും പറയാതെ ഗുരു സഭ വിട്ടുപോയി. ഇന്ദ്രന് ഉടനേ തന്നെ തന്റെ വിഡ്ഢിത്തം മനസ്സിലായി. മനസ്താപം തോന്നുകയും ചെയ്തു. “സ്ഥാനമാനങ്ങളും അധികാരവും ഒരുവനെ ചീത്തയാക്കുന്നു. സ്വർഗ്ഗരാജപദവിയും അധികാരവും ആരാണ് മോഹിക്കുന്നത്? ആ പദവി കാരണം ദേവരാജാവായ ഞാൻ അസുരന്മാരുടെ നിലവാരത്തിലേക്ക് അധ:പതിച്ചിരിക്കുന്നു.” ഇന്ദ്രന് ബ്രഹസ്പതിയുടെ സാന്നിദ്ധ്യം ആവശ്യമായിത്തോന്നി. പക്ഷേ അദ്ദേഹം അദൃശ്യനായിക്കഴിഞ്ഞിരുന്നു. ഗുരുവും മാർഗ്ഗദർശിയുമില്ലാതെ ഇന്ദ്രൻ, ചുക്കാനില്ലാത്ത കപ്പൽപോലെ അലഞ്ഞു. ദേവശത്രുക്കളായ രാക്ഷസർ സ്വർഗ്ഗത്തിലെ അവസ്ഥ മനസ്സിലാക്കി ദേവന്മാരെ ആക്രമിച്ചു കീഴടക്കി. രാജ്യത്തിന്റെ പലേ ഭാഗങ്ങളും അവരുടെ കീഴിലായി. ദേവന്മാർ ബ്രഹ്മാവിന്റെയടുക്കൽ സങ്കടമുണർത്തിച്ച് അവർക്കുണ്ടായ പരാജയത്തെപ്പറ്റി പറഞ്ഞു.

ബ്രഹ്മാവ് പറഞ്ഞു: “നിങ്ങൾ ഗുരുവിനെ നിന്ദിച്ചതിന്റെ ഫലമായിട്ടാണ് ശത്രുവിൽനിന്നും ഈ പരാജയം ഉണ്ടായത്. അവർ ശക്തരായത് അവർ തങ്ങളുടെ ഗുരുവിനെ അനുസരിച്ച് ബഹുമാനിച്ചു നടക്കുന്നതു കൊണ്ടാണ്. അവർ തങ്ങളുടെ ഗുരുവിനോട് കാണിക്കുന്ന ഭക്തി കൊണ്ടുണ്ടാവുന്ന ശക്തിയാൽ എന്റെ ഇരിപ്പിടം പോലും അവർക്ക് കീഴടക്കാനായേക്കും. ഏതൊരുവൻ സന്യാസികളേയും, ഭഗവാനേയും, പശുക്കളേയും പൂജിച്ച് ബഹുമാനിക്കുന്നുവോ അവന് ദുര്യോഗങ്ങൾ ഉണ്ടാവുന്നതല്ല. അതുകൊണ്ട് വിശ്വരൂപമുനിയെ ചെന്നു കാണുക. അദ്ദേഹം തപശ്ചര്യകൊണ്ട് ഉന്നതനായ ഋഷിവര്യനത്രെ. അദ്ദേഹത്തോട് നിങ്ങളുടെ ഗുരുവായിരിക്കാൻ യാചിച്ചപേക്ഷിക്കുക. ശത്രുക്കളോട് അനുകമ്പയുണ്ട് അദ്ദേഹത്തിനെങ്കിലും അതു വകവെക്കാതിരിക്കുക. നിങ്ങൾക്ക് ഇതു മാത്രമേ വഴിയുള്ളു.” ദേവന്മാർ വിശ്വരൂപനെ ചെന്നു കണ്ട് ഇങ്ങിനെ പ്രാർത്ഥിച്ചു. “അങ്ങ് പ്രതീക്ഷിക്കാത്ത അതിഥികളായി ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന കേട്ടാലും മഹാമുനേ കാരണം, ഗുരു പരബ്രഹ്മത്തിന്റെ പ്രതീകമത്രെ. അഛൻ സൃഷ്ടാവിന്റേയും, അമ്മ ഭൂമീദേവിയുടെയും, സഹോദരൻ ഇന്ദ്രന്റെയും, സഹോദരി കരുണയുടെയും, പ്രതീക്ഷിക്കാത്ത അതിഥി ശ്രേഷ്ഠതയുടെയും, അതിഥി അഗ്നിയുടേയും എല്ലാ ജീവജാലങ്ങളും പരമാത്മാവിന്റേയും പ്രതീകങ്ങളത്രെ. ഞങ്ങൾ അസുരന്മാരാൽ തോൽപ്പിക്കപ്പെട്ട് വന്നിരിക്കുകയാണ്. ഞങ്ങൾക്കു മാർഗ്ഗനിർദ്ദേശം തരാൻ ഒരു ഗുരുവില്ല. ദയാവായി ഞങ്ങളുടെ ഗുരുവായി വന്നാലും.”

വിശ്വരൂപൻ പറഞ്ഞു: പൂജാരിയായി ദക്ഷിണ വാങ്ങിക്കുന്നവന്റെ ജോലി, മാനഹാനിപരമത്രെ. ഞങ്ങൾ ദരിദ്രരായിക്കഴിഞ്ഞ് സംഗതിവശാൽ കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടേണ്ടവരാണ്. അല്ലാതെ പൂജാരിയായി ധനം സമ്പാദിക്കേണ്ടവരല്ല. എന്നാലും നിങ്ങളെപ്പോലുള്ള നല്ലയാളുകളുടെ അഭ്യർഥന നിരസിക്കുന്നതെങ്ങിനെ? അതുകൊണ്ട് ഞാൻ നിങ്ങളുടെ ആഗ്രഹപ്രകാരം, എന്റെ സ്വന്തം താൽപര്യങ്ങൾ ബലികഴിച്ചിട്ടായാലും നിങ്ങൾക്ക് ഗുരുവായിരിക്കാം.

**ഏതദ്ധാരയമാണസ്തു യംയം പശ്യതി ചക്ഷു ഷാ
പദാവാ സംസ്പൃശേത്സദ്യ: സാധ്വസാത് സ വിമുച്യതേ (6–8–36)
ന കുതശ്ചിദ്ഭയം തസ്യ വിദ്യാം ധാരയതോ ഭവേത്
രാജദസ്യുഗ്രഹാദിഭ്യോ വ്യാഘ്രാദിഭ്യശ്ച കർഹിചിത് (6–8–37)**

ശുകമുനി തുടർന്നു: ദേവഗുരുവായ വിശ്വരൂപൻ ഇന്ദ്രന് നാരായണകവചം ഉപദേശിച്ചു. ആപത്തു നേരിടേണ്ടി വരുമ്പോൾ ഭക്തനായ ഒരുവൻ കുളികഴിഞ്ഞ് വടക്കോട്ടു ദർശനമായിരുന്ന് നാരായണകവചം ചൊല്ലണം. ഭഗവാൻ നാരായണന്റെ ഏറ്റവും ദിവ്യമായ പ്രാർത്ഥനയാണിത്. നിഗൂഢസ്വഭാവമുള്ള ന്യാസപ്രക്രിയയാൽ തന്റെ ശരീരത്തെ ഭഗവൽനാമവുമായി ഏകോപിപ്പിക്കണം. ആത്മാവിനെ പരമാത്മാവും സകല ശക്തികൾക്കും വിദ്യാതപ:തേജസുകൾക്കും ഇരിപ്പിടവുമായി ധ്യാനിച്ച് ഇങ്ങിനെ പ്രാർത്ഥിക്കണം.

“ശ്രീഹരി എനിക്ക് എല്ലാവിധത്തിലും സംരക്ഷയേകട്ടെ. വെള്ളത്തിൽ മത്സ്യാവതാരം, ഭൂമിയിൽ വാമനൻ, ആകാശത്തോളം വലിപ്പമുള്ള ഭഗവൽരൂപം വായുവിൽ, കാട്ടിലും യുദ്ധത്തിലും നരസിംഹം, പാതകളിൽ വരാഹം, വനാന്തരങ്ങളിലും മാമലകളിലും ശ്രീരാമൻ എന്നെ രക്ഷിക്കട്ടെ. എല്ലാ ഹിംസാകർമ്മങ്ങളിലും ഭഗവാൻ നാരായണൻ എന്നെ രക്ഷിക്കട്ടെ. അഹങ്കാരത്തിൽ നിന്നും നരൻ, യോഗമാർഗ്ഗങ്ങളെ അവഗണിക്കുന്നതിൽനിന്നും ദക്ഷൻ, കർമ്മപാശത്തിൽ നിന്നും കപിലൻ, ആസക്തികളിൽനിന്നും സനത്കുമാരൻ, ദേവതാ നിന്ദനത്തിൽനിന്നും ഹയഗ്രീവൻ, ഭക്തി സാധനയിലെ വീഴ്ച്ചകളിൽനിന്നും നാരദൻ, നരകത്തിൽനിന്നും കൂർമ്മാവതാരം, അസുഖങ്ങളിൽനിന്നും ധന്വന്തരി, ദ്വന്ദഭാവത്തിൽ നിന്നുടലെടുക്കുന്ന ഭയത്തിൽനിന്നും ഋഷഭൻ, അപമാനത്തിൽനിന്നും യജ്ഞമ, ആൾക്കൂട്ടത്തിൽനിന്നും ബലരാമൻ, സർപ്പങ്ങളിൽനിന്നും ശേഷൻ, അജ്ഞതയിൽനിന്നും വ്യാസൻ, മതനിന്ദയിൽനിന്നും ബുദ്ധൻ, കലികാല പാപങ്ങളിൽനിന്നും കൽക്കി എന്നെ രക്ഷിക്കട്ടെ. പ്രഭാതത്തിൽ കേശവൻ തന്റെ ഗദയാൽ എന്നെ രക്ഷിക്കട്ടെ. ഗോവിന്ദൻ തന്റെ പുല്ലാങ്കുഴലിനാൽ സൂര്യോദയസമയത്തും നാരായണൻ രാവിലേയും ഭഗവാൻ വിഷ്ണു തന്റെ ചക്രത്തിനാൽ ഉച്ചനേരത്തും, മധുസൂദനൻ തന്റെ വില്ലിനാൽ ഉച്ചതിരിഞ്ഞും, മാധവൻ സന്ധ്യാനേരത്തും, രാത്രിയുടെ ആദ്യയാമത്തിൽ ഋഷീകേശനും, രണ്ടാം യാമത്തിൽ ശ്രീപത്മനാഭനും, നാലാം യാമത്തിൽ ശ്രീവത്സനും, അന്ത്യയാമത്തിൽ വാളും ചുഴറ്റി ജനാർദ്ദനനും, പ്രാത: സന്ധ്യയിൽ ദാമോദരനും, പുലരിയിൽ വിശ്വേശ്വരനും എന്നെ രക്ഷിക്കട്ടെ.

അല്ലയോ ഭഗവാനാൽ ചുഴറ്റപ്പെട്ട ചക്രമേ, എല്ലാ ശത്രുക്കളെയും എരിച്ചാലും, ഗദേ ശത്രുക്കളെ ഞെരിച്ചാലും, ശക്തിയേറിയ ശബ്ദത്താൽ ശംഖേ ദുർദ്ദേവതകളെ അകറ്റിയാലും, ഭഗവൽകരത്തിലമരുന്ന വാളേ എന്റെ ശത്രുക്കളെ നശിപ്പിച്ചാലും, എന്നിൽ ഭയമുണ്ടാക്കുന്ന എല്ലാ ശത്രുക്കളേയും പാപങ്ങളേയും ഭഗവന്നാമ മഹിമയിൽ ഇല്ലാതാക്കിയാലും.”

അല്ലയോ ഇന്ദ്രാ, ഈ പ്രാർത്ഥന നിങ്ങൾക്ക് അഭയവും ശത്രുസംഹാരവീര്യവും നൽകും. ഏതൊരാൾ ഈ നാരായണകവചം ധരിക്കുന്നുവോ അവന് താൻ നോക്കുന്നവകളിൽ നിന്നോ താൻ തൊടുന്നവകളിൽനിന്നോ ഉള്ള ഭയത്തിൽ നിന്ന് മോചനമുണ്ടാവുന്നു. അവന് രാജാക്കന്മാരിൽ നിന്നോ, കള്ളൻമാരിൽനിന്നോ, ദുർദ്ദേവതകളിൽനിന്നോ, ഗ്രഹങ്ങളിൽ നിന്നോ, വന്യജീവികളിൽ നിന്നോ, അന്യശത്രുക്കളിൽ നിന്നോ ഭയമുണ്ടാവുന്നതല്ല.

ഈ പ്രാർത്ഥനയുടെ ശക്തിയാലാണ് ഇന്ദ്രൻ തന്റെ ശത്രുക്കളെ വെന്നത്.

## യോ ന: സപത്നൈർഭൃശമർദ്യമാനാൻ ദേവർഷിതിര്യങ്നൃഷു നിത്യ ഏവ കൃതാവതാരസ്തനുഭി: സ്വമായയാ കൃത്വാffത്മസാത് പാതി യുഗേ യുഗേ ച (6–9–26)

ശുകമുനി തുടർന്നു: വിശ്വരൂപന് മൂന്നു തലകളും വായകളും ഉണ്ടായിരുന്നു. ഒരു വായിൽ കൂടി ദേവന്മാരെപ്പോലെ സോമരസവും, രണ്ടാമത്തേതിലൂടെ മനുഷ്യരെപ്പോലെ ഭക്ഷണസാധനങ്ങളും, മൂന്നാമത്തെ വായിലൂടെ മദ്യവും വിശ്വരൂപൻ യഥേഷ്ടം കഴിച്ചു. ദേവതാപ്രീതിക്കെന്ന മട്ടിൽ യാഗകർമ്മങ്ങൾ നടത്തുമ്പോൾ വിശ്വരൂപൻ രഹസ്യമായി യാഗഭാഗം അസുരന്മാർക്കു വേണ്ടി നീക്കിവെച്ചു. ഈ ചതി മനസ്സിലാക്കിയ ഇന്ദ്രൻ വിശ്വരൂപൻെറ തലകൾ അറുത്തു കളഞ്ഞു. വിശ്വരൂപൻ ബ്രാഹ്മണനായിരുന്നതുകൊണ്ട് ബ്രഹ്മഹത്യാപാപം ഇന്ദ്രനു സഹിക്കേണ്ടി വന്നു. ഒരു കൊല്ലത്തിനു ശേഷം ഇന്ദ്രൻ ഈ പാപത്തെ നാലായി പകുത്ത് ഭൂമിക്കും, ജലത്തിനും, വൃക്ഷത്തിനും സ്ത്രീക്കുമായി നൽകി. ഭൂമിയുടെ ഭാഗം മരുഭൂവിൽ കാണായി. പക്ഷെ അതിനു പകരമായി ഇന്ദ്രൻ ഒരു വരം നൽകി. ഭൂമിയിൽ ഉണ്ടാക്കുന്ന കുഴികൾ താമസംവിനാ നിറയപ്പെടുന്നു. ജലത്തിൽ പാപാംശം കുമിളകളും നുരകളുമായി കാണപ്പെടുന്നു. എന്നാൽ വരമായി ഉറവറ്റാത്ത നീർച്ചോലകൾ നൽകി. വൃക്ഷങ്ങളിൽ പാപം അവയിൽനിന്നുതിർക്കുന്ന പശയായി കാണപ്പെടുന്നു. എന്നാൽ മുറിക്കപ്പെട്ട ശാഖകൾ വീണ്ടും തളിർത്തു വരുന്നുവല്ലോ. സ്ത്രീകളിൽ പാപാംശം ആർത്തവമായി കാണുന്നു. വരമായി തുടർച്ചയായ ലൈംഗികാവേശം ഇന്ദ്രൻ അവൾക്കു നൽകി.

വിശ്വരൂപൻെറ അഛൻ ത്വഷ്ടാവ് ഇന്ദ്രൻെറ അക്രമത്തെപ്പറ്റിയറിഞ്ഞ് ക്രുദ്ധനായി. ഇന്ദ്രനെതിരായി ഒരു ശത്രുവിനെ സൃഷ്ടിക്കാൻ അദ്ദേഹം വിചിത്രമായ യാഗകർമ്മത്തിലേർപ്പെട്ടു. തൽഫലമായി അതിഭീകരനായ ഒരു രാക്ഷസൻ ഉണ്ടായി. അവൻെറ നിഴലിൻെറ ഇരുട്ടിൽ മൂന്നു ലോകങ്ങളും മുങ്ങി. വൃത്രൻ എന്ന് അവനറിയപ്പെട്ടു. ഭീമാകാരനായി വളർന്ന അവൻ എല്ലായിടത്തും അസ്വസ്ഥത വിതറി. ദേവന്മാർ തങ്ങളുടെ ശക്തി മുഴുവനുപയോഗിച്ച് അതിശക്തമായ ആയുധങ്ങൾ അവനു നേരെ പ്രയോഗിച്ചുവെങ്കിലും വൃത്രൻ അതെല്ലാം ക്ഷണനേരം കൊണ്ട് വിഴുങ്ങികളഞ്ഞു. വൃത്രനിൽ നിന്ന് പരാജിതരായി ദേവഗണം ഭഗവാൻ നാരായണനെ വീണ്ടും അഭയം പ്രാപിച്ചു.

എല്ലാ ജീവികൾക്കും മരണഭയമുണ്ട്. എന്നാൽ മരണദേവന് ഭയമുള്ളത് ഭഗവാനോട് മാത്രമാണ്. അങ്ങിനെയുള്ള ഭഗവാൻ ഞങ്ങളെ രക്ഷിക്കട്ടെ. മത്സ്യാവതാരമെടുത്ത് ഭൂമിയെ രക്ഷിച്ച ഭഗവാൻ വൃത്രാസുരനിൽനിന്നും ഞങ്ങളെ രക്ഷിക്കും. പ്രളയജലത്തിലാണ്ടു പോവാതെ സൃഷ്ടികർത്താവായ ബ്രാഹ്മാവിനെ താങ്ങി നിർത്തിയ ആ മഹിമ ഞങ്ങളെയും രക്ഷിക്കട്ടെ. അവിടുത്തെ മഹിമയാൽ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ഈ വിശ്വത്തെ ഞങ്ങൾ ദേവതകൾ സൃഷ്ടിക്കുന്നതും ഇഛയാലത്രേ. അന്തര്യാമിയും നിത്യനുമായ അവിടുന്ന് സ്വമായയാൽ കാലാകാലങ്ങളിൽ ദേവന്മാരായും മാമുനിമാരായും മൃഗങ്ങളായും മനുഷ്യരായും അവതരിക്കുന്നു. അങ്ങിനെയുള്ള ഭഗവാൻ ഞങ്ങളെ സ്വന്തം ആത്മാവിൻെറ ഭാഗമായി നിനച്ചു സംരക്ഷിക്കട്ടെ.

ഭഗവാൻ ദേവന്മാർക്ക് മുന്നിൽ ദേവഗണങ്ങളുമായി പ്രത്യക്ഷപ്പെട്ടു. ഭക്തിപാരവശ്യത്താൽ ദേവന്മാർ ഭഗവാനു മുന്നിൽ സാഷ്ടാഗം പ്രണമിച്ച് വീണ്ടും ഇങ്ങിനെ പ്രാർത്ഥിച്ചു.

**ഹംസായ ദഹ്രനിലയായ നിരീക്ഷകായ**
**കൃഷ്ണായ മൃഷ്ടയശസേ നിരുപക്രമായ**
**സത്സംഗ്രഹായ ഭവപാന്ഥനിജാശ്രമാപ്താ**
**വന്തേ പരീഷ്ടഗതയേ ഹരയേ നമസ്തേ (6–9–45)**
**പ്രീതോ*f*ഹം വ: സുരശ്രേഷ്ഠാ മദുപസ്ഥാനവിദ്യയാ**
**ആത്മൈശ്വര്യസ്മൃതി: പുംസാം ഭക്തിശ്ചൈവ യയാ മയി (6–9–47)**

ദേവന്മാർ പ്രാർത്ഥിച്ചു: "ത്യാഗവാസനയ്ക്കു നമോവാകം. സൃഷ്ടിക്കപ്പെട്ട ഒരു ജീവിക്കും അങ്ങയുടെ ശരിയായ മഹിമ അറിയില്ല. അനന്തമായ ആ ഐശ്വര്യത്തിനും നമസ്കാരം. ഭക്തിസാധനയിലൂടെ അജ്ഞാനാന്ധകാരത്തിന്റെ പുകമറ നീങ്ങിയാൽ അങ്ങ് പരമാനന്ദസ്വരൂപമായി പ്രകടമാവുന്നു. മറ്റാരുടേയും സഹായമോ സഹവർത്തിത്വമോ കൂടാതെ അങ്ങ് വിശ്വത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരകർമ്മങ്ങൾ നടത്തുന്നു എന്നത് ഞങ്ങൾക്ക് മനസ്സിലാക്കാൻ വിഷമമാണ്. അങ്ങേയ്ക്ക് വിശ്വസൃഷ്ടിസ്ഥിതിലയങ്ങളിൽ ഞങ്ങൾക്കുള്ളതുപോലെ വൈകാരിക മമതയുണ്ടോ അതോ വെറും സാക്ഷീഭാവം മാത്രമേയുള്ളോ എന്നും ഞങ്ങൾക്ക് നിശ്ചയമില്ല. ഒരു പക്ഷേ ഈ വൈരുദ്ധ്യങ്ങളായ അവസ്ഥകൾ അവിടുത്തെയുള്ളിൽ ഒന്നുചേർന്നിരിക്കുന്നുണ്ടാവാം. കാരണം വൈരുദ്ധ്യബോധത്തിനുമപ്പുറത്താണല്ലോ അവിടുന്ന്. ഈ രണ്ടവസ്ഥകളിലും വൈരുദ്ധ്യം ദർശിക്കുന്നത് ഞങ്ങളുടെ അറിവിന്റെ പരിധിയിലാണല്ലോ. അങ്ങയിൽ ഒരു വിശേഷണവും ആരോപിക്കുക അസാദ്ധ്യം. കാരണം അങ്ങവയ്ക്കെല്ലാം അതീതനത്രേ. എന്നാൽ എല്ലാ വിശേഷണങ്ങളും അങ്ങേക്കിണങ്ങും കാരണം ഏകമായ സത്ത് അവിടുന്നു മാത്രമാണല്ലോ.

സർവ്വശക്തനായ ഭഗവൻ, പൈശാചികമായി പ്രവർത്തിക്കുന്ന ദൈത്യദാനവാന്മാർ പോലും അവിടുത്തെ പ്രകടിതരൂപങ്ങൾ തന്നെയാണെന്ന് ഞങ്ങൾക്കറിയാം. എന്നാൽ അവർ അവർക്കനുവദിച്ച സമയത്തിനപ്പുറം അക്രമങ്ങൾ തുടരുമ്പോൾ അവിടുന്ന് സ്വന്തം മായാശക്തിയാൽ അവതാരങ്ങളെടുത്ത്, ദേവന്മാരായും മനുഷ്യരായും മൃഗങ്ങളായും ജലജീവിയായും മറ്റും, അവരെ ശിക്ഷിക്കുന്നതായും ധർമ്മസംസ്ഥാപനം നടത്തുന്നതായും അറിയുന്നു. അതുകൊണ്ട് അങ്ങേയ്ക്ക് സമ്മതമെങ്കിൽ ഈ വൃത്രാസുരനെ വധിച്ച് ഞങ്ങളെ ബാധിച്ചിരിക്കുന്ന ഭയത്തിൽനിന്ന് മോചനം നൽകിയാലും. അങ്ങെല്ലാ ജീവജാലങ്ങളുടേയും ആത്മനിവാസിയായതിനാൽ അവരുടെ ആഗ്രഹങ്ങളും പ്രാർത്ഥനകളും എന്തെന്നറിയാവുന്നതാണല്ലൊ. അതുകൊണ്ട് ഞങ്ങളുടെ ഈ പ്രാർത്ഥനയും അഭിലാഷവും സാധിച്ചുതരുന്നത് ഉചിതമാണ്. മൂന്നു ലോകങ്ങളെയും ദ്രോഹിക്കുന്ന വൃത്രാസുരനിൽ നിന്നും ഞങ്ങൾക്കഭയമേകിയാലും. സർവ്വാന്തര്യാമിയായ ഭഗവാൻ ഹരിക്ക് നമസ്കാരം. എല്ലാ ഹൃദയങ്ങളിലും സാക്ഷീഭാവേന വർത്തിച്ചു വാഴുന്ന അവിടേയ്ക്ക് നമോവാകം. നന്മയുടെ സമ്പത്തും ആനന്ദമൂർത്തിയും പാതയും ലക്ഷ്യവുമായ ശ്രീകൃഷ്ണഭഗവാന് നമസ്കാരം."

ഭഗവാൻ പറഞ്ഞു: "നിങ്ങളുടെ പ്രാർത്ഥനയിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഈ പ്രാർത്ഥനയിലൂടെ ആത്മാവബോധവും ഭക്തിയും ഉളവാകുന്നു. ഈ പ്രാർത്ഥന ഉരുവിടുന്ന ഏവർക്കും അതു ലഭ്യമത്രെ. എന്നെ സന്തുഷ്ടനാക്കിയാൽ എല്ലാം സാദ്ധ്യമാണ്. അതുകൊണ്ട് എന്റെ സംപ്രീതി മാത്രമേ ഒരു ഭക്തൻ ലക്ഷ്യമാക്കേണ്ടതായുള്ളൂ. അതുകൊണ്ട് ജ്ഞാനിയായ ഒരുവൻ മറ്റൊരാൾക്ക് ലൗകീകജീവിതവൃത്തികൾ കാണിച്ചു കൊടുക്കില്ല, മറിച്ച് ഭക്തിസാധനാമാർഗ്ഗങ്ങൾ പഠിപ്പിക്കുന്നു. അല്ലയോ ഇന്ദ്രാ നിങ്ങൾ ദദീചിമഹർഷിയെ ചെന്നു കാണുക. തപശ്ചര്യയാൽ മഹർഷി. അതിശക്തനായിരിക്കുന്നു. ത്വഷ്ടനെ നാരായണകവചം പഠിപ്പിച്ചത് ദദീചിയാണ്. ത്വഷ്ടന്റെ മകനാണല്ലോ നിന്നെയതു പഠിപ്പിച്ചത്. അദ്ദേഹത്തോട് തന്റെ എല്ലുകൾക്കായി യാചിക്കുക. അതുകൊണ്ട് വൃത്രാസുരനെ വെല്ലാൻ നിങ്ങൾക്കു കഴിയും."

**യോ$f$ധ്രുവേണാത്മനാ നാഥാ ന ധർമ്മം ന യശ: പുമാൻ**
**ഈഹേത ഭൂതദയയാ സശോച്യ: സ്ഥാവരൈരപി (6-10-8)**
**ഏതാവാനവ്യയോ ധർമ്മ: പുണ്യശ്ലോകൈരുപാസിത:**
**യോ ഭൂതശോകഹർഷാഭ്യാമാത്മാ ശോചതി ഹൃഷ്യതി (6-10-9)**
**അഹോ ദൈന്യമഹോ കഷ്ടം പാരക്യൈ: ക്ഷണഭംഗുരൈ:**
**യന്നോപകുര്യാദസ്വാർത്ഥൈർമ്മർത്ത്യ: സ്വജ്ഞാതി വിഗ്രഹൈ: (6-10-10)**

ശുകമുനി തുടർന്നു: ദേവന്മാർ ദദീചിയെ സമീപിച്ചപ്പോൾ മുനി പരിഹാസരൂപേണ ഇങ്ങിനെ പറഞ്ഞു. “ജീവൻ മനുഷ്യനേറ്റവും പ്രിയപ്പെട്ടതാണല്ലോ. അങ്ങിനെയിരിക്കെ, ദേവന്മാരേ ഒരാൾ എങ്ങിനെ പ്രാണൻ വെടിയാൻ സ്വയം സമ്മതിക്കും? ”

ദേവന്മാർ പറഞ്ഞു: “അങ്ങയെപ്പോലെ മഹാമനസ്കനായ ഒരാൾക്ക് എന്തുതന്നെ ഉപേക്ഷിക്കാനും പ്രയാസമെന്തുള്ളൂ? അങ്ങുപറഞ്ഞതു ശരിതന്നെ. സ്വാർത്ഥമതികൾക്ക് സമ്മാനദാതാവിൻെറ പ്രശ്നങ്ങളെപ്പറ്റി ചിന്തയില്ല. പക്ഷേ അതു നൽകാൻ കെൽപ്പും കഴിവുമുള്ളവർ ആഗ്രഹം നിഷേധിക്കുകയില്ലല്ലോ.”

ദദീചി പറഞ്ഞു: “ഞാൻ നിങ്ങളുടെ ധർമ്മജ്ഞാനത്തെ അറിയാൻ പരിഹസിച്ചുവെന്നേയുള്ളു. ഞാൻ ഇപ്പോൾ ഇവിടെവെച്ച് ശരീരമുപേക്ഷിക്കുവാൻ പോവുന്നു. അപ്പോൾ നിങ്ങൾക്ക് ആവശ്യമുള്ള എല്ല് എടുക്കാം. ശരീരം നശ്വരമാണ്. മലകളും മരങ്ങളും പോലും സ്വന്തം ശരീരം വേണ്ടപോലെ വിനിയോഗിക്കാത്ത മനുഷ്യനോട് സഹതപിക്കുന്നു. ജീവനുള്ളപ്പോൾ ധർമ്മപരിപാലനത്തിനും ഖ്യാതിക്കും വേണ്ടിയാണല്ലോ ശരീരം. ഉത്തമഭക്തൻെറ മഹത്തരമായ ഗുണമെന്തെന്നാൽ, അയാൾ സർവ്വചരാചരങ്ങളുടെയും സുഖദു:ഖങ്ങളിൽ അനുകമ്പയുള്ളവനാണെന്നതാണ്. മനുഷ്യൻ അവൻെറ ധനം മറ്റുള്ളവർക്കുവേണ്ടി വിനിയോഗിക്കാത്തത് എത്ര കഷ്ടം. എല്ലാ സ്വത്തുക്കളും താൽക്കാലികവും മറ്റുള്ളവർക്ക് അവകാശപ്പെട്ടതുമാണല്ലോ.”

ഇത്രയും പറഞ്ഞ് മുനി ധ്യാനനിരതനായി സമാധി പൂണ്ടു. മനസ്സ് പരമാത്മാവിലുറപ്പിച്ച് ശരീരത്തിൽനിന്ന് താനറിയാതെ തന്നെ ജീവനുപേക്ഷിച്ചു. ദേവശിൽപ്പിയായ വിശ്വകർമ്മാവ് മുനിയുടെ എല്ലുകൊണ്ട് വജ്രായുധം ഉണ്ടാക്കി. പുതിയ ആയുധവുമായി ഇന്ദ്രൻ വൃത്രാസുരനെ നേരിട്ടു. ദേവന്മാരും വൃത്രൻെറ സൈന്യവും തമ്മിൽ ഭീകരമായ യുദ്ധം നടന്നു. വജ്രായുധത്തിൻെറ കാഴ്ചയിൽതന്നെ രാക്ഷസവൃന്ദം അമ്പരന്നു. പലേവിധമായ ആയുധങ്ങൾകൊണ്ട് രാക്ഷസന്മാർ ദേവന്മാരെ നേരിട്ടു. ദേവന്മാർ അവയെ തുണ്ടംതുണ്ടമാക്കി. രാക്ഷസർ, അവരുടെ ആയുധങ്ങൾ തീർന്നപ്പോൾ വലിയ കല്ലുകളും മരങ്ങളും ദേവസേനയ്ക്കുനേരെ എറിയാൻ തുടങ്ങി. ദേവന്മാർ ഇവയെ തടുത്തു പൊടിച്ചുകളഞ്ഞു. ഇവയൊന്നും ദേവന്മാരെ ബാധിച്ചില്ല. പരിഹാസവും നിന്ദയും ഈശ്വരസാക്ഷാത്ക്കാരം നേടിയ മനസ്സിനെ ബാധിക്കാത്തതുപോലെ, ദേവന്മാരെ രാക്ഷസന്മാരുടെ ആയുധങ്ങൾ ഉപദ്രവിച്ചില്ല.

ഇതുകണ്ട് വൃത്രാസുരൻെറ അനുയായികൾ ഓടാൻ തുടങ്ങി. ഭീരുക്കളായി യുദ്ധക്കളത്തിൽനിന്നും പിന്തിരിഞ്ഞോടുന്നവരോട് വൃത്രൻ ഇങ്ങിനെ പറഞ്ഞു. “സുഹൃത്തുക്കളെ, കേട്ടാലും, മരണം സുനിശ്ചിതവും സാധാരണവും, ജനനമെടുത്തിട്ടുള്ളവർക്ക് വിധിച്ചിട്ടുള്ളതുമാണ്. ഒരുവന് സ്വർഗ്ഗവും, സൽപ്പേരും സ്വന്തം ജീവനൊടുക്കുന്നതുകൊണ്ട് ലഭിക്കുമെങ്കിൽ അതല്ലേ ഏറ്റവും സ്വാഗതാർഹമായ മരണം? രണ്ടുതരത്തിലുള്ള മരണങ്ങളാണ് അഭിനന്ദനാർഹമായുള്ളത്. ഒന്നുകിൽ യോഗസാധനയിലൂടെ ആത്മാവിനെ പരമാത്മാവിൽ വിലയിപ്പിച്ച് ശരീരം ഉപേക്ഷിക്കുക. അല്ലെങ്കിൽ യുദ്ധക്കളത്തിൽ പിന്തിരിഞ്ഞോടാതെ വീരമരണം വരിക്കുക.”

**അഹം ഹരേ തവ പാദൈകമൂല ദാസാനുദാസോ ഭവിതാസ്മി ഭൂയ:**
**മന: സ്മരേതാസുപതേർഗുണാംസ്തേ ഗൃണീത വാക് കർമ്മ കരോതു കായ: (6–11–24)**
**ന നാകപൃഷ്ഠം നച പാരമേഷ്ഠ്യം ന സാർവഭൗമം ന രസാധിപത്യം**
**ന യോഗസിദ്ധീരപുനർഭവം വാ സമഞ്ജസ ത്വാ വിരഹയ്യ കാങ്ക്ഷേ (6–11–25)**
**അജാതപക്ഷാ ഇവമാതരം ഖഗാ: സ്തന്യം യഥാ വത്സതരാ: ക്ഷുധാർത്താ:**
**പ്രിയം പ്രിയേവ വ്യുഷിതം വിഷണ്ണാ മനോ*f*രവിന്ദാക്ഷ ദി ദൃക്ഷതേ ത്വാം (6–11–26)**

ശുകമുനി തുടർന്നു: രാക്ഷസന്മാർ വൃത്രൻെറ വാക്കുകൾക്ക് വിലകൽപ്പിക്കാതെ പിന്തിരിഞ്ഞോടിക്കൊണ്ടിരുന്നു. ക്രോധാകുലനായി വൃത്രൻ ദേവന്മാരോട് പറഞ്ഞു. “ദേവന്മാരായ നിങ്ങൾ ഈ രാക്ഷസശരീരങ്ങളെ പീഢിപ്പിക്കുന്നതിൽ വൃഥാ ആനന്ദം കൊള്ളുന്നതെന്തിനാണ്? അവർ അവരുടെ അമ്മമാർ വിസർജ്ജിച്ച വെറും ശരീരങ്ങൾ മാത്രമല്ലേ? പേടിച്ച് പിന്തിരിഞ്ഞോടുന്നവരെ വീണ്ടും പീഢിപ്പിക്കുന്നത് വീരതയുടെ ലക്ഷണമാണോ? ശരിക്കും ധൈര്യശാലികളെങ്കിൽ എന്നെ നേരിടുക.” ഇത്രയും പറഞ്ഞ് വൃത്രൻ ദേവന്മാരുടെ പടയിലേക്ക് കുതിച്ചുചെന്ന് അവരെ ചവിട്ടി തള്ളി. ഇന്ദ്രൻ തൻെറ ഗദയുമായി വൃത്രനെ വധിക്കാൻ ചെന്നു. വൃത്രൻ തൻെറ ഇടതുകയ്യാൽ അതിനെ തട്ടിമാറ്റി. അതേ ഗദയാൽ വൃത്രൻ ഇന്ദ്രൻെറ ആനയെ അടിച്ചു. പതറിപ്പോയ ആന പിന്തിരിയാൻ തുടങ്ങിയെങ്കിലും ഇന്ദ്രൻെറ തലോടലിൽ അത് വീണ്ടും മുന്നോട്ടു കുതിച്ചു. പക്ഷേ വൃത്രൻ പിന്നീട് ആക്രമിച്ചില്ല. പകരം ഇന്ദ്രനോട് ഇങ്ങിനെ പറഞ്ഞു.

“ബ്രഹ്മഹത്യ നടത്തിയ വീരൻെറ മുന്നിൽ നിൽക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. എൻെറ സഹോദരനെ അധാർമ്മികമായ രീതിയിൽ കൊന്നതിന് പകരം ചോദിച്ച് ഞാൻ എൻെറ കടം വീട്ടും. അദ്ദേഹം നിങ്ങളുടെ ഗുരുവും, ഒരു ബ്രാഹ്മണനുമായിരുന്നു. പാപമില്ലാത്തവനും, ആത്മസാക്ഷാൽക്കാരം നേടിയവനും ആയിരുന്നു. നിങ്ങൾക്കു വേണ്ടി ഒരു യാഗകർമ്മത്തിലേർപ്പെട്ടിരിക്കുമ്പോഴാണ് നിങ്ങൾ അദ്ദേഹത്തെ വധിച്ചത്. ഒരുപക്ഷേ ഞാനാണിപ്പോൾ മരിക്കുന്നതെങ്കിൽ എൻെറ ശരീരം പക്ഷികളും വന്യമൃഗങ്ങളും കൊത്തിക്കീറി ആസ്വദിക്കട്ടെ. അങ്ങിനെ കർമ്മപാശത്തിൽനിന്നു മുക്തനായി ഞാൻ മഹാത്മാക്കളുടെ പാദരേണുക്കളിൽ അഭയം തേടും.

അല്ലയോ ഇന്ദ്രാ, നീയെന്തുകൊണ്ട് വജ്രായുധം ഉപയോഗിക്കുന്നില്ല? നിൻെറ ഗദക്കുണ്ടായ തോൽവി അതിനുണ്ടാവില്ല തീർച്ച. കാരണം, ദദീചിമഹർഷിയുടെ തപ:ശക്തിയാൽ ഭഗവാൻെറ ശക്തിതന്നെയാണ് അതിനെ നയിക്കുന്നത്. ഭഗവാനുള്ളിടത്തേ ജയവും, ഐശ്വര്യവും, ശ്രേഷ്ടതയും ഉണ്ടാവൂ. നീ എന്നെ വജ്രായുധം കൊണ്ട് വധിക്കുമ്പോൾ ഞാൻ ഭഗവാനെ ധ്യാനിച്ച് മാമുനിമാരെത്തിച്ചേരുന്ന ആ സവിധത്തിൽ ചെല്ലും. അല്ലയോ ഇന്ദ്രാ, ഭഗവാൻ തൻെറ ഭക്തന് ഈ മൂന്ന് ലോകങ്ങളിലേയും സുഖങ്ങൾ നൽകുന്നില്ല. കാരണം, ഇഹലോകസുഖങ്ങൾ പകയും, ഭയവും, പൊങ്ങച്ചവും, ദുരിതവുമുണ്ടാക്കാൻ പോന്നവയത്രെ. ഭഗവാൻ തൻെറ ഭക്തൻെറ ഇഹലോകപരവും സ്വർഗ്ഗലോകപരവുമായ ഉൽക്കർഷേച്ഛകൾക്ക് തടസ്സമുണ്ടാക്കി, അവൻെറ മനസ്സ് ഭഗവൽപ്രേമത്തിൽ ഏകോന്മുഖമാക്കി തീർക്കുന്നു. ഇങ്ങിനെയുണ്ടാവുന്ന വിഘ്നങ്ങളിൽ ഭഗവൽക്കാരുണ്യമാണ് ഒരുവൻ ദർശിക്കേണ്ടത്.

ഞാൻ ഭഗവാനോട് പ്രാർത്ഥിക്കുന്നു: മരണശേഷം ഞാൻ അങ്ങയുടെ ഭക്തരുടെ ദാസനായി ജനിക്കാനിടയാകട്ടെ. എൻെറ മനസ്സ് അങ്ങിൽ ധ്യാനഭരിതവും, വാക്ക് അങ്ങേ പുകൾപാടിയും, ശരീരം അങ്ങേയ്ക്ക് വേണ്ട സേവകൾചെയ്തും കഴിയുമാകാറാകട്ടെ. ഞാൻ അങ്ങേയ്ക്ക് വേണ്ടി മാത്രമേ കൊതിക്കുന്നുള്ളൂ. ധ്രുവനു കിട്ടിയ സ്ഥാനമോ ബ്രഹ്മപദവിയോ ഞാനാഗ്രഹിക്കുന്നില്ല. യോഗശക്തിയോ നിർവ്വാണപദമോ പോലും എനിക്കു വേണ്ട. അവിടുത്തെ സ്മരണയിൽ ഹൃദയം നിറയ്ക്കാൻ ഞാൻ കൊതിക്കുന്നു. ചിറകുമുളച്ച പക്ഷിക്കുഞ്ഞുങ്ങൾ അമ്മയുടെ അകിടു തിരയുന്നതു പോലെയും, കാന്തനുവേണ്ടി ഒരു സ്ത്രീ കാത്തിരിക്കുന്നതുപോലെയും തിവ്രമാണെൻെറ അഭിവാഞ്ച.”

**ലോകാ: സപാലാ യസ്യേമേ ശ്വസന്തി വിവശാ വശേ**
**ദ്വിജാ ഇവ ശിചാ ബദ്ധാ: സ കാല ഇഹ കാരണം (6-12-19)**
**ഓജ: സഹോ ബലം പ്രാണമമൃതം മൃത്യു മേവച**
**തമജ്ഞായ ജനോ ഹേതുമാത്മാനം മന്യതേ ജഡം (6-12-19)**
**തസ്മാദകീർത്തിയശസോർജ്ജയാപജയയോരപി**
**സമ: സ്യാത് സുഖദു:ഖാഭ്യാം മൃത്യുജീവിതയോസ്തഥാ (6-12-19)**

ശുകമുനി തുടർന്നു: വാസ്തവത്തിൽ വൃത്രന് വിജയത്തേക്കാൾ മരണമായിരുന്നു അഭികാമ്യം. എങ്കിലും ഒരു യോദ്ധാവിൻെറ പടക്കളത്തിലെ ധർമ്മവും ഭഗവേച്ഛയും കണക്കിലെടുത്ത് അയാൾ തൻെറ ത്രിശൂലവുമായി ഇന്ദ്രൻെറ അടുത്തേക്ക് കുതിച്ചു. ഇന്ദ്രൻ ത്രിശൂലത്തെ തടുത്തു നിർത്തി, വൃത്രൻെറ കൈകളിലൊന്ന് തൻെറ വജ്രായുധത്താൽ വെട്ടിമാറ്റി. മറ്റേക്കയ്യുകൊണ്ട് വൃത്രൻ ഗദയെറിഞ്ഞതിൻെറ ഊക്കിൽ ഇന്ദ്രൻെറകയ്യിൽ നിന്നും വജ്രായുധം താഴെ വീണു. ഇന്ദ്രന് സ്വയം നാണക്കേടു തോന്നി. വൃത്രനാകട്ടെ, ഇന്ദ്രനോട് താഴെ വീണുകിടക്കുന്ന ആയുധമെടുത്ത് യുദ്ധം തുടരാൻ ശാന്തനായി പറഞ്ഞു.

“അല്ലയോ ഇന്ദ്രാ, നിൻെറ ശത്രുവിനെ വജ്രായുധം കൊണ്ട് കൊന്നാലും. ഇപ്പോൾ വിഷണ്ണനാവരുത്. വിജയവും പരാജയവും സേനാബലത്തെ ആശ്രയിച്ചല്ല, മറിച്ച് ഭഗവേച്ഛ അനുസരിച്ചാണുണ്ടാവുന്നത്. എല്ലാ ലോകങ്ങളും അവയുടെ അധിദേവതകളും അവിടുത്തെ നിയന്ത്രണത്തിലാണ്. കാലമായി വർത്തിച്ചുകൊണ്ട് കൂട്ടിലിട്ട കിളികളെപ്പോലെ അവർ ഭഗവേച്ഛ നിറവേറ്റുക മാത്രമാണ് ചെയ്യുന്നത്. ഊർജ്ജം, ശക്തി, ജീവ:ശക്തി, മരണം, അമരത്വം എന്നിവയിലൂടെയെല്ലാം വർത്തിച്ചുകൊണ്ട് അവിടുന്നു വാണരുളുന്നു. ഇതിനെക്കുറിച്ച് മനസിലാക്കാത്തവർ കർമ്മങ്ങളേയും കർമ്മഫലങ്ങളേയും സ്വന്തമെന്നു നിനയ്ക്കുന്നു. അവിടുത്തെ ഇച്ഛയില്ലാതെ ജീവാത്മാവും പ്രകൃതിയും എല്ലാം തികച്ചും ശക്തിരഹിതമാണ്. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ അവയ്ക്ക് സ്വയം സാദ്ധ്യവുമല്ല. ഭഗവാൻസ്വയം ജീവികളെ ലോകത്തിൽ ജനിപ്പിക്കുന്നു. അച്ഛനമ്മമാർ വെറുമൊരു നിമിത്തം മാത്രം. ജീവനെടുക്കുന്നതും അവിടുന്നു തന്നെ. മറ്റുള്ളവർ വെറും നിമിത്തം മാത്രം. ജിവിതം, ഐശ്വര്യം, പ്രശസ്തി തുടങ്ങിയ അനുഗ്രഹങ്ങൾ തുടങ്ങി ഒരുവൻ ആസ്വദിക്കുന്ന കാര്യങ്ങൾ അതാതിൻെറ സമയങ്ങളിൽ അവനെ ബാധിക്കുന്നു. മറ്റുസമയങ്ങളിൽ അവന് ദു:ഖമുണ്ടാക്കുന്ന കാര്യങ്ങളാവും ഉണ്ടാവുക. അതുകൊണ്ട് ഒരുവൻ പ്രശസ്തിയിലും കുപ്രശസ്തിയിലും തുല്യമനസ്കനായിരിക്കണം. ജയം, പരാജയം, സുഖദുഖ:ങ്ങൾ, ജനനമരണങ്ങൾ എന്നിവയെ ഒരുപോലെ കാണണം. ഇന്ദ്രാ, എന്നെ നോക്കൂ പരാജയം എന്നെ വന്നുമുട്ടുമ്പോഴും ഞാൻ കഷ്ടപ്പെട്ടു പോരാടുന്നു. യുദ്ധം വെറുമൊരു ചൂതാട്ടമാണ്. ആരാണ് ജയിക്കുക എന്ന് ആർക്കുമറിയില്ല. അത് നമ്മുടെ കയ്യിലല്ല താനും.”

വൃത്രൻെറ വിജ്ഞാനത്തിൽ ഇന്ദ്രന് ആദരവു തോന്നി. “നീ തീർച്ചയായും നിൻെറ രാക്ഷസീയതയിൽനിന്നും മോചിതനായിരിക്കുന്നു. വൃത്രാ, നിൻെറ വിജ്ഞാനത്താൽ നീ ഒരു ശ്രേഷ്ഠപദവിയിൽ എത്തിച്ചേർന്നിരിക്കുന്നു. ഇത് വലിയൊരത്ഭുതം തന്നെ. ഇങ്ങിനെ ധർമ്മത്തിൻെറ മഹോന്നതകാര്യങ്ങളെപ്പറ്റി പറഞ്ഞുകൊണ്ടവർ യുദ്ധം തുടർന്നു. ഇന്ദ്രൻ വൃത്രൻെറ കയ്യ് തൻെറ വജ്രായുധത്താൽ മുറിച്ചു വീഴ്ത്തി. പിടിച്ചിരുന്ന ഗദയോടെ അത് നിലം പതിച്ചു. പടക്കളത്തിൽ വീണുകിടക്കുന്ന വൃത്രൻ വായ്തുറന്ന് ഇന്ദ്രനെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു. എങ്കിലും ഇന്ദ്രൻ മരിച്ചില്ല. രാക്ഷസൻെറ വയറ് ദിവ്യായുധംകൊണ്ട് പിളർന്നു കീറി ഇന്ദ്രൻ പുറത്തു വന്നു. അവസാനം ഇന്ദ്രൻ വജ്രായുധംകൊണ്ട് വൃത്രൻെറ തലയും അറുത്തു മാറ്റി. വൃത്രൻെറ ശരീരത്തിൽ നിന്നും ഒരു തേജ:പുഞ്ജം പുറത്തുവന്ന് ഭഗവാനിൽ വിലയം പ്രാപിച്ചു.

**തയേന്ദ്ര: സ്മാസഹത് താപം നിർവൃതിർന്നാമുമാവിശത്
ഹ്രീമന്ത്രം വാച്യതാം പ്രാപ്തം സുഖയന്ത്യപി നോ ഗുണാ: (6–13–11)
പഠേയുരാഖ്യാനമിദം സാദാ ബുധാ: ശൃണ്വന്ത്യഥോപർവണി പർവണീന്ദ്രിയം
ധന്യം യശസ്യം നിഖിലാഘമോചനം രിപുജ്ഞയം സ്വസ്ത്യയനം തഥാ$ff$യുഷം (6–13–23)**

ശുകമുനി തുടർന്നു: ഇന്ദ്രന് വാസ്തവത്തിൽ വൃത്രനെ കൊല്ലാൻ ഭയമായിരുന്നു. ദേവന്മാർ ആവശ്യപ്പെട്ടുവെങ്കിലും വൃത്രൻ ഒരു ബ്രാഹ്മണനായിരുന്നുവല്ലൊ. നേരത്തെ തന്നെ ഒരു ബ്രഹ്മഹത്യാപാപം ചെയ്തുവെങ്കിലും ജലം, ഭൂമി, സ്ത്രീ, മരം എന്നിവ ചേർന്നു അതു പങ്കുവെച്ച് ഇന്ദ്രനെ പാപവിമോചിതനാക്കി. ഇന്ദ്രൻ, വൃത്രനെ വധിച്ചതിന്റെ പാപം എങ്ങിനെ ഇല്ലാതാക്കുമെന്ന ചിന്തയിലാണ്ടു.

മാമുനിമാർ ഇന്ദ്രനെ സമാധാനിപ്പിച്ചു. ഏതു പാപവും ക്ഷണനേരം കൊണ്ടില്ലാതാക്കുന്ന ഭഗവൽപ്രസാദലഭ്യതക്കായി അശ്വമേധയാഗം നടത്താൻ വേണ്ട എല്ലാ സന്നാഹങ്ങളും സഹായങ്ങളും അവർ ഇന്ദ്രന് വാഗ്ദാനം നൽകി. മാമുനിമാരുടെ വാക്കു കേട്ടിട്ടും ഇന്ദ്രന്റെ മനസ്സ് ശാന്തമായില്ല. എല്ലാ ദേവന്മാരും ഋഷികളും രാക്ഷസന്റെ മരണത്തിൽ സന്തുഷ്ടരായിരുന്നു എന്നതാണ് സത്യം.

കുറ്റബോധത്തിൽ ഇന്ദ്രൻ വലഞ്ഞു. ഇന്ദ്രനു മന:സുഖമില്ലാതായി, സ്വയം എരിതീയിലെന്നപോലെ നീറിക്കൊണ്ടിരുന്നു. മന:സ്സാക്ഷിക്കെതിരായി ഏതൊരുവൻ പാപം ചെയ്യുന്നുവോ അവനെ അവന്റെ സദ്ഗുണങ്ങൾ പോലും തുണക്കില്ല. ഇന്ദ്രൻ ഈ പാപത്തെ, തന്നെ പിന്തുടരുന്ന കുഷ്ഠരോഗബാധിതയായ ഒരു വൃത്തികെട്ട സ്ത്രീയായിക്കണ്ടു ഭയന്നു. അവളിൽനിന്നും രക്ഷ നേടാനായി മാനസസരോവരത്തിൽ ഒരു താമരത്തണ്ടിൽക്കയറി ഒളിച്ചിരുന്നു. അവിടെയിരുന്ന് നിരന്തരം ഭഗവൽധ്യാനത്തിൽ മുഴുകി, ഹൃദയം ഭഗവൽസ്മരണകൊണ്ടു നിറച്ചു.

വെറുമൊരു മർത്ത്യനായ നഹുഷനായിരുന്നു ഇന്ദ്രന്റെ അഭാവത്തിൽ ഭരണം നടത്തിയത്. ഇന്ദ്രന്റെ ഭാര്യയായ സചിയുടെ കോപത്തിനിരയായ നഹുഷന് മർത്ത്യലോകത്തിലേക്ക് തിരിച്ചു പോവേണ്ടിവന്നു. നഹുഷന്റെ പൊങ്ങച്ചം സചിക്ക് ഇഷ്ടമായില്ല എന്നതാണ് കാരണം. ഇന്ദ്രന്റെ തപസ്സും ധ്യാനവും കൊണ്ട് ഹൃദയം ശുദ്ധീകരിക്കപ്പെടുകയും മാമുനിമാരുടെ നിർബ്ബന്ധത്തിന് വഴങ്ങി അദ്ദേഹം ഇന്ദ്രപദവിയിൽ പുന:പ്രവേശിക്കുകയും ചെയ്തു. പിന്നീട് അവർ സുപ്രസിദ്ധമായ അശ്വമേധയാഗം കഴിച്ചു. സർവ്വപാപഹാരിയത്രേ ഈ യാഗം. അങ്ങിനെ ഇന്ദ്രൻ പാപവിമോചിതനായി.

ഈ സർവ്വപരിശുദ്ധിദായകമായ കഥയിൽ ഭക്തനായ വൃത്രനെ ഇന്ദ്രൻ ജയിച്ച ചരിത്രം പറയുന്നു. ഭഗവദ് മഹിമയുടെ വർണ്ണനകളത്രെ ഇതു മുഴുവൻ. അതുകൊണ്ടിത് ശുഭോദർക്കമായ എല്ലാ അവസരങ്ങളിലും പാടുകയും കേൾക്കുകയും വേണം. ഇതു കേൾക്കുന്നവർക്കും പറയുന്നവർക്കും ധനം, ആയുസ്, പ്രശസ്തി എന്നിവയുണ്ടായി പാപവാസനയിൽ നിന്ന് മോചനവും, ആന്തരീകവും ബാഹ്യവുമായ ശത്രുക്കളെ കീഴടക്കാനുള്ള കഴിവും ഉണ്ടാവുന്നു.

**രജോഭി: സമസംഖ്യാതാ: പാർത്ഥി വൈരിഹ ജന്തവ:**
**തേഷാം യേ കേചനേഹന്തേ ശ്രേയോ വൈ മനുജാദയ (6-14-3)**
**പ്രായോ മുമുക്ഷവസ്തേഷാം കേചനൈവ ദ്വിജോത്തമ**
**മുമുക്ഷൂണാം സഹസ്രേഷ്ു കശ്ചിന്മുച്യേത സിധ്യതി (6-14-4)**
**മുക്താനാമപി സിദ്ധാനാം നാരായണപരായണ:**
**സുദുർല്ലഭ: പ്രശാന്താത്മാ കോടിഷ്വപി മഹാമുനേ (6-14-5)**

പരീക്ഷിത്ത് ചോദിച്ചു: "ജീവികൾ അസംഖ്യമുണ്ടെങ്കിലും അവരിൽ ചുരുക്കം ചിലർ മാത്രമേ സ്വന്തം പരമോന്നതയെ അന്വേഷിക്കാൻ മെനക്കെടുന്നുള്ളു. അവരിൽത്തന്നെ കുറച്ചുപേർ മാത്രമെ സംസാരവിമോചനം കാംക്ഷിക്കുന്നുള്ളു. അവരിൽ ആയിരത്തിലൊരാൾ മാത്രമേ പരിപൂർണ്ണതയെ പ്രാപിക്കുന്നുള്ളു. ഇങ്ങിനെ പരമോൽകൃഷ്ടപദം പൂകിയവരിൽപ്പോലും, ഭഗവാൻ നാരയണനോടുള്ള പരിപൂർണ്ണഭക്തിപ്രഹർഷത്തിലൊരാൾ കഴിയുക എന്നത് തികച്ചും ശ്ലാഘനീയം തന്നെ. പക്ഷേ വൃത്രനെപ്പോലെ പാപിയായ ഒരാളുടെ കാര്യത്തിൽ അതെങ്ങിനെ സംഭവിച്ചു? ഇങ്ങിനെ അത്യഗാധമായ ഭഗവൽഭക്തി അയാളിലെങ്ങിനെയുണ്ടായി?"

ശുകമുനി മറുപടിയായി പറഞ്ഞു: ഈ ചോദിച്ചതിനുത്തരമായി, വേദവ്യാസനും നാരദനും ദേവലനും എനിക്കു പറഞ്ഞുതന്നിട്ടുള്ള ഒരു കഥ ഞാൻ പറയാം. ഒരിക്കൽ ഒരിടത്ത് ചിത്രകേതു എന്നു പേരായ ഒരു രാജാവ് ശൂരസേനരാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിന് പലേ ഭാര്യമാരുണ്ടായിരുന്നുവെങ്കിലും കുട്ടികളുണ്ടായിരുന്നില്ല. കണക്കിലേറെ ധനവും സുഖസമൃദ്ധിയും ഉണ്ടായിരുന്നുവെങ്കിലും രാജാവിന് മന:സമാധാനവും സന്തോഷവും ഉണ്ടായിരുന്നില്ല. അങ്ങിനെയിരിക്കെ അംഗിരമഹർഷി കൊട്ടാരത്തിൽ വന്നു. രാജാവിൻെറ ക്ഷേമം അന്വേഷിച്ചതിന് മറുപടിയായി അദ്ദേഹം പറഞ്ഞു. "മാമുനേ, അവിടേക്ക് എല്ലാം അറിയാമല്ലോ. തപ:ശക്തികൊണ്ട് മന:ശുദ്ധി വരുത്തിയതുകൊണ്ട് അങ്ങയുടെ ഉൾക്കാഴ്ച തികച്ചും സുവിദിതവുമാണ്. ഈ സമ്പത്തും രാജപദവിയും എല്ലാം എനിക്കു സ്വന്തമാണെങ്കിലും അവയെനിക്ക് സന്തോഷം തരുന്നില്ല. എനിക്കൊരു പുത്രഭാഗ്യം ഉണ്ടായിട്ടില്ലിതുവരെ. എന്നെ രക്ഷിച്ചാലും."

മുനി, വേണ്ട യാഗകർമ്മങ്ങൾ നടത്തി. യാഗോഛിഷ്ടം രാജാവിൻെറ കയ്യിൽ കൊടുത്തിട്ട് അദ്ദേഹം പറഞ്ഞു. "ഇതു തിന്നുന്നതുകൊണ്ടു മാത്രം അങ്ങയുടെ രാജ്ഞിയിൽ ഒരു പുത്രനുണ്ടാവും. അവൻ നിങ്ങളുടെ അമിതാഹ്ലാദത്തിനും അതീവദു:ഖത്തിനും ഹേതുവായിത്തീരും." ഈ അനുഗ്രഹത്തിനുശേഷം അധികം താമസിയാതെ രാജ്ഞി പ്രസവിച്ചു. മകൻ ഏവരുടേയും കണ്ണിലുണ്ണിയായി വളർന്നു വന്നു. സകലർക്കും പ്രിയങ്കരനും, പ്രത്യേകിച്ച് മാതാപിതാക്കളുടെ സന്തോഷവുമായി അവൻ വളർന്നു. പുത്രമാതാവായ രാജ്ഞിയോട് രാജാവിന് പ്രത്യേകിച്ചൊരു മമത ഉടലെടുത്തു. അദ്ദേഹം മറ്റു ഭാര്യമാരെ അവഗണിക്കാനും തുടങ്ങി. അവരാരും പ്രസവിക്കുകയുണ്ടായില്ലല്ലോ.

മറ്റു രാജ്ഞിമാർക്ക് അസൂയ മൂത്തു. അവസാനം രാജകുമാരന് വിഷം കൊടുക്കുന്നതിലെത്തി കാര്യങ്ങൾ. കുമാരൻ ഏറെസമയം ഉറങ്ങിക്കിടക്കുന്നതറിഞ്ഞ രാജ്ഞി അവനെ എഴുന്നേൽപ്പിച്ചു കൊണ്ടുവരാൻ ആയയെ അയച്ചു. രാജകുമാരൻ മരിച്ചു കിടക്കുന്നതാണവൾ കണ്ടത്. അന്ത:പ്പുരത്തിലെ സ്ത്രീകളും രാജാവും മോഹാലസ്യപ്പെട്ടു വീണു. അമ്മയായ രാജ്ഞി മാറത്തടിച്ചു നിലവിളിച്ചു. "അല്ലയോ സൃഷ്ടാവേ, അങ്ങയുടെ സ്വന്തം സൃഷ്ടിയെത്തന്നെ ഇത്രവേഗം നശിപ്പിക്കുവാൻ തക്ക വിഡ്ഢിത്തം കാട്ടിയതെന്തു കൊണ്ട്? നീ ഞങ്ങളുടെ ശത്രു തന്നെ. ഈ ലോകത്ത് യാതൊരുവിധ വ്യവസ്ഥയുമില്ല. വയസ്സൻമാരിരിക്കുമ്പോൾ ശിശുക്കൾ മരിക്കുന്നു. നിൻെറ ജോലി പൂർത്തിയാക്കാൻ ഞങ്ങളിൽ മമതയും സ്നേഹവും ഉണ്ടാക്കുന്നു. എന്നിട്ട് യാതൊരു ദയയുമില്ലാതെ ആ സ്നേഹത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു."

കുമാരൻെറ മരണത്തിൽ ദു:ഖിക്കുന്ന രാജാവിൻെറയടുത്ത് അംഗിരമുനി ആഗതനായി.

**യഥാ പ്രയാന്തി സംയാന്തി സ്രോതോവേഗേന വാലുകാ:**
**സംയൂജ്യന്തേ വിയുജ്യന്തേ തഥാ കാലേന ദേഹിന: (6-15-3)**
**വയം ച ത്വം ചയേ ചേമേ തുല്യകാലാശ്ചരാചരാ:**
**ജന്മ മൃത്യോര്യഥാ പശ്ചാത് പ്രാങ്നൈവ മധുനാപി ഭോ: (6-15-5)**
**ഭൂതൈര്ഭൂതാനി ഭൂതേശ: സൃജത്യവതി ഹന്ത്യജ:**
**ആത്മസൃഷ്ടൈരസ്വതന്ത്രൈരനപേക്ഷാƒപി ബാലവത് (6-15-5)**

ദു:ഖാകുലനായിരിക്കുന്ന രാജാവിനോട് അംഗിരമുനിയും നാരദനും ഇങ്ങിനെ പറഞ്ഞു: “രാജൻ, ആർക്കുവേണ്ടിയാണ് ദു:ഖിക്കുന്നത്? ഇവർ ജനിക്കുന്നതിനു മുൻപ് എന്തായിരുന്നു? കഴിഞ്ഞജന്മത്തിൽ നിങ്ങളുമായി എങ്ങിനെ ബന്ധപ്പെട്ടിരുന്നു? അടുത്ത ജന്മത്തിലെ ബന്ധമെന്തായിരിക്കും? മണൽത്തരികൾ കൂടിച്ചേരുകയും വേർപെടുകയും ചെയ്യുന്ന അരുവി പോലെ കാലത്തിൻെറ ഒഴുക്കിൽ കണ്ടു മുട്ടുകയും വേർപിരിയുകയും ചെയ്യുന്ന ബന്ധങ്ങളേയുള്ളൂ. ഞങ്ങളും നിങ്ങളും അവരും, ചരവും അചരവുമായ എല്ലാം, ജന്മത്തിനു മുൻപ് ഇങ്ങിനെ തന്നെയായിരുന്നില്ല. മരണശേഷവും ഇങ്ങിനെ നിലനിൽക്കുന്നില്ല. അതുകൊണ്ട് ഇപ്പോഴും അവ കാണപ്പെടുന്നതുപോലെതന്നെയല്ല നിലകൊള്ളുന്നത്. സ്വയം സൃഷ്ടിക്കാൻ കഴിവില്ലാത്തവരെക്കൊണ്ട് ഭഗവാൻ സൃഷ്ടി നടത്തിക്കുന്നു. എങ്കിലും ഇങ്ങിനെയെല്ലാം ചെയ്യണമെന്നുള്ള ഒരാഗ്രഹവും അവിടേക്ക് നിവർത്തിക്കുവാനില്ല. ശരീരത്തെപ്പറ്റിയും ശരീരത്തെ ബന്ധിപ്പിച്ചു നിർത്തിയ ജീവനെപ്പറ്റിയും ഉള്ള ഊഹാപോഹങ്ങളും ധാരണകളും അജ്ഞതയിൽ നിന്നുളവായതാണ്. അതൊന്നും ഉൺമയല്ല.”

ഇങ്ങിനെയുള്ള നിർദ്ദേശങ്ങൾ കേട്ട് ബോധം വീണ്ടു കിട്ടിയ രാജാവ് ആഗതരാരെന്നന്വേഷിച്ചു. അംഗിര മഹർഷി പറഞ്ഞു. “നിങ്ങൾക്കു വേണ്ടി പുത്രഭാഗ്യത്തിനായി യാഗം നടത്തിയത് ഞാനാണ്. നിങ്ങളുടെ വിഷണ്ണാവസ്ഥ മനസ്സിലാക്കി നാരദനും ഞാനും ഇങ്ങോട്ടു പുറപ്പെട്ടു. നിങ്ങളെപ്പോലെ ഭഗവൽഭക്തനും പുണ്യചരിതനുമായ ഒരാൾക്ക് ചേർന്നതല്ല, ഈ ദു:ഖം. ആദ്യം കണ്ടപ്പോഴേ നിങ്ങൾക്ക് വിജ്ഞാനമുപദേശിച്ച് പുത്രഭാഗ്യത്തിനുള്ള ആഗ്രഹത്തിൽനിന്ന് പിന്മാറാൻ ഞാൻ പറയേണ്ടതായിരുന്നു. പക്ഷെ നിങ്ങൾ ഒരു മകനുവേണ്ടി വല്ലാതെ കൊതിച്ചിരുന്നുവല്ലോ. അങ്ങിനെയാവരം അപ്പോൾ നൽകിയെന്നേയുള്ളൂ. അതുകൊണ്ട് ക്ഷണനേരം കൊണ്ട് പുത്രനുണ്ടാവുന്നതിൻെറ അനുഭവം കിട്ടി, ദുരിതം അനുഭവിക്കുകയും ചെയ്തു. എല്ലാ ലൌകീകവസ്തുക്കളും ബന്ധങ്ങളും ദു:ഖമുളവാക്കുന്നവതന്നെയാണ്. ആകാശമേഘത്തിൽ കാണപ്പെടുന്ന കൊട്ടാരം പോലെ അസ്ഥിരവും അയാഥാർദ്ധ്യവുമാണവ. കഴിഞ്ഞ ജന്മങ്ങളിൽ നിന്നാർജ്ജിച്ച വാസനയാൽ മനുഷ്യൻ അവയെ ഉൺമയെന്ന് കരുതി വീണ്ടും കർമ്മങ്ങളിലേർപ്പെടുന്നു.”

ഒരുവൻെറ ദു:ഖത്തിൻെറ കാരണം ശരീരബുദ്ധിയാണ്. ആത്മാവ് ശരീരമാണെന്നുള്ള തോന്നൽ. തികച്ചും ബുദ്ധിപൂർവ്വം ശുഷ്ക്കാന്തിയോടെയുള്ള ആത്മാന്വേഷണം മാത്രമേ ഈ മനോവ്യാധിക്കൊരു പോംവഴിയായുള്ളു.

ഈ സമയം രാജാവിൻെറ മോഹമെല്ലാം നീങ്ങി മന:സാന്നിദ്ധ്യം വീണ്ടെടുത്തിരുന്നു. നാരദൻ അദ്ദേഹത്തെ ഒരു ദിവ്യപ്രാർത്ഥന പഠിപ്പിച്ചു. “രാജാവേ, മരിച്ച കുട്ടിക്കുവേണ്ട അന്ത്യകർമ്മങ്ങൾ നടത്തിയാലും. ഈ ദിവ്യമന്ത്രം ഉരുവിട്ടുകൊണ്ട് ഏഴു ദിവസം പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ഈശ്വരദർശനം ലഭിക്കും. ദേവന്മാർപോലും മോഹവലയത്തിൽ നിന്നു രക്ഷനേടുന്നത് ആ ഭഗവാൻെറ പദകമലങ്ങളെ ആശ്രയിക്കുമ്പോൾ മാത്രമാണ്.”

**ഓം നമസ്തുഭ്യം ഭഗവതേ വാസുദേവായ ധീമഹി**
**പ്രദ്യുമ്നായാനിരുദ്ധായ നമ: സങ്കഷണായച (6-16-18)**
**നമോ വിജ്ഞാനമാത്രായ പരമാനന്ദമൂർത്തയേ**
**ആത്മാരാമായ ശാന്തായ നുവൃത്തദ്വൈതദൃഷ്ടയേ (6-16-19)**
**ആത്മാനന്ദാനുഭൂത്യൈവ ന്യസ്തശക്ത്യൂർമ്മയേ ന്മ:**
**ഹൃഷീകേശായ മഹതേ നമസ്തേ വിശ്വമൂർത്തയേ (6-16-20)**
**വചസ്യുപരതേƒപ്രാപ്യയ ഏകോ മനസാ സഹ**
**അനാമരൂപശ്ചിന്മാത്ര: സോƒവ്യാന്ന: സദസത് പര: (6-16-21)**
**യസ്മിന്നിദം യതശ്ചേദം തിഷ്ഠത്യപ്യേതി ജായതേ**
**മൃൺമയേഷ്വിവ മൃജ്ജാതിസ്തസ്മൈ തേ ബ്രഹ്മണേ നമ: (6-16-22)**
**യന്ന സ്പൃശന്തി ന വിദുർമനോബുദ്ധീന്ദ്രിയാസവ:**
**അന്തർബ്ബഹിശ്ച വിതതം വ്യോമവത്തന്നതോƒസ്മ്യഹം (6-16-23)**
**ദേഹേന്ദ്രിയപ്രാണ മനോധിയോƒമീ യദംശവിദ്ധാ: പ്രചരന്തികർമ്മസു**
**നൈവാന്യദാ ലോഹമിവാപ്രതപ്തം സ്ഥാനേഷു തദ്ദ്രഷ്ട്രപദേശമേതി (6-16-24)**
**ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാ**
**വിഭൂതിപതയേ സകലസാത്വതപരിവൃഢനികരകരകമലകുഡ്മളോപലാളിത**
**ചരണാരവിന്ദയുഗള പരമ പരമേഷ്ഠിൻ നമസ്തേ (6-16-25)**

ശുകമുനി തുടർന്നു: ചിത്രകേതുവിന് മകന്റെ ദേഹത്തിൽനിന്നും പോയ ആത്മാവിനെ നാരദൻ കാണിച്ചു കൊടുത്തു. അത് മറ്റേതോ ലോകത്തേക്ക് പോവുകയായിരുന്നു അപ്പോൾ. അതിനോട് നാരദൻ പറഞ്ഞു. "നിന്റെ അച്ഛനമ്മമാരും ബന്ധുക്കളും നിനക്കായി ദു:ഖിക്കുന്നു. താഴേയ്ക്കു വന്ന് വീണ്ടും ഈ ശരീരത്തിൽ പ്രവേശിച്ച് സസുഖം വാണാലും."

ആത്മാവ് പറഞ്ഞു. "ഞാൻ ചിരഞ്ജീവിയും ശരീരങ്ങളുടെ മാറ്റങ്ങൾ ബാധിക്കാത്തതുമാണ്. ഏതു ജന്മത്തിലാണ് ഇവർ എന്റെ അച്ഛനമ്മമാരായിരുന്നത്? എല്ലാവരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. പലേ ജന്മങ്ങളിൽ പലേ ശരീരങ്ങളായി ജനിച്ചു മരിക്കുന്നതുകൊണ്ട് എല്ലാ ബന്ധങ്ങളും താൽക്കാലികം മാത്രമാണ്. എന്റേത് എന്ന തോന്നലുണ്ടാവുന്നത് ഭൗതീകബന്ധം നിലനിൽക്കുമ്പോൾ മാത്രമാണ്. ആത്മാവിന് ആരോടും മമതയോ വെറുപ്പോ ഇല്ല. ആത്മാവ് വെറും നിശ്ശബ്ദസാക്ഷിയത്രെ. അതിന് സുഹൃത്തുക്കളോ ശത്രുക്കളോ ഇല്ല. കാര്യകാരണങ്ങളുടെ കണ്ണികൾക്കും ആത്മാവിനെ ബന്ധിക്കാനാവില്ല." ഇതുകേട്ട് അത്ഭുതപരവശരായി എല്ലാവരും ദു:ഖത്തിൽനിന്നും മോചിതരായി. അവർ ശിശുവിന്റെ ശേഷക്രിയകൾ വേണ്ട പോലെ നടത്തി. ശിശുവിന്റെ മരണത്തിന് കാരണക്കാരായ സ്ത്രീകൾ പ്രായശ്ചിത്തം ചെയ്തു. ഭക്തനായ ചിത്രകേതു നാരദനിൽനിന്നും അത്യുന്നതമായ ഈ പ്രാർത്ഥന കേട്ടു. "വാസുദേവനും, പ്രദ്യുമ്നനും, അനിരുദ്ധനും, സങ്കർഷണനുമായ ഭഗവാനു നമസ്കാരം. പരമാനന്ദമായി ആത്മാവിൽ വിളങ്ങി, പ്രശാന്തവും ദ്വന്ദാതീതവുായി വർത്തിക്കുന്ന ആ ബോധസ്വരൂപന് നമോവാകം. വിശ്വമൂർത്തിയും, മായാതീതനും, വാങ്മനോവൃത്തികൾക്കതീതനും, നാമരൂപാദികൾക്കും ഇന്ദ്രിയങ്ങൾക്കുമപ്പുറത്തുള്ളവനുമായ അവിടേയ്ക്ക് നമസ്കാരം. സർവ്വവ്യാപിയും വിശ്വസ്ഥിതിസംഹാരങ്ങൾ നടക്കുന്നതുമായ പരബ്രഹ്മത്തിനും നമസ്കാരം. മനസ്സുകൊണ്ടും ബുദ്ധിശക്തികൊണ്ടും അളക്കാനാവാത്തതും മനസ്സിനേയും ഇന്ദ്രിയങ്ങളേയും പ്രവർത്തനോന്മുഖ മാക്കുന്നതുമത്രേ ബ്രഹ്മം. ഉന്നതരും ഉത്തമരുമായ ഭക്തരാൽ പാദങ്ങൾ തഴുകപ്പെടുന്ന ആ സർവ്വേശ്വരന് നമസ്കാരം."

**അജിത ജിത: സമമതി ഭി: സാധു ഭിർഭവാൻ ജിതാത്മഭിർഭവതാ**
**വിജിതാസ്തേƒപിച ഭജതാമകാമാത്മാനാം യ ആത്മദോƒതികരുണ: (6–16–34)**
**അഹം വൈ സർവ്വ ഭൂതാനി ഭൂതാത്മാ ഭൂതഭാവന:**
**ശബ്ദ ബ്രഹ്മ പരം ബ്രഹ്മ മമോഭേ ശാശ്വതീ തനൂ (6–16–51)**

ശുകമുനി തുടർന്നു: രാജാവിന് മഹത്തായ പ്രാർത്ഥനോപദേശം നൽകിയ ശേഷം നാരദനും അംഗിരമുനിയും തിരിച്ചു പോയി. ചിത്രകേതു ഭക്തിപുരസരം ഏഴുനാൾ ഈ പ്രാർത്ഥനയുരുവിട്ടു കഴിഞ്ഞു. അതു കഴിഞ്ഞപ്പോൾ ചിത്രകേതു, സ്വർഗ്ഗവാസികളുടെ നായകനായ വിദ്യാധരനായിത്തീർന്നു. കുറച്ചുനാൾകൂടി ക്കഴിഞ്ഞ് അദ്ദേഹം ശേഷസവിധം പൂകി. അവിടെ ഭഗവാനെ ചിത്രകേതു എല്ലാ പ്രഭാമഹിമകളോടെയും ദർശിച്ചു. ഭഗവൽപ്പാദങ്ങളെ തൻെറ സന്തോഷാശ്രുക്കളാൽ അഭിഷേകം ചെയ്തു. എന്നിട്ട് ഭഗവാനെ ഇപ്രകാരം പുകഴ്ത്തി വർണ്ണിക്കാൻ തുടങ്ങി.

“ഭഗവൻ, അവിടുന്ന് അജയ്യനാണ്. എങ്കിലും സ്ഥിരതയും ദിവ്യതയും ഉള്ള മനസ്സുകൾക്ക് അവിടുത്തെ കീഴടക്കാം. പിന്നീട് ആ മനസ്സുകളെ അവിടുന്നു കീഴടക്കുന്നു. പരിശുദ്ധമായ കൃപയാൽ അവിടുന്ന് സ്വയം നിസ്വാർത്ഥഭക്തന്മാർക്ക് സമർപ്പിക്കുന്നു. അണുവുണ്ടാകും മുൻപ് അവിടുന്നുണ്ട്. വിശ്വപ്രളയശേഷവും അവിടുന്നുണ്ടാവും. ഇപ്പോഴും അവിടുന്നുമാത്രമേ നിജമായിട്ടുള്ളൂ. ഈ വിശ്വം അവിടുത്തെ സത്തിൻെറ കേവലമൊരണു മാത്രം. അജ്ഞാനികൾമാത്രമേ കർമ്മങ്ങളിലൂടെ മറ്റുള്ളവർക്കും സ്വയവും പീഢനങ്ങളും വേദനകളും നിറച്ച് ദേവതകളെ പൂജിക്കൂ. അത് പാപക്കറയുള്ള പ്രവൃത്തിയാണ്. അവയിൽ ഏറ്റവും ഉത്തമമായവപോലും സ്വർഗ്ഗം മാത്രമേ ലഭ്യമാക്കുകയുള്ളൂ. എന്നാൽ സ്വാർത്ഥപരമായിട്ടാണെങ്കിൽ പോലും അവിടുത്തെ ആരാധിക്കുന്നവരുടെ ഹൃദയം നിർമ്മലമായിത്തീരുന്നു. അങ്ങിൽ മാത്രം ശ്രദ്ധാഭക്തി നിറഞ്ഞവരുടെ ഉള്ളിൽ “ഞാൻ”, “എൻേറത്” എന്ന തോന്നലുകളുണ്ടാവില്ല. എന്നാൽ മറ്റുള്ള ജീവികൾക്കോ സ്വയമോ വേദനയുണ്ടാക്കുന്ന യാഗകർമ്മങ്ങൾ നടത്തുമ്പോൾ ഈ സ്വാർത്ഥഭാവന വിട്ടു പോവുന്നില്ല. ആത്മപീഢനം വേദനാത്മകവും, പരപീഢനം പാപവുമാണ്. അവിടുത്തെ ദർശനമാത്രയിൽ സകല പാപവും തുടച്ചുമാറ്റപ്പെടുന്നു. ആരുടെ ശക്തിയാലും മഹിമയാലും ഇന്ദ്രിയങ്ങളും ദേവതകളും പ്രവർത്തനോത്മുഖ മാകുന്നുവോ ആ സർവ്വേശ്വരനും ജീവൻെറ ജീവനും നമസ്കാരം, നമസ്കാരം.”

ഭഗവാൻ ചിത്രകേതുവിൻെറ പ്രാർത്ഥനയിൽ അതീവ സന്തുഷ്ടനായി. “ചിത്രകേതൂ അനുഗ്രഹീതനാണു നീ. കാരണം നീ നിൻെറ ജീവിതലക്ഷ്യം നിറവേറികഴിഞ്ഞിരിക്കുന്നു. എന്നെ കണ്ടിരിക്കുന്നു. എല്ലാ ജീവജാലങ്ങളുടേയും ആത്മാവ് ഞാൻ തന്നെയാണ്. ഞാനവരുടെ സൃഷ്ടികർത്താവുമാണ്. വചനങ്ങളും പരമസത്തയും എൻെറ ശരീരങ്ങൾ. സ്വപ്നാവസ്ഥയിൽ ഒരുവൻ തൻെറയുള്ളിൽ പലേവിധ സത്വങ്ങളെ കാണുന്നു. ജാഗ്രാവസ്ഥയിൽ അവൻ ഒറ്റപ്പെട്ട വ്യക്തിയാവുന്നു. ഈ രണ്ടവസ്ഥകൾക്കും അടിസ്ഥാനമായിട്ടുള്ളത് അവൻ തന്നെയാണല്ലോ. അതുപോലെ ഒരുവൻ വിശ്വത്തിലെ എല്ലാ ജീവജാലങ്ങളായും താദാത്മ്യം പ്രാപിക്കണം. അവയെല്ലാം ഞാനാണെന്ന ഏകാത്മതാബോധം ഉണ്ടാക്കിയെടുക്കണം. നാനാത്വത്തിൽ ഏകത്വമായി വിളങ്ങുന്ന ബോധസ്വരൂപമാണ് ഞാൻ. എന്നെ മറന്നുകൊണ്ട് ജീവിക്കുമ്പോൾ ഒരുവൻ വൈവിധ്യങ്ങളുടെ നൂലാമാലകളിലും ഭൗതികതയിലും കുടുങ്ങുന്നു. ഇത്തരത്തിലുള്ള കർമ്മങ്ങളാണ് ദു:ഖഹേതു. ഇഛയേതുമില്ലാത്ത പ്രവർത്തനങ്ങൾ വിവേകലക്ഷണവും. ഈ വിവേകത്താൽ എന്നിൽ ഭക്തിയുണ്ടാവുന്നു. വിവേകമുണ്ടായി വളർന്ന് താമസിയാതെ നിനക്ക് പരിപൂർണ്ണനാവാൻ കഴിയും.” ഇപ്രകാരം പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി.

**നാരായണപരാ: സർവേ ന കുതശ്ചന ബിഭ്യതി
സ്വർഗ്ഗാപവർഗ്ഗനരകേഷ്വപി തുല്യാർത്ഥദർശിന: (6–17–28)
വാസുദേവേ ഭഗവതി ഭക്തിമുദ്വഹതാം നൃണാം
ജ്ഞാനവൈരാഗ്യവീര്യാണാം നേഹ കശ്ചിദ് വ്യപാശ്രയ: (6–17–31)**

ശുകമുനി തുടർന്നു: പിന്നീട് കുറേക്കാലം ചിത്രകേതു സുമേരുപർവ്വത സാനുക്കളിൽ വിണ്ണവരായ സ്ത്രീകൾ ഭഗവാൻ വാസുദേവൻെറ മഹിമകൾ പാടുന്നതുകേട്ടു ജീവിച്ചു. ഒരിക്കൽ ആകാശമാർഗ്ഗേ പോവുമ്പോൾ ഭഗവാൻ ശിവൻ കൈലാസപർവ്വതത്തിലിരിക്കുന്നത് കാണായി. മാമുനിമാരും സ്വർഗ്ഗവാസികളും ചുറ്റും കൂടിയിട്ടുമുണ്ട്. പാർവ്വതീദേവി, ശിവൻെറ മടിയിലിരിക്കുന്നു. ഈ കാഴ്ച കണ്ട് ചിത്രകേതു ഉറക്കെ ചിരിച്ചു കൊണ്ടു പറഞ്ഞു. "ഭഗവാൻ പരമശിവനു യോജിച്ച ഒരു കാര്യമാണോ ഒരു സ്ത്രീയെ തുറന്നസഭയിൽവെച്ച് ആലിംഗനം ചെയ്യുക എന്നത്? എന്നിട്ടും അതേ ഭഗവാനാണ് മാമുനിമാർക്ക് ധർമ്മത്തിൻെറ പാതയെ മനസ്സിലാക്കി കൊടുക്കുന്നത്. എന്നാൽ പുറത്താകട്ടെ അദ്ദേഹത്തിന് ഏകാന്തവാസിയെന്ന് പേരുണ്ടുതാനും." ഇതുകേട്ട് പരമശിവനും മുനിമാരും മറുപടിയൊന്നും പറയാതെ പുഞ്ചിരിച്ചതേയുള്ളൂ. എങ്കിലും ശിവസഹധർമ്മിണിയായ പാർവ്വതിക്ക് ദേഷ്യം വരികയും ചിത്രകേതുവിനെ ശപിക്കുകയും ചെയ്തു.

പാർവ്വതി പറഞ്ഞു. "ആരാണീ സ്വർഗ്ഗവാസി ? ഞങ്ങളെ ധർമ്മം പഠിപ്പിക്കാൻ യോഗ്യനായിട്ടുള്ളയാൾ? ഇയാൾ സൃഷ്ടികർത്താവായ ബ്രഹ്മാവിനേക്കാളും മുനിമാരേക്കാളും യോഗ്യനാണോ അവർക്കറിവില്ലാത്ത ധർമ്മസംഹിതകൾ പഠിപ്പിക്കാൻ? ഇയാളുടെ ഔദ്ധത്യത്തിന് യോജിച്ച ശിക്ഷ കൊടുത്തേ മതിയാവൂ. കാരണം ഇത്ര ധിക്കാരിയായ ഒരാൾ ഭഗവാൻ വിഷ്ണുവിൻെറ ഭക്തനാവാൻ യോഗ്യനല്ല. ചിത്രകേതു, നീ ഒരു രാക്ഷസനായി പുനർജനിക്കും. ഭൂമിയിൽ ദുഷ്ടത വിതറി ജീവിച്ച ശേഷം മകനേ, നീ മടങ്ങുമ്പോൾ നിന്നിൽ ധിക്കാരമുണ്ടാവില്ല."

ഈ ശാപം തൻെറ നന്മയ്ക്കു വേണ്ടിയാണെന്ന് ചിത്രകേതുവിനറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹമതിനെ മനസാ സ്വാഗതം ചെയ്തു. അദ്ദേഹം പറഞ്ഞു. "അമ്മേ, അവിടുത്തെ ശാപത്തെ ഞാൻ രണ്ടുകയ്യുംനീട്ടി സ്വീകരിക്കുന്നു. അവിടുത്തെ പാവം പുത്രൻെറ നന്മക്കായിട്ടാണല്ലോ അമ്മ ശാപം തന്നത്? വാസ്തവത്തിൽ അവനവൻെറ ദുഖ:ത്തിന് സ്വയമോ മറ്റുള്ളവരോ കാരണക്കാരല്ല. എന്തെന്നാൽ അതു നിലനിൽക്കുന്നില്ല. ഈ ഭൗതീകലോകത്തിൽ സന്തോഷസന്താപങ്ങളും സ്വർഗ്ഗനരകങ്ങളും തമ്മിലുള്ള വ്യത്യാസം തുലോം അജ്ഞതനിറഞ്ഞതും നിരങ്കുശവുമത്രേ. അതുകൊണ്ട് ശാപമോചനത്തിനായി ഞാൻ പ്രാർത്ഥിക്കുന്നില്ല. എന്നാൽ എനിക്കൊരു പ്രാർത്ഥനയുണ്ട്. എൻെറ ചാപല്യത്തെയും അറിവില്ലായ്മയേയും പൊറുത്ത് മാപ്പു തന്നാലും." മനശ്ചാഞ്ചല്യമില്ലാതെ ചിത്രകേതു പറന്നുപോയി.

പാർവ്വതി, അത്ഭുതസ്തബ്ധയായി. ഭഗവാൻ ശിവൻ വിശദീകരിച്ചു. "പ്രിയേ, ഭഗവാൻ നാരായണൻെറ ഭക്തനായിട്ടുള്ളവർക്ക് യാതൊന്നിനേയും ഒരിടത്തും ഭയപ്പെടേണ്ടതില്ല. സ്വർഗ്ഗനരകങ്ങളിലോ മുക്തിപദത്തിലോ ഒന്നും യാതൊരു വ്യത്യസ്ഥതയും അവർ കാണുന്നില്ല. ശാപവും അനുഗ്രഹവും വ്യത്യസ്ഥഭാവത്തോടെ സ്വീകരിക്കുന്നത് അജ്ഞതയുടെ ലക്ഷണമത്രേ. മോഹിതരായ ആത്മാക്കളാണ് സുഖാന്വേഷികളും ദു:ഖദ്വേഷികളുമായിരിക്കുന്നത്. ഭഗവാൻ വാസുദേവനിൽ ഭക്തരായവർ ഒന്നിനു വേണ്ടിയും കൊതിക്കുന്നില്ല. ചിത്രകേതുവിനു മറുശാപം നൽകാൻ ശക്തിയുണ്ടായിരുന്നിട്ടുകൂടി അയാളതു ചെയ്യാതിരുന്നത് ആ ഭഗവൽഭക്തിയുള്ളതു കൊണ്ടാണ്."

ഈ ചിത്രകേതുവാണ് വൃത്രനായി പിറന്നത്. ഈ പുണ്യകഥ പ്രഭാതവേളയിൽ ചൊല്ലുന്നവന് മുക്തിപദം ലഭ്യമത്രെ.

**കൃമി വിഡ് ഭസ്മസം ജ്ഞാ*ff*സീദ്യസ്യേശാഭിഹിതസ്യച**
**ഭൂതധ്രുക് തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യത: (6-18-25)**
**വിലോകൈ്യകാന്തഭൂതാനി ഭ്രതാന്യാദൌ പ്രജാപതി:**
**സ്ത്രിയം ചക്രേ സ്വദേഹാർദ്ധം യയാ പുംസാം മതിർഹൃതാ (6-18-30)**

ശുകമുനി തുടർന്നു: കശ്യപഭാര്യയായ ദിതിക്ക് ഹിരണ്യാക്ഷനെന്നും ഹിരണ്യകശിപുവെന്നും പേരായ രണ്ടു മക്കളുണ്ടായ കാര്യം ഞാൻ നേരത്തെ പറഞ്ഞു. രണ്ടുപേരും വിഷ്ണുവിനാൽ കൊല്ലപ്പെട്ടു. ഇന്ദ്രസുഹൃത്താണല്ലോ വിഷ്ണു. അതുകൊണ്ട് ദിതിക്ക് ഇന്ദ്രനോട് ദ്വേഷ്യം തോന്നി. ദിതി ആലോചിച്ചു. "തന്റെ ശരീരം അനശ്വരമാണെന്ന് ഇന്ദ്രൻ കരുതുന്നുവല്ലൊ. കഷ്ടം തന്നെ. അതുകൊണ്ട് തനിക്ക് ശത്രുതയുളളവരെയെല്ലാം കൊന്നുകളയുകയാണല്ലൊ അയാൾ ചെയ്യുന്നത്. എന്നാൽ ഈ ദേഹം കൃമികീടങ്ങൾ നിറഞ്ഞതും, ചാരമാവേണ്ടതും, മാലിന്യം നിറഞ്ഞതുമാണെന്ന് അയാൾ മനസിലാക്കുന്നുണ്ടോ? ഇന്ദ്രനെ നിഗ്രഹിക്കാൻ കഴിവുളള ഒരു പുത്രനെ എനിക്കു പ്രസവിക്കണം." ഇങ്ങിനെ തീരുമാനിച്ച് തന്റെ ഭർത്താവായ കശ്യപന്റെ സ്നേഹം പിടിച്ചു പറ്റാൻ ദിതി ശ്രമിച്ചു. സ്നേഹപ്രകടനത്താൽ മോഹിതനായ കശ്യപൻ അവൾ ആവശ്യപ്പെട്ട വരം നൽകി. കശ്യപൻ മുനിയായിരുട്ടു കൂടി ഇതിൽ അതിശയമൊന്നുമില്ല. "സൃഷ്ടി കർത്താവ്, തന്റെ ആദ്യസൃഷ്ടികൾക്ക് പുനരുൽപ്പാദനത്തിന് താൽപ്പര്യമൊന്നും കാണായ്കയാൽ സ്വയം തൽപ്പകുതിയെ സ്ത്രീയാക്കി മാറ്റി. അവർ പുരുഷന്റെ വിവേകം കവർന്നെടുക്കുകയും ചെയ്തു." കശ്യപൻ തന്റെ ഭാര്യയുടെ ഭർത്തൃഭക്തിയേയും സ്നേഹത്തേയും പുകഴ്ത്തി. ഒരു ഭാര്യക്ക് തന്റെ ഭർത്താവ് ഭഗവൽത്തുല്യനത്രെ. അപ്പോൾ ദിതി തന്റെ മനസ്സിലെ ആഗ്രഹം വെളിപ്പെടുത്തി. "ഇന്ദ്രനിഗ്രഹം ചെയ്യാൻ കഴിവുളള ഒരു പുത്രനെ വേണം." അധാർമ്മികമായ ആഗ്രഹം കേട്ട് കശ്യപന് ദു:ഖം തോന്നി. അദ്ദേഹം ആലോചിച്ചു. "ഒരു സ്ത്രീയുടെ മുഖം സുന്ദരവും സ്വരം മധുരതരവുമാണെങ്കിലും ഹൃദയം വാൾത്തലപോലെ മൂർച്ചയേറിയതാണ്. ഒരു സ്ത്രീക്ക് പ്രിയപ്പെട്ടതായി ആരുമില്ല. സ്വന്തം ആഗ്രഹനിവൃത്തിക്കായി അവൾ ഭർത്താവിനേയൊ, മകനേയൊ, സഹോദരനേയൊ കൊല്ലാൻ മടിക്കുകയില്ല." എങ്കിലും പ്രതിജ്ഞാലംഘനം നടക്കാതിരിക്കാൻ കശ്യപൻ ചില നിബന്ധനകൾ വെച്ചു. അവളാഗ്രഹിച്ചപോലൊരു പുത്രൻ ജനിക്കണമെങ്കിൽ ഒരു കൊല്ലം 'പുംസവനം' എന്ന വ്രതം ആചരിക്കണം. ഈ വ്രതമനുസരിച്ച് ഒരുവൾ തികഞ്ഞ പരിശുദ്ധിയിൽ തന്റെ ശരീരവും ചുറ്റുപാടുകളും സൂക്ഷിക്കണം. വസ്ത്രം, ആഹാരം, പാനീയങ്ങൾ, ഭക്ഷണക്രമം, ഉറക്കം ഇവക്കെല്ലാം നിബന്ധനകളുണ്ട്. ഭക്ഷണശേഷം വായിൽ ഭക്ഷണാംശമൊന്നുമില്ലെന്നുറപ്പുവരുത്തി വായ ശുദ്ധമാക്കണം. സൂര്യോദയത്തിലും അസ്തമയത്തിലും ഉറക്കമരുത്. തല വടക്കോട്ടോ പടിഞ്ഞാട്ടോ വച്ച് കിടക്കുകയുമരുത്. ദിവസവും പശു, ബ്രാഹ്മണൻ, മഹാലക്ഷ്മി, മഹാവിഷ്ണു എന്നിവരേയും ഭർത്തൃമതികളായ സ്ത്രീകളെയും പൂജിക്കണം. ദിതി ആചാരപ്രകാരം വ്രതമനുഷ്ഠിക്കാൻ തുടങ്ങി.

ഇന്ദ്രൻ വിവരമറിഞ്ഞ് ആകുലനായി. അയാൾ കപടവേഷത്തിൽ ദിതിയുടെ പരിചാരകനായി കൂടി വ്രതം മുടക്കാൻ ശ്രമിച്ചു. ഒരു കൊല്ലമവസാനിക്കാറായപ്പോൾ ഒരു ദിവസം ശ്രദ്ധക്കുറവുകൊണ്ട് സന്ധ്യാസമയത്ത് ദിതി ഉറങ്ങിപ്പോയി. വായിൽ അൽപ്പം ഭക്ഷണാംശവും ഉണ്ടായിരുന്നു. ഇന്ദ്രൻ പെട്ടെന്ന് അവളുടെ ഉളളിൽ പ്രവേശിച്ച് ഉദരത്തിലെ ശിശുവിനെ തന്റെ വജ്രായുധത്താൽ നാൽപ്പത്തിയൊൻപതു കഷണങ്ങളാക്കി. ഒരോ മുറിക്കലിലും 'മാരുത'-കരയരുതേ എന്ന അപേക്ഷയോടെയാണ് ഇന്ദ്രനതു ചെയ്തത്. ഭഗവൽക്കാരുണ്യത്താൽ എല്ലാവരുടേയും ജീവൻ നിലനിന്നു. ദിതിയുടെ ഒരു കൊല്ലക്കാലത്തെ പ്രാർത്ഥനയുടേയും ഭക്തിയുടേയും ഫലമായാണ് ഗർഭശിശുക്കൾ മരിക്കാതിരിക്കുന്നത്. ഉണർന്നപ്പോൾ ഇന്ദ്രനെയും നാൽപ്പത്തിയൊൻപതു ശിശുക്കളേയും കണ്ട ദിതിക്ക് ഭഗവൽഭക്തിയും വ്രതവും കാരണം ഉളളിലെ വെറുപ്പ് തീരെ പോയിരുന്നു. ഇന്ദ്രനോടു ചോദിച്ചപ്പോൾ താനാണിതിന് കാരണക്കാരനെന്നും മാപ്പു തരണമെന്നും അയാളഭ്യർത്ഥിച്ചു. പിന്നീട് നാൽപ്പത്തിയൊൻപത് മരുത്തുകളുടെ (വായുദേവന്മാർ)അകമ്പടിയോടെ ഇന്ദ്രൻ സ്വർഗ്ഗത്തിലേയ്ക്കു പോയി. 'മാരുത' എന്ന് ഇന്ദ്രൻ അവരോട് പറഞ്ഞതിനാലാണ് അവർക്ക് 'മരുത്തുക്കൾ' എന്നു പേർ വന്നത്.

**അലം തേ നിരപേക്ഷായ പൂർണ്ണകാമ നമോ$f$സ്തുതേ**
**മഹാ വിഭൂതിപതയേ നമ: സകലസിദ്ധയേ (6-19-4)**
**യഥാ ത്വം കൃപയാ ഭൂത്യാ തേജസാ മഹിനൌജസാ**
**ജുഷ്ട ഈശ ഗുണൈ: സർവൈസ്തതോ$f$സി ഭഗവാൻ പ്രഭു: (6-19-5)**
**വിഷ്ണു പത്നി മഹാമായേ മഹാപുരുഷലക്ഷണേ**
**പ്രീയേഥാ മേ മഹാഭാഗേ ലോകമാതർന്നമോ$f$സ്തുതേ (6-19-6)**
**ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാവിഭൂതിപതയേ**
**സഹ മഹാവിഭൂതിഭിർബലിമുപഹരാണീതി. അനെനാഹരഹർമ്മന്ത്രേണ**
**വിഷ്ണോരാവാഹനാർഘ്യപാദ്യോപസ്പർശന സ്നാന**
**വാസഉപവീതവിഭൂഷണഗന്ധപുഷ്പധൂപദീപോപഹാരാ**
**ദ്യുപചാരാംശ്ച സമാഹീത ഉപാഹരേത് (6-19-7)**

പരീക്ഷിത്തിൻെറ അഭ്യർത്ഥന പ്രകാരം പുംസവനവ്രതത്തെക്കുറിച്ച് ശുകമുനി വിശദീകരണം തുടർന്നു: മാർഗ്ഗശീർഷമാസത്തിലെ വെളുത്തപക്ഷത്തിലെ ആദ്യദിനം ഭാര്യ വ്രതമാരംഭിക്കണം. എന്നിട്ട് ഇങ്ങിനെ ചൊല്ലി ആവർത്തിച്ച് പ്രാർത്ഥിക്കണം. "ആശാരഹിതനും കരുണ, ഐശ്വര്യം, ശക്തി എന്നിവയുടെ വിളനിലവുമായി വിളങ്ങുന്ന ഭഗവാനു നമസ്കാരം. മഹാവിഷ്ണുവിൻെറ സഹധർമ്മിണിയായ ദേവിക്കു നമസ്കാരം. എന്നിൽ ഭഗവൽ പ്രീതിയുണ്ടാകുമാറാകട്ടെ. അനന്തമായ വീര്യത്തിനുടമയായ ഭഗവാനെ ഞാൻ ആരാധിക്കുന്നു." ആചാരക്രമത്തിലുള്ള പൂജാവിധികളോടെയും, പ്രാർത്ഥനയോടെയും, കുളി, വേഷം എന്നിവയിലെ ശ്രദ്ധയോടും കൂടി അവൾ ഭഗവാനെ ആരാധിക്കണം. അതുകഴിഞ്ഞ് ഭഗവാനു സമർപ്പിച്ച ആഹാരാംശം പന്ത്രണ്ടു തവണ യാഗാഗ്നിയിൽ അർപ്പിച്ച് "*ഓം നമോ ഭഗവതേ മഹാപുരുഷായ മഹാ വിഭൂതി പതയേസ്വാഹാ*" എന്ന മന്ത്രം ഉരുക്കഴിക്കണം. ഈ മന്ത്രം പത്തു തവണ ആവർത്തിച്ചശേഷം ഇനി പറയുന്ന സ്തോത്രം ചൊല്ലണം.

**യുവാംതു വിശ്വസ്യ വിഭൂ ജഗത: കാരണം പരം**
**ഇയം ഹി പ്രകൃതി: സൂക്ഷ്മാ മായാശക്തിർദുരത്യയാ (6-19-11)**
**തസ്യാ അധീശ്വര: സാക്ഷാത്ത്വമേവ പുരുഷ: പര:**
**ത്വം സർവയജ്ഞ ഇജ്യേയം ക്രിയേയം ഫലഭുഗ്വാൻ (6-19-12)**
**ഗുണവ്യക്തിരിയം ദേവീ വ്യഞ്ജകോ ഗുണ ഭുഗ്വാൻ**
**ത്വംഹി സർവ ശരീര്യാത്മാ ശ്രീ: ശരീരേന്ദ്രിയാശയാ**
**നാമരൂപേ ഭഗവതീ പ്രത്യയസ്ത്വമപാശ്രയ: (6-19-13)**
**യഥാ യുവാം ത്രിലോകസ്യ വരദൌ പരമേഷ്ഠിനൌ**
**തഥാ മ ഉത്തമ ശ്ലോക സന്തു സത്യാ മഹാ ശിഷ: (6-19-14)**

"ഭഗവാൻ വിഷ്ണു, മഹാലക്ഷ്മീദേവി, അവിടുന്നുരണ്ടാളുമാണീ വിശ്വത്തിൻെറ മുഴുവൻ ആത്മാവും ശരീരവും. അവിടുന്ന് ഭക്തരുടെ ആഗ്രഹങ്ങൾ മുഴുവനും വരമായി നൽകുന്നു. എൻെറയും ആഗ്രഹത്തെ നിവൃത്തിച്ചു തന്നാലും." പുംസവനമനുഷ്ടിക്കുന്ന സ്ത്രീ തൻെറ ഭർത്താവിനെയും അദ്ദേഹത്തിൽ ഭഗവൽഭാവംകണ്ട് സേവിക്കണം. ഭാര്യയോ ഭർത്താവോ ആരെങ്കിലുമൊരാൾ ഈ വ്രതമനുഷ്ഠിക്കുന്ന പക്ഷം രണ്ടു പേർക്കും ഫലസിദ്ധിയുണ്ടാവുന്നതാണ്. ഇങ്ങിനെ ഒരു വർഷം വ്രതമാചരിച്ചശേഷം അവസാന ദിവസം ഭാര്യ ഉപവസിക്കണം. ഭർത്താവ് പാലിൽ തിളപ്പിച്ച ചോറ് നെയ്യും ചേർത്ത് അർപ്പിക്കണം. എന്നിട്ട് ഭർത്താവ് ഭക്ഷണം കഴിക്കുകയും, ഭാര്യയെ ഊട്ടുകയും ചെയ്യണം. ഈ വ്രതാനുഷ്ഠാനം കൊണ്ട് ഒരുവന് ഇഛാനുസരണം ഫലസിദ്ധിയുണ്ടാവുന്നു. ഇത് ഭാര്യക്കും ഏറെ ഫലപ്രദമാണ്. ദീർഘസുമംഗലീ ഭാഗ്യവും അവൾക്ക് ലഭ്യമത്രെ.

**ഏഴാം സ്കന്ദം ആരംഭം**

**ജയകാലേ തു സത്വസ്യ ദേവർഷീൻ രജസോ*f*സുരാൻ**
**തമസോ യക്ഷരക്ഷാംസി തത് കാലാനുഗുണോ*f*ഭജത് (7–1–8)**
**കാമാദ്വേഷാദ് ഭയാത് സ്നേഹാദ് യഥാഭക്ത്യേശ്വരേ മനേ:**
**ആവേശ്യ തദഘം ഹിത്വാ ബഹവസ്തദ് ഗതിം ഗതാ: (7–1–29)**
**ഗോപ്യ: കാമാദ്ഭയാത് കംസോ ദ്വേഷാച്ചൈദ്യാദയോ നൃപാ:**
**സംബന്ധാദ് വൃഷ്ണയ: സ്നേഹാദ്യൂയം ഭക്ത്യാ വയം വിഭോ (7–1–30)**

പരീക്ഷിത്ത് രാജാവ് ചോദിച്ചു: ഭഗവാൻ ഇന്ദ്രനുവേണ്ടി രാക്ഷസന്മാരെ നിഗ്രഹിച്ചു എന്ന് പറഞ്ഞുവല്ലോ. ഭഗവാൻെറ നിഷ്പക്ഷതക്ക് യോജിച്ച കാര്യമല്ലല്ലോ ഇത് ?.

ശുകമുനി പറഞ്ഞു: ഭഗവാൻ തീർച്ചയായും നിഷ്പക്ഷമതി തന്നെ. പ്രകൃതിഗുണങ്ങളാലാണ് വിശ്വം രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നത്. ഭഗവൽപ്രഭയിലാണ് ഈ ഗുണങ്ങൾ പ്രവർത്തനോന്മുഖമാവുന്നത്. അതുകൊണ്ട് അവയുടെ ദേവതയാണ് ഭഗവാൻ. കാലം കടന്നു പോവുമ്പോൾ ഒന്നല്ലെങ്കിൽ മറ്റൊരു ഗുണം ആധിപത്യം നേടുന്നു. അതനുസരിച്ചും കാലഗതിക്കനുസരിച്ചും സത്വഗുണം ഉന്നതിയിലായിരിക്കുമ്പോൾ ദേവന്മാരുടേയും ഋഷിമാരുടേയും താൽപ്പര്യം പോഷിപ്പിക്കപ്പെടുന്നു. രജോഗുണം ഉന്നതിയിലാവുമ്പോൾ രാക്ഷസൻമാരുടേയും, തമോഗുണം വർദ്ധിക്കുമ്പോൾ ഭൂതപ്രേതപിശാചുക്കളുടേയും താൽപ്പര്യം പോഷിപ്പിക്കുന്നു. ഭഗവാനാകട്ടെ വെറും സാക്ഷിമാത്രമത്രേ. യുധിഷ്ഠിരൻെറ ചോദ്യത്തിനുത്തരമായി നാരദൻ പറഞ്ഞ കാര്യം എന്തെന്ന് കേട്ടാൽ അങ്ങയുടെ സംശയങ്ങൾ ഇല്ലാതാവും.

യുധിഷ്ഠിരൻ പറഞ്ഞു:
മഹാമുനേ, ഭഗവാനെ വെറുക്കുകയും അപമാനിക്കുകയും ചെയ്ത ശിശുപാലൻ, അവസാനം കൃഷ്ണൻെറ കൈകൊണ്ടുതന്നെ വധിക്കപ്പെട്ടുവല്ലോ. ശിശുപാലൻെറ ആത്മാവ് ഭഗവാനിൽ വിലയം പ്രാപിച്ചതായാണ് ഞങ്ങൾ കണ്ടത്. ഭഗവൽനിന്ദ ചെയ്യുന്നവൻെറ നാവിൽ വെള്ള കുഷ്ഠം പിടിക്കും എന്നാണല്ലോ ഞങ്ങൾ കേട്ടിട്ടുള്ളത്. ഇതിൻെറ നിഗൂഢതത്വം എന്തെന്ന് എനിക്ക് മനസ്സിലാവുന്നില്ല. ദയവായി പറഞ്ഞു തന്നാലും.

*നാരദൻ പറഞ്ഞു:* എല്ലാ ജീവജാലങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നത് പഞ്ചഭൂതങ്ങളാലാണ്. അജ്ഞാനത്താലാണ ്–ഞാൻ, എൻേറത്– എന്നീ സങ്കൽപങ്ങൾ ഉണ്ടാവുന്നത്. അങ്ങിനെയാണ് സുഖദു:ഖങ്ങളും, പുകഴ്ത്തലും, ഇകഴ്ത്തലും, ബഹുമതിയും, അപമാനവും ജീവികൾ അനുഭവിക്കുന്നത്. ഇതെല്ലാം ഭഗവാനിൽ ഇല്ലതന്നെ. അതുകൊണ്ട് ഏതൊരുവൻ ഭഗവാനിൽ മനസുറപ്പിക്കുന്നുവോ, അവൻെറ ഉദ്ദേശം എന്തു തന്നെയായിരുന്നാലും അവന് ഭഗവൽപ്രസാദം ലഭിക്കുന്നു. പലരും ഭഗവാനിൽ മനസ്സുറപ്പിച്ച് പ്രേമം, വെറുപ്പ്, ഭയം, സൗഹൃദം, ഭക്തി എന്നിങ്ങിനെ പല രീതികളിലും പരമസാക്ഷാൽക്കാരം നേടിയിട്ടുണ്ട്. ഗോപികമാർ പ്രേമത്തിലൂടെയും, കംസൻ ഭയത്തിലൂടെയും, ശിശുപാലൻ തുടങ്ങിയവർ വെറുപ്പിലൂടെയും, വൃഷ്ണികൾ ബന്ധുതയിലൂടെയും അങ്ങ് സൗഹൃദത്തിലൂടെയും ഞങ്ങൾ ഭക്തിയിലൂടെയും ഭഗവാനെ പ്രാപിക്കുന്നു. ശിശുപാലനും ദന്തവക്രനും, ഭഗവൽസന്നിധിയിൽ കാവൽക്കാരായിരുന്നു. ഒരു ദിവസം സനൽക്കുമാരന്മാർ ഭഗവൽദർശനത്തിന് ചെല്ലുമ്പോൾ കാവൽക്കാരായ ജയവിജയന്മാർ അവരെ വെറും ബാലന്മാരെന്ന് കരുതി അകത്തേക്ക് കടത്തി വിട്ടില്ല. സൽക്കുമാരന്മാർ അവരെ ശപിച്ചു. “നിങ്ങൾക്ക് വിവേകബുദ്ധി നശിച്ചിരിക്കുന്നു. അതുകൊണ്ട് ഭഗവൽപ്പദമലരുകളെ സേവിക്കാനുള്ള അർഹത ഇല്ലാതായിരിക്കുന്നു. നിങ്ങൾ രാക്ഷസന്മാരായി ജനിക്കട്ടെ.” പിന്നീട് ശാപമോക്ഷാർത്ഥം ഇങ്ങിനെ പറഞ്ഞു: “മൂന്നുജന്മങ്ങൾക്കു ശേഷം നിങ്ങൾക്ക് തിരിച്ച് ഭഗവൽസന്നിധി പൂകാം.” അങ്ങിനെ ഹിരണ്യാക്ഷനും ഹിരണ്യകശിപുവും, രാവണനും കുംഭകർണ്ണനും, ശിശുപാലനും ദന്തവക്രനുമായി മൂന്ന് ജന്മങ്ങൾ അവർ ശത്രുതയോടെ ഭഗവാനെ മനസ്സിൽ നിറച്ച് ഹൃദയം ശുദ്ധീകരിച്ചു. അവസാനം ഭഗവൽസന്നിധിയിലേക്ക് തിരിച്ചു പോവുകയും ചെയ്തു.

**പഥി ച്യുതം തിഷ്ഠതി ദിഷ്ടരക്ഷിതം
ഗൃഹേ സ്ഥിതം തദ്വിഹതം വിനശ്യതി
ജീവത്യനാഥോƒപി തദീക്ഷിതോ വനേ
ഗൃഹേƒപി ഗുപ്തോƒസ്യ ഹതോ ന ജീവതി (7–2–40)**

നാരദൻ പറഞ്ഞു: തൻെറ സഹോദരനായ ഹിരണ്യാക്ഷനെ ഭഗവാൻ വരാഹാവതാരമെടുത്ത് വധിച്ച വിവരമറിഞ്ഞ് ഹിരണ്യകശിപുവിന് കലശലായ ക്രോധമുണ്ടായി. അയാൾ പറഞ്ഞു. "ഈ നീചരായ ദേവന്മാർ വിഷ്ണുവിനെക്കൊണ്ട് എൻെറ സഹോദരനെ കൊല്ലിച്ചു. വിഷ്ണു നിഷ്പക്ഷമതിയൊക്കെയാണെങ്കിലും ഭഗവൽസേവകൊണ്ട്, ദേവന്മാരദ്ദേഹത്തെ വശത്താക്കി. എൻെറ ജ്യേഷ്ഠൻെറ മരണത്തിന് പ്രതികാരമായി ഞാൻ ആ വിഷ്ണുവിനെത്തന്നെ വധിക്കും." ഹിരണ്യകശിപു തൻെറ രാക്ഷസവൃന്ദത്തോട് കൽപ്പിച്ചു. "വിഷ്ണു നിലനിൽക്കുന്നത് ധർമ്മത്തിലൂടെയും ധർമ്മപരിപാലനത്തിലൂടെയുമാണ്. ഇതെല്ലാം ചെയ്യുന്നതോ ദിവ്യപുരുഷന്മാരായ ഋഷിമുനിമാരുമാണ്. അവരെയെല്ലാം നശിപ്പിക്കുന്നതുകൊണ്ട് വിഷ്ണുവും നശിക്കും." രാക്ഷസന്മാർ അവരുടെ യജമാനൻെറ ആജ്ഞ നിറവേറ്റാൻ പുറപ്പെട്ടു. സഹോദരൻെറ അന്ത്യകർമ്മങ്ങൾ നടത്തിയശേഷം ഹിരണ്യകശിപു അമ്മയോടും മറ്റു ബന്ധുക്കളോടുമായി പറഞ്ഞു.

"സങ്കടപ്പെടാതിരിക്കൂ. ഒരു വീരയോദ്ധാവിനെ സംബന്ധിച്ചേടത്തോളം ശത്രുവിനെ നേരിട്ടുകൊണ്ടുള്ള മരണം മഹത്വമേറിയതാണ്. ആത്മാവ് അനശ്വരമത്രേ. ജനനമരണങ്ങളും കണ്ടുമുട്ടലും വേർപിരിയലും എല്ലാം ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവർ ശത്രുക്കളായാലും മിത്രങ്ങളായാലും. ആത്മാവ് അജ്ഞതകൊണ്ട് ശരീരവുമായി ഏകാത്മതാഭാവം കൈക്കൊള്ളുന്നതു കൊണ്ടാണ് ഈ അനുഭവങ്ങളെല്ലാം തോന്നുന്നത്. ഞാൻ ഇതിനെപ്പറ്റി ഒരു കഥ കേട്ടിട്ടുണ്ട്.

സുയജ്ഞൻ എന്ന പേരിൽ ഒരു രാജാവുണ്ടായിരുന്നു. അയാൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിൻെറ ഭാര്യയും ബന്ധുക്കളും കരഞ്ഞു സങ്കടപ്പെട്ട് മൃതദേഹത്തിനു ചുറ്റും ഇരുന്നു. ഭാര്യമാർ സതിയനുഷ്ടിക്കാൻ തയ്യാറായിരുന്നു. അപ്പോഴേക്കും സൂര്യാസ്തമയമായി. യമദേവൻ ഒരു ചെറിയ ബാലൻെറ രൂപത്തിൽ വന്ന് അവരോട് പറഞ്ഞു. "ഈ മുതിർന്നവർ എത്ര വിഡ്ഢികളാണ്? മരിച്ചവർക്കുവേണ്ടി കരയുന്നു. എന്നാൽ മരണം സ്വന്തം വാതിൽക്കലും കാത്തുനിൽക്കുകയാണെന്ന് അവരറിയുന്നില്ല. ഞങ്ങൾ കുട്ടികൾ അനുഗ്രഹീതരാണ്. ഞങ്ങൾക്ക് ആ വക ഭയങ്ങൾ ഒന്നുമില്ല. അമ്മയുടെ ഉദരത്തിൽ വെച്ച് ഞങ്ങളെ സംരക്ഷിക്കുന്നവരാരോ അവരാണ് ഞങ്ങളുടെ ശരിയായ രക്ഷകൻ. നാമെല്ലാം വിധിയുടെ കയ്യിലെ പാവകളത്രേ. വഴിയിൽ വീണുപോയ ഒരു വസ്തു, ഈശ്വരേച്ഛയുണ്ടെങ്കിൽ അവിടെ സുരക്ഷിതമാണ്. ഒരു ഗൃഹത്തിൽ സൂക്ഷിച്ചു വെച്ചിട്ടുള്ള വസ്തു, ഈശ്വരനിശ്ചയം കൊണ്ട് അപ്രത്യക്ഷമാവാം. ഒരു കാട്ടിൽക്കഴിയുന്ന അഗതിക്ക് വിധിയുണ്ടെങ്കിൽ പരിപൂർണ്ണസുരക്ഷിതത്വമുണ്ട്. എന്നാൽ ഒരു വീട്ടിൽ സുരക്ഷാ സന്നാഹങ്ങളോടെ കഴിയുന്ന ഒരുവന് വിധിനിയോഗമനുസരിച്ച് മരണവും സാദ്ധ്യമത്രെ. കർമ്മത്താലാണ് ജീവികൾക്ക് ശരീരം ലഭിക്കുന്നത്. എന്നാൽ ആത്മാവ് ശരീരത്തിൽനിന്നും വിഭിന്നമാണ്. അഗ്നി, ആകാശം, വായു ഇവയ്ക്ക് രൂപമുണ്ടാവണമെങ്കിൽ അവ മറ്റു രൂപങ്ങളുമായി കൂട്ടുചേരണം. ഒറ്റയ്ക്ക് അവ രൂപരഹിതവും സ്വതന്ത്രവുമത്രെ. ഈ രാജാവിൻെറ ശരീരത്തിലൂടെ സംസാരിച്ചയാളിനെ നിങ്ങൾ ഇപ്പോൾ കാണുന്നില്ല. എന്നാൽ മരണത്തിനുമുൻപും ഈ ശരീരത്തിലൂടെ സംസാരിച്ചയാളെ നിങ്ങൾ കണ്ടിട്ടില്ലതന്നെ. ഇതിനെയെല്ലാം ഉൺമയെന്നുകരുതുന്നതാണ് അജ്ഞത. മരണഹേതുവും മറ്റൊന്നല്ല. ഒരിക്കൽ രണ്ടിണപ്പക്ഷികൾ പറന്നുപോവുകയായിരുന്നു. അപ്പോൾ ഒരു വേടൻ അതിലൊന്നിനെ അമ്പെയ്തു വീഴ്ത്തി. ആൺകിളി ദു:ഖത്തോടെ പെൺകിളിയെ നോക്കി കരയാൻ തുടങ്ങി. വേടൻ അതിനെയും അമ്പെയ്തു കൊന്നു. സ്വന്തം വാതിൽക്കൽ മരണം മുട്ടുന്നതു കാണാതെ മരിച്ചവർക്കായി നിങ്ങൾ കരയുന്നതു കഷ്ടം തന്നെ." ഈ കുട്ടിയുടെ വാക്കുകൾ കേട്ട് രാജാവിൻെറ ബന്ധുക്കൾ ദു:ഖനിവൃത്തരായി. അതുകൊണ്ട് എൻെറ സഹോദരൻെറ മരണത്തിൽ നിങ്ങൾ സങ്കടപ്പെടരുത്." ഹിരണ്യകശിപുവിൻെറ വാക്കുകൾ കേട്ട് ഹിരണ്യാക്ഷൻെറ വിധവ, തൻെറ മനസ്സ് പരമസത്യത്തിലുറപ്പിച്ച് ശാന്തി നേടി.

**യദി ദാസ്യസ്യഭിമതാൻ വരാൻമേ വരദോത്തമ**
**ഭൂതേഭ്യസ്ത്വദ്വിസൃഷ്ടേഭ്യോ മൃത്യുർമ്മാഭൂന്മമ പ്രഭോ (7-3-35)**
**നാന്തർബ്ബഹിർദിവാ നക്തമന്യസ്മാദപി ചായുധൈ:**
**ന ഭൂമൌ നാംബരേ മൃത്യുർന്ന നരൈർന്ന മൃഗൈരപി (7-3-36)**
**വ്യസുഭിർവ്വാസുമദ്ഭിർവ്വാ സുരാസുരമഹോരഗൈ:**
**അപ്രതിദ്വന്ദ്വതാം യുദ്ധേ ഐകപത്യം ച ദേഹിനാം (7-3-37)**
**സർവ്വേഷാം ലോകപാലാനാം മഹിമാനം യഥാ*ff*ത്മന:**
**തപോയോഗപ്രഭാവാണാം യന്ന രിഷ്യതി കർഹിചിത് (7-3-38)**

നാരദൻ തുടർന്നു: അജയ്യനായിത്തീരാൻ ഹിരണ്യകശിപു അതികഠിനമായ തപസ്സിലേർപ്പെട്ടു. മന്ദാരപർവ്വതത്തിൻെറ താഴ്വരയിൽ കാലിൻെറ തള്ളവിരലിൽ നിന്നുകൊണ്ട് കൈകൾ ആകാശത്തേക്കുയർത്തിപ്പിടിച്ച് ജലപാനംപോലുമില്ലാതെ ഒരായിരം കൊല്ലം അദ്ദേഹം തപസ്സു ചെയ്തു. തപസ്സിൻെറ ശക്തി ദേവന്മാരെ അലട്ടാൻ തുടങ്ങി. ഹിരണ്യകശിപു തപസ്സിനായി പോയപ്പോൾ ദേവന്മാർ അവരവരുടെ ഇടങ്ങളിൽ പോയിരുന്നു. അവർ ബ്രഹ്മാവിനെ സമീപിച്ച് അപേക്ഷിച്ചു. “പ്രഭോ, ഹിരണ്യകശിപു ഇപ്പോൾ ചെയ്യുന്ന തപസ്സ് അഭൂതപൂർവ്വമായ ഒന്നാണ്. ഇതിലൂടെ മറ്റൊരു ബ്രഹ്മാവാവാനാണ് അയാളുടെ ശ്രമം. ഇതിലൂടെ ലോകത്തിൻെറ ധർമ്മമാർഗ്ഗം മുഴുവൻ അധർമ്മത്തിലേക്കു മാറ്റിമറിക്കാനാണ് അയാളുടെ ഭാവം. വേണ്ടതെന്തെന്ന് വച്ചാൽ അവിടുന്നു തന്നെ ചെയ്താലും. ”

സൃഷ്ടികർത്താവായ ബ്രഹ്മാവ് ഹിരണ്യകശിപു തപസ്സനുഷ്ടിക്കുന്നയിടത്തു ചെന്ന് പറഞ്ഞു. “ഇതിനു മുൻപ് മറ്റാരും ഇങ്ങിനെയൊരു തപസ്സു ചെയ്തിട്ടില്ല. ഇനി ഭാവിയിലും ഉണ്ടാവില്ല. ഈ പരിശ്രമത്താലും, ഉത്സാഹത്താലും നീ എന്നെ ജയിച്ചിരിക്കുന്നു. ഉണർന്നാലും. എന്നിട്ട് നിനക്കുവേണ്ട വരങ്ങളെല്ലാം ചോദിക്കൂ.” ബ്രഹ്മാവ് തൻെറ കമണ്ഡലുവിൽ നിന്ന് അൽപം ജലമെടുത്തു കുടഞ്ഞു. ഹിരണ്യകശിപു എല്ലും തോലുമായി കഴിഞ്ഞിരുന്നു. ശരീരം പുഴുക്കൾ ഭക്ഷിച്ചും ചിതൽപ്പുറ്റുനിറഞ്ഞുമിരുന്നു. ചിതൽപ്പുറ്റുപൊട്ടിച്ച് തൊഴുകയ്യോടെ ഹിരണ്യാക്ഷൻ തപശ്ചര്യയാൽ കിട്ടിയ പ്രഭയോടെ നിന്നു തിളങ്ങി. ബ്രഹ്മാവിനോട് ഇങ്ങിനെ പറഞ്ഞു:

“ആദികാരണനും, മൂന്നു ലോകങ്ങളുടേയും അധിപനും നമസ്കാരം. അങ്ങ് കാലം തന്നെ. ജീവജാലങ്ങളുടെ ആയുസ്സ് നിമിഷം പ്രതി കുറക്കുന്ന കാലം. ഈ ലൗകീകപ്രപഞ്ചം അവിടുത്തെ ശരീരമത്രെ. പഞ്ചേന്ദ്രി യങ്ങളാൽ വസ്തുക്കളെ അങ്ങ് ആസ്വദിക്കുന്നു. എങ്കിലും നിശ്ശബ്ദസാക്ഷിയാണവിടുന്ന്. യാതൊന്നും അവിടുത്തെ ബാധിക്കുന്നില്ല. ഞാനാവശ്യപ്പെടുന്ന വരം തരുമെങ്കിൽ ഞാൻ പ്രാർത്ഥിക്കുന്നത് ഇവയ്ക്കു വേണ്ടിയാണ്. അങ്ങ് സൃഷ്ടിച്ച ആരും എന്നെ വധിക്കാനിടവരരുത്. വീട്ടിനകത്തോ പുറത്തോ വച്ച് എൻെറ മരണം സംഭവിക്കരുത്. രാത്രിയിലോ പകലോ ഞാൻ മരിക്കാനിടവരരുത്. യാതൊരുവിധ ആയുധങ്ങളാലും ആകാശത്തിലോ ഭൂമിയിലോ വച്ചോ, മനുഷ്യനാലോ മൃഗങ്ങളാലോ, ദേവന്മാരാലോ, അസുരൻമാരാലോ സർപ്പങ്ങളാലോ എനിക്ക് മരണമുണ്ടാവരുത്. ശരീരമെടുത്തിട്ടുള്ള എല്ലാ ജീവജാലങ്ങൾക്കും തർക്കമില്ലാത്ത രാജാവും പ്രഭുവും ഞാനായിരിക്കണം. അങ്ങേയ്ക്കുള്ളതുപോലുള്ള മഹിമ എനിക്കും ഉണ്ടായിത്തീരട്ടെ.”

**ന്യസ്തക്രീഡനകോ ബാലോ ജഡവത്തന്മനസ്തയാ
കൃഷ്ണഗ്രഹഗൃഹീതാത്മാ ന വേദ ജഗദീദൃശം (7-4-37)
ആസീന: പര്യടന്നശ്നൻ ശയാന: പ്രപിബൻ ബ്രുവൻ
നാനുസന്ധത്ത ഏതാനി ഗോവിന്ദപരിരംഭിത: (7-4-38)
ക്വചിദ്രുദതി വൈകുണ്ഠചിന്താശബലചേതന:
ക്വചിദ്ധസതി തച്ചിന്താഹ്ലാദ ഉദ്ഗായതി ക്വചിത് (7-4-39)
നദതി ക്വചിദുത്കണ്ഠോ വിലജ്ജോ നൃത്യതി ക്വചിത്
ക്വചിത്തദ്ഭാവനായുക്തസ്തന്മയോ*f*നുചകാര ഹ (7-4-40)
ക്വചിദുത്പുളകസ്തൂഷ്ണീമാസ്തേ സംസ്പർശനിർവൃത:
അസ്പന്ദപ്രണയാനന്ദസലിലാമീലിതേക്ഷണ: (7-4-41)**

*നാദമുനി തുടർന്നു:*
ഏറെ ബുദ്ധിമുട്ടുള്ളതായിരുന്നുവെങ്കിലും ഹിരണ്യകശിപു ആവശ്യപ്പെട്ട വരങ്ങളെല്ലാം, ബ്രഹ്മദേവൻ നൽകി. അങ്ങിനെ ദേവന്മാരും, സ്വർഗ്ഗവാസികളും മനുഷ്യരുമടക്കം എല്ലാവരും ഹിരണ്യകശിപുവിൻെറ നിയന്ത്രണത്തിൻകീഴിലായി. ശാസ്ത്രവിധിപ്രകാരമുള്ള എല്ലാ ധർമ്മകർമ്മങ്ങളും അയാൾ നിരോധിച്ചു. സ്വയം ഇന്ദ്രപദവി നേടിയെടുത്ത് ദേവന്മാരുടേയും മുനിമാരുടേയും ബഹുമാനം പിടിച്ചുവാങ്ങിച്ചു. ഹിരണ്യകശിപുവിൻെറ തപ:ശക്തിയാൽ ഭൂമിയും സ്വർഗ്ഗവും അവൻെറ ആജ്ഞയനുസരിച്ച് തങ്ങളുടെ നിധികളെല്ലാം ചൊരിഞ്ഞുകൊടുത്തു. അയാൾക്ക് നിയന്ത്രിക്കാൻ കഴിയാതിരുന്നത് സ്വന്തം മനസ്സിനേയും ഇന്ദ്രിയങ്ങളേയും മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അയാൾ സന്തുഷ്ടനോ സംതൃപ്തനോ ആയിരുന്നില്ല.

വിശ്വപാലകർ ഭഗവാൻ വിഷ്ണുവിൻെറ പാദാരവിന്ദങ്ങളിൽ തങ്ങളുടെ സങ്കടമുണർത്തിച്ചു. അശരീരി പോലെ, ഇടിമുഴക്കം പോലെ ഇങ്ങിനെയൊരുറപ്പ് ആകാശത്തിൽ ഇരമ്പി. “നമുക്കതറിയാം. എപ്പോൾ ഈ രാക്ഷസൻ മാമുനിമാരെ അടിച്ചമർത്തുന്നുവോ, മിണ്ടാപ്രാണികളേയും ധർമ്മത്തേയും ദ്രോഹിക്കുന്നുവോ, സ്വന്തം പുത്രനും പുണ്യാത്മാവുമായ പ്രഹ്ലാദനെതിരെ പ്രവർത്തിക്കുകയോ ചെയ്യുന്നുവോ അപ്പോൾ നാമവനെ നിഗ്രഹിക്കുന്നതാണ്. അതുവരെ ക്ഷമയോടെ അവനെ സഹിക്കുക.”

ഹിരണ്യകശിപുവിന് നാലു പുത്രന്മാരുണ്ടായിരുന്നു. രാക്ഷസനുണ്ടായതാണെങ്കിലും മൂത്തമകൻ പ്രഹ്ലാദൻ യാതൊരുവിധ അസുരസ്വഭാവങ്ങളും ഇല്ലാത്തവനായിരുന്നു. മുതിർന്നവരെ അവൻ ഈശ്വരതുല്യം ആദരിച്ചു. തനിക്കൊപ്പമുള്ളവരെ അവൻ സ്വസഹോദരന്മാരേപ്പോലെ കരുതി. സംതുലിതമായ മനസ്സും ഇന്ദ്രിയ സംയമനവും കാരണം ദേവന്മാർ പോലും അവനെ അഭിനന്ദിക്കുകയും അവൻെറ പാത അനുകരിക്കുകയും ചെയ്തു.

ചെറിയകുട്ടിയായിരിക്കുമ്പോഴേ കുട്ടിക്കളി അവനുണ്ടായിരുന്നില്ല. ഹൃദയം മുഴുവൻ കൃഷ്ണനിൽ ആകൃഷ്ടമായിരുന്നു. മറ്റുള്ളവർ കണ്ടപോലെയല്ല അവൻ ലോകത്തെ കണ്ടത്. എന്തെല്ലാം ചെയ്യുമ്പോഴും (ഇരിക്കുക, നടക്കുക, ഭക്ഷിക്കുക, കുടിക്കുക, സംസാരിക്കുക എന്നിങ്ങിനെ എന്തും) അവൻെറയുള്ളിൽ കൃഷ്ണാവബോധം മാത്രമായിരുന്നു നിറഞ്ഞു നിന്നിരുന്നത്. ഭഗവൽമഹിമകളെ ധ്യാനിച്ചും ഭഗവാനെ നിനച്ചും ചിലപ്പോൾ അവൻ കരഞ്ഞു, ചിലപ്പോൾ പൊട്ടിചിരിച്ചു. ചിലപ്പോൾ ഒച്ചവച്ചും മറ്റു ചിലപ്പോൾ നാണമേതും കൂടാതെ നൃത്തം ചെയ്തും അവൻ ഭഗവൽമഹിമയെ കൊണ്ടാടി. ചിലപ്പോൾ സ്വന്തം വ്യക്തിത്വം പാടെ മറന്ന് സ്വയം ഭഗവാനാണെന്ന മട്ടിൽ പ്രഹ്ലാദൻ പെരുമാറി. അങ്ങിനെയുള്ള പരമഭക്തി കാരണം അവന് ഭഗവൽ ഭക്തന്മാരുമായി സത്സംഗത്തിനവസരവും ഉണ്ടായി.

**ശ്രവണം കീർത്തനം വിഷ്ണോ: സ്മരണം പാദസേവനം**
**അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം (7-5-23)**
**ഇതി പുംസാർപ്പിതാ വിഷ്ണൌ ഭക്തിശ്ചേന്നവലക്ഷണാ**
**ക്രിയതേ ഭഗവത്യദ്ധാ തന്മന്യേƒധീതമുത്തമം (7-5-24)**

*നാരദൻ തുടർന്നു:*

ഹിരണ്യകശിപു തൻെറ പുത്രനായ പ്രഹ്ലാദനെ അസുരഗുരുവായ ശുക്രാചാര്യൻെറ പുത്രന്മാരെ ചുമതലപ്പെടുത്തി വിദ്യാഭ്യാസത്തിനയച്ചു. കുറച്ചു കാലം കഴിഞ്ഞ് കൊട്ടാരത്തിലെത്തിയ മകനോട് രാജാവ് ചോദിച്ചു: “പറയൂ, എന്തിനെയാണ് നീ നന്മ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്?” ബാലൻ സംശയമന്യേ പറഞ്ഞു: “ഒരുവൻ സ്വന്തം വീടുപേക്ഷിച്ചു പോകണം. കാരണം വീടാണ് ഒരുവന് ‘ഞാൻ’ ‘എൻെറ’ തുടങ്ങിയ തേന്നലുകൾ ഉണ്ടാക്കുവാനിടയാക്കുന്നത്. വീടുവിട്ട് ഭഗവാൻ വിഷ്ണുവിൻെറ പാദാരവിന്ദങ്ങളിൽ അഭയം തേടുകയാണ് ഏറ്റവും നല്ല കാര്യം. “രാജാവ് പ്രഹ്ലാദനെ സ്കൂളിലേക്ക് തിരിച്ചയച്ചു. അദ്ധ്യാപകരോട് ഇതുപോലുള്ള നിഷേധപ്രമാണങ്ങളൊന്നും പഠിപ്പിക്കരുതെന്ന് മുന്നറിയിപ്പും നൽകി. അദ്ധ്യാപകർക്ക് പ്രഹ്ലാദൻ എവിടെനിന്നാണ് സിദ്ധാന്തങ്ങൾ പഠിക്കുന്നതെന്ന് അറിയില്ലായിരുന്നു. പ്രഹ്ലാദൻ പറഞ്ഞു. “അജ്ഞാനത്തിൽ നിന്നും വൈവിദ്ധ്യമെന്ന മോഹത്തിൽനിന്നും മോചനം കിട്ടുന്നത് ഭഗവൽകൃപയാൽ മാത്രമാണ്. ആ കൃപ ഒന്നുകൊണ്ടു മാത്രമാണ് എൻെറ മനസ്സ് തന്നിഷ്ടപ്രകാരം ഭഗവൽപാദങ്ങളിൽ വസിക്കുന്നത്.” അദ്ധ്യാപകർ ഏ തായാലും അവൻെറ ധിക്കാരത്തിന് തക്ക ശിക്ഷ നൽകി. അധാർമ്മീകതയും നിരീശ്വരവാദവും തുടർന്നും പഠിപ്പിച്ചു.

വീണ്ടും കുമാരൻ കൊട്ടാരത്തിൽ മടങ്ങിയെത്തിയപ്പോൾ. അഛൻ സ്നേഹപൂർവ്വം പാഠങ്ങളെപ്പറ്റി ചോദിച്ചു. പ്രഹ്ലാദൻ സംശയലേശമെന്യേ പറഞ്ഞു. “അച്ഛാ ഏറ്റവും ഉയർന്ന വിദ്യാഭ്യാസമെന്നത് ഭഗവാൻ വിഷ്ണുവിൽ ഭക്തിയുണ്ടാക്കുക എന്നതാണ്. ഒൻപതു തരത്തിലുള്ള പ്രവൃത്തികൾ കൊണ്ട് മനസ്സിൽ ഭക്തിയുണ്ടാക്കിയെടുക്കാം. ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം (പരിപൂർണ്ണസമർപ്പണം) എന്നിങ്ങനെയാണത്. രോഷാകുലനായ രാജാവ് മകനെ വലിച്ചെറിഞ്ഞ്, അവനെ ഇതു പഠിപ്പിച്ച അദ്ധ്യാപകരേതെന്ന് ചോദിച്ചലറി. പ്രഹ്ലാദൻ സ്വയം പറഞ്ഞു. “അദ്ധ്യാപകർ കുറ്റക്കാരല്ല. ലൗകീക കാര്യങ്ങളിൽ ആസക്തരായവരുടെ മനസ്സ്, ഭഗവൽപ്പദങ്ങളിലേക്ക് ആകർഷിക്കപ്പെടുകയില്ല. ദിവ്യപുരുഷന്മാരുടേയും പുണ്യാത്മാക്കളായ ഭക്തരുടേയും പാദധൂളിയിൽ കുളിച്ച് ശുദ്ധീകരിക്കപ്പെടുമ്പോൾ മാത്രമേ ഒരുവൻെറയുള്ളിൽ ഭക്തിയുദിക്കുകയുള്ളൂ.”

സ്വന്തം പുത്രനിൽ മരണം ദർശിച്ച രാജാവ് അവനെ ഉപേക്ഷിക്കുകയും വധിക്കാൻ കൽപ്പിക്കുകയും ചെയ്തു. അയാൾ സേവകന്മാരോട് പറഞ്ഞു. “സ്വന്തം ബന്ധുമിത്രാദികൾക്ക് നേരെ പുറംതിരിച്ചു കൊണ്ട് അവൻ അമ്മാവനെ കൊന്നവൻെറ ഭക്തനായിരിക്കുന്നു.” പുത്രൻ തൻെറ തന്നെ ശരീരഭാഗമാണെങ്കിലും രോഗം വന്ന ഭാഗം മുറിച്ചു മാറ്റുന്ന ന്യായത്തിൽ ഹിരണ്യകശിപു അവനെ ഉപേക്ഷിച്ചു. രാജസേവകർ അവനെ പലേവിധ ആയുധങ്ങളാൽ ആക്രമിച്ചു. പലരീതികൾ പ്രയോഗിച്ചു വധിക്കാൻ ശ്രമിച്ചു. മലയിൽ നിന്നുരുട്ടി താഴേക്കിടുക, ആനയെകൊണ്ടു ചവിട്ടിച്ചു കൊല്ലാൻ നോക്കുക, കാറ്റ്, തീയ്, വെള്ളപൊക്കം, പാറക്കല്ലുകൾ, വിഷം എന്ന്വേണ്ട എല്ലാ മാർഗ്ഗങ്ങളും പ്രഹ്ലാദനെ കൊല്ലാൻ ഉതകിയില്ല. രാജാവ് വിഷണ്ണനായി. ശുക്രാചാര്യൻെറ പുത്രന്മാർ അദ്ദേഹത്തെ സമാധാനപ്പെടുത്തി. “ബാലനെ കാര്യമായി എടുക്കേണ്ടതില്ല. വലുതാകുമ്പോൾ അവൻ ബാലിശമായ സിദ്ധാന്തങ്ങളെല്ലാം ഉപേക്ഷിച്ചു കൊള്ളും. അല്ലെങ്കിൽ ഞങ്ങളുടെ അഛൻ ശുക്രാചാര്യൻ തിരിച്ചു വരട്ടെ. അദ്ദേഹത്തിൻെറ കീഴിൽ ഈ നിഷേധവിശ്വാസങ്ങളെല്ലാം അവൻ ഉപേക്ഷിക്കും.” ബാലൻ സ്കൂളിലേക്ക് തിരിച്ചുപോയി. അദ്ധ്യാപകർ മൂന്ന് ലൗകീക ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം തുടർന്നു നൽകി. കടമ, സാമ്പത്തികശാസ്ത്രം, ഉല്ലാസം (ലളിതകല) എന്നിവയെ അടിˇഥാനമാക്കിയുള്ള വിദ്യാഭ്യാസത്തിൽ പ്രഹ്ലാദന് തീരെ താൽപര്യ മുണ്ടായിരുന്നില്ല. അവൻെറ ചിന്ത മുഴുവൻ ഈശ്വരനിലായിരുന്നു.

**സുഖമൈന്ദ്രിയകം ദൈത്യാ ദേഹയോഗേന ദേഹിനാം**
**സർവ്വത്ര ലഭ്യതേ ദൈവാദ്യഥാ ദു:ഖമയത്നത: (7–6–3)**
**തത്പ്രയാസോ ന കർത്തവ്യോ യത ആയുർവ്യയ: പരം**
**ന തഥാ വിന്ദതേ ക്ഷേമം മുകുന്ദചരണാംബുജം (7–6–4)**

ഒരു ദിവസം അദ്ധ്യാപകൻ ഇല്ലാത്ത സമയം സഹപാഠികൾ പ്രഹ്ലാദനെ പുറത്ത് കളിക്കാൻ ക്ഷണിച്ചു. അപ്പോൾ *പ്രഹ്ലാദൻ പറഞ്ഞു*: "സുഹൃത്തുക്കളേ, ഈ മനുഷ്യജീവിതം വളരെയേറെ വിലപിടിച്ചതാണ്. അതുകൊണ്ട് ചെറുപ്പത്തിലേത്തന്നെ ഈശ്വരസാക്ഷാൽക്കാരം നേടാൻ ഉതകുന്ന സദ്ഗുണങ്ങളും ഈശ്വരഭക്തിയും നാം വളർത്തിയെടുക്കണം. വാസ്തവത്തിൽ മനുഷ്യന് മറ്റൊരു കർത്തവ്യം ഇല്ല തന്നെ. നാം പരിശ്രമിക്കാതെ തന്നെ ദു:ഖം നമുക്ക് വന്നുചേരുന്നതുപോലെ, നമ്മുടെ ശ്രമം കൂടാതെ തന്നെ സുഖാനുഭവങ്ങളും ഉണ്ടാവുന്നു. നമ്മുടെ കർമ്മഫലം കൊണ്ടാണിത്. അതുകൊണ്ട് ഒരുവൻ തൻെറ ഊർജ്ജം സുഖസമ്പാദനത്തിനായി വിനിയോഗിക്കരുത്, കാരണം ആ ശ്രമം ഭഗവൽപ്പദകമലങ്ങളിലേക്ക് നമ്മേ നയിക്കുകയില്ല." ഈ ശരീരം പ്രവർത്തനക്ഷമമായിരിക്കുമ്പോൾ തന്നെ ഭഗവൽപ്പദപ്രാപ്തിക്കായി നാം പരിശ്രമിക്കേണ്ടതാണ്.

ജീവിതം എത്ര ക്ഷണഭംഗുരം. ഒരു നൂറു വർഷം ആയുസ്സുള്ള ഒരാൾ അതിൽ പകുതി ഉറങ്ങിക്കളയുന്നു. ബാക്കിയുള്ളതിൽ ഇരുപതു വർഷം കുട്ടിക്കളികളിലും യുവചാപല്യങ്ങളിലും ചിലവഴിക്കുന്നു. മറ്റൊരു ഇരുപതുവർഷം ജരാതുരത്വത്തിൻെറ പിടിയിൽ കഴിയുന്നു. ബാക്കിയുള്ള തുലോം ചെറിയ കാലയളവ് പ്രയോജനരഹിതമായ സുഖാന്വേഷണത്തിനായി മനുഷ്യൻ ചിലവഴിക്കുന്നു. ഇതുമൂലം കൂടുതൽ ആശങ്കയും അരക്ഷിതാബോധവും അവനുണ്ടാകുന്നു.

എങ്കിലും അജ്ഞാനിയായ മനുഷ്യൻെറ പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്. അവൻെറ ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിലല്ലാത്തതുകൊണ്ട് സുഖഭോഗവസ്തുക്കളുടെ ആകർഷണത്തിൽനിന്നും അവന് മുഖം തിരിക്കാനാവുന്നില്ല. അവൻ ആ വസ്തുക്കളെ അത്യന്താപേക്ഷിതങ്ങളായി കണക്കാക്കുന്നു. ഭാര്യയും കുട്ടികളും മാത്രമെ അവന് സുരക്ഷിതത്വവും പ്രത്യാശയും നൽകുന്നതായി അനുഭവപ്പെടൂ. അവൻ ആസക്തിയോടെ ഒട്ടിനിൽക്കുന്ന വസ്തുവകകളും അവന് പ്രത്യാശയുടെ വ്യാമോഹം നൽകുന്നു. ലൈംഗീകതയും വായിലെ രുചിയും മാത്രം സുഖത്തിനുള്ള മാർഗ്ഗങ്ങളായി മനസിലാക്കിയവന് ആത്മഭാവം കണ്ടെത്താനാവുന്നതെങ്ങിനെ? വേദനകളും പരാജയങ്ങളും മോഹഭംഗങ്ങളും സ്വന്തം മുഖത്തേക്ക് തുറിച്ചു നോക്കുമ്പോഴും അവന് അവയുടെ ഉത്ഭവസ്ഥാനം എന്തെന്ന് മനസിലാവുന്നില്ല. സുഖഭോഗതൃഷ്ണയാണ് അവയുടെ മൂലകാരണം. അവനത് ഉപേക്ഷിക്കാൻ തയ്യാറാവുന്നില്ല. കൂടുതൽ സ്വത്തിന് വേണ്ടി മറ്റുള്ളവനെ കൊള്ളയടിച്ചുപോലും, അത് പാപമെന്നറിഞ്ഞ് കൊണ്ടായാലും അവനത് തുടർന്നുകൊണ്ടേയിരിക്കുന്നു.

ഏതൊരുവന് എൻെറ, നിൻെറ, അവൻെറ എന്നീ നാനാത്വബോധമുണ്ടോ, എതൊരുവൻ സ്വന്തം സ്വത്തുക്കളെയും അപരൻെറ സ്വത്തുക്കളെയും വേറിട്ട് കണ്ട് അവയെല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്നുവോ, അവന് വിദ്യാഭ്യാസമുണ്ടെങ്കിൽ കൂടി ഈശ്വരസാക്ഷാത്കാരം അസാദ്ധ്യം. അങ്ങിനെയുള്ളവരുമായ സംഗം ഉപേക്ഷിക്കണം. എന്നാൽ ഈശ്വരസാക്ഷാൽക്കാരത്തിന് കഠിനശ്രമങ്ങളൊന്നും ചെയ്യേണ്ടതായില്ല, കാരണം ഭഗവാൻ സർവ്വവ്യാപിയത്രെ. സത്സംഗവും, സർവ്വഭൂതദയയും സുഹൃത്ഭാവവും മാത്രമേ അതിനു വേണ്ടതായുള്ളൂ. ഇവയിൽനിന്നാണ് നമ്മുടെ കണ്ണുതുറപ്പിക്കുന്ന ആ സത്യം നമുക്കു് വെളിപ്പെടുന്നത്. ഈ വിശ്വം മുഴുവൻ വെറുമൊരു കാഴ്ച മാത്രമാണെന്നും ഭഗവാൻ മാത്രമേ നിജമായിട്ടുള്ളൂ എന്നും നാം അറിയുന്നു. നാരദമുനിയുമായി എനിക്കുണ്ടായ സത്സംഗം മൂലമാണ് എനിക്കീ വിവേകമുദിച്ചത്.

**തസ്മാദ്ഭവദ്ഭി: കർത്തവ്യം കർമ്മണാം ത്രിഗുണാത്മനാം**
**ബീജനിർഹരണം യോഗ: പ്രവാഹോപരമോ ധിയ: (7-7-28)**
**തത്രോപായസഹസ്രാണാമയം ഭഗവതോദിത:**
**യദീശ്വരേ ഭഗവതി യഥാ യൈരഞ്ജസാ രതി: (7-7-29)**

നാരദമുനിയുമായി എങ്ങിനെയാണ് സത്സംഗം സാദ്ധ്യമായതെന്ന് കൂട്ടുകാർ ചോദിച്ചതിനു മറുപടിയായി *പ്രഹ്ലാദൻ പറഞ്ഞു*:

ഞങ്ങളുടെ അച്ഛൻ തപസ്സിനായി വനത്തിൽ പോയിരുന്നപ്പോൾ ഇന്ദ്രൻ നമ്മുടെ സാമ്രാജ്യം കയ്യേറി. രാക്ഷസന്മാരെയെല്ലാം തുരത്തിയോടിച്ചു. ദേവന്മാർ കൊട്ടാരമെല്ലാം കൊള്ളയടിച്ചു, എൻെറ അമ്മയായ മഹാരാജ്ഞിയെ ഇന്ദ്രൻ പിടിച്ചുവച്ചു. എന്നാൽ നാരദൻ ഇടപെട്ട് അമ്മയുടേയും അമ്മയുടെ വയറ്റിലു ണ്ടായിരുന്ന എൻേറയും സുരക്ഷ ഏറ്റെടുത്തു. ഉദരത്തിലുള്ള കുഞ്ഞ്, ഭഗവൽഭക്തനാണെന്ന് നാരദൻ ഇന്ദ്രനുറപ്പും കൊടുത്തു. അമ്മയ്ക്ക് സമാധാനമേകാനായി നാരദൻ വിജ്ഞാനവും വിവേകവും വഴിയുന്ന കാര്യങ്ങൾ പഠിപ്പിച്ചു കൊടുക്കാറുണ്ടായിരുന്നു. അമ്മ ഇപ്പോൾ അതെല്ലാം മറന്നിരിക്കുന്നു. നാരദമുനിയുടെ കൃപയാൽ എനിക്ക് എല്ലാം ഓർമ്മയുണ്ട്.

ഈ ശരീരത്തിനു മാത്രമേ ജനനം, നിലനിൽപ്പ്, വളർച്ച, പക്വത, ക്ഷീണം, മരണം എന്നിവ ബാധകമായുള്ളു. ഇവയെല്ലാം കാലം കടന്നു പോകുന്നതിൻെറ ലക്ഷണവുമാണ്. എന്നാൽ ആത്മാവ് അനശ്വരവും, ക്ഷീണ മേൽക്കാത്തതും, നിർമ്മലവും, പകരത്തിന് മറ്റൊന്നില്ലാത്തതും, ശുദ്ധബോധവും, എല്ലാത്തിനും അടിസ്ഥാനവും, മാറ്റമില്ലാത്തതും, സ്വയം ഗോചരകാരണവും (സ്വയാവബോധം വസ്തുബോധമല്ല) സർവ്വവ്യാപിയും സ്വതന്ത്രവും, ആവരണങ്ങളില്ലാത്തതുമത്രേ. ഈ പന്ത്രണ്ട് സവിശേഷതകൾ കൊണ്ട് വിവേകിയായ മനുഷ്യൻ ആത്മാവിനെ തിരിച്ചറിയണം. അതിസൂക്ഷ്മമായ അന്വേഷണപ്രക്രിയകൊണ്ട് ഇതല്ല, ഇതല്ല എന്ന പ്രമാണസൂത്രമുപയോഗിച്ച് അന്വേഷകൻ ഈ ശരീരത്തിൽ ജീവിക്കുമ്പോൾത്തന്നെ ആത്മാവി നെക്കുറിച്ചുള്ള പരമസത്യത്തിൽ എത്തിച്ചേരണം. മാനസീകാവസ്ഥകളും തൽഫലമായ കർമ്മങ്ങളും പ്രവർത്തനങ്ങളും ജനനമരണചക്രത്തെ മുന്നോട്ടു കറക്കുന്നത് പ്രകൃതിഗുണങ്ങളുടെ ലീലയാലാണെന്ന് അവൻ മനസിലാക്കണം. അവകളൊന്നും ആത്മാവിനെ ലവലേശം ബാധിക്കുന്നതുമല്ല.

“നിങ്ങൾക്കു ചെയ്യുവാനുള്ളത് ഇത്രമാത്രം. കർമ്മഫലത്തിൻെറ വിത്തുകൾ പാടെ എരിച്ചുകളയുക. ആയത് ത്രിഗുണപ്രകൃതിയാലാണല്ലോ. ബുദ്ധിയുടെ മേഖലക്കപ്പുറം കടന്നുചെല്ലുക. ഇതാണ് യോഗം. ആയിരക്ക ണക്കിനു യോഗാഭ്യാസങ്ങളുള്ളതിൽ ഭഗവാൻ സ്വയം പ്രഖ്യാപിച്ചിട്ടുള്ളത് ഇതാണ്. ഏതൊരു മാർഗ്ഗമാണോ ഭഗവൽഭക്തിയും പരമപ്രേമവും ഉണ്ടാക്കുന്നത്, അതുതന്നെ ഉത്തമയോഗം. ഗുരുപൂജയും സേവനവും, ഭക്തസത്സംഗം, ഭഗവൽപ്പൂജ, മഹിമാകീർത്തനം, മൂർത്തീപൂജ, തുടങ്ങിയവയാലും സകലജിവജാല ഹൃദയങ്ങളിലും ഭഗവാനെ ദർശിച്ച് പ്രേമപൂർവ്വം സേവനം ചെയ്യലും ഇതിൽ പെടുന്നു.

ഈ പ്രേമത്തിൻെറ പരമകാഷ്ഠയിൽ ഒരുവൻ ഭഗവൽപ്പദം പൂകുന്നു. ഭഗവൽപ്രേമത്തിൻെറ ചില ലക്ഷണങ്ങൾ ഇവയാണ്: ഭഗവൽനാമശ്രവണമാത്രയിൽ ഭക്തൻ ഉറക്കെ പാടുന്നു. ആഹ്ലാദഭരിതനായി അവൻ ധ്യാനാവസ്ഥയിൽ മുഴുകുന്നു. തികച്ചും സംതൃപ്തനായി ആശാരഹിതനായി ചിരിക്കുകയും, കരയുകയും, ദീർഘനിശ്വാസം വിടുകയും ചെയ്യുന്നു. ഇത് ബ്രഹ്മനിർവ്വാണാനുഭൂതിയാണ്. ആർക്കും ഈ അവസ്ഥ കൈവരിക്കാം. ഭഗവാൻ ഒരുവൻെറ ജാതി, കുലം, ലിംഗം, തൊഴിൽ, വിദ്യാഭ്യാസം, വേദ പാണ്ഡിത്യം, യജ്ഞപഠനം ഇവയൊന്നും കണക്കാക്കുന്നില്ല. മറിച്ച് ഭക്തി മാത്രമാണ് പ്രധാനം. ഭക്തിയില്ലാതെയെങ്കിൽ മറ്റെല്ലാം വെറുമൊരു പ്രകടനം മാത്രമാണ്. അതുകൊണ്ട്, എല്ലാ രീതിയിലും ഭഗവൽഭക്തി വളർത്തിയെടുക്കുക.

**സത്യം വിധാതും നിജ ഭൃത്യഭാഷിതം**
**വ്യാപ്തിം ച ഭുതേഷ്വഖിലേഷു ചാത്മന:**
**അദൃശ്യതാത്യദ്ഭുതരൂപമുദ്വഹൻ**
**സ്തംഭേ സഭായാം ന മൃഗം ന മാനുഷം (7–8–18)**
**നതദ്വിചിത്രം ഖലു സത്ത്വധാമനി**
**സ്വതേജസാ യോ നു പുരാ*f*പിബത് തമ:**
**തതേ*f*ഭി പദ്യാഭ്യഹനന്മഹാസുരോ**
**രുഷാ നൃസിംഹം ഗദയോരുവേഗയാ (7–8–25)**

*നാരദമുനി തുടർന്നു:*
പ്രഹ്ലാദൻെറ വാക്കുകൾ കേട്ട് കൂട്ടുകാരും രാക്ഷസവൃത്തികൾ ഉപേക്ഷിച്ച് ഭഗവൽഭക്തന്മാരായി.
ഇതുകേട്ട് രാജാവ് ക്രുദ്ധനായി പ്രഹ്ലാദനോട് കൽപ്പിച്ചു. “എൻെറ അധികാരത്തെ വകവെക്കാതെ ആരുടെ ബലത്താലാണ് നമ്മുടെ വിശുദ്ധമായ ആചാരങ്ങളേയും പാരമ്പര്യത്തേയും നീ എതിർക്കുന്നത്? ദേവന്മാരുടെ പ്രവർത്തനങ്ങൾ പോലും നിയന്ത്രിക്കുന്നത് ഞാനാണ്”. ഏറ്റവും ഉയർന്ന സംസ്കാരത്തിൻെറ മൂർത്തിമദ്ഭാവം തന്നെയായ പ്രഹ്ലാദൻ അചഞ്ചലനായി, മന:സംയമനത്തോടെ, പരമസത്യത്തിൻെറ പൊരുളറിയാവുന്നതിൻെറ ആത്മധൈര്യത്തോടെ ഇങ്ങിനെ പറഞ്ഞു: “ഭഗവാനാണച്ഛാ എൻെറ ബലം. അങ്ങയുടെ ശക്തിയും ഭഗവാൻ തന്നെ. എല്ലാ ജീവജാലങ്ങളുടേയും ഉള്ളിൽ സ്ഥിതിചെയ്ത് നിയന്ത്രിക്കുന്നത് അവിടുന്നത്രേ. അങ്ങയുടെ ശത്രുവാണ് ഭഗവാൻ എന്ന തെറ്റിദ്ധാരണ അവസാനിപ്പിച്ചാലും, കാരണം അവിടുന്ന് നമ്മുടെയെല്ലാം രക്ഷകനത്രേ. ഒരുവൻെറ ഉള്ളിലുള്ളതല്ലാതെ മറ്റൊരു ശത്രുവും ആർക്കുമില്ല. നിയന്ത്രണമില്ലാത്ത, മാലിന്യം നിറഞ്ഞ മനസ്സാണ് ഒരുവൻെറ ഏറ്റവും വലിയ ശത്രു. ഈ ശത്രുവിനെ കീഴടക്കാൻ ഭഗവൽപ്രേമം വളർത്തുക മാത്രമേ മാർഗ്ഗമുള്ളൂ. ഹിരണ്യകശിപുവിൻെറ കോപം അതിർത്തി വിട്ടു. ബാലനെ പിടിച്ചുകുലുക്കിക്കൊണ്ട് അയാൾ അലറി. “ഞാൻ മാത്രമാണ് ഭഗവാൻ, മറ്റാരുമില്ല. ഇപ്പോൾത്തന്നെ നിൻെറ തലയറുത്തു കളയാം, വിഡ്ഢീ, നിന്നെ രക്ഷിക്കാൻ ആരുമുണ്ടാവില്ല. നിൻെറ ഭഗവാൻ എല്ലായിടത്തുമുണ്ടെങ്കിൽ ഈ തൂണിൽ ഇല്ലാതിരിക്കുമോ?” എന്നും പറഞ്ഞ് തൻെറ ഉരുക്കു മുഷ്ടി തൂണിലിടിച്ചു. തൂണ് വലിയൊരിടി മുഴക്കത്തോടെ പൊട്ടിത്തുറന്നു. വിശ്വപ്രളയം സംഭവിക്കുകയാണോ എന്നു സംശയം തോന്നുമാറുച്ചത്തിലായിരുന്നു അത്. തൂണു പിളർന്ന ശക്തി വിശ്വാണ്ഡത്തെ പൊട്ടിച്ച് ദിവ്യാവതാരം പ്രത്യക്ഷമായതു പോലെ തോന്നി.

തൻെറ ഭക്തൻെറ വാക്കുകൾ സാധൂകരിക്കാൻ വെമ്പിയപോലെ സർവ്വവ്യാപിയാണെന്ന് തെളിയിച്ചു കൊണ്ട് ഭഗവാൻ, തൂണിൽനിന്ന് നരസിംഹരൂപത്തിൽ അവതരിച്ചു. മനുഷ്യനും മൃഗവുമല്ലാത്ത സത്വം. രാക്ഷസൻ അമ്പരന്നു. ഇങ്ങിനെയൊന്നിനെ മുൻപ് നേരിട്ടിട്ടേയില്ല. പേടിപ്പെടുത്തുന്ന, തിളക്കമേറിയ കണ്ണുകൾ, വാൾത്തലപോലെ മൂർച്ചയുള്ള നാവ്, ഭയാനകമായ വായ, ആകാശം മുട്ടുന്ന തല, എണ്ണിയാലൊടുങ്ങാത്ത കയ്യുകൾ. മാരകമായ നഖങ്ങളാണതിൻെറ ആയുധങ്ങൾ. രാക്ഷസൻ, തൻെറ മരണം അറിവുള്ള ജീവജാലങ്ങളിൽനിന്നുമുണ്ടാവില്ലെന്ന് വരംകൊണ്ട് ഉറപ്പു വരുത്തിയിരുന്നുവല്ലോ. പക്ഷേ, ഈ രൂപം കേട്ടറിവുള്ള ഒരു ജീവിയുമായി സാദൃശ്യം ഉള്ളതല്ല. ദിവ്യബുദ്ധിയെ പറ്റിക്കാനാവില്ലെന്ന് ഹിരണ്യകശിപുവിന് അറിയാമായിരുന്നു. എങ്കിലും അയാൾ നരസിംഹത്തിനു നേരെ പാഞ്ഞുചെന്നു. രാക്ഷസൻ ഭഗവാൻെറ സമീപത്തേക്ക് ചെല്ലുമ്പോൾ ഇരുട്ടിനെ വെളിച്ചം എന്ന പോലെ നരസിംഹാവതാരം ഹിരണ്യകശിപുവിനെ വിഴുങ്ങുന്നതായി കാണപ്പെട്ടു. എന്നിട്ടും രാക്ഷസൻ തൻെറ ഗദയുമായി ഭഗവാനെ പ്രഹരിച്ചു. ഭഗവാൻെറ പിടിയിൽനിന്നും രാക്ഷസൻ കുതറിമാറി. അവനെ പിടിച്ച് മടിയിലിരുത്തി (ഭൂമിയിലോ ആകാശത്തിലോ അല്ല), സ്വയം ഉമ്മറപ്പടിയിൽ (അകത്തോ പുറത്തോ അല്ല) ഇരുന്ന് നഖങ്ങൾ കൊണ്ട് (ആയുധങ്ങൾ ഒന്നുമില്ല) രാക്ഷസൻെറ ദേഹം വലിച്ചു കീറി. അങ്ങിനെ ബ്രഹ്മാവു നൽകിയ വരം തെറ്റിക്കാതെതന്നെ ഭഗവാൻ തൻെറ അവതാരോദ്ദേശം നിറവേറ്റി. ദേവതകളും, സ്വർഗ്ഗവാസികളും, മാമുനിമാരും അപ്പോൾ അവിടെ ആഗതരായി. ബ്രഹ്മാവ്, രുദ്രൻ, ഇന്ദ്രൻ തുടങ്ങി മറ്റു ദേവവൃന്ദങ്ങളും ഭഗവാൻെറ നരസിംഹാവതാരത്തെ സ്തുതിച്ചു പാടി.

**ത്രസ്തോ*f*സ്മ്യഹം കൃപണവത്സല ദു:സഹോഗ്ര**
**സംസാരചക്രകദനാദ് ഗ്രസതാം പ്രണീത:**
**ബദ്ധ: സ്വകർമ്മഭിരുശത്തമ തേ*f*ങ്ഘ്രി മൂലം**
**പ്രീതോ*f*പവർഗ്ഗശരണം ഹ്വയസേ കദാ നു (7-9-16)**
**മൌനവ്രതശ്രുത തപോ*f*ധ്യയനസ്വധർമ്മ**
**വ്യാഖ്യാരഹോജപസമാധയ ആപവർഗ്ഗ്യാ:**
**പ്രായ: പരം പുരുഷതേ ത്വജിതേന്ദ്രിയാണാം**
**വാർത്താ ഭവന്ത്യുത ന വാത്ര തു ദാംഭികാനാം (7-9-46)**

ഭയചകിതരായ ദേവവൃന്ദവും സ്വർഗ്ഗവാസികളും ഭഗവാനെ ദൂരെനിന്ന് പ്രകീർത്തിച്ചു. പ്രഹ്ലാദനാകട്ടെ ഭയലേശമില്ലാതെ ഭഗവാനെ സമീപിച്ച് ഇങ്ങിനെ പ്രാർത്ഥിച്ചു. "ഭഗവാനേ, ദേവവൃന്ദവും വിണ്ണവരും നിരന്തരം അവിടുത്തെ മഹിമയെ വാഴ്ത്തുന്നു. പക്ഷെ അങ്ങ് അവരുടെ ധനത്തേയോ, പാരമ്പര്യത്തേയോ, തപശ്ചര്യയേയോ, പ്രത്യക്ഷഭാവത്തേയോ, പഠിപ്പിനേയോ, ഊർജ്ജത്തേയോ, മഹിമയേയോ, സാമർത്ഥ്യത്തേയോ, ശക്തിയേയോ, നിപുണതയേയോ, ധൈര്യത്തേയോ, ബുദ്ധിയേയോ, യോഗശക്തിയേയോ നോക്കുന്നില്ല തന്നെ. അവിടുത്തെ പ്രസാദിപ്പിക്കാൻ ഭക്തിക്കു മാത്രമേ കഴിയൂ. മാത്രമല്ല, അവിടേക്ക് വാഴ്ത്തിപ്പാടുന്നതുകൊണ്ട് നേട്ടമൊന്നുമില്ല. ആരാണോ അവിടുത്തെ മഹിമയെ വർണ്ണിക്കുന്നത്, അവൻ മഹാനായി മാറുന്നു. സത്യമായ മുഖത്തിൽ ആഭരണങ്ങൾ അണിയുന്നതു കൊണ്ട്, കണ്ണാടിയിലെ പ്രതിബിംബം സൗന്ദര്യമേറിയതായി തോന്നും. ഭഗവൻ, അങ്ങയുടെ ക്രോധം അടക്കിയാലും. ആ ക്രോധത്തിന്റെ ലക്ഷ്യം സാധിച്ചു കഴിഞ്ഞിരിക്കുന്നു. ആളുകൾ ഭയത്തിൽനിന്നും രക്ഷനേടാനായി അവിടുത്തെ വാഴ്ത്തുകയാണ്. പക്ഷെ, എനിക്ക് അവിടുത്തെ യാതൊരു ഭയവുമില്ല, ദേവന്മാർക്കും സ്വർഗ്ഗവാസികൾക്കും ഉള്ളതുപോലെ. പക്ഷെ, നിരന്തരം ചുറ്റിത്തിരിയുന്ന ഈ ജനിമൃതിചക്രത്തിനെ എനിക്കു വലിയ ഭയം തന്നെയാണ്. എന്നാണെന്നെ അവിടുത്തെ പരമമുക്തിപ്രദമായ ആ താമരപ്പാദങ്ങളിൽ ചേർക്കുന്നത്? കൂടുവിട്ടു കൂടുമാറി പാർക്കുന്ന ഈ അലച്ചിൽ മതിയായി, ഭഗവാനേ. സത്സംഗം എപ്പോഴും ഉണ്ടാവാനായും അവിടുത്തെ മഹിമാവിശേഷങ്ങൾ കേൾക്കാനും പാടാനും വേണ്ട വിവേകവിജ്ഞാനം തന്ന് എന്നെ അനുഗ്രഹിച്ചാലും. അവിടുത്തെ കൃപയിൽ കവിഞ്ഞ് മറ്റൊരു രക്ഷകനോ മോക്ഷദായകനോ ഇല്ലതന്നെ. എന്തെല്ലാം ആരെല്ലാം എവിടെ, എങ്ങിനെ ചെയ്യുന്നുവോ അതെല്ലാം അവിടുന്നു തന്നെ. അവിടുത്തെ മായാശക്തിയാൽ സത്യത്തിന് ആവരണമിട്ടതുകൊണ്ട് ഇഹലോകം ഉൺമയാണെന്നു തോന്നിക്കുന്നു. അതുകൊണ്ട് അവിടേക്കു മാത്രമേ മായയിൽനിന്ന് ഞങ്ങളെ രക്ഷിക്കാനാവൂ. ദേവന്മാർ പോലും എന്റെ പിതാവിന്റെ ക്രോധത്തിനു മുൻപിൽ പേടിച്ചു വിറച്ചു. ആ ഹിരണ്യകശിപുവിനെ അങ്ങ് കാലപുരിക്കയച്ചു. എനിക്ക് ദേവസ്ഥാനമോ ബ്രഹ്മപദമോ ഒന്നും വേണ്ട. അവിടുത്തെ പാദങ്ങളിൽ എനിക്ക് അഭയമേകിയാലും. ഈ വിശ്വം മുഴുവൻ അവിടുത്തെ ഊർജ്ജമത്രെ. സൃഷ്ടാവ് അതിൽ നിന്നുണ്ടായി. അങ്ങയെ പ്രസാദിപ്പിച്ച് സൃഷ്ടാവ് വിശ്വസൃഷ്ടി നടത്തി. അപ്പോൾ മുതൽ അവിടുന്നാണ് വിശ്വത്തെ നിലനിർത്തി സംരക്ഷിക്കുന്നത്. പലേ രൂപത്തിൽ. മനുഷ്യനായും, ഉപമനുഷ്യനായും, ദേവനായുമെല്ലാം. മലിനമായ മനസ്സ് അവിടുത്തെ കഥകളിലും മഹിമാവർണ്ണനകളിലും ആനന്ദിക്കുന്നില്ല. അങ്ങിനെയുള്ള മനസ്സ് പലേ വിധത്തിൽ സംഭ്രാന്തമായിരിക്കും. ലൈംഗീകാവയവം മുതൽ നാവുവരെയും മറ്റ് ഇന്ദ്രിയങ്ങളും ഉദരവുമെല്ലാം മനസ്സിനെ അങ്ങോട്ടേക്കാകർഷിച്ചുകൊണ്ടിരിക്കുന്നു. ഇന്ദ്രിയങ്ങളുടെ ബന്ധനത്തിൽപ്പെട്ട് ആളുകൾ കാരാഗ്രഹത്തിലെന്ന പോലെ കഴിയുന്നു. അവിടുത്തെ കൃപയാൽ അവരെ രക്ഷിച്ചാലും. അവിടേയ്ക്ക് മാത്രമേ ശ്രമരഹിതമായി അതു ചെയ്യാനാവൂ. മൗനവ്രതം, തപസ്സ്, ധ്യാനം, സമാധി തുടങ്ങിയ സാധനകളൊന്നും അവിടുത്തെ കൃപയില്ലെങ്കിൽ വെറുമൊരു പൊങ്ങച്ചമോ ജീവസന്ധാനമാർഗ്ഗമോ മാത്രമാണ്. അതുകൊണ്ട് വിവേകി ഭക്തിയോഗം പരിശീലിക്കുന്നു. *നാരദൻ പറഞ്ഞു:* പ്രഹ്ലാദന്റെ മൂർദ്ധാവിൽ കൈവച്ച് ഭഗവാൻ അനുഗ്രഹിച്ചു. ബ്രഹ്മാവിനോ ലക്ഷ്മിക്കോ പോലും ലഭിക്കാതിരുന്ന ഭാഗ്യമത്രെ അത്. ഭഗവാൻ പറഞ്ഞു: "ഞാൻ നിന്നിൽ സംപ്രീതനായിരിക്കുന്നു. എന്തു വരം വേണമെങ്കിലും ചോദിച്ചുകൊള്ളൂ." ഭക്തശിരോമണിയായ പ്രഹ്ലാദൻ നിശ്ശബ്ദനായി നിന്നതേയുള്ളൂ.

ॐ



**ത്രി: സപ്തഭി: പിതാ പൂത: പിതൃഭി: സഹ തേ*f*നഘ**
**യത് സാധോ*f*സ്യഗൃഹേ ജാതോഭവാൻ വൈ കുലപാവന: (7-10-18)**
**യത്രയത്ര ച മദ് ഭക്താ: പ്രശാന്താ: സമദർശിന:**
**സാധവ: സമുദാചാരാസ്തേ പൂയന്ത്യപി കീകടാ: (7-10-19)**

*നാരദമുനി തുടർന്നു:*
വിവേകിയായ പ്രഹ്ലാദൻ പ്രാർത്ഥിച്ചു: "എൻെറ ഹൃദയം മൂന്നുലോകങ്ങളിലുമുള്ള യാതൊന്നിനേയും കാംക്ഷിക്കുന്നില്ല. എന്തെങ്കിലും അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നവർ അവിടുത്തെ ഭക്തനല്ല, മറിച്ച് വെറുമൊരു വ്യാപാരി മാത്രമാണ്. എനിക്ക് എന്തെങ്കിലും വരമേകണം എന്നുണ്ടെങ്കിൽ, എൻെറ മനസ്സിൽ ആഗ്രഹങ്ങളൊന്നും ഉദിക്കാതിരിക്കാനിടയാക്കിയാലും. ആഗ്രഹങ്ങളാണ് മനസ്സിലെ നന്മയെ മറച്ചു വെക്കുന്നത്. എന്നാൽ ആഗ്രഹങ്ങളില്ലാത്ത മനസ്സ്, മോക്ഷത്തിലേക്കുള്ള നാന്നിയാണ്. ഞാൻ ഭഗവാനെ വീണ്ടും വീണ്ടും പ്രണമിക്കുന്നു." പ്രഹ്ലാദനിൽ അതീവപ്രസാദത്തോടെ ഭഗവാൻ അദ്ദേഹത്തെ അനുഗ്രഹിച്ചു. പ്രഹ്ലാദൻ ഏറെക്കാലം ലോകം ഭരിക്കുമെന്ന് ഭഗവാൻ അരുളി ചെയ്തു. ആർജ്ജിതപുണ്യഫലങ്ങൾ ആസ്വദിച്ചും, പുണ്യകർമ്മങ്ങൾ നടത്തിയും പ്രഹ്ലാദൻ ഇഹലോകത്തിൽ ജീവിച്ച് മുക്തിപദം കൈവരുത്തുമെന്നും ഭഗവാൻ അനുഗ്രഹിച്ചു.

പ്രഹ്ലാദൻ പിന്നീട് ഭഗവാനോട് തൻെറ പിതാവിൻെറ ദുഷ്പ്രവർത്തികൾക്കു വേണ്ടി മാപ്പു ചോദിച്ചു. ഇതിനു മറുപടിയായി ഭഗവാൻ പറഞ്ഞു: "അദ്ദേഹം മാത്രമല്ല, ഇരുപത്തിയൊന്നു തലമുറകൾ മുഴുവൻ നിന്നേപ്പോലുള്ള ഒരുത്തമഭക്തൻെറ ജന്മത്തോടെ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. എവിടെയാണോ ഭക്തൻ വാഴുന്നത്, അവിടം പരിശിദ്ധമാവുന്നു." ഭഗവാൻ ബ്രഹ്മാവിനോട്, ദുഷ്ടബുദ്ധികൾക്ക് ഇനി വരം നൽകരുതെന്ന് മുന്നറിയിപ്പ് നൽകി. അല്ലയോ യുധിഷ്ഠിരാ, ഞാൻ ഹിരണ്യാക്ഷൻെറ സഹോദരനായ ഹിരണ്യകശിപുവിന് മോക്ഷം കിട്ടിയ കഥയും വിശദീകരിച്ചു കഴിഞ്ഞു. രണ്ടുപേരും ഭഗവൽപ്പാർഷദൻമാരായിരുന്നുവല്ലൊ. അവർ തങ്ങളുടെ രാക്ഷസരൂപം വിട്ടൊഴിഞ്ഞ് അവസാനം ഭഗവൽസദൃശരായിത്തീർന്നകാര്യവും ഞാൻ വിശദീകരിക്കുകയുണ്ടായി. നിങ്ങൾ പ്രഹ്ലാദനേക്കാളും ഭഗ്യശാലിയത്രെ. കാരണം, അതേ പരമപുരുഷനായ ശ്രീകൃഷ്ണൻ നിങ്ങളുടെ സ്വന്തം അമ്മാമൻെറ മകനും സുഹൃത്തുമായിരുന്നു. അതേ ഭഗവാനാണ് പരമശിവന് ത്രിപുരാന്തകൻ എന്ന പേരുണ്ടാക്കിക്കൊടുത്തത്. ആ പാവനമായ ചരിതം കൂടി ഞാൻ പറഞ്ഞുതരാം.

ദേവന്മാരാൽ തോൽപ്പിക്കപ്പെട്ട രാക്ഷസവൃന്ദം, ശിൽപ്പിയും മായാവിയുമായ മയനെ സമീപിച്ച് അവർക്കു മൂന്നുപേർക്കും പറക്കും നഗരങ്ങൾ (ഉപഗ്രഹങ്ങൾ) ഉണ്ടാക്കി കൊടുക്കാനപേക്ഷിച്ചു. ഒന്ന് സ്വർണ്ണം കൊണ്ടും, ഇനിയൊന്ന് വെള്ളി കൊണ്ടും മൂന്നാമത്തേത് ഇരുമ്പുകൊണ്ടും നിർമ്മിച്ചു. രാക്ഷസന്മാർ ഈ ഉപഗ്രഹങ്ങളിൽ കയറി അതിശീഘ്രം സഞ്ചരിക്കയാൽ അവർ അജയ്യരും, അദൃശരൂപികളും നശീകരണസ്വഭാവമുള്ളവരുമായിത്തീർന്നു. ദേവന്മാർ പരമശിവനെ ശരണം പ്രാപിച്ചു. ശിവൻ നഗരങ്ങളെ കീഴടക്കി ആളുകളെ മുഴുവൻ കൊന്നൊടുക്കി. പക്ഷെ രാക്ഷസർ അമൃതുനിറഞ്ഞ കുളത്തിൽ നിന്ന് വീണ്ടും ജീവനോടെ തിരിച്ചു വന്നു. ഭഗവാൻ വിഷ്ണു ദേവന്മാരുടെ രക്ഷയ്ക്കായി വന്നു. അദ്ദേഹം ഒരു പശുവായും സൃഷ്ടാവ് ഒരു പശുക്കിടാവായും അവതരിച്ച് അമൃതജലം മുഴുവനും കുടിച്ചു വറ്റിച്ചുകളഞ്ഞു. എന്നിട്ട് പരമശിവന് നഗരങ്ങളെ ആക്രമിച്ചു നശിപ്പിക്കുവാനുള്ള ആയുധങ്ങളും നൽകി. ഈ മൂന്നു നഗരങ്ങളും പരമശിവൻ നശിപ്പിച്ചു കളഞ്ഞു. ഇങ്ങിനെ, എണ്ണിയാലൊടുങ്ങാത്ത അനവധി ചരിതങ്ങൾ ഭഗവാൻെറ ലീലയായുണ്ട്.

"ഉപഗ്രഹനഗരങ്ങൾ ആധുനിക ശാസ്ത്രത്തിൻെറ കണ്ടുപിടുത്തമാണോ?"

## നത്വാ ഭഗവതേƒജായ ലോകാനാം ധർമ്മഹേതവേ
## വക്ഷ്യേ സനാതനം ധർമ്മം നാരായണമുഖാച്ഛ്റുതം (7-11-5)

യുധിഷ്ഠിരൻ പിന്നീട്,സനാതന ധർമ്മത്തെപ്പറ്റി വിശദീകരിക്കാൻ നാരദമുനിയോടഭ്യർഥിച്ചു.
*നാരദൻ പറഞ്ഞു:* "ഭഗവാൻ നാരായണൻ സ്വയം എന്നോടുണർത്തിച്ച സനാതനധർമ്മത്തെപ്പറ്റി, അതേ ധർമ്മത്തെ പരിപാലിക്കുന്ന ഭഗവാനെ നമിച്ചുകൊണ്ട് ഞാൻ വിശദീകരിക്കട്ടെ." ഈ ധർമ്മത്തിൻെറ അടിസ്ഥാനം മൂന്നാണ്. ഒന്ന്, ഭഗവാൻ സ്വയം അരുൾചെയ്തത്,രണ്ട്, ഭഗവൽപ്രോക്തങ്ങൾ അറിയാവുന്നവരുടെ കൃതികൾ, മൂന്ന് ഏതനുഷ്ഠാനങ്ങളാണോ ഉള്ളിൻെറയുള്ളിലെ ആത്മാവിനെ പരമശാന്തിയിലെത്തിക്കുന്നത് അവ. മുപ്പത് സ്വഭാവസവിശേഷതകൾ സനാതനധർമ്മരീതിയിൽ ജീവിക്കാനാഗ്രഹിക്കുന്നവർക്കായി വിധിച്ചിട്ടുണ്ട്. സത്യം, കൃപ, തപസ്സ്, പരിശുദ്ധി, സഹനശക്തി, ആത്മനിയന്ത്രണം, ഇന്ദ്രിയനിയന്ത്രണം, അഹിംസ, ഇന്ദ്രിയനിഗ്രഹം, സംന്യാസം, ധർമ്മശാസ്ത്ര പഠനം, നേർവഴി, സംതൃപ്തി, സമദൃഷ്ടിയുള്ളവർക്കുവേണ്ടി സേവനം, ലൗകീകപ്രവർത്തന ങ്ങളിൽനിന്നും ക്രമേണയുള്ള വിടുതി, ജീവിതത്തിലെ വിരോധാഭാസങ്ങളെപ്പറ്റിയുള്ള ചിന്ത, മൗനം, ആത്മാനുസന്ധാനം ,അന്നദാനം, മനുഷ്യർക്കും ഇതരജീവികൾക്കും (അവരെയെല്ലാം ഒരേ ആത്മാവായിദർശിച്ച്) ഭഗവൽകീർത്തനം, സ്മരണ, സേവനം, പൂജാനമസ്കാരകർമ്മങ്ങൾ, മഹാത്മാക്കളുടെ ലക്ഷ്യമായ ഭഗവൽസേവ, ഭഗവാൻെറ ഭൃത്യനോ, സുഹൃത്തോ ആയി സ്വയം കണക്കാക്കി ഭഗവാനിൽ സമ്പൂർണ്ണ സമർപ്പണം, ഇതെല്ലാം കൊണ്ട് ഒരുവൻ സനാതനധർമ്മം അനുഷ്ഠിച്ച് സർവ്വർക്കും പ്രിയങ്കരനായി ഭവിക്കുന്നു.

ഏതൊരുവീട്ടിലാണോ ധർമ്മാനുഷ്ഠാനങ്ങൾ നിരന്തരം മുടക്കമില്ലാതെ അനുവർത്തിച്ചു വരുന്നത്, അവിടെയുള്ളവനാണ് ദ്വിജൻ. ബ്രാഹ്മണർ, യാഗാനുഷ്ഠാനങ്ങൾ ചെയ്യുകയും ധർമ്മ ശാസ്ത്രങ്ങൾ പഠിക്കുകയും വേണം. ദാനധർമ്മാദികൾ, നാലുജീവഘട്ടങ്ങൾ - ബ്രഹ്മചര്യം, ഗാർഹസ്ത്യം, വനവാസം, സംന്യാസം -എന്നിവ കൃത്യമായി അനുഷ്ഠിക്കുകയും ചെയ്യണം. പഠനാദികളാണ് ബ്രാഹ്മണധർമ്മം. പ്രജാസുരക്ഷിതത്വമാണ് രാജാവിൻെറ ധർമ്മം. വൈശ്യരുടേത് വ്യാപാരധർമ്മം. ശൂദ്രന്മാരുടേത് സേവനധർമ്മം. പലേവിധ ജോലികൾ, സമ്മാനം സ്വീകരിക്കൽ, ഭിക്ഷാടനം, ബാക്കിവന്ന ധാന്യം ശേഖരിക്കൽ എന്നിവയാണ് ബ്രാഹ്മണർക്ക് വിധിച്ചിട്ടുള്ള ജീവിതായോധനമാർഗ്ഗങ്ങൾ. അത്യാഹിതസന്ദർഭങ്ങളിലൊഴികെ ഒരുവൻ തൻെറ മേലധികാരിയുടെ ധർമ്മം പിടിച്ചെടുക്കുകയോ തനിക്കു വിധിച്ചിട്ടുള്ളതിൽ നിന്നും താഴെയുള്ള ജോലികൾ ഏറ്റെടുത്ത് തരം താഴുകയോ അരുത്.

ആത്മനിയന്ത്രണം, ഇന്ദ്രിയനിയന്ത്രണം, സംശുദ്ധി, സംതൃപ്തി, ക്ഷമാശീലം, നേർവഴി, വിവേകം, കൃപ, ഭഗവൽസാക്ഷാത്ക്കാരത്തിനും സത്യത്തിനുമുള്ള ത്വര, എന്നിവയാണ് ബ്രാഹ്മണഗുണങ്ങൾ. ധൈര്യം, ശക്തി, ഉറപ്പ്, നിശ്ചയദാർഢ്യമ, തേജസ്, സംന്യാസം, ആത്മനിയന്ത്രണം, ക്ഷമാശീലം, ബ്രഹ്മപ്രതാപം, ശാന്തി, സുരക്ഷ എന്നിവയത്രേ രാജഗുണങ്ങൾ. (ക്ഷത്രിയഗുണങ്ങൾ) ഭഗവൽഭക്തി, ഗുരുഭക്തി, യജമാന ഭക്തി, മൂന്നുവിഭാഗങ്ങളിലുംപെട്ടവർക്കുള്ള പോഷണം, വിശ്വാസം, ഉത്സാഹം, അദ്ധ്വാനശീലം, നിപുണത എന്നിവയാണ് വൈശ്യനുവേണ്ട ഗുണങ്ങൾ. സേവനം, ശുദ്ധി, വിനയം, ലളിതമായ യാഗകർമ്മാനുഷ്ടാനങ്ങൾ, മോഷ്ടിക്കാതിരിക്കൽ, സത്യം, മഹാത്മാക്കളുടേയും പശുക്കളുടേയും സുരക്ഷ എന്നിവ ശൂദ്രൻെറ ലക്ഷണങ്ങളത്രെ. ഒരു സ്ത്രീയുടെ കടമ തൻെറ ഭർത്താവിനെ സേവിക്കയെന്നതാണ്. അദ്ദേഹത്തെ ഭഗവാൻെറ പ്രതിപുരുഷനായി കാണുകയും വേണം. അവനവൻെറ ഗുണങ്ങളും വാസനയുമനുസരിച്ചുള്ള ധർമ്മത്തെ ഒരുവൻ അർപ്പണഭാവത്തോടെ അനുഷ്ഠിക്കേണ്ടതാണ്. അങ്ങിനെ സ്വന്തം ഗുണവിശേഷങ്ങളാൽത്തന്നെ, ആ ഗുണങ്ങൾക്കുമപ്പുറത്തേക്കുകടക്കാൻ അവനു കഴിയുന്നു. ഒരുവൻെറ ഗുണസവിശേഷതകൾ മാത്രമനുസരിച്ചേ വർണ്ണാശ്രമധർമ്മം അനുഷ്ഠിക്കാവൂ. അതനുസരിച്ചാണ് ഒരുവൻെറ ജാതി നിർണ്ണയിക്കപ്പെടുന്നത്.

## ഇത്യക്ഷരതയാ*ff*ത്മാനം ചിന്മാത്രമവശേഷിതം
## ജ്ഞാത്വാദ്വയോ*f*ഥ വിരമേദ് ദഗ്ദ്ധയോനിരിവാനല: (7-12-31)

വിദ്യാർത്ഥിയായിരിക്കുന്ന കുമാരൻ, ഗുരുവിൻെറ ഗൃഹത്തിൽ വസിച്ച് സൂര്യോദയത്തിലും അസ്തമയത്തിലും ഗുരുവിനേയും ദിവ്യാഗ്നിയേയും സൂര്യനെയും ഭഗവാനെയും ശരിയായരീതിയിൽ പൂജിക്കണം. രാവിലെയും വൈകുന്നരേവും ഗായത്രി ജപിക്കുകയും വേണം. ഗുരുവിനോട് അങ്ങേയറ്റം ഭക്തിവിശ്വാസത്തോടെ വേദാദ്ധ്യയനം നടത്തണം. തനിക്കും ഗുരുവിനും വേണ്ട ഭക്ഷണം ഗ്രാമത്തിൽ നിന്നു ഭിക്ഷയാചിച്ചു കൊണ്ടുവന്ന് ഗുരുവിൻെറ അനുവാദത്തോടെ വേണം ഭക്ഷിക്കാൻ. സദാചാരപരമായി ഉന്നതനിലയിലായിരിക്കണം വിദ്യാർത്ഥിയുടെ ജീവിതം. അനാവശ്യമായി സ്ത്രീകളോട് ഇടപെടുകയരുത്. സ്ത്രീ, പുരുഷന്, തീയ് വെണ്ണയോടെന്നപോലെയാണ്. ഈ നിർദ്ദേശം ഒരുവൻ ആത്മസാക്ഷാത്ക്കാരം നേടുന്നതുവരെ പരിപാലിക്കണം. ദ്വന്ദഭാവന നിശ്ശേഷം കത്തിച്ചാമ്പലാവുന്നതുവരെ ഇതു തുടരണം.

മേലുദ്ധരിച്ച ചിട്ടകൾ ഗൃഹസ്ഥനും ബാധകമാണ്. പക്ഷേ അവർക്ക് നിർദ്ദിഷ്ടസമയങ്ങളിൽ ഭാര്യയുമായി ലൈംഗീകവേഴ്ച അനുവദിച്ചിട്ടുണ്ട്. വേദാദ്ധ്യയനം കഴിഞ്ഞ് ഗുരുവിന് ദക്ഷിണയും നൽകി വിദ്യാർത്ഥിക്ക് ഗൃഹസ്ഥാശ്രമം സ്വീകരിക്കാവുതാണ്. അല്ലെങ്കിൽ ഗുരുവിനോടൊപ്പം നിത്യബ്രഹ്മചാരിയായിക്കഴിയാനും വിധിയുണ്ട്. അതുമല്ലെങ്കിൽ വാനപ്രസ്ഥവുമാവാം. യാഗാഗ്നിയിലും ഗുരുവിലും എന്നിലും പഞ്ചഭൂതങ്ങളിലും ഭഗവാനെ ദർശിക്കുകയും ഭഗവാൻ അവകളിലൊന്നും ഒതുങ്ങി നിൽക്കുന്നതല്ലെന്നറിയുകയും വേണം. ആരാണോ വിധിയാംവണ്ണം ഈ നിർദ്ദേശങ്ങൾ പാലിച്ചു ജീവിക്കുന്നത്, അവർക്ക് ഈശ്വരസാക്ഷാൽക്കാര മുണ്ടാവുന്നതാണ്. ബ്രഹ്മചാരിക്കും ഗൃഹസ്ഥനും വാനപ്രസ്ഥനും സന്യാസിക്കും പ്രാപ്യമാണിത്.

വാനപ്രസ്ഥത്തിനിറങ്ങിയയാൾ പ്രകൃതിയുടെയും കാലാവസ്ഥയുടെയും രൂക്ഷതയെ നിസ്സങ്കോചം നേരിടണം. ഒരു കുടിലുണ്ടാക്കി അതിൽ യാഗാഗ്നികെടാതെ സൂക്ഷിക്കണം. യാഗാഗ്നിപൂജയും അവിടെ നടത്താം. പാചകം ചെയ്തതോ പച്ചയോ ആയ പച്ചക്കറികളോ, ആഹാരപദാർത്ഥങ്ങളോ കഴിക്കരുത്. സൂര്യതാപത്താൽ പാകപ്പെട്ട ഫലങ്ങൾ മാത്രം ഭക്ഷിക്കാം. ശരീരസംരക്ഷണത്തിൽ താൽപ്പര്യമില്ലാതെയും നഖം, മുടി, ഇവ മുറിക്കാതെയും ശുചിത്വബോധം ഒഴിയാബാധയാകാതെയും അയാൾ കഴിയണം. ഈ വിധത്തിൽ പന്ത്രണ്ടോ, എട്ടോ, നാലോ, രണ്ടോ, ഒരു വർഷമോ കഴിഞ്ഞുകൂടണം. എന്നാൽ ഈ പീഢനം കൊണ്ട് ബുദ്ധി വികലമാകാതിരിക്കാൻ ശ്രദ്ധിക്കുകയും പേണം.

രണ്ടു മാർഗ്ഗങ്ങളാണ് വാനപ്രസ്ഥക്കാരനുള്ളത്. സന്യാസമെടുത്ത് സഞ്ചാരം ചെയ്യാം. അല്ലെങ്കിൽ യാഗാഗ്നിയെ സ്വയം സമർപ്പിച്ച് എൻെറ, ഞാൻ, എന്നീ ചിന്തകൾ കളഞ്ഞ് എല്ലാ ഇന്ദ്രിയങ്ങളേയും അവയുടെ പ്രവർത്തനങ്ങളേയും ഏകോപിപ്പിച്ച് അവയുടെ മൂലകാരണങ്ങളിലേക്ക് വിലയിപ്പിക്കണം. അതിസൂക്ഷ്മങ്ങളായ വിശ്വഭൂതങ്ങളിലാണതു ലയിക്കുന്നത്. മനസ്സ് ചന്ദ്രനിലും ബുദ്ധി ബ്രഹ്മാവിലും ആത്മബോധം രുദ്രനിലും ചിത്തം വാസുദേനിലും ജീവൻ പരബ്രഹ്മത്തിലും വിലയിപ്പിക്കണം. അതു കഴിഞ്ഞ് ഭൂമിയെ ജലത്തിലും ജലത്തെ അഗ്നിയിലും അഗ്നിയെ വായുവിലും വായുവിനെ ആകാശത്തിലും ആകാശത്തെ അഹങ്കാരതത്വത്തിലും അഹത്തെ മഹത്തിലും അതിനെ അപ്രകടിതമായ സത്തിലും പിന്നീട് പരബ്രഹ്മത്തിലും വിലയിക്കണം. എന്നിട്ട് ആത്മാവിനെ പരമാത്മബോധമായി സാക്ഷാത്കരിച്ച് വിറകില്ലാത്ത തീയ്പോലെ ശാന്തിയടയണം.

ॐ



## നാഹം നിന്ദേ നച സ്തൌമി സ്വഭാവവിഷമം ജനം
## ഏതേഷാം ശ്രേയ ആശാസേ ഉതൈകാത്മ്യം മഹാത്മനി (7-13-42)

*നാരദമുനി തുടർന്നു:*

സാധിക്കുമെങ്കിൽ വാനപ്രസ്ഥൻ അടുത്തപടിയായി ഭിക്ഷാംദേഹിയായി അലയുകയാണ് ഉത്തമം. ഒരു കൗപീനമൊഴികെ മറ്റൊരു വസ്ത്രവുമില്ലാതെ, യാതൊരു സമ്പത്തുമില്ലാതെ ലോകം മുഴുവൻ ചുറ്റിത്തിരിയണം. എന്നാൽ ഒരിടത്തും ഒരു രാത്രിയിൽ കൂടുതൽ ചിലവഴിക്കുകയുമരുത്. ഭിക്ഷ യാചിച്ചു കൊണ്ട്, കിട്ടുന്നതുകൊണ്ടു ജീവിച്ച്, സ്വന്തമായി താമസ സ്ഥലമില്ലാതെ, സർവ്വരോടും സൗഹൃദ ഭാവത്തോടെ അയാൾ കഴിയണം. അയാളുടെ ഹൃദയം ഭഗവൽസ്മരണയാൽ സർവ്വദാ ആഹ്ലാദപൂർണ്ണമായും ആന്തരദർശനത്തിൽ സർവ്വചരാചരങ്ങളും ഒന്നെന്ന അറിവുനിറഞ്ഞും അയാൾ ജീവിക്കുന്നു. സുഷുപ്തിയുടേയും ജാഗ്രതാവസ്ഥയുടേയും ഇടക്ക് ആത്മാവിന്റെ സത്യസ്വഭാവം അയാൾ കണ്ടെത്തണം. അനിവാര്യമായ മരണത്തെ പ്രതീക്ഷിച്ചുകഴിയുകയോ ക്ഷണഭംഗുരമായ ജീവിതം നീട്ടിക്കിട്ടുവാൻ ആഗ്രഹിക്കുകയോ ചെയ്യാതെ അയാൾ തന്റെ കാലം കഴിക്കണം. എല്ലാ ജീവസന്ധാരണ ജോലികളും ഉപേക്ഷിച്ച്, ശിഷ്യപരമ്പരകളെയൊന്നും തന്റെ കൂടെ ചേർക്കാതെ, ഐഹികമായ കർമ്മങ്ങളൊന്നും ചെയ്യാതെയാണ് അയാൾ ജീവിക്കേണ്ടത്. എല്ലാവിധ വഴക്കുകളിൽ നിന്നും അഭിപ്രായഭിന്നതകളിൽ നിന്നും വിട്ടുനിന്ന് ഒരിടത്തും പക്ഷം ചേരാതെയിരിക്കുകയും വെറും പ്രഭാഷണങ്ങളിൽ ഏർപ്പെടാതെയിരിക്കുകയും വേണം. അയാൾ യാതൊരുവിധ ജോലികളും തുടങ്ങി വയ്ക്കേണ്ടതില്ല. സഞ്ചാരിയായ സന്യാസിക്ക് ധർമ്മ പരിപാലനമോ മറിച്ചോ തന്റെ കടമയായിട്ടില്ല തന്നെ. അയാൾ തന്റെ കുലമോ മഹിമയോ ആത്മീയതയേയോ കുറിക്കുന്ന അടയാളങ്ങൾ ധരിക്കാനും ബാദ്ധ്യസ്ഥനല്ല. ഭ്രാന്തനേപ്പോലെയോ ലക്ഷ്യമേതുമില്ലാത്ത കുട്ടികളെപ്പോലെയോ അയാൾ അലയുന്നു. പ്രഹ്ലാദനും, ദിവ്യനായ ഒരു ബ്രാഹ്മണനും തമ്മിലുണ്ടായ സംഭാഷണം കേട്ടാലും.

ഒരിക്കൽ പ്രഹ്ലാദൻ മഹാത്മാക്കളുമായി സത്സംഗമുണ്ടാവാൻ തീർത്ഥയാത്ര പുറപ്പെട്ടു. വഴിയിൽ ഒരു ബ്രാഹ്മണൻ പൊടി മൂടി മണ്ണിൽ കിടക്കുന്നു. അദ്ദേഹത്തിന്റെ മഹിമ തിരിച്ചറിഞ്ഞ പ്രഹ്ലാദൻ ചോദിച്ചു. - മഹാത്മാവേ, അങ്ങയുടെ ശരീരം സുദൃഢവും കരുത്തേറിയതുമാണ്. കണ്ടാൽ സമ്പന്ന കുടുംബാംഗവുമാണ്. പക്ഷെ പുറത്തു നോക്കിയാൽ സഞ്ചാരിയായ ഒരു സന്യാസിയാണങ്ങ്. ആരോഗ്യവാന്മാരായിട്ടുള്ളവർ ലോകത്ത് പലേ വിധ ജോലികളിലേർപ്പെട്ടു കഴിയുന്നു. എന്നാൽ അങ്ങെന്താണിവിടെ അലസനായി കിടക്കുന്നത്?

*ബ്രാഹ്മണൻ പറഞ്ഞു:*

അനേക ജന്മങ്ങൾ പലേവിധ ജന്തുക്കളായി ജനിച്ചും മരിച്ചും ഭാഗ്യവശാൽ കിട്ടിയതാണീ മനുഷ്യ ജന്മം. ഈ ജന്മത്തിൽ ആത്മസാക്ഷാത്ക്കാരം സാദ്ധ്യവുമാണ്. ഇന്ദ്രിയങ്ങൾക്കടിമപ്പെട്ട്, സമ്പത്തുകൾ വാരിക്കൂട്ടിയ ഗൃഹസ്ഥരുടെ ദുരിതം നിറഞ്ഞ ജീവിതം ഞാൻ കണ്ടിരിക്കുന്നു. അവർ തീർച്ചയായും സുഖകാംക്ഷികളാണ് - തെറ്റായ മാർഗ്ഗത്തിലാണെന്നു മാത്രം. ആനന്ദം ആത്മാവിലാണ്. ആളുകൾ തിരയുന്ന വസ്തുക്കളിലല്ല. മരീചികയിൽനിന്നു ദാഹജലം തിരയുന്ന മനുഷ്യൻ അടുത്തുള്ള താമരപ്പൊയ്കയെ അവഗണിക്കുന്നു. സമ്പത്ത് ഭയമുണ്ടാക്കുന്നു. തേനീച്ച സമാഹരിച്ചുവയ്ക്കുന്ന തേനെടുക്കാനായി മറ്റുള്ളവർ അതിനെ കൊല്ലുന്നു. എന്നാൽ ഒരു പെരുമ്പാമ്പ് ഭയരഹിതനാണ്. കിട്ടുന്നതെന്തും ഭക്ഷിക്കുന്ന അല്ലലില്ലാത്ത ജീവിതമാണ് അതു നയിക്കുന്നത്. അതുകൊണ്ട് ഞാൻ പെരുമ്പാമ്പിന്റെ ജീവിതമാണു സ്വീകരിച്ചിരിക്കുന്നത്. - ഞാൻ ഐഹീക ജീവിതം നയിക്കുന്നവരെ അനുമോദിക്കുകയോ അപലപിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അവരും ഭഗവൽമാർഗ്ഗത്തിൽ ഒന്നായിത്തീരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ആത്മാവിലേക്ക് മുഖം തിരിച്ചു നോക്കിയാൽ നാനാത്വഭാവം അതിന്റെ സൃഷ്ടാവായ മനസ്സിൽ അലിഞ്ഞുപോവുന്നതു കാണാം. ഉൺമ സ്വയം പ്രഭമത്രേ. ഇതുകേട്ട് പ്രഹ്ലാദൻ പ്രബുദ്ധനായി.

**യാവദ് ഭ്രിയേത ജഠരം താവത്സ്വത്വം ഹി ദേഹിനാം**
**അധികം യോഽഭിമന്യേത സ സ്തേനോ ദണ്ഡമർഹതി (7-14-8)**
**മൃഗോഷ്ട്രഖരമർക്കാഖുസരീസൃപ്ഖഗമക്ഷികാ:**
**ആത്മന: പുത്രവത് പശ്യേത്തൈരേഷാമന്തരം കിയത് (7-14-9)**

*ഗൃഹസ്ഥാശ്രമിയുടെ ധർമ്മങ്ങൾ എന്തൊക്കെയാണെന്ന യുധിഷ്ഠിരൻെറ ചോദ്യത്തിനു മറുപടിയായി നാരദമുനി പറഞ്ഞു:*
ഗൃഹസ്ഥൻ എല്ലാ ധർമ്മങ്ങളും ഭഗവാനുവേണ്ടി മാത്രം ചെയ്യണം. മഹൽപ്പുരുഷന്മാരുമായുള്ള സത്സംഗം വളർത്തുകയും മറ്റ് ബന്ധുക്കളുമായുള്ള മമത ക്രമേണ ഇല്ലാതാക്കുകയും വേണം. വ്യക്തിപരമായി അഭിലാഷങ്ങളില്ലാതെ, കുടുംബത്തിലെ മറ്റുള്ളവർക്കായി ചുമതലകൾ ഏൽപ്പിക്കുകയും ചെയ്യണം. ഭഗവൽകൃപയാൽ കിട്ടിയ സുഖസമ്പത്തുക്കളെ സംതൃപ്തിയോടെ അനുഭവിക്കാനും ഗൃഹസ്ഥനവകാശമുണ്ട്. ഒരുവന് സ്വന്തമായി സമ്പാദിക്കാനർഹതയുള്ളത്, അവനുവേണ്ട ഭക്ഷണം മാത്രമത്രേ. അതിൽ കുടുതലായി വാരിക്കൂട്ടുന്നവൻ കള്ളനും ശിക്ഷാർഹനുമത്രേ. ഗൃഹസ്ഥൻ, തൻെറ ചുറ്റുമുള്ള പക്ഷിമൃഗാദികളേയും ഉരഗങ്ങളേയും തൻെറ മക്കളെപ്പോലെ കരുതി പരിപാലിക്കണം. വാസ്തവത്തിൽ കുട്ടികളും അവയും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?

എന്നാൽ ധർമ്മപരിപാലനത്തിനായി അവൻ അത്യദ്ധ്വാനം ചെയ്യേണ്ടതുമില്ല. അതുപോലെതന്നെ സുഖത്തിനും, സമ്പത്തിനും വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നതും അനാവശ്യമാണ്. മൃഗങ്ങൾക്കടക്കം എല്ലാവർക്കുമായി തൻെറ സമ്പത്ത് പങ്കുവയ്ക്കണം. അങ്ങിനെ "എൻെറ" എന്ന ഭാവം ഇല്ലാതാക്കാം. സ്വന്തം ഭാര്യയോടു പോലും എൻെറ എന്നഭാവത്തിൽ പെരുമാറരുത്. കാരണം ഇതെല്ലാം നശ്വരമായ ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നുവല്ലോ.

ദിവസേന അഞ്ചു തരത്തിലുള്ള യാഗങ്ങൾ -മൃഗങ്ങൾക്ക്, മനുഷ്യർക്ക്, പിതൃക്കൾക്ക്, മാമുനിമാർക്ക്, ഭഗവാന്- ഒരു ഗൃഹസ്ഥൻ അനുഷ്ടിക്കണം. ഒരു മഹാ ബ്രാഹ്മണന് ഭിക്ഷയും ഭക്ഷണവും നൽകുന്നതു കൊണ്ടും ഭഗവാൻ അതീവസന്തുഷ്ടനാവുന്നു. നിയുക്തസമയങ്ങളിൽ പിതൃക്കൾക്കുവേണ്ട ക്രിയകൾ ചെയ്യണം. സത്യദൃക്കുകൾ പൂജ, ജപം, ധയാനം, യാഗാദികൾ ദാനം എന്നിവയ്ക്കായി ഇത്തരം സമയങ്ങൾ പറഞ്ഞു വച്ചിട്ടുണ്ടല്ലോ.

ദിവ്യവും പരിപാവനങ്ങളുമായ തീർത്ഥാടനകേന്ദ്രങ്ങളിൽ ഗൃഹസ്ഥൻ ദർശനം നടത്തണം. ചുരുക്കത്തിൽ ദിവ്യപുരുഷന്മാർ വാഴുന്നിടം, അല്ലെങ്കിൽ ഏതെങ്കിലും ദിവ്യന്മാർ ഉണ്ടായിരുന്നയിടം, ഭഗവൽമൂർത്തിയെ ആരാധിക്കുന്നയിടം, പുണ്യനദികൾ ഒഴുകുന്നയിടം ഇവയെല്ലാം പവിത്രങ്ങളത്രേ. പുണ്യസ്ഥലങ്ങളിൽ നടത്തുന്ന ആത്മീയാനുഷ്ടാനങ്ങൾ ആയിരം മടങ്ങ് ഫലപ്രദവുമാണ്.

മാമുനിമാരും ഋഷികളും ഐകകണ്ഠമായി ഉദ്ഘോഷിച്ചിട്ടുള്ളത്, പൂജാർഹനായി ഭഗവാൻ ഹരി മാത്രമേയുള്ളൂ എന്നാണ്. രാജസൂയയാഗത്തിന് ഏറ്റവും ഉയർന്ന പദവിയിലിരിക്കാൻ ഭഗവാൻ കൃഷ്ണനെ ത്തന്നെ തിരഞ്ഞെടുത്തത് എത്ര ഉത്തമം. ഈ വിശ്വം മുഴുവനും, എല്ലാ ജീവജാലങ്ങളും ഭഗവാനിലധിഷ്ഠിതമത്രേ. അതുകൊണ്ട് ഭഗവാനെ പ്രീതിപ്പെടുത്തുന്നതു വഴി എല്ലാവരേയും സംപ്രീതരാക്കാം. ഉപമനുഷ്യരിൽപോലും ദിവ്യതയുണ്ട് എന്നാൽ മനുഷ്യർക്ക് ആത്മസാക്ഷാത്കാരം സാദ്ധ്യമായതു കൊണ്ട് അവനെ ഭഗവാൻെറ ഉത്തമസ്ഥാനമായി കണക്കാക്കി പൂജിക്കാവുന്നതാണ്. എങ്കിലും മനുഷ്യരിൽ സ്നേഹം വെറുപ്പ് തുടങ്ങിയ വികാരങ്ങളുള്ളതിനാൽ ഭഗവൽമൂർത്തീപൂജയാണ് വിധിച്ചിട്ടുള്ളത്. എന്നാൽ ആരെയെങ്കിലും നിന്ദിക്കുകയോ അവജ്ഞാപൂർവ്വം വീക്ഷിക്കുകയോ ചെയ്താൽ പൂജാദികൾകൊണ്ട് യാതൊരു ഫലവും ഉണ്ടാകുന്നില്ല. ദിവ്യരും മഹാത്മാക്കളുമായവർ അവരുടെ സാന്നിദ്ധ്യം കൊണ്ടുതന്നെ ലോകം മുഴുവൻ പവിത്രമാക്കുന്നു. അതിനാൽ അവർ സർവ്വാരാധ്യരത്രെ.

**കാമസ്യാന്തം ച ക്ഷുത്തൃഡ്ഭ്യാം ക്രോധസ്യൈതത് ഫലോദയാത്**
**ജനോ യാതി ന ലോഭസ്യ ജിത്വാ ഭുക്ത്വാ ദിശോ ഭുവ: (7-15-20)**
**പണ്ഡിതാ ബഹവോ രാജൻ ബഹുജ്ഞാ: സംശയച്ഛിദ:**
**സദസ്സ്പതƒയോപ്യേകേ അസന്തോഷാത് പതന്ത്യധ: (7-15-21)**

*നാരദമുനി തുടർന്നു:*
പലേ വിധത്തിലുള്ള സ്വപ്രകൃതിഗുണവിശേഷങ്ങളാൽ പലരും പലപാതകൾ തിരഞ്ഞെടുക്കുന്നു. ചിലർ ആചാരങ്ങളിലും യാഗകർമ്മങ്ങളിലും വേദവിധിപ്രകാരം മുഴുകി ജീവിക്കുന്നു. മറ്റു ചിലർ വേദപഠനത്തിലും പാരായണത്തിലും മുഴുകുന്നു. ഇനിയും ചിലർ ജ്ഞാനമാർഗ്ഗമവലംബിക്കുമ്പോൾ മറ്റുള്ളവർ ഭക്തിമാർഗ്ഗം സ്വീകരിക്കുന്നു.

പൂജാകർമ്മാനുഷ്ഠാനങ്ങളിലൂടെ ഭഗവൽപ്രീതിയും പിതൃക്കളുടെ പ്രീതിയും ലഭിക്കാനാഗ്രഹിക്കുന്നവർ അവരുടെ ആഹുതി മഹാത്മാക്കൾ വഴിയോ, അങ്ങിനെയുള്ളവരെ കിട്ടാത്ത പക്ഷം മറ്റുള്ളവർ മുഖേനയോ ചെയ്യേണ്ടതാണ്. ഈ മഹാത്മാക്കളെ ഈശ്വരതുല്യരായി കരുതിവേണം കർമ്മാനുഷ്ഠാനങ്ങൾ നടത്താൻ. വളരെയേറെ ആളുകൾക്ക് അന്നദാനം ചെയ്യുന്നതു മൂലം ഗുണമേന്മയിൽ വിട്ടുവീഴ്ച്ച വരാനിടയുള്ളതിനാൽ അതൊഴിവാക്കുകയാണ് നല്ലത്. ഇങ്ങിനെയുള്ള യാഗദ്രവ്യങ്ങൾ നിർമ്മലവും യാതൊരുജീവികൾക്കും ഹാനികരമാവുകയുമരുത്. ദിവ്യതയുണ്ടാവാനാഗ്രഹിക്കുന്നവർ മനസാ വാചാ കർമ്മണാ ഹിംസയിൽ നിന്നും വിട്ടു നിൽക്കണം. ഇതിനേക്കാൾ വലിയ ധർമ്മം ഇല്ല തന്നെ. ആത്മനിയന്ത്രണം തന്നെയാണ് ഏറ്റവും വലിയ ബലി.

അഞ്ചു തരത്തിലുള്ള അധാർമ്മീകപ്രവൃത്തികൾ യോഗാർത്ഥി ഒരിക്കലും ചെയ്യരുത്. (1) വിധർമ്മം, ധർമ്മത്തെ എതിർക്കുകയോ തടയുകയോ ചെയ്യുന്ന പ്രവൃത്തി, (2) പരധർമ്മം - മറ്റുള്ളവർക്കു പറഞ്ഞിട്ടുള്ള ധർമ്മം (3) ഉപധർമ്മം, അനുകരണധർമ്മം, മറ്റുള്ളവരുടേതുപോലെയാവാൻ ശ്രമിക്കുകയാൽ അത് പൊങ്ങച്ചത്തിനു വേണ്ടിയുള്ളതത്രേ. (4) വഞ്ചനാപരമായ പ്രവർത്തനങ്ങൾ (5) ആഭാസം - സ്വാർത്ഥതാൽപ്പര്യങ്ങൾക്കു വേണ്ടി അവനവൻെറ ചാപല്യമോഹത്തിനനുസരിച്ചുള്ള പ്രവൃത്തികൾ. എല്ലാറ്റിലും സംതൃപ്തി വളർത്തിയെടുക്കാൻ ഒരുവൻ ശ്രമിക്കണം. സമ്പത്തു കൂട്ടി വയ്ക്കാനും ഉണ്ടാക്കിയെടുക്കാനും ഒരുവൻ ശ്രമിക്കുകയുമരുത്. സംതൃപ്തനായ ഒരുവന് എല്ലായിടത്തും എവിടേയും സന്തോഷമാണുള്ളത്. കല്ലിലും മുള്ളിലും നടക്കുന്ന പാദരക്ഷധരിച്ച കാലുകൾക്കെന്നപോലെയാണത്. ലൈംഗീകസുഖത്തിനും ഭക്ഷണത്തിനും വേണ്ടി അലയുമ്പോഴാണൊരുവൻെറ ജീവിതം നായയുടേതു പോലെയാവുന്നത്. അത്യാഗ്രഹിയായ മനുഷ്യൻ തൻെറ പഠനവും, വിജ്ഞാനവും, പ്രശസ്തിയും നഷ്ടപ്പെടുത്തുന്നു. കാമത്തെ കീഴ്പ്പെടുത്താൻ ഉപവാസം ചെയ്യണം. ക്രോധത്തിൻെറ പ്രത്യാഘാതം പ്രകടമാവുമ്പോൾ അതു താനെ നിൽക്കുന്നു. എന്നാൽ അത്യാഗ്രഹത്തിനവസാനമില്ലതന്നെ. ഭൂപതിയായാൽ പോലും അവന് മതിവരില്ല. വിദ്യാസമ്പന്നരായ മനുഷ്യർ പോലും വലിയ സമ്മേളനങ്ങളിൽ മറ്റുള്ളവരുടെ സംശയങ്ങൾ ദൂരീകരിച്ച് പ്രസംഗിക്കുന്നവരായാലും അവർ അസംതൃപ്തിയാൽ വഴിതെറ്റിപ്പോവുന്നു. ഒരുവൻ ആഗ്രഹങ്ങളെ നിയന്ത്രിച്ച്, ക്രോധത്തെ ആഗ്രഹനിരോധത്താൽ കീഴടക്കി, അത്യാഗ്രഹങ്ങളെ, സമ്പത്തിൻെറ ദുഷ്ഫലങ്ങളോർത്തു നിയന്ത്രിച്ച്, ഭയത്തെ സത്യബോധത്താൽ കീഴടക്കി, വിജ്ഞനത്താൽ ദു:ഖത്തെയും മോഹങ്ങളെ യുമടക്കി, അഹങ്കാരത്തെ സദ്പുരുഷസേവകൊണ്ട് നശിപ്പിച്ച്, യോഗതടസ്സങ്ങളെ നിശ്ശബ്ദതകൊണ്ട് വിജയിച്ച്, അക്രമവാസനയെ ആത്മനിയന്ത്രണം കൊണ്ട് ജയിച്ച് ജീവിക്കണം. മറ്റുള്ളവരാലുണ്ടായ വേദനയെ കരുണയാൽ തരണം ചെയ്ത്, വിധിമൂലമുണ്ടാകുന്ന ദു:ഖത്തെ സമചിത്തതയോടെ കൈകാര്യം ചെയ്തും. സ്വയംകൃതമായവയെ യോഗാഭ്യാസത്തിലൂടെ നശിപ്പിച്ചും. ഉറക്കത്തെ സാത്വീകത വർദ്ധിപ്പിച്ചും അതിജീവിക്കണം. ഇവയെല്ലാം ഫലപ്രദമാവാൻ ഒരുവൻ തൻെറ ഗുരുവിനെ ആരാധിച്ചും അദ്ദേഹത്തിനു സേവ ചെയ്തും കഴിയണം. തൻെറ ഗുരുവിനെ തന്നെപ്പോലെയുള്ള വെറുമൊരു മർത്ത്യനായി കണക്കാക്കുന്ന പക്ഷം ഈ മാർഗ്ഗങ്ങൾ കൊണ്ട് പ്രയോജനമൊന്നും ഉണ്ടാവുന്നില്ല. ഗുരു, ഈശ്വരനത്രെ.

## പ്രവൃത്തം ച നിവൃത്തം ച ദ്വിവിധം കർമ്മ വൈദികം
## ആവർത്തേത പ്രവൃത്തേന നിവൃത്തേനാശ്നുതേƒമൃതം (7-15-47)

*നാരദമുനി തുടർന്നു:*
വേദശാസ്ത്രങ്ങളിലുള്ള പാഠങ്ങൾ മനുഷ്യന് ഇന്ദ്രിയങ്ങളെയും മനസ്സിനേയും നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ പഠിപ്പിച്ചു തരുന്നു. ഈ ഉദ്ദേശ്യം ഇല്ലാതുള്ള ഏതൊരുകൃതിയും തുലോം ഉപയോഗശൂന്യമത്രേ. ഈശ്വരസാക്ഷാത്ക്കാരത്തിനല്ലാത്ത ഏതൊരു പ്രവൃത്തിയും വൃഥാ വ്യായാമവുമാണ്. ഇന്ദ്രിയനിയന്ത്രണ മാഗ്രഹിക്കുന്ന ഒരുവൻ ഒരു സന്യാസിയായി ഒറ്റപ്പെട്ട സ്ഥലത്തു താമസിച്ച് യാതൊന്നിനോടും ആസക്തി കൂടാതെ വളരെ ലളിതമായ ജീവിതം നയിച്ച്, ഭിക്ഷാന്നം കൊണ്ട് ജീവിക്കണം.

അങ്ങിനെ ഏകാന്തതയുള്ള സ്ഥലത്ത്, പുല്ലുകൊണ്ടോ, മാൻതോലുകൊണ്ടോ, തുണികൊണ്ടോ ഉണ്ടാക്കിയ ആസനത്തിലിരുന്ന് അയാൾ ധ്യാനം ചെയ്യണം. "ഓം" ഉരുവിട്ടു കൊണ്ട് നാസികാഗ്രത്തിൽ ദൃഷ്ടി കേന്ദ്രീകരിച്ച് പ്രാണായാമം ചെയ്യണം. മനസ്സിലെ ആഗ്രഹങ്ങൾ ഉപേക്ഷിക്കപ്പെടുംവരെ ശ്വാസോഛ്വാസഗതിയെ നിയന്ത്രിച്ച്, വിറകില്ലാത്ത തീപോലെ പ്രശാന്തതയിലെത്തി നിശ്ചലമാവണം. സന്യാസിയായ ഒരുവൻ, പിന്നീട് പരിതാപകരമായ ഏതെങ്കിലും ലൗകീകകാര്യങ്ങളിൽ ഏർപ്പെട്ടാൽ അത് ഛർദ്ദിച്ച സാധനം വീണ്ടും ഭക്ഷിക്കുന്നതുപോലെയാണ്. ശരീരത്തിന്റെ ക്ഷണികതയെപ്പറ്റി മനസ്സിലാക്കിയ ശേഷം വീണ്ടും അതിന്റെ പോഷണത്തിനായി കഷ്ടപ്പെടുന്നത് അയാളുടെ പതനമത്രേ. സ്വധർമ്മം പാലിക്കാത്ത ഗൃഹസ്ഥൻ, ബ്രഹ്മചര്യനിഷ്ഠ പാലിക്കാത്ത വിദ്യാർത്ഥി, ആത്മനിയന്ത്രണം നഷ്ടപ്പെട്ട സന്യാസി, ഇവരെല്ലാം അവരവരുടെ സമൂഹത്തിനു മഹാഹാനിയുണ്ടാക്കുന്നു. വിജ്ഞാനിയും വിവേകിയുമായ ഒരുവൻ അവരെ അവഗണിക്കുന്നു.

ഏതു ഗണത്തിൽപ്പെട്ടയാളായാലും ആത്മാവും പരമാത്മാവും ഒന്നെന്ന ബോധത്തോടെ യാതൊരു വിധത്തിലുള്ള ആർത്തിയുമില്ലാതെ വേണം ജീവിക്കാൻ. ദ്വന്ദ്വഭാവങ്ങളായ ആസക്തിയും അനാസക്തിയും, ദുർവാസനകളായ കാമം, ക്രോധം, ലോഭം, ദു:ഖം, പൊങ്ങച്ചം എന്നിവയെല്ലാം രജോഗുണത്തിന്റേയും തമോഗുണത്തിന്റേയും സന്തതികളത്രെ. ഇവകളും, ചില സാത്വീകഗുണങ്ങൾ പോലും - ഉദാഹരണത്തിന്, അർഹതയില്ലാത്തിടത്ത് പ്രകടിപ്പിക്കുന്ന ദയ- നമ്മുടെ ശത്രുക്കളത്രെ. സദ്സംഗത്താലും ഭഗവൽകൃപയാലും ജ്ഞാനിയായ ഒരുവൻ ഈ ശത്രുക്കളെ വിവേകത്തിന്റെ വാളു കൊണ്ട് നശിപ്പിക്കണം. അല്ലെങ്കിൽ അവ അവനെ ജനനമരണചക്രത്തിന്റെ ഒഴുക്കിലേക്ക് വീണ്ടും പോകാനിടയാക്കും.

-വേദാനുസാരിയായ രണ്ടു തരം കർമ്മങ്ങളുണ്ട്. ഒന്ന്, പ്രവൃത്തി - ജീവന് നശ്വരമായ അസ്തിത്വത്തിലേക്ക് തിരിച്ചു വരേണ്ടതായി വരുന്നത് ഈവിധ കർമ്മങ്ങൾ കൊണ്ടാണ്. രണ്ട്, നിവൃത്തി -അമർത്ത്യത നൽകുന്നവയാണീ കർമ്മങ്ങൾ. ശാസ്ത്രവിധി പ്രകാരമുള്ള കർമ്മങ്ങൾ (ഇഷ്ടം), സാമൂഹിക പ്രവർത്തനങ്ങൾ (പൂർത്തം), എന്നിവ പൊതുവെ സ്വാർത്ഥപരമത്രേ. അതുകൊണ്ട് അവ മന:ശാന്തി ഇല്ലാതാക്കുകയും പുനർജന്മഹേതുവായ ഇരുണ്ടപാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. എന്നാൽ നിവൃത്തി മാർഗ്ഗമവലംബിക്കുന്നവർ, സന്യാസം സ്വീകരിച്ച് കർമ്മങ്ങളെ ഇന്ദ്രിയങ്ങളിലും ഇന്ദ്രിയങ്ങളെ മനസ്സിലും, അങ്ങിനെയങ്ങിനെ ജീവനെ പരമാത്മാവിൽ വിലയിപ്പിക്കും വരെ പ്രഭാപൂർണ്ണമായ ആ പാത പിന്തുടരുന്നതു കൊണ്ട്, നശ്വരമായ അസ്തിത്വത്തിലേക്കു മടങ്ങിവരികയില്ല. ഈ രണ്ടു പാതകളും അറിയാവുന്നവൻ മോഹിതനാവുന്നില്ല.

**കാര്യകാരണവസ്തൈ്വക്യമർശനം പടതന്തുവത്**
**അവസ്തുത്വാദ്വികൽപസ്യ ഭാവാദ്വൈതം തദുച്യതേ (7–15–63)**
**യദ്ബ്രഹ്മണി പരേ സാക്ഷാത് സർവ്വകർമ്മസമർപ്പണം**
**മനോവാക്താനുഭി: പാർത്ഥ ക്രിയാദ്വൈതം തദുച്യതേ (7–15–64)**
**ആത്മജായാസുതാദീനാമന്യേഷാം സർവദേഹിനാം**
**യത് സ്വാർത്ഥകാമയോരൈക്യം ദ്രവ്യാദ്വൈതം തദുച്യതേ (7–15–65)**

*നാരദമുനി തുടർന്നു:*
അജ്ഞാനിയായ ഒരുവൻ, ഇഹലോകത്തെ ഉൺമയെന്നു ധരിക്കുന്നു. ചെറിയൊരു കുട്ടി, കണ്ണാടിയിൽ കാണുന്ന പ്രതിബിംബത്തെ യാഥാർത്ഥ്യമെന്ന് കണക്കാക്കുന്നതു പോലെയാണത്. നിഴലിൽ കാണുന്നത് യാഥാർത്ഥ്യമോ പഞ്ചഭൂതനിർമ്മിതിയോ അല്ല. ദ്രവ്യങ്ങളെല്ലാം സൂക്ഷ്മദ്രവ്യങ്ങളുടെ സങ്കലനപ്രക്രിയ കൊണ്ടുണ്ടായവയാണ്. ദ്രവ്യങ്ങൾ അയഥാർത്ഥമാണെന്ന സഹജാവബോധം നമുക്കുണ്ടെങ്കിൽ, സൂക്ഷ്മങ്ങളായ പഞ്ചഭൂതങ്ങൾ യാഥാർത്ഥ്യമാണെന്നതിന് ഉറപ്പെന്താണുള്ളത്? വ്യക്തിത്വത്തെപ്പറ്റി നാം ചിന്തിക്കുന്നത് പരംപൊരുളിൽ നാനാത്വമാരോപിക്കുന്നതുകൊണ്ടാണല്ലോ. ധർമ്മശാസ്ത്രപ്രകാരമുള്ള നിയമങ്ങൾ പോലും ആപേക്ഷികമായ തലങ്ങളിൽ മാത്രമേ ബാധകമായിട്ടുള്ളൂ.

അതിനാൽ വിവേകിയായ ഒരുവൻ മനസാ, കർമ്മണാ, ഏകത്വഭാവമുൾക്കൊണ്ടുകൊണ്ട് ദ്രവ്യങ്ങളിൽ പോലും ഏകത്വം ദർശിച്ച് ആത്മസാക്ഷാത്ക്കാരം നേടണം. കാര്യകാരണങ്ങൾ തമ്മിൽ വ്യത്യാസമില്ലെന്നു മനസിലാക്കി, അവയിൽ ഐക്യബോധമുണ്ടാവുമ്പോൾ അത് ഭാവാദ്വൈതമായി. മനസാ വാചാ കർമ്മണായുള്ള എല്ലാം പരംപൊരുളിലർപ്പിക്കുമ്പോൾ അത് ക്രിയാദ്വൈതം. സ്വഭാര്യ, മകൻ തുടങ്ങിയവരും, എല്ലാജീവികളും, സ്വാർത്ഥതാൽപര്യങ്ങളും പൊതുതാൽപര്യങ്ങളും, എല്ലാമെല്ലാം ഒന്നെന്ന ബോധമുണ്ടാവുമ്പോൾ അത് ദ്രവ്യാദ്വൈതം.

ഏതു വിധേനയും ഒരുവൻ തന്റെ കർമ്മങ്ങൾ ഭക്തിയോടെ ഈശ്വരചിന്തയോടെ ചെയ്തു തീർക്കണം. ഇങ്ങിനെ ജീവിതം നയിക്കുന്നവർക്കും ഭക്തിയുണ്ടെങ്കിൽ ആ സവിധം പൂകാം. രാജാവേ, നിങ്ങൾ ഏവരും പലേവിധ കഷ്ടപാടുകളും ദുരിതങ്ങളും തരണം ചെയ്തത് ഭഗവാൻ കൃഷ്ണന്റെ സഹായത്താലാണല്ലോ. അവിടുത്തെ കൃപയാൽ നിങ്ങൾക്ക് മുക്തിപദവും ലഭിക്കും. നിങ്ങളിൽ ഒരാളായി മനുഷ്യനായി വർത്തിക്കുമ്പോഴും ആ ഭഗവാൻ സ്വയം പരംപൊരുളാണെന്ന് മനസിലാക്കുക.

എന്റെ കഴിഞ്ഞ ജന്മങ്ങളിലൊന്നിൽ ഞാൻ സ്വർഗ്ഗഗായകനായിരുന്നു. മദ്യവും മദിരയും എനിക്കു പ്രിയമായിരുന്നു. ഒരു ദിവസം, ദേവന്മാർ നടത്തിയ ഒരു കർമ്മത്തിൽ പങ്കെടുക്കാൻ ഞാൻ കുറേ സ്ത്രീകളോടൊപ്പം ചെന്നു. കുടിച്ചു ബോധം കെട്ട് ആഭാസപരമായ പാട്ടുകൾ പാടുകയും ചെയ്തു. ഇതുകേട്ട് കോപിതരായ ദേവകൾ എന്നെ ശപിച്ചു. ഉടനേ തന്നെ ഞാൻ ഒരു വീട്ടു ജോലിക്കാരിയുടെ മകനായി ശൂദ്രകുലത്തിൽ പിറന്നു. ആ ജന്മത്തിൽ ഞാൻ മഹാത്മാക്കളെ സേവിക്കുകയും ഭഗവൽഭക്തി വളർത്തിയെടുക്കുകയും ചെയ്തു. അതുകൊണ്ട് ഇപ്പോൾ ഞാൻ സൃഷ്ടാവിന്റെ മാനസ പുത്രനായിത്തീർന്നു. അതാണ് ഭഗവദ്ഭക്തിയുടെ മാഹാത്മ്യം.

*ശുകമുനി തുടർന്നു:*
കൃഷ്ണനോടും യുധിഷ്ഠിരനോടും യാത്രപറഞ്ഞ് നാരദൻ അവടെനിന്നും പോയി.

**ഏട്ടാം സ്കന്ദം ആരംഭം**

**യേന ചേതയതേ വിശ്വം വിശ്വം ചേതയതേ ന യം**
**യോ ജാഗർത്തി ശയാ നേƒസ്മിന്നായം തം വേദ വേദ സ: (8–1–9)**
**ആത്മാവാസ്യമിദം വിശ്വം യത് കിഞ്ചിജ്ജഗത്യാം ജഗത്**
**തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധ: കസ്യസ്വിദ്ധനം (8–1–10)**
**യം നപശ്യതി പശ്യന്തം ചക്ഷുർയസ്യ ന രിഷ്യതി**
**തം ഭൂതനിലയം ദേവം സുപർണ്ണമുപധാവത (8–1–11)**
**നയസ്യാദ്യന്തൌ മധ്യം ച സ്വ: പരോ നാന്തരം ബഹി:**
**വിശ്വസ്യാമൂനി യദ്യസ്മാദ്വിശ്വം ച തദൃതം മഹത് (8–1–12)**
**സവിശ്വകായ: പൂരുഹൂത ഈശ: സത്യ സ്വയം ജ്യോതിരജ: പുരാണ:**
**ധത്തേƒസ്യ ജന്മാദ്യ ജയാƒƒത്മശക്ത്യാ താം വിദ്യയോദസ്യ നിരീഹ ആസ്തേ (8–1–13)**
**അഥാഗ്രേ ഋഷയ: കർമ്മാണീഹന്തേƒകർമ്മഹേതവേ**
**ഈഹമാനോ ഹി പുരുഷ: പ്രായോƒനീഹാം പ്രപദ്യതേ (8–1–14)**
**ഈഹതേ ഭഗവാനീശോ ന ഹി തത്ര വിഷജ്ജതേ**
**ആത്മലാഭേന പൂർണ്ണാർത്ഥോ നാവസീദന്തി യേƒനുതം (8–1–15)**
**തമീഹമാനം നിരഹങ്കൃതം ബുധം നിരാശിഷം പൂർണ്ണമനന്യചോദിതം**
**നൃഞ്ശിക്ഷയന്തം നിജവർത്മസംസ്ഥിതം പ്രഭും പ്രപദ്യേƒഖിലധർമ്മഭാവനം (8–1–16)**

*ശുകമുനി പറഞ്ഞു:*
ലൗകീകജീവിതം മതിയാക്കി സ്വയംഭുവമനു വനത്തിലേക്കു പോയി അവിടെ ഒറ്റക്കാലിൽനിന്നുകൊണ്ട് നൂറു കൊല്ലം തപസ്സിലേർപ്പെട്ടു. അദ്ദേഹം ഇങ്ങിനെ സ്തുതിച്ചു.

“വിശ്വം മുഴുവനും സാരവത്താക്കുന്നത് അവിടുന്നാണെങ്കിലും, ഈ വിശ്വം അവിടുത്തെ അറിയുന്നില്ല. ലോകം ഉറങ്ങിക്കിടക്കുമ്പോൾ അവിടുന്നുണർന്നിരിക്കുന്നു. അതിന് അങ്ങയെ അറിയില്ലെങ്കിലും അങ്ങതിനെ അറിയുന്നു. എന്തെല്ലാം ഉണ്ടോ അതെല്ലാം ആത്മാവത്രെ. സന്യാസം സ്വീകരിച്ച ഒരാൾ ആത്മഭാവത്തിൽ ആമഗ്നനായി വാഴണം. ഒരിക്കലും ആഗ്രഹത്തിനും ആർത്തിക്കും അടിമപ്പെടരുത്. ആരാണോ എല്ലാവരേയും കാണുകയും എന്നാൽ മറ്റുള്ളവർക്ക് കാണപ്പെടാതിരിക്കുന്നത്, ആ നിന്തിരുവടികളെ ശരണം പ്രാപിക്കുക. ആ യാഥാർത്ഥ്യം, ഉൺമ, അകത്തും പുറത്തുമല്ല. അതിന് ആദി മദ്ധ്യാന്തങ്ങളില്ല. ശത്രുവും മിത്രവുമില്ല. എങ്കിലും അത് വിശ്വം മുഴുവനുമാണ്. അവിടുത്തെ ശരീരമാണ് വിശ്വം. സ്വയംപ്രഭനും, പുരാതനനും, അജനുമാണവിടുന്ന്. വിശ്വസൃഷ്ടിയും, സംഹാരവും അവിടുന്നിൽ തന്നെ സംഭവിക്കുന്നു. മാമുനിമാരും ഇവിടെ കർമ്മനിരതരായിരിക്കുന്നത് അവിടുത്തെ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ കണ്ടിട്ടാണ്. ആരാണോ ആസക്തിയില്ലാതെ അവനവൻെറ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നത് അവൻ മുക്തനത്രെ. കർമ്മം ചെയ്യുന്നുവെങ്കിലും അവിടുത്തേക്ക് ബന്ധനമില്ല തന്നെ. ഈ മാതൃക പിന്തുടരുന്നവർ ഒരിക്കലും ദുരിതം അനുഭവിക്കേണ്ടിവരുന്നില്ല. ധർമ്മനിയമങ്ങൾ ഉണ്ടാക്കി നടപ്പാക്കിയ അവിടുന്ന് ധർമ്മം തന്നെ. ആ ഭഗവാനു മുമ്പിൽ ഞാൻ അഭയം തേടുന്നു.

അസുരന്മാർ, മനുവിൻെറ തപശ്ചര്യയെപ്പറ്റിയറിഞ്ഞ് അദ്ദേഹത്തെ വിഴുങ്ങാൻ തുനിഞ്ഞു. എന്നാൽ ഭഗവാൻ യജ്ഞരൂപത്തിൽ അവരെ നശിപ്പിക്കുകയും ഇന്ദ്രനായി ഭരണം നടത്തുകയും ചെയ്തു. സ്വരോചിഷം, ഉത്തമം, താമസം എന്നീ മന്വന്തരങ്ങളിൽ ഭഗവാൻ അവതരിച്ച് പല ഇന്ദ്രന്മാരുടേയും ദേവന്മാരുടേയും സഹായത്താൽ ധർമ്മത്തെ നിലനിർത്തി. സ്വരോചിഷത്തിൽ വിഭുവായി ആജീവനാന്തം ബ്രഹ്മചര്യം പാലിച്ചു. ഉത്തമത്തിൽ സത്യസേനനായും താമസമന്വന്തരത്തിൽ ഹരിയെന്നും അവിടുന്നറിയപ്പെട്ടു. ആ ഹരിയാണല്ലോ മുതലയുടെ പിടുത്തത്തിൽപ്പെട്ട ഭക്തനായ ആനയെ രക്ഷിച്ചത്.

**ന മാമിമേ ജ്ഞാതയ ആതുരം ഗജാ:**
**കുത: കരിണ്യ: പ്രഭവന്തി മോചിതും**
**ഗ്രാഹേണ പാശേന വിധാതുരാവൃതോ**
**$f$വ്യഹം ച തം യാമി പരം പരായണം (8-2-32)**
**യ: കശ്ചനേശോ ബലിനോ$f$ന്ത കോരഗാത്**
**പ്രച ണ്ഡ വേഗാദഭിധാവതോ ഭൃശം**
**ഭീതം പ്രപന്നം പരിപാതി യദ്ഭയാ**
**ന്മൃത്യു: പ്രധാവത്യരണം തമീമഹി (8-2-33)**

*ശുകമുനി തുടർന്നു:*
പണ്ടുകാലത്ത് ത്രികുടം എന്നു പേരായ ഒരു മഹാമേരു ഉണ്ടായിരുന്നു. അതിൽ വിലപിടിച്ച രത്നങ്ങളും ലോഹങ്ങളും നിറഞ്ഞിരുന്നു. പർവ്വതത്തിലെ ഗുഹകളിൽ സ്വർഗ്ഗവാസികളും മാമുനികളും സന്ദർശനം നടത്തി. സിംഹം, മറ്റുവന്യമൃഗങ്ങൾ, പക്ഷികൾ തുടങ്ങിയ പലേ തരത്തിൽപ്പെട്ട ജീവികൾ മലയുടെ താഴ്വരകളിൽ പാർത്തുവന്നു. അവിടെ പുഴകളും തടാകങ്ങളും അവയെ സമ്പുഷ്ടമാക്കി.

ഒരു താഴ്വരയിൽ, വരുണന്റെ പൂങ്കാവനമുണ്ടായിരുന്നു. ഋതുമാൻ എന്നറിയപ്പെട്ടിരുന്ന ഈ പൂന്തോട്ടത്തിൽ അപ്സരസുകൾ വിളയാടി. എന്നും വസന്തമായിരുന്നു അവിടെ. അലൌകീകവും സ്വർഗ്ഗീയവുമായ മരങ്ങളവിടെ തഴച്ചു വളർന്നു. പൂങ്കാവനത്തിനു നടുക്കുള്ള അതീവസുന്ദരമായ പൊയ്കയിലെ താമരപ്പൂക്കൾ സ്വർണ്ണവർണ്ണവുമായിരുന്നു. പല തരത്തിലുള്ള അരയന്നങ്ങൾ തടാകത്തിൽ നീന്തിക്കളിച്ച് അതിനു ചാരുതയേറ്റി.

ഒരു ദിവസം ഭീമാകാരനായ ഒരാന അവന്റെ പരിവാരസമേതം പൂന്തോട്ടത്തിൽ പ്രവേശിച്ചു. കൂടെ പിടിയാനകളും കുട്ടികളും ഉണ്ടായിരുന്നു. സംഘത്തലവന്റെ പ്രൗഢിയിലും വലുപ്പത്തിലും അവന്റെ നടപ്പിലും, ആ പർവ്വതനിര മുഴുവൻ കുലുങ്ങുന്നതുപോലെ തോന്നി. സിംഹങ്ങളും മറ്റു വന്യമൃഗങ്ങളും അവന്റെ പാതവിട്ട് ഓടിപ്പോയി. ശക്തി കുറഞ്ഞ വന്യമൃഗങ്ങൾക്കാവട്ടെ ഈ കരിവീരന്റെ ആക്രമണഭീതി ഉണ്ടായതുമില്ല. അതുകൊണ്ട് അവർ കാട്ടിൽ സ്വതന്ത്രമായി ഓടി നടന്നു. ആനകൾക്ക് ദാഹമുണ്ടായിരുന്നു. പൊയ്കയുടെ സാന്നിദ്ധ്യം മണത്തറിഞ്ഞ ഗജേന്ദ്രൻ ദാഹശമനത്തിനായി അവിടെ ചെന്നു. വെള്ളത്തിലിറങ്ങി അവൻ ദാഹമടക്കി. കൂടെ പരിവാരവും. സന്തോഷത്താൽ അവൻ പെണ്ണാനകളുടേയും കുട്ടികളുടേയും മേൽ വെള്ളം ചീറ്റി കളിച്ചു. വരാൻ പോവുന്ന ആപത്തിനെപ്പറ്റി ഭയമേതും കൂടാതെ അവരങ്ങിനെ ആനന്ദിച്ചു.

ആ പൊയ്കയിൽ താമസിച്ചിരുന്ന ഒരു മുതല, ഗജേന്ദ്രന്റെ കാലിൽ പിടികൂടി. എന്നിട്ട് ജലത്തിന്റെ ആഴങ്ങളിലേക്ക് അവനെ വലിക്കാൻ തുടങ്ങി. രണ്ടുപേരും കൂടി വലിയൊരു പിടിവലി നടന്നു. പെണ്ണാനകൾക്ക് ചിന്നം വിളിച്ചു നിലവിളിക്കാനേ കഴിഞ്ഞുള്ളൂ. സംഘത്തിലെ കൊമ്പന്മാരും നിസ്സഹായരായിരുന്നു. ഗജേന്ദ്രന് അനുനിമിഷം ക്ഷീണമേറിയും മുതലക്ക് ശക്തിയേറിയും വന്നു. ഉടൻ സാദ്ധ്യതയുള്ള മരണത്തെപ്പറ്റി ഓർത്ത് ആന ഇങ്ങിനെ പറഞ്ഞു. "ലൗകീകബന്ധുക്കളായ ഇവർക്കൊന്നും എന്നെ സഹായിക്കാനോ ഈ വ്യാഘ്രത്തിന്റെ പിടിയിൽ നിന്ന് രക്ഷിക്കാനോ കഴിവില്ല. അതുകൊണ്ട് ഞാൻ ആ പരംപൊരുളിൽ അഭയം തേടുന്നു. മരണമെന്ന സർപ്പം വേട്ടയാടപ്പെടുന്നവന് അഭയം കൊടുക്കുന്നു ആ ഭഗവാൻ. മരണത്തിന്റെ കാലൻ തന്നെയത്രെ അദ്ദേഹം."

ॐ



**സോ*f*ന്തഃ സരസ്യുരു ബലേന ഗൃഹീത ആർത്തോ**
**ദൃഷ്ട്വാ ഗരുന്മതി ഹരിം ഖ ഉപാത്തചക്രം**
**ഉത്ക്ഷിപ്യ സാംബുജകരം ഗിരമാഹ കൃച്ഛ്റാ**
**ന്നാരായണാഖില ഗുരോ ഭഗവൻ നമസ്തേ (8-3-32)**
**തം വീക്ഷ്യ പീഡിതമജഃ സഹസാവതീര്യ**
**സഗ്രാഹമാശു സരസഃ കൃപയോജ്ജഹാര**
**ഗ്രാഹാദ്വിപാടിതമുഖാദരിണാ ഗജേന്ദ്രം**
**സംപശ്യതാം ഹരിരമൂമുചദുസ്രിയാണാം (8-3-33)**

*ശുകമുനി തുടർന്നു:*
ഗജേന്ദ്രന് ഈ സമയത്ത് താൻ കഴിഞ്ഞ ജന്മത്തിൽ പഠിച്ച ഒരു സ്തുതി ഓർമ്മ വരികയും അത് ചൊല്ലുകയും ചെയ്തു. ഗജേന്ദ്രൻ പറഞ്ഞു:

ആ പരംപൊരുളിനെ ഞാൻ നമസ്കരിക്കുന്നു. സൃഷ്ടിയുടെ അകാരണമായ കാരണവും, ഈ വിശ്വസൃഷ്ടിയുടെ ഹേതുവും അവിടുന്നാണ്. അവിടുന്നിൽ നിന്നുണ്ടായി അവിടുത്തെ പ്രഭയിൽ നിലനിന്ന് അവസാനം അവിടുത്തെ പൊരുളിൽത്തന്നെയാണല്ലോ സൃഷ്ടികളെല്ലാം വിലയം പ്രാപിക്കുന്നത്. ഈ വിശ്വത്തിന്റെ പ്രകടിതവും അപ്രകടിതവുമായ ഊർജ്ജം അവിടുന്നുതന്നെ. സൃഷ്ടിയുടെ പ്രത്യക്ഷഭാവം പിൻവലിഞ്ഞാൽപ്പോലും അവിടുത്തെ പ്രഭാപൂരം അവശേഷിക്കുന്നു. ദേവന്മാർക്കുപോലും അപ്രാപ്യമായ ഉൺമക്കുടയോനായ ഭഗവാൻ എനിക്കു രക്ഷയേകട്ടെ. സ്വയം രൂപരഹിതനെങ്കിലും എല്ലാറ്റിലും നിലകൊണ്ട്, എല്ലാ രൂപഭേദങ്ങളായും പ്രത്യക്ഷമായി, തന്റെ മായാശക്തിയാൽ ഇവയെ നിയന്ത്രിക്കുന്ന അവിടേക്ക് നമോവാകം. അവിടുന്ന് പാപപുണ്യങ്ങൾക്കതീതനെങ്കിലും സ്വന്തം മായാശക്തിക്കടിപ്പെട്ടപോലെ ചിലപ്പോൾ കാണപ്പെടുന്നു. സർവ്വസ്വതന്ത്രവും ഒന്നിനോടും ആസക്തിയില്ലാത്തതുമാണവിടുന്ന്. അവിടുത്തെ സാക്ഷാൽക്കരിക്കാൻ ആഗ്രഹിക്കുന്നവർക്കും ലൗകീകമായ ശരീരാസക്തിയുണ്ടായിക്കൂടാ. അനാസക്ത ജീവിതം നയിക്കുന്ന യോഗിവര്യൻമാരുടെ പരമലക്ഷ്യമായ അവിടേക്ക് നമോവാകം. ആരുടെ ദർശനം ലഭിക്കാനാണോ മഹർഷിവര്യൻമാർ കാടുകളിൽ അനുസ്യൂതധ്യാനത്തിനായി പോവുന്നത്, ആ പരമാത്മാവിനു നമസ്കാരം. അവിടുന്ന് ഇന്ദ്രിയമനോബുദ്ധികളുടെ സർവ്വസാക്ഷിയത്രെ. അങ്ങ് തികച്ചും സ്വതന്ത്രനും അവിടുത്തെ അഭയം പ്രാപിക്കുന്നവരുടെ അജ്ഞതാന്ധകാരം നശിപ്പിക്കുന്നവനുമാണ്. ആഗ്രഹ ലേശമേതുമില്ലാത്ത മാമുനിമാർ സാക്ഷാത്കരിക്കാനാഗ്രഹിക്കുന്ന അവിടുന്ന് ആദിപുരുഷനും, പൂർണ്ണനും, അതീവഗഹനനും ഇന്ദ്രിയങ്ങൾക്കതീതനുമത്രെ. എന്നെപ്പോലെ അജ്ഞാനത്തിൽ വഴുതിവീണവരെ രക്ഷിക്കാനുളള ഏകമാർഗ്ഗമായ അവിടുത്തെ ഞാൻ വീണ്ടുംവീണ്ടും സ്തുതിക്കുന്നു.

അവിടുന്ന് തന്റെ ചെറിയൊരംശം കൊണ്ടാണ് വിശ്വത്തേയും അതിലെ അസംഖ്യം നാമരൂപങ്ങളേയും സൃഷ്ടിക്കുന്നത്. സ്ത്രീയോ, പുരുഷനോ, മനുഷ്യനൊ, ദേവനോ, ഉപമനുഷ്യനോ അല്ലാ അവിടുന്ന്. അവിടുന്ന് കാര്യവും കാരണവുമല്ല. എല്ലാ വിവരണങ്ങൾക്കുമതീതനാണങ്ങ്. -നേതി, നേതി (ഇതല്ല, ഇതല്ല) - എന്ന പ്രക്രിയയാൽ വിവരണങ്ങളെ തിരസ്കരിച്ചശേഷവും എന്തവശേഷിക്കുന്നുവോ ആ ഭഗവാൻ എനിക്കു പ്രത്യക്ഷമാവട്ടെ. ഭഗവൻ, എന്റെ ഇപ്പോഴത്തെ ദുരിതത്തിൽ നിന്നും രക്ഷിക്കണമെന്നു ഞാനാവശ്യപ്പെടുന്നില്ല. എന്നാൽ അവിടുത്തെ സാക്ഷാൽക്കരിക്കാൻ വിഘ്നാതമായിരിക്കുന്ന ഈ അജ്ഞാനാവരണം നീക്കണമെന്ന് എനിക്ക് പ്രാർത്ഥനയുണ്ട്.

ഗജേന്ദ്രൻ ഇങ്ങിനെ പ്രാർത്ഥിച്ചപ്പോൾ ബ്രഹ്മാവും ദേവന്മാരും പ്രതികരിച്ചില്ല. കാരണം പ്രാർത്ഥന പരംപൊരുളിനോടായിരുന്നല്ലോ. ഭഗവാൻ ഹരി അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ടു. ഭഗവാനെ കണ്ട് ഗജേന്ദ്രൻ തന്റെ തുമ്പിക്കയ്യുകൊണ്ട് ഒരു പൂവറുത്ത് ഭഗവാനു സമർപ്പിച്ചു. സർവ്വരുടേയും ഗുരുവായ ഭഗവാൻ നാരായണനെ ഞാൻ നമസ്കരിക്കുന്നു. ഭഗവാൻ ക്ഷണനേരം കൊണ്ട് മുതലയുടെ തലയറുത്ത് ഗജേന്ദ്രനെ രക്ഷിച്ചു.

**ഏവം ശപ്ത്വാ ഗതോƒഗസ്ത്യോ ഭഗവാൻ നൃപ സാനുഗ:**
**ഇന്ദ്ര ദ്യുമ്നോƒപി രാജർഷിർദ്ദിഷ്ടം തദുപധാരയൻ (8–4–11)**
**ആപന്ന: കൌഞ്ജരീം യോനിമാത്മസ്മൃതിവിനാശിനീം**
**ഹര്യർച്ചനാനുഭാവേന യദ്ഗജത്വേƒപ്യനുസ്മൃതി : (8–4–12)**

*ശുകമുനി തുടർന്നു:*
വ്യാഘ്രത്തിൻെറ ആത്മാവ് ഒരു ഗന്ധർവ്വനായി മാറി. ദേവലമുനിയുടെ കാൽ, അദ്ദേഹം ഇതേ പൊയ്കയിൽ കുളിച്ചു കൊണ്ടിരുന്നപ്പോൾ വലിച്ചതിനു ശിക്ഷയായിട്ടാണ് മുതലയായി ജന്മമെടുക്കേണ്ടതായി വന്നത്. ഭഗവാൻെറ ചക്രം കൊണ്ട് ശാപമോക്ഷം ലഭിച്ച ഗന്ധർവ്വൻ ഭഗവാനെ വണങ്ങി തൻെറ വാസസ്ഥലത്തേക്ക് പോയി.

ഗജേന്ദ്രൻ കഴിഞ്ഞ ജന്മത്തിൽ പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നനായിരുന്നു. ദ്രാവിഡരാജ്യത്തെ ഭരിച്ചിരുന്ന രാജാവ്, തൻെറ ജീവിതത്തിൻെറ ഒരു ദശയിൽ സന്യാസം സ്വീകരിച്ചു. മൗനവ്രതവും തുടങ്ങി. ഒരു പ്രഭാതത്തിൽ തൻെറ കുളി കഴിഞ്ഞ് ഭഗവൽപ്പൂജക്കായി തുടങ്ങുമ്പോൾ അഗസ്ത്യമുനി കയറിവന്നു. രാജർഷി മൗനവ്രതത്തിലായിരുന്നു. പൂജാമുഹൂർത്തമായിരുന്നതിനാൽ മഹർഷിയെ അവഗണിച്ച് രാജാവ് തൻെറ പൂജ തുടർന്നു. ഭഗവാൻെറ പ്രതിപുരുഷന്മാരാണ് മഹർഷികൾ എന്നത് രാജർഷി കണക്കിലെടുത്തില്ല. മഹർഷി, രാജാവിൻെറ മൗനം അഹങ്കാരമായി കണക്കിലെടുത്തു. വിഗ്രഹാരാധനയും പൂജാക്രമങ്ങളും മുനി പൂജയേക്കാൾ വലുതാണെന്ന് രാജാവ് കരുതുന്നുവെന്നും അദ്ദേഹത്തിന് സന്യാസത്തിൻെറ വൃഥാഭിമാനമുണ്ടെന്നും കരുതി അഗസ്ത്യമുനി ശപിച്ചു. "നീയൊരു അജ്ഞാനിയായ മൃഗമായിത്തീരട്ടെ- ഒരാനയായി പുനർജ്ജനിക്കട്ടെ. "

ഇന്ദ്രദ്യുമ്നൻ ശാപത്തെ ശിരസാ വഹിച്ചു. തൻെറ വിധിവിഹിതമായി സ്വീകരിക്കുകയും ചെയ്തു. അയാൾ ആനയായി ജന്മമെടുത്തു. എന്നാൽ ഭഗവൽസേവകൊണ്ടാർജ്ജിച്ച പുണ്യത്തിൻെറ ഫലമായി അദ്ദേഹത്തിന് ആപൽഘട്ടത്തിൽ ഭഗവൽപ്രാർത്ഥനാമന്ത്രം ഓർമ്മവരികയുണ്ടായി. ഭഗവൽപ്രസാദത്താൽ ഇന്ദ്രദ്യുമ്നന് ലോകവുമായുണ്ടായിരുന്ന അജ്ഞതാബന്ധനത്തിൽനിന്നു മുക്തി ലഭിച്ചു. അദ്ദേഹത്തിൻെറ ഹൃദയം ഭക്തിപ്രേമത്താൽ നിർമ്മലമാവുകയും ഭഗവൽപാർഷദന്മാരിലൊരാളായി അദ്ദേഹത്തിന് സാദൃശ്യം (ഭഗവദ്രൂപസാദൃശ്യം) ലഭിക്കുകയും ചെയ്തു. ഭഗവാനോടൊപ്പം ഗരുഡവാഹനത്തിലേറി ഇന്ദ്രദ്യുമ്നൻ ഭഗവൽഗേഹം പൂകി. "നിന്നേയും, ഈ മോക്ഷഗാഥയേയും, എന്നേയും ആരാണോ ഓർക്കുന്നത്, അവന് പാപമോചനം ലഭിക്കുന്നു. നീ ചൊല്ലിയ ഈ സങ്കീർത്തനം ആരാണോ ബ്രാഹ്മമുഹൂർത്തത്തിൽ ദിനവും ചൊല്ലുന്നത്, അയാൾക്ക് മരണസമയത്ത് തെളിഞ്ഞ ഓർമ്മശക്തി ലഭിക്കും."

ഭക്തിവിശ്വാസങ്ങളോടെ ഈ കഥ കേൾക്കുകയോ പറയുകയോ ചെയ്യുന്നപക്ഷം, എല്ലാവിധ ദുഷ്ടതകളും, ദുസ്വപ്നങ്ങളും അകറ്റുവാനുള്ള ശക്തി ഇതിനുണ്ട്.

**സ ത്വം നോ ദർശയാത്മാനമസ്മത്കരണഗോചരം
പ്രപന്നാനാം ദി ദൃക്ഷൂണാം സസ്മിതം തേ മുഖാംബുജം (8-5-45)
തൈസ്തൈ: സ്വേച്ഛാഭൂതൈ രൂപൈ: കാലേ കാലേ സ്വയം വിഭോ
കർമ്മ ദുർവ്വിഷഹം യന്നോ ഭഗവാംസ്തത് കരോതിഹി (8-5-45)**

*ശുകമുനി തുടർന്നു:*
അഞ്ചാമത്തെ മന്വന്തരം രൈവതമനുവിൻെറ നേതൃത്വത്തിലായിരുന്നു. അപ്പോൾ ഭഗവാൻ വൈകുണ്ഡനായി അവതരിച്ചു. ആറാമത്തെ മന്വന്തരത്തിൽ ചക്ഷുവിൻെറ മകൻ ചക്ഷുഷൻ നേതൃത്വം വഹിച്ചപ്പോൾ ഭഗവാൻ ഭാഗികമായി, അജിതനായവതരിച്ചു (വൈരാജൻേറയും സംഭൂതിയുടേയും പുത്രൻ). അജിതനാണ് ആമയായി അവതരിച്ച് ദേവാസുരന്മാർ പാലാഴി കടയുമ്പോൾ മന്ദര പർവ്വതത്തെ താങ്ങി നിർത്തിയത്. രാജാവേ, അമൃത് കണ്ടെത്തും മുൻപ് ദേവന്മാർ അമരന്മാരായിരുന്നില്ല. എപ്പോഴെല്ലാം ദേവാസുരന്മാർ യുദ്ധം ചെയ്തുവോ, അപ്പോഴെല്ലാം അസുരന്മാർ ദേവന്മാരെ കൊന്നൊടുക്കി. ധാർമ്മീകത അധ:പതിക്കുകയും ചെയ്തു.

ഈ അവസ്ഥയിൽ മനംനൊന്ത ഇന്ദ്രൻ,വരുണൻ തുടങ്ങിയ ദേവന്മാർ സൃഷ്ടാവായ ബ്രഹ്മാവിനെ സമീപിച്ചു. കുറച്ചുനേരം പരംപൊരുളായ ഭഗവാനെ ധ്യാനിച്ചശേഷം ബ്രഹ്മാവ് പറഞ്ഞു: ഈ വിശ്വം മുഴുവൻ ഉരുത്തിരിഞ്ഞിരിക്കുന്നത് ആ പരംപൊരുളിൻെറ ഒരംശത്തിൽനിന്നാണ്. അതുകൊണ്ട് നമുക്കാ ഭഗവാൻെറ തുണയ്ക്കായി പ്രാർത്ഥിക്കാം. അദ്ദേഹത്തിന് ശത്രുവോ മിത്രമോ ഇല്ല. കാലാകാലങ്ങളിൽ സത്വരജസ്തമോ ഗുണങ്ങൾ സ്വീകരിച്ച് എല്ലാ ജീവികൾക്കും അദ്ദേഹം ക്ഷേമമരുളുന്നു. തൻെറ തുലോം വിചിത്രവും ഗഹനവുമായ രീതികളിലാണെന്നു മാത്രം. ഇപ്പോൾ അവിടുന്ന് സത്വഗുണം സ്വീകരിച്ചിരിക്കുന്നു. അതായത് സ്ഥിതി നിലനിർത്തൽ. ഇതാണ് അദ്ദേഹത്തിൽ അഭയം തേടാനുള്ള ശുഭസമയം. അതിനാൽ അവർ അജിതൻെറയടുത്തുപോയി ഇങ്ങിനെ പ്രാർത്ഥിച്ചു.

ഞങ്ങളുടെയെല്ലാം ഇന്ദ്രിയങ്ങളേയും മനസ്സിനേയും ഇമചിമ്മാതെ വീക്ഷിച്ച് സാക്ഷീഭാവത്തിൽ നിൽക്കുന്ന ഭഗവാനെ ഞങ്ങൾ അഭയം പ്രാപിക്കുന്നു. ജിവൻെറ ഏറ്റവും അടുത്തുള്ളതും സുഹൃത്തും, ജീവനു സാക്ഷാത്ക്കാരമേകാൻ ധ്യാനിക്കേണ്ടതുമെല്ലാം അവിടുന്നു തന്നെ. സാത്വീകഭാവത്തിൽനിന്നുണ്ടായ ഞങ്ങളടക്കം സൃഷ്ടിക്കപ്പെട്ട ഒന്നിനും അവിടുത്തെ ശരിയായ ഉൺമയെ മനസ്സിലാക്കുക അസാദ്ധ്യം. അങ്ങിനെ നിസ്സീമമായ മഹത്വമുള്ള അവിടുന്ന് ഞങ്ങളെ രക്ഷിക്കട്ടെ. ആ ഭഗവാൻെറ കാലുകളാണ് ഭൂമി. വായ അഗ്നി. കണ്ണുകൾ സൂര്യൻ. ശ്വാസോഛ്വാസം വായു. കേൾവി ആകാശം. ആ ഭഗവാൻെറ ശക്തിയിൽ നിന്ന് ഇന്ദ്രനും, ബുദ്ധിയിൽനിന്ന് ബ്രഹ്മാവും, ലിംഗത്തിൽനിന്ന് സൃഷ്ടാവും, ഹൃദയത്തിൽ നിന്ന് ലക്ഷ്മിയും, മാറിടത്തിൽനിന്ന് ധർമ്മവും, നിഴലിൽനിന്ന് പിതൃക്കളും, പുറത്തുനിന്ന് അധർമ്മവും, വായിൽനിന്ന് ബ്രാഹ്മണരും, കൈകളിൽനിന്ന് ക്ഷത്രിയരും, തുടകളിൽനിന്ന് വൈശ്യരും, പാദങ്ങളിൽനിന്ന് ശൂദ്രരും, കീഴ്ചുണ്ടിൽനിന്ന് അത്യാർത്തിയും, മേൽചുണ്ടിൽനിന്ന് പ്രേമവും, കൺപുരികങ്ങളിൽനിന്ന് യമരാജനും ഉണ്ടായി. അവിടുത്തെ ശരീരം ഈ പറഞ്ഞവയും മറ്റു പലതും ഉൾക്കൊള്ളുന്നു.

ഭഗവൻ, അവിടുത്തെ ദർശനഭാഗ്യം തരാനുള്ള കൃപയുണ്ടാവണേ. അവിടുന്നാണ് പലേവിധരൂപങ്ങളിൽ അവതരിക്കുന്നതും ഞങ്ങളുടെ കഴിവുകൾക്കതീതമായ കർമ്മം ചെയ്യുന്നതുമെല്ലാം. അതിനാൽ അവിടുത്തേക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളാണ് ഉത്തമമെന്ന് ഞങ്ങൾ കരുതുന്നു.

**യാത ദാനവദൈതേയൈസ്താവത്സന്ധിർവിധീയതാം**
**കാലേനാനുഗൃഹീതൈസ്തൈർ യാവദ് വോ ഭവ ആത്മന: (8-6-19)**
**അരയോ*f*പി ഹി സന്ധേയാ: സതി കാര്യാർത്ഥഗൌരവേ**
**അഹിമൂഷകവദ്ദേവാ ഹ്യർത്ഥസ്യ പദവീം ഗതൈ: (8-6-20)**

*ശുകമുനി തുടർന്നു:*
പ്രാർത്ഥനയുടെ ഫലമായി ഭഗവാൻ ഹരി അവർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഒരായിരം സൂര്യന്റെ പ്രഭയോടുകൂടിയ ഭഗവാന്റെ ദർശനം ദേവന്മാരെ അന്ധരാക്കി. ബ്രഹ്മാവിനും ശിവനും മാത്രമെ ആ കാഴ്ച കാണാൻ കഴിഞ്ഞുള്ളു. രക്തപ്രസാദമുള്ള കണ്ണുകളും, കടുംപച്ചനിറത്തിൽ ഇരുണ്ട ദേഹവും, സ്വർണ്ണ മഞ്ഞപ്പട്ടുടുപ്പും ചേർന്ന ആ ദിവ്യശരീരം അതീവസുന്ദരമായി കാണപ്പെട്ടു. ബ്രഹ്മാവും ശിവനും, ദേവന്മാരുമെല്ലാം ചേർന്ന് ഭഗവാനെ ഇപ്രകാരം സ്തുതിച്ചു.

ജനനമരണങ്ങൾക്കതീതനും, അതീന്ദ്രിയനുമായ ആ പരബ്രഹ്മത്തിന് നമോവാകം. ഈ ദിവ്യരൂപത്തിൽ ഞങ്ങൾ മൂന്നുലോകങ്ങളും ഞങ്ങളെത്തന്നെയും കാണുന്നു. ഈ വിശ്വരൂപം സർവ്വഥാ പൂജാർഹമത്രെ. ഈ വിശ്വം മുഴുവൻ അവിടുന്നിലാണെങ്കിലും അങ്ങ് അതിനാൽ ബാധിതമല്ല. അവിടുത്തെ ദർശനത്താൽ ഞങ്ങൾ അനുഗൃഹീതരായിരിക്കുന്നു. ഞങ്ങളുടെ ഉള്ളിലെ ആഗ്രഹസാദ്ധ്യത്തിനായി എന്താണ് ചെയ്യേണ്ടതെന്നു പറഞ്ഞു തന്നാലും.

*ഭഗവാൻ പറഞ്ഞു:*
നിങ്ങളുടെ ശത്രുക്കളുമായി സഖ്യത്തിലാവുക. ഇപ്പോൾ രാക്ഷസന്മാർക്കനുകൂലമാണ് കാലം. ഏറ്റവും വലിയ കാര്യങ്ങൾ സാധിക്കാൻ ശത്രുക്കളെപ്പോലും ആശ്രയിക്കേണ്ടതായി വരും. കാര്യം സാധിച്ചു കഴിഞ്ഞിട്ട് ദുഷ്ടന്മാരായുള്ളവരെ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിക്കാം. അവരുമായി അനുനയ രൂപത്തിൽ ഇടപെടണം. കാര്യം സാധിക്കാൻ ക്രോധം കൊണ്ടാവുകയില്ല. ദയയും മര്യാദയും തന്നെയാണ് വേണ്ടത്. കിട്ടാവുന്ന നല്ല പച്ചമരുന്നുകൾ പാൽക്കടലിൽ എറിയുക. സർപ്പരാജാവായ വാസുകിയെ കയറാക്കി മന്ദരപർവ്വതത്തെ കടകോലാക്കി നിങ്ങളും അസുരന്മാരും ചേർന്ന് പാൽക്കടൽ കടഞ്ഞാൽ ഫലപ്രാപ്തിയുണ്ടാവും. ഞാൻ നിങ്ങളുടെ പക്ഷത്തുണ്ടാവും. രാക്ഷസന്മാർ കഠിനാദ്ധ്വാനം ചെയ്ത് ക്ഷീണിക്കും. എന്നാൽ പാൽക്കടൽ കടഞ്ഞതിന്റെ ഫലം നിങ്ങൾക്ക് ലഭിക്കും. ആദ്യം വിഷമായിരിക്കും കിട്ടുക എങ്കിലും നിരാശപ്പെടരുത്, പേടിക്കയുമരുത്. പിന്നീട് അഭിലഷണീയമായ വസ്തുക്കളാവും ഉണ്ടാവുക. അവയിൽ ആസക്തി കാണിക്കാതിരിക്കുക. അസുരന്മാർ കോപിഷ്ടരായാലും നിങ്ങൾ സമചിത്തത പാലിക്കുക. നിങ്ങളുടെ ആവശ്യം നിറവേറുക തന്നെ ചെയ്യും.

ഭഗവാൻ ക്ഷണനേരം കൊണ്ട് അപ്രത്യക്ഷനായി. ദേവന്മാർ അസുരരാജാവായ ബലിയെ ചെന്ന് കണ്ടു. ഇന്ദ്രൻ ബലിയോട് സ്നേഹപൂർവ്വം പെരുമാറി അനുനയസ്വരത്തിൽ ഉദ്ദേശം അറിയിച്ചു. ഭഗവാന്റെ നിർദ്ദേശപ്രകാരം പാൽക്കടൽ കടയുന്നതിന് ബലിയോട് സഹായം അഭ്യർത്ഥിക്കുകയും ബലി സസന്തോഷം സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. എല്ലാവരും ചേർന്ന് മന്ദരപർവ്വതം അടിയോടെ പറിച്ചെടുത്ത് സമുദ്രതീരത്തേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. വഴിയിൽ അത് താഴെ വീഴുകയും അനേകം ദേവാസുരന്മാർ ചതഞ്ഞരയുകയും ചെയ്തു. ഭഗവാൻ അവരുടെ രക്ഷക്കായിവന്ന് പർവ്വതത്തെ ഒരു കയ്യുകൊണ്ടുയർത്തി സമുദ്രതീരത്തേക്ക് കൊണ്ടുപോയി വച്ചു.

*(ധ്യാനയോഗ്യമായ സംഭവപരമ്പരയാണിത്. കുണ്ഡലിനിയോഗത്തിന്റെ വിവരണവുമാകാം ഇത്. വാനശാസ്ത്രപരമായ ഏതെങ്കിലും പ്രതിഭാസവുമാകാം.)*

**ഉപര്യധശ്ചാത്മനി ഗോത്രനേത്രയോ: പരേണ തേ പ്രാവിശതാ സമേധിതാ:**
**മമന്ഥുരബ്ധിം തരസാ മദോത്കടാ മഹാദ്രിണാ ക്ഷോഭിതനക്രചക്രം (8-7-13)**
**തപ്യന്തേ ലോകതാപേന സാധവ: പ്രായശോ ജനാ:**
**പരമാരാധനം തദ്ധി പുരുഷസ്യാഖിലാത്മന: (8-7-44)**

*ശുകമുനി തുടർന്നു:*
ദേവന്മാരും അസുരന്മാരും സർപ്പരാജാവായ വാസുകിയുടെ സഹായം തേടി. പ്രയത്നഫലത്തിന്റെ ഒരു പങ്ക് അദ്ദേഹത്തിന് വാഗ്ദാനവും നൽകി. മന്ദരപർവ്വതത്തിനു ചുറ്റും വാസുകിയെ ചുറ്റി അവർ കടൽ കടയാനാരംഭിച്ചു. നയോപായകോവിദനായ ഭഗവാൻ ദേവന്മാരോടൊപ്പം പാമ്പിന്റെ തലഭാഗത്തു പിടിച്ചു. അസുരന്മാർക്ക് കിട്ടിയ വാലറ്റം അവർക്ക് കുറച്ചിലായി തോന്നി. അവരതിനെ എതിർത്തപ്പോൾ ദേവന്മാർ സ്ഥാനം മാറാൻ സമ്മതിച്ചു. അങ്ങിനെ ദേവന്മാർ, തുലോം അപകടം കുറഞ്ഞ വാലറ്റം പിടിച്ച് പ്രയത്നം തുടർന്നു. പർവ്വതം അതിന്റെ സ്വഭാരംകൊണ്ട് പാൽക്കടലിൽ താണുകൊണ്ടിരുന്നു. എന്നാൽ ഭഗവാൻ ഒരാമയായിവന്ന് പർവ്വതത്തെ തന്റെ പുറത്ത് താങ്ങി നിർത്തി. രാക്ഷസന്മാർക്ക് ഊർജ്ജമേറിയതും (തമസീകവും രാജസവും) ദേവന്മാർക്ക് ശക്തി നൽകിയതും (സാത്വീകോർജ്ജം) അതേ ഭഗവാൻ തന്നെ. വാസുകിക്ക് പർവ്വതത്തെ ചുറ്റി നിൽക്കാനുള്ള കഴിവുനൽകിയതും മറ്റാരുമല്ല. ഭഗവാൻ സ്വയം പർവ്വതത്തിനു മുകളിലിരുന്ന് അതിനെ താഴ്ത്തിപ്പിടിച്ചിരുന്നു. അങ്ങിനെ എല്ലാവരിലും ആവേശവും നവോൻമേഷവും ശക്തിയും ഭഗവൽകൃപയാൽ ഉണ്ടായിരുന്നതുകൊണ്ട് പാൽക്കടൽ കടയുന്ന പ്രവൃത്തി തുടർന്നു കൊണ്ടിരുന്നു. ഏറെ നേരം കഴിഞ്ഞിട്ടും അമൃതുണ്ടാവാത്തതുകൊണ്ട് ഭഗവാൻ സ്വയം കടൽ കടയാൻ സഹായിച്ചു.

ഉടനേതന്നെ അതികഠിനമായ ഒരു വിഷം -ഹലാഹലം- പുറത്തുവന്നു. അതിന്റെ രൂക്ഷതയിൽ പീഢിക്കപ്പെട്ട ജീവികളെല്ലാം ഭഗവാൻ സദാശിവനെ കണ്ട് സങ്കടമുണർത്തിച്ചു: ഭഗവാനേ, അഭയം നൽകിയാലും. മൂന്നു ലോകങ്ങളേയും ചാമ്പലാക്കാൻ കഴിവുള്ള ഈ വിഷത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും. അവിടുന്നാണ് വിശ്വപുരുഷൻ. അവിടുത്തെ കൈകാലുകളത്രേ ഈ വിശ്വം നിറഞ്ഞിരിക്കുന്നത്. എപ്പോഴെല്ലാം ഞങ്ങൾ ജീവികൾക്ക് ആപത്തുണ്ടാവുന്നുവോ അപ്പോഴെല്ലാം അങ്ങ് കൃപാപുരസ്സരം ശത്രുക്കളെ സംഹരിച്ച് ഞങ്ങളെ സംരക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് അവിടുത്തെ താമരപ്പാദങ്ങളെ ഞങ്ങൾ അഭയം പ്രാപിക്കുന്നു.

*പ്രാർത്ഥന കേട്ട് ഹൃദയമലിഞ്ഞ ഭഗവാൻ പരമശിവൻ തന്റെ പ്രിയതമയായ പാർവ്വതിയോട് പറഞ്ഞു:*
എത്ര വലിയ ദുരിതമാണ് നമ്മുടെ സൃഷ്ടികൾക്കുണ്ടാവാൻ പോവുന്നത്. ഈ വിഷത്തിൽനിന്നവരെ സംരക്ഷിക്കാൻ ഞാൻ എന്തെങ്കിലും ചെയ്തേ മതിയാവൂ. എപ്പോഴാണോ ഒരുവൻ മറ്റു ജീവികളുടെ ക്ഷേമത്തിനായി ത്യാഗം ചെയ്യാൻ തയ്യാറാവുന്നത്, അത് മഹത്വലക്ഷണമത്രേ. അങ്ങിനെയുള്ള ഭക്തൻ ഭഗവൽപ്രിയനുമാണ്. ഞാൻ ഉടനേതന്നെ ആ വിഷം വിഴുങ്ങാൻ പോവുന്നു. ഭഗവാന്റെ ഇച്ഛക്കനുകൂലമായി പാർവ്വതീദേവി സമ്മതം നൽകി. ശിവൻ തന്റെ കൈകുമ്പിളിൽ വിഷമെടുത്ത് ഒറ്റയടിക്കതു വിഴുങ്ങിക്കളഞ്ഞു. അതിന്റെ രൂക്ഷതയിൽ ഭഗവാന്റെ കഴുത്ത് കറുത്ത് നീലിച്ചുപോയി (നീലകണ്ഠൻ). വിഷത്തിൽ ചിലതുള്ളികൾ പരമശിന്റെ കൈവിരലുകൾക്കിടയിൽ നിന്ന് വീണുപോയവ- ഇപ്പോഴും പാമ്പ്, തേള്, മറ്റു വിഷജന്തുക്കൾ, ചിലയിനം പച്ചമരുന്നുകൾ ഇവകളിൽ കാണാവുന്നതാണ്. അങ്ങിനെ ശിവൻ സൃഷ്ടികളെ രക്ഷിച്ചു. ദുരിതമനുഭവിക്കുന്നവരുടെ വേദനയിൽ പങ്കുകൊള്ളുന്നവർ നന്മ നിറഞ്ഞവരത്രെ. അതാണ് സർവ്വാന്തര്യാമിയായ ഭഗവാനോടുള്ള ഏറ്റവും നല്ല ആരാധനയും.

*(പരമശിവനോടുള്ള പ്രാർത്ഥനാ വാക്കുകൾ ഭഗവാൻ വിഷ്ണുവിനോടുള്ള പ്രാർത്ഥനയ്ക്ക് സമമാണ്. ശിവ-വിഷ്ണു അദ്വൈത വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നതാണിത്).*

**നൂനം തപോ യസ്യ ന മന്യുനിർജ്ജയോ**
**ജ്ഞാനം ക്വചിത് തച്ച ന സംഗവർജ്ജിതം**
**കശ്ചിന്മഹാംസ്തസ്യ ന കാമനിർജ്ജയ:**
**സ ഈശ്വര: കിം പരതോവ്യപാശ്രയ: (8-8-20)**
**ധർമ്മ ക്വചിത് തത്ര ന ഭുതസൌഹൃദം**
**ത്യാഗ: ക്വചിത് തത്ര ന മുക്തികാരണം**
**വീര്യം നപുംസോ*f*സ്ത്യജവേഗ നിഷ്കൃതം**
**നഹി ദ്വിതീയോ ഗുണസംഗവർജ്ജിത: (8-8-21)**
**ക്വചിച്ചിരായുർന്ന ഹി ശീലമംഗളം**
**ക്വചിത് തദപ്യസ്തി ന വേദ്യമായുഷ:**
**യത്രോഭയം കുത്ര ച സോ*f*പ്യ മംഗള:**
**സുമംഗളം കശ്ച ന കാങ്ക്ഷതേ ഹി മാം. (8-8-22)**

*ശുകമുനി തുടർന്നു:*

ആപത്തിൽനിന്നും രക്ഷപ്പെട്ട ദേവാസുരന്മാർ വളരെയധികം ഉൻമേഷത്തോടെയും ഉത്സാഹത്തോടെയും ജോലി തുടർന്നു. ആ കടലിൽനിന്നും ആദ്യം ഒരു പശു പുറത്തു വന്നു. മുനിമാർ അതിനെ വൈദീകകർമ്മങ്ങൾക്ക് സഹായമെന്ന നിലയിൽ സ്വീകരിച്ചു. പിന്നീട് വന്ന ഉച്ചൈശ്രവസ് എന്ന കുതിരയെ അസുരരാജാവ് ബലി എടുത്തു. അടുത്തതായി ഐരാവതം എന്ന ആന വന്നപ്പോൾ ഇന്ദ്രൻ അവകാശപ്പെട്ടില്ല. ഭഗവാൻെറ നിർദ്ദേശപ്രകാരം ആഗ്രഹമൊന്നും പ്രകടിപ്പിച്ചുമില്ല. പിന്നീട് പുറത്തുവന്ന കൗസ്തുഭം എന്ന അപൂർവ്വരത്നം ഭഗവാൻ ഹരി, സ്വയം മാറിലണിഞ്ഞു. സർവ്വാഭീഷ്ടദായകമായ പാരിജാതവൃക്ഷം, അപ്സരസുകൾ എന്നിവക്ക് ശേഷം ലക്ഷ്മീദേവീ എല്ലാവരുടേയും ഹൃദയം കവർന്നുകൊണ്ടു പ്രത്യക്ഷപ്പെട്ടു. കയ്യിലൊരു പൂമാലയേന്തി ഉത്തമനായ ഒരു വരനെ തിരഞ്ഞ് ചുറ്റും നോക്കിയ ലക്ഷ്മീദേവീ ഇങ്ങിനെ പാടി. - തപ:ശക്തിയുള്ളവൻ, കോപത്തെ ജയിച്ചിട്ടില്ല. വിവേകമുള്ളവൻ, ആസക്തിയുപേക്ഷിച്ചിട്ടില്ല. മഹത്വമുള്ളവൻ, ആഗ്രഹങ്ങളെ വെന്നിട്ടില്ല. മറ്റുള്ളവയെ ആശ്രയിച്ചിരിക്കുന്നവൻ എങ്ങിനെയാണ് ഭഗവാനാവുക? ധർമ്മിഷ്ഠനായവൻ എല്ലാവരോടും സൗഹൃദം കാണിക്കുന്നില്ല. സന്യാസം സ്വീകരിച്ചവൻ, അതു മോക്ഷത്തിലേക്കുള്ള വഴിയായി മാറ്റുന്നില്ല. ശക്തനായവനും കാലത്തിന്നതീതനല്ല. ദീർഘായുസ്സുള്ളവൻ പ്രശംസാർഹമായ പ്രവൃത്തികൾ ചെയ്യുന്നില്ല. ആസക്തിയേതുമില്ലാത്തവന് സഖിത്വമില്ല. പ്രശംസാർഹമായ ഉത്തമജീവിതം നയിക്കുന്നവന് ദീർഘായുസ്സില്ല. ഇതെല്ലാമുള്ളവന് അശുഭമുണ്ടാവുന്നു. ശുഭോദർക്കമായ ഉൾക്കാഴ്ചയുള്ളവൻ എന്നെ അഭിലഷിക്കുകയുമില്ല.

ഇങ്ങിനെയെല്ലാം വിശകലനം ചെയ്ത് അവസാനം ദേവി, ഭഗവാൻ ഹരിയെ മാലയിട്ടു. ഭഗവാൻ ദേവിയെ തൻെറ മാറിടത്തിൽ കുടിയിരുത്തി. ഈ മംഗളകർമ്മത്തെ ദേവന്മാർ ആഘോഷിച്ചു. ദേവി അവരെ കടാക്ഷിച്ചത് ഭാഗ്യമായവർ കരുതി. അസുരന്മാർ അസൂയയോടെ അവരെ നോക്കി. പിന്നീട് കടലിൽനിന്ന് വാരുണിയെന്ന മദ്യം പുറത്തു വന്നു. അസുരന്മാർ അതെടുത്തു. അവസാനം വിചിത്രനായ ഒരു വ്യക്തി -ധന്വന്തരി- പുറത്തു വന്നു വൈദ്യശാസ്ത്രത്തിൻെറ ഉപജ്ഞാതാവായ അദ്ദേഹം ഭഗവാൻെറ അംശാവതാരം തന്നെയാണ്. അദ്ദേഹത്തിൻെറ കയ്യിലൊരു കുടമുണ്ടായിരുന്നു. അസുരന്മാർ കുടവും തട്ടിയെടുത്ത് പാലായനം ചെയ്തു. വിഷണ്ണരായ ദേവന്മാർ ഭഗവാനോട് പരാതിപ്പെട്ടു. ഭഗവാൻ അവരെ സഹായിക്കാമെന്നേറ്റു. ഭഗവാൻ തൻെറ മായാശക്തിയാൽ അസുരന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടാക്കി. ശക്തികുറഞ്ഞ അസുരന്മാർ, ദേവന്മാർക്കുകൂടി അവകാശപ്പെട്ട അമൃത് കൊണ്ടുപോവുന്നത് നീതിയുക്തമല്ലെന്ന് വാദിച്ചു. -ദേവന്മാരും അമൃതിനായി അദ്ധ്വാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവരുടെ വിഹിതം നൽകണം. അതാണ് അനശ്വരമായ നിയമം. - അങ്ങിനെ അസുരന്മാർ തമ്മിൽ കലഹിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ അതീവസുന്ദരിയായ ഒരു കന്യക പ്രത്യക്ഷപ്പെട്ടു. ഭഗവാൻെറ മായാശക്തി തന്നെയായിരുന്നു അത്.

**ഏവം സുരാസുരഗണാ: സമദേശകാല
ഹേത്വർത്ഥകർമ്മമതയോƒപി ഫലേ വികൽപ്പാ:
തത്രാമൃതം സുരഗണാ: ഫല മഞ്ജസാƒƒപുർ
യത് പാദപങ്കജരജ:ശ്രയണാന്ന ദൈത്യാ: (8-9-28)
യദ്യു ജ്യതേƒസുവസു കർമ്മമനോവചോഭിർ
ദേഹാത്മജാദിഷു നൃഭിസ്തദസത് പൃഥക്ത്വാത്
സർവ്വസ്യ തദ്ഭവതി മൂല നിഷേചനം യത് (8-49-29)**

*ശുകമുനി തുർന്നു:*
അസുരന്മാർ അമൃതകുംഭവുമായി ഓടുമ്പോൾ അവർ തമ്മിൽ കലഹിച്ചുകൊണ്ടിരുന്നു. എങ്ങിനെയാണ് അമൃതു പങ്കുവെക്കേണ്ടതെന്നായിരുന്നു പ്രശ്നം. അതിസുന്ദരിയായ ആ തരുണീമണി അസുരന്മാരെ ആകർഷിച്ചു. അവരുടെ ഹൃദയം ആ സൗന്ദര്യത്തിൽ മതിമറക്കുകയും ചെയ്തു. അമൃതകുംഭവുമായി ഓടിപ്പോന്നതിൻെറ ഉദ്ദേശലക്ഷ്യങ്ങളെല്ലാം മറന്ന് അവരങ്ങിനെ നിശ്ചലരായി നിന്നുപോയി. അവർ അവരുടെ ആരാധന തുറന്നറിയിച്ചു. അവർ കന്യകയോട് ഓരോന്നു ചോദിച്ചു കൊണ്ടിരുന്നു. -അല്ലയോ യുവസുന്ദരീ, നീ ആരാണ്? നിൻെറ അഛനമ്മമാർ ആരെല്ലാം? എന്തിനാണിവിടെ വന്നിരിക്കുന്നത്? തരുണിയിൽ ആകൃഷ്ടരായ അവർ പറഞ്ഞു. -ഇതാ അമൃതുകുംഭം. ഞങ്ങൾ, കശ്യപപുത്രന്മാരാണ്. സഹോദരർ. ഞങ്ങളെല്ലാവരും ഒരുപോലെ പ്രയത്നം ചെയ്തിട്ടാണ് ഇതു ലഭിച്ചിട്ടുള്ളത്. ഇപ്പോൾ അമൃത് എങ്ങിനെ പങ്കിടണമെന്ന് ഞങ്ങൾക്ക് തീരുമാനിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഞങ്ങൾക്കുവേണ്ടി അമൃതുപങ്കിട്ടുതന്നാലും. എന്തുതന്നെയായാലും ഭവതിയുടെ തീരുമാനത്തെ ഞങ്ങൾ സ്വീകരിച്ചുകൊള്ളാം. ഭഗവാൻ മോഹിനീവേഷത്തിൽ അമൃതകുംഭം അവരിൽ നിന്നും സ്വീകരിച്ചു. തൻെറ തീരുമാനം ശരിയോ തെറ്റോ ആയാലും അതനുസരിച്ചുകൊള്ളാമെന്ന് അവർ വാക്കുകൊടുത്തതനുസരിച്ച് മോഹിനി അമൃത് വിളമ്പാമെന്ന് സമ്മതിച്ചു.

എല്ലാ ദേവന്മാരും അസുരന്മാരും കുളി കഴിഞ്ഞ്, തേവാരവും അഗ്നിപൂജയും കഴിച്ച് ഈ പുണ്യാവസരം ആഘോഷിച്ചു. ബ്രാഹ്മണർക്ക് ദാനവും നൽകി. എന്നിട്ട് അവർ സ്വയം അമൃതുകഴിച്ച് അമരത്വം പ്രാപിക്കാനുള്ള ആഗ്രഹത്തോടെ ആസനസ്ഥരായി. മോഹിനി, ദേവന്മാരേയും അസുരന്മാരേയും രണ്ടു നിരകളിലായി ഇരുത്തിയിരുന്നു. എന്നിട്ട് അവരുടെയിടയിൽ അമൃതകുംഭവുമായി നടന്നു. അസുരന്മാർ മോഹിനിയെ നിർനിമേഷരായി നോക്കിയിരിക്കെ, കന്യക എല്ലാ ദേവന്മാർക്കും അമൃത് വിളമ്പി. ആക്രമകാരികളായ രാക്ഷസന്മാർക്ക് അമൃതു കൊടുക്കുന്നത് ശരിയല്ലെന്ന് മോഹിനി നിശ്ചയിച്ചു. അസുരന്മാർ, മോഹിനിക്ക് കൊടുത്ത വാക്കനുസരിച്ച് സംയമനത്തോടെ ഇരുന്നു. എന്നാൽ ഒരസുരൻ, ചന്ദ്രൻേറയും സൂര്യൻേറയും മദ്ധ്യത്തിൽ ഇരുന്നിരുന്നു. മോഹിനി അവനും അമൃത് കൊടുത്തിരുന്നു. മോഹിനിക്ക് തെറ്റു മനസ്സിലാകുംമുൻപ് അവൻ അത് കഴിക്കുകയും ചെയ്തു. ഈ തെറ്റ്, സൂര്യചന്ദ്രന്മാർ മോഹിനിയെ അറിയിക്കുകയും ഭഗവാൻ വിഷ്ണു അസുരൻെറ തല അറുക്കുകയും ചെയ്തു. എന്നാൽ അമൃതു കൊണ്ട് അവൻെറ തലക്ക് അമരത്വം ലഭിച്ചു. അയാൾ ഗ്രഹണമുണ്ടാക്കുന്ന രാഹുവായി. ദേവന്മാർക്ക് അമൃതു വിളമ്പിയശേഷം ഭഗവാൻ തൻെറ യഥാർത്ഥരൂപം കൈക്കൊണ്ടു.

ദേവന്മാരുടേയും അസുരന്മാരുടേയും ഉദ്ദേശലക്ഷ്യങ്ങളും കർമ്മങ്ങളും സമാനമായിരുന്നുവെങ്കിലും ദേവന്മാർക്ക് മാത്രം അമൃത് ലഭിച്ചു. അസുരന്മാർക്ക് കിട്ടിയതുമില്ല. കാരണം, ദേവന്മാർ ഭഗവാനെ അഭയം പ്രാപിച്ചിരുന്നു. സ്വന്തം ശരീരത്തിനും ബന്ധുക്കൾക്കും വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ ഫലപ്രദമാവുകയില്ല. എന്നാൽ അതേ കർമ്മങ്ങൾ ഫലപ്രദമാവാൻ നാനാത്വഭാവാവബോധം നശിപ്പിക്കണം. എന്നിട്ട് ആ കർമ്മങ്ങൾ ഭഗവൽ പൂജയായി ചെയ്യണം. എല്ലാ ജീവജാലങ്ങളിലും നിന്നു വിളങ്ങുന്ന ആത്മാവ് ഭഗവാൻ തന്നെയാണല്ലോ.

## തസ്മിൻ പ്രവിഷ്ടേƒസുര കൂടകർമ്മജാ
## മായാ വിനേശുർമ്മഹിനാ മഹീയസ:
## സ്വപ്നോ യഥാ ഹി പ്രതിബോധ ആഗതേ
## ഹരിസ്മൃതി: സർവവിപദ്വിമോക്ഷണം (8-10-55)

*ശുകമുനി തുടർന്നു:*
ദേവന്മാരും അസുരന്മാരും ഒത്തൊരുമിച്ച് പ്രയത്നിച്ചതിൻെറ ഫലമായാണ് അമൃതു ലഭിച്ചത്. എങ്കിലും അസുരന്മാർക്ക് അതിൻെറ പ്രയോജനം കിട്ടാതെ പോയി. കാരണം, അവർ ഭഗവാൻ വാസുദേവനിൽനിന്നും അകന്നു പോയിരുന്നുവല്ലോ. അവതാരോദ്ദേശം നിറവേറ്റി ഭഗവാൻ അപ്രത്യക്ഷനായി.

ഇച്ഛാഭംഗിതരായ രാക്ഷസന്മാർ ദേവന്മാർക്കെതിരായി യുദ്ധം തുടങ്ങി. മുൻപൊക്കെ അവർക്ക് ദേവന്മാരെ നിഷ്പ്രയാസം ഞെരിച്ചമർത്താൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ പോരാട്ടത്തിൻെറ ഗതിയാകെ മാറിയിരിക്കുന്നു. അമൃതുകൊണ്ടും ഭഗവൽകൃപകൊണ്ടും ദേവന്മാർ ശക്തിയാർജ്ജിച്ചിരിക്കുന്നു. അസുരന്മാർക്ക് തക്കതായ മറുപടി നൽകാൻ ഇപ്പോൾ അവർക്ക് സാധിക്കുന്നു.

ഇരുമ്പി വരുന്ന രണ്ടു സമുദ്രങ്ങൾ കൂട്ടിമുട്ടുന്നതു പോലെ ഭയാനകമായിരുന്നു രണ്ടു പടകളും അടുത്തു വരുമ്പോൾ. ദേവന്മാർക്കും അസുരന്മാർക്കും അവരവരുടെ സ്ഥാനചിഹ്നങ്ങളും മറ്റു പരിവാരങ്ങളും ഉണ്ടായിരുന്നു. ദേവന്മാരാൽ ചുറ്റപ്പെട്ട് ഐരാവതത്തിൻെറ പുറത്തിരുന്ന് ഇന്ദ്രൻ, സൂര്യനെപ്പോലെ തിളങ്ങി. ഇന്ദ്രനെ ബലി ആക്രമിച്ചു. മറ്റസുരന്മാർ ഓരോ ദേവന്മാരുമായി യുദ്ധത്തിലേർപ്പെട്ടു. ആനകൾ, കുതിരകൾ, മുറിച്ചെറിയപ്പെട്ട തലകൾ, കബന്ധങ്ങൾ എന്നിവ യുദ്ധക്കളത്തിൽ ചിതറിക്കിടന്നു. അവിടവിടെ, കൈകളിലായുധമേന്തിയ കബന്ധങ്ങൾ ഓടിനടന്നു. ശരീരമില്ലാത്ത തലകൾ യുദ്ധവീരന്മാരെ നോക്കി കിടക്കുകയും ചെയ്തു.

ബലി ഇന്ദ്രനുനേരെ പത്ത് അസ്ത്രങ്ങൾ വിക്ഷേപിച്ചു. മൂന്നെണ്ണം ആനയ്ക്കു നേരെ. ആനയുടെ നാലു കാവൽക്കാർക്കും നേരെ ഓരോന്ന്. ആനക്കാരനു നേരെ ഒരെണ്ണം എന്നിങ്ങനെ ബലി അമ്പയച്ചു. ഇന്ദ്രൻ അവയെയെല്ലാം തൻെറ ആയുധം കൊണ്ടു മുറിച്ചുകളഞ്ഞു. ബലി തൻെറ ആഗ്നേയാസ്ത്രം പുറത്തെടുത്തു. അത് വിക്ഷേപിക്കും മുൻപ് ഇന്ദ്രൻ ബലിയുടെ കയ്യിൽനിന്നും അതിനെ തെറിപ്പിച്ചു കളഞ്ഞു. ബലി പിന്നീട് തൻെറ മായാശക്തി പ്രയോഗിച്ചു. ദേവന്മാർക്ക് മുകളിൽ വലിയൊരു പർവ്വതം പ്രത്യക്ഷപ്പെട്ടു. അവയിൽനിന്നും കത്തിയെരിഞ്ഞ മരങ്ങളും, കടുവാകളും, സിംഹങ്ങളും, ദുരാത്മാക്കളും വന്ന് ദേവന്മാരെ പീഢിപ്പിക്കാൻ തുടങ്ങി. ഈ പൈശാചീകമായ മന്ത്രവാദത്തെ നേരിടാൻ ദേവന്മാർക്കായില്ല. ഉടനേ ഭഗവാൻ യുദ്ധക്കളത്തിൽ പ്രത്യക്ഷനായി. ആ നിമിഷം, അസുരന്മാരുണ്ടാക്കിയ എല്ലാ മായാജാലങ്ങളും അപ്രത്യക്ഷമായി. കാരണം, ഭഗവൽസ്മരണമാത്രയിൽത്തന്നെ ജീവിതത്തിലെ വൈതരണികൾ തരണം ചെയ്യാൻ സാധിക്കുമല്ലോ. കാലനേമി എന്ന അസുരൻ ഒരു സിംഹത്തെ ഭഗവാനുനേരെ വിട്ടു. ഭഗവാൻ കാലനേമിയേയും സിംഹത്തേയും വധിച്ചു. മറ്റു പല അസുരന്മാരും ഭഗവാൻെറ കൈകളാൽ മരണപ്പെട്ടു. മാലി, സുമാലി, മാല്യവാൻ എന്നീ അസുരപ്രമുഖർ ഇക്കൂട്ടത്തിൽപ്പെടുന്നു.

**സംഗ്രാമേ വർത്തമാനാനാം കാലചോദിതകർമ്മണാം**
**കീർത്തിർജ്ജയോഽജയോ മൃത്യു: സർവേഷാം സ്യുരനുക്രമാത് (8-11-7)**
**തദിദം കാലരശനം ജനാ: പശ്യന്തി സൂരയ:**
**ന ഹൃഷ്യന്തി ന ശോചന്തി തത്ര യൂയമപണ്ഡിതാ: (8-11-8)**

*ശുകമുനി തുടർന്നു:*
അസുരന്മാരുടെ മായാജാലം, ഭഗവൽപ്രവേശനത്തോടെ അപ്രത്യക്ഷമായപ്പോൾ ദേവന്മാർ അവരുടെ ശക്തിയും സമനിലയും വീണ്ടെടുത്തു. ഇന്ദ്രൻ ബലിയെ ആക്രമിക്കാൻ വെല്ലുവിളിച്ചു. ബലിയും കൂട്ടരും അവരുടെ ഏറ്റവും ഹീന്മായ ആക്രമണം നടത്തിയാലും തങ്ങൾ -ദേവന്മാർ- വിജയിക്കുമെന്ന് ഇന്ദ്രൻ വീമ്പിളക്കി.

*ജ്ഞാനിയായ ബലി പറഞ്ഞു:*
യുദ്ധത്തിലേർപ്പെട്ടവരെ സംബന്ധിച്ചേടത്തോളം കീർത്തി, ജയം, പരാജയം, മരണം എന്നിവ ഒന്നിനു പിറകേ ഒന്നായി കാലോചിതം സംഭവിക്കുന്നു. ജ്ഞാനിയായ ഒരുവൻ അതുകൊണ്ട് അത്യാഹ്ലാദമോ ദു:ഖമോ പ്രകടിപ്പിക്കുന്നില്ല. നിങ്ങൾക്ക് വിജ്ഞാനമില്ലാത്തതു കൊണ്ടാണ് വിജയപരാജയങ്ങളെ സാദ്ധ്യമാക്കാൻ നിങ്ങൾക്ക് കഴിയുമെന്ന് സ്വയം വിശ്വസിക്കുന്നത്.

തുടർന്നുണ്ടായ യുദ്ധത്തിൽ ഇന്ദ്രൻ, തബലിയെ തന്റെ മേഘാസ്ത്രം കൊണ്ട് വീഴ്ത്തി. വീരനായ ജംഭൻ യുദ്ധക്കളത്തിലിറങ്ങി അതിഭീകരമായ ഒരു ഗദകൊണ്ട് ഇന്ദ്രന്റെ ആനയെ മുടന്തനാക്കി. ഇന്ദ്രന്റെ തേരാളിയായ മാതലി ഉടനേ തന്നെ ഒരു തേരു കൊണ്ടുവന്നു. തന്റെ മേഘായുധം കൊണ്ട് ജംഭന്റെ തലയറുത്തു ഇന്ദ്രൻ. ഉടനേ യുദ്ധക്കളത്തിൽ ബാലൻ, പാകൻ, നമൂചി എന്നിവർ ഇന്ദ്രനെ നേരിട്ടു. പാകൻ, മാതലിയേയും രഥത്തേയും നൂറു ശരങ്ങൾ എയ്തു വീഴ്ത്തി. ഇന്ദ്രനെതിരെ പതിനഞ്ചസ്ത്രങ്ങളും വർഷിച്ചു. ശരവർഷത്തിന്റെ നിഴലിൽ ഇന്ദ്രൻ അകപ്പെട്ടു. അതിനുള്ളിൽ നിന്ന് തന്റെ മേഘാസ്ത്രം ചുഴറ്റി ബലനേയും പാകനേയും ഇന്ദ്രൻ വധിച്ചു. നമൂചി ഇന്ദ്രനെ തന്റെ കുന്തം കൊണ്ട് ആക്രമിച്ചു. ഇന്ദ്രൻ കുന്തത്തെ ഒരായിരം കഷണങ്ങളാക്കി മുറിച്ചിട്ട് മേഘായുധം പ്രയോഗിച്ചുവെങ്കിലും അതാദ്യമായി ശക്തിഹീനമായി വർത്തിച്ചു. ഇന്ദ്രൻ ആകുലനും അത്ഭുതസ്തബ്ധനുമായി. അപ്പോൾ ഒരശരീരി കേട്ടു. -നമൂചിയെ കൊല്ലാൻ നനഞ്ഞതോ ഉണങ്ങിയതോ ആയ ആയുധങ്ങൾ കൊണ്ട് സാദ്ധ്യമല്ല. അവന് ഒരു വരം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് മറ്റൊരായുധം തിരഞ്ഞെടുത്താലും.- ഈ മുന്നറിയിപ്പുകേട്ട ഇന്ദ്രൻ കടലിൽ പൊങ്ങിക്കിടന്ന ഒരുതരം നുര -പൂർണ്ണമായും നനഞ്ഞതോ ഉണങ്ങിയതോ അല്ലാത്തത്- ഉപയോഗിച്ച് നമൂചിയുടെ കഥ കഴിച്ചു. ദേവന്മാർ സന്തോഷിച്ചു.

എന്നാൽ സൃഷ്ടാവ് സന്തുഷ്ടനായിരുന്നില്ല. ഇന്ദ്രനേയും മറ്റു ദേവന്മാരെയും സമാധാനിപ്പിക്കാൻ അദ്ദേഹം നാരദനെ നിയോഗിച്ചു. ഈ അനിയന്ത്രിയമായ നശീകരണം അവസാനിപ്പിക്കാൻ നാരദൻ അവരോട് അനുനയത്തിൽ സന്ധിസംഭാഷണം ചെയ്തു. ദേവന്മാർ ഉപദേശം സ്വീകരിച്ചു. ഉഷണമുനി, ബലിയെ പുനർജീവിപ്പിച്ചു. അസുരരാജാവാണല്ലൊ ബലി. ഇങ്ങിനെ പുനർജനിച്ച ബലിക്ക് യുദ്ധപരാജയത്തിൽ വലിയ വിഷമമൊന്നും ഉണ്ടായില്ല കാരണം അദ്ദേഹം സത്യം മനസ്സിലാക്കിയിരുന്നു. കൈകാലുകൾ അക്ഷതമായിട്ടുള്ള, ചത്തുവീണ അസുരന്മാരേയും മുനി പുനർജ്ജീവിപ്പിച്ചു.

## അസദവിഷയമങ്ഘ്രിം ഭാവഗമ്യം പ്രപന്നാനമൃതമമരവര്യാനാശയത് സിന്ധുമഥ്യം
## കപടയുവതിവേഷോ മോഹയൻ യ: സുരാരീം
## സ്തമഹമുപസൃതാനാം കാമപൂരം നതോ$f$സ്മി (8-12-47)

*ശുകമുനി തുടർന്നു:*
ഭഗവാൻെറ മോഹിനീവേഷത്തെപ്പറ്റി കേട്ട പരമശിവൻ തൻെറ വാഹനത്തിൽ ഉമയോടൊപ്പം, പരിവാരസമേതം ഭഗവാൻ വിഷ്ണുവിൻെറയടുക്കൽ പോയി. ഭഗവാൻ, പരമശിവനെ സ്നേഹബഹുമാനങ്ങളോടെ സ്വീകരിച്ചു. ശിവൻ ഹരിയെ സ്തുതിച്ചു:

ഭഗവാനേ, അവിടുന്ന് എല്ലാത്തിൻേറയും പരമസത്ത തന്നെ. അങ്ങിൽ നാനാത്വം ദർശിക്കുന്നത് അജ്ഞാനികൾ മാത്രം. പലതായി കാണപ്പെട്ട് വിളങ്ങുന്ന അവിടുന്നുതന്നെ ആ ഏകത്വമായ സത്ത്. അവിടുത്തെ പാദാരവിന്ദങ്ങളെ ശരണം പ്രാപിച്ചിരിക്കുന്ന മഹാമുനികൾ ഇഹലോകത്തിലും പരലോകത്തിലും ആസക്തിയില്ലാത്തവരായിരിക്കുന്നു. അവർ അങ്ങാണ് പരംപൊരുളെന്ന് അറിയുമ്പോൾ, മറ്റുചിലർ അവിടുന്നാണ് പ്രകൃതിനിയമസൃഷ്ടാവ് എന്നു ഗണിക്കുന്നു. മറ്റു ചിലർ, ദ്രവ്യോർജ്ജങ്ങൾക്കതീതമായ സത്യമാണവിടുന്നെന്നും പറയുന്നു. എന്നാൽ മറ്റുള്ളവർക്ക് അവിടുന്ന് ഒൻപതു ദിവ്യശക്തികളാൽ സമ്പന്നനാണ്. (വിമല, ഉത്ക്കർഷിണി, ജ്ഞാനം, ക്രിയ, യോഗം, പ്രഹ്വി, സത്യം, ഈശാനം, അനുഗ്രഹം). ചിലർ അവിടുത്തെ പരമപുരുഷനായും കരുതുന്നു. എന്നാൽ ആർക്കും അവിടുത്തെ ശരിയായ രീതിയിൽ സാക്ഷാത്ക്കരിക്കുവാൻ ആവുകയില്ല തന്നെ. അവിടുത്തെ അവതാരങ്ങൾ ധ്യാനത്തിന് തികച്ചും ആഹ്ലാദപ്രദമായ മോഹനരൂപങ്ങളത്രെ. അങ്ങ് ഏതവതാരമെടുത്താണോ അസുരന്മാരെ മോഹിപ്പിച്ച് ദേവന്മാർക്ക് അമൃത് വിളമ്പിയത്, ആ മോഹനരൂപം ദർശിക്കാനാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്.

തൻെറ മോഹിനീരൂപം വികാരോദ്ദീപകമാണെന്ന് ഭഗവാൻ ശിവന് മുന്നറിയിപ്പുനൽകി എന്നിട്ട് തൻെറ അവതാരരൂപം കാണിക്കാമെന്ന് വാഗ്ദാനവും നൽകി. ഉടനേ ഭഗവാൻ അവിടെനിന്ന് അപ്രത്യക്ഷനായി. പരമശിവൻ അമ്പരപ്പോടെ ചുറ്റും നോക്കാൻ തുടങ്ങി. കുറച്ചു ദൂരത്ത് അതീവസുന്ദരിയായ ഒരു യുവതി ഉദ്യാനത്തിൽ പന്താടി കളിച്ചുകൊണ്ടിരുന്നു. ഇടക്ക് വശ്യമായ മന്ദഹാസത്തോടെ ശിവനെ നോക്കുകയും ചെയ്യുന്നു. ഒരവസരത്തിൽ, പന്തിനു പുറകെ ഓടിയ മോഹിനിയുടെ വസ്ത്രം കാറ്റിൽ പറന്നുപോയി. വികാരവിവശനായ ശിവൻ അവളെ പിന്തുടർന്നു. ശിവൻെറ ആലിംഗനത്തിൽനിന്നും കുതറിമാറാനെന്ന നാട്യത്തിൽ യുവതി അദ്ദേഹത്തെ മോഹിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ യുവതിക്ക് പിറകേ പോകുമ്പോൾ ശിവൻെറ രേതസ്സ് വിസർജ്ജിക്കപ്പെടുകയും അതു വീണിടമെല്ലാം സ്വർണ്ണഖനികളും വെള്ളിഖനികളുമായിത്തീരുകയും ചെയ്തു. പെട്ടെന്ന് ശിവൻ മന:സംയമനം വീണ്ടെടുത്തു. ഭഗവാൻെറ മായാശക്തിയെ മനസ്സിലാക്കി ശിരസ്സു നമിച്ചു. ഭഗവാൻ ശിവനെ അനുഗ്രഹിച്ചു. -എൻെറ മായാശക്തി ഇനിയും താങ്കളെ കീഴടക്കുകയില്ല.-

വീണ്ടും ഹരിയെ വന്ദിച്ച് ശിവൻ പാർവ്വതിയോടു പറഞ്ഞു: -ഭഗവാൻെറ മായാശക്തി നീയും കണ്ടുവല്ലോ. ഭഗവാൻെറ ഒരു കിരണമായ എനിക്കുപോലും മായയാൽ മോഹമുണ്ടായെങ്കിൽ മറ്റുള്ളവർ എത്ര എളുപ്പം ആ ശക്തിക്കടിമപ്പെടുന്നു?

അധാർമ്മീകർക്കു സാക്ഷാൽക്കരിക്കാനാവാത്ത ആ ഭഗവാനെ ഞാൻ നമിക്കുന്നു. ഭക്തർക്ക് പ്രാപിക്കാവുന്ന അവിടുന്ന് മോഹിനീരൂപത്തിൽ അവതരിച്ച്, രാക്ഷസരെ മോഹിപ്പിച്ച്, തന്നിൽ അഭയം തേടിയ ദേവന്മാർക്ക് അമൃതു വിളമ്പിക്കൊടുക്കുകയും ചെയ്തു.

## മനുർവ്വിവസ്വത: പുത്ര: ശ്രാദ്ധദേവ ഇതി ശ്രുത:
## സപ്തമോ വർത്തമാനോ യസ്തദപത്യാനിമേ ശൃണു (8-13-1)

*ശുകമുനി തുടർന്നു:*
ഇനി ഞാൻ ഏഴാമതു മനുവിൻെറ മക്കളെപ്പറ്റി പറയാം. ഇപ്പോഴത്തെ ലോകചക്രത്തിൻെറ ഭഗവാനായ അദ്ദേഹം ശ്രദ്ധാദേവൻ, വിവസ്വാൻെറ പുത്രനായ സൂര്യൻ എന്നറിയപ്പെടുന്നു. അദ്ദേഹത്തിൻെറ പത്തുപുത്രന്മാർ ഇക്ഷാകു, നഭഗൻ, ധൃഷ്ടൻ, സര്യാതി, നരിഷ്യന്തൻ, നാഭാഗൻ, ദിഷ്ടൻ, കരുഷൻ, പ്രശ്ധരൻ, വസുമാൻ എന്നിവരാണ്. സൂര്യൻെറ പന്ത്രണ്ട് ഭാവങ്ങൾ, എട്ടുവസുകൾ, പതിനൊന്ന് രുദ്രന്മാർ, പത്തു വിശ്വദേവന്മാർ, നാൽപ്പത്തിയൊൻപതു മരുത്തുകൾ, രണ്ട് അശ്വിനിദേവകൾ, മൂന്ന് ഋഭുക്കൾ എന്നിവർ ദേവന്മാരാണ്. പുരന്ദരൻ ഇന്ദ്രനായി. കശ്യപൻ, അത്രി, വസിഷ്ഠൻ, വിശ്വാമിത്രൻ, ഗൗതമൻ, ജമദഗ്നി, ഭരദ്വാജൻ എന്നിവർ സപ്തർഷികൾ. ഈ മന്വന്തരത്തിൽ ഭഗവാൻെറ അവതാരം, കുള്ളനായ വാമനനായാണ്.

എട്ടാമത് മന്വന്തരം സാവർണിയാണ് നയിക്കുന്നത്. വിവസ്വാൻേറയും ഛായയുടേയും പുത്രനാണ് സാവർണി. നിർമോകൻ, വീരജാക്ഷൻ തുടങ്ങിയവർ അദ്ദേഹത്തിൻെറ പുത്രന്മാർ. സുതപൻ, വിരജൻ, അമൃതപ്രഭൻ എന്നിവർ ദേവന്മാർ. അസുരരാജവായ ബലി ഭഗവൽകൃപയാൽ ഇന്ദ്രനായി. ഗാലവൻ, ദീപ്തിമാൻ, രാമൻ, അശ്വത്ഥാമവ്, കൃപാചാര്യൻ, ഋഷ്യശൃംഗൻ, വ്യാസൻ തുടങ്ങിയവർ ഋഷികൾ. ഭഗവാൻെറ അവതാരം സാർവഭൗമനായിട്ടാണ്.

ഒൻപതാമതുമനു വരുണപുത്രനായ ദക്ഷസാവർണിയാണ്. ഭൂതകേതു, ദീപ്തകേതു തുടങ്ങിയവർ അദ്ദേഹത്തിൻെറ പുത്രന്മാർ. പാരാ, മരീചിഗർഭൻ തുടങ്ങിയ ദേവതകൾ. അദ്ഭുതൻ, ഇന്ദ്രനായി. ദ്യുതിമാൻ തുടങ്ങിയ ഋഷികൾ. ഋഷഭനായി ഭഗവദവതാരം.

പത്താമതുമനു ബ്രഹ്മസാർവണി. ഭൂരിസേനൻ മുതൽപേർ പുത്രന്മാർ. സുവാസനൻ, വിരുദ്ധാൻ തുടങ്ങിയ ദേവന്മാർ. ഹവിസ്മാൻ, സുകൃതി, സത്യം, ജയം, മൂർത്തി തുടങ്ങിയ ഋഷികൾ. ശംഭുവാണി ഇന്ദ്രനായി. ഭഗവദവതാരം വിശ്വക്ഷേണനായിട്ടാണ്.

പതിനൊന്നാമതുമനു ദർമസാർവണി. സത്യധർമ്മൻ തുടങ്ങിയവർ പുത്രന്മാർ. വിഹംഗമൻ, കാമഗമാൻ, നിർവാണരുചി തുടങ്ങിയവരാണ് ദേവതകൾ. വൈധൃതനാണ് ഇന്ദ്രൻ. ഭഗവദവതാരം ധർമ്മസേതുവാണ്.

പന്ത്രണ്ടാമതുമനു രുദ്രസാവർണി. ദേവവാൻ തുടങ്ങിയ പുത്രന്മാർ. ഹരിതൻ തുടങ്ങിയ ദേവന്മാർ. ഋതധാമൻ ഇന്ദ്രനായി. തപോമൂർത്തി തുടങ്ങിയ ഋഷികൾ. ഭഗവാൻെറ പ്രത്യക്ഷരൂപം സ്വധാമാനുമാണ്.

പതിമൂന്നാമതുമനു ദേവസാർവണിയാണ്. ചിത്രസേനൻ മുതൽപേർ പുത്രന്മാർ. സുകാർമാൻ, സുത്രാമൻ തുടങ്ങിയവർ ദേവന്മാർ. ദിവസ്പതി ഇന്ദ്രൻ. നിർമോകൻ തുടങ്ങിയ ഋഷികൾ. ഭഗവാൻെറ അവതാരം യോഗേശ്വരനായിട്ടാണ്.

അവസാനത്തെ മന്വന്തരത്തിൽ ഇന്ദ്രസാവർണിയാണ് മനു. ഉരു മുതലായ പുത്രന്മാർ. പവിത്രാൻ, ചാക്ഷുഷാൻ തുടങ്ങിയ ദേവന്മാർ. സുചി ഇന്ദ്രനായി. അഗ്നിഭാനു തുടങ്ങിയ ഋഷികൾ. ഭഗവദവതാരം ബ്രഹദ്ഭാനുവെന്നറിയപ്പെടുന്നു.

അങ്ങിനെ ഒരു കൽപ്പമെന്തെന്ന് പരീക്ഷിത്തേ ഞാൻ വിശദമാക്കി കഴിഞ്ഞു.

**മനവോ മനുപുത്രാശ്ച മുനയശ്ച മഹീപതേ**
**ഇന്ദ്രാ: സുരഗണാശ്ചൈവ സർവ്വേ പുരുഷശാസനാ: (8–14–2)**
**സ്തൂയമാനോ ജനൈരേഭിർമ്മായയാ നാമരൂപയാ**
**വിമോഹിതാത്മഭിർന്നാനാദർശനൈർന്ന ച ദൃശ്യതേ (8–14–10)**

*പരീക്ഷിത്തിൻെറ ഒരു ചോദ്യത്തിനു മറുപടിയായി ശുകമുനി പറഞ്ഞു:*
മനുക്കളും അവരുടെ പുത്രന്മാരും ദേവന്മാരും അവരുടെ രാജാവായ ഇന്ദ്രനും മാമുനികളും എല്ലാവരും ഭഗവാൻെറ നിയന്ത്രണത്തിൻ കിഴിലാണ്. ഓരോ ലോകചക്രത്തിലും ഭഗവാൻ ഒരംശാവതാരമായെങ്കിലും അവതരിച്ച് മനുവിനെ ധർമ്മപാതയിൽ നയിക്കുന്നു. അങ്ങിനെ മനു, നിയമങ്ങളും ധർമ്മവും പരിപാലിക്കുന്നു. നാലു ഘടകങ്ങളുള്ള ധർമ്മപാതയിൽ - തപസ്സ്, പരിശുദ്ധി, ദയ, സത്യം - ജനത്തെ നയിക്കുന്നു. രാജാക്കന്മാർ ധർമ്മത്തേയും ധാർമ്മീകാചാരങ്ങളേയും പരിരക്ഷിക്കുന്നു. ദേവതകൾ തങ്ങൾക്ക് ലഭിക്കുന്ന യാഗാർഘ്യം സ്വീകരിച്ച് സംതൃപ്തരായി ജനങ്ങൾക്ക് ഐശ്വര്യത്തെ പ്രദാനം ചെയ്യുന്നു.

ഭഗവാൻ സ്വയം മാമുനികൾമുഖേന ജനത്തിന് വിജ്ഞാനവും വിവേകവും ഉണ്ടാക്കുന്നു. ഭഗവൽകിരണങ്ങൾ തന്നെയാണല്ലൊ ഋഷികൾ. യാഗാചാരക്രമങ്ങൾ ജനത്തെ പഠിപ്പിക്കുന്നതും മറ്റു മുനിമാർ വഴി ഭഗവാനല്ലാതെ മറ്റാരുമല്ല. യോഗാഭ്യാസഗുരുക്കന്മാർ വഴി ആത്മസാക്ഷാത്ക്കാരമാർഗ്ഗവും മറ്റും പഠിപ്പിക്കുന്നതും അതേ ഭഗവാൻ തന്നെ. സൃഷ്ടിക്കപ്പെട്ടവയിലെ ഭഗവാനായി വാണരുളി സൃഷ്ടിയെ പ്രോത്സാഹിപ്പിക്കുന്നതും ഭഗവാനത്രെ.

പലേവിധത്തിലുള്ള നാമരൂപങ്ങളാൽ ഭഗവാൻെറ മഹിമകൾ പ്രകീർത്തിക്കപ്പെടുന്നുണ്ടെങ്കിലും മായാവലയത്തിനകപ്പെട്ടതിനാൽ മനുഷ്യർക്ക് ഭഗവാനെ സാക്ഷാത്ക്കരിക്കാനാവുന്നില്ല.

*(മേൽപ്പറഞ്ഞ കാര്യങ്ങൾ ധർമ്മത്തെ കാലപരിധിയിൽനിന്നും മോചിപ്പിക്കുന്നു. എല്ലാ കാലത്തും അതാതു ഗുരുക്കന്മാരും, നിയമകർത്താക്കളും -ഭഗവദ് അംശങ്ങൾ തന്നെ- ഉണ്ടായിരുന്നു. ധർമ്മത്തെ സ്ഥല പരിധിയിൽനിന്നും മോചിപ്പിക്കുന്നു. ഭൂമിയിൽ മാത്രമല്ല വിശ്വത്തിൻെറ എല്ലാ അംശങ്ങളിലും അതാതിടത്തിൻെറ ഗുരുക്കന്മാരും നിയമകർത്താക്കളും ഉണ്ട്. അങ്ങിനെ ധർമ്മം, വിശ്വതോന്മുഖമത്രെ. ഏതാണോ മനുഷ്യനെ വിശ്വതോന്മുഖവും ഏകവുമായ സാക്ഷാത്കാരത്തിലേക്ക് നയിക്കുന്നത്, അതത്രെ ധർമ്മം. മറ്റെല്ലാം ബന്ധനങ്ങളത്രെ.)*

## ജാനാമി മഘവഞ്ഛത്രോരുന്നതേരസ്യ കാരണം
## ശിഷ്യായോപഭൃതം തേജോ ഭൃഗുഭിർബ്രഹ്മവാദിഭി: (8-15-28)

*ശുകമുനി തുടർന്നു:*
ഇന്ദ്രനുമായുണ്ടായ യുദ്ധത്തിൽ ബലി തോറ്റിരുന്നു. ഇന്ദ്രനാൽ കൊല്ലപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ഗുരുവായ ശുക്രൻ ബലിക്ക് ജീവൻ നൽകി. ബലി തൻെറ വാസസ്ഥലത്തേക്ക് തിരിച്ചുപോയി ഹൃദയം മുഴുവൻ തൻെറ ഗുരുസേവയ്ക്കായി സമർപ്പിച്ചു. വിശ്വജിത് എന്ന യജ്ഞം നടത്തി ബലിയെ ബലവാനാക്കാൻ മുനിമാർ തിരുമാനിച്ചു. യാഗത്തിൻെറ പ്രധാനമായ ഒരു ഭാഗം, യാഗകർത്താവ് തൻെറ എല്ലാ സമ്പാദ്യങ്ങളും ഉപേക്ഷിക്കുക എന്നതാണ്. ബലി അതെല്ലാം വളരെ ഭംഗിയായി നിർവ്വഹിച്ച് ഭഗവൽപ്രീതിയും നേടി.

യാഗാഗ്നിയിൽനിന്ന് ഒരു ദിവ്യരഥവും യുദ്ധസജ്ജീകരണങ്ങളും ലഭിച്ചത് ബലി സ്വീകരിച്ചു. തൻെറ മുത്തച്ഛനായ പ്രഹ്ലാദനും, ഗുരുവായ ശുക്രനും ബലിയെ അനുഗ്രഹിച്ചു. ബലി തൻെറ പ്രതാപമേറിയ സൈന്യവുമായി, സ്വർഗ്ഗത്തെ ആക്രമിച്ചു. സ്വർഗ്ഗത്തിൻെറ തലസ്ഥാനനഗരി അതിസുന്ദരവും ഐശ്വര്യം നിറഞ്ഞതും വിപുലവുമായിരുന്നു. നന്ദനോദ്യാനങ്ങളിൽ വറ്റാത്ത നീരുറവകൾ. അവിടെ വസിക്കുന്ന പക്ഷിമൃഗാദികൾ. ദിവ്യനദിയായ ആകാശഗംഗയാൽ തീർത്ത കിടങ്ങാണ് കോട്ടക്കു ചുറ്റും. കോട്ടയുടെ ചുമരുകൾ തനി തങ്കംകൊണ്ടു തീർത്തവയുമാണ്. സ്വർഗ്ഗശിൽപ്പിയായ വിശ്വകർമ്മാവിൻെറ സങ്കൽപ്പത്തിലും കൈവിരുതിലുമാണ് നഗരം നിർമ്മിച്ചിരിക്കുന്നത്. ഭംഗിയായി നിർമ്മിച്ച പാതകളും നടപ്പാതകളും, അവിടങ്ങളിൽ രത്നങ്ങളും വിലപിടിച്ച കല്ലുകളും പതിപ്പിച്ചിരിക്കുന്നു. അനിതരസാധാരണമായ സൗന്ദര്യമുള്ള അപ്സരസ്സുകൾ ഒരിക്കലും കുറയാത്ത യൗവനവുമായി സ്വർണ്ണനിറമുള്ള പാതയിലൂടെ നടക്കുമ്പോൾ അവർക്കു സൗന്ദര്യമേറുന്നു. സ്വർഗ്ഗീയമായ സംഗീതം എങ്ങും കേൾക്കാം. അധാർമ്മികൾക്കീനഗരത്തിൽ പ്രവേശനമില്ല. ധർമ്മിഷ്ഠർക്കുമാത്രമാണിവിടെ പ്രവേശിക്കാനനുവാദമുള്ളു.

ബലിയുടെ സൈന്യം നഗരത്തെ കീഴടക്കുന്നതറിഞ്ഞ് നഗരവാസികൾ പരിഭ്രാന്തരായി. ഇന്ദ്രൻ ദേവഗുരുവായ ബ്രഹസ്പതിയെ സമീപിച്ച് ബലിക്ക് ഇവ്വിധമായ ശക്തിയെങ്ങിനെയുണ്ടായി എന്നാരാഞ്ഞു.

*ബ്രഹസ്പതി പറഞ്ഞു:*
ബലി എങ്ങിനെയാണിത്ര ശക്തിമാനായതെന്ന് നമുക്കറിയാം. മാമുനിമാരുടെ അനുഗ്രഹം കൊണ്ടാണിതു സാധിച്ചിട്ടുള്ളത്. ഭൃഗുമുനിയും ആത്മസാക്ഷാത്കാരം നേടിയ മറ്റു മുനിമാരും ബലിയെ അനുഗ്രഹിച്ചിരിക്കുന്നു. അവരുടെ ആത്മീയശക്തി ബലിയിലേക്ക് സംക്രമിച്ചിരിക്കുന്നു. ബലിയോട് പൊരുതുന്നത് ബുദ്ധിയല്ല. അതുകൊണ്ട് സ്വർഗ്ഗത്തെ കുറച്ചു കാലത്തേക്ക് വിട്ടു കൊടുക്കുക. ബലിക്ക് മാമുനിമാരിൽ നിന്ന് കിട്ടിയ ഈ ശക്തിവിശേഷം താമസംവിനാ ഇല്ലാതാവും. ബലി മുനിമാരെ നിന്ദിക്കാനിട വരുമ്പോഴാണ് അതു സംഭവിക്കുക. അപ്പോൾ നിങ്ങൾക്ക് സിംഹാസനം തിരിച്ചു കിട്ടും. ഇന്ദ്രൻ ഒഴിഞ്ഞുപോയ സിംഹാസനം, ബലി കരസ്ഥമാക്കി.

## ഗൃഹേഷു യേഷ്വതിഥയോ നാർച്ചിതാ: സലിലൈരപി
## യദി നിര്യാന്തി തേ നൂനം ഫേരുരാജഗൃഹോപമാ: (8-16-7)

*ശുകമുനി തുടർന്നു:*
ഇന്ദ്രൻെറ മാതാവായ അദിതിക്ക് മകൻെറ പരാജയം മൂലം മനോദു:ഖമുണ്ടായി. ഈ സമയം തൻെറ ഭർത്താവായ കശ്യപമുനി തീവ്രസമാധിയിൽനിന്നും പുറത്തുവന്ന സമയമായിരുന്നു. ഉൻമേഷമില്ലാത്ത മുഖത്തോടുകൂടി ഭാര്യയേയും ചൈതന്യമില്ലാത്ത ഗൃഹാന്തരീക്ഷവും കണ്ട കശ്യപൻ ചോദിച്ചു.:

നമ്മുടെ ധാർമ്മിക കടമകൾ എൻെറ അസാന്നിദ്ധ്യത്തിൽ നീ അവഗണിച്ചുവോ? നിത്യവും യാഗാഗ്നി കൊളുത്തുന്നതിൽ വല്ല വീഴ്ച്ചയുമുണ്ടായോ? വാതിൽക്കൽ വന്നുമുട്ടിയ ഏതെങ്കിലും അപരിചിതർക്ക് ദാഹജലം പോലും നൽകാതെ വന്നുവോ? അങ്ങിനെ സംഭവിക്കുന്ന വീടുകൾ ചെന്നായ്ക്കളുടെ ഗുഹയ്ക്കു സമമാണ്. നിൻെറ കുട്ടികൾക്ക് സുഖം തന്നേയൊ?

മറുപടിയായി, താൻ ധർമ്മനിഷ്ഠകളും കടമകളും ഭംഗിയായിത്തന്നെ നിറവേറ്റുന്നുണ്ടെന്നും അസുരന്മാർ തൻെറ മക്കളുടെ മേൽ വിജയിച്ചിരിക്കുന്നതാണ് ദു:ഖകാരണമെന്നും അദിതി പറഞ്ഞു. - ഈ രാക്ഷസവർഗ്ഗത്തെ പരാജയപ്പെടുത്താനൊരു മാർഗ്ഗം കണ്ടുപിടിച്ചു തന്നാലും.

ഭഗവാൻെറ മായാശക്തിയിൽ വിസ്മയം പൂണ്ട കശ്യപമുനി മനുഷ്യരുടെ സത്യദർശൻനം മായാശക്തി കൊണ്ട് എങ്ങിനെയൊക്കെയാണ് മൂടുന്നതെന്ന് ചിന്തിച്ചു. മായാബന്ധങ്ങളോട് - ഭർത്താവ്, കുട്ടികൾ, കുടുംബം എന്നിവയോട് - ആസക്തി പൂണ്ട്, അനന്തവും നിത്യവുമായ പരമാത്മാവിനെ, നശ്വരമായ ദേഹമായി തെറ്റിദ്ധരിക്കുന്നു. എങ്കിലും അദ്ദേഹം പറഞ്ഞു: നിൻെറ ആഗ്രഹസഫലീകരണത്തിനായി ഞാൻ -പയോവ്രതം- എന്ന ഒരു ആചരണം പറഞ്ഞു തരാം. ഇത് ഭഗവൽപ്രീതിയുണ്ടാക്കുകയും നിൻെറ സദാഗ്രഹങ്ങളെ പൂർത്തീകരിക്കുകയും ചെയ്യും.

ഈ വ്രതം ഫാൽഗുനമാസത്തിലെ പൗർണ്ണമിമുതൽ തുടങ്ങാവുന്നതാണ്. ദിവസവും മൂന്നുനേരം പ്രാർത്ഥന കളോടെ ദേഹത്ത് മണ്ണുരച്ചു തേച്ചു കുളിക്കണം. എന്നിട്ട് ഭഗവാൻെറ മഹിമയേറിയ വിവിധരൂപങ്ങളെ പ്രകീർത്തിച്ചു പ്രാർത്ഥിച്ച് മന്ത്രമുരുവിടണം. എന്നിട്ട് ഭഗവാനെ പൂജിക്കണം. സ്നാനം, നിവേദ്യം എന്നീ പൂജാവിധികൾ വഴിയാംവണ്ണം അനുഷ്ഠിക്കണം. അതേ അന്നം കൊണ്ട് കുറച്ച് ഭക്തരെ ഊട്ടുകയും രണ്ടു ബ്രാഹ്മണരെ പാൽക്കഞ്ഞിയൂട്ടുകയും വേണം. തൻെറ ബന്ധുമിത്രാദികളേയും സൽക്കരിക്കണം.

ഇത് പന്ത്രണ്ട് ദിവസം മുടങ്ങാതെ ചെയ്യുകയും ബ്രഹ്മചര്യനിഷ്ഠ അനുഷ്ടിക്കുകയും ചെയ്യണം. വെറും നിലത്തു കിടന്നുറങ്ങി, ആരുമായും അനാവശ്യസംഭാഷണങ്ങളിലേപ്പെ്ടാതെ, പാലുമാത്രം ആഹാരമാക്കി ജീവിക്കണം.

പതിമൂന്നാമത്തെ ദിവസം സാധാരണ പൂജയും അവസാനം അഗ്നി പൂജയും വേണം. മഹാത്മാക്കൾക്ക് കയ്യയച്ച് ദാനം ചെയ്യണം. വലുപ്പചെറുപ്പമില്ലാതെ എല്ലാവർക്കും അന്നദാനം ചെയ്ത് സംതൃപ്തരാക്കണം. പ്രത്യേകിച്ച് അശരണർക്കും രോഗികൾക്കും, അസംതൃപ്തരായവർക്കും തൃപ്തി കൈവരുത്താൻ ശ്രമിക്കണം. ഇങ്ങിനെ ചെയ്യുന്നതിൽ ഭഗവൽപ്രീതിയിണ്ടാവുമെന്ന് അറിയുക. എന്നിട്ട് വ്രതനിഷ്ഠൻ തൻെറ ഉപവാസം അവസാനിപ്പിക്കണം.

ഈ വ്രതം ഏറ്റവും ഫലപ്രദമായ ഒന്നത്രെ. ഒരുവനാഗ്രഹിക്കുന്ന ഏത് ആഗ്രഹവും ലഭ്യമാക്കാൻ ശക്തിയുള്ളതാണ് പയോവ്രതം. അതുകൊണ്ട് പയോവ്രതമനുഷ്ടിച്ച് നിൻെറ ആഗ്രഹം സാധിച്ചാലും.

**ആയു: പരം വപുരഭീഷ്ടമതുല്യലക്ഷ്മീർദ്യോഭൂരസാ: സകലയോഗഗുണാസ്ത്രിവർഗ്ഗ:**
**ജ്ഞാനം ച കേവലമനന്ത ഭവന്തി തുഷ്ടാത്**
**ത്വത്തോ നൃണാം കിമു സപത്നജയാദിരാശീ: (8-17-10)**

*ശുകമുനി തുടർന്നു:*
വിധിപ്രകാരം പന്ത്രണ്ട് ദിവസം അദിതി പയോവ്രതമാചരിച്ചു. മനവും ഹൃദയവും ഭഗവാനിലർപ്പിച്ചു ചെയ്ത വ്രതത്തിൻെറ അവസാനത്തിൽ ഭഗവാൻ സർവ്വൈശ്വര്യങ്ങളോടെ പ്രത്യക്ഷമായി. അദിതി ഭഗവാനെ നമസ്കരിച്ചെഴുന്നേറ്റ് അവിടുത്തെ മഹിമയെ വർണ്ണിക്കാൻ തുടങ്ങി.

*ഗദ്ഗദകണ്ഠത്തോടെ പ്രേമപാരവശ്യത്തോടെ, കണ്ണീരോടെ അദിതി ഇങ്ങിനെ പാടി:*
അങ്ങാണ് പൂജനീയൻ. ദുരിതമനുഭവിക്കുന്നവർക്ക് രക്ഷയും ശാന്തിയും നൽകാൻ അവിടുന്ന് അവതാരങ്ങളെടുക്കുന്നു. അങ്ങയുടെ പ്രസാദത്താൽ ഭക്തന് ആയുസ്സും, ശക്തിയും സൗന്ദര്യവുമുള്ള ശരീരവും, സർവ്വാഭീഷ്ടവും, സകലൈശ്വര്യവും, സ്വർഗ്ഗനരകങ്ങളും, ഭൂമിയും, ദിവ്യഗുണങ്ങളും ലഭ്യമാകുന്നു. മനുഷ്യജന്മത്തിൻെറ മൂന്നുലക്ഷ്യങ്ങളും വിജ്ഞാനം തന്നെയും, ശത്രുജയവും അവിടുത്തെ പ്രസാദത്താൽ ക്ഷിപ്രസാദ്ധ്യമത്രെ.

*സർവ്വാന്തര്യാമിയായ ഭഗവാൻ അദിതിയെ അനുഗ്രഹിച്ചു പറഞ്ഞു:*
അവിടുത്തെ ഉള്ളിലെ ആഗ്രഹമെന്തെന്നു ഞാൻ മനസ്സിലാക്കുന്നു. ദേവമാതാവേ, രക്ഷസീയരായ അക്രമികൾ പിടിച്ചടക്കിയ ഇന്ദ്രസിംഹാസനം തിരിച്ചു ലഭിക്കാനും അവിടുത്തെ പുത്രനായ ഇന്ദ്രനെ വീണ്ടും വാഴിക്കാനുമാണല്ലൊ നിങ്ങൾ ആഗ്രഹിക്കുന്നത്. അത് സാധിതമാവും എന്നറിയുക. എന്നെ പൂജിച്ചത് വൃഥാവിലാവുകയില്ല തന്നെ. എങ്കിലും അസുരന്മാർ ഇപ്പോൾ അനുഭവിക്കുന്ന ഐശ്വര്യത്തിന് കാരണം അവർക്ക് ഋഷിമുനിമാരിൽനിന്നു കിട്ടിയ അനുഗ്രഹമാണ്. അവരുടെ മുനിഭക്തികൊണ്ട് കാലം അവർക്കനുകൂലമായിരിക്കുന്നു. അതുകൊണ്ട് അവരെ ബലത്താൽ കീഴടക്കുക സാദ്ധ്യമല്ല തന്നെ. അതുകൊണ്ട് മറ്റെന്തെങ്കിലും മാർഗ്ഗം നോക്കുകതന്നെ. ഞാൻ അവിടുത്തെ പുത്രനായി ഒരംശാവതാരമായി പിറക്കാം. എന്നിട്ട് എന്താണു വേണ്ടതെന്ന്‌വെച്ചാൽ ചെയ്തുകൊള്ളാം. ഇതൊരു രഹസ്യമായിവച്ചാലും. അവിടത്തെ ഉദ്ദേശലക്ഷ്യം തീർച്ചയായും നിറവേറും.

കശ്യപമുനി തൻെറ അന്തർജ്ഞാനംകൊണ്ട് തൻെറ മനസ്സിൽ കുടിയേറിയ ഭഗവൽക്കിരണത്തെ തിരിച്ചറിഞ്ഞു. ഭഗവാനെ അതിതീവ്രമായി ധ്യാനിച്ചുകൊണ്ട് ഈ കിരണത്തെ തൻെറ രേതസ്സിനോടൊപ്പം അദിതിയുടെ യോനിയിൽ നിക്ഷേപിച്ചു. അനേകവർഷത്തെ തപശ്ചര്യകൊണ്ടും നിഷ്ഠകൊണ്ടും സമാധിസമയത്ത് സൂക്ഷിച്ചുവച്ച രേതസ്സിന് ആർജ്ജവം കൂടുതലുമായിരുന്നു. അദിതിയടെ ഉദരത്തിൽ പ്രഭാപൂരിതനായ ഭഗവാനെ ദർശിച്ച ബ്രഹ്മാവ് ഭഗവാനെ ഇപ്രകാരം സ്തുതിച്ചു: ഭഗവാൻ, അവിടുന്ന് മൂന്ന് ലോകങ്ങളും കൈയ്യാളുന്നു, എന്നാൽ അവയ്ക്കെല്ലാമതീതനുമാണവിടുന്ന്. ഈ വിശ്വം മുഴുവൻ അവിടുന്നിൽ നിലനിൽക്കുന്നു. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു വൈക്കോൽത്തുരുമ്പുപോലെയാണ് ഈ വിശ്വം മുഴുവനും. അങ്ങുതന്നെ എല്ലാ സൃഷ്ടികളും നടത്തുന്നു. എന്നിട്ടവകളിൽ അന്തര്യാമിയായി പ്രവേശിക്കുന്നു. ഭഗവാൻ എന്നെന്നും വിജയിക്കട്ടെ.

*വേദപുരാണങ്ങളിൽ, ഭഗവൽപ്രസാദത്താൽ ഭക്തന് ഐശ്വര്യം ലഭിക്കും എന്ന് വായിക്കാം.*
*എന്നാൽ മറ്റു ചിലേടത്ത് ഭഗവാൻ ഭക്തൻെറ ഐശ്വര്യം കവർന്നുകൊണ്ടാണവനെ അനുഗ്രഹിക്കുക എന്നും പറയുന്നു. ഐശ്വര്യാനൈശ്വര്യങ്ങൾ രണ്ടും ഭഗവൽപ്രസാദങ്ങളത്രെ. എന്നാൽ അതും ശരിയല്ലെന്ന് ശാസ്ത്രം പറയുന്നു. ഇവ രണ്ടും മനോജന്യങ്ങളത്രെ. അതുകൊണ്ട് വിവേകിയായ ഒരുവൻ ഐശ്വര്യത്തേയും അനൈശ്വര്യത്തേയും യാതൊന്നിൻേറയും പേരിൽ ആരോപിക്കുന്നില്ല.*

ॐ



**ആദ്യാഗ്നയോ മേ സുഹുതാ യഥാവിധി**
**ദ്വിജാത്മജ ത്വച്ചരണാവനേജനൈ:**
**ഹതാംഹസോ വാർഭിരിയം ച ഭൂരഹോ**
**തഥാ പുനീതാ തനുഭി: പദൈസ്തവ (8-18-31)**

*ശുകമുനി തുടർന്നു:*
വിജയദ്വാദശി എന്നറിയപ്പെടുന്ന പുണ്യദിനത്തിൽ ഭാദ്രപദമാസത്തിലെ ശുക്ലപക്ഷത്തിന്റെ പന്ത്രണ്ടാം ദിനത്തിൽ, ചന്ദ്രൻ ശ്രാവണത്തിൽ നിൽക്കുന്ന അഭിജിത്ത് എന്നറിയപ്പെടുന്ന ദിനത്തിൽ, കശ്യപമുനിയുടെ ഗൃഹത്തിൽ അദിതിയുടെ മകനായി ഭഗവാൻ അവതരിച്ചു. എല്ലാ സ്വർഗ്ഗവാസികളും ആഹ്ലാദഭരിതരാവുകയും ആ ദിനം കൊണ്ടാടുകയും ചെയ്തു. ഭഗവാന്റെ അവതാരമാതാപിതാക്കളായ കശ്യപനും അദിതിയും അതീവ സന്തുഷ്ടരായി -ഭഗവാൻ ജയിപ്പൂതാക- എന്നു പ്രഖ്യാപിച്ചുകൊണ്ടിരുന്നു. ഭഗവാന്റെ അവതാരസമയത്തു തന്നെ നാലുതൃക്കരങ്ങളും മറ്റു ദിവ്യവസ്തുക്കളും ഉണ്ടായിരുന്നു. മഞ്ഞപ്പട്ടുടയാടയും ചാർത്തി ഭഗവാൻ കാണപ്പെട്ടു. എന്നാൽ ക്ഷണനേരംകൊണ്ട് ഭഗവാൻ കുള്ളനായ ഒരു ബാലന്റെ രൂപമെടുത്തു.

ബാലന് ഉപനയനം നടത്തുവാൻ അവർ തീരുമാനിച്ചു. ദേവന്മാർ സ്വയം ആശംസകൾ അർപ്പിക്കാനെത്തി. ബ്രഹസ്പതിയാണ് പൂണൂൽ നൽകിയത്. കശ്യപൻ പുല്ലുകൊണ്ടുണ്ടാക്കിയ വസ്ത്രം നൽകി. ഭൂമീദേവി, മാൻതോൽ നൽകി. സോമൻ, ദണ്ഡു നൽകി. അദിതി, വസ്ത്രങ്ങൾ നൽകി. ആകാശദേവനായ ദ്യായു: ബാലന് കുട നൽകി. ബ്രഹ്മാവ് കമണ്ഡലവും സരസ്വതി രുദ്രാക്ഷവും നൽകി. കുബേരൻ ഭിക്ഷാപാത്രവും ഉമ ഭിക്ഷയും നൽകി.

ബലി ഭഗവൽപ്രീതിക്കായി അശ്വമേധയാഗം നടത്തുന്നു എന്നറിഞ്ഞ വാമനൻ അവിടേക്കു പോയി. വാമനൻ കടന്നുചെല്ലുമ്പോൾ യാഗശാല മുഴുവൻ പ്രഭാപൂരം കൊണ്ടു. ഋഷിമുനിമാരേക്കാൾ തേജസ്സുറ്റവനായി ഭഗവാൻ വിളങ്ങി. യാഗസഭ മുഴുവൻ എഴുന്നേറ്റു നിന്ന് വാമനനെ സ്വീകരിച്ചു. ബലി സ്വയം വാമനനെ ഉചിതമായി സ്വീകരിച്ചാനയിച്ച് അതിഥിയുടെ പാദം കഴുകി. ആ തീർത്ഥജലം തലയിൽ തളിച്ചു. എന്നിട്ട് വാമനനോടു പറഞ്ഞു: സ്വാഗതം മഹാത്മാവേ, നമസ്കാരം. ഇന്നത്തെ ദിനം എനിക്ക് സർവ്വഥാ ഏറ്റവും അനുഗ്രഹീതമായ ഒന്നത്രെ. ഞങ്ങളുടെ പൂർവ്വീകർ പോലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ യാഗാഗ്നിക്ക് പ്രത്യേകമൊരു പവിത്രത കാണപ്പെടുന്നു. യഥോചിതമാണവ തെളിയുന്നതെന്നും എനിക്കു തോന്നുന്നു. അങ്ങയുടെ പാദതീർത്ഥം തളിച്ചതുകൊണ്ട് ഈ നാടും ഞാനും സർവ്വ പാപങ്ങളിൽ നിന്നും മുക്തമായിരിക്കുന്നു. അങ്ങേക്ക് വേണ്ടതെന്താണെങ്കിലും എന്നിൽ നിന്നു സ്വീകരിക്കാൻ ഞാനങ്ങയോട് താഴ്മയായി അപേക്ഷിക്കുന്നു.

**യാവന്തോ വിഷയാ: പ്രേഷ്ഠാസ്ത്രിലോക്യാമജിതേന്ദ്രിയം**
**നശക്നുവന്തി തേ സർവേ പ്രതിപൂരയിതും നൃപ (8-19-21)**
**തസ്മാത് ത്രീണി പദാന്യേവ വൃണേ ത്വദ്വരദർഷഭാത്**
**ഏതാവതൈവ സിദ്ധോ$f$ഹം വിത്തം യാവത് പ്രയോജനം (8-19-27)**

*ശുകമുനി തുടർന്നു:*
ഭഗവാൻ, ബലിയുടെ വാക്കുകളിൽ അതീവ സന്തുഷ്ടനായി ഇങ്ങിനെ മറുപടിയരുളി. മഹാരാജൻ, അങ്ങയുടെ പ്രപിതാമഹാന്മാരുടെ യശസ്സിനുതകുംവിധമാണങ്ങു സംസാരിക്കുന്നത്. മുത്തച്ഛനായ ഭക്തോത്തമൻ പ്രഹ്ലാദൻെറ യശസ്സിനും ചേർന്ന വിധമാണവിടുന്ന് നൽകിയ സ്വീകരണം. അങ്ങയുടെ കുലത്തിൽ പിറന്ന ആരും ഒരു ഭിക്ഷാംദേഹിയെ വെറും കയ്യോടെ പറഞ്ഞയക്കുകയോ ഏതെങ്കിലും യുദ്ധത്തിൽ നിന്നു പിന്മാറുകയോ ചെയ്തിട്ടില്ല. വിഷ്ണു, ഹിരണ്യാക്ഷനെ വധിച്ചുവെങ്കിലും അതിനുശേഷം ഏറെക്കാലം തൻെറ ശത്രുവിൻെറ അപദാനങ്ങൾ ഭഗവാൻ തന്നെ പറഞ്ഞിരുന്നു. സഹോദരൻെറ വധത്തെപ്പറ്റി അറിഞ്ഞ ഹിരണ്യകശിപു വിഷ്ണുസവിധത്തിൽ പ്രതികാരത്തിനായി ചെന്നു. വിഷ്ണുവിന് അവനെ നേരിടണമെന്നു ണ്ടായിരുന്നില്ല. അതുകൊണ്ട് ഭഗവാൻ സ്വയം ചെറിയ രൂപമെടുത്ത് അസുരൻെറ നാസികകളിലൂടെ കയറി അവൻെറ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ഹിരണ്യകശിപു പുറമെയെല്ലാം തിരഞ്ഞുവെങ്കിലും വിഷ്ണുവിനെ കാണായ്കയാൽ വിഷ്ണു ജീവിച്ചിരിപ്പില്ലെന്ന നിഗമനത്തിലെത്തി തിരച്ചിൽ അവസാനിപ്പിച്ചു. ശത്രുത നിലനിൽക്കുന്നത് ശ്മശാനം വരെ മാത്രമെയുള്ളു. നിങ്ങളുടെ കുലത്തിൽ വിരോചനൻ ദേവന്മാർക്കു വേണ്ടി സ്വയം ബലികഴിച്ചു. താങ്കൾ ഈ കുലത്തിൻെറ യോഗ്യതക്കു ചേർന്ന അനന്തരാവകാശിയെന്നറിവുള്ളതിനാൽ എൻെറ മൂന്ന് കാലടിയാൽ അളക്കാവുന്നത്ര ഭൂമിയാണ് ഞാൻ ദാനമായി ചോദിക്കുന്നത്.

തൻെറ പ്രപിതാമഹാന്മാരുടെ അപദാനങ്ങൾ അതിഥി പറയുന്നത് കേട്ട് ബലി സന്തുഷ്ടനായി. എന്നാൽ കുറച്ചുകൂടെ എന്തെങ്കിലും ദാനം ആവശ്യപ്പെടാൻ വാമനനോടഭ്യർത്ഥിച്ചു. എൻെറയടുത്തു നിന്നും പോവുന്നവർ പിന്നീട് യാചിക്കാനിടവരരുത്. അതിനു മറുപടിയായി ഭഗവാൻ ഇങ്ങിനെ പറഞ്ഞു: മൂന്നു ലോകങ്ങളിലേയും വസ്തുവകകൾ കൊണ്ടുപോലും ഇന്ദ്രിയനിയന്ത്രണമില്ലാത്ത ഒരുവന് സംതൃപ്തി യുണ്ടാക്കുക അസാദ്ധ്യം. കൂടുതൽ കിട്ടുന്തോറും ഇനിയും കൂടുതൽ വേണമെന്ന ആഗ്രഹം അവനുണ്ടാവുന്നു. അസംതൃപ്തിയും അത്യാഗ്രഹവും ജീവാത്മാക്കളുടെ ദേഹാന്തരപ്രാപ്തിക്കിടവരുത്തുന്നു. സംതൃപ്തി, മുക്തി ലഭിക്കാൻ സഹായിക്കുന്നു. അതുകൊണ്ട് ഈ മൂന്നടി ഭൂമികൊണ്ട് ഞാൻ സംതൃപ്തനാണ്. വാമനൻെറ അപക്വതയിൽ പരിഹാസപൂർവ്വം ചിരിച്ച് വാമനന് ഭൂമി നൽകാൻ ബലി എഴുന്നേറ്റു. എന്നാൽ ശുക്രമുനി ബലിയെ തടഞ്ഞു. രാജാവേ, ഈ കുള്ളൻ ബ്രാഹ്മണൻ ഭഗവാൻ വിഷ്ണു തന്നെയാണ്. അങ്ങയുടെ ആധിപത്യം നശിപ്പിക്കാനായി ഇങ്ങിനെയൊരു ദാനമാവശ്യപ്പെടുകയാണ്. ക്ഷണനേരം കൊണ്ട് വിശ്വരൂപം പൂണ്ട് വിശ്വം മുഴുവനും രണ്ടു ചുവടുകൊണ്ടളന്നാൽ മൂന്നാമത്തെ ചുവടിനു സ്ഥലം കൊടുക്കാൻ അങ്ങേയ്ക്കാവുമോ? അങ്ങയുടെ ഈ ദാനപ്രതിജ്ഞയെ ഞാൻ അംഗീകരിക്കുന്നില്ല. ഒരു ഗൃഹസ്ഥൻ തൻെറ സമ്പാദ്യം ഉപയോഗിക്കേണ്ടത് ധാർമ്മീകപുണ്യം, അഭിമാനം, ധനസമ്പാദനം, വിനോദം എന്നിവയ്ക്കും സ്വന്തം ആവശ്യങ്ങൾക്കും ബന്ധുമിത്രാദികൾക്കുവേണ്ടിയും ആണ്. താങ്കൾ സ്വയം ഉപജീവനമാർഗ്ഗം കൊടുത്തു കളയരുത്. എല്ലാ ഭിക്ഷാംദേഹികളോടും -ഓം- എന്നുച്ചരിച്ച് ദാനം ചെയ്യുന്നവരുടെ സ്വത്ത് നശിക്കുകയും അവരുടെ ശേഷകാലം അസംതൃപ്തമായിരിക്കുകയും ചെയ്യും. എന്നാൽ സ്വത്തുള്ളപ്പോൾ - ഇല്ല- എന്നു പറയുന്നവൻ തൻെറ അഭിമാനം കളഞ്ഞ് -ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും- എന്ന മട്ടിലുള്ള ജീവിതം നയിക്കുന്നു. എന്നാൽ സ്വരക്ഷയ്ക്കു വേണ്ടിയും അക്രമമില്ലാതാക്കാൻ വേണ്ടിയും, സ്ത്രീകളോടും, തമാശയായിട്ടും, വിവാഹത്തിനും, ജീവരക്ഷയ്ക്കും, അത്യാപത്തിലും, ഗോരക്ഷയ്ക്കും, മഹാത്മാക്കളുടെ രക്ഷയ്ക്കും, പ്രതിജ്ഞാ ലംഘനം ആകാം. കള്ളത്തരം അങ്ങിനെ ജീവരക്ഷ നൽകുമ്പോൾ ജീവവൃക്ഷത്തിൻെറ ഫലം സത്യം തന്നെയത്രെ.

**മധുവ്രതസ്രഗ്വനമാലയാ വൃതോ രരാജ രാജൻ ഭഗവാനുരുക്രമ:**
**ക്ഷിതിം പദൈകേന ബലേർ വിചക്രമേ നഭ: ശരീരേണ ദിശശ്ച ബാഹുഭി: (8-20-33)**
**പദം ദ്വിതീയം ക്രമതസ്ത്രി വിഷ്ടപം നവൈ തൃതീയായ തദീയമണ്വപി**
**ഉരുക്രമസ്യാങ്ഘ്രിരുപര്യുപര്യഥോ മഹർജ്ജനാഭ്യാം തപസ: പരം ഗത: (8-20-34)**

*ശുകമുനി തുടർന്നു:*
ഒരു നിമിഷം മൗനം പൂണ്ടശേഷം മനസ്സിനെ ഏകാഗ്രമാക്കി അന്തർമുഖനായി ബലി ഇപ്രകാരം പറഞ്ഞു: പൂജനീയരായ മഹാത്മാക്കളേ, നിങ്ങൾ പറയുന്ന ഗൃഹസ്ഥാശ്രമധർമ്മം ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഞാനിപ്പോൾ ഓർക്കുന്നത് ഭൂമീമാതാവൻെറ പ്രഖ്യാപനമാണ്. അസത്യത്തിലും വലിയ പാപമില്ല എന്നതത്രേ അത്. സമ്പത്ത് ഒരുവനെ അവൻെറ മരണത്തോടെ കൈവിട്ട് പോവുന്നു. എന്നാൽ എന്തു കൊണ്ട് അവൻ സ്വയം നേരത്തെ തന്നെ സമ്പത്തിനെ ഉപേക്ഷിച്ചുകൂടാ? മഹാമനസ്ക്കരായ ദദീചിയും ശിബിയും മറ്റുള്ളവർക്ക് ജീവിക്കാനായി സ്വയം ബലികഴിച്ചവരാണല്ലോ. നമ്മുടെ പ്രഗത്ഭരും വീരൻമാരുമായ പൂർവ്വപിതാക്കൾ ഉണ്ടാക്കിയ സമ്പത്തും, അവരുടെ ഉല്ലാസജീവിതവുമെല്ലാം ലോകം എന്നേ മറന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ അവരുടെ ബഹുമതികൾ മാത്രം ജനങ്ങൾ ഓർക്കുന്നു. വലിയ നായകന്മാരെ കാണാൻ അത്ര പ്രയാസമൊന്നുമില്ല, എന്നാൽ തൻെറ സമ്പാദ്യം മുഴുവൻ മറ്റൊരാൾക്ക് വേണ്ടി നൽകുന്ന ഒരാളെ കാണുക ക്ഷിപ്രസാദ്ധ്യമല്ല തന്നെ. അത് ഭഗവാൻ വിഷ്ണുതന്നെയോ നികൃഷ്ഠനായ ഒരു ശത്രുവോ ആണെങ്കിൽ കൂടി ഞാൻ എൻെറ വാക്കു പാലിക്കുകതന്നെ ചെയ്യും. കുള്ളനായ ഈ ബ്രാഹ്മണൻ ചോദിക്കുന്ന ഭൂമി ഞാൻ നൽകുക തന്നെ ചെയ്യും. അയാളെന്നെ ബന്ധനസ്ഥനാക്കുകയാണെങ്കിൽ പോലും ഞാനദ്ദേഹത്തെ ഉപദ്രവിക്കുകയില്ല. എൻെറ വാക്കിൽനിന്നു പിന്മാറുകയുമില്ല. ശുക്രാചാര്യൻ, ബലിയുടെ ഗുരുവിൻെറ വാക്കുകളോടുള്ള ബഹുമാനമില്ലായ്മയിലും ധിക്കാരത്തിലും ക്രുദ്ധനായി അദ്ദേഹത്തെ ശപിച്ചു: നീ ഗുരുവിൻെറ വാക്കുകളെ ധിക്കരിച്ചതിനാൽ നിൻെറ പദവിയിൽ നിന്ന് നിഷ്കാസിതനായിത്തീരും. ഈ ശാപം പോലും ഭഗവദേച്ഛയിൽ നിന്നുണ്ടായതത്രെ. ശാപം കിട്ടിയിട്ടും ചാഞ്ചല്യമേതുമില്ലാതെ ബലി ദാനകർമ്മം യഥാവിധി നിർവ്വഹിക്കാൻ പുറപ്പെട്ടു. സ്വർഗ്ഗവാസികൾ ബലിയുടെ അപദാനം വാഴ്ത്തി. ഈ കുലീനൻ വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ് ഇപ്പോൾ ചെയ്തത്. അയാൾ തൻെറ അധീനതയിലുള്ള മൂന്നു ലോകങ്ങളും തൻെറ ശത്രുവിന് കൊടുത്തിരിക്കുന്നു. അതിൻെറ പരിണിതഫലങ്ങൾ മുഴുവനുമറിഞ്ഞിട്ടു തന്നെയാണീ പുണ്യാത്മാവങ്ങിനെ ചെയ്യുന്നതും.

അതേ സമയം ഭഗവാൻ വിശ്വത്തോളം വലുതായി, വിശ്വം മുഴുവനും നിറഞ്ഞു വിളങ്ങി. ബലി വിശ്വരൂപം നോക്കിക്കണ്ടു. ഉപ്പൂറ്റിയിൽ നരകങ്ങൾ. കാൽപ്പാദങ്ങളിൽ ഭൂമി. കണങ്കാലിൽ പർവ്വതങ്ങൾ. മുട്ടുകളിൽ ആകാശം. തുടകളിൽ കാറ്റ്. കൗപീനത്തിൽ സന്ധ്യ. ആസനത്തിൽ അസുരന്മാർ. ലിംഗത്തിൽ സൃഷ്ടി കർത്താക്കളായ ഋഷികൾ. പൊക്കിളിൽ ആകാശം. പാർശങ്ങളിൽ സപ്തസമുദ്രങ്ങൾ. മാറിടത്തിൽ നക്ഷത്രങ്ങൾ. ഹൃദയത്തിൽ ധർമ്മം. മുലകളിൽ ഋതവും സത്യവും. മനസ്സിൽ ചന്ദ്രനും. നെഞ്ചിൽ ശ്രീദേവിയും. തൊണ്ടയിൽ ശബ്ദവും. കൈകളിൽ ദേവന്മാരും. ചെവികളിൽ നാലു ദിക്കുകളും. കിരീടത്തിൽ സ്വർഗ്ഗവും. തലമുടിയിൽ മേഘവും. നാസികയിൽ വായുവും. കണ്ണിൽ സൂര്യനും. വായിൽ അഗ്നിയും. നാവിൽ വേദങ്ങളും. അണ്ണാക്കിൽ ജലവും. പുരികങ്ങളിൽ നീതിനിയമാദികളും. കൺപീലികളിൽ ദിനരാത്രങ്ങളും. നെറ്റിത്തടത്തിൽ ക്രോധവും. ചുണ്ടിൽ അത്യാഗ്രഹവും. സ്പർശത്തിൽ പ്രേമവും. നിഴലിൽ മരണവും. ചിരിയിൽ മായയും. മുടിയിൽ വൃക്ഷലതാദികളും. രേതസ്സിൽ ജലവും. പുറത്ത് അധർമ്മവും. ധമനികളിൽ നദികളും. നഖങ്ങളിൽ ദേവന്മാരും ഋഷികളും ബലി ദർശിച്ചു. ദിവ്യമായ വിശ്വരൂപം ദർശിച്ച് അതിൽ അന്തർലീനമായിരിക്കുന്ന ശക്തികളെ ആയുധങ്ങളെന്ന് ധരിച്ച് രാക്ഷസന്മാർ ഭയചകിതരായി. ഭഗവാൻ ഒറ്റ ചുവടുകൊണ്ട് ഭൂമി മുഴുവൻ അളന്നു. ശൂന്യാകാശം മുഴുവനും ആ വിശ്വരൂപം നിറഞ്ഞു നിന്നു. ദിക്കുകൾ, ഭഗവാൻെറ കൈകളായി. രണ്ടാമത്തെ ചുവടു കൊണ്ട് സ്വർഗ്ഗങ്ങൾ മുഴുവനുമളന്നു. മൂന്നാമത്തെ ചുവടു വയ്ക്കാനിടമുണ്ടായിരുന്നില്ല.

**യോ നോ ഭവായ പ്രാഗാസീദഭവായ ദിവൌകസാം
സ ഏവ ഭഗവാനദ്യ വർത്തതേ തദ്വിപര്യയം (8-21-21)
ബലേന സചിവൈർബുദ്ധ്യാ ദുർഗ്ഗൈർമ്മന്ത്രൌഷധാദിഭി:
സാമാദിഭിരുപായൈശ്ച കാലം നാത്യേതി വൈ ജന: (8-21-22)**

*ശുകമുനി തുർന്നു:*
സൃഷ്ടികർത്താവായ ബ്രഹ്മാവും മറ്റു സ്വർഗ്ഗവാസികളും ദേവതകളും മഹർഷിമാരും ഭഗവാൻെറ ചരണം വന്ദിച്ചു. രണ്ടാമത്തെ ചുവട് ദേവന്മാരുടെ പരമോന്നതപീഠത്തിലും എത്തിയിരുന്നുവല്ലോ. പൂജാവിധികളുടെ ഭാഗമായി ബ്രഹ്മാവ് വിഷ്ണുപാദത്തിങ്കലർപ്പിച്ച ജലം താഴെക്കൊഴുകി ഗംഗയായിത്തീർന്നു. പിന്നീട് ഭഗവാൻ വാമനരൂപത്തിലേക്ക് തിരിച്ചു വന്നു.

ഭഗവാൻ വിഷ്ണു, തങ്ങളുടെ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കാൻ ചെയ്ത ചതിപ്രയോഗത്തിൽ കോപിഷ്ടരായ രാക്ഷസന്മാർ ബലിക്കു വേണ്ടി പോരാടാൻ തിരുമാനിച്ചെഴുന്നേറ്റു. വ്രതസമയത്തായതു കൊണ്ട് ബലിക്ക് പോരാടുക വയ്യല്ലോ. അവരെഴുന്നേറ്റപ്പോൾ വിഷ്ണു പാർഷദന്മാരും എഴുന്നേറ്റ് അസുരന്മാരുമായി യുദ്ധമായി. ഭഗവൽസേവകരുടെ ബലംകൊണ്ട് രാക്ഷസന്മാർ കുറെ ചത്തൊടുങ്ങി.

*ബലി അപ്പോൾ തൻെറ അനുയായികളോടു പറഞ്ഞു:*
ഏതൊരു ഭഗവാനാണോ നമുക്ക് കുറച്ചുമുൻപ് നന്മയും വിജയവുമരുളി ദേവന്മാരുടെ പരാജയത്തിന് ഹേതുവായി വർത്തിച്ചത്, അതേ ഭഗവാൻ അതിനു വിപരീതമായി വർത്തിക്കുന്നു. ആർക്കും സമയത്തെ ശക്തി കൊണ്ടോ. നയം കൊണ്ടോ, ബുദ്ധി കൊണ്ടോ, പടകളെക്കൊണ്ടോ, മന്ത്രങ്ങളാലോ, മരുന്നിനാലോ, സാമ ദാന ഭേദ ദണ്ഡ മാർഗ്ഗങ്ങളാലോ വിജയിക്കാൻ സാദ്ധ്യമല്ല തന്നെ. അതുകൊണ്ട് ഈ വ്യഥായതത്തിൽനിന്നു പിന്തിരിഞ്ഞാലും. ആത്മസംയമനത്തോടെ, നമുക്കുള്ള കാലവും വരും എന്നു കരുതി, അതുവരെ കാത്തിരിക്കുക. രാക്ഷസർ ആയുധം താഴെ വച്ചു. വിഷ്ണുദാസനായ ഗരുഡൻ, ബലിയെ വരുണപാശംകൊണ്ട് ബന്ധിച്ചു. ആ സമയത്ത് ഭൂമിയിലേയും സ്വർഗ്ഗത്തിലേയും വാസികൾ നിലവിളിച്ചു.

*വാമനൻ ബലിയോടു പറഞ്ഞു:*
താങ്കൾ എനിക്കു മൂന്നു ചുവടു ഭൂമിയാണ് തന്നത്. ഒന്നാമത്തേതു കൊണ്ട് ഭൂതലം മുഴുവനും രണ്ടാമത്തേതു കൊണ്ട് സ്വർഗ്ഗങ്ങളും ഞാൻ അളന്നു കഴിഞ്ഞു. എങ്ങിനെയാണ് നിങ്ങൾ മൂന്നാമത്തെ ചുവടുവയ്ക്കാൻ സ്ഥലം കണ്ടെത്തി ദാനവ്രതം പൂർത്തിയാക്കാൻ പോകുന്നത്? അതിനു സാധിച്ചില്ലെങ്കിൽ പ്രതിജ്ഞാലംഘന പാപം ഉണ്ടാകുന്നതാണ്. അങ്ങിനെയുള്ള കുറ്റങ്ങൾക്കുള്ള ശിക്ഷ, നരകജീവിതം തന്നെയാണ്. നിങ്ങളുടെ ഗുരുവും അങ്ങിനെയാണ് തീരുമാനിച്ചിട്ടുള്ളത്. വാഗ്ദാനം നിറവേറ്റാൻ കഴിയാത്ത ഒരുവനും ഭൂമിയിൽ സ്ഥാനമില്ല. അപ്പോൾ സ്വർഗ്ഗത്തിലെ കാര്യം പറയേണ്ടതില്ല. അങ്ങിനെ അയാൾ നരകത്തിലേക്ക് പോവുന്നു.

**ബ്രഹ്മൻ യമനുഗൃഹ്ണാമി തദ്വിശോ വിധുനോമ്യഹം**
**യന്മദ: പുരുഷ: സ്തബ്ധോ ലോകം മാം ചാവമന്യതേ (8-22-24)**
**യദാ കദാചിജ്ജീവാത്മാ സംസരൻ നിജകർമ്മഭി:**
**നാനായോനിഷ്വനീശോ$f$യം പൌരുഷീം ഗതിമാവ്രജേത് (8-22-25)**
**ജന്മ കർമ്മവയോരൂപവിദ്യൈശ്വര്യധനാദിഭി :**
**യദ്യസ്യ ന ഭവേത് സ്തംഭസ്തത്രായം മദനുഗ്രഹ : (8-22-26)**

*ബലി പറഞ്ഞു:*
ഭഗവൻ, മൂന്നാമത്തെ ചുവട് എൻെറ ശിരസ്സിൽ വച്ചുകൊള്ളുക. ഒരാളുടെ ഏറ്റവും പ്രിയപ്പെട്ട സമ്പാദ്യം സ്വന്തം ശിരസ്സാണല്ലോ. ദിവ്യനും ഉന്നതനുമായ ഒരാളുടെ പക്കൽനിന്നും കിട്ടുന്ന ശിക്ഷപോലും അനുഗ്രഹ മത്രെ. ശത്രു പോലെ വന്ന അവിടുന്ന് വാസ്തവത്തിൽ എനിക്ക് ഏറ്റവും വലിയ ഉപകാരിയായിരിക്കുന്നു. കാരണം അവിടുത്തെ പ്രവൃത്തികൊണ്ട്, അധികാരം കൈയാളുന്നതിലുള്ള ദുഷ്സാദ്ധ്യതകൾ ക്ഷണനേരം കൊണ്ട് ഞങ്ങൾക്ക് നേരിട്ട് മനസ്സിലായി. എൻെറ മുത്തച്ഛൻ പ്രഹ്ലാദൻ അങ്ങയുടെ പാദങ്ങളിലഭയം തേടി. തന്നെ ഉപേക്ഷിക്കുന്ന ശരീരത്തോട് പ്രേമം തോന്നിയിട്ട് പ്രയോജനമില്ലെന്ന് ആ മഹാനുഭാവൻ അറിഞ്ഞിരുന്നു. ബന്ധുക്കൾ, മരണശേഷം സ്വത്ത് തട്ടിയെടുക്കാൻ വെമ്പലുള്ളവരും, ഭാര്യ, തന്നോടുള്ള മായാമതിഭ്രമം കാരണം ദേഹാന്തരപ്രാപ്തിക്കിടവരുത്തുന്നവളും, ഗൃഹം ലൗകീകബന്ധത്തെ തീവ്രമാക്കുന്നതുമത്രെ. അങ്ങയുടെ സാന്നിദ്ധ്യം ഞാൻ ഭാഗ്യമായി കരുതുന്നു.

*ആ സമയത്ത് പ്രഹ്ലാദൻ പ്രത്യക്ഷപ്പെട്ട് പറഞ്ഞു:*
ഭഗവൻ, അവിടുന്നാണല്ലോ ബലിക്ക് രാജാധികാരം നൽകിയതും ഇന്ദ്രപദവിയും അധികാരങ്ങളും നേടാനിടയാക്കിയതും. ഇപ്പോൾ അങ്ങതു തിരിച്ചെടുക്കുന്നു. അങ്ങയുടേതു തന്നെയായ ഇവയിൽ നിന്ന് മുക്തനായി ബലി, അഹങ്കാരത്തിൽനിന്നും മോഹവലയത്തിൽനിന്നും രക്ഷനേടുമല്ലോ.

*ബലിയുടെ ഭാര്യയായ വിന്ധ്യാവലി പറഞ്ഞു:*
ഈ വിശ്വം മുഴുവനും അവിടത്തെ സൃഷ്ടിയാണല്ലൊ. അജ്ഞാനികൾ മാത്രമെ വിശ്വത്തിലെ ഓരോ ഭാഗങ്ങൾ തിരിച്ച് അധികാരികളെന്ന് നടിക്കുകയുള്ളു. എല്ലാം അവിടുത്തേതു തന്നെയാവുമ്പോൾ അവിടുത്തേക്ക് എന്തെങ്കിലും ദാനം ചെയ്യാൻ ആരേക്കൊണ്ട് കഴിയും?

*ബ്രഹ്മാവ് പ്രാർത്ഥിച്ചു:*
അവിടുത്തെ പൂജിച്ച ബലിക്ക് ദു:ഖമുണ്ടാക്കുന്നതെങ്ങിനെ? അദ്ദേഹത്തെ മുക്തനാക്കിയാലും.

*ഭഗവാൻ പറഞ്ഞു:*
ഞാൻ ആരെയെങ്കിലും അനുഗ്രഹിക്കുമ്പോൾ ആദ്യം അവരുടെ ഭാഗ്യങ്ങളും സ്വത്തുക്കളും അവരിൽ നിന്നകറ്റുന്നു. അവ ഒരുവന് മറ്റുള്ളവരെ നിന്ദിക്കാനും എന്നെപ്പോലും അപഹസിക്കാനും ഇടവരുത്തുന്നു. എന്നാൽ ഏതൊരുവൻ സ്വത്തുകൊണ്ടോ, കുലമഹിമയാലോ, പുണ്യകർമ്മങ്ങളാലോ, യുവത്വംകൊണ്ടോ, വിദ്യ, ശക്തി, ധനം എന്നിവയാലോ ചഞ്ചലപ്പെടാതേയും, അഹങ്കാരിയോ ധിക്കാരിയോ ആവാതേയും ഇരിക്കുന്നുവോ, അവൻെറ അത്തരത്തിലുള്ള ഭാഗ്യവും എൻെറ അനുഗ്രഹമാണ്. ബലി എൻെറ മായയെ അതിജീവച്ചിരിക്കുന്നതിനാലാണ് ഈ ദുർഘടസന്ധിയിലും പതറാതിരിക്കുന്നത്. തൻെറ ബന്ധുമിത്രാദികൾ ഉപദേശിച്ചിട്ടും തൻെറ പ്രതിജ്ഞ നിറവേറ്റാൻ ബലി തയ്യാറായി. എൻെറ സാമ്രാജ്യത്തിലൊരു സ്ഥാനത്തിന് ബലി സർവ്വഥാ അർഹനത്രെ. ഇന്ദ്രപദവി കിട്ടുക എന്നൊരാഗ്രഹം മനസ്സിൽ ഇപ്പോഴും ഉള്ളതിനാൽ അടുത്ത മന്വന്തരത്തിൽ ബലിക്ക് ഇന്ദ്രപദവി ലഭിക്കും. അതുവരെ ബലി നരകങ്ങൾ ഭരിക്കും. ആ പദവി ദേവന്മാർക്കു പോലും പ്രിയങ്കരമത്രെ. എൻെറ ചക്രം ബലിയെ രാക്ഷസവാസനകളിൽനിന്നും രക്ഷിക്കുന്നതാണ്. ഗദാധാരിയായി ഞാൻ സ്വയം ബലിയുടെ അധോലോകങ്ങൾക്കു കാവൽ നിൽക്കുന്നതുമാണ്.

**ചിത്രം തവേഹിതമഹോ *f* മിതയോഗമായാ ഏ**
**ലീലാവിസൃഷ്ട ഭുവനസ്യ വിശാരദസ്യ**
**സർവാത്മന: സമദൃശോ വിഷമ: സ്വഭാവോ**
**ഭക്തപ്രിയോ യദസി കൽപ്പതരുസ്വഭാവ: (8-23-8)**

*ബന്ധമുക്തനായ ബലി പറഞ്ഞു:*
അവിടുത്തെ പാദാരവിന്ദങ്ങളോടുള്ള ഭക്തിയുടെ മഹിമ വിവരണാതീതമത്രെ. ഭഗവാൻ, ഒരു തവണയെങ്കിലും അവിടുത്തെ ആത്മാർത്ഥമായി വണങ്ങി പൂജിച്ചുവെന്നാൽ ക്രൂരരാക്ഷസനായ എന്നേപ്പോലുള്ളവർക്കുപോലും അനുഗ്രഹസിദ്ധിയുണ്ടാകുന്നു. സ്വർഗ്ഗവാസികൾപോലും കാംക്ഷിക്കുന്ന അപൂർവ്വ സൗഭാഗ്യമത്രെ അത്.

*പ്രഹ്ലാദൻ പറഞ്ഞു:*
ഭഗവൻ, അവിടുത്തെ മാർഗ്ഗങ്ങൾ തികച്ചും അജ്ഞേയങ്ങളത്രെ. അങ്ങ്, വിശ്വനാഥനാണല്ലോ. എന്നിട്ടും നരകലോകം സംരക്ഷിക്കാൻ സ്വയം സന്നദ്ധനായിരിക്കുന്നത് വിചിത്രം തന്നെ. അങ്ങ് അസുരൻമാരെ അനുഗ്രഹിക്കുവാൻ തിരഞ്ഞെടുത്തത് അത്യത്ഭുതത്തോടെയാണ് ഞങ്ങൾ കാണുന്നത്. കാരണം സ്വർഗ്ഗവാസികളും മാമുനിമാരും ആഗ്രഹിക്കുന്നതെന്തോ അതാണ് ഞങ്ങൾക്ക് ലഭ്യമായിരിക്കുന്നത്. അവിടുന്ന് ലീലയായി മാത്രം ഈ വിശ്വത്തെ സൃഷ്ടിച്ചിരിക്കുന്നു. എല്ലാറ്റിലും വിളങ്ങുന്ന ആത്മാവ് അവിടുന്നു തന്നെ. എങ്കിലും സ്വഭക്തന്മാരിൽ അവിടുത്തെ കൃപാസാഗരം ചൊരിയുന്നു. ഭക്തന്മാരോടുള്ള ഈ പ്രത്യേകതയും അത്ഭുതം തന്നെ. കൽപവൃക്ഷം അങ്ങിനെയാണല്ലൊ. ആഗ്രഹസഫലീകരണത്തിന് വരുന്നവരുടെ യോഗ്യത നോക്കിയല്ല അങ്ങിനെയുള്ള വൃക്ഷം അവർക്ക് ഫലം നൽകുന്നത്.

*ഭഗവാൻ പറഞ്ഞു:*
പ്രഹ്ലാദരേ, ചെറുമകൻ ബലിയുമായി നരകത്തിൽ പോയി വസിച്ചാലും. അവിടെ ഗദാധാരിയായി എന്നെ എപ്പോഴും കാണാനാവും. എന്നെ ദിനവും നേരിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരുവനെ അജ്ഞത സമീപിക്കുക പോലുമില്ല.

*ശുകമുനി തുർന്നു:*
ഭഗവാനെ വീണ്ടും വീണ്ടും നമസ്കരിച്ച് ബലിയും പ്രഹ്ലാദനും സുതലമെന്ന നരകത്തിലേക്ക് പോയി. ഭഗവാൻ സ്വയം ശുക്രാചാര്യനോട് കൽപ്പിച്ചതനുസരിച്ച് മുടങ്ങിപ്പോയ യാഗം പൂർത്തിയാക്കി. ശുക്രാചാര്യൻ പറഞ്ഞു. അവിടുത്തെ സാന്നിദ്ധ്യം ഒന്നുകൊണ്ട് മാത്രം ഈ യാഗം പരിപൂർണ്ണതയിലെത്തിയിരിക്കുന്നു. അവിടുത്തെ നാമോച്ചാരണമാത്രയിൽതന്നെ യാഗത്തിലെ പോരായ്മകൾ -തെറ്റായ മന്ത്രോച്ചാരണം തുടങ്ങിയവ- ഇല്ലാതായിരിക്കുന്നു. എങ്കിലും അവിടുത്തെ കൽപനപോലെ ഈ യാഗം ഞാൻ പൂർത്തിയാക്കിക്കൊള്ളാം. ഭഗവാൻ ഇന്ദ്രനെ സ്വർഗ്ഗാധിപനായി വാഴിച്ചു. സ്വയം ഇന്ദ്രാനുജനായ വാമനരൂപത്തിൽ ഭഗവാൻ വിശ്വനാഥനായി. ബ്രഹ്മാവിൻെറ നേതൃത്വത്തിൽ ദേവന്മാരാണ് ഭഗവാനെ വിശ്വസംരക്ഷകനായി അവരോധിച്ചത്. ദേവന്മാരും മുനിമാരും തങ്ങളുടെ ഇടങ്ങളിലേക്ക് മടങ്ങിപ്പോയി. ഭഗവാൻെറ മഹിമകൾ അങ്ങിനെയൊക്കെയാണ് പരിക്ഷിത്തേ. ആർക്കും ആ മഹിമയെ അളക്കാൻ സാദ്ധ്യമല്ല തന്നെ. ഞാൻ പറഞ്ഞു തന്ന ഈ ചരിതം ചെറിയൊരംശം മാത്രമെ ആകുന്നുള്ളൂ. ഈ വാമനാവതാരകഥ എല്ലാ യാഗകർമ്മാദിയവസരങ്ങളിലും പാടേണ്ടതത്രെ. അങ്ങിനെയുള്ള ഭക്തന് പരമപദാനുഗ്രഹം ലഭിക്കുന്നു.

**പ്രളയപയസി ധാതു: സുപ്ത ശക്തേർമുഖേഭ്യ:
ശ്രുതിഗണമപനീതം പ്രത്യുപാദത്ത ഹത്വാ
ദിതിജമകഥയദ്യോ ബ്രഹ്മ സത്യവ്രതാനാം
തമഹമഖിലഹേതും ജിഹ്മമീനം നതോ$ƒ$സ്മി. (8-24-61)**

*പരീക്ഷിത്തിൻെറ അഭ്യർത്ഥനയനുസരിച്ച് ശുകമുനി, ഭഗവാൻെറ മത്സ്യാവതാരത്തെക്കുറിച്ച് പറഞ്ഞു:*
ഭഗവാൻ കാലാകാലങ്ങളിൽ സജ്ജനങ്ങളുടേയും ഋഷിമുനിമാരുടേയും ദേവന്മാരുടേയും, പൊതുവിൽ ധർമ്മത്തിൻേറയും സംരക്ഷക്കായി ഒരു ശരീരം സ്വീകരിച്ചവതരിക്കുന്നു. അങ്ങിനെയുള്ള അവതാരങ്ങൾ കൊണ്ട് ഭഗവാന് ഒരു മാറ്റവും ഉണ്ടാകുന്നില്ല. കാരണം, അവിടുന്ന് ത്രിഗുണാതീതനെത്രെ. മനുഷ്യനായോ, മനുഷ്യനുപരിയുള്ള ജീവിയായോ, ഉപമനുഷ്യനായോ അവതരിച്ചാലും ഭഗവാനെ അതു ബാധിക്കുന്നില്ല.

കഴിഞ്ഞ ലോകചക്രം -ചതുർയുഗം- കഴിഞ്ഞ് സൃഷ്ടാവ് തൻെറ ജോലയിയിൽനിന്ന് വിരമിച്ചിരുന്നു. വിശ്വപ്രളയം എല്ലായിടവും നിറഞ്ഞു. ഹയഗ്രീവൻ എന്ന രാക്ഷസൻ വേദങ്ങളെ മുഴുവൻ കൊണ്ടുപോയി. ഇതിനു മുൻപൊരു സത്യവ്രതൻ എന്ന രാജാവ് കൃതമാലാ നദിക്കരയിൽ പിതൃക്കൾക്ക് തപ്പ്ണം നടത്തുന്ന അവസരത്തിൽ ഭഗവാൻ ഒരു ചെറുമീനായി പ്രത്യക്ഷപ്പെട്ടു. അത് രാജാവിനോട് സംരക്ഷണം ആവശ്യപ്പെട്ടു. രാജാവ് അതിനെ തൻെറ കമണ്ഡലുവിലാക്കി വെച്ചു. പക്ഷേ അത് പെട്ടെന്ന് വലുതാവാൻ തുടങ്ങി. രാജാവ് മത്സ്യത്തെ ഒരു തടാകത്തിലേക്ക് മാറ്റി. അവിടെയും അത് വളരെ വലുതായി. അവസാനം രാജാവതിനെ സമുദ്രത്തിലേക്ക് കൊണ്ടുപോയി. അവസാനം രാജാവിനു മനസ്സിലായി, മത്സ്യമായി അവതരിച്ചിരിക്കുന്നത് ഭഗവാൻ തന്നെയാണെന്ന്.

*മത്സ്യം രാജാവിനോട് പറഞ്ഞു:*
ഇന്നേക്ക് ഏഴാം ദിവസം, ലോകം മുഴുവൻ പ്രളയത്തിലാണ്ടുപോവും. എന്നാൽ സമുദ്രത്തിൽ വലിയൊരു കപ്പൽ കാണാകും. അതിലേക്ക് മാമുനിമാരും എല്ലാ സസ്യജാലങ്ങളുടെയും മൃഗങ്ങളുടെയും ഓരോ ഇണകളുമായി കയറുക. അവിടെ കൊമ്പുള്ളൊരു കടൽപ്പന്നിയായി ഞാനുണ്ടാവും. കപ്പലിനെ ആ കൊമ്പിൽ ബന്ധിക്കുക. ഞാൻ എല്ലാവരേയും സംരക്ഷിച്ചുകൊള്ളാം. അങ്ങിനെ മഴയും പ്രളയവും വന്നു. കപ്പലും സമാഗതമായി. രാജാവ്, ഭഗവാൻെറ കൽപ്പനപോലെത്തന്നെ എല്ലാവരേയും കയറ്റി തയ്യാറായി. ദിവ്യമത്സ്യവും അവിടെ എത്തി. രാജാവ് കപ്പലിനെ മത്സ്യത്തിൻെറ കൊമ്പിൽ ബന്ധിച്ചു.

*ഭഗവൽസംരക്ഷണത്തിൽ സുരക്ഷാബോധത്തോടെ രാജാവ് പ്രാർത്ഥിച്ചു:*
ഭഗവാനേ, വിഢ്ഡികൾ അജ്ഞതാബന്ധനത്തിൻെറ ശക്തികൊണ്ട് വിവിധ കർമ്മങ്ങളിലേർപ്പെടുന്നു. സുഖത്തിനുവേണ്ടി ഇങ്ങിനെ പരിശ്രമിക്കുന്തോറും സുഖം അവരിൽ നിന്നകന്ന് പോകുന്നു. അജ്ഞാനിയായ ഒരുവൻ മറ്റൊരജ്ഞാനിയെ ഗുരുവായി സ്വീകരിച്ച് അവിവേകോപദേശമനുസരിച്ച് ജീവിക്കുന്നു. അതുകൊണ്ട്, ഞങ്ങൾ ഒരിക്കലും നശിക്കാത്ത വിവേകവിജ്ഞാനത്തിൻെറ ഉറവിടമായ പരമഗുരുവിനെത്തന്നെ ശരണം പ്രാപിച്ചിരിക്കുന്നു. അജ്ഞതാബന്ധനമറുത്ത് ഞങ്ങളുടെ ഹൃദയത്തെ മുക്തമാക്കാനുള്ള മാർഗ്ഗമേതെന്ന് ഞങ്ങളെ പഠിപ്പിച്ചാലും.

ഭഗവാൻ അവർക്ക് സാംഖ്യയോഗവും പുരാണവും പഠിപ്പിച്ചുകൊടുത്തു. ബ്രഹ്മാവ് നിദ്രയിൽ നിന്നുണർന്നപ്പോൾ ഭഗവാൻ വേദം (ഹയഗ്രീവനിൽ നിന്ന് വീണ്ടെടുത്തത്) പുനസ്ഥാപിച്ച് നൽകി. സത്യവ്രതൻ വൈവസ്വത മനുവായി. മത്സ്യാവതാരമെടുത്ത് ഉന്നത വിജ്ഞാനം പഠിപ്പിച്ച ആ ഭഗവാനെ ഞങ്ങൾ നമസ്കരിക്കുന്നു.

**ഒൻപതാം സ്കന്ദം ആരംഭം**

**ശ്രൂയതാം മാനവോ വംശ: പ്രാചുര്യേണ പരം തപ**
**നശക്യതേ വിസ്തരതോ വക്തും വർഷശതൈരപി (9-1-7)**

*ശുകമുനി തുടർന്നു:*
മനുവിൻെറ പിൻഗാമികളെപ്പറ്റിയുള്ള ചെറിയൊരു വിവരണം നൽകാം. ഒരു നൂറു വർഷമുണ്ടായാലും പരിപൂർണ്ണമായി അതു വിവരിക്കുക അസാദ്ധ്യം. ശ്രദ്ധാദേവൻ, വിവസ്വാൻെറയും സംജ്ഞനയുടെയും പുത്രനായിരുന്നു. അദ്ദേഹം ഇപ്പോഴത്തെ മന്വന്തരത്തിലെ മനുവായ വൈവസ്വതനത്രെ. അദ്ദേഹത്തിന് മക്കളില്ലായിരുന്നു. അതിനാൽ വസിഷ്ഠമുനി സന്താനപ്രാപ്തിക്കായി ഒരു യാഗം നടത്താൻ തീരുമാനിച്ചു. പുത്രനെ ആഗ്രഹിച്ചിരുന്ന രാജാവിൻെറ പത്നിക്കാകട്ടെ ഒരു മകളെയാണു വേണ്ടിയിരുന്നത്. അതുകൊണ്ട് രാജപത്നി ഒരു യാഗപുരോഹിതനെ സമീപിച്ച് ആഗ്രഹമറിയിച്ചു. പുരോഹിതൻ മന്ത്രത്തിൽ ചെറിയൊരു വ്യതിയാനം വരുത്തിയതിൻെറ ഫലമായി ഒരു മകളാണുണ്ടായത്. രാജാവ് ആശാഭംഗത്തോടെ വസിഷ്ഠനോട് പരാതി പറഞ്ഞു. ഭഗവൽശക്തികൊണ്ട് വസിഷ്ഠന് കുട്ടിയുടെ ലിംഗം മാറ്റുവാനുള്ള കഴിവുണ്ടായി. അങ്ങിനെ മനുപുത്രിയായ ഇള, സുദ്യുമ്നൻ എന്ന മകനായിത്തീർന്നു.

ഒരു ദിവസം സുദ്യുമ്നൻ തൻെറ പരിവാരങ്ങളോടൊത്ത് വനത്തിൽ നായാട്ടിനു പോയി. അവർ മേരു പർവ്വതത്തിൻെറ താഴ്വരയിൽ ചെന്നു. അവിടെ ഭഗവാൻ പരമശിവൻ പാർവ്വതിയോടൊപ്പം കഴിയുന്നു. അവർ ആ വനത്തിൽ പ്രവേശിച്ച മാത്രയിൽ നായാട്ടുസംഘത്തിലെ കുതിരകളടക്കം എല്ലാവരും സ്ത്രീകളായിത്തീർന്നു. ഇതിനൊരു കാരണമുണ്ട്. വളരെ പണ്ട് ഒരു മുനി ഈ വനത്തിൽ കയറി. അവിടെ പരമശിവനും പാർവ്വതിയും രമിച്ചിരിക്കുന്ന അവസരമായിരുന്നു. മഹർഷിയെ കണ്ട പാർവ്വതി ലജ്ജിതയായി വ്യസനിച്ചു. മുനി തലതിരിച്ച് അവിടെ നിന്നും പോയി. എങ്കിലും തൻെറ പ്രിയതമയ്ക്കു നേരിട്ട ശല്യത്തെ ഓർത്ത് പരമശിവൻ ശപിച്ചു. “ഈ വനത്തിൽ പ്രവേശിക്കുന്ന ഏവനും ഒരു സ്ത്രീയായി മാറട്ടെ.” അതിനുശേഷം ആരും ആ വനത്തിൽ പ്രവേശിക്കാറില്ലായിരുന്നു.

സുദ്യുമ്നൻ ഒരു യുവതിയായി വനത്തിൽ കുറച്ചുനാൾ അലഞ്ഞു നടന്നു. അവളെ കണ്ട് ബുധൻ പ്രേമപരവശനായി, വിവാഹം ചെയ്തു. അവൾക്കൊരു പുത്രനുണ്ടായി. പുരൂരവൻ. അങ്ങിനെ സ്ത്രീവേഷം അഭിനയിക്കേ സുദ്യുമ്നന് വസിഷ്ഠമുനിയെ ഓർമ്മ വന്നു. ക്ഷണനേരംകൊണ്ട് മുനി പ്രത്യക്ഷനായി. വസിഷ്ഠൻ സുദ്യുമ്നനു വേണ്ടി പരമശിവനോട് പ്രാർത്ഥിച്ചു. തൽഫലമായി എല്ലാ ഒന്നരാടൻ മാസങ്ങളും സുദ്യുമ്നൻ പുരുഷനായി മാറുന്നതാണ്. അങ്ങിനെ പരമശിവൻെറ ശാപം ഫലിക്കുകയും ചെയ്യും. അങ്ങിനെ ഭാഗികമായ സംതൃപ്തിയോടെ സുദ്യുമ്നൻ തൻെറ രാജ്യത്തേക്കു മടങ്ങിപ്പോയി. അതിനുശേഷം അദ്ദേഹത്തിനു മൂന്ന് പുത്രന്മാരുണ്ടായി. ഉത്കലൻ, ഗയൻ, വിമലൻ എന്നിവർ. ഇവർ ദക്ഷിണഭാരതത്തിൻെറ ഭരണാധികാരികളായി. കുറച്ചുകാലംകൂടികഴിഞ്ഞ് സുദ്യുമ്നൻ വനവാസത്തിനു പോയപ്പോൾ പുരൂരവനെ രാജാവായി അവരോധിച്ചു.

**വിമുക്തസംഗ: ശാന്താത്മാ സംയതാക്ഷോ*ƒ*പരിഗ്രഹ:**
**യദൃച്ഛയോപപന്നേന കൽപയൻ വൃത്തിമാത്മന: (9-2-12)**
**ആത്മന്യാത്മാനമാധായ ജ്ഞാനതൃപ്ത: സമാഹിത:**
**വിചചാര മഹീമേതാം ജഡാന്ധബധിരാകൃതി: (9-2-13)**
**ഏവം വൃത്തോ വനം ഗത്വാ ദൃഷ്ട്വാ ദാവാഗ്നിമുത്ഥിതം**
**തേനോപയുക്തകരണോ ബ്രഹ്മ പ്രാപ പരം മുനി: (9-2-14)**

*ശുകമുനി തുടർന്നു:*
സുദ്യുമ്നൻ സന്യാസം സ്വീകരിച്ച് വനവാസം തുടങ്ങിയതുകൊണ്ട് വൈവസ്വതമനു ദു:ഖിതനായി. ഒരു പുത്രൻ കൂടിയുണ്ടാവണമെന്നാഗ്രഹിക്കുകയും ചെയ്തു. ആഗ്രഹപൂർത്തിക്കായി അദ്ദേഹം ഭഗവാനെ പൂജിച്ചു. തൽഫലമായി പത്തു പുത്രന്മാരുണ്ടായി. അതിൽ മൂത്തയാളത്രെ ഇക്ഷ്വാകു. മക്കളിൽ ഒരാൾ പൃഷധരൻ, ഗുരുവിന്റെ നിർദ്ദേശപ്രകാരം കാലി മേക്കാൻ പോയി. ഒരു രാത്രിയിൽ പൃഷധരൻ കാലികളെ ജാഗരൂകനായി സൂക്ഷിച്ചിരുന്നുവെങ്കിലും പെട്ടെന്ന് കാർമേഘം മൂടി ഇരുട്ടായതിനാൽ പശുക്കളെ എല്ലാം കാണാൻ കഴിയുമായിരുന്നില്ല. ഒരു പുലി കാലിക്കൂട്ടത്തിൽ കയറി ഒരു പശുവിനെ പിടികൂടി. അത് അലമുറയിടാനും തുടങ്ങി. പൃഷധരൻ ക്ഷണനേരം കൊണ്ടവിടെ എത്തി വാളെടുത്ത് വെട്ടിയതാകട്ടെ ഒരു പശുവിന്റെ തലയും. പുലിയ്ക്കു മുറിവു പറ്റിയെങ്കിലും അത് കാട്ടിലേക്കോടി രക്ഷപ്പെട്ടു. പ്രഭാതമായപ്പോഴേ പൃഷധരന് അബദ്ധം മനസ്സിലായുള്ളു. ഗുരുവായ വസിഷ്ഠൻ പൃഷധരനോടു പൊറുത്തില്ല. രാജകുമാരസ്ഥാനവും നഷ്ടപ്പെട്ട് ശൂദ്രനായി അലയാൻ ഗുരു അയാളെ ശപിച്ചു. ഗുരുശാപം ശിരസ്സാ വഹിച്ച് പൃഷധരൻ ആജീവനാന്തകാലം ബ്രഹ്മചര്യവ്രതമെടുത്ത് ഭഗവാനിൽ ഹൃദയമർപ്പിച്ച് പരമഭക്തി വളർത്തിയെടുത്തു. എല്ലാ ആസക്തികളിൽ നിന്നും വിടുതൽ നേടി ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, ആശയോ ആവശ്യങ്ങളോ ഇല്ലാതെ ശാന്തനായി, തനിക്കു കിട്ടുന്നതെന്തോ അതാഹരിച്ച് ആത്മാരാമനായി ഭൂമിയിലങ്ങിനെ അദ്ദേഹം അലഞ്ഞു നടന്നു. കുരുടനോ, പൊട്ടനോ, വിഡ്ഢിയോ എന്നു തോന്നുമാറ് പൃഷധരൻ കഴിഞ്ഞുപോന്നു. ഒരു ദിനം കാട്ടുതീയിൽ അകപ്പെട്ട് അദ്ദേഹം മോക്ഷം പ്രാപിച്ചു. വൈവസ്വതമനുവിന്റെ മറ്റൊരു മകൻ കവി, ചെറുപ്രായത്തിൽത്തന്നെ സന്യാസം സ്വീകരിച്ച് കാട്ടിലേക്ക് പോയി ആത്മസാക്ഷാത്കാരം പൂകി. അദ്ദേഹത്തിന്റെ പുത്രനായ കരൂഷനിൽ നിന്ന് കാരൂഷാഗോത്രമുണ്ടായി. മറ്റൊരു പുത്രനായ ധൃഷ്ടന്റെ പിൻഗാമികളായ ധാർഷ്ടന്മാർ ബ്രാഹ്മണരായി.

വേറൊരു പുത്രനായ ദിഷ്ടന്റെ കുലത്തിലെ മരുത്തൻ ഒരു ചക്രവർത്തിയായി അനിതരസാധാരണമായതും വിപുലവുമായ ഒരു യാഗം നടത്തി. അതിനുപയോഗിച്ച പാത്രങ്ങളെല്ലാം സ്വർണ്ണനിർമ്മിതമായിരുന്നുവത്രെ. ദേവന്മാരും ബ്രാഹ്മണരും തങ്ങൾക്കു കിട്ടിയ അർഘ്യങ്ങളിലും സമ്മാനങ്ങളിലും സന്തുഷ്ടരായി. വായുദേവതകൾ സ്വയം യാഗശാലയിൽ അതിഥികളെ സ്വീകരിക്കാനാഗതരായി എന്ന് പറയപ്പെടുന്നു. മരുത്തന്റെ പിൻഗാമിയായ തൃണബിന്ദു ദിവ്യഗുണങ്ങളുടെ മൂർത്തീഭാവമായിരുന്നു. അദ്ദേഹം അലംബു, എന്ന അപ്സരസ്സിനെ വിവാഹം ചെയ്തു. അതിൽ കുറെയേറെ പുത്രന്മാരും ഒരു മകളും ഉണ്ടായി. അതേ ഗോത്രത്തിൽ തന്നെയാണ് വൈശാലി നഗരം നിർമ്മിച്ച വിശാലന്റെ ജനനം. ഭക്തശിരോമണിയായി ജീവിച്ച് ആത്മസാക്ഷാത്കാരം നേടിയ സോമദത്തനും ഇതേ ഗോത്രക്കാരനത്രെ. ജനമേജയൻ സോമദത്തന്റെ ചെറുമകനാണ്.

മനുവിന്റെ മറ്റു മക്കൾക്കും പിൻഗാമികളുണ്ടായിരുന്നു.

**അഹോ രാജൻ നിരുദ്ധാസ്തേ കാലേന ഹൃദി യേ കൃതാ:**
**തത്പുത്രപൌത്രനപ്തൃണാം ഗോത്രാണി ചന ശൃൺമഹേ (9-3-32)**
**കാലോ*തf* ഭിയാതസ്ത്രിണവചതുര്യുഗവികൽപിത:**
**തദ്ഗച്ഛ ദേവദേവാംശോ ബലദേവോ മഹാബല: (9-1-33)**

*ശുകമുനി തുടർന്നു:*
ശര്യാതി ചക്രവർത്തി വൈവസ്വതമനുവിൻെറ മറ്റൊരു പുത്രനാണ്. അദ്ദേഹത്തിന് അതിസുന്ദരിയായ ഒരു മകളുണ്ടായിരുന്നു. സുകന്യ. ഒരു ദിവസം രാജാവ് വനത്തിൽ പോയി. ച്യവനമഹർഷിയുടെ പർണ്ണശാലയ്ക്ക് സമീപം കുറച്ചുസമയം ചിലവഴിച്ചു. അവിടെ സുകന്യ ഒരു മൺപുറ്റുനുള്ളിൽ രണ്ടു തിളങ്ങുന്ന തുളകൾ കണ്ടു. ബാലസഹജമായ കുസൃതിയിൽ അവൾ ആ തുളകളിൽ ഒരു കാട്ടുമുള്ളെടുത്ത് കുത്തി. തുളയിൽനിന്ന് രക്തം പ്രവഹിക്കുവാൻ തുടങ്ങി. ഉടനെതന്നെ രാജാവിൻെറ കൂട്ടത്തിലുള്ള എല്ലാവർക്കും മലമൂത്രതടസ്സവും തുടങ്ങി. ശര്യാതി സ്വയം ആത്മസാക്ഷാത്കാരം നേടിയ ആളായതു കൊണ്ട് അദ്ദേഹം ഉടനേ അന്വേഷിച്ചു. “ച്യവനമുനിയുടെ പർണ്ണശാലക്ക് ആരെങ്കിലും ക്ഷതമുണ്ടാക്കുകയുണ്ടായോ?” സ്വന്തം മകൾ കുറ്റമേറ്റു പറഞ്ഞു. കുട്ടിക്കളിക്കിടയിലെ കുസൃതിയാണെന്നു മനസ്സിലായ രാജാവ് ച്യവനമുനിയുടെ അരികിൽ ചെന്ന് ക്ഷമ യാചിച്ചു.

വയസ്സായ മുനി തനിക്ക് രാജകുമാരിയെ വിവാഹം ചെയ്താൽ കൊള്ളാമെന്ന് അറിയിച്ചു. രാജാവത് സമ്മതിക്കുകയും ചെയ്തു. കുമാരിയെ മുനിക്കുനൽകി രാജാവ് കൊട്ടാരത്തിലേയ്ക്കു മടങ്ങി. സുകന്യ ആത്മാർത്ഥയോടെ മുനിയെ പരിചരിച്ചു. മുനി ക്ഷിപ്രകോപിയായിരുന്നുവെങ്കിലും സുകന്യ അദ്ദേഹത്തിന് അനിഷ്ടമായതൊന്നും ചെയ്യാതെ സേവിച്ചു വന്നു.

ഒരു ദിവസം സ്വർഗ്ഗവൈദ്യന്മാരായ അശ്വീനികുമാരന്മാർ മുനിയെ സന്ദർശിച്ചു. മുനി അവരോട് തനിക്ക് യൗവ്വനം വീണ്ടെടുത്തു കൊടുക്കാനാവശ്യപ്പെട്ടു. അതിന് പ്രതിഫലമായി മുനി അവർക്ക് സോമം കുടിക്കാൻ നൽകാമെന്നേറ്റു. അശ്വീനികുമാരന്മാർക്ക് നിഷിദ്ധമായിട്ടുള്ളതത്രേ സോമം. അവർ മുനിയെ ഒരു പൊയ്കയിൽ കൊണ്ടുപോയി അദ്ദേഹത്തോട് മുങ്ങാൻ പറഞ്ഞു. പൊയ്കയിൽനിന്ന് മൂന്നു യുവ കോമളന്മാർ കയറി വന്നു. സുകന്യ ആകെ ചിന്താക്കുഴപ്പത്തിലായി. മൂവരും ഒരേ രൂപഭാവങ്ങളുള്ളവർ. സുകന്യ തൻെറ ഭർത്താവിനെ കാണിച്ചു തരണമേയെന്ന് അശ്വീനികുമാരന്മാരോട് പ്രാർത്ഥിച്ചു. അവളുടെ പാതിവ്രത്യത്തിലും ആത്മാർത്ഥതയിലും സംതൃപ്തരായ അവർ ച്യവനനെ കാണിച്ചു കൊടുത്തു.

താമസംവിനാ, ശര്യാതി ച്യവനൻെറ കുടിലിലെത്തി. മകൾ ഒരു യുവതരുണനുമായി ജീവിക്കുന്നതു കണ്ട് അഛൻ മകളെ ശാസിച്ചു. അവളുടെ ചാരിത്രശുദ്ധിയെ അപലപിച്ചു. എന്നാൽ കാര്യമറിഞ്ഞ് അദ്ദേഹം സന്തുഷ്ടനായി. രാജാവിൻെറ സഹായത്തോടെ മുനി സോമയാഗം നടത്തി. കുറച്ചു സോമരസം അശ്വീനീകുമാരന്മാർക്കും നൽകി. ഇതറിഞ്ഞ ഇന്ദ്രൻ കോപിഷ്ഠനായി മേഘാസ്ത്രമെടുത്തു കുലയ്ക്കാനാഞ്ഞു. എന്നാൽ ആ കൈ ക്ഷണത്തിൽ സ്തംഭിക്കപ്പെട്ടു. അന്നു മുതൽ അശ്വീനികുമാരന്മാർക്കും സോമരസം കിട്ടിത്തുടങ്ങി.

ഉത്താനബർഹി, ആനർതൻ, ഭൂരിസേനൻ എന്നിവർ ശര്യാതിയുടെ പുത്രന്മാർ. ആനർതൻെറ പുത്രൻ രേവതൻ. അദ്ദേഹത്തിന് നൂറ് പുത്രന്മാർ. അതിലൊരാളായ കകുദ്മിക്ക് രേവതിയെന്നാരു മകളുണ്ടായി. ഒരു ദിവസം അദ്ദേഹം മകളുമൊത്ത് ബ്രഹ്മലോകത്തു ചെന്നു. തൻെറ മകൾക്കനുരൂപനായ ഒരു വരനെ തേടിയാണവിടെ ചെന്നത്. അവിടെ ഒരു സംഗീതസദസ്സ് നടക്കുന്നതു കൊണ്ട് അതു കഴിഞ്ഞിട്ടേ ബ്രഹ്മദേവനെ സന്ധിക്കാൻ രാജാവിനു കഴിഞ്ഞുള്ളൂ. കണ്ടപ്പോൾ ബ്രഹ്മദേവൻ പറഞ്ഞു. “നിങ്ങൾ ഇവിടെ വരുമ്പോൾ ആരെയാണോ മനസ്സിൽ നിനച്ചിരുന്നത് അവരെല്ലാം, അവരുടെ മക്കളും, ചെറുമക്കളുമടക്കം മരിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിവിടെ ചിലവഴിച്ച നിമിഷങ്ങൾക്കുള്ളിൽ ഭൂമിയിൽ യുഗങ്ങൾ കടന്നു പോയിരിക്കുന്നു. തിരികെ പോയി കൃഷ്ണൻെറ ജ്യേഷ്ഠനായ ബലരാമന് അവളെ വിവാഹത്തിൽ നൽകുക.” രാജാവ് അങ്ങിനെ ചെയ്തു. വിവാഹത്തിന് ശേഷം അദ്ദേഹം ബദരികാശ്രമത്തിലേക്ക് പോയി.

**സ വൈ മന: കൃഷ്ണ പദാരവിന്ദയോർവചാംസി വൈകുണ്ഠഗുണാനുവർണ്ണനേ
കരൌ ഹരേർമ്മന്ദിരമാർജ്ജനാദിഷു ശ്രുതിം ചകരാച്യുതസത്കഥോദയേ (9–4–18)
മുകുന്ദലിംഗാലയദർശനേ ദൃശൌ തദ്ഭൃത്യഗാത്രസ്പർശേƒംഗ സംഗമം
ഘ്രാണം ചതത്പാദസരോജസൌരഭേ ശ്രീമത്തുളസ്യാ രസനാം തദർപ്പിതേ (9–4–19)
പാദൌ ഹരേ: ക്ഷേത്രപദാനുസർപ്പണേ ശിരോ ഋഷീകേശപദാഭിവന്ദനേ
കാമം ച ദാസ്യേ ന തു കാമകാമ്യയാ യഥോത്തമശ്ലോകജനാശ്രയാ രതി: (9–4–20)**

*ശുകമുനി തുടർന്നു:*
നാഭാഗൻ നഭഗൻെറ മകനായിരുന്നു. കുട്ടി തൻെറ ഗുരുവിൻെറകൂടെ കുറച്ചേറെക്കാലം കഴിച്ചിട്ട് അഛൻെറ വീട്ടിലേക്ക് മടങ്ങി. കാലക്രമത്തിൽ നാഭഗൻെറ മക്കൾ പാരമ്പര്യസ്വത്തുക്കൾ ഭാഗം വക്കുമ്പോൾ നാഭാഗനായി വയസ്സുചെന്ന സ്വന്തം അച്ഛനെ മാത്രം നൽകി. വൃദ്ധൻ മകനെ സമാധാനിപ്പിച്ചു. “നിൻെറ സഹോദരന്മാരുടെ അനീതിയെക്കുറിച്ചോർത്ത് വ്യാകുലപ്പെടരുത്. കുറച്ചു മഹാത്മാക്കൾ ഒരു യാഗം നടത്തുന്നതിനു മുതിരുകയാണ്. എന്നാലവർക്ക് ചടങ്ങിനെപ്പറ്റി ചില ചിന്താക്കുഴപ്പങ്ങളുണ്ട്. അവരെ രണ്ടുനാലു മന്ത്രങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കുക. തീർച്ചയായും അവർ നിന്നെ സമ്പത്ത് തന്ന് അനുഗ്രഹിക്കും.” മകൻ അച്ഛൻ പറഞ്ഞ പ്രകാരം മഹാത്മാക്കളെ സഹായിച്ചു. യാഗം കഴിഞ്ഞ് സ്വർഗ്ഗാരോഹണം നടത്തിയ മഹാത്മാക്കൾ യാഗസ്ഥലത്ത് നാഭാഗനുള്ള സമ്പത്തു വച്ചിട്ടാണ് പോയത്. എന്നാൽ അതേ സമയം യാഗസ്ഥലത്ത് അതിവിശിഷ്ടമായ ഒരു സത്വം വന്ന് യാഗാവശിഷ്ടം അതിൻെറ അവകാശമാണെന്ന് പറഞ്ഞു. ഈ സത്വം വാസ്തവത്തിൽ രുദ്രഭഗവാനായിരുന്നു. രണ്ടുപേരും വൃദ്ധനായ നാഭഗൻെറ അടുക്കൽ ഒത്തുതീർപ്പിനു ചെന്നു. നാഭാഗനാകട്ടെ യജ്ഞശിഷ്ടം രുദ്രൻെറ അവകാശം തന്നെയാണെന്ന് കൽപ്പിക്കുകയും ചെയ്തു. രുദ്രഭഗവാൻ അച്ഛൻേറയും മകൻേറയും സത്യത്തിലും നീതി ബോധത്തിലും സന്തുഷ്ടനായി. രണ്ടുപേർക്കും ആത്മസാക്ഷാത്കാരം നൽകി. എല്ലാ സമ്പത്തും അവർക്കായി നൽകി.

നാഭാഗൻെറ മകനാണ് അംബരീഷൻ. അദ്ദേഹം കാലക്രമത്തിൽ വിസ്താരമേറിയ സാമ്രാജ്യത്തിനും അളവറ്റ സമ്പത്തിനും അധിപനായി. എന്നാൽ അംബരീഷന് അതുകൊണ്ട് പ്രയോജനമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം ജീവിതത്തെ നീണ്ടൊരു സ്വപ്നമായി കരുതി, സമ്പത്തിനെ സ്വപ്നവസ്തുവായും കണക്കാക്കി. അവയ്ക്ക് നിയതമായ യാതൊരു വിലയുമില്ലെന്നദ്ദേഹം കരുതി. അദ്ദേഹത്തിൻെറ ഹൃദയം നിറയെ ഭഗവൽഭക്തിയായിരുന്നു. ഭഗവാൻ കൃഷ്ണൻെറ പാദങ്ങളിൽ മനം മുഴുകിയിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ വാക്കുകൾ ഭഗവാൻെറ മഹിമകളെ വാഴ്ത്താനായി ഉപയോഗിച്ചു. കൈകാലുകൾ ഭഗവൽസേവയ്ക്കും ക്ഷേത്ര പാലനത്തിനും ഉതകി. ചെവികൾ ഭഗവൽകഥാശ്രവണം നടത്തി. കണ്ണുകൾ ഭഗവൽരൂപവും ക്ഷേത്രങ്ങളും സദാ കണ്ടു. ഭഗവൽദാസന്മാരുടെ കാൽതൊട്ടു വണങ്ങി അംബരീഷൻെറ ശരീരം പുളകം കൊണ്ടു. ഭഗവൽപ്പൂജ ചെയ്ത തുളസീദലങ്ങൾ മാത്രം അംബരീഷൻ മണത്തു. കാലുകൾ ദിവ്യസ്ഥലങ്ങളെ പ്രദക്ഷിണം വച്ചു. അദ്ദേഹത്തിൻെറ ഏക ആഗ്രഹം ഭഗവൽസേവയും പ്രേമം ഭഗവൽഭക്തന്മാരോടുമായിരുന്നു.

അദ്ദേഹം മാമുനിമാരുടെ വിദഗ്ദ്ധോപദേശം കേട്ട് രാജ്യം ഭരിച്ചു. എല്ലാ കർമ്മങ്ങളും ഭഗവൽപ്പൂജയായി കണക്കാക്കി. എന്നാൽ അദ്ദേഹം ശാസ്ത്രവിധി പ്രകാരം അനേകം യാഗത്യാഗങ്ങളും നടത്തുകയുണ്ടായി. മഹാത്മാക്കൾക്കും, യാഗങ്ങളിൽ പങ്കെടുത്തവർക്കും, ദേവന്മാർക്കും ധാരാളം സമ്മാനങ്ങളും അദ്ദേഹം നൽകി വന്നു. ഭക്തി വർദ്ധിച്ചു വന്നതോടെ ലൗകീകവസ്തുക്കളോടുള്ള അനാസക്തിയും അദ്ദേഹത്തിൽ വളർന്നു. ഭഗവാൻ സ്വയം തൻെറ സുദർശനചക്രം ഈ സൽഭക്തനെ സംരക്ഷിക്കാൻ ഏർപ്പെടുത്തുകയും ചെയ്തു.

**അഹം ഭക്തപരാധീനോ ഹ്യസ്വതന്ത്ര ഇവ ദ്വിജ**
**സാധുഭിർഗ്രസ്തഹൃദയോ ഭക്തൈർഭക്തജനപ്രിയ: (9-4-63)**
**സാധവോ ഹൃദയം മഹ്യം സാധൂനാം ഹൃദയം ത്വഹം**
**മദന്യത് തേ ന ജാനന്തി നാഹം തേഭ്യോ മനാഗപി (9-4-68)**

*ശുകമുനി തുടർന്നു:*
അംബരീഷൻ ഭഗവൽപ്രീതിക്കായി ദ്വാദശിവ്രതമെടുത്തു. തലേദിവസം നിരാഹാരവ്രതമെടുത്ത് പിറ്റേന്ന്, അതായത് ദ്വാദശിദിനത്തിൽ, ഭഗവാനോടുള്ള തീവ്രഭക്തിയിൽ വിപുലമായ പൂജയോടുകൂടി അംബരീഷൻ വ്രതമവസാനിപ്പിച്ചു. മാമുനിമാർക്കും മറ്റും വിലയേറിയ സമ്മാനങ്ങൾ നൽകുകയും ചെയ്തു. വ്രതമവസാനിപ്പിച്ച് ജലപാനത്തിന് സമയമായപ്പോഴേയ്ക്കും ദുർവ്വാസാവ് മുനി അവിടെയെത്തി. മുൻകോപിയാണ് മഹർഷി. അംബരീഷൻ ബഹുമാനത്തോടെ മുനിയെ എതിരേറ്റു. ദുർവ്വാസാവ് അദ്ദേഹത്തിൻെറ ആതിഥ്യം സ്വീകരിച്ചു. സ്നാനത്തിനായി നദിക്കരയിലേക്ക് പോവുകയും ചെയ്തു.

ദ്വാദശിദിനത്തിൽ വ്രതമവസാനിപ്പിക്കുന്നതിൻെറ ഭാഗമായി ഭക്ഷണം കഴിക്കുവാൻ നിശ്ചിതസമയമുണ്ട്. ഈ സമയം കഴിയാൻ കാൽമണിക്കൂർ മാത്രമെ ബാക്കി ഉണ്ടായിരുന്നുള്ളൂ. വ്രതപരിപാലനോത്സുകനായി അംബരീഷൻ മുനിമാരുടെ അനുവാദത്തോടെ ഒരൽപ്പം ജലപാനം നടത്തി. കുറച്ച്കഴിഞ്ഞ് ദുർവ്വാസാവ് മടങ്ങിയെത്തി. വിവരമറിഞ്ഞ് മുനി കോപിഷ്ടനായി. തന്നെ സ്വീകരിക്കുംമുൻപ് ആതിഥേയൻ ഭക്ഷണം കഴിച്ചിരിക്കുന്നു അദ്ദേഹം തൻെറ ജഡയിൽനിന്നും ഒരു മുടി പറിച്ചെടുത്തെറിഞ്ഞു. അതൊരു രാക്ഷസിയായി അംബരീഷനെ വിഴുങ്ങാനൊരുങ്ങി.

ഭഗവാൻെറ സുദർശനചക്രം സദാ ഭക്തനെ സംരക്ഷിക്കുന്നു. അത് ദുരാത്മാവിനെ വധിച്ച് ദുർവ്വാസാവിന് നേരെ തിരിഞ്ഞു. ഇതുകണ്ട് ഭയചകിതനായ മുനി തൻെറ പ്രാണനുമായി ഓടി. ചക്രം അദ്ദേഹത്തെ പിന്തുടർന്നു. മൂന്നുലോകങ്ങളിലും അഭയം കിട്ടിയില്ല. ഒടുവിൽ ബ്രഹ്മാവിനെ ശരണം പ്രാപിച്ചു. ബ്രഹ്മാവും താൻ നിസ്സഹായനാണെന്നറിയിച്ചു. പരമശിവനും വിഷ്ണുചക്രത്തിൽനിന്ന് മുനിയെ രക്ഷിക്കാനാവില്ലെന്ന് പറഞ്ഞു, എന്നാൽ ഭഗവാൻ വാസുദേവനെ ആശ്രയിക്കാൻ ഉപദേശിച്ചു വിട്ടു. ദുർവ്വാസാവ് ഭഗവാൻെറ കാൽക്കൽ വീണ് അഭയം തേടി. തൻെറ പാപത്തിനും ഭക്തനിന്ദക്കും മുനി ക്ഷമ യാചിച്ചു.

*ഭഗവാൻ മറുപടിയായി പറഞ്ഞു:*
അല്ലയോ മഹർഷേ, ഞാൻ എൻെറ ഭക്തരുടെ അധീനതയിലാണ്. അങ്ങിനെ നോക്കിയാൽ ഞാൻ സ്വതന്ത്രനല്ല. എൻെറ ഭക്തർ അവരുടെ ഭാര്യ, മക്കൾ, സ്വത്തുക്കൾ എന്നുവേണ്ട സ്വജീവൻ പോലും എനിക്കുവേണ്ടി ഉപേക്ഷിക്കാൻ തയ്യാറായി ജീവിക്കുന്നു. അങ്ങിനെയുള്ള ഭക്തരെ ഉപേക്ഷിക്കുന്നതെങ്ങിനെ? നന്മനിറഞ്ഞ ഉത്തമമനുഷ്യർ എൻെറ ഹൃദയവും ഞാൻ അവരുടെ ഹൃദയത്തിലുമാണ്. അവർക്ക് ഞാനല്ലാതെ മറ്റൊരു സത്യത്തേയും അറിയില്ല. എനിക്കും അവരെ മാത്രമെ അറിയൂ. അതുകൊണ്ട് ഞാനൊരു കാര്യം പറയാം. അംബരീഷനോട് ചെന്ന് ക്ഷമ ചോദിച്ചാലും. ഈയൊരു മാർഗ്ഗം മാത്രമെ അങ്ങയെ നേരിടുന്ന ദുരിതത്തിൽ നിന്ന് രക്ഷയായിട്ടുള്ളു. തപസ്സും പൂജയും ഉന്നതഫലമുണ്ടാക്കണമെങ്കിൽ മുനിമാർക്ക് വിനയവും വേണം. എന്നാൽ അഹങ്കാരികളായവർ തപസ്സനുഷ്ഠിച്ചതുകൊണ്ട് ആശിച്ച ഫലം ലഭിക്കുകയില്ല. അങ്ങേക്ക് പറ്റിയതിതാണ്. വേഗം തന്നെ അംബരീഷനെ കണ്ട് ക്ഷമചോദിക്കൂ.

## അഹോ അനന്തദാസാനാം മഹത്ത്വം ദൃഷ്ടമദ്യ മേ
## കൃതാ ഗസോ*f*പി യദ്രാജൻ മംഗളാനി സമീഹസേ (9–4–14)

*ശുകമുനി തുടർന്നു:*
ദുർവ്വാസാവ് മടങ്ങിവന്ന് അംബരീഷന്റെ കാൽക്കൽ വീണു ക്ഷമ യാചിച്ചു. ഇതുകണ്ട് അംബരീഷൻ വളരെ ലജ്ജിതനായി. അംബരീഷൻ ഭഗവാന്റെ സുദർശനചക്രത്തോട് ഇങ്ങിനെ പ്രാർത്ഥിച്ചു:.
"അല്ലയോ സുദർശന, നീ അഗ്നിയാണ്, സൂര്യനാണ്, ചന്ദ്രനും പഞ്ചഭൂതങ്ങളുമാണ്. ഈ മഹർഷിയിൽ സംപ്രീതനായാലും. അവിടുന്നാണ് വിശ്വസംരക്ഷകൻ. ഭഗവാന്റെ മഹിമാപ്രകാശം നീയത്രെ. അജ്ഞതാന്ധകാരം നശിപ്പിക്കുന്ന വെളിച്ചം അവിടുന്നാണ്. ഭഗവാന്റെ ആജ്ഞയനുസരിച്ച് വിശ്വത്തിലെ ദുഷ്ടതകൾ മുഴുവനില്ലാതാക്കുന്നതും മറ്റാരുമല്ല. ഞങ്ങൾ ഞങ്ങളുടെ ധർമ്മങ്ങൾ വിധിയാംവണ്ണം ചെയ്തുവെങ്കിൽ, ദിവ്യമുനിയായ ദുർവ്വാസാവിനോട് ദയ കാണിച്ചു സംരക്ഷിച്ചാലും. അതുമൂലം ഞങ്ങൾക്ക് വലിയൊരു വരം ലഭിച്ച ഫലമുണ്ടാവുകയും ചെയ്യും." ഇതുവരെ ദുർവ്വാസാവിനെ പീഡിപ്പിച്ചുകൊണ്ടിരുന്ന ചക്രം തൽക്ഷണം തണുത്തു.

*സംഭവങ്ങൾ ഇങ്ങിനെ മാറിയതുകൊണ്ട് സന്തുഷ്ടനായ മുനി പറഞ്ഞു:*
ഇന്നു ഞാൻ ഭഗവൽഭക്തരുടെ മഹിമ അനുഭവിച്ചറിഞ്ഞു. അവരെ ദ്രോഹിക്കുന്നവരോടുപോലും അവരെത്ര മഹത്വപൂർവ്വമാണ് പെരുമാറുന്നത്. ഭക്തർക്ക് ജിവിതത്തിൽ യാതൊന്നും അസാദ്ധ്യമോ ഉപേക്ഷിക്കാൻ ബുദ്ധിമുട്ടുള്ളതോ അല്ല. കാരണം അവർ ഭഗവൽപ്രേമത്തിൽ അടിയുറച്ചവരത്രെ. ഉത്തമഭക്തന്റെ നാമശ്രവണം കൊണ്ടു തന്നെ ഒരുവന്റെ പാപം നശിക്കുന്നു. അങ്ങിനെ ഭയങ്കരമായ ഒരു ദുരിതം ഒഴിവാക്കിയതിനു ശേഷം അംബരീഷൻ മഹർഷിയോട് ഭക്ഷണം കഴിക്കാൻ അപേക്ഷിച്ചു. എന്നിട്ട് മുനിയുടെ അനുവാദത്തോടെ തന്റെ വ്രതമവസാനിപ്പിച്ചു. കൊട്ടാരം വിട്ടു പോവുമ്പോൾ ദുർവ്വാസാവ് അംബരീഷനെ അനുഗ്രഹിച്ചു. "രാജൻ, ആത്മീയോന്നതി നൽകുന്ന അവിടുത്തെ ഈ കഥ ഭൂമിയുള്ളേടത്തോളം കാലം ആളുകൾ പാടി നടക്കട്ടെ."

അങ്ങിനെ അംബരീഷൻ വളരെയേറെക്കാലം ഭഗവൽഭക്തനായി ജീവിച്ച് രാജ്യം ഭരിച്ചു. അവസാനം രാജ്യഭാരം മക്കളെ ഏൽപ്പിച്ച് വനവാസത്തിനു പോയി. അംബരീഷന്റെ മക്കളും ഭക്തൻ മാരായിരുന്നു.

ആരെല്ലാം ഈ പുണ്യചരിതം ഓർക്കുകയോ പാടുകയോ ചെയ്യുന്നുണ്ടോ, അവർക്ക് ഭഗവൽഭക്തി നിശ്ചയമായും വർദ്ധിക്കുന്നതാണ്.

*ഭഗവൽഭക്തിയുടെ മഹിമാവർണ്ണനയാണീ കഥയിലെ ഇതിവൃത്തം. എന്നാൽ "ഭഗവാന്റെ ചക്രം" എന്നത് കുറ്റബോധം തന്നെയല്ലെ? അതിൽ നിന്ന് ഈശ്വരനുപോലും ആരെയും രക്ഷിക്കാനാവില്ല. ക്ഷമിക്കേണ്ടത് നിന്ദിക്കപ്പെട്ടവരാണ്. അനുരഞ്ജനം മാത്രമാണ് അതിനുള്ള പ്രായശ്ചിത്തം.*

**ജ്ഞാത്വാ പൂത്രസ്യ തത് കർമ്മ ഗുരുണാഭിഹിതം നൃപ:**
**ദേശാന്നി:സാരയാമാസ സുതം ത്യക്തവിധിം രുഷാ (9–6–9)**
**സ തു വിപ്രേണ സംവാദം ജാപകേന സമാചരൻ**
**ത്യക്ത്വാ കളേബരം യോഗീ സ തേനാവാപ യത് പരം (9–6–10)**
**സംഗം ത്യജേത മിഥുനവ്രതിനാം മുമുക്ഷു:**
**സർവാത്മനാ ന വിസൃജേദ് ബഹിരിന്ദ്രിയാണി**
**ഏകശ്ചരൻ രഹസി ചിത്തമനന്ത ഈശേ**
**യുഞ്ജീത തദ്വ്രതിഷു സാധുഷു ചേത് പ്രസംഗ: (9–6–51)**

*ശുകമുനി തുടർന്നു:*
അംബരീഷന് വിരൂപൻ, കേതുമാൻ, ശംഭു ഇങ്ങിനെ മൂന്നു പുത്രന്മാർ. വിരൂപന്റെ മകൻ പ്രശദാസ്വൻ. അയാളുടെ പുത്രൻ രതീതരൻ. രതീതരനു കുട്ടികളുണ്ടായിരുന്നില്ല. അംഗിരമുനിയോട് പ്രാർത്ഥിച്ച് രതീതരന് തന്റെ ഭാര്യയിൽ കുറെ മക്കളുണ്ടായി. അവരെയെല്ലാം യുദ്ധവീരന്മാരായ ബ്രാഹ്മണരായി കണക്കാക്കപ്പെടുന്നു. വൈവസ്വതമനുവിന്റെ നാസാരന്ധ്രങ്ങളിൽ നിന്നും ഇശ്വാകു ജനിച്ചു. ഇശ്വാകുവിന്റെ നൂറാൺമക്കളിൽ മൂത്തയാൾ വികുക്ഷി. മക്കളിൽ കുറച്ചുപേർ വടക്കൻ പ്രദേശങ്ങളുടെയും മറ്റു ചിലർ തെക്കൻദിക്കുകളിലെയും ഭരണാധിപന്മാരായി. ഒരിക്കൽ ഒരു യാഗസമയത്ത്, പിതൃക്കൾക്കായർപ്പിക്കാൻ പറ്റിയ മാംസത്തിന്നായി ഇശ്വാകു വികുക്ഷിയെ നായാട്ടിന്നയച്ചു. സ്വയം വിശന്നിരുന്ന വികുക്ഷി മാംസത്തിൽ കുറച്ചു ഭക്ഷിച്ചു. ഇത് അർപ്പണത്തെ മലിനമാക്കി. പുരോഹിതരുടെ നിർദ്ദേശപ്രകാരം വികുക്ഷിയെ രാജാവ് നാടുകടത്തി. രാജാവ് മാമുനിമാരിൽനിന്നും പരമോന്നതശാസ്ത്രങ്ങൾ പഠിച്ച് അവസാനം പരമഗതി പ്രാപിച്ച് ശരീരമുപേക്ഷിച്ചു. വികുക്ഷി നാട്ടിൽ തിരിച്ചെത്തി സിംഹാസിതനായി. വികുക്ഷിയുടെ മകൻ പുരഞ്ജയൻ പ്രശസ്തനായി പലപേരുകളും സമ്പാദിച്ചു. അസുരന്മാർക്കെതിരായി അദ്ദേഹം നടത്തിയ ഒരു യുദ്ധത്തിൽ ഇന്ദ്രൻ സ്വയം കാളയായി മാറി പുരഞ്ജയനെ കൊണ്ടു നടന്നു. അതിനു ശേഷം അദ്ദേഹം ഇന്ദ്രവാഹൻ എന്നും കകുഷ്തൻ എന്നും അറിയപ്പെട്ടു. ആറു തലമുറകൾക്കു ശേഷം, ഇതേ പരമ്പരയിൽ ശാബസ്തൻ പിറന്നു. ശാബസ്തി നഗരം അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്നു. അതെ കുലത്തിലാണ് യുവനാശ്വന്റെ ജനനം. അദ്ദേഹത്തിന് നൂറു ഭാര്യമാരുണ്ടായിരുന്നെങ്കിലും കുട്ടികളുണ്ടായിരുന്നില്ല. അതുകൊണ്ടദ്ദേഹം വനവാസത്തിന് പോയി. കരുണാമയരായ മഹർഷിമാർ, രാജാവിന് കുട്ടികളുണ്ടാവാൻ ഒരു യാഗം നടത്തി. അന്നുരാത്രി, പുരോഹിതൻ ഉറങ്ങികിടക്കുമ്പോൾ തന്റെ പത്നികൾക്കായി വച്ച വിശുദ്ധജലം രാജാവ് ദാഹാർത്തനായി വന്നു കുടിച്ചു. തൽഫലമായി രാജാവ് ഗർഭം ധരിച്ചു. കാലക്രമത്തിൽ, രാജാവിന്റെ വയറു പിളർന്ന് ഒരു പുത്രൻ പുറത്തു വന്നു. കരയുന്ന കുട്ടിക്കായി ഇന്ദ്രൻ തന്റെ ചൂണ്ടുവിരൽ അമൃതിൽ മുക്കി നുണയാൻ കൊടുത്തു. “ഈ ശിശു എന്നെയാണു നുണയുക” (മാംധാതാ). അതുകൊണ്ട് കുട്ടിക്ക് മന്ധാതൻ എന്നു പേർ. യുവനാശ്വൻ, ദിവ്യപ്രഭകൊണ്ട് രക്ഷപ്പെട്ടു. കുറച്ചുനാൾ പർണ്ണശാലയിൽ ജീവിച്ചശേഷം അവസാനം മുക്തിയെ പ്രാപിച്ചു. മന്ധാതന് മൂന്നു പുത്രന്മാരും അമ്പതു പുത്രിമാരും ഉണ്ടായി. അവിടെ ആ സമയം സൗഭരിയെന്നൊരു മുനി ജലതപസ്സിലേർപ്പെട്ടിരുന്നു. ജലത്തിൽ ഇണചേരുന്ന മത്സ്യങ്ങളെക്കണ്ട് മുനിക്ക് ലൈംഗീകാവേശമുണ്ടായി. മന്ധാതനോട് ഒരു പെൺകുട്ടിയെ വേണമെന്നാവശ്യപ്പെട്ടു. മന്ധാതൻ പറഞ്ഞു. “ഏതു പെൺകുട്ടിയാണോ താങ്കളെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നത്, അവളെ സ്വീകരിക്കാം.” മഹർഷിക്ക് മന്ധാതന്റെ വാക്കുകളിലെ നീരസം മനസ്സിലായി. “ഏതൊരു പെൺകുട്ടിയാണ് വയസ്സനായ ഒരുവനെ വിവാഹം ചെയ്യുക?” അദ്ദേഹം സ്വയം ഒരു യുവകോമളനായി മാറി. അമ്പതു പെൺകുട്ടികളും അദ്ദേഹത്തെ വരിച്ചു. അദ്ദേഹം ഏറെക്കാലം അതിഭൗമമായ സമൃദ്ധിയിലും ഉല്ലാസത്തിലും അവരോടൊപ്പം കഴിഞ്ഞു. ഒരു ദിവസം അദ്ദേഹമിങ്ങിനെ ആലോചിച്ചു. “ഞാനൊരു മുനിയായിരുന്നു. ഇണചേരുന്ന മത്സ്യങ്ങളെക്കണ്ട് ഞാനീ ഇന്ദ്രിയവലയിൽ വീണുപോയി. പരമസാക്ഷാൽകാരം ആഗ്രഹിക്കുന്ന ആരും ലൗകീകതയുമായി സമ്പർക്കമരുത്. ഏകനായി ഭഗവൽഭക്തിയിൽ മാത്രം മുഴുകി വേണം അയാൾ ജീവിക്കാൻ.

അദ്ദേഹം ഒരിക്കൽക്കൂടി വീടുപേക്ഷിച്ചുപോയി.

ॐ



**ശുന: ശേപസ്യ മാഹാത്മ്യമുപരിഷ്ടാത് പ്രചക്ഷ്യതേ**
**സത്യസാരാം ധൃതിം ദൃഷ്ട്വാ സഭാര്യസ്യ ച ഭൂപതേ: (9–7–24)**
**വിശ്വാമിത്രോ ഭൃശം പ്രീതോ ദദാവവിഹതാം ഗതിം**
**മന: പൃഥിവ്യാം താമദ്ഭി സ്തേജസാപോ*f* നിലേന തത് (9–7–25)**

*ശുകമുനി തുടർന്നു:*
മന്ഥാതന്റെ പുത്രൻ പുരുകുൽസൻ രസാതലമെന്ന പാതാളലോകത്തു ചെന്ന് നാഗൻമാരുടെ (സർപ്പരാക്ഷസർ) ശത്രുക്കളായ ഗന്ധർവ്വൻമാരെ വകവരുത്തി. ഈ സഹായം ഓർമ്മിക്കുന്ന ആരെയും സർപ്പവിഷം ബാധിക്കുകയില്ലന്നൊരു പ്രതിഫലം നാഗൻമാർ അവനു നൽകി.

പുരുകുൽസന്റെ കുലത്തിലാണ് ത്രിശങ്കുവിന്റെ ജനനം. സ്വപിതാവിന്റെ ശാപത്താൽ ചണ്ഡാലനായിത്തീർന്ന ത്രിശങ്കു വിശ്വാമിത്രമുനിയുടെ സഹായത്താൽ ഉടലോടെ സ്വർഗ്ഗം പൂകാൻ ശ്രമിച്ചു. സ്വർഗ്ഗലോകത്ത് ത്രിശങ്കുവിന് പ്രവേശനം നിഷേധിച്ചപ്പോൾ വിശ്വാമിത്രൻ ത്രിശങ്കുവിനു വേണ്ടിയൊരു സ്വർഗ്ഗം തന്നെ നിർമ്മിച്ചു. അതൊരു നക്ഷത്രമായി ഇന്നും കാണപ്പെടുന്നു.

ത്രിശങ്കുവിന്റെ പുത്രൻ ഹരിശ്ചന്ദ്രന് പുത്രൻമാരുണ്ടായിരുന്നില്ല. നാരദമുനിയുടെ ഉപദേശപ്രകാരം വരുണനെ സംതൃപ്തിപ്പെടുത്തി ഹരിശ്ചന്ദ്രൻ. പുത്രനുണ്ടായാൽ അവനെ വരുണന് ബലി നൽകി കൊള്ളാമെന്ന് പ്രതിജ്ഞയും ചെയ്തു. അങ്ങിനെ ഹരിശ്ചന്ദ്രന് പുത്രഭാഗ്യമുണ്ടായി. വരുണൻ ഉടനേതന്നെ ബലി ആവശ്യപ്പെട്ടു. എന്നാൽ പുത്രസ്നേഹത്താൽ ആസക്തനായ ഹരിശ്ചന്ദ്രൻ ആവുംവിധം ബലികർമ്മം നീട്ടിവെക്കാൻ ശ്രമിച്ചു. ആദ്യം പത്തു ദിവസം കഴിയട്ടെയെന്നും പിന്നീട് അവനു പല്ലു മുളക്കട്ടെ എന്നും മറ്റും പറഞ്ഞ് ബലി നീട്ടിവച്ചു. എന്നാൽ ഒടുവിൽ മകൻ യുദ്ധവീരനായി കവചമണിയാറാവുമ്പോൾ ബലി നടത്താം എന്ന് വാഗ്ദാനം ചെയ്തു.

ഹരിശ്ചന്ദ്രന്റെ മകൻ രോഹിതൻ അച്ഛന്റെ വാഗ്ദാനം കേട്ട് സ്വരക്ഷക്കായി വനം പൂകി. എന്നാൽ ഈ സമയം ഹരിശ്ചന്ദ്രന് മഹോദരം പിടിപ്പെട്ടു. ഇതുകേട്ട് രോഹിതൻ കൊട്ടാരത്തിലേക്ക് മടങ്ങാൻ തുനിഞ്ഞപ്പോൾ ഇന്ദ്രൻ പ്രത്യക്ഷനായി. കൊട്ടാരത്തിലെത്തിയാലുടൻ ബലികർമ്മം നടക്കുമെന്നും അതു കൊണ്ട് ഇപ്പോൾ ഒരു നീണ്ട തീർത്ഥയാത്രക്ക് പോവുകയാണുത്തമമെന്നും അവനെ ഉപദേശിച്ചു. ഇങ്ങിനെ ആറുകൊല്ലം കടന്നുപോയി. കൊട്ടാരത്തിലേക്കു മടങ്ങുമ്പോൾ അജാഗിരന്റെ മദ്ധ്യപുത്രനായ ശുന:ശേപനെ വിലയ്ക്കു വാങ്ങുകയും ചെയ്തു.

ഹരിശ്ചന്ദ്രൻ ശുന:ശേപനെ വരുണന് ബലി നൽകി. ക്ഷണത്തിൽ രാജാവിന്റെ മഹോദരം മാറുകയും ചെയ്തു. വിശ്വാമിത്രൻ വസിഷ്ഠൻ തുടങ്ങിയവർ യാഗത്തിൽ പൗരോഹിത്യം വഹിച്ചു. യാഗത്തിൽ പ്രീതിപൂണ്ട ഇന്ദ്രൻ ഹരിശ്ചന്ദ്രന് ഒരു സ്വർണ്ണരഥം നൽകി. വിശ്വാമിത്രൻ ഹരിശ്ചന്ദ്രന്റെ സത്യത്തിലും ധർമ്മനിഷ്ഠയിലും സംതൃപ്തനായി അദ്ദേഹത്തെ പരമോന്നതമായ ആത്മവിദ്യ പഠിപ്പിച്ചു. രാജാവ് അങ്ങിനെ തന്റെ ബോധതലത്തെ പഞ്ചഭൂതങ്ങളിൽ നിന്നും പിൻവലിച്ച് യോഗാഗ്നിയിൽ വിലയിച്ച് ഈശ്വരസാക്ഷാത് കാരം നേടി.

**ന സാധുവാദോ മുനി കോപഭർജ്ജിതാ**
**നൃപേന്ദ്രപുത്രാ ഇതി സത്ത്വധാമനി**
**കഥം തമോ രോഷമയം വിഭാവ്യതേ**
**ജഗത് പവിത്രാത്മനി ഖേ രജോ ഭുവ: (9-8-13)**
**യസ്യേരിതാ സാംഖ്യമയീ ദൃഢേഹ നൌർ**
**യയാ മുമുക്ഷുസ്തരതേ ദുരത്യയം**
**ഭവാർണ്ണവം മൃത്യുപഥം വിപശ്ചിത:**
**പരാത്മഭൂതസ്യ കഥം പൃഥങ്മതി: (9-8-14)**

*ശുകമുനി തുടർന്നു:*
രോഹിതൻെറ കുലത്തിലാണ് ഭാരുകൻ എന്ന രാജാവിൻെറ ജനനം. അദ്ദേഹം വനവാസത്തിനു പോവുകയും മരിച്ചപ്പോൾ ഭാര്യമാരിലൊരാൾ സതിയനുഷ്ഠിക്കാനൊരുമ്പെടുകയും ചെയ്തു. എന്നാൽ ഔർവ്വമുനി അവളെ തടഞ്ഞു. ഗർഭിണിയായിരുന്നതുകൊണ്ട് സതിയനുഷ്ഠിക്കാൻ മുനി അവളെ അനുവദിച്ചില്ല. സഹഭാര്യമാർ അവൾക്ക് വിഷം കൊടുത്തെങ്കിലും അവൾ മരിച്ചതുമില്ല. അവൾ സാഗരനു (വിഷവുമായി ജനിച്ചവൻ എന്നർത്ഥം) ജൻമം കൊടുത്തു.

സാഗരൻ ചക്രവർത്തിയായി. പലേ രാജാക്കൻമാരേയും തോൽപ്പിച്ചു. സ്വന്തം ആധിപത്യമുറപ്പിക്കാൻ അദ്ദേഹം അശ്വമേധയാഗം നടത്തി. യാഗത്തിൻെറ മുന്നോടിയായി അയച്ചിരുന്ന യാഗാശ്വത്തെ ഇന്ദ്രൻ മോഷ്ടിച്ച് കപിലമുനിയുടെ ആശ്രമപരിസരത്തു വിട്ടു. സാഗരൻെറ അറുപതിനായിരം ആൺമക്കൾ ആശ്രമത്തിൽ യാഗാശ്വത്തെക്കണ്ട് മുനിയെ കള്ളനാണെന്നും കപടധ്യാനത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും തീർച്ചയാക്കി അദ്ദേഹത്തെ കൊല്ലാനൊരുമ്പെട്ടു. എന്നാൽ കപിലഭഗവാൻ കണ്ണുതുറന്ന മാത്രയിൽ സാഗരൻെറ പുത്രൻമാർ എരിഞ്ഞു ചാമ്പലായി. ഈ കുമാരൻമാർ കപിലമുനിയുടെ കോപാഗ്നി യിലെരിഞ്ഞു എന്നു പറയുന്നത് ശരിയല്ല. എങ്ങിനേയാണീ ദുർഗുണം അവിടത്തേക്കുണ്ടാവുന്നത്? സാമീപ്യമാത്രേന പരിശുദ്ധി നൽകുന്ന ഭഗവാനിൽ ക്രോധമുണ്ടാവുന്നതെങ്ങിനെ? എങ്ങിനെയാണ് ദ്വന്ദ്വഭാവം കപിലദേവനിലുണ്ടാവുക? പരമോന്നത വിജ്ഞാനമായ സാംഖ്യം (അദ്വൈതം) ലോകത്തെ പഠിപ്പിച്ച ഭഗവാനിൽ ദ്വൈതഭാവം എങ്ങിനെയുണ്ടാവാനാണ്? സാഗരൻെറ പുത്രൻമാർ എരിഞ്ഞത് അവരുടെ തന്നെ ദുഷ്ടത കാരണമത്രെ.

സാഗരന് അസമഞ്ജസൻ എന്നൊരു പുത്രൻ കൂടിയുണ്ടായിരുന്നു. അയാളെ ചീത്ത മനുഷ്യൻ എന്നാണ് വിളിച്ചിരുന്നത്. കാരണം അയാളുടെ പ്രവൃത്തികൾ കാഴ്ചക്ക് ചീത്തയായിരുന്നു. ഉദാഹരണത്തിന് അദ്ദേഹം കുട്ടികളെ കളിയായി നദിയിലെറിയും. എന്നാൽ ആളുകൾ ശകാരിക്കുമ്പോൾ തൻെറ യോഗശക്തികൊണ്ട് ശിശുക്കളെ തിരിച്ചു കൊണ്ടുവരികയും ചെയ്യും. അസമഞ്ജസൻെറ പുത്രൻ അംശുമാൻ. അംശുമാനും തൻെറ അമ്മാവൻമാർ പോയതു പോലെ യാഗാശ്വത്തെ തേടി കപിലാശ്രമത്തിൽ ചെന്നു. ഭഗവാനെ വണങ്ങി മുനിയിൽ വിഷ്ണുവിനെ ദർശിച്ച് ഇങ്ങിനെ പ്രാർത്ഥിച്ചു. ദേവൻമാർക്കുപോലും അവിടുത്തെ സത്യം അറിയില്ല. “അവിടുത്തെ യഥാർത്ഥമായ ഭാവം ആർക്കും അറിയുകയുമില്ല. എല്ലാറ്റിലും നിവസിക്കുന്നത് അവിടുന്നാണെങ്കിലും എന്നേപ്പോലെ അജ്ഞനായ ഒരുവൻ എങ്ങിനെയാണ് അവിടുത്തെ മനസ്സിലാക്കുന്നത്? ഞാനങ്ങയെ താണുവീണു നമസ്കരിക്കുന്നു. അവിടുത്തെ ദർശനമൊന്നുകൊണ്ടു മാത്രം അജ്ഞാന ബന്ധനം അകലുന്നു.”

*കപിലദേവൻ പറഞ്ഞു:*
നീ അശ്വത്തെ കൊണ്ടു പൊയ്ക്കൊള്ളുക. അമ്മാവൻമാർ ഗംഗാജലം കൊണ്ട് പുനർജീവിച്ചു കൊള്ളും. അംശുമാൻ യാഗാശ്വവുമായി മടങ്ങി. സാഗരൻ യജ്ഞം നടത്തി ഒടുവിൽ പരമഗതി പൂകി.

## സാധവോ ന്യാസിന: ശാന്താ ബ്രഹ്മിഷ്ഠാ ലോകപാവനാ:
## ഹരന്ത്യഘം തേfംഗസംഗാത് തേഷ്വാസ്തേ ഹ്യഘഭിദ്ധരി: (9-9-6)

*ശുകമുനി തുടർന്നു:*
അംശുമാൻ ഗംഗയെ ഭൂമിയിലേക്ക് കൊണ്ടുവരാനായി പലേ തപ:ശ്ചര്യകളിലും ഏർപ്പെട്ടു. എന്നാൽ ആഗ്രഹസഫലീകരണത്തിനു മുൻപ് അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ മകൻ ദിലീപനും ഈ പരിശ്രമത്തിൽ മുഴുകി. ദിലീപിന്റെ മകൻ ഭഗീരഥന് കഠിനമായ തപസ്സിന്റെ ഫലമായി ഒരു സ്വപ്നദർശനമുണ്ടായി.
*സ്വർഗ്ഗീയ ഗംഗ പ്രത്യക്ഷപ്പെട്ടു പറഞ്ഞു:* "ഭൂമിയിലേക്കു വരാൻ ഞാൻ തയ്യാറാണ്. പക്ഷെ എന്റെ ശക്തിയെ കൈക്കൊള്ളാൻ കഴിവുള്ള ഒരാളെ കണ്ടെത്തണം. ഭൂമിയിലേക്കിറങ്ങി വരുമ്പോൾ നദീജലത്തിന്റെ ശക്തി അതീവമായിരിക്കും. മാത്രമല്ല പാപപങ്കിലർ നദിയിൽ കുളിക്കുന്നതു മൂലം അശുദ്ധമാവുമ്പോൾ എനിക്ക് എങ്ങിനെയാണ് ശുദ്ധീകരണമുണ്ടാവുക? ഭഗീരഥൻ രണ്ടുപ്രശ്നങ്ങൾക്കും മറുപടിയായി പറഞ്ഞു: രുദ്രഭഗവാൻ അവിടുത്തെ ശക്തിയെ കൈകൊള്ളും. പുണ്യചരിതരായ ഋഷിമുനിമാർ സ്വയം ലോകത്തെ മുഴുവൻ ശുദ്ധീകരിക്കുന്നു. ഗംഗാജലത്തിൽ അവർ കുളിക്കുമ്പോൾ ആ ജലം പരിശുദ്ധ മായിത്തീരും. കാരണം അവരിൽ നിർമ്മലനായ ഭഗവാൻ സ്വയം എപ്പോഴും എല്ലാ മഹിമയോടും കൂടി നിറഞ്ഞു വിളങ്ങുന്നു. ഭഗീരഥൻ പരമശിവനോട് ഗംഗാപ്രവാഹത്തിന്റെ ശക്തിയെ തടയാൻ പ്രാർത്ഥിച്ചു. ഭഗവാൻ ഹരിയുടെ പാദസ്പർശനമേറ്റ ഗംഗയെ പരമശിവൻ സ്വന്തം ശിരസ്സിൽ കൈകൊണ്ടു. ഭഗീരഥൻ പിന്നീട് ഗംഗയെ തന്റെ പൂർവ്വീകരുടെ ചിതാഭൂമിയിലൂടെ നയിച്ചു. ഗംഗാജല സ്പർശമാത്രയിൽ ഭഗീരഥമാതുലൻമാർ സ്വർഗ്ഗം പൂകി. ഭഗവൽസ്പർശനഭാഗ്യമുണ്ടായ ഗംഗാജലം കൊണ്ട് ഇതു സംഭവിച്ചതിൽ അത്ഭുതമെന്തുള്ളു?
ഭഗീരഥന്റെ കുടുംബത്തിലാണ് സുദാസന്റെ ജനനം. മിത്രദാസനെന്നും കൽമഷപാദൻ എന്നും അയാൾക്ക് പേരുകളുണ്ടായിരുന്നു. ഒരിക്കൽ നായാട്ടുസമയത്ത് അദ്ദേഹം ഒരു കാട്ടാളനെ കൊന്നു. കാട്ടാളന്റെ സഹോദരനെ വെറുതെ വിട്ടുവെങ്കിലും അവന്റെ മനസ്സിൽ കഠിനമായ പകയുണ്ടായിരുന്നു. അയാൾ ഒരു പാചകക്കാരന്റെ വേഷത്തിൽ രാജാവിന്റെ അടുക്കള ജോലിക്കാരനായി. ഒരിക്കൽ വസിഷ്ടമുനി കൊട്ടാരം സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് വിളമ്പിയത് മനുഷ്യമാംസമായിരുന്നു. കാട്ടാളന്റെ കുസൃതിയിൽ കോപിതനായി മുനി രാജാവിനെ ശപിച്ചു. "ഈ പാപത്തിന് നീ ദുരാത്മാവായി അലയാനിടവരട്ടെ." എന്നാൽ പാചകക്കാരന്റെ കുൽസിതത്താലാണ് അബദ്ധമുണ്ടായതെന്നറിഞ്ഞ മുനി ശാപകാലം പന്ത്രണ്ടു വർഷത്തേക്കായി ചുരുക്കി. രാജാവാകട്ടെ മുനിയെ ശപിക്കാനൊരുമ്പെടുകയും ചെയ്തു. ജലം കയ്യിലെടുത്തപ്പോഴേയ്ക്ക് ഭാര്യ അതു തടഞ്ഞു. അങ്ങിനെ കയ്യിലെടുത്ത ജലം സ്വന്തം പാദത്തിലേക്ക് രാജാവ് ഒഴിച്ചു. ശാപജലം കാലിലൊഴിച്ചാൽ മറ്റു ജിവികൾക്കൊന്നിനും ശല്യമുണ്ടാവുകയില്ല എന്നതുകൊണ്ടാണ് രാജാവങ്ങിനെ ചെയ്തത്. അങ്ങിനെ രാജാവ് മിത്രസഹനും കല്മഷപാദനുമായി അറിയപ്പെട്ടു. രാജാവ് ദുരാത്മാവായി അലഞ്ഞുനടന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം ഒരു ബ്രാഹ്മണദമ്പതികൾ കാമലീലയിലേർപ്പെട്ടിരിക്കുന്നതു കണ്ട് ഭയമേതുമില്ലാതെ ആ ഭർത്താവിനെ സത്വം വിഴുങ്ങിക്കളഞ്ഞു. മിഥുനത്തിലെ ഭാര്യ തന്റെ അന്തർനേത്രം കൊണ്ട് പ്രേതത്തിന്റെ രാജവ്യക്തിത്വം തിരിച്ചറിഞ്ഞു. തന്റെ ഭർത്താവ് ബ്രാഹ്മണനും വിദ്യാസമ്പന്നനും സദാചാരിയുമാണെന്നും വധിക്കരുതെന്നും രാജാവിനോട് അപേക്ഷിച്ചു. എന്നാൽ തന്റെ യാചനകൊണ്ട് പ്രേതത്തിന്റെ ഭാവത്തിൽ മാറ്റമൊന്നുമില്ലെന്നു കണ്ട സ്ത്രീ രാജാവിനെ ശപിച്ചു. "നീ നിന്റെ ഭാര്യയെ കാമലീലയ്ക്കായി തൊടുന്ന നിമിഷം മരിച്ചു പോകട്ടെ." എന്നിട്ട് തന്റെ ഭർത്താവിന്റെ അസ്ഥികൂടം എടുത്ത് ചിതയിൽവെച്ച് താനും അതിൽക്കയറി ഇഹലോകം വെടിഞ്ഞു. അതുകൊണ്ട് രാജാവിന് മക്കളുണ്ടായിരുന്നില്ല. രാജാവിന്റെ നിർദ്ദേശപ്രകാരം വസിഷ്ഠൻ രാജപത്നിയിൽ ഒരു പുത്രനെ ജനിപ്പിച്ചു. ഗർഭസ്ഥശിശു ഏഴുകൊല്ലം അമ്മയുടെ ഗർഭപാത്രത്തിൽ കഴിഞ്ഞു. അവസാനം വസിഷ്ടൻ ഒരു കല്ലെടുത്ത് രാജ്ഞിയുടെ വയറ്റിൽ ഇടിച്ചപ്പോഴാണ് അവൻ പുറത്തുവന്നത്. ഇതേ കുടുംബത്തിലാണ് ഖട്വാംഗൻ ജനിച്ചത്. മഹാനായ രാജാവായിരുന്നു അദ്ദേഹം. തന്റെ മരണത്തിന് ഒരു മണിക്കൂർ മുൻപ് അദ്ദേഹത്തിന് കാര്യം മനസ്സിലായി. ഉടനേ തന്നെ മനസാ അദ്ദേഹം മൂന്ന് ലോകങ്ങളും ത്യജിച്ചു. അവയെല്ലാം തികച്ചും ക്ഷണികങ്ങളും അസ്ഥിരവും അസത്തും ആണെന്നു കണ്ട് ഭഗവാനിൽ പൂർണ്ണമായും സ്വയം സമർപ്പിച്ചു. ഉടനെ തന്നെ ഖട്വാംഗൻ ഈശ്വരസാക്ഷാത്ക്കാരം നേടി. ഭഗവാൻ വാസുദേവന്റെ സർവ്വാന്തര്യാമിത്വം അനുഭവിച്ചു.

## ഗുർവർത്ഥേ ത്യക്തരാജ്യോ വ്യചരദനുവനം പദ്മപദ്ഭ്യാം പ്രിയായാ:
## പാണിസ്പർശാക്ഷമാഭ്യാം മൃജിതപഥരുജോ യോ ഹരീന്ദ്രാനുജാഭ്യാം
## വൈരൂപ്യാച്ഛൂർപ്പണഖ്യാ: പ്രിയവിരഹരുഷാ$ff$രോപിതഭ്രൂവിജൃംഭ
## ത്രസ്താബ്ധിർബ്ബദ്ധ സേതു: ഖലദവദഹന: കോസലേന്ദ്രോ$f$വതാന്ന: (9-10-4)

*ശുകമുനി തുടർന്നു:*
ഖട്വാംഗന്റെ ചെറുമകനായിരുന്നു രഘു. അദ്ദേഹത്തിന്റെ ചെറുമകൻ ദശരഥൻ. ഭഗവൽപ്രാർത്ഥനയുടെ ഫലമായി ഭഗവാൻ സ്വയം ദശരഥപുത്രനായ രാമനായി അവതാരമെടുത്തു. അദ്ദേഹം അച്ഛന്റെ വാഗ്ദാനം പാലിക്കാനായി രാജ്യവും അധികാരങ്ങളും ഉപേക്ഷിച്ച് കാട്ടിൽ അലഞ്ഞു നടന്നു. അനുജനായ ലക്ഷ്മണനും ഹനുമാനും മാത്രമേ കൂട്ടിനുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ പ്രിയ പത്നിയും നഷ്ടപ്പെട്ടു. പിന്നീട് ഒരു പാലം കെട്ടി വലിയൊരു കൂട്ടം രാക്ഷസരെ കൊന്നൊടുക്കി പ്രിയതമയെ വിണ്ടെടുത്തു. ആ ഭഗവാൻ രാമൻ നമ്മളെ സംരക്ഷിക്കട്ടെ.

വിശ്വാമിത്രമുനി നടത്തിയ യാഗങ്ങളെ വിഘ്നപ്പെടുത്താൻ വന്ന രാക്ഷസരെ രാമൻ അടിച്ചോടിച്ചു. വെറുമൊരു ലീലയായി ശിവപാശം ബന്ധിച്ച് സമ്മാനമായി സീതാദേവിയെ സ്വീകരിച്ചു. ക്ഷത്രിയ കുലത്തെ പീഢിപ്പിച്ചു കൊണ്ടിരുന്ന പരശുരാമനെ നമ്രശിരസ്കനാക്കി. ദശരഥ നിർദ്ദേശമനുസരിച്ച് ബന്ധുമിത്രാദികളെ ഉപേക്ഷിച്ച് സിതയോടും ലക്ഷ്മണനോടുമൊന്നിച്ച് വനവാസം നടത്തി. അവിടെ ശൂർപ്പണഖയേയും മറ്റ് അസുരൻമാരേയും വകവരുത്തി. ശൂർപ്പണഖയുടെ സഹോദരനായ രാവണന് സീതയിൽ ആഗ്രഹം ജനിക്കുകയും അവളെ തട്ടിക്കൊണ്ടുവരാൻ അമ്മാവനായ മാരീചനെ സ്വർണ്ണമാനിന്റെ വേഷത്തിൽ അയക്കുകയും ചെയ്യുകയുണ്ടായി. മാരീചൻ രാമബാണത്താൽ കൊല്ലപ്പെട്ടു. സ്ത്രീകളോട് ആസക്തിയുള്ളവന്റെ വിധിക്കുദാഹരണം കാണിക്കാനെന്ന മട്ടിൽ രാമൻ സീതാവിരഹത്തിൽ അതീവ ദു:ഖിതനായിരുന്നു. ഭക്തനായ ജടായുവിന് രാമൻ സായൂജ്യം നൽകി.

സുഗ്രീവനുമായി സഖ്യത്തിലേർപ്പെട്ട ശേഷം സീതാദേവി എവിടെയാണുള്ളതെന്ന് രാമൻ കണ്ടുപിടിച്ചു. സീതയെ വിണ്ടെടുക്കാൻ ലങ്കയിലേക്ക് പുറപ്പെടുകയും ചെയ്തു. സമുദ്രം അദ്ദേഹത്തിന് വഴി കൊടുത്തു. പർവ്വതനിരകൾ കൊണ്ട് സമുദ്രത്തിന് കുറുകെ ഒരു പാലം തീർത്ത് കടന്നുചെന്ന് രാമനും കൂട്ടരും ലങ്കയെ ആക്രമിച്ചു. വാനരസേനയുടെ സഹായത്തോടെ അസംഖ്യം രാക്ഷസൻമാരോടു യുദ്ധം ചെയ്ത് ഒടുവിൽ രാവണനെ വധിക്കുകയും ചെയ്തു. സീതാപഹരണത്തോടെ രാവണന്റെ ആർജ്ജിതപുണ്യങ്ങളെല്ലാം തീർന്നു പോയിരുന്നു. രാവണന്റെ നിർജ്ജീവശരീരത്തിനു ചുറ്റും രാക്ഷസസ്ത്രീകൾ ഒച്ചയിട്ടു നിലവിളിച്ചു. വികാരത്തിനു വശംവദനായി അസമയത്തു മരിച്ച രാവണൻ മരണത്തെ വിളിച്ചു വരുത്തുകയായിരുന്നു.

രാമൻ വിഭീഷണനെ ലങ്കാധിപതിയാക്കി. എന്നിട്ട് സീത ലക്ഷ്മണൻ സുഗ്രീവൻ ഹനുമാൻ എന്നിവരോടു കൂടി സ്വന്തം നാടായ അയോധ്യയിലേക്ക് പറന്നു. അപ്പോഴേക്ക് വനവാസകാലം കഴിഞ്ഞിരുന്നു. രാമന്റെ അനുജൻ ഭരതൻ അവരെ എതിരേറ്റു. ജ്യേഷ്ഠന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ മെതിയടികൾ സിംഹാസനത്തിൽ വെച്ച് ഭരതൻ രാമദാസനായി രാജ്യം ഭരിക്കുകയായിരുന്നു. എല്ലാ ബന്ധുമിത്രാദികളും പ്രജകളും രാമന്റെ തിരിച്ചു വരവിൽ അതീവ സന്തുഷ്ടരായിരുന്നു. രാമൻ അയോധ്യയിൽ സിംഹാസനാരൂഢനായി. രാമരാജ്യത്ത് ശാരീരികമോ മാനസീകമോ ആയ രോഗങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ധർമ്മനിഷ്ടയിലും ഐശ്വര്യത്തിലും രാമരാജ്യം ജ്വലിച്ചു വിളങ്ങി. സ്വന്തം ജീവിതചര്യകൊണ്ട് രാമനും സീതയും ഗൃഹസ്ഥജീവിതത്തിന്റെ ഉത്തമ മാതൃകയായി.

**നമോ ബ്രഹ്മണ്യദേവായ രാമായാകുണ്ഠമേധസേ**
**ഉത്തമശ്ലോകധുര്യായ ന്യസ്തദണ്ഡാർപ്പിതാങ്ഘ്രയേ (9-11-7)**
**സ്ത്രീപുംസംഗ ഏതാദൃക്സർവത്ര ത്രാസമാവഹ:**
**അപീശ്വരാണാം കിമുത ഗ്രാമ്യസ്യ ഗൃഹചേതസ: (9-11-17)**

*ശുകമുനി തുടർന്നു:*
ഭഗവാൻ രാമൻ തന്റെ ആത്മപ്രസാദത്തിന് വേണ്ടി ഒരു വിശുദ്ധ യാഗം നടത്തി. രാമൻ വിഷ്ണു ഭഗവാൻ തന്നെയാണല്ലോ. യാഗാവസരത്തിൽ തനിക്കുണ്ടായിരുന്നതെല്ലാം അദ്ദേഹം ദാനം ചെയ്തു. രാജ്യവും സമ്പത്തുമുഴുവനും രാജ്യം ഭരിക്കാൻ യോഗ്യതയുള്ള മഹാത്മാക്കൾക്കു മാത്രം നൽകി. സ്വന്തമായി ഉടുവസ്ത്രം മാത്രമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. സീതയും രാമനെ പിന്തുടർന്ന് എല്ലാം ദാനം ചെയ്തു. രാമന്റെ സൽക്കർമ്മങ്ങളിൽ സംതൃപ്തരായ മഹാത്മാക്കൾ രാജ്യം രാമന് തിരിച്ചു നൽകി. എന്നിട്ടിങ്ങിനെ പ്രാർത്ഥിച്ചു. "ഭഗവാനെ ഞങ്ങൾ നമസ്കരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ച് അജ്ഞാനത്തെ തുടച്ചു മാറ്റുന്നത് അവിടുന്നത്രെ. വിജ്ഞാനത്തിന്റെ ഉറവിടവും അതിപ്രശസ്തനും അഹിംസാവാദികളായ മഹാത്മാക്കൾ വണങ്ങുന്ന പാദങ്ങളോടു കൂടിയവനുമായ ഭഗവാനെ ഞങ്ങൾ നമിക്കുന്നു."

രാമൻ വേഷപ്രച്ഛന്നനായി തലസ്ഥാനത്ത് ജനഹിതമറിയാൻ നടക്കാറുണ്ടായിരുന്നു. ഒരു രാത്രിയിൽ ഒരാൾ തന്റെ ഭാര്യയെ തിരസ്കരിക്കുന്നത് അദ്ദേഹം കണ്ടു. അയാൾ പറഞ്ഞു. "നീ മറ്റൊരാളുടെ വീട്ടിൽ താമസിച്ചവളാണ്. സീതപോലും അങ്ങിനെ ചെയ്തിട്ടുണ്ട്. രാമൻ തന്റെ ഭാര്യയോടുള്ള അതീവസ്നേഹം കൊണ്ട് അതിൽ തെറ്റൊന്നും കാണുന്നില്ലായിരിക്കാം. പക്ഷേ ഞാനങ്ങിനെയല്ല. എനിക്ക് നിന്നെ സ്വീകരിക്കാൻ വയ്യ. ജനഹിതം മാനിച്ച്, സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ളതെങ്കിലും രാമൻ കഠിനമായ ഒരു തീരുമാനമെടുത്തു. ഗർഭിണിയായ സീതയെ കാട്ടിലേക്കയച്ചു. അധികം താമസിയാതെ സീത രണ്ട് ആൺകുട്ടികളെ പ്രസവിച്ചു. ലവനും കുശനും. സീത അവരെ വാൽമീകി മുനിയുടെ സംരക്ഷണത്തിലാക്കിയിട്ട് ഭൂമിക്കടിയിലേയ്ക്കു പോയി ഇഹലോകവാസം വെടിഞ്ഞു. ഈ വാർത്തയറിഞ്ഞ രാമൻ ദു:ഖാകുലനായി. രാമനും സീതയും ഈ ദിവ്യ നാടകമരങ്ങേറിയത് സ്ത്രീപുരുഷസംഗം എന്നും ദു:ഖവും കഷ്ടപ്പാടുകളും ഉണ്ടാക്കുന്നു എന്നു കാണിക്കാനായിട്ടത്രെ. ദേവൻമാർ പോലും ഇതിനപവാദമല്ല.

ഇതിനുശേഷം രാമൻ പതിമൂവായിരം കൊല്ലം രാജ്യം ഭരിച്ചു. എന്നിട്ട് തന്റെ ദിവ്യസവിധത്തിലേക്കു മടങ്ങി. ദുഷ്ടരേയും രാക്ഷസൻമാരേയും രാമൻ കൊന്നൊടുക്കിയതിൽ അത്ഭുതമൊന്നുമില്ല. രാവണനുമായുള്ള യുദ്ധത്തിൽ വാനരൻമാർ (ഇവർ ചില ഗോത്രവർഗ്ഗക്കാരായിരുന്നിരിക്കാം) രാമനു തുണ നൽകിയതും അത്ഭതമല്ല തന്നെ. കാരണം രാമൻ ഭഗവാൻ വിഷ്ണുതന്നെയാണല്ലോ. അവിടുത്തെ മഹിമ അപാരമത്രെ. രാമന്റെ അവതാരക്കാലത്ത് അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാവരും പരമപദം പ്രാപിച്ചു. ദിവ്യമായ ഈ രാമകഥ തുടർച്ചയായി ആവർത്തിച്ചു കേൾക്കുന്നവർക്ക് കർമ്മബന്ധനത്തിൽ നിന്നു മോചനം ലഭിക്കുന്നു.

കുശന്റെ പിന്തുടർച്ചയായി സൂര്യവംശത്തിൽ ഹിരണ്യനാഭൻ പിറന്നു. ജൈമിനി മഹർഷിയുടെ ശിഷ്യനായിരുന്ന അദ്ദേഹം വലിയ യോഗിയായിരുന്നു. യാജ്ഞവൽക്യന് ആത്മജ്ഞാനമുപദേശിച്ചത് ഈ ഹിരണ്യനാഭനത്രെ. ഈ കുലത്തിലെ അവസാന കണ്ണി ബ്രഹദ്ബലനാണ്. അദ്ദേഹം അങ്ങയുടെ അച്ഛൻ അഭിമന്യുവിനാൽ കൊല്ലപ്പെട്ടു. കലിയുഗമവസാനിക്കും വരെ ഈ കുലം നിലനിൽക്കും. സുമിത്രനായിരിക്കും അവസാനത്തെ രാജാവ്. അതു കഴിഞ്ഞ് കാലാപഗ്രാമത്തിൽ വസിക്കുന്ന ഉത്തമയോഗിയായ മരു സൂര്യവംശത്തെ പുനരുദ്ധരിക്കും.

**യസ്യയോഗം ന വാഞ്ഛന്തി വിയോഗഭയകാതരാ:**
**ഭജന്തി ചരണാംഭോജം മുനയോ ഹരി മേധസ: (9–13–9)**
**ദേഹം നാവരുരുത്സേƒഹം ദു:ഖശോകഭയാവഹം**
**സർവ്വത്രാസ്യ യതോ മൃത്യുർമ്മത്സ്യാനാമുദകേ യഥാ (9–13–10)**

*ശുകമുനി തുടർന്നു:*
ഇഷ്വാകുവിന്റെ മകനായിരുന്നു രാജാവായ നിമി. ഒരു യാഗം തുടങ്ങി വച്ചിട്ട് അതിൽ പങ്കെടുക്കാൻ രാജാവ് വസിഷ്ടമുനിയെ ക്ഷണിച്ചു. ഇന്ദ്രന്റെ ക്ഷണപ്രകാരം മറ്റൊരു യാഗത്തിൽ പങ്കെടുക്കേണ്ടതുണ്ടെന്നും അതുകഴിഞ്ഞ് നിമിയുടെ യാഗശാലയിലേക്ക് വന്നുകൊള്ളാമെന്നും മുനി പറഞ്ഞു. എന്നാൽ മറ്റു പുരോഹിതൻമാരെവച്ച് രാജാവ് യാഗം തുടർന്നു. നിമി യാഗകർമ്മങ്ങൾക്ക് വലിയ വില കൽപ്പിച്ചിരുന്നില്ല. കാരണം ലോകത്തിലെ എല്ലാം ക്ഷണികങ്ങളാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. വസിഷ്ടൻ തിരിച്ചു വന്നപ്പോൾ യാഗം തുടർന്നതറിഞ്ഞ് കോപിഷ്ഠനായി. അദ്ദേഹത്തിനെ വ്യക്തിപരമായി നിന്ദിച്ചതായി കരുതുകയും ചെയ്തു. മുനി രാജാവിനെ ശപിച്ചു. “നിനക്ക് എല്ലാം അറിയാമെന്ന ഭാവമുണ്ട്. എങ്കിലും നീ മരിച്ചു വീഴും.” രാജാവും മുനിയെ അപ്രകാരം ശപിച്ചു. അങ്ങിനെ വസിഷ്ടന് ഉർവശിയുടേയും മിത്രവരുണൻമാരുടേയും പുത്രനായി ജനിക്കേണ്ടതായി വന്നു.

പുരോഹിതരായ ബ്രാഹ്മണർ നിമിയുടെ ശരീരം തൈലമിട്ടു വച്ച് യാഗസന്നിഹിതരായ ദേവൻമാരോട് നിമിയുടെ ജീവൻ തിരിച്ചു കിട്ടാൻ പ്രാർത്ഥിച്ചു. എന്നാൽ ജീവൻ മുഴുവൻ നഷ്ടപ്പെട്ടിട്ടില്ലാത്ത നിമി ഇപ്രകാരം പറഞ്ഞു. “എന്റെ ശരീരത്തിന് ജീവൻ തിരിച്ചു കിട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഞാനീ ശരീരത്തെ ഒരു തടവറയായി കരുതുന്നു. ഒരു ജ്ഞാനിയും ഒരു ശരീരത്തിൽത്തന്നെ നിവസിക്കാൻ ആഗ്രഹിക്കുകയില്ല. കാരണം അവർക്ക് മരണഭയം സദാ ഇല്ല തന്നെ. വിജ്ഞാനിയായ ഏതൊരുവനും ഭഗവാന്റെ താമരപ്പാദങ്ങളെ പൂജിക്കാനാണ് ആഗ്രഹിക്കുന്നത്. എന്റെ ശരീരം തൈലമിട്ട് പുനരുദ്ധരിപ്പിക്കാൻ എനിക്കാഗ്രഹമില്ല. കാരണം ഈ ശരീരമാണല്ലോ ദുരിതങ്ങൾക്കും ഭയത്തിനും ദു:ഖത്തിനും കാരണം. ദേവൻമാർ അപ്പോൾ ഇങ്ങിനെ അനുഗ്രഹിച്ചു. “ശരീരമില്ലാതെ തന്നെ നീ എല്ലാവരുടെയും കണ്ണുകൾക്കുള്ളിൽ വസിച്ചാലും.” (കണ്ണിന്റെ അടക്കലും തുറക്കലും നിമിയാണ് ചെയ്യുന്നത്).

പിന്നീട് പുരോഹിതർ നിമിയുടെ ശരീരം കടഞ്ഞ് അതിൽനിന്ന് ജീവനുള്ള ഒരു കോശം വേർതിരിച്ചെടുത്തു. അത് മറ്റൊരു മനുഷ്യജീവിയായി വളരാൻ കെൽപ്പുള്ള ഒന്നായിരുന്നു. അതാണ് നിമിപുത്രനായ ജനകൻ. ഒരു പുതിയ രാജകുലം ജനകനാൽ തുടങ്ങി വച്ചു. അദ്ദേഹം ശരീരമില്ലാത്ത ഒരാളുടെ മകനായിരുന്നതിനാൽ വൈദേഹൻ എന്നറിയപ്പെട്ടു. (വിദേഹന്റെ പുത്രൻ). മിഥിലൻ എന്നും അദ്ദേഹത്തിന് പേരുണ്ട്. (കടഞ്ഞെടുത്തവൻ എന്നർത്ഥത്തിൽ). മിഥിലാപുരി നിർമ്മിച്ചതദ്ദേഹമത്രെ.

പരീക്ഷിത്തേ, ഈ രാജപരമ്പരയിൽ പലേ രാജർഷികളും ഉണ്ടായിരുന്നു. അവരെല്ലാം വിജ്ഞാനത്തിന്റെ പരമോന്നതപദവികൾ നേടിയവരായിരുന്നു. യാജ്ഞവൽക്യൻ തുടങ്ങിയ മുനിവര്യൻമാരുടെ സത്സംഗം കൊണ്ടാണീ രാജാക്കൻമാർ ആത്മനിഷ്ഠരായിത്തീർന്നത്. അവരെല്ലാം ജീവിതത്തിന്റെ ദ്വന്ദഭാവങ്ങളെ ജയിച്ചവരായിരുന്നു. ഗൃഹസ്ഥരായി ജീവിക്കുകയായിരുന്നുവെങ്കിലും അവർ സുഖദു:ഖങ്ങളെ തുല്യമായി കരുതി.

**വിധായാളീകവിശ്രംഭമജ്ഞേഷു ത്യക്തസൌഹൃദാ:**
**നവം നവമഭീപ്സന്ത്യ: പുംശ്ചല്യ: സ്വൈരവൃത്തയ: (9-14-38)**
**ഏക ഏവ പുരാ വേദ: പ്രണവ: സർവവാങ്മയ:**
**ദേവോ നാരായണോ നാന്യ ഏകോഽഗ്നിർവർണ്ണ ഏവ ച (9-14-48)**
**പുരൂരവസ ഏവാസീത് ത്രയീ ത്രേതാമുഖേ നൃപ**
**അഗ്നിനാ പ്രജയാ രാജാ ലോകം ഗാന്ധർവമേയിവാൻ (9-14-49)**

*ശുകമുനി തുടർന്നു:*

അത്രി, സൃഷ്ടികർത്താവായ ബ്രഹ്മാവിൻെറ പുത്രനായിരുന്നു. അദ്ദേഹത്തിൻെറ സന്തോഷാശ്രുക്കളിൽ നിന്ന് ചന്ദ്രദേവതയായ സോമൻ അമൃതു നിറഞ്ഞവനായി ജനിച്ചു. സൃഷ്ടാവ് സോമനെ മഹർഷിമാരുടെ സംരക്ഷയ്ക്കായും ഔഷധച്ചെടികളുടെ രക്ഷയ്ക്കായും നിയമിച്ചു. നക്ഷത്രങ്ങളുടെ കൂട്ടത്തിൽ ഉന്നതമായൊരു സ്ഥാനവും നൽകി. ഒരിക്കൽ സോമൻ ദേവഗുരുവായ ബ്രഹസ്പതിയുടെ ഭാര്യ താരയെ പ്രലോഭിപ്പിച്ചു. താരയിൽ ബുധൻ ജനിച്ചു. പുരൂരവസ്സ് ബുധൻെറ മകനാണ്. അദ്ദേഹം അതീവസുന്ദരനും സദ്വൃത്തനുമായിരുന്നു. അപ്സരസ്സായ ഉർവ്വശി പുരൂരവസ്സിൽ അനുരക്തയായി. പ്രേമപുരസ്സരം പുരൂരവസിനെ സമീപിച്ച് രണ്ട് ആട്ടിൻകുട്ടികളെ കൊടുത്ത് ഉർവ്വശി പറഞ്ഞു. "അങ്ങ് ഇവകളെ സംരക്ഷിക്കുന്ന കാലമത്രയും ഞാൻ അങ്ങയോടുകൂടി കഴിഞ്ഞു കൊള്ളാം. പക്ഷെ ഒരു നിബന്ധന. മൈഥുനാവസരത്തിലല്ലാതെ അങ്ങയുടെ നഗ്നശരീരം എനിക്ക് കാണാനിടയാവരുത്." പുരൂരവസ്സ് നിബന്ധനകൾ സമ്മതിച്ച് ഉർവ്വശിയുമായി സസന്തോഷം കഴിഞ്ഞു വന്നു. ഇന്ദ്രസഭയിൽ ഉർവ്വശിയുടെ അസാന്നിദ്ധ്യം അറിഞ്ഞു തുടങ്ങി. ഇന്ദ്രൻ കുറച്ചു ഗന്ധർവൻമാരെ വിട്ട് ഉർവ്വശിയെ തിരഞ്ഞു പിടിച്ചു തിരികെ കൊണ്ടുവരാൻ ഏർപ്പാടു ചെയ്തു. അവർ പുരൂരവസ്സിൻെറ കൊട്ടാരത്തിൽ ചെന്ന് രാത്രി സമയത്ത് ആട്ടിൻകുട്ടികളെ അപഹരിച്ചു. അവകളുടെ കരച്ചിൽ കേട്ട് ഉർവ്വശി രോഷാകുലയായി. ആട്ടിൻകുട്ടികൾക്ക് സംരക്ഷണയേകാത്തതിൽ രാജാവിനെ ശകാരിച്ചു. രാജാവ് പെട്ടെന്ന് കിടക്കയിൽ നിന്നെണീറ്റ് വാളുമെടുത്ത് പുറപ്പെട്ടു. ധൃതിയിൽ വസ്ത്രം ധരിക്കാൻ മറന്നും പോയിരുന്നു. ഗന്ധർവൻമാർ ആട്ടിൻകുട്ടികളെ കൊട്ടാരത്തിനടുത്ത് ഉപേക്ഷിച്ചിരുന്നു. ഇടിമിന്നൽ വെളിച്ചത്തിൽ ഉർവ്വശി രാജാവിനെ ദിഗംബരനായി കണ്ടു. അങ്ങിനെ സ്വന്തം തീരുമാനപ്രകാരം രാജാവിനെ ഉപേക്ഷിച്ചു പോവുകയും ചെയ്തു. രാജാവ് ഉർവ്വശിയുടെ പിറകെ ചെന്ന് തിരിച്ചുവരാൻ കേണപേക്ഷിച്ചു. എന്നാൽ അപ്സരസ്സാകട്ടെ, സ്ത്രീപുരുഷബന്ധങ്ങൾ സ്വാർത്ഥത, ദു:ഖം, ദുരിതം, ഇവ നിറഞ്ഞതാണെന്ന് സമർത്ഥിച്ചു. അവൾ പറഞ്ഞു. "ദുർമ്മതിയായ സ്ത്രീകൾ അജ്ഞാനിയായ പുരുഷൻമാരിൽ വിശ്വാസമുളവാക്കിയതിനു ശേഷം എല്ലാ സൗഹൃദഭാവവും ഉപേക്ഷിക്കുന്നു. എന്നിട്ട് പുതിയ പുതിയ നേട്ടങ്ങളിൽ ശ്രദ്ധവയ്ക്കുന്നു. ഉർവ്വശി രാജാവിൻെറ കൂടെ ഒരു വർഷം കഴിഞ്ഞ് ഒരു ദിവസം കൂടിക്കഴിയാം എന്നറിയിച്ചു. അവൾ ഈ വാഗ്ദാനം നിറവേറ്റിയെങ്കിലും രാജാവിന് സംതൃപ്തിയായില്ല. പുരൂരവസ്സ് ഗന്ധർവൻമാരെ ഒരു പ്രാർത്ഥന ചൊല്ലി ആരാധിച്ചപ്പോൾ അവർ അദ്ദേഹത്തിന് ഒരു പാത്രത്തിൽ അഗ്നി നൽകി. അതിലൂടെ ഭഗവാനെ പൂജിച്ച് ഉർവ്വശിയെ സമ്മാനമായി നേടാമെന്ന് ഗന്ധർവൻമാർ അറിയിച്ചു. വികാരവിവശനായ രാജാവ് പാത്രത്തെ ഉർവ്വശിയെന്ന് കരുതി അതുമായി പലയിടങ്ങളിലുമലഞ്ഞു നടന്നു. പക്ഷെ അതിൻെറ സത്യാവസ്ഥ മനസ്സിലായപ്പോൾ പാത്രം കാട്ടിലുപേക്ഷിക്കുകയും ചെയ്തു. ത്രേതായുഗം പിറന്നപ്പോൾ അഗ്നിപൂജയെപ്പറ്റി രാജാവിന് ഓർമ്മവരികയും വനത്തിലേക്ക് തിരിക്കുകയും ചെയ്തു. അവിടെ അഗ്നി ലഭിക്കാഞ്ഞ് യാഗാഗ്നി കൊളുത്താൻ രണ്ടു തടിക്കഷണങ്ങൾ എടുത്തു. താഴത്തേത് ഉർവ്വശിയെന്നും മുകളിലത്തേത് താനെന്നും സങ്കൽപ്പിച്ച് അതിനു രണ്ടിടയിലുമുള്ളത് പ്രജനനമാണെന്നും കരുതി. ഉർവ്വശീലാഭത്തിനുവേണ്ടി നടത്തിയ യജ്ഞത്തിൽനിന്നും മൂന്ന് അഗ്നിപൂജകളുണ്ടായി. അങ്ങിനെ സങ്കൽപ്പിച്ച് അഗ്നിയുണ്ടാക്കി പുരൂരവസസ് ദേവലോകം പൂകി. "ത്രേതായുഗത്തിനു മുൻപ് ഒരേ ഒരു വേദം മാത്രം -ഓം- മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരേ ഒരു ദേവത - നാരായണൻ. ഒരേ ഒരു അഗ്നി. ഒരേ ഒരു ജാതി. ഇവ മാത്രമെ ഉണ്ടായിരുന്നുള്ളൂ. പുരൂരവസ്സാണ് അവയെ മൂന്നാക്കിയത്.

*ആന്തരീകാർത്ഥത്തിൽ ഒരേയൊരു വിശ്വശാസ്ത്രമേയുള്ളുവെന്നും ദൈവം വിശ്വപുരുഷനാണെന്നും അഗ്നി നിറമുള്ള മനുഷ്യരെല്ലാം ഒരേ ജാതിയാണെന്നും മനസ്സിലാക്കാം.*

ॐ



**വയം ഹി ബ്രാഹ്മണാസ്താത ക്ഷമയാർഹണതാം ഗതാ:**
**യയാ ലോകഗുരുർദ്ദേവ: പാരമേഷ്ഠ്യമഗാത് പദം (9-15-39)**
**ക്ഷമയാ രോചതേ ലക്ഷ്മീർബ്രാഹ്മീ സൌരീ യഥാ പ്രഭാ**
**ക്ഷമിണാമാശു ഭഗവാംസ്തുഷ്യതേ ഹരിരീശ്വര: (9-15-40)**

*ശുകമുനി തുടർന്നു:*
പുരൂരവസിന്റെ പിൻതലമുറക്കാരിലൊരാളായിരുന്നു ഗാധി. കുശാംബുവിന്റെ പുത്രൻ. ഗാധിക്ക് സത്യവതി എന്നൊരു മകളുണ്ടായിരുന്നു. ഋചികമുനിക്ക് സത്യവതിയെ വിവാഹം ചെയ്യണമെന്നുണ്ടായിരുന്നു. എന്നാൽ മുനിക്കതിനു യോഗ്യതയുണ്ടോ എന്ന സംശയത്താൽ ഗാധി അദ്ദേഹത്തോട് ആയിരം കുതിരകളെ ആവശ്യപ്പെട്ടു. ഋചികൻ വരുണനിൽ നിന്ന് ആയിരം കുതിരകളെ വാങ്ങി രാജാവിന് നൽകി. സത്യവതിയെ പാണിഗ്രഹണം ചെയ്തു. സത്യവതിക്കും അവളുടെ അമ്മയ്ക്കും പുത്രലാഭത്തിനാഗ്രഹമുണ്ടായി. അതിനായി ഋചികമുനി മന്ത്രമുച്ചരിച്ച് ചരുവുണ്ടാക്കി (അന്നംകൊണ്ടുള്ള പാചകം). മകൾക്ക് ഒരു ബ്രാഹ്മണ കുമാരനും അമ്മയ്ക്ക് ഒരു വില്ലാളിവീരനും ജനിക്കണമെന്നായിരുന്നു ഉദ്ദേശം. എന്നാൽ മുനി തന്റെ ഭാര്യയോട് പ്രത്യേക സ്നേഹം കാണിക്കുമെന്നു കരുതി അമ്മ മകൾക്കുള്ള വിഹിതം ഭക്ഷിച്ചു കളഞ്ഞു. സത്യവതി ഇതറിഞ്ഞ് ദു:ഖിതയായി. ഋചികൻ ഇതു മൂലമുണ്ടാവുന്ന ഭവിഷ്യത്തിനെപ്പറ്റി പറയുകയും ചെയ്തു. ഒരു വരമെന്ന നിലയിൽ തന്റെ മകനല്ല മകന്റെ മകനായിരിക്കും പരാക്രമിയായ യോദ്ധാവ് എന്ന് ഋചികൻ അറിയിച്ചു. ഈ പൗത്രനാണ് പരശുരാമൻ.

ഈ സമയത്ത് അർജുനൻ എന്നു പേരായ ഒരു ചക്രവർത്തിയുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം കളിയായി രാവണനെ പിടിച്ചു കെട്ടുകയുണ്ടായി. ഈ കാർത്തവീര്യാർജുനൻ കാട്ടിൽ അലയുമ്പോൾ ജമദഗ്നിമുനി യുടെ ആശ്രമം ശ്രദ്ധയിൽ പെട്ടു. പരശുരാമന്റെ അച്ഛനാണ് ജമദഗ്നി. രാജാവിന് ഉചിതമായ സദ്യയും സൽക്കാരവും ആശ്രമത്തിൽ നിന്നു ലഭിച്ചു. ജമദഗ്നിമുനി സർവ്വാഭീഷ്ടപ്രദയായ കാമധേനുവിന്റെ സഹായത്തോടെയാണ് വിരുന്നൊരുക്കിയത്. രാജാവിന് മുനിയുടെ കൈവശമുള്ള കാമധേനുവിൽ ആഗ്രഹം ജനിച്ചു. അളവറ്റ സമ്പത്തിന്റെ ഉറവിടമാണല്ലോ ആ ദിവ്യമായ പശു. അർജുനൻ ബലപ്രയോഗം നടത്തി പശുവിനെ കൊണ്ടുപോയി. പരശുരാമൻ ഈ വിവരമറിഞ്ഞ് കോപിഷ്ഠനായി. തന്റെ മഴുവുമെടുത്ത് രാജാവിന്റെ നേർക്ക് പാഞ്ഞു.

തന്റെ നേർക്ക് ആക്രമണത്തിനൊരുങ്ങുന്ന തേജസ്സുറ്റ ബ്രാഹ്മണനെ കണ്ട് അർജുനൻ തന്റെ വീരസേനകളെ പോരിനയച്ചു. പരശുരാമൻ സേനയെ തുരത്തിയോടിച്ചു. അർജുനനും പരശുരാമനും നേർക്കു നേരെയായി യുദ്ധം. രാജാവയച്ച ചാട്ടുളികൾ എല്ലാം പരശുരാമൻ തടുത്തു. അരജുനന്റെ അനേകം കൈകളും കാലുകളുമെല്ലാം പരശുരാമൻ വെട്ടിയെറിഞ്ഞു. അവസാനം തലയുമറുത്തെടുത്തു. പശുവിനേയും കൊണ്ട് അദ്ദേഹം അച്ഛന്റെയടുക്കൽ ചെന്നു. അദ്ദേഹം സന്തുഷ്ടനായില്ലെന്നു മാത്രമല്ല ഇങ്ങിനെ ഗുണ ദോഷിക്കുകയും ചെയ്തു.

“മകനേ, ബ്രാഹ്മണർ അവരുടെ ബഹുമാന്യതയുണ്ടാക്കിയെടുത്തിട്ടുള്ളത് ക്ഷമാഗുണംകൊണ്ടും സഹനശക്തികൊണ്ടുമാണ്. സൃഷ്ടാവായ ബ്രഹ്മാവുപോലും ഈ ഗുണമഹിമകൾ കൊണ്ടാണ് നിലകൊള്ളുന്നത്. ക്ഷമാശീലമാണ് ബ്രാഹ്മണരുടെ ആത്മീയസമ്പത്ത്. അതിനാൽ ഭഗവൽപ്രീതിയുണ്ടാവുന്നു. ഒരു രാജാവിനെ കൊല്ലുന്നത് ബ്രാഹ്മണനെ കൊല്ലുന്നതിനേക്കാൾ ഹീനമായ പ്രവൃത്തിയാണ്. അതുകൊണ്ട് ഈ പാപപരിഹാരത്തിനായി ഭഗവൽക്ഷേത്രങ്ങളുള്ള പുണ്യഭൂമികളിലേക്ക് ഒരു തീർത്ഥാടനം തുടങ്ങുക.”

**യേമധുച്ഛന്ദസോ ജ്യേഷ്ഠാ: കുശലം മേനിരേ ന തത്**
**അശപത് താൻമുനി: ക്രുദ്ധോ മ്ലേച്ഛാ ഭവത ദുർജ്ജനാ: (9-16-33)**
**സഹോവാച മധുച്ഛന്ദാ: സാർദ്ധം പഞ്ചാശതാ തത:**
**യന്നോ ഭവാൻ സംജാനീതേ തസ്മിം സ്തിഷ്ഠാമഹേ വയം (9-16-34)**
**ജ്യേഷ്ഠം മന്ത്രദൃശം ചക്രുസ്ത്വാമന്വഞ്ചോ വയം സ്മ ഹി**
**വിശ്വാമിത്ര: സുതാനാഹ വീരവന്തോ ഭവിഷ്യഥ**
**യേ മാനം മേƒനു ഗൃഹ്ണന്തോ വീരവന്തമകർത്ത മാം. (9-16-35)**

*ശുകമുനി തുടർന്നു:*
പരശുരാമൻ ഒരു കൊല്ലം തീർത്ഥാടനം നടത്തി അച്ഛൻെറ ആശ്രമത്തിൽ തിരിച്ചെത്തി. ഒരു ദിവസം പരശുരാമൻെറ അമ്മ രേണുക കുളിക്കുമ്പോൾ നദിയിൽ ഒരു ഗന്ധർവ്വൻ അപ്സരകന്യകളോടൊത്ത് ക്രീഡിക്കുന്നതു കണ്ടു. ഇത്രയധികം സൗന്ദര്യമുള്ള ഗന്ധർവ്വനെ കണ്ട് രേണുകയുടെ മനസ്സ് ചഞ്ചലപ്പെട്ടു. എന്നാൽ ഉടനെ ആശ്രമത്തിലേക്ക് മടങ്ങുകയും ചെയ്തു. ജമദഗ്നിമുനിക്ക് ഭാര്യയുടെ മനസ്സിൽ ഉണ്ടായ ചഞ്ചലത്തെപ്പറ്റി അറിവുണ്ടായി. പാപിക്ക് ശിക്ഷ നൽകാൻ അദ്ദേഹം തൻെറ പുത്രൻമാരോടാഞ്ജാപിച്ചു. പരശുരാമനു മാത്രമെ അതിനു ധൈര്യമുണ്ടായുള്ളു. പരശുരാമൻ അമ്മയുടെ തല വെട്ടി. മകനോട് സംപ്രീതനായ മുനി എന്തു വരമാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ തൻെറ അമ്മയെ ജീവിപ്പിക്കണമെന്നും കൊലപാതകക്കാര്യം അമ്മ ഓർമ്മിക്കാനിടവരരുതെന്നും പരശുരാമൻ ആവശ്യപ്പെട്ടു. വരം ഉടനേ തന്നെ നൽകപ്പെട്ടു.

അർജുനൻെറ മക്കൾ തങ്ങളുടെ അച്ഛനെ കൊന്നതിൻെറ പ്രതികാരം വീട്ടാൻ തക്കം പാർത്തിരുന്നു. ഒരു ദിവസം പരശുരാമൻ ആശ്രമത്തിലില്ലാതിരുന്നപ്പോൾ അവർ അവിടെ കയറി ജമദഗ്നിമുനിയെ കൊന്നു കളഞ്ഞു. വാവിട്ട് കരഞ്ഞ രേണുകയുടെ സ്വരം കേട്ട് ഓടിയെത്തിയ പരശുരാമൻ മരിച്ചുവീണ അച്ഛനെയാണ് കണ്ടത്. മഴുവുമെടുത്ത് പരശുരാമൻ അർജുനൻെറ തലസ്ഥാനനഗരിയായ മാഹിസ്മതീയിൽ ചെന്ന് താനറുത്തെടുത്ത യുദ്ധവീരൻമാരുടെ തലകൾക്കൊണ്ടൊരു പർവ്വതം തന്നെയുണ്ടാക്കി. മരിച്ചുവീണവരുടെ ചോരകൊണ്ടവിടെയൊരു പുഴ തന്നെയൊഴുകി. എന്നിട്ടും പരശുരാമൻെറ കോപം ശമിച്ചിരുന്നില്ല. അച്ഛനെ കൊന്നതിൻെറ പ്രതികാരമെന്ന ന്യായത്തിൽ എല്ലാ ക്ഷത്രിയരേയും ദുഷ്ടരെന്നു കണക്കാക്കി അവരെ ഇരുപത്തൊന്നുവട്ടം സമൂലം നശിപ്പിക്കാൻ പരശുരാമൻ തിരുമാനിച്ചു. പരശുരാമൻ അച്ഛൻെറ ഉടലും തലയും ചേർത്തുവച്ചു എന്നിട്ട് യാഗാഗ്നിക്ക് സമീപം വച്ച് ഭഗവൽപ്രീതി വരുത്തി. യാഗാവസാനം തൻെറ കയ്യിലുണ്ടായിരുന്ന സമ്പത്തെല്ലാം യാഗപുരോഹിതർക്ക് ദാനമായി നൽകി. അങ്ങിനെ രാജാക്കൻമാരെക്കൊന്ന പാപത്തിൽ നിന്ന് ശുദ്ധിനേടുകയും അശുഭമരണത്തിൽനിന്നുണ്ടാവുന്ന പ്രത്യാഘാതങ്ങളിൽ നിന്ന് ജമദഗ്നിമുനിക്ക് മോചനമുണ്ടാവുകയും ചെയ്തു. ശരീരം പൂർണ്ണമായി പുന:സ്ഥാപിക്കുകയും ആത്മീയവൽക്കരിക്കുകയും ചെയ്ത് അദ്ദേഹം സപ്തർഷികളിലൊരാളായി വിശ്വത്തെ സംരക്ഷിക്കുന്നു. പരശുരാമൻ മഹേന്ദ്രപർവ്വതത്തിൽ ഇപ്പോഴും കഴിയുന്നു. അടുത്ത ലോകചക്രത്തിൽ അദ്ദേഹമൊരു ഋഷിയായിരിക്കും. ഗാധിക്ക് വിശ്വാമിത്രനെന്ന പേരിൽ ഒരു പുത്രനുണ്ടായിരുന്നു. അദ്ദേഹത്തിന് മധുച്ഛന്ദൻമാരെന്നറിയപ്പെടുന്ന നൂറ്റിയൊന്ന് പുത്രൻമാരുണ്ടായിരുന്നു. അദ്ദേഹം അജീഗർത്തൻെറ മകൻ ശൂനശേപനെ ദത്തെടുക്കുകയും അവനെ കനിഷ്ടപുത്രനാക്കി വാഴിക്കുകയും ചെയ്തു. ഒരു ദിവസം ശൂനശേപനെ യാഗബലിക്കായി ഹരിശ്ചന്ദ്രൻ തയ്യാറാക്കിയിരുന്നു. എന്നാൽ വിശ്വാമിത്രൻെറ നിർദ്ദേശപ്രകാരം ദേവതകളെ പ്രീതിപ്പെടുത്തി ശൂനശേപനെ രക്ഷിക്കുകയുണ്ടായി. വിശ്വാമിത്രൻെറ മക്കളിൽ അമ്പതുപേർ ശൂനശേപനെ മൂത്തജ്യേഷ്ഠനായി അംഗീകരിക്കാൻ തയ്യാറായില്ല. മുനി അവരെ ചണ്ഡാളൻമാരാവാൻ ശപിച്ചു. ബാക്കി അമ്പത്തൊന്നു പേർ ഋഷിയുടെ തീരുമാനം ശിരസാവഹിച്ചു. അവരെ മുനി വീരയോദ്ധാക്കളുടെ പിതാക്കളാവാൻ അനുഗ്രഹിച്ചു. ഇങ്ങിനെ വിശ്വാമിത്രൻെറ കുലം നിലവിൽ വന്നു.

***ഇസ്രായേലിൽ ഹസർ എന്ന സ്ഥലത്ത് പുരാവസ്തുഗവേഷകർ കണ്ടെടുത്ത ഒരു പുരാതനനഗരിയിൽ ഇരുപത്തൊന്നു തവണ അതു നശിപ്പിക്കപ്പെട്ടതിൻെറ തെളിവുകളുണ്ട്.***

**ഉത്തമശ്ചിന്തിതം കുര്യാത് പ്രോക്തകാരീ തു മദ്ധ്യമ:**
**അധമോ*f*ശ്രദ്ധയാ കുര്യാദകർത്തോച്ചരിതം പിതു: (9-18-44)**

*ശുകമുനി തുടർന്നു:*
പുരൂരവസ്സിൻെറ പുത്രൻ ആയുവിന് അഞ്ചു പുത്രൻമാർ. നഹുഷൻ ക്ഷത്രവൃദ്ധൻ രജി രംഭൻ അനേനൻ എന്നിവർ. നഹുഷന് അഞ്ച് പുത്രൻമാർ. യതി യയാതി സംയാതി ആയതി വിയതി കൃതി എന്നിവർ. യതിക്ക് ലൗകീകജീവിതത്തോട് താത്പര്യമൊന്നുമില്ലാതിരുന്നതിനാൽ സമയമായപ്പോൾ യയാതി രാജാവായി. മറ്റു നാലു സഹോദരൻമാർ പ്രവിശ്യാ ഭരണാധികാരികളുമായി.

അസുര രാജാവായ വൃഷപർവ്വന് ശർമ്മിഷ്ഠ എന്ന പേരിൽ ഒരു മകളും അസുര ഗുരുവായ ശുക്രാചാര്യർക്ക് ദേവയാനി എന്ന ഒരു മകളുമുണ്ടായിരുന്നു. ഒരിക്കൽ അവർ തോഴിമാരുമൊത്ത് ഒരു തടാകത്തിൽ നീരാടികൊണ്ടിരിക്കുമ്പോൾ പരമശിവൻ ആ വഴി വരുന്നതു കണ്ടു. ധൃതിയിൽ എല്ലാവരും വസ്ത്രം വാരിവലിച്ചുടുത്തു. എന്നാൽ ശർമ്മിഷ്ഠ അബദ്ധത്തിൽ ദേവയാനിയുടെ വസ്ത്രമാണുടുത്തത്. ക്രുദ്ധയായ ദേവയാനി രാജകുലം ബ്രാഹ്മണകുലത്തേക്കാൾ താഴ്ന്നതാണെന്ന വിശ്വാസത്താൽ ശർമ്മിഷ്ഠയെ ശകാരിച്ചു. “ഞങ്ങൾ ബ്രാഹ്മണർ ഭഗവാൻെറ വദനമാണ്. അസുരരാജപുത്രിയായ നിനക്കെങ്ങിനെ ഞങ്ങളുടെ വസ്ത്രം ധരിക്കാൻ ധൈര്യം വന്നു?” മന:സ്ഥൈര്യമുള്ള ശർമ്മിഷ്ഠ ബ്രാഹ്മണകുലത്തെ നിന്ദിച്ച് തക്ക മറുപടി നൽകി. “നിങ്ങൾ വെറും പിച്ചക്കാർ. ഞങ്ങളുടെ വാതിൽക്കൽ കാത്തു നിൽക്കുന്ന കാക്കകൾക്കു സമം.” എന്നു പറഞ്ഞ് ദേവയാനിയുടെ വസ്ത്രം ചീന്തിക്കളഞ്ഞ് അവളെ അടുത്തുള്ള ഒരു കിണറ്റിൽ തള്ളിയിടുകയും ചെയ്തു.

യയാതി അവിടെ ആ സമയം വരാനിടയായി. അദ്ദേഹം തന്നെ തൻെറ മേൽവസ്ത്രം ദേവയാനിക്കുടുക്കാൻ നൽകി. എന്നിട്ട് കൈ നീട്ടി കിണറ്റിൽ നിന്നവളെ കരയ്ക്കു പിടിച്ചുകയറ്റി. തൻെറ കൈ പിടിച്ചതുകൊണ്ട് തന്നെ വിവാഹം കഴിച്ചേ തീരൂ എന്ന് യയാതിയോട് ദേവയാനി ആവശ്യപ്പെട്ടു. അവൾ ബ്രാഹ്മണ കുലത്തിൽപ്പെട്ടവളാണെങ്കിലും ഭഗവൽഹിതമെന്ന് കരുതി യയാതി സമ്മതിക്കുകയും ചെയ്തു. ദേവയാനി വീട്ടിലെത്തി ശർമ്മിഷ്ഠയുടെ ദുഷ്പ്രവർത്തിയെപ്പറ്റിയും ഉണ്ടായ സംഭവങ്ങളെപ്പറ്റിയും ശുക്രാചാര്യരോട് പറഞ്ഞു. ക്ഷിപ്രകോപിയായ ശുക്രാചാര്യൻ കൊട്ടാരം വിട്ടുപോവാൻ തീരുമാനിച്ചു. വൃഷപർവ്വരാജാവ് ആചാര്യനോട് നഗരംവിട്ട് പോകരുനെന്നപേക്ഷിച്ചു. മുനി മകളുടെ മുഖത്തേക്ക് നോക്കി എന്ത് തിരുമാനിക്ക ണമെന്നാരാഞ്ഞു. ദേവയാനി പറഞ്ഞു. “ശർമ്മിഷ്ഠ എൻെറ ഭൃത്യയായി വരുമെങ്കിൽ മാത്രം അച്ഛനിവിടെ തുടർന്നാൽ മതി. ” രാജാവതു സമ്മതിച്ചു.

ശുക്രൻ ദേവയാനിയെ യയാതിക്ക് നൽകി. പക്ഷേ രാജാവിനോട് ഒരു താക്കീതും നൽകി. ശർമ്മിഷ്ഠയെ പ്രലോഭിപ്പിക്കരുത് എന്ന്. ദേവയാനി ഒരാൺകുട്ടിക്ക് ജൻമം നൽകി. ശർമ്മിഷ്ഠക്കും ഒരു പുത്രൻ വേണമെന്നാഗ്രഹം ജനിച്ചു. അവൾ യയാതിയെ സമീപിച്ചു. യയാതി അവളുടെ ആഗ്രഹം നിറവേറ്റി. ഇതിൽ അതീവക്രുദ്ധയായ ദേവയാനി അച്ഛൻെറ അടുത്തേക്ക് പോയി. ശുക്രാചാര്യൻ യയാതിയെ ശപിച്ചു. “നിൻെറ യൗവനം നഷ്ടപ്പെട്ട് ഉടനേ നീയൊരു വൃദ്ധനാവട്ടെ”. തനിക്ക് ലൗകീകസുഖം വേണ്ടപോലെ അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് രാജാവ് ശുക്രാചാര്യനോടപേക്ഷിച്ചു. ശുക്രാചാര്യൻ ശാപമോക്ഷമായി രാജാവിന് തൻെറ വാർദ്ധക്യം ഏതെങ്കിലും ഒരു ചെറുപ്പക്കാരനോട് കൈമാറ്റം ചെയ്യാമെന്നറിയിച്ചു. യയാതി തൻെറ പുത്രൻമാരെ സമീപിച്ചു. മൂത്ത മൂന്നുപേരും അതിനു തയ്യാറായില്ല. എന്നാൽ പൂരു അച്ഛൻെറ വാർദ്ധക്യം ഏറ്റെടുക്കാൻ തയ്യാറായി. “ഇതെൻെറ ഏറ്റവും വലിയ കടമയാണ്. അച്ഛൻെറ ആഗ്രഹങ്ങൾ മനസ്സിൽക്കണ്ട് അവയെ നിറവേറ്റുന്നവൻ ഉത്തമപുത്രനത്രെ. അച്ഛൻ പറഞ്ഞതു കേട്ട് പ്രവർത്തിക്കുന്നവൻ മദ്ധ്യമൻ. അധമനായവൻ അച്ഛൻെറ നിർദ്ദേശം മനമില്ലാമനസ്സോടെ പ്രാവർത്തികമാക്കുന്നു. അച്ഛൻെറ വാക്കുകൾ അനുസരിക്കാത്തവൻ അച്ഛൻെറ ഉഛിഷ്ടമത്രെ.” അങ്ങിനെ യയാതി യൗവനം വീണ്ടെടുത്തു. ദേവയാനിയുമായി ലൗകീകസുഖങ്ങളനുഭവിച്ചുവാണു. അതോടൊപ്പം ധാർമ്മിക പ്രവർത്തനങ്ങളും നയിച്ചു പോന്നു.

**യത് പൃഥിവ്യാം വ്രീഹിയവം ഹിരണ്യം പശവ: സ്ത്രിയ:**
**ന ദുഹ്യന്തി മന: പ്രീതിം പുംസ: കാമഹതസ്യ തേ (9-19-13)**
**ന ജാതു കാമ: കാമാനാമുപഭോഗന ശാമ്യതി**
**ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർധതേ (9-19-14)**
**യദാ ന കുരുതേ ഭാവം സർവഭൂതേഷ്വമംഗളം**
**സമദൃഷ്ടേസ്തദാ പുംസ: സർവാ: സുഖമയാ ദിശ: (9-19-15)**
**യാ ദുസ്ത്യജാ ദുർമ്മതിഭിർജ്ജീര്യതോ യാ ന ജീര്യതേ**
**താം തൃഷ്ണാം ദു:ഖനിവഹാം ശർമ്മകാമോ ദ്രുതം ത്യജേത് (9-19-16)**
**മാത്രാ സ്വസ്രാ ദുഹിത്രാ വാ നാവിവിക്താസനോ ഭവേത്**
**ബലവാനിന്ദ്രിയഗ്രാമോ വിദ്വാം സമപി കർഷതി (9-19-17)**

*ശുകമുനി തുടർന്നു:*
താമസം വിനാ യയാതി തൻെറ ആത്മീയാധ:പതനത്തെപ്പറ്റി ബോധവാനായി. ഒരു ദിവസം ഭാര്യയോട് ആത്മകഥാപരമായ ഒരു കഥ പറഞ്ഞു. "പ്രിയേ, ഒരിക്കൽ ഒരു പെണ്ണാട് ഒരു കിണറ്റിൽ വീണു. ഒരു കൂറ്റനാട് അതുവഴി പോകാനിടയാവുകയും അതിനെ രക്ഷിക്കുകയും ചെയ്തു. പെണ്ണാടിന് ആണിനോട് സ്നേഹം തോന്നുകയും അവർ വിവാഹം ചെയ്ത് ജീവിക്കുകയും ചെയ്തു. ആണാടിനെ മറ്റൊരു പെണ്ണാട് ആഗ്രഹിക്കുന്നതുവരെ ദമ്പതികൾ സസുഖം വാണു. പെണ്ണാട് ഉടമസ്ഥൻെറയടുക്കൽ അസൂയമൂലം പരാതിയുമായി ചെന്നു. ഉടമസ്ഥൻ കൂറ്റനാടിനെ ഷണ്ഡനാക്കി. എന്നാൽ അവൻെറ തുടർച്ചയായുള്ള അപേക്ഷ കേട്ട് അവനു പുരുഷത്വം തിരിച്ചു നൽകി. തുടർന്ന് ആണാടും പെണ്ണാടുംഇന്ദ്രിയസുഖങ്ങള നുഭവിച്ച് ജീവിച്ചു. "

യയാതി തുടർന്നു.: അങ്ങിനെ ഞാൻ ഇന്ദ്രിയസുഖങ്ങളുടെ വലയിൽ കുടുങ്ങിയിരിക്കുന്നു. എന്നാൽ ഒരു കാര്യം പ്രിയേ നീ മനസ്സിലാക്കണം. ഇന്ദ്രിയനിയന്ത്രണമില്ലാത്ത ഒരുവൻെറ കാമസംപൂർത്തിക്ക് ഭക്ഷണമോ സ്ത്രീകളോ ഒന്നും മതിയാവില്ല. ഇന്ദ്രിയസുഖങ്ങൾക്കുള്ള ആസക്തി അതിൽ മുങ്ങി ജീവിക്കുമ്പോൾ തീരെ കുറയുന്നില്ലെന്ന് മാത്രമല്ല തീയിൽ നെയ്യൊഴിക്കുമ്പോലെ അതു വർദ്ധിക്കുന്നു. എന്നാൽ നാനാത്വഭാവ ങ്ങളെല്ലാമുപേക്ഷിച്ച് എല്ലാറ്റിനേയും തൻെറ ആത്മാവായി കരുതുന്ന ഒരുവൻ എല്ലാ അനുഭവങ്ങളെയും ആസ്വദിച്ച് ജീവിക്കുന്നു. ശാന്തിയും സുഖവുമാഗ്രഹിക്കുന്ന ഏതൊരുവനും ഇന്ദ്രിയാസക്തി ഉപേക്ഷിച്ച് ഏതൊന്നിന് വാർദ്ധക്യമുണ്ടാവുന്നില്ലയോ ഏതൊന്ന് ശരീരം നശിച്ചാലും നശിക്കുന്നില്ലയോ അതിനെ കണ്ടെത്താൻ ശ്രമിക്കണം. അതുകൊണ്ട് ഒരുവൻ തൻെറ അമ്മയോടൊത്തോ സഹോദരിയോടൊത്തോ മകളോടൊത്തോ പോലും ഒറ്റക്കു കഴിയരുത്. ജ്ഞാനിയായ ഒരുവനുപോലും ഇന്ദ്രിയങ്ങളുടെ ശക്തമായ ആകർഷണത്തിൽനിന്ന് ചിലപ്പോൾ രക്ഷപ്പെടാനാവില്ല. ഒരായിരം വർഷം ഇന്ദ്രിയസുഖങ്ങളനുഭവിച്ച് ഞാൻ ജീവിച്ചുവെങ്കിലും എന്നിലെ ആസക്തി കുറഞ്ഞിട്ടില്ല. അതുകൊണ്ട് ഞാനീ ലൗകീകജീവിതം ത്യജിക്കുന്നു. ആത്മസാക്ഷാത്ക്കാരത്തിനായി ഞാൻ ആഗ്രഹിക്കുന്നു.

യയാതി പുരൂവിന് യൗവനം തിരിച്ചു നൽകി വാർദ്ധക്യം വാങ്ങി. രാജ്യം പുത്രൻമാരെ ഏൽപ്പിച്ച് വനത്തിലേക്ക് പോയി. അവിടെ പരമാത്മാവിനെ നിരന്തരമായ ധ്യാനത്തിലൂടെ സാക്ഷാത്ക്കരിച്ചു. യയാതിയുടെ തീരുമാനം കേട്ട് ദേവയാനിയും അനാസക്തയായി ലൗകീകസുഖങ്ങളുപേക്ഷിച്ച് വാസുദേവൻെറ താമരപ്പാദങ്ങൾ പൂകി.

**മാതാ ഭസ്ത്രാ പിതു: പുത്രോ യേന ജാത: സ ഏവ സ:**
**ഭരസ്വ പുത്രം ദുഷ്യന്ത മാവമംസ്ഥാ: ശകുന്തളാം (9-20-21)**
**രേതോധാ: പുത്രോ നയതി നരദേവ യമക്ഷയാത്**
**ത്വം ചാസ്യ ധാതാ ഗർഭസ്യ സത്യമാഹ ശകുന്തളാ (9-20-22)**

*ശുകമുനി തുടർന്നു:*
പുരുവിൻെറ കുലത്തിലാണ് രൈഭ്യൻെറ മകനായി ദുഷ്യന്തൻ പിറന്നത്. ഒരു ദിവസം ദുഷ്യന്തൻ നായാട്ടിനായി കാട്ടിൽ പോയി. കണ്വമഹർഷിയുടെ ആശ്രമത്തിനു സമീപം ഒരു സുന്ദരിയായ യുവതരുണിയെക്കണ്ട് ആദ്യനോട്ടത്തിൽത്തന്നെ പ്രേമത്തിലായി. "നീ രാജരക്തമായിരിക്കണം. അല്ലെങ്കിൽ എൻെറ ഹൃദയം നിനക്കു വേണ്ടി ഇങ്ങിനെ ആഗ്രഹിക്കുകയില്ല." "ശരിയാണ്". അവൾ മറുപടി പറഞ്ഞു: ഞാൻ ശകുന്തളയാണ്. വിശ്വാമിത്രമുനിയുടേയും മേനകയുടേയും മകൾ. ശകുന്തളയും ദുഷ്യന്തനും ഗാന്ധർവ്വവിധി (സ്വാഭീഷ്ട) പ്രകാരം വിവാഹിതരായി. താമസിയാതെ രാജാവ് കൊട്ടാരത്തിലേക്ക് പോയി. ശകുന്തള ഗർഭിണിയായി. കാലക്രമത്തിൽ അവൾ ഭരതന് ജൻമം നൽകി.

കുറച്ചു നാൾ കഴിഞ്ഞ് ശകുന്തള ഭരതനെയും കൂട്ടി ഭർതൃഗൃഹത്തിൽ ചെന്നു. എന്നാൽ ചക്രവർത്തി അവളെ തിരിച്ചറിഞ്ഞില്ല. ആ സമയത്ത് ആകാശത്തു നിന്നൊരശരീരി കേട്ടു. "അമ്മ അച്ഛനു വേണ്ടി പുത്രനെ നൽകാനുള്ള പാത്രമത്രെ. ഈ ബാലനെ സ്വീകരിച്ചാലും (ഭരസ്വ). ശകുന്തളയെ അവഗണിക്കുകയുമരുത്. ഇതു നിൻെറ പുത്രനാണ്. സ്വന്തം കുട്ടികളുള്ള പുത്രൻ തൻെറ അഛനെ യമലോകത്തിൽ കയറാതെ സൂക്ഷിക്കുന്നു. ശകുന്തള സത്യമാണ് പറയുന്നത്."

കാലക്രമത്തിൽ ഭരതൻ -ഭഗവാൻെറ അംശാവതാരം തന്നെ- ചക്രവർത്തിയായി. വിസ്മയിപ്പിക്കുന്ന തരത്തിൽ അനേകം തവണ അദ്ദേഹം അശ്വമേധയാഗം നടത്തി. അമ്പത്തിയഞ്ചുതവണ ഗംഗാതീരത്തും എഴുപത്തിയെട്ടെണ്ണം യമുനാ തീരത്തുമാണ് നടത്തിയത്. പങ്കെടുത്ത പുരോഹിതൻമാർക്കെല്ലാം ഉദാരമായ സമ്മാനങ്ങൾ നൽകി. ഈ യാഗങ്ങൾകൊണ്ട് ഭഗവൽകൃപയുണ്ടാവുകമൂലം ഭരതന് മായാബന്ധന മുണ്ടായിരുന്നില്ല. ഇതുവരെയുണ്ടായിട്ടില്ലാത്ത രീതിയിൽ മഷ്നാരയാഗവും അദ്ദേഹം നടത്തി. എല്ലാ അയൽപ്രവിശ്യകളും ഭരതൻെറ കീഴിലായി. പാതാളങ്ങളിൽ നിന്നും ദേവഭാര്യമാരെ തടങ്കലിൽ നിന്ന് രക്ഷിപ്പിച്ചു കൊണ്ടുവന്നു അദ്ദേഹം. സ്വർഗ്ഗവും ഭൂമിയും തങ്ങളുടെ സമ്പത്തും ഫലങ്ങളും അളവില്ലാതെ വർഷിച്ചു. രാജാവും പ്രജകളും അധികം അദ്ധ്വാനിക്കാതെ തന്നെ നല്ല വിളവുണ്ടായി.

ഭരതന് മൂന്നു ഭാര്യമാരിലായി മൂന്നു മക്കളുണ്ടായി. എന്നാൽ അഛനുമായി സാമ്യമില്ലെന്നു കണ്ട് അവർ ആ കുട്ടികളെ ഉപേക്ഷിച്ചു. കുലം നിലനിൽക്കാനായി വായുദേവൻ ഒരു കുട്ടിയെ നൽകി. ബ്രഹസ്പതി മുനിക്ക് സഹോദരഭാര്യയായ മമതയിലുണ്ടായ കുട്ടിയെ ദുഷ്പ്രവാദം ഭയന്ന് അവർ ഉപേക്ഷിച്ചതായിരുന്നു. ഭരദ്വാജൻ എന്നാണീ കുട്ടിയുടെ പേര്.

*ഭരസ്വ എന്നാൽ (പാത്രം) നിറക്കുക എന്നർത്ഥം. അങ്ങിനെ ഭരതൻ എന്ന പേരുണ്ടായി.*

**ന കാമയേ *f*ഹം ഗതിമീശ്വരാത് പരാ**
**മഷ്ടർദ്ധി യുക്താമപുനർഭവം വാ**
**ആർത്തിം പ്രപദ്യേ*f*ഖിലദേഹഭാജാ**
**മന്ത:സ്ഥിതോ യേന ഭവന്ത്യ ദു:ഖാ: (9-21-12)**

*ശുകമുനി തുടർന്നു:*
ഭരദ്വാജൻെറ ഒരു പിൻതലമുറക്കാരനായിരുന്നു രന്തിദേവൻ. അദ്ദഹത്തിൻെറ മഹിമ ഇഹലോകത്തിലും മറ്റു ലോകങ്ങളിലും വാഴ്ത്തപ്പെടുന്നു. രന്തിദേവൻ രാജാവായിരുന്നുവെങ്കിലും ഭിക്ഷാംദേഹിയായി ജീവിച്ചു. ചോദിക്കാതെ ലഭിക്കുന്നതുകൊണ്ടുമാത്രം ജീവിതം നയിച്ചു. എന്നാൽ മറ്റുള്ളവരുടെ ദു:ഖം അദ്ദേഹത്തെ വല്ലാതെ ഉലച്ചു. അതുകൊണ്ട് കയ്യിലുള്ളതെല്ലാം മറ്റുള്ളവർക്കായി ദാനം ചെയ്തു. അങ്ങിനെ അദ്ദേഹത്തിനും കുടുംബത്തിനും ഭക്ഷണമില്ലാതെ ഏറെനാൾ കഴിയേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം നാൽപ്പത്തിയേഴു ദിവസം പട്ടിണി കിടന്നു.

നാൽപ്പത്തിയൊമ്പതാം ദിവസം രാവിലെ അദ്ദേഹത്തിന് കുറച്ച് ആഹാരവും പാലും ജലവും കിട്ടി. കുടുംബവുമൊത്ത് അത് കഴിക്കാനിരിക്കുമ്പോൾ ഒരു ബ്രാഹ്മണൻ വന്നു. ഭഗവാനെത്തന്നെ ബ്രാഹ്മണനിൽ സ്വയം ദർശിച്ച് ഭക്ഷണത്തിൻെറ ഒരു ഭാഗം ദാനം ചെയ്തു. വീണ്ടും എല്ലാവരും കൂടി ഭക്ഷിക്കാൻ തുടങ്ങുമ്പോൾ ഒരു ശൂദ്രനവിടെ വന്നു. അയാൾക്കും ഭക്ഷണം വീതം വച്ചു. പിന്നീട് കുറച്ചു നായ്ക്കളുമായൊരാൾ വന്നു. എല്ലാവരും വിശന്ന് വലഞ്ഞവർ. രന്തിദേവൻ അയാൾക്ക് ഭക്ഷണമെല്ലാം ദാനം ചെയ്തു. ജലം മാത്രമേ പിന്നീടവശേഷിച്ചുള്ളു. ആ സമയത്ത് ഒരു ചണ്ഡാളൻ അവിടെ പ്രത്യക്ഷപ്പെട്ട് ദാഹജലത്തിനാവശ്യപ്പെട്ടു. രന്തിദേവൻ ദയാവായ്പ്പോടെ ഇങ്ങിനെ പറഞ്ഞു. “ഞാൻ സമ്പത്തിനായോ അതിഭൗതീകസിദ്ധികൾക്കായോ നിർവ്വാണമുക്തിക്കായോ ആഗ്രഹിക്കുന്നില്ല. എനിക്ക് എല്ലാ സഹജീവികളുടെ ഹൃദയത്തിലെ ദു:ഖങ്ങളെയും കാണാൻ കഴിയട്ടെ. അവയിൽ പ്രവേശിച്ച് ആ ദു:ഖങ്ങളെ സ്വാംശീകരിച്ച് അവരെ ദു:ഖവിമോചിതരാക്കുക എന്നതു മാത്രമാണെൻെറയാഗ്രഹം. എൻെറ വിശപ്പും ദാഹവും ക്ഷീണവും നിങ്ങളുടെ ദാഹശമനം കൊണ്ട് സാധിക്കും.” അപ്പോൾ അവിടെ ത്രിമൂർത്തികൾ- സൃഷ്ടാവായ ബ്രഹ്മാവ്, സ്ഥിതികർത്താവായ വിഷ്ണു, സംഹാരകനായ മഹേശ്വരൻ- പ്രത്യക്ഷപ്പെട്ടു. അവർ വേഷപ്രച്ഛന്നരായി ബ്രാഹ്മണനും ശൂദ്രനും ചണ്ഡാളനുമായി വന്നതാണെന്നു വെളിപ്പെടുത്തി. രന്തിദേവൻ വരങ്ങളൊന്നും ആവശ്യപ്പെട്ടില്ല. അദ്ദേഹം മായയ്ക്കും പ്രകൃതിഗുണങ്ങൾക്കും അതീതനായി കഴിഞ്ഞിരുന്നു.

ഭരദ്വാജൻെറ കുടുംബത്തിലാണ് ഹസ്തിയുടെ ജനനം. ഹസ്തിനാപുരം നിർമ്മിച്ചതദ്ദേഹമത്രെ. പഞ്ചാലൻമാർ മൗഡ്ഗല്യൻമാർ (ബ്രാഹ്മണർ) ഗൗതമപത്നിയായ അഹല്യ ശരദ്വാൻ ഇവരെല്ലാം ഭരദ്വാജൻെറ കുലക്കാരാണ്. ഒരിക്കൽ ശരദ്വാൻ അപ്സരസ്സായ ഉർവ്വശിയെ ദൂരെ നിന്നു കണ്ടപ്പോഴേക്കും രേതസസ് വഴിഞ്ഞു പുറത്തു വന്നു. അത് പുല്ലിൽ വീണ് രണ്ടു കുട്ടികളായി പരിണമിച്ചു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. ശന്തനു മഹാരാജാവ് അവരെ വളർത്തി. ആൺകുട്ടി കൃപനും പെൺകുട്ടി കൃപയുമായി വളർന്നു. കൃപൻ കൗരവഗുരുവായി. പെൺകുട്ടി ദ്രോണാചാര്യരുടെ പത്നിയും.

## പരിക്ഷീണേഷു കുരുഷു ദ്രൌണേർബ്രഹ്മാസ്ത്രതേജസാ
## ത്വം ച കൃഷ്ണാനുഭാവേന സജീവോ മോചിതോ*f*ന്തകാത് (9-22-34)

*ശുകമുനി തുടർന്നു:*

അഹല്യയുടെ അച്ഛനായ ഭർമ്യാശ്വന് ദിവോദാസൻ എന്ന പേരിൽ ഒരു മകൻ ഉണ്ടായി. ഈ പരമ്പരയിൽ പല വീരൻമാരും ജനിച്ചു. കുരുക്ഷേത്രാധിപനായ കുരു (സൂര്യദേവൻെറ പുത്രിയാണ് കുരുവിൻെറ അമ്മ). ബ്രഹദ്രഥൻെറ ഭാര്യ രണ്ടു ഭാഗങ്ങളായി ഒരു പുത്രനെ പ്രസവിച്ചു. ജരയെന്ന പേരുള്ള ഒരു പിശാചിനി അവരെ ചേർത്തുവയ്ക്കുകയാൽ അവന് ജരാസന്ധൻ എന്നു പേരുണ്ടായി. പ്രതിപന് ദേവാപി, ശന്തനു, ബാഹ്ലീകൻ എന്നീ പുത്രൻമാരുണ്ടായി. ദേവാപി കാട്ടിലേക്ക് തപസ്സിനായി പോയി. ശന്തനു രാജാവായി. ശന്തനുവിൻെറ കൈകൾക്ക് സ്പർശമാത്രയിൽ ആരോഗ്യവും യൗവ്വനവും പ്രദാനം ചെയ്യാൻ കഴിവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭരണസമയത്ത് രാജ്യത്തു മഴ പെയ്തിരുന്നില്ല. രാജ്യാവകാശിയായ ജ്യേഷ്ഠനിരിക്കുമ്പോൾ അനുജൻ രാജ്യം ഭരിക്കുന്നതുകൊണ്ടാണതുണ്ടായത്. ശന്തനു ജ്യേഷ്ഠനെ തിരികെ കൊണ്ടുവരാൻ ദൂതരെ അയച്ചപേക്ഷിച്ചു. എന്നാൽ ശന്തനുവിൻെറ മന്ത്രി തൻെറ ആൾക്കാരെ വിട്ട് ദേവാപിക്ക് ധർമ്മശാസ്ത്രങ്ങളിലും വേദങ്ങളിലുമുള്ള വിശ്വാസം നശിപ്പിച്ചിരുന്നു. നിരീശ്വരവാദിയായ ദേവാപിക്ക് രാജ്യാവകാശം നഷ്ടപ്പെട്ടു. നാട്ടിൽ മഴ പെയ്തു. ദേവാപി യോഗാഭ്യാസം ചെയ്ത് ജീവിച്ചു.

ശന്തനുവിന് ഗംഗയിൽ ഭീഷ്മരുണ്ടായി. സത്യവതിയിൽ ചിത്രാംഗദനും വിചിത്രവീര്യനും ജനിച്ചു. സത്യവതിക്ക് നേരത്തെ തന്നെ വ്യാസൻ മകനായുണ്ടായിരുന്നു. ആ വ്യാസനാണ് എനിക്കീ ഭാഗവതകഥ പറഞ്ഞു തന്നത്. ഞാൻ ശാന്തനായതുകൊണ്ടാണ് അദ്ദേഹത്തിനാ കൃപയുണ്ടായത്. ചിത്രാംഗദൻ കൊല്ലപ്പെട്ടു. വിചിത്രവീര്യൻ ക്ഷയം പിടിച്ചു മരിച്ചു. വ്യാസൻ വിചിത്രവീര്യൻെറ ഭാര്യമാരിൽ പ്രജനനം നടത്തി. ധൃതരാഷ്ട്രനും പാണ്ഡുവും അങ്ങിനെയുണ്ടായി. ദാസിയിൽ വിദുരനും ജനിച്ചു. ധൃതരാഷ്ട്രന് നൂറ് ആൺമക്കൾ. പാണ്ഡുവിന് ഒരു ശാപത്താൽ ലൈംഗീക വേഴ്ച്ച നിഷിദ്ധമായിരുന്നതിനാൽ അദ്ദേഹത്തിൻെറ പത്നിമാർ പലേ ദേവൻമാരിൽ നിന്നുമായി അഞ്ചു പുത്രൻമാരെ പ്രസവിച്ചു. അവരാണ് പാണ്ഡവർ. പാണ്ഡവരി ലോരോരുത്തർക്കും പൊതുഭാര്യയായ ദ്രൌപദിയിൽ ഓരോ മക്കളുണ്ടായി. മറ്റുഭാര്യമാരിലും കുട്ടികളുണ്ടായിരുന്നു. അർജുനന് കൃഷ്ണസോദരിയായ സുഭദ്രയിലുണ്ടായതാണ് രാജാവേ താങ്കളുടെ അഛനായ അഭിമന്യു. കുരുവംശം മുഴുവൻ മഹായുദ്ധത്തിൽ നശിച്ചു. എങ്കിലും താങ്കൾ ഭഗവാൻ കൃഷ്ണൻെറ കൃപ കൊണ്ട് അശ്വത്ഥാമാവിൻെറ പിടിയിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു. ഗർഭത്തിൽ വച്ച് താങ്കളെ വധിക്കാനാണല്ലോ അശ്വത്ഥാമാവ് ശ്രമിച്ചത്.

തക്ഷകനാൽ അങ്ങേക്ക് മരണമുണ്ടാവുന്നതറിഞ്ഞ് അങ്ങയുടെ മകൻ ജനമേജയൻ സർപ്പകുലത്തെ മുഴുവൻ കൊന്നൊടുക്കാൻ യാഗം നടത്തും. ലോകം മുഴുവൻ ഭരിക്കുകയും ചെയ്യും. അദ്ദേഹത്തിൻെറ മകൻ ശതാനീകൻ വേദവിശാരദനും യാജ്ഞവൽക്യൻെറ ശിഷ്യനുമായിരിക്കും. യാഗാദികളിലും ശൗനകമഹർഷി യിൽനിന്ന് കിട്ടിയ ആത്മജ്ഞാനത്തിലും അദ്ദേഹം നിപുണനായിരിക്കും. ശതാനീകൻെറ പുത്രപൗത്രൻ നെമിചക്രൻ ഹസ്തിനപുരം ഗംഗാജലത്തിലൊഴുകിപ്പോകുമ്പോൾ കുശുംഭിയെന്ന നഗരത്തിൽ നിന്ന് രാജ്യഭരണം നടത്തും. ഇങ്ങിനെ ഈ വംശം കലിയുഗാവസാനം വരെ തുടരും.

**വർണ്ണയാമി മഹാപുണ്യം സർവപാപഹരം നൃണാം**
**യദോർവംശം നര: ശ്രുത്വാ സർവപാപൈ: പ്രമുച്യതേ (9-23-19)**
**യത്രാവതീർണ്ണോ ഭഗവാൻ പരമാത്മാ നരാകൃതി:**
**യദോ: സഹസ്രജിത് ക്രോഷ്ടാ നളോ രിപുരിതി ശ്രുതാ: (9-23-20)**

*ശുകമുനി തുടർന്നു:*
യയാതിയുടെ മറ്റൊരു പുത്രനായിരുന്നു അനു. ഈ കുലത്തിലാണ് ബലി പിറന്നത്. അദ്ദേഹത്തിന് കുട്ടികളുണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ ഭാര്യക്ക് ധീരഘടമൻ എന്ന മുനി മുഖേന ആറുപുത്രൻമാർ ജനിച്ചു. അംഗൻ വംഗൻ കലിംഗൻ സുഹ്മൻ പുന്ഡ്രൻ അന്ഡ്രൻ എന്നിവർ. അവരെല്ലാം സ്വന്തം രാജ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അംഗൻെറ കുടുംബത്തിലാണ് ലോമപാദൻെറ ജനനം. അദ്ദേഹത്തിന് കുട്ടികളുണ്ടായിരുന്നില്ല. ദശരഥമഹാരാജാവ് അദ്ദേഹത്തിനൊരു മകളെ വളർത്താൻ കൊടുത്തു. ശാന്ത. ഋഷ്യശൃംഗമുനി അവളെ വിവാഹം ചെയ്തു. ഒരിക്കൽ രാജ്യത്ത് വരൾച്ച ഉണ്ടായപ്പോൾ മുനിയെ രാജ്യത്തു കൊണ്ടുവരികയാണുണ്ടായത്. മുനി നടത്തിയ ഒരു യാഗത്തിൻെറ ഫലമായാണ് വരൾച്ച അവസാനിച്ചത്. പിന്നീട് നടത്തിയ ഒരു യാഗത്തിൻെറ ഫലമായി ലോമപാദനും കുട്ടികളുണ്ടായി. ദശരഥമഹാരാജാവിനു വേണ്ടിയും ഋഷ്യശൃംഗൻ ഇപ്രകാരമൊരു യാഗം നടത്തിയിരുന്നു. അങ്ങിനെയാണല്ലൊ ദശരഥന് ദിവ്യപുത്രൻമാരായ രാമനും സഹോദരൻമാരും ഉണ്ടായത്.

ഇനി ഞാൻ യദുവംശത്തിൻെറ കഥ പറയാം. ഇതു കേൾക്കുന്നതു കൊണ്ടു പോലും ഒരുവൻ സർവ്വ പാപങ്ങളിൽ നിന്നും രക്ഷനേടുന്നു. കാരണം ഭഗവാൻ സ്വയം ഈ വംശത്തിലവതരിച്ച് മനുഷ്യനായി കഴിഞ്ഞുവല്ലോ. സഹസ്രജിത് ക്രോഷ്ടൻ നലൻ രിപു തുടങ്ങിയവർ യദുപുത്രൻമാരായിരുന്നു. യയാതിയുടെ മറ്റൊരു പുത്രനാണല്ലോ യദു. ഈ വംശത്തിലാണ് കൃതവീര്യപുത്രനായ കാർത്തവീര്യാർജുനൻെറ ജനനം. അദ്ദേഹത്തിന് ദത്താത്രേയനിൽ നിന്നും ആത്മജ്ഞാനം സിദ്ധിച്ചു. ദത്താത്രേയൻ ഭഗവാൻെറ അംശാവതാരം തന്നെ. അർജുനന് പലേ മന്ത്രശക്തികളും ഉണ്ടായിരുന്നു. മറ്റൊരുരാജാവും മഹിമയിലും പ്രൗഢിയിലും അർജുനനോടൊപ്പം നിലനിൽക്കുമായിരുന്നില്ല. എൺപത്തിഅയ്യായിരം വർഷം അദ്ദേഹം രാജ്യം ഭരിച്ചു. മധു ഈ അർജുനൻെറ പിൻതലമുറക്കാരനാണ്. വൃഷ്ണി മധുവിൻെറ പുത്രനും. യാദവകുലം യദു മധു വൃഷ്ണി എന്നിവരിലൂടെയാണ് നിലവിൽ വന്നത്. യദുകുലത്തിലെ മറ്റൊരു വിഖ്യാതനാമം ശശബിന്ദുവിൻേറതാണ്. അദ്ദേഹം മഹാനായ ഒരു യോഗിയും അത്യുന്നത ഗുണങ്ങളുടെ വിളനിലവുമായിരുന്നു.

പിന്നീട് ജ്യാമഘൻ ഈ കുലത്തിൽ പിറന്നു. അദ്ദേഹത്തിൻെറ ഭാര്യ ശൈബ്യക്ക് കുട്ടികളുണ്ടായിരുന്നില്ല. എന്നാൽ ഭാര്യയെ പേടിച്ചിരുന്ന ജ്യാമഘൻ മറ്റൊരു വിവാഹം കഴിച്ചതുമില്ല. അദ്ദേഹം ഒരിക്കൽ ഭോജരാജ്യത്തെ കീഴടക്കി സമ്മാനമായി ഭോജരാജകുമാരിയെ കൊട്ടാരത്തിലേക്കു കൊണ്ടുവന്നു. രാജരഥത്തിൽ മറ്റൊരു സ്ത്രീയെ കണ്ട് ശൈബ്യ കോപിഷ്ഠയായി. എന്നാൽ രാജാവ് രാജ്ഞിയെ സമാധാനപ്പെടുത്താൻ ഇങ്ങിനെ പറഞ്ഞു. ഇവൾ നിൻെറ സ്നുഷയാണ്. രാജാവ് പേടിച്ചു വിറച്ചുകൊണ്ടാണിതു പറഞ്ഞത്. അതുകൊണ്ട് ദേവതകളും പിതൃക്കളും രാജാവിൽ ദയ തോന്നി ശൈബ്യക്ക് ഒരു പുത്രനെ നൽകി. കാലക്രമത്തിൽ ഇപ്പുത്രൻ ഭോജരാജകുമാരിയെ പാണിഗ്രഹണം ചെയ്തു. വിദർഭനെന്നാണീ രാജാവിൻെറ നാമം.

**യദാ യദേഹ ധർമ്മസ്യ ക്ഷയോ വൃദ്ധിശ്ച പാപ്മന:**
**തദാ തു ഭഗവാനീശ ആത്മാനം സൃജതേ ഹരി: (9-24-56)**
**യസ്യാനനം മകര കുണ്ഡലചാരുകർണ്ണ**
**ഭ്രാജത് കപോലസുഭഗം സവിലാസഹാസം**
**നിത്യോത്സവം ന തതൃപുർദൃശിഭി: പിബന്ത്യോ**
**നാര്യോ നരാശ്ച മുദിതാ: കുപിതാ നി മേശ്ച (9-24-65)**

*ശുകമുനി തുടർന്നു:*
വിദർഭന്റെ വംശീയരാണ് സാത്വതനും ദേവാവൃധനും ബഭ്രുവും. ഇവർ പ്രശസ്തരായി. സാത്വതന്റെ ഏഴാമത്തെ പുത്രനാണ് മഹാഭോജൻ. സത്വൃത്തനും ശാന്തനുമായിരുന്ന മഹാഭോജന്റെ വംശക്കാർ ഭോജൻമാർ എന്നറിയപ്പെട്ടു. ആഹുകപുത്രൻമാരായ ദേവകനും ഉഗ്രസേനനും ഈ വംശത്തിലാണ് പിറന്നത്. ദേവകന് അനേകം പുത്രൻമാരും പുത്രിമാരും ഉണ്ടായിരുന്നു. ആ കൂട്ടത്തിലൊരാളാണ് ദേവകി. വസുദേവൻ എല്ലാ സഹോദരിമാരേയും വിവാഹം ചെയ്തു. ഉഗ്രസേനനും കുറെ കുട്ടികളുണ്ടായിരുന്നു. അതിലൊരാളാണ് കംസൻ. മറ്റൊരു പിൻതലമുറക്കാരനായ ശൂരസേനന് വസുദേവനടക്കം പത്തു പുത്രൻമാർ. വസുദേവൻ ജനിച്ചപ്പോൾ ആകാശത്ത് പെരുമ്പറ മുഴങ്ങിയതിനാൽ അദ്ദേഹത്തിന് ആനകദുന്ദുഭി എന്നും പേർ. ശൂരസേനന് കുന്തിയും മറ്റ് നാലു പുത്രിമാരും ഉണ്ടായിരുന്നു. കുന്തി ദുർവാസാവു മുനിയെ സേവിച്ച് ഒരു ദിവ്യമന്ത്രം വശത്താക്കിയിരുന്നു. ജിജ്ഞാസകൊണ്ട് കന്യകയായിരിക്കുമ്പോൾത്തന്നെ മന്ത്രമൊന്ന് പരീക്ഷിക്കാൻ കുന്തി തീരുമാനിച്ചു. സൂര്യദേവൻ പ്രത്യക്ഷപ്പെട്ട് അവൾക്കൊരു പുത്രനെ നൽകി. അപമാനം ഭയന്ന് ആരുമറിയാതെ അവൾ കുഞ്ഞിനെ ഒരു പെട്ടിയിലാക്കി നദിയിലൊഴുക്കി. കുന്തിയുടെ സഹോദരി ശ്രുതദേവ വൃദ്ധശർമ്മനിലൂടെ ദന്താവക്രന് ജൻമം നൽകി. രാക്ഷസഗുണങ്ങളാണയാൾ പ്രകടിപ്പിച്ചത്. മറ്റൊരു സഹോദരി സ്രുതസ്രവയ്ക്ക് ചേടിരാജാവിലൂടെ ദമഘോഷൻ ശിശുപാലൻ എന്നീ പുത്രൻമാരും ഉണ്ടായി. ഇവരും രാക്ഷസീയസ്വഭാവക്കാരായിരുന്നു.

വസുദേവന് ദേവകിയും സഹോദരിമാരുമായി പലേ ഭാര്യമാരുണ്ടായിരുന്നു. രോഹിണിയിൽ ബലനും മറ്റു കുട്ടികളും അദ്ദേഹത്തിന് ജനിച്ചു. ദേവകിയിൽ അദ്ദേഹത്തിന് പലേ കുട്ടികളും ജനിച്ചു. ഭഗവാൻ സംഘർഷണൻ. ഭഗവാൻ കൃഷ്ണൻ. അങ്ങയുടെ മുത്തശ്ശി സുഭദ്ര എന്നിവർ ദേവകീ സന്താനങ്ങളത്രെ.

“എവിടെയാണോ ധർമ്മച്യുതിയുണ്ടാവുന്നത് എവിടെയാണോ പാപം വർദ്ധിക്കുന്നത് അവിടെ ഭഗവാൻ അവതരിക്കുന്നു. ഈ വിശ്വം മുഴുവനും സൃഷ്ടിച്ച് പരിപാലിച്ച് സംഹരിച്ച് ഭഗവാന്റെ മായാവിലാസം പ്രകടമാക്കുന്നു. എന്നാൽ ഭഗവൽകൃപയാൽ ഒരുവൻ എല്ലാ പരിണാമവികാസത്തിന്റേയും അന്തിമലക്ഷ്യമായ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കപ്പെടുന്നു. ഭൂമി രാജാക്കൻമാരുടേയും ഭരണകർത്താക്കളുടേയും വേഷമണിഞ്ഞ രാക്ഷസർ ഭരിക്കുമ്പോൾ ഭഗവാൻ സ്വയം കൃഷ്ണനും സംഘർഷണനുമായി അവതാരമെടുത്ത് പലേ അത്ഭുതങ്ങളും ചെയ്തു. ഈ മഹിമാവിശേഷങ്ങൾ ഒരിക്കലെങ്കിലും കേൾക്കുന്നവർക്ക് കർമ്മപാശത്തിൽനിന്നും മോചനം ലഭിക്കുന്നു. തന്റെ ഓരോ വാക്കിലും ചിന്തയിലും പ്രവർത്തിയിലും ആഹ്ലാദജനകങ്ങളായ ലീലാവിനോദങ്ങളിലും ഭഗവാൻ തന്റെ സമകാലീനർക്ക് അതീവസന്തോഷം പ്രദാനം ചെയ്തു. അവർ -പ്രത്യേകിച്ചും സ്ത്രീജനങ്ങൾ- ഭഗവാന്റെ പരമസുന്ദരമായ മുഖകമലം ദർശിച്ച് തൃപ്തി വരാതെ നിമിയോട് അസഹ്യത പ്രകടിപ്പിച്ചു. കൺപീലികളെ ഇടക്കിടയ്ക്ക് അടപ്പിച്ച് ഭഗവൽദർശനത്തിന് ഭംഗം വരുത്തുന്നത് നിമിയാണല്ലോ. ”

<u>ദശമസ്കന്ദം ആരംഭം</u>

**മൃത്യുർജ്ജൻമവതാം വീര ദേഹേന സഹ ജായതേ**
**അദ്യ വാബ്ദശതാന്തേ വാ മൃത്യുർവൈ പ്രാണിനാം ധ്രുവ: (10-1-38)**
**തസ്മാന്ന കസ്യചിദ് ദ്രോഹമാചരേത് സ തഥാവിധ:**
**ആത്മന: ക്ഷേമമന്വിച്ഛൻ ദ്രോഗ്ദ്ധുർവൈ പരതോ ഭയം (10-1-44)**

*ശുകമുനി തുടർന്നു:*
രാക്ഷസൻമാരുടെ ഭരണം കൊണ്ട് ഭാരം താങ്ങാനാവാതെ ഭൂമീദേവി ബ്രഹ്മാവിനോടു പരാതിപ്പെട്ടു. ബ്രഹ്മദേവൻ പരമശിവനുമൊത്ത് ഭഗവൽപ്രീതിക്കായി ആരാഞ്ഞു. അപ്പോൾ ദേവൻമാർ ഒരശരീരി കേട്ടു. "ഭഗവാൻ ഭൂമിദേവിയുടെ പരിതാപം മനസ്സിലാക്കുന്നു. അദ്ദേഹം താമസംവിനാ മനുഷ്യരൂപമെടുത്ത് ഭൂമിയിലവതരിക്കുന്നതാണ്. അപ്പോൾ നിങ്ങളും മനുഷ്യരൂപത്തിൽ അദ്ദേഹത്തിന്റെ അനുയായികളായി അവിടെ ജനിക്കുക." ഭഗവൽശബ്ദത്തിൽ സംപ്രീതരായ ദേവതകൾ തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് മടങ്ങി. ഭൂമിയിൽ മഥുരാധിപൻ ഉഗ്രസേനനും കംസൻ അദ്ദേഹത്തിന്റെ മകനുമായിരുന്നു. കംസന്റെ സഹോദരി (അഛന്റെ സഹോദരന്റെ മകൾ) ദേവകിയെ വസുദേവന് വിവാഹം ചെയ്തു കൊടുത്തപ്പോൾ കംസൻ ദേവകിയെ ബഹുമാനിക്കാൻ സ്വയം തേരാളിയായി. അപ്പോൾ ആകാശത്തു നിന്നും ഇങ്ങിനെ കേൾക്കായി. "വിഢ്ഢീ നീയിപ്പോൾ ബഹുമാനിക്കുന്ന ഈ സ്ത്രീയുടെതന്നെ എട്ടാമത്തെ മകൻ നിനക്ക് മരണത്തെ സമ്മാനിക്കും." ക്രോധത്തോടെയും ഭയത്തോടെയും കംസൻ ദേവകിയെ കൊല്ലാൻ തുനിഞ്ഞപ്പോൾ വസുദേവൻ തടഞ്ഞു. എന്നിട്ടിങ്ങിനെ അപേക്ഷിച്ചു.

"അങ്ങ് മഹാനായൊരു രാജകുമാരൻ. ഈ പെൺകുട്ടി അവിടുത്തെ സോദരിയും. മാത്രമല്ല അവളുടെ വിവാഹം ഇപ്പോൾ കഴിഞ്ഞിട്ടേയുള്ളൂ. ഈ മംഗളാവസരത്തിൽ അവളെ വധിക്കുന്നത് ഉചിതമോ? ഏതൊരു ശരീരം ജനിക്കുമ്പോഴും മരണം കൂടെത്തന്നെ ജനിക്കുന്നു. ഇപ്പോൾ അല്ലെങ്കിൽ നൂറുകൊല്ലം കഴിഞ്ഞ് എല്ലാവരും മരിക്കും. ഒരു ചിത്രശലഭപ്പുഴു ഒരു പുൽക്കൊടിയിൽ നിന്ന് മറ്റൊന്നിലേക്ക് ചാടുന്നതുപോലെ ആത്മാവ് ഒരു ശരീരത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറുന്നു. ഇതറിഞ്ഞുകൊണ്ട് മറ്റുള്ളവരെ ദ്രോഹിക്കുന്ന തിൽനിന്നും ഒരുവൻ പിന്തിരിയണം. അവനവന്റെ നൻമയ്ക്കായി മറ്റുള്ളവർക്ക് ദ്രോഹം ചെയ്യുന്നവനേ മറ്റുള്ളവരോട് പേടിയുള്ളൂ. അതുകൊണ്ട് അങ്ങയുടെ ഈ സോദരിയെ വെറുതെ വിടുക." കംസൻ ഉപദേശം കേൾക്കാനുള്ള മനോഭാവത്തിലായിരുന്നില്ല. വസുദേവൻ ആലോചിച്ചു. "സാധിക്കുന്നിടത്തോളം സമയം ഒരുവൻ മരണത്തെ തടഞ്ഞു നിർത്തണം. ഞാൻ മറ്റൊരു മാർഗ്ഗം പറയാം. എനിക്ക് ദേവകിയിൽ കുട്ടികളുണ്ടായാൽ അവരെ ഞാൻ കംസനെ ഏൽപ്പിക്കാം. അതുവരെ കംസൻ ജീവിച്ചിരിക്കുമെങ്കിൽ. മാത്രമല്ല ഭഗവാന്റെ ദിവ്യലീലകൾ എന്തെന്ന് ആർക്കറിയാൻ കഴിയും? അദ്ദേഹം പറഞ്ഞു. "അല്ലയോ മഹാത്മാവേ ഈ ദേവകിയിൽനിന്ന് അങ്ങേയ്ക്ക് ഭയപ്പെടേണ്ടതുമായി ഒന്നുമില്ല. അവളുടെ മകനിൽ നിന്നു മാത്രമല്ലേ ഭയത്തിനവകാശമുള്ളൂ. അവളിലുണ്ടാവുന്ന കുഞ്ഞുങ്ങളെയെല്ലാം അങ്ങയെ ഏൽപ്പിക്കാം. അങ്ങയുടെ ഹിതം പോലെ അവരെ എന്തു വേണമെങ്കിലും ചെയ്യാം. കംസന് വസുദേവന്റെ വാക്കുകൾ വിശ്വാസമായി. ദേവകിയെ കംസൻ വെറുതെ വിട്ടു. വസുദേവൻ തന്റെ ആദ്യപുത്രനെ കംസനു കൊടുത്തു. വസുദേവന്റെ സത്യസന്ധ്യതയിൽ പ്രീതനായ കംസൻ അവനെ അഛനു തിരിച്ചു നൽകി. "ഇവനിൽ നിന്ന് പേടിക്കാനൊന്നുമില്ല. അശരീരിയനുസരിച്ച് എട്ടാമനാണ് അപകടകാരി."

എങ്കിലും നാരദമുനി കംസന് താക്കീത് നൽകി. "വൃജത്തിലെ ജനങ്ങൾ വൃഷ്ണികൾ വസുദേവന്റെ നേതൃത്വത്തിലാണ്. യാദവർ ദേവകിയുടെ കീഴിലും. എല്ലാവരും ദേവൻമാരുമാണ്. സൂക്ഷിച്ചിരിക്കുക." എന്തോ ദിവ്യമായ പരിപാടികളുടെ ആസൂത്രണം നടക്കുന്നതായി നാരദൻ കംസന് സൂചനയും നൽകി. ദുഷ്ടനായ കംസൻ ഉടനേ തന്നെ വസുദേവനേയും ദേവകിയേയും തുറുങ്കിലടച്ചു. അവരുടെ കുട്ടികളെയെല്ലാം ഒന്നൊന്നായി കൊന്നു. ഉഗ്രസേനനെ സ്ഥാനഭ്രഷ്ടനാക്കി സ്വയം സിംഹാസനസ്ഥനായി.

**സ ഏഷ ജീവൻ ഖലു സംപരേതോ വർത്തേത യോ$f$ത്യന്തനൃശംസിതേന**
**ദേഹേ$f$മൃതേ തം മനുജാ: ശപന്തി ഗന്താ തമോ$f$ന്ധം തനു മാനിനോ ധ്രുവം (10–2–22)**
**ആസീന: സംവിശംസ്തിഷ്ഠൻ ഭുജ്ഞാന: പര്യടൻ മഹീം**
**ചിന്തയാനോ ഹൃഷീകേശമപശ്യത് തൻമയം ജഗത് (10–2–24)**

*ശുകമുനി തുടർന്നു:*
യാദവരേയും വൃഷ്ണികളേയും ദ്രോഹിക്കാനുള്ള എല്ലാ പരിശ്രമങ്ങളും കംസൻ ചെയ്തു. രാക്ഷസൻമാരെ തനിക്കു ചുറ്റും നിർത്തി ദുഷ്ടരാജാക്കൻമാരുടെ സഹായത്തോടെ യാദവരെ ഉപദ്രവിച്ചു. അവർ രാജ്യം വിട്ട് ഓടിപ്പോയി. രാജ്യത്തവശേഷിച്ചവർ കംസനോട് കറകളഞ്ഞ കൂറു പുലർത്തി. കാലക്രമത്തിൽ ദേവകി ആറ് കുട്ടികളെ പ്രസവിച്ചു. വസുദേവൻ അവരെ സത്യസന്ധമായിത്തന്നെ കംസന് കാഴ്ച്ച വച്ചു. കംസൻ ആ കുട്ടികളെ അപ്പോൾത്തന്നെ വധിച്ചു. ദേവകിയുടെ ഏഴാമത്തെ ഗർഭത്തിൽ ഭഗവാൻെറ അംശാവതാരമായ അനന്തൻ പ്രവേശിച്ചു.

അതേ സമയം ഭഗവാൻ തൻെറ മായാശക്തിയോട് ഇപ്രകാരം കൽപ്പിച്ചു. “ഭഗവതീ ദേവകിയുടെ യോനിയിൽ നിന്നും ഗർഭത്തെ എടുത്ത് വസുദേവഭാര്യയായ രോഹിണിയുടെ ഉദരത്തിൽ നിക്ഷേപിക്കുക. എന്നിട്ട് ഭവതി സ്വയം യശോദയുടെ മകളായി പിറക്കുക. ഞാൻ ദേവകിയുടെ എട്ടാമത്തെ പുത്രനായി പിറക്കുന്നതാണ്. അങ്ങിനെ ഭവതിക്ക് മനുഷ്യകുലത്തിൻെറയെല്ലാം ഹൃദയങ്ങളിൽ സ്ഥാനം ലഭിക്കും. ജനങ്ങൾ ദേവാലയങ്ങളുണ്ടാക്കി ഭവതിയെ പൂജിക്കും. അവിടുത്തെ വിവിധ ഭാവങ്ങളായ ദുർഗ്ഗ ഭദ്രകാളി വിജയ വൈഷ്ണവി കുമുദ ചണ്ഡിക കൃഷ്ണ മാധവി കന്യക മായ നാരായണി ഈശാനി ശാരദ അംബിക എന്നിങ്ങിനെയുള്ള രൂപത്തിൽ ഭവതിയെ അവർ ആരാധിക്കും.” ഭഗവദേഛ പോലെ മായ പ്രവർത്തിച്ചു. ദേവകിയുടെ ഗർഭമലസിയെന്ന വാർത്ത കേട്ട് എല്ലാവരും സഹതപിച്ചു.

താമസംവിനാ ഭഗവാൻ വസുദേവഹൃദയത്തിൽ പ്രവേശിച്ചു. അതിൻെറ ഫലമായി ഈ ഭക്തശിരോമണി പൂർവ്വാധികം പ്രഭയുള്ളവനായി കാണപ്പെട്ടു. പിന്നീട് ദേവകി ഭഗവാനെ ഹൃദയത്തിൽ ഗ്രഹിച്ചു. വസുദേവനിൽ നിന്നാണ് ദേവകിക്ക് ഭഗവൽഭാവനയുദിച്ചത്. ദേവകിയിൽ ഭഗവൽപ്രഭാപൂരം കണ്ട കംസന് ഭഗവാൻ സ്വയം ഭൂമിയിൽ അവതരിക്കാൻ പോവുന്നു എന്നു തോന്നി. ദുഷ്ടനിഗ്രഹത്തിനായി ഭഗവാനെത്തുമെന്ന ഭയമുണ്ടെങ്കിലും കഴിയുന്ന എല്ലാ വിധത്തിലും കംസൻ തൻെറ സ്ഥാനം രക്ഷിക്കാൻ ശ്രമിച്ചു. ദേവകിയെ വധിക്കലാണ് ഏറ്റവും എളുപ്പമുള്ള മാർഗ്ഗമെങ്കിലും ദുഷ്ടനായ കംസന് പോലും അതിഷ്ടമായിരുന്നില്ല. അതിനികൃഷ്ടമായ ക്രൂരത കാണിക്കുന്നവർ ജീവിച്ചിരിക്കേ മരിച്ചതിനു സമമത്രെ. ആളുകൾ അവരെ വെറുക്കുന്നു. അവർ ഈ ലോകം വിട്ടു പോയാൽ നരകത്തിലേക്കാണ് ചെല്ലുന്നത്. എങ്കിലും കംസൻ അപകടത്തെ അവഗണിച്ചില്ല. അതുകൊണ്ട് അദ്ദേഹം സദാ ഭഗവാനെപ്പറ്റിത്തന്നെ സ്മരിച്ചു കൊണ്ടിരുന്നു. ഇരിക്കുമ്പോഴും കിടക്കുമ്പോഴും നിൽക്കുമ്പോഴും ഊണിലും നടത്തയിലും എല്ലാം അയാൾ ഭഗവാനെ മാത്രം കണ്ടു.

**സത്യവ്രതം സത്യപരം ത്രിസത്യം സത്യസ്യ യോനിം നിഹിതം ച സത്യേ**
**സത്യസ്യ സത്യമൃതസത്യനേത്രം സത്യാത്മകം ത്വാം ശരണം പ്രപന്നാ: (10–2–26)**
**ത്വയ്യംബുജാക്ഷാഖിലസത്ത്വധാമ്നി സമാധിനാ*ff* വേശിതചേത സൈകേ**
**ത്വത്പാദ പോതേന മഹത്കൃതേന കുർവ്വന്തി ഗോവത്സപദം ഭവാബ്ധിം (10–2–30)**
**മത്സ്യാശ്വകച്ഛപനൃസിംഹവരാഹഹംസ രാജന്യവിപ്രവിബുധേഷു കൃതാവതാര:**
**ത്വം പാസി നസ്ത്രിഭുവനം ച യഥാധുനേശഭാരം ഭുവോ ഹര യദൂത്തമ വന്ദനം തേ (10–2–40)**

*ശുകമുനി തുടർന്നു:*
ദേവൻമാരും മാമുനിമാരും ഭഗവാൻ പരമശിവൻെറ നേതൃത്വത്തിൽ ദേവകിയും വസുദേവനും തടങ്കലിലുള്ള കാരാഗൃഹത്തിൽ ചെന്ന് ഇനിയും ജനിച്ചിട്ടില്ലാത്ത ഭഗവാനെ ഇങ്ങിനെ വർണ്ണിച്ചു പ്രാർത്ഥിച്ചു.

“ഭഗവൻ: അങ്ങ് എപ്പോഴും അവിടുത്തെ വാക്കു പാലിക്കുന്നു. അവിടുന്നു സത്യത്തെ മാത്രം പരമമെന്നു കണക്കാക്കുന്നു. അവിടുന്നു ഭൂത ഭാവി വർത്തമാനങ്ങളിലെ സത്യമത്രെ. അതിസൂക്ഷ്മങ്ങളായ പഞ്ചഭൂതങ്ങളുടെ മൂലം അവിടുന്നത്രെ. അവയുടെ ഉൺമയും മറ്റാരുമല്ല. അവിടുത്തെ കണ്ണുകൾ സത്യവും ധർമ്മവുമത്രെ. സത്യത്തിൻെറ ആത്മാവും അവിടുന്നു തന്നെ. ഞങ്ങൾ അങ്ങയെ അഭയം പ്രാപിക്കുന്നു. സൃഷ്ടിയെന്നറിയപ്പെടുന്ന വൃക്ഷം ദിവ്യതയെന്ന ഒരേ ഒരു ഭൂമിയിലാണ് നില കൊള്ളുന്നത്. നൻമതിൻമകൾ തുടങ്ങിയ ഫലങ്ങളാണതിൽ. ത്രിഗുണങ്ങളാകുന്ന വേരുകൾ. ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാർത്ഥങ്ങൾ ആ വൃക്ഷത്തിൻെറ രസങ്ങൾ. പഞ്ചേന്ദ്രിയങ്ങൾ അതിൻെറ ഭാഗങ്ങളത്രെ. ആറ് അവസ്ഥകൾ: ജനനം ജിവിതം വളർച്ച പക്വത വാർദ്ധക്യം മരണം എന്നിവയാണ്. തൊലി മാംസം രക്തം മേദസ് മജ്ജ അസ്ഥി ശുക്ലം എന്നീ ഏഴു തോലുകളാണ് മരത്തിന്. എട്ടു ചില്ലകൾ: പഞ്ചേന്ദ്രിയങ്ങൾ മനസ്സ് ബുദ്ധി അഹങ്കാരം എന്നിവ. നവദ്വാരങ്ങൾ: കണ്ണുകൾ ചെവികൾ നാസികകൾ രണ്ട് വിസർജ്ജനാവയവങ്ങൾ വായ് എന്നിവ മരത്തിലെ പൊത്തുകളത്രെ. ആ മരത്തിലെ രണ്ടു പക്ഷികളിലൊന്ന് ജീവാത്മാവും മറ്റേത് പരമാത്മാവും തന്നെയാണ്. അതിലെ പത്തിലകൾ ഇവയാണ്: അഞ്ച് പ്രധാന പ്രാണൻമാരും അഞ്ച് ഉപപ്രാണൻമാരും അതായത് പ്രാണൻ അപാനൻ വ്യാനൻ ഉദാനൻ സമാനൻ നാഗൻ കൂർമൻ കൃകലൻ ദേവദത്തൻ ധനഞ്ജയൻ എന്നിവർ. അവിടുന്നാണ് ഈ വൃക്ഷത്തിൻെറ പ്രഭവസ്ഥാനം. അവിടുന്നതിനെ പരിരക്ഷിക്കുന്നു. എങ്കിലും അവിടുന്ന് എല്ലായ്പ്പോഴും ഒരു സാക്ഷി മാത്രമായി നിലകൊള്ളുന്നു. അങ്ങയിൽ ഭക്തരായിട്ടുള്ളവർ ജനനമരണങ്ങളുള്ള സംസാരസാഗരത്തെ ഗോഷ്പദത്തെയെന്നപോൽ തരണം ചെയ്യുന്നു. അവരുടെ ജീവിതോദാഹരണം മറ്റുള്ളവർക്ക് ഈ സംസാരസാഗരതരണത്തിന് വഴികാട്ടിയായി വർത്തിക്കുന്നു. ഭഗവൽസാക്ഷാത്ക്കാരപാതയിൽ നിന്ന് അവർ വ്യതിചലിക്കുന്നില്ല. ഓരോ തടസ്സങ്ങളും ബുദ്ധിമുട്ടുകളും സ്വയം തരണം ചെയ്ത് അവർ ലക്ഷ്യം പ്രാപിക്കുന്നു. അവിടുത്തെ നാമം ശ്രവിക്കുകയോ അവിടുത്തെ നാമമഹിമകൾ കേൾക്കുകയോ പറയുകയോ ചെയ്യുന്ന ഭക്തന് പുനർജൻമം ഇല്ല തന്നെ.

ഭഗവാനേ അവിടുന്ന് ധർമ്മ സംസ്ഥാപനത്തിനായി ഭൂമിയിൽ വീണ്ടും വീണ്ടും അവതരിച്ചിട്ടുണ്ട്. മത്സ്യമായും കുതിരയായും ആമയായും നരസിംഹമായും പന്നിയായും ഹംസമായും രാജകുമാരനായും ബ്രാഹ്മണനായും മറ്റനേകരൂപങ്ങളിലും അങ്ങ് അവതാരമെടുത്തിട്ടുണ്ട്. അവിടുന്ന് എല്ലായ്പ്പോഴും ഞങ്ങളെ സംരക്ഷിക്കുന്നു. ഇപ്പോഴും ഭഗവാനേ അവിടുന്ന് ഭൂമീദേവിയെ ഈ അമിതഭാരത്തിൻെറ ദുരിതത്തിൽ നിന്ന് മോചിപ്പിച്ചാലും.”

ഇങ്ങിനെ പ്രാർത്ഥിച്ച് ദേവവൃന്ദം സ്വർഗ്ഗത്തിലേക്ക് മടങ്ങി.

ॐ



## ശ്രീകൃഷ്ണ ജയന്തി

**നിശിഥേ തമ ഉദ്ഭൂതേ ജായമാനേ ജനാർദ്ദനേ ദേവക്യാം ദേവരൂപിണ്യാം വിഷ്ണു:**
**സർവ്വഗുഹാശയ: ആവിരാസീദ്യഥാ പ്രാച്യാം ദിശീന്ദുരിവ പുഷ്കല: (10–3–8)**
**മർത്ത്യോ മൃത്യു വ്യാളഭീത: പലായൻ ലോകാൻ സർവ്വാന്നിർഭയം നാധ്യഗച്ഛത്**
**ത്വത്പാദാബ്ജം പ്രാപ്യ യദച്ഛയാദ്യ സ്വസ്ഥ: ശേതേ മൃത്യുരസ്മാദ പൈതി (10–3–27)**

*ശുകമുനി തുടർന്നു:* ഭഗവൽജനനത്തിനുള്ള ദിവ്യ മുഹൂർത്തം സമാഗതമായി. പ്രകൃതി മുഴുവനും ദിവ്യശിശുവിനെ വരവേൽക്കാൻ എന്നമട്ടിൽ സന്തോഷം പൂണ്ടു. ദിവ്യസംഗീതവും പ്രാർത്ഥനകളും വായുവിൽ നിറഞ്ഞു നിന്നു. അർദ്ധരാത്രിയിൽ ദേവകിയിൽ നിന്നും ഭഗവാൻ പുറത്തുവന്നു. ആ സമയം ദേവകി ഒരു ദേവസ്ത്രീയെപ്പോലെ പ്രശോഭിച്ചു. ആകാശത്തുദിച്ചുയരുന്ന പൂർണ്ണചന്ദ്രന്റെ പ്രഭാപൂരം പോലെയായിരുന്നു അത്. നാലു തൃക്കൈകളും വിഷ്ണുവിന്റെ അടയാളലക്ഷണങ്ങളും നിറഞ്ഞ ശിശുവിനെ കണ്ട് വസുദേവൻ തന്റെ കണ്ണുകൾക്കു പുണ്യമേകി. കാരാഗൃഹത്തിലായതു കൊണ്ട് ഈ അവസരം അദ്ദേഹം മനസ്സാ ആഘോഷിച്ചു. ബ്രാഹ്മണർക്ക് വിലപിടിച്ച സമ്മാനങ്ങൾ മനസ്സാ ദാനം ചെയ്തു. അദ്ദേഹം ഭഗവൽമഹിമകളെ ഇങ്ങിനെ വാഴ്ത്തി: അവിടുന്ന് എല്ലാ ജീവജാലങ്ങളുടേയും അന്തര്യാമിയായ ആ പരമപുരുഷൻ തന്നെ. അങ്ങ് ജീവികളിൽ കയറി നിവസിക്കുന്നു എന്നു പറയുന്നത് ശരിയല്ലതന്നെ. എല്ലായിടവും നിറഞ്ഞു വിളങ്ങുന്നതു കൊണ്ട് ഒരിടത്ത് കയറി എന്നു പറയുക വയ്യല്ലൊ. അവിടുന്ന് തന്നെയാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നത്. ഇങ്ങിനെയൊക്കെയാണെങ്കിലും ഞങ്ങളുടെ ഉണ്ണിയായി അവിടുന്നിപ്പോൾ ജൻമമെടുത്തിരിക്കുന്നത് ദിവ്യാത്ഭുതം തന്നെ. അവിടുന്നു തീർച്ചയായും ഭൂമിയിലെ ദുരിതത്തിനവസാനം കണ്ടെത്തും. ദുഷ്ടരെ ഇല്ലാതാക്കും. എന്നാൽ ഞാൻ ഇപ്പോൾ കംസനെക്കുറിച്ചോർക്കുമ്പോൾ ആകാംക്ഷാഭരിതനാണ്. അവിടുത്തെ ജ്യേഷ്ഠസഹോദരൻമാരെ കംസൻ വധിച്ചു. അങ്ങയേയും കംസൻ ഉപദ്രവിക്കുമോ എന്നാണെന്റെ ഭയം. ദേവകി ഇപ്രകാരം ഭഗവാനെ പ്രാർത്ഥിച്ചു വണങ്ങി: മരണഭയം ബാധിച്ച ഒരുവന് ലോകത്തൊരിടത്തും അഭയം ലഭിക്കുകയില്ല. എന്നാൽ അവിടുത്തെ പാദാരവിന്ദങ്ങളെ ശരണം പ്രാപിക്കുന്നവന് ഭയമെല്ലാം ഇല്ലാതാവുന്നു. ഞങ്ങൾ കംസനെ ഭയപ്പെട്ടു കഴിയുന്നു. നിനക്കു മാത്രമേ ആ ഭയത്തിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാനാവൂ.

*കൃപാനിധിയായ ഭഗവാൻ വസുദേവനോടും ദേവകിയോടുമായി ഇങ്ങിനെ പറഞ്ഞു:* മുൻജൻമങ്ങളിലൊന്നിൽ പൃഷ്ണിയും സുതപയുമായി ജീവിച്ച നിങ്ങൾക്ക് കുട്ടികളുണ്ടായിരുന്നില്ല. നിങ്ങൾ ഇരുവരും ചെയ്ത അനിതരസാധാരണമായ തപസ്സിന്റെ ഫലമായി ഞാൻ നിങ്ങൾക്ക് ദർശനം നൽകി. വരം ചോദിക്കാൻ ആവശ്യപ്പെട്ടപ്പോൾ നിങ്ങൾ എന്നേപ്പോലൊരു പുത്രനെ വേണമെന്നാണ് പറഞ്ഞത്. എന്നാൽ എന്നേപ്പോലെ മറ്റൊരാളുണ്ടാവുക സാദ്ധ്യമല്ലാത്തതുകൊണ്ട് ഞാൻ നിങ്ങളുടെ പുത്രൻ പൃഷ്ണിഗർഭനായി ജനിച്ചു. അടുത്ത ജൻമത്തിൽ അദിതിയും കശ്യപനുമായി നിങ്ങൾ ജനിച്ചു. അപ്പോൾ ഞാൻ ഉപേന്ദ്രനായി (വാമനൻ) നിങ്ങളുടെ പുത്രനായിപ്പിറന്നു. ഇപ്പോഴിതാ മൂന്നാമതും ഞാൻ നിങ്ങളുടെ മകനായിരിക്കുന്നു. എന്റെ വാക്കെപ്പോഴും സത്യമായിരിക്കും. ഞാൻ മനുഷ്യാവതാരമെടുക്കുമ്പോൾ മാത്രമേ ജനങ്ങൾക്കെന്നെ തിരിച്ചറിയാനാവുന്നുള്ളൂ. ഈ ജൻമത്തിൽ എന്നെ സ്നേഹിക്കുന്നതു വഴി നിങ്ങൾക്കിരുവർക്കും പരമസാക്ഷാത്കാരം ലഭിക്കുന്നതാണ്. ഉടനേ തന്നെ ഭഗവാൻ സാധാരണ ശിശുവായി മാറി. ദഗവൽപ്രചോദനമുണ്ടായ വസുദേവൻ ദിവ്യശിശുവിനെ ഒരു കുട്ടയിലാക്കി കാരാഗൃഹത്തിനു വെളിയിൽ എത്തി. കാവൽക്കാർ ഗാഢനിദ്രയിലായിരുന്നു. കാരാഗൃഹത്തിന്റെ കനത്ത വാതിലുകൾ താനെ തുറന്നു. ചങ്ങലകളും പൂട്ടുകളും ശിശുവുമായി വന്ന വസുദേവനെ കണ്ടപാടെ തനിയെ അഴിഞ്ഞു തുറന്നു. ചെറിയൊരു ചാറ്റൽ മഴയുണ്ടായിരുന്നു. ദിവ്യസർപ്പമായ ശേഷൻ രണ്ടു പേർക്കും കുടയായി. യമുനാനദിയിൽ വെള്ളം പൊങ്ങിയിരുന്നു. എന്നാൽ വസുദേവനും ഭഗവാനും വേണ്ടി നദിയിൽ ഒരു പാതയുണ്ടായി. ഇതെല്ലാം ഭഗവാന്റെ മായാശക്തിയാലാണുണ്ടായത്. വാസുദേവൻ വൃന്ദാവനത്തിലെത്തി. എല്ലാ ഗോപൻമാരും ഉറക്കത്തിലായിരുന്നു. യശോദ ഒരു പെൺകുഞ്ഞിനു ജൻമം നൽകിയിരുന്നു (അത് മായതന്നെയായിരുന്നു). ഭഗവന്നിർദ്ദേശപ്രകാരം ദേവി അവതരിച്ചതാണല്ലോ. യശോദ പ്രസവത്തിനു ശേഷം ഉറങ്ങിപ്പോയതിനാൽ കുട്ടി ആണോ പെണ്ണോ എന്നു കൂടി നിശ്ചയമില്ലാതെ കിടപ്പായിരുന്നു. വസുദേവൻ തന്റെ പുത്രനെ അവിടെ കിടത്തി യശോദയുടെ മകളെ എടുത്ത് തിരികെ കാരാഗൃഹത്തിലേക്ക് പോയി. യശോദ ഉണർന്നപ്പോൾ ഒരാൺകുട്ടിയെ അരികത്തു കണ്ടു.

ॐ



## യഥാffമയോfംഗേ സമുപേക്ഷിതോ നൃഭിർ
## ന്നശക്യതേ രൂഢപദശ്ചികിത്സിതും
## യഥേന്ദ്രിയ ഗ്രാമ ഉപേക്ഷിതസ്തഥാ
## രിപൂർമ്മഹാൻ ബദ്ധബലോ നചാല്യതേ (10-4-38)

*ശുകമുനി തുടർന്നു:*

വസുദേവൻ കാരാഗൃഹത്തിലേക്ക് തിരിച്ചു വന്നയുടനേ വാതിലുകൾ അടഞ്ഞു. കയ്യിലുള്ള പെൺകുഞ്ഞിൻെറ കരച്ചിൽ കേട്ട് കാവൽക്കാർ ഉണർന്നു. കംസനെ വിവരമറിയിച്ചു. ഓടിയെത്തിയ കംസൻ തൻെറ കാലനായ എട്ടാമത്തെ സന്താനത്തെ കണ്ടു. ദേവകിയുടെ അപേക്ഷ വകവക്കാതെ കുഞ്ഞിനെ വലിച്ചെടുത്ത് നിലത്തടിക്കാൻ തുനിഞ്ഞു. എന്നാൽ കുഞ്ഞ് വിശ്വമാതാവിൻെറ മോഹനരൂപം കൈകൊണ്ട് ആകാശത്തേക്കു പറന്നുപോയി. അവിടെ കൈകളിൽ അടയാള ചിഹ്നങ്ങളും ആയുധങ്ങളും ധരിച്ച് ദേവി നിലകൊണ്ടു. കംസൻെറ വിഡ്ഢിത്തത്തെ കളിയാക്കി ചിരിച്ച് ഇങ്ങിനെ പറഞ്ഞു. "എന്നെ വധിച്ചതു കൊണ്ടെന്താണു പ്രയോജനം? വിഡ്ഢീ നിൻെറ മരണത്തിനുത്തരവാദിയായവൻ മറ്റൊരിടത്തു ജനിച്ചു കഴിഞ്ഞു. അതുകൊണ്ട് നിരപരാധികളെ ദ്രോഹിക്കരുത്. ദിവ്യമാതാവയ ജഗജ്ജനനിയെ പലേയിടങ്ങളിൽ പല നാമങ്ങളിൽ നാം പൂജിക്കുന്നു.

സംഭവങ്ങളുടെ ഗതിയിൽ കംസൻ വളരെ ചഞ്ചലനായി കാണപ്പെട്ടു. ഉടനേ തന്നെ ദേവകിയേയും വസുദേവനേയും ബന്ധ വിമോചിതരാക്കി. അവരുടെ കാൽക്കൽ വീണു ക്ഷമ യാചിച്ചു. "എനിക്ക് മാപ്പു തരൂ. നിങ്ങളുടെ നിരപരാധികളായ കുഞ്ഞുങ്ങളെയെല്ലാം കൊന്ന പാപിയാണ് ഞാൻ. എന്നാൽ ദു:ഖിക്കരുത്. അവരെല്ലാം അവരുടെ കർമ്മഫലങ്ങൾ അനുഭവിക്കുകയാണ് ചെയ്തത്. മാത്രമല്ല ജനനമരണങ്ങൾ തുടങ്ങിയ മാറ്റങ്ങൾ ശരീരത്തിനു മാത്രമാണുള്ളത്. ആത്മാവിനല്ല. ആർ ആത്മാവിനെ ശരീരമായും ശരീരത്തെ ആത്മാവായും കണക്കാക്കുന്നുവോ അവരാണ് തങ്ങൾ മറ്റുള്ളവരെ കൊന്നുവെന്നോ മറ്റുള്ളവർ കൊല്ലപ്പെട്ടുവെന്നോ കരുതി കേഴുകയുള്ളൂ. ദേവകിയും വസുദേവനും കംസൻെറ വിജ്ഞാനനിർഭരമായ വാക്കുകൾ കേട്ട് ശാന്തരായി. വസുദേവൻ പറഞ്ഞു: ഇതെൻേറത് അത് എൻേറതല്ല തുടങ്ങിയ വ്യത്യാസം ഉണ്ടാവുന്നത് അജ്ഞതയിൽ നിന്നാണ്. ഈ വ്യതിരിക്തതയിൽ നിന്നും ഉപരിയായിട്ടുള്ളവന് ദു:ഖിക്കേണ്ടി വരികയില്ല."

കംസൻ തൻെറ ഉപദേഷ്ടാക്കളെ വിളിച്ച് നടന്ന സംഭവങ്ങൾ വിവരിച്ചു. മഹാമായ എന്താണു പറഞ്ഞതെന്നും അവരോട് പറഞ്ഞു. രാക്ഷസർ കംസനെ സഹായിക്കാനുള്ള ഉത്സാഹത്താൽ എന്തും ചെയ്യാനൊരുക്കമായിരുന്നു. "പത്തു ദിവസത്തിൽ താഴെ പ്രായമുള്ള എല്ലാ കുഞ്ഞുങ്ങളെയും നമുക്ക് വധിക്കാം. നമ്മെ തടുക്കാനാരുണ്ട്? ദേവൻമാർ ഭീരുക്കളാണ്. അവർക്ക് അങ്ങയെ ഭയവുമാണ്. ത്രിമൂർത്തികൾ പോലും അങ്ങേയ്ക്കു മുൻപിൽ നിൽക്കുകയില്ല. വിഷ്ണു ഏകനായി ഭക്തൻമാരുടെ ഹൃദയത്തിലെ രഹസ്യ അറകളിലാണ് വസിക്കുന്നത്. പരമശിവൻ വനത്തിൽ. ബ്രഹ്മാവ് തപസ്സിലുമാണ്. നാം ആലോചിച്ചു സമയം കളയരുത്. കാരണം ശത്രുവിന് ബലം വർദ്ധിക്കുന്തോറും അവനെ നേരിടാൻ ബുദ്ധിമുട്ടേറും. തുടക്കത്തിലേ ചികിത്സിക്കാത്ത രോഗം പോലെയാണത്. അല്ലെങ്കിൽ ഒരു ചീത്ത സ്വഭാവം വേരുറക്കും മുൻപ് ഇന്ദ്രിയങ്ങളെ നിലയ്ക്കു നിർത്താത്തതു പോലെയാണത്. കാരണം അടിയുറച്ചു പോയ ദു:സ്വഭാവത്തെ നിയന്ത്രിക്കുക ദുഷ്ക്കരമത്രെ. വിഷ്ണുവാണ് ദേവൻമാരുടെ പ്രധാന ആശ്രയം. സനാതനധർമ്മം പുലരുന്നയിടത്താണ് വിഷ്ണു. സനാതനധർമ്മത്തിൻെറ ഇരിപ്പിടം ബ്രാഹ്മണരിലും മഹാത്മാക്കളിലുമായതിനാൽ അവരേയും നമുക്ക് വധിച്ചുകളയാം. മഹാത്മാക്കളെ ദ്രോഹിക്കാൻ അവർ തിരുമാനിക്കുകയും അങ്ങിനെ അവരുടെ പുണ്യം കുറഞ്ഞു വരികയും ചെയ്തു.

**കാലേന സ്നാനശൗചാഭ്യാം സംസ്കാരൈസ്തപസേജ്യയാ**
**ശുദ്ധ്യന്തി ദാനൈ: സന്തുഷ്ട്യാ ദ്രവ്യാണ്യാത്മാത്മാ$ff$വിദ്യയാ (10-5-4)**
**അഹോ തേ ദേവകീപുത്രാ: കംസേന ബഹവോ ഹതാ:**
**ഏകാവശിഷ്ടാവരജാ കന്യാ സാപി ദിവം ഗതാ (10-5-29)**
**നൂനം ഹ്യദൃഷ്ടനിഷ്ഠോ$f$യമദൃഷ്ട പരമോ ജന:**
**അദൃഷ്ടമാത്മനസ്തത്ത്വം യോ വേദ ന സ മുഹ്യതി (10-5-30)**

*ശുകമുനി തുടർന്നു:*
തനിക്കൊരു മകൻ പിറന്നിരിക്കുന്നതിൻെറ സന്തോഷം നന്ദഗോപൻ തൻെറ ബന്ധുമിത്രാദികളുമായി പങ്കുവച്ചു. പുരോഹിതൻമാരുടെ സഹായത്തോടെ മകൻെറ ജൻമകർമ്മങ്ങളെല്ലാം നിർവ്വഹിച്ചു. ആ സമയത്ത് ബഹുമാന്യരായവർക്കും ബ്രാഹ്മണർക്കും ധാരാളം സമ്മാനങ്ങൾ നൽകി. ദ്രവ്യങ്ങൾ കാലക്രമം കൊണ്ടും കുളി ശുദ്ധീകരണം ധർമ്മയാഗങ്ങൾ തപശ്ചര്യകൾ എന്നിവ കൊണ്ടും സമ്മാനങ്ങൾ സംതൃപ്തികൊണ്ടും പരിശുദ്ധമാവുന്നു. എന്നാൽ ആത്മശുദ്ധിയുണ്ടാവാൻ ആത്മജ്ഞാനം കൂടിയേ കഴിയൂ. നാടുമുഴുവൻ സന്തോഷത്തിലാണ്ടു. എങ്ങും ഉത്സവഛായ പരന്നു. ഗോപൻമാരും ഗോപികമാരും പുതുവസ്ത്രങ്ങളണിഞ്ഞ് അലങ്കാരങ്ങളോടെ അവരുടെ ഹൃദയങ്ങളിലെ ഉല്ലാസം പ്രകടമാക്കി. എല്ലാ വീട്ടിലും അവിടുത്തെ ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും തങ്ങളുടെ ഏറ്റവും വലിയ ആഗ്രഹം സാധിച്ചതു പോലെയായിരുന്നു ആ നാട്ടിലെ ജനങ്ങളുടെ ഭാവം. എല്ലാവരും പരസ്പരം സുവിശേഷം അറിയിച്ചു. എല്ലാവരും തങ്ങളുടെ ഗോത്രത്തലവനായ നന്ദൻെറ വീട്ടിലേക്ക് ചെന്നു. അവർ ഒറ്റയ്ക്കും കൂട്ടായും ശിശുവിനു വേണ്ടി പ്രാർത്ഥിച്ചു. സ്ത്രീകൾ പ്രാർത്ഥനകളിൽ ഏർപ്പെട്ടപ്പോൾ പുരുഷൻമാർ പലേവിധ കളികളിലും തമാശകളിലും ഏർപ്പെട്ടു. തൈരും വെണ്ണയും പരസ്പരം വാരിത്തേച്ച് ചിലർ അവയിൽത്തെറ്റി മറിഞ്ഞ് വീണു. വസുദേവൻെറ ഭാര്യയായ രോഹിണി നന്ദനാൽ ബഹുമാനിതയായി അവിടെയെല്ലാം ഓടി നടന്നു. വൃന്ദാവനത്തിൽ മഹാലക്ഷ്മി ഭാഗ്യലക്ഷ്മിയായി വിരാജിച്ചു. ഭഗവാൻ സ്വയം അവിടെ അവതരിച്ചുവല്ലോ.

കംസനുള്ള കരമടയ്ക്കാൻ നന്ദന് മഥുരക്ക് പോകണമായിരുന്നു. മകൻെറ സുരക്ഷയെപ്പറ്റി ഓർത്ത് നന്ദൻ വ്യാകുലനായിരുന്നു. നാട്ടുകാരേയും നാടിനേയും പരിപാലിക്കാൻ മറ്റു ഗോപൻമാരെ ഏൽപ്പിച്ച് ഹൃദയ ഭാരത്തോടെ നന്ദൻ യാത്രയായി. നന്ദൻെറ മഥുരായാത്രയെപ്പറ്റി അറിഞ്ഞ വസുദേവൻ നന്ദൻെറ ഔദ്യോഗിക കർമ്മങ്ങൾക്ക് ശേഷം അദ്ദേഹത്തെ സന്ദർശിച്ചു. പരസ്പരം ആലിംഗനം ചെയ്ത് ഉപചാരം കൈമാറിയ ശേഷം വസുദേവൻ നന്ദനോട് ചോദിച്ചു. "അങ്ങേക്ക് ഒരു പുത്രനുണ്ടായ വാർത്ത കേട്ട് ഞാൻ വളരെയധികം സന്തോഷിക്കുന്നു. ഗോകുലത്തിലെ ജനങ്ങൾക്ക് ഐശ്വര്യമാണെന്നും അവർ സന്തുഷ്ടരുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഗോക്കൾ ആരോഗ്യമുള്ളവയാണെന്നും അവയ്ക്ക് ഇഷ്ടംപോലെ ആഹാരനീഹാരാദികൾ ഉണ്ടെന്നും ഞാൻ പ്രതീക്ഷിക്കുന്നു. എൻെറ മകൻ അങ്ങയുടെ വീട്ടിൽ സുഖമായി കഴിയുന്നുവല്ലോ? വിജ്ഞാനികൾ പറയുന്നത് ധർമ്മം ഐശ്വര്യം സന്തോഷം ഇവ ശരിയായി ആസ്വദിക്കണമെങ്കിൽ അവ തങ്ങളുടെ സ്നേഹിതരുമായി പങ്കുവെക്കണമെന്നാണ്. എന്നാൽ ദു:ഖം അങ്ങിനെ പങ്കിടാനുള്ളതല്ല. അതിനാൽ ബന്ധുമിത്രാദികളും സുഖസന്തോഷങ്ങളും വളരെ പ്രധാനമത്രെ." ഇതിനു മറുപടിയെന്നോണം നന്ദൻ പറഞ്ഞു. "അങ്ങയുടെ മക്കളെ പലരേയും കംസൻ വധിച്ചു എന്നെനിക്കറിയാം. അങ്ങയുടെ മകളേയും കംസൻ കൊണ്ടുപോയി. എന്നാൽ ഇതെല്ലാം അദൃഷ്ടമായതും മുജ്ജൻമകർമ്മഫലഹേതുവുമത്രെ. ഇതറിയുന്നവൻ ദു:ഖിക്കുന്നില്ല."

വസുദേവൻ നന്ദനെ വൃന്ദാവനത്തിലേക്ക് പെട്ടെന്നുതന്നെ തിരിച്ചു പോവാൻ പ്രേരിപ്പിച്ചു. വൃന്ദാവനത്തിലേതോ ആപത്തു വരാൻ പോവുന്നതിൻെറ ഒരു സൂചന വസുദേവന് തോന്നിയിരുന്നു. നന്ദൻ മഥുര വിട്ട് അതിവേഗം ഗോകുലത്തിലേക്ക് തിരിച്ചു.

*അദൃഷ്ടം എന്നതിന് പൂർവ്വ കർമ്മഫലം എന്നാണിവിടെ അർത്ഥം. കർമ്മം വിധി ഭാഗ്യം എന്നും പറയാം. കാണപ്പെടാത്തത് എന്നാണ് അക്ഷരാർത്ഥം.*

**ന യത്ര ശ്രവണാദീനി രക്ഷോഘ്നാനി സ്വകർമ്മസു
കുർവന്തി സാത്വതാം ഭർത്തുര്യാതുധാന്യശ്ച തത്ര ഹി (10-6-3)
പൂതനാ ലോക ബാലഘ്നീ രാക്ഷസീ രുധിരാശനാ
ജിഘാംസയാ പി ഹരയേ സ്തനം ദത്ത്വാ*ff*പസദ്ഗതിം (10-6-35)**

*ശുകമുനി തുടർന്നു:*
ഇതേ സമയത്ത് കംസൻെറ ആജ്ഞയനുസരിച്ച് പൂതന എന്ന രാക്ഷസി വൃന്ദാവനത്തിൽ ചെന്നു. അങ്ങിനെയുളള രാക്ഷസികളും ദുരാത്മാക്കളും പ്രവേശിക്കുന്നത് ഭഗവൽകഥകളും മഹിമകളും പാടാത്ത ഗൃഹങ്ങളിലാണ്. ഗാർഹികധർമ്മങ്ങൾ വഴിയാംവണ്ണം ചെയ്യുന്നിടത്തായാലും ഭഗവൽകീർത്തനമുരിയാടാത്ത ഇടങ്ങളിൽ അവർ ചെന്നുകയറുന്നു. പൂതന തന്ത്രപൂർവ്വം അതിസുന്ദരിയായ യുവതിയുടെ രൂപത്തിലാണ് വൃന്ദാവനത്തിൽ ചെന്നത്. മഹാലക്ഷ്മിയെ വെല്ലുന്ന സൗന്ദര്യം. കുഞ്ഞുങ്ങളെ കൊന്നൊടുക്കാൻ തീർച്ച പ്പെടുത്തിയ കംസസൈന്യത്തിൽപ്പെട്ടവളാണ് പൂതന. പതുക്കെപ്പതുക്കെ പൂതന നന്ദഗൃഹത്തിൽ പ്രവേശിച്ചു. എന്നിട്ട് കൃഷ്ണനെ എടുത്തു. യശോദയും രോഹിണിയും നിസ്സഹായരായി നോക്കിനിൽക്കെത്തന്നെ. അവരും യുവതിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായിരുന്നു. പൂതന കുഞ്ഞിനെ മടിയിലിരുത്തി സ്നേഹപൂർവ്വം മുലയൂട്ടാൻ തുടങ്ങി. അവളുടെ മുലക്കണ്ണുകളിൽ വിഷം പുരട്ടിയിരുന്നു.

ദിവ്യശിശു അവളുടെ മുലയിൽ നിന്നും ആവേശത്തോടെ വിഷപ്പാൽ മുഴുവനും കുടിച്ചു തീർത്തു. അതു കുഞ്ഞിനെ തീരെ ബാധിച്ചില്ലെന്ന് മാത്രമല്ല അവളുടെ പ്രാണരസം തന്നേയും കൃഷ്ണൻ വലിച്ചു കളഞ്ഞു. പ്രാണവേദനയോടെ അവൾ കുതറിമാറാൻ ശ്രമിച്ചെങ്കിലും കൃഷ്ണൻ പിടി വിട്ടില്ല. ഞെളിപിരികൊണ്ട് ആകാശത്തേക്കുയർന്ന് പൂതന തൽസ്വരൂപം കാട്ടി. മരങ്ങളെ തകർത്ത് അവളുടെ ഭീമാകാരം താഴെ വീണു. ബീഭൽസവും ഭയാനകവുമായിരുന്നു ആ ദൃശ്യം.

വൃന്ദാവനത്തിലെ ഗോപാലൻമാർ പേടിച്ചു വിറച്ചുവെങ്കിലും അവസാനം സന്തോഷിച്ചു. തങ്ങളുടെ ഭാഗ്യാതിരേകം കൊണ്ടാണ് കൊച്ചുകൃഷ്ണൻ വലിയൊരാപത്തിൽ നിന്നും വൃന്ദാവനത്തെ രക്ഷിച്ചതെന്നവർ വിശ്വസിച്ചു. എന്നിട്ടവർ എല്ലാവിധത്തിലുമുള്ള മന്ത്രതന്ത്രങ്ങളും ചെയ്ത് കുഞ്ഞിനെ ബാധിക്കാനിടയുള്ള ഭൂതപ്രേതാദികളെ ഒഴിവാക്കി. ഭഗവൽനാമമുരുവിട്ടുകൊണ്ട് കൃഷ്ണൻെറ ദേഹത്തിൻെറ വിവിധ ഭാഗങ്ങളിൽ തൊട്ട് ആ ദിവ്യശരീരത്തിൽ പ്രേതബാധകളുണ്ടാകാതിരിക്കാൻ പ്രാർത്ഥിച്ചു. യശോദ കൃഷ്ണനെ മുലയൂട്ടി ഉറക്കി. ഈ സമയത്ത് നന്ദഗോപാലൻ മഥുരയിൽ നിന്നും മടങ്ങിയെത്തി. വസുദേവൻ മുൻകൂട്ടിക്കണ്ട ആപത്ത് ഇതാണെന്നറിഞ്ഞ് ആശ്ചര്യപ്പെട്ടു. അതീന്ദ്രിയദൃഷ്ടി തന്നെയത്. നന്ദൻ കൃഷ്ണനെ ആശ്ലേഷിച്ചു.

വൃന്ദാവനവാസികൾ പൂതനയുടെ ജഢം സംസ്കരിച്ചു. ചിതയിൽ നിന്നപ്പോൾ സ്വർഗ്ഗീയസുഗന്ധമുയർന്നു. ഭഗവാൻ മുലകുടിച്ചപ്പോൾ അവളുടെ പാപങ്ങളെല്ലാം പോയിരുന്നു. ഭഗവാൻെറ അമ്മയുടെ സ്ഥാനവും അവൾക്ക് ലഭിച്ചു. ഈ രാക്ഷസിഷ കുഞ്ഞുങ്ങളെ കൊല്ലുന്നവളായിട്ടുകൂടി കൃഷ്ണന് മുലയൂട്ടിയെന്ന കാരണം കൊണ്ടു മാത്രം പരമപദം ആർജ്ജിച്ചു. ദുരുദ്ദേശത്തോടെയാണെങ്കിലും ഭഗവാനെ പ്രേമിച്ചവർക്കുള്ള പ്രതിഫലം ഇതാണെങ്കിൽ ഭഗവാനെ നിർമ്മലഭക്തിയാൽ ഹൃദയം നിറച്ചുവച്ചു പ്രേമിക്കുന്നവർക്കുള്ള സമ്മാനം എന്തായിരിക്കും?

പൂതനാ മോക്ഷത്തിൻെറ കഥ കേൾക്കുന്നവർക്ക് പരമ ഭക്തിയുണ്ടാവുന്നതാണ്.

**പീതപ്രായസ്യ ജനനീ സാ തസ്യ രുചിരസ്മിതം**
**മുഖം ലാളയതീ രാജൻ ജൃംഭതോ ദദൃശേ ഇദം (10-7-35)**
**ഖം രോ ദസീ ജ്യോതിരനീകമാശാ: സൂര്യേന്ദു വഹ്നിശ്വസനാം ബുധീംശ്ച**
**ദ്വീപാൻ നഗാം സ്തദ്ദുഹിതൄർവ്വനാനി ഭൂതാനി യാനി സ്ഥിരജംഗമാനി (10-7-36)**
**സാ വീക്ഷ്യ വിശ്വം സഹസാ രാജൻ സംജാതവേപഥു**
**സമ്മീല്യ മൃഗശാബാക്ഷീ നേത്രേ ആസീത് സുവിസ്മിതാ (10-7-37)**

*ശുകമുനി തുടർന്നു:*
കൃഷ്ണൻ കമിഴാൻ തുടങ്ങിയത് വൃന്ദാവനവാസികൾക്കെല്ലാം ആനന്ദത്തിൻെറ അവസരമായി. കാരണം കൃഷ്ണനെ വൃന്ദാവനത്തിലെ വീടുകളിലെല്ലാം സ്വന്തം കുട്ടിയായി കരുതിപ്പോന്നു. അവൻെറ ജീവിതത്തിലെ ഓരോ സംഭവങ്ങളും എല്ലാ വീടുകളിലും ആഘോഷാവസരമായി. ഉത്സവസമയത്ത് യശോദ കൃഷ്ണനെ ഒരു കാളവണ്ടിയുടെ അടിയിൽ കിടത്തി മറ്റു സ്ത്രീകളോട് വർത്തമാനം പറഞ്ഞിരുന്നു. വണ്ടിയിൽ നിറയെ പാലും മറ്റും വച്ചിരുന്നു. ബഹളത്തിൽ കുഞ്ഞിൻെറ കരച്ചിൽ അമ്മ കേട്ടുമില്ല. കൃഷ്ണൻ തൻെറ പിഞ്ചു പാദങ്ങൾകൊണ്ട് വണ്ടിയിൽ ചവിട്ടിയപ്പോൾ വണ്ടി തകിടംമറിഞ്ഞ് പാലും മറ്റു സാധനങ്ങളും അവിടെ ചിതറിപ്പോയി. അമ്മയും മറ്റുള്ളവരും ഓടിയെത്തി ശിശുവിനൊന്നും സംഭവിച്ചില്ലെന്നറിഞ്ഞ് സമാധാനിച്ചു. ഗോപാലർ ഗ്രാമത്തിലെ മുതിർന്നവരോട് കൊച്ചുകൃഷ്ണനാണ് വണ്ടി മറിച്ചതെന്ന് പറഞ്ഞു. അവരത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അവർ ബ്രാഹ്മണരെക്കൊണ്ട് പ്രത്യേക പ്രാർത്ഥനകൾ നടത്തിച്ചു. അവർക്കതിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. ഒരു ദുരാത്മാവ് വണ്ടിയിൽ പ്രവേശിച്ചുവെന്നും അതിൻെറ ശരീരമില്ലാത്ത ഗതിയിൽനിന്നും കൃഷ്ണൻെറ പാദസ്പർശംകൊണ്ട് അതിനു മോക്ഷം ലഭിച്ചുവെന്നും പറയപ്പെടുന്നു. മറ്റൊരു ദിവസം യശോദ മകനെ മടിയിലിരുത്തി കളിപ്പിക്കുകയായിരുന്നു. പെട്ടെന്ന് മകന് ഭാരം വർദ്ധിച്ചു. മഹാമേരുവിൻെറ ഭാരമുണ്ടവന് എന്നമ്മക്ക് തോന്നി. ഇതിനെപ്പറ്റിയാലോചിച്ച് വിസ്മയം പൂണ്ടു ആ അമ്മ. ആപത്തൊന്നും വരല്ലേ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

ഒരു ദിവസം ഗ്രാമം മുഴുവൻ ചുഴലികൊടുങ്കാറ്റിനടിപ്പെട്ടു. പരസ്പരം കാണാൻ വയ്യാത്തത്ര പൊടിപടലം. ദിവ്യശിശുവിനെ കാണാൻ കഴിയാതെ യശോദ വിഷമിച്ചു. തലചുറ്റി വീണു. കംസൻെറ ഒരു രാക്ഷസപ്പടയാളി ചുഴലിയായി വന്ന് കുട്ടിയെ തട്ടിക്കൊണ്ടു പോയി. എന്നാൽ കുഞ്ഞ് ക്രമേണ ഭാരം വർദ്ധിച്ച് രാക്ഷസന് പൊക്കാൻ വയ്യാത്തത്രയായി. എന്നാൽ അവന് കൃഷ്ണൻെറ പിടിയിൽ നിന്ന് വിടുതൽ കിട്ടി രക്ഷപ്പെടാനും കഴിഞ്ഞില്ല. കൃഷ്ണൻ അവൻെറ കഴുത്തിൽ പിടികൂടിയിരുന്നു. അവസാനം അവനും സ്വരൂപത്തിൽ നിലത്തു കുഴഞ്ഞു വീണു മരിച്ചു. കൃഷ്ണൻ അവൻെറ നെഞ്ചത്തിരുന്നു കളിച്ചു. ചുഴലിയൊതുങ്ങി ശാന്തമായപ്പോൾ വലിയൊരു രാക്ഷസൻെറ നെഞ്ചിൽ കയറി കളിക്കുന്ന കൃഷ്ണനെയാണ് വൃന്ദാവനവാസികൾ കണ്ടത്. കുട്ടി അത്ഭുതകരമാംവണ്ണം രക്ഷപ്പെട്ടതു കണ്ട് അവർ ആഹ്ലാദിച്ചു.

ഒരു ദിവസം യശോദ മകനെ മുലയൂട്ടുമ്പോൾ അവൻെറ വായ് തുടച്ചു കൊടുത്തു. കൃഷ്ണൻ കോട്ടുവായിടുമ്പോൾ അവൻെറ വായിൽ വിശ്വം മുഴുവൻ: ആകാശം നക്ഷത്രങ്ങൾ സൂര്യചന്ദ്രൻമാർ ജീവികൾ എല്ലാം അവർ ദർശിച്ചു. ആ ദൃശ്യത്തിൽ യശോദ ആശ്ചര്യചകിതയായി. അൽപ്പം ഭയവും ആശങ്കയും ആ അമ്മയ്ക്കുണ്ടായി.

**ബഹൂനി സന്തി നാമാനി രൂപാണി ച സുതസ്യ തേ**
**ഗുണകർമ്മാനുരൂപാണി താന്യഹം വേദ നോ ജനാ: (10-8-15)**
**വത്സാൻ മുഞ്ചൻ ക്വചിദസമയേ ക്രോശസംജാതഹാസ:**
**സ്തേയം സ്വാദ്വത്ത്യഥ ദധി പയ: കൽപ്പിതൈ: സ്തേയയോഗൈ:**
**മർക്കാൻ ഭോക്ഷ്യൻ വിഭജതി സ ചേന്നാത്തി ഭാണ്ഡം ഭിനത്തി**
**ദ്രവ്യാലാഭേ സഗൃഹകുപിതോ യാത്യുപക്രോശ്യ തോകാൻ (10-8-29)**

*ശുകമുനി തുടർന്നു:*
കുട്ടിക്കു പേരിടാനുള്ള സമയമായി. കുല ജ്യോതിഷിയായ ഗർഗനോട് യശോദയുടെയും രോഹിണിയുടെയും പുത്രൻമാർക്ക് പേരിടുന്ന ചടങ്ങ് നടത്തിക്കൊടുക്കാൻ നന്ദൻ അഭ്യർത്ഥിച്ചു. എന്നാൽ ഗർഗൻ തന്റെ ആശങ്ക പ്രകടിപ്പിച്ചു. "കംസൻ ഈ ചടങ്ങിനെപ്പറ്റി അറിഞ്ഞാൽ യശോദയുടെ കുഞ്ഞ് ദേവകീപുത്രനാണെന്ന് സംശയിച്ച് ഉപദ്രവിക്കാനൊരുങ്ങിയേക്കും. അതുകൊണ്ട് പരമരഹസ്യമായി ഒരു പശുത്തൊഴുത്തിൽ വച്ചാണ് നാമകരണം നടത്താം. ഗർഗൻ പറഞ്ഞു: ഈ മകൻ പലേ ജൻമങ്ങളും എടുത്തിട്ടുണ്ട്. അവയിൽ വെളുത്തവനായും ചുവന്നും മഞ്ഞനിറത്തിലുമുള്ള രൂപങ്ങൾ അവൻ ധരിച്ചിട്ടുണ്ട്. ഇപ്പോൾ അവൻ കൃഷ്ണൻ എന്നറിയപ്പെടും. ശ്യാമനിറമാണല്ലോ അവൻേറത്. കാലാകാലങ്ങളിലെ ആവശ്യങ്ങൾക്കനുസരിച്ച് ഇവന് പലേ നാമരൂപങ്ങൾ ഉണ്ടായിട്ടുണ്ട്. വസുദേവപുത്രനായതു കൊണ്ട് വാസുദേവൻ എന്നും ഇവനറിയപ്പെടും. ഇവൻ ഭഗവാൻ നാരായണന് തുല്യനത്രെ. ഇവനെ സ്നേഹിക്കുന്നവർക്കും ഇവനിൽ ഭക്തിയുള്ളവർക്കും ശത്രുക്കളിൽ നിന്ന് ദ്രോഹമുണ്ടാവുകയില്ല. അതുകൊണ്ട് അവനെ നല്ല പോലെ പരിരക്ഷിക്കുക". മറ്റേ കുട്ടി ബലൻ എന്നും രാമൻ എന്നും അറിയപ്പെട്ടു. രണ്ടു ബാലൻമാരും വളരെ വേഗം വളർന്നു. മുട്ടിലിഴയാൻ തുടങ്ങി കാൽത്തളമണികളിലെ മധുരശബ്ദങ്ങളാൽ അവിടം മുഖരിതമായി. അവരുടെ ശരീരം മിക്കവാറും പൊടിയും ചെളിയും പുരണ്ടിരുന്നു. അത് അവരുടെ ഭംഗി വർദ്ധിപ്പിക്കുകയും ചെയ്തു. വൃന്ദാവനത്തിലെ സ്ത്രീകളുടെ കണ്ണിലുണ്ണികളായി അവർ. ആ കുട്ടികൾ കുസൃതിത്തരങ്ങൾ കാട്ടി എപ്പോഴും വിശ്രമരഹിതമായി അവരുടെ അമ്മമാർക്ക് ആശങ്കയും ഭയവും നൽകി. താമമസമെന്യേ അവർ നടക്കാനും തുടങ്ങി.

ഒരിക്കൽ ഗോപികമാർ യശോദയോട് പരാതിപ്പെട്ടു. "ചിലപ്പോൾ നിങ്ങളുടെ മകൻ പാലു കറക്കുന്ന സമയത്തിനു മുൻപേ പശുക്കുട്ടിയെ അഴിച്ചു വിടുന്നു. ഞങ്ങളുടെ വീടുകളിൽ നിന്ന് വെണ്ണയും പാലും മോഷ്ടിക്കുന്നു. എന്നിട്ട് അവനത് കുരങ്ങൻമാർക്കു പോലും നൽകുന്നു. വീട്ടിൽ ഒന്നും തിന്നാൻ കിട്ടിയില്ലെങ്കിൽ കിടന്നുറങ്ങുന്ന കുട്ടികളെ നുള്ളി നോവിച്ച് കരയിപ്പിക്കുന്നു. അവനിൽനിന്ന് ഒന്നും ഒളിച്ചുവയ്ക്കാൻ വയ്യ. കാരണം അവൻ സ്വപ്രഭകൊണ്ട് മുറിയാകെ പ്രകാശിപ്പിച്ച് കലങ്ങളിൽ എന്താണുള്ളതെന്ന് നോക്കാതെ തന്നെ മനസ്സിലാക്കുന്നു. ഇതെല്ലാംകഴിഞ്ഞ് ഒന്നുമറിയാത്തപോലെ അവൻ നിങ്ങളുടെ അടുത്തു വരുന്നു." മറ്റൊരവസരത്തിൽ അവർ പരാതിപ്പെട്ടു. "നിങ്ങളുടെ മകൻ മണ്ണു തിന്നു." യശോദ കൃഷ്ണനെ ദേഷ്യപ്പെട്ടു. കൃഷ്ണൻ പറഞ്ഞു: ഞാൻ മണ്ണു തിന്നിട്ടില്ലമ്മേ. എന്നിട്ട് വായും തുറന്നുകാട്ടി. കൃഷ്ണന്റെ വായിൽ യശോദ ഈ വിശ്വത്തെ മുഴുവൻ ദർശിച്ചു. വൃന്ദാവനവും താനും എല്ലാം അതിൽ തെളിഞ്ഞുകാണാം. ആശ്ചര്യചകിതയായി അവർ സ്വയം സംസാരിക്കാൻ തുടങ്ങി. ഇത് മായയോ സത്യമോ? സത്യമെന്തെന്ന് ഈശ്വരനറിയാം. ഞാൻ ആ ഭഗവാനിൽ അഭയം പ്രാപിക്കുന്നു. അവിടുത്തെ മായാശക്തിയാലാണല്ലോ ഞാൻ നന്ദഗോപരുടെ ഭാര്യ യശോദയാണെന്നും ഇവനെന്റെ മകനാണെന്നും കരുതുന്നത്. കൃഷ്ണൻ അമ്മയ്ക്കു മുകളിൽ മായാപടം വീണ്ടുമിട്ടു. യശോദ മകനെ കുസൃതിക്കുടുക്കയായ കൃഷ്ണൻ എന്നു തന്നെ കരുതുകയും ചെയ്തു.

പരീക്ഷിത്തേ ബ്രഹ്മാവ് ദേവൻമാരോട് വൃന്ദാവനത്തിൽ ജനിക്കാൻ ആജ്ഞാപിച്ചല്ലോ. അപ്പോൾ ദ്രോണരും ഭാര്യ ധാരയും ഈ ജൻമത്തിൽ ഭഗവാനിൽ അതീവഭക്തിയുണ്ടാവാനായി പ്രാർത്ഥിക്കുകയും അവർ നന്ദനും യശോദയുമായി ജനിക്കുകയും ചെയ്തു. അങ്ങിനെ ഭഗവാനെ സ്വന്തം പുത്രനായി സ്നേഹിക്കാനുള്ള പരമഭാഗ്യം ലഭിക്കുകയും ചെയ്തു.

ॐ



**സ്വമാതു: സ്വിന്നഗാത്രായാ വിസ്രസ്തകബരസ്രജ:**
**ദൃഷ്ട്വാ പരിശ്രമം കൃഷ്ണ: കൃപയാ$ff$സീത് സ്വബന്ധനേ (10-8-18)**
**ഏവം സം ദർശിതാ ഹ്യംഗ ഹരിണാ ഭൃത്യവശ്യതാ**
**സ്വവശേനാപി കൃഷ്ണേന യസ്യേദം സേശ്വരം വശേ (10-8-19)**

*ശുകമുനി തുടർന്നു:*
ഒരു ദിവസം യശോദ തൈരുകടഞ്ഞ് വെണ്ണയുണ്ടാക്കുന്ന തിരക്കിലായിരുന്നു. അടുപ്പിൽ പാലു തിളയ്ക്കുന്നു. തൻെറ മനസ്സ് ഉണ്ണിക്കണ്ണൻെറ ബാലലീലകളെപ്പറ്റിയോർത്തു രസിച്ച് അതിൽ മുഴുവൻ ലീനയായി അവർ ഇരുന്നു. അപ്പോൾ മുലകുടിക്കാനായി കൃഷ്ണൻ അവിടെ വന്നു. കൃഷ്ണൻ മുലകുടിക്കുന്ന സമയത്ത് അടുപ്പിൽ പാൽ തിളച്ചു തൂവാൻ തുടങ്ങി. ഉടനേ കണ്ണനെ നിലത്തിരുത്തി പാലു കളയാതെ സൂക്ഷിക്കാൻ അടുപ്പിനടുത്തേക്കോടി. വലിയ ദേഷ്യത്തോടെ കൃഷ്ണൻ തൈര് കുടം പൊട്ടിച്ച് മുറി വിട്ടു പോയി.

യശോദ തിരിഞ്ഞു നോക്കുമ്പോൾ ഉടഞ്ഞ പാത്രവും തൂവിപ്പോയ തൈരും കണ്ടു. കൃഷ്ണനെ അവിടെ കണ്ടതുമില്ല. അവൻ അടുത്ത മുറിയിൽ വെണ്ണ സൂക്ഷിച്ചു വച്ചിരിക്കുന്നയിടത്തായിരുന്നു. അവിടെ ഒരു ഉരൽ മറിച്ചിട്ട് അതിന് മുകളിൽ കയറി നിന്ന് ഉറിയിൽ നിന്ന് വെണ്ണയെടുത്ത് അടുത്തു നിൽക്കുന്ന ഒരു കുരങ്ങന് കൊടുക്കുന്നു. യശോദ ഒരു വടിയുമെടുത്ത് കൃഷ്ണനെ സമീപിച്ചു. വലിയ ഭയം അഭിനയിച്ചുകൊണ്ട് അവൻ ഉരലിൽ നിന്നു ചാടിയിറങ്ങിയോടി. അമ്മ വടിയുമായി പിറകേയും.

യശോദ ഉണ്ണികൃഷ്ണനെ പിടികൂടിയ രംഗം വർണ്ണനാതീതമായ ഭംഗിയുള്ളതത്രെ. യോഗിവര്യൻമാർക്കുകൂടി ഏകാഗ്രചിത്തത്തിൽ കാണാൻ കഴിയാത്ത ദൃശ്യമത്രെ അത്. കിട്ടാൻ പോകുന്ന ശിക്ഷയെ ഭയന്നിട്ടെന്ന പോലെ കൃഷ്ണൻ ഉറക്കെ കരഞ്ഞു. കണ്ണു തിരുമ്മി നേത്രാഞ്ജനം മുഴുവൻ മുഖത്ത് കണ്ണീരുമായി കലങ്ങിയൊലിച്ചിറങ്ങി. യശോദ വടി വലിച്ചെറിഞ്ഞു. ഒരു മരഉരലിൽ കൃഷ്ണനെ കെട്ടിയിടാൻ ഒരു കഷണം കയറന്വേഷിച്ചു കണ്ടു പിടിച്ചു. കയറിൻെറ ഒരറ്റം ഉരലിനുചുറ്റും കെട്ടി മറ്റേയറ്റം കൃഷ്ണൻെറ അരയിലും ചുറ്റാൻ തുടങ്ങുമ്പോൾ കയറിനു നീളം പോരാ. അവർ കുറച്ചുകൂടി കയറെടുത്ത് വീണ്ടും കെട്ടാനൊരുങ്ങി. അപ്പോഴും നീളത്തിൽ ഒരൽപ്പം കുറവ്. അങ്ങിനെ പലവുരു യശോദ കയർ കൊണ്ടുവന്നു. അവർ അമ്പരപ്പോടെ തളർന്ന് വിസ്മയചകിതയായി നിന്നു.

കൃഷ്ണൻ ഇതു കണ്ട് പെട്ടെന്ന് അമ്മയ്ക്ക് സ്വയം കെട്ടാൻ നിന്നു കൊടുത്തു. അങ്ങിനെ സ്നേഹപാശം കൊണ്ട് തന്നെ ബന്ധിക്കാമെന്ന് കാണിച്ചുകൊടുത്തു. സർവ്വാന്തര്യാമിയും അനന്തനുമാകയാൽ മനസ്സിനും ഇന്ദ്രിയങ്ങൾക്കും അപ്രാപ്യനാണല്ലോ അവിടുന്ന്. അങ്ങിനെയുള്ള കൃപാകടാക്ഷം ദേവൻമാർക്കുപോലും ലഭ്യമല്ല തന്നെ. ശരീരാഭിമാനമുള്ളവർക്കാർക്കും ഭഗവാനെ പ്രാപിക്കുക സാദ്ധ്യമല്ല. ജ്ഞാനികൾക്കും അങ്ങിനെ തന്നെ. അവിടുത്തെ പ്രാപിക്കാൻ ഹൃദയം നിറഞ്ഞ ഭഗവൽപ്രേമം കൊണ്ടു മാത്രമേ സാധിക്കൂ.

**നഹ്യന്യോ ജൂഷതോ ജോഷ്യാൻ ബുദ്ധിഭ്രംശോ രജോഗുണ:**
**ശ്രീമദാദാഭിജാത്യാദിര്യത്ര സ്ത്രീ ദ്യൂതമാസവ: (10-10-8)**
**ഹന്യന്തേ പശവോ യത്ര നിർദ്ദയൈരജിതാത്മഭി:**
**മന്യ മാനൈരിമം ദേഹമജരാമൃത്യം നശ്വരം (10-10-9)**
**ആസത: ശ്രീമദാന്ധസ്യ ദാരിദ്ര്യം പരമഞ്ജനം**
**ആത്മൗപമ്യേന ഭൂതാനി ദരിദ്ര: പരമീക്ഷതേ (10-10-13)**
**വാണീഗുണാനുകഥനേ ശ്രവണൌ കഥായാം**
**ഹസ്തൌ ച കർമ്മസു മനസ്തവ പാദയോർന്ന:**
**സ്മൃത്യാം ശിരസ്തവ നിവാസജഗത് പ്രണാമേ**
**ദൃഷ്ടി: സതാം ദർശനേƒസ്തു ഭവത്തനൂനാം (10-10-38)**

*ശുകമുനി തുടർന്നു:*
ഉരൽ പിന്നിൽ കെട്ടി വലിച്ചു കൊണ്ട് കൃഷ്ണൻ രണ്ടു കുബേരപുത്രൻമാരെ മോചിപ്പിച്ചു. അവർ നാരദശാപം മൂലം രണ്ടു മരങ്ങളായി നിൽക്കുകയായിരുന്നു. ഒരിക്കൽ ഈ രണ്ട് ഗന്ധർവ്വൻമാരും ആകാശനദിയിൽ അപ്സരസ്സുകളുമായി ജലക്രീഢ നടത്തുകയായിരുന്നു. എല്ലാവരും നഗ്നർ. നാരദൻ അതുവഴി വന്നപ്പോൾ അപ്സരസ്സുകൾ നാണം മറച്ചു. എന്നാൽ മദോൻമത്തരായിരുന്ന കുബേരപുത്രൻമാർ നാണം മറയ്ക്കാതെ നിന്നു. അവരുടെ പ്രതാപത്തിൽ അഹങ്കരിക്കുകയും ചെയ്തു.

നാരദൻ ആലോചിച്ചു: സമ്പത്തിനെയും പാരമ്പര്യത്തിനെയും പറ്റിയുള്ള അഭിമാനം ബുദ്ധിഭ്രമമുണ്ടാക്കുന്നു. അങ്ങിനെയുള്ളവർ എപ്പോഴും സ്ത്രീ മദ്യം ചൂതുകളി ഇവയുമായി ചേർന്നിരിക്കുന്നു. ഇങ്ങിനെ അഹങ്കാരിയായവർ തൻെറ ശരീരം ജരാനരകൾക്കതീതമാണെന്ന ഭാവത്തിൽ മൃഗങ്ങളെ കൊല്ലുന്നു. ഇങ്ങിനെയുള്ള അഹങ്കാരം വച്ചു പുലർത്തുന്നതിലും വലിയ വങ്കത്തം എന്താണുള്ളത്? ഇങ്ങിനെ അഹങ്കാരത്തിൻെറ ആന്ധ്യം ബാധിച്ചവന് ദാരിദ്ര്യമാണ് നല്ലൊരു മറുമരുന്ന്. കാരണം പാവപ്പെട്ടവൻ മറ്റുള്ളവരെ അവൻെറതന്നെ ആത്മാവെന്ന് കരുതി മറ്റുള്ളവരുടെ ദു:ഖങ്ങൾ മനസ്സിലാക്കുന്നു. പാവപ്പെട്ടവൻെറ തിക്താനുഭവജീവിതം തന്നെ ഒരു തപസ്സുപോലെ അവൻെറ കർമ്മാനുഭവങ്ങളെ ഇല്ലാതാക്കുന്നു. മഹാത്മാക്കളുടെ സത്സംഗത്താൽ അവൻ ഭക്തി വളർത്തി ഭഗവാൻെറ താമരപ്പാദങ്ങൾ പൂകുന്നു. അങ്ങിനെ വിചാരിച്ച് കുബേരപുത്രൻമാരെ അവരുടെതന്നെ അഹങ്കാരത്തിൽ നിന്ന് രക്ഷിക്കാനായി നാരദൻ അവരെ ശപിച്ചു. രണ്ടു മരങ്ങളായി ദേഹം മറയ്ക്കേണ്ട ആവശ്യമില്ലാത്ത ശരീരത്തോടെ അവരങ്ങിനെ ചേർന്നു നിന്നു. ആ അവസ്ഥയിലും ഭഗവൽചിന്ത അവർക്കുണ്ടാകുമെന്ന് നാരദൻ അനുഗ്രഹവും നൽകി. ഭഗവാൻ എപ്പോൾ അവർക്കരികിൽ വരുന്നുവോ അപ്പോൾ പാപമോചനം കിട്ടുമെന്നും അവരെ അറിയിച്ചു.

ഭഗവാൻ കൃഷ്ണന് ഇതറിയാമായിരുന്നു. ഭക്തനാരദൻെറ വാക്കുകൾ പാഴാവുക വയ്യ. ഉരലുമുരുട്ടി ഈ രണ്ടു മരങ്ങൾക്കിടയിലൂടെ കൃഷ്ണൻ നടന്നു. മുന്നോട്ടു നടന്നപ്പോൾ ഉരൽ മരങ്ങൾക്കിടയിൽ കുടുങ്ങി. ശക്തിയോടെ ഒന്നു വലിച്ചപ്പോൾ മരങ്ങൾ കടപുഴകി മറിഞ്ഞുവീണു. രണ്ടു തേജസ്വികൾ പുറത്തു വന്നു. അവർ ഇങ്ങിനെ പ്രാർത്ഥിച്ചു: കൃഷ്ണാ അവിടുന്ന് തന്നെ പരംപൊരുളും പുരുഷനും പ്രകൃതിയും എല്ലാം. അവിടുന്ന് സമ്പൂർണ്ണാവതാരമെടുത്ത് മനുഷ്യർക്ക് ഐശ്വര്യവും മുക്തിയും പ്രദാനം ചെയ്യുന്നു. നാരദമുനിയുടെ കൃപയാലാണ് ഞങ്ങൾക്ക് അവിടുത്തെ ദർശനമുണ്ടായത്. ഞങ്ങളുടെ വാക്കുകളെല്ലാം അവിടുത്തെ മഹിമാകിർത്തനങ്ങളാകട്ടെ. ഞങ്ങൾ കേൾക്കുന്നതെല്ലാം അവിടുത്തെ മഹിമകളാവട്ടെ. ഞങ്ങളുടെ മനസ്സ് അവിടുത്തെ പാദാരവിന്ദങ്ങളിലുറച്ചിടട്ടെ. കൈകാലുകൾ അവിടത്തെ സേവിക്കാനാവട്ടെ. ഞങ്ങളുടെ തല എല്ലാ ജീവജാലങ്ങളിലുമുള്ള അവിടുത്തെ സ്ഥാനത്തെ നമിക്കട്ടെ. ഞങ്ങൾ കാണുന്നതെല്ലാം. അവിടുത്തെ തന്നെ പ്രകടിതരൂപങ്ങളായ മഹാത്മാക്കളെ മാത്രമാവട്ടെ എന്നു പ്രാർത്ഥിച്ച് കൃഷ്ണനെ വീണ്ടും വണങ്ങി അവർ അപ്രത്യക്ഷരായി.

**ഇതി നന്ദാദയോ ഗോപാ: കൃഷ്ണരാമകഥാം മുദാ**
**കുർവ്വന്തോ രമമാണാശ്ച നാവിന്ദൻ ഭവവേദനാം (10-11-58)**

*ശുകമുനി തുടർന്നു:*
മരങ്ങൾ കടപുഴകിവീണ ശബ്ദം കേട്ട് ഗ്രാമവാസികൾ ഓടിക്കൂടി. കൃഷ്ണൻെറ കൊച്ചു കൂട്ടുകാർ എന്താണുണ്ടായതെന്ന് പറഞ്ഞു. ചിലർ വിശ്വസിച്ചു. ചിലർക്ക് അതത്ര വിശ്വാസ്യമായിരുന്നില്ല. എന്നാൽ എല്ലാവരും തന്നെ തുടർച്ചയായുണ്ടായ ദു:സംഭവങ്ങളിൽ ആശങ്കാകുലരായിരുന്നു. എന്നാൽ കൃഷ്ണൻ മനുഷ്യശിശുവിൻെറ എല്ലാ ചപലതകളും കാട്ടി വളർന്നു. കൂട്ടരുമൊത്തു കളിച്ചും വീട്ടിൽ ചിലതെല്ലാം ചെയ്തു അവൻ നടന്നു. നന്ദൻ വ്യാകുലനായിരുന്നു. പ്രേതബാധയുള്ളതെന്ന് തോന്നിയ ഗോകുലം വിട്ടുപോവാൻ അദ്ദേഹം തീർച്ചയാക്കി. പൂതനയിൽ നിന്നും തൃണാവർത്തനിൽ നിന്നും മറിഞ്ഞു വീണ കാളവണ്ടിയിൽ നിന്നും കടപുഴകിയ മരങ്ങളിൽ നിന്നും കൃഷ്ണൻ അത്ഭുതകരമായി രക്ഷപ്പെട്ടിരിക്കുന്നു. എന്നാൽ ഇനിയും ആപത്തുകൾക്കവസരം കൊടുക്കാനവർ തയ്യാറായില്ല. എല്ലാ ഗ്രാമവാസികളും നന്ദൻെറ തീരുമാനത്തെ അംഗീകരിച്ചു. അവർ വൃന്ദാവനമെന്നറിയപ്പെടുന്ന ഒരു ചെറിയ വനപ്രദേശത്തേക്ക് താമസം മാറ്റി. വൃന്ദാവനവും ഗോവർദ്ധനപർവ്വതവും പഞ്ചാരമണൽതിട്ടയുള്ള യമുനാ നദിയും കൃഷ്ണന് പ്രിയങ്കരങ്ങളായി.

കൃഷ്ണനും ജ്യേഷ്ഠൻ ബലരാമനും ബാലൻമാരായി വളർന്നു. അവർക്ക് പശുക്കളെ മേക്കാൻ ഇഷ്ടമായിരുന്നു. അവർ പശുക്കളെ പുൽത്തകിടികളിലേക്ക് നയിച്ച് ദിവസം മുഴുവനും അവരെ മേയാൻ വിട്ട് വൈകുന്നേരം ഗ്രാമത്തിലേക്ക് തിരിച്ചു വന്നു. ഒരു ദിവസം പശുക്കൾ പുല്ലുതിന്നുമ്പോൾ കൂട്ടത്തിൽ ഒരു വിചിത്രനായ പശുക്കുട്ടിയെ കൃഷ്ണൻ കണ്ടു. വൽസാസുരൻ എന്ന രാക്ഷസനായിരുന്നു അത്. ശാന്തനായി അവൻെറ പിറകിൽചെന്ന് പിൻകാലുകൾ തൂക്കിയെടുത്ത് അടുത്തുള്ള മരത്തിലേക്ക് കൃഷ്ണൻ ആഞ്ഞടിച്ചു. രക്ഷസൻെറ ജീവൻ പോയതോടെ അവൻെറ പശുവേഷവും പോയി. ഭീകരനായ രാക്ഷസരൂപത്തിൽ അവൻ ചത്തു മലച്ചു വീണു. മറ്റു ഗോപാലൻമാർ കൃഷ്ണൻെറ മിടുക്കിനെ കൈകൊട്ടി അഭിനന്ദിച്ചു.

മറ്റൊരവസരത്തിൽ ഈ വിശ്വരക്ഷകർ ബലരാമനും കൃഷ്ണനും അവരുടെ ഗോപാലധർമ്മത്തിൽ മുഴുകിയിരുന്നു. പശുക്കളുടെ ദാഹം തീർക്കാൻ അവരെ നദീ തീരത്തു കൊണ്ടുപോയി. അപ്പോൾ അവിടെ കൃഷ്ണൻ സംശയാസ്പദമായ രൂപത്തിൽ ഒരു കൊക്കിനെ കണ്ടു. അത് രാക്ഷസനായ ബകാസുരനാണെന്ന് കൃഷ്ണന് മനസ്സിലായി. കംസൻെറ നിർദ്ദേശപ്രകാരം കൃഷ്ണനെ നിഗ്രഹിക്കാൻ അവനവിടെ എത്തിയതായിരുന്നു.. ബകാസുരൻ കുട്ടികളുടെ അടുത്തേക്ക് ചാടിവീണ് കൃഷ്ണനെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു. ഗോപാലൻമാർ നിശ്ശബ്ദരായി വിറച്ചു നിന്നു. അൽപ്പനിമിഷത്തിനുള്ളിൽ കൃഷ്ണൻ അസുരൻെറ വായിൽ നിന്ന് പുറത്ത് വന്നു. കൊക്കിൻെറ കണ്ഠം കൃഷ്ണൻ എരിച്ചു കളഞ്ഞിരുന്നു. പിന്നീട് തൻെറ കൊക്കുകൾ കൊണ്ട് കൃഷ്ണനെ ആക്രമിക്കാനായി അസുരൻെറ ശ്രമം. കൃഷ്ണൻ അവൻെറ കൊക്ക് പിടിച്ച് രണ്ടായി പിളർന്ന് അവൻെറ കഴുത്തുവരെയെത്തിയപ്പോഴേക്കും അസുരൻ വേഷം മതിയാക്കി സ്വരൂപത്തിലായി. ബാലൻമാർക്ക് നല്ലൊരു വിനോദം കണ്ടതുപോലെയായി. ഗ്രാമത്തിലേക്ക് മടങ്ങി അവർകാട്ടിലെ രസകരമായ സംഭവങ്ങൾ പറയാൻ തുടങ്ങി. കൃഷ്ണൻ എങ്ങിനെ വിജയിച്ചു എന്നെല്ലാം അവർ പറഞ്ഞു പരത്തി. എത്ര തവണ ഈ ദിവ്യശിശു ആക്രമിക്കപ്പെട്ടുവെന്നും എല്ലാ തവണയും എങ്ങിനെയവൻ രക്ഷപ്പെട്ടതെന്നും ശത്രുവിനെ ജയിച്ചതെന്നും ഗ്രാമീണർ അത്ഭുതം കൂറി.

ഇങ്ങിനെ കൃഷ്ണൻേറയും ബലരാമൻേറയും അതി ഭൗതീക ചെയ്തികൾ ഓർത്തും പറഞ്ഞും നന്ദനും മറ്റുഗ്രാമീണരും സംസാരജീവിതത്തിൻെറ എല്ലാ ദു:ഖങ്ങളും അവരെ ബാധിക്കാതെ കഴിഞ്ഞു പോന്നു.

**യത്പാദപാംസുർബഹു ജൻമ കൃച്ഛ്റതോ ധൃതാത്മഭിര്യോഗിഭിരപ്യലഭ്യ:
സ ഏവയദ്ദൃഗ്വിഷയ: സ്വയം സ്ഥിത: കിം വർണ്ണ്യതേ ദിഷ്ടമതോ വ്രജൌകസാം (10-12-12)
സകൃദ്യദംഗ പ്രതിമാന്തരാഹിതാ മനോമയീ ഭഗവതീം ദദൌ ഗതിം
സഏവ നിത്യാത്മ സുഖാനുഭൂത്യഭി
വ്യുദസ്തമായോഽന്തർഗ്ഗതോ ഹി കിം പുന: (10-12-39)**

*ശുകമുനി തുടർന്നു:*
ഒരു ദിവസം കൃഷ്ണനും കൂട്ടരും നേരത്തേ തന്നെ കാട്ടിലേക്ക് പോയി. ഉല്ലാസയാത്രയാണവർ അന്നു പരിപാടിയിട്ടത്. കാട്ടിലെത്തിയ അവർ പലേ കളികളിലും മുഴുകി. പശുക്കൾ പുല്ലു മേഞ്ഞു നടന്നു. പരംപൊരുളായ ഭഗവാൻെറ തോഴരായി കളിക്കാനിടവരുക എത്ര ഭാഗ്യകരമണെന്നു നോക്കുക. യോഗിമാരുടെ ധ്യാനനിദാനമായ ഭഗവാൻെറ കളിക്കൂട്ടുകാരായ വൃന്ദാവനവാസികൾ അതീവ ഭാഗ്യശാലികളത്രെ. മഹാത്മാക്കൾക്കും യോഗിവര്യൻമാർക്കുപോലും ആരുടെ പാദരേണുക്കൾ അപ്രാപ്യമാണോ ആ ഭഗവാൻ അവർക്കൊപ്പം ജീവിക്കുന്നു. ഇത് തീർച്ചയായും അവരുടെ മുജ്ജൻമ സുകൃതഫലം തന്നെ.

ആ ഗോപാലൻമാരിരിക്കുന്ന സ്ഥലത്തേയദ്ധക്ക് കംസൻെറ നിർദ്ദേശപ്രകാരം അഘാസുരൻ എത്തി. പൂതനയുടേയും ബകാസുരൻേറയും സഹോദരനായ അഘന് കൃഷ്ണനോട് പകയുണ്ടായിരുന്നുതാനും. വലിയൊരു മലമ്പാമ്പിൻെറ രൂപത്തിൽ അവൻ കൃഷ്ണനേയും കൂട്ടുകാരേയും കാത്തുകിടന്നു. വായ് തുറന്നു വച്ച് കീഴ്ചുണ്ട് ഭൂമിയിലും മേൽച്ചുണ്ട് ആകാശം മുട്ടെയും വലിപ്പമുണ്ടായിരുന്നു ആ വായക്ക്. എല്ലാവരേയും ഒന്നിച്ചു വിഴുങ്ങാനായിരുന്നു അവൻെറ പരിപാടി. സംഘം വായിലേക്ക് നടന്നു കയറാൻ അവൻ കാത്തിരുന്നു.

കളികളിൽ മുഴുകി കൃഷ്ണൻെറ കൂട്ടുകാർ അഘാസുരൻെറ അടുത്തെത്തി. അവൻെറ വായ വലിയൊരു ഗുഹയാണെന്നും നാവ് പാതയാണെന്നും ചൂടു കാറ്റ് അടിക്കുന്നുവെന്നും കരുതി അവർ നടന്നു. ഈ ഗുഹയെക്കണ്ട് ചിലർക്ക് സംശയമുണ്ടായെങ്കിലും മറ്റുള്ളവർ അവരെ സമാധാനപ്പെടുത്തി. ഇതൊരു ഭീകരജീവിയാണെങ്കിൽ പോലും കൃഷ്ണൻ കൂടെയുള്ളതുകൊണ്ട് പേടിക്കാനില്ല. ബകാസുരനെ കൊന്നത് കൃഷ്ണനല്ലേ?

കൃഷ്ണൻ മലമ്പാമ്പിനെ കണ്ട് കൂട്ടുകാരെ തടയാൻ ആഗ്രഹിച്ചെങ്കിലും അവർ നടന്നു മുന്നോട്ടു പോയിക്കഴിഞ്ഞിരുന്നു. രാക്ഷസൻ കൃഷ്ണൻ കയറി വരാൻ കാത്തിരുന്നു. തൻെറ കൂട്ടുകാരേയും ഗോക്കളേയും രക്ഷിക്കാനായി കൃഷ്ണനും അകത്തു കയറാൻ തീരുമാനിച്ചു. ഭഗവാൻ വായിൽ കയറിയതും അസുരൻ വായടച്ചു. അവൻെറ കണ്ഠത്തിൽ ഭഗവാൻ ഭീമാകാരനായി വളർന്നു. അവന് ശ്വാസം മുട്ടി. പ്രാണവായു കിട്ടാതെ കണ്ണു തുറിച്ച് അവൻ ചത്തു വീണു. കൃഷ്ണൻ തൻെറ കടക്കോണിൻെറ ഒരു നോട്ടം കൊണ്ട് ഗോക്കളെയും ഗോപാലൻമാരെയും രക്ഷിച്ചു. പ്രാണവായു പോയപ്പോൾ രാക്ഷസൻെറ തലയോട്ടി പിളർന്നിരുന്നു. ആ ദ്വാരത്തിലൂടെ കൃഷ്ണനും കൂട്ടുകാരും പുറത്തു വന്നു. കൃഷ്ണൻ നോക്കി നിൽക്കെ അഭൗമമായ ഒരു ജ്യോതിർഗോളം അസുരനിൽ നിന്നും കൃഷ്ണഹൃദയത്തിലേക്ക് പ്രവേശിച്ചു. അസുരന് മുക്തിയായി. അത്ഭുതമേതുമില്ല. ഭഗവാൻ സ്വയം അവൻെറ ശരീരത്തിനുള്ളിൽ കയറിയല്ലോ. അങ്ങിനെയുള്ള ഒരുവന് ഭഗവാൻ എന്തുതന്നെ നൽകുകയില്ല? ഒരിക്കലെങ്കിലും തങ്ങളുടെ ഹൃദയത്തിൽ ഭഗവാനെ ആസനസ്ഥനാക്കുന്നവന് ആ പരംപൊരുൾ മുക്തി പദത്തെ നൽകുന്നു.

കൃഷ്ണൻെറ അഞ്ചാം വയസ്സിലാണ് അഘാസുരന് മുക്തി നൽകിയത്. എന്നാൽ ആറാം വയസ്സിലാണ് ബാലൻമാർ ഗ്രാമവാസികളോട് അപ്പോൾ സംഭവിച്ചു എന്ന മട്ടിൽ ഇക്കാര്യങ്ങൾ വിവരിച്ചത്.

**ബിഭ്രദ്വേണും ജഠപപടയോ: ശൃംഗവേത്രേ ച കക്ഷേ**
**വാമേ പാണൌ മസൃണകബളം തത്ഫലാന്യംഗുലീഷു**
**തിഷ്ഠൻ മദ്ധ്യേ സ്വപരിസുഹൃദോ ഹാസയൻ നർമ്മഭി: സ്വൈ:**
**സ്വർഗ്ഗേ ലോകേ മിഷതി ബുഭുജേ യജ്ഞഭുഗ്ബാല കേളി: (10-13-11)**
**യാവദ്വത്സപവത്സകാൽപകവപുര്യാവത് കരാങ്ഘ്ര്യാദികം**
**യാവദ്യഷ്ടി വിഷാണവേണുദളശി ഗ്യാവദ്വിഭൂഷാംബരം**
**യാവച്ഛീലഗുണാഭിധാകൃതിവയോ യാവദ്വിഹാരാദികം**
**സർവ്വം വിഷ്ണുമയം ഗിരോ$f$ംഗവദജ: സർവ്വസ്വരൂപോ ബഭൌ (10-13-19)**

*ആ ഒരു വർഷം എങ്ങിനെ കഴിഞ്ഞു പോയി എന്ന പരീക്ഷിത്തിൻെറ ചോദ്യത്തിനുത്തരമായി ശുകമുനി തുടർന്നു:* മലമ്പാമ്പിൻെറ (അഘാസുരൻ) വായിൽനിന്നും എല്ലാവരും പുറത്തുവന്നു എന്നു പറഞ്ഞുവല്ലൊ. കൃഷ്ണൻ എല്ലാവരെയും കൂട്ടി നദീതീരത്ത് ഉല്ലാസയാത്രക്ക് പോയി. പഞ്ചാരമണൽതിട്ട. പശുക്കുട്ടികൾ പുല്ലു മേയുന്നു. കൃഷ്ണൻ നടുവിലിരുന്ന് മറ്റു കുട്ടികൾ ചുറ്റും വട്ടത്തിലിരുന്ന് ഭക്ഷണം കഴിക്കാൻ തയ്യാറായി. അവരെല്ലാം സ്വന്തം വിടുകളിൽനിന്നും ആഹാരം കൊണ്ടു വന്നിരുന്നു. ഇലകളും മരത്തോലും മറ്റും പാത്രങ്ങളായി. ഉല്ലാസത്തിമിർപ്പോടെ അവർ ഭക്ഷണം കഴിച്ചു. തമാശ പറഞ്ഞും പൊട്ടിച്ചിരിച്ചുമിരിക്കുന്ന ബാലൻമാർക്കു നടുവിലായി കൃഷ്ണൻ. ഓടക്കുഴൽ മടിയിൽത്തിരുകി വടിയും കൊമ്പും കക്ഷത്തിലിറുക്കി വെണ്ണകൂട്ടി കുഴച്ച ചോറ് ഇടതു കയ്യിലും തൊട്ടുകറികൾ വിരലുകൾക്കിടയിലും വച്ച് കൃഷ്ണൻ കൂട്ടുകാരെ ഉല്ലസിപ്പിച്ചങ്ങിനെ വിളങ്ങി. ദേവതകൾ ഭഗവാൻെറ ഈ ബാലരൂപം കണ്ട് അതിശയിച്ചു.

അങ്ങിനെയിരിക്കെ പൈക്കുട്ടികൾ പുല്ലുമേഞ്ഞ് കാടുകയറിപ്പോയി. നദിക്കരയിൽ കൂട്ടുകാരെ ഇരുത്തി പൈക്കളെ തിരിച്ചു കൊണ്ടുവരാമെന്നും പറഞ്ഞ് കൃഷ്ണൻ അവരെ സമാധാനപ്പെടുത്തി. കൃഷ്ണൻ ഗോക്കളെ തിരയുന്ന സമയത്ത് സൃഷ്ടാവായ ബ്രഹ്മാവ് കൃഷ്ണൻെറ ലീലാവിനോദങ്ങൾ കണ്ട് ആശ്ചര്യപ്പെട്ടിരുന്നുവെങ്കിലും ഒരു മായാപ്രയോഗം നടത്തി. പശുക്കുട്ടികളെയും ഗോപാലൻമാരെയും അപഹരിച്ച് അവരെ ഒളിപ്പിച്ചുവച്ചു. താനും ഒളിച്ചു നിന്നു. കൃഷ്ണൻ പൈകുട്ടികളെ കാണാതലഞ്ഞ് തിരികെ നദീതീരത്തു വരുമ്പോൾ ഗോപാലൻമാരാരും അവിടെയില്ല. കൃഷ്ണന് ബ്രഹ്മാവിൻെറ വിദ്യ മനസ്സിലായി.

സർവ്വം വിഷ്ണുമയം ജഗത് എന്ന ശാസ്ത്രവിളംബരത്തെ അന്വർത്ഥമാക്കാൻ ഭഗവാൻ പൈക്കുട്ടികളായും ഗോപാലൻമാരായും സ്വയം പരിണമിച്ചു. മാത്രമല്ല അവയുടെ ആഭരണാദികളും സാമഗ്രികളും വസ്തുക്കളുമെല്ലാമായി അതേപടി ഭഗവാൻ സ്വയം മാറി. ബ്രഹ്മാവു മോഷ്ടിച്ചു കൊണ്ടുപോയ പശുക്കളുടേയും മേച്ചുനടന്ന ഗോപാലൻമാരുടേയും മറ്റും യഥാതഥപതിബിംബങ്ങൾ ക്ഷണനേരത്തിലവിടെയുണ്ടായി. അതേ നിറം തരം സ്വഭാവം പ്രായം ഭാവഹാവാദികൾ നാമം മാനസീകാവസ്ഥകൾ എന്നിവയെല്ലാമായി കൃഷ്ണൻ സ്വയം പ്രകാശിച്ചു. അന്ന് വൈകുന്നേരം കൃഷ്ണൻ സംഘത്തെ നയിച്ചുകൊണ്ട് ഗ്രാമത്തിൽ തിരിച്ചെത്തി. തൻെറ ആത്മസ്വരൂപം സ്വയം കൃഷ്ണനും പശുക്കളും ഗോപാലൻമാരും എല്ലാമായി ഗ്രാമത്തിലെത്തിയപാടെ ഓരോരുത്തരും അവരവരുടെ വീടുകളിലേക്ക് കാലികളേയും തെളിച്ചു കൊണ്ടു പോയി. അവിടെ യാതൊരു വ്യത്യാസവുമില്ലാതെ താമസിച്ചു.

**ഏവം സമ്മോഹയൻ വിഷ്ണും വിമോഹം വിശ്വമോഹനം**
**സ്വയൈവ മായയാജോ$f$പി സ്വയമേവ വിമോഹിത: (10-13-44)**
**തത്രോദ്വഹത് പശുപവംശശിശുത്വനാട്യം**
**ബ്രഹ്മാ$f$ദ്വയം പരമനന്തമഗാധബോധം**
**വത്സാൻ സഖീനിവ പുരാ പരിതോ വിചിന്വ**
**ദേകം സപാണി കബളം പരമേഷ്ഠ്യ ചഷ്ട (10-13-61)**

*ശുകമുനി തുടർന്നു:*
ആ ദിവസം മുതൽ വൃന്ദാവനത്തിലെ ഗോപാലൻമാർക്കും ഗോപാലികമാർക്കും കൃഷ്ണനെ സ്വന്തം മകനായും മുറ്റത്തു നിൽക്കുന്ന പശുക്കളായും എല്ലാം കണക്കാക്കി ജീവിക്കാനുള്ള അതീവസൗഭാഗ്യം ലഭിച്ചു. ഗോപികമാർക്ക് തങ്ങളുടെ പുത്രൻമാർ ഒരു രാത്രികൊണ്ട് അവരോട് എത്രയും സ്നേഹമുള്ളവരായി മാറിയതായി അനുഭവപ്പെട്ടു. പശുക്കളാകട്ടെ പൈക്കുട്ടികളെ നക്കിത്തുടക്കാനും പാലു കുടിപ്പിക്കാനും വലിയ താത്പര്യം കാണിക്കുകയും ചെയ്തു. എന്തൊക്കെ പ്രകോപനങ്ങളുണ്ടായാലും അമ്മമാർക്ക് ബാലൻമാരെ ശകാരിക്കാൻ തോന്നുന്നതേയില്ല. ഭഗവാൻെറ ജ്യേഷ്ഠനായ ബലരാമൻ ആദ്യം ചിന്താക്കുഴപ്പത്തിലായി. ഈ ഗ്രാമത്തിൽ ഇത്ര മാത്രം സ്നേഹഭാവം വഴിഞ്ഞൊഴുകുന്നതിൻെറ കാരണം എന്താവും? കുട്ടികളേയും പൈക്കുട്ടികളേയും എല്ലാവരും എത്രമാത്രം സ്നേഹിക്കുന്നു. എന്നാൽ അന്ത:നേത്രത്താൽ ബലരാമന് മനസ്സിലായി ഇവരൊന്നും മാമുനിമാരുടേയും ദേവൻമാരുടേയും അവതാരങ്ങളായി വൃന്ദാവനത്തിൽ ജനിച്ചവരല്ല മറിച്ച് ഭഗവാൻ സ്വയം ഇവരെല്ലാമായിരിക്കുന്നു. ബലരാമൻ ചോദിച്ചപ്പോൾ കൃഷ്ണൻ രഹസ്യം വെളിപ്പെടുത്തുകയും ചെയ്തു.

ഒരു മനുഷ്യവർഷം കഴിഞ്ഞപ്പോൾ ബ്രഹ്മാവ് വൃന്ദാവനത്തിലെത്തി. അവിടെ കൃഷ്ണൻ കൂട്ടുകാരോടും പൈക്കുട്ടികളോടുമൊത്ത് കളിച്ചുകൊണ്ടിരിക്കുന്നു. പഴയപോലെ തന്നെ. ബ്രഹ്മാവ് കൃഷ്ണനെ മായാമോഹിതനാക്കാൻ ശ്രമിച്ചു. എന്നാൽ ഇപ്പോൾ ഇതേ കൃഷ്ണൻെറ മായാവലയത്തിലാകൃഷ്ടനായി സ്വയം നിൽക്കുന്നു. ബ്രഹ്മാവ് ഒളിപ്പിച്ചുവച്ച കന്നുകുട്ടികളും ബാലൻമാരും മന്ത്രവലയത്തിൽത്തന്നെ ആയിരുന്നു. എങ്കിലും ഇവിടെ അവരേപ്പോലെതന്നെയുള്ള ബാലൻമാരോടും പൈക്കുട്ടികളോടുമൊത്ത് കൃഷ്ണൻ ലീലയാടുന്നു. ബ്രഹ്മാവിന് അവരെ തിരിച്ചറിയാനായില്ല. താനൊളിപ്പിച്ചുവച്ചവരും ഇപ്പോൾ കൃഷ്ണൻെറ കൂടെയുള്ളവരും ഒരേ പോലിരിക്കുന്നു. ഭഗവാൻെറ മായ തൻെറ മായയെ അതിജീവിച്ചതറിഞ്ഞ് അമ്പരപ്പോടെ ബ്രഹ്മാവ് അങ്ങിനെ നിന്നു. മൂടൽമഞ്ഞ് കൊണ്ടുണ്ടാവുന്ന ഇരുട്ട് രാത്രിയുടെ ഇരുട്ടിൽ ലയിച്ചു പോകുംപോലെ കൃഷ്ണൻെറ മായയിൽ ബ്രഹ്മാവിൻെറ മായാശക്തി ഇല്ലാതായി. ഇക്കാണുന്ന ഗോപാലൻമാരും പൈക്കുട്ടികളുമെല്ലാം പലേ കൃഷ്ണൻമാരാണെന്ന് ബ്രഹ്മാവ് കണ്ടു. പിന്നീട് അതെല്ലാം ആ പരംപൊരുൾ തന്നെയെന്ന് ബ്രഹ്മാവു മനസ്സിലാക്കി.

ഭഗവാൻെറ മായാശക്തിയിൽ അത്ഭുതപാരവശ്യത്തോടെ ബ്രഹ്മാവ് നിലകൊള്ളുമ്പോൾ കൃഷ്ണൻ തൻെറ മായയെ പിൻവലിച്ചു. ബ്രഹ്മാവിനു പ്രജ്ഞ തിരിച്ചു കിട്ടി. സത്യം മനസ്സിലായി. പവിത്രമായ വൃന്ദാവനത്തിൽ ഭഗവൽസാന്നിദ്ധ്യംകൊണ്ട് എല്ലാവരും സ്നേഹത്തോടെ സമാധാനത്തോടെ ഐക്യത്തോടെ കഴിയുന്നു. സാധാരണയുണ്ടാവുന്ന പകയോ വിദ്വേഷമോ പോലും അവരിലുണ്ടായിരുന്നില്ല. ആ വൃന്ദാവനത്തിൽ പരംപൊരുൾ സ്വയം ഗോപാലബാലനായി പൈക്കുട്ടികളേയും പശുക്കളേയും തേടുന്നതും പകുതി കഴിച്ച ചോറ് ഇടതുകയ്യിൽ പിടിച്ചു നിൽക്കുന്നതും എല്ലാം പഴയപടി തന്നെ ബ്രഹ്മാവ് കണ്ടു. താൻ ഒളിപ്പിച്ചു വയ്ക്കുന്നതിനു മുൻപുള്ള അതേപടിതന്നെ എല്ലാമിരിക്കുന്നു. സൃഷ്ടാവായ ബ്രഹ്മദേവൻ ഭഗവാൻ കൃഷ്ണൻെറ കാൽക്കൽ വീണു ക്ഷമയാചനയോടെ പ്രാർത്ഥിച്ചു.

**ശ്രേയ: സ്രുതിം ഭക്തി മുദസ്യ തേ വിഭോ ക്ലിശ്യന്തി യേ കേവലബോധലബ്ധയേ**
**തേഷാമസൌ ക്ലേശല ഏവ ശിഷ്യതേ നാന്യദ്യഥാ സ്ഥൂലതുഷാവഘാതിനാം (10-14-4)**
**തദ്ഭുരിഭാഗ്യമിഹ ജന്മ കിമപ്യടവ്യാം**
**യദ്ഗോകുലേf പി കതമാങ്ഘ്രി രജോf ഭിഷേകം**
**യജ്ജീവിതം തു നിഖിലം ഭഗവാൻ മുകുന്ദ**
**സ്ത്വദ്യാപി യത്പദരജ: ശ്രുതി മൃഗ്യമേവ (10-14-34)**

*ബ്രഹ്മാവ് പറഞ്ഞു:*
ഞാൻ അങ്ങയെ നമസ്കരിക്കുന്നു പ്രഭോ. മൃദുലപാദങ്ങളോടെ ഒരു കയ്യിൽ വടിയും ഓടക്കുഴലും പിടിച്ച് മറ്റേ കയ്യിൽ ചോറുരുളയും വച്ചു നിൽക്കുന്ന അവിടുത്തെ രൂപത്തെ ഞാൻ നമിക്കുന്നു. അവിടുത്തെ മഹിമയെ വർണ്ണിക്കാൻ എനിക്കാവില്ല തന്നെ. അവിടുത്തെ പൊരുളറിയുന്നവൻ അങ്ങയിൽമാത്രം പരമഭക്തിയുള്ളവനത്രെ. പലേ ആത്മീയമാർഗ്ഗങ്ങളിൽ വിഹരിച്ച് അവിടുത്തോടുള്ള ഭക്തിയെ അവഗണിക്കുന്നവർ വൈക്കോൽ മെതിക്കുന്നതു പോലെ വിഫലപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. ഭക്തിയാകട്ടെ പല മടങ്ങ് അനുഗ്രഹദായകമത്രെ. അവിടുത്തെ ഭക്തന് അങ്ങ് അതീന്ദ്രിയമായ പ്രഭാവത്തെ കാണിച്ചു കൊടുക്കുന്നു. നാമരൂപനിബദ്ധമല്ലാത്തതത്രേ അവിടുത്തെ പൊരുൾ. ആവശ്യപ്പെടാതെ തന്നെ ഭക്തന് മുക്തിപദം ലഭിക്കുന്നു.

അഹങ്കാരത്തെ വെല്ലാൻ ഭക്തിക്കു മാത്രമെ സാധിക്കൂ. അവിടുത്തെ മോഹിപ്പിക്കാൻ ശ്രമിച്ച ഞാൻ എത്ര വിഡ്ഢി. ഞാൻ ഈ ഭൂഗോളത്തെ നിയന്ത്രിക്കാൻ കടമപ്പെട്ട വെറുമൊരു ഭൂതസംഗ്രഹശരീരം മാത്രം. അങ്ങോ അവിടുത്തെ ശരീരത്തിലെ രോമകൂപങ്ങളിൽനിന്നും അനേകമനേകം ഭൂഗോളങ്ങൾ അണുക്കൾപോലെ നിരന്തരം കടന്നുപോകുന്നു. അവിടുന്ന് എല്ലാത്തിൻേറയും പരമാത്മാവായ നാരായണനത്രെ. (നര എന്നാൽ ജീവികളുടെ കൂട്ടം. അയനം എന്നാൽ ആത്മാവ്). അവിടുന്ന് നിയന്താവത്രെ (അയനം എന്നാൽ പ്രേരകൻ എന്നും അർത്ഥം). അവിടുന്നു തന്നെ സാക്ഷിയും (അയതേ എന്നാൽ അറിയുന്നു). അവിടുന്ന് നരൻെറ വസ്തുക്കളിൽ നിവസിക്കുന്നതു കൊണ്ട് നാരായണൻ. എന്നാൽ ഇവയെല്ലാം പരമസത്യമല്ല തന്നെ. ഇവയൊക്കെ അവിടുത്തെ വെറുമൊരു ലീലമാത്രം. എനിക്കുതന്നെ അവിടുന്നു സ്വയം വെളിപ്പെടുത്തിയപ്പോഴല്ലാതെ അവിടുത്തെ നാരായണനായി സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞില്ല.. എന്നാൽ അങ്ങ് അമ്മ യശോദക്ക് അവിടുത്തെ വായ്ക്കുളളിൽ വിശ്വം മുഴുവൻ കാണിച്ചു കൊടുത്തു. ആദ്യമേ തന്നെ അവിടുന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ പൈക്കുട്ടികളെയും ഗോപബാലൻമാരെയും ഒളിപ്പിച്ചപ്പോഴും അവിടുന്നു തന്നെയാണ് അവരെല്ലാമായിരുന്നത്. ഇപ്പോഴും അവിടുന്നുമാത്രമേയുള്ളു. എല്ലാ സമയത്തും അവിടുന്നു മാത്രമേ നിലനിൽക്കുന്നുള്ളൂ. വിശ്വം പ്രകടിതമാണെങ്കിലും അല്ലെങ്കിലും. അവിടുത്തെ മായാശക്തിയാൽ അവിടുന്നു തന്നെയാണ് എല്ലാ ദേവതകളായും നിലകൊള്ളുന്നത്. അവിടുന്ന് സ്വയം ദിവ്യൻമാരായും മനുഷ്യരായും ഉപമനുഷ്യരായും അവതരിക്കുന്നു. ഈ മായാവിശ്വം സത്യമായി തോന്നുന്നത് അത് അവിടുത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടും അവതാരങ്ങൾ അങ്ങിൽ സംഭവിക്കുന്നതുകൊണ്ടുമത്രെ. ബന്ധവും മുക്തിയുമെല്ലാം വെറും വാക്കുകളാണ്. ഇരുട്ടും വെളിച്ചവും സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നതു പോലെയത്രെ അത്.

അതുകൊണ്ട് ഭഗവനേ ഈ ജൻമത്തിലും വരും ജൻമങ്ങളിലും അങ്ങിൽ പരമഭക്തിയുണ്ടാവാൻ അനുഗ്രഹിച്ചാലും. ഞാനീ ഗോകുലത്തിൽ ഏതൊരു ജീവിയായും ജനിക്കാനിടവരട്ടെ. അങ്ങിനെ അവിടുത്തെ പാദരേണുക്കളിൽ എനിക്കു മുങ്ങാനിടവരട്ടെ. അവിടുത്തെ അറിയാം എന്നു പറയുന്നവർ അങ്ങിനെ പറഞ്ഞു കൊള്ളട്ടെ. എന്നാൽ അവിടുന്ന് മനോവാക്കുകൾക്കതീതനാണെന്ന് എനിക്കറിയാം.

ബ്രഹ്മദേവൻ കൃഷ്ണനോട് യാത്രപറഞ്ഞ് പോയി. കൃഷ്ണൻ യമുനാതിരത്ത് തൻെറ കൂട്ടുകാർ വനഭോജനം നടത്തുന്നയിടത്തു ചെന്നു. എല്ലാവരും സമ്മോഹിതാവസ്ഥയിൽ നിന്നുണർന്നു. അന്ന് വൈകുന്നേരം കൂട്ടുകാർ ഗ്രാമത്തിൽ തിരിച്ചു ചെന്ന് കൃഷ്ണൻ വലിയൊരു സർപ്പത്തെ കൊന്നുവെന്ന വാർത്ത എല്ലാവരേയും അറിയിച്ചു.

**തം ഗോരജ: ഛുരിതകുന്തള ബദ്ധബർഹ**
**വന്യപ്രസൂനരുചിരേക്ഷണചാരുഹാസം**
**വേണും ക്വണന്തമനുഗൈരനുഗീതകീർത്തിം**
**ഗോപ്യോ ദി ദൃക്ഷിതദൃശോ$f$ഭ്യഗമൻ സമേതാ: (10-15-42)**
**പീത്വാ മുകുന്ദമുഖസാരഘമക്ഷിഭൃംഗൈ**
**സ്താപം ജഹുർവ്വിരഹജം പ്രജയോഷിതോ$f$ഹ്നി**
**തത്സത്കൃതിം സമധിഗമ്യ വിവേശ ഗോഷ്ഠം**
**സവ്രീഡഹാസവിനയം യദപാംഗമോക്ഷം (10-15-43)**

*ശുകമുനി തുടർന്നു:*
ആരണ്ടു ദിവ്യബാലൻമാർ ഇപ്പോൾ വളർന്നു ലുതായി. പശുക്കളെ മേയ്ക്കാൻ പോയിത്തുടങ്ങി. കൃഷ്ണൻ പ്രകൃതിഭംഗികൾ ആസ്വദിച്ചു നടന്നു. പക്ഷികളുടെ സംഗീതം തേനീച്ചകളുടെ മൂളിപ്പാട്ട് വന്യമൃഗങ്ങളുടെ ശബ്ദങ്ങൾ എല്ലാം കൃഷ്ണനു പ്രിയമായിരുന്നു. ബരലാമന്റെ കാലുകളെ തഴുകി പുണരുന്ന പുൽകൊടികളെയും ചെറിയ ചെടികളെയും നോക്കി കൃഷ്ണൻ പറഞ്ഞു: "ഭഗവാനേഷ നോക്കൂ ഈ പുൽക്കൊടികൾ എത്ര അനുഗൃഹീതർ. അങ്ങയുടെ കാലിണകൾ ചുംബിക്കുന്നതു കൊണ്ടുമാത്രം അവയുടെ അജ്ഞതാവസ്ഥ ഇല്ലാതാവുന്നു. ഈ അജ്ഞാനം ഒന്നുകൊണ്ടു മാത്രമാണല്ലോ അവക്ക് ഈ ചെറുചെടികളുടെ ജൻമമെടുക്കേണ്ടതായി വന്നത്? അവരെല്ലാം കഴിഞ്ഞ ജൻമങ്ങളിൽ ദിവ്യൻമാരായിരുന്നിരിക്കണം". ചിലപ്പോൾ അവർ തളർന്ന് വിശ്രമിക്കും. ബലരാമൻ ഒരു ഗോപാലന്റെ മടിയിൽ തലവച്ചുകിടക്കുമ്പോൾ കൃഷ്ണൻ ജ്യേഷ്ഠന്റെ പാദം ഉഴിയും. കൃഷ്ണൻ വിശ്രമിക്കുമ്പോൾ മറ്റുള്ളവർ കൃഷ്ണനേയും സേവിക്കും. ഇങ്ങിനെ കൃഷ്ണൻ തന്റെ മായാശക്തിയാൽ സ്വന്തം ദിവ്യതയെ മറച്ച് സാധാരണക്കാരനായ ഒരു ഗോപാലനായി കഴിഞ്ഞു വന്നു.

ഒരു ദിവസം ശ്രീദാമൻ എന്ന് പേരുള്ള ഒരു ഗോപാലൻ രാമകൃഷ്ണൻമാരോട് പറഞ്ഞു: അകലെയൊരു വനത്തിൽ നിറയെ മധുരഫലങ്ങൾ നിറഞ്ഞ വൃക്ഷങ്ങളുണ്ട്. അത് ധേനുകൻ എന്നു പേരുള്ള ഒരു രാക്ഷസന്റെ അധീനതയിലാണ്. അയാൾക്ക് കഴുതയുടെ രൂപമാണ്. എന്നാൽ നരഭോജിയുമാണ്. അതുകൊണ്ട് ആളുകൾക്കവിടെ പോകാൻ ഭയമാണ്. ആർക്കും ആ ഫലങ്ങൾ ആസ്വദിക്കാൻ കഴിയുന്നില്ല. എന്നാൽ ആ പഴങ്ങളുടെ മധുരഗന്ധം നമുക്കിവിടെവരെ ആസ്വദിക്കാൻ കഴിയുന്നു. നിങ്ങൾ വിചാരിച്ചാൽ നമുക്ക് ആ പഴങ്ങൾ കഴിക്കാൻ സാധിക്കും. കൃഷ്ണനും ബലരാമനും പൊട്ടിച്ചിരിച്ചു. എന്നിട്ട് എല്ലാവരും കൂടി ആ കാട്ടിലേക്ക് പോയി. ബലരാമൻ മരം കുലുക്കി പഴങ്ങൾ താഴെ വീഴ്ത്തി. ഗോപാലൻമാർക്ക് കൈനിറയെ മധുരഫലം കിട്ടി സന്തോഷമായി.

ആ സമയത്ത് ധേനുകൻ ബലരാമന്റെ നേർക്ക് ഓടിവന്ന് പിൻകാലുകൊണ്ട് തൊഴിച്ചു. എന്നാൽ ബലരാമൻ അവനെ കാലിൽ തൂക്കി ഉയർത്തി ആകാശത്തിൽ ചുഴറ്റി അടുത്തുള്ള ഒരു മരത്തിൽ ഒറ്റയടി. ബലരാമന്റെ ചുഴറ്റിലിൽ തന്നെ അവൻ മരിച്ചിരുന്നു. ധേനുകന്റെ ശരീരം കടപുഴകി വീണു. പഴങ്ങൾ എല്ലായിടത്തും ചിതറി വീണു. രാക്ഷസന്റെ ക്രുദ്ധരായ ബന്ധുക്കൾ രാമകൃഷ്ണൻമാർക്കെതിരെ ആഞ്ഞടുത്തു. പക്ഷെ ഒരു തമാശപോലെ അവരെയെല്ലാം കൃഷ്ണനും ബലരാമനും തുരത്തിയോടിച്ചു.

രാക്ഷസൻമാരിൽനിന്നും പേടിക്കേണ്ടതില്ലാതെ ഗ്രാമീണർ ആ മധുരഫലങ്ങൾ ആസ്വദിച്ചു. കൃഷ്ണൻ ഗ്രാമത്തിൽ തിരികെ വന്നപ്പോൾ ഗ്രാമീണർ കൃഷ്ണന്റെ മധുരമനോജ്ഞമുഖകമലം കണ്ടാസ്വദിച്ചു. കാലിക്കുളമ്പടികൊണ്ട് ഉയർന്നുപൊങ്ങിയ മണ്ണും പൊടിയും കൊണ്ട് കൃഷ്ണന്റെ മുടിയുടെ നിറം മാറിയിരുന്നു. അത് ആ രൂപത്തിന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടി. തേനീച്ചകൾ പൂക്കളിൽനിന്നു തേൻനുകരും പോലെ ആ ഗ്രാമീണരുടെ കണ്ണുകൾ കൃഷ്ണന്റെ മുഖകമലത്തിന്റെ അമൃതുണ്ടു. പകൽസമയത്ത് കൃഷ്ണനെ വേർപിരിയേണ്ടിവന്നതിന്റെ ദു:ഖം അങ്ങിനെ അവർ മറന്നു. ഹൃദയം ആഹ്ലാദഭരിത മായിത്തീരുകയും ചെയ്തു.

**അനുഗ്രഹോഽയം ഭവത: കൃതോ ഹി നോ ദണ്ഡോഽസതാം തേഖലു കല്മഷാപഹ:**
**യദ്ദന്ദശുകത്വമമുഷ്യ ദേഹിന: ക്രോധോഽപി തേഽനുഗ്രഹ ഏവ സമ്മത: (10–16–34)**
**ന നാകപൃഷ്ഠം ന ച സാർവഭൗമം ന പാരമേഷ്ഠ്യം ന രസാധിപത്യം**
**നയോഗസിദ്ധീരപുനർഭവം വാ വാഞ്ഛന്തി യത്പാദരജ:പ്രപന്നാ: (10–16–37)**

*ശുകമുനി തുടർന്നു:*
യമുനാനദിയുടെ ഒരു ഭാഗമായ കാളിന്ദി കാളിയൻ എന്ന് പേരുള്ള ഒരു സർപ്പത്തിനാൽ വിഷലിപ്തമായിതീർന്നിരുന്നു. ഏതൊരു ജീവിയും നദിക്കരയിലെത്തുമ്പോഴേക്കും കാളിയൻെറ വിഷവീര്യത്താൽ മരിച്ചു വീണു. സർവ്വമാനജീവജാലങ്ങളുടേയും സംരക്ഷണാർത്ഥം അവതരിച്ച ഭഗവാൻ കൃഷ്ണൻ കാളിന്ദീ നദീതീരത്തു ചെന്ന് അടുത്തുള്ള ഒരു മരത്തിൽ കയറി അതിൽ നിന്ന് വിഷമയമായ വെള്ളത്തിലേക്ക് എടുത്തു ചാടി. എന്നിട്ട് കളിച്ചുല്ലസിക്കാൻ തുടങ്ങി. വിഷത്തിനു കാരണഭൂതനായ സർപ്പം ക്ഷണനേരംകൊണ്ട് കൃഷ്ണനെ ചുറ്റിവരിഞ്ഞു മുറുക്കാൻ തുടങ്ങി. ഭഗവാൻ അനങ്ങാതെ നിന്നു കൊടുത്തു. അതു കണ്ട് ഗോപാലൻമാർ ബോധം കെടുകയും പശുക്കൾ ദീനരായി തലതാഴ്ത്തുകയും ചെയ്തു. ദു:ശ്ശകുനങ്ങൾ ദർശിച്ച ഗ്രാമീണസ്ത്രീകൾ തങ്ങളുടെ കണ്ണിലുണ്ണിക്കണ്ണൻ അപകടത്തിലാണെന്ന് കരുതി കൃഷ്ണൻെറ കാലടിപ്പാടുകൾ പിന്തുടർന്ന് നദിക്കരയിലെത്തി. നന്ദനും മറ്റു ഗോപരും വിഷജലത്തിലെടുത്തു ചാടാനൊരുങ്ങിയപ്പോൾ ബലരാമൻ അവരെ തടഞ്ഞു നിർത്തി.

കൃഷ്ണന് തൻെറ കൂട്ടുകാരുടെയും പശുക്കളുടെയും മന:പ്രയാസം കണ്ട് മനസ്സലിഞ്ഞു. മായാശക്തിയാൽ കൃഷ്ണൻ തൻെറ ശരീരത്തെ വികസിപ്പിക്കാൻ തുടങ്ങി. അപ്പോൾ സർപ്പം കൃഷ്ണൻെറ മേലുള്ള പിടിവിട്ടു. എന്നിട്ട് വാലുകൊണ്ട് അടിക്കാനൊരുങ്ങി. കൃഷ്ണൻ പാമ്പിനുചുറ്റും നൃത്തം വച്ചു. ഇടിമിന്നൽ പോലുള്ള ചലനത്തിനെ പിന്തുടർന്ന് സർപ്പം തളർന്നു. തൻെറ കൈകൾ കൊണ്ട് സർപ്പത്തിൻെറ ഫണമമർത്തി കൃഷ്ണൻ അതിനു മുകളിലേറി നൃത്തം ചെയ്തു. ആകാശസംഗീതവും പെരുമ്പറയും മുഴങ്ങി. കൃഷ്ണൻെറ കാൽചവിട്ടിൽ അമർന്നു വിഷമിച്ച കാളിയൻ ഭഗവാൻ നാരായണനെ ധ്യാനിച്ച് ബോധമറ്റു വീണു. അതുകണ്ട് കാളിയൻെറ ഭാര്യമാർ കൃഷ്ണൻെറയടുക്കൽ വന്ന് പ്രാർത്ഥിച്ചു. "ഈ സർപ്പത്തെ ശിക്ഷിക്കുക എന്നത് ന്യായം തന്നെ. പക്ഷെ ഇതൊരു ശിക്ഷയല്ലതന്നെ. ഇത് അദ്ദേഹത്തെ ശുദ്ധീകരിക്കുന്ന ഒരു അനുഗ്രഹം തന്നെയാണ്. അവിടുത്തെ ക്രോധം ഒരനുഗ്രഹമത്രെ കാരണം ഞങ്ങളുടെ ഭർത്താവ് ഒരു സർപ്പമായി ജനിക്കാനിടവരുത്തിയ ആ പാപം മുഴുവൻ നശിച്ചിരിക്കുന്നു. അങ്ങയുടെ പാദമുദ്രകൾ അദ്ദേഹത്തിൻെറ ശിരസ്സിലണിയാനിടവരുന്നത് അനുഗ്രഹം തന്നെ. അങ്ങയുടെ പാദരേണുക്കൾ ശിരസ്സിൽ അണിയാനിടയായവർ ഭൗതീകമോ സ്വർഗ്ഗീയമോ ആയ യാതൊരു ഫലകാംക്ഷയും വച്ചു പുലർത്തുന്നില്ല. എന്തിന് മോക്ഷപദം പോലും അവർക്കു വേണ്ട. കാരണം അതുതന്നെ ഏറ്റവും വലിയ നേട്ടം. ഞങ്ങൾ അങ്ങയെ നമസ്കരിക്കുന്നു. എല്ലാ ജീവികളും സാത്വീകരും രജസികരും താമസഭാവമുള്ളവരും എല്ലാം അങ്ങിൽ നിന്ന് ഉത്ഭവിക്കുന്നു. ഇപ്പോൾ അങ്ങ് സാത്വീകരെ സംരക്ഷിക്കാൻ ഉടലെടുത്തിരിക്കുന്നു. അവിടത്തെ ഭൃത്യനായ അദ്ദേഹത്തോട് ക്ഷമിച്ചാലും." കാളിയനും ഇങ്ങിനെ പ്രാർത്ഥിച്ചു. ഞങ്ങൾ സർപ്പങ്ങൾ ജൻമനാ വിഷമുള്ളവരും പ്രകൃത്യാ അക്രമവാസനയുള്ളവരുമാണ്. ഞങ്ങൾ ജീവികൾക്ക് പ്രകൃതിദത്തമായ സഹജഗുണത്തെ സ്വയം അതിവർത്തിക്കുക തുലോം അസാദ്ധ്യമത്രെ. അവിടുത്തേക്ക് മാത്രമേ ഈ മായയെ തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കാനാവൂ.

അപ്പോൾ കൃഷ്ണൻ കാളിയനോട് നദിവിട്ടു സമുദ്രത്തിൽ പോയി വസിക്കാൻ കൽപ്പിച്ചു. മനുഷ്യർക്കും കാലികൾക്കും ശല്യമാകാത്തവിധം അങ്ങിനെ കഴിയാമെന്ന് കാളിയൻ സമ്മതിച്ചു. അങ്ങിനെ നദി ശുദ്ധമാവുകയും ജനങ്ങൾക്കും കന്നുകാലികൾക്കും സന്തോഷമാവുകയും ചെയ്തു.

**കൃഷ്ണ കൃഷ്ണ മഹാഭാഗ ഹേ രാമാമിതവിക്രമ**
**ഏഷ ഘോരതമോ വഹ്നിസ്താവകാൻ ഗ്രസതേ ഹി ന: (10-17-23)**
**സുദുസ്തരാന്ന: സ്വാൻ പാഹി കലാഗ്നേ: സുഹൃദ: പ്രഭോ**
**ന ശക്നുമസ്ത്വച്ചരണം സംത്യക്തുമകുതോഭയം (10-17-24)**

*ശുകമുനി തുടർന്നു:*
കാളിയൻ കാളിന്ദിയിൽ കഴിഞ്ഞുപോരാൻ കാരണമുണ്ടായിരുന്നു. എല്ലാ പൗർണ്ണമിയിലും സർപ്പങ്ങൾ ഗരുഡന് അർഘ്യം നൽകുക പതിവുണ്ടായിരുന്നു. കാളിയൻ അതിനു വിഘ്നം വരുത്തി. സ്വന്തം ശക്തിയിൽ അഭിമാനവും ഗർവ്വും ഉണ്ടായിരുന്നു കാളിയന്. ഗരുഡനും കാളിയനും തമ്മിൽ കഠിനമായ ഒരു യുദ്ധം തന്നെയുണ്ടായി. ഗരുഡൻെറ കഠിനതാഡനമേറ്റ കാളിയൻ കാളിന്ദീ നദിയിൽ വീണു. ഈ ജലം ഗരുഡന് അപ്രാപ്യമായിരുന്നു. ഒരിക്കൽ അതിൽ നിന്നൊരു മീൻപിടിച്ചതിൽ ക്രുദ്ധനായ സൗഭദ്രി മുനി ഗരുഡനെ ശപിച്ചിരുന്നു. നീ ഇനി ഈ ജലത്തിൽ നിന്ന് ഏതൊരു ജീവിയെയും പിടിച്ചാൽ ആ നിമിഷം നീ മരിക്കും. കാളിയന് മാത്രമേ ഈ ശാപത്തെപ്പറ്റി അറിവുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് കാളിന്ദിയിൽ അഭയം തേടി ജിവിക്കുകയായിരുന്നു അവൻ. എന്നാൽ ഇപ്പോൾ ഈ തടാകം വിട്ട് പോകേണ്ടി വന്നുവെങ്കിലും കൃഷ്ണൻ നൽകിയ പരമരക്ഷ അവനു കൂട്ടുണ്ടായിരുന്നു. ഗരുഡൻ നിന്നെ ശല്യപ്പെടുത്തുകയില്ല. എൻെറ കാലടികൾ നിൻെറ ഫണത്തിൽ പതിഞ്ഞതാണല്ലോ.

കൃഷ്ണൻ വിഷലിപ്തമായ ജലത്തിൽനിന്ന് കരയേറിയപ്പോൾ ഏവരും ആഹ്ലാദിച്ചു. മരിച്ചതുപോലെ മോഹാലസ്യപ്പെട്ട് കിടന്നവർകൂടി എഴുന്നേറ്റുവന്നു. കൃഷ്ണൻെറ ഉൺമയെപ്പറ്റി അറിവുണ്ടായിരുന്ന ബലരാമൻ ഉറക്കെപ്പൊട്ടിച്ചിരിച്ചു. രാമന് കൃഷ്ണൻെറ ചെയ്തികളിൽ അത്ഭുതമോ ഭയമോ ഉണ്ടായിരുന്നില്ല. ബ്രാഹ്മണർ നന്ദൻെറ അടുക്കൽ വന്ന് ഉപദേശിച്ചു. "ഈശ്വരാനുഗ്രഹംകൊണ്ട് താങ്കളുടെ മകൻ അത്യാപത്തിൽ നിന്ന് രക്ഷപെട്ടു. നന്ദിസൂചകമായി ബാഹ്മണർക്ക് ദാനം നൽകി അവരുടെ അനുഗ്രഹം വാങ്ങിയാലും." അങ്ങിനെ നന്ദൻ ബ്രാഹ്മണർക്ക് പശുക്കളും സ്വർണ്ണവും ദാനമായി നൽകി.

ജനക്കൂട്ടം മുഴുവനും അന്നുരാത്രി നദീതീരത്തു കഴിച്ചുകൂട്ടാൻ തീരുമാനിച്ചു. അന്നത്തെ സംഭവങ്ങളെല്ലാം കഴിഞ്ഞ് എല്ലാവരും തളർന്നിരുന്നു. പാതിരാവായപ്പോൾ ചുറ്റിലും കാട്ടുതീ പടരുന്നത് അവർ കണ്ടു. ചൂടു സഹിക്കാനാവാതെ അവർ കൃഷ്ണനോടിങ്ങിനെ പ്രാർത്ഥിച്ചു. "കൃഷ്ണാ ഭഗവാനേ തുല്യശക്തിയുള്ള രാമാ ഈ കൊടുംചൂട് ഞങ്ങളെ പൊള്ളിക്കുന്നു. പ്രഭോ രക്ഷിച്ചാലും. ഞങ്ങൾ അവിടുത്തേതു മാത്രമാണല്ലോ. അഭയമൂലസ്ഥാനമായ അവിടുത്തെ പാദങ്ങൾ വിട്ട് ഞങ്ങൾക്കാശ്രയമൊന്നുമില്ല തന്നെ. "

ആളുകളുടെ ദയനീയാവസ്ഥ കണ്ട് മനമലിഞ്ഞ കൃഷ്ണൻ ആ കാട്ടുതീയെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു.

ॐ



**ക്വചിദ്വനസ്പതി ക്രോഡേ ഗുഹായാം ചാഭിവർഷതി**
**നിർവിശ്യ ഭഗവാൻ രേമേ കന്ദമൂലഫലാശന: (10–20–28)**
**ആശ്ലിഷ്യ സമശീതോഷ്ണം പ്രസൂനവനമാരുതം**
**ജനാസ്താപം ജഹുർഗ്ഗോപ്യോ ന കൃഷ്ണഹൃതചേതസ: (10–20–45)**

*ശുകമുനി തുടർന്നു:*
വൃന്ദാവനം കാലവർഷമാരിയിൽ ആകെ കുളിച്ചീറനായിരുന്നു. സൂര്യൻ വേനൽക്കാലത്താവിയായി ഭൂമിയിൽനിന്നു സംഭരിച്ചുവച്ച ജലം ഇപ്പോൾ മഴയായി പുറത്തു വിടുന്നു. ഉത്തമനായ ഭരണാധികാരി ആളുകളിൽ നിന്ന് കരംപിരിച്ച് സർവ്വജനനൻമക്കായി അതു ചിലവഴിക്കും പോലെയത്രേ അത്. കാറ്റിൽ പറന്നുവന്ന മഴമേഘങ്ങളെ ഇടിമിന്നൽ മുറിച്ച് മുഴുവനായി ഭൂമിയിലേക്ക് ചൊരിഞ്ഞിരിക്കുന്നു. വരണ്ട ഭൂമിക്കു പോഷകമേകാൻ സ്വയം ആ മേഘങ്ങൾ സമർപ്പണം ചെയ്തിരിക്കുന്നു. കൃപാലുവായ ഒരുവൻ അഗതികൾക്കായി സഹായമെത്തിക്കുന്നതു പോലെയത്രെ അത്. ഇതുവരെ വരണ്ടുണങ്ങിയിരിക്കുന്ന അവസ്ഥയിൽനിന്നുമാറി ഭൂമിയിൽ ജീവൻ തുടിച്ചുണർന്നു കാണപ്പെട്ടു. തപശ്ചര്യയിലേർപ്പെട്ട യോഗിവര്യന്റെ ശരീരം ശോഷിച്ചുണങ്ങുമെങ്കിലും പിന്നീട് ആരോഗ്യം വീണ്ടെടുത്ത് വരുന്നതുപോലെ ഭൂമി കാണപ്പെട്ടു. രാത്രി കാലങ്ങളിൽ നക്ഷത്രങ്ങളുടെ തിളക്കത്തിനു പകരം മിന്നാമിനുങ്ങുകളെ മാത്രമെ കാണാനുണ്ടായിരുന്നുള്ളൂ. കലിയുഗത്തിൽ മിഥ്യാശാസ്ത്രങ്ങളുടെ തിളക്കമാണ് കാണപ്പെടുക എന്നും യഥാർത്ഥ വേദശാസ്ത്രങ്ങൾ മറഞ്ഞിരിക്കുമെന്നും ഇതു നമ്മെ മനസ്സിലാക്കുന്നു. സമുദ്രമാകട്ടെ സ്വതവേ ഇളകിമറിഞ്ഞിരിക്കുന്നു. എന്നാൽ നദികൾ നിറഞ്ഞൊഴുകി സമുദ്രത്തിലെത്തി അതിനെ കൂടുതൽ പ്രക്ഷുബ്ധമാക്കിയിരിക്കുന്നു. അപക്വമതിയായ യോഗിയുടെ മനസ്സ് സ്വതവേ ആഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നു. എന്നാൽ ഇന്ദ്രിയവസ്തുക്കളുടെ ദർശനമാത്രയിൽ ആ മനസ്സ് ഇളകിമറിയുന്നതുപോലെയാണ് സമുദ്രമിപ്പോൾ. ചന്ദ്രൻ തന്നെ മറയ്ക്കുന്ന കാർമേഘങ്ങളെ പ്രകാശമാനമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളെ പ്രവർത്തനോൻ മുഖമാക്കുന്നത് ജീവനാണെങ്കിലും ഇന്ദ്രിയാവരണത്താൽത്തന്നെ അതു മറഞ്ഞിരിക്കുന്നു. ഭൂമിയിൽ ഇപ്പോൾ വർണ്ണങ്ങളുടെ ഒരു വിളയാട്ടം കാണപ്പെടുന്നു. പച്ചപ്പുനിറഞ്ഞ ചെടികൾ ചുവന്ന പ്രാണികൾ കൂണുകൾ ഇവയെല്ലാം ചേർന്ന് വലിയൊരു സൈന്യനിരപോലെ ഭൂമി വർണ്ണാഭമായി. എന്നാൽ പർവ്വത നിരകൾ മഴയിൽ കുലുങ്ങാതെ നിലകൊണ്ടു. ഭഗവൽത്പാദങ്ങളിൽ ഹൃദയമുറപ്പിച്ച ഒരുവൻ യാതൊരുവിധ വിപത്തുക്കളിലും ചഞ്ചലചിത്തനാവാത്തതുപോലെയാണത്. കൃഷ്ണൻ ഗോക്കളെ മേച്ചു നടന്നു. വല്ലാതെ മഴപെയ്യുമ്പോൾ അവർ ഒരു ഗുഹയിലോ വള്ളിക്കുടിലിലോ അഭയം തേടി. അവിടെ പഴങ്ങളും മറ്റും കഴിച്ച് അവർ ആനന്ദിച്ചുല്ലസിച്ചു. പശുക്കൾ പുല്ലുമേഞ്ഞ് സംതൃപ്തരായി പുൽത്തകിടിയിൽ വിശ്രമിക്കുന്നത് കണ്ട് കൃഷ്ണൻ ആഹ്ലാദിച്ചു.

അതു കഴിഞ്ഞ് ശരത് കാലം വന്നു. തടാകത്തിലേയും നദിയിലേയും മണ്ണു നിറഞ്ഞു കലങ്ങിയിരുന്ന ജലമെല്ലാം ഇപ്പോൾ തെളിഞ്ഞു നിർമ്മലമായിരിക്കുന്നു. ഇടക്കാലത്ത് കലുഷമായിപ്പോയ യോഗിവര്യന്റെ മനസ്സ് പരിശുദ്ധി വീണ്ടെടുത്തതുപോലെയാണിത്. മഴക്കാലത്ത് ജലമെല്ലാം കോരിച്ചൊരിഞ്ഞ മേഘങ്ങൾ ഇപ്പോൾ വെളുത്തു പ്രകാശം ചൊരിഞ്ഞു നിൽക്കുന്നതു കണ്ടാൽ ആഗ്രഹങ്ങളുപേക്ഷിച്ച സന്യാസിവര്യൻമാർ ത്രിലോകസുഖങ്ങളുപേക്ഷിക്കയാൽ ആത്മപ്രകാശം ചൊരിഞ്ഞു വിലസുകയാണോ എന്നു തോന്നിപ്പോകും. കൃഷിക്കാർ തങ്ങളുടെ പാടങ്ങളിൽ നിന്ന് വെള്ളം പുറത്തുപോവുന്നത് ജാഗരൂഗതയോടെ നിയന്ത്രിക്കുന്നു. ശ്രദ്ധാവാനായ യോഗിവര്യൻ തന്റെ ജീവ:ശക്തിയെ മനസ്സിലൂടെയും ഇന്ദ്രിയങ്ങളിലൂടെയും ചിലവഴിക്കുന്നത് എപ്രകാരമാണോ അതുപോലെയാണ് ആ കർഷകർ ജലം ഉപയോഗിക്കുന്നത്. ചന്ദ്രനെച്ചുറ്റി നിൽക്കുന്ന നക്ഷത്രങ്ങൾപോലെ കൃഷ്ണനെച്ചുറ്റി ഗോപാലൻമാർ എന്നും സർവ്വർക്കും ആഹ്ലാദമേകി. മിതശീതോഷ്ണമായ കാലാവസ്ഥ വൃന്ദാവനത്തിലെ സ്ത്രീജനങ്ങൾക്കൊഴികെ മറ്റെല്ലാവർക്കും ആശ്വാസമേകി. അവരുടെ ഹൃദയങ്ങൾ എല്ലാം കൃഷ്ണൻ അപഹരിച്ചിരുന്നുവല്ലോ.

**ഗോപജാതി പ്രതിച്ഛന്നൌ ദേവാ ഗോപാലരൂപിണ:**
**ഈഡിരേ കൃഷ്ണരാമൌ ച നടാ ഇവ നടം നൃപ (10-18-11)**
**ഭ്രാമണൈർല്ലങ്ഘനൈ ക്ഷേപൈരാസ്ഫോടന വികർഷണൈ:**
**ചിക്രീഡതുർന്നിയുദ്ധേന കാകപക്ഷധരൌ ക്വചിത് (10-18-12)**
**ക്വചിന്നൃത്യത്സു ചാന്യേഷു ഗായകൌ വാദകൌ സ്വയം**
**ശശംസതുർമ്മഹാരാജ സാധു സാധ്വിതി വാദിനൌ (10-18-13)**
**കൃഷ്ണസ്യ യോഗവീര്യം തദ്യോഗമായാനുഭാവിതം**
**ദാവാഗ്നേരാത്മന: ക്ഷേമം വീക്ഷ്യേ തേ മേ നിരേƒമരം (10-19-14)**

*ശുകമുനി തുടർന്നു:*
അതൊരു വേനൽക്കാലമായിരുന്നു. എന്നാൽ വൃന്ദാവനത്തിലെന്നും വസന്തം തന്നെ. കത്തിയെരിയുന്ന സൂര്യൻ വൃന്ദാവനത്തിന് മുകളിൽ സൗമ്യമായി പ്രകാശിച്ച് കഠിനമായ ചൂടിനു പകരം ഊഷ്മളത മാത്രം നൽകി. അനേകം തടാകങ്ങളിലെ ജലംകൊണ്ട് തണുത്തും പരാഗപരിമണത്താൽ സൗരഭ്യമാർന്നും വൃന്ദാവനത്തിൽ കാറ്റു വീശി. ഭഗവാനു നടക്കാൻ കട്ടിപ്പരവതാനിയുമായി പുല്ലും പൂച്ചെടികളും അവിടെ നിറഞ്ഞു. പക്ഷിമൃഗാദികൾ മധുരസംഗീതവുമായി ഭഗവാനെ ആനന്ദിപ്പിച്ചു. കൃഷ്ണൻ അവരെയെല്ലാം സ്നേഹിച്ചു. കൃഷ്ണൻ സ്വയം പ്രേമം തന്നെയായിരുന്നു. ഗോപാലൻമാർ കൃഷ്ണനെ സ്നേഹിച്ചു. അവരെല്ലാം ഗോപാലവേഷത്തിൽ ജനിച്ച ദേവൻമാരത്രെ. അതുപോലെ കൃഷ്ണബലരാമൻമാർ ഈശ്വരാവതാരങ്ങളാണെങ്കിലും ഗോപാലവേഷമാടുകയാണല്ലോ. ഒരു ദിവസം അവരെല്ലാം കൂടി പലേവിധ കളികളിലേർപ്പെട്ടിരുന്നു. അവരെല്ലാം തങ്ങളുടെ അളകങ്ങളെ കാറ്റിൽ പറക്കാൻ വിട്ട് അത്യാകർഷകമായി കാണപ്പെട്ടു. പരസ്പരം കൈപിടിച്ച് വട്ടംചുറ്റുകയും നീളത്തിൽ ചാടുകയും ഭാരമെറിഞ്ഞും കെട്ടിമറിഞ്ഞും ഗുസ്തിപിടിക്കുകയുമൊക്കെ ചെയ്തു അവർ. മറ്റു ബാലൻമാർ കളിക്കുമ്പോൾ കൃഷ്ണനും ബലരാമനും സംഗീതോപകരണങ്ങൾ വായിച്ച് ബലേ ഭേഷ് എന്നുപറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഇതിനിടയിൽ പ്രലംഭൻ എന്നു പേരായ ഒരു രാക്ഷസൻ ഗോപവൃന്ദത്തിൽ കയറിക്കൂടി. കൃഷ്ണൻ അവനെ തിരിച്ചറിഞ്ഞുവെങ്കിലും അവനെയും കൂട്ടി സംഘത്തെ രണ്ടായിത്തിരിച്ച് കളികൾ തുടരാമെന്ന് നിർദ്ദേശിച്ചു. കൃഷ്ണനും ബലരാമനും ഓരോ സംഘത്തലവൻമാരായി. അവർ പലേ കളികളും കളിച്ചു. ഒരു സംഘം ജയിക്കുമ്പോൾ തോറ്റവർ ജയിച്ചവരെ ഓരോരുത്തരെ ചുമലിലേറ്റി നടക്കണം എന്നായിരുന്നു തീരുമാനം. അങ്ങിനെ കളികൾ തുടർന്നുകൊണ്ടിരുന്നു. ഇടയ്ക്ക് കൃഷ്ണൻെറ സംഘം വിജയിക്കും അല്ലാത്തപ്പോൾ ബലരാമൻേറതും. ഒരിക്കൽ കൃഷ്ണസംഘം തോൽപ്പിക്കപ്പെട്ടു. അപ്പോൾ കൃഷ്ണസംഘത്തിലുണ്ടായിരുന്ന പ്രലംഭൻെറ ചുമതല ബലരാമനെ ചുമലിലേറ്റുക എന്നതായിരുന്നു.

ബലരാമനെ തോളത്തു കയറ്റി ഓടുമ്പോൾ പ്രലംഭന് ബലരാമൻെറ ഭാരം അസഹ്യമായിത്തോന്നി. ഭാരത്തിലമർന്ന് പ്രലംഭൻ തളർന്നു. അവൻ തൻെറ സ്വരൂപം വെളിപ്പെടുത്തി. ബലരാമൻ ആദ്യമൊന്നമ്പരന്നുവെങ്കിലും സ്വയം തൻെറ ദിവ്യതയെപ്പറ്റി ബോധവാനായി രാക്ഷസനെ ആഞ്ഞൊന്ന് വീശിയടിച്ചു. ഇടിമിന്നലിൻെറ ശക്തിയിൽ വീണ പ്രഹരത്തിൽ പ്രലംഭൻ ചത്തു വീണു. ഗോപാലൻമാർ ആഹ്ലാദിച്ചാർത്തു വിളിച്ചു. ബലരാമനെ അഭിനന്ദിച്ചു. രാമനുവേണ്ടി പ്രാർത്ഥനയും നടത്തി. മറ്റൊരവസരത്തിൽ ഗോപാലവൃന്ദത്തെമുഴുവൻ കാട്ടുതീ ആക്രമിക്കാൻ തുടങ്ങിയപ്പോൾ കൃഷ്ണൻ എല്ലാവരോടും കണ്ണടച്ചിരിക്കാൻ പറഞ്ഞിട്ട് സ്വയം ആ തീ മുഴുവൻ വിഴുങ്ങിക്കളഞ്ഞു. വൃന്ദാവനവാസികൾ കൃഷ്ണനെ അമാനുഷികനെന്നു കരുതിപ്പോന്നു.

**അക്ഷണ്വതാം ഫലമിദം നപരം വിദാമ:**
**സഖ്യ: പശൂനനു വിവേശയതോർവയസ്യൈ:**
**വക്ത്രംവ്രജേശസുതയോരനുവേണു ജുഷ്ടം**
**യൈർവാ നിപീതമനുരക്തകടാക്ഷമോക്ഷം (10–21–7)**
**ഗോപ്യ: കിമാചരദയം കുശലം സ്മ വേണുർ**
**ദ്ദാമോദരാധര സുധാമപി ഗോപികാനാം**
**ഭുങ്ക്തേ സ്വയം യദവശിഷ്ടരസം ഹ്രദിന്യോ**
**ഹൃഷ്യത്ത്വചോƒശ്രു മുമുചു സ്തരവോ യഥാƒƒര്യാ: (10–21–9)**
**വൃന്ദാവനം സഖി ഭുവോ വിതനോതി കീർത്തിം**
**യദ്ദേവകീസുതപദാംബുജ ലബ്ധലക്ഷ്മി (10–21–10)**

*ശുകമുനി തുടർന്നു:*
കൃഷ്ണനും ബലരാമനും പശുക്കളെ മേയ്ക്കാൻ ഗ്രാമത്തിനു പുറത്തുപോയി തിരിച്ചുവരുമ്പോൾ വൃന്ദാവനത്തിലെ കന്യകമാർ ഈ ദിവ്യസഹോദരൻമാരെ കണ്ണെടുക്കാതെ നോക്കുമായിരുന്നു. പ്രത്യേകിച്ചും കൃഷ്ണനെ. കൃഷ്ണൻ വനമാലയും മയിൽപ്പീലിയും അണിഞ്ഞിരുന്നു. മഞ്ഞപ്പട്ടുകോണകം അരയിൽ. അവൻ ഓടക്കുഴലിനെ വളരെ ഇഷ്ടപ്പെട്ടു. ഇടയ്ക്കെല്ലാം കൃഷ്ണൻ അതിൽ മധുരഗീതങ്ങൾ വായിച്ചു. ഗോപികമാർക്ക് ഓടക്കുഴൽ ശബ്ദം എന്നാൽ കൃഷ്ണൻ എന്നുതോന്നി. അതു കേൾക്കുമ്പോഴെല്ലാം അവർ കൃഷ്ണനെ ഓർമ്മിച്ചു. ഒരു ഗോപിക മറ്റൊരാളോട് പറഞ്ഞു. ഒരാൾക്ക് കണ്ണുകളുള്ളതിൻെറ ഉദ്ദേശവും അനുഗ്രഹവും കൃഷ്ണരാമൻമാരുടെ മുഖകമലദർശനമല്ലാതെ മറ്റൊന്നുമല്ല. പശുക്കളെത്തെളിച്ച് പുൽത്തകിടിലേക്ക് പോകുന്ന അവർ മനോഹരവസ്ത്രങ്ങളണിഞ്ഞ് പ്രഗൽഭരായ നടൻമാരെപ്പോലെ കാണപ്പെടുന്നു. നമ്മൾ ഗോപികകമാർക്ക് അവകാശപ്പെട്ട കൃഷ്ണാധരങ്ങൾ നിത്യവും ആസ്വദിക്കുന്ന ആ കോലക്കുഴൽ എന്തെല്ലാം പുണ്യങ്ങൾ ആർജ്ജിച്ചിരിക്കണം? ആ ഈറക്കുഴലിൻെറ മാതാപിതാക്കളായ നദികളും മുളക്കൂട്ടങ്ങളും തങ്ങളുടെ പുത്രൻെറ വിശേഷസൗഭാഗ്യത്തെയോർത്ത് ആഹ്ലാദിക്കുന്നു.

വൃന്ദാവനം അനുഗ്രഹീതം തന്നെ. ഈ ലോകത്തിൻെറ മുഴുവൻ മഹിമ വർദ്ധിപ്പിക്കുന്ന വൃന്ദാവനം. ഭഗവാൻ കൃഷ്ണൻെറ പാദധൂളികളാൽ പ്രാഭാപൂരമാകപ്പെട്ടിരിക്കുന്നു വൃന്ദാവനം. നോക്കു കൃഷ്ണൻെറ പാട്ടിൽ മയങ്ങിയിരിക്കുന്നവർ നമ്മൾ ഗോപികമാർ മാത്രമല്ല. ആ മാൻപേടകളെ നോക്കൂ. ആകാശത്തിലെ അപ്സരസ്സുകളും പശുക്കളും പശുക്കിടാങ്ങളും എല്ലാം കൃഷ്ണൻ ഓടക്കുഴൽ വായിക്കുമ്പോൾ അതിൽ മുഴുകി എല്ലാംമറന്ന് ഉൻമത്തരാവുന്നു. ആ കാട്ടുമരങ്ങളിലെ കിളികളെ നോക്കൂ. കൃഷ്ണസംഗീതത്തിൻെറ മധുരത്തേനുണ്ടിരുന്ന് അവക്ക് പഴങ്ങളൊന്നും വേണ്ട എന്നായിരിക്കുന്നു. തീർച്ചയായും അവരെല്ലാം വേഷപ്രച്ഛന്നരായ മാമുനിമാരാണ്. നദികൾപോലും നിറഞ്ഞുകവിഞ്ഞ് കൃഷ്ണപാദങ്ങളെ തഴുകി ഒഴുകുന്നു. നോക്കൂ ആ പർവ്വതശിഖരങ്ങൾ ഓടക്കുഴൽപ്പാട്ടുകേട്ട് രോമാഞ്ചമാർന്നിരിക്കുന്നു. പുൽച്ചെടികൾ കുത്തനെ നിവർന്ന് തരിച്ചിരിക്കുന്നു. ആ മലനിര തികച്ചും സുകൃതിയത്രെ. ഭഗവാൻ കൃഷണനുവേണ്ട ആഹാരനീഹാരാദികളും തണലുമേകാൻ അതിനു ഭാഗ്യം ലഭിച്ചുവല്ലോ.

**സങ്കൽപ്പോ വിദിത: സാധ്വ്യോ ഭവതീനാം മദർച്ചനം**
**മയാനുമോദിത: സോഽസൌ സത്യോ ഭവിതുമർഹതി (10-22-25)**
**നമയ്യാവേശിതധിയാം കാമ: കാമായ കൽപ്പതേ**
**ഭർജ്ജിതാ ക്വഥിതാ ധാനാ പ്രായോ ബീജായ നേഷ്യതേ (10-22-26)**
**അഹോ ഏഷാം വരം ജൻമ സർവപ്രാണ്യുപജീവനം**
**സുജനസ്യേവ യേഷാം വൈ വിമുഖാ യാന്തി നാർത്ഥിന: (10-22-33)**
**ഏതാവജ്ജൻമസാഫല്യം ദേഹിനാമിഹ ദേഹിഷു**
**പ്രാണൈരർത്ഥൈർധിയാ വാചാ ശ്രേയ ഏവാചരേത്സദാ (10-22-35)**

*ശുകമുനി തുടർന്നു:*
വൃന്ദാവനത്തിലെ ചില കന്യകമാർ കൃഷ്ണനിൽ തങ്ങളുടെ ഹൃദയമർപ്പിച്ചു കഴിഞ്ഞിരുന്നു. മാർഗ്ഗശീർഷമാസത്തിൽ അവർ കാർത്യായനീദേവിയെ ഇങ്ങിനെ ഉപാസിച്ചു. “കാർത്യായനീ മഹാമായേ മഹാ യോഗിന്യധീശ്വരീ നന്ദഗോപസുതം ദേവി പതിംമേ കുരു തേ നമ: (അല്ലയോ കാർത്യായനീദേവീ കൃഷ്ണനെ എനിക്ക് ഭർത്താവായി കിട്ടണമേ). അവർ രാവിലെ നേരത്തെ എഴുന്നേറ്റ് നദിയിൽ കുളിച്ചതിനുശേഷം പൂജകൾ നടത്തി.

വ്രതമവസാനിക്കുന്ന ദിവസം അവർ പതിവുപോലെ നദിയിൽ കുളിക്കാൻ പോയി. അവർ വസ്ത്രങ്ങളെല്ലാം അഴിച്ചു നദിക്കരയിൽ വച്ച് നഗ്നരായാണ് കുളിച്ചത്. ഇതറിഞ്ഞ് കൃഷ്ണൻ അവിടെയെത്തി. പെട്ടെന്ന് എല്ലാവരുടെ വസ്ത്രങ്ങളും വാരിയെടുത്ത് അടുത്തുള്ള ഒരു മരത്തിൽ കയറി ഇരിപ്പായി. അവിടെനിന്ന് കൃഷ്ണൻ വിളിച്ചു പറഞ്ഞു. “നിങ്ങൾ വസ്ത്രങ്ങൾ വേണമെങ്കിൽ വെള്ളത്തിൽനിന്ന് കയറിവന്നു വാങ്ങിക്കൊള്ളുക.” പെൺകുട്ടികൾ പലേവിധത്തിലും കൃഷ്ണനോട് കെഞ്ചിയപേക്ഷിച്ചു നോക്കി. അതൊന്നും നടക്കാതെ വന്നപ്പോൾ അവർ കരയ്ക്കുകയറി വന്നു. അവരുടെ പ്രേമം കണ്ട് സന്തുഷ്ടനായ ഭഗവാൻ പറഞ്ഞു. “നദിയിൽ ഇറങ്ങി നഗ്നരായി കുളിക്കുന്നത് സദാചാരവിരുദ്ധമാണ്. നിങ്ങൾ ശാസ്ത്രാധിഷ്ഠിതമായ ഒരു വ്രതം നോക്കുകയാണല്ലോ. സദാചാരവിരുദ്ധമായ കാര്യങ്ങൾ ഈ വ്രതത്തിൻെറ പ്രയോജനം ഇല്ലാതാക്കും. അതുകൊണ്ട് കൈകൾ രണ്ടും ഉയർത്തി തൊഴുതു പിടിച്ചു ഭക്തിയോടെ വന്നാൽ ഞാൻ വസ്ത്രങ്ങൾ തിരിച്ചു തരാം. ” പെൺകുട്ടികൾ കൃഷ്ണൻ പറഞ്ഞതുപോലെ തൊഴുതു വണങ്ങി വസ്ത്രം വാങ്ങി ധരിച്ചു. അവർക്ക് കൃഷ്ണനോട് ദേഷ്യമൊന്നും തോന്നിയതേയില്ല. കാരണം അവരെല്ലാം കൃഷ്ണനെ അത്രയ്ക്കു സ്നേഹിച്ചിരുന്നു. അവർക്കു കിട്ടിയ ശിക്ഷ ന്യായമാണെന്നവർക്ക് തോന്നുകയും ചെയ്തു.

കൃഷ്ണൻ അവരോട് പറഞ്ഞു. “നിങ്ങളുടെ ഹൃദയാഭിലാഷമെന്തെന്നെനിക്കറിയാം. അവയെല്ലാം നിറവേറുകയും ചെയ്യും. എന്നിലേക്കുവരാനുള്ള ആഗ്രഹം ആഗ്രഹമല്ല തന്നെ. വറുത്തിട്ടവിത്ത് വിത്തല്ലാത്തതുപോലെയത്രെ അത്. നിങ്ങൾ ദേവീയുപാസനചെയ്തതിൻെറ ഫലം ഉടനേ തന്നെ നിങ്ങൾക്കുണ്ടാവും.” പെൺകുട്ടികൾ ഗ്രാമത്തിലേക്ക് മടങ്ങി.

കൃഷ്ണൻ കുറേ കൂട്ടുകാരുമായി ഒരു തോട്ടത്തിൽ പോയി അവിടെ മരങ്ങളെ ചൂണ്ടിക്കാണിച്ച് പറഞ്ഞു. “ഒരു വൃക്ഷത്തിൻെറ ജൻമം എത്ര അനുഗ്രഹീതം. അവ എല്ലാ ജീവജാലങ്ങൾക്കുംവേണ്ട ആഹാരവും തണലും നൽകുന്നു. തങ്ങൾക്കുള്ള സമ്പത്തിനെ പങ്കുവച്ചുനൽകാതെ അവ ആർക്കുനേരേയും പുറം തിരിക്കുന്നില്ല. ഫലങ്ങളായും പൂക്കളായും ഇലകളായും വേരുകളായും മരത്തൊലിയായും അവസാനം വിറകായും അവ എല്ലാവരേയും സേവിക്കുന്നു. ഇതാണ് ഏറ്റവും വലിയ ധർമ്മം. മറ്റുള്ളവരെ തൻെറ ജീവനും ധനവും ഇന്ദ്രിയമനോബുദ്ധികളെല്ലാം ഉപയോഗിച്ചു സേവിച്ച് മോക്ഷമാർഗ്ഗമണയുകയത്രെ പരമ ധർമ്മം.”

**ദേശ: കാല. പൃഥഗ്ദ്രവ്യം മന്ത്ര തന്ത്രർത്ത്വിജോƒഗ്നയ:**
**ദേവതാ യജമാനശ്ച ക്രതുർദ്ധർമ്മശ്ച യൻമയ: (10-23-10)**
**തം ബ്രഹ്മ പരമം സാക്ഷാദ് ഭഗവന്തമധോക്ഷജം**
**മനുഷ്യദൃഷ്ട്യാ ദുഷ്പ്രജ്ഞ മർത്ത്യാത്മാനോ ന മേനിരേ (10-23-11)**

*ശുകമുനി തുടർന്നു:*
കാട്ടിലങ്ങിനെ കറങ്ങിനടക്കുന്ന അവസരത്തിൽ ഒരു ദിവസം ഗോപബാലൻമാർ കൃഷ്ണനോടു പറഞ്ഞു. "ഞങ്ങൾക്ക് വല്ലാതെ വിശക്കുന്നു. എന്തെങ്കിലും ആഹാരം തന്നാലും." കൃഷ്ണൻ കൂട്ടുകാരോടു പറഞ്ഞു: "അവിടെ ഒരിടത്ത് കുറെ ബ്രാഹ്മണർ യാഗകർമ്മങ്ങൾ നടത്തുന്നുണ്ട്. അവിടെച്ചെന്ന് ബലരാമൻേറയും എൻേറയും പേരു പറഞ്ഞ് നമുക്കെല്ലാമാവശ്യമുളള ഭക്ഷണം വാങ്ങിക്കൊണ്ടു വന്നാലും." ഗോപബാലൻമാർ ബ്രാഹ്മണരെ കാണാൻ ചെന്നു. മഹാത്മാക്കളേ ഞങ്ങൾ ബലരാമൻേറയും കൃഷ്ണൻേറയും സേവകരും കൂട്ടുകാരുമാണ്. അവർ അടുത്തൊരിടത്ത് ആസനസ്ഥരാണ്. ഇത്രദൂരം ഞങ്ങൾ വീടുവിട്ടുപോന്നതിനാൽ ഇപ്പോൾ വിശന്നുവലയുന്നു. ഞങ്ങളുടെ പ്രഭു കുറച്ച് ആഹാരം തരാനഭ്യർത്ഥിക്കുന്നു. നിങ്ങൾ ആ പ്രഭുവിൻെറ അഭ്യർത്ഥന നിരസിക്കുകയില്ല എന്ന് കരുതട്ടെ.

ബ്രാഹ്മണർ മറ്റുളളവർക്ക് ഭക്ഷണം ദാനം ചെയ്യുന്നത് ശാസ്ത്രവിധിക്കെതിരല്ല. പക്ഷേ അവർ ഗോപൻമാരെ വെറുതെ നോക്കിയതല്ലാതെ തരാമെന്നോ ഇല്ലെന്നോ പറയുകയുണ്ടായില്ല. ഇവിടെ ഇതാ ഭഗവാൻ കൃഷ്ണൻ സ്വയം ഏതൊരു യാഗകർമ്മങ്ങളുടേയും ആത്മാവും കാലവും ദേശവും യാഗവസ്തുക്കളും വേദങ്ങളും കർമ്മികളും അഗ്നിയും ദേവതയും പൂജയുടെയും പൂജാരിയുടെയും എല്ലാം ആത്മാവും ആണെന്നറിയാതെ ബ്രാഹ്മണർ അവരുടെ വികലബുദ്ധിയിൽ ഭഗവാനെ കേവലം നശ്വരജീവിയെന്ന് കരുതി. ബ്രാഹ്മണർക്ക് കൃഷ്ണൻ സ്വയം ഭഗവൽപരംപൊരുളാണെന്നറിയാൻ കഴിയാതെപോയി. ഗോപബാലൻമാർ വെറുംകയ്യോടെ കൃഷ്ണൻെറയടുക്കലേക്ക് മടങ്ങി.

കൃഷ്ണൻ ഹൃദയംതുറന്നുറക്കെ ചിരിച്ചു. എന്നിട്ടവരെ തിരിച്ചയച്ചു. ഇത്തവണ ബ്രാഹ്മണരുടെ ഭാര്യമാരുടെ അടുത്തേക്ക്. അവർ ബ്രാഹ്മണസ്ത്രീകളോട് പറഞ്ഞു. കൃഷ്ണനും ജ്യേഷ്ഠൻ ബലരാമനും അടുത്തൊരിടത്തിരിക്കുന്നു. ഞങ്ങൾ അവരുടെ സുഹൃത്തുക്കളാണ്. ഞങ്ങൾക്കെല്ലാം വിശക്കുന്നു. കുറച്ചാഹാരം തന്നാലും. അവർക്കീ വാക്കുകൾ അമൃതിനു തല്യമായിരുന്നു. അവർ കൃഷ്ണനെപ്പറ്റി കേട്ടിട്ടുണ്ടായിരുന്നു. അവനെ കാണാൻ കാത്തിരിക്കുകയുമായിരുന്നു. പെട്ടെന്നു തന്നെ പലേ പാത്രങ്ങളിലായി എല്ലാവിധ ഭക്ഷണങ്ങളും നിറച്ച് അവർ കൃഷ്ണൻ ഇരിക്കുന്നിടത്തേക്കു ചെന്നു.

പൂങ്കാവനത്തിൽ കൃഷ്ണൻ നടക്കുന്നത് ബ്രാഹ്മണ സ്ത്രീകൾ കണ്ടു. അവൻ ശ്യാമശരീരത്തിൽ മഞ്ഞപ്പട്ട് ധരിച്ചിരിക്കുന്നു. പൂക്കളും മയിൽപീലികളുംകൊണ്ട് സ്വയം നന്നായലങ്കരിച്ചിരിക്കുന്നു. ഒരു കൈ കൂട്ടുകാരൻെറ തോളിൽച്ചാരി മറ്റേക്കയ്യിലൊരു താമരപ്പൂ ചുഴറ്റിക്കൊണ്ട് കൃഷ്ണൻ നിൽക്കുന്നു. ഹൃദയംനിറയെ കൃഷ്ണനെ സ്വീകരിച്ച് ഈ സുചരിതകൾ കൃഷ്ണനെ സ്വന്തം ആത്മാവിൽ ഉൾക്കൊണ്ടു. അങ്ങിനെ കേവലവും വേദനാ നിർഭരവുമായ ജിവിതത്തെ അവർ പ്രശാന്തമധുരമാക്കി മാറ്റി.

**ധിഗ്ജൻമ നസ്ത്രിവൃദ്വിദ്യാം ധിഗ്വ്രതം ധിഗ്ബഹുജ്ഞതാം**
**ധിക്കുലം ധിക്ക്രിയാദാക്ഷ്യം വിമുഖാ യേ ത്വധോക്ഷജേ (10-23-39)**
**നൂനം ഭഗവതോ മായാ യോഗിനാമപി മോഹിനീ**
**യദ്വയം ഗുരവോ നൃണാം സ്വാർത്ഥേ മുഹ്യാമഹേ ദ്വിജാ: (10-23-40)**
**അഹോ വയം ധന്യതമാ യേഷാം നസ്താദൃശീ: സ്ത്രിയ:**
**ഭക്ത്യാ യാസാം മതിർജ്ജാതാ അസ്മാകം നിശ്ചലാഹരൌ (10-23-49)**

*ശുകമുനി തുടർന്നു:*
ഭഗവാൻ കൃഷ്ണൻ ആ മഹതികളെ സ്വാഗതം ചെയ്തു. "ഞാൻ നിങ്ങളുടെയെല്ലാം ആത്മാവുതന്നെയായതുകൊണ്ട് നിങ്ങൾ ഇത്ര ഭക്തിയുള്ളവരായതിൽ അത്ഭുതമൊന്നുമില്ല. മാത്രമല്ല ഇവിടെ വരുന്നതുകൊണ്ടുണ്ടായേക്കാവുന്ന ഭവിഷ്യത്തുക്കളെപ്പറ്റി നിങ്ങൾ വ്യാകുലരുമല്ല. ഇനി നിങ്ങൾ സ്വന്തം വീടുകളിലേക്ക് തിരിച്ചുപൊയ്ക്കൊള്ളൂ. ഭർത്താക്കൻമാർ നിങ്ങളെ കാത്തിരിക്കുന്നു. യാഗകർമ്മം പൂർത്തിയാക്കണമല്ലോ. എന്നാൽ സ്ത്രീകൾ കൃഷ്ണനോടു പറഞ്ഞു." ശാസ്ത്രപ്രകാരം അവിടുത്തെ പാദാരവിന്ദങ്ങളെ പ്രാപിച്ചവർക്ക് പ്രാപഞ്ചികമായ ജീവിതത്തിലേക്ക് തിരിച്ചു പോകേണ്ടതില്ല. ഞങ്ങൾക്ക് മാതാപിതാക്കളോടോ ഭർത്താക്കൻമാരോടോ കുട്ടികളോടോ ഒന്നും ഇപ്പോൾ യാതൊരു മമതയുമില്ല. എന്നാൽ അവിടുത്തെ പാദങ്ങളെ സ്പർശിച്ച തുളസീദളങ്ങളോട് ഞങ്ങൾക്ക് എത്ര പ്രിയമാണെന്നോ? മാത്രമല്ല അനുവാദമില്ലാതെ ഇങ്ങോട്ടുവന്നതുകൊണ്ട് ഞങ്ങളുടെ ഭർത്താക്കൻമാർ ഞങ്ങളെ നിരസിക്കുകയും ചെയ്യും. കൃഷ്ണനാകട്ടെ അവരുടെ ഭർത്താക്കൻമാർ അവരെ സ്വീകരിക്കുമെന്നുറപ്പു നൽകി. മാത്രമല്ല അവർക്ക് സ്ത്രീകളോട് നീരസം തോന്നുകയുമില്ല എന്നും കൃഷ്ണൻ പറഞ്ഞു. ഭൗതീകമായ അടുപ്പമോ സാമീപ്യമോ ഈ ലോകത്തിൽ ഭക്തി വളർത്തുകയില്ല തന്നെ. ഏറ്റവും പ്രധാനപ്പെട്ട കാര്യം മനസ്സിനെ എന്നിലുറപ്പിച്ചു നിർത്തുക എന്നതാണ്. കൃഷ്ണനും കൂട്ടുകാരും ഭക്ഷണം കഴിക്കാനിരുന്നു. സ്ത്രീകൾ മടങ്ങിപ്പോയി.

ബ്രാഹ്മണർ യാഗം പൂർത്തിയാക്കി. ബ്രാഹ്മണസ്ത്രീകളിലൊരാൾ ഭർത്താവിൻെറ അനുവാദമില്ലാത്ത തിനാൽ കൃഷ്ണനെ കാണാൻ പോയിരുന്നില്ല. എന്നാൽ അവർ കൃഷ്ണനിൽ തീവ്രഭക്തയായി സമാധിയടഞ്ഞ് ശരീരമുപേക്ഷിച്ചു.

ഇതെല്ലാം കണ്ട് ബ്രാഹ്മണർ സ്വയം ശപിച്ചു. ഞങ്ങളുടെ ജൻമവും ശാസ്ത്രപ്രകാരമുള്ള വ്രതങ്ങളും ജ്ഞാനസമ്പാദനവും കുലമഹിമയും യാഗം നടത്തുന്നതിലുള്ള കാര്യക്ഷമതയുമെല്ലാം നിന്ദാത്മകവും പൊങ്ങച്ചവുമത്രെ. കാരണം ഇവയെല്ലാംകൊണ്ട് ഞങ്ങൾ ഭഗവാനിൽ നിന്നകന്നുപോയിരിക്കുന്നു. ഭഗവാൻെറ മായാശക്തി അപാരം തന്നെ. യോഗിവര്യരെപ്പോലും മോഹിപ്പിക്കാൻ അതിനു കഴിയും. ജനങ്ങളുടെ ഗുരുവെന്നു സ്വയം അഭിനയിക്കുന്നവർ സ്വാർത്ഥമോഹികളത്രെ. എന്നാൽ ഈ സ്ത്രീകൾ ശാസ്ത്രാഭ്യാസമൊന്നും ഇല്ലാത്തവരാണ്. തപ:ശ്ചര്യകളിലേർപ്പെട്ട് യാഗവിധികൾ പഠിച്ച നമ്മളേക്കാൾ അവരുടെയുള്ളിൽ ഭഗവാനിലുള്ള അചഞ്ചലഭക്തി കൂടുതലത്രെ. തീർച്ചയായും ഇങ്ങിനെയുള്ള സ്ത്രീകളെ നമുക്ക് സഹധർമ്മചാരികളായി ലഭിച്ചതുകൊണ്ട് അവരിലൂടെ നമുക്കും ഭക്തിയുളവാകും. മൂന്നു ലോകത്തിൻെറയും അധിപനും വിശ്വസംരക്ഷകയായ ലക്ഷ്മിയുടെ പതിയുമായ ഭഗവാന് നമ്മുടെ കയ്യിൽനിന്നും ഭക്ഷണം യാചിക്കേണ്ട ആവശ്യമൊന്നുമില്ല. അദ്ദേഹം വിശപ്പഭിനയിച്ച് നമ്മുടെ ആത്മീയതയെ ഉണർത്തിയിരിക്കുന്നു. എന്നിട്ടും നമ്മളാ അവസരം വൃഥാവിലാക്കി. ഭഗവാൻ നമുക്ക് മാപ്പേകട്ടെ.

അവർക്ക് രാമകൃഷ്ണൻമാരെ കാണണമെന്നുണ്ടായിരുന്നുവെങ്കിലും ഭയം മൂലം അവരതിനു തുനിഞ്ഞില്ല. കംസനോടുള്ള ഭയമായിരുന്നു കാരണം. രാജാവായ കംസന് ഈ സഹോദരൻമാരോടുള്ള വിദ്വേഷം അവർക്കറിയാമായിരുന്നു.

**സ്വഭാവതന്ത്രോ ഹി ജന: സ്വഭാവമനുവർത്തതേ**
**സ്വഭാവസ്ഥമിദം സർവ്വം സദേവാസുരമാനുഷം (10-24-16)**
**ദേഹാനുച്ചാവചാഞ്ജന്തു: പ്രാപ്യോത്സൃജതി കർമ്മണാ**
**ശത്രുർമ്മിത്രമുദാസീന: കർമ്മൈവ ഗുരുരീശ്വര: (10-24-17)**
**തസ്മാത് സംപൂജയേത് കർമ്മ സ്വഭാവസ്ഥ: സ്വകർമ്മകൃത്**
**അഞ്ജസാ യേന വർത്തേത തദേവാസ്യ ഹി ദൈവതം (10-24-18)**

*ശുകമുനി തുടർന്നു:*
ഏതോ യാഗകർമ്മത്തിനുള്ള വിപുലമായ ഒരുക്കം കൂട്ടുകയായിരുന്നു ഗ്രാമവാസികൾ. കൃഷ്ണൻ അതുകണ്ടിട്ട് അച്ഛനോടിങ്ങിനെ ചോദിച്ചു: "മനുഷ്യർ കർമ്മങ്ങളിലേർപ്പെടുന്നു. ചിലപ്പോൾ അവയുടെ സ്വഭാവവിശേഷങ്ങളറിഞ്ഞും ചിലപ്പോൾ അറിയാതേയും. സ്വഭാവവിശേഷങ്ങളറിയാതെ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അവർക്കനുയോജ്യമല്ലാത്തതും പരാജയത്തിലേക്ക് നയിക്കുന്നതുമത്രെ. ഇവിടെ ഏതോ യാഗകർമ്മത്തിനായി വിപുലമായ ഒരുക്കങ്ങൾ നടക്കുന്നുവല്ലോ. അതിൻെറ ഉദ്ദേശവും ആരെ പ്രസാദിപ്പിക്കാനാണതെന്നും പറഞ്ഞു തന്നാലും."

നന്ദഗോപൻ പറഞ്ഞു: നാമിപ്പോൾ ഇന്ദ്രപ്രീതിക്കുവേണ്ടി ഒരു യാഗകർമ്മം നടത്താൻ പോവുന്നു. മകനേ ഇന്ദ്രൻ മഴയുടെ അധീശനാണ്. സമയത്ത് വേണ്ടത്ര അളവിൽ കിട്ടുന്ന മഴ കാരണമാണ് നമുക്കും ഗോക്കൾക്കുമുള്ള ഭക്ഷണധാന്യങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ആ ദേവൻെറ അനുഗ്രഹഫലത്തിൻെറ ഒരംശം അദ്ദേഹത്തിനർപ്പിച്ച് പ്രീതി നേടുന്നു. അങ്ങിനെ ഫലപ്രദവും സന്തോഷപ്രദവുമായ ജീവിതം നമുക്കുറപ്പാവുന്നു.

കൃഷ്ണൻ പറഞ്ഞു: "കർമ്മഫലം അനുസരിച്ചാണ് ഒരവുൻ ജനിക്കുന്നതും മരിക്കുന്നതും. പൂർവ്വ കർമ്മങ്ങളുടെ ഫലമായി അവന് സുഖദു:ഖങ്ങളും ജയപരാജയങ്ങളും ഉണ്ടാവുന്നു. ഇതിലെല്ലാം ഇന്ദ്രന് എന്തു പങ്കാണുള്ളത്? മനുഷ്യർ അവനവൻെറ സ്വഭാവഗുണങ്ങൾക്ക് വശംവദനത്രെ. ആ പ്രകൃതി ഗുണങ്ങൾക്കനുസരിച്ച് അവൻ കർമ്മങ്ങൾ ചെയ്യുന്നു. മനുഷ്യനും ദേവനും അസുരനും എല്ലാം പ്രകൃതി ഗുണങ്ങൾക്കനുസരിച്ചത്രേ ജീവിതം നയിക്കുന്നത്. കർമ്മഫലമനുസരിച്ച് ആത്മാവു ശരീരമെടുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു. കർമ്മഫലം സുഹൃത്തുക്കളേയും ശത്രുക്കളേയും നമുക്കേകുന്നു. അതു തന്നെയാണ് ഒരുവൻെറ ഗുരുവും ദൈവവുമെല്ലാം. അതുകൊണ്ട് സ്വപ്രകൃതിയിൽ നിന്നുകൊണ്ട് കർമ്മം ചെയ്യണം. അവനവൻെറ ധർമ്മമനുസരിച്ച് വർത്തിക്കണം. ഏതൊരു കർമ്മമാണോ ഒരുവന് ശരിയായ ആനന്ദത്തെ പ്രദാനം ചെയ്യുന്നത് അതുമാത്രമേ ദിവ്യകർമ്മമായുള്ളൂ. പശുക്കളും ബ്രാഹ്മണരും ഈ പർവ്വതവുമാണ് നമുക്ക് സന്തോഷത്തെ പ്രദാനം ചെയ്യുന്നത്. അതുകൊണ്ട് നമുക്കവരെ പൂജിക്കാം. ഇന്ദ്രപൂജയ്ക്കായി ഒരുക്കിയ ഈ വസ്തുക്കൾകൊണ്ട് നമുക്ക്പശുക്കളേയും ബ്രാഹ്മണരേയും ഗോവർദ്ധന പർവ്വതത്തേയും പൂജിക്കാം. ഈ ആഹാരസാധനങ്ങളെല്ലാം ജാതിമതഭേദമെന്യേ എല്ലാവർക്കുമായി പങ്കിടാം. എല്ലാ മൃഗങ്ങൾക്കും നമുക്കതു വീതിച്ചു നൽകാം. നമ്മുടെ പശുക്കളെ നമുക്ക് വേണ്ട രീതിയിൽ സൽക്കരിക്കാം. എല്ലാ ഭക്ഷണവും നമുക്കീ മലനിരകൾക്കർപ്പിക്കാം.

കൃഷ്ണൻ പറഞ്ഞതു പോലെ കാര്യങ്ങൾ നടന്നു. ഗോവർദ്ധനത്തിൻെറ ആത്മസത്തയായിരുന്നു കൊണ്ട് കൃഷ്ണൻ തന്നെ എല്ലാ അർഘ്യങ്ങളും സ്വീകരിച്ചു. നന്ദപുത്രനായി കൃഷ്ണൻ സ്വയം ഇതിനു നേതൃത്വം നൽകി. എന്നിട്ടിങ്ങിനെ പ്രഖ്യാപിച്ചു. "ഈ പർവ്വതനിരയിൽ വസിക്കുന്ന ദൈവം നമ്മുടെ വഴിപാടുകൾ എങ്ങിനെയാണ് ആസ്വദിക്കുന്നതെന്നുനോക്കൂ" വഴിപാടുകളെല്ലാം ഭംഗിയായി കഴിച്ച് ഗോപൻമാർ ഗ്രാമത്തിലേക്ക് മടങ്ങി.

**നഹി സദ്ഭാവയുക്താനാം സുരാണാമീശ വിസ്മയ:**
**മത്തോഽസതാം മാനഭംഗ: പ്രശമായോപകൽപ്പതേ (10-25-17)**
**ദേവേ വർഷതി യജ്ഞവിപ്ലവരുഷാ വജ്രാശ്മവർഷാനിലൈ:**
**സീദത് പാലപശുസ്ത്രി ആത്മശരണം ദൃഷ്ട്വാനുകംപ്യുത്സ്മയൻ**
**ഉത്പാട്യൈകകരേണ ശൈലമബലോ ലീലോച്ഛിലീന്ധ്രം യഥാ**
**ബിഭ്രദ് ഗോഷ്ഠമപാൻമഹേന്ദ്രമദഭിത് പ്രീയാന്ന ഇന്ദ്രോ ഗവാം (10-26-25)**

*ശുകമുനി തുടർന്നു:*
തനിക്കു കിട്ടാറുള്ള അർഘ്യം നിഷേധിക്കപ്പെട്ടതിൽ ക്രുദ്ധനായ ഇന്ദ്രൻ തന്റെ അധീനതയിലുള്ള പ്രത്യേക മേഘങ്ങളോട് ഗോപഗ്രാമം മുഴുവൻ നശിപ്പിക്കാനാജ്ഞാപിച്ചു. ആ മേഘങ്ങൾക്ക് പ്രളയമഴയുണ്ടാക്കാൻ കഴിവുണ്ട്. ദുരഭിമാനംകൊണ്ട് മനസ്സു നിറഞ്ഞിരുന്നതിനാൽ കൃഷ്ണന്റെ ദിവ്യത ഇന്ദ്രൻ മറന്നു പോയിരുന്നു. കൃഷ്ണനെ വെറുമൊരു മനുഷ്യനായി ഇന്ദ്രൻ കരുതി. മഴയുടെ ദേവനായ ഇന്ദ്രന്റെ ആജ്ഞപ്രകാരം മേഘങ്ങൾ വൃന്ദാവനത്തിനു മുകളിൽ തങ്ങളുടെ നശീകരണശക്തി മുഴുവനും പ്രയോഗിക്കുവാൻ തുടങ്ങി. ഭയന്നുവിറച്ച ഗോപൻമാരും ഗോപികമാരും കൃഷ്ണനെ അഭയം പ്രാപിച്ചു. ഇത് ഇന്ദ്രന്റെ പകപോക്കലാണെന്ന് കൃഷ്ണന് ഉടനേ മനസ്സിലായി. കൃഷ്ണൻ അവരെ സമാധാനപ്പെടുത്തി. “ഞാനിപ്പോൾ ദിവ്യശക്തികൊണ്ട് ഇന്ദ്രന്റെ അഹങ്കാരം അവസാനിപ്പിക്കാൻ പോവുന്നു. ദേവൻമാർ കളങ്കമറ്റവരാണെങ്കിലും അവരാണ് ലോകത്തിന്റെ നിയന്താക്കൾ എന്നു കണക്കാക്കാൻ പാടില്ല. അവരുടെ അഹങ്കാരം അവസാനിപ്പിക്കുന്നത് അവരുടെ തന്നെ ശാന്തിക്കുതകുന്നതാണ്. എന്നിലഭയം തേടിയവരെ ഞാൻ രക്ഷിക്കുക തന്നെ ചെയ്യും.

ഇത്രയും പറഞ്ഞ് ഭഗവാൻ ലീലയായി ഗോവർദ്ധനപർവ്വതത്തെ ഒരു കൈ കൊണ്ടുയർത്തി. പർവ്വതത്തെ ഒരു കുടപോലെ പിടിച്ച് വൃന്ദാവനവാസികളോട് അതിനു കീഴിൽ നിൽക്കാൻ കൃഷ്ണൻ പറഞ്ഞു. എന്റെ കയ്യിൽ നിന്നും ഇത് ചാടിപ്പോവുമെന്ന് പേടിക്കേണ്ട. ഇതിനു താഴെ നിങ്ങൾക്ക് മഴയിൽനിന്നും കൊടുങ്കാറ്റിൽനിന്നും ഉപദ്രവം ഉണ്ടാവുകയില്ല. ഗ്രാമം മുഴുവനും ജനങ്ങളും പൈക്കളുംമെല്ലാം ഗോവർദ്ധനത്തിനു കീഴിൽ നിരന്ന് അഭയം തേടി. കൃഷ്ണൻ ഒരാഴ്ച ഗോവർദ്ധനത്തെ താങ്ങി അവിടെ നിന്നു. അങ്ങിനെ ഗ്രാമത്തെ നശിപ്പിക്കാൻ കഴിയാതെ കൃഷ്ണനിൽനിന്നും പരാജയം ഏറ്റുവാങ്ങി ഇന്ദ്രൻ മഴമേഘങ്ങളെ പിൻവലിച്ചു. വെള്ളപ്പൊക്കം അവസാനിച്ചപ്പോൾ ആളുകൾ വീടുകളിലേക്ക് മടങ്ങി. കൃഷ്ണൻ പർവ്വതം തഴെവച്ചു. ജനം കൃഷ്ണനെ അഭിനന്ദിച്ച് ആരാധിച്ചു.

അവർ നന്ദഗോപനോട് ഇങ്ങിനെ തങ്ങളുടെ അത്ഭുതം പറഞ്ഞു. “ആരാണീ കൃഷ്ണൻ? ശിശുവായിരിക്കുമ്പോൾ പൂതനയെക്കൊന്നു. പിന്നീടും പല രാക്ഷസരേയും കൃഷ്ണൻ വധിച്ചു. ഭയങ്കരനായ കാളിയനെ കീഴടക്കി. മാത്രമല്ല ഞങ്ങളെല്ലാം തീവ്രമായി സ്നേഹിക്കുന്നരീതിയിൽ ഒരാകർഷണീയത കൃഷ്ണനുണ്ട്. കൃഷ്ണനും ഞങ്ങളെ സ്നേഹിക്കുന്നു. ബാലന് ഏഴു വയസ്സേയുള്ളൂ. എന്നിട്ട് ഈ മല ുഴുവൻ ഉയർത്തി പിടിച്ചിരിക്കുന്നു ആരാണിവൻ എന്നാണ് ഞങ്ങൾക്കൽഭുതം” ഗാർഗമുനി നാമകരണസമയത്ത് പറഞ്ഞ കാര്യം നന്ദൻ അവരോട് പറഞ്ഞു. എനിക്കിപ്പോൾ ഉറപ്പാണ് കൃഷ്ണൻ ഭഗവാൻ നാരായണന്റെ അംശാവതാരം തന്നെയാണെന്ന്.. ഗ്രാമീണർ സംതൃപ്തരായി.

തനിക്കുള്ള അർഘ്യം നഷ്ടപ്പെട്ട ക്രോധത്തിൽ ഗ്രാമത്തെ പ്രളയത്തിലാഴ്ത്താൻ ഘോരമഴ പെയ്യിച്ച ഇന്ദ്രന്റെ പ്രതികാരത്തിൽ നിന്നും വൃന്ദാവനത്തെ രക്ഷിക്കാൻ ഗോവർദ്ധനപർവ്വതത്തെ ഒരു കൈ കൊണ്ടുയർത്തി പിടിച്ച ഭഗവാൻ കൃഷ്ണൻ ഞങ്ങളിൽ കൃപാലുവാകട്ടെ.

**പിതാ ഗുരു സ്ത്വം ജഗതാമധീശോ ദുരത്യയ: കാല ഉപാത്തദണ്ഡ:**
**ഹിതായ സ്വേച്ഛാതനുഭി: സമീഹസേ മാനം വിധുന്വൻ ജഗദീശമാനിനാം (10-27-6)**
**നമസ്തുഭ്യം ഭഗവതേ പുരുഷായ മഹാത്മനേ**
**വാസുദേവായ കൃഷ്ണായ സാത്വതാം പതയേ നമ: (10-27-10)**
**സ്വച്ഛന്ദോപാത്ത ദേഹായ വിശുദ്ധജ്ഞാനമൂർത്തയേ**
**സർവ്വസ്മൈ സർവ്വബീജായ സർവ്വഭൂതാത്മനേ നമ: (10-27-11)**
**ത്വയേശാനുഗൃഹീതോ*f*സ്മി ധ്വസ്ത സ്തംഭോ വൃഥോദ്യമ:**
**ഈശ്വരം ഗുരുമാത്മാനം ത്വാമഹം ശരണം ഗത: (10-27-13)**
**കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വസംഭവ**
**ഭവതാ ലോകനാഥേന സനാഥാ വയമച്യുത (10-27-19)**

*ശുകമുനി തുടർന്നു:*
സ്വർഗ്ഗധേനുവായ സുരഭിയും സ്വർഗ്ഗനാഥനായ ഇന്ദ്രനും കൃഷ്ണസവിധമണഞ്ഞു. പരാജിതനായി തലയും കുമ്പിട്ട് ഇന്ദ്രൻ ഭഗവാനോടിങ്ങിനെ ക്ഷമ യാചിച്ചു..

അവിടുന്ന് മനുഷ്യവേഷത്തിലാണെങ്കിലും എല്ലാ പ്രതിഭാസങ്ങൾക്കുമപ്പുറത്താണല്ലോ. അവിടുത്തേക്ക് ആഗ്രഹങ്ങൾ ഒന്നുമില്ലെങ്കിലും അവിടുന്ന് ദുഷ്ടരെ ശിക്ഷിക്കുന്നു. അത് അവരുടെയെല്ലാം നൻമയ്ക്കുതന്നെയുമാണ്. അവിടുന്നാണ് പിതാവും ഗുരുവും ലോകനാഥനും. അവിടുന്നാണ് കാലം. ശരീരമെടുത്തിട്ടുള്ള ജീവികളുടെയെല്ലാം നൻമയ്ക്കായി അവിടുന്നവതരിച്ചിരിക്കുന്നു. അഹങ്കാരികളുടെ മദം ശമിപ്പിക്കുന്നതിനുമാണ് അവിടുന്നവതരിച്ചത്. കഠിനമായ ദുരവസ്ഥകളിൽപ്പോലും അവിടുന്നു കാണിക്കുന്ന പ്രശാന്തത അഹംഭാവികളിൽ ലജ്ജയും ഭക്തിയുമുളവാക്കാൻ പോന്നതത്രെ. എന്റെ ദുഷ്ടതയ്ക്കു മാപ്പു നൽകിയാലും. അവിടുത്തെ ചെയ്തികൾ തന്നെ അഹങ്കാരികൾക്കുള്ള ശകാരമത്രെ. എനിക്കീവിധമായ ചിന്തകൾ ഉണ്ടാകാതിരിക്കാനായി അനുഗ്രഹിച്ചാലും.

വാസുദേവാ കൃഷ്ണാ അവിടേക്ക് നമസ്കാരം. അവിടുന്നാണല്ലോ സത്വതയുടെ കേദാരം. ഭക്തജനങ്ങൾക്ക് ഹിതമായ രൂപഭാവങ്ങളോടെ സ്വേഛയാൽ അവതരിച്ച ഭഗവാന് നമസ്കാരം. അവിടുന്നാണെല്ലാവരുടേയും ഉൺമയും അന്തര്യാമിയും എല്ലാറ്റിൻേറയും ഉറവിടവും. എന്റെ അഹങ്കാരം ശമിച്ചിരിക്കുന്നു. എന്റെ പ്രയത്നങ്ങൾ വൃഥാവിലാവുകയും ചെയ്തു. ഞാൻ അവിടുത്തെ പാദങ്ങളിൽ അഭയം തേടുന്നു. അവിടുന്നു തന്നെ ഗുരു. തത്വമസി.

ഭഗവാൻ ഇന്ദ്രനോട് പറഞ്ഞു: ”നിങ്ങളുടെ അഹങ്കാര ശമനത്തിനായാണ് ഞാൻ നിങ്ങൾക്കുള്ള യാഗം മുടക്കിച്ചത്. ഞാൻ ആരെയെങ്കിലും അനുഗ്രഹിക്കുമ്പോൾ ആദ്യം അവരുടെ ധനസ്ഥാന സമ്പത്തുക്കൾ അവരിൽ നിന്ന് നീക്കം ചെയ്യുന്നു. എല്ലാ അഹന്തയുമവസാനിപ്പിക്കൂ. എന്നിട്ട് പഴയപോലെ സ്വർഗ്ഗത്തെ ഭരിച്ചാലും.

സ്വർഗ്ഗധേനുവായ സുരഭി കൃഷ്ണനെ വാഴ്ത്തി. പശുകുലത്തിന്റെ ഇന്ദ്രനായി ഭഗവാൻ അവരെ സംരക്ഷിക്കണമെന്നപേക്ഷിച്ചു. സുരഭി പ്രാർത്ഥിച്ചു. കൃഷ്ണാ അവിടുന്ന് പരമയോഗിയും വിശ്വാത്മാവും അതിന്റെ ഉറവിടവുമത്രെ. അവിടുന്നാണ് വിശ്വസംരക്ഷകൻ. ഞങ്ങൾക്കും അവിടുത്തെ സുരക്ഷ നൽകിയാലും. എന്നിട്ട് സുരഭി തന്റെ സ്തന്യംകൊണ്ട് ഭഗവാനെ അഭിഷേകം ചെയ്തു. ഇന്ദ്രൻ ആകാശഗംഗയിലെ ജലംകൊണ്ട് ഭഗവാനെ ധാര ചെയ്തു. എന്നിട്ട് ഇന്ദ്രൻ കൃഷ്ണനെ ഗോക്കളുടെ ഇന്ദ്രൻ ഗോവിന്ദൻ എന്ന് നാമകരണം ചെയ്തു കിരീടവുമണിയിച്ചു. ആകാശവാസികൾ പാടിയും നൃത്തം ചെയ്തും ആഹ്ലാദം കാട്ടി. ലോകത്തിലെ പശുക്കൾ എല്ലാം ആനന്ദിച്ചു. ഇന്ദ്രൻ സ്വർഗ്ഗലോകത്തിലേക്ക് മടങ്ങി.

**ജനോ വൈ ലോക ഏതസ്മിന്നവിദ്യാകാമകർമ്മഭി:**
**ഉച്ചാവചാസു ഗതിഷു നവേദ സ്വാം ഗതിം ഭ്രമൻ (10-28-13)**
**ഇതി സഞ്ചിന്ത്യ ഭഗവാൻ മഹാകാരുണികോ ഹരി:**
**ദർശയാമാസ ലോകം സ്വം ഗോപാനാം തമസ: പരം (10-28-14)**
**സത്യം ജ്ഞാനമനന്തം യദ്ബ്രഹ്മ ജ്യോതി: സനാതനം**
**യദ്ധി പശ്യന്തി മുനയോ ഗുണാപായേ സമാഹിതാ: (10-28-15)**

*ശുകമുനി തുടർന്നു:*
ഒരിക്കൽ ഏകാദശി വ്രതം കഴിഞ്ഞതിന്റെ പിറ്റേ ദിവസം നേരത്തെ എഴുന്നേറ്റ് നന്ദഗോപർ കാളിന്ദീ നദിയിൽ കുളിച്ച് വിധിപ്രകാരം വ്രതമവസാനിപ്പിക്കാൻ പുറപ്പെട്ടു. അതിനുപറ്റിയ മുഹൂർത്തം നോക്കിയാണ് നന്ദഗോപർ കാളിന്ദിയിൽ പോയത്. എന്നാൽ ആ സമയം ഇരുട്ടിന്റെ ശക്തികളുടെ വിളയാട്ടമുള്ളതും അവർക്ക് പ്രിയപ്പെട്ടതുമായിരുന്നു. അതുകൊണ്ട് നന്ദൻ ജലത്തിലിറങ്ങിയതും ജലദേവതയായ വരുണന്റെ ദൂതൻമാരിലൊരാൾ അദ്ദേഹത്തെ പിടികൂടി വരുണസവിധത്തിലെത്തിച്ചു.

വ്യജവാസികൾ നന്ദൻ നദിയിൽ മുങ്ങിമരിച്ചു എന്നുകരുതി ഉറക്കെ കരയാൻ തുടങ്ങി. ഇതുകേട്ടു വന്ന കൃഷ്ണൻ അച്ഛനെ തേടി നേരെ വരുണന്റെയടുക്കൽ എത്തി. ഭഗവാൻ കൃഷ്ണനെ തന്റെ വാതിൽപ്പടിയിൽ കണ്ടപ്പോൾ വരുണൻ സ്നേഹഭക്ത്യാദരവുകളോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അദ്ദേഹം പറഞ്ഞു: ഇന്ന് എന്റെ ജീവിതത്തിലെ ഏറ്റവും അനുഗ്രഹീതമായ ദിവസമത്രെ. വിശ്വത്തിന്റെ മുഴുവനും സത്തും നിധിയുമായ ഭഗവൽസാന്നിദ്ധ്യം എനിക്ക് ലഭിച്ചിരിക്കുന്നു. ഞാനങ്ങയെ നമസ്കരിക്കുന്നു. അങ്ങാണ് പരംപൊരുൾ. മായാതീതൻ. അവിടുത്തെ അച്ഛൻ ഇതാ. അവിടുത്തെ വിനീതഭൃത്യൻമാരായ ഞങ്ങളോട് പൊറുത്താലും. അറിയാതെയായാലും അവിടുത്തെ അച്ഛനെ ഇവിടെ കൊണ്ടുവന്ന് അങ്ങയോട് ഞങ്ങൾ അപരാധം ചെയ്തു. ഞങ്ങളോട് ക്ഷമിച്ചാലും.

കൃഷ്ണനും നന്ദനും വൃന്ദാവനത്തിലേക്ക് തിരിച്ചു വന്നു. നന്ദൻ വരുണസവിധത്തിലെ ധനസമ്പത്തും പ്രൗഢിയുമെല്ലാം കണ്ടു. അതേ സമയം വരുണനുള്ള ഭക്ത്യാദരവും അദ്ദേഹം മനസ്സിലാക്കി. ആ ലോകത്തിന്റെ രാജാവിന് തന്റെ മകനോടുള്ള സ്നേഹബഹുമാനങ്ങളും നന്ദൻ കണ്ടു. അദ്ദേഹം ഈ കാര്യങ്ങളെല്ലാം വ്യജത്തിലെ തന്റെ ആളുകളോട് പറഞ്ഞു. അവരെല്ലാം അത്ഭുത പരവശരാവുകയും ഭഗവാൻ എല്ലാവരേയും തന്റെ ദിവ്യസവിധത്തിലേക്ക്കൂട്ടികൊണ്ടുപോവും ഒരിക്കൽ എന്ന് പ്രത്യാശിക്കുകയും ചെയ്തു. അന്തര്യാമിയായ ഭഗവാൻ ഇതു മനസ്സിലാക്കി ഇങ്ങിനെ ആലോചിച്ചു: മനുഷ്യർ ഈ ലോകത്ത് തപ്പിത്തടഞ്ഞ് സഞ്ചരിക്കുന്നു. ചിലപ്പോൾ ഉന്നതമായ പാതയിൽ. അല്ലെങ്കിൽ തഴേക്കുള്ള പതനത്തിൽ. എന്നാൽ എല്ലായ്പ്പോഴും അജ്ഞതയ്ക്കു വശംവദരായി കഴിയുന്നു. ആർത്തിയോടെ സ്വാർത്ഥകർമ്മങ്ങൾ ചെയ്യുന്നത് ആത്മീയപാതയെക്കുറിച്ച് അറിവല്ലാത്തതുകൊണ്ടത്രേ. തന്റെ കൂട്ടുകാരായ ഗോപൻമാരോടുള്ള ദയാവായ്പ്പൊന്നുകൊണ്ടുമാത്രം കൃഷ്ണൻ തന്റെ പരമഗൃഹം അവർക്ക് കാണിച്ചുകൊടുത്തു. അനന്തമെന്നും സത്തെന്നും ബോധമെന്നും ഇരുട്ടിനുമപ്പുറത്തുള്ള ബ്രഹ്മം എന്നും അറിയുന്നതും ത്രിഗുണാദികളെ വെന്ന മാമുനിമാർ അനുഭവിച്ചറിഞ്ഞതുമായ അവിടം ഗോപൻമാർ കണ്ടു. വേദങ്ങൾ കൃഷ്ണനു സങ്കീർത്തനമാലപിക്കുന്നതവിടെയത്രെ. ഈ ദർശനഭാഗ്യം അത്ഭുതാദരങ്ങളോടെ ഉൾക്കൊണ്ടശേഷം വൃന്ദാവനവാസികൾ വീണ്ടും കൃഷ്ണനെ തങ്ങളിലൊരാളായി കണ്ടു.

**അന്തർഗൃഹഗതാ: കാശ്ചിദ്ഗോപ്യാƒലബ്ധ വിനിർഗ്ഗമാ:**
**കൃഷ്ണം തദ്ഭാവനായുക്താ ദധ്യുർമ്മീലിതലോചനാ: (10-29-9)**
**ദുസ്സഹ പ്രേഷ്ഠവിരഹതീവ്രതാപധുതാശുഭാ:**
**ധ്യാനപ്രാപ്താച്യുതാശ്ലേഷനിർവൃത്യാ ക്ഷീണമംഗളാ: (10-29-10)**
**തമേവ പരമാത്മാനം ജാരബുദ്ധ്യാപി സംഗതാ:**
**ജഹുർഗ്ഗുണമയം ദേഹം സദ്യ: പ്രക്ഷീണബന്ധനാ: (10-29-11)**

*ശുകമുനി തുടർന്നു:*
അതൊരു ശരത്കാലമായിരുന്നു. തെളിഞ്ഞ നീലാകാശത്ത് പൂർണ്ണചന്ദ്രനുദിച്ചു നിന്നു. ഇത് ദിവ്യലീലയ്ക്കുള്ള ഉചിതമായ സമയം തന്നെയെന്ന് കൃഷ്ണൻ വിചാരിച്ചു. കാട്ടിലിരുന്ന് തൻെറ ആരാധികമാരായ ഗോപികമാർക്ക് അനുഗ്രഹവർഷം ചൊരിയുന്നതിനായി കൃഷ്ണൻ തൻെറ ഓടക്കുഴലിൽ കുറച്ച് രാഗങ്ങൾ വായിച്ചു. സംഗിതം കൃഷ്ണപ്രേമത്തിൻെറ തീനാളത്തെ ആളിപ്പടർത്തി ഗോപികമാരുടെ ഹൃദയത്തെ വശീകരിച്ചു.

ഏതോ മാസ്മരികതയെന്നപോലെ അവർ കൃഷ്ണനിരിക്കുന്നയിടത്തേയ്ക്ക് എത്തിച്ചേരാൻ തുടങ്ങി. ചിലർ പശുവിനെ കറക്കുകയായിരുന്നു. മറ്റുചിലർ പാലു തിളപ്പിക്കുകയായിരുന്നു. ഇനിയും ചിലർ പാചകത്തിലും ഭർത്തൃശുശ്രൂഷയിലുമായിരുന്നു. ചിലർ കുട്ടിക്ക് മുലയൂട്ടുകയായിരുന്നു. ചിലർ ഭക്ഷണം കഴിക്കുകയായിരുന്നു. മറ്റുചിലർ ആടയാഭരണങ്ങളണിയുകയായിരുന്നു. കൃഷ്ണമുരളീനാദം കേട്ടമാത്രയിൽ തങ്ങൾ ചെയ്തിരുന്ന പ്രവൃത്തികളത്രയും ഉപേക്ഷിച്ച് അവർ കൃഷ്ണൻെറ അടുത്തേക്ക് നടന്നു. ആർക്കുമവരെ തടയാനായില്ല. അവർ ഉചിതമായി വസ്ത്രം ധരിച്ചിരുന്നോ അണിഞ്ഞൊരുങ്ങിയിരുന്നോ എന്നൊന്നും ശ്രദ്ധിച്ചില്ല. കൃഷ്ണമുരളിയുടെ നാദവീചി അവരുടെ കർണ്ണപുടത്തിലെത്തിയ മാത്രയിൽ അവരുടെ ഹൃദയവും ആത്മാവും ജീവൻ തന്നെയും കൃഷ്ണ പാദങ്ങളിലെത്തിയിരുന്നു. ശരീരത്തിന് പിന്നെ ജീവനെ പിന്തുടരുകയേ വേണ്ടിയിരുന്നുള്ളൂ.

ചിലർ തങ്ങളുടെ വീട്ടിലെ വാതിലുകളെല്ലാം അടച്ചുപൂട്ടിയതായറിഞ്ഞു. അവർ കൃഷ്ണനെ തങ്ങളുടെ ഹൃദയത്തിൽ ധ്യാനിച്ച് കണ്ണുകളടച്ചിരുന്നു. കൃഷ്ണനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹം അവരുടെ ഹൃദയത്തിലെരിഞ്ഞിറങ്ങി. അതവരുടെ പൂർവ്വജൻമാർജ്ജിതമായ പാപകർമ്മങ്ങളെയെല്ലാം എരിച്ചു കളഞ്ഞു. തീവ്രമായ ധ്യാനത്തിനാൽ അവർ കൃഷ്ണനെ ആലിംഗനം ചെയ്തു. അതിൻെറ പരമാനന്ദം അവരുടെയുള്ളിലെ സദ്കർമ്മഫലങ്ങളെപ്പോലും ഇല്ലാതാക്കി. അങ്ങിനെ നല്ലതും ചീത്തയുമായ കർമ്മഫല ങ്ങളൊന്നുമില്ലാതെ കൃഷ്ണൻ തങ്ങളുടെ കമിതാവായി ധ്യാനിച്ച് അവർ ഭഗവാൻെറ പരമപദം പൂകി. ഭൗതികശരീരത്തെ ഉപേക്ഷിച്ചു. ഇത് സത്യമത്രെ. ഏതൊരുവൻ പ്രേമത്തോടേയോ ഭയത്താലോ സൗഹൃദത്താലോ ഭഗവാനെ സമീപിക്കുന്നുവോ അവർ ആ പരമപദത്തെ പ്രാപിക്കുന്നു. ഇതു തന്നെയാണീ അവതാരോദ്ദേശം. ജൻമമെടുത്ത ജീവികൾക്ക് എളുപ്പത്തിലെത്തിച്ചേരാവുന്ന രീതിയിൽ ഭഗവാൻ അവതരിച്ചിരിക്കുന്നു.

*അവരെല്ലാം വന്നപ്പോൾ കൃഷ്ണൻ പറഞ്ഞു:*
അനുഗ്രഹീതരായ മഹിളാമണികളേ സ്വാഗതം. നമ്മളെന്താണ് ചെയ്യേണ്ടതിപ്പോൾ? എന്തിനാണ് നിങ്ങൾ വീടുപേക്ഷിച്ചിപ്പോൾ ഇങ്ങോട്ട് വന്നത്? നിങ്ങളുടെ അച്ഛനമ്മമാരും ഭർത്താക്കൻമാരും പരിഭ്രമിക്കും. നിങ്ങൾക്കെല്ലാം എന്നോടു മമതയുണ്ടെന്നുള്ളതു ശരിതന്നെ. കാരണം എല്ലാവരിലേയും ആത്മസത്ത ഞാനാണല്ലോ. എന്നാൽ വിവാഹിതയായ ഒരു സ്ത്രീ ഭർത്താവിനോട് വിശ്വസ്ഥയായിരിക്കണം. അയാളെ ഭഗവാനെന്നു നിനച്ചു സേവിക്കണം. അയാൾ ദുഷ്ടനോ ദരിദ്രനോ നിർഭാഗ്യവാനോ വയസ്സനോ രോഗിയോ ആണെങ്കിൽ പോലും. എൻെറ ഭക്തർക്ക് ഭൗതീകമായി എൻെറ സാന്നിദ്ധ്യം ആവശ്യമില്ല തന്നെ. എന്നാൽ എൻെറ മഹിമകളും ലീലകളും കേട്ടു ധ്യാനിച്ച് നിങ്ങൾ സ്വന്തം വീടുകളിലേക്ക് മടങ്ങിയാലും.

**മൈവം വിഭോ *f*ർഹതി ഭവാൻ ഗദിതും നൃശംസം**
**സന്ത്യജ്യ സർവവിഷയാം സ്തവ പാദമൂലം**
**ഭക്താ ഭജസ്വ ദുരവഗ്രഹ മാ ത്യജാസ്മാൻ**
**ദേവോ യഥാ*ff*ദി വുരുഷോ ഭജതേ മുമുക്ഷൂൻ (10-29-31)**
**യർഹ്യംബുജാക്ഷ തവ പാദതലം രമായാ**
**ദത്തക്ഷണം ക്വചിദരണ്യജനപ്രിയസ്യ**
**അസ്പ്രാക്ഷ്മ തത്പ്രഭൃതി നാന്യസമക്ഷമംഗ**
**സ്ഥാതും ത്വയാഭിരമിതാ ബത പാരയാമ: (10-29-36)**

*ഗോപിമാർ പറഞ്ഞു:*
ഞങ്ങളെ അങ്ങിനെ തിരസ്കരിക്കരുതേ ഭഗവാനെ. ഞങ്ങൾ ലോകത്തിലെ വസ്തു ക്കളെല്ലാം ഉപേക്ഷിച്ച് അങ്ങയുടെ പാദങ്ങളെ ആശ്രയിച്ചു വന്നിരിക്കുകയാണ്. അവിടുത്തെ ഭൃത്യരായി ഞങ്ങളെ കണക്കാക്കിയാലും. മുക്തിപദം പ്രാപിച്ചശേഷം വിശ്വനാഥനും അങ്ങിനെയാണല്ലൊ സാധകരെ കണക്കാക്കുന്നത്. അവിടുന്ന് പറഞ്ഞു ഞങ്ങളുടെ പരമമായ ധർമ്മം സ്വന്തം ഭർത്താക്കൻമാരെ ശുശ്രൂഷിക്കലാണെന്ന്. അങ്ങിനെയായികൊള്ളട്ടെ. പക്ഷെ അവിടുന്നല്ലയോ എല്ലാ ജീവജാലത്തിൻേറയും ആത്മസത്ത? അതുകൊണ്ട് ഞങ്ങളുടെ കാന്തൻമാരുടേയും ആത്മസത്ത അവിടുന്നുതന്നെ. അപ്പോൾ അവിടുത്തെ സേവിക്കുന്നത് അവരെ സേവിക്കുന്നതിനു തുല്യമത്രെ. ആരെല്ലാം സ്വധർമ്മം ആചരിക്കുകയും ശാസ്ത്രാധിഷ്ഠിതമായ യാഗങ്ങൾ നടത്തുകയും ചെയ്യുന്നുവോ അവരും പൂജിക്കുന്നത് അവിടുത്തെ മാത്രമാണല്ലോ? ഞങ്ങൾക്കിപ്പോൾ അവിടുത്തെ സാമീപ്യസൗഭാഗ്യം ലഭിച്ചിരിക്കുന്നു. അവിടുന്നുള്ളപ്പോൾ ഞങ്ങൾ കുടുംബാംഗങ്ങളെ ശുശ്രൂഷിച്ച് അവരിലൂടെ പുണ്യമാർജ്ജിക്കാൻ എന്തിനു തുനിയണം? ഞങ്ങൾ വേണമെന്നു വച്ചാൽ പോലും കൈകൾ മുമ്പുചെയ്തിരുന്ന ജോലികളിലേക്ക് മടങ്ങാൻ കൂട്ടാക്കുന്നില്ല. കാലുകളാകട്ടെ അവിടുത്തെ മുമ്പിൽനിന്ന് മാറിപ്പോവുന്നുമില്ല. ഞങ്ങൾ നിർബന്ധപൂർവ്വം വീടുകളിലേക്ക് തിരിച്ചു പോയിട്ട് ഈ അവസ്ഥയിൽ എന്തു ചെയ്യാനാണ്? അവിടുത്തെ പുഞ്ചിരിയാലും കള്ളനോട്ടത്താലും ഞങ്ങളുടെ ഹൃദയത്തിലെ പ്രേമാഗ്നി ഉണർന്നിരിക്കുന്നു. അവിടുത്തെ അധരപുടങ്ങളിൽ നിന്നുമുതിരുന്ന അമൃതുകൊണ്ട് ആ തീ അടക്കിയാലും. അല്ലെങ്കിൽ ആ അഗ്നി ഞങ്ങളുടെ ജീവസത്തയെ മുഴുവൻ കീഴടക്കിക്കളയും.

ഞങ്ങൾ അവിടുത്തെ പാദസ്പർശനം നടത്തിയതുകൊണ്ട് ഹൃദയംകൊണ്ട് മാറ്റാരേയും പ്രിയനായി കരുതുന്നില്ല. സമ്പത്തിൻെറ ദേവതയായ മഹാലക്ഷ്മീദേവി പോലും അവിടുത്തെ താമരപ്പാദങ്ങൾ തഴുകിയ തുളസിയിലയ്ക്കായി ദാഹിക്കുന്നു. ലോകം മുഴുവനും ആ ദേവതയുടെ അനുഗ്രഹം കാംക്ഷിക്കുന്നു. പക്ഷേ ഞങ്ങൾക്കവിടുത്തെ പാദാരവിന്ദരേണുക്കൾ മാത്രം മതി. അവിടുത്തെ കോലക്കുഴൽ സംഗീതം കേട്ട് പക്ഷി മൃഗാദികൾ പോലും മോഹിതരായി നിൽക്കുമ്പോൾ എന്തു മാന്യതയുടെ പേരിലാണ് അവിടുത്തെ കാന്തവലയത്തിൽ പെടാതിരിക്കാൻ ഞങ്ങൾ സംയമനം പാലിക്കേണ്ടത്? അവിടുന്ന് ജൻമംകൊണ്ടത് ഞങ്ങളുടെ ഭയത്തേയും ദുരിതങ്ങളേയും ഇല്ലായ്മ ചെയ്യാനാണല്ലോ? അതുകൊണ്ട് ഞങ്ങൾ കെഞ്ചിയപേക്ഷിക്കുകയാണ് അവിടുത്തെ ദിവ്യകരങ്ങൾ ഞങ്ങളുടെ മാറിടങ്ങളിലും തലകളിലും വച്ചാലും.

*ശുകമുനി തുടർന്നു:* പുഞ്ചിരിയോടെ ഗോപികമാരുടെ തീരുമാനത്തെ അംഗീകരിച്ച് ഭഗവാൻ അവരോടൊപ്പം ലീലയാടി. എല്ലാവരും ആ പൂങ്കാവനത്തിൽ ആടാനും പാടാനും തുടങ്ങി. അദ്ദേഹം അവരെ യമുനാപുളിനത്തിലേക്ക് നയിച്ചു. അവിടെ പലേ രീതികളിൽ അവരുമായി കൃഷ്ണൻ കളിച്ചുല്ലസിച്ചു. അങ്ങിനെ കൃഷ്ണൻെറ പ്രേമവും ശ്രദ്ധയും ലഭിച്ച ഗോപികൾ അവരാണ് തിരഞ്ഞെടുക്കപ്പെട്ടവരെന്നും മറ്റെല്ലാ സ്ത്രീകളേക്കാളും ഉയർന്നവരാണ് തങ്ങൾ എന്നും കണക്കാക്കാൻ തുടങ്ങി. എല്ലാവരുടേയും അന്തര്യാമിയായ ഭഗവാന് ഇതറിയാമായിരുന്നു. അങ്ങിനെ അവരുടെ അഹങ്കാരവും അഭിമാനവും ഇല്ലാതാക്കാൻ ഭഗവാൻ അവരുടെ ഇടയിൽനിന്നുമപ്രത്യക്ഷനായി.

**ഗതിസ്മിത പ്രേക്ഷണ ഭാഷണാദിഷു പ്രിയാ: പ്രിയസ്യ പ്രതിരൂഢമൂർത്തയ :**
**അസാവഹം ത്വിത്യബലാസ്തദാത്മികാ ന്യവേദിഷു: കൃഷ്ണവിഹാരവിഭ്രമാ: (10-30-3)**
**പൃച്ഛരതേമാ ലതാ ബാഹൂനപ്യാശ്ലിഷ്ടാ വനസ്പതേ:**
**നൂനം തത്കരജസ്പൃഷ്ടാ ബിഭ്രത്യുത് പുളകാന്യഹോ (10-30-13)**

*ശുകമുനി തുടർന്നു:*
കൃഷ്ണൻ അപ്രത്യക്ഷനായതോടെ ഗോപികമാർ ദു:ഖാകുലരായി.. കൃഷ്ണവിരഹദു:ഖം ബാധിച്ച് അവരാകെ വിവശരായി. അവരുടെ ഹൃദയം കൃഷ്ണപ്രേമം കൊണ്ട് നിറഞ്ഞിരുന്നുവല്ലോ. ഗോപികമാർ കൃഷ്ണന്റെ രൂപഭാവഹാവാദികൾ ഓർമ്മിച്ചു. കൃഷ്ണന്റെ പുഞ്ചിരിയും കള്ളനോട്ടവും ചെയ്തികളും അവരോർമ്മിച്ചു. കൃഷ്ണന്റെ ലീലകൾ അവർ അനുകരിച്ച് അഭിനയിക്കാൻ തുടങ്ങി. അവർ അവരുടെ ശരീരവും ചുറ്റുപാടുകളുമെല്ലാം വിസ്മരിച്ച് കൃഷ്ണനായി നടിച്ചു ചിലർ. ഒരു ഗോപി കൃഷ്ണനുവേണ്ടി ദാഹിച്ചുനിൽക്കുന്നത് കണ്ട് മറ്റൊരു ഗോപി "ഞാൻ കൃഷ്ണനാണ്" എന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. വീണ്ടും സമയമേറെച്ചെന്നപ്പോൾ കൃഷ്ണൻ അവരുടെ കൂട്ടത്തിൽ ഇല്ലെന്ന സത്യം തിരിച്ചറിഞ്ഞ് തങ്ങളുടെ പ്രിയപ്പെട്ടവനെ കാട്ടിൽ തിരയാൻ തുടങ്ങി.

ആ കാട്ടിലെ ഏകാന്തതയിലും നിശ്ശബ്ദതയിലും കൃഷ്ണനെ കണ്ടോയെന്ന് ചോദിക്കാൻ അവിടെ മനുഷ്യരാരും ഉണ്ടായിരുന്നില്ല. അവർ പൂക്കളോടും ചെടികളോടും പുൽനാമ്പിനോടും ചോദിച്ചു. "ഞങ്ങളുടെ പ്രിയങ്കരൻ കൃഷ്ണൻ ഇതുവഴി കടന്നുപോയൊ? അവൻ ആ താമരപ്പാദങ്ങൾ ഇവിടെ തൊട്ടുവോ? അവൻ നിന്റെ സുഗന്ധം ആസ്വദിച്ചുവോ? അവൻ ഏതു വഴിയാണ് പോയത്? നമുക്കീ പൂവള്ളിയോട് ചോദിക്കാം. മരത്തിനെ ചുറ്റിപ്പടർന്നിരിക്കുന്നു എങ്കിലും ഈ പൂവള്ളി കൃഷ്ണന്റെ പൂമേനിയെ തൊട്ടിരിക്കണം. അല്ലെങ്കിൽ നോക്കൂ പുതുപൂനാമ്പുകൾ നിറഞ്ഞിരിക്കുന്നത് ആ ഹർഷോൻമാദത്തിന്റെ തെളിവാണല്ലോ". വിരഹദു:ഖത്തിന്റെ തീവ്രതയിൽ ഗോപികമാർ ഒരിക്കൽക്കൂടി അവരുടെ അവബോധത്തെ വ്യക്തിത്വബോധത്തിൽനിന്നുമുയർത്തി കൃഷ്ണാവബോധത്തിൽ ലയിപ്പിച്ച് കൃഷ്ണലീലകൾ അഭിനയിക്കാൻ തുടങ്ങി.

ഒരു ഗോപിക പൂതനയായി. മറ്റൊരാൾ കൃഷ്ണനായി പൂതനയുടെ മുലയുണ്ടു. ഒരുവൾ തൃണാവർത്തനായി. മറ്റൊരുവൾ അസുരനെക്കൊന്ന കൃഷ്ണനായി. പെട്ടന്നൊരു ഗോപിക പശുവിനെ തെളിക്കുന്ന കൃഷ്ണനായി. എന്നിട്ട് മധുരസ്വരത്തിൽ പൈക്കളെ വിളിച്ചു. ഒരുവൾ മുരളീഗീതം പൊഴിച്ചു. ഒരുവൾ ഒരു കൊടിയെടുത്തു വീശി ഇങ്ങിനെ പ്രഖ്യാപിച്ചു. "ഇന്ദ്രനോട് ഭയപ്പെടേണ്ടതില്ല. പ്രളയമേഘങ്ങളോടും ഭയം വേണ്ട. നോക്കൂ ഞാനീ പർവ്വതം ഉയർത്തിപ്പിടിച്ച് നിങ്ങളെ സംരക്ഷിച്ചു കൊള്ളാം". ഒരു ഗോപിക മറ്റൊരുവളുടെ തലയിൽ ചാടിക്കയറി നിന്ന് കാളിയമർദ്ദനം നടിച്ചു. കാളിയനെ അവിടം വിട്ട് പോകാൻ ശകാരിച്ചു. മറ്റൊരു ഗോപി ഗോപാലൻമാരോട് കണ്ണടച്ചിരിക്കാൻ പറഞ്ഞിട്ട് കാട്ടുതീയിനെ അപ്പാടെ വിഴുങ്ങുന്ന കണ്ണനായി അഭിനയിച്ചു. അങ്ങിനെയവർ കൃഷ്ണനായിത്തന്നെ കൃഷ്ണനിൽ നിവസിച്ചു.

ॐ



**അനയാ*ff*രാധിതോ നൂനം ഭഗവാൻ ഹരിരീശ്വര:**
**യന്നോ വിഹായ ഗോവിന്ദ: പ്രീതോ യാമനയദ്രഹ: (10-30-28)**
**ഹാ നാഥ രമണ പ്രേഷ്ഠ ക്വാസി ക്വാസി മഹാഭുജ**
**ദാസ്യാസ്തേ കൃപണായാ മേ സഖേ ദർശയ സന്നിധിം (10-30-40)**
**തൻമനസ്കാസ്തദാലാപാസ്തദ്വി ചേഷ്ടാസ്തദാത്മികാ:**
**തദ് ഗുണാനേവ ഗായന്ത്യോ നാത്മാഗാരാണി സസ്മരു: (10-30-44)**

*ശുകമുനി തുടർന്നു:*
അങ്ങിനെയവർ കൃഷ്ണനെ തേടി നടക്കുമ്പോൾ അവന്റെ കാലടിപ്പാടുകൾ കണ്ടു. അതുകണ്ട് അവർ ഹർഷപുളകിതരായി. എന്നാൽ ആ കാലടിപ്പാടുകളുടെ കൂടെ ഒരു തരുണിയുടെ കാലടികളും കാണായി. "ആരുടേതാണീ കാൽപ്പാടുകൾ? ഇങ്ങിനെ കൃഷ്ണന്റെ പ്രത്യേക സ്നേഹത്തിന് ഭാഗ്യം ലഭിച്ച അവൾ ആര്? തീർച്ചയായും അവൾ കൃഷ്ണനെ അത്രമാത്രം തീവ്രതയോടെ സ്നേഹിച്ചാരാധിച്ചിരിക്കണം. അല്ലെങ്കിൽ നമ്മെയെല്ലാമുപേക്ഷിച്ച് അവളെ മാത്രം കൃഷ്ണൻ കൂട്ടികൊണ്ടുപോവുകയില്ലല്ലൊ. നമ്മുടെ കൃഷ്ണന്റെ പ്രേമത്തിനു ഭാഗ്യം ലഭിച്ച അവളുടെ കാൽപ്പാടുകൾ കാണുന്നതുപോലും വേദനാജനകം. അല്ലാ നോക്കൂ അവളുടെ കാലടിപ്പാടുകൾ കാണുന്നില്ലല്ലോ. തീർച്ചയായും കൃഷ്ണൻ അവളെ തോളിലേറ്റിയിരിക്കും. അങ്ങിനെ അവളോടുള്ള മമത കുറച്ചുകൂടി വ്യക്തമാക്കിയിരിക്കും. ഇവിടെനിന്ന് മുന്നോട്ടുള്ള കാലടിപ്പാടുകൾക്ക് കനം കൂടുതലുണ്ടല്ലോ. ഇതാ ഇവിടെ. കൃഷ്ണൻ അവളെ താഴെയിറക്കിയരുത്തി തലമുടി പിന്നിയിട്ടു കൊടുത്തു കാണും. അവളുടെ മുടിയിൽ പൂക്കളും തിരുകിക്കൊടുത്തിരിക്കും. നോക്കൂ കുറച്ചു പൂക്കൾ അവിടെ ചിതറിക്കിടക്കുന്നുമുണ്ട്." കൃഷ്ണന്റെ പാദമുദ്രകൾ പിന്തുടർന്ന് അവരങ്ങിനെ നടന്നു.

അവരുടെ അനുമാനം ശരിയായിരുന്നു. കൃഷ്ണൻ തിരഞ്ഞെടുത്ത് വിളിച്ചുകൊണ്ടുപോയ ഗോപിക ഒരു സമയത്ത് സന്തോഷാധിക്യത്താൽ കൃഷ്ണന്റെ മനസ്സിലെ പ്രമുഖസ്ഥാനം കിട്ടിയതിന്റെ അഭിമാനവും ഗർവ്വും കാണിച്ചു. കൃഷ്ണനോട് അവളെ എടുത്തു നടക്കാൻ ആവശ്യപ്പെട്ടു. "ശരി എന്നാൽ എന്റെ തോളിൽ കയറിക്കോളൂ" എന്ന് കൃഷ്ണനും പറഞ്ഞു. അവളങ്ങിനെചെയ്ത ക്ഷണത്തിൽ കൃഷ്ണനെ കാണാതായി. അവൾ ഉറക്കെ കരഞ്ഞു വിളിച്ചു: ഭഗവാനേ എന്റെ ആത്മപ്രിയനേ എവിടെയാണു നീ?. പ്രിയപ്പെട്ട കൂട്ടുകാരാ ഞാനവിടുത്തെ ദാസിയല്ലയോ ഞാനവിടുത്തെ കണ്ടുകൊള്ളട്ടെ. ആ ഗോപിക നിയന്ത്രണാതീതമായ ദു:ഖത്തിലായിരുന്നു. ആ സമയത്താണ് മറ്റുഗോപികമാർ അവളെ കാണുന്നത് (രാധയാണോ അവൾ?) അവൾക്ക് കൃഷ്ണനെ കാണാഞ്ഞ് അതീവദു:ഖവും കൃഷ്ണന്റെ തിരോധാനത്തിന് താനാണുത്തരവാദി എന്ന തോന്നലും ഉണ്ടായി.

ഇപ്പോൾ എല്ലാവരും കൂടി കൃഷ്ണനെ തിരയാൻ തുടങ്ങി. ആത്മസത്തമുഴുവനും കൃഷ്ണചിന്തയാൽ പൂരിതമായി. എല്ലാ ചിത്തങ്ങളും അവനിൽ വിനീലമായിരുന്നു. അവനെപ്പറ്റി അവർ കഥകൾ പറഞ്ഞു. അവന്റെ അപദാനങ്ങൾ പാടി. കൃഷ്ണന്റെ ചെയ്തികളെ അനുകരിച്ചു. അവർക്ക് സ്വന്തം കാര്യങ്ങളെപ്പറ്റിയോ കുടുംബങ്ങളെപ്പറ്റിയോ യാതൊരു ചിന്തകളും ഉണ്ടായിരുന്നില്ല. പെട്ടെന്ന് അവിടം മുഴുവൻ ഇരുട്ടായി. അവർ യമുനാപുളിനത്തിലേക്ക് തിരിച്ചു നടന്നു. അവിടെ കൃഷ്ണന്റെ മഹിമകൾ പാടി അവരങ്ങിനെ കഴിഞ്ഞു.

ॐ



**ജയതി തേ/ധികം ജൻമനാ വ്രജം ശ്രയത ഇന്ദിരാ ശശ്വദത്രഹി**
**ദയിത ദൃശ്യതാം ദിക്ഷു താവകാ സ്ത്വയി ധൃതാസവസ്ത്വാം വിചിന്വതേ (10-31-1)**
**നഖലു ഗോപികാനന്ദനോ ഭവാ നഖിലദേഹിനാമന്തരാത്മദൃക്**
**വിഖനസാർത്ഥിതോ വിശ്വഗുപ്തയേ സഖ ഉദേയിവാൻ സാത്വതാം കുലേ (10-31-4)**
**തവ കഥാ/മൃതം തപ്തജീവനം കവിഭിരീഡിതം കൽമഷാപഹം**
**ശ്രവണ മംഗളം ശ്രീമദാതതം ഭുവിഗൃണന്തി തേ ഭുരിദാ ജനാ: (10-31-9)**

ഗോപികമാർ പാടി:
അങ്ങിവിടെ ഭൂജാതനായതിൽപ്പിന്നെ ഐശ്വര്യത്തിൻെറ അധിദേവത ഇവിടെ സ്ഥിരതാമസമാക്കിയിരിക്കുന്നു. പ്രിയപ്പെട്ടവനേ നിൻെറ ഭക്തർ നിന്നെ തിരഞ്ഞു നടക്കുന്നതു കാണുന്നില്ലേ? പ്രേമസുരഭിലമായ കടാക്ഷം കൊണ്ട് ഞങ്ങളുടെ ജീവനെത്തന്നെ അവിടുന്നു കവർന്നെടുത്തിരിക്കുന്നു. എന്നാൽ ഞങ്ങൾ വൃന്ദാവനവാസികളെ കാലാകാലങ്ങളിൽ നിന്നുണ്ടാവുന്ന ദുരിതങ്ങളിൽ നിന്നെല്ലാം നീ രക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കറിയാം നീ ഗോപികമാരുടെ വെറും കളിത്തോഴൻ മാത്രമല്ലാ എന്ന്. നീ സകല ജിവികൾക്കും അന്തര്യാമിയായ സാക്ഷീഭാവമത്രെ. സൃഷ്ടാവിൻെറ പ്രാർത്ഥനപ്രകാരം സാത്വികരുടെ ഇടയിൽ ജൻമമെടുത്തിരിക്കുകയാണ് അവിടുന്ന് എന്നും ഞങ്ങൾ അറിയുന്നു.

ഭഗവാനേ അവിടുത്തെ കൈൾ തലയിൽവച്ച് അനുഗ്രഹിച്ചാലും. ആ കൈകൾ അവിടുത്തെ അഭയം പ്രാപിക്കുന്നവർക്കു ഭയവിമോചനം നൽകുന്നവയത്രേ. ഞങ്ങളെ വിനീതദാസികളായി കണക്കാക്കി ഞങ്ങൾക്ക് അവിടുത്തെ ദർശനസുഖമേകിയാലും. അവിടുത്തെ കുമ്പിടുന്നവരുടെ സകലപാപങ്ങളേയും നശിപ്പിക്കുന്ന ആ പാദാരവിന്ദങ്ങളെ ഞങ്ങളുടെ മാറിടത്തിൽ വച്ചാലും. അതേ പാദങ്ങളാണല്ലോ ഞങ്ങൾക്ക് ഐശ്വര്യമേകുന്ന പശുക്കളെയും പൈക്കുട്ടികളെയും മേയ്ക്കുന്നത്. കാളിയൻെറ ദർപ്പമവസാനിപ്പിക്കാനായി നൃത്തം ചെയതതും അതേ പാദമലരുകൾ തന്നെ. പ്രിയപ്പെട്ടവനേ ഞങ്ങളിലെ ഉദാസീനമായിപ്പോയ ചേതനയെ അവിടുത്തെ അധരപുടങ്ങളിൽ നിന്നുമൊഴുകുന്ന അമൃതുകൊണ്ട് ഉണർത്തിയാലും. അവിടുത്തെ മഹിമകളും ലീലകളും വർണ്ണിക്കുന്ന കഥകൾ പോലും ദു:ഖിതരുടെ പ്രാണനെ പുനർജീവിപ്പിക്കുന്നു. മഹാത്മാക്കൾ ആ കഥകൾ പാടി വർണ്ണിക്കുന്നത് ദുഷ്ടതയെ നശിപ്പിക്കുന്നതും മംഗളകരവും ശാന്തിയേകുന്നതുമത്രേ. അവ കേൾക്കുന്നവർ അനുഗ്രഹീതരുമത്രെ.

അവിടുത്തെ മൃദുലപാദങ്ങളിൽ മുള്ളോ കമ്പോ കൊണ്ടുവെന്ന് കേൾക്കുന്നത് ഞങ്ങൾക്ക് വേദനയുണ്ടാക്കുന്നു. നീ ദിവസേന പശുവിനെ മേയ്ക്കാൻ കാട്ടിലേയ്ക്ക് പോകുന്നതും ഞങ്ങൾക്ക് വേദനയാണ്. നീ തിരിച്ചുവന്നുകണ്ടാലേ ഞങ്ങൾക്ക് സന്തോഷമാവൂ. മുന്നിലോടുന്നപശുക്കുളമ്പടിയാൽ ഉയർന്നുപൊങ്ങിയ പൊടിയണിഞ്ഞ അളകങ്ങൾ പാറിക്കളിക്കുന്ന നിൻെറ മധുരമനോജ്ഞമുകുരം ഞങ്ങളങ്ങിനെ നോക്കി നിൽക്കും. ഞങ്ങളുടെ കണ്ണുകൾക്കുമുകളിൽ ഇമകളെ വച്ചിരിക്കുന്ന ആ ദേവനെ ഞങ്ങളപ്പോൾ ശപിച്ചു പോവുന്നു. തുടർച്ചയായി നിന്നെ കാണാനവ സമ്മതിക്കുകയില്ലല്ലോ.

പ്രിയപ്പെട്ട ഭഗവാനേ അവിടുത്തെ മധുരാധരാമൃതം ഞങ്ങൾക്കേകിയാലും. അതുകൊണ്ടാണല്ലോ ഓടക്കുഴലിന് എല്ലാവരേയും സമാകർഷിക്കാൻ കഴിയുന്നത്. ഭർത്താവ് കുട്ടികൾ തുടങ്ങിയ എല്ലാ ബന്ധുക്കളേയും എല്ലാമുപേക്ഷിച്ച് ഞങ്ങൾ നിൻെറ പാദങ്ങളിലഭയം തേടിയിരിക്കുന്നു. ഞങ്ങളെ ഉപേക്ഷിക്കരുതേ. വ്യജത്തിലെ നിൻെറ സാന്നിദ്ധ്യം അവിടുത്തെ ജനങ്ങളുടെ ദു:ഖത്തെ അകറ്റിയിരിക്കുന്നു. വിരഹദു:ഖത്തിൻെറ തീവ്രതയാൽ ഞങ്ങളെ പീഢിപ്പിക്കരുതേ പ്രഭോ.

**ഇതി ഗോപ്യ: പ്രഗായന്ത്യ: പ്രലപന്ത്യശ്ച ചിത്രധാ
രുരുദു: സുസ്വരം രാജൻ കൃഷ്ണദർശന ലാലസാ: (10-32-1)
താസാമാവിരഭൂച്ചൌരി: സ്മയമാനമുഖാംബുജ:
പീതാംബരധര: സ്രഗ്വീ സാക്ഷാൻമൻമഥമൻമഥ: (10-32-2)
തം കാചിന്നേത്രരന്ധ്രേണ ഹൃദികൃത്യ നിമീല്യച
പുളകാംഗ്യുപ ഗുഹ്യാസ്തേ യോഗീവാനന്ദസംപ്ലു താ (10-32-8)
നാഹം തു സഖ്യോ ഭജതോƒപി ജന്തൂൻ ഭജാമ്യമീഷാമനുവൃത്തിവൃത്തയേ
യഥാƒധനോ ലബ്ധധനേ വിനഷ്ടേ തച്ചിന്തയാന്യന്നിഭൃതോ ന വേദ (10-32-20)**

*ശുകമുനി തുടർന്നു:*
അങ്ങിനെ ഗോപികമാർ ഭഗവാനെ കാണാനുള്ള അത്യാകാംക്ഷകൊണ്ട് പരവശരായി ഭ്രാന്തുപിടിച്ചതു പോലെ പാടുകയും കരയുകയും ചെയ്തു. അവരുടെ ഇടയിൽ പെട്ടെന്ന് കൃഷ്ണൻ പ്രത്യക്ഷനായി. മഞ്ഞപ്പട്ടുടുത്ത് മുഖദാവിൽ പുഞ്ചിരിതൂകി സാക്ഷാൽ മൻമഥനെപ്പോലെ കൃഷ്ണൻ കാണപ്പെട്ടു. ഗോപികമാർ സന്തോഷാധിക്യം കൊണ്ട് സ്വയം മറന്ന് യാതൊരു സങ്കോചവുമില്ലാതെ അതു പ്രകടിപ്പിക്കുകയും ചെയ്തു. ഒരുവൾ കൃഷ്ണൻെറ പാദങ്ങൾ അമർത്തി. മറ്റൊരുവൾ കൃഷ്ണൻെറ കയ്യെടുത്ത് തൻെറ തോളിൽ വച്ചു. ഇനിയുമൊരു ഗോപിക കൃഷ്ണൻെറ കാലടി തൻെറ മാറിടത്തിൽ വച്ചു. ഒരുവൾ കൃഷ്ണൻെറ മുഖത്തെ ഇമവെട്ടാതെ നോക്കി നിന്നു. മറ്റൊരുവൾ കൃഷ്ണൻെറ പാദങ്ങളെയും. ഒരു ഗോപിക കൃഷ്ണനെ തൻെറ കണ്ണുകളിലൂടെ അകത്തു കയറ്റി ഉടനെ കണ്ണടച്ചു. അത്യാഹ്ലാദമൂർച്ഛയിൽ രോമാഞ്ചത്തോടെ അവൾ ഹൃദയത്തിൽ കൃഷ്ണനെ ആലിംഗനം ചെയ്തു. അവൾ ഒരു യോഗിവര്യനേപ്പോലെ ആസനസ്ഥയായി. അവരുടെയെല്ലാം പ്രാണസങ്കടം പൊയ്പ്പോയി.

കൃഷ്ണനവരെ യമുനാതിരത്തെ പഞ്ചാരമണൽതിട്ടയിലേക്ക് നയിച്ചു. അവിടം പൂർണ്ണചന്ദ്രനാൽ പ്രശോഭിതമായിരുന്നു. അവരവിടെ തങ്ങളുടെ ഉത്തരീയങ്ങൾകൊണ്ട് കൃഷ്ണനിരിക്കാനിടമൊരുക്കി. നിലാവിൽ ഗോപികമാരാൽ ചുറ്റപ്പെട്ടിരിക്കുന്ന കൃഷ്ണൻ അലൌകീകമായൊരു കാഴ്ച തന്നെ ആയിരുന്നു. കൃഷ്ണനു സമീപത്തിരുന്ന സുന്ദരിയായ ഒരു ഗോപിക ചോദിച്ചു. 'ചിലർ തങ്ങളെ സ്നേഹിക്കുന്നവരെ തിരിച്ചു സ്നേഹിക്കുന്നു. മറ്റുചിലരാകട്ടെ സ്നേഹിക്കാത്തവരെക്കൂടി സ്നേഹിക്കുന്നു. ഇനിയും ചിലർ തങ്ങളെ സ്നേഹിക്കുന്നവരേക്കൂടി സ്നേഹിക്കുന്നില്ല. എന്താണിതിനു കാരണമെന്ന് പറയാമോ?'

*കൃഷ്ണൻ പറഞ്ഞു:*
സുഹൃത്തുക്കൾ പരസ്പരം സ്നേഹിക്കുന്നത് സ്വാർത്ഥതാൽപര്യങ്ങൾ കൊണ്ടത്രേ. മറ്റുചിലർ തിരിച്ചു കിട്ടുമോ എന്ന് നോക്കാതെ സ്നേഹിക്കുന്നത് കർത്തവ്യബോധം കൊണ്ടും സൗഹൃദബോധം കൊണ്ടുമത്രേ. അഛനമ്മമാരുടെ സ്നേഹം അങ്ങിനെയാണ്. അത് കുറ്റമറ്റതത്രേ. തന്നെ സ്നേഹിക്കുന്നവരേപ്പോലും സ്നേഹിക്കാത്തവർ ഒന്നുകിൽ ആത്മാരാമൻമാരായ മഹർഷിമാരോ നന്ദിയില്ലാത്തവരോ മുതിർന്നവരേയും നൻമചെയ്യുന്നവരേയും വെറുക്കുന്നവരോ ആണ്. ഞാനാകട്ടെ എന്നെ സ്നേഹിക്കുന്നവരേപ്പോലും സ്നേഹിക്കുന്നില്ല. കാരണം അവർ അങ്ങിനെ എന്നെ മറക്കാനിടവരികയോ എന്നെ കിട്ടുക ക്ഷിപ്രസാദ്ധ്യമെന്നു നിനയ്ക്കുകയോ ചെയ്യുകയില്ല. അവർ എന്നിലേയ്ക്കു വരാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുമല്ലോ. പാവപ്പെട്ട ഒരുവന് വിലപിടിച്ചൊരു മുത്തു കിട്ടി അത് നഷ്ടമായാൽ പിന്നീടതു തേടി നടക്കും പോലെ എന്നെത്തേടി അവരെപ്പോഴും നടക്കുന്നു. ഈ കാരണത്താലാണ് ഞാൻ നിങ്ങൾക്കിടയിൽ നിന്നും അപ്രത്യക്ഷനായത്. പക്ഷേ ഞാനിപ്പോൾ പറയുന്നു. ഞാൻ പലേ യുഗങ്ങളിൽ എത്രമാത്രം ജൻമമെടുത്താലും നിങ്ങളുടെ നിർമ്മലസ്നേഹത്തിനു പകരം നൽകാൻ എനിക്കു കഴിയുകയില്ല. നിങ്ങളോടുള്ള കടം വീട്ടുക അസാദ്ധ്യമത്രെ.

**ഏവം പരിഷ്വംഗകരാഭിമർശസ്നിഗ്ദ്ധേക്ഷണോദ്ദാമവിലാസഹാസൈ:**
**രേമേ രമേശോ വ്രജസുന്ദരീഭി ര്യഥാർഭക: സ്വപ്രതിബിംബവിഭ്രമ: (10-33-17)**
**ധർമ്മവ്യതിക്രമോ ദൃഷ്ട ഈശ്വരാണാം ച സാഹസം**
**തേജീയസാം ന ദോഷായ വഹ്നേ: സർവ്വ ഭുജോ യഥാ (10-33-30)**
**ഈശ്വരാണാം വച: സത്യം തഥൈവാചരിതം ക്വചിത്**
**തേഷാം യത് സ്വവചോയുക്തം ബുദ്ധിമാംസ്തത് സമാചരേത് (10-33-32)**

*ശുകമുനി തുടർന്നു:*
കൃഷ്ണൻെറ പ്രേമസുരഭിലമായ വാക്കുകൾ കേട്ട് ഉല്ലാസത്തിമിർപ്പോടെ ഗോപികമാർ അവനു ചുറ്റും നിന്ന് രാസനൃത്തം തുടങ്ങി. കൃഷ്ണൻ തൻെറ ദിവ്യശക്തിയാൽ ഓരോ ജോടി ഗോപികമാർക്കിടയിലും കാണപ്പെട്ടു. നൃത്തം തുടങ്ങി. വിണ്ണവർ ഈ അപൂർവ്വ ദൃശ്യം കാണാൻ തിക്കിതിരക്കി ആകാശം നിറഞ്ഞു. കൃഷ്ണനും ഗോപികമാരും ആടിയുലഞ്ഞ് നൃത്തമാടി. അവരുടെ ശരീരങ്ങൾ അങ്ങുമിങ്ങും ആടി. ചുറ്റിത്തിരിഞ്ഞ് ചാടിയുലഞ്ഞ് അവരുടെ വസ്ത്രങ്ങളും ഉത്തരീയങ്ങളും കുറുനിരകളും കാറ്റിൽ പറന്നുകളിച്ചു. ഗോപികമാർ കൃഷ്ണൻെറ കൂടെ ഗാനമാലപിച്ചു. ഓരോരുത്തരും ഒന്നിനൊന്നു മെച്ചമായി കൃഷ്ണനൊപ്പം രാസലീലയിൽ പങ്കെടുത്തു. ഒരുവൾ തളർച്ചയോടെ കൃഷ്ണൻെറ തോളിൽ പിടിച്ചു. മറ്റൊരുവൾ പ്രേമപൂർവ്വം കൃഷ്ണൻെറ കയ്യിൽ ചുംബനമേകി ആനന്ദാനുഭൂതിയിലാറാടി നിന്നു. മറ്റൊരു ഗോപിക അൽപം തളർന്നിരുന്നു. അവൾ കൃഷ്ണൻെറ കൈത്തലം തൻെറ മാറിൽ ചേർത്തു വച്ചു. അങ്ങിനെ കൃഷ്ണൻെറ കൈകൾ തങ്ങളുടെ കഴുത്തിൽ ചുറ്റി അവൾ എല്ലാ രീതിയിലും ലീലയാടി. അവരെ തൊട്ടുപുൽകികൊണ്ട് പുഞ്ചിരിതൂകി നോക്കിക്കൊണ്ട് ഭഗവാൻ അവരുമായി രാസലീല തുടർന്നു. സ്വന്തം നിഴലിനെ നോക്കിക്കളിക്കുന്ന കുട്ടിയെപ്പോലെ അപ്പോൾ ഭഗവാൻ കാണപ്പെട്ടു. ആ സമയം ചന്ദ്രനും താരകളും മറ്റു ഗ്രഹങ്ങളും നക്ഷത്രസഞ്ചയങ്ങൾ അപ്പാടെ നിശ്ചലമായി നിന്നുപോയി എന്ന് പറയപ്പെടുന്നു. ഈ അതിശയ ദൃശ്യത്തെ ഭഗവാൻെറ ലീലാവിലാസത്തെക്കണ്ട് ഭഗവാൻ തൻെറ സ്വസത്തയിൽ അഭിരമിക്കുന്നതിനു സാക്ഷ്യം വഹിച്ച് അവരങ്ങിനെ നിന്നു. ഗോപികമാരാൽ ചുറ്റപ്പെട്ട കൃഷ്ണൻ നദീജലത്തിലേക്കിറങ്ങി. അവിടെ ഗോപികമാരുമായി കൃഷ്ണൻ ജലക്രീഡയിലാണ്ടു. പരസ്പരം വെള്ളം തട്ടിത്തെറിപ്പിച്ച് അവർ കളിക്കുന്നതുകണ്ട് സ്വർഗ്ഗവാസികൾ സന്തോഷിച്ചു. അതുകഴിഞ്ഞ് കൃഷ്ണൻ നദീതീരത്തെ പൂന്തോപ്പുകളിലും പഴത്തോട്ടങ്ങളിലും ഗോപികമാരുമായി ഓടിക്കളിച്ചു രസിച്ചു.

*പരീക്ഷിത്ത് ചോദിച്ചു:*
ധർമ്മം കാത്തുസൂക്ഷിക്കാനായി കൃഷ്ണനായി അവതരിച്ച ഭഗവാൻ എന്തുകൊണ്ടാണ് പരപുരുഷ കളത്രങ്ങളുമായി ഇങ്ങിനെ ലീലയാടാനിടവന്നത്?

*ശുകമുനി പറഞ്ഞു:*
ചിലപ്പോൾ മഹാത്മാക്കളുടെ പെരുമാറ്റത്തിൽ ധർമ്മച്യുതിയെന്നു തോന്നിയേക്കാവുന്ന ചിലതെല്ലാം കാണപ്പെട്ടുവെന്നിരിക്കാം. എന്നാൽ അവ മഹാത്മാക്കളെ കളങ്കപ്പെടുത്തുന്നില്ല തന്നെ. വിജ്ഞാനിയായ ഒരുവൻ ഈ മഹാത്മാക്കളുടെ ആചാരങ്ങളിലും പെരുമാറ്റങ്ങളിലും തനിക്കു ചിതമായിട്ടുള്ളവയെ മാത്രമേ സ്വീകരിക്കുകയുള്ളു. മറ്റുള്ളവരുടെ കാഴ്ചക്ക് വിധേയമായവയെ അവർ സ്വാംശീകരിക്കുകയില്ല. സ്വേഛ കൂടാതെ യാദൃശ്ചികമായി അഹംഭാവത്തെ വെന്നവർ ചെയ്യുന്ന ഏതൊരു കർമ്മവും നിസ്വാർത്ഥമത്രെ. അത്തരം ചെയ്തികൾക്ക് സദാചാരനിയമങ്ങളും ശാസ്ത്രങ്ങളും ബാധകമല്ല. ഏറ്റവും കൊടിയ പാപിയെപോലും നിർമ്മലമാക്കാൻ അവിടുത്തെ പാദരേണുക്കൾക്ക് കഴിയുമ്പോൾ ഭഗവാൻ ചെയ്യുന്ന യാതൊരു പ്രവൃത്തിയിലും പാപത്തിൻെറ കറയുണ്ടാവുന്നതെങ്ങിനെ? കൃഷ്ണൻ ഗോപികമാരുടെ അന്തര്യാമിയത്രെ. അവരുടെ ഭർത്താക്കൻമാർക്ക് അതുകൊണ്ട് കൃഷ്ണനോട് യാതൊരു വിരോധവും ഉണ്ടായിരുന്നില്ല. രാസലീല കഴിഞ്ഞ് പ്രഭാതം വിടരുന്നതിനുമുൻപ് മനസ്സില്ലാമനസോടെ ഗോപികമാർ വീട്ടുകളിലേക്ക് മടങ്ങി. കൃഷ്ണകഥയിലെ മഹത്തായ ഉപാഖ്യാനം കേൾക്കുന്നവന് തീർച്ചയായും ആത്മനിയന്ത്രണവും കൃഷ്ണഭക്തിയുടെ അനുഗ്രഹവും ലഭ്യമത്രെ.

**സ ചുക്രോശാഹിനാ ഗ്രസ്ത: കൃഷ്ണ കൃഷ്ണ മഹാനയം**
**സർപ്പോ മാം ഗ്രസതേ താത പ്രപന്നം പരിമോചയ (10-34-6)**
**സ വൈ ഭഗവത: ശ്രീമത് പാദസ്പർശഹതാശുഭ:**
**ഭേജേ സർപ്പവപുർഹിത്വാ രൂപം വിദ്യാധരാർച്ചിതം (10-34-9)**

*ശുകമുനി തുടർന്നു:*
ഒരിക്കൽ വൃജവാസികൾ അംബികാവനത്തിലേക്ക് പോയി. അവിടെ അവർ സരസ്വതീനദിയിൽ കുളിച്ച് ശിവനെയും പാർവ്വതിയെയും പൂജിച്ചു. പരിപൂർണ്ണവ്രതമെടുത്ത അവർ ആ രാത്രി നദിക്കരയിൽ വിശ്രമിച്ചു. അപ്പോൾ ഒരു പെരുമ്പാമ്പ് വിശന്നാർത്തനായി അവിടെയെത്തി. അവൻ നന്ദനെ വിഴുങ്ങാൻ തുടങ്ങി. അദ്ദേഹം കൃഷ്ണനെ വിളിച്ച് ഉറക്കെ കരഞ്ഞു. 'കൃഷ്ണാ കൃഷ്ണാ വലിയൊരു പെരുമ്പാമ്പ് എന്നെ വിഴുങ്ങുന്നു. എനിക്ക് നീയല്ലാതെ അഭയമാരുള്ളൂ? എന്നെ രക്ഷിക്കൂ.' ഗോപാലൻമാർ തീപ്പന്തവുമായി അദ്ദേഹത്തിന്റെ രക്ഷക്കെത്തിയെങ്കിലും എന്തു ചെയ്തിട്ടും പാമ്പ് പിടിവിടുന്നില്ല. അപ്പോൾ കൃഷ്ണൻ അവിടെയെത്തി പാമ്പിനെ തന്റെ കാലുകൊണ്ടൊന്നു തൊട്ടു. പെട്ടെന്ന് പെരുമ്പാമ്പിന്റെ ഉടൽ രൂപം മാറി സ്വർഗ്ഗവാസിയായ ഒരു വിദ്യാധരനായി തീർന്നു. അവൻ കൃഷ്ണനെ നമസ്കരിച്ചു. കൃഷ്ണൻ അവനാരാണെന്ന് ചോദിച്ചു.

വിദ്യാധരൻ അവന്റെ കഥ പറഞ്ഞു. 'സ്വർഗ്ഗവാസിയായ എന്റെ പേര് സുദർശനൻ. സുന്ദരനായ ഞാൻ ആകാശവാഹനങ്ങളിൽ കയറി അലയുക പതിവായിരുന്നു. ഒരിക്കൽ ഞാൻ വിരൂപരായ കുറെ മാമുനിമാരെക്കണ്ട് അവരെ കളിയാക്കി ചിരിച്ചു. അവരുടെ ശാപത്താലാണ് ഞാൻ പെരുമ്പാമ്പായി ജനിക്കാനിടവന്നത്. എന്നാൽ ആ ശാപവും എത്ര അനുഗ്രഹപ്രദമായി എന്ന് ഞാൻ അറിയുന്നു. അവിടുത്തെ പാദാരവിന്ദസ്പർശമേൽക്കാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചുവല്ലോ. ആ നാമോച്ചാരണം ഒന്നുകൊണ്ടു തന്നെ സർവ്വപാപങ്ങളും ഇല്ലാതാകുന്നു. അതുകൊണ്ട് അവിടുത്തെ പാദസ്പർശമേറ്റ എന്റെ പാപവും നശിച്ചു എന്നു പറയേണ്ടതില്ല. എന്നെ പോകാൻ അനുവദിച്ചാലും. മരണവക്രത്തിൽ നിന്നും രക്ഷപ്പെട്ട നന്ദനും മറ്റു വൃന്ദാവനവാസികളും കൃഷ്ണമഹിമയിൽ ആശ്ചര്യം പൂണ്ടു.

ഒരു ദിവസം രാമകൃഷ്ണൻമാർ ഗോപികമാരുമൊത്ത് ആടിയും പാടിയും വനത്തിൽ കഴിയുകയായിരുന്നു. ജ്യേഷ്ഠാനിയൻമാരുടെ മധുരഗിതങ്ങൾ കേട്ട് സന്തോഷിച്ച് മനം മയങ്ങിയ ഗോപികമാർ സ്വയം മറന്നു നൃത്തമാടി. അപ്പോൾ അവിടെ ധനാധീശനായ കുബേരന്റെ ഭൃത്യൻ ശംഖചൂഡൻ എത്തിച്ചേർന്നു. അവൻ ഗോപികമാരെ ഒരാകാശവാഹനത്തിലേക്ക് ബലമായി പിടിച്ചു കയറ്റി അവരേയും കൊണ്ട് വേഗത്തിൽ ഓടിച്ചു കടന്നുകളഞ്ഞു. സ്ത്രീകൾ കൃഷ്ണനെ വിളിച്ചു കരഞ്ഞു. ജ്യേഷ്ഠാനുജൻമാർ ശംഖചൂഡനു പിറകേ ചെന്ന് അവനെ കീഴടക്കി. തെറ്റു മനസിലാക്കി അവൻ സ്ത്രീകളെ ഉപേക്ഷിച്ച് ഓടിരക്ഷപ്പെടാൻ നോക്കി. എന്നാൽ കൃഷ്ണൻ അവനെ പിന്തുടർന്നു. ബലരാമൻ ഗോപികമാർക്ക് കാവൽ നിന്നു. കൃഷ്ണൻ ശംഖചൂഡനെ പിടികൂടി തലവെട്ടി അവന്റെ തലയിലെ മണിരത്നമെടുത്തു കൊണ്ടുവന്ന് ജ്യേഷ്ഠനു സമ്മാനിച്ചു.

ॐ



**വത്സലോ വ്രജഗവാം യദഗധ്രോ വന്ദ്യമാനചരണ: പഥി വൃദ്ധൈ:**
**കൃത്സ്നഗോധനമുപോഹ്യ ദിനാന്തേ ഗീതവേണുരനുഗേഢി തകീർത്തി: (10-35-22)**
**ഉത്സവം ശ്രമരുചാപി ദൃശീനാ മുന്നയൻ ഖുരരജ: ഛുരിതസ്രക്**
**ദിത്സയൈതി സുഹൃദാശിഷ ഏഷ ദേവകീ ജഠരഭൂരുഡുരാജ: (10-35-23)**

*ശുകമുനി തുടർന്നു:*
പകൽ സമയത്ത് ഭഗവാൻ ശ്രീകൃഷ്ണൻ പശുക്കളെ മേയ്ക്കാൻ പോകുമ്പോൾ ഗോപികമാർക്ക് വിരഹമനുഭവപ്പെട്ടു. അവർ ഇങ്ങിനെ പാടി. 'ഓടക്കുഴൽ വായനയിൽ അഗ്രഗണ്യനായിട്ടുള്ള കൃഷ്ണൻ തന്റെ ചുണ്ടുകൾ ഓടക്കുഴലിൽ അമർത്തി കൈവിരലുകൾ അതിൽ നൃത്തം ചെയ്യാൻ അനുവദിക്കുമ്പോൾ അപ്സരസ്ത്രീകൾ പോലും പ്രേമവിവശരായിത്തീരുന്നു. അല്ലല്ല കൃഷ്ണന്റെ സംഗീതം മാൻപേടകളേയും പശുക്കളേയും ആകർഷിക്കുന്നു. ഹൃദയം പ്രേമസുരഭിലമായിത്തീർന്ന അവർ വായിലിരിക്കുന്ന പുല്ലു തിന്നാൻ പോലും മറന്നിരിക്കുന്നു.'

'കൃഷ്ണൻ പശുക്കളെ വിളിക്കുമ്പോൾ നദികൾ പ്രക്ഷുബ്ദ്ധമാവുന്നു. അവർ തിരകളാകുന്ന കൈകൾ ഉയർത്തി കൃഷ്ണപാദരേണുക്കൾ തൊടാൻ ശ്രമിക്കുന്നു. എന്നാൽ അവന്റെ മധുരസ്വരം കേട്ട് അവർ സ്തബ്ദരായി നിന്നുപോവുന്നു. കൃഷ്ണന്റെ ശബ്ദം കേൾക്കുമ്പോൾ മരങ്ങളും വള്ളിച്ചെടികളും ഉല്ലാസത്തിമിർപ്പിൽ തേനൊഴുക്കുന്നു. തേനീച്ചകളും ഹംസങ്ങളും കൊക്കുകളും മറ്റു പക്ഷികളും കൃഷ്ണനു ചുറ്റും കൂടുന്നു. കൃഷ്ണൻ പാടുമ്പോൾ മേഘങ്ങൾ മുരളുന്നു. അവ കൃത്യമായ സമയം പാലിച്ച് കുടപോലെ നിന്ന് പൂക്കൾ ചൊരിയുന്നു. ഇന്ദ്രനും ബ്രഹ്മാവിനും കൂടി കൃഷ്ണന്റെ സംഗീതം കേൾക്കുമ്പോൾ ഭഗവാന്റെ ഗഹനമായ വശ്യശക്തിയുടെ ആഴമളക്കാൻ കഴിയാതെ നിന്നുപോകുന്നു. അപ്പോൾ പിന്നെ വൃജസ്ത്രീകളായ നമുക്ക് കൃഷ്ണദർശനം കൊണ്ട് ദേഹബുദ്ധിയും ലോകബോധവും നഷ്ടമാവുന്നതിൽ അത്ഭുതമെന്തുള്ളൂ?'

കൃഷ്ണൻ തന്റെ തോഴരോടും തോഴിമാരോടുമൊത്ത് യമുനാതിരത്ത് വിഹരിക്കുമ്പോൾ മന്ദമാരുതൻ അവനെ വീശുന്നു. സ്വർഗ്ഗഗായകർ അവന്റെ മഹിമകളെ വാഴ്ത്തുന്നു. അതാ വരുന്നു കൃഷ്ണൻ വൃജസംരക്ഷകൻ ഗോപലൻ. മുതിർന്നവർപോലും ആ പാദകമലങ്ങളിൽ വന്ദിക്കുന്നു. പശുക്കളെ മേയ്ക്കാൻ കൊണ്ടുപോയി തിരിച്ചുവരുന്ന കൃഷ്ണൻ തളർന്നപോലെ കാണപ്പെടുന്നുവെങ്കിലും ആ മുഖം എത്ര സുന്ദരവും രമണീയവുമാണ്. കഴുത്തിലണിഞ്ഞ പൂമാല പശുക്കളമ്പടികളിൽ നിന്നുള്ള പൊടിയണിഞ്ഞിരിക്കുന്നു. ആ പശുക്കളാകട്ടെ കൃഷ്ണനേറ്റവും പ്രിയപ്പെട്ടവയത്രേ. ചെറിയൊരാന നടക്കുന്നതുപോലെ അവൻ വരുമ്പോൾ നമ്മിലെ വിരഹദു:ഖമെല്ലാം പൊയ്പ്പോവുന്നു.

അങ്ങിനെ ഗോപികമാർ അവനെക്കുറിച്ചു പാടി. സർവ്വസമർപ്പണം കൊണ്ടും പരിപൂർണ്ണ പ്രേമം കൊണ്ടും ഗോപികമാരുടെ ഹൃദയങ്ങൾ നിറഞ്ഞിരുന്നു.

**രാജൻ മനീഷിതം സധ്ര്യക് തവ സ്വാവദ്യമാർജ്ജനം**
**സിദ്ധ്യസിദ്ധ്യോ: സമം കുര്യാത് ദൈവം ഹി ഫലസാധനം (10-36-38)**
**മനോരഥാൻ കരോത്യുച്ചൈർജ്ജനോ ദൈവഹതാനപി**
**യുജ്യതേ ഹർഷശോകാഭ്യാം തഥാപ്യാജ്ഞാം കരോമിതേ (10-36-39)**

*ശുകമുനി തുടർന്നു:*
പിന്നീട് വൃജത്തിൽ അരിഷ്ടൻ എന്ന് പേരായ ഒരു രാക്ഷസൻ ഒരു കൂറ്റൻ കാളയുടെ വേഷത്തിൽ ജനങ്ങളെ പേടിപ്പിച്ചു കൊണ്ട് വന്നുചേർന്നു. ആളുകൾ ഭയന്നോടുകയും കാലികൾ വിരണ്ട് പരക്കം പായുകയും ചെയ്തു. ഗർഭിണികളായ സ്ത്രീകളും പശുക്കളും സമയമാകാതെ പ്രസവിക്കുകയും ചെയ്തു. ഗോപൻമാരും അവരുടെ ഭാര്യമാരും കൃഷ്ണനെ അഭയം പ്രാപിച്ചു. കൃഷ്ണൻ മല്ലയുദ്ധക്കാർ തയ്യാറെടുപ്പു നടത്തും പോലെ തുടയ്ക്കടിച്ച് വൃഷഭാസുരനെ തടുക്കാൻ തയ്യാറെടുത്തു. 'വിഢ്ഢീ നിന്നെപ്പോലുള്ള ദുഷ്ടരെ കൊല്ലാനാണ് ഞാനിവിടെയുള്ളത്.' കാളക്കൂറ്റൻ കൃഷ്ണനു നേരെ പാഞ്ഞെത്തി. കൃഷ്ണൻ അവനെ തടഞ്ഞ് പിന്നോട്ട് തള്ളി. പിന്നീട് അവന്റെ കൊമ്പൂരിയെടുത്ത് അവകൊണ്ട് തന്നെ അരിഷ്ടന്റെ കഥ കഴിച്ചു.

കൃഷ്ണന്റെ അത്യതിശയവീരകഥകളിലെ ഏറ്റവും ഒടുവിലത്തെ സംഭവം കേട്ടറിഞ്ഞ നാരദൻ കംസന്റെ രാജധാനിയിലെത്തി. അസുരരാജാവിനോട് കൃഷ്ണജൻമത്തിന്റെ രഹസ്യങ്ങളെല്ലാം നാരദൻ പറഞ്ഞു കൊടുത്തു. വസുദേവനും നന്ദനും കുഞ്ഞുങ്ങളെ കൈമാറിയതും കൃഷ്ണൻ വെറും തമാശപോലെ കംസന്റെ ആജ്ഞയനുസരിച്ചു നിഗ്രഹത്തിന് വന്ന രാക്ഷസൻമാരെ കൊന്ന കഥകളും നാരദൻ പറഞ്ഞു. കംസന് അപ്പോൾ തന്നെ വസുദേവനെ വധിക്കാനുള്ള ക്രോധമുണ്ടായി. എന്നാൽ നാരദൻ കംസനെ തടഞ്ഞു. ദേവകിയും വസുദേവനും വീണ്ടും തടവിലായി.

കംസൻ തന്റെ രാക്ഷസമന്ത്രിമാരുമായി ചർച്ച ചെയ്തു. എന്നിട്ട് ഇങ്ങിനെ ആജ്ഞാപിച്ചു. 'കേശി വൃജത്തിൽ പോയി ബലരാമനേയും കൃഷ്ണനേയും കൊല്ലട്ടെ. അതിനു സാധിച്ചില്ലെങ്കിൽ അവരെ ഇവിടെ വരുത്തി മല്ലവീരൻമാരായ മുഷ്ടികനെയും ചാണൂരനെയും വിട്ട് അവരെ വകവരുത്താം. അതിനും സാധിച്ചില്ലെങ്കിൽ ആനകളിൽ ഏറ്റവും ശക്തിമാനായ കുവലയാപീഡത്തെ കൊണ്ട് ജ്യേഷ്ഠാനിയൻമാരെ നിഗ്രഹിക്കാം. അവരെ കൊട്ടാരത്തിലേക്ക് വിളിക്കാനൊരു സന്ദർഭത്തിനായി ഒരു മൃഗബലിയും യാഗവും ശിവപ്രീതിക്കായി നടത്താൻ ഞാൻ കൽപ്പിക്കുന്നു.'

അതേസമയം കംസൻ അക്രൂരനെ വിളിച്ച് അനുനയസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. 'എന്റെ ജീവിതത്തിലെ നിർണ്ണായകമായ ഈ അവസ്ഥയിൽ ഞാൻ നിങ്ങളുടെ സഹായം തേടുകയാണ്. കൃഷ്ണൻ എന്നെ വധിക്കാനായാണ് ജനിച്ചിട്ടുള്ളതെന്ന് എനിക്ക് വിവരം ലഭിച്ചിരിക്കുന്നു. നിങ്ങൾ വൃന്ദാവനത്തിൽ പോയി എനിക്കു വേണ്ടി രാമകൃഷ്ണൻമാരെ ക്ഷണിക്കണം. യാഗബലിയും യജ്ഞവും കാണാൻ ഞാൻ ക്ഷണിക്കുന്നു എന്ന് പറയണം. എന്നൽ അവർ കൊട്ടാരത്തിലെത്തും മുൻപ് മല്ലവീരൻമാരോ മത്തഗജമോ അവരെ കൊല്ലും. അവർ മരിച്ചു കഴിഞ്ഞാൽപ്പിന്നെ എന്റെ എതിരാളികളെയെല്ലാം ഞാൻ പാടെ നിർമ്മാർജ്ജനം ചെയ്യും. എന്റെ സിംഹാസനത്തെ ആഗ്രഹിച്ചിരിക്കുന്ന എന്റെ പിതാവിനെപ്പോലും നിഗ്രഹിച്ച് ചുറ്റുമുള്ള മുള്ളുകളെയെല്ലാം മാറ്റി ഞാനീ ലോകത്തിന്റെ സർവ്വാധിപനാവും. ഈ പദ്ധതികളെല്ലാം നിങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.'

അക്രൂരൻ പറഞ്ഞു. 'സ്വരക്ഷക്കായി അങ്ങ് ആസൂത്രണം ചെയ്ത പദ്ധതികൾ നല്ലവണ്ണം ചിന്തിച്ചുറപ്പിച്ചതു തന്നെ. എന്നാൽ ഒരിക്കൽ കർമ്മത്തിലേർപ്പെട്ടാൽപ്പിന്നെ കർമ്മഫലത്തെപ്പറ്റി ആകുലപ്പെടരുത്. കാരണം അത് ദൈവഹിതമത്രെ. ദിവ്യഹിതം വിപരീതമാണെങ്കിൽ കൂടി ആളുകൾ ഉയർന്ന ആഗ്രഹങ്ങൾ വച്ചു പുലർത്തുന്നു. എന്നാൽ ഞാൻ അങ്ങയുടെ ആജ്ഞയനുസരിച്ചുകൊള്ളാം.' ഈ ചർച്ചയ്ക്കു ശേഷം കംസൻ അന്ത:പുരത്തിലേക്കും അക്രൂരൻ സ്വഗൃഹത്തിലേക്കും മടങ്ങി.

**ദേവർഷിരുപസംഗമ്യ ഭാഗവതപ്രവരോ നൃപ**
**കൃഷ്ണമക്ലിഷ്ടകർമ്മാണം രഹസ്യേതദഭാഷത (10–37–10)**
**കൃഷ്ണകൃഷ്ണാ പ്രമേയാത്മൻ യോഗേശ ജഗദീശ്വര**
**വാസുദേവാഖിലാവാസ സാത്വതാം പ്രവരപ്രഭോ (10–37–11)**
**ത്വമാത്മാ സർവ്വഭൂതാനാമേകോ ജ്യോതിരിവൈധസാം**
**ഗൂഢോ ഗുഹാശയ: സാക്ഷീ മഹാപുരുഷ ഈശ്വര: (10–37–12)**
**ആത്മനാ*ff*ൻമാശ്രയ: പൂർവ്വം മായയാ സസൃജേ ഗുണാൻ**
**തൈരിദം സത്യസങ്കൽപ: സൃജസ്യത്സ്യവസീശ്വര: (10–37–13)**
**സ ത്വം ഭൂധരഭ്രതാനാം ദൈത്യപ്രമഥരക്ഷസാം**
**അവതീർണ്ണോ വിനാശായ സേതൂനാം രക്ഷണായ ച (10–37–14)**

*ശുകമുനി തുടർന്നു:*
കംസന്റെ ആജ്ഞാനുസരണം കേശി ഒരു വെകിളി പിടിച്ച കുതിരയുടെ വേഷത്തിൽ വൃന്ദാവനത്തിലേക്ക് പുറപ്പെട്ടു. അവൻ വൃന്ദാവനത്തിൽ ലക്കും ലഗാനുമില്ലാതെ ഓടി നടന്നു. അവന്റെ മുക്രയിടലും മറ്റും ഗ്രാമവാസികളെ ഭയചകിതരാക്കി. താമസിയാതെ കൃഷ്ണൻ അവനെ വെല്ലു വിളിച്ചു. അവനും കൃഷ്ണനെ മല്ലയുദ്ധത്തിനു വിളിച്ചു. സിംഹത്തേപ്പോലെ ഗർജ്ജിച്ച് ഓടിയടുത്ത് ചുറ്റിത്തിരിഞ്ഞ് കേശി കൃഷ്ണനെ തന്റെ പിൻകാലുകൊണ്ടു തൊഴിച്ചു. അവന്റെ കാലുകൾ കൃഷ്ണന്റെ മേൽ പതിക്കും മുൻപ് കൃഷ്ണൻ അതിൽ പിടികൂടി അവനെ തൂക്കി ചുഴറ്റിയെറിഞ്ഞു. കുതിരക്ക് സ്വബോധം വീണ്ടു കിട്ടാൻ കുറച്ചു സമയം വേണ്ടിവന്നു. എന്നിട്ട് അവൻ വീണ്ടും വായ് തുറന്നു പിടിച്ച് കൃഷ്ണന്റെ നേർക്ക് പാഞ്ഞടുത്തു. തീതുപ്പും പോലെ ക്രോധമാർന്ന അവന്റെ വായിലേക്ക് കൃഷ്ണൻ തന്റെ കൈ കടത്തി. അപ്പോൾ കൃഷ്ണന്റെ കൈ വലുതാവാൻ തുടങ്ങി. അസുരന് ശ്വാസം മുട്ടി. അപ്പോൾ അവൻ തന്റെ സ്വരൂപം ആർജ്ജിച്ചു. അങ്ങിനെ അന്ത്യശ്വാസം വലിക്കുകയും ചെയ്തു. കൃഷ്ണൻ പ്രത്യേകിച്ചൊന്നും സംഭവിക്കാത്തതുപോലെ തന്റെ കൈ വലിച്ചൂരി നടന്നകന്നു.

*ദിവ്യർഷിയായ നാരദൻ കൃഷ്ണനെ രഹസ്യമായി സന്ധിച്ച് ഇങ്ങിനെ പറഞ്ഞു:*
'കൃഷ്ണാ അവിടുന്ന് അനന്തനായ ഭഗവാൻ തന്നെയാണ്. അവിടുത്തെത്തന്നെ പ്രഭാവമായ മായാശക്തിയുടെ സഹായത്താൽ അങ്ങ് വിശ്വ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നു. അവിടുന്നിപ്പോൾ മർത്യ ജൻമമെടുത്തിരിക്കുന്നത് ദുഷ്ടതയെ നിർമ്മാർജ്ജനം ചെയ്യാനും ധർമ്മത്തെ ഉദ്ധരിക്കുവാനുമത്രെ. അതുകൊണ്ട് ദേവൻമാർക്കുപോലും പേടിസ്വപ്നമായിരുന്ന ഈ അസുരൻ അങ്ങയുടെ കൈ കൊണ്ട് നിഷ്പ്രയാസം വധിക്കപ്പെട്ടതിൽ അത്ഭുതമേതുമില്ല.' ഭഗവാൻ കൃഷ്ണരൂപത്തിൽ കംസനടക്കം എല്ലാ രാക്ഷസൻമാരേയും വധിക്കുമെന്നും ദ്വാരകാധിപനായി വാഴുമെന്നും നാരദൻ പറഞ്ഞു. മാത്രമല്ലാ മഹാഭാരതയുദ്ധത്തിനു സാക്ഷിയായി നിന്ന് ദശലക്ഷക്കണക്കിന് മനുഷ്യർ മരിക്കുന്നതു കാണുമെന്നും നാരദനറിയിച്ചു. ഭഗവാനെ വണങ്ങി ദേവർഷി മടങ്ങി.

മറ്റൊരവസരത്തിൽ കൃഷ്ണനും കൂട്ടരും കള്ളനും കാവൽക്കാരനും കളിക്കുമ്പോൾ വ്യോമാസുരൻ അവരുടെ കൂട്ടത്തിൽ ഒരു ഗോപാലവേഷത്തിൽ പങ്കെടുത്തു. കളിയിൽ കള്ളനായി അഭിനയിച്ച് അവൻ കൃഷ്ണന്റെ കൂട്ടുകാരെ കുറേപ്പേരെ ഒരു ഗുഹയിലൊളിപ്പിച്ചു. കൃഷ്ണനവനെ കയ്യോടെ പിടികൂടി. അസുരൻ തന്റെ സ്വരൂപം കാണിച്ച് കൃഷ്ണന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ വൃഥാശ്രമം നടത്തി. നിലത്തടിച്ച് കൃഷ്ണനവന്റെ കഥ കഴിച്ചു. ഗുഹാമുഖത്തെത്തി ബലമായി അതിന്റെ വാതിൽ തുറന്ന് കൃഷ്ണൻ തോഴരെ രക്ഷിച്ചു. അവർ അതീവ സന്തുഷ്ടരായി.

**കിം മയാ*ff*ചരിതം ഭദ്രം കിം തപ്തം പരമം തപ:**
**കിം വാഥാപ്യർഹതേ ദത്തം യദ്രക്ഷ്യാമ്യദ്യ കേശവം (10-38-3)**
**മമൈതദ് ദുർലഭം മന്യ ഉത്തമശ്ലോകദർശനം**
**വിഷയാത്മനോ യഥാ ബ്രഹ്മകീർത്തനം ശൂദ്രജൻമന: (10-38-4)**
**മൈവം മമാധമസ്യാപി സ്യാദേവാച്യുനദർശനം**
**പ്രിയമാണ: കാലനദ്യാ കചചിത്തരതികശ്ചന (10-38-5)**
**മമാദ്യാ മംഗളം നഷ്ടം ഫലവാംശ്ചൈവ മേ ഭവ:**
**യന്നമസ്യേ ഭഗവതോ യോഗിധ്യേയാങ്ഘ്രിപങ്കജം (10-38-6)**

*ശുകമുനി തുടർന്നു:*
രാമകൃഷ്ണൻമാരെ മഥുരയ്ക്കു കൂട്ടിക്കൊണ്ടു വരാൻ കംസൻ ആവശ്യപ്പെട്ടതിനുശേഷം അക്രൂരൻ അത്യാഹ്ലാദചിത്തനായിരുന്നു. കിട്ടാൻ പോകുന്ന ഭഗവൽദർശനസൗഭാഗ്യമോർത്ത് അക്രൂരൻ ഇങ്ങിനെ ചിന്തിച്ചു. 'ഇത്തരം പരമാനുഗ്രഹം ലഭിക്കാനുള്ള പുണ്യം ഞാനെങ്ങിനെ ആർജ്ജിച്ചു? പാടില്ല. ഞാനങ്ങിനെ ചിന്തിച്ചുകൂടാ. കാരണം സമയമെന്ന നദിയിലൊഴുകി നടക്കുമ്പോൾ ചിലർ ചിലപ്പോൾ ആ സമയനദിയെ തരണം ചെയ്യുന്നു. ഇന്നു ഞാൻ ആ ഭഗവാനെ കാണും. സ്വാഭാവികമായും എന്റെ സകലപാപങ്ങളും അതോടെ അവസാനിക്കും. എന്റെ ജൻമം സഫലവുമാകും. ദുഷ്ടനായ കംസനും എനിക്കീ ജോലി തന്നതിനാൽ എന്നോട് മഹത്തരമായ ഒരു സഹായമാണ് ചെയ്തത്. ഇന്നു ഞാൻ സൃഷ്ടാവുപോലും തലയിൽ ചൂടുന്ന ആ പാദാരവിന്ദങ്ങൾ കാണും. ആ കാലടികൾ ഇപ്പോൾ കാലികൾക്ക് പിന്നാലെ മലയും കാടും ചവിട്ടികയറിയിറങ്ങുന്നു. ഗോപാംഗനമാരുടെ മാറിടങ്ങളാൽ ആ കാലിണകൾ ലാളിക്കപ്പെടുന്നു. കാര്യകാരണങ്ങൾക്കതീതനും അജ്ഞതാലേശമില്ലാത്തവനുമായവൻ ഇപ്പോൾ വൃന്ദാവനത്തിൽ മർത്ത്യരോടൊപ്പം അവരിലൊരാളെന്നപോലെ വ്യാപരിക്കുന്നു. ശുഭാദർക്കമായ എന്തിനുമുടമയും കാഴ്ചയിൽ അതീവ സൗന്ദര്യമുള്ളവനും പരമഗുരുവും മഹാത്മാക്കളുടെ ജീവിതലക്ഷ്യവുമായ ആ ഭഗവാനെ ഞാനിന്നു കാണും. അക്രൂരൻ മനസാ ഭഗവാനുമായുള്ള കൂടിക്കാഴ്ച ഓർത്തഭിനയിച്ചുതന്നെ ആനന്ദ പാരവശ്യത്തിലെത്തിയിരുന്നു. സർവ്വാന്തര്യാമിയായ ഭഗവാൻ തന്റെ ശത്രുവായ കംസന്റെ ദൂതനാണെങ്കിൽ കൂടി തന്നെ ഒരു വിനീതഭക്തനായി സ്വീകരിക്കുമെന്ന് അക്രൂരനുറപ്പായിരുന്നു.

വൈകുന്നേരമായപ്പോഴാണ് അക്രൂരന്റെ രഥം വൃന്ദാവനത്തിലെത്തിയത്. വഴിയിൽ കൃഷ്ണന്റെ കാൽപ്പാടുകൾ അക്രൂരൻ ദർശിച്ചു. ഉടനേ ചാടിയിറങ്ങി കൃഷ്ണപാദസ്പർശത്താൽ പവിത്രമാക്കപ്പെട്ട ആ ധൂളിയിൽ അക്രൂരൻ കിടന്നുരുണ്ടു. 'ഇതു കൃഷ്ണന്റെ കാൽപ്പാടുകൾ തന്നെ' എന്നു പറഞ്ഞ് സന്തോഷാശ്രു പൊഴിച്ചു.

താമസിയാതെഷ അക്രൂരൻ രാമകൃഷ്ണൻമാരുടെ മുന്നിലെത്തി. അദ്ദേഹം അവരെ പരംപൊരുളെന്നു തന്നെ കതുതി അവരുടെ കാൽക്കൽ വീണു നമസ്കരിച്ചു. അവർ അക്രൂരനെ ആലിംഗനം ചെയ്താദരിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. ബലരാമൻ അക്രൂരന്റെ പാദം കഴുകി. കൃഷ്ണൻ ആഹാരവും പൂമാലയുമായി വന്നു. നന്ദൻ കുശലം ചോദിച്ചു. ങസുഖംതന്നെയല്ലേ അക്രൂരാ? ദുഷ്ടനായ കംസന്റെ ദയവിൽ കഴിയുമ്പോൾ എന്തു സുഖവും സമാധാനവും അല്ലെ?മ്മ അങ്ങിനെയാ ദിവ്യ കുടുംബത്തിനാലും കൃഷ്ണനാലും പരിചരിക്കപ്പെട്ട് അക്രൂരൻ മഥുരയിൽ നിന്നുള്ള യാത്രയുടെ ക്ഷീണം മറന്നു.

**അഹോ വിധാതസ്തവ ന ക്വചിദ്ദയാ
സംയോജ്യ മൈത്ര്യാ പ്രണയേന ദേഹിന:
താംശ്ചാകൃതാർത്ഥാൻ വിയുനങ്ക്ഷ്യ പാർത്ഥകം
വിക്രീഡിതം തേƒർഭക ചേഷ്ടിതം യഥാ (10-39-19)
ഏവം ബ്രുവാണാ വിരഹാതുരാ ഭൃശം വ്രജസ്ത്രിയ: കൃഷ്ണ വിഷക്തമാനസാ:
വിസൃജ്യ ലജ്ജാം രുരുദു: സ്മ സുസ്വരം ഗോവിന്ദ ദാമോദര മാധവേതി (10-39-31)**

*ശുകമുനി തുടർന്നു:*
മധുരാപുരിയിലെ ബന്ധുജനങ്ങളുടെ സൗഖ്യമന്വേഷിക്കുന്നതിനിടക്ക് കൃഷ്ണൻ പറഞ്ഞു: 'കഷ്ടം. എന്റെ പേരിൽ എന്റെ മാതാപിതാക്കൾക്ക് എത്ര ദുരിതമനുഭവിക്കേണ്ടതായി വന്നു. എന്റെ പേരിൽത്തന്നെ എത്ര കുഞ്ഞുങ്ങൾ വധിക്കപ്പെട്ടു. ഞങ്ങൾക്ക് അവിടത്തെ കണ്ടതിന്റെ സന്തോഷം പറയാവതല്ല. അങ്ങേക്കായി ഞങ്ങൾ എന്തു ചെയ്യണമെന്നറിയിച്ചാലും.' ഇതിനു മറുപടിയായി മധുരയിൽ നടന്ന കാര്യങ്ങളെല്ലാം അക്രൂരൻ വിശദീകരിച്ചു. നാരദന്റെ പ്രവചനവും കംസന്റെ പദ്ധതിയുമെല്ലാം അക്രൂരൻ പറഞ്ഞതുകേട്ട് രാമകൃഷ്ണൻമാർ ഉറക്കെ പൊട്ടിച്ചിരിച്ചു. അവർ നന്ദഗോപരോട് രാജാവിന്റെ ക്ഷണത്തെപ്പറ്റി പറയുകയും ചെയ്തു. ഗ്രാമവാസികളോട്ഷ നഗരത്തിൽ രാജകൊട്ടാരത്തിലെത്തിക്കാനുള്ള തൈരും വെണ്ണയും മറ്റു ക്ഷീരോൽപ്പന്നങ്ങളും സംഘടിപ്പിച്ചു വെയ്ക്കാൻ നന്ദഗോപർ ആവശ്യപ്പെട്ടു. വൃജത്തിലെ പുരുഷൻമാർ മഥുരായാത്രക്കായി തയ്യാറെടുത്തു.

എന്നാൽ സ്ത്രീജനങ്ങൾ വല്ലാതെ നിരാശരും ആകുലരുമായി കാണപ്പെട്ടു. അവർ ഒന്നിച്ചുകൂടി ഇങ്ങിനെ വാവിട്ടുകരഞ്ഞു. 'ജഗന്നിയന്താവേ നീയെത്ര ക്രൂരൻ. ലോകത്ത് അവിടുന്നു മനുഷ്യരെ ഒന്നിച്ചു ചേർത്തിട്ട് അവരുടെ ആഗ്രഹങ്ങൾ എല്ലാം നിവർത്തിക്കും മുൻപേ അവരെ പിരിക്കുന്നു. ഈ കംസദൂതന് അക്രൂരൻ എന്ന് പേര് നൽകിയതാരാണ്? അയാൾ ഞങ്ങളുടെ ജീവന്റെ ജീവനെ ഇവിടെനിന്നും കൊണ്ടുപോകാൻ വന്ന ക്രൂരനത്രെ. കഷ്ടം. നമ്മുടെ കൃഷ്ണനെ നോക്കൂ. ഇപ്പോൾ നമ്മെ നോക്കുന്നതുപോലുമില്ല. ഇവിടെ ശത്രുവെന്നോ മിത്രമെന്നോ ഒരു ഭാവഭേദവും കൃഷ്ണനില്ല. അവൻ ഇതിനെല്ലാം അതീതൻ. ഒരു പക്ഷേ നഗരസ്ത്രീകളുടെ വലയിൽപ്പെട്ട് കൃഷ്ണൻ നമ്മെ മറന്നുപോയേക്കും. ആ സ്ത്രീകൾക്ക് കൃഷ്ണദർശനം കിട്ടുന്ന ദിവസം മഹത്തായിരിക്കും. കാരണം ഭഗവാന്റെ മധുരമനോജ്ഞമായ മുഖമാണല്ലോ അവർ കാണാൻ പോകുന്നത്.' രഥം പോകാൻ തുടങ്ങിയപ്പോൾ സ്ത്രീകൾ ലജ്ജയേതുമില്ലാതെ ഉറക്കെ കരഞ്ഞു. ഗോവിന്ദാ ദാമോദരാ മാധവാ എന്നിങ്ങിനെ വിളിച്ച് വിരഹദു:ഖവേദന സഹിക്കാതെ ചിലർ രഥത്തിനു പിറകേ ഓടി. മറ്റു ചിലർ മോഹാലസ്യപ്പെട്ടു. കൃഷ്ണൻ ഒരു സന്ദേശം കൊടുത്തയച്ചു. 'ഞാൻ വരും.'. അതിനുശേഷം വൃന്ദാവനത്തിലെ ഗോപസ്ത്രീകൾ കൃഷ്ണനെക്കുറിച്ചുതന്നെ സദാ ഓർമ്മിച്ച് അവന്റെ ലീലകൾ വർണ്ണിച്ചു പോന്നു.

മദ്ധ്യാഹ്നപൂജാസമയത്ത് അക്രൂരൻ കാളിന്ദീതീരത്ത് രഥം നിർത്തി. കൃഷ്ണനും ബലരാമനും രഥത്തിലിരുന്നു. അക്രൂരൻ നദിയിലിറങ്ങി മുങ്ങി. ജലത്തിൽ സർവ്വപ്രഭയോടെ രാമകൃഷ്ണൻമാരെ അക്രൂരൻ ദർശിച്ചു. അദ്ദേഹം ജലത്തിൽനിന്ന് തലയുയർത്തി രഥത്തിലേക്ക് നോക്കി. ജ്യേഷ്ഠാനുജൻമാർ രഥത്തിൽ ഇരിപ്പുണ്ട്. അല്ല ഇതൊരു തോന്നലല്ല. ഒരിക്കൽകൂടി അദ്ദേഹം ജലത്തിൽ മുങ്ങി. അപ്പോൾ അദ്ദേഹത്തിന് അതിമഹത്തായ ഒരുജ്ജ്വല ദൃശ്യം കാണായി. ഭഗവാൻ പാൽക്കടലിൽ അനന്തനിൽ ശയിക്കുന്നു. ദേവൻമാരും മറ്റു സ്വർഗ്ഗവാസികളും ചുറ്റും നിൽക്കുന്നു. ശ്രീ, പുഷ്ടി, സരസ്വതി, കാന്തി, കീർത്തി, തുഷ്ടി, ഇലാ, ഊർജ്ജം, വിദ്യ, അവിദ്യ, ശക്തി, മായ, തുടങ്ങിയ എല്ലാ ദിവ്യശക്തികളും ഭഗവൽസേവക്കായി കാത്തു നിൽക്കുന്നു.

*ശ്രീ -ഐശ്വര്യം. പുഷ്ടി- പോഷകത്വം. സരസ്വതി- അറിവും ജ്ഞാനവും. കാന്തി- വൈഭവം. കീർത്തി- പ്രശസ്തി. തുഷ്ടി- സംതൃപ്തി. ഇലാ- ഭൂമി. ഊർജ്ജം- സർവ്വശക്തി. വിദ്യ- ആത്മജ്ഞാനം. അവിദ്യ- അജ്ഞാനം.*

ॐ



**ഏകേത്വാഖിലകർമ്മാണി സംന്യസ്യോപശമം ഗതാ:**
**ജ്ഞാനിനോ ജ്ഞാനയജ്ഞേന യജന്തി ജ്ഞാനവിഗ്രഹം (10-40-6)**
**സർവ്വ ഏവ യജന്തി ത്വാം സർവ്വദേവമയേശ്വരം**
**യേ*f*പ്യന്യദേവതാ ഭക്താ യദ്യപ്യന്യധിയ: പ്രഭോ (10-40-9)**
**യഥാദ്രിപ്രഭവാ നദ്യ: പർജ്ജന്യാപൂരിതാ: പ്രഭോ**
**വിശന്തി സർവ്വത: സിന്ധും തദ്വത്ത്വാം ഗതയോ*f*ന്തത: (10-0-10)**
**നമസ്തേ വാസുദേവായ സർവ്വഭൂതക്ഷയായച**
**ഹൃഷീകേശ നമസ്തുഭ്യം പ്രപന്നം പാഹി മാം പ്രഭോ (10-40-30)**

*അക്രൂരൻ ഇങ്ങിനെ പ്രാർത്ഥിച്ചു:*
അല്ലയോ നാരായണാ അവിടേയ്ക്ക് നമസ്കാരം. എല്ലാ കാരണങ്ങൾക്കും കാരണഭൂതമായ അഹേതുകഹേതുവായ അങ്ങിൽ നിന്നത്രെ സർവ്വഭൂതങ്ങളും അവയുടെ കാരണങ്ങളും ഉത്ഭൂതമായിട്ടുള്ളത്. പരിണമിച്ചുണ്ടായ ഒന്നിനും അവിടുത്തെ അറിയുക സാദ്ധ്യമല്ല തന്നെ. എങ്കിലും ചില യോഗിവര്യൻമാർ അവിടുത്തെ ധർമ്മശാസ്ത്രവിധിപ്രകാരമുള്ള കർമ്മാദികളാൽ പൂജിക്കുന്നു. മറ്റു ചിലർ സ്വയം കർമ്മാഭിമാനം ഉപേക്ഷിച്ച് അവിടുത്തെ ശുദ്ധബോധസ്വരൂപമായി ആരാധിച്ച് ജ്ഞാനയജ്ഞത്തിലേർപ്പെടുന്നു. (ജ്ഞാന യജ്ഞത്തിൽ ജ്ഞാനസ്വരൂപത്തെ ജ്ഞാനത്താൽ തന്നെ പൂജിച്ചു ധ്യാനിക്കുന്നു). ചിലർ അവിടുത്തെ മാത്രം രൂപത്തെയോ നാനാരൂപങ്ങളെയോ പൂജിക്കുന്നു. പലേ ഗുരുവരൻമാരും അരുളിചെയ്തപ്പോലെ അങ്ങയെ ചിലർ ശിവനായി ആരാധിക്കുന്നു. എന്നാൽ എല്ലാവരും അവിടുത്തെത്തന്നെയാണ് പൂജിക്കുന്നത്. കാരണം എല്ലാ ദിവ്യതയും അവിടുത്തെ തന്നെ വിവിധ ഭാവങ്ങളത്രെ. പർവ്വതങ്ങളിൽ പലേടത്തായി ഉൽഭവിച്ച് താഴ്വാരങ്ങളിലൂടെയൊഴുകി സമുദ്രത്തിലാണല്ലൊ നദികളെല്ലാം എത്തിച്ചേരുന്നത്. സമുദ്രത്തിലൊന്നായി ച്ചേരുന്ന നദികൾ പോലെ വിവിധ മാർഗ്ഗങ്ങളിൽ പൂജിച്ചെന്നാലും എല്ലാം അവിടേയ്ക്കു തന്നെ എത്തിച്ചേരുന്നു.

പ്രകൃതിയുടെ മൂന്നു ഗുണങ്ങളാണ് എല്ലാ ജീവജാലങ്ങൾക്കും ദേവതകൾക്കുപോലും ജൻമമേകുന്നത്. പ്രകൃതിയാകട്ടെ അവിടുത്തെ പ്രകൃതിയത്രെ. അങ്ങിനെ എല്ലാം അങ്ങിലേയ്ക്കു തന്നെ തിരിച്ചു ചെല്ലുന്നു. അവിടുന്നാണ് വിശ്വസത്ത. വിശ്വപ്രകൃതിയിലുള്ള എല്ലാം അവിടുത്തെ വിവിധ ഭാഗങ്ങളത്രെ. അവിടുന്നു പരിപൂർണ്ണ സ്വതന്ത്രനും ബന്ധമേതുമില്ലാത്തവനുമാണല്ലോ. എല്ലാമെല്ലാമായ അങ്ങ് സകലമനസ്സുകൾക്കും സാക്ഷിയത്രെ. അവിടുന്ന് സ്വയം ഇഹലോകത്തിലവതരിക്കുന്നു. അവിടുത്തെ അവതാരങ്ങളെയെല്ലാം ഞാൻ നമസ്കരിക്കുന്നു. ദിവ്യനായ മത്സ്യം. കുതിരമുഖമുള്ള ഹയഗ്രീവൻ. ദിവ്യനായ കൂർമ്മം. വരാഹം. നരസിംഹം. വാമനൻ. പരശുരാമൻ. ശ്രീരാമൻ. കൃഷ്ണനേയും ബലരാമനേയും ഞാനിതാ നമസ്കരിക്കുന്നു. ബുദ്ധനും കൽക്കിയുമായുള്ള അവിടുത്തെ മഹത്തായ അവതാരങ്ങളേയും ഞാൻ നമസ്കരിക്കുന്നു.

വിശ്വജീവികളെല്ലാം അവിടുത്തെ മായാശക്തിവിശേഷത്താൽ മോഹിതരത്രെ. അതിനാൽ ഞങ്ങൾ ശരീരത്തെ ആത്മാവായും കാഴ്ചയെ സത്യമായും നിഴലിനെ നിജമായും ദു:ഖത്തെ ആനന്ദമായും തെറ്റിദ്ധരിക്കുന്നു. അജ്ഞാനം കൊണ്ട് ഞങ്ങൾ അങ്ങിൽ നിന്നു പുറം തിരിഞ്ഞ് സുഖത്തിന് പിന്നാലെ പായുന്നു. മരീചികയിലേക്ക് വെള്ളത്തിനായി ഓടിച്ചെല്ലുന്ന വിഡ്ഢികളെപ്പോലെയത്രെ ഞങ്ങൾ. പായൽമൂടിക്കിടക്കുന്ന സ്വന്തം തടാകമുപേക്ഷിച്ചത്രേ ഞങ്ങൾ മരീചികതേടി അലയുന്നത്. ഞാൻ അവിടുത്തെ പാദങ്ങളെ അഭയം പ്രാപിക്കുന്നു. എന്നെ രക്ഷിച്ചാലും.

**പുനീഹി പാദരജസാ ഗൃഹാൻ നോ ഗൃഹമേധിനാം**
**യച്ചൌചേനാനുതൃപ്യന്തി പിതര: സാഗ്നയ: സുരാ: (10-41-13)**
**അവനിജ്യാങ്ഘ്രിയുഗളമാസീഛ് ശ്ലോക്യോ ബലിർമ്മഹാൻ**
**ഐശ്വര്യമതുലം ലേഭേ ഗതിം ചൈകാന്തിനാം തുയാ (10-41-14)**
**ആപസ്തേƒങ്ഘ്ര്യ വനേജന്യസ്ത്രീം ലോകാൻ ശുചയോƒപുനൻ**
**ശിരസാധത്ത യാ: ശർവ: സ്വര്യാതാ: സഗരാത്മജാ: (10-41-15)**

*ശുകമുനി തുടർന്നു:*
അക്രൂരൻ ഇങ്ങിനെ സ്തുതിച്ചു കൊണ്ടിരിക്കുമ്പോൾത്തന്നെ ആ ദർശനം പിൻവലിഞ്ഞു. അക്രൂരൻ തന്റെ പ്രാർത്ഥനകൾ പൂർത്തീകരിച്ച ശേഷം രഥത്തിലേക്ക് മടങ്ങി. അക്രൂരന്റെ മയക്കമാർന്ന മുഖം ശ്രദ്ധിച്ച് കൃഷ്ണൻ ചോദിച്ചു. 'അത്ഭുതകരമായ എന്തെങ്കിലും ആകാശത്തോ ഭൂമിയിലോ ജലത്തിലോ കാണുകയുണ്ടായോ?' അതിനു മറുപടിയായി അക്രൂരൻ പറഞ്ഞു. 'ഞാൻ അങ്ങയെ കണ്ടു. ഇപ്പോൾ എന്റെ മുന്നിലും അങ്ങയെ കണ്ടുകൊണ്ടിരിക്കുന്നു. ഇതിലും അത്ഭുതകരമായി മറ്റെന്തുണ്ട്?'

അവർ മധുരാപുരിയുടെ പ്രാന്തപ്രദേശത്തിലെത്തിച്ചേർന്നു. കൃഷ്ണൻ പറഞ്ഞു: 'അമ്മാവാ അങ്ങ് ആദ്യം നഗരത്തിലേക്ക് പൊയ്ക്കൊള്ളൂ. ഞങ്ങൾ പിറകെ വരാം.' ഭഗവാനെ പിരിഞ്ഞിരിക്കുന്ന കാര്യം അക്രൂരന് ആലോചിക്കവയ്യ. കണ്ണീരോടെ കനം തൂങ്ങിയ ഹൃദയത്തോടെ അദ്ദേഹം യാചിച്ചു. 'എന്നെ ഉപെക്ഷി ക്കരുതേ ഭഗവാനേ ഞാൻ അവിടുത്തെ വിനീതഭൃത്യനല്ലോ. ഞങ്ങളുടെ വീടിനെ അവിടുത്തെ പാദരേണുക്കൾ കൊണ്ട് പവിത്രമാക്കിയാലും. അങ്ങിനെയാണല്ലോ പിതൃക്കളും ദേവൻമാരും സന്തുഷ്ടരാവുന്നത്. ഭക്തശിരോമണികൾക്ക് മാത്രം പ്രാപ്യമായ പരമപദം മഹാരാജാവായ ബലിക്ക് ലഭിച്ചത് അവരെ പൂജിച്ചിട്ടാണല്ലോ. അവിടുത്തെ പാദസ്പർശം കൊണ്ട് പരിശുദ്ധമായ തീർത്ഥജലം മൂന്നു ലോകങ്ങളെയും പവിത്രമാക്കുന്നു. ആ തീർത്ഥത്താലാണല്ലോ സാഗരപുത്രൻമാരെ പുനർജീവിപ്പിച്ചത്. ദേവദേവപ്രഭോ അവിടുത്തെ ഞാൻ നമസ്കരിക്കുന്നു.

മധുരാപുരിയിലെ തന്റെ കൃത്യനിർവഹണത്തിനു ശേഷം ഭവനത്തിൽ വരാമെന്ന് കൃഷ്ണൻ അക്രൂരന് ഉറപ്പു നൽകി. അക്രൂരൻ നഗരത്തിലേക്കു പോയി. കൃഷ്ണനും കൂട്ടരും നഗരത്തിനു പുറത്ത് താവളമുറപ്പിച്ചു. എന്നിട്ട് നഗരം ചുറ്റി നടന്നു കണ്ടു. തന്റെ മുന്നിൽക്കണ്ട ഉജ്ജ്വലങ്ങളായ കോട്ടകളെ കൃഷ്ണൻ സാകൂതം വീക്ഷിച്ചു. നഗരത്തിലെ വസ്തുകലാവൈദഗ്ദ്ധ്യവും സമ്പന്നതയും അദ്ദേഹം ആസ്വദിച്ചു. നഗരത്തിലെ പെൺകൊടികൾ ആ രണ്ടു യുവകോമളൻമാരെ കൺകുളുർക്കെ കണ്ടു.

കൃഷ്ണൻ ഒരു അലക്കുകാരനെ അവിടെ കണ്ടു. അവന്റെ കയ്യിൽ നല്ലയിനം വസ്ത്രങ്ങളുണ്ടായിരുന്നു. കൃഷ്ണൻ പറഞ്ഞു: 'എന്റെ ജ്യേഷ്ഠൻ ബലരാമനും എനിക്കും വേണ്ടി നല്ല വസ്ത്രങ്ങൾ തന്നാലും. നിനക്ക് തീർച്ചയായും അനുഗ്രഹം ലഭിക്കും.' ധിക്കാരിയായ ആ അലക്കുക്കാരൻ കംസന്റെ ഭക്തനായിരുന്നു. അവൻ പുച്ഛത്തോടെ കൃഷ്ണന്റെ ആവശ്യത്തെ നിരാകരിക്കുകയാണ് ചെയ്തത്. കൃഷ്ണൻ നിഷ്പ്രയാസം അവന്റെ തല ചുമലിൽനിന്ന് വേർപ്പെടുത്തി അവനെ വധിച്ചു. എന്നിട്ട് ജ്യേഷ്ഠനും അനുജനും തങ്ങൾക്കാവശ്യമുള്ള വസ്ത്രങ്ങൾ എടുത്തു. കുറച്ച് കഴിഞ്ഞ് ഒരു നെയ്ത്തുക്കാരൻ അവർക്കു വേണ്ട ഉത്തരീയങ്ങളും മറ്റു വസ്ത്രങ്ങളും നൽകി. കൃഷ്ണൻ അവനെ അനുഗ്രഹിച്ചു. പിന്നീടവർ സുദാമൻ എന്ന് പേരുള്ള പൂക്കാരനെ കണ്ടു. അവൻ കൃഷ്ണനെ പൂജിക്കുകതന്നെ ചെയ്തു. വർണ്ണശബളമായ പൂമാലകൾ കൊണ്ട് രാമകൃഷ്ണൻമാരെ അവൻ അലങ്കരിച്ചു. അവനിൽ സംപ്രീതനായ കൃഷ്ണൻ അവനാവശ്യപ്പെട്ട വരങ്ങളെല്ലാം നൽകി. അവനും ആ നെയ്ത്തുകാരൻേറതു പോലെ ഒരേ ഒരു വരമേ ആവശ്യപ്പെട്ടുള്ളൂ- ഭഗവദ് പദപങ്കജങ്ങളിലുള്ള അചഞ്ചലഭക്തി.

**പ്രസന്നോ ഭഗവാൻ കുബ്ജാം ത്രിവക്രാം രുചിരാനനം**
**ഋജ്വീം കർത്തും മനശ്ചക്രേ ദർശയൻ ദർശനേ ഫലം (10-42-6)**
**പദ്ഭ്യാമാക്രമ്യ പ്രപദേ ദ്വ്യം ഗുല്യുത്താനപാണിനാ**
**പ്രഗൃഹ്യ ചിബു കേf ധ്യാത്മമുദനീനമദച്യുത: (10-42-7)**
**സാ തദർജ്ജു സമാനാംഗീ ബൃഹച്ഛ്റോണിപയോധരാ**
**മുകുന്ദസ്പർശനാത് സദ്യോ ബഭൂവ പ്രമദോത്തമാ (10-42-8)**

*ശുകമുനി തുടർന്നു:*
നഗരത്തിലേയ്ക്കു നടക്കുമ്പോൾ കൂനുണ്ടെങ്കിലും സുന്ദരിയായ ഒരു യുവതി ചന്ദനലേപവുമായി നടക്കുന്നത് കൃഷ്ണൻ കണ്ടു. അവളോട് ചന്ദനമാവശ്യപ്പെട്ടപ്പോൾ ഈ ലേപനം കംസനുവേണ്ടി പ്രത്യേകമായി അരച്ചുണ്ടാക്കിയതാണെന്നും അവളുടെ ഈ കൂട്ട് കംസന് ഏറെ പ്രിയപ്പെട്ടതാണെന്നും അവളറിയിച്ചു. എന്നിട്ടു പറഞ്ഞു. 'അങ്ങയേക്കാൾ കൂടുതൽ ഇതിനർഹമായി മറ്റാരുണ്ട്?' അവൾ ചന്ദനക്കൂട്ട് ഭക്ത്യാദരവോടെ രാമകൃഷ്ണൻമാർക്ക് നൽകി. ചന്ദനക്കൂട്ട് ദേഹത്തണിഞ്ഞ് അവർ പൂർവ്വാധികം ഭംഗിയോടെ ശോഭിച്ചു. കൂനിയായ യുവതിയുടെ നിവേദനത്തിൽ സംപ്രീതനായ കൃഷ്ണൻ അവളുടെ പാദങ്ങൾ തൻെറ പാദത്താലമർത്തിപ്പിടിച്ച് രണ്ടുവിരലുകൾക്കൊണ്ടവളുടെ താടി ഉയർത്തി. അപ്പോൾവരെ ത്രിവക്രയായിരുന്ന അവൾ ഒരു നിമിഷംകൊണ്ട് നേരെയായി. ഭഗവാനെ കാണുന്നതും ഭഗവൽസേവ ചെയ്യുന്നതും മഹിമയത്രെ. ആ ഭഗവാൻെറ കരസ്പർശം ഒന്നുകൊണ്ടു മാത്രം കൂനിയായ സ്ത്രീ സുന്ദരിയായ തരുണീമണിയായി മാറി. അവളും ഭഗവാനിൽ ആകൃഷ്ടയായി. ദിവ്യയുവാവിനോടുള്ള പ്രണയപാരവശ്യം കൊണ്ട് അവൾ കൃഷ്ണനെ സ്വഗൃഹത്തിലേക്ക് ക്ഷണിച്ചു. മഥുരയിലെ കൃത്യനിർവ്വഹണശേഷം അവളെ സന്ദർശിക്കാമെന്ന് കൃഷ്ണൻ വാക്കു കൊടുത്തു.

പരമശിവൻെറ വില്ലു സൂക്ഷിച്ചു വച്ചിരിക്കുന്ന സ്ഥലമേതെന്ന് കൃഷ്ണൻ അന്വേഷിച്ചു. അവിടെപ്പോയി അതെടുത്തുയർത്താൻ അദ്ദേഹം ചെന്നപ്പോൾ കാവൽക്കാർ തടഞ്ഞു. എന്നാൽ കൃഷ്ണൻ അതെടുത്തുയർത്തി രണ്ടു കഷണമാക്കി ഒടിച്ചു കളഞ്ഞു. വില്ലു മുറിഞ്ഞ ശബ്ദം കംസൻെറ ചെവിയിലുമെത്തി. കംസൻെറ യോദ്ധാക്കൾ കൃഷ്ണനെ തേടി വന്നു. എന്നാൽ രാമകൃഷ്ണൻമാർ വില്ലിൻെറ പകുതികൊണ്ട് എല്ലാവരേയും തുരത്തിയോടിച്ചു. സൂര്യാസ്തമയമായപ്പോൾ അവൽ നഗരാതിർത്തിയിലെ താവളത്തിലേക്കു മടങ്ങി. അവിടെ രാത്രി കഴിച്ചു കൂട്ടി.

കംസൻ തൻെറ യോദ്ധാക്കളെ രാമകൃഷ്ണൻമാർ തുരത്തിയോടിച്ച കാര്യമറിഞ്ഞ് വ്യാകുലപ്പെട്ടു. രാത്രി മുഴുവൻ നിദ്രാവിഹീനനായിക്കഴിഞ്ഞു. ഉറങ്ങാൻ തുനിയുമ്പോഴൊക്കെ ദുസ്വപ്നങ്ങൾ കാണുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ കംസൻെറ അനുയായികൾ ഒരു മല്ലയുദ്ധത്തിനുവേണ്ട കളരിയൊരുക്കി. കാണികൾക്കുള്ള ഇരിപ്പിടങ്ങൾ തയ്യാറായപ്പോൾ ജനങ്ങൾ മത്സരം കാണാൻ തിരക്കുക്കൂട്ടിയെത്തി. കംസൻ രാജകീയസ്ഥാനത്തിരുന്നു. പ്രശസ്തരായ മല്ലയുദ്ധവീരൻമാർ മത്സരത്തിനു തയ്യാറെടുത്തു. നന്ദനെയും മറ്റു ഗോപാലൻമാരെയും കംസൻ പ്രത്യേകം ക്ഷണിച്ചുവരുത്തിയിരുന്നു. അവർക്കായി പ്രത്യേകം ഇരിപ്പിടവും തയ്യാറാക്കിയിരുന്നു. എല്ലാവരും സ്വസ്ഥാനങ്ങളിലിരിപ്പായി.

**മല്ലാനാമശനിർനൃണാം നരവര: സ്ത്രീണാം സ്മരോ മൂർത്തിമാൻ**
**ഗോപാനാം സ്വജനോ*f* സതാം ക്ഷിതിഭുജാം ശാസ്താ സ്വപിത്രോ: ശിശു:**
**മൃത്യുർഭോജപതേർവ്വിരാഡവിദുഷാം തത്ത്വം പരം യോഗിനാം**
**വൃഷ്ണീനം പരദേവതേതി വിദിതോ രംഗം ഗത: സാഗ്രജ: (10-43-17)**

*ശുകമുനി തുടർന്നു:*
സംഭവബഹുലമായിത്തീർന്ന ആ പകലിനെ രാമകൃഷ്ണൻമാരും മറ്റു ഗോപൻമാരും പ്രഭാതപ്രാർത്ഥന കളോടെ എതിരേറ്റു. പെരുമ്പറ മുഴങ്ങുന്ന ശബ്ദം ഭഗവാനും കേട്ടു. മല്ലയുദ്ധവീരൻമാരുടെ ഘോഷ്വാ വിളികളും മറ്റും കളരിയിൽ നിന്നു കേട്ട് കൃഷ്ണൻ സാകൂതം അവിടേയ്ക്കു പോയി. കളരിക്കു പുറത്ത് കുവലയാപീഠം എന്നു പേരായ ആ ഭീകരൻ ആന നിന്നിരുന്നു. കൃഷ്ണൻ ആനസ്സവാരിക്കാരനോട് വഴിമാറാൻ ആവശ്യപ്പെട്ടു. എന്നാൽ ആനക്കാരൻ തോട്ടികൊണ്ട് കുത്തി കൃഷ്ണനു നേരെ ആക്രമിക്കാൻ ആനയെ പ്രേരിപ്പിക്കയാണുണ്ടായത്. ആന കൃഷ്ണനെ തൻെറ തുമ്പിക്കൈ കൊണ്ട് ചുറ്റിപ്പിടിച്ചു. എന്നാൽ ഭഗവാൻ അവൻെറ പിടിയിൽ നിന്നും വഴുതി മാറി ആനയുടെ വാൽ പിടിച്ചു വലിക്കാൻ തുടങ്ങി. കുറെ ദൂരം പോയിക്കഴിഞ്ഞപ്പോൾ വാലുപിടിച്ച് ആനയെ വട്ടം ചുറ്റിക്കാൻ തുടങ്ങി. ഒരു സമയത്ത് ഈ ദ്വന്ദയുദ്ധത്തിനിടയ്ക്ക് കൃഷ്ണൻ ഒരു വീഴ്ച്ച അഭിനയിച്ചു. അപ്പോൾ ആന തൻെറ കൊമ്പു കൊണ്ടു താഴേക്കാഞ്ഞു കുത്തി. കൃഷ്ണൻ ഒഴിഞ്ഞുമാറി. കോപാന്ധനായി ആന വീണ്ടും കൃഷ്ണൻെറ നേർക്ക് പാഞ്ഞടുത്തു. ഭഗവാൻ അവൻെറ തുമ്പിക്കൈ പിടിച്ചു തിരിച്ചതോടെ അവൻ നിലത്തു വീണു. കൃഷ്ണൻ ആനക്കൊമ്പുകൾ രണ്ടും വലിച്ചൂരിയെടുത്ത് ആനയേയും ആനക്കാരേയും കാലപുരിക്കയച്ചു.

രാമകൃഷ്ണൻമാർ കളരിയിലേക്ക് പ്രവേശിച്ചു. ആനക്കൊമ്പും കൈയ്യിൽ പിടിച്ചും മുഖങ്ങൾ വിയർപ്പു മണികളാൽ അലങ്കരിക്കപ്പെട്ടും അനിതരസാധാരണമായ ഒരു മോഹനദൃശ്യം തന്നെയായിരുന്നു അത്. മല്ലവീരൻമാർക്ക് കൃഷ്ണൻ മിന്നൽപിണർ പോലെ കാണപ്പെട്ടു. ആണുങ്ങൾക്ക് കൃഷ്ണൻ ഒരതിമാനുഷനായും സ്ത്രീകൾക്ക് കാമദേവൻെറ അവതാരമായും ഗോപൻമാർക്ക് ബന്ധുവായും അധാർമ്മികരായ രാജാക്കൻമാർക്ക് ശിക്ഷകനായും മാതാപിതാക്കൾക്ക് കുട്ടിയായും കംസന് കാലനായും അജ്ഞാനിക്ക് വെറുമൊരു ബാലനായും യോഗിവര്യൻമാർക്ക് പരമസത്യമായും വൃഷ്ണികൾക്ക് മഹത്തായ ദിവ്യതയുടെ പ്രതിരൂപമായും കൃഷ്ണൻ കാണപ്പെട്ടു. കൃഷ്ണൻ ജ്യേഷ്ഠൻ ബലരാമനുമൊത്ത് കളരിക്കളത്തിലേക്ക് കടന്നു ചെന്നു. മത്സരങ്ങൾ കാണാനെത്തിയവർ കൃഷ്ണനെ അവരുടെ ഹൃത്തടങ്ങളിലേക്ക് പഞ്ചേന്ദ്രിയങ്ങളാലും മനസ്സുകൊണ്ടും ബുദ്ധികൊണ്ടും സ്വീകരിച്ചു. അവർ കൃഷ്ണനെപ്പറ്റി പരസ്പരം സംസാരിക്കാൻ തുടങ്ങി. വസുദേവപുത്രനായി ജനിച്ചതും വൃജത്തിലേക്ക്കൃഷ്ണനെ മാറ്റിയതും അവൻെറ ബാല്യലീലകളുമെല്ലാം അവർ പരസ്പരം പറഞ്ഞാനന്ദിച്ചു.

അപ്പോൾ മല്ലയുദ്ധവീരനായ ചാണൂരൻ കൃഷ്ണനെ ദ്വന്ദയുദ്ധത്തിനായി ക്ഷണിച്ചു. 'ചെറുപ്പക്കാരാ ഇതു രാജാവിൻെറ ഉല്ലാസത്തിനു വേണ്ടിയാണ്. രാജാവിനെ സംതൃപ്തിപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യുകവഴി പ്രജകൾ അവരുടെ ആഗ്രഹങ്ങൾ സാധിക്കുകയും അവർക്ക് ഐശ്വര്യമുണ്ടാവുകയും ചെയ്യും.'

കൃഷ്ണൻ പറഞ്ഞു: 'നാമെല്ലാം കംസൻെറ പ്രജകളായ സ്ഥിതിക്ക് മഹാരാജാവിനെ സന്തുഷ്ടമാക്കുന്ന കാര്യങ്ങൾ നാം ചെയ്യേണ്ടതു തന്നെ. പക്ഷേ ദ്വന്ദയുദ്ധത്തിൽ പങ്കെടുക്കുന്നവർ തുല്യശക്തരായിരിക്കണം. അല്ലെങ്കിൽ അത് അധർമ്മമാകും.' ചാണൂരൻ ചാടിക്കയറിപ്പറഞ്ഞു. 'തീർച്ചയായും. എന്നാൽ നിങ്ങൾ യുവ തരുണൻമാരായി കാണുന്നുവെങ്കിലും നിങ്ങൾ കുവലയാപീഠത്തോട് ചെയ്തതെന്തെന്നോർക്കുമ്പോൾ അങ്ങിനെ കണക്കാക്കാൻ വയ്യ. നിങ്ങൾ എൻെറ വെല്ലവിളിക്ക് യോഗ്യർ തന്നെ. ബലരാമൻ മുഷ്ടികനുമായി മല്ലടിക്കട്ടെ.'

**സ നിത്യദോദ്വിഗ്നധിയാ തമീശ്വരം
പിബൻ വദൻ വാ വിചരൻ സ്വപഞ്ഛ്വസൻ
ദദർശ ചക്രായുധമഗ്രതോയ
സ്തദേവ രൂപം ദുരവാപമാപ (10-44-39)**

ഉടനേതന്നെ രണ്ടു ദ്വന്ദയുദ്ധങ്ങൾ ആരംഭിച്ചു. ചാണൂരനും കൃഷ്ണനും. മുഷ്ടികനും ബലരാമനും. ആ മല്ലയുദ്ധം അത്ഭുതകരമായൊരു കാഴ്ച തന്നെയായിരുന്നു. രാമകൃഷ്ണൻമാർ മല്ലവീരൻമാരുടെ ചാതുര്യത്തോടെ അസാധരണ ശക്തിയോടെ ഉർജ്ജ്വസ്വലരായി ചാണൂരനും മുഷ്ടികനുമായി പോരാടി. എന്നാൽ കാണികൾ- പ്രത്യേകിച്ചും സ്ത്രീജനങ്ങൾ അതുല്യരായവരുടെ മത്സരത്തിൽ ധാർമ്മികരോഷം പൂണ്ടു. 'ഇത് അധാർമ്മികമാണ്.' അവർ പരസ്പരം പറഞ്ഞു. 'നമുക്കിവിടെനിന്ന് തിരിച്ചു പോകാം. കാരണം ഇവിടെ അനീതിയും അധർമ്മവും നടമാടുന്നു. ഇവിടെ നിന്നാൽ നാമും ഈ അക്രമത്തിനു കൂട്ടു നിൽക്കുന്ന തിനു തുല്യമാവും. ഈ യുവകോമളബാലൻമാർ മുഷ്ക്കരും മല്ലയുദ്ധവീരൻമാരുമായ ചാണൂരനോടും മുഷ്ടികനോടും കിടപിടിക്കുന്നതെങ്ങിനെ? ആ ബാലൻമാർ എത്ര സുന്ദരൻമാരും മനം മയക്കുന്നവരുമാണ്. വ്രജത്തിലെ സ്ത്രീജനങ്ങൾ ഭാഗ്യം ചെയ്തവർ തന്നെ. ദിനവും അവരുടെ കണ്ണുകൾ ഈ ബാലൻമാരെ കാണുകയെന്ന അമൃതുണ്ണുന്നുവല്ലോ.'

കൃഷ്ണൻ ചാണൂരനെ വധിക്കാൻ തീരുമാനിച്ചു. യുദ്ധം അവസാനഘട്ടത്തിലെത്തി. ചാണൂരൻ കൃഷ്ണനെ നിലത്തേക്കെറിഞ്ഞ് ആഞ്ഞടിച്ചു. കൃഷ്ണനത് തട്ടിമാറ്റി ചാണൂരൻെറ കൈയ്യിൽപ്പിടിച്ചുയർത്തി തലയ്ക്കു ചുറ്റും ചുഴറ്റി നിലത്തടിച്ചു. അസുരൻെറ കഥ കഴിഞ്ഞു. അതേ സമയം ബലരാമൻ മുഷ്ടികനെയും വകവരുത്തി. രക്തം വമിച്ച് അവനും മരിച്ചു വീണു. രണ്ടുപേരുടേയും അനുയായികൾ രാമകൃഷ്ണൻമാർക്കു നേരെ പാഞ്ഞടുത്തുവെങ്കിലും അവരെയും ജ്യേഷ്ഠാനുജൻമാർ വകവരുത്തി. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടു.

ക്രോധാകുലനായി കംസൻ അലറി. 'ധിക്കാരികളായ ഇവരെ പിടികൂടി എൻെറ രാജ്യത്തു നിന്നും നാടു കടത്തുക. അവരുടെ അഛനായ വസുദേവനെ വധിക്കുക. എൻെറ അഛനായ ഉഗ്രസേനനേയും കൊന്നു കളയയണം.' എന്നാൽ കൃഷ്ണൻ കംസൻെറ ഇരിപ്പിടത്തിലേക്ക് ചാടിക്കയറി കംസനെ കൈപിടിച്ച് കളരിയിലേക്ക് വലിച്ചിറക്കി. കംസന് വാളൂരാൻ പോലും സമയം കിട്ടിയില്ല. കൃഷ്ണൻ കംസൻെറ നെഞ്ചിലേക്ക് ചാടിക്കയറി. കംസൻ മരിച്ചു. എന്നാൽ രാപകൽ ശ്വാസഗതിയിലും ഊണിലും ഉറക്കത്തിലും നടത്തയിലും സംസാരത്തിലും കംസൻ കൃഷ്ണനെപ്പറ്റി സദാ ചിന്തിച്ചു കൊണ്ടിരുന്നതിനാൽ തുലോം അപ്രാപ്യമായ ആ നിർവ്വാണപദത്തെത്തന്നെ പ്രാപിച്ചു.

കംസൻെറ എട്ടു സഹോദരൻമാരും രാമകൃഷ്ണൻമാരുടെ നേർക്കു തിരിഞ്ഞു. ബലരാമൻ അവരെയെല്ലാം വകവരുത്തി. കൃഷ്ണൻെറ മേൽ പുഷ്പവൃഷ്ടിയുണ്ടായി. സ്വർഗ്ഗഗായകർ ഭഗവൽമഹിമകൾ പാടിപ്പുകഴ്ത്തി. മരണപ്പെട്ട രാക്ഷസരുടെ ഭാര്യമാരൊഴികെ എല്ലാവരും സന്തോഷിച്ചു. അവർ ഇങ്ങിനെ പറഞ്ഞു. 'ഭോജരാജനായ അങ്ങേക്ക് ധാർമ്മീക രീതികളെപ്പറ്റി നന്നായറിയാമായിരുന്നു. എന്നിട്ടും അങ്ങ് ദയവേതുമില്ലാതെ ധർമ്മിഷ്ഠരായ മനുഷ്യരെ ദ്രോഹിച്ച് നിർദ്ദോഷികളായവർക്ക് പറയാനരുതാത്ത കഷ്ടനഷ്ടങ്ങൾ വരുത്തി. അങ്ങിനെയാണല്ലോ അവിടേക്കീയവസ്ഥ വന്നു ചേർന്നത്. നിർദ്ദോഷികൾക്ക് ദ്രോഹം ചെയ്യുന്നവർക്ക് ഇഹലോകത്തിൽ സന്തുഷ്ടിയൊന്നും പ്രതീക്ഷിക്കുക വയ്യ. കൃഷ്ണനെ അനാദരിക്കുന്നവർക്കൊന്നും അഭിവൃദ്ധിയുണ്ടാവുകയില്ലെന്നും നാം കണ്ടു. ഭഗവാൻ വിശ്വത്തിൻെറ സംരക്ഷകനും പരിപാലകനുമത്രെ.' കൃഷ്ണൻ സ്വയം അവരെ സമാധാനിപ്പിച്ചു. അതിനുശേഷം തൻെറ മാതാപിതാക്കളായ വസുദേവനെയും ദേവകിയെയും കാരാഗ്രഹത്തിൽ നിന്നും മോചിപ്പിച്ചു. അവരുടെ കാൽക്കൽ വീണു നമസ്ക്കരിച്ചു. അവരാകട്ടെ നിശ്ശബ്ദരായി നിന്നുപോയി. ദിവ്യതയുടെ അവതാരപുരുഷനാണ് തങ്ങളുടെ കാൽക്കൽ വീണു നമസ്ക്കരിക്കുന്നതെന്ന് അവർക്കറിയാമായിരുന്നു.

**പ്രഭവൌ സർവവിദ്യാനാം സർവജ്ഞൌ ജഗദീശ്വരൌ**
**നാന്യസിദ്ധാമലജ്ഞാനം ഗൂഹമാനൌ നരേഹിതൈ: (10-45-30)**
**അഥോ ഗുരു കുലേ വാസമിച്ഛന്താവു പജഗ്മതു:**
**കാശ്യം സാന്ദീപനിം നാമ ഹ്യവന്തീപുരവാസിനം (10-45-31)**
**യഥോപസാദ്യ തൌ ദാന്തൌ ഗുരൌ വൃത്തിമനിന്ദിതാം**
**ഗ്രാഹയന്താവുപേതൌ സ്മ ഭക്ത്യാ ദേവമിവാദൃതൌ (10-45-32)**

*ശുകമുനി തുടർന്നു:*
തൻെറ മാതാപിതാക്കളോടുള്ള പരമപ്രേമം കൊണ്ട് കൃഷ്ണൻ അവരുടെ മനസ്സിലെ മായയുടെ മൂടുപടം നിക്കി. സ്നേഹപൂർവ്വം 'അഛാ' 'അമ്മേ' എന്ന് വിളിച്ച് തൻെറ ശൈശവകാല സഹവാസം കൊണ്ട് അവർക്ക് ആനന്ദമേകാൻ കഴിയാത്തതിൽ അവരോട് മാപ്പിരന്നു. 'സ്വന്തം മാതാപിതാക്കളെ സേവിക്കാത്ത മക്കൾക്ക് ഇഹലോകത്തും യമലോകത്തും കിട്ടുന്ന ശിക്ഷ ഭയങ്കരമായിരിക്കും. വയസ്സു ചെന്ന അച്ഛനമ്മമാരെ പരിരക്ഷിക്കാത്ത മക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിലും ചത്തതിനു സമമത്രെ.' കൃഷ്ണൻ പറഞ്ഞു. വസുദേവരും ദേവകിയും ആനന്ദചിത്തരായി മകനെ ഗാഢം പുണർന്നു.

പിന്നീട് കൃഷ്ണൻ കംസൻെറ പിതാവായ ഉഗ്രസേനനെ വീണ്ടും രാജാവായി വാഴിച്ചു. തങ്ങളെ ദ്രോഹിച്ചിരുന്ന കംസൻെറ മരണവാർത്തയറിഞ്ഞ് സ്വയം രാജ്യം വിട്ടുപോയിരുന്നവരും മറ്റും തിരിച്ചെത്തിയിരുന്നു. കൃഷ്ണൻ നന്ദഗോപരോട് പറഞ്ഞു. 'അവിടുന്ന് ഞങ്ങളോട് ഏറ്റവും സ്നേഹവും മമതയും കാണിച്ചി ട്ടുള്ള ആളാണ്. അഛനമ്മമാർ ഉപേക്ഷിച്ച ശിശുവിനെ സ്വന്തം ശിശുവായെണ്ണി സ്നേഹവാത്സല്യങ്ങൾ നൽകി പരിപാലിച്ചവർ തന്നെയാണ് അവൻെറ യഥാർത്ഥ മാതാപിതാക്കൾ. ഇപ്പോൾ ദയവായി വൃജത്തി ലേയ്ക്കു തിരിച്ചു പോയാലും. ഞാൻ താമസിയാതെ അങ്ങോട്ടു വന്നുകൊള്ളാം. ഭഗവാൻ അവർക്ക് നിറയെ സമ്മാനങ്ങളും നൽകിയാണ് വൃന്ദാവനത്തിലേക്കു പറഞ്ഞയച്ചത്. മനമില്ലാ മനസ്സോടെ നന്ദഗോപർ കൃഷ്ണനോട് വിട പറഞ്ഞു.

അധികം താമസിയാതെ വസുദേവൻ രാമകൃഷ്ണൻമാർക്ക് ഉപനയനം നടത്തി. അവർ ബ്രഹ്മചര്യാ ശ്രമത്തിലേക്ക് കടന്നു. അവർ തീർച്ചയായും എല്ലാ ശാസ്ത്രങ്ങളിലും കലകളിലും നിപുണരായിരുന്നു. അവർ പരമമായ ആ വിജ്ഞാനത്തിനുടമകളാണല്ലോ. എങ്കിലും അതു മറച്ചുവച്ച് സാന്ദീപനിയുടെ ആശ്രമത്തിൽ ഗുരുകുലവാസമാഗ്രഹിച്ച് ചെന്നു. അവിടെയവർ ഗുരുവിനെ അതീവ ഭക്തിയോടെ സേവിച്ചു. ഒരുവന് തൻെറ ഗുരുവിനോടുണ്ടാവേണ്ട ഭക്തി എങ്ങിനെ വേണമെന്നതിന് അവർ ഉത്തമോദാഹരണങ്ങളായി.

അവിടെ അവർ എല്ലാ വേദശാസ്ത്രങ്ങളും കലകളും പഠിച്ചു. പാഠങ്ങൾ ഒരിക്കൽ കേട്ടാൽ തന്നെ അവരതിൽ നിപുണരായിത്തീർന്നു. വിദ്യാഭ്യാസം കഴിഞ്ഞ് ഗുരുകുലം വിടാറായപ്പോൾ ഗുരുദക്ഷിണയായി എന്തുവേണമെന്നവർ ഗുരുവിനോടാരാഞ്ഞു. ശിക്ഷ്യരുടെ ദിവ്യതയെപ്പറ്റി നല്ല അറിവുണ്ടായിരുന്ന സാന്ദീപനി സമുദ്രത്തിൽ മുങ്ങിമരിച്ചുപോയ തൻെറ മകനെ തിരികെ കൊണ്ടുവരാൻ ആവശ്യപ്പെട്ടു.

ഉടനേ തന്നെ കൃഷ്ണൻ സമുദ്രത്തിൽ ചെന്ന് അവിടത്തെ അധിദേവതയെ കണ്ടു. പാഞ്ചജനൻ എന്നൊരസുരനാണ് യുവാവിനെ വകവരുത്തിയതെന്ന് വരുണൻ പറഞ്ഞു. സമുദ്രത്തിലിറങ്ങി പാഞ്ചജനനെ കൃഷ്ണൻ വധിച്ചു. അസുരൻെറ രൂപം ഒരു ശംഖിൻേറതായിരുന്നു. പാഞ്ചജന്യം. അസുരനെ കൊന്നെങ്കിലും ഗുരുപുത്രനെ കണ്ടെത്തിയില്ല. കൃഷ്ണൻ യമലോകത്തു ചെന്ന് ശംഖൂതി. ഇതുകേട്ട് യമരാജൻ പുറത്തു വന്ന് യുവാവിനെ ജീവിപ്പിച്ച് കൃഷ്ണനു മുന്നിൽ നിർത്തി. ഗുരു കൃഷ്ണനിൽ സംപ്രീതനായി. സാന്ദീപനി പറഞ്ഞു. 'നിന്നെപ്പോലുള്ള ശിഷ്യൻമാരുള്ള ഗുരുക്കൻമാർ ഭാഗ്യം ചെയ്തവരത്രെ. അവരുടെ ആഗ്രഹങ്ങളെല്ലാം ക്ഷണേന സാധിക്കപ്പെടുന്നു. നിൻെറ മഹിമ എല്ലാവരെയും പവിത്രമാക്കട്ടെ.'

രാമകൃഷ്ണൻമാർ മധുരയ്ക്കു മടങ്ങി.

**താ മൻമനസ്കാ മത് പ്രാണാ മദർത്ഥേ ത്യക്തദൈഹികാ:**
**മാമേവ ദയിതം പ്രേഷ്ഠമാത്മാനം മനസാ ഗതാ:**
**യേത്യക്തലോകധർമ്മാശ്ച മദർത്ഥേ താൻ ബിഭർമ്മ്യഹം (10-46-4)**
**യുവയോരേവ നൈവായമാത്മജോ ഭഗവാൻ ഹരി:**
**സർവേഷാമാത്മജോ ഹ്യാത്മാ പിതാ മാതാ സ ഈശ്വര: (10-46-42)**

*ശുകമുനി തുടർന്നു:*
ഉദ്ധവൻ കൃഷ്ണൻെറ ആത്മമിത്രമായിരുന്നു. ഒരു ദിവസം കൃഷ്ണൻ ഉദ്ധവനോട് പറഞ്ഞു. 'സുഹൃത്തേ വൃന്ദാവനം വരെ ഒന്നു പോയി വരൂ. അങ്ങിനെ എനിയക്കു വേണ്ടി അവിടെയുള്ള ഗോപികമാർക്ക് അൽപ്പം ആശ്വാസം നൽകിയാലും. വൃജത്തിലെ സ്ത്രീജനങ്ങൾ എന്നെ പിരിഞ്ഞതിലുള്ള വിരഹദു:ഖത്തീയിൽ കഴിയുന്നു. എന്നെ വീണ്ടും കാണാൻ കഴിയുമെന്നുള്ള പ്രത്യാശ മാത്രമാണവരെ ജീവിപ്പിക്കുന്നത്. അവരുടെ മനസ്സ് എന്നിൽ വിലീനമായിരിക്കുന്നു. ഞാൻ അവരുടെ ജീവനത്രെ. എനിക്കുവേണ്ടി എല്ലാ ലൗകീകബന്ധങ്ങളും കടമകളും അവരുപേക്ഷിച്ചു. ഞാൻ അവരുടെ ഏകാശ്രയമത്രെ.'

ഉദ്ധവർ ഉടനെ വൃജത്തിലേക്ക് പുറപ്പെട്ടു. പശുക്കൾ പുല്ലു മേഞ്ഞു നടക്കുന്ന നേരത്താണ് ഉദ്ധവർ വൃജത്തിലെത്തിയത്. യാഗാഗ്നിയേയും ബ്രാഹ്മണരേയും ആരാധിച്ചു പൂജിക്കുന്ന വൃജത്തിലെ ഗ്രാമവീഥികളിലൂടെ ഉദ്ധവർ കടന്നുപോയി. ഒടുവിൽ നന്ദഗോപരുടെ വീട്ടിലെത്തി. നന്ദൻ മഥുരയിലെ ബന്ധുമിത്രാദികളുടെ സൗഖ്യമാരാഞ്ഞു. അദ്ദേഹം അതീവ സന്തുഷ്ടനായി പ്രത്യേകിച്ച് ബലരാമനെയും കൃഷ്ണനെയും കുറിച്ച് ചോദിച്ചറിഞ്ഞു. കൃഷ്ണൻെറ ബാല്യകാലലീലകൾ അദ്ദേഹം ഓർമ്മിച്ചു. അവ വൃജവാസികൾക്ക് നിത്യ പാഠമായിരുന്നുവല്ലോ. വികാരപാരവശ്യം കൊണ്ട് അദ്ദേഹത്തിന് കൃഷ്ണലീലകൾ അധികം വർണ്ണിക്കാനായില്ല. കൃഷ്ണൻെറ കഥകൾ കേട്ട് യശോദ തുടരെ തുടരെ കണ്ണീരൊഴുക്കി വിവശയായിരുന്നു.

അവരുടെ കൃഷ്ണപ്രേമം കണ്ടു മനസ്സലിഞ്ഞ ഉദ്ധവർ പറഞ്ഞു. 'നിങ്ങളുടെ കൃഷ്ണപ്രേമം അന്യാദൃശ്യമത്രെ. ബലരാമനെയും കൃഷ്ണനെയും നിങ്ങൾ സ്വപുത്രൻമാരായി കണക്കാക്കുന്നു എന്നതു ശരിതന്നെയെങ്കിലും യഥാർത്ഥത്തിൽ എല്ലാ സൃഷ്ടികളുടെയും ദ്രവ്യപരവും ഊർജ്ജപരവുമായ കാരണമത്രെ അവർ. അവരെ നിങ്ങൾക്ക് പുത്രൻമാരായി ലഭിച്ചു എന്നത് നിങ്ങളുടെ സൗഭാഗ്യമത്രെ. എന്നാൽ കൃഷ്ണന് അഛനോ അമ്മയോ പുത്രനോ ബന്ധുമിത്രാദികളോ ഇല്ല തന്നെ. കാരണം കൃഷ്ണൻ നിങ്ങൾ കാണുന്ന ആ ഭൗതീക ശരീരമല്ല. എങ്കിലും അദ്ദേഹം പലേ ജന്തുവർഗ്ഗങ്ങളിൽ അവതാരമെടുക്കുന്നു. കൃഷ്ണൻ നിങ്ങളുടെ മകൻ മാത്രമല്ല. അദ്ദേഹം ഭഗവാൻ ഹരിയാണ്. എല്ലാത്തിൻേറയും ആത്മസത്തയും എല്ലാവരുടെയും മകനുമത്രേ കൃഷ്ണൻ. അല്ലാ അദ്ദേഹം എല്ലാവരുടേയും അഛനും അമ്മയും ഭഗവാനുമത്രെ. യാതൊന്നു കാണപ്പെടുന്നുവോ കേൾക്കപ്പെടുന്നുവോ ചരമോ അചരമോ ചെറുതോ വലുതോ അതെല്ലാം ഭൂതവർത്തമാനഭാവികാലങ്ങളിൽ നിലനിൽക്കുന്നതെന്തോ അതെല്ലാം ഭഗവാൻ കൃഷ്ണനിൽ നിന്നും വേറിട്ടു നിലനിൽക്കുന്നില്ല. ഭഗവാൻ സ്വയം എല്ലാറ്റിൻേറയും ഉള്ളിലെ സത്യസ്വരൂപമത്രെ.' ഇങ്ങിനെ കൃഷ്ണനെപ്പറ്റി പറഞ്ഞുകൊണ്ട് അവർ രാത്രി കഴിച്ചു കൂട്ടി.

സൂര്യോദയമായപ്പോൾ നന്ദഗൃഹത്തിനുമുൻപിൽ രാജകീയ വാഹനം കണ്ട് ഗോപികമാർ കൃഷ്ണനെ കൊണ്ടു പോകാൻ അക്രൂരൻ വന്ന കാര്യമോർത്തു. അപ്പോഴാണല്ലൊ തങ്ങളുടെ ജീവനെതന്നെ നീക്കുന്ന മട്ടിൽ അക്രൂരൻ കൃഷ്ണനെ കൊണ്ടുപോയത്. അക്രൂരൻ വീണ്ടും വന്നിരിക്കുകയാണോ എന്നവർ അത്ഭുതപ്പെട്ടു. ഇപ്പോൾ എന്താണയാൾക്കു കൊണ്ടുപോവാനുള്ളത്? ആ സമയത്ത് ഉദ്ധവർ കുളിയും തേവാരവും കഴിഞ്ഞ് നദിക്കരയിൽ നിന്നും മടങ്ങിയെത്തി.

**ഭവതീനാം വിയോഗേ മേ ന ഹി സർവാത്മനാ ക്വചിത്**
**യഥാ ഭൂതാനി ഭൂതേഷു ഖം വായ്വഗ്നിർജ്ജലം മഹീ**
**തഥാഹം ച മനഃപ്രാണ ഭൂതേന്ദ്രിയഗുണാശ്രയഃ (10–47–29)**
**ആത്മേന്യവാത്മനാ ffത്മാനം സൃജേ ഹൻമ്യനുപാലയേ**
**ആത്മമായാനുഭാവേന ഭൂതേന്ദ്രിയഗുണാത്മനാ (10–47–30)**
**ആത്മാ ജ്ഞാനമയഃ ശുദ്ധോ വ്യതിരിക്തോfഗുണാന്വയഃ**
**സുഷുപ്തിസ്വപ്നജാഗ്രദ്ഭിർമ്മായാവൃത്തിഭിരീയതേ (10–47–31)**
**യേനേന്ദ്രിയാർത്ഥാൻ ധ്യായേത മൃഷാ സ്വപ്നവദുത്ഥിതഃ**
**തന്നിരുന്ധ്യാദിന്ദ്രിയാണി വിനിദ്രഃ പ്രത്യപദ്യത (10–47–32)**
**ഏതദന്തഃ സമാമ്നായോ യോഗഃ സംഖ്യം മനീഷീണാം**
**ത്യാഗസ്ത പോ ദമഃ സത്യം സമുദ്രാന്താ ഇവാപഗാഃ (10–47–33)**

*ശുകമുനി തുടർന്നു:*
ഗോപികമാർ ഉദ്ധവനെ കണ്ടു. കൃഷ്ണൻേറതുപോലെ തന്നെയാണ് വേഷം. കൃഷ്ണഭക്തനും സുഹൃത്തുമാണുദ്ധവൻ എന്നവർ തിരിച്ചറിഞ്ഞു. അവർ അദ്ദേഹത്തെ സ്വീകരിച്ചു വണങ്ങി കൃഷ്ണനെപ്പറ്റി അന്വേഷിച്ചു. 'അവിടുന്ന് ഭഗവാൻെറ സുഹൃത്തും ദൂതനുമാണെന്ന് ഞങ്ങൾക്കറിയാം. തീർച്ചയായും കൃഷ്ണൻെറ മാതാപിതാക്കളെ കാണാൻ വന്നതുമാണ്. വ്യജത്തിൽ അദ്ദേഹം ഓർമ്മിക്കേണ്ടതായി മറ്റെന്താണുള്ളത്? ആളുകൾ -സന്യാസികൾപ്പോലും- അവരുടെ ബന്ധുമിത്രാദികളെപ്പറ്റി ഓർമ്മിക്കും. എന്നാൽ ചിലർ കാര്യം കണ്ടുകഴിയുമ്പോൾ സൗഹൃദമെല്ലാം ഉപേക്ഷിച്ചുകളയും.' എന്നാൽ ഗോപികമാർ കൃഷ്ണൻെറ ബാല്യലീലകളെപ്പറ്റി ഓർക്കാനും പറയാനും തുടങ്ങി. അവരുടെ ഹൃദയങ്ങൾ കൃഷ്ണപ്രേമം കൊണ്ടും കണ്ണുകൾ കണ്ണീരുകൊണ്ടും നിറഞ്ഞിരുന്നു. ഒരു ഗോപിക ഒരു കരിവണ്ട് തനിക്കു ചുറ്റും മൂളികൊണ്ട് പാറിപ്പറക്കുന്നതു കണ്ട് അതിനോടെന്ന മട്ടിൽ ഉദ്ധവനോട് തനിക്കു പറയാനുള്ളത് മുഴുവൻ കൃഷ്ണപ്രേമപാരവശ്യത്താൽ ഇങ്ങിനെ പറഞ്ഞു. 'നീ ഇവിടെ എന്തിനാണ് വന്നത്? കൃഷ്ണഗാഥകളും മഹിമകളും ഞങ്ങളെ കേൾപ്പിച്ചതുകൊണ്ട് നിനക്കെന്താണ് നേട്ടം? ഞങ്ങളുടെ ഹൃദയം കവർന്നതിനുശേഷം കൃഷ്ണൻ ഞങ്ങളെ ഉപേക്ഷിച്ചു പോയി. ശരിതന്നെ. കൃഷ്ണന് ഞങ്ങളുടെ സ്നേഹം എന്തിനാണിനി? അവിടുത്തെ പാദപൂജചെയ്യാൻ സമ്പത്തിൻെറ ദേവതയായ സാക്ഷാൽ ലക്ഷ്മീദേവി തന്നെയുണ്ടല്ലോ. അവനു വേണ്ടി ഞങ്ങൾ സ്വന്തം വീടുകളും ബന്ധങ്ങളും ഉപേക്ഷിച്ചു. അദ്ദേഹത്തിനു വേണ്ടി ഞങ്ങളിൽ പലരും ജൻമവാസനകളെയും ആഗ്രഹങ്ങളേയും വികാരങ്ങളെയും ഒതുക്കി. ഇഷ്ടാനിഷ്ടങ്ങളെ ഒഴിവാക്കി തപസ്വികളെപ്പോലെ ജീവിക്കുന്നു. അദ്ദേഹത്തിൻെറ പേരു കേൾക്കുമ്പോഴേ ഞങ്ങൾക്കുള്ളിൽ കഠിനമായ വ്യഥയും പാരവശ്യവു മുണ്ടാവുന്നു. പറയൂ ഞങ്ങളെ കൃഷ്ണൻെറയടുത്തേക്ക് കൊണ്ടുപോകാമോ?'

*കരിവണ്ടിനോടു പറഞ്ഞതിൻെറ പൊരുളറിഞ്ഞ ഉദ്ധവൻ മറുപടിയായി പറഞ്ഞു.* 'കൃഷ്ണൻെറ മഹനീയ ഭക്തകളേ നിങ്ങൾ സ്വജീവിതം കൊണ്ട് ആത്മസാക്ഷാത്കാരത്തിൻെറ പാത വിരിച്ചിരിക്കുന്നു. അത് പരമപ്രേമത്തിൻേറതത്രെ. ഇനി കൃഷ്ണൻ നിങ്ങൾക്കായി തന്നയച്ച പ്രത്യേക സന്ദേശം കേട്ടാലും. 'നിങ്ങൾക്ക് ഒരിക്കലും എന്നിൽ നിന്ന് പിരിയുക സാദ്ധ്യമല്ല. കാരണം ഞാൻ സ്വയം ജീവനും എല്ലാറ്റിൻെറയും ആത്മാവുമത്രെ. ഈ വിശ്വത്തെ മുഴുവൻ ഞാൻ സൃഷ്ടിച്ചു സംരക്ഷിക്കുന്നു. സംഹരിക്കുന്നു. ഇവയെല്ലാം ഞാൻ സ്വയം എന്നിൽ തന്നെ ചെയ്യുന്നതാണ്. ആത്മാവ് സർവ്വശുദ്ധവും ബോധം തന്നെയുമാണ്. അതിനെ ബോധത്തിൻെറ മൂന്നവസ്ഥകളിലൂടെതന്നെ തേടി കണ്ടെത്തേണ്ടതാണ്. സ്വപ്നത്തിൽ കണ്ട ഒരു വസ്തുവിനെപ്പോലെ ലോകത്തെ കാണാൻ കഴിയുന്ന ഒരു മാനസീകാവസ്ഥയിലായിരിക്കണം. എല്ലാവിധ ആത്മീയസാധനകളും മനസ്സിനെ നിയന്ത്രിക്കാനുന്നം വച്ചുള്ളതത്രെ. ഇതിനായി നിങ്ങൾ ഭൗതീകമായി എൻെറയടുത്ത് എപ്പോഴും ഉണ്ടാവണമെന്നില്ല. എന്നിൽ നിന്നും അകന്നു നിൽക്കുമ്പോഴാണ് പലപ്പോഴും നിങ്ങൾ ആത്മീയമായി എന്നോടടുത്തു നിൽക്കുന്നത്.

ॐ



**ഹേ നാഥ ഹേ രാമനാഥ വ്രജനാഥാർത്തിനാശന**
**മഗ്നമുദ്ധര ഗോവിന്ദ ഗോകുലം വൃജിനാർണ്ണവാത് (10-47-52)**
**വന്ദേ നന്ദവ്രജസ്ത്രീണാം പാദരേണുമഭീക്ഷ്ണശ:**
**യാസാം ഹരികഥോദ്ഗീതം പുനാതി ഭുവനത്രയം (10-47-63)**
**മനസോ വൃത്തയോ ന: സ്യു: കൃഷ്ണ പാദാംബുജാശ്രയാ:**
**വാചോƒഭിധായി നീർന്നാമ്നാം കായസ്തത് പ്രഹ്വണാദിഷു (10-47-66)**
**കർമ്മഭിർഭ്രാമ്യമാണാനാം യത്ര ക്വാപീശ്വരേച്ഛയാ**
**മംഗലാചരിതൈർദ്ദാനൈ രതിർന്ന കൃഷ്ണ ഈശ്വരേ (10-47-67)**

*ശുകമുനി തുടർന്നു:*
കൃഷ്ണൻെറ സന്ദേശം കേട്ട് ഗോപികമാർ അതീവസന്തുഷ്ടരായി. അവർ ഉദ്ധവനോട് ചോദിച്ചു. 'കൃഷ്ണനെ ഗാഢം സ്നേഹിക്കുന്ന ഞങ്ങളെ ഭഗവാൻ ഓർമ്മിക്കുന്നുണ്ടോ? ചുറ്റുപാടും രാജകീയ വനിതകളുള്ളപ്പോഴും ഭഗവാന് ഞങ്ങളെ ഓർമ്മയുണ്ടോ? നിങ്ങളെല്ലാം സംസാരിക്കുമ്പോൾ കൃഷ്ണൻ ഞങ്ങളെപ്പറ്റി പറയാറുണ്ടോ? രാസലീലാനൃത്തത്തിൻെറ മാസ്മരീകതയെപ്പറ്റി കൃഷ്ണൻ പറഞ്ഞിട്ടുണ്ടോ? ഞങ്ങളുടെ വിരഹത്തീ കെടുത്താൻ അദ്ദേഹം എന്നെങ്കിലും തിരികെ വരുമോ? ആഗ്രഹങ്ങളില്ലാതിരിക്കലാണ് സന്തോഷമുണ്ടാവാനുള്ള ഏക മാർഗ്ഗമെന്ന് ഞങ്ങൾക്കറിയാമെങ്കിലും കണ്ണൻ ഒരുനാൾ തിരിച്ചു വരുമെന്നും ഭഗവാനുമായി ഒന്നിച്ചു ചേരാമെന്നും ഞങ്ങൾ ആശിച്ചു പോവുന്നു. വൃന്ദാവനത്തിലെ പുൽമേടുകളും പൈക്കളും കോലക്കുഴൽപ്പാട്ടും എല്ലാം ഞങ്ങളിൽ കൃഷ്ണനെപ്പറ്റിയുള്ള ചിന്തകളുണ്ടാക്കുന്നു. ഞങ്ങളുടെ മനസ്സ് എല്ലായ്പ്പോഴും കൃഷ്ണനിൽ നിറഞ്ഞിരിക്കുന്നു. ഭഗവാനേ, ലക്ഷ്മീപതേ, വൃന്ദാവനാധിപാ, അവിടത്തേക്കു മാത്രമേ ഞങ്ങളുടെ ദുരിതമവസാനിപ്പിക്കാൻ കഴിവുള്ളൂ. ഗോകുലത്തെ ദുരിതസമുദ്രത്തിൽ നിന്നു കരകയറ്റിയാലും.'

ഗോപികമാർ പരമഭക്തിയുടെ ഭൗതീകരൂപമെന്നു മനസിലാക്കി ഉദ്ധവൻ കുറേ മാസങ്ങൾ അവരുടെ കൂടെ ചിലവഴിച്ചു. അവർ എല്ലായ്പ്പോഴും കൃഷ്ണനെക്കുറിച്ചു പറഞ്ഞു കൊണ്ടേയിരുന്നു. അദ്ദേഹം ആലോചിച്ചു. 'ഈ നിഷ്ക്കളങ്കരായ ഗോപികമാർ നരജൻമസാഫല്യം നേടിയിരിക്കുന്നു. എന്നാൽ പൂജകളിലും യാഗങ്ങളിലുമേർപ്പെട്ടിരിക്കുന്ന പൂജാരികളും പണ്ഡിതൻമാരും അവരുടെ സമയം വൃഥാവിലാക്കുകയത്രേ ചെയ്യുന്നത്. ഈ ഗോപികമാർ പാപപങ്കിലമെന്ന് തോന്നിയേക്കാവുന്ന ജീവിതം നയിച്ചു കൊണ്ടാണെങ്കിലും മഹാത്മാക്കളേക്കാളും ബ്രാഹ്മണരേക്കാളും ദിവ്യമായ ജീവിതമാണ് നയിക്കുന്നത്. കാരണം അവരിലെ കൃഷ്ണപ്രേമം അന്യാദൃശ്യമത്രെ. അടുത്ത ജൻമത്തിൽ ഈ വൃന്ദാവനത്തിലെ ഒരു ചെടിയോ പുൽനാമ്പോ ആയി ജനിക്കാൻ എനിക്കു ഭാഗ്യമുണ്ടാകട്ടെ. അങ്ങിനെ ഈ ഗോപികമാരുടെ പാദരേണുക്കളണിഞ്ഞ് ഞാൻ അനുഗ്രഹീതനാവട്ടെ. 'മൂന്നു ലോകങ്ങളിലും കൃഷ്ണമഹിമകൾ പാടി പവിത്രമാക്കുന്ന ഈ ഗോപസ്ത്രീകളുടെ പാദരേണുക്കളെ ഞാൻ നമസ്ക്കരിക്കുന്നു.

ഉദ്ധവർ മഥുരയ്ക്കു മടങ്ങാനായി നന്ദഗോപരോട് യാത്ര പറഞ്ഞു. വ്രജവാസികൾ പറഞ്ഞു. 'ഞങ്ങളുടെ മനസ്സും ചിന്തകളും എല്ലായ്പ്പോഴും കൃഷ്ണൻെറ പാദാരവിന്ദങ്ങളിലാവട്ടെ. ഞങ്ങളുടെ ഓരോ വാക്കും അവിടത്തെ പ്രകീർത്തിക്കാനാവട്ടെ. സർവ്വാന്തര്യാമിയായ അവിടുത്തെ സേവിക്കാനും കുമ്പിടുവാനുമായി ഈ ദേഹങ്ങൾ ഞങ്ങളിതാ സമർപ്പിക്കുന്നു. ഞങ്ങളുടെ വിധിയെന്തുതന്നെയായിരുന്നാലും ഞങ്ങൾക്കെന്നും കൃഷ്ണഭക്തിയുണ്ടാകുമാറാകട്ടെ.'

ഉദ്ധവൻ മഥുരക്ക് മടങ്ങി കൃഷ്ണനോട് എല്ലാം വിശദമായി പറഞ്ഞു കേൾപ്പിച്ചു. എന്നിട്ട് കൃഷ്ണൻെറ കാൽക്കൽ വീണ് ആ പാദങ്ങളെ തൻെറ പരമഭക്തിയുടെ കണ്ണീരുകൊണ്ടഭിഷേകം ചെയ്തു.

**ദുരാരാദ്ധ്യം സമാരാദ്ധ്യ വിഷ്ണും സർവ്വേശ്വരേശ്വരം**
**യോ വൃണീതേ മനോഗ്രാഹ്യമസത്ത്വാത് കുമനീഷ്യസൌ (10-48-11)**
**ഛിന്ധ്യാശു നഃ സുതകളത്ര ധനാപ്ത ഗേഹ**
**ദേഹാദിമോഹരശനാം ഭവ ദീയമായാം (10-48-27)**
**ഭവദ്വിധാ മഹാഭാഗാ നിഷേവ്യാ അർഹസത്തമാഃ**
**ശ്രേയസ്കാമൈർനൃഭിർന്നിത്യം ദേവാഃ സ്വാർത്ഥാ ന സാധവഃ (10-48-30)**
**ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാ മൃച്ഛിലാമയാഃ**
**തേ പുനന്ത്യുരു കാലേന ദർശനാദേവ സാധവഃ (10-48-31)**

*ശുകമുനി തുടർന്നു:*
ഭഗവാൻ കൃഷ്ണൻ ത്രിവക്രയോടു ചെയ്ത വാഗ്ദാനമോർമ്മിച്ചു. ത്രിവക്രയെന്ന കൂനുള്ള ദാസിക്ക് ആരോഗ്യവും സൗന്ദര്യവും കൃഷ്ണൻ നൽകിയിരുന്നുവല്ലോ. ഉദ്ധവനുമായി അദ്ദേഹം അവളെ സന്ദർശിച്ചു. അവൾ അതീവ സന്തോഷവതിയായി അതിഥികൾക്ക് ഇരിപ്പിടം നൽകി. എന്നിട്ട് കുളിച്ച് ആടയാഭരണങ്ങളണിഞ്ഞു. ലജ്ജാവതിയായി ഒതുങ്ങി നിന്നിരുന്ന ത്രിവക്രയെ അടുപ്പിച്ചു നിർത്തി കൃഷ്ണൻ അവളുടെ മാറിടങ്ങളിൽ സ്വന്തം പാദങ്ങളമർത്താൻ അനുവദിച്ചു. അവൾ കൃഷ്ണനെ ആലിംഗനം ചെയ്തു പുണർന്നു. അങ്ങിനെ എല്ലാ ദുരിതങ്ങളിൽ നിന്നുമവൾ മോചിതയായി. കൃഷ്ണൻ അവളുടെ ആഗ്രഹപ്രകാരം അവിടെ കുറച്ചു നാൾ താമസിച്ചിട്ട് ഉദ്ധവനുമായി മടങ്ങി. ലഭിക്കാൻ ഏറെ പ്രയാസമുള്ള ഭഗവൽ കൃപ ലഭിച്ചതിനു ശേഷവും മനസ്സിൻെറയും ഇന്ദ്രിയങ്ങളുടെയും ആഗ്രഹനിവൃത്തിക്കായി പരിശ്രമിക്കുന്നവരുടെ കാര്യം നിർഭാഗ്യകരമെന്നേ പറയേണ്ടൂ.

കൃഷ്ണൻ അക്രൂരനു കൊടുത്ത വാഗ്ദാനവും ഓർമ്മിച്ചു. ബലരാമനും ഉദ്ധവനുമൊരുമിച്ച് അദ്ദേഹത്തിൻെറ ഭവനത്തിൽ കൃഷ്ണൻ സന്ദർശനം നടത്തി. അക്രൂരൻ സന്തോഷത്തിൻെറ ഉച്ചകോടിയിലായിരുന്നു. രാമകൃഷ്ണൻമാർ പ്രായത്തിൽ ചെറിയവരെങ്കിലും അവരുടെ ദിവ്യതയെന്തെന്ന് അക്രൂരനറിയാമായിരുന്നു. അക്രൂരനവരെ പൂജിച്ചിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചു. 'സകലചരാചരങ്ങൾക്കും അന്തര്യാമിയായ അവിടുന്ന് ഭഗവാൻെറ അവതാരവും പരമശക്തിയുമത്രെ. അവിടുന്ന് വിശ്വത്തെ സൃഷ്ടിച്ച് സംരക്ഷിക്കുന്നു. അജ്ഞാനസീമക്കുമപ്പുറമാണങ്ങ്. കാലക്രമത്തിൽ മാറ്റങ്ങളുണ്ടാവുന്ന ഈ ശരീരത്തിൽ നിബദ്ധമല്ല അവിടുന്ന്. അവിടുന്ന് അജനും അനന്തനും അനശ്വരനുമത്രെ. ധർമ്മപരിപാലനത്തിനായി സ്വേച്ഛപ്രകാരം പരിപൂർണ്ണ സത്വസ്വരൂപമായ ഒരു ശരീരം സ്വീകരിച്ച് അവിടുന്നവതരിക്കുന്നു. സർവ്വർക്കും സുഹൃത്തും എല്ലാം നൽകുന്നവനും (അവിടുത്തെപ്പോലും) ആയ ഭഗവാൻെറ മുന്നിലല്ലാതെ ജ്ഞാനികൾ മറ്റൊരാളുടെയും പക്കൽ അഭയം യാചിക്കയില്ല തന്നെ. ഞങ്ങളുടെ പരമഭാഗ്യം കൊണ്ടാണ് അവിടുത്തെ പാദരേണുക്കൾ ഈ ഗൃഹത്തിൽ പതിയാൻ ഇടയായത്. ഭഗവാനേ സംപ്രീതനായാലും. പുത്രൻ, ഭാര്യ, സമ്പത്ത്, സുഹൃത്തുക്കൾ, ഗൃഹം, ശരീരം തുടങ്ങിയ എല്ലാ ബന്ധങ്ങളും അവിടുത്തെ തന്നെ മായയാണല്ലോ. അവകളെ അറുത്തു കളയാൻ ഞങ്ങളെ അനുഗ്രഹിച്ചാലും.

*കൃഷ്ണൻ പറഞ്ഞു:* 'ഞങ്ങൾ നിങ്ങൾക്ക് മക്കളാണല്ലോ. നിങ്ങൾ കാരണവൻമാരും. ജ്ഞാനികൾ നിങ്ങളേപ്പോലുള്ള വരെയാണ് പൂജിക്കേണ്ടത്. ദേവൻമാർപോലും സ്വാർത്ഥമതികളത്രെ. എന്നാൽ അങ്ങയെപ്പോലുള്ള മഹാത്മാക്കൾ അങ്ങിനെയല്ല. കുറെയേറെക്കാലത്തെ ഭക്തിസാധനകൾ കൊണ്ട് പുണ്യനദികളും ബിംബങ്ങളും ഭക്തനെ ശുദ്ധീകരിക്കുമെന്നതു ശരി തന്നെ. എന്നാൽ മഹാത്മാക്കളുടെ നോട്ടമൊന്നുകൊണ്ടു തന്നെ ഭക്തൻ പവിത്ര പാവനനാകുന്നു. ദയവുചെയ്ത് അങ്ങ് ഹസ്തിനാപുരം വരെയൊന്ന് പോയി അവിടത്തെ കാര്യങ്ങൾ അന്വേഷിച്ചു വരണം. പാണ്ഡവൻമാർ അജ്ഞാതവാസം കഴിഞ്ഞ് മടങ്ങിയിരിക്കുന്നു. എന്നാൽ ദുഷ്ടപുത്രൻമാരുടെ പ്രേരണ കൊണ്ട് ധൃതരാഷ്ട്രമഹാരാജാവ് പാണ്ഡു പുത്രൻമാരോട് നീതി കാട്ടാൻ മടി കാണിക്കുന്നു. അങ്ങു നേരിൽക്കണ്ട് കാര്യങ്ങൾ മനസ്സിലാക്കി വന്നിട്ട് നമ്മുടെ സുഹൃത്തുക്കളും ഭക്തരുമായവരുടെ രക്ഷയ്ക്കു വേണ്ടി ഉചിതമായി എന്തു ചെയ്യണമെന്നു തീരുമാനിക്കാം.

**കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വഭാവന**
**പ്രപന്നാം പാഹി ഗോവിന്ദ ശിശുഭിശ്ചാവസീദതീം (10-49-11)**
**നാന്യത്തവ പദാം ഭോജാത് പശ്യാമി ശരണം നൃണാം**
**ബിഭ്യതാം മൃത്യു സംസാരാദീശ്വരസ്യാപവർഗ്ഗികാത് (10-49-12)**
**നമ: കൃഷ്ണായ ശുദ്ധായ ബ്രഹ്മണേ പരമാത്മനേ**
**യോഗേശ്വരായ യോഗായ ത്വാമഹം ശരണം ഗതാ (10-49-13)**
**ഏക: പ്രസൂയതേ ജന്തുരേക ഏവ പ്രലീയതേ**
**ഏകോƒനുഭുംക്തേ സുകൃതമേക ഏവ ച ദുഷ്കൃതം (10-49-21)**

*ശുകമുനി തുടർന്നു:*
അക്രൂരൻ ഹസ്തിനപുരത്തിലേയ്ക്കു പോയി. അവിടെ അദ്ദേഹം വൃദ്ധനായ ധൃതരാഷ്ട്രരെ കണ്ടു. അദ്ദേഹത്തിൻെറ പുത്രൻമാരെയും മന്ത്രിമാരെയും ഭീഷ്മപിതാമഹനെയും അദ്ദേഹം സന്ദർശിച്ചു. അവരെല്ലാം അക്രൂരനുമായി ആശംസകൾ കൈമാറി. പാണ്ഡുപുത്രൻമാർക്ക് പക്ഷപാതപരമായാണ് വൃദ്ധരാജാവിൽ നിന്നുള്ള പെരുമാറ്റമെന്ന് കുന്തിയും വിദുരനും അക്രൂരനോട് പറഞ്ഞു. രാജാവ് തൻെറ ദുഷ്ടപുത്രൻമാരോടുള്ള മമത കൊണ്ട് പാണ്ഡുപുത്രൻമാരോട് അനീതി കാണിക്കുന്നുവെന്ന് അക്രൂരൻ മനസ്സിലാക്കി. കണ്ണീരോടെ കുന്തി അക്രൂരനോട് പറഞ്ഞു. 'മഥുരയിലുള്ള എൻെറ ബന്ധുജനങ്ങൾക്ക് എന്നെ ഓർമ്മ യുണ്ടോ എന്തോ? എൻെറ ദിവ്യനായ മരുമകൻ കൃഷ്ണൻ എന്തു പറയുന്നു? അവന് ഞങ്ങളെപ്പറ്റി - അവൻെറ സ്വന്തം ആൾക്കാരെപ്പറ്റി - ഒരു ചിന്തയെങ്കിലുമുണ്ടോ? ഞങ്ങൾ സ്വന്തം ഭർത്തൃസഹോദരനിൽ നിന്നും അദ്ദേഹത്തിൻെറ പുത്രൻമാരിൽ നിന്നും അനുഭവിക്കുന്ന അനീതി അവനറിയുന്നുണ്ടോ? അവൻ വന്ന് ഞങ്ങൾക്ക് ശാന്തിയേകി ഈ ദുരിതത്തിൽ നിന്ന് ഞങ്ങളെ കരകയറ്റുമോ?' കൃഷ്ണനെപ്പറ്റിയോർത്ത് കുന്തീദേവി ഇങ്ങിനെ ഉറക്കെ പ്രാർത്ഥിക്കാൻ തുടങ്ങി. 'കൃഷ്ണ കൃഷ്ണാ മഹായോഗിൻ, വിശ്വാത്മൻ, വിശ്വഭാവന, അവിടുത്തെ പാദത്തിൽ അഭയം തേടിയിരിക്കുന്ന ദു:ഖിതരായ എന്നെയും കുട്ടികളെയും സംരക്ഷിച്ചാലും. അവിടുത്തെ അഭയമല്ലാതെ മറ്റൊന്നും പരമുക്തിപ്രദമായിട്ട് ഞാൻ കാണുന്നില്ല. അവിടുത്തേയ്ക്കു നമസ്ക്കാരം.' അക്രൂരൻ കുന്തിയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. അവളുടെ പുത്രൻമാർ ദേവൻമാരിൽ നിന്നുണ്ടായവരായതു കൊണ്ട് അവരുടെ സംരക്ഷ ഉറപ്പാണെന്ന് അക്രൂരൻ ഓർമ്മിപ്പിച്ചു. മഥുരയ്ക്കു മടങ്ങും മുൻപ് അക്രൂരൻ ധൃതരാഷ്ട്രരെ സമീപിച്ച് ഇങ്ങിനെ ഉപദേശിച്ചു. 'അവിടുന്നിപ്പോൾ സിംഹാസനത്തിലിരിക്കുന്നത് അനുജനായ പാണ്ഡു കാലം പൂകിയതു കൊണ്ടാണല്ലോ. ഇത് അവിടേയ്ക്ക് വലിയൊരുത്തരവാദിത്വം നൽകുന്നു. അങ്ങ് സ്വപുത്രൻമാരോടും പാണ്ഡുപുത്രൻ മാരോടും പക്ഷപാതം കാണിക്കാതെയിരുന്നാൽ മാത്രമേ അവിടുത്തെ ജോലി ഐശ്വര്യപൂർണ്ണമായി നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. എന്തൊക്കെയായാലും മറ്റുള്ളവരുമായി നമുക്കുള്ള ബന്ധുത്വം എന്നേയ്ക്കുമുള്ളതല്ല തന്നെ. നാം അവരോടൊപ്പം എന്നെന്നേയ്ക്കും ജീവിക്കാൻ പോകുന്നില്ല. ഒരുവൻ ഏ കനായി ജനിക്കുന്നു. ഏകനായി മരിക്കുന്നു. അയാൾ സ്വകർമ്മങ്ങളുടെ സൽഫലം ആസ്വദിക്കുകയും ദുഷ്ക്കർമ്മഫലം അനുഭവിക്കുകയും ചെയ്യുന്നു. ഇതും തനിച്ചു തന്നെ. അതുകൊണ്ട് മറ്റുള്ളവരെ കുറ്റം പറയുന്നതിൽ കാര്യമില്ല. ധാർമ്മീകമായും അധാർമ്മീകമായും നാം സംഭരിച്ചു വയ്ക്കുന്നതൊന്നും നമുക്ക് അവസാനം കൂടെ കൊണ്ടു പോകാനും സാധിക്കയില്ല. പാപമോ പുണ്യമോ മാത്രമേ അവൻെറ കൂടെ പോകുന്നുള്ളൂ. ഇഹലോകം വെറുമൊരു നീണ്ട സ്വപ്നമാണെന്ന് മനസ്സിലാക്കുക. സ്വന്തം ബന്ധുജനങ്ങളോട് അമിതമായ മമതാമോഹം കൊണ്ട് മറ്റുള്ളവരോട് അനീതി കാണിക്കാനിടവരരുത്.

അക്രൂരൻെറ ജ്ഞാനോപദേശത്തെ ആദരിച്ചുവെങ്കിലും തൻെറ നിസ്സഹായാവസ്ഥ ധൃതരാഷ്ട്രർ അറിയിച്ചു. സ്വപുത്രൻമാരുടെ ദുഷ്ടത മനസ്സിലാക്കിയിട്ടു പോലും അവരുമായുള്ള മമതാമോഹത്തിൽനിന്ന് വിട്ടു നിൽക്കാൻ അദ്ദേഹത്തിനായില്ല.. യാദവകുലത്തിൽ അവതരിച്ചിട്ടുള്ള ആ മഹാപ്രഭുവിൻെറ ഇഛയെ തടുക്കാനാർക്കു കഴിയും? ഭൂമിയുടെ ഭാരം കുറയ്ക്കാനായാണല്ലോ അദ്ദേഹത്തിൻെറ ജനനം. ദുർഗ്രാഹ്യമാണ് അവിടുത്തെ ലീലകൾ. ആ ഭഗവാനെ ഞാൻ നമസ്ക്കരിക്കുന്നു.

അക്രൂരൻ മഥുരക്ക് മടങ്ങി കൃഷ്ണനോടും ബലരാമനോടും എല്ലാ കാര്യങ്ങളും പറഞ്ഞു.

**ഏതദർത്ഥോ*f* വതാരോയം ഭൂഭാരഹരണായ മേ
സംരക്ഷണായ സാധൂനാം കൃതോ*f* ന്യേഷാം വധായച (10-50-9)
അന്യോ*f* പി ധർമ്മരക്ഷായൈ ദേഹഃ സംഭ്രിയതേ മയാ
വിരാമായാപ്യധർമ്മസ്യ കാലേ പ്രഭവതഃ ക്വചിത് (10-50-10)**

*ശുകമുനി തുടർന്നു:*
ജരാസന്ധൻ കംസൻെറ ഭാര്യാപിതാവായിരുന്നു. കൃഷ്ണൻ കംസനെ വധിച്ച കാര്യം തൻെറ പുത്രിമാരിൽ നിന്നറിഞ്ഞ ജരാസന്ധൻ കോപാന്ധനായി വലിയൊരു സൈന്യത്തോടെ മഥുരയെ ആക്രമിക്കാൻ പുറപ്പെട്ടു. ഇതു കണ്ട് കൃഷ്ണൻ ആലോചിച്ചു. 'ജരാസന്ധൻെറ ഈ സൈന്യത്തെ നശിപ്പിക്കുക തന്നെ വേണം. എന്നാൽ ഇപ്പോൾ അയാളെ വധിക്കരുത്. ജീവനോടെ വിട്ടാൽ അയാൾ മറ്റു ദുഷ്ടൻമാരുമായി ച്ചേർന്ന് എനിയ്ക്കു നേരെ വീണ്ടും ആക്രമണം നടത്തും. അങ്ങിനെ അവരെ കണ്ടുപിടിക്കേണ്ട ബുദ്ധിമുട്ട് എനിക്കുണ്ടാവുകയില്ല. ദുഷ്ടഭാരം കുറച്ച് ഭൂമിയെ പരിരക്ഷിച്ച് ധർമ്മസംരക്ഷണാർത്ഥമാണല്ലോ ഞാൻ ഭൂമിയിലവതരിച്ചിട്ടുള്ളത്. ഞാൻ മറ്റവതാരങ്ങളെടുത്തിട്ടുള്ളതും ധർമ്മപരിപാലനത്തിനു വേണ്ടിത്തന്നെ.' ഇങ്ങിനെ ചിന്തിച്ചുറച്ച് മഥുരാപുരി നിവാസികളെ സംരക്ഷിക്കാനുള്ള കാര്യങ്ങൾ ഉടൻ തന്നെ കൃഷ്ണൻ ചെയ്തു.

ആ സമയത്ത് രണ്ട് ആകാശരഥങ്ങൾ നിറയെ ദിവ്യാസ്ത്രങ്ങളുമായി അവിടെയെത്തി. കൃഷ്ണനും ബലരാമനും അവയിലേറി നഗരത്തിൽ നിന്ന് പുറപ്പെട്ടു. കൃഷ്ണൻ മുഴക്കിയ ശംഖനാദം ശത്രുസൈന്യത്തിൽ അങ്കലാപ്പുളവാക്കി. രാമകൃഷ്ണൻമാരുടെ ചെറുപ്പത്തെ ജരാസന്ധൻ പരിഹസിച്ചു. ജരാസന്ധൻെറ അസ്ത്രങ്ങളുടെ മറയിൽ രണ്ട് ദിവ്യസഹോദരൻമാരും അപ്രത്യക്ഷരായി. കാണികളായ സ്ത്രീജനങ്ങൾ സംഭ്രാന്തരായി. പക്ഷെ അവർ പെട്ടെന്നു പ്രത്യക്ഷപ്പെട്ട് ജരാസന്ധൻെറ സൈന്യത്തെ മുഴുവനും നശിപ്പിച്ച ആക്രമണം നടത്തി. പടക്കളത്തിനരികിലുള്ള നദിയിൽ പടയിൽ മരിച്ച മൃഗങ്ങളുടെയും മനുഷ്യരുടെയും ശവശരീരങ്ങൾ രഥചക്രങ്ങളോടും കവചങ്ങളോടും കൂടി ഒഴുകിക്കൊണ്ടിരുന്നു. വിശ്വം മുഴുവനും സൃഷ്ടിച്ചു പരിരക്ഷിക്കുന്ന ഭഗവാൻ ഈവിധ യുദ്ധനൈപുണ്യം കാട്ടിയതിൽ അത്ഭുതമെന്തുള്ളു? ബലരാമൻ ജരാസന്ധനെ പിടിച്ചു കെട്ടി. കൃഷ്ണൻ ഇടപെട്ടില്ലായിരുന്നെങ്കിൽ അയാളെ അദ്ദേഹം കാലപുരിക്കയച്ചേനെ. എന്നാൽ ജരാസന്ധനെ അവർ വെറുതേ വിട്ടു. അയാൾ നാണക്കേടു കൊണ്ട് മുഖം കുനിച്ച് അവിടെനിന്ന് പോയി. കൃഷ്ണനും ബലരാമനും മഥുരയിലേക്ക് മടങ്ങി. ഉഗ്രസേന രാജാവിന് പടയിൽ കണ്ടുകെട്ടിയ രത്നങ്ങളും സമ്പത്തും കാഴ്ചവച്ചു.

ജരാസന്ധൻ വീണ്ടും വീണ്ടും പടയൊരുക്കി വലിയ സൈന്യവുമായി പതിനേഴു തവണ മഥുരയെ ആക്രമിച്ചു. എല്ലാത്തവണയും രാമകൃഷ്ണൻമാർ സൈന്യത്തെ കൊന്നൊടുക്കിയെങ്കിലും ജരാസന്ധനെ വെറുതെ വിട്ടു. അതായിരുന്നു കൃഷ്ണൻെറ തീരുമാനം. ജരാസന്ധൻ പതിനെട്ടാമത്തെ ആക്രമണത്തിന് ഒരുങ്ങുന്ന സമയം. യവനകുലത്തെ സൈന്യാധിപനായ കാലയവനൻ യാദവരെപ്പറ്റി കേട്ടിരുന്നു. തങ്ങൾക്ക് തുല്യം നിൽക്കാനായി യാദവരേയുള്ളൂ എന്ന് മുനിയിൽനിന്ന് അയാൾ അറിഞ്ഞിരുന്നു. ഇതറിഞ്ഞ് കൃഷ്ണൻ മഥുരാപുരിവാസികളെ മുഴുവൻ ഒരു അപ്രതിരോധ്യമായ കോട്ടയുണ്ടാക്കി അതിനുള്ളിൽ സംരക്ഷിച്ചു. ദേവശിൽപ്പിയാണ് ഒറ്റ രാത്രികൊണ്ട് ആ കോട്ട നിർമ്മിച്ചത്.

*ബോംബ് ഷെൽട്ടറാണോ ഇത്?*

**ജൻമകർമ്മാഭിധാനാനി സന്തി മേƒങ്ഗ സഹസ്രശ:**
**നശക്യന്തേƒനു സംഖ്യാതുമനന്തത്വാൻമയാപിഹി (10-51-37)**
**ക്വചിദ്രജാംസി വിമമേ പാർത്ഥിവാന്യുരുജൻമഭി:**
**ഗുണകർമ്മാഭിധാനാനി ന മേ ജൻമാനി കർഹിചിത് (10-51-38)**

*ശുകമുനി തുടർന്നു:*
കൃഷ്ണൻ കോട്ടയ്ക്കുള്ളിൽ നിന്നു പുറത്തു വന്നപ്പോൾ കാലയവനൻ കൃഷ്ണനെ ദ്വന്ദയുദ്ധത്തിന് വെല്ലു വിളിച്ചു. കൃഷ്ണൻ നിരായുധനായതിനാൽ യവനനും ആയുധങ്ങൾ വലിച്ചെറിഞ്ഞു. എന്നിട്ട് കൃഷ്ണനെ പിടിക്കാൻ ചെന്നു. കൃഷ്ണൻ ഓടാനും തുടങ്ങി. എപ്പോഴും യവനന് പിടികൊടുക്കും എന്ന മട്ടിൽ ഓടി യോടി കൃഷ്ണൻ ഒരു ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചു. കാലയവനൻ കൃഷ്ണനു പിറകേ പരിഹാസം ചൊരിഞ്ഞുകൊണ്ട് നിന്ദിച്ചു. 'ശത്രുവിൽ നിന്നും നീ ഓടിമാറുന്നതെന്താണ്?' ഗുഹയിൽ ആരോ കിടന്നുറ ങ്ങുന്നതു കണ്ട കാലയവനൻ അതു കൃഷ്ണനാണെന്ന് തെറ്റിദ്ധരിച്ച് അയാളെ തൊഴിച്ചു. ഉറങ്ങിക്കിടന്നയാൾ ഉണർന്ന് ഒരൊറ്റ നോട്ടം കൊണ്ട് യവനനെ ഭസ്മമാക്കി.

അത് മുചുകുന്ദനായിരുന്നു. മാന്ധാതാവിൻെറ മകൻ. അയാൾ ദേവൻമാരെ ഏറെക്കാലം കണ്ണിമ പൂട്ടാതെ സംരക്ഷിച്ചു. പിന്നീട് ശിവകുമാരനായ ഗുഹൻ -സുബ്രഹ്മണ്യൻ- ദേവസൈന്യാധിപൻ ആയപ്പോൾ ദേവൻമാർ മുചുകുന്ദനെ ജോലിയിൽ നിന്നും ഒഴിവാക്കി. അവനോട് എന്ത് വരമാണ് വേണ്ടതെന്നാരാഞ്ഞു. മുചുകുന്ദന് ആരുടെയും തടസ്ഥം കൂടാതെ ഉറങ്ങണമെന്നായിരുന്നു ആഗ്രഹം. ദേവൻമാർ വരം നൽകി. മുചുകുന്ദൻെറ നിദ്രക്ക് ഭംഗം വരുത്തുന്നവനാരായാലും അവൻ ചാരമായി പോകുമെന്നും അവർ പ്രഖ്യാപിച്ചു. അങ്ങിനെയാണ് കാലയവനൻെറ അന്ത്യം സംഭവിച്ചത്.

അൽപ സമയം കഴിഞ്ഞപ്പോൾ കൃഷ്ണൻ മുചുകുന്ദനു മുന്നിൽ പ്രത്യക്ഷനായി. ഭഗവാനെ മുന്നിൽക്കണ്ട് മുചുകുന്ദൻ ഹർഷപുളകിതനായി. ഭഗവാൻ ദിവ്യതയുടെ അവതാരം തന്നെയെന്ന് മുചുകുന്ദൻ അന്ത:ർ ജ്ഞാനം കൊണ്ട് മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഭഗവാനോട് ചോദിച്ചു. "സൂര്യചന്ദ്രൻമാരുടെയും അഗ്നിയുടെയും പ്രഭയെ വെല്ലുന്നതത്രെ അവിടുത്തെ പ്രഭ. അങ്ങ് വിഷ്ണുവിൻെറ അവതാരമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ദയവുചെയ്ത് ഇപ്പോൾ അവിടുന്ന് ഏതു കുലത്തിൽ പിറന്നിരിക്കുന്നുവെന്നും അവിടുത്തെ മഹനീയ കൃത്യങ്ങൾ എന്തൊക്കെയെന്നും പറഞ്ഞു തന്നാലും." അദ്ദേഹം കൃഷ്ണനോട് തൻെറ കഥ മുഴുവൻ പറഞ്ഞു. എങ്ങിനെയാണ് ഗുഹയിൽ കിടന്നുറങ്ങാനിടയായതെന്നും കാലയവനൻ എരിഞ്ഞു പോയതെന്നും മുചുകുന്ദൻ വിശദീകരിച്ചു.

*ഭഗവാൻ പറഞ്ഞു:* "മകനേ, എൻെറ അവതാരങ്ങളും ചെയ്തികളും എണ്ണിയാലൊടുങ്ങാത്തവയത്രേ. എനിക്കു പോലും അവ എണ്ണാനാവില്ല. ഒരാൾക്ക് ലോകത്തിലെ മൺപൊടികളുടെ എണ്ണമെടുക്കാൻ കഴിഞ്ഞുവെന്നിരിക്കും. എന്നാൽ എൻെറ അവതാരങ്ങളെ എണ്ണുക അസാദ്ധ്യം. എൻെറ ഗുണഗണങ്ങളും ചെയ്തികളും അപ്രകാരം തന്നെ. എന്നാൽ എൻെറ ഇപ്പോഴത്തെ അവതാരമെന്തെന്ന് പറയാം. ബ്രഹ്മാവിനെ പൂജിച്ചതിൻെറ ഫലമായി ഞാൻ വസുദേവപുത്രനായി ജനിച്ചു. കംസനടക്കം പല ദുഷ്ടരെയും ഞാൻ വധിച്ചു. വാസ്തവത്തിൽ കാലയവനനെയും നിൻെറ കണ്ണിലെ തീവ്രതയിലൂടെ വധിച്ചത് ഞാൻ തന്നെയാണ്. ഞാൻ അങ്ങിനെ തീരുമാനിച്ചതാണ്. നീ പണ്ട് കാലത്ത് ഭക്തിപുരസ്സരം എന്നെ തേടിയിരുന്നു. അതിനാലാണ് ഇപ്പോൾ നിൻെറ മുന്നിൽ നിൽക്കുന്നത്. നിനക്കെന്തു വരമാണു വേണ്ടത്?"

അങ്ങിനെ ഭഗവാൻ സംസാരിക്കേ ഭക്തശിരോമണിയായ മുചുകുന്ദൻ ഇങ്ങിനെ പ്രാർത്ഥിച്ചു.:

**പുരാ രഥൈർഹേമപരിഷ്കൃതൈ ശ്ചരൻ മതംഗജൈർവ്വാ നരദേവസംജ്ഞിത:**
**സഏവ കാലേന ദുരത്യയേന തേ കളേബരോ വിട്കൃമിഭസ്മസം ജ്ഞിത: (10-51-51)**
**ഭവാപവർഗ്ഗോ ഭ്രമതോ യദാ ഭവേ ജ്ജനസ്യ തർഹ്യച്യുത സത്സമാഗമ:**
**സത്സംഗമോ യർഹി തദൈവസദ്ഗതൌ പരാവരേശേ ത്വയി ജായതേ മതി: (10-51-54)**
**തസ്മാദ്വിസൃജ്യാശിഷ ഈശ സർവ്വതോ രജസ്തമ: സത്ത്വഗുണാനുബന്ധനാ**
**നിരഞ്ജനം നിർഗുണമദ്വയം പരം ത്വാം ജ്ഞപ്തി മാത്രം പുരുഷം വ്രജാമ്യഹം (10-51-57)**

*മുചുകുന്ദൻ പറഞ്ഞു:* "ഭഗവാനേ, അവിടുത്തെ തന്നെ മായാശക്തിക്കടിമപ്പെട്ട് ആളുകൾ അവിടുത്തെ പൂജിക്കുന്നതിനു പകരം ഗൃഹത്തോടും മറ്റും മമതാസക്തരായി നിലകൊള്ളുന്നു. സുഖം തേടുന്നുവെങ്കിലും അന്തമില്ലാത്ത വേദനമാത്രമാണ് അവർക്കു ലഭിക്കുന്നത്. തുലോം ദുർല്ലഭമായ മനുഷ്യജൻമം ലഭിച്ചതിനു ശേഷവും ദുഷ്ടവിചാരമുള്ളവർ അങ്ങയെ പൂജിക്കുന്നതിനു പകരം ലൗകീകതയുടെ ആഴമേറിയ കയത്തിൽ വീണുപോകുന്നു. എൻെറ കാര്യം തന്നെ എടുത്താലും. ഞാൻ ധിക്കാരിയായ ഒരു ഭരണാധികാരിയായിരുന്നു. ചുറ്റും ബലവാൻമാരായ പരിവാരങ്ങൾ. ഈ ശരീരത്തെ ആത്മാവെന്ന് കരുതി, സമ്പത്തിലും ലൗകീകബന്ധങ്ങളിലും മുഴുകിയാണ് ഞാൻ കഴിഞ്ഞു വന്നത്. എന്നാൽ അവിടുന്ന് കാലമായി മനുഷ്യജീവിതത്തിൽ നുഴഞ്ഞു കയറി അവനെ നിശ്ശേഷം ഇല്ലായ്മ ചെയ്യുന്നു. രാജാവെന്നു വാഴ്ത്തപ്പെട്ട ഈ ശരീരം തന്നെ, പടകളും, മൃഗങ്ങളും അകമ്പടി സേവിച്ച ഈ ദേഹം കാലക്രമത്തിൽ അമേദ്യമെന്നും, ചാരമെന്നും, കൃമിയെന്നും പിന്നീടറിയപ്പെടുന്നു."

ഭഗവാനേ, ലോകചക്രവർത്തി പോലും കാമത്തിനടിമപ്പെട്ട് ഇന്ദ്രിയസുഖങ്ങൾക്കടിമയായിത്തീരുന്നു. അല്ലെങ്കിൽ കുറെ പുണ്യപ്രവൃത്തികൾ ചെയ്ത് സ്വർഗ്ഗത്തിൽ ഒരു ഒഴിവു കാലം ആസ്വദിക്കുന്നു. ചിലപ്പോൾ അവിടുത്തെ ഭരണാധികാരിയുമാവുന്നു. എന്നാൽ ഒരുവൻെറ ജനനമരണചക്രത്തിൻെറ അവസാനഘട്ടത്തിലാണ് അവൻ ഒരു പുണ്യപുരുഷനെ കാണുന്നത്. ആ കൂടിക്കാഴ്ച അവിടുത്തോടുള്ള ഭക്തിയെ ഉദ്ദീപിപ്പിക്കുന്നു. ആ ഭക്തിയാകട്ടെ ഈ ജീവാത്മാവിൻെറ പരകായ പ്രവേശങ്ങൾ അവസാനി പ്പിക്കുന്നു. അവിടുന്ന് എന്നോട് വരമെന്താണു വേണ്ടതെന്ന് ചോദിച്ചുവല്ലോ. എന്നാൽ എനിക്കുള്ള വരം ലഭിച്ചു കഴിഞ്ഞു. അവിടുന്ന് എന്നെ സ്വതന്ത്രത എന്ന മിഥ്യാഭിമാനത്തിൽ നിന്നും രക്ഷിച്ചുവല്ലൊ. അങ്ങയുടെ പാദങ്ങളിൽ നിരന്തരം പൂജ ചെയ്യുവാൻ കഴിയുക എന്ന വരം മാത്രമെ എനിക്കു വേണ്ടു. മറ്റേതു വരവും ആത്മാവിനെ ബന്ധനത്തിലാക്കാൻ പോന്നതാണെന്നറിയുന്നതുകൊണ്ട് അവിടുത്തെ പാദ ദർശനം കിട്ടിയതിനു ശേഷം ആരാണ് മറ്റൊരു വരം ആവശ്യപ്പെടുക? അതുകൊണ്ട് ത്രിഗുണാനുസാരിയായ ഈ ലോകത്തിലെ അനുഗ്രഹങ്ങളെയെല്ലാം ഞാൻ തിരസ്ക്കരിക്കുന്നു. അവിടുത്തെ പാദങ്ങളിൽ അഭയം തേടാനാഗ്രഹിക്കുന്നു. അവിടുന്നാണ് പരം പൊരുൾ. ശുദ്ധബോധസ്വരൂപൻ. കർമ്മപാശത്താലും അദിവ്യമായ സ്വഭാവത്താലും പീഢിപ്പിക്കപ്പെട്ടിരുന്ന എനിക്ക് അവിടുത്തെ കൃപയാൽ ആ ദർശനഭാഗ്യം ലഭിച്ചു. എന്നെ രക്ഷിച്ചാലും പ്രഭോ.

*ഭഗവാൻ അരുൾ ചെയ്തു.* 'ഭക്തിയുടെ ശരിയായ സ്വഭാവം വെളിപ്പെടുത്താനാണ് ഞാൻ നിന്നോട് വരമെന്തു വേണമെന്നാരാഞ്ഞത്. വ്രതാനുഷ്ഠാനങ്ങളുടെ സഹായത്താൽ പഴയ പാപകർമ്മങ്ങളെ കഴുകി കളയുക. രാജാവായിരിക്കുമ്പോൾ നായാട്ട് മുതലായവ ചെയ്യേണ്ടതായി വരുമെങ്കിലും ആ പാപങ്ങൾ തപസ്സു കൊണ്ട് ഇല്ലായ്മ ചെയ്യാം. നിൻെറ അടുത്ത ജൻമം ഒരു ദിവ്യബ്രാഹ്മണൻ ആയിട്ടായിരിക്കും. അങ്ങിനെ നീ സംശയംവിനാ എന്നിൽ വന്നു ചേരുന്നതാണ്.'

**വിപ്രാൻ സ്വലാഭസംതുഷ്ടാൻ സാധൂൻ ഭൂതസുഹൃത്തമാൻ**
**നിരഹങ്കാരിണഃ ശാന്താൻ നമസ്യേ ശിരസാ*f*സകൃത് (10-52-33)**
**ശ്രുത്വാ ഗുണാൻ ഭുവനസുന്ദര ശൃണ്വതാം തേ**
**നിർവിശ്യ കർണ്ണവിവരൈർഹരതോ*f*ങ്ഗതാപം**
**രൂപം ദൃശാം ദൃശിമതാമഖിലാർത്ഥലാഭം**
**ത്വയ്യച്യുതാവിശതി ചിത്തമപത്രപം മേ (10-52-37)**

*ശുകമുനി തുടർന്നു:* മുചുകുന്ദൻ ഭഗവാനെ വീണ്ടും നമസ്ക്കരിച്ചു. അദ്ദേഹം ഗുഹയ്ക്കുള്ളിൽ നിന്നു പുറത്തു വന്നു. മനുഷ്യരും മൃഗങ്ങളുമെല്ലാം വളരെ ചെറുതായി കാണപ്പെട്ടു. അദ്ദേഹം കുറെയേറെക്കാലം ഗുഹയിൽ ഉറക്കമായിരുന്നുവല്ലോ. ഇത് കലിയുഗമായിരിക്കുന്നുവെന്ന് മനസ്സിലാക്കിയ മുചുകുന്ദൻ ഹിമാലയത്തിൽ പോയി ഭഗവാൻ നാരായണനെ ആരാധിക്കാൻ തീർച്ചയാക്കി.

കാലയവനൻ കൊല്ലപ്പെട്ടു. അയാളുടെ പടയും തുരത്തപ്പെട്ടു. കൃഷ്ണൻ യുദ്ധത്തിൽ പിടിച്ചെടുത്ത സമ്പത്തുമായി മടങ്ങുമ്പോൾ ജരാസന്ധൻ അവരെ കണ്ടു. ഇത്തവണയും ജരാസന്ധനെ വധിക്കേണ്ടതില്ലെന്ന് തിരുമാനിച്ച് കൃഷ്ണനും ബലരാമനും സമ്പത്തെല്ലാം അവിടെ ഉപേക്ഷിച്ച് ഓടാൻ തുടങ്ങി. ജരാസന്ധൻ പിറകേയും. ജ്യേഷ്ഠാനുജൻമാർ ഒരു മലയിലേക്കോടി കയറി അവിടെ പുകമഞ്ഞിൽ അപ്രത്യക്ഷരായി. അവരെക്കാണാഞ്ഞ് ജരാസന്ധൻ മലയ്ക്കു മുഴുവൻ തീയിട്ടു. അവർ കൊല്ലപ്പെട്ടു എന്നു കരുതി നഗരത്തിലേക്ക് മടങ്ങുകയും ചെയ്തു. കൃഷ്ണനും ബലരാമനും മലമുകളിൽ നിന്ന് ചാടിയോടി മലയടിവാരത്തിലൂടെ സമതലത്തിലിറങ്ങി രക്ഷപ്പെട്ട് ദ്വാരകയിലുള്ള കോട്ടയിൽ എത്തിയിരുന്നു. കുറച്ചു കാലം കഴിഞ്ഞ് ആനർത്ത രാജാവായ കുകുദ്മി തന്റെ പുത്രി രേവതിയെ ബലരാമന് വിവാഹത്തിൽ നൽകി. കൃഷ്ണൻ രുഗ്മിണിയെ രാക്ഷസസമ്പ്രദായമനുസരിച്ച് വിവാഹം ചെയ്തു. ശിശുപാലൻ തുടങ്ങിയവരുടെ ശത്രുത നേടുമാറ് രുഗ്മിണിയെ തട്ടിക്കൊണ്ടു പോയാണ് കൃഷ്ണൻ അവളെ പാണിഗ്രഹണം ചെയ്തത്. രസകരമായ ആ ചരിതം ഞാൻ പറഞ്ഞു തരാം. വിദർഭയുടെ രാജാവ് ഭീഷ്മകൻ. അദ്ദേഹത്തിന് രുഗ്മിയടക്കം അഞ്ചു പുത്രൻമാരും രുഗ്മിണിയെന്ന പുത്രിയും. രുഗ്മിണി കൃഷ്ണനെപ്പറ്റി കേട്ട് അദ്ദേഹത്തെ പ്രണയിച്ചു. കൃഷ്ണനും അവളെ വിവാഹം കഴിക്കാൻ തീർച്ചയാക്കിയിരുന്നു. എന്നാൽ രുഗ്മി കൃഷ്ണനെ വെറുത്തിരുന്നു. തന്റെ സുഹൃത്തായ ശിശുപാലന് രുഗ്മിണിയെ നൽകാൻ അദ്ദേഹം തീരുമനിച്ചു. വിവാഹത്തീയതി നിശ്ചയിച്ചപ്പോൾ രുഗ്മിണി ഒരു ദിവ്യ ബ്രാഹ്മണനെ കൃഷ്ണന്റെ യടുക്കൽ സന്ദേശം കൊടുത്തയച്ചു. കൃഷ്ണൻ ബ്രാഹ്മണനെ യഥാവിധി സ്വാഗതം ചെയ്തു. 'സന്തുഷ്ടനായ ഒരു ബ്രാഹ്മണൻ ഏറ്റവും അനുഗ്രഹീതനത്രെ. എന്നാൽ അസംതൃപ്തനായ രാജാവ് അന്തമില്ലാത്ത വേദനയനുഭവിക്കുന്നു. സകലർക്കും സുഹൃത്തും അഹങ്കാര രഹിതനും കിട്ടുന്നതിൽ സന്തുഷ്ടനുമായ ശുദ്ധബ്രാഹ്മണനായ അങ്ങേയ്ക്കു നമോവാകം. അങ്ങെന്തിനാണിപ്പോൾ വന്നതെന്ന് പറഞ്ഞാലും.' ബ്രാഹ്മണൻ വിദർഭയിലെ കാര്യങ്ങളും രുഗ്മിണിയുടെ സന്ദേശവും കൃഷ്ണനോട് പറഞ്ഞു.

*രുഗ്മിണി പറഞ്ഞു:* 'ഭഗവാനേ, അവിടത്തെ ദിവ്യരൂപത്തെപ്പറ്റിയും മഹിമകളെയും പറ്റി കാതിലൂടെ കേട്ട് ഹൃദയം നിറയുന്നതോടെ ഒരാളുടെ ജീവക്ലേശം മുഴുവൻ ഇല്ലാതാവുന്നു. അവിടുത്തെ കാണുക എന്നതു തന്നെ പരമാനുഗ്രഹം. എന്റെ ഹൃദയം അവിടുന്നിൽ വിലീനമായിരിക്കുന്നു. ഞാനങ്ങയെ ഭർത്താവായി തിരഞ്ഞെടുത്തു കഴിഞ്ഞു. അതുകൊണ്ട് മറ്റാരും എന്നെ തൊടുവാൻ പോലും അങ്ങനുവദിച്ചു കൂടാ. ഇതിനായി അങ്ങ് ഒതു തുള്ളി ചോരപോലും വീഴ്ത്തേണ്ടതില്ല. വിവാഹദിവസം വൈകുന്നേരം പാർവ്വതീക്ഷേത്രത്തിൽ ഞാൻ പോവുന്നുണ്ട്. അവിടെ ക്ഷേത്ര പരിസത്തു വന്ന് എന്നെ ഈ കഷ്ടപ്പാടിൽ നിന്നും കരകയറ്റുക. അങ്ങതു ചെയ്തില്ലെങ്കിൽ ഞാനീ ജീവിതം അവസാനിപ്പിക്കും.'

*ബ്രാഹ്മണൻ പറഞ്ഞു.* ഇതാണ് സന്ദേശം. അങ്ങേയ്ക്ക് യുക്തം പോലെ എന്തു ചെയ്യണമെന്ന് തീരുമാനിക്കാം.

**താം രാജകന്യാം രഥമാരുരുക്ഷതീം**
**ജര്‍ഹാര കൃഷ്ണോ ദ്വിഷതാം സമീക്ഷതാം**
**രഥം സമാരോപ്യ സുപര്‍ണ്ണലക്ഷണം**
**രാജന്യചക്രം പരിഭൂയ മാധവ: (10-53-55)**

*ശുകമുനി തുടര്‍ന്നു:*

പുഞ്ചരിയോടെ, താനും രുഗ്മിണിയുമായി അതീവ പ്രണയത്തിലാണെന്നും അവളെ വിവാഹം കഴിക്കാന്‍ തീരുമാനിച്ചിട്ടുണ്ടെന്നും ഭഗവാന്‍ ബ്രാഹ്മണനെ അറിയിച്ചു. എന്നിട്ട് വിവാഹത്തിന്‍റെ മുഹൂര്‍ത്തവും മറ്റും ബ്രാഹ്മണനില്‍ നിന്നും മനസ്സിലാക്കി. എന്നിട്ട് സ്വയം തയ്യാറായി, വേഗതയേറിയ ഒരു രഥമേറി ഒറ്റ രാത്രി കൊണ്ട് വിദര്‍ഭയിലെത്തിച്ചേര്‍ന്നു.

വിദര്‍ഭയില്‍ ഭീഷ്മക രാജാവ് വിവാഹാഘോഷങ്ങള്‍ക്കായി വിപുലമായ ഒരുക്കങ്ങള്‍ നടത്തിയിരുന്നു. ബ്രാഹ്മണര്‍ വേദശാസ്ത്രാധിഷ്ഠിതമായ എല്ലാ യാഗകര്‍മ്മങ്ങളും നടത്തി. രാജാവ് സ്വയം വിലപിടിച്ച സമ്മാനങ്ങള്‍ ദാനമായി നല്‍കി. ചേടിരാജാവും തന്‍റെ പുത്രന്‍ ശിശുപാലന്‍റെ സന്തോഷത്തിനായി വേണ്ടത്ര ഒരുക്കങ്ങള്‍ നടത്തിയിരുന്നു. ശിശുപാലനും കുടുംബവും വിദര്‍ഭയിലെത്തി. അവരെ ഭീഷ്മകന്‍ പ്രത്യേകമായി കെട്ടിപ്പടുത്ത സൗധങ്ങളില്‍ താമസിപ്പിച്ചു. ശിശുപാലന്‍റെ സുഹൃത്തുക്കളായ അസുരന്‍മാരും അവിടെ എത്തിയിരുന്നു. കൃഷ്ണനും കൂട്ടരും അവിടെവന്നു കുഴപ്പമുണ്ടാക്കിയാല്‍ നേരിടാന്‍ അവര്‍ തയ്യാറായിരുന്നു. അവരും പല കൊട്ടാരങ്ങളില്‍ താമസമാക്കി. കൃഷ്ണന്‍ വിദര്‍ഭയിലേക്ക് പുറപ്പെട്ടിട്ടുണ്ടെ ന്നറിഞ്ഞ ബലരാമന്‍ ഒരു പടയുമായി അങ്ങോട്ടു തിരിച്ചു.

കൃഷ്ണനും ബലരാമനും വന്നിട്ടുണ്ടെന്നറിഞ്ഞ ഭീഷ്മകന്‍ അവരെ ഭക്തി ബഹുമാന പുരസ്സരം സ്വീകരിച്ചു. അവര്‍ക്കായി ഒരു കൊട്ടാരമൊരുക്കി. രുഗ്മിണി അക്ഷമയായി ബ്രാഹ്മണദൂതന്‍റെ വരവും പ്രതീക്ഷിച്ചിരുന്നു. അവള്‍ക്ക് പ്രത്യാശയില്ലാതായിത്തുടങ്ങി. 'എന്നില്‍ ഏതെങ്കിലും കുറവു കണ്ട് ഭഗവാന്‍ എന്നെ പാണിഗ്രഹണം ചെയ്യേണ്ട എന്ന് തീരുമാനിച്ചു കാണും.' അവള്‍ കണ്ണീരൊതുക്കി ക്ഷേത്രത്തിലേക്ക് പോവാന്‍ ഒരുങ്ങി. വഴിയില്‍ സദ്ലക്ഷണങ്ങള്‍ കണ്ട് അവള്‍ക്ക് പ്രതീക്ഷയുണ്ടായി. ആ സമയത്ത് ദൂതു പോയ ബ്രാഹ്മണനെ ദൂരത്തായി അവള്‍ കണ്ടു. അധികം സംസാരിക്കാതെ തന്നെ അവര്‍ സന്ദേശം കൈമാറി. അവള്‍ അംബികാദേവിയോട് വേഗം തന്നെ കൃഷ്ണനെ വരിക്കാനായി പ്രാര്‍ത്ഥിക്കുകയും ചെയ്തു. കൃഷ്ണന്‍ വന്നിട്ടുണ്ടെന്ന്. വിവാഹാഘോഷയാത്ര കണ്ടു നിന്നിരുന്ന നഗരവാസികള്‍ക്കറിയാമായിരുന്നു. കൃഷ്ണനെക്കണ്ട് രുഗ്മിണിക്കനുരൂപനായി മറ്റാരുമില്ലെന്ന് അവര്‍ പരസ്പരം പറഞ്ഞു.

പൂജകള്‍ക്കു ശേഷം പ്രസാദവും വാങ്ങി രുഗ്മിണി ക്ഷേത്രത്തിന് പുറത്തു കടന്നു. കാത്തു നിന്ന രഥത്തിനടുത്തേക്ക് അവള്‍ നടന്നു. വയസ്സറിയിച്ചിട്ടില്ലെങ്കിലും സൗന്ദര്യധാമമായിരുന്ന രുഗ്മിണി കണ്ണു കൊണ്ട് കൃഷ്ണനെ അവിടെയെത്തിയിരുന്ന രാജകുമാരന്‍മാര്‍ക്കിടയില്‍ തിരഞ്ഞു. രാജകുമാരന്‍മാര്‍ അവളുടെ സൗന്ദര്യത്തില്‍ മതിമറന്ന് ശ്വാസം നഷ്ടപ്പെട്ടപോലെ നില്‍പ്പായി. അവള്‍ രഥമേറാന്‍ തുടങ്ങിയപ്പോഴേക്കും കൃഷ്ണന്‍ ഒരു രഥത്തില്‍ പാഞ്ഞടുത്ത് അവളുടെ കൈപിടിച്ചുയര്‍ത്തിയെടുത്ത് രഥത്തിലിരുത്തി മറ്റുള്ളവര്‍ നിസ്സഹായരായി നോക്കി നില്‍ക്കേ വേഗത്തില്‍ കടന്നുകളഞ്ഞു. എന്നാല്‍ കൃഷ്ണന്‍റെ രഥം ദ്വാരകയിലേക്ക് കുതിക്കുമ്പോള്‍ ജരാസന്ധന്‍റെ നേതൃത്വത്തില്‍ രാജകുമാരന്‍മാര്‍ പരസ്പരം ഇങ്ങിനെ പറഞ്ഞു. 'എത്ര നാണക്കേടാണിത്? വീരയോദ്ധാക്കളായ നാം നോക്കി നില്‍ക്കെ ഇടയന്‍മാര്‍ രാജകുമാരിയെയും കൊണ്ട് കടന്നു കളഞ്ഞു.'

**ആത്മമോഹോ നൃണാമേഷ കൽപ്യതേ ദേവമായയാ**
**സുഹൃദ്ദുർഹൃദുദാസീന ഇതി ദേഹാത്മമാനിനാം (10-54-43)**
**ഏക ഏവ പരോ ഹ്യാത്മാ സർവേഷാമപി ദേഹിനാം**
**നാനേവ ഗൃഹ്യതേ മൂഢൈര്യഥാ ജ്യോതിര്യഥാ നഭഃ (10-54-44)**
**നാത്മനോഽന്യേന സംയോഗോ വിയോഗശ്ചാസതഃ സതി**
**തദ്ധേതുത്വാത്തത് പ്രസിദ്ധേർദൃഗ്രൂപാഭ്യാം യഥാ രവേഃ (10-54-46)**

*ശുകമുനി തുടർന്നു:*
ശിശുപാലൻെറ രാജസുഹൃത്തുക്കൾ കൃഷ്ണൻെറയും യാദവപ്പടയുടെയും പിറകെ ചെന്നു. പെട്ടെന്ന് കൃഷ്ണൻെറ നേതൃത്വത്തിൽ യാദവപ്പട പാലായനം നിർത്തി അക്രമികളെ നേരിടാൻ തുടങ്ങി. ശത്രുക്കൾ യാദവപ്പടയുടെ നേർക്ക് ശരമാരി ചൊരിഞ്ഞു. കൃഷ്ണൻ ഭയചകിതയായ രുഗ്മിണിയെ സമാധാനിപ്പിച്ചു. തൻെറ ദിവ്യശക്തിയെല്ലാമുപയോഗിച്ച് ശത്രുക്കൾക്കു നേരെ പോരാടുകയും ചെയ്തു. ശത്രുക്കൾതോൽവി സമ്മതിച്ച് പരക്കം പാഞ്ഞു. രാജകുമാരൻമാർ പിന്തിരിഞ്ഞോടി. അവർ ശിശുപാലനോട് ഉന്നത വിജ്ഞാനസാരം നൽകി ഇങ്ങിനെ സമാധാനിപ്പിച്ചു. "വ്യാകുലപ്പെടാതിരിക്കുക. ഇഹലോകത്തിൽ ജയാപജയങ്ങളും സുഖദു:ഖങ്ങളും മാനാപമാനങ്ങളും തുലോം ക്ഷണികങ്ങളത്രെ. അവയൊന്നും ശാശ്വതമല്ല തന്നെ. കാലമാണ് അവകളെ തുടരെത്തുടരെ കൊണ്ടുവന്നു തരുന്നത്. ഇതറിയുന്ന ഒരുവൻ വ്യാകുലപ്പെടുകയില്ല."

രുഗ്മിണിയുടെ ജ്യേഷ്ഠൻ രുഗ്മിയെ സമാധാനിപ്പിക്കാൻ ആർക്കുമായില്ല. ഒരു സേനയുമായി മറ്റു രാജകുമാരൻമാരുടെ സഹായമില്ലെങ്കിലും രുഗ്മി കൃഷ്ണനെ പിന്തുടർന്നു. കൃഷ്ണനു നേരെ അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞ് രുഗ്മി അദ്ദേഹത്തെ പോരിനായി വെല്ലുവിളിച്ചു. പെട്ടെന്നു തന്നെ കൃഷ്ണൻ രുഗ്മിയുടെ തേരും കൊടികളും കുതിരകളേയും തൻെറ ആയുധങ്ങൾ കൊണ്ട് നശിപ്പിച്ചു. രുഗ്മി എന്തായുധമെടുത്താലും അതു വീശുംമുൻപ് കൃഷ്ണൻ നശിപ്പിച്ചു. കൃഷ്ണൻ അയാളെ തൂക്കിയെടുത്തുയർത്തി വാളൂരി വധിക്കാൻ തയ്യാറായി. എന്നാൽ രുഗ്മിണി തൻെറ ജ്യേഷ്ഠൻെറ ജീവനുവേണ്ടി യാചിച്ചതിനാൽ കൃഷ്ണൻ അവനെ വധിക്കാതെ വിട്ടു. രുഗ്മിയുടെ പകുതി മീശയും കുടുമിയും കൃഷ്ണൻ മുറിച്ചു കളഞ്ഞു. രുഗ്മി അപമാനിതനായി അവിടെ നിന്നു.

അപ്പോഴേക്ക് ബലരാമൻ അവിടെയെത്തി എല്ലാവരെയും സമാധാനപ്പെടുത്തി. "ഇങ്ങിനെ ഒരു ബന്ധുവിനെ വിരൂപിയാക്കുന്നത് അവനെ വധിക്കുന്നതിനു സമം. അതത്ര ശരിയല്ല. സ്വകർമ്മങ്ങളാൽ ചത്തതിനു തുല്യമായ ഒരാളെ വധിക്കുന്നതിലെന്താണ് കാര്യം? ഒരു യോദ്ധാവിൻെറ ധർമ്മത്തിൽ സൃഷ്ടാവു തന്നെ വിധിച്ചിട്ടുള്ളത് ക്രൂരതയത്രെ. സ്വന്തം സഹോദരനാണെങ്കിൽ കൂടി പ്രത്യേക സാഹചര്യങ്ങളിൽ ഒരു യോദ്ധാവിന് വധിക്കേണ്ടതായി വന്നേക്കാം. വിഡ്ഢികളായവർ മാത്രമെ തൻെറ സുഖത്തിനും സ്വന്തം കാര്യം നേടാനുമായി ക്രൂരതയിലേർപ്പെടുകയുള്ളൂ. വാസ്തവത്തിൽ ഇഹലോകത്തിൽ ആരും ശത്രുവോ മിത്രമോ അല്ല തന്നെ. ഭഗവാൻെറ മായാശക്തികൊണ്ടൊന്നു മാത്രമാണ് ചിലരെ ശത്രുക്കളായും മറ്റുചിലരെ മിത്രങ്ങളായും ഇനിയും ചിലരെ നിഷ്പക്ഷമതികളായും ഒരുവൻ കണക്കാക്കുന്നത്. സത്യത്തിൽ എല്ലാ ജീവ ജാലങ്ങളിലെയും ആത്മാവ് ഒന്നു തന്നെ. വിഡ്ഢികളേ അവയിൽ നാനാത്വം കാണുകയുള്ളൂ. സർവ്വവ്യാപിയായ ആത്മാവെന്ന നിലയിൽ അതിന് സംയോഗവിയോഗങ്ങൾ ഇല്ല. ജനനമരണങ്ങളെല്ലാം ശരീരത്തെ മാത്രമെ ബാധിക്കുകയുള്ളൂ. ആത്മീയമായി നിദ്രയിലാണ്ടവനും സ്വപ്നജീവിയുമായ ഒരജ്ഞാനി ജീവിതത്തിൽ വ്യതിരിക്തത കാണുന്നു. എന്നാൽ ആത്മീയമായി ഉണർന്നവനാകട്ടെ ഈ നാനാത്വഭാവത്തെ ഉപേക്ഷിച്ച് തൽഫലമായ ദു:ഖത്തേയും മോഹത്തേയും ഇല്ലായ്മ ചെയ്യുന്നു."

രുഗ്മിണിക്ക് സമാധാനമായി. കൃഷ്ണനെ പരാജയപ്പെടുത്തി സഹോദരിയേയും കൊണ്ടല്ലാതെ തലസ്ഥാനത്തേക്ക് തിരിച്ചു വരില്ല എന്നായിരുന്നു രുഗ്മിയുടെ പ്രതിജ്ഞ. അതുകൊണ്ട് അയാൾ ഭോജകടം എന്നൊരു നഗരം നിർമ്മിച്ച് അവിടെ താമസമാക്കി. കൃഷ്ണൻ ദ്വാരകയിലേക്ക് രുഗ്മിണിയുമായി മടങ്ങി. കൊട്ടാരത്തിലെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ രുഗ്മിണിയെ വിവാഹം കഴിച്ചു. ദ്വാരകാവാസികൾ ഈ മംഗളാവസരം ആഗോഷിച്ചാഹ്ലാദിച്ചു.

**യം വൈ മുഹു: പിതൃസ്വരൂപനിജേശഭാവാ**
**സ്തൻമാതരോ യദഭജൻ രഹരൂഢഭാവാ:**
**ചിത്രം ന തത് ഖലു രമാസ്പദബിംബബിംബേ**
**കാമേ സ്മരേƒക്ഷിവിഷയേ കിമുത്യാന്യനാര്യ: (10-55-40)**

*ശുകമുനി തുടർന്നു:*
കാലക്രമത്തിൽ രുഗ്മിണി ഒരു പുത്രനെ പ്രസവിച്ചു. ശിശു കാമദേവൻ തന്നെയായിരുന്നു. കാമദേവനാകട്ടെ പരമശിവനാൽ ഭസ്മമാക്കപ്പെട്ടിരുന്നു. ഈ കൃഷ്ണപുത്രൻ പ്രദ്യുമ്നൻ എന്ന പേരിൽ അറിയപ്പെട്ടു. സൗന്ദര്യത്തിൽ കൃഷ്ണനു തുല്യനായിരുന്നു അദ്ദേഹം.

ശംബരൻ എന്ന് പേരായ രാക്ഷസന് പ്രദ്യുമ്നൻ തന്നെ വധിക്കാനാണ് ജനിച്ചിട്ടുള്ളതെന്ന് അറിയാമായിരുന്നു. അതിനാൽ അമ്മയും മകനും ഗർഭഗൃഹത്തിൽ കഴിയുമ്പോൾ ശംബരൻ കുട്ടിയെ മോഷ്ടിച്ചു കടന്നു കളഞ്ഞു. എന്നിട്ടതിനെ കടലിൽ എറിയുകയും ചെയ്തു. വലിയൊരു മത്സ്യം ശിശുവിനെ വിഴുങ്ങി. ഈ മത്സ്യത്തെ വലയിട്ടു പിടിച്ച മുക്കുവൻ അതിനെ ശംബരനു കാഴ്ച നൽകി. ശംബരൻ അതിനെ പാചകം ചെയ്യാനേൽപ്പിച്ചു. മീൻ മുറിച്ച കുശിനിക്കാരൻ ജീവനോടെ കുട്ടിയെ അതിൻെറ വയറ്റിൽ കണ്ടു. ശംബരൻെറ വേലക്കാരിയായ മായാവതിക്ക് വലലൻ ശിശുവിനെ നൽകി. മായാവതി രതീദേവിയായിരുന്നു. മൻമഥൻെറ ധർമ്മദാരം. നാരദമുനി ശിശുവിൻെറ വ്യക്തിത്വം മായാവതിക്ക് മനസ്സിലാക്കി കൊടുത്തു.

രതിയുടെ സ്നേഹവാത്സല്യങ്ങളോടെ ശിശു വളർന്ന് യുവാവായി. രതി -മായാവതി- യുടെ ശൃംഗാര ഭാവങ്ങൾ യുവാവിന് മന:ക്ലേശമുളവാക്കി. മായാവതി കഥകളെല്ലാം അവനെ പറഞ്ഞു മനസ്സിലാക്കി. നാരദൻ പറഞ്ഞ കാര്യങ്ങളെല്ലാം മായാവതി മൻമഥനോട് പറഞ്ഞു. ശംബരൻെറ കഥ കഴിക്കാൻ മായാവതി അദ്ദേഹത്തെ പ്രേരിപ്പിച്ചു. മഹാമായ എന്നു പേരായ മായാവിദ്യയും അവൾ അദ്ദേഹത്തെ പഠിപ്പിച്ചു. അതുകൊണ്ട് എല്ലാവിധ ആഭിചാരങ്ങളിൽ നിന്നും മായയിൽ നിന്നും ഒരുവനു രക്ഷപ്പെടാൻ കഴിയുമെന്നും മായാവതി പഠിപ്പിച്ചു.

പ്രദ്യുമ്നൻ ശംബരനെ ദ്വന്ദയുദ്ധത്തിനു വെല്ലു വിളിച്ചു. ശംബരൻ പലേവിധ മായാജാലങ്ങളും പ്രയോഗിച്ചെങ്കിലും പ്രദ്യുമ്നനെ അതൊന്നും ബാധിച്ചില്ല. അവസാനം മൂർച്ചയേറിയ ഒരു വാൾമുനയാൽ ശംബരൻ വധിക്കപ്പെട്ടു. മായാവതി തൻെറ നാഥനുമൊരുമിച്ച് ദ്വാരകയിലേക്ക് പോയി. കൃഷ്ണൻെറ കൊട്ടാരത്തി ലെത്തിയപ്പോൾ കൃഷ്ണൻ വന്നിരിക്കുകയാണെന്ന് വിചാരിച്ച് സ്ത്രീകൾ മുഖം മറച്ചു. ദമ്പതികളെ കണ്ട് രുഗ്മിണി ആരാണിവരെന്ന് വിസ്മയിച്ചു. കൃഷ്ണനും അവിടെ വന്ന് അവരെ കണ്ടു. അദ്ദേഹത്തിന് കഥകൾ എല്ലാം അറിയാമായിരുന്നു. നാരദമുനി അവിടെയെത്തി യുവദമ്പതികളെ എല്ലാവർക്കുമായി പരിചയ പ്പെടുത്തി. പ്രദ്യുമ്നൻെറ ജീവചരിത്രം മുഴുവൻ പറഞ്ഞു മനസ്സിലാക്കി. രുഗ്മിണി തൻെറ പ്രഥമ പുത്രൻെറ നഷ്ടത്തിൽ മനംനൊന്തു കഴിഞ്ഞിരുന്നു. ഈ പുന:സമാഗമം രുഗ്മിണിയെ ഏറെ സന്തുഷ്ട യാക്കി. പ്രദ്യുമ്നൻ എല്ലാ വിധത്തിലും തൻെറ പിതാവിനു തുല്യനായിരുന്നു. സ്ത്രീജനഹൃദയങ്ങളെ അദ്ദേഹവും സമാകർഷിച്ചു.

**ജാനേ ത്വാം സർവ്വഭൂതാനാം പ്രാണ ഓജഃ സഹോ ബലം**
**വിഷ്ണും പുരാണ പുരുഷം പ്രഭവിഷ്ണുമധീശ്വരം (10-56-26)**
**ത്വം ഹി വിശ്വസൃജാം സ്രഷ്ടാ സൃ ജ്യാനാമപി യച്ച സത്**
**കാലഃ കലയതാമീശഃ പര ആത്മാ തഥാ$ff$ത്മനാം (10-56-27)**

*ശുകമുനി തുടർന്നു:*
ദ്വാരകയിൽ സൂര്യദേവന്റെ ഭക്തനായി സത്രാജിത്ത് എന്നൊരാളുണ്ടായിരുന്നു. ഒരു ദിവസം സൂര്യദേവൻ സത്രാജിത്തിന് സ്യമന്തകം എന്നു പേരായ ഒരു മഹനീയ രത്നം നൽകി. സ്യമന്തകം അതീവ പ്രഭയേറിയതും അതിന്റെ ഉടമയ്ക്ക് നിലയ്ക്കാത്ത സമ്പത്തു നൽകുവാൻ കഴിയുന്നതുമായിരുന്നു. ആ രത്നവുമണിഞ്ഞു കൊണ്ട് സത്രാജിത്ത് ദ്വാരകയിൽ പ്രവേശിച്ചു. ജനം അദ്ദേഹത്തെ സൂര്യദേവനെന്നു തെറ്റിദ്ധരിച്ചു പോയി. കൃഷ്ണൻ സത്രാജിത്തിനോട് രത്നം തന്റെ കയ്യിൽ തരാൻ ആവശ്യപ്പെട്ടു. കാരണം അങ്ങിനെയുള്ള അപൂർവ്വ സമ്പത്ത് രാജാവിന്റെ കൈവശമായിരിക്കണം. ഉഗ്രസേനരാജാവിന്റെ കയ്യിൽ സൂക്ഷിച്ച് അത് പൊതു നൻമയ്ക്കായി ഉപയോഗിക്കാം എന്നായിരുന്നു കൃഷ്ണന്റെ അഭിപ്രായം. എന്നാൽ സത്രാജിത്ത് അത് ചെവിക്കൊണ്ടില്ല.

ഒരു ദിവസം സത്രാജിത്തിന്റെ സഹോദരനായ പ്രസേനൻ സ്യമന്തകവും ധരിച്ച് വനത്തിൽ പോയി. തിളങ്ങുന്ന കല്ലിന്റെ ആകർഷണത്തിൽ ഒരു സിംഹം പ്രസേനനെ ആക്രമിച്ച് കൊലപ്പെടുത്തി. സിംഹം സ്യമന്തകത്തെ ഒരു ഗുഹയ്ക്കു സമീപത്തേയ്ക്കു കൊണ്ടുപോയി. സുപ്രസിദ്ധനായ ജാംബവാൻ അതിൽ ജീവിച്ചിരുന്നു. തന്റെ പുത്രന് കളിക്കാനായി രത്നമെടുക്കാൻ നിശ്ചയിച്ച് ജാംബവാൻ സിംഹത്തിനെ വകവരുത്തി. ഇതേ സമയം ദ്വാരകയിൽ കൃഷ്ണനാണ് പ്രസേനനെ കൊന്നു രത്നം മോഷ്ടിച്ചതെന്നൊരു കിംവദന്തി പരന്നു. അപവാദത്തിൽ നിന്നും സ്വയം രക്ഷിക്കാൻ കൃഷ്ണൻ പ്രസേനൻ വനത്തിലേക്ക് പോയ പാത പിന്തുടർന്നു. അവിടെ പ്രസേനന്റെ പിണം കണ്ടു. ഒരു സിംഹവുമായി മൽപ്പിടുത്തമുണ്ടായതിന്റെ ലക്ഷണവും കാണായി. പിന്നീട് സിംഹത്തിന്റെ ജഢം ഒരു ഗുഹാമുഖത്ത് കൃഷ്ണൻ കണ്ടു. രത്നവും തേടി കൃഷ്ണൻ ഗുഹക്കുള്ളിൽ കയറി. അവിടെ തൊട്ടിലിനു മുകളിൽ അത് തൂങ്ങിക്കിടക്കുന്നു.

കൃഷ്ണനെക്കണ്ട് ശിശുവിന്റെ ആയ ഉറക്കെ വിളിച്ചു കരഞ്ഞു. ജാംബവാൻ ഓടിയെത്തി. അവിടെ ജാംബവാനും കൃഷ്ണനുമായി വലിയൊരു മൽപ്പിടുത്തം തന്നെ നടന്നു. കുറേ ദിവസങ്ങൾ തുടർച്ചയായി പോരാടിക്കഴിഞ്ഞപ്പോൾ വീരപരാക്രമിയായ ജാംബവാനാണ് തളർന്നു പോയത്. അത്ഭുതപരവശനായ ജാംബവാൻ പറഞ്ഞു. "അവിടുന്ന് ഭഗവാൻ തന്നെ. എല്ലാ ജീവജാലങ്ങളുടെയും പൊരുൾ. അവിടുന്നാണ് പരമപുരുഷൻ. സൃഷ്ടാവിന്റെ പ്രജാപതിയും കാലവും അവിടുന്നത്രേ. അവിടുന്നു തന്നെ എല്ലാറ്റിന്റെയും പരംപൊരുൾ. അവിടുന്ന് കഴിഞ്ഞ ജൻമത്തിലെ രാമചന്ദ്രപ്രഭു തന്നെ." അങ്ങിനെ ഭഗവാനെ തിരിച്ചറിഞ്ഞ് ജാംബവാൻ കൃഷ്ണനെ ആരാധിച്ചു. കൃഷ്ണൻ കഥകളെല്ലാം വെളിപ്പെടുത്തി. ജാംബവാൻ ആഹ്ലാദപുരസ്സരം സ്യമന്തകത്തെ കൃഷ്ണനു നൽകി. കൂടാതെ സന്തുഷ്ടനായി തന്റെ പുത്രിയായ ജാംബവതിയെ കൃഷ്ണനു പാണിഗ്രഹണം ചെയ്തു കൊടുക്കുകയും ചെയ്തു.

ദ്വാരകയിൽ രത്നം തേടിപ്പോയ കൃഷ്ണനെ കാണാഞ്ഞ് എല്ലാവരും ദുഃഖത്തിലാണ്ടു. കൃഷ്ണൻ ഗുഹയിലേറി ഏറെ നാളായിട്ടും തിരിച്ചു വന്നില്ല. കൃഷ്ണന്റെ അമ്മയും രുഗ്മിണിയും മറ്റും വ്രതമെടുത്ത് കൃഷ്ണന്റെ സംരക്ഷയ്ക്കു വേണ്ടി ദേവീ ഉപാസന നടത്തി. കൃഷ്ണൻ സ്യമന്തകവും കൊണ്ട് ജാംബവതീ സമേതനായി ദ്വാരകയിൽ തിരിച്ചെത്തിയപ്പോൾ ഏവരും ആഹ്ലാദിച്ചു. ഭഗവാനെ കാത്തു രക്ഷിച്ചതിൽ അവർ ഭഗവതിയോടു നന്ദിപറഞ്ഞു. കൃഷ്ണൻ സത്രാജിത്തിനെ സഭയിൽ വിളിച്ച് സ്യമന്തകം തിരിച്ചേൽപ്പിച്ചു. തന്റെ രത്നം നഷ്ടപ്പെട്ടതിനും സഹോദരന്റെ മരണത്തിനും കൃഷ്ണനെ പഴിചാരിയതിൽ സത്രാജിത്ത് ലജ്ജിച്ചു. ബന്ധം നന്നാക്കിയെടുക്കാൻ തന്റെ പുത്രിയായ സത്യഭാമയെ കൃഷ്ണന് വിവാഹം ചെയ്തു കൊടുത്തു. അദ്ദേഹം സ്യമന്തകമണി വിട്ടുകൊടുക്കാൻ തയ്യാറാവുകയും ചെയ്തു. എന്നാൽ കൃഷ്ണൻ സത്രാജിത്തിനോട് രത്നം സ്വയം സൂക്ഷിച്ചു കൊള്ളാൻ പറയുകയാണ് ചെയ്തത്. എന്നാൽ അതിന്റെ സൽഫലങ്ങൾ ദ്വാരകാവാസികളുമായി പങ്കുവയ്ക്കണമെന്ന് അദ്ദേഹത്തെ ഉപദേശിക്കുകയും ചെയ്തു.

**യ: ഇദം ലീലയാ വിശ്വം സൃജത്യവതി ഹന്തി ച**
**ചേഷ്ടാം വിശ്വസൃജോ യസ്യ നവിദുർമ്മോഹിതാ ജയാ (10-57-15)**
**യ: സപ്തഹായന: ശൈലമുൽപ്പാട്യൈകേന പാണിനാ**
**ദധാര ലീലയാ ബാല ഉച്ഛിലീന്ധ്രമിവാർഭക: (10-57-16)**
**നമസ്തസ്മൈ ഭഗവതേ കൃഷ്ണായാദ്ഭുതകർമ്മണേ**
**അനന്തായാദിഭൂതായ കൂടസ്ഥായാത്മനേ നമ: (10-57-17)**

*ശുകമുനി തുടർന്നു:*
സ്വന്തം പിതൃസഹോദരപുത്രൻമാരായ കൗരവൻമാരാൽ പാണ്ഡവൻമാർ ജീവനോടെ ദഹിപ്പിക്കപ്പെട്ടു എന്നറിഞ്ഞ കൃഷ്ണൻ ഹസ്തിനാപുരത്തേക്ക് പുറപ്പെട്ടു. കൃഷ്ണൻെറ അസാന്നിദ്ധ്യം മുതലെടുത്ത് അക്രൂരനും കൃതവർമ്മാവും ശതധന്വാവിനെ കൊണ്ട് സത്രാജിത്തിനെ കൊല്ലാനും സ്യമന്തകം തട്ടിയെടു ക്കാനും പദ്ധതിയിട്ടു. സത്രാജിത്ത് ഉറങ്ങിക്കിടക്കുമ്പോൾ ശതധന്വാവ് അദ്ദേഹത്തെ വധിച്ച് രത്നവുമായി കടന്നുകളഞ്ഞു. അച്ഛൻെറ നിര്യാണത്തിൽ ദു:ഖാകുലയായ സത്യഭാമ ഉടനെ തന്നെ ഹസ്തിനാപുരത്തേക്ക് പോയി കൃഷ്ണനോട് പരാതി പറഞ്ഞു.

കൃഷ്ണൻ ദ്വാരകയിലേക്ക് മടങ്ങി. ദുഷ്ടരെ ശിക്ഷിക്കാനുറച്ചാണ് അദ്ദേഹം വന്നത്. പേടിച്ചരണ്ട ശതധന്വാവ് അക്രൂരനെയും കൃതവർമ്മാവിനെയും സമീപിച്ചു. അവരാണല്ലോ പ്രേരണ ചെലുത്തി അവനെക്കൊണ്ട് ക്രൂരകൃത്യം ചെയ്യിച്ചത്. കൃതവർമ്മൻ സഹായം ചെയ്യാൻ വയ്യെന്ന് പറഞ്ഞൊഴിഞ്ഞു. അക്രൂരൻ പറഞ്ഞു. “കൃഷ്ണനെയും ബലരാമനെയും ശത്രുവാക്കാൻ ആർക്കു കഴിയും? കൃഷ്ണൻെറ ലീലയാണ് ഈ വിശ്വത്തിൻെറ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ. അദ്ദേഹത്തിൻെറ ദിവ്യശക്തികളും ചെയ്തികളും സാധാരണക്കാരായവർക്ക് തിരിച്ചറിയാൻ കഴിയാത്തത് അവിടുത്തെത്തന്നെ മായാശക്തിയാലത്രെ. ഏഴു ദിവസം ഒറ്റക്കയ്യു കൊണ്ട് മലയുയർത്തിപ്പിടിച്ചവനെ എതിരിടാൻ നമുക്കാവുമോ? അതിശയമായ പ്രവൃത്തി വിശേഷങ്ങളുള്ള ഭഗവാൻ കൃഷ്ണനെ ഞാൻ നമിക്കുന്നു. അദ്ദേഹം എല്ലാവരുടെയും ഉള്ളിൻെറ ഉള്ളിലെ സത്തയത്രെ. ശതധന്വാവ് അക്രൂരൻെറ കയ്യിൽ രത്നമേൽപ്പിച്ച് അവിടെനിന്നും ഓടിപ്പോയി. കൃഷ്ണൻ അവനെ പിന്തുടർന്ന് അവൻെറ ഗളഛേദം ചെയ്തു. അവൻെറ ശരീരത്തിൽ പരിശോധന നടത്തിയിട്ട് സ്യമന്തകം കാണായ്കയാൽ കൃഷ്ണൻ വ്യസനിച്ചു. അവനെ വധിച്ചത് വൃഥാവിലായി. രത്നം അവൻെറ കൈവശമായിരുന്നില്ല. ശതധന്വാവ് തൻെറ സുഹൃത്തിൻെറ കയ്യിൽ രത്നം ഏൽപ്പി ച്ചിട്ടുണ്ടാവും എന്ന് ബലരാമൻ അഭിപ്രായപ്പെട്ടു. എന്നിട്ട് ബലരാമൻ മിഥിലയിൽ ജനകമഹാരാജാവിൻെറ അടുക്കൽ കുറച്ചു സമയം ചിലവഴിച്ചു. അവിടെ വച്ചാണ് ദുര്യോധനൻ ഗദായുദ്ധസമ്പ്രദായങ്ങൾ ബലരാമനിൽ നിന്നും അഭ്യസിച്ചത്.

കാര്യങ്ങളെല്ലാമറിഞ്ഞ് അക്രൂരൻ രത്നവുമായി ദ്വാരകയിൽ നിന്നും യാത്രയായി. അക്രൂരൻെറ പിതാവ് ഇന്ദ്രപദവിയിലെത്തിയിരുന്നു. മഴയുടെ ദേവനാണല്ലോ ഇന്ദ്രൻ. അതുകൊണ്ട് തൻെറ പുത്രൻ അക്രൂരനുള്ളിടത്തെല്ലാം മഴ സമൃദ്ധമായിരുന്നു. അക്രൂരൻ ദ്വാരക വിട്ടപ്പോഴേക്കും അവിടെ ദു:ശകുനങ്ങൾ കണ്ടു തുടങ്ങി. ഭഗവാൻ വാണിരുന്ന ദ്വാരകയിൽ ദു:ശകുനങ്ങൾ എങ്ങിനെ കാണപ്പെടാനാണ്? ജനങ്ങളുടെ തേന്നലാവും അത്. എന്നാൽ കൃഷ്ണൻ ഇതറിഞ്ഞ് അക്രൂരനോട് തിരിച്ചുവരാനഭ്യർത്ഥിച്ചു. “ശതധന്വാവ് രത്നം അങ്ങയെ ഏൽപ്പിച്ചു എന്നത് ശരിതന്നെ. എന്നാൽ മരണപ്പെട്ട സത്രാജിത്തിൻെറ സ്വത്താണത്. അതുകൊണ്ട് അദ്ദേഹത്തിൻെറ മക്കൾക്കും കുട്ടികൾക്കും അവകാശപ്പെട്ടതുമാണ്. എന്നാൽ അങ്ങത് സത്യഭാമയ്ക്കു നൽകണം എന്ന് ഞാൻ പറയുന്നില്ല. അവിടുന്ന് സത്യസന്ധനും വിശ്വസിക്കാൻ കൊള്ളാവുന്നവനുമായതിനാൽ സ്യമന്തകം സ്വയം സൂക്ഷിച്ചു കൊൾക. എന്നാൽ എല്ലാവരുടെയും സംശയങ്ങൾ ദൂരീകരിക്കാൻ അതിനെ സഭയിൽ കാണിക്കുക.” അക്രൂരൻ അങ്ങിനെ ചെയ്തു. അങ്ങിനെ സ്യമന്തകവുമായി ബന്ധപ്പെട്ട എല്ലാ കുറ്റങ്ങളിലും ജനം കൃഷ്ണനോട് ക്ഷമിച്ചു.

ഈ അത്ഭുതകരമായ കഥ വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവർക്ക് പാപവിമോചനവും അപവാദങ്ങളിൽ നിന്ന് വിടുതലും മന:ശാന്തിയും ലഭ്യമത്രെ.

## നതേƒസ്˜തി സ്വപരഭ്രാന്തിർവിശ്വസ്യ സുഹൃദാത്മന:
## തഥാപി സ്മരതാം ശശ്വത് ക്ലേശാൻ ഹംസി ഹൃദി സ്ഥിത: (10-58-10)

*ശുകമുനി തുടർന്നു:*
ഒരിക്കൽ കൃഷ്ണൻ പാണ്ഡവരെ സന്ദർശിക്കാനായി ഇന്ദ്രപ്രസ്ഥത്തിലേക്ക് പോയി. പാണ്ഡവരും അവരുടെ അമ്മയായ കുന്തീദേവിയും കൃഷ്ണനെ സ്നേഹബഹുമാനപുരസ്സരം സ്വീകരിച്ചു. കുന്തി പറഞ്ഞു. "അങ്ങ് ഞങ്ങളുടെ സൗഖ്യമന്വേഷിക്കാൻ അക്രൂരനെ അയക്കുമ്പോൾ പോലും ഞങ്ങൾക്കു സൗഭാഗ്യമായി എന്ന് ഞങ്ങൾ കരുതി. അങ്ങേയ്ക്ക് അവിടുത്തേപ്പറ്റിയോ മറ്റുള്ളവരെപ്പറ്റിയോ മായാമോഹങ്ങളൊന്നുമില്ല. കാരണം അങ്ങ് എല്ലാവരുടെയും സർവ്വന്തര്യാമിയും അഭ്യുദയകാംക്ഷി യുമത്രെ. എന്നാൽ അങ്ങയെപ്പറ്റി ചിന്തിക്കുന്നവരുടെ ഉള്ളിൽ നിവസിച്ചു കൊണ്ട് അവരുടെ ദുരിതങ്ങൾ ഇല്ലായ്മ ചെയ്യുന്നതും അവിടുന്നു തന്നെ." കൃഷ്ണൻ പാണ്ഡവരോടൊപ്പം കുറെ മാസക്കാലം ചിലവഴിച്ചു.

ഒരു ദിവസം കൃഷ്ണൻ അർജുനനോടൊപ്പം വനത്തിൽ പോയി. അവിടെ ഒരു സുന്ദരതരുണി ഏകയായി വസിക്കുന്നതു കണ്ടു. അന്വേഷിച്ചതിൽ അവളുടെ പേര് കാളിന്ദി എന്നാണെന്നും ഭഗവാനെ മാത്രമേ വരിക്കൂ എന്ന് ശപഥം ചെയ്ത് കഠിനമായ തപശ്ചര്യകളിലേർപ്പെട്ടിരിക്കുകയാണെന്നും അർജുനൻ മനസ്സിലക്കി. കൃഷ്ണനോട് അർജുനൻ കാര്യങ്ങൾ പറഞ്ഞതനുസരിച്ച് ഭഗവാൻ അവളെ നഗരത്തിലേക്ക് കൂട്ടികൊണ്ടു പോയി. പിന്നീടൊരിക്കൽ അർജുനൻെറ തേരാളിയായി നിന്നു കൊണ്ട് കൃഷ്ണൻ ഖാണ്ഡവവനത്തെ അഗ്നിയ്ക്കു സമർപ്പിച്ചു. ഇതിൽ സംപ്രീതനായ അഗ്നിദേവൻ അർജുനനു ഖാണ്ഡീവം എന്ന ആഗ്നേയാസ്ത്രം സമ്മാനിച്ചു. കൂടെ നല്ലൊരു തേരും. അതേ സമയം അഗ്നിയിൽ നിന്നും തന്നെ രക്ഷിച്ചതിന് നന്ദിയായി മയൻ യുധിഷ്ഠിരനു വേണ്ടി നല്ലൊരു കൊട്ടാരം പണിതു കൊടുത്തു. അതിൽ നിറയെ ദൃഷ്ടി വ്യാമോഹങ്ങളുണ്ടാക്കുന്ന പണിത്തരങ്ങൾ ഒരുക്കിയിരുന്നു.

ദ്വാരകയിലേക്ക് മടങ്ങിയ കൃഷ്ണൻ കാളിന്ദിയെ വിവാഹം കഴിച്ചു. കുറച്ചുകാലം കഴിഞ്ഞ് അവന്തിയിലെ വിന്ദൻെറയും അനുവിന്ദൻെറയും സഹോദരിയായ മിത്രാവിന്ദ തന്നെ വരിക്കാനുറച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ കൃഷ്ണൻ ബലമായി അവളെ വിളിച്ചിറക്കി കൊണ്ടു വന്ന് പാണിഗ്രഹണം ചെയ്തു.

നഗ്നജിത്ത് കോസലരാജ്യത്തെ രാജാവായിരുന്നു. മകൾ സത്യക്ക് അനുരൂപനായ ഒരാളെ കണ്ടെത്താനുള്ള ശ്രമത്തിൽ രാജാവ് ഒരു നിബന്ധന വച്ചിരുന്നു. ഏഴു കൂറ്റൻ കാളകളെ മെരുക്കിയൊതുക്കുന്ന ഒരാൾക്ക് മാത്രമെ തൻെറ മകളെ നൽകൂ എന്നായിരുന്നു അത്. പലേ രാജകുമാരൻമാരും കാളകളൊട് പൊരുതി എല്ലു നുറുങ്ങി മടങ്ങിപ്പോയി. ഒരു ദിവസം കൃഷ്ണൻ കൊട്ടാരത്തിൽ ചെന്നു. രാജാവ് ആഹ്ലാദത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. കൃഷ്ണൻ കുമാരിയെ ചോദിച്ചു. രാജാവിനു സന്തോഷമായിരുന്നു. കുമാരി കൃഷ്ണനിൽ അനുരക്തയുമായിരുന്നു. എന്നാൽ തൻെറ നിബന്ധന രാജാവ് കൃഷ്ണനെ അറിയിച്ചു. സ്വയം ഏഴായി പെരുകി കൃഷ്ണൻ വെറുമൊരു ലീലയായി ഏഴു കാളകളെയും മെരുക്കി ഒതുക്കി. സന്തുഷ്ടനായ രാജാവ് പുത്രിയെ കൃഷ്ണനു നൽകി. വളരെയേറെ സ്ത്രീധനവും നൽകി. രാജകുമാരിയെ പാണിഗ്രഹണം ചെയ്യാൻ ശ്രമിച്ചു തോറ്റ കുമാരൻമാർ വഴിയിൽ ദമ്പതിമാരെ തടഞ്ഞുവെങ്കിലും അർജുനൻ എല്ലാവരെയും ആട്ടിയകറ്റി. പിന്നീട് കൃഷ്ണൻ തൻെറ മുറപ്പെണ്ണായ ഭദ്രയെ വിവാഹം ചെയ്തു. അദ്ദേഹം ലക്ഷ്മണ എന്നു പേരായ മദ്രരാജകുമാരിയെയും കൂട്ടിക്കൊണ്ടു വന്നു. മാത്രമല്ലാ നരകാസുരൻ തടങ്കലിലാക്കി വച്ചിരുന്ന രാജകുമാരിമാരെ രക്ഷിച്ച് അവരെ വിവാഹം കഴിക്കുകയും ചെയ്തു കൃഷ്ണൻ.

**നമ: പങ്കജ നാഭായ നമ: പങ്കജ മാലിനേ**
**നമ: പങ്കജനേത്രായ നമസ്തേ പങ്കജാങ്ഘ്രയേ (10-59-25)**
**നമോ ഭഗവതേ തുഭ്യം വാസുദേവായ വിഷ്ണവേ**
**പുരുഷായാദിബീജായ പൂർണ്ണബോധായ തേ നമ: (10-59-27)**

*ശുകമുനി തുടർന്നു:*
ഭൂമിദേവിയുടെ പുത്രനായ നരകാസുരൻ ഇന്ദ്രന്റെ കുടയും ഇന്ദ്രമാതാവിന്റെ കുണ്ഡലങ്ങളും മോഷ്ടിച്ചു. ഇതറിഞ്ഞ കൃഷ്ണൻ സത്യഭാമയെയും കൂട്ടി പ്രാഗ്ജ്യോതിഷപുരം എന്ന സ്ഥലത്തേയ്ക്കു പറന്നു. പട്ടണത്തിനു ചുറ്റും കുറെ കോട്ടകളും ആയുധങ്ങളും ഉണ്ടായിരുന്നു. എന്നാൽ കൃഷ്ണൻ അവയെ തന്റെ ഗദകൊണ്ട് തരിപ്പണമാക്കി. കോട്ടയുടെ മതിലുകൾ കൃഷ്ണന്റെ ഗദയുടെ അടിയേറ്റു തകർന്നു. കൃഷ്ണന്റെ ശംഖധ്വനിയുടെ തീവ്രതയിൽ ആയുധങ്ങളും നശിപ്പിക്കപ്പെട്ടു. അപ്പോഴേക്കും അഞ്ചു തലയുള്ള മുരൻ എന്ന രാക്ഷസൻ തന്റെ വാസസ്ഥലമായ കടലിൽ നിന്നും കയറി വന്ന് ത്രിശൂലവുമായി കൃഷ്ണനു നേരെ ആക്രമണത്തിന് തയ്യാറായി. രാക്ഷസൻ സൂര്യതുല്യനും ആളിക്കത്തുന്ന തീപോലുള്ളവനുമായിരുന്നു. അവന്റെ അലർച്ച ഭൂമിയെ കുലുക്കി. രണ്ടസ്ത്രം കൊണ്ട് കൃഷ്ണൻ ത്രിശൂലത്തെ മുറിച്ചുടത്തു. പിന്നീട് അവന്റെ വായിൽ ആഞ്ഞൊരിടിയും. മുരൻ തന്റെ ഗദ വീശി. കൃഷ്ണനും തിരിച്ചടിച്ചു. താമസംവിനാ കൃഷ്ണൻ അവന്റെ തലകളഞ്ചും അറുത്തു. പർവ്വതം കണക്കേ അവൻ ചത്തു മലച്ചു. മുരന്റെ ഏഴു പുത്രൻമാരും കൃഷ്ണനെ എതിർത്തു. അവരെയും അവരുടെ ആയുധങ്ങളെയും കൃഷ്ണൻ തകർത്തു കളഞ്ഞു.

നരകാസുരൻ സ്വയം കൃഷ്ണനെ ആക്രമിക്കാൻ വന്നു. അയാൾ കടലാനകളാൽ ചുറ്റപ്പെട്ട് ആഗതനായി. കൃഷ്ണൻ സത്യഭാമയുമൊരുമിച്ച് ഒരാകാശരഥത്തിൽ വന്നു. നരകാസുരൻ ഒരു ചാട്ടുളി അവർക്കു നേരെ വീശി. കൃഷ്ണൻ തിരികേ അയച്ച ആയുധത്തിന് രണ്ടു ചിറകുകളുണ്ടായിരുന്നു. അത് നരകന്റെ പടയെ നാമാവശേഷമാക്കി. ഗരുഢവാഹനമേറി കൃഷ്ണൻ അസുരന്റെ ആനകളെയും നശിപ്പിച്ചു. അവ നഗരത്തിൽ കയറാൻ തുടങ്ങിയിരുന്നു. നരകൻ ഒറ്റക്ക് കൃഷ്ണനെ എതിരിട്ടു. പണ്ട് ഇന്ദ്രന്റെ മേഘാസ്ത്രത്തിനു നേരെ ഉപയോഗിച്ച് വിജയിച്ച അതേ അസ്ത്രം ഗരുഢനു നേരെ പ്രയോഗിച്ചെങ്കിലും അത് വൃഥാവിലായി. അസുരൻ വേറൊരസ്ത്രം പ്രയോഗിക്കാൻ തുടങ്ങും മുൻപ് കൃഷ്ണന്റെ ചക്രായുധം അവന്റെ കഥ കഴിച്ചു. അസുരന്റെ ബന്ധു മിത്രാദികൾ ദു:ഖിച്ചു. ബ്രാഹ്മണരും മഹാത്മാക്കളും സന്തോഷിച്ചു.

അസുരന്റെ മാതാവ് കുണ്ഡലങ്ങൾ തിരിച്ചു നൽകി. വൈജയന്തി എന്ന് പേരുള്ള മാലയും, വരുണന്റെ കുടയും മണിപർവ്വതവും കൃഷ്ണനു തിരിച്ചു നൽകി. അവർ കൃഷ്ണനോട് പ്രാർത്ഥിച്ചു. "നാഭിയിൽ താമരയുള്ള ആ ഭഗവാനായിക്കൊണ്ടു നമസ്ക്കാരം. താമരപ്പൂമാലയിട്ടവനും താമരക്കണ്ണുകളുള്ളവനും താമരക്കൈകളുള്ളവനുമായ ആ പരമപുരുഷനു നമോവാകം. അങ്ങാണ് സകലതിന്റെയും സൃഷ്ടാവും പ്രഭുവും. ദയവായി നരകന്റെ മകനായ ഈ ബാലനെ അനുഗ്രഹിച്ചാലും."

ബാലനെ അനുഗ്രഹിച്ചിട്ട് കൃഷ്ണൻ നരകന്റെ കൊട്ടാരത്തിൽ കയറി. അവിടെ അസുരൻ തടവിലാക്കി യിരുന്ന പതിനാറായിരം രാജകുമാരിമാരെ സ്വതന്ത്രരാക്കി. അവരെല്ലാം ഐകകണ്ഠേന കൃഷ്ണനെ ഭർത്താവായി വരിക്കാൻ ആഗ്രഹിച്ചു. കൃഷ്ണൻ തന്റെ ദിവ്യശക്തിയാൽ അനേകം വ്യക്തികളായി പെരുകി ഓരോ കൊട്ടാരവുമുണ്ടാക്കി ഉത്തമനായ ഗൃഹസ്ഥനായി സഹധർമ്മിണികളുമായി ജീവിച്ചു.

നരകാസുരനുമായുള്ള യുദ്ധം അന്നുണ്ടായിരുന്നേക്കാവുന്ന ആണവായുധങ്ങളെപ്പറ്റിയും മുങ്ങികപ്പലുകളെ പ്പറ്റിയുമുള്ള വിവരണങ്ങളാൽ തുലോം ആകർഷകമത്രെ.

**അസ്പഷ്ട വർത്മനാം പുംസാമലോകപഥമീയുഷാം**
**ആസ്ഥിതാ: പദവീം സുഭ്രൂ: പ്രായ: സീദന്തി യോഷിത: (10-60-13)**
**നിഷ്കിഞ്ചനാവയം ശശ്വന്നിഷ്കിഞ്ചനജനപ്രിയാ:**
**തസ്മാത് പ്രായേണ ന ഹ്യാഢ്യാ മാം ഭജന്തി സുമധ്യമേ (10-60-14)**
**യയോരാത്മസമം വിത്തം ജൻമൈശ്വര്യാ കൃതിർഭവ:**
**തയോർവ്വിവാഹോ മൈത്രീ ച നോത്തമാധമയോ: ക്വചിത് (10-60-15)**
**ഉദാസീനാ വയം നൂനം ന സ്ത്ര്യപത്യാർത്ഥ കാമുകാ:**
**ആത്മലബ്ധ്യാ*ff*സ്മഹേ പൂർണ്ണാ ഗേഹയോർജ്ജ്യോതിരക്രിയ: (10-60-20)**

*ശുകമുനി തുടർന്നു:*
ഒരു ദിനം ഭഗവാൻ തോഴികളാൽ സേവിക്കപ്പെട്ട് രാജകൊട്ടാരത്തിൽ വിശ്രമിക്കുകയായിരുന്നു. ഭഗവാനിൽ അതീവഭക്തിയുള്ള രുഗ്മിണി ഒരു തോഴിയുടെ കയ്യിൽ നിന്നും വീശറി വാങ്ങി ഭഗവാനെ വീശിത്തുടങ്ങി. കാഴ്ചക്ക് രുഗ്മിണി അതീവ സുന്ദരിയായി കാണപ്പെട്ടു. ഭഗവാനെ പ്രേമപൂർവ്വം കടാക്ഷിച്ചു കൊണ്ട് അദ്ദേഹത്തെ പരിസേവിക്കുന്നതിൽ വ്യാപൃതയായിരുന്നു രുഗ്മിണി. മുഖദാവിലും ചുണ്ടത്തും വിളയാടുന്ന പുഞ്ചിരിയോടെ കൃഷ്ണൻ അവളോട് പറഞ്ഞു: പ്രിയേ, എന്നെ ഭർത്താവായി തിരഞ്ഞെടുക്കാൻ നീ എന്തുകൊണ്ടു തുനിഞ്ഞു എന്ന് ഞാൻ അത്ഭുതപ്പെട്ടു പോവുന്നു. മറ്റു രാജകുമാരൻമാരെല്ലാം വലിയ വീരൻമാരും സമ്പന്നരും ശക്തൻമാരുമാണല്ലോ. നീയാണെങ്കിൽ രാജകുമാരി. ഞാൻ നിനക്ക് തുല്യനല്ലതന്നെ. വാസ്തവത്തിൽ ദുഷ്ടരായ രാജാക്കൻമാരെ ഭയന്ന് ഞാൻ കടലിൽ, ദ്വാരകയിൽ അഭയം പ്രാപിച്ചിരിക്കുന്നു. മാത്രമല്ല സ്ഥിരമായൊരു തൊഴിലില്ലാത്തവനെയും പൊതുജനങ്ങളിൽ നിന്ന് വിഭിന്നനായവനെയും വിവാഹം ചെയ്യുകയെന്നാൽ ദുരിതങ്ങൾ സ്വയംവരിക്കുക എന്നർത്ഥം. ഞങ്ങൾ അഗതികളാണ്. ഞങ്ങളെ ആശ്രയിച്ച് കഴിയുന്നവരും തഥൈവ. പൊതുവെ പറഞ്ഞാൽ സമ്പന്നരും പ്രൗഢരും എന്റെ സൗഹൃദം കാംക്ഷിക്കുന്നില്ല. അതുല്യരായവരുമായുള്ള വിവാഹബന്ധുത്വം, സമ്പത്ത്, കുലം, ശക്തി, ഭാവി എന്നിവയെപ്പറ്റി ആലോചിച്ചാൽ അഭിലഷണീയമല്ല. ചിലപ്പോൾ എനിക്ക് തോന്നും നിനക്കു തെറ്റുപറ്റിയാണ് എന്നെ ഇങ്ങിനെ തിരഞ്ഞെടുത്തതെന്ന്. എന്നെ വാഴ്ത്തുന്നത് ഭിക്ഷാംദേഹികൾ മാത്രമാണ്. എനിക്കാണെങ്കിൽ ഗുണഗണങ്ങളുമില്ല. ഇപ്പോഴും നിന്റെ തെറ്റു തിരുത്താൻ വൈകിയിട്ടില്ല. നിനക്ക് അനുയോജ്യനായ ഒരാളെ തിരഞ്ഞെടുത്താലും. മാത്രമല്ല രാജാക്കൻമാരെല്ലാം -നിന്റെ ജ്യേഷ്ഠനടക്കം- എന്നോട് ശത്രുതയിലുമാണ്. അവരുടെ അഹങ്കാരമടക്കാൻ ഞാൻ നിന്നെ തട്ടിക്കൊണ്ടുപോന്നു എന്നേയുള്ളു. വാസ്തവത്തിൽ എനിക്ക് സ്ത്രീകളിലും കുട്ടികളിലും സ്വത്തിലും കമ്പമൊന്നുമില്ല. വീട്ടിൽ പ്രകാശിക്കുന്ന ഒരു വിളക്കുപോലെ ഞാൻ നിലകൊള്ളുന്നു. അത്രമാത്രം.”

രുഗ്മിണിക്ക് ആ വാക്കുകൾ വേദനാജനകമായിരുന്നു. കണ്ണീരുകൊണ്ട് കാഴ്ചമങ്ങി. തുടിപ്പാർന്ന ഹൃദയത്തോടെ വിശറി പിടിക്കാൻപോലും കൈകൾക്ക് ശേഷിയില്ലാതെ രുഗ്മിണി മോഹാലസ്യപ്പെട്ടു വീണു. കൃഷ്ണൻ വെറും തമാശയ്ക്ക്, രണ്ടു രീതിയിൽ വ്യാഖ്യാനിക്കപ്പെടാവുന്ന രീതിയിൽ രുഗ്മിണയെ കളിയാക്കി യതാണ്. ആ വാക്കുകൾ രുഗ്മിണിയെ വേദനിപ്പിച്ചുവെന്നറിഞ്ഞ കൃഷ്ണനും വ്യാകുലപ്പെട്ടു. ആലിംഗനം ചെയ്തു തലോടി ബോധവതിയാക്കി ഭഗവാൻ തന്റെ പ്രേമം അവളെ അറിയിച്ചു. അവളുടെ പ്രതികരണമറിയാനായി ചെയ്തതാണിതെന്നും കൃഷ്ണൻ പറഞ്ഞു. ഇതാണ് ഗൃഹസ്ഥന്റെ സന്തോഷം. തന്റെ സഹധർമ്മിണിയുമായി കുറച്ചു നേരമെങ്കിലും സല്ലപിക്കാൻ സാധിക്കുക.

**നന്വേവമേതദരവിന്ദ വിലോചനാഹ യദ്വൈ ഭവാൻ ഭഗവതോ*f* സദൃശീവിഭ്രമ്ന:**
**ക്വസ്വേ മഹിമ്ന്യ ഭിരതോ ഭഗവാംസ്ത്ര്യധീശ:**
**ക്വാഹംഗുണപ്രകൃതിരജ്ഞഗൃഹീതപാദാ (10-60-34)**
**സത്യം ഭയാദിവ ഗുണേഭ്യ ഉരുക്രമാന്ത: ശേതേ സമുദ്ര ഉപലംഭനമാത്ര ആത്മാ**
**നിത്യം കദിന്ദ്രിയഗണൈ: കൃതവിഗ്രഹസ്ത്വം**
**ത്വത്സേവകൈർനൃപപദം വിധുതം തമോ*f*ന്ധം (10-60-35)**
**നിഷ്കിഞ്ചനോ നനുഭവാൻ നയതോ*f*സ്തികിഞ്ചി**
**ദ്യസ്മൈ ബലിം ബലിഭുജോ*f*പിഹരന്ത്യജാദ്യാ:**
**ന ത്വാ വിദന്ത്യസുതൃപോ*f*ന്തകമാഢ്യതാന്ധാ:**
**പ്രേഷ്ഠോ ഭവാൻ ബലിഭുജാമപിതേ*f*പി തുഭ്യം (10-60-37)**

*ശുകമുനി തുടർന്നു:*
അങ്ങിനെ കൃഷ്ണനാൽ സാന്ത്വനിക്കപ്പെട്ട രുഗ്മിണി ഇങ്ങിനെ പറഞ്ഞു. "തീർച്ചയായും ഞാൻ അങ്ങയേപ്പോലെയല്ല. ശരിതന്നെ. അവിടുന്ന് പരംപൊരുളത്രെ. ത്രിമൂർത്തികളാൽ ആരാധിക്കപ്പെടുന്നവൻ. ഞാനോ ഗുണാധിഷ്ഠമായ ദ്രവ്യരൂപയും അജ്ഞാനികളാൽ പരിസേവിക്കപ്പെടുന്നവളും. അങ്ങ് ഭക്തഹൃദയമാവുന്ന സമുദ്രത്തിലാണു വസിക്കുന്നത് എന്നു പറഞ്ഞതു സത്യം. പ്രകൃതിഗുണങ്ങളെ പേടിച്ചാണല്ലോ അവിടെക്കഴിയുന്നത്. ദുഷ്ടരായ ഇന്ദ്രിയങ്ങളുടെ ശത്രുവാണവിടുന്ന്. അവിടുത്തെ സേവകൻമാർപോലും പരമാധികാരം എന്ന ദോഷത്തെ ഉപേക്ഷിക്കുന്നു. അങ്ങ് ആരുടെയുമല്ലാ അങ്ങേയ്ക്ക് ആരും സ്വന്തമായില്ലതാനും (അകിഞ്ചനൻ) കാരണം അവിടുന്നല്ലാതെ മറ്റൊന്നുമില്ലല്ലോ. തങ്ങളുടെ സമ്പത്തുകളാൽ കണ്ണുമൂടപ്പെട്ടവർ അവിടുത്തെ മനസ്സിലാക്കുന്നില്ല.

ഞാൻ എന്റെ ഭർത്താവിനെ തിരഞ്ഞെടുത്തത് അങ്ങ് ഭഗവാനും, അവിടുത്തെ മഹിമകളെ വാഴ്ത്തുന്ന മാമുനിമാർ ഹിംസയും ഹീനകൃത്യങ്ങളും വെടിഞ്ഞവരാണെന്നും അറിഞ്ഞുകൊണ്ടു തന്നെയാണ്. ഈ വിശ്വത്തിലെ എല്ലാറ്റിൻേറയും ആത്മസത്ത അവിടുന്നത്രെ. രാജാക്കൻമാരെയും വില്ലാളികളെയും അവിടുത്തേയ്ക്കു ഭയമാണെന്നു പറഞ്ഞത് നല്ല തമാശയായി. കാരണം ഭൂമിയിലെ ഏറ്റവും ശക്തനായ പോരാളിപോലും അങ്ങയുടെ തൂണീരനാദശ്രവണമാത്രേന വിറച്ചു പോവുന്നു. ഇതിനൊക്കെപ്പുറമേ അവിടുത്തെ പാദാരവിന്ദങ്ങൾ മുക്തിദായകവുമാണല്ലോ. ഏതൊരു വിഡ്ഢിയാണ് ആ പദകമലങ്ങളെ തൊടാൻ അവസരം കിട്ടിയിശേഷം മറ്റുളളവരുടെ സഹവാസം ആഗ്രഹിക്കുക? അങ്ങ് കുറച്ച് വീരൻമാരുടെയും രാജാക്കൻമാരുടെയും കാര്യം പറഞ്ഞുവല്ലോ. അവരെല്ലാം തങ്ങളുടെ ഭാര്യമാർക്ക് അടിമകളാണ്. ആ സ്ത്രീകൾക്കോ ആ വീരൻമാർ വെറും വീട്ടുമൃഗങ്ങളെപ്പോലെയുമാണ്. അങ്ങു പറഞ്ഞല്ലോ അങ്ങേയ്ക്ക് സ്ത്രീകളിൽ കമ്പമൊന്നുമില്ലെന്ന്. വിവരമുളള ഒരു സ്ത്രീയും ഒരു പുരുഷന്റെ ശരീരത്തെ ഭർത്താവായി വരിക്കയില്ല. കാരണം, ശരീരമെന്നാൽ രക്ത-മല-മൂത്രങ്ങളുടെ സഞ്ചയമായ ഒരു ചെളിക്കൂമ്പാരമാണല്ലോ. ഞാൻ ആഗ്രഹിക്കുന്നത് അവിടുത്തെ പാദാരവിന്ദങ്ങളിൽ നിന്നുമൊഴുകുന്ന നറും തേൻ മാത്രമാണ്.

ഇതു കേട്ട് സംപ്രീതനായ കൃഷ്ണൻ രുഗ്മിണിയെ ശ്ലാഘിച്ചു. "ഞാൻ നിന്നെ ഒന്നു കളിയാക്കിയതാണ്. എന്റെ വാക്കുകളുടെ ഉന്നതമായ അർത്ഥം നിനക്ക് മനസ്സിലായിരിക്കുന്നു. നിന്റെ തീരുമാനങ്ങൾ ആലോചിച്ചുറച്ചവ തന്നെ. മുക്തിസാധകമായ എന്റെ സാമീപ്യം ലഭിച്ചശേഷവും ലൗകീകസുഖങ്ങൾക്കായി പ്രാർത്ഥിക്കുന്നവർ വിഡ്ഢികൾ തന്നെ, സംശയമില്ല. ജ്ഞാനികൾ മുക്തിപദം മാത്രമേ ആഗ്രഹി ക്കയുളളു."

ഈ മട്ടിൽ കൃഷ്ണൻ തന്റെ സഹധർമ്മിണികളേവരുമായി ലീലയാടി. സ്വയം നാമരൂപാദിരഹിതനും യാതൊരുവിധ ആനന്ദാനുഭൂതികളും ആവശ്യമില്ലാത്തവനുമെങ്കിലും ഭഗവാൻ അവരോടെല്ലാം ഒത്തുരമിച്ച് വിളയാടി.

## നിഹതേ രുഗ്മിണി സ്യാലേ നാബ്രവീത് സാധ്വസാധു വാ
## രുഗ്മിണീബലയോ രാജൻ സ്നേഹഭംഗഭയാദ്ധരി: (10-61-39)

*ശുകമുനി തുടർന്നു:*
തനിക്ക് അനേകം സഹധർമ്മിണികളുണ്ടെങ്കിലും കൃഷ്ണൻ എല്ലായ്പ്പോഴും ഓരോരുത്തരുടെ കൂടെയും ഒരേസമയം കഴിഞ്ഞുവന്നു. അവർക്കെല്ലാം കൃഷ്ണൻെറ സദ്രൂപമെന്തെന്നറിയാമയിരുന്നു. കൃഷ്ണൻെറ ദിവ്യ പ്രകൃതിയും അവർക്കറിയാമായിരുന്നു. ഒരോ ഭാര്യമാരും കൃഷ്ണന് പത്തു പുത്രൻമാരെ നൽകി. കാമകലയിൽ വിദഗ്ദ്ധകളായിരുന്നുവെങ്കിലും കൃഷ്ണൻെറ മനമിളക്കാൻ അവർക്ക് കഴിഞ്ഞില്ല. കൃഷ്ണൻെറ സാമീപ്യം അവർ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നതുകൊണ്ട് അദ്ദേഹത്തിനെ സേവിക്കാൻ അവർ സദാ തയ്യാറായിരുന്നു. ദാസികൾ അനവധിയുണ്ടെങ്കിലും കൃഷ്ണനെ അവർ തന്നെ പരിചരിച്ചു.

പ്രദ്യുമ്നൻ തുടങ്ങിയവർ രുഗ്മിണിയുടെ പുത്രൻമാർ. ഭാനു തുടങ്ങിയവർ സത്യഭാമയിലും ശംബൻ തുടങ്ങിയവർ ജാംബവതിയിലും ജനിച്ചു. നഗ്നജിതിയിൽ വീരൻ മുതലായവരും കാളിന്ദിയിൽ ശ്രുതിയും മറ്റും ജനിച്ചു. പ്രഘോഷനും കൂട്ടരും ലക്ഷ്മണയുടെ പുത്രൻമാർ. വൃകനും മറ്റും മിത്രാവിന്ദയുടെ കുട്ടികളായും സംഗ്രാമചിത്ത് തുടങ്ങിയവർ ഭദ്രയിലും ജനിച്ചു. കൃഷ്ണൻ രക്ഷിച്ച പതിനാറായിരത്തിയെട്ടു കന്യകമാരിൽ പ്രമുഖയായ രോഹിണിയിൽ ദീപ്തിമാൻ തുടങ്ങിയ പുത്രൻമാരും കൃഷ്ണനുണ്ടായി.

പ്രദ്യുമ്നൻ രുഗ്മാവതിയെ വിവാഹം ചെയ്തു. രുഗ്മിയുടെ മകളാണ് രുഗ്മാവതി. അവർക്ക് പ്രശസ്തനായ അനിരുദ്ധൻ ജനിച്ചു. പ്രദ്യുമ്നൻ കാമദേവൻെറ ജൻമമായതുകൊണ്ട് രുഗ്മാവതി അദ്ദേഹത്തെ തിരഞ്ഞെടുത്തു. അവളുടെ ആഗ്രഹപ്രകാരം മറ്റു രാജകുമാരൻമാരെ എതിരിട്ടു തോൽപ്പിച്ച് പ്രദ്യുമ്നൻ അവളെ തട്ടിക്കൊണ്ടു പോരുകയാണ് ചെയ്തത്. രുഗ്മി കൃഷ്ണനെതിരായി കൊടിയ പകയുമായി നടന്നു. എങ്കിലും തൻെറ സഹോദരിയായ രുഗ്മിണിയെ വെറുപ്പിക്കാൻ അയാളാഗ്രഹിച്ചില്ല.

ആ കാര്യം കൊണ്ടു തന്നെ തൻെറ ചെറുമകളായ രോചനയെ അനിരുദ്ധനു നൽകാനും രുഗ്മി മടിച്ചില്ല. ആ വിവാഹാഘോഷത്തിൽ പങ്കെടുക്കാൻ കൃഷ്ണനും ബലരാമനും മറ്റ് പ്രഗൽഭരാജാക്കൻമാരും ഭോജകടത്തിൽ സമാഗതരായി. ദുരുപദേശകർ ബലരാമനെ ചൂതുകളിക്കായി വെല്ലുവിളിച്ചു തോൽപ്പിക്കാൻ രുഗ്മിയെ പ്രേരിപ്പിച്ചു. ബലരാമന് ചൂതുകളി പ്രിയമായിരുന്നുവെങ്കിലും നന്നായി കളിക്കാൻ അറിയുമായിരുന്നില്ല. രുഗ്മി തുടർച്ചയായി കളി ജയിച്ചു. ഓരോ തവണയും പന്തയപ്പണം കൂടിപ്പോന്നു. പന്തയപ്പണം വളരെ കൂടുതലായപ്പോൾ ബലരാമൻ ജയിച്ചു. വീണ്ടും ഉയർന്ന പന്തയം. ബലരാമൻ തന്നെ വിജയിച്ചു. എന്നാൽ രുഗ്മി കള്ളക്കളിയിൽ സ്വയം ജയിച്ചതായി പ്രഖ്യാപിച്ചു. ഒരശരീരി ശബ്ദം ബലരാമന് വിജയം എന്ന് പറഞ്ഞുവെങ്കിലും രുഗ്മി അതു വകവച്ചില്ല. അയാൾ ബലരാമനെ അധിക്ഷേപിക്കാൻ തുടങ്ങി. "നീയൊരിടയച്ചെറുക്കൻ. രാജാക്കൻമാരുടെ കളിയായ ചൂതിനെപ്പറ്റി നിനക്കെന്തറിയാം?" ഇതുകേട്ടു ക്രുദ്ധനായ ബലരാമൻ ദുഷ്ടനായ രുഗ്മിയെ തൻെറ ഇരുമ്പുവടികൊണ്ട് വകവരുത്തി. തന്നെ എതിർക്കാൻ വന്ന മറ്റു രാജാക്കൻമാരെയും ബലരാമൻ കാലപുരിക്കയച്ചു. കൃഷ്ണൻ ഇതെല്ലാം നിശ്ശബ്ദനായി കണ്ടിരുന്നു. ഇതു നന്നായി എന്നോ, ഇതു ശരിയായില്ല എന്നോ കൃഷ്ണൻ പറഞ്ഞില്ല. ബലരാമനെയോ രുഗ്മിണിയേയോ വെറുപ്പിക്കാതെ കൃഷ്ണൻ കഴിച്ചു കൂട്ടി. വിവാഹം കഴിഞ്ഞ് എല്ലാവരും ദ്വാരകയിലേക്ക് മടങ്ങി.

**നമസ്യേ ത്വാം മഹാദേവ ലോകാനാം ഗുരുമീശ്വരം**
**പുംസാമപൂർണ്ണകാമാനാം കാമപൂരാമരാങ് ഘ്രിപം (10-62-7)**
**തം നാഗ പാശൈർബ്ബലി നന്ദനോ ബലീ**
**ഘ്നന്തം സ്വസൈന്യം കുപിതോ ബബന്ധ ഹ**
**ഊഷാ ഭൃശം ശോകവിഷാദ വിഹ്വലാ**
**ബദ്ധം നിശമ്യാശ്രുകലാക്ഷ്യരൌദിഷീത് (10-62-35)**

*ശുകമുനി തുടർന്നു:*
ഭഗവാന്റെ പൗത്രനായ അനിരുദ്ധൻ ബാണന്റെ മകളായ ഉഷയെ വിവാഹം കഴിച്ചു. ബലിയുടെ പുത്രനായിരുന്നു ബാണൻ. അഛനേപ്പോലെതന്നെ പ്രജാക്ഷേമതൽപരനും ദാനശീലനും ഗുണവാനുമായിരുന്നു അദ്ദേഹം. അദ്ദേഹം ശോണിതപുരം എന്നു പേരായ നഗരം ഭരിച്ചു. ബാണൻ പരമശിവന്റെ ഭക്തനായിരുന്നു. മഹേശൻ തന്റെ ഭക്തനിൽ സംപ്രീതനായി ഇഷ്ടമുള്ള വരം കൊടുത്തു. എക്കാലവും തന്റെ നഗരത്തിന് കാവൽ നിൽക്കാനാണ് ബാണൻ പരമശിവനോട് ആവശ്യപ്പെട്ടത്. അപ്പോൾമുതൽ ശിവൻ ശോണിതപുരത്തിന്റെ കാവൽക്കാരനായി.

ഒരു ദിവസം തന്റെ ശക്തിയിൽ അഹങ്കാരം പൂണ്ട ബാണൻ പറഞ്ഞു: "ഞാൻ മഹാദേവനെ നമസ്ക്കരിക്കുന്നു. അങ്ങാണ് വിശ്വഗുരു. സർവ്വരുടേയും അഭീഷ്ടം സാധിപ്പിക്കുന്നത് അവിടുന്നത്രേ. ഭഗവൻ, അവിടുന്നെനിക്ക് ആയിരം കൈകൾ നൽകിയിട്ടുണ്ട്. പക്ഷെ അതുകൊണ്ട് യുദ്ധം ചെയ്യാനായി എനിക്കു പറ്റിയ എതിരാളികൾ ആരുമില്ല. എന്റെ ആയിരം കൈകളും ഒരു യുദ്ധത്തിനായി ത്വരകൊള്ളുന്നു. ഞാൻ നോക്കുമ്പോൾ എനിക്കെതിരിടാൻ അവിടുന്നു മാത്രമെയുള്ളു." ഭഗവാൻ ബാണന്റെ അധികപ്രസംഗത്തെ ചിരിച്ചു പുറന്തള്ളി. എന്നിട്ട് പറഞ്ഞു: "ക്ഷമിക്ക് വിഡ്ഢീ, നിന്റെ കൊടിക്കൂറയും താഴെ വീഴും. അന്ന് നിന്നെ എതിർക്കാൻ ശക്തനായ ഒരുവൻ നിന്റെ അഹങ്കാരം നശിപ്പിക്കും."

ബാണന്റെ മകൾ ഉഷ ഒരുരാത്രി തന്നെയൊരു യുവകോമളൻ പുൽകുന്നതായി സ്വപ്നം കണ്ടു. കണ്ണുതുറന്നു നോക്കിയപ്പോൾ ആരെയും കണ്ടില്ല. പ്രേമപരവശയായി അവൾ "അങ്ങെവിടെയാണ് പ്രിയനേ?" എന്നും പറഞ്ഞു കൊണ്ട് നടപ്പായി. ഉഷയുടെ തോഴി ചിത്രലേഖ പലേ ദേവൻമാരുടെയും, ഗന്ധർവ്വൻമാരുടെയും, രാജകുമാരൻമാരുടെയും ചിത്രങ്ങൾ വരച്ച് ഉഷയെ കാണിച്ചു. ഉഷ അതിൽനിന്നും അനിരുദ്ധനെ തിരിച്ചറിഞ്ഞു. താൻ സ്വപ്നത്തിൽ പുൽകിയ കാമുകൻ അനിരുദ്ധൻ തന്നെ. ചിത്രലേഖയ്ക്ക് മാന്ത്രിക ശക്തികളുണ്ടായിരുന്നു. ദ്വാരകയിൽ ഉറങ്ങി കിടന്നിരുന്ന അനിരുദ്ധനെ ചിത്രലേഖ കൊണ്ടുവന്നു.

ബാണന്റെ കൊട്ടാരത്തിൻറ അകത്തളങ്ങളിൽ കനത്ത കാവലുണ്ടായിരുന്നുവെങ്കിലും ഉഷയും അനിരുദ്ധനും അവിടെ സുഖിച്ചു വാണു. കാലക്രമത്തിൽ ഉഷ കന്യകയല്ലെന്ന വസ്തുത മനസ്സിലാക്കിയ കാവൽക്കാർ വിവരം രാജാവിനെ അറിയിച്ചു. രാജാവ് അവിടേയ്ക്ക് പാഞ്ഞുചെന്ന് സത്യം മനസ്സിലാക്കി. ശക്തനായ അനിരുദ്ധൻ ബാണന്റെ യോദ്ധാക്കളെ പലരേയും തോൽപ്പിച്ചു വീഴ്ത്തി. അനിരുദ്ധൻ യോദ്ധാക്കളെ നേരിടുന്ന സമയത്ത് ബാണൻ അവനെ നാഗപാശങ്ങളാൽ കുരുക്കിട്ട് ബന്ധിച്ചു. തന്റെ പ്രിയൻ ബൻധിതനായതു കണ്ട് ഉഷ അലമുറയിടാനും തുടങ്ങി.

**ബ്രഹ്മാസ്ത്രസ്യ ചബ്രഹ്മാസ്ത്രം വായവ്യസ്യ ച പാർവ്വതം**
**ആഗ്നേയയസ്യ ച പാർജ്ജന്യം നൈജം പാശുപതസ്യച (10-63-13)**
**മോഹയിത്വാ തു ഗിരിശം ജൃംഭണാസ്ത്രേണ ജൃംഭിതം**
**ബാണസ്യ പൃതനാം ശൌരിർജ്ജ ഘ്നാനാസിഗദേഷുഭി: (10-63-14)**
**ത്രി ശിരസ്തേ പ്രസന്നോƒസ്മി വ്യേതു തേ മജ്ജ്വരാദ് ഭയം**
**യോ നൌ സ്മരതി സംവാദം തസ്യ ത്വന്ന ഭവേദ് ഭയം (10-63-29)**

*ശുകമുനി തുടർന്നു:*
ദ്വാരകയിൽ അനിരുദ്ധൻെറ തിരോധാനം വലിയ ആകാംക്ഷയുളവാക്കി. നാരദൻ വന്നു പറയുംവരെ കൊട്ടാരത്തിൽ ആർക്കും കാര്യം മനസ്സിലായിരുന്നില്ല. വലിയൊരു സൈന്യവുമായി കൃഷ്ണനും ബലരാമനും ബാണൻെറ തലസ്ഥാനത്തേയ്ക്കു പുറപ്പെട്ടു. നഗരത്തിൻെറ പാലകനായ പരമശിവൻ തൻെറ ഭൂതഗണങ്ങളുമായി അക്രമികളെ നേരിട്ടു. വിണ്ണവർപോലും രോമാഞ്ചചകിതരായി ആ യുദ്ധം നോക്കിനിന്നു. ബാണൻെറ അസ്ത്രങ്ങളോരോന്നും കൃഷ്ണൻ തടുത്തു. ബ്രഹ്മാസ്ത്രത്തെ ബ്രഹ്മാസ്ത്രം കൊണ്ടും അനിലാസ്ത്രത്തെ പർവ്വതം കൊണ്ടും ആഗ്നേയത്തെ വരുണം കൊണ്ടും ശൈവാസ്ത്രത്തെ നാരായണാസ്ത്രം കൊണ്ടും നേരിട്ടു. മനോവിഭ്രമമുണ്ടാക്കാൻ പോന്നൊരസ്ത്രം തൊടുത്ത് ശിവനെ ചിന്താക്കുഴപ്പത്തിലാക്കി കൃഷ്ണൻ ബാണസൈന്യത്തെ നേരിട്ടു. ശിവകുമാരനായ സ്കന്ദൻപോലും തൻെറ യോദ്ധാക്കൾ മരിച്ചു വീഴുന്നതു കണ്ട് പടക്കളത്തിൽനിന്ന് പിൻമാറി.

ബാണൻ കൃഷ്ണനു നേരെ തൻെറ അതിതീവ്രമായ ഒരായുധവുമായി വന്നു. അഞ്ഞൂറ് ദ്വാരങ്ങളും ഓരോ ദ്വാരത്തിലും രണ്ടസ്ത്രങ്ങളും അതിനുണ്ടായിരുന്നു. കൃഷ്ണൻ അതിനെ ബാണൻെറ കയ്യിൽനിന്നും താഴെ വീഴ്ത്തി. തൻെറ പുത്രൻ അപകടത്തിലാണെന്നറിഞ്ഞ ബാണമാതാവ് പടക്കളത്തിൽ നഗ്നയായി നിൽപ്പായി. കൃഷ്ണൻ അവളിൽനിന്നും കണ്ണുമാറ്റിയ തക്കം നോക്കി ബാണൻ നഗരാന്തർഭാഗത്തേക്കൊളിച്ചു. അപ്പോൾ ശിവഗണങ്ങളും കൃഷ്ണശക്തികളുമായി പോരാട്ടം തുടങ്ങി. മൂന്നു തലകളും മൂന്നു കാലുകളുമുള്ള 'ജ്വരം' എന്നു പേരുള്ളൊരു സത്വം കൃഷ്ണനു നേരെ പാഞ്ഞടുത്തു. കൃഷ്ണനും താൻ നിർമ്മിച്ച ഒരു ജ്വരസത്വത്തെ പറഞ്ഞു വിട്ടു. കൃഷ്ണൻെറ ജ്വരം ശിവജ്വരത്തെ പീഡിപ്പിച്ചു തോൽപ്പിച്ചു. ശിവജ്വരം കൃഷ്ണനെ വണങ്ങി ഭഗവാൻെറ ജ്വരത്തെ പിൻവലിക്കാൻ അഭ്യർത്ഥിച്ചു. കൃഷ്ണൻ അപ്രകാരം ചെയ്തു. ഈ യുദ്ധകഥ ഓർക്കുന്നവർക്കൊന്നും ജ്വരബാധയുണ്ടാകുന്നതല്ല. എന്ന് അദ്ദേഹം അരുളിചെയ്തു.

ബാണൻ പടക്കളത്തിലേക്കു തിരിച്ചു വന്നു. തൻെറ ആയിരം കൈകൾ കൊണ്ട് പട പൊരുതി. കൃഷ്ണൻ അവൻെറ കൈകൾ നാലെണ്ണമൊഴികെ എല്ലാം വെട്ടിക്കളഞ്ഞു. അതു കണ്ട് ശിവൻ അഭ്യർത്ഥിച്ചു. "അവിടുന്ന് വിശ്വത്തിൻെറ മുഴുവനും അധീശനും അവിടുത്തെ ശരീരം ഈ വിശ്വവുമത്രെ. എൻെറ ഭക്തനായ ഇവൻെറ ജീവൻ വിട്ടുകൊടുത്താലും." കൃഷ്ണൻ പറഞ്ഞു: "ഇവൻെറ അഹങ്കാരം ശമിപ്പിക്കാനായാണ് കൈകൾ വെട്ടിയത്. ഞാൻ പ്രഹ്ലാദന് കൊടുത്ത വാഗ്ദാനമനുസരിച്ച് അവൻെറ കുടുംബത്തിലുള്ള ആരെയും വധിക്കുന്നതല്ല. ബാണന് നാലു കൈകൾ ഇനിയുമുണ്ട്. അസുരനെങ്കിലും ശേഷകാലം സമാധാനത്തിലും സന്തോഷത്തിലും അവൻ വാഴുന്നതാണ്."

ബാണൻ അനിരുദ്ധനെയും ഉഷയെയും കൃഷ്ണനു കാഴ്ച വച്ചു. എന്നിട്ട് നഗരത്തിലേക്ക് മടങ്ങി. കൃഷ്ണൻ തൻെറ പൌത്രനെയും പൌത്രവധുവിനെയും കൊണ്ട് ദ്വാരകയിലേക്ക് മടങ്ങി. ദ്വാരകാവാസികൾ അവർ തിരിച്ചുവന്നതുകണ്ട് സന്തുഷ്ടരായി.

**ബ്രഹ്മസ്വം ദുരനുജ്ഞാതം ഭുക്തം ഹന്തി ത്രി പൂരുഷം**
**പ്രസഹ്യ തു ബലാത് ഭുക്തം ദശ പൂർവ്വാൻ ദശാപരാൻ (10-64-35)**
**യഥാഹം പ്രണമേ വിപ്രാനനുകാലം സമാഹിത:**
**തഥാ നമത യൂയം ചയോƒന്യഥാ മേ സ ദണ്ഡഭാക് (10-64-42)**

*ശുകമുനി തുടർന്നു:*
ഒരു ദിവസം കൃഷ്ണന്റെ പുത്രൻമാരും മറ്റുള്ളവരും ഒരുദ്യാനത്തിൽ കളിച്ചു രസിക്കുന്ന സമയം അവർ ദാഹം തീർക്കാനായി ഒരു കിണറ്റിൻകരയിലേക്ക് പോയി. അതിൽ അതികായനായൊരോന്തിനെ കണ്ടു. അതിശയപ്പെട്ട് അവർ കാര്യം കൃഷ്ണനോട് പറഞ്ഞു. നേരിട്ടന്വേഷിക്കാൻ ഭഗവാൻ ഉദ്യാനത്തിലെത്തി. കൃഷ്ണന്റെ സ്പർശനമാത്രയിൽ ഓന്ത് തന്റെ രൂപം മാറി സുന്ദരനായ ഒരു രാജകുമാരനായി മാറി. കൃഷ്ണൻ അയാളെ ചോദ്യം ചെയ്തു. രാജകുമാരൻ പറഞ്ഞു. "ഞാൻ നൃഗൻ എന്ന് പേരായ ഒരു രാജാവായിരുന്നു. ഇക്ഷ്വാകുവിന്റെ പുത്രൻ. ദാനധർമ്മകാര്യങ്ങളിൽ ഞാൻ അതീവ പ്രശസ്തനായിരുന്നു. എന്റെ ദീനദയാലുത്വവും അതിരറ്റതായിരുന്നു. ഭൂമിയിലുള്ള മൺതരികളുടെയത്രയെണ്ണം പശുക്കളെ - ആകാശത്തിലെ നക്ഷത്രങ്ങളുടെയത്ര - അല്ലെങ്കിൽ ഭൂമിയിൽ വീഴുന്ന മഴത്തുള്ളികളുടെ അത്ര ഗോദാനങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. അവ ലഭിച്ചവരാകട്ടെ പരമസത്യത്തെ പൂജിക്കുന്ന ബ്രാഹ്മണരും. അവർ വേദപഠനത്തിലും തപശ്ചര്യകളിലും മുഴുകിയവരുമായിരുന്നു.

ഒരിക്കൽ ഞാൻ ദാനം ചെയ്തൊരു പശു കൂട്ടം തെറ്റി, ദാനം ചെയ്യാൻ ഒരുക്കി നിർത്തിയിരുന്നവയുടെ കൂടെ വന്നു ചേർന്നു. അതിനെ ഞാൻ മനസ്സറിയാതെ വീണ്ടും ദാനം ചെയ്തു. ബ്രാഹ്മണൻ പശുക്കളുമായി പോവുമ്പോൾ മുൻപ് ആ പശുവിന്റെ ഉടമസ്ഥനായിരുന്ന ബ്രാഹ്മണൻ ഇടപെട്ട് തർക്കമായി. തർക്കം എന്റെയടുക്കലെത്തി. രണ്ടുപേരെയും സമാധാനിപ്പിക്കാൻ ഞാൻ ശ്രമിച്ചുവെങ്കിലും അതു സാധിച്ചില്ല. അപ്പോഴേക്കും യമഭടൻമാർ എന്നെ കൊണ്ടുപോവാൻ എത്തിയിരുന്നു. ഞാൻ മരിച്ചു വീണു. യമൻ ചോദിച്ചു. "നിങ്ങളുടെ സൽക്കർമ്മങ്ങളുടെ ഫലം ഇപ്പോൾ അനുഭവിക്കുന്നോ അതോ ദുഷ്കർമ്മഫലങ്ങൾ ആദ്യം സ്വീകരിക്കുന്നുവോ? നിങ്ങൾക്ക് സൽക്കർമ്മങ്ങൾ എറെയുണ്ടല്ലോ." ആദ്യം ദുഷ്കർമ്മഫലങ്ങൾ അനുഭവിച്ചു തീർക്കാമെന്ന് ഞാൻ തീരുമാനിച്ചു. അതനുസരിച്ച് യമൻ എന്നെ ഭൂമിയിലേക്ക് തിരിച്ചയച്ചു. ഓരോ ജീവി കളായി ജനിച്ചു ജീവിച്ചുവെങ്കിലും പൂർവ്വജൻമസ്മൃതികൾ എന്നിലുണ്ടായിരുന്നു. അപ്പോഴെല്ലാം ഞാൻ അവിടുത്തെ ഭക്തനുമായിരുന്നു. ഇപ്പോൾ അവിടുത്തെ ദർശനം ലഭിച്ചതിന്റെ ആനന്ദത്തിലാണു ഞാൻ."

രാജാവ് ഭഗവാനെ കുമ്പിട്ട് വണങ്ങി. അപ്പോഴേക്കും അവിടെ സമാഗതമായ ഒരാകാശനൗകയിൽ കയറി അദ്ദേഹം സ്വർഗ്ഗത്തിലേക്ക് പോയി. അവിടെ കൂടിയിരുന്നവരോടായി കൃഷ്ണൻ പറഞ്ഞു. "ബ്രാഹ്മണരോട് അനീതി കാട്ടുകയോ അവരുടെ സമ്പത്ത് അപഹരിക്കുകയോ ചെയ്യുന്നവർക്ക് ഇതൊരു പാഠമാകട്ടെ. ബ്രാഹ്മണസമ്പത്ത് തീ പോലെയാണ്. അതിനെ തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവന്റെ മൂന്ന് തലമുറകൾ നശിക്കുന്നു. ബ്രാഹ്മണന്റെ സമ്പത്തിനെ അവന്റെ സമ്മതം കൂടാതെ ബലം പ്രയോഗിച്ച് കവരുന്നവന്റെ പിതൃക്കളുടെ പത്തുതലമുറകളും ഭാവിയിലെ പത്തുതലമുറകളും നാശഫലങ്ങൾക്കിരയാവുന്നു. ബ്രാഹ്മണസമ്പത്തിനെ മോഹിക്കുന്ന രാജാക്കൻമാർ ഭീകരങ്ങളായ നരകങ്ങളിൽ പതിക്കുന്നു. ബ്രാഹ്മണരുടെ സ്വത്തുക്കളൊന്നും എന്റെ ഖജനായിൽ വീഴാതിരിക്കട്ടെ. ഞാൻ ബ്രാഹ്മണരെ പൂജിച്ചാരാധിക്കുന്നു. നിങ്ങളും അങ്ങിനെ ചെയ്യാൻ ഞാൻ അനുശാസിക്കട്ടെ. നൃഗരാജന്റെ കഥ, ബ്രാഹ്മണസ്വത്ത് അറിഞ്ഞോ അറിയാതെയോ അപഹരിച്ച ഒരുവന്റെ വിധി എന്താണെന്നു നമ്മെ മനസ്സിലാക്കുന്നു.

എല്ലാവരും തങ്ങളുടെ കൊട്ടാരത്തിലേക്ക് മടങ്ങി.

## അദ്യാപി ദൃശ്യതേ രാജൻ യമുനാ*ff*കൃഷ്ടവർത്മനാ
## ബലസ്യാനന്ത വീരസ്യ വിര്യം സൂചയതീവ ഹി (10–65–31)

*ശുകമുനി തുടർന്നു:*
വൃജത്തിലെ തൻെറ ബന്ധുമിത്രാദികളെ കാണാൻ ബലരാമന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം അവിടെ ചെന്നപ്പോൾ ഗോപാലൻമാരും ഗോപികമാരും ഗംഭീരമായ സ്വീകരണം നൽകി. തങ്ങളുടെ ദ്വാരകയിലുള്ള ബന്ധുജനങ്ങളുടെ ക്ഷേമം അന്യോഷിച്ചു. അവർ കൃഷ്ണനെപ്പറ്റി പറഞ്ഞു. “അദ്ദേഹം ഞങ്ങളെപ്പറ്റി ഓർമ്മിക്കുന്നുണ്ടോ?” കൃഷ്ണൻ അവരുടെയിടയിൽ കഴിഞ്ഞുപോയ കാലത്തെപ്പറ്റി അവർ പറയാൻ തുങ്ങി. ദ്വാരകയിൽ സ്ത്രീജനങ്ങൾ കൃഷ്ണൻെറ വാക്കു വിശ്വസിക്കുന്നുണ്ടോ എന്നവർ അത്ഭുതം കൂറി. അതെങ്ങിനെ? ഗോപികമാരോട് ഏറ്റവും അടുപ്പമുണ്ടെന്ന് കാണിച്ചു ജിവിച്ചു വന്നിട്ട് ഒരൊറ്റ നിമിഷം കൊണ്ട് എല്ലാ മമതയും ഉപേക്ഷിച്ച് അദ്ദേഹം പോയില്ലെ? “കൃഷ്ണൻെറ കടക്കണ്ണുകൊണ്ടുള്ള നോട്ടവും പുഞ്ചിരിയും ആർക്കും ചെറുത്തു നിൽക്കാനാവില്ല”, മറ്റൊരു ഗോപിക പറഞ്ഞു. അങ്ങിനെ ദ്വാരകയിലുള്ള സ്ത്രീകളും കൃഷ്ണന് വഴങ്ങിയിരിക്കും. “കൃഷ്ണന് നമ്മെ പിരിഞ്ഞിരിക്കാൻ വൈഷമ്യമില്ലെങ്കിൽ നാമും അദ്ദേഹത്തെ കൂടാതെ ജീവിക്കാൻ പഠിക്കണം. നമുക്ക് മറ്റെന്തെങ്കിലും സംസാരിക്കാം.” എന്നിരുന്നാലും അവരെല്ലാം കൃഷ്ണനിലും, കൃഷ്ണലീലാകഥകളിലും, മഹിമകളിലും അത്യാകൃഷ്ടരായിരുന്നതുകൊണ്ട് ഭഗവാനെപ്പറ്റി സംസാരിക്കുന്നതുതന്നെ അവർക്ക് ആഹ്ലാദം നൽകി. ബലരാമനും സംഭാഷണങ്ങളിൽ പങ്കെടുത്തു. ഗോപികമാർക്ക് ആഹ്ലാദമേകികൊണ്ട് രണ്ടുമാസം അദ്ദേഹം വൃന്ദാവനത്തിൽ കഴിഞ്ഞു.

യമുനാപുളിനത്തിൽ മന്ദമാരുതൻ വീശി. പൗർണ്ണമി ദിനം. ബലരാമൻ ഗോപികമാരോടൊത്ത് രമിക്കുന്നു. വാരുണി എന്ന് പേരായ മദ്യം ലഭിക്കുന്ന ഒരു വൃക്ഷം അവിടെയുണ്ടായിരുന്നു. മദ്യഗന്ധത്തിലാകൃഷ്ടനായ ബലരാമൻ അതെടുത്ത് ആവോളം കുടിച്ചു. ലഹരിപിടിച്ച അവസ്ഥയിൽ അദ്ദേഹം കാട്ടിൽ ചുറ്റി നടന്നു. യമുനാനദിയോട് ഗതിമാറിയൊഴുകാൻ അദ്ദേഹം കൽപ്പിച്ചു. ഗോപികമാരുമായി താൻ നിൽക്കുന്നിടത്ത് ജലക്രീഡ ചെയ്യാനായിരുന്നു ബലരാമൻെറ ഉദ്ദേശം. മത്തുപിടിച്ചവൻെറ പ്രലപനമെന്ന് ധരിച്ച് യമുന ബലരാമൻെറ ആജ്ഞയെ അവഗണിച്ചു. കോപിഷ്ടനായ ബലരാമൻ തൻെറ കലപ്പയുമായി വന്ന് യമുനയെ ആയിരം ചെറു ചാലുകളാക്കുമെന്ന് ഭീഷണിപ്പെടുത്തി. കലപ്പകൊണ്ട് യമുനയെ വലിച്ചിഴക്കാനും തുങ്ങി. ആഴമേറിയ ഒരു ചാലുണ്ടാക്കി ബലരാമൻ.

യമുനാനദി ബലരാമനോട് യാചിച്ചു. ”ഭഗവാനേ ഒരു നിമിഷം അങ്ങാരാണെന്ന് ഞാൻ മറന്നു പോയി. ഞാൻ അങ്ങയെ അഭയം പ്രാപിക്കുന്നു. ആദ്യത്തേതു പോലെ ഒറ്റയായി ഒഴുകാൻ അനുവദിച്ചാലും.” ബലരാമൻ സമ്മതിച്ചു. ഗോപികമാരുമൊത്ത് അദ്ദേഹം യമുനയിൽ ജലക്രീഡ നടത്തി.

“പരീക്ഷിത്തേ, ഇപ്പോഴും യമുന ഒഴുകുന്നത് ബലരാമൻ ചാലുകീറി ഗതിമാറ്റിയിടത്തു കൂടിയാണ്. ബലരാമൻെറ ശക്തിവിശേഷത്തിന് തെളിവായി അതു നിലകൊള്ളുന്നു.”

**സ നിത്യം ഭഗവദ്ധ്യാനപ്രധ്വസ്താഖില ബന്ധന:**
**ബിഭ്രാണശ്ച ഹരേ രാജൻ സ്വരൂപം തൻമയോഽഭവത് (10-66-24)**

*ശുകമുനി തുടർന്നു:*
ബലരാമൻ വൃന്ദാവനത്തിലായിരിക്കുമ്പോൾ കരുഷരാജ്യത്തിലെ രാജാവായിരുന്ന പൗണ്ഡ്രകൻ ദ്വാരകയിലേക്ക് ഒരു ദൂതനെ അയച്ച് ശക്തമായൊരു മുന്നറിയിപ്പ് നൽകി. കൃഷ്ണൻ സ്വയം വാസുദേവനാണെന്ന് കരുതരുതെന്നും താനാണ് ശരിയായ വാസുദേവനെന്നും, അങ്ങിനെ കണക്കാക്കാത്ത പക്ഷം ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്നും ആയിരുന്നു സന്ദേശം. "ആയുധങ്ങളോടെ എനിക്ക് കീഴടങ്ങിക്കൊള്ളുക." കൃഷ്ണനും കൂട്ടരും ഹാർദ്ദവമായി പൊട്ടിച്ചിരിച്ചു. കൃഷ്ണനും തക്കതായൊരു സന്ദേശം അയച്ചു. ആൾമാറാട്ടം ഉടനേ അവസാനിപ്പിക്കാനായിരുന്നു കൃഷ്ണന്റെ താക്കീത്. ഉടനേ തന്നെ കൃഷ്ണൻ കാശിയെ ആക്രമിച്ചു. കരുഷരാജാവപ്പോൾ അവിടെയായിരുന്നു. കൃഷ്ണസേനയെക്കണ്ട് കാശിരാജാവും പൗണ്ഡ്രകനും നഗരത്തിനു വെളിയിൽ സേനയുമായി വന്നു. പൗണ്ഡ്രകൻ കൃഷ്ണന്റെ അതേ വേഷത്തിലായിരുന്നു. സുദർശനം മുതലായ ആയുധങ്ങളും അയാൾ ധരിച്ചിരുന്നു. മഞ്ഞപ്പട്ട്, വനമാല, കിരീടം എല്ലാം ഒരുപോലെ. കൃഷ്ണൻ തന്റെ രൂപത്തെ അനുകരിച്ച പൗണ്ഡ്രകനെ കണ്ട് പൊട്ടിച്ചിരിച്ചു. പൗണ്ഡ്രകന്റെ സൈന്യം കൃഷ്ണസേനയെ ആക്രമിച്ചുവെങ്കിലും ഭഗവാൻ അവരെ പെട്ടെന്നു തന്നെ നശിപ്പിച്ചു. പൗണ്ഡ്രകന്റെ രഥവും അവനെയും കൃഷ്ണൻ നശിപ്പിച്ചു. പെട്ടെന്ന് കാശിരാജന്റെ തലയറുത്ത് തന്റെ അസ്ത്രമുനയിൽ കോർത്ത് നഗരവാതിൽക്കലേക്ക് പറഞ്ഞയച്ചു. പൗണ്ഡ്രകൻ കൃഷ്ണനായി ആൾമാറാട്ടം നടത്തിവന്നു. അദ്ദേഹത്തേപ്പോലെ വേഷം ധരിച്ചു. എപ്പോഴും കൃഷ്ണനെപ്പറ്റി ചിന്തിച്ചും കഴിഞ്ഞു വന്നു. മരിച്ചു വീണപ്പോഴും കൃഷ്ണശരീരം ധരിച്ചാണ് അയാൾ സ്വർഗ്ഗം പൂകിയത്. കൃഷ്ണനും കൂട്ടരും ദ്വാരകയിലേക്ക് മടങ്ങി.

കാശിയിൽ രാജാവ് വധിക്കപ്പെട്ടതറിഞ്ഞ് വലിയ ദു:ഖാചരണം നടന്നു. തന്റെ പിതാവിന്റെ മരണത്തിനു പകരം വീട്ടാൻ കാശി രാജകുമാരൻ ശപഥം ചെയ്തു. കുടുംബപുരോഹിതന്റെ സഹായത്തോടെ ശങ്കരഭഗവാനെ ധ്യാനിച്ച് അയാൾ അഭീഷ്ടവരം നേടി. കുമാരൻ പരമശിവനെ തന്റെ ആഗ്രഹമറിയിച്ചു. പ്രത്യേക തരത്തിലുള്ള ഒരു യാഗം നടത്താൻ ശിവൻ ഉപദേശിച്ചു. യാഗാഗ്നിയിൽ നിന്നും ഭയാനകമായ ഒരു സത്വം ഇറങ്ങിവന്നു. അഗ്നിസ്തംഭം പോലിരുന്ന അത് ദ്വാരകയെ ലക്ഷ്യമാക്കി ഓടി. ദ്വാരകാവാസികൾ പേടിച്ചരണ്ട് ഭഗവാനെ അഭയം തേടി.

സർവ്വാന്തര്യാമിയായ ഭഗവാൻ അഗ്നിസ്തംഭം എന്തെന്ന് മനസ്സിലാക്കി. ഇത്തരം ദ്രോഹശക്തികൾ സാത്വീകരെയും മഹാത്മാക്കളെയും ആരാധിക്കുന്നവർക്ക് ബാധകമാവില്ല തന്നെ. തന്റെ ചക്രത്തിൽ നിന്നുണ്ടാക്കിയ ഒരഗ്നിവലയം കൊണ്ട് കാശിരാജകുമാരൻ പറഞ്ഞയച്ച അഗ്നിസ്തംഭത്തെ ഭഗവാൻ തടഞ്ഞു. അതിനെ ഉത്ഭവസ്ഥാനത്തേക്ക് പാലായനം ചെയ്യിച്ചു. അഗ്നിസ്തംഭം രാജകുമാരനെയും പുരോഹിതൻമാരെയും എല്ലാം നശിപ്പിച്ചു. പരമശിവൻ രാജകുമാരനു മുന്നറിയിപ്പ് നൽകിയിരുന്നു. യാഗങ്ങൾ കൊണ്ടുണ്ടാവുന്ന സിദ്ധികൾ മഹാത്മാക്കളെ പൂജിക്കുന്നവർക്കെതിരായി പ്രവർത്തിക്കയില്ലെന്ന് ഭഗവാൻ പറഞ്ഞുവെങ്കിലും തന്റെ പിതാവിന്റെ മരണത്തിനു പകരം വീട്ടാൻ കുമാരന് തിടുക്കമുണ്ടായിരുന്നതിനാൽ അയാൾ ഉപദേശം ചെവിക്കൊണ്ടില്ല.

ഈ കഥയെ ധ്യാനിക്കുന്നവർക്ക് പാപവിമോചനം സിദ്ധിക്കുന്നു.

**ജയ ശബ്ദോ നമശ്ശബ്ദ: സാധു സാദ്ധ്വിതി ചാംബരേ**
**സുരസിദ്ധമുനീന്ദ്രാണാമാസീത് കുസുമ വർഷിണാം (10-67-27)**
**ഏവം നിഹത്യ ദ്വിവിദം ജഗദ്വ്യതി കരാവഹം**
**സംസ്തൂയമാനോ ഭഗവാജ്ഞനൈ: സ്വപുരമാവിശൽ (10-67-28)**

*ശുകമുനി തുടർന്നു:*
അക്കാലത്ത് ദ്വിവിദൻ എന്ന് പേരിൽ ഒരു വാനരൻ നരകാസുരന്റെ സുഹൃത്തായി വാണിരുന്നു. ഭഗവാൻ നരകനെ വധിച്ചതിന്റെ പക തീർക്കാനായി നാട്ടിലവൻ നാശനഷ്ടങ്ങൾ വരുത്തി വന്നു. പതിനായിരം ആനകളുടെ ശക്തിയുണ്ടായിരുന്നു അവനെന്നാണ് കഥ. കൃഷ്ണന്റെ രാജ്യാതിർത്തിക്കുള്ളിലായിരുന്നു അവന്റെ സംഹാരപ്രവൃത്തികൾ. അവൻ മലകളിടിച്ചും വീടുകൾ നശിപ്പിച്ചും, വെള്ളപ്പൊക്കമുണ്ടാക്കി കടലോരങ്ങളിലെ ഗൃഹങ്ങൾ നശിപ്പിച്ചും രസിച്ചു. മാമുനിമാരുടെ പർണ്ണശാലകളെ ആക്രമിക്കാനും അവൻ മടി കാണിച്ചില്ല. അവരുടെ യാഗസ്ഥലങ്ങളെ അവൻ വൃത്തികേടാക്കി. ആണുങ്ങളെ തടവിലാക്കി അവരുടെ സ്ത്രീകളെ അവൻ മാനഭംഗപ്പെടുത്തി.

ഒരു ദിനം രൈവതകമലയുടെയടുക്കൽ മധുരസംഗീതം കേട്ട് ദ്വിവിദൻ അവിടെയെത്തി. ബലരാമൻ ഒരു കൂട്ടം സ്ത്രീകളുമായി ലീലയിലേർപ്പെട്ടിരിക്കുന്നു. കാടുനശിപ്പിച്ചും മർക്കടചേഷ്ടകൾ കാണിച്ചും അവൻ ബലരാമനെ ക്രുദ്ധനാക്കി. ബലരാമൻ വലിയൊരു കല്ലെടുത്ത് അവനെയിടിച്ചു. വാനരൻ അതൊഴിവാക്കി വീണ്ടും സ്ത്രീകളെ ശല്യപ്പെടുത്തി. പിന്നീട് അവിടെ വലിയൊരു ദ്വന്ദയുദ്ധം നടന്നു. മരങ്ങളും പാറകളും അവർ പരസ്പരം വലച്ചെറിഞ്ഞു. മുഷ്ടി ചുരുട്ടി ദ്വിവിദൻ ബലരാമന്റെ നെഞ്ചിൽ ആഞ്ഞടിച്ചു. ബലരാമനും തന്റെ ആയുധങ്ങൾ വലിച്ചെറിഞ്ഞ് അവനെ മുഷ്ടികൊണ്ട് പ്രഹരിക്കാൻ തുടങ്ങി. തോളെല്ലു പൊട്ടി രക്തം ഛർദ്ദിച്ച് അവൻ നിലത്തു കുഴഞ്ഞു വീണ് മരിച്ചു. "ദേവൻമാരും മഹാത്മാക്കളും ആകാശനൗകകളിൽ നിന്ന്കൊണ്ട് യുദ്ധം കാണുന്നുണ്ടായിരുന്നു. ബലരാമനു മേൽ അവർ പുഷ്പവൃഷ്ടി നടത്തി. അവിടുന്നു ജയിക്കട്ടെ."

"വിജയീഭവ" എന്നിങ്ങനെയും "ഭേഷ്, ബലേഭേഷ്" എന്നും പറഞ്ഞ് അവർ ബലരാമനെ അനുഗ്രഹിച്ചു. ദ്വിവിദനെ കൊന്ന് നാടിനെ രക്ഷിച്ച് ബലരാമൻ നഗരത്തിൽ തിരിച്ചെത്തിയപ്പോൾ ജനങ്ങൾ അദ്ദേഹത്തിന്റെ മഹിമകൾ വാഴ്ത്തി.

**രാമ രാമാഖിലാധാര പ്രഭാവം ന വിദാമ തേ**
**മൂഢാനാം ന: കുബുദ്ധീനാം ക്ഷന്തുമർഹസ്യതിക്രമം (10-68-44**
**ത്വമേവ മൂർദ്ധ്നീദമനന്ത ലീലയാ**
**ഭൂമണ്ഡലം ബിഭർഷി സഹസ്രമൂർദ്ധൻ**
**അന്തേ ച യ: സ്വാത്മനി രുദ്ധവിശ്വ:**
**ശേഷേ ƒദ്വിതീയ: പരിശിഷ്യമാണ: (10-68-46)**
**നമസ്തേ സർവ്വ ഭൂതാത്മൻ സർവ്വശക്തി ധരാവ്യയ**
**വിശ്വകർമ്മൻ നമസ്തേƒസ്തു ത്വാം വയം ശരണം ഗതാ: (10-68-48)**

*ശുകമുനി തുടർന്നു:*
ജാംബവതിയിലുണ്ടായ കൃഷ്ണപുത്രൻ സാംബൻ ദുര്യോധനന്റെ പുത്രി ലക്ഷ്മണയെ സ്വയംവരപ്പന്തലിൽ നിന്നും തട്ടിക്കൊണ്ടുപോയി. കൗരവൻമാർ സാംബനെ പിന്തുടർന്നു. അവനുനേരെ അസഭ്യം ചൊരിഞ്ഞു കൊണ്ട് ദുര്യോധനടക്കം ആറു യുദ്ധവീരൻമാർ സാംബനു നേരെ അസ്ത്രപ്രയോഗം തുടങ്ങി. കൃഷ്ണപുത്രനായ സാംബൻ ക്രുദ്ധനായി. ഒരാളെ ആക്രമിക്കാൻ ഇത്രയും പേർ വരുന്നത് ധർമ്മയുദ്ധത്തിനു നിരക്കുന്നതല്ല. ഒറ്റയ്ക്ക് ആറു പേരുടെ നേർക്കും സാംബൻ തുരുതുരെ അസ്ത്രങ്ങൾ അയച്ചു. അവരുടെ തേരുകളും കുതിരകളും അവരുമെല്ലാം സാംബന്റെ അസ്ത്രങ്ങൾക്കിരയായി. എന്നാൽ അവർ എണ്ണത്തിൽ കുറെയേറെയുണ്ടായിരുന്നതുകൊണ്ട് സാംബൻ പരാജയപ്പെട്ടു. സാംബനെ ബന്ധനസ്ഥനാക്കി കൗരവർ ഹസ്തിനപുരത്തേക്ക് കൊണ്ടുപോയി.

കൃഷ്ണപുത്രനോടു ചെയ്ത കടുംകയ്യിനെപ്പറ്റി നാരദനിൽനിന്നും യാദവർ അറിഞ്ഞു. ഉഗ്രസേനന്റെ ആജ്ഞപ്രകാരം ഹസ്തിനപുരത്തെ ആക്രമിക്കാൻ അവർ തയ്യാറെടുത്തു. എന്നാൽ ബലരാമൻ അവരെ തടഞ്ഞു. കാരണം ഇത്തരമൊരു ചെറിയ കാര്യത്തിന് യുദ്ധം നടത്തുന്നത് ഉചിതമല്ലെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. താൻ സ്വയം ഹസ്തിനപുരത്തു പോയി കൗരവരുടെ അടുക്കൽ നിന്നും സാംബനെ മോചിപ്പിച്ചു കൊണ്ടു വരാമെന്ന് ബലരാമൻ പറഞ്ഞു.

ഹസ്തിനപുരത്തിന്റെ പ്രാന്തപ്രദേശത്തെത്തിയപ്പോൾ ബലരാമൻ ഉദ്ധവന്റെ പക്കൽ ഒരു സന്ദേശം കൊടുത്തയച്ചു. ബലരാമൻ സന്ദർശനത്തിനെത്തിയതറിഞ്ഞ് കൗരവർ ഏറെ സന്തോഷിച്ചുവെങ്കിലും എന്തിനാണു വന്നിട്ടുള്ളതെന്നറിഞ്ഞ് അസന്തുഷ്ടരായി. തങ്ങളുടെ ശക്തിയിലും അധികാരഗർവ്വിലും വിവേകം നഷ്ടപ്പെട്ട അവർ യാദവരെ നിന്ദിച്ച് ഒരു ദൂതു കൊടുത്തയച്ചു. "അവർ ഒരു രാജ്യം ഭരിക്കുന്നതിന്റെ സൗഭാഗ്യമനുഭവിക്കുന്നത് ഞങ്ങളുടെ ഔദാര്യം കൊണ്ടു മാത്രമാണ്. വെറും പാദരക്ഷകളാണ് ഞങ്ങൾക്കവർ. എന്നിട്ട് ഞങ്ങളുടെ കിരീടമാവാനാണാഗ്രഹം. ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞുതരാൻ അവർക്കെത്ര ഔദ്ധത്യമാണെന്നു നോക്കൂ!"

ബലരാമൻ ക്രുദ്ധനായി. "ഞാൻ എല്ലാവരെയും നശിപ്പിക്കാൻ പോവുന്നു" എന്നലറിക്കൊണ്ട് തന്റെ ദിവ്യാസ്ത്രമായ കലപ്പയുമേന്തി ഹസ്തിനപുരത്തെ ആകെ ഉഴുതുമറിക്കാൻ തുടങ്ങി. നഗരം ബലരാമന്റെ കലപ്പയിലുയർന്നു. ബലരാമൻ ഗംഗാതീരത്തേക്ക് നഗരത്തെ വലിച്ചിഴക്കാൻ തുടങ്ങി. നഗരവാസികളും നഗരത്തോടൊപ്പം വിറച്ചു. കൗരവർ കീഴടങ്ങി. അവർ സാംബനെയും ലക്ഷ്മണയെയും ബലരാമനു മുന്നിൽക്കൊണ്ടു വന്നു. "ഞങ്ങൾക്ക് മാപ്പു നൽകിയാലും. അവിടുത്തെ ശരിയായ മഹത്വം ഞങ്ങൾ മറന്നു പോയി. അവിടുന്ന് ഭൂമിയെ താങ്ങി നിർത്തുന്നു. അവസാനം വിശ്വപ്രളയത്തിനുശേഷം അവശേഷിക്കുന്നത് അവിടുന്നു മാത്രം. സകല ജീവജാലങ്ങളുടെയും ആത്മസത്തയും സർവ്വശക്തിമാനുമായ അവിടേക്ക് നമസ്കാരം ഞങ്ങൾ അങ്ങയെ അഭയം പ്രാപിക്കുന്നു." ദുര്യോധനൻ തന്റെ മകളെ മാത്രമല്ലാ കുറെയേറെ സമ്പത്തും ദമ്പതികൾക്ക് നൽകി. ബലരാമൻ ദ്വാരകയിലേക്ക് മടങ്ങി സംഭവങ്ങളെല്ലാം വിവരിച്ചു. ഇന്നും ഹസ്തിനപുരം ഗംഗാനദിയിലേക്ക് ചെരിഞ്ഞാണ് നിലകൊള്ളുന്നത്.

**തം സന്നിരീക്ഷ്യ ഭഗവാൻ സഹസോത്ഥിത: ശ്രീ -**
**പര്യങ്കത: സകലധർമ്മഭൃതാം വരിഷ്ഠ:**
**ആനമ്യ പാദയുഗളം ശിരസാ കിരീട**
**ജൂഷ്ടേന സാഞ്ജലിരവീവിശദാസനേ സ്വേ (10-69-14)**
**തസ്യാ വനിജ്യ ചരണൌ തദപ: സ്വമൂർദ്ധ്നാ -**
**ബിഭ്ര ജ്ജഗദ് ഗുരുതരോƒപിസതാം പതിർഹി**
**ബ്രഹ്മണ്യദേവ ഇതി യദ്ഗുണനാമ യുക്തം**
**തസ്യൈവ യച്ചരണശൌചമശേഷതീർത്ഥം (10-69-13)**
**ബ്രഹ്മൻ ധർമ്മസ്യ വക്താഹം കർത്താ തദനുമോദിതാ**
**തച്ഛിക്ഷയം ല്ലോകമിമമാസ്ഥിത: പുത്ര മാ ഖിദ: (10-69-40)**

*ശുകമുനി തുടർന്നു:*
നരകാസുരൻ വധിക്കപ്പെട്ട കാര്യവും ഭഗവാൻ പതിനാറായിരം രാജകുമാരിമാരെ തടവിൽ നിന്നു മോചിപ്പിച്ച് കല്ല്യാണം കഴിച്ചുവെന്നും നാരദൻ അറിഞ്ഞു. നാരദന് കൃഷ്ണൻ എങ്ങിനെയാണ് ഗൃഹസ്ഥാശ്രമധർമ്മം നിറവേറ്റുന്നതെന്ന് അത്ഭുതമായി. സ്വയം ആ അത്ഭുതം വീക്ഷിക്കാൻ അദ്ദേഹം ദ്വാരകയിലേയ്ക്കു പോയി. ദ്വാരക അതീവസുന്ദരമായ ഒരത്ഭുതനഗരം തന്നെയായിരുന്നു. ചെറുതും വലുതുമായ തടാകങ്ങളിൽ താമരപ്പൂക്കളും ഹംസങ്ങളും വിഹരിച്ചു. തൊള്ളായിരമായിരം മണിമന്ദിരങ്ങൾ നഗരത്തെ അലങ്കരിച്ചു. അവയുടെ ചുമരുകൾ വിലപിടിച്ച കല്ലുകൾ, സ്വർണ്ണം, വെള്ളി, സ്ഫടികം ഇവയാൽ മോടി പിടിപ്പിച്ചിരുന്നു. നഗരത്തിൻെറ രൂപരേഖയും ആസൂത്രണവും അതീവ വൈദഗ്ദ്ധ്യം നിറഞ്ഞതായിരുന്നു. പാതകളും, വാണിജ്യ കേന്ദ്രങ്ങളും, സമ്മേളനക്കളരികളും, അമ്പലങ്ങളും എല്ലാം കൊണ്ടും യാതൊന്നിനും കുറവില്ലാത്ത ഒരു നഗരം. ദേവൻമാരുടെ വാസ്തുകലാവിദഗ്ദ്ധനായ വിശ്വകർമ്മാവാണ് ദ്വാരകയുടെയും ശിൽപി. അദ്ദേഹം തന്നെയാണ് ഇതു പണിതതും. നാരദൻ ഒരു മാളികയിൽ കയറി. അവിടെ ഭഗവാൻ രുഗ്മിണിയുമായി ഒരു മഞ്ചത്തിലിരിക്കുന്നു. മുനിയെക്കണ്ട മാത്രയിൽ കൃഷ്ണൻ ചാടിയെഴുന്നേറ്റു വണങ്ങി, സ്വാഗതം ചെയ്ത് അഭിവാദ്യം ചെയ്തു. നാരദൻെറ പാദങ്ങൾ കഴുകി ആ തീർത്ഥജലം സ്വന്തം ശിരസ്സിൽ തൂകി. എന്നിട്ടദ്ദേഹത്തിനെ മഞ്ചത്തിലുപവിഷ്ടനാക്കി. അങ്ങിനെ സർവ്വലോകാധീശനായ ഭഗവാൻ തൻെറ ബ്രാഹ്മണഭക്തി വെളിവാക്കി. അതിനാൽ ഭഗവാൻ ബ്രാഹ്മണ്യദേവൻ എന്നും അറിയപ്പെടുന്നു. കൃഷ്ണൻ നാരദനോട് ചോദിച്ചു. “ഞങ്ങൾ എങ്ങിനെയാണ് അവിടുത്തെ സേവിക്കേണ്ടതെന്ന് ദയവായി പറഞ്ഞാലും”. ഭഗവൽപ്പദകമലങ്ങൾ എന്നും ഹൃദയത്തിൽ സമുജ്ജ്വലിക്കണമെന്ന് മാത്രമേ താൻ ആഗ്രഹിക്കുന്നുള്ളൂവെന്ന് മാമുനി മറുപടിയും പറഞ്ഞു.

തൻെറ ജിജ്ഞാസയെ സംതൃപ്തിപ്പെടുത്താൻ നാരദൻ മറ്റൊരു ഗൃഹത്തിൽ പോയി. അവിടെയും കൃഷ്ണൻ സഹധർമ്മിണിയുമായി ഗൃഹധർമ്മങ്ങളിലേർപ്പെട്ടിരിക്കുന്നു. അവിടെയും കൃഷ്ണൻ നാരദനെ എതിരേറ്റു പൂജിച്ചു. അങ്ങിനെ നാരദൻ സന്ദർശിച്ച ഗൃഹങ്ങളിലെല്ലാം കൃഷ്ണനെയും ഓരോ സഹധർമ്മിണിയേയും നാരദൻ കണ്ടു. ധാർമ്മീകമോ ഗൃഹസ്ഥമോ ആയ കാര്യങ്ങൾ നടത്തിക്കൊണ്ട് അവർ കഴിയുന്നു. അവസാനം കയറിയ വീട്ടിൽ വച്ച് നാരദൻ തൻെറ അത്യാദിശയം വെളിവാക്കി. അതിനു മറുപടി യായി ഭഗവാൻ പറഞ്ഞു. “മഹാത്മാവേ, ഞാൻ ധർമ്മസംസ്ഥാപകനാണ്. ഞാൻ ധർമ്മമാചരിക്കുന്നു. ഞാൻ ധർമ്മത്തെ അംഗീകരിക്കുന്നു. ഞാൻ എൻെറ പ്രവൃത്തികളാലുദാഹരണമേകി മറ്റുള്ളവർക്ക് മാതൃകയാവുന്നു.” കൃഷ്ണൻെറ അലൗകീകമായ പ്രഭാവത്തിലും ശക്തിവിശേഷത്തിലും വിസ്മയം പൂണ്ട് നാരദൻ യാത്രയായി. അങ്ങിനെ ഭഗവാൻ ഉത്തമനായ ഒരു ഗൃഹനാഥൻെറ ജീവിതം, അനേകം സഹധർമ്മിണികളുണ്ടെങ്കിലും ഓരോരുത്തരുമൊത്ത് നയിച്ചു. ഈ മഹൽസത്യത്തെ ധ്യാനിക്കുന്നവർക്ക് ഭഗവൽഭക്തിയുണ്ടാവുന്നു.

**ബ്രാഹ്മേ മുഹൂർത്തേ ഉത്ഥായ വാര്യുപസ്പൃശ്യ മാധവ:**
**ദധൌ പ്രസന്നകരണ ആത്മാനം തമസ: പരം (10-70-4)**
**ഏകം സ്വയം ജ്യോതിരനന്യമവ്യയം**
**സ്വസംസ്ഥയാ നിത്യനിരസ്തകല്മഷം**
**ബ്രഹ്മാഖ്യമസ്യോദ് ഭവനാശഹേതുഭി:**
**സ്വശക്തി ഭിർല്ലക്ഷിതഭാവനിർവൃതിം (10-70-5)**
**അതാപ്ലു തോ$f$ംഭസ്യമലേ യഥാവിധി**
**ക്രിയാ കലാപം പരിധായ വാസസീ**
**ചകാര സന്ധ്യോപഗമാദി സത്തമോ**
**ഹുതാനലോ ബ്രഹ്മ ജജാപവാഗ്യത: (10-70-6)**

*ശുകമുനി തുടർന്നു:*
ശ്രീകൃഷ്ണൻ ബ്രാഹ്മമുഹൂർത്തത്തിൽ (സൂര്യോദയത്തിന് രണ്ടരമണിക്കൂർ മുൻപ്) ദിവസവുമെഴുന്നേറ്റ് ദേഹശുദ്ധി വരുത്തി. എന്നിട്ട് ഇരുട്ടിനതീതവും സ്വയം പ്രകാശിതവും അനന്തവും അനശ്വരവും പരമ പവിത്രവും ബ്രഹ്മമെന്നറിയപ്പെടുന്നതും വിശ്വസൃഷ്ടിസ്ഥിതിസംഹാരപ്രവൃത്തികളാൽ അനന്ത സാദ്ധ്യതകളെ വെളിവാക്കുന്നതുമായ ആത്മാവിനെ ഭഗവാൻ ധ്യാനിച്ചു. കുളികഴിഞ്ഞ് പുതുവസ്ത്രങ്ങളുമണിഞ്ഞ് ഗായത്രീ ജപത്തോടെ ഭഗവാൻ സൂര്യോദയപൂജകളും അനുഷ്ഠിക്കുന്നു. അദ്ദേഹം സൂര്യനും സകലകാലങ്ങളിലേയും ഋഷിവര്യൻമാർക്കും പിതൃക്കൾക്കും പൂജയർപ്പിച്ചു. ഇവയെല്ലാം ഭഗവാൻെറ സ്വന്തം അംശങ്ങളത്രെ. എന്നിട്ട് പശുക്കളെയും ബ്രാഹ്മണരേയും മുതിർന്നവരേയും മറ്റു ജീവജാലങ്ങളെയും വണങ്ങി - ഇവയെല്ലാം അവിടുത്തെ ആത്മഭാവങ്ങളത്രെ. ഭാര്യമാർക്കും ബന്ധുമിത്രാദികൾക്കുമെല്ലാം എണ്ണമൊടുങ്ങാത്ത അനുഗ്രഹാശിസ്സുകളും ഭഗവാൻ നൽകി. പ്രഭാതകാലത്ത് തന്നെ ഭഗവാൻ രാജസഭയിലേക്ക് തിരിച്ചു. കൃഷ്ണനും മറ്റു സഭാവാസികളും സ്വസ്ഥാനങ്ങളിലുപവിഷ്ടരാവുമ്പോൾ സഭയിൽ കലാകാരൻമാരും വിദൂഷകരും കവികളും ഗായകരും നർത്തകരും അവരെ രസിപ്പിച്ചു. രാജഭരണസംബന്ധമായ കാര്യങ്ങൾ തുടങ്ങുകയായി. ഒരു ദിവസം സഭയിലേക്ക് ദൂതുമായി ഒരാൾ വന്ന് കൃഷ്ണന് നിവേദനം സമർപ്പിച്ചു. അയാൾ ജരാസന്ധൻെറ തടവിൽ കിടക്കുന്ന കുറേ രാജാക്കൻമാരെ പ്രതിനിധീകരിച്ച് കൃഷ്ണൻെറ സഹായം തേടി വന്നതാണ്. ജരാസന്ധൻ ദിനംപ്രതി സ്വേഛാധിപത്യം കൂട്ടുകയാണെന്നും എത്രയും പെട്ടെന്ന് ഭഗവാൻ അവരുടെ ദുരിതം അവസാനിപ്പിക്കണമെന്നുമായിരുന്നു രാജാക്കൻമാർക്ക് പറയാനുണ്ടായിരുന്നത്. അവർ പ്രാർത്ഥിച്ചു. “അവിടുന്ന് വിശ്വനാഥനത്രെ. ധർമ്മസംരക്ഷണ ത്തിനായും ദുഷ്ടനിഗ്രഹത്തിനായും അവിടുന്ന് അവതരിച്ചിരിക്കുകയാണല്ലോ. അവിടുത്തെ പാദങ്ങളെ ആശ്രയിക്കുന്നവരുടെ പൂർവ്വകർമ്മഫലങ്ങൾ പോലും നിർവീര്യമാകുന്നു. ഞങ്ങളെ മോചിതരാക്കിയാലും.”

അല്പസമയം കഴിഞ്ഞപ്പോൾ നാരദൻ സഭയിൽ പ്രവേശിച്ചു. ഭഗവാൻ സിംഹാസനത്തിൽ നിന്നെഴുന്നേറ്റ് മുനിയെ നമസ്കരിച്ചു. അതീവ ബഹുമാനത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. മൂന്നു ലോകങ്ങളുടേയും ക്ഷേമം മുനിയോടന്വേഷിച്ചു. “അവിടുന്ന് എല്ലാമറിയുന്നു. എല്ലായിടത്തും അങ്ങയുടെ സാന്നിദ്ധ്യമുണ്ടല്ലോ” എന്ന് പറഞ്ഞു കൊണ്ടാണ് ഭഗവാൻ നാരദനോട് സംസാരിച്ചു തുടങ്ങിയതു തന്നെ. യുധിഷ്ഠിരൻ രാജസൂയയാഗം നടത്താൻ ആഗ്രഹിക്കുന്നുവെന്നും ആയതിൽ മാമുനിമാരും ദേവൻമാരും രാജാക്കൻമാരോടൊപ്പം പങ്കെടുക്കുന്നതാണെന്നും നാരദൻ അറിയിച്ചു. യുധിഷ്ഠിരൻ കൃഷ്ണനെ പ്രത്യേകമായി പൂജിക്കുന്നതുമാണ്. ഉടനേതന്നെ ഭഗവാൻ ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകണമെന്ന് മുനി അപേക്ഷിച്ചു. അവിടെ രാജസൂയത്തിന് ഭഗവാൻ അദ്ധ്യക്ഷം വഹിക്കണം. സഭയിലെ പലർക്കും ജരാസന്ധനെ വകവരുത്താൻ വൈകരുതെന്ന അഭിപ്രായമുണ്ടായിരുന്നു. നാരദൻെറ ഉപദേശം അവർക്കത്ര തൃപ്തികരമായിരുന്നില്ല. കൃഷ്ണൻ ഉദ്ധവനു നേരെ തിരിഞ്ഞ് ഉപദേശമാരാഞ്ഞു. “അങ്ങ് എൻെറ കണ്ണുകളത്രെ. എന്താണിപ്പോൾ ചെയ്യേണ്ടതെന്ന് അങ്ങേക്കറിയാം. എനിക്ക് അങ്ങിൽ സമ്പൂർണ്ണ വിശ്വാസമാണുള്ളത്. എന്താണ് ചെയ്യേണ്ടതെന്ന് ഉപദേശിച്ചാലും. ഞാൻ അതനുസരിച്ചു പ്രവർത്തിച്ചു കൊള്ളാം.”

**ദോർഭ്യം പരിഷ്വജ്യ രമാമലാലയം**
**മുകുന്ദഗാത്രം നൃപതിർഹതാശുഭ:**
**ലേഭേ പരാം നിർവൃതിമശ്രു ലോചനോ**
**ഹൃഷ്യത്തനുർ വിസ്മൃതലോകവിഭ്രമ: (10–71–26)**
**പൃഥാാ വിലോക്യ ഭ്രാത്രേയം കൃഷ്ണം ത്രിഭുവനേശ്വരം**
**പ്രീതാത്മോത്ഥായ പര്യങ്കാത് സസ്നുഷോ പരിഷസ്വജേ (10–71–39)**

*ഉദ്ധവൻ പറഞ്ഞു:*

ഭഗവാനേ, ദേവർഷി നാരദൻെറ നിർദ്ദേശം രണ്ടുദ്ദേശങ്ങളെയും നേടിത്തരുന്നു. യുധിഷ്ഠിരൻ രാജസൂയം നടത്താൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ സ്വേച്ഛാധിപതിയായ ജരാസന്ധൻെറ അവസാനവും ഉറപ്പാണ്. അങ്ങിനെ തടവിലാക്കപ്പെട്ട രാജാക്കൻമാർക്കും മോചനം ലഭ്യമാവും. എന്നാൽ എനിക്കൊരു നിർദ്ദേശം നൽകാനുണ്ട്. ജരാസന്ധനെ നിയതമായ ഒരു യുദ്ധത്തിലൂടെ വകവരുത്തുന്നതിലും നല്ലത് ഒരു മല്ലയുദ്ധത്തിലൂടെയാണ്. അയാൾ ബ്രാഹ്മണഭക്തനും അവർ പറഞ്ഞാലനുസരിക്കുന്ന ആളുമാണല്ലോ. അതുകൊണ്ട് ഭീമൻ ഒരു ബ്രാഹ്മണവേഷം ധരിച്ച് ജരാസന്ധനെ ഒരു ദ്വന്ദയുദ്ധത്തിലേക്ക് വിളിച്ചുകൊണ്ടു വരിക. അവിടുത്തെ കൃപയാൽ ഭീമന് വിജയം സുനിശ്ചിതം. ആളുകൾ ഇതും അവിടുത്തെ മഹിമകളിലൊന്നായി കൊണ്ടാടും.

*ശുകമുനി തുടർന്നു:*

പദ്ധതി കുറ്റമറ്റതും ഉപദേശം യുക്തിപൂർവ്വവും ആയിരുന്നു. ഇന്ദ്രപ്രസ്ഥത്തിലേക്ക് പുറപ്പെടാനുള്ള ഒരുക്കങ്ങൾക്കായി കൃഷ്ണൻ ആജ്ഞകൾ നൽകി. തടവിലുള്ള രാജാക്കൻമാരുടെ ദൂതൻവശം അവർക്ക് മോചനം ഉറപ്പു നൽകി ഭഗവാൻ. ഭഗവാൻ തൻെറ രാജ്ഞിമാരോടും പരിവാരങ്ങളോടുമൊപ്പം യാത്ര പുറപ്പെട്ടു. നാരദമുനി ഈ കാഴ്ച കണ്ട് സന്തുഷ്ടനായി ഭഗവാൻെറ അനുവാദത്തോടെ ആകാശമാർഗ്ഗം ദ്വാരകവിട്ടു.

വഴിയിൽ പലേ സംസ്ഥാനങ്ങളും പിന്നിട്ട് കൃഷ്ണൻ ഇന്ദ്രപ്രസ്ഥത്തിലെത്തിച്ചേർന്നു. നഗരം മുഴുവൻ ഉത്സവപ്രതീതിയിലായിരുന്നു. യുധിഷ്ഠിരനും സഹോദരൻമാരും കൃഷ്ണനെ വരവേൽക്കാൻ നഗര വാതിൽക്കൽ കാത്തുനിൽപ്പുണ്ടായിരുന്നു. കൃഷ്ണനെ ആലിംഗനം ചെയ്തുകൊണ്ട് ലക്ഷ്മീപതിയെ ദർശിച്ച സൗഭാഗ്യത്തിൽ മതിമറന്ന് രാജാവ് കണ്ണീരൊഴുക്കി. അഭൗമമായ ഒരു പരമാനന്ദത്തിൻെറ സംത്രാസത്തിലാറാടി അദ്ദേഹത്തിൻെറ മനസസ് ലൗകീകബോധമെന്ന മായീകതയെ ഉപേക്ഷിച്ച് അശുഭകരങ്ങളായ എല്ലാ വിഷയങ്ങൾക്കും അതീതമായിത്തീർന്നു. രാജാവിൻെറ സഹോദരൻമാരും കൃഷ്ണനെ ആലിംഗനം ചെയ്തു. ബ്രാഹ്മണപൂജയും നടത്തി. കൃഷ്ണൻ നഗരത്തിൽ പ്രവേശിച്ചു.

കൊടിതോരണങ്ങൾ എങ്ങും നിറഞ്ഞുനിന്നു. സുവർണ്ണകമാനങ്ങൾ ഭഗവാനു സ്വാഗതമോതി. ഓരോ ഗൃഹങ്ങൾക്കു മുന്നിലും സുവർണ്ണകലശങ്ങളിൽ വെള്ളം നിറച്ചു വച്ചിരുന്നു. ഹൃദയം നിറഞ്ഞ ഭക്ത്യാ ദരവുകളോടെ ഭഗവാനെ എതിരേൽക്കുന്നതിനെയാണതു സൂചിപ്പിക്കുന്നത്. ജനങ്ങൾ മോടിയുള്ള വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളുമണിഞ്ഞ് ആഹ്ലാദചിത്തരായി കാണപ്പെട്ടു. പനിനീരിൻെറ സുഗന്ധം വായുവിൽ നിറഞ്ഞു. ഓരോ ഗൃഹങ്ങൾക്കു മുകളിലും സുവർണ്ണഗോളകകൾ വെള്ളിക്കാലുകളിൽ സ്ഥാപിച്ചിരുന്നു. കൃഷ്ണൻ തലസ്ഥാനനഗരിയുടെ ഭംഗിയും ഐശ്വര്യവും നോക്കിക്കണ്ടു. വീടുകളിൽ നിന്നും പുറത്തുവന്ന സ്ത്രീജനങ്ങൾ കൃഷ്ണനെ അനുഗമിച്ച രാജ്ഞിമാരുടെ സൗഭാഗ്യത്തിൽ അസൂയാലുക്കളായി.

കൃഷ്ണൻ കൊട്ടാരത്തിലേയ്ക്കു പ്രവേശിച്ചു. പാണ്ഡവമാതാവായ കുന്തി കൃഷ്ണനെ കണ്ടമാത്രയിൽ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റുചെന്ന് ആലിംഗനം ചെയ്തു. പുത്രവധുവായ ദ്രൗപദിയും രാജമാതാവിൻെറ കൂടെ കൃഷ്ണനെ സ്വാഗതം ചെയ്യാനുണ്ടായിരുന്നു. രാജാവ് സന്തോഷത്തിൽ മതിമറന്ന് ഭഗവാനെ പൂജിക്കാൻ പോലും മറന്നു. ദ്രൗപദി കൃഷ്ണൻെറ സഹധർമ്മിണികളേയും എതിരേറ്റു. അങ്ങിനെ പാണ്ഡവരെ ആനന്ദത്തിലാറാടിച്ചുകൊണ്ട് കൃഷ്ണൻ കുറേ മാസങ്ങൾ കൊട്ടാരത്തിൽ ചിലവഴിച്ചു.

**ത്വത് പാദുകേ അവിരതം പരിയേ ചരന്തി**
**ധ്യായന്ത്യഭദ്രനശനേ ശുചയോ ഗൃണന്തി**
**വിന്ദന്തി തേ കമലനാഭ ഭവാപവർഗ്ഗ**
**മാശാസതേ യദി തആശിഷ ഈശ നാന്യേ (10-72-4)**
**കിം ദുർമ്മഷം തിതിക്ഷൂണാം കിമകാര്യമസാധുഭി:**
**കിം നദേയം വദാന്യാനാം ക: പര: സമദർശിനാം (10-72-9)**
**യോƒനിത്യേന ശരീരേണ സതാം ഗേയം യശോ ധ്രുവം**
**നാചിനോതി സ്വയം കൽപ്പ: സവാച്യ: ശോച്യ ഏവ സ: (10-72-20)**
**ഹരിശ്ചന്ദ്രോ രന്തിദേവ ഉഞ്ഛവൃത്തി: ശിബിർബ്ബലി:**
**വ്യാധ: കപോതോ ബഹവോ ഹ്യധ്രുവേണ ധ്രുവം ഗതാ: (10-72-21)**

*ശുകമുനി തുടർന്നു:*

ഒരു ദിവസം യുധിഷ്ഠിരൻ ഭഗവാൻ കൃഷ്ണനോടു പറഞ്ഞു. “അവിടുത്തേയും മറ്റു ദേവതകളേയും പൂജിക്കാൻ ഞാൻ കുറച്ചു നാളായി ആഗ്രഹിക്കുന്നു. രാജസൂയം നടത്തണമെന്നു വിചാരിക്കുന്നു. അതിനുള്ള അനുവാദം തന്നാലും. ഭഗവൻ, അവിടുത്തെ പാദപൂജ ചെയ്യുന്നവരിൽനിന്നും ദുഷ്ടതകളെല്ലാം നീങ്ങിപ്പോവുന്നു. അവിടുത്തെ ധ്യാനിക്കുന്നവർക്ക് മോക്ഷവും അവരാഗ്രഹിക്കുന്ന പക്ഷം ലോകൈശ്വര്യങ്ങളും ലഭിക്കുന്നു. അവിടുന്ന് എല്ലാറ്റിന്റെയും ആത്മസത്തയത്രെ. അവിടുന്ന് നിഷ്പക്ഷമതിയും എല്ലാവരെയും സതുല്യം സ്നേഹിക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് അവരവരുടെ പ്രവൃത്തികൾക്കനുസരിച്ചുള്ള പ്രതിഫലം ലഭിക്കുന്നു.” കൃഷ്ണൻ രാജാവിന്റെ ഉദ്ദേശത്തെ ശ്ലാഘിച്ചു. “അങ്ങും സഹോദരരും അജയ്യരത്രെ. നിങ്ങളെല്ലാവരും ദേവജാതൻമാരാണല്ലോ. മാത്രമല്ലാ നിങ്ങൾ സദ്ഗുണങ്ങളാൽ എന്നെയും കീഴടക്കിയിരിക്കുന്നു. ആത്മനിയന്ത്രണമില്ലാത്തവർക്ക് അപ്രാപ്യമായ ഒന്നാണത്. എന്റെ ഭക്തനെ ആർക്കും ഈ ലോകത്തിൽ തോൽപ്പിക്കാൻ കഴിയില്ലതന്നെ.” അതിനുശേഷം രാജാവ് നാല് അനുജൻമാരെയും നാടിന്റെ നാലു ദിശകളിലേക്കും അയച്ചു. യാഗത്തിന്റെ ഒരുക്കങ്ങളുടെ മുന്നോടിയായി സഹോദരൻമാർ നാൽവരും രാജ്യങ്ങളെ കീഴടക്കി വമ്പിച്ച സ്വത്തുക്കളുമായി മടങ്ങിവന്നു. ജരാസന്ധൻ ഒരാൾ മാത്രം യുധിഷ്ഠിരന്റെ ചക്രവർത്തി പദം അംഗീകരിക്കാൻ തയ്യാറായില്ല. യുധിഷ്ഠിരൻ ഇതറിഞ്ഞ് നിരാശനായി. ഭഗവാൻ ഉദ്ധവന്റെ പദ്ധതിപ്രകാരം ജരാസന്ധനെ നിഷ്കാസിതനാക്കാൻ പുറപ്പെട്ടു. കൃഷ്ണൻ അർജ്ജുനനെയും ഭീമനെയും കൂട്ടി ബ്രാഹ്മണവേഷത്തിൽ ജരാസന്ധനെ ചെന്നു കണ്ടു. എന്നിട്ടു പറഞ്ഞു. ”മഹാരാജൻ, അങ്ങേയ്ക്ക് സർവ്വമംഗളങ്ങളും ഭവിക്കട്ടെ. അവിടുന്ന് നൽകുമെങ്കിൽ ഞങ്ങൾക്കൊരഭ്യർത്ഥനയുണ്ട്. സഹനശീലനായ ഒരുവന് അസഹ്യമായതെന്തുണ്ട്? ഏതൊരു പ്രവൃത്തിയെ ദുഷ്ടനായൊരുവൻ ഉപേക്ഷിക്കും? ദാനശീലനായൊരുവൻ എന്തുതന്നെ നൽകില്ല? സമദൃഷ്ടിയായൊരുവന് അപരിചിതനായി ആരുണ്ട്? ഈ നശ്വരമായ ശരീരത്തിനാൽ നിതാന്തമായ പ്രശസ്തി നേടാൻ ഒരുവനു കഴിയുകയില്ല തന്നെ. ഹരിശ്ചന്ദ്രൻ, രന്തിദേവൻ, ശിബി, ബലി, ബ്രാഹ്മണർ, മുദ്ഗലൻ എന്ന വേടൻ, പ്രാവ് എന്നിങ്ങിനെ പലരും അനശ്വരതയെ പ്രാപിക്കാൻ തുലോം ക്ഷണികമായ ശരീരത്തെ ഉപേക്ഷിച്ചവരത്രെ.” കൈകളിലെ വില്ലുപിടിച്ച അടയാളങ്ങളിൽനിന്നും അതിഥികൾ ബ്രാഹ്മണരല്ലെന്ന് ജരാസന്ധന് മനസ്സിലായി. എങ്കിലും അവർ ചോദിക്കുന്നതെന്തും നൽകാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. മൂവരും തങ്ങളുടെ പൂർവ്വരൂപത്തിലേക്ക് തിരിച്ചുവന്നു. എന്നിട്ട് പറഞ്ഞു. “നമുക്ക് ഒരു ദ്വന്ദയുദ്ധം നടത്താം.” ജരാസന്ധൻ സ്വയം ഭീമനുമായി മൽപ്പിടുത്തം ആവാം എന്ന് തിരുമാനിച്ചു. ഭീമനു വേണ്ട ആയുധങ്ങളും അദ്ദേഹം നൽകി. ഇരുപത്തിയേഴുദിവസം നീണ്ടുനിന്നു യുദ്ധം. പകൽസമയത്ത് രണ്ടാളും കൊടിയ പോരാട്ടം നടത്തി. എന്നാൽ രാത്രിയിൽ അവർ ഉറ്റ ചങ്ങാതിമാരായിരുന്നു. ഭീമന്റെ യുദ്ധോൽസാഹം നശിച്ചു തുടങ്ങി. കൃഷ്ണന് ജരാസന്ധന്റെ ജൻമരഹസ്യമറിയാമയിരുന്നു. ശരീരം രണ്ടായി കീറിയാൽ മാത്രമേ ജരാസന്ധനെ വധിക്കാൻ സാധിക്കൂ എന്ന് കൃഷ്ണൻ പറഞ്ഞതനുസരിച്ച് ഭീമൻ അയാളെ വകവരുത്തി. ജനനമരണദു:ഖങ്ങളിൽ നിന്ന് സകലജീവികളെയും മോചിപ്പിക്കുന്നത് ഏതൊരു ഭഗവാന്റെ പാദകമലങ്ങളാണോ അദ്ദേഹം ജരാസന്ധന്റെ തടവിൽ കിടന്ന രാജാക്കൻമാരെയെല്ലാം മോചിപ്പിച്ചു.

ॐ



**മൃഗതൃഷ്ണാം യഥാ ബാലാ മന്യന്ത ഉദകാശയം**
**ഏവം വൈകാരികീം മായാമയുക്താ വസ്തു ചക്ഷതേ (10-73-11)**
**വയം പുരാ ശ്രീമദനഷ്ട ദൃഷ്ടയോ**
**ജിഗീഷയാസ്യാ ഇതരേതരസ്പൃധ:**
**ഘ്നന്ത: പ്രജാ: സ്വാ അതിനിർഘൃണാ: പ്രഭോ**
**മൃത്യും പുരസ്ത്വാവിഗണയ്യ ദുർമ്മദാ: (10-73-12)**

*ശുകമുനി തുടർന്നു:*
ഇരുപതിനായിരത്തിഎണ്ണൂറ് രാജകുമാരൻമാർ ജരാസന്ധന്റെ കാരാഗൃഹത്തിലായിരുന്നു. അവർ കുളിക്കാതെയും മുഷിഞ്ഞവസ്ത്രങ്ങളണിഞ്ഞും ശോഭയില്ലാത്ത മുഖത്തോടെയും അവിടെ കഴിഞ്ഞുവന്നു. ആശയറ്റു കഴിഞ്ഞിരുന്ന അവർക്ക് ഭഗവാന്റെ ദിവ്യമുഖദർശനം ലഭിച്ചതോടെ പുതുജീവൻ ലഭിച്ചു.

രാജകുമാരൻമാർ പറഞ്ഞു.
ഭഗവാനേ രക്ഷിച്ചാലും. ഞങ്ങൾ അവിടുത്തെ അഭയം പ്രാപിക്കുന്നു. ഞങ്ങൾക്ക് ജരാസന്ധനോട് വിരോധമൊന്നുമില്ല. കാരണം അവിടുത്തെ കാരുണ്യം കൊണ്ടുതന്നെയാണ് ഞങ്ങളെ ജരാസന്ധൻ തടവിലാക്കിയതെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ഇഹലോകം നിത്യസത്യമാണെന്നുള്ള മൂഢവിശ്വാസ ത്തിലായിരുന്നു ഞങ്ങൾ. മരുപ്പച്ചയെ ജലമെന്നു വിചാരിക്കുന്ന കുട്ടികളെപ്പോലെ, കേവലം സദാ മാറിക്കൊണ്ടിരിക്കുന്ന ലൗകീകലോകപ്രതിഭാസത്തെ, അങ്ങയിൽ ഏകാത്മകത പ്രാപിക്കാത്തവർ നിത്യമെന്ന് കരുതുന്നു. മുൻപ് സമ്പത്തിന്റെ പേരിലുള്ള അഹങ്കാരം കൊണ്ട് ഞങ്ങൾ പരസ്പരം പോരാടുകയും ചെയ്തു. അങ്ങിനെ ഞങ്ങൾ സ്വജനങ്ങൾക്ക് തന്നെ നാശം വരുത്തി. മരണത്തിന്റെ രൂപത്തിൽ അങ്ങു മുന്നിൽ നിൽക്കുന്നത് കാണാനും ഞങ്ങൾ കൂട്ടാക്കിയില്ല. അവിടുത്തെ കൃപയാലൊന്നു മാത്രമാണ് അങ്ങ് ജരാസന്ധന്റെ രൂപത്തിൽ വന്ന് ഞങ്ങളെ ഉണർത്തി സത്യത്തിലേക്ക് നയിച്ചത്. ഞങ്ങൾക്ക് ആ പരംപൊരുളിന്റെ ദൃശ്യം ഒരു നോക്ക് ലഭിച്ചുവല്ലോ. ഇനി ഞങ്ങൾ സമ്പത്തിനും പ്രതാപത്തിനും വേണ്ടി ആഗ്രഹിക്കയില്ല. ഞങ്ങൾക്ക് അവിടുത്തെ പാദകമലങ്ങളിലെന്നും ഭക്തിയുണ്ടാവട്ടെ. ഞങ്ങൾ അവിടുത്തെ നമസ്ക്കരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ട കടമകളെന്തെന്ന് ആജ്ഞാപിച്ചാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
രാജകുമാരൻമാരേ, നിങ്ങളുടെ വാക്കുകൾ ഉചിതമായിരിക്കുന്നു. സമ്പത്തും പ്രതാപവും മൂലം ദേവൻമാരുടെയും മനുഷ്യരുടെയും അസുരൻമാരുടെയും തലതിരിഞ്ഞ പ്രവൃത്തികൾ ഞാൻ കണ്ടിട്ടുണ്ട്. നശ്വരമായ ശരീരത്തിലും അതിനോടനുബന്ധിച്ച വസ്തുക്കളിലും ആസക്തരാവാതെ എന്നെ ആരാധിക്കുക. ഗൃഹസ്ഥരുടെ കർമ്മങ്ങൾ സന്താനോൽപ്പാദനം തുടങ്ങിയ കാര്യങ്ങൾ അനുഷ്ടിക്കുക. പ്രജാപരിപാലനം നടത്തുക. സുഖദു:ഖങ്ങളോ ലാഭനഷ്ടങ്ങളോ എന്തു തന്നെയായിരുന്നാലും അവയെ ഒരുപോലെ സ്വീകരിക്കുക. എന്നിൽ ഹൃദയമുറപ്പിച്ച് അവയോട് പ്രതികരിക്കാതെയുമിരിക്കുക. അങ്ങിനെ എന്നോടുള്ള പവിത്രപ്രേമത്തിൽ നിങ്ങൾ നിഷ്ടരായിത്തീരുന്നതാണ്.

ശുകമുനി തുടർന്നു:
ഭഗവാൻ അവർക്ക് സ്നാനത്തിനും പുതുവസ്ത്രങ്ങൾക്കും വേണ്ട ഏർപ്പാടുകൾ ചെയ്തു. രത്നങ്ങളും അവരവരുടെ യോഗ്യതാനുസരണം നൽകി. രാജാക്കൻമാർ ഭഗവാന്റെ നിർദ്ദേശങ്ങളനുസരിച്ച് ശേഷകാലം ധർമ്മജീവിതം നയിച്ചു. കൃഷ്ണൻ ഭീമനോടും അരജ്ജുനനോടുമൊപ്പം ഇന്ദ്രപ്രസ്ഥത്തിലേക്കു തിരിച്ചു പോയി. അവിടെ ആഹ്ലാദസ്നേഹനിർഭരമായൊരു വരവേൽപ്പ് അവരെ കാത്തു നിന്നിരുന്നു.

**യദാത്മകമിദം വിശ്വം ക്രതവശ്ച യദാത്മകാ:**
**അഗ്നിരാഹുതയോ മന്ത്രാ: സാംഖ്യം യോഗശ്ച യത്പര: (10–74–20)**
**ഏക ഏവാദ്വിതീയോ*f*സാവൈതദാത്മ്യമിദം ജഗത്**
**ആത്മനാ*ff*ത്മായശ്രയ: സഭ്യാ: സൃജത്യവതി ഹന്ത്യജ: (10–74–21)**
**സർവ്വഭൂതാത്മ ഭൂതായ കൃഷ്ണായാനന്യദർശിനേ**
**ദേയം ശാന്തായ പൂർണ്ണായ ദത്തസ്യാനന്ത്യമിച്ഛതാ (10–74–24)**

*ശുകമുനി തുടർന്നു:*
അങ്ങിനെ ജരാസന്ധൻ ഇല്ലാതായതോടെ യുധിഷ്ഠിരൻ രാജസൂയത്തിനുള്ള തയ്യാറെടുപ്പാരംഭിച്ചു. മാമുനിമാരെയും ദിവ്യൻമാരെയും എണ്ണമറ്റ അതിഥികളെയും ക്ഷണിച്ചു വരുത്തി. ത്രിമൂർത്തികളും ദേവതകളും ദിവ്യയജ്ഞത്തിൽ സംബന്ധിച്ചു. അവരുടെ അനുഗ്രഹാശിസ്സുകളൊടെ യാഗം സമാരംഭിച്ചു. ഒരു ദിവസം യാഗസംബന്ധിയായി ഏറ്റവും ഉചിതനായൊരു വ്യക്തിയെ തിരഞ്ഞെടുത്തു ബഹുമാനിക്കേണ്ട ഒരു ചടങ്ങുണ്ട്.

*സഹദേവൻ പറഞ്ഞു.*
എൻെറ അഭിപ്രായത്തിൽ ശ്രീകൃഷ്ണനൊഴികെ മറ്റാർക്കും ഇതിനർഹതയില്ല. അദ്ദേഹമാണ് എല്ലാറ്റിൻെറയും - ഈ വിശ്വത്തിൻെറയും രാജസൂയത്തിൻെറയും എല്ലാം- ആത്മസത്ത. അഗ്നിയും മന്ത്രങ്ങളും ജ്ഞാനവും യോഗവും എല്ലാം ആ ഭഗവാനെയാണല്ലോ ലക്ഷ്യമാക്കുന്നത്. അദ്ദേഹമാണ് വിശ്വാത്മാവ്. സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾ അദ്ദേഹത്തിൽ നിന്നുൽഭവിച്ച് അദ്ദേഹത്താൽ അദ്ദേഹത്തിൽ സംഭവിക്കുന്നു. ഏതൊരുവൻ തൻെറ സമ്മാനം അനേകമടങ്ങ് വർദ്ധിക്കണമെന്നാഗ്രഹിക്കുന്നുവോ അവർ ശ്രീകൃഷ്ണനെ ബഹുമാനിക്കണം. ഭഗവാനെ ബഹുമാനിക്കുന്നതിലൂടെ നാമുൾപ്പടെ എല്ലാറ്റിനെയും ബഹുമാനിക്കുക തന്നെയാണു ചെയ്യുന്നത്.

*ശുകമുനി തുടർന്നു:*
ശിശുപാലനൊഴികെ എല്ലാവരും സഹദേവൻെറ അഭിപ്രായം ശരിവച്ചു. യുധിഷ്ഠിരൻ ശ്രീകൃഷ്ണനെ പൂജിക്കാൻ തീരുമാനിച്ചു. ശിശുപാലൻ പറഞ്ഞു. "കാലമാണ് യഥാർത്ഥത്തിൽ ഭഗവാനെന്നു പറയപ്പെടുന്നത്. നിങ്ങൾ ഇപ്പോൾ ചെയ്തതുപോലെ കാലത്തിൻെറ സ്വാധീനതക്കടിമപ്പെട്ട് വിവരവും വിവേകമുള്ളവർ പോലും തെറ്റായ തിരുമാനങ്ങളിലെത്തിച്ചേരുന്നു. ഈ സഭയിൽത്തന്നെ പഠിപ്പിലും വിവരത്തിലും മാന്യതയിലും ദിവ്യതയിലും ഉന്നതരായ എത്രയോ പേരുണ്ട്. എന്നിട്ട് ഈ കന്നുകാലി ചെക്കനെയാണോ ഉന്നതമായ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുന്നത്? അയാളാണെങ്കിൽ സാമൂഹികമായ ഒരു വ്യവസ്ഥയിലും ജീവിക്കുന്നയാളല്ല. എല്ലാ സൽസ്വഭാവക്രമങ്ങൾക്കും അതീതമായാണ് കൃഷ്ണൻെറ പെരുമാറ്റം. ശാസ്ത്രാധിഷ്ഠിതമായ നിബന്ധനകളോ സാമ്പ്രദായികമായ കാര്യങ്ങളൊ അയാൾ അനുഷ്ടിക്കുന്നില്ല. പ്രമാണാനുസരണം ഭഗവാനേയോ ഭഗവൽഭക്തരേയോ നിന്ദിക്കുന്നിടത്തുനിന്ന് ഉടനേത്തന്നെ ഓടിപ്പോകാത്തവർക്ക് നരകം സുനിശ്ചിതമത്രേ." ശിശുപാലൻെറ പുണ്യങ്ങൾ മുഴുവനും അവസാനിച്ചിരുന്നു. ബ്രാഹ്മണർ പലരും അവിടം വിട്ടുപോയി. പല രാജാക്കൻമാരും ശിശുപാലനെതിരേ തിരിയാൻ തുടങ്ങി. കൃഷ്ണൻ തൻെറ ചക്രം കൊണ്ട് ക്ഷണത്തിൽ ശിശുപാലൻെറ തലയറുത്ത് എല്ലാവരെയും ശാന്തരാക്കി. എല്ലാവരെയും അത്ഭുതചകിതരാക്കിക്കൊണ്ട് ഒരു ദിവ്യപ്രഭ ശിശുപാലൻെറ ശരീരത്തിൽ നിന്ന് കൃഷ്ണനിലേക്ക് പ്രവേശിച്ചു. ശിശുപാലൻ നിരന്തരം വിപരീതഭക്തിയിൽ മുഴുകി കൃഷ്ണനിൽ തന്നെ മനസ്സുറച്ചവനായിരുന്നുവല്ലോ. ഭഗവാൻ വിഷ്ണുവിൻെറ ദ്വാരപാലകരായിരുന്ന ജയവിജയൻമാരുടെ മൂന്നാമത്തെ ജൻമമായിരുന്നു അത്. രാജസൂയം ഭംഗിയായി അവസാനിച്ചു. ദുര്യോധനനൊഴികെ ഏവരും ആഹ്ലാദചിത്തരായി.

യുധിഷ്ഠിരൻെറയും ശിശുപാലൻെറയും മോക്ഷകഥ പഠിക്കുന്നവർക്ക് പാപവിമോചനം ലഭിക്കുന്നു.

**ഭീമോ മഹാനസാധ്യക്ഷോ ധനാധ്യക്ഷ: സുയോധന:**
**സഹദേവസ്തു പൂജായാം നകുലോ ദ്രവ്യ സാധനേ (10-75-4)**
**ഗുരുശുശ്രൂഷണേ ജിഷ്ണു: കൃഷ്ണ: പാദാവനേജനേ**
**പരിവേഷണേ ദ്രുപദജാ കർണ്ണോ ദാനേ മഹാമനാ: (10-75-5)**
**നിരൂപിതാ മഹായജ്ഞേ നാനാകർമ്മസു തേ തദാ**
**പ്രവർത്തന്തേ സ്മ രാജേന്ദ്ര രാജ്ഞ: പ്രിയചികീർഷവ: (10-75-7)**

*പരീക്ഷിത്ത് ചോദിച്ചു:*
മഹർഷേ ദുര്യോധനനൊഴികെ എല്ലാവരും സന്തുഷ്ടരായിരുന്നുവെന്ന് പറഞ്ഞുവല്ലോ. എന്തുകൊണ്ടാണദ്ദേഹം അസന്തുഷ്ടനായത്?

*ശുകമുനി തുടർന്നു:*
രാജസൂയത്തിൽ മഹാരാജാവ് യുധിഷ്ഠിരൻ തന്റെ സഹോദരൻമാർക്ക് ഓരോരൊ ജോലികളേൽപ്പിച്ചിരുന്നു. ഓരോരുത്തർക്കും ഓരോ വിഭാഗത്തിന്റെ സമ്പൂർണ്ണമായ ചുമതലകളും ഉണ്ടായിരുന്നു. ഭീമൻ അടുക്കളയുടെ കാര്യക്കാരൻ. സുയോധനന് ഖജാന. സഹദേവൻ അതിഥികളെ സ്വീകരിച്ചു. നകുലൻ കലവറ സൂക്ഷിച്ചു. അർജ്ജുനൻ ബ്രാഹ്മണരെ സൽക്കരിച്ചു. കൃഷ്ണൻ എല്ലാ അതിഥികളുടെയും കാലുകൾ കഴുകി. ദ്രൗപദി എല്ലാവർക്കും സമ്മാനങ്ങൾ നൽകി. ഇവരെല്ലാവരും മഹാരാജാവിനെ സന്തുഷ്ടനാക്കുവാൻ തക്കവിധം തങ്ങളുടെ ജോലി ചെയ്തു. യാഗപരിസമാപ്തിയിൽ യുധിഷ്ഠിരൻ ഗംഗയിൽ അവഭൃതസ്നാനത്തിന് പോയി. സ്വർഗ്ഗവാസികളടക്കം എല്ലാവരും ആഹ്ലാദിച്ചു. ശ്രീകൃഷ്ണനും തന്റെ പ്രിയതമമാരോടൊപ്പം ജലകേളിയാടി. പരസ്പരം വെള്ളം തട്ടിത്തെറിപ്പിച്ചു. അവരുടെ കമനീയമായ മേനികളിൽ വസ്ത്രങ്ങൾ ഒട്ടിനിന്ന് മേനിയഴകും വടിവും പുറത്തു കാണായി. തുലോം നിഷ്കളങ്കമായ ഈ കേളികൾ കണ്ടുനിന്നവരിൽ അശുദ്ധമനസ്ക്കരായവരുടെയുള്ളിൽ ദുഷ്ട വിചാരങ്ങളുളവായി.

ചക്രവർത്തിയുടെ യാഗസ്നാനം കഴിഞ്ഞപ്പോൾ പ്രജകളും ഗംഗയിൽ കുളിച്ച് പാപമുക്തി വരുത്തി. രാജാവ് എല്ലാവരിലും എല്ലാറ്റിലും പരംപൊരുളിനെ ദർശിച്ച് ഭഗവൽപൂജയായി അനേകം സമ്മാനങ്ങൾ വിതരണം ചെയ്തു. സർവ്വാന്തര്യാമിയായ ഭഗവാനെ അങ്ങിനെ ആരാധിച്ചു. പല അതിഥികളും രാജാവിനോട് യാത്ര പറഞ്ഞു പിരിഞ്ഞു. മറ്റുള്ളവർ രാജാവിന്റെ അഭ്യർത്ഥനയെ മാനിച്ച് കൊട്ടാരത്തിൽ താമസിച്ചു.

യുധിഷ്ഠിരന്റെ സമ്പത്തും ഐശ്വര്യവും ആത്മീയമാഹാത്മ്യവും എതിരാളിയായ ദുര്യോധനന് അസൂയയുണ്ടാക്കി. ദ്രൗപദിയിൽ അയാൾക്ക് അപ്പോഴും ആശയുണ്ടായിരുന്നതുകൊണ്ട് അവൾ തന്റെ ഭർത്താക്കൻമാരെ സേവിക്കുന്നതുകണ്ട് ദുര്യോധനന്റെ ഹൃദയം തപിച്ചു. എരിതീയിൽ എണ്ണയൊഴിക്കും പോലെ മറ്റൊന്നുകൂടി സംഭവിച്ചു. സ്വർഗ്ഗത്തിലെ വാസ്തുശിൽപ്പിയായ മയൻ യുധിഷ്ഠിരനായി പണിതു കൊടുത്ത കൊട്ടാരത്തിന്റെ നിർമ്മിതി അത്ഭുതാവഹമായിരുന്നു. നിഴലു കൊണ്ടും വെളിച്ചം കൊണ്ടുമുള്ള മായാവിദ്യ കൊണ്ട് കൊട്ടാരത്തിന്റെ തറ ഒരു തടാകം പോലെ തോന്നിച്ചു. വെള്ളമുള്ളയിടം നിലം പോലെയും തോന്നിച്ചു. ദുര്യോധനൻ ഈ മായയിൽ കുടുങ്ങിപ്പോയി. സഭയിൽ പ്രവേശിക്കേ ജലമെന്ന് കരുതി ദുര്യോധനൻ വസ്ത്രമുയർത്തിപ്പിടിച്ച് സൂക്ഷിച്ച് നടന്നു. നിലമെന്ന് കരുതിയയിടത്ത് വെള്ളത്തിൽ കാലുവഴുതി വീഴുകയും ചെയ്തു. സ്ഥലജലവിഭ്രാന്തിയിൽ ദുര്യോധനൻ വലയുന്നതു കണ്ട് ശ്രീകൃഷ്ണന്റെ പ്രോൽസാഹനത്തോടെ സഭയിലെ സ്ത്രീജനങ്ങൾ പെട്ടിച്ചിരിച്ചു. യുധിഷ്ഠിരൻ അവരോട് സംയമനം പാലിക്കാൻ പറഞ്ഞുവെങ്കിലും ദുര്യോധനന് അതിയായ അപമാനം തോന്നി. അയാളുടനെ ഹസ്തിനാ പുരത്തേക്ക് മടങ്ങി. ഇതെല്ലാം ആരുടെയും കുറ്റമായിരുന്നില്ല. ഭഗവാൻ കൃഷ്ണന്റെ ദിവ്യേച്ഛ ആർക്കു വിവരിക്കാനാവും?

**ബഹുരൂപൈകരൂപം തദ്ദൃശ്യതേ ന ച ദൃശ്യതേ**
**മായാമയം മയകൃതം ദുർവിഭാവ്യം പരൈരഭൂത് (10-76-21)**
**ക്വചിദ്ഭൂമൌ ക്വചിദ്വ്യോമ്നി ഗിരിമൂർദ്ധ്നി ജലേ ക്വചിത്**
**അലാതചക്ര വദ് ഭ്രാമ്യത്സൌഭം തദ്ദുരവസ്ഥിതം (10-76-22)**

*ശുകമുനി തുടർന്നു:*
ശിശുപാലന്റെ സുഹൃത്തായ സാല്വൻ രുഗ്മിണീഹരണസമയത്ത് തന്റെ തോഴനു പറ്റിയ അപമാനത്തിന് പകരം ചോദിക്കാനും യാദവകുലത്തെ നശിപ്പിക്കാനും നിശ്ചയിച്ചിരുന്നു. അതിനായി അദ്ദേഹം ഒരു കഠിന തപസ്സാരംഭിച്ചു. ദിവസവും ഒരു പിടി പൊടി മാത്രം കഴിച്ച് അദ്ദേഹം പരമശിവനെ ധ്യാനിച്ചു. പരമശിവൻ ക്ഷിപ്രപ്രസാദിയത്രേ. പരമശിവൻ പ്രത്യക്ഷനായി വരവും നൽകി. സാല്വനു വേണ്ടിയിരുന്നത്, ദേവൻമാരാലും മനുഷ്യരാലും അസുരൻമാരാലും നശിപ്പിക്കാൻ കഴിയാത്തതും തന്റെ മനസ്സു പറയുന്നിടത്തേയ്ക്കു പറന്നു ചെല്ലാൻ കഴിയുന്നതുമായ ഒരു വിമാനമായിരുന്നു. ആയതുകൊണ്ട് യാദവൻമാർക്കൊരു പേടിസ്വപ്നമായി മാറാനും കഴിയണം. പരമശിവൻ സാല്വന്റെ ആഗ്രഹസാദ്ധ്യത്തിനായി ദേവശിൽപ്പിയായ മയനാൽ നിർമ്മിതമായ ഒരു വിമാനം നൽകി. സൌഭം എന്നാണതിനു പേര്. ഇരുമ്പു കൊണ്ട് നിർമ്മിച്ച സൌഭം ഒരു ചെറിയ നഗരം പോലെ കാണപ്പെട്ടു. അകത്തു മുഴുവൻ കൂരിരുട്ട്. ആർക്കും കടന്നു ചെല്ലാൻ കഴിയുകയുമില്ല. അതിന്റെ ഉടമസ്ഥന്റെ ആഗ്രഹമനുസരിച്ച് വിമാനം സഞ്ചരിക്കുന്നതാണ്.

സൌഭത്തിലേറി സാല്വൻ ദ്വാരക ലക്ഷ്യമാക്കി പറന്നു. അവന്റെ സൈന്യം ദ്വാരകയുടെ പ്രാന്തപ്രദേശങ്ങളും ആക്രമിച്ചു. സൌഭത്തിൽ നിന്നും അതിഭയങ്കരങ്ങളായ അസ്ത്രപ്രയോഗങ്ങൾ നടത്തി സാല്വൻ. കൃഷ്ണ പുത്രനായ പ്രദ്യുമ്നൻ യാദവരക്ഷയ്ക്കായെത്തി. സ്വന്തം അസ്ത്രങ്ങൾ കൊണ്ട് സൌഭത്തെ ചുറ്റിനിന്ന മായാവലയത്തെ പ്രദ്യുമ്നൻ തകർക്കാനും വിമാനത്തെ ആക്രമിക്കാനും സൈന്യത്തെ തുരത്താനും തുടങ്ങി. സൌഭത്തിന്റെ നിർമ്മിതി അത്ഭുതാവഹമായിരുന്നു എന്നു പറഞ്ഞുവല്ലോ. ഒരേ സമയം ഒന്നായും പലതായും അതു കാണപ്പെട്ടു. അത് ചിലപ്പോൾ പ്രത്യക്ഷപ്പെടും. ചിലപ്പോൾ അതിന്റെ സ്ഥാനം ആർക്കും നിശ്ചയി ക്കാനാവാത്ത വിധം നിലകൊണ്ടു. ചിലപ്പോൾ നിലത്തും മറ്റുചിലപ്പോൾ ആകാശത്തും മലമുകളിലും ജലനിരപ്പിലും സൌഭം കാണപ്പെട്ടു. ഒരഗ്നിശലാകപോലെ ഒരിടത്തും നിൽക്കാതെ അതങ്ങിനെ പാറി നടന്നു. സാല്വൻ തളർന്നു വീഴുംവരെ യാദവസൈന്യം പ്രത്യാക്രമണം തുടർന്നു.

ദ്യുമാൻ, പ്രദ്യുമ്നന്റെ ശരമാരിയേറ്റ് വീണിരുന്നു. എന്നാൽ അയാൾ പെട്ടെന്നു ചാടിയെണീറ്റ് തന്റെ ഗദയെടുത്ത് പ്രദ്യുമ്നന്റെ നെഞ്ചിൽ ആഞ്ഞിടിച്ചു. നെഞ്ചു തകർന്നപോലെ അദ്ദേഹം യുദ്ധക്കളത്തിൽ വീണു. അദ്ദേഹത്തിന്റെ സാരഥി പെട്ടെന്നു രഥം പായിച്ച് ശുശ്രൂഷിച്ച് പ്രദ്യുമ്നന്റെ ജീവൻ രക്ഷിച്ചു. ബോധം വീണപ്പോൾ പ്രദ്യുമ്നൻ സാരഥിയെ ശകാരിച്ചു. യുദ്ധക്കളത്തിൽ നിന്നും ഓടിപ്പോകുന്നത് ഭീരുത്വമെന്ന് വ്യാഖ്യാനിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ മതം. എന്നാൽ സാരഥി പറഞ്ഞു: അദ്ദേഹത്തിന്റെ ധർമ്മമാണ് ഇങ്ങിനെയുള്ള ഒരാപത്തിൽ തന്റെ യജമാനന്റെ ജീവൻ രക്ഷിക്കുക എന്നത്.

**ഏവം വദന്തി രാജർഷേ ഋഷയ: കേച നാന്വിതാ:**
**യത് സ്വവാചോ വിരുധ്യേത നൂനം തേന സ്മരന്ത്യുത (10-77-30)**
**ക്വ ശോകമോഹൌ സ്നേഹോ വാ ഭയം വാ യേƒജ്ഞസംഭവാ:**
**ക്വ ചാഖണ്ഡിതവിജ്ഞാനജ്ഞാനൈശ്വര്യ സ്ത്വഖണ്ഡിത: (10-77-31)**

*ശുകമുനി തുടർന്നു:*
പ്രദ്യുമ്നൻ തൻെറ തേരാളിയോട് രഥത്തെ പടക്കളത്തിലേയ്ക്കു തന്നെ തിരിച്ചു കൊണ്ടുപോവാൻ ആജ്ഞാപിച്ചു. എന്നിട്ട് ദ്യുമാനെ വെല്ലുവിളിച്ചു. പ്രദ്യുമ്നൻ ദ്യുമാൻെറ തേരിനെയും തേരാളിയെയും കുതിരകളെയും ദ്യുമാനെയും വീഴ്ത്തി. സാല്വൻെറ പടയെ യാദവസൈന്യം തുരത്തി. ഗംഭീരമായ പോരാട്ടം തുടർന്നു.

ഇന്ദ്രപ്രസ്ഥത്തിൽനിന്ന് ദ്വാരകയിലേയ്ക്കു മടങ്ങുന്ന വഴിക്ക് കൃഷ്ണൻ നാട്ടിലെ അശുഭലക്ഷണങ്ങളിൽ നിന്നും യുദ്ധക്കെടുതികളെപ്പറ്റി മനസ്സിലാക്കി. ഉടനേ തന്നെ തലസ്ഥാനനഗരിയിൽ ചെന്ന് വിശദവിവരങ്ങളറിഞ്ഞു. ബലരാമനെ നഗരത്തിൻെറ ചുമതലയേൽപ്പിച്ചിട്ട് സ്വയം സാല്വനെ നേരിടാൻ കൃഷ്ണൻ പുറപ്പെട്ടു. സാല്വൻ കൃഷ്ണനു നേരെയെറിഞ്ഞ കുന്തം ഭഗവാൻ ഛിന്നഭിന്നമാക്കി. സാല്വൻെറ വിമാനത്തിനു നേരെ കൃഷ്ണൻ ശരമാരി തൂകി. അതേസമയം സാല്വൻ എയ്ത ഒരമ്പ് കൃഷ്ണൻെറ കയ്യിൽത്തട്ടി ആയുധത്തിൻെറ ലക്ഷ്യം തെറ്റിച്ചു. കാണികൾ അത്ഭുതം പൂണ്ടു നിൽക്കെ സാല്വന് തൻെറ നേട്ടത്തിൽ അഹങ്കാരം തോന്നി. കൃഷ്ണനെ അധിക്ഷേപിച്ചു സംസാരിക്കാൻ തുടങ്ങി. കൃഷ്ണൻ ശാന്തനായി മറുപടി പറഞ്ഞു. “വീരൻമാർ പൊങ്ങച്ചം പറയാറില്ല. അവരുടെ പ്രവൃത്തികൾ വാക്കുകളേക്കാൾ വലുതത്രെ.”

കൃഷ്ണൻ സാല്വൻെറ തോളെല്ല് തകർത്തു. അയാൾ ചോരതുപ്പി പെട്ടെന്ന് അപ്രത്യക്ഷനായി. അധികം കഴിയും മുൻപ് ഒരപരിചിതദൂതൻ കൃഷ്ണമാതാവ് ദേവകിയിൽ നിന്നുമൊരു ദൂതുമായി വന്നു. “സാല്വൻ അങ്ങയുടെ പിതാവിനെ തട്ടിക്കൊണ്ടു പോയിരിക്കുന്നു.” കൃഷ്ണൻ വാർത്ത കേട്ട് വ്യാകുലനായി കാണപ്പെട്ടു. തൽസമയം സാല്വൻ അവിടെ പ്രത്യക്ഷനായി ഭഗവാൻെറ മുന്നിൽവച്ച് വസുദേവരുടെ തലയറുത്തു. ഇതുകണ്ട് ഭഗവാൻ കുറച്ചു നേരത്തേക്ക് ദു:ഖാർത്തനായി നിന്നു. “പരീക്ഷിത്തേ, ചില മാമുനിമാർ അവരുടെ തന്നെ വിശ്വാസത്തിനും ഭക്തിക്കും എതിരായി ഇങ്ങിനെ ചില ബുദ്ധിഭ്രമങ്ങൾ കൃഷ്ണനുമുണ്ടായെന്നു പറയുന്നു. അജ്ഞതാജന്യമായ മതിഭ്രമവും ദു:ഖവുമെവിടെ? ഏതൊരാളുടെ പാദപങ്കജങ്ങളിൽ നിന്നുതിരുന്ന പൊടി കൊണ്ടു മാത്രം മൗലീകമായ അജ്ഞത ഇല്ലാതാകുന്നുവോ ആ ഭഗവാന് ബുദ്ധിഭ്രമമുണ്ടാകുന്നതെങ്ങിനെ?” കൃ്ഷ്ണൻ സത്യാവസ്ഥ മനസ്സിലാക്കി. സാല്വൻെറ മായികശക്തിയും അയാളുണ്ടാക്കിയ മായാവാസുദേവനും ഉടനേ അപ്രത്യക്ഷമായി.

അതിനുശേഷം കൃഷ്ണൻ വിമാനത്തെ തൻെറ അജയ്യമായ ശരമാരിയിൽ പൊതിഞ്ഞു. വിമാനം തകർന്ന് കടലിൽ വീണു. സാല്വൻ നിലത്തു ചാടി കൃഷ്ണൻെറ നേർക്കു പാഞ്ഞു. കൃഷ്ണൻ അയാളുടെ ഗദ പിടിച്ചിരുന്ന കൈ വെട്ടിക്കളഞ്ഞു. എന്നിട്ട് തൻെറ ചക്രായുധമെടുത്ത് അയാളുടെ തലയും തകർത്തു.

ഇതെല്ലാം കണ്ട് ദേവൻമാർ സന്തോഷിച്ചു. സാല്വൻെറ പട അലമുറയിടാൻ തുടങ്ങി. ശിശുപാലൻെറയും സാല്വൻെറയും സുഹൃത്തായ ദന്തവക്രൻ കൃഷ്ണനെ എതിരിടാൻ വന്നു.

**ഏവം യോഗേശ്വര: കൃഷ്ണോ ഭഗവാജ്ഞഗദീശ്വര:**
**ഈയതേ പശുദൃഷ്ടീനാം നിർജ്ജിതോ ജയതീതി സ: (10-78-16)**
**അദാന്തസ്യാ വിനീതസ്യ വൃഥാ പണ്ഡിത മാനിന:**
**നഗുണായ ഭവന്തി സ്മ നടസ്യേ വാജിതാത്മന: (10-78-26)**
**ഏതദർത്ഥോ ഹി ലോകേƒസ്മിന്നവതാരോ മയാ കൃത:**
**വധ്യാ മേ ധർമ്മധ്വജിനസ്തേ ഹി പാതകിനോƒധികാ: (10-78-27)**

*ദന്തവക്രൻ കൃഷ്ണനോട് പറഞ്ഞു:*
ഇന്നു ഞാൻ ഭാഗ്യവാനാണ്. കാരണം അങ്ങയെ മുന്നിൽ കിട്ടിയിരിക്കുന്നു. എന്റെ സുഹൃത്തുക്കളായ ശിശുപാലന്റെയും സാല്വന്റെയും മരണത്തിനു പകരമായി നിങ്ങളെ കൊല്ലാനുള്ള അവസരമായിരിക്കുന്നു. നിങ്ങൾ എന്റെ ബന്ധുവാണെന്നുള്ളതു ശരി തന്നെ. എന്നാൽ രോഗങ്ങൾ ശരീരത്തിന്റെ ശത്രുവെന്നതു പോലെ നിങ്ങളും എനിക്ക് ശത്രു തന്നെ.

*ശുകമുനി തുടർന്നു:*
ദന്തവക്രൻ ഗദയുമേന്തി കൃഷ്ണനു നേരെ പാഞ്ഞടുത്തു. കൃഷ്ണൻ രഥത്തിൽനിന്ന് ചാടിയിറങ്ങി കൈയ്യിൽ ഗദയുമായി അവനെ നേരിട്ടു. ഒരൊറ്റ അടികൊണ്ട് കൃഷ്ണൻ അവന്റെ നെഞ്ചു തകർത്തു. അത്ഭുതമെന്നേ പറയേണ്ടു. അസുരന്റെ ദേഹത്തിൽ നിന്നും ഒരു പ്രഭാകിരണം കൃഷ്ണശരീരത്തിൽ പ്രവേശിച്ചു. ശിശുപാലനും ദന്തവക്രനും ഭഗവാന്റെ കാവൽക്കാരായ ജയവിജയൻമാരായിരുന്നുവല്ലോ.

ആ സമയം ദന്തവക്രന്റെ സഹോദരനായ വിദൂരഥൻ കൃഷ്ണനുമായി പോരാടാൻ വന്നു. കൃഷ്ണൻ തന്റെ ചക്രായുധം കൊണ്ട് അവന്റെ കഥ കഴിച്ചു. കൃഷ്ണൻ ദ്വാരകയിലേക്ക് തിരിച്ചു. ആകാശഗായകർ ഭഗവാന്റെ മായാവിലാസവും മഹിമയും വാഴ്ത്തി. "അങ്ങിനെ യോഗേശ്വരനായ കൃഷ്ണൻ ചിലപ്പോൾ മാത്രമേ വിജയിയാകുന്നുള്ളുവെന്ന് സങ്കുചിതദൃഷ്ടിയുള്ളവർക്ക് തോന്നുമെങ്കിലും ഭഗവാൻ സർവ്വദാ വിജയിക്കുന്നു." ബലരാമൻ പാണ്ഡവൻമാരുടെയും കൗരവൻമാരുടെയും ഇടയിൽ ഒരു യുദ്ധം അനിവാര്യമാണെന്നു കണ്ട് നിഷ്പക്ഷത പാലിക്കാൻ തീരുമാനിച്ചു. അതുകൊണ്ട് അദ്ദേഹം ഒരു തീർത്ഥയാത്ര പുറപ്പെട്ടു. പലേ സ്ഥലങ്ങളും സന്ദർശിച്ച് നൈമിഷാരണ്യത്തിൽ പ്രവേശിച്ചു. അവിടെ അനേകം ബ്രാഹ്മണർ രോമഹർഷണൻ എന്നൊരു സൂതന്റെ (ബ്രാഹ്മണസ്ത്രീയുടെയും ക്ഷത്രിയപുരുഷന്റെയും മകൻ) പ്രവചനം കേൾക്കുകയായിരുന്നു. സൂതൻ ബ്രാഹ്മണരേക്കാളും മഹാത്മാക്കളേക്കാളും ഉയർന്നൊരു പീഠത്തിലാണിരുന്നിരുന്നത്. മാത്രമല്ല ബലരാമനെക്കണ്ട് അദ്ദേഹം എഴുന്നേറ്റ് സ്വാഗതം ചെയ്തതുമില്ല.

ബലരാമൻ പറഞ്ഞു. "വിജ്ഞാനമുള്ളതുകൊണ്ട് ഒരുവന് ഔദ്ധത്യവും അച്ചടക്കമില്ലായ്മയും ആകാം എന്നില്ല. എല്ലാ മിഥ്യാചാരികളെയും ധാർമ്മീകരെന്നു നടിക്കുന്നവരെയും നശിപ്പിക്കാനാണ് ഞാൻ ജനിച്ചിട്ടുള്ളതു തന്നെ. അവർ അധാർമ്മീകജീവിതം നയിക്കുന്നവരേക്കാൾ നീചരത്രെ." ഇത്രയും പറഞ്ഞ് അദ്ദേഹം സൂതന്റെ കഥ കഴിച്ചു. സഭയിൽ കൂടിയിരുന്ന ബ്രാഹ്മണർ ബലരാമനെ ഭർത്സിച്ചു. 'ഞങ്ങൾ അഭ്യർത്ഥിച്ചതനുസരിച്ചാണ് അദ്ദേഹം ഉയർന്ന പീഠത്തിലിരുന്നത്. അദ്ദേഹത്തെ വധിച്ച് നിങ്ങൾ ബ്രഹ്മഹത്യാപാപം വരുത്തി യിരിക്കുന്നു. അങ്ങ് പരംപൊരുളാണെന്ന് ഞങ്ങളറിയുന്നു. എന്നാൽ സാമൂഹ്യനിയമത്തിന് മാതൃക കാണിക്കുന്നതിനായി പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. അങ്ങു പയോഗിച്ച അസ്ത്രത്തിന്റെ അജയ്യതക്കും മരണത്തിന്റെ അനിവാര്യതക്കും കോട്ടം വരാത്ത വിധത്തിൽ അങ്ങതു വേണ്ടപോലെ ചെയ്താലും.' ബലരാമൻ പറഞ്ഞു. "ഒരു മനുഷ്യൻ സ്വയം പുത്രനായി പിറക്കുന്നു എന്നാണ് ശാസ്ത്രമതം. അതുകൊണ്ട് രോമഹർഷണന്റെ പുത്രന് ദീർഘായുസ്സും ആരോഗ്യവും നിങ്ങളാഗ്രഹിക്കുന്നതെന്തോ അതും നൽകാം." ബ്രാഹ്മണർ ഉപദേശിച്ചു. "ബല്വലൻ എന്നൊരു രാക്ഷസൻ ഞങ്ങളെ ദ്രോഹിക്കുന്നു. അവനെ വധിച്ചാലും. എന്നിട്ട് ഒരു വർഷത്തേക്ക് ബ്രാഹ്മഹത്യയ്ക്കു പ്രായശ്ചിത്തമായി രാജ്യം മുഴുവനും തീർത്ഥയാത്ര നടത്തുക. അങ്ങേയ്ക്കങ്ങിനെ പാപവിമോചനംലഭിക്കും."

**നതദ്വാക്യം ജഗൃഹതുർബ്ബദ്ധവൈരൌ നൃപാർത്ഥവത്
അനുസ്മരന്താവന്യോന്യം ദുരുക്തം ദുഷ്കൃതാ നിച (10-79-28)
ദിഷ്ടം തദനുമന്വാനോ രാമോ ദ്വാരവതീം യയൌ
ഉഗ്രസേനാദിഭി: പ്രീതൈർജ്ഞാതിഭി: സമുപാഗത: (10-79-29)**

*ശുകമുനി തുടർന്നു:*
അതു കഴിഞ്ഞുള്ള പൗർണ്ണമിയിൽ മാമുനിമാരുടെ യാഗശാലയിൽ ബല്വലൻെറ കുസൃതികൾ വീണ്ടും കാണായി. എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങൾ ഹോമകുണ്ഡത്തെ അശുദ്ധമാക്കി. ഭീമാകാരനായ ഒരു രാക്ഷസൻ ആകാശത്തു പ്രത്യക്ഷപ്പെട്ടു. ബലരാമൻ ആ പറക്കും ഭീമാകാരനെ താഴെയിറക്കി. തൻെറ കലപ്പകൊണ്ട് അവനെ ആകാശത്തുനിന്നും താഴെ വീഴ്ത്തി മുസലം (ഉലക്ക)കൊണ്ട് അവനെയിടിച്ച് കഥ കഴിച്ചു. ദേവൻമാരും മാമുനിമാരും ബലരാമനെ അനുഗ്രഹിച്ചു.

ബലരാമൻ ഉടനേ തന്നെ പ്രായശ്ചിത്തതീർത്ഥാടനത്തിനു പുറപ്പെട്ടു. അദ്ദേഹം പ്രയാഗയിലേക്ക് പോയി. പുലസ്തൻെറ ആശ്രമത്തിൽ പോയി. ഗോമതി, ഗണ്ഡകി, വിപാശം, ശോണം എന്നീ നദികളിൽ മുങ്ങി. ഗയയിൽ പോയി പിതൃക്കൾക്ക് തർപ്പണം നടത്തി. ഗംഗയും സമുദ്രവും സംഗമിക്കുന്നയിടത്തും മഹേന്ദ്രപർവ്വതത്തിലും പോയി. അവിടെ പരശുരാമനെ ദർശിച്ചു. ഗോദാവരിയിലും, വേനത്തിലും, ഭീമരഥീ നദികളിലും പമ്പാതടാകത്തിലും മുങ്ങിക്കുളിച്ചു. കാർത്തികേയനെ പൂജിച്ച ശേഷം പരമശിവൻെറ ആസ്ഥാനമായ ശ്രീശൈലത്തു പോയി. ദ്രാവിഡപ്രവിശ്യയിലെ അതിപാവനമായ വെങ്കിടപർവ്വതത്തിലും, കാഞ്ചി, കാവേരി എന്നിവിടങ്ങളിലും ബലരാമൻ ദർശനം നടത്തി. ഹരി നിവസിക്കുന്ന ശ്രീരംഗത്തും, ഋഷഭപർവ്വതത്തിലും മഥുരയിലും പാപമൊഴുക്കിക്കളയാൻ പര്യാപ്തമായ രാമേശ്വരത്തും ദർശനം നടത്തി. കൃതമാല, താമരപർണി എന്നീ നദികളിൽ കുളിച്ച് മലയപർവ്വതത്തിൽ പോയി അഗസ്ത്യമുനിയെ ദർശിച്ചു. എന്നിട്ട് കന്യാകുമാരി, ഫൽഗുനതീർത്ഥം, പഞ്ചാപ്സരസ്സ് എന്നിവിടങ്ങളിലും കേരളനാട്ടിലും, തൃഗർത്തത്തിലും സഞ്ചരിച്ച് ബലരാമൻ ഗോകർണ്ണത്തും ശൂരപാർക്കത്തും പോയി. തപ്തി, പയോശ്നി, നിർവിന്ധ്യ നദികളിൽ സ്നാനം ചെയ്ത് അദ്ദേഹം ദണ്ഡകാരണ്യം പൂകി. നർമ്മദയിലും മനുതീർത്ഥത്തിലും മുങ്ങി. അവിടെനിന്ന് അദ്ദേഹം പ്രഭാസത്തിലേക്കു മടങ്ങവേ പാണ്ഡവൻമാരും കൗരവൻമാരും തമ്മിൽ ഉഗ്രയുദ്ധം നടക്കുന്നു എന്നറിഞ്ഞു.

ഭീമനും ദുര്യോധനനും തമ്മിൽ നടന്ന അവസാനയുദ്ധത്തിൻെറയന്ന് ബലരാമൻ കുരുക്ഷേത്രത്തിൽ ചെന്ന് ഈ ദ്വന്ദയുദ്ധത്തിൽ നിന്ന് പിൻമാറാൻ അവരെ ഉപദേശിച്ചു. എന്നാൽ പരസ്പരം രണ്ടാളും ചെയ്തിട്ടുള്ള അക്രമങ്ങളും അധിക്ഷേപങ്ങളും ഓർമ്മിച്ച് യുദ്ധത്തിൽ നിന്നു പിൻമാറാൻ അവർ തയ്യാറായില്ല. യുദ്ധം ചെയ്യൽ അവരുടെ വിധിവിഹിതമാണെന്ന് കരുതി ബലരാമൻ അവിടം വിട്ട് ദ്വാരകയിലേക്ക് മടങ്ങി.

ബലരാമൻ നൈമിഷാരണ്യത്തിൽ ചെന്നപ്പോൾ മാമുനിമാർ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അവർ അദ്ദേഹത്തിന് ആത്മവിദ്യ നൽകി അനുഗ്രഹിച്ചു. എല്ലാറ്റിൻെറയും സർവ്വചരാചരങ്ങളുടെയും നിലനിൽപ്പിലുള്ള ഏകത്വം അവർ സ്വയം സാക്ഷാത്കരിച്ചു. പരീക്ഷിത്തേ, ബലരാമൻ ആ പരംപൊരുൾ തന്നെയാണ്. അദ്ദേഹത്തിൻെറ മഹിമയോ വർണ്ണനാതീതം. ബലരാമൻെറ മഹിമയേറിയ ചെയ്തികളെ ധ്യാനിക്കുന്നവർക്ക് ഭഗവാനിൽ അതീവഭക്തിയുണ്ടാവുന്നതാണ്.

**സവൈ സത്കർമ്മണാം സാക്ഷാദ്ദ്വിജാതേരിഹ സംഭവ:**
**ആദ്യോ$f$ങ്ഗ യത്രാശ്രമിണാം യഥാഹം ജ്ഞാനദോ ഗുരു: (10–80–32)**
**നന്വർത്ഥകോവിദാ ബ്രഹ്മൻ വർണ്ണാശ്രമവതാമിഹ**
**യേ മയാ ഗുരുണാ വാചാ തരന്ത്യഞ്ജോ ഭവാർണ്ണവം (10–80–33)**
**നാഹമിജ്യാപ്രജാതിഭ്യാം തപസോപശമേനവാ**
**തുഷ്യേയം സർവ്വഭൂതാത്മാ ഗുരുശുശ്രൂഷയാ യഥാ (10–80–34)**

*ശുകമുനി തുടർന്നു:*
അക്കാലത്തവിടെ ദരിദ്രനായൊരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. കൃഷ്ണൻെറ പ്രിയമിത്രമായിരുന്നു ബ്രാഹ്മണൻ. വിജ്ഞാനിയായ അദ്ദേഹം ഗൃഹസ്ഥാശ്രമിയായി, ഭൗതീകവസ്തുക്കളോടും ഇന്ദ്രിയസുഖങ്ങളോടും ആസക്തികൂടാതെ കഴിഞ്ഞു വന്നു. അദ്ദേഹത്തിന് ഉടുവസ്ത്രങ്ങൾ പോലും വേണ്ടത്ര ഉണ്ടായിരുന്നില്ല. അതുകൊണ്ട് കുചേലൻ എന്ന പേരും വീണു. അദ്ദേഹത്തിൻെറ ഭാര്യക്കാകട്ടെ വേണ്ടത്ര ഉണ്ണാനുള്ള വകയുണ്ടായിരുന്നുമില്ല. അവർക്ക് ക്ഷുത്ഷാമ എന്നും പേരുവന്നു. തൻെറ സുഹൃത്തായ കൃഷ്ണനെ ചെന്ന് കണ്ട് സഹായമഭ്യർത്ഥിക്കാൻ അവർ കുചേലനോട് പറയാറുണ്ട്. എന്നാൽ സമ്പത്തിനുവേണ്ടി ഭഗവാനോടു പ്രാർത്ഥിക്കുന്നതിൽ കുചേലന് ഇഷ്ടമുണ്ടായിരുന്നില്ല. അവസാനം ഭാര്യയുടെ നിർബ്ബന്ധത്തിന് വഴങ്ങി കൃഷ്ണനെ ചെന്ന് കാണാൻ അദ്ദേഹം തീരുമാനിച്ചു. "അദ്ദേഹത്തിന് സമ്മാനമായി കൊടുക്കാൻ നീ എന്താണെനിക്ക് തന്നയക്കുക?" അദ്ദേഹം ചോദിച്ചു. ബ്രാഹ്മണപത്നി അയൽപക്കങ്ങളിൽ നിന്നും യാചിച്ചു കൊണ്ടുവന്ന ഒരു പിടി അരിയിടിച്ചവിലാക്കി കുചേലൻെറ കയ്യിൽ കൊടുത്തയച്ചു.

ആനന്ദതുന്ദില ഹൃദയത്തോടെ കുചേലൻ ദ്വാരകയിൽ പ്രവേശിച്ചു. അവസാനം കൃഷ്ണസവിധത്തിലെത്തി. രുഗ്മിണിയേയും മറ്റുള്ള സഭാവാസികളേയുമെല്ലാം മറന്ന് കൃഷ്ണൻ ചാടിയെഴുന്നേറ്റ് ദരിദ്രനും അനുചിത വസ്ത്രധാരിയുമായ ബ്രാഹ്മണനെ എതിരേറ്റാലിംഗനം ചെയ്യാൻ ഓടിച്ചെന്നു. കൃഷ്ണൻ സ്വയം അദ്ദേഹത്തിൻെറ കാലു കഴുകി. തൻെറ ഇരിപ്പിടത്തിൽത്തന്നെ ആസനം നൽകി. രുഗ്മിണി കുചേലന് വിശറി വീശി. സഭാവാസികൾ അമ്പരന്നു. ആരാണീ ബ്രാഹ്മണൻ? കൊട്ടാരത്തിലുള്ള എല്ലാവരേക്കാൾ പ്രാധാന്യം അദ്ദേഹത്തിനെങ്ങിനെ വന്നു?

*കൃഷ്ണൻ ബ്രാഹ്മണനോടായി പറഞ്ഞു.*
ഗുരുകുലത്തിൽ നിന്നും പിരിഞ്ഞ ശേഷം സുഹൃത്തേ നിങ്ങൾ എന്തു ചെയ്തു? എന്നേപ്പോലുള്ളവർ ലോകത്ത് കുറച്ചുപേരെയുള്ളു. ധർമ്മത്തിനുഴിഞ്ഞുവെച്ച, ഇന്ദ്രിയ സൗഖ്യങ്ങളോട് ആസക്തിയേതുമില്ലാത്ത ജീവിതം നയിക്കുന്നവർ തുലോം വിരളം. ഗുരുകുലത്തിൽ നമുക്കെത്ര നല്ല സമയമായിരുന്നു. ഒരുവൻ ഇഹലോകത്തിൽ സ്വന്തം പിതാവിനോടും തൻെറ ഗുരുവിനോടും വിജ്ഞാനം നൽകുന്നയാളെന്ന നിലയ്ക്ക് ഭക്തിയുള്ളവനായിരിക്കണം. ഗുരുവിൻെറ വാക്കുകൾ അനുസരിച്ച് ഇഹലോക സംസാരസാഗരം കടക്കുന്നവർ മാത്രമേ ഫലപ്രദമായ ജീവിതം നയിക്കുന്നവരായുള്ളു. ഗുരുഭക്തിയേക്കാളും ഗുരുസേവയേക്കാളും വലുതല്ല യജ്ഞകർമ്മാദികളും തപസ്സും ധ്യാനവുമൊന്നും തന്നെ. താങ്കളോർക്കുന്നുണ്ടോ നാം അന്ന് ഗുരുപത്നിക്കായി വിറകു ശേഖരിക്കാൻ പോയതും പേമാരിയിൽ പെട്ടുഴറിയതും ഗുരു അന്വേഷിച്ചുവന്ന് അതീവ സന്തുഷ്ടനായതും? ആത്മത്യാഗപൂർവ്വമായ ഗുരുസേവയാണ് ഗുരുവിന് നൽകാവുന്ന ഏറ്റവും ഉചിതമായ പ്രതിഫലമെന്ന് ഗുരു അന്നു നമ്മോടുപദേശിച്ചു.

*കുചേലൻ പറഞ്ഞു.*
ശരിയാണ്, ഞാനോർമ്മിക്കുന്നു. എന്നാൽ ഞനേറ്റവും വലിയ സൗഭാഗ്യമെന്നു കരുതുന്നത് എല്ലാ വിജ്ഞാനങ്ങളുടെയും ലക്ഷ്യവും മാർഗ്ഗവുമായ അങ്ങയുടെ കൂടെയായിരുന്നു ഞാൻ ആ അനുഗ്രഹീത ഗുരുകുലത്തിൽ കഴിഞ്ഞത് എന്നതാണ്.

**കിഞ്ചിത് കരോത്യുർവ്വപിയത് സ്വദത്തം**
**സുഹൃത്കൃതം ഫല്ഗ്വപി ഭൂരികാരീ**
**മയോപനീതാം പൃഥു കൈകമുഷ്ടിം**
**പ്രത്യഗ്രഹീത് പ്രീതിയുതോ മഹാത്മാ (10–81–35)**
**ഭക്തായ ചിത്രാ ഭഗവാൻ ഹി സംപദോ**
**രാജ്യം വിഭൂതിർന്ന സമർത്ഥയത്യജ:**
**അദീർഘ ബോധായ വിചക്ഷണ: സ്വയം**
**പശ്യൻ നിപാതം ധനിനാം മദോദ് ഭവം (10–81–37)**

*കൃഷ്ണൻ കുചേലനോടു പറഞ്ഞു:*
പ്രിയമിത്രമേ, എനിക്കായി എന്ത് സമ്മാനവും കൊണ്ടാണങ്ങു വന്നിട്ടുള്ളത്? എനിക്ക് വിലപിടിച്ചതും പൊങ്ങച്ചമേറിയതുമായ സമ്മാനങ്ങളിലൊന്നും താൽപര്യമില്ല. എൻെറ സദ്ഭക്തനിൽ നിന്നും ഒരിലയോ, പൂവോ, പഴമോ അല്ലെങ്കിൽ അൽപം ജലമോ കിട്ടിയാൽ ഞാൻ സംപ്രീതനായി.

*ശുകമുനി തുടർന്നു:*
താൻ കൊണ്ടു വന്ന ചെറിയ അവിൽപ്പൊതി പുറത്തെടുക്കാൻ കുചേലനു മടിയുള്ളതു കണ്ട്, തൻെറ ദരിദ്ര സുഹൃത്തിനെ സമ്പത്തും സൗഭാഗ്യവും സന്തോഷവും നൽകി അനുഗ്രഹിക്കാനുള്ള വ്യഗ്രതകൊണ്ട് കൃഷ്ണൻ കുചേലൻെറ മടിയിൽ നിന്നും അവിൽപ്പൊതി ബലമായി പിടിച്ചു വാങ്ങി. "ആഹാ, ഇതാണെനിക്കേറ്റവും പ്രിയം" എന്ന് പറഞ്ഞ് കൃഷ്ണൻ ആ അവിൽ വാരി തിന്നാൻ തുടങ്ങി. മറ്റൊരു പിടികൂടി വാരി വായിൽ ഇടാൻ തുടങ്ങുമ്പോൾ രുഗ്മിണി അദ്ദേഹത്തെ തടഞ്ഞു. കൃഷ്ണൻ ലോകസമ്പത്തു മുഴുവൻ ഒരു പിടി അവിലിന് പകരമായി നൽകി കഴിഞ്ഞിരുന്നു.

കൃഷ്ണനുമായി ഒരു രാത്രി പഴയകഥകൾ പറഞ്ഞും ഭഗവാൻെറ പരമാനന്ദ സാമീപ്യാനുഗ്രഹം നുകർന്നും കുചേലൻ കൊട്ടാരത്തിൽ കഴിഞ്ഞു. രാവിലെ സ്വഗൃഹത്തിലേക്ക് പുറപ്പെട്ടു. ഭഗവാൻെറ ഭക്തപ്രേമം, വിനയം, ബ്രാഹ്മണഭക്തി, പരമസൗഹൃദം, അഭിഗമ്യത എല്ലാറ്റിനെയും പറ്റിയോർത്ത് കുചേലൻ നടന്നു. പെട്ടെന്നദ്ദേഹം ഓർമ്മിച്ചു. ഭഗവാൻ ഒന്നും തന്നയച്ചില്ലല്ലോ. എന്നാൽ പെട്ടെന്ന് തന്നെ സ്വയം പറഞ്ഞു. "കൃഷ്ണൻ എനിക്ക് സമ്പത്തൊന്നും തന്നനുഗ്രഹിക്കാത്തതു ശരിതന്നെ. എന്നേപ്പോലെ ദരിദ്രനായൊരുവന് സമ്പത്തു തന്നനുഗ്രഹിച്ചാൽ ഞാൻ അദ്ദേഹത്തെ മറക്കാനിടയായേക്കും".

ദരിദ്രനായ ആ ബ്രാഹ്മണൻ തൻെറ ഗ്രാമത്തിലെത്തിയപ്പോൾ അവിടമാകെ മാറിയിരിക്കുന്നു. അദ്ദേഹത്തിൻെറ വീടൊരു കൊട്ടാരമായിരിക്കുന്നു. കല്ലുകളും, മുത്തുകളും, രത്നങ്ങളും പതിച്ച ആനക്കൊമ്പും സ്വർണ്ണവും കൊണ്ടലങ്കരിച്ച കമനീയമായൊരു കൊട്ടാരം. ചിത്രപ്പണികളുള്ള ദീപസ്തംഭങ്ങളിൽ നിന്നും തൂക്കിയിട്ട രത്നങ്ങളിൽ നിന്നും പ്രഭപരന്നു. ചുവരുകൾ സ്ഫടികനിർമ്മിതം. വീട്ടിലെ സ്ത്രീകൾ വിലയേറിയ ആടയാഭരണങ്ങൾ അണിഞ്ഞിരിക്കുന്നു. ഇതെല്ലാം കൃഷ്ണൻെറ അനുഗ്രഹം മാത്രമാണെന്ന് കുചേലൻ മനസ്സിലാക്കി. എന്തദ്ഭുതം! അദ്ദേഹമാലോചിച്ചു. ഇതൊന്നും അദ്ദേഹം എന്നോട് സൂചിപ്പിക്കുകപോലും ചെയ്തില്ല. എന്നാൽ ആ നിന്തിരുവടിക്കായി കൊണ്ടുപോയ അവിൽ പൊതിയിൽനിന്നും എന്തെല്ലാമാണുണ്ടായിരിക്കുന്നത്. എന്നെന്നേക്കും അവിടുത്തെ ഭക്തനായും, സുഹൃത്തായും, സേവകനായും ജൻമജൻമാന്തരങ്ങൾ കഴിയാനിടവരട്ടെ. ഭഗവാൻ തീർച്ചയായും തൻെറ ഭക്തന് സമ്പദനുഗ്രഹം നൽകാൻ കഴിയും എന്നാൽ ആ അനുഗ്രഹം ഒരു ശാപമായി മാറിയേക്കാം എന്നുള്ളതുകൊണ്ട് ഭഗവാൻ അതു നൽകുന്നില്ല തന്നെ. അങ്ങിനെ സമാധാനിച്ച് ബ്രാഹ്മണൻ ഗൃഹസ്ഥാശ്രമജീവിതം തുടർന്നു. സുഖ സമ്പത്തുക്കളിൽ ആസക്തനാവാതെ ജീവിച്ച് അനുദിനം തൻെറ ഭക്തിവളർത്തി അദ്ദേഹം സുകൃതം നേടി. ഭഗവാൻെറ ബ്രാഹ്മണപ്രേമത്തിൻെറ ഈ കഥ ശ്രവിക്കുന്ന ഏവർക്കും ഭഗവൽപ്രേമമുണ്ടാവുന്നതാണ്. കർമ്മഫലങ്ങളും അവരെ തീണ്ടുന്നതല്ല.

**ഭഗവാം സ്താസ്തഥാഭൂതാ വിവക്ത ഉപസംഗതഃ**
**ആശ്ലിഷ്യാനാമയം പൃഷ്ട്വാ പ്രഹസന്നിദമബ്രവീത് (10-82-41)**
**അപ്യവധ്യായഥാസ്മാൻ സ്വിദകൃതജ്ഞാവിശങ്കയാ**
**നൂനം ഭൂതാനി ഭഗവാൻ യുനക്തി വിയുനക്തി ച (10-82-43)**
**മയി ഭക്തിർഹി ഭൂതാനാമമൃതത്വായ കല്പ്പതേ**
**ദിഷ്ട്യാ യദാസീൻമത് സ്നേഹോ ഭവതീനാം മദാപനഃ (10-82-45)**

*ശുകമുനി തുടർന്നു:*
ഒരിക്കൽ പൂർണ്ണസൂര്യഗ്രഹണാവസരത്തിൽ സമന്തപഞ്ചകം എന്ന സ്ഥലത്ത് രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ളവർ ഒത്തു ചേർന്നു. ഇവിടെയാണ് ദുഷ്ടരാജാക്കൻമാരെ കൊന്ന് അഞ്ചു തടാകങ്ങളിലായി പരശുരാമൻ രക്തം നിറച്ചത്. യാദവൻമാർ അവിടെ കൃഷ്ണൻെറ നേതൃത്വത്തിൽ മക്കളും ചെറുമക്കളുമായി സന്നിഹിതരായി. പാരമ്പര്യമനുസരിച്ച് പുണ്യതീർത്ഥത്തിൽ മുങ്ങി അവർ ഭഗവാനെ പൂജിച്ചു. ഉത്സവവിവരമറിഞ്ഞ് വൃന്ദാവനത്തിൽനിന്നും ഗോപൻമരും ഗോപികമാരും സമന്തപഞ്ചക ത്തിലെത്തിച്ചേർന്നു. നന്ദഗോപനും വസുദേവനും കണ്ടുമുട്ടിയ അവസരം തികച്ചും ഹൃദയഹാരിയായിരുന്നു. യാദവസ്ത്രീകളും ഗോപികമാരും പരസ്പരം സ്വാഗതമോതി. അന്തഃരീക്ഷം മുഴുവൻ ഭഗവൽപ്രേമത്തിൻെറ പരിവേഷത്തിലായിരുന്നു. എല്ലാവരും ശ്രീകൃഷ്ണനെപ്പറ്റി സംസാരിച്ചു.

പല രാജാക്കൻമാരും ഭരണസാരഥികളും യാദവരെ പുകഴ്ത്തി സംസാരിച്ചു. “ഇഹലോകത്തിലെ ജനങ്ങളിൽ നിങ്ങളാണ് ഏറ്റവും അനുഗ്രഹീതർ. ഏതു ഭഗവാൻെറ ഒരേയൊരു ദർശനത്തിനായി യോഗിവര്യൻമാർ ആഗ്രഹിക്കുന്നുവോ, ആ ഭഗവാൻ നിത്യവും നിങ്ങളുടെ കൂടെയുണ്ട്. നിങ്ങൾക്ക് ഭഗവാനുമായി രക്ത ബന്ധം പോലുമുണ്ട്. നിങ്ങൾ അദ്ദേഹത്തെ കാണുന്നു. ഒരുമിച്ച് ഭക്ഷണം കഴിക്കുന്നു, അദ്ദേഹത്തെ തൊടുന്നു. ഒരെയൊരുതവണ ദർശനഭാഗ്യം ലഭിച്ചാൽ തന്നെ സായൂജ്യം ലഭിക്കുന്ന ആ ഭഗവാൻെറകൂടെ നിങ്ങൾ എപ്പോഴും കഴിയുന്നു.”

രോഹിണിയും ദേവകിയും യശോദയോട് തങ്ങൾക്കുള്ള ബഹുമാനവും നന്ദിയും കടപ്പാടും വെളിപ്പെടുത്തി. “കംസനോടുള്ള ഭയം നിമിത്തം ഞങ്ങളുടെ മക്കളെ ഭവതിയെ ഏൽപ്പിച്ചു. വളരെക്കാലം അവർ സ്വന്തം മാതാപിതാക്കളെ കാണുകയുണ്ടായില്ല. നിങ്ങളാണെങ്കിൽ സ്വന്തമെന്നോ അല്ലെന്നോ ഉള്ള യാതൊരു ഭാവഭേദവുമില്ലാതെ അവരെ വളർത്തി വലുതാക്കി. ”

ഗോപികമാർ കൃഷ്ണപ്രേമസാഗരത്തിൽ നീന്തി ഭഗവാനെ വീണ്ടും വീണ്ടും കണ്ണുകളിലൂടെ ഹൃദയത്തിൽ നിറച്ച് ഭഗവാനുമായി ഒന്നു ചേർന്നു. കൃഷ്ണനും അവരെ രഹസ്യമായി സന്ധിച്ചു. ‌ഭഗവാനാണ് ആളുകളെ അടുപ്പിക്കുന്നതും അകറ്റുന്നതും. നിങ്ങൾക്ക് എന്നോട് പരമമായ പ്രേമമുള്ളതിനാൽ നിങ്ങൾ അനുഗ്രഹീതരത്രെ. കാരണം എന്നെ പ്രേമിക്കുന്നത് അമതരത്വത്തിലേക്കുള്ള പാതയത്രെ. ഭാഗ്യം കൊണ്ട് നിങ്ങളാപ്രേമം വളത്തിയെടുത്തിരിക്കുന്നു. ഞാൻ എല്ലാറ്റിൻെറയും ആത്മമസത്തയത്രെ. ഞാൻ അവയുടെ ആദിയും ജീവിതവും ലക്ഷ്യവുമത്രെ. എല്ലാ ജീവജാലങ്ങളുടെയും സത്ത ആത്മാവും ശരീരം അതിനെ പൊതിയുന്ന വസ്ത്രവുമത്രെ. ഞാൻ ഇവയ്ക്കെല്ലാം അതീതനാണ്. എന്നാൽ നിങ്ങളെല്ലാം എന്നിലാണ് നിലകൊള്ളുന്നത്.‌ ഭഗവാൻെറ ഈ മഹാസന്ദേശം ധ്യാനിച്ച് ഗോപികമാർ സായൂജ്യം പ്രാപിച്ചു. തുടർന്നും ഭ ഗവൽപ്രേമത്തിൽ വിരാജിക്കാനിടവരണമെന്ന് അവർ പ്രാർത്ഥിച്ചു.

**നവയം സാധ്വി സാമ്രാജ്യം സ്വാരാജ്യം ഭൌജ്യമച്യുത**
**വൈരാജ്യം പാരമേഷ്ഠ്യം ച ആനന്ത്യം വാ ഹരേ: പദം (10-83-41)**
**കാമയാമഹ ഏതസ്യ ശ്രീമത് പാദരജ: ശ്രിയ:**
**കുചകുങ്കുമ ഗന്ധാഢ്യം മൂർധ്നാ വോഢും ഗദാഭൃത: (10-83-42)**
**വ്രജസ്ത്രീയോ യദ്വാഞ്ഛന്തി പുളിന്ദ്യസ്തൃണവീരുധ:**
**ഗാവശ്ചാരയതോ ഗോപാ: പാദസ്പർശം മഹാത്മന: (10-83-43)**

*ശുകമുനി തുടർന്നു:*
കൃഷ്ണനെ തങ്ങളുടെ ഗുരുവും ലക്ഷ്യവുമാക്കി കരുതിയിരുന്ന ഗോപികമാർ അദ്ദേഹത്തെ വന്ദിച്ചു. ഭഗവാൻ പരമപുരുഷൻ തന്നെയാണെന്നവർക്കറിയാമായിരുന്നു. യാദവസ്ത്രീകളും ഗോപികമാരും പരസ്പരം ഭഗവൽമഹിമകളെപ്പറ്റി പാടി പുകഴ്ത്തി. പാണ്ഡവപത്നിയായ ദ്രൗപദി കൃഷ്ണന്റെ സഹധർമ്മിണിമാരോട് ഭഗവാൻ എങ്ങിനെയാണ് അവരുടെയെല്ലാം നാഥനായി വാഴുന്നതെന്നാരാഞ്ഞു.

രുഗ്മിണി, സത്യഭാമ, ജാംബവതി, കാളിന്ദി, മിത്രവിന്ദാ, സത്യ, ഭദ്ര എന്നിവർ തങ്ങൾ ഭഗവാനെ വരിക്കാനിട യായതെങ്ങിനെയെന്ന് പറഞ്ഞു. ഭദ്രയുടെ അമ്മാവന്റെ പുത്രനാണ് കൃഷ്ണൻ. തന്റെ പുത്രിക്ക് കൃഷ്ണനോടുള്ള അനുരാഗമറിഞ്ഞ് സസന്തോഷം അവളെ കൃഷ്ണന് നൽകിയതാണല്ലോ.

*ലക്ഷ്മണ പറഞ്ഞു.*
ഞാനും ഭഗവാന്റെ മഹിമകളെപ്പറ്റി നാരദമുനിയിൽ നിന്നുമാണറിഞ്ഞത്. അങ്ങിനെ, മറ്റാരെയും വരിക്കില്ലെന്ന് ഞാൻ നിശ്ചയിച്ചു. ദ്രൗപദീ, നിങ്ങളുടെ അഛൻ സ്വയംവരസമയത്ത് ചുറ്റിത്തിരിയുന്ന മത്സ്യത്തെ എയ്തുവീഴ്ത്താനുള്ള മൽസരമേർപ്പെടുത്തിയതു പോലെ എന്റെ അഛനും ഒരു മൽസരം വച്ചിരുന്നു. ചുറ്റിത്തിരിയുന്ന മത്സ്യത്തെ കണിക്കാതെ, അതിന്റെ പ്രതിബിംബം മാത്രം ജലത്തിൽ കാണാവുന്ന രീതിയിലായിരുന്നു സംവിധാനം. പലേ മഹാൻമാരും എന്റെ കൈ പിടിക്കാനാഗ്രഹിച്ചു. ചിലർക്ക് വില്ലെടുക്കാനായില്ല. ചിലർക്ക് വില്ലു കുലയ്ക്കാനായില്ല. മറ്റുചിലർ വില്ലു കുലച്ചെങ്കിലും മത്സ്യമെവിടെയെന്ന് കണ്ടുപിടിക്കാനായില്ല. അർജ്ജുനൻ വില്ലു കുലച്ച് തൊടുത്തുവെങ്കിലും മത്സ്യത്തെ വീഴ്ത്താൻ കഴിഞ്ഞില്ല. എന്നാൽ കൃഷ്ണൻവന്ന് വെറുമൊരു ലീലയായി വില്ലുകുലച്ച് അതിനെ വീഴ്ത്തി. ഞാൻ അതീവസന്തോഷത്തിലായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കൃഷ്ണൻ എന്നെ രഥത്തിലിരുത്തി. മറ്റു പ്രഭുക്കൻമാർ എതിരിടാൻ ഒരുമ്പെടുന്നസമയത്ത് കൃഷ്ണൻ രഥമോടിച്ച് ദ്വാരകയിലേക്ക് പോന്നു. തടയാൻ ശ്രമിച്ചവർ ഒന്നുകിൽ മരിച്ചു വീണു, അല്ലെങ്കിൽ പിന്തിരിഞ്ഞോടി. ഞങ്ങളുടെ വിവാഹദിവസം അഛൻ വിലപിടിച്ച അനേകം സമ്മാനങ്ങൾ ഭഗവാനു നൽകി. ഭഗവാന് ഒന്നിനും കുറവുണ്ടായിട്ടല്ല. അദ്ദേഹം പരിപൂർണ്ണനും അനന്തനുമാണല്ലോ. ഞങ്ങളെല്ലാം കൃഷ്ണനെ ഭർത്താവായി ലഭിക്കുകവഴി പരമാനുഗ്രഹീതരത്രെ.

*രോഹിണി, പതിനായിരം ഭാര്യമാരെ പ്രതിനിധീകരിച്ച് ഇങ്ങിനെ പറഞ്ഞു.*
ഭഗവാൻ നരകാസുകരനെ വധിച്ചതും ഞങ്ങളെ രക്ഷിച്ച് വിവാഹം ചെയ്തതും നിങ്ങൾക്കറിയാമല്ലൊ. ഞങ്ങൾ അനുഗ്രഹീതർ. സ്വർഗ്ഗത്തിന്റേയൊ ഭൂമിയുടേയൊ ആധിപത്യമോ മുക്തിപദം തന്നേയൊ ഞങ്ങൾക്കു വേണ്ട. ഞങ്ങൾക്കുള്ള ഏക ആഗ്രഹം ഇത്രമാത്രം. ഞങ്ങൾ എന്നും ശിരസ്സിൽ ആ പാദകമലധൂളിയണിയാനിടവരട്ടെ. ഞങ്ങൾ ഭഗവാന്റെ പാദസ്പർശനത്തിനായി മാത്രം ആർത്തി പിടിച്ചവരത്രെ. ഗോപീഗോപൻമാരും പശുക്കളും വൃന്ദാവനത്തിലെ പുൽക്കൊടിയും അതിനായാണല്ലോ ആഗ്രഹിച്ചത്.

**അഹോ വയം ജൻമഭൃതോ ലബ്ധം കാർത്സ്ന്യേന തത്ഫലം**
**ദേവനാമപി ദുഷ്പ്രാപം യദ്യോഗേശ്വരദർശനം (10–84–9)**
**യസ്യാത്മബുദ്ധി: കുണപേത്രിധാതുകേ**
**സ്വധീ: കളത്രാദിഷു ഭൌമ ഇജ്യധീ:**
**യത്തീർത്ഥ ബുദ്ധി: സലിലേ ന കർഹിചി**
**ജ്ഞനേഷ്വഭി ജ്ഞേഷു സ ഏവ ഗോഖര: (10–84–13)**

*ശുകമുനി തുടർന്നു:*
ശ്രീകൃഷ്ണൻെറ മഹിമകളെപ്പറ്റിയും പ്രേമത്തെപ്പറ്റിയും എല്ലാവരും ചേർന്നു നടത്തിയ ചർച്ചകൾ അവരെ ആത്മോദ്ധാരണപരമായി സ്വാധീനിച്ചു. ആ സമയത്ത് മാമുനിമാരിൽ ശ്രേഷ്ഠരായവർ കൃഷ്ണനെ കാണാൻ അവിടെയെത്തി. അവർ വന്നപ്പോൾ രാജാക്കൻമാരും പ്രഭുക്കളും ബഹുമാനപുരസ്സരം എഴുന്നേറ്റു നിന്നു. കൃഷ്ണനും ബലരാമനും അവരെ സ്വാഗതം ചെയ്തു. മുനിമാരുടെ പാദങ്ങൾ കഴുകി അവർക്ക് ഉചിതങ്ങളായ ആസനങ്ങൾ നൽകി.

*കൃഷ്ണൻ പറഞ്ഞു:*
ഇന്നു നാം തികച്ചും അനുഗ്രഹീതരത്രെ. നമ്മുടെ ജൻമത്തിന് ഇന്നു സാഫല്യം കൈവന്നിരിക്കുന്നു. യോഗിവര്യൻമാരിൽ ശ്രേഷ്ഠരായ മഹർഷിമാരുടെ ദർശനഭാഗ്യം നമുക്കുണ്ടായിരിക്കുന്നു. ദിവ്യനദികൾ വെറും ജലമല്ല. ദേവ വിഗ്രഹങ്ങൾ വെറും മണ്ണും കല്ലുമല്ല. അവ ഭക്തനെ ഏറെക്കാലം കൊണ്ട് ശുദ്ധീകരിക്കുന്നു. എന്നാൽ ദിവ്യമാമുനിമാരുടെ ഒരെയൊരു ദർശനം കൊണ്ട് ഭക്തഹൃദയം സംശുദ്ധമാകുന്നു. അഗ്നി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി, ആകാശം, പ്രാണവായുക്കൾ, വാക്ക്, മനസ്സ് എന്നിവയെ നിയന്ത്രിക്കുന്ന ദേവതകൾ പോലും നാനാത്വഭാവമെന്ന കൽമഷത്തിനടിമപ്പെട്ടവരത്രെ. അവർക്കൊന്നും മനുഷ്യഹൃദയത്തെ ശുദ്ധീകരിക്കാൻ കഴിയുകയില്ല. എന്നാൽ ദിവ്യൻമാരായ ഈ മഹർഷിമാരുടെ ഏതാനും നിമിഷത്തെ സത്സംഗം കൊണ്ട് ഒരുവൻെറ എല്ലാ പാപങ്ങളും ഇല്ലാതെയാവുന്നു. സ്വശരീരത്തെ ആത്മാവെന്നു കരുതുന്നവൻ വെറുമൊരു കഴുതയത്രെ. അവൻ ഭാര്യയും കുട്ടികളും മറ്റും സ്വന്തമെന്നു കരുതുന്നു. ലൗകീകവസ്തുക്കളെ പൂജിച്ച് നദികളെ പുണ്യതീർത്ഥമെന്ന് കരുതി നടക്കുമ്പോഴും മഹർഷിമാരിൽ അവന് ഭക്തിയേതുമില്ല.

*ശുകമുനി തുടർന്നു:*
മാമുനിമാർ, തങ്ങളെ ഭഗവാൻ കൃഷ്ണൻ പുകഴ്ത്തുന്നത് കേട്ട് അത്ഭുതസ്തബ്ധരായി നിന്നുപോയി. അവർക്കറിയാമായിരുന്നു ഭഗവാൻ ഈ മനുഷ്യ വേഷം ധരിച്ച് മനുഷ്യധർമ്മമനുസരിച്ചു നടിക്കുകയാണെന്ന്.

*അവർ പറഞ്ഞു:* പ്രഭോ, അങ്ങയെ ആരറിയാൻ. അങ്ങ് ഏകനെങ്കിലും അനേകങ്ങളായി കാണപ്പെടുന്നു. ഭൂമി ഒന്നാണെങ്കിലും അത് വൃക്ഷങ്ങളും പാറകളും മറ്റുമായാണല്ലോ കാണപ്പെടുന്നത്. എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഈ പ്രതിഭാസത്തിൻെറ ചലനമേതുമില്ലാത്ത അടിത്തറ അവിടുന്നത്രെ. അവിടുന്ന് നാമരൂപങ്ങൾക്കതീതനെങ്കിലും കാലാകാലങ്ങളിൽ ധർമ്മസംരക്ഷണത്തിനായി, ദുഷ്ടസംഹാരത്തിനായി, നാമരൂപങ്ങൾ ധരിക്കുന്നു. സ്വപ്നം കാണുന്നവർ സ്വന്തം ശരീരത്തെപ്പറ്റി ബോധവാനല്ലാത്തതുപോലെ മായാജന്യമായ മതിഭ്രമത്തിനടിപ്പെട്ട മനുഷ്യർക്ക് അവിടുത്തെ പറ്റിയുള്ള അവബോധമില്ല തന്നെ. അവിടുന്ന് എല്ലായ്പ്പോഴും അവരുടെ ആത്മസത്തയായി നിലകൊള്ളുന്നുവെന്ന് അവരറിയുന്നില്ല. അങ്ങിൽ മാത്രം നിതാന്തഭക്തിയുള്ളവർക്കു മാത്രമേ അവിടുത്തെ സാക്ഷാത്കരിക്കാനാവൂ. അവിടുത്തെ കാണാൻ സാധിച്ചതിനാൽ ഞങ്ങൾ അനുഗ്രഹീതരായിരിക്കുന്നു.

മാമുനിമാർ ഉടനേ തന്നെ മടങ്ങിപ്പോവാൻ തുനിയവേ വസുദേവർ അവരോടു ചോദിച്ചു. “എങ്ങിനെയാണ് ഒരുവൻ കർമ്മപാശത്തിൽ നിന്നും മോചിതനാവുന്നതെന്ന് പറഞ്ഞു തന്നാലും.”

**സന്നികർഷോ ഹി മർത്ത്യാനാമനാദരണകാരണം**
**ഗാംഗം ഹിത്വാ യഥാന്യാംഭസ്തത്രത്യോ യാതി ശുദ്ധയേ (10–84–31)**
**വിത്തൈക്ഷണാം യജ്ഞ ദാനൈർഗൃഹൈർദ്ദാരസുതൈഷണാം**
**ആത്മലോകൈഷണാം ദേവ കാലേന വിസൃജേദ്ബുധ:**
**ഗ്രാമേ ത്യക്തൈഷണാ: സർവേ യയുർധീരരാസ്തപോവനം (10–84–38)**
**മാ രാജ്യശ്രീരഭൂത് പുംസ: ശ്രേയസ്കാമസ്യ മാനദ**
**സ്വജനാനുത ബന്ധൂൻ വാ നപശ്യതി യയാന്ധദൃക് (10–84–64)**

*ശുകമുനി തുടർന്നു:*
വസുദേവരുടെ അഭ്യർത്ഥന കേട്ട് നാരദമുനി ഇങ്ങിനെ പറഞ്ഞു. “മാമുനിമാരേ, വസുദേവർക്ക് ഈ സർവ്വജ്ഞനായ കൃഷ്ണൻ തൻെറ മകനാണല്ലോ. അതുകൊണ്ടാണ് ചോദ്യം നിങ്ങളോട് ചോദിക്കുന്നത്. ചിരപരിചിതത്വം കൊണ്ട് ആളുകൾ ചുറ്റുമുളളവരുടെ മാഹാത്മ്യത്തെ മനസ്സിലാക്കുന്നില്ല. ഗംഗാതീരത്തു വസിക്കുന്നവർ ആത്മസംസ്കരണത്തിനായി മറ്റു പുണ്യതീർത്ഥങ്ങൾ തേടി പോകുന്നതുപോലെയത്രെ ഇത്.”

മാമുനിമാർ ഇങ്ങിനെ മറുപടി പറഞ്ഞു.
കർമ്മഫലങ്ങളിൽ നിന്നു മുക്തി നേടാനുളള മാർഗ്ഗം, എല്ലാ കർമ്മങ്ങളും ഭഗവൽപൂജകളായി ചെയ്യുക എന്നതാണ്. ഭഗവാനാണല്ലോ എല്ലാ യാഗപൂജാദികളുടെയും കർമ്മവും ലക്ഷ്യവും. മനുഷ്യർ ഇഹലോകത്തിൽ മൂന്നു തരത്തിലുളള ആഗ്രഹങ്ങൾക്കും ആസക്തികൾക്കും അടിമപ്പെട്ടിരിക്കുന്നു. സമ്പത്തിനായുള്ള ആഗ്രഹം. ഭാര്യാപുത്രാദികൾക്കായുള്ള ആഗ്രഹം. സ്വർഗ്ഗലാഭത്തിനായുള്ള ആഗ്രഹം. ഒരുവൻ സമ്പത്തിനായുള്ള ആഗ്രഹത്തെ പൂജാദികൾ കൊണ്ടും ദാനധർമ്മങ്ങൾ കൊണ്ടും. ഭാര്യാപുത്രാദികൾക്കായുള്ള ആഗ്രഹം ധാർമ്മീകമായ ഗൃഹസ്ഥാശ്രമജീവിതം കൊണ്ടും. സ്വർഗ്ഗലാഭത്തിനായുള്ള ആഗ്രഹം സ്വർഗ്ഗ ജീവിതത്തിൻെറ ക്ഷണികതയെപ്പറ്റി മനസ്സിലാക്കിയും അതിജീവിക്കേണ്ടതാണ്. ദേവതകളോടുളള കടം തീർക്കാതെ (യാഗപൂജാദികൾ നടത്താതെ)യും ശാസ്ത്രാദികൾ പഠിക്കാതെയും പ്രചരിപ്പിക്കാതെയും മാമുനിമാരോടുളള കടപ്പാടുകൾ തീർക്കാതെയും സന്താനങ്ങളുണ്ടാകാതെ പിതൃക്കളോടുള്ള കടം വീട്ടാതെയും ഗൃഹസ്ഥാശ്രമം ഉപേക്ഷിക്കുന്നവൻ തൻെറ ആത്മീയവളർച്ചയിൽനിന്നും തഴേയ്ക്കു പതിക്കുന്നു. അതുകൊണ്ട് അല്ലയോ വസുദേവരേ, യാഗകർമ്മാദികൾ ചെയ്ത് ഭഗവാനെ പ്രസാദിപ്പിച്ചാലും.

ഉടനേ തന്നെ, മഹർഷിമാരുടെ ഉപദേശത്തെ മാനിച്ച് വസുദേവൻ ഒരു യാഗം നടത്തി. ശാസ്ത്രാധിഷ്ഠിതവും മാമുനിമാരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചും നടത്തിയ യാഗത്തിനു ശേഷം എല്ലാവർക്കും വിലപിടിച്ച സമ്മാനങ്ങൾ വിതരണം ചെയ്തു. നായ്ക്കൾക്കു പോലും സമ്മാനങ്ങൾ ലഭിച്ചു. അതിനുശേഷം രാജാക്കൻമാരും പ്രഭുക്കളും സ്വന്തം സ്ഥലങ്ങളിലേക്ക് മടങ്ങി. വസുദേവന് നന്ദഗോപരോട് ഏറ്റവും കൂടുതൽ അടുപ്പവും സ്നേഹവും ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. “നമ്മുടെ സൗഹൃദം വാക്കുകൾക്കതീതമാണ്. നന്ദഗോപരേ, നിങ്ങൾ എന്നും ഞങ്ങളോട് നൻമ മാത്രമേ കാണിച്ചിട്ടുളളു. എന്നാൽ ഞങ്ങളോ, നന്ദികെട്ടവർ. കംസൻ ഞങ്ങളെ തടവിലാക്കിയിരുന്നപ്പോൾ ഞങ്ങൾ വിചാരിച്ചു ന്യായമായും നിങ്ങളുടെ ദയവിന് പ്രതിഫലമായൊന്നും ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല എന്ന്. എന്നാൽ ഞങ്ങൾ സ്വതന്ത്രരായപ്പോഴും നിങ്ങളോട് വേണ്ടപോലെ നന്ദിപ്രകടിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. അതാണ് അധികാരസ്ഥാനങ്ങളിലുളളവരുടെ അവസ്ഥ. അവർക്ക് സൗഹൃദം കൊണ്ടൊരുപയോഗവുമില്ല. അതുകൊണ്ട് ഏതൊരുവൻ സത്യമായും ക്ഷേമത്തെ കാംക്ഷിക്കുന്നുവോ, അവൻ ഭരണാധികാരവും സ്ഥാനമാനങ്ങളും ഉപേക്ഷിക്കേണ്ടതാണ്. കാരണം അവ സൗഹൃദങ്ങളെയും ബന്ധുതയെയും അകറ്റി നിർത്തുന്നു.” വസുദേവരുടെ ആതിഥേയം ആസ്വദിച്ചു കൊണ്ട് നന്ദഗോപരും കൂട്ടരും കുറച്ചുനാൾകൂടി അവിടെ കഴിഞ്ഞു. വസുദേവൻ എല്ലാവരെയും പലേവിധങ്ങളിൽ സൽക്കരിച്ചു. കുറേക്കാലമങ്ങിനെ ഉല്ലസിച്ചുകഴിഞ്ഞ് നന്ദഗോപൻ വൃന്ദാവനത്തിലേക്കും യാദവർ ദ്വാരകയിലേക്കും മടങ്ങി.

**യത്ര യേനയതോ യസ്യ യസ്മൈ യദ്യദ്യഥാ യദാ**
**സ്യാദിദം ഭഗവാൻ സാക്ഷാത് പ്രധാനപുരുഷേശ്വര: (10-85-4)**
**അഹം യൂയമസാവാര്യ ഇമേ ച ദ്വാരകൌകസ:**
**സർവേ*f*പ്യേവം യദു ശ്രേഷ്ഠ വിമൃശ്യാ: സചരാചരം (10-85-23)**
**ആത്മാ ഹ്യേക: സ്വയം ജ്യോതിർന്നത്യോ*f*ന്യോ നിർഗ്ഗുണോ ഗുണൈ:**
**ആത്മസൃഷ്ടൈസ്തത് കൃതേഷു ഭൂതേഷു ബഹുധേയതേ (10-85-24)**

*ശുകമുനി തുടർന്നു:*
ഒരു ദിവസം പതിവുപോലെ കൃഷ്ണനും ബലരാമനും വസുദേവനെ വന്ദിക്കാൻ അദ്ദേഹത്തിൻെറ കൊട്ടാരത്തിൽ ചെന്നു. താൻ സ്വന്തം പുത്രൻ എന്നു മാത്രം കരുതിയിരുന്ന കൃഷ്ണനെപ്പറ്റി നാരദമുനി പറഞ്ഞ ദിവ്യകാര്യങ്ങളും രാമകൃഷ്ണൻമാരെപ്പറ്റി മഹർഷിവര്യൻമാർ പാടിപുകഴ്ത്തിയ കീർത്തനങ്ങളും വസുദേവനോർത്തു. എന്നിട്ടിങ്ങിനെ പറഞ്ഞു.

“കൃഷ്ണാ! നീയാണ് സത്-ചിത്-ആനന്ദം. നീയാണ് ദ്രവ്യത്തിൻെറയും ഊർജ്ജത്തിൻെറയും നാഥൻ. നീയാണ് എവിടെയും എക്കാലത്തും സ്ഥിതി ചെയ്തിരുന്ന എന്തിൻെറയും പ്രഭു. ആരുടെ പ്രയത്നം കൊണ്ടായാലും എന്തു കാരണം കൊണ്ടായാലും ഇത് സത്യമത്രെ. അങ്ങു തന്നെ ഈ വിശ്വം സ്വയം ഉണ്ടാക്കി അതിലെ ആത്മാവും സത്തയുമായി. പ്രാണൻെറ പ്രാണൻ തന്നെ നീയാകുന്നു. നീ തന്നെ സൂര്യൻെറ വെളിച്ചവും നക്ഷത്രങ്ങളും മിന്നലുമെല്ലാം. മലനിരകളുടെ സംതുലനവും പഞ്ചഭൂതങ്ങളിലെ ഗുണങ്ങളും നീ. ഇന്ദ്രിയഗോചരങ്ങളായ വസ്തുക്കൾ, ഇന്ദ്രിയങ്ങൾ, അവയുടെ സംവേദനശക്തി എല്ലാം അവിടുന്നു മാത്രം. ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന ചോദനകളെ ക്രമീകരിക്കുന്നതും ജീവികൾക്കുള്ള ബുദ്ധിയും നീ തന്നെ. നീയാണ് പഞ്ചഭൂതങ്ങളെ നിർമ്മിക്കുന്ന താമസാഹങ്കാരം. രാജസാഹങ്കാരഹേതുവായ ഇന്ദ്രിയങ്ങളും സാത്വീകാഹങ്കാരഹേതുവായ മനസ്സും നീയാണ്. സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഭൂതങ്ങളുടെയെല്ലാം കാര്യം കാരണത്തിലടങ്ങിയിരിക്കുന്നു. എന്നാൽ അഹേതുക ഹേതുവായതുകൊണ്ട് നീയെല്ലാ കാര്യങ്ങളിലും സ്ഥിതി ചെയ്യുന്നു. അതുകൊണ്ടു തന്നെ എല്ലാ സൃഷ്ടികളിലും. എന്നാൽ സത്യത്തിൽ അവ നിന്നിൽ പ്രകടമാവുന്നത് കാലഗതിക്കനുസരിച്ചു മാത്രം. കാരണം നീ ത്രിഗുണാതീതനും അതീന്ദ്രിയനും എല്ലാ ദ്രവ്യപരിണാമങ്ങൾക്കുമതീതനുമാവുന്നു. ഏതൊരാൾ നിൻെറ പരബ്രഹ്മഭാവം, അതീന്ദ്രിയത്വം, ത്രിഗുണസംഭവമായ അവതാരമഹത്വം എന്നിവയുടെ സൂക്ഷ്മതരമായ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നില്ലയോ അയാൾ ജനനമരണചക്രത്തിൻെറ പിടിയിൽപ്പെട്ടു കഴിയുന്നു. നീയാണ് പുരുഷനും (ആത്മാവ്, ബോധം) പ്രകൃതിയും (ദ്രവ്യം). നീയാണ് വിശ്വത്തിൻെറ ദ്രവ്യപരവും ഊർജ്ജപരവുമായ കാരണം. കാണിയും കാഴ്ചയും നീ തന്നെ. എന്നാൽ നീ ഇവയ്ക്കെല്ലാം അതീതനുമത്ര. നിൻെറ തന്നെ മായാശക്തിയാലാണ് ഞാൻ ദേഹബുദ്ധിക്കടിമപ്പെട്ട് നിന്നെ എൻെറ മകനായി മാത്രം കരുതിയത്. ഞാൻ നിന്നിലഭയം തേടുന്നു. ഈ സംസാരചക്രത്തിൽ നിന്നുള്ള മോചനമാർഗ്ഗം പറഞ്ഞു തന്നാലും.”

അഛൻ പറഞ്ഞ വാക്കുകൾ കേട്ട് കൃഷ്ണൻ വിനീതനായി മറുപടി പറഞ്ഞു. “ഞാൻ അവിടുത്തെ പുത്രൻ മാത്രമാണ്. അങ്ങ് ഇപ്പോൾ പറഞ്ഞതെല്ലാം എനിക്ക് പഠിക്കാനായാണെന്ന് ഞാനറിയുന്നു. അങ്ങും ഞാനും ദ്വാരകാവാസികളും ചരാചരവസ്തുക്കളും എല്ലാം സ്വയം പ്രഭയാർന്ന അനന്തമായ ത്രിഗുണങ്ങളാൽ മാറ്റമേതുമേശാത്ത ആത്മാവത്രെ. അത് നാനാവിധവസ്തുക്കളിൽ അതിനാൽ സൃഷ്ടിക്കപ്പെട്ടതുപോലെ പ്രകടമായി കാണപ്പെടുന്നു.” ഇതുകേട്ട് വസുദേവന് ആത്മജ്ഞാനം സിദ്ധിച്ചു.

**തന്നഃ പ്രസീദ നിരപേക്ഷ വിമൃഗ്യയുഷ്മത് -**
**പാദാരവിന്ദധിഷണാന്യ ഗൃഹാന്ധകൂപാത്**
**നിഷ്ക്രമ്യ വിശ്വശരണാങ്ഘ്ര്യുപലബ്ധവൃത്തിഃ**
**ശാന്തോ യഥൈക ഉത സർവ്വസഖൈശ്ചരാമി (10-85-45)**
**യ ഇദമനുശൃണോതി ശ്രാവയേദ്വാ മുരാരേ -**
**ശ്ചരിതമമൃതകീർത്തേർവ്വർണ്ണിതം വ്യാസപുത്രൈഃ**
**ജഗദഘഭിദലം തദ്ഭക്തസത്കർണ്ണ പൂരം**
**ഭഗവതി കൃതചിത്തോ യാതി തത്ക്ഷേമധാമ (10-85-59)**

*ശുകമുനി തുടർന്നു:*
ദേവകി തന്റെ പുത്രന്റെ ദിവ്യതയെ സാക്ഷാത്കരിച്ച് കംസനാൽ കൊല്ലപ്പെട്ട തന്റെ ആദ്യത്തെ ആറുപുത്രൻമാരെപ്പറ്റിയോർത്തിട്ട് കൃഷ്ണനോടിങ്ങിനെ പറഞ്ഞു. "കൃഷ്ണാ, നീയാണ് ഈശ്വരനെന്നും സൃഷ്ടാവിനുപോലും പ്രഭുവാണ് നിയെന്നും എനിക്കറിയാം. നീ ഗുരുപുത്രനെ യമദേവന്റെ അടുത്തുനിന്നും തിരികെ കൂട്ടിക്കൊണ്ടുവന്നതു കേട്ട് ഞാൻ അത്ഭുതചകിതയായിട്ടുണ്ട്. എനിക്കും എന്റെ മക്കളെ കാണണമെന്നുണ്ട്. കംസൻ വധിച്ച എന്റെ കുഞ്ഞുങ്ങളെ വീണ്ടും കാണാനുള്ള എന്റെ ആഗ്രഹം സാധിച്ചു തന്നാലും."

കൃഷ്ണനും ബലരാമനും തങ്ങളുടെ യോഗമായകൊണ്ട് ക്ഷണനേരത്തിൽ സുതലമെന്ന പാതാള ലോകത്തെത്തിച്ചേർന്നു. സുതലത്തിന്റെ രാജാവ് മഹാനായ ബലിയായിരുന്നു. ദിവ്യസഹോദരൻമാരെക്കണ്ട് അദ്ദേഹം ഹർഷപുളകിതനായി. അവരെ പൂജിച്ചെതിരേറ്റ്, കൃഷ്ണന്റെ പാദകമലങ്ങളെ ആലിംഗനം ചെയ്തുകൊണ്ട് ബലി ഇങ്ങിനെ പറഞ്ഞു. "ഭഗവാനേ ഞങ്ങൾ അസുരൻമാർ അങ്ങയോട് വെറുപ്പു വച്ചുപുലർത്തുന്നവരത്രെ. എങ്കിലും ഉത്തമഭക്തൻമാരേപ്പോലെത്തന്നെ ഞങ്ങളും അങ്ങയോടടുത്തു തന്നെ നിലകൊള്ളുന്നു. ഭക്തിയാലോ, വെറുപ്പാലോ ഞങ്ങൾ എപ്പോഴും അങ്ങയോടൊപ്പമത്രെ. ഏറ്റവും മഹാനായ യോഗിവര്യൻപോലും അങ്ങയുടെ യഥാർത്ഥഭാവം അറിയുന്നില്ല. ആഗ്രഹലേശമില്ലാത്തവർ ആഗ്രഹിക്കുന്ന അവിടുത്തെ പാദാരവിന്ദങ്ങളിൽ നിരന്തരഭക്തിയുണ്ടാവാനാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അങ്ങിനെ ലൗകീകതയെന്ന ഇരുട്ടുകുഴിയിൽ നിന്ന് എനിക്ക് സ്വാതന്ത്ര്യം ലഭിക്കുമല്ലോ. അതിനുശേഷം സ്വതന്ത്രനായി അലഞ്ഞുതിരിയുകയോ സർവ്വജീവജാലങ്ങളെയും സുഹൃത്തായി കണക്കാക്കുന്നവരുമായുള്ള സത്സംഗസൗഭാഗ്യമാസ്വദിക്കുകയോ ചെയ്യാമല്ലോ."

*കൃഷ്ണൻ പറഞ്ഞു.*
അല്ലയോ അസുരരാജൻ, മരീചിമുനിക്ക് തന്റെ ഭാര്യയായ ഊർണയിൽ ആറു പുത്രൻമാരുണ്ടായിരുന്നു. ബ്രഹ്മാവ് തന്റെ പുത്രിയെ വിഷയാസക്തനായി സമീപിക്കുന്നതു കണ്ട് ഇവർ മര്യാദകെട്ട രീതിയിൽ പൊട്ടിച്ചിരിച്ചു. അങ്ങിനെ ബ്രഹ്മകോപത്തിനിരയായി. അങ്ങിനെയവർ ഹിരണ്യകശിപുവിന്റെ സന്താനങ്ങളായി ജനിക്കാനിരുന്നുവെങ്കിലും എന്റെ അമ്മയുടെ വയറ്റിലേക്ക് മാറ്റപ്പെട്ടു. അവരെ കംസൻ വധിക്കുകയും ചെയ്തു. എന്റെ അമ്മയുടെ ആഗ്രഹം സാധിപ്പിച്ച് സന്തോഷിപ്പിക്കാനായി അവരെ ഭൂമിയിലേക്ക് കൊണ്ടു പോകാനാണ് ഞങ്ങൾ വന്നിട്ടുള്ളത്." ബലി തൽക്ഷണം ആറുപേരെയും പുനർജീവിപ്പിച്ചു. സഹോദരൻമാർ അവരെ ദേവകിയുടെ അടുക്കൽ കൊണ്ടുപോയി. ശ്രീകൃഷ്ണന്റെ കരസ്പർശനമാത്രയിൽ അവർക്ക് ഈശ്വരസാക്ഷാത്ക്കാരം ലഭിക്കുകയും അവർ സ്വർഗ്ഗസീമകളിലേക്കുയരുകയും ചെയ്തു. ദേവകി അത്ഭുതസ്തബ്ധയായി. തന്റെ പുനർജീവിക്കപ്പെട്ട പുത്രൻമാരെ വീണ്ടും നഷ്ടപ്പെട്ടതിൽ അവർക്ക് ദുഃഖമേതും തേന്നിയതുമില്ല.

ആരൊരുവൻ ഭഗവാന്റെ സർവ്വ സംശുദ്ധീകരമായ ഈ കഥകൾ പറയുകയോ കേൾക്കുകയോ ചെയ്യുന്നുവോ അവർക്ക് തീവ്രഭക്തിയുണ്ടാവുകയും അവർക്ക് ഭഗവൽസവിധം പൂകാനിടവരികയും ചെയ്യും.

**യഥാ ശയാന: പുരുഷോ മനസൈവാത്മ മായയാ**
**സൃഷ്ട്വാ ലോകം പരം സ്വാപ്നമനുവിശ്യാവഭാസതേ (10-86-45)**

*ശുകമുനി തുടർന്നു:*
തൻെറ മുത്തശ്ശനും മുത്തശ്ശിയും തമ്മിൽ എങ്ങിനെയാണ് വിവാഹിതരായതെന്ന് പരീക്ഷിത്ത് ചോദിച്ചതിനുത്തരമായി ശുകമുനി പറഞ്ഞു. "നിങ്ങളുടെ മുത്തശ്ശൻ അർജ്ജുനൻ തീർത്ഥാടനത്തിനായി പ്രഭാസത്തിൽ പോവുമ്പോഴാണ് സ്വന്തം അമ്മാവൻെറ മകളായ സുഭദ്രയെപ്പറ്റി കേൾക്കുന്നത്. ബലരാമന്, അവളെ ദുര്യോധനനു നൽകണമെന്നുണ്ടായിരുന്നു എന്നാണ് കേട്ടു കേൾവി. അർജ്ജുനൻ ഒരു സന്യാസി വേഷത്തിൽ നഗരത്തിൽ പ്രവേശിച്ചു. നഗരവാസികൾ ഐശ്വര്യവാനായ സന്യാസിയെ സഹർഷം സ്വീകരിച്ചാദരിച്ചു. ആചാരമനുസരിച്ച് മഴക്കാലമായ (ചാതുർമാസ്യം) നാലുമാസക്കാലം അവിടെ കഴിഞ്ഞു കൂടാൻ അദ്ദേഹം തീർച്ചയാക്കി. ബലരാമനും സന്യാസിയെ ആളറിയാതെ വിളിച്ച് കൊട്ടാരത്തിൽ താമസിപ്പിക്കുകയും ചെയ്തു. അർജ്ജുനൻ സുഭദ്രയെക്കണ്ട് അനുരാഗത്തിലായി. അവളും അർജ്ജുനനിൽ അനുരക്തയായി. ഉഭയസമ്മതപ്രകാരം മുതിർന്നവരുടെ അനുഗ്രഹവും വാങ്ങി ക്ഷേത്രപൂജക്ക് പോയ സുഭദ്രയെ അർജ്ജുനൻ ഒരു തേരിലേറി വന്ന് കയറ്റിക്കൊണ്ടു പോയി. കൃഷ്ണനും കൂട്ടരും ബലരാമനെ സമാധാനിപ്പിച്ചു. അവസാനം അദ്ദേഹവും വിവാഹത്തിനു സമ്മതിച്ചു. മാത്രമല്ലാ വിലയേറിയ അനവധി സമ്മാനങ്ങളും നൽകി.

അക്കാലത്ത് മിഥിലയിൽ ശ്രുതദേവനെന്ന് പേരായ ഒരു ദിവ്യബ്രാഹ്മണൻ ജീവിച്ചിരുന്നു. അദ്ദേഹം സർവ്വാത്മനാ കൃഷ്ണഭക്തനായിരുന്നു. മിഥിലാരാജനും കൃഷ്ണഭക്തനായിരുന്നു. ഞാനടക്കം കുറെ മുനിമാരുമൊത്ത് അവരെ അനുഗ്രഹിക്കാനായി കൃഷ്ണൻ മിഥിലയ്ക്ക് പുറപ്പെട്ടു. മഹാരാജാവ് ബഹുലാസ്വനും ബ്രാഹ്മണൻ ശ്രുതദേവനും ഹർഷോൻമാദത്തിലായിരുന്നു. ഭഗവാൻ രണ്ടു പേരുടെ വസതികളിലും ഒരേ സമയം സന്ദർശനം നടത്തി. കൊട്ടാരത്തിൽ രാജാവ് കൃഷ്ണനെ സർവ്വചരാചരങ്ങളുടെയും ആത്മസത്തയായിത്തന്നെ സ്വാഗതം ചെയ്തു. ഭഗവാൻ ഒരിക്കൽകൂടി തനിക്കേറ്റവും പ്രിയപ്പെട്ടത് - സഹോദരനേക്കാളും സഹോദരിയേക്കാളും - തൻെറ ഭക്തരാണെന്ന് വെളിവാക്കി (ശ്രീരാമചന്ദ്രനും ഇതു പറഞ്ഞിട്ടുണ്ട്). ബ്രാഹ്മണഗൃഹത്തിൽ ശ്രുതദേവനും ഭാര്യയും ഹർഷപുളകിതരായി കൃഷ്ണനേയും മാമുനിമാരേയും എതിരേറ്റു.

*ശ്രുതദേവൻ പറഞ്ഞു*
അജ്ഞാനികൾ അവിടുത്തെ അവരുടെ ഹൃദയങ്ങളിലെ നിത്യസഹചാരിയായ ആത്മാവായി കണക്കാക്കുന്നില്ല. അവിടുന്നാണുൺമ. ഉറങ്ങുന്ന ഒരുവൻ സ്വപ്നത്തിലൂടെ സ്വന്തം ലോകങ്ങൾ മനസ്സിൽ എപ്രകാരം സൃഷ്ടിച്ച് അതിൽ പ്രവേശിച്ച്, അതിനെപ്പറ്റി ബോധവാനാകുന്നുവോ അപ്രകാരം അവിടുന്നീ വിശ്വം മുഴുവൻ സൃഷ്ടിക്കുന്നു. അതിൽ പ്രവേശിക്കുകയും ചെയ്യുന്നു.

*ശ്രീകൃഷ്ണൻ അരുളി:*
ഈ മാമുനിമാർ നിങ്ങളെ സന്ദർശിച്ചത് നിങ്ങളെ അനുഗ്രഹിക്കുവാൻ മാത്രമാണ്. തീർച്ചയായും മാമുനിമാർ ലോകം ചുറ്റുന്നത് ഈ സദുദ്ദേശത്തോടെ മാത്രമാണ്. അവരുടെ പാദധൂളി ഭൂമിയെ ശുദ്ധീകരിക്കുന്നു. ഈശ്വരബിംബങ്ങൾ, ദിവ്യസ്ഥലങ്ങൾ, ദിവ്യനദികൾ, തടാകങ്ങൾ എന്നിവ ഏറെക്കാലം അവയെ ആശ്രയിക്കുന്ന ഭക്തനെ സംശുദ്ധീകരിക്കുന്നു. അവരുടെ ഈ ശക്തിയും ഈ ദിവ്യമാമുനിമാരിൽ നിന്നാണവരാർജ്ജിക്കുന്നത്. എൻെറ ഈ ശരീരമടക്കം ഒന്നുംതന്നെ എനിക്ക് ഈ ദിവ്യർഷികളെക്കാൾ പ്രിയപ്പെട്ടതല്ല. എൻെറ ബിംബങ്ങളെയും മറ്റും പൂജിക്കുന്നവർക്ക് വഴിപിഴച്ച അറിവാണുള്ളത്. അസൂയ കൊണ്ട് അവർ മാമുനിമാരെ പൂജിക്കുന്നുമില്ല. അതുകൊണ്ട് ശ്രുതദേവാ, അവരെ പൂജിച്ചാലും.

മഹാരാജാവ് ബഹുലാസ്വനും ശ്രുതദേവബ്രാഹ്മണനും ബോധോദയം ലഭിച്ചു.

**ജയ ജയ ജഹ്യ ജാമജിത ദോഷഗൃഭീതഗുണാം
ത്വമസി യദാത്മനാ സമവരുദ്ധസമസ്തഭഗ:
അഗജഗദോകസാമഖിലശക്ത്യവബോധക തേ
ക്വചിദ ജയാ$ff$ത്മനാ ച ചരതോ$f$നുചരേന്നിഗമ: (10-87-14)
ഉദരമുപാസതേ യ ഋഷി വർത്മസു കൂർപ്പദൃശ:
പരിസരപദ്ധതിം ഹൃദയമാരുണയോ ദഹരം
തത ഉദഗാദനന്ത തവ ധാമ ശിര: പരമം
പുനരിഹയത് സമേത്യ ന പതന്തി കൃതാന്തമുഖേ (10-87-18)**

*പരീക്ഷിത്തിന്റെ മറ്റൊരു ചോദ്യത്തിനുത്തരമായി വേദത്തിൽ പറഞ്ഞിട്ടുള്ള ഭഗവൽസ്തുതി ശുകമുനി ഇപ്രകാരം ചൊല്ലിക്കേൾപ്പിച്ചു:*

“അജയ്യപ്രഭോ, അവിടേയ്ക്കു നമസ്ക്കാരം. ആത്മപ്രകാശസ്വരൂപനായ ഭഗവാനേ, ത്രിഗുണരൂപമാർന്ന പാപം വിതറുന്ന അജ്ഞാനത്തെ നശിപ്പിച്ചാലും. വിജ്ഞാനികൾ ഈ വിശ്വത്തെ പരബ്രഹ്മത്തിൽ നിന്നും വിഭിന്നമായി കാണുന്നില്ല. കാരണം, വിശ്വം പ്രകടമാവും മുൻപും പിൻപും പ്രകടിതാവസ്ഥയിലും അചഞ്ചലമായി നിലകൊള്ളുന്നത് പരമാത്മാവു മാത്രം. അവിടുന്ന് ബുദ്ധിക്കും വാക്കിനും അതീതനാണെന്ന് വേദങ്ങൾ പറയുന്നതിന്റെ കാരണവും അതാണ്. ബുദ്ധിക്ക് എത്താനും വിശദീകരിക്കാനും കഴിയുന്ന ഏതും അവിടുന്നു തന്നെ. മനുഷ്യർ എന്തിലേയ്ക്കു കാലടി വച്ചാലും ഭൂമിയിലേക്കാണല്ലോ വരുന്നത്. അതുപോലെ എല്ലാ ചിന്തകളുടെയും വിവരണങ്ങളുടെയും അടിത്തറ അവിടുന്നത്രെ. അതുകൊണ്ട് വിവേകമുള്ളവർ അവിടുത്തെ കഥകളിലും മഹിമാകഥനങ്ങളിലും ആഹ്ലാദചിത്തരായി ദുരിതക്ലേശങ്ങളിൽ നിന്നും വിമുക്തനാവുന്നു. എല്ലാ പരിമിതികൾക്കും കാലത്തിനുമതീതനായി അയാൾ പരമാനന്ദസച്ചിതാനന്ദമായ അങ്ങയിൽ ഭക്തനായി ജീവിക്കുന്നു.

അങ്ങയിലേക്കുള്ള പാതയിൽ ചലിക്കുന്നവർ മാത്രമെ ജിവിക്കുന്നുള്ളൂ. മറ്റുള്ളവർ ശ്വാസം വലിക്കുന്ന വെറും വസ്തുക്കൾ മാത്രം. ഞങ്ങളുടെ ജീവന്റെ ജീവൻ അവിടുന്നാണ്. ചരവസ്തുക്കളെ ചലിപ്പിക്കുന്നതും അവിടുന്നു തന്നെ. അങ്ങ് എല്ലാ ദ്രവ്യവസ്തുക്കൾക്കുമതീതനാണെങ്കിലും അവയ്ക്ക് അസ്തിത്വം ലഭിക്കുന്നത് അവിടുത്തെ ശക്തിയാലത്രെ. പാതകളെല്ലാം അങ്ങയിലെത്തിച്ചേരുന്നു. സ്ഥൂലമായ ദർശനമുള്ളവർ അവരുടെ ഉദരത്തോട് ഭക്തിയുള്ളവരായിരിക്കും. അതായത്, അവർ അങ്ങയെ ധ്യാനിക്കുന്നത് ഉദരഭാഗത്ത് ജീവകേന്ദ്രത്തെ പ്രതിഷ്ഠിച്ചിട്ടാണ്. ജ്ഞാനോദയം കിട്ടിയവരുടെ ദർശനം സൂക്ഷ്മമത്രെ. അവർ ഹൃദയത്തെ വിഭാവനചെയ്ത് അവിടുത്തെ ഭക്തരാവുന്നു. അതായത്, ഹൃദയഭാഗത്ത് ജീവകേന്ദ്രത്തെ പ്രതിഷ്ഠിച്ച് അവർ ധ്യാനം ചെയ്യുന്നു. അതിനു മുകളിൽ ശിരസ്സ്. അതാണ് അവിടുത്തെ ഇരിപ്പിടം. അവിടെ ഒരിക്കൽ എത്തിയവർ ലൗകീകാസ്തിത്വത്തിലേക്ക് തിരിച്ചു വരുന്നില്ല.

അവിടുന്ന് അനാദ്യന്തസ്വരൂപനായതു കൊണ്ട് സർവ്വാന്തര്യാമിയത്രെ. എങ്കിലും സൃഷ്ടിക്കപ്പെട്ട നാനാ തരങ്ങളായ ചരാചരങ്ങളിൽ അവിടുന്നു സ്വയം പ്രവേശിച്ചു എന്നു പറയപ്പെടുന്നു. ആരൊരാൾ ഈ ലോകത്ത് നിസ്വാർത്ഥിയായി അവനവന്റെ ധർമ്മം പ്രതിഫലേഛ കൂടാതെ നിർവ്വഹിക്കുന്നുവോ അയാൾ അവിടുത്തെ യാഥാർത്ഥ്യം മനസ്സിലാക്കുന്നു. സർവ്വസദാസഹജമായ സർവ്വാന്തര്യാമിയായി അവിടുത്തെ അയാൾ സാക്ഷാത്കരിക്കുന്നു.

**ജനി മസത: സതോ മൃതിമുതാത്മനി യേ ച ഭിദാം**
**വിപണമൃതം സ്മരന്ത്യുപദിശന്തി ത ആരുപിതൈ:**
**ത്രിഗുണമയ: പുമാനിതി ഭിദാ യദബോധകൃതാ**
**ത്വയി ന തത: പരത്ര സ ഭവേദവബോധരസേ (10–87–25)**
**തവ പരിയേ ചരന്ത്യഖിലസത്ത്വനികേതതയാ**
**ത ഉത പദാ$ff$ക്രമന്ത്യ വിഗണയ്യശിരോ നിരൃതേ:**
**പരിവയസേ പശൂനിവ ശിരാ വിബുധാനപി താം**
**സ്ത്വയി കൃത സൌഹൃദാ: ഖലു പുനന്തി നയേ വിമുഖാ: (10–87–27)**

*വേദസ്തുതി തുടരുന്നു:*
വേദശാസ്ത്രങ്ങൾ ജിവാത്മാവിനെ അവിടുത്തെ ആശയമായി കണക്കാക്കുന്നു. ഈ വിശ്വാസത്തിൽ വിവേകി അവിടുത്തെ പാദാരവിന്ദങ്ങളിൽ ഭക്തനാവുന്നു. അപ്പോഴാണ് വികാസപരിണാമം മൂർദ്ധന്യദിശയിലെത്തുന്നത്. ചിലർ ഇഹലോകത്തിലെ അനന്തമായ അലച്ചിൽ മതിയാക്കി ഗൃഹജീവിതം ഉപേക്ഷിച്ച് മുക്തിപദം പോലും ആഗ്രഹിക്കാതെ അവിടുത്തെ കഥകളിലും മഹിമാകഥനങ്ങളിലും മുഴുകി കഴിയുന്നു. മനുഷ്യജൻമം ലഭിച്ചതിനു ശേഷവും ചിലർ അങ്ങയെ ഭക്തിപുരസ്സരം പ്രേമിക്കുന്നതിൻെറ ആനന്ദമനുഭവിക്കാത്തത് കഷ്ടം തന്നെ. അവരുടെ ഏക അഭ്യുദയകാംക്ഷിയും ആത്മാവുമാണല്ലോ അങ്ങ്. ശരീരമനസ്സുകളുടെ ആഗ്രഹാഭിലാഷങ്ങൾക്കു വഴിപ്പെട്ട് ആത്മനാശോൻമുഖമായ പാതയിൽ ചരിച്ച് അവർ അന്തമില്ലാത്ത ജനനമരണചക്രത്തിനടിമപ്പെടുന്നു. അങ്ങയുടെ ശത്രുക്കൾക്കു പോലും ചിര:സ്മരണ കൊണ്ട് മോക്ഷം ലഭിച്ചുവല്ലോ.

സൃഷ്ടിക്കപ്പെട്ട ഒരു ജീവിക്കും അവിടുത്തെ ഉൺമ ഉൾക്കൊള്ളാനാവില്ല. കാരണം അങ്ങ് എല്ലാറ്റിനും മുൻപേ നില നിന്നിരുന്നു. എല്ലാ സിദ്ധാന്തങ്ങളും അജ്ഞാനാധിഷ്ഠിതമത്രെ. അയാഥാർത്ഥ്യം യദൃഛയാ ജീവികളാവുന്നു എന്നൊരു മതം. ഉൺമയും നശിക്കുമെന്ന് മറ്റൊരു മതം. ആത്മാവിൽ നാനാത്വത്തെ കാണുന്നു ചിലർ. മറ്റു ചിലർ കാര്യകാരണസംബന്ധിയായ കർമ്മസിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിക്കുന്നു. ഇവയെല്ലാം അജ്ഞാനത്തിലും തെറ്റിദ്ധാരണയിലും അധിഷ്ഠിതമത്രെ. അങ്ങ് എല്ലാ ഊഹാപോഹങ്ങൾക്കും അതീതൻ. അങ്ങിൽ അജ്ഞതയ്ക്കു നിലനിൽക്കാനാവുകയില്ലാത്തതുകൊണ്ട് അവിടുന്ന് ശുദ്ധജ്ഞാനമത്രെ. വിശ്വം യാഥാർത്ഥ്യമെന്നു തോന്നുന്നത് അതിൻെറ അടിത്തറയായ അവിടുന്ന് ഉൺമയായതു കൊണ്ടാണ്. വിവേകശാലികൾ ലോകത്തെ ഉപേക്ഷിക്കുകയില്ല. സ്വർണ്ണം അന്വേഷിക്കുന്ന ഒരുവൻ സ്വർണ്ണാഭരണങ്ങളെ ഉപേക്ഷിക്കുകയില്ല തന്നെ. എന്നാൽ അങ്ങയെ ഹൃദയാന്തരവാസിയായി കണക്കാക്കുന്നവനു മാത്രമേ മരണത്തെ നിർഭയമായി നേരിട്ട് അതിനെ ചവിട്ടി മെതിക്കാനാവൂ. അവർ സ്വയം ജ്ഞാനികളാണെന്ന് കണക്കാക്കിയാൽ കൂടി അപക്വമതികളെ അവിടുന്ന് ലൗകീക ബന്ധനത്താൽ തളയ്ക്കുന്നു. അവിടുത്തെ ഭക്തന് മാത്രമെ മുക്തിയുള്ളൂ. അവർക്കു മാത്രമേ മറ്റുള്ളവരെ മുക്തിമാർഗ്ഗത്തിലേക്ക് നയിക്കാനുമാവൂ. അങ്ങിൽ നിന്നുമകന്നവർക്ക് അത് സാദ്ധ്യമല്ല തന്നെ.

ആരും അങ്ങേയ്ക്കു പ്രിയരോ അപ്രിയരോ അല്ല. അവിടുന്ന് സ്വന്തം സൃഷ്ടിശക്തിയിലേക്ക് ദൃഷ്ടി പായിക്കുമ്പോൾ ജീവാത്മാവ് അതിലന്തർലീനമായ കർമ്മമനുസരിച്ച് സൂക്ഷ്മശരീരം എന്ന ഒരു വസ്ത്രം സ്വീകരിക്കുന്നു. ഈ ആത്മാക്കൾ അനന്തമോ ശാശ്വതമോ അല്ല. ദ്രവ്യവും ഊർജ്ജവും പരസ്പരം ചേർന്നുണ്ടാവുന്ന ചിന്താക്കുഴപ്പത്തിലത്രെ വ്യക്തികൾ ജനിക്കുന്നത്. ഒരു കുമിളയോ തിരയോ ഉണ്ടാവുന്നതു പോലെയാണത്. അവിടുന്നു തന്നെ അവയിലെല്ലാമുള്ള ഉൺമ. ഈ സത്യം അറിയാമെന്നു നടിക്കുന്ന പലർക്കും അജ്ഞാതമാണാ ഉൺമ. കാരണം അറിയാമെന്നു പറയുന്ന ജ്ഞാനമെല്ലാം തുലോം അപൂർണ്ണജ്ഞാനമോ വെറും ഊഹാപോഹമോ മാത്രമത്രെ.

**ന യദിദമഗ്ര ആസ ന ഭവിഷ്യദതോ നിധനാ**
**ദനുമിതമന്തരാ ത്വയി വിഭാതി മൃഷൈകരസേ**
**അത ഉപമീയതേ ദ്രവിണജാതിവികൽപപഥൈർഏ**
**വ്വിതഥ മനോവിലാസമൃതമിത്യ വയന്ത്യബുധാ: (10-87-37)**
**ത്വദവഗമീ ന വേത്തി ഭവദുത്ഥശുഭാശുഭയോർ**
**ഗ്ഗുണ വിഗുണാന്വയാംസ്തർഹി ദേഹഭൃതാം ച ഗിര:**
**അനുയുഗമന്വഹം സഗുണ ഗീതപരമ്പരയാ**
**ശ്രവണഭൃതോ യത സ്ത്വമപവർഗ്ഗഗതിർമ്മനുജൈ: (10-87-40)**

*വേദസ്തുതി തുടർന്നു:*
അഗ്രാഹ്യമായ മായയുടെ മായികതയെപ്പറ്റി അറിയുന്ന വിവേകശാലികൾ അങ്ങയെ അഭയം പ്രാപിക്കുന്നു. കാരണം അവിടുത്തേയ്ക്കു മാത്രമേ അവരെ ഈ വ്യാമോഹത്തിൽ നിന്നു കര കയറ്റാനാവൂ.അവർക്കു മാത്രമെ ചഞ്ചലവും പൊതുവെ നിയന്ത്രണാതീതവുമായ മനസ്സിനെ ഒതുക്കി നിർത്താൻ കഴിയൂ. സ്വന്തം ഗുരുപാദ ങ്ങളെ പൂജിക്കാതെ തൻെറ ഇന്ദ്രിയങ്ങളെയും പ്രാണനെത്തന്നെയും പോരാടി മറ്റുള്ളവർ ഒരു നൂറുകൂട്ടം ദുരിതങ്ങളെ വിളിച്ചു വരുത്തുന്നു. പരമാനന്ദമായി അവിടുന്ന് മനുഷ്യഹൃദയത്തിൽ വസിക്കുമ്പോൾ സമ്പത്തും ഭാര്യയും കുട്ടികളുമൊക്കെ എന്തിനു വേണ്ടിയാണ്? അതുപോലെ തന്നിലധിവസിക്കുന്ന ആ സർവ്വാന്തര്യാമിക്കു മാത്രമേ ശാശ്വതമായ സന്തോഷവും സുരക്ഷയും നൽകാൻ കഴിയൂ എന്നറിയാതെ ഭാര്യക്കും കുട്ടികൾക്കും സമ്പത്തിനും പിന്നാലെ ഓടുന്നതുകൊണ്ടെന്താണു ഫലം? അവിടുത്തെ പാദാരവിന്ദങ്ങളിൽ ഭക്തരായ മഹാത്മാക്കൾ പുണ്യസ്ഥലങ്ങളിലും നദികളിലും അലയുന്നു. കാരണം ഗൃഹസ്ഥാശ്രമജീവിത സുഖത്തിലും സുരക്ഷയിലും അവർക്ക് താത്പര്യമില്ല.

അവിടുന്നു മാത്രമാണ് പരമസത്ത. സൃഷ്ടികൾക്ക് അവയെ സൃഷ്ടിക്കും മുൻപ് അസ്ഥിത്വമില്ല. സംഹാരത്തിനു ശേഷവും അവ നിലനിൽക്കുന്നില്ല. അതിനാൽ അവ ഇപ്പോഴും വാസ്തവത്തിൽ നിലനിൽക്കുന്നില്ല എന്ന് പറയാം. ഞങ്ങൾ വേദങ്ങൾ പലവിധ ഉദാഹരണങ്ങളിലൂടെ ഈ സത്യം വെളിപ്പെടുത്തുന്നു. അജ്ഞാനിമാത്രമേ ഈ ലോകം ശാശ്വതമാണെന്ന് കരുതുകയുള്ളു. അജ്ഞാനി ജനനമരണചക്രത്തിൽ പെട്ടുഴറുന്നു. അജ്ഞാനിക്ക് പ്രാപിക്കാവുന്നതിലുമകലേയാണ് അവിടുന്ന്. ഇന്ദ്രിയങ്ങൾക്കടിമയായ കപടയോഗികൾക്കും അപ്രാപ്യനാണങ്ങ്.

അവിടുത്തെ സത്തയിലും ഉൺമയിലും തിരിച്ചറിവുള്ള ഒരുവൻ നൻമതിൻമകൾക്കതീതനാണ്. അജ്ഞാനജന്യമാണല്ലോ ഇവ. അങ്ങിനെയുള്ളവർക്ക് വേദശാസ്ത്രപ്രമാണങ്ങൾ ബാധകമല്ല. അവ ശരീരബുദ്ധിയാൽ പരിമിതമായ വികാസപരിണാമദിശയിലുള്ളവരെ നയിക്കാനുള്ളവയാണ്. അവരും അവസാനം തലമുറ തലമുറകളായി പാടിക്കേട്ട വേദശാസ്ത്രാദികളുടെ സഹായം കൊണ്ട് പരമശാന്തിയടയുന്നു.

*ശുകമുനി പറഞ്ഞു:*
ഈ സ്തുതി ദിവ്യർഷി നാരായണൻ നാരദമുനിയെ കേൾപ്പിച്ചു. നാരദൻ വ്യാസനെയും.

**യസ്യാഹമനുഗൃഹ്ണാമി ഹരിഷ്യേ തദ്ധനം ശനൈ:**
**തതോ$f$ധനം ത്യജന്ത്യസ്യ സ്വജനാ ദു:ഖദു:ഖിതം (10-88-8)**
**സയദാ വിതഥോദ്യോഗോ നിർവ്വിണ്ണ: സ്യാദ്ധനേഹയാ**
**മത്പരൈ: കൃതമൈത്രസ്യ കരിഷ്യേമദനുഗ്രഹം (10-88-39)**
**തദ് ബ്രഹ്മ പരമം സൂക്ഷ്മം ചിൻമാത്രം സദനന്തകം**
**അതോ മാം സുദുരാരാധ്യം ഹിത്വാന്യാൻ ഭജതേ ജന: (10-88-10)**

*പരീക്ഷിത്ത് രാജാവ് ചോദിച്ചു.*
എങ്ങിനെയാണ് പരമശിവനെപ്പോലുള്ള മറ്റു ദേവതകളിൽ ഭക്തരായവർക്ക് അഭിവൃദ്ധിയും ഭഗവാൻ ഹരിയിൽ ഭക്തരായിട്ടുള്ളവർക്ക് -അദ്ദേഹം സമ്പദൈശ്വര്യങ്ങൾക്കുടമയാണെങ്കിലും- ദാരിദ്ര്യദുരിതവും വന്നു ചേരുന്നത്?

*ശുകമുനി തുടർന്നു:*
ഭഗവാൻ ശിവൻ എപ്പോഴും ശക്തിയുമായി ചേർന്നിരിക്കുകമൂലം ത്രിഗുണാധീനമത്രെ. അഹങ്കാരത്തിനെ പ്രതിനിധാനം ചെയ്യുന്ന ദേവത അതുകൊണ്ട് അദ്ദേഹത്തെ പ്രീതിപ്പെടുത്തുന്നവർക്ക് ത്രിഗുണസംബന്ധി യായ വസ്തുക്കൾ നൽകുന്നു. എന്നാൽ ഭഗവാൻ ഹരി ഇതിനെല്ലാം അതീതൻ. അതിനാൽ എല്ലാ ലൗകീകലക്ഷ്യങ്ങളും ത്യജിച്ചാൽ മാത്രമെ അവിടുത്തെപൂജിക്കാൻ സാദ്ധ്യമാവൂ. അശ്വമേധയാഗത്തിനു ശേഷം കൃഷ്ണൻ യുധിഷ്ഠിരനോട് ഇപ്രകാരമാണ് അരുളി ചെയ്തത്. "ഞാൻ ആരെയെങ്കിലും അനുഗ്രഹിക്കാൻ ആഗ്രഹിച്ചാൽ കാലക്രമത്തിൽ അയാളുടെ സമ്പത്തിനെ നശിപ്പിക്കുന്നു. അങ്ങിനെ പാവം മനുഷ്യൻ ബന്ധുമിത്രാദികളാൽ ഉപേക്ഷിക്കപ്പെട്ട് എൻെറ ഭക്തരുമായുള്ള സഹവാസം കാംക്ഷിച്ച് സത്സംഗത്തിലേർപ്പെടുന്നു. അപ്പോൾ ഞാൻ എൻെറ ദയാവായ്പും മഹിമയും അവനിൽ ചൊരിയുന്നു. അങ്ങിനെ അയാൾ പരം പൊരുളിനെ സാക്ഷാൽക്കരിക്കുന്നു. ഇക്കാരണത്താലാണ് പലരും എന്നെ ഉപേക്ഷിച്ച് മറ്റു ദേവതകളെ ശരണം പ്രാപിക്കുന്നത്. എന്നാൽ അവരോ അഭീഷ്ടസാദ്ധ്യം കൈവന്ന ശേഷം ആ ദേവതകളെപ്പോലും മറന്നു കളയുന്നു."

പരമശിവൻ ക്ഷിപ്രപ്രസാദിയത്രെ. അത് പല അവസരത്തിലും അദ്ദേഹത്തിനു തന്നെ എതിരായിത്തീർ ന്നിട്ടുണ്ട്. പണ്ട് വൃകൻ എന്ന് പേരായ ഒരസുരൻ ഉണ്ടായിരുന്നു. പരമശിവൻ എളുപ്പത്തിൽ പ്രസാദിക്കപ്പെടും എന്ന് നാരദനിൽ നിന്നു മനസ്സിലാക്കിയ അയാൾ ശിവപ്രീതിക്കായി കഠിന തപസ്സിലേർപ്പെട്ടു. അവസാനം സ്വന്തം കൈകാലുകൾ വെട്ടി ശിവനർപ്പിക്കാനും തീരുമാനിച്ചു. സ്വന്തം ശിരസ് മുറിക്കാൻ തുനിയവേ ശിവൻ പ്രത്യക്ഷപ്പെട്ടു. ഇഷ്ടമുള്ള വരമേതും ചോദിക്കാൻ അനുമതിയും നൽകി. വൃകൻ പറഞ്ഞു. "എൻെറ കൈകൊണ്ട് ആരുടെ തലയിൽ തൊട്ടാലും അയാൾ അപ്പോൾ മരിക്കണം." ശിവൻ വരം നൽകി. പരമശിവൻെറ സഹധർമ്മിണിയായ പാർവ്വതിയിലാഗ്രഹം പൂണ്ട വൃകാസുരൻ വരമൊന്നു പരീക്ഷിച്ചു നോക്കാൻ അദ്ദേഹത്തിൻെറ പിറകേ പാഞ്ഞു. ശിവൻ എല്ലാ ലോകങ്ങളിലും പോയി രക്ഷപ്പെടാൻ ശ്രമിച്ച് അവസാനം വൈകുണ്ഠത്തിൽ ഭഗവാൻ ഹരിയുടെ സവിധമണിഞ്ഞു. ശിവനെ വിഷമഘട്ടത്തിൽ നിന്ന് രക്ഷിക്കാനായി ഭഗവാൻ ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽ അസുരനെ തടഞ്ഞു നിർത്തി. "അങ് തീർച്ചയായും എന്തോ തിടുക്കത്തിൽ ഓടുകയാണല്ലോ. എന്താണിത്ര ധൃതി?" അസുരൻ കഥകളെല്ലാം വലിയ ഗർവ്വോടെ ബ്രാഹ്മണകുമാരനെ കേൾപ്പിച്ചു. ബ്രാഹ്മണൻ പൊട്ടിച്ചിരിച്ചു. "പരമശിവൻ ഭൂതപ്രേതപിശാചുക്കളുടെ നേതാവാണെന്ന് അങ്ങേക്കറിയില്ലേ? അയാളുടെ വാക്കിനെ ആരു വിശ്വസിക്കും? നിങ്ങൾക്ക് ശരിക്കും വരം ലഭിച്ചുവെന്നെനിക്ക് തോന്നുന്നില്ല. എന്നെ വിശ്വാസമില്ലെങ്കിൽ സ്വന്തം കൈ തലയിൽ വെച്ചൊന്നു പരീക്ഷിച്ചു നോക്കരുതോ?" ഭഗവാൻ വരുത്തിവച്ച ചിന്താക്കുഴപ്പത്തിനടിമപ്പെട്ട് വൃകൻ തലയിൽ കൈവച്ച് ഉടനേ മരിച്ചു വീഴുകയും ചെയ്തു. ഭഗവാൻ ഹരി ശിവനോട് പറഞ്ഞു. "തിൻമ ചെയ്യുന്നവനൊരിക്കലും സന്തോഷമുണ്ടാവുന്നില്ല. അങ്ങയെ നിന്ദിക്കുന്നവന് എങ്ങിനെ ഐശ്വര്യ മുണ്ടാവാനാണ്?" ഈ കഥ പറയുകയോ കേൾക്കുകയോ ചെയ്താൽ സർവ്വശത്രുഭയങ്ങളും ഇല്ലാതാവുന്നതാണ്.

**ധർമ്മ: സാക്ഷാദ്യതോ ജ്ഞാനം വൈരാഗ്യം ച തദന്വിതം
ഐശ്വര്യം ചാഷ്ടധാ യസ്മാദ്യശശ്ചാത്മമലാപഹം (10-89-16)
മുനീനാം ന്യ സ്തദണ്ഡാനാം ശാന്താനം സമചേതസാം
അകിഞ്ചനാനാം സാധൂനാം യമാഹു: പരമാം ഗതിം (10-89-17)
സത്വം യസ്യപ്രിയാ മൂർത്തിർബ്രാഹ്മണാസ്ത്വിഷ്ടദേവതാ:
ഭജന്ത്യനാശിഷ: ശാന്താ യം വാ നിപുണബുദ്ധയ: (10-89-18)
ത്രിവിധാകൃതയസ്തസ്യ രാക്ഷസാ അസുരാ: സുരാ:
ഗുണിന്യാ മായയാ സൃഷ്ടാ: സത്ത്വം തത്തീർത്ഥ സാധനം (10-89-19)**

*ശുകമുനി തുടർന്നു:*
മാമുനിമാരുടെ ഒരു സദസ്സിൽ ത്രിമൂർത്തികളിലാരാണ് അഗ്രഗണ്യൻ എന്ന വിഷയത്തിലൊരു ചർച്ച നടന്നു. ഇക്കാര്യം തീരുമാനിച്ചു വരാൻ അവർ ബ്രഹ്മപുത്രനായ ഭൃഗുമുനിയെ ഏൽപ്പിച്ചു.

ആദ്യം ഭൃഗുമുനി പിതാവായ ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു. മുനി ആദരവൊന്നും കാണിച്ചില്ല. കോപിതനായെങ്കിലും സ്വന്തം പുത്രനായതുകൊണ്ടു മാത്രം ബ്രഹ്മാവ് മഹർഷിക്കു മാപ്പു നൽകി. പിന്നീടദ്ദേഹം കൈലാസത്തേയ്ക്കു പോയി. അവിടെ തന്റെ ഭ്രാതാവായ പരമശിവനെ കണ്ടു. ശിവൻ എഴുന്നേറ്റ് ഭൃഗുവിനെ എതിരേറ്റ് ആലിംഗനം ചെയ്യാൻ മുതിരവേ മഹർഷി അറപ്പോടെ സ്വയം ഒഴിഞ്ഞുമാറി. "നിങ്ങൾ എല്ലാ ധർമ്മശാസ്ത്രങ്ങളെയും ധിക്കരിച്ചു ജീവിക്കുന്നു. എന്നെ തൊട്ടു പോകരുത്." ശിവൻ കോപിഷ്ടനായി. തന്റെ ത്രിശൂലമെടുത്ത് മുനിയെ കുത്താനൊരുങ്ങിയെങ്കിലും പാർവ്വതി ഇടപ്പെട്ട് അതു തടഞ്ഞു.

ഭൃഗുമുനി പിന്നീട് വൈകുണ്ഠത്തിലേയ്ക്കു പോയി. അവിടെയാണല്ലോ വിഷ്ണു. ഭഗവാൻ ലക്ഷ്മീദേവിയുടെ മടിയിൽ തലവച്ചു കിടക്കുന്നു. പറയാതെ പെട്ടെന്നു കടന്നുവന്ന് ഭൃഗു ഭഗവാന്റെ നെഞ്ചിലൊരു ചവിട്ട്. വിഷ്ണു പെട്ടെന്നുണർന്നെണീറ്റ് മുനിയുടെ കാൽക്കൽ വീണു. "ദയവായി ക്ഷമിച്ചാലും. അങ്ങേക്കർഹമായ സ്വാഗതം നൽകാൻ എനിക്കു കഴിഞ്ഞില്ല. അങ്ങയുടെ കാലടികൾ എന്റെ ഇരിപ്പിടത്തെയും മണ്ഡലത്തെയും എന്നെയും പവിത്രമാക്കി. അങ്ങയുടെ കാലടിപ്പാടു കൊണ്ട് പവിത്രമായ എന്റെ മാറിടം ഇനി ലക്ഷ്മിയുടെ ഇരിപ്പിടമാവുന്നതാണ്." ഭഗവാന്റെ വിനയപൂർവ്വമുള്ള വാക്കുകൾ കേട്ട് മറുപടിയൊന്നും പറയാനാവാതെ മുനി നിന്നു. അദ്ദേഹം മാമുനിമാരുടെ സഭയിൽ തിരിച്ചെത്തി ഭഗവാൻ വിഷ്ണുതന്നെയാണ് പരംപൊരുൾ എന്നു പ്രഖ്യാപിച്ചു;

ഭഗവാൻ വിഷ്ണുവിൽ നിന്നും ധർമ്മം, ജ്ഞാനം, നിർവ്വികാരത, തജ്ജന്യമായ അഷ്ടൈശ്വര്യങ്ങൾ, മനോമാലിന്യങ്ങളെ നീക്കുന്ന മഹിമാവിശേഷം എന്നിവ ഉദ്ഭവിക്കുന്നു. അഹിംസാദിതത്വങ്ങളുമായി ജീവിക്കുന്ന മാമുനിമാരുടെ ലക്ഷ്യം അവിടുന്നത്രെ. ആ മാമുനിമാർ ശാന്തശീലരും സമദൃഷ്ടികളും ലൗകീകവസ്തുക്കളിൽ ഭോഗാസക്തിയില്ലാത്തവരുമത്രെ. സാത്വീകതയാണ് ഭഗവാന്റെ രൂപം. മഹാത്മാക്കളാണ് അവിടുത്തെ സ്വന്തം ദേവതകൾ. വിജ്ഞാനവിവേകങ്ങളാർജ്ജിച്ചവരും ശാന്തശീലരും ഭൗതീകാഗ്രഹങ്ങൾ വിട്ടുപോയവരും ഭഗവാനെ പൂജിക്കുന്നു. ദേവൻമാരും അസുരൻമാരും മറ്റുള്ളവരുമെല്ലാം ഭഗവാന്റെ സ്വന്തം മായയിൽനിന്നുത്ഭൂതമായവരത്രെ. സാത്വീകതകൊണ്ട് മാത്രമേ ഭഗവാനെ പ്രാപിക്കാനാവൂ. ഈ സത്യത്തെ ധ്യാനിച്ച് മഹർഷിമാർ പരമപദം പൂകി.

**പൂർണ്ണ കാമാവപി യുവാം നരനാരായണാവൃഷീ**
**ധർമ്മമാചരതാം സ്ഥിത്യൈ ഋഷഭൌ ലോകസംഗ്രഹം (10-89-60)**
**ഇത്യാദിഷ്ടൌ ഭഗവതാ തൌ കൃഷ്ണൌ പരമേഷ്ഠിനാ**
**ഓമിത്യാനമ്യ ഭൂമാനമാദായ ദ്വിജദാരകാൻ (10-89-61)**
**ന്യവർത്തതാം സ്വകം ധാമ സംപ്രഹൃഷ്ടൌ യഥാഗതം**
**വിപ്രായ ദദതു: പുത്രാൻ യഥാരൂപം യഥാവയ: (10-89-62)**

*ശുകമുനി തുടർന്നു:*
ദ്വാരകയിൽ ഒരു ബ്രാഹ്മണപത്നി പല ചാപിള്ളകളെയും പ്രസവിച്ചു. അതിനാൽ ബ്രാഹ്മണൻ ഹൃദയവ്യഥിതനായിരുന്നു. ഒരു നാൾ കൃഷ്ണനും അർജുനനും ഇരിക്കുന്ന കൊട്ടാരത്തിൽ ഒരു ശിശുവിൻെറ ജഡവുമായി അദ്ദേഹം എത്തി. എന്നിട്ടിങ്ങിനെ ഉറക്കെ വിലപിച്ചു. “തീർച്ചയായും നമ്മുടെ രാജാവ് അധാർമ്മികനായിരിക്കണം. കാരണം അയാളുടെ പാപങ്ങളുടെ ഫലമായാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത്.” അർജുനന് ബ്രാഹ്മണൻെറ കുറ്റപ്പെടുത്തൽ കേട്ട് വാശിയായി. അയാൾ പറഞ്ഞു. “ദ്വാരകയിൽ ഈ നല്ല മനുഷ്യൻെറ കുട്ടികളെ സംരക്ഷിക്കാൻ കഴിവുള്ള വില്ലാളികൾ ആരുംതന്നെ യില്ലെന്നോ? തിർച്ചയായും ഒരു രാജാവ് തൻെറ രാജ്യത്ത് ഒരു ബ്രാഹ്മണന് ദുരിതമനുഭവിക്കാനിടവരുത്തു കയാണെങ്കിൽ അയാൾ വെറുമൊരു കൂലിപ്പടയാളിക്ക് തുല്യം. അയാൾ രാജാവല്ല തന്നെ. അല്ലയോ ബ്രാഹ്മണാ, ഞാൻ സ്വയം നിങ്ങളുടെ അടുത്ത കുട്ടിയെ സംരക്ഷിക്കുന്നതാണ്. പേടി വേണ്ട.” എന്നാൽ ബ്രാഹ്മണന് അർജുനൻെറ കഴിവിൽ സംശയമുണ്ടായിരുന്നു.

ബ്രാഹ്മണപത്നിക്ക് വീണ്ടും പ്രസവമടുത്തപ്പോൾ ബ്രാഹ്മണൻ അർജുനനെ സമീപിച്ച് സംരക്ഷണം തേടി. അർജുനൻ ബ്രാഹ്മണഗൃഹത്തിലേക്ക് പോയി അതിനു ചുറ്റും പലേവിധത്തിലുള്ള ശക്തിയേറിയ ശരങ്ങൾ കൊണ്ട് ഒരു കോട്ട തീർത്തു. ആരാലും തകർക്കാനാവാത്ത പ്രതിരോധം വീട്ടിനുചുറ്റുമുണ്ടാക്കി. ശിശു ജനിച്ചു. കുറച്ചു കരഞ്ഞു. എന്നിട്ട് ശരീരത്തോടെ അപ്രത്യക്ഷമായി. ദു:ഖാകുലനായ ബ്രാഹ്മണൻ വിലപിച്ചു. “ഞാനൊരു വിഡ്ഢി. ഈ ആണും പെണ്ണുമല്ലാത്തവൻെറ വാക്കും വിശ്വസിച്ച് കഴിഞ്ഞുവല്ലോ.” അർജുനൻ കോപിഷ്ടനായി. ശിശുവിനെ താൻ തിരികെ കൊണ്ടുവരും അല്ലെങ്കിൽ ആത്മഹത്യ. അതായിരുന്നു അർജുനൻെറ തിരുമാനം.

അർജുനൻ യമലോകത്തു ചെന്നു. ശിശുവിനെ അവിടെ കണ്ടില്ല. സ്വർഗ്ഗത്തിലും പാതാളത്തിലും പോയെങ്കിലും ശിശുവിനെ കണ്ടില്ല. അർജുനൻ ദേഹത്യാഗം ചെയ്യാൻ ചിതയൊരുക്കി. കൃഷ്ണൻ അർജുനനെ തടഞ്ഞു. ബ്രാഹ്മണൻെറ കുട്ടികളെ കാണിച്ചു കൊടുക്കാമെന്ന് വാഗ്ദാനവും നൽകി. എന്നിട്ട് അർജുനനേയും കൂട്ടി യാത്രയായി. അവർ പല സൗരയൂഥങ്ങളും മണ്ഡലങ്ങളും കടന്നുപോയി. അവർ, അവക്കെല്ലാമപ്പുറത്തുള്ള ലോകാലോകപർവ്വതങ്ങളും കടന്നു. കൃഷ്ണൻെറ പ്രഭാപൂരമായ സ്വപ്രകാശത്തിൽ അതീവ തമസ്സിലൂടെ അവർ യാത്ര തുടർന്നു. ഭഗവാൻെറ പരിപൂർണ്ണാവബോധം തന്നെ ഈ പ്രഭ. അവർ ഇരുട്ടിൻെറ അങ്ങേ അറ്റത്തെത്തി. അതിനപ്പുറം പരമപ്രകാശം. അതിനുമപ്പുറം ജലമണ്ഡലം. അവിടെ ആയിരം ഫണങ്ങളുള്ള സർപ്പത്തിൻെറ പുറത്ത് ദിവ്യശക്തികളാൽ പരിസേവിതനായി ഭഗവാൻ വിഷ്ണു ശയിക്കുന്നു. കൃഷ്ണനും അർജുനനും ഭഗവാനെ നമസ്കരിച്ചു. ഭഗവാൻ പറഞ്ഞു. “നിങ്ങളെ രണ്ടാളെയും കാണാൻ കാത്തിരിക്കുകയായിരുന്നു ഞാൻ. ഞാൻ ബ്രാഹ്മണൻെറ കുട്ടികളെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. നിങ്ങൾ മഹാത്മാക്കളായ നരനും നാരായണനുമത്രെ. നിങ്ങൾക്ക് നേടാൻ പ്രത്യേകിച്ചൊന്നുമില്ലെങ്കിലും നിങ്ങൾ സർവ്വജീവജാലങ്ങളുടെയും ക്ഷേമത്തിനായി ധർമ്മപാതയിൽ ചരിച്ചാലും.” കൃഷ്ണനും അർജുനനും അനന്തനായ ഭഗവാനെ വണങ്ങി പറഞ്ഞു. “ശരി”.

ബ്രാഹ്മണപുത്രൻമാരെ കൂടെക്കൂട്ടി അവർ ദ്വാരകയിലേക്ക് പോയി. ബ്രാഹ്മണന് പുത്രൻമാരെ തിരിച്ചു നൽകി.

*ബഹിരാകാശയാത്രയെ കുറിക്കുന്നു ഈ കഥ.*

ॐ



**ഇത്ഥം പരസ്യ നിജവർത്മരിരക്ഷയാ*ff*ത്ത**
**ലീലാതനോസ്തദനുരൂപവിഡംബനാനി**
**കർമ്മാണി കർമ്മകഷണാനി യദൂത്തമസ്യ**
**ശ്രൂയാദമുഷ്യ പദയോരനുവൃത്തിമിച്ഛൻ (10-90-49)**

*ശുകമുനി തുടർന്നു:*
ദ്വാരകാപുരിയുടെ ഭംഗിയും മഹിമയും വർണ്ണനാനതീതമായിരുന്നു. അവിടെ ഭഗവാൻ തന്റെ അനേകം സഹധർമ്മിണിമാരുമൊത്തു വാണു. അവരെല്ലാം ഭഗൂവാനിൽ അതീവ ഭക്തകളായിരുന്നു. അവർ ഭഗവാനുമൊത്ത് വിളയാടി. ഭഗവാനെ കളിയാക്കി, ആലിംഗനം ചെയ്തു. അവർക്ക് ഭഗവാൻ എല്ലാമായിരുന്നു. ആദിയും അന്തവും. അദ്ദേഹത്തിൽനിന്നുളള വിരഹം ഒരു നിമിഷം പോലും അവർക്ക് താങ്ങാനാവുമായിരുന്നില്ല. ലോകത്തിലുള്ള എല്ലാം അവർക്ക് ഭഗവൽസ്മരണ നൽകി. ചരാചരങ്ങളോട് അവർ പലപ്പോഴും ഭഗവാനെപ്പറ്റി സംസാരിച്ചു.

"അല്ലയോ സമുദ്രമേ, ഞങ്ങളെപ്പോലെ നിനക്കും ഉറക്കമില്ല അല്ലേ? നിന്റെ ശാന്തിയും സാന്ദ്രതയുമെല്ലാം ആ ഭഗവാൻ കവർന്നുവോ? അല്ലയോ മഴമേഘമേ, നിനക്കും ഭഗവാന്റെ നീലനിറമാണല്ലോ. ഞങ്ങളെപ്പോലെ നീയും ഭഗവാനെ നിരന്തരം ധ്യാനിക്കുന്നുണ്ടാവണം. ഞങ്ങൾ ചെയ്യുന്നതുപ്പോലെ നീയും അദ്ദേഹത്തെയോർത്ത് ചിലപ്പോൾ പ്രേമക്കണ്ണീരു പൊഴിക്കുന്നു! പ്രിയപ്പെട്ട മലനിരകളേ, നീ തീർച്ചയായും ആഴമേറിയ ധ്യാനത്തിലാണ്. ആ ഭഗവാന്റെ പാദസ്പർശം ലഭിക്കാനാവുമെന്ന് പ്രത്യാശയുമുണ്ട് അല്ലെ? നിന്റെ പർവ്വതശിഖരം ഞങ്ങളുടെ മാറിടം പോലെയുണ്ട്." "അല്ലയോ നദികളേ, നിങ്ങളെത്ര മെലിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് മേഘങ്ങളിൽനിന്നും വേണ്ടത്ര മഴ കിട്ടുന്നില്ല. ഞങ്ങൾ ഭഗവൽദർശനം ലഭിക്കാതെ വ്യഥ പൂണ്ടിരിക്കുന്നതുപോലെയാണല്ലോ അത്. ഈ സദ്സ്ത്രീകളുടെ നാഥൻ, യോഗിവര്യമാർ സാക്ഷാത്കരിക്കാൻ ആഗ്രഹിക്കുന്ന ഭഗവാനത്രെ. രാജൻ, ഭഗവാൻ കൃഷ്ണന്റെ കഥകളും മഹിമാവർണ്ണനകളും കേൾക്കുന്നവർ അവയിൽ അത്യാകൃഷ്ടരാവുന്നു. ഭഗവൽസവിധത്തിൽ ഒപ്പം ജിവിച്ചവരുടെ സൗഭാഗ്യസുകൃതത്തെ ആർക്കാണളക്കാനാവുക? ഭഗവാന്റെ ദേഹസ്പർശം ലഭിച്ചവരുടെയത്ര അനുഗ്രഹീതരായി ആരുണ്ട്? ഭഗവൽപാദസേവ ചെയ്യുകയും കൃഷ്ണനെ ഭർത്താവായി ലഭിക്കയും ചെയ്തവരുടെ കഥ പറയാനുണ്ടോ?

ശ്രീകൃഷ്ണൻ സ്വജീവിതത്തിലൂടെ ലൗകീകജീവിതത്തിന്റെ മൂന്നു ലക്ഷ്യങ്ങൾ -ധർമ്മം, അർത്ഥം, കാമം- എങ്ങിനെ ഗൃഹസ്ഥാശ്രമജിവിതം കൊണ്ടു സാധിക്കാം എന്ന് നമ്മെ കാണിച്ചു തന്നു. കൃഷ്ണന് അനേകം പത്നിമാരും കുട്ടികളുമുണ്ടായിരുന്നു. പ്രദ്യുമ്നന്റെ മകൻ അനിരുദ്ധൻ രുക്മിയുടെ മകളെ വിവാഹം ചെയ്തു. അതിൽ വജ്രൻ എന്ന് പേരായ മകൻ ജനിച്ചു. യാദവകുലം മുഴുവൻ നശിക്കാനിടയായ ആ കൂട്ടക്കൊലയിൽ വജ്രൻ മാത്രമെ അവശേഷിച്ചുളളു. അദ്ദേഹത്തിന്റെ പിൻതലമുറ കാലക്രമേണ വളർന്നു വന്നു. ഈ കുടുംബത്തിലെ ആരും അൽപ്പായുഷ്മതികളോ ക്ഷീണിതരോ ആയിരുന്നില്ല. എല്ലാവരും ഭഗവൽഭക്തരും മഹാത്മാക്കളോട് ആദരവുളളവരുമായിരുന്നു. സകലജീവജാലങ്ങൾക്കുമുളള ഏകാശ്രയം ശ്രീകൃഷ്ണൻ മാത്രം. അദ്ദേഹം എല്ലാവരെയും ഉദ്ധരിച്ചു. എല്ലാവരും അവിടുത്തെ സ്നേഹിച്ചു. ഭഗവാനെ സദാ സ്നേഹിച്ചവരേയും സദാ വെറുത്തവരേയും ഭഗവാനിൽ സുഹൃത്തിനെക്കണ്ടവരേയും ഭഗവാനിൽ നാഥനെ ദർശിച്ചവരേയും എല്ലാം ഭഗവാൻ രക്ഷിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണന് വിജയം, മംഗളം. "പരിപൂർണ്ണ ജിവിതത്തിന് ഉത്തമമാതൃകയായി ഭഗവാൻ കൃഷ്ണൻ അങ്ങിനെ ഭൂമിയിൽ വാണരുളി. ധർമ്മസംസ്ഥാപനം നടത്തി. ഭഗവൽകഥകളോർമ്മിച്ച് ധ്യാനിക്കുകവഴി സകലപാപവിമോചനവും കർമ്മപാശത്തിൽ നിന്ന് രക്ഷയും ലഭിക്കുന്നു. ഭഗവൽഭക്തിവളർത്താനാഗ്രഹിക്കുന്ന ഒരുവൻ സദാ ഭഗവൽകഥകൾ ശ്രവിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| *ധർമ്മം* | *' ധാർമ്മീകജിവിതം* | *അർത്ഥം* | *' സമ്പദൈശ്വര്യങ്ങൾ* |
| *കാമം* | *' ലൗകീകസുഖാസ്വാദനം* | *മോക്ഷം* | *' വിമോചനം* |

പതിനൊന്നാം സ്കന്ദം ആരംഭം

**ഭൂഭാരരാജപൃതനാ യദുഭിർന്നരസ്യ**
**ഗുപ്തൈ: സ്വബാഹുഭിരചിന്തയദപ്രമേയ:**
**മന്യേ*f*വനേർന്നനു ഗതോ*f*പ്യഗതം ഹിഭാരം**
**യാദ്യാദവം കുലമഹോ അവിഷഹ്യമാസ്തേ (11-1-3)**
**നൈവാന്യത: പരിഭവോ*f*സ്യഭവേത് കഥഞ്ചി-**
**ൻമത്സംശ്രയസ്യ വിഭവോന്നഹനസ്യ നിത്യം**
**അന്ത:കലിം യദുകുലസ്യ വിധായ വേണു-**
**സ്തംബസ്യ വഹ്നിമിവ ശാന്തിമുപൈമി ധാമ (11-1-4)**

*ശുകമുനി തുടർന്നു:*
ശ്രീകൃഷ്ണന്റെ അവതാരലക്ഷ്യം എല്ലാം ഒരുവിധം പൂർത്തിയായി. ഭഗവാൻ ദുഷ്ടരാക്ഷസരെ സംഹരിച്ചു. ദുഷ്ടരാജാക്കൻമാരുടെ കഥ കഴിച്ചു. ഇതിനെല്ലാം പാണ്ഡവരുടെ സഹായവും അദ്ദേഹത്തിനു ലഭിച്ചു. ഭഗവാൻ ഇങ്ങിനെ ചിന്തിച്ചു. "എന്റെ അവതാരോദ്ദേശം പൂർണ്ണമായിട്ടില്ല. ശക്തരും അജയ്യവരുമായ ഈ യാദവരുടെ വംശം ഇങ്ങിനെ ഇവിടെ വിട്ടുപോവുക വയ്യ. ഇപ്പോളവർക്ക് എന്റെ സംരക്ഷണമുണ്ട്. ഐശ്വര്യവും അഭിവൃദ്ധിയും സ്വയം അതീവശക്തരാണെന്ന അഹംഭാവം അവരിൽ ഉണ്ടാക്കിയിരിക്കുന്നു. സ്വയം ഈ കുലത്തെയും ഞാൻ തന്നെ നശിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുശേഷമേ ഞാൻ തിരിച്ചു പോവൂ." ഇങ്ങിനെ തീരുമാനിച്ച് സർവ്വഭൂതനിവാസിയായ ഭഗവാൻ യാദവരിൽ മഹാത്മാക്കളുടെ അപ്രീതിയുണ്ടാക്കാനും അങ്ങിനെ അവരുടെ ശാപത്തിനിരയാക്കുവാനുമുള്ള അവസരമുണ്ടാക്കി. അതവരുടെ നാശത്തിനു കാരണമാവുകയും ചെയ്തു.

*പരീക്ഷിത്ത് ചോദിച്ചു.*
മാമുനിമാരുടെ ശാപം ലഭിക്കാനിടയായ സാഹചര്യവും മറ്റും വിശദമായി പറഞ്ഞു തന്നാലും.

*ശുകമുനി തുടർന്നു:*
ലോകത്ത് പലേവിധങ്ങളായ കാര്യങ്ങൾ നടത്തി ഭഗവാൻ ശ്രീകൃഷ്ണൻ വസുദേവരുടെ വീട്ടിൽ കഴിഞ്ഞു വന്നു. മാമുനിമാർ ഭഗവാനോട് യാത്രചൊല്ലി പിണ്ഡാരകത്തേയ്ക്കു പോയിരുന്നു. അവരവിടെ കഴിയുമ്പോൾ കുറേ യാദവയുവാക്കൾ അവരെ കളിയാക്കാനായി ചെന്നു. വ്യാജമായ ഭവ്യതയോടെ അവർ മഹാത്മാക്കളെ വണങ്ങി. അവർ ജാംബവതിയുടെ പുത്രൻ സാംബനെ സ്ത്രീവേഷം കെട്ടിച്ചു മുന്നിൽ നിർത്തി. ഒരു ഗർഭിണിയുടെ വേഷത്തിലായിരുന്നു സാംബൻ. അവർ ചോദിച്ചു. "മഹാത്മാക്കളേ, നിങ്ങൾ ഭൂതവർത്തമാന-ഭാവികൾ അറിയുന്നവരാണല്ലോ. ഈ സ്ത്രീക്ക് ഒരു പുത്രനുണ്ടാകണമെന്നാണാഗ്രഹം. ഗർഭസ്ഥശിശു ആണോ പെണ്ണോ എന്ന് പ്രവചിച്ചാലും." മഹർഷിമാർക്ക് കാര്യം മനസ്സിലായിരുന്നു. ഇതും ഭഗവേഛയാണെന്നും അവരറിഞ്ഞു. ക്രോധമഭിനയിച്ചുകൊണ്ട് അവർ പറഞ്ഞു: "വിഢ്ഡികളേ, അവൾ പ്രസവിക്കുന്നത് ഒരുലക്കയെ ആണ്. അത് നിങ്ങളെയെല്ലാം നാമാവശേഷമാക്കുകയും ചെയ്യും." പേടിച്ചരണ്ട അവർ സാംബന്റെ വേഷമഴിച്ചുമാറ്റിയപ്പോൾ ഒരുലക്ക നിലത്തു വീണു.

ദ്വാരകാവാസികൾ വിവരമറിഞ്ഞ് വിഭ്രാന്തി പൂണ്ടു. അവർ ഉലക്കയെ ചെറുതരികളായി പൊടിച്ചു. കടലിലെറിഞ്ഞു. മാമുനിമാരുടെ പ്രവചനം വൃഥാവിലാവാനാണ് അവരിതു ചെയ്തത്. എന്നാൽ കൂട്ടത്തിലൊരു കഷണം പൊടിക്കാനായില്ല. ഇരുമ്പുപൊടി വീണിടത്ത് സമുദ്രത്തിൽ 'എരക' എന്നൊരു കാട്ടുചെടി വളർന്നു. പൊടിയാത്ത കഷണം ഒരു മീൻ വിഴുങ്ങി. ഒരു മുക്കുവൻ അതിനെ പിടിക്കുകയും ഒരു നായാട്ടുകാരനു നൽകുകയും ചെയ്തു. മീൻ മുറിച്ചപ്പോൾ കിട്ടിയ ഇരുമ്പുകഷണം നായാട്ടുകാരൻ തന്റെ അമ്പിന്റെ മുനയിൽ പിടിപ്പിച്ചു. യാദവകുലനാശത്തിനുള്ള വേദിയൊരുങ്ങി. അതായിരുന്നു ദൈവനിശ്ചയം.

**ഭൂതാനാം ദേവചരിതം ദു:ഖായ ച സുഖായച**
**സുഖായൈവ ഹി സാധൂനാം ത്വാദൃശാമച്യുതാത്മനാം (11-2-5)**
**ദുർലഭോ മാനുഷോ ദേഹോ ദേഹിനാം ക്ഷണഭംഗുര:**
**തത്രാപി ദുർലഭം മന്യേ വൈകുണ്ഠപ്രിയദർശനം (11-2-29)**

*ശുകമുനി തുടർന്നു:*
ദ്വാരകയിൽ നാരദമുനി ശ്രീകൃഷ്ണനുമൊത്ത് പലപ്പോഴും കഴിയാറുണ്ട്. ഒരിക്കൽ വസുദേവർ നാരദനോട് ചോദിച്ചു: "അങ്ങയേപ്പോലുള്ള മഹാത്മാക്കൾ ലോകം മുഴുവൻ സഞ്ചരിച്ച് മാനവകുലത്തിനു മുഴുവൻ പലേതരത്തിലുള്ള അനുഗ്രഹങ്ങൾ നൽകുന്നു. ദേവൻമാർ ചെയ്യുന്ന കാര്യങ്ങൾ ചിലർക്ക് സന്തുഷ്ടി യേകുമ്പോൾ മറ്റുചിലർക്ക് അവ അനിഷ്ടങ്ങളാണ്. എന്നാൽ അങ്ങയേപ്പോലുള്ള മഹാത്മാക്കൾ ചെയ്യുന്നതെന്തും മനുഷ്യർക്ക് സന്തുഷ്ടിയും സന്തോഷവും നൽകുന്നവയത്രെ. കാരണം, ദേവൻമാർ മനുഷ്യർക്ക് അവരുടെ കർമ്മഫലങ്ങളാണല്ലോ സാധിച്ചു കൊടുക്കുന്നത്. എന്നാൽ അങ്ങയേപ്പോലുള്ളവർക്ക് മറ്റുള്ളവരുടെ കർമ്മഫലങ്ങളെപ്പറ്റി യാതൊരു താൽപര്യവുമില്ല. ഹൃദയം നിറയെ സ്നേഹവും ദയാവായ്പും ഉള്ളതുകൊണ്ട് എല്ലാ ജീവജാലങ്ങളിലും കലവറ കൂടാതെ ദയാവായ്പു ചൊരിയുന്നു. കഴിഞ്ഞ ജൻമത്തിൽ ഭഗവാനെപ്പോലുള്ളൊരു പുത്രനെ വേണമെന്ന് ഞാൻ പ്രാർത്ഥിച്ചിരുന്നു. അദ്ദേഹം എൻെറ പുത്രനായി പിറക്കുകയും ചെയ്തു. അന്തിമമായ മോക്ഷത്തിലേക്കുള്ള പാതയേതെന്ന് എനിയ്ക്കു പറഞ്ഞു തന്നാലും. അതിലൂടെ ഒരുവന് എല്ലാ ഭയങ്ങളിൽ നിന്നും മോചനം ലഭിക്കുമല്ലോ.

*നാരദൻ മറുപടി പറഞ്ഞു:*
അങ്ങയുടെ ചോദ്യം എന്നെ ഓർമ്മിപ്പിക്കുന്നത് വിദേഹരാജാവായ നിമിക്ക് ഋഷഭപുത്രൻമാർ നൽകിയ നിർദ്ദേശങ്ങളെയാണ്. സന്യാസത്തിലൂടെ പരംപൊരുളിനെ സാക്ഷാത്കരിച്ച ഭരതമുനി ഋഷഭപുത്രനത്രെ. ഋഷഭന് തൊണ്ണൂറ്റിയൊൻപതു പുത്രൻമാർകൂടിയുണ്ടായിരുന്നു. ഒൻപതുപേർ ഭരണാധികാരികളായി. മറ്റ് ഒൻപതുപേർ മുനികളും. അവർ കവി, ഹരി, അന്ത:രീക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, അവിർഹോത്രൻ, ദുർമ്മിലൻ, ചാമസൻ, കരഭജനൻ എന്നിവരത്രെ. ഒരിക്കൽ ഭൂമിയിൽ ചുറ്റിസഞ്ചരിച്ച് അവർ വിദേഹ രാജ്യത്തെത്തി ചേർന്നു. അവിടെ നിമി ഒരു യാഗം നടത്തുകയായിരുന്നു. നിമി മാമുനിമാരെ കണ്ട് ഹർഷ പുളകിതനായി അവരെ എതിരേറ്റു.

"മനുഷ്യ ജൻമം ദുർല്ലഭം, അതിൽ ഭഗവൽഭക്തരുമായുള്ള സത്സംഗം അതീവ ദുർല്ലഭം. മഹാത്മാക്കളുമായി ലഭിക്കുന്ന സത്സംഗം, അതൊരു നിമിഷനേരത്തേയ്ക്കു മാത്രമാണെങ്കിൽ കൂടി അനർഘവും അമൂല്യവുമത്രെ. ഇങ്ങിനെയൊരു സൗഭാഗ്യവും അനുഗ്രഹവും ലഭിച്ച സ്ഥിതിക്ക് ഞങ്ങൾക്ക് ഭഗവൽപാദകമല സായൂജ്യമടയാനുള്ള മാർഗ്ഗനിർദ്ദേശം നൽകാൻ ദയവുണ്ടാവണം. ഭാഗവതധർമ്മം ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞാനപേക്ഷിക്കുന്നു."

**കായേന വാചാ മനസേന്ദ്രിയൈർവ്വാ**
**ബുദ്ധ്യാ*ff*ത്മനാ വാ*f*നുസൃത സ്വഭാവാൽ**
**കരോതി യദ്യത് സകലം പരസ്മൈ**
**നാരയണായേതി സമർപ്പയേത്തത് (11-2-36)**
**സർവ്വഭൂതേഷു യ: പശ്യേത് ഭഗവദ്ഭാവമാത്മന:**
**ഭൂതാനി ഭഗവത്യാത്മന്യേഷ ഭാഗവദോത്തമ: (11-2-45)**
**ഈശ്വരേ തദധീനേഷു ബാലിശേഷു ദ്വിഷത്സു ച**
**പ്രേമമൈത്രീകൃപോപേക്ഷാ യ: കരോതി സ മധ്യമ: (11-2-46)**
**അർച്ചായമേവ ഹരയേ പൂജാം യ: ശ്രദ്ധയേഹതേ**
**ന തദ്ഭക്തേഷു ചാന്യേഷു സ ഭക്ത: പ്രാകൃത: സ്മൃത: (11-2-47)**

*മാമുനിയായ കവി ഇപ്രകാരം പറഞ്ഞു:*
പരമപുരുഷനെ സാക്ഷാൽക്കരിക്കുവാൻ എന്തെല്ലാം പാതകളുണ്ടോ എന്തെല്ലാം അഭ്യാസമാർഗ്ഗങ്ങളുണ്ടോ അവയെല്ലാം നല്ലതു തന്നെ. എന്നാൽ ഭഗവാൻെറ പദകമലങ്ങളെ പൂജിക്കുകയാണ് ഏറ്റവും സുരക്ഷമായ മാർഗ്ഗം. അതിലൂടെ ഒരുവന് വേഗത്തിൽ നിർഭയത്വം ലഭിക്കുന്നു. ഭഗവൽനിർദ്ദേശിതമായ പാതയിലൂടെ ചലിക്കുന്നവർ വഴിതെറ്റിപ്പോവുകയില്ല. അയാൾ കണ്ണുമൂടികെട്ടി ഓടുകയാണെങ്കിൽക്കൂടി ലക്ഷ്യസ്ഥാന ത്തെത്തിച്ചേരുന്നതാണ്. ഭഗവാനെ ശരിയായി പൂജിക്കുന്നയാൾ തൻെറ ചിന്തകളെയും, വാക്കുകളെയും, പ്രവൃത്തികളെയും സ്വധർമ്മമനുസരിച്ച് ഭഗവാനിലർപ്പിക്കേണ്ടതാണ്. പരംപൊരുളായ ഭഗവാൻ നാരായണനെ പൂജിക്കാൻ മനസാ-വാചാ-കർമ്മണാ അയാൾ സദാ ജാഗരൂകനാണ്. അങ്ങിനെ അയാൾ ദേഹബുദ്ധി മൂലമുണ്ടായ ദ്വൈതഭാവം ഇല്ലാതാക്കി ഭയത്തിൻെറ മൂലകാരണത്തെ ഇല്ലായ്മ ചെയ്യുന്നു.

അയാൾ ഭഗവാനെ തൻെറ ഗുരുവായും സ്വന്തം ആത്മാവായും ദർശിക്കണം. ദ്വൈതഭാവമെന്നത് സ്വപ്നം പോലെയാണ്. അതൊരു മാനസീകവ്യാപാരമത്രെ. ഇതറിഞ്ഞ് അയാൾ മനസ്സിനെ എല്ലാ ഉപാധികളിൽ നിന്നും സ്വതന്ത്രമാക്കണം. അയാൾ ക്ഷണത്തിൽ ഭയവിമോചിതനാവുന്നതാണ്. എല്ലാ സാമൂഹികാചാരങ്ങൾക്കും അതീതനായി ഭഗവാൻെറ ലീലാവിലാസങ്ങളിൽ മനസ്സുറപ്പിച്ച് അയാൾ സ്വതന്ത്രനായി നടക്കട്ടെ. എല്ലാ ചരാചരങ്ങളെയും വണങ്ങി സ്വശരീരത്തെ ഭഗവൽശരീരമെന്ന് കരുതി ജീവിക്കുന്ന അയാളിൽ ഭഗവദ് പ്രേമവും, പരമസാക്ഷാത്കാരവും, ലൗകീകതയിലുള്ള വിരക്തിയും ഒരേസമയം പ്രകടിതമാവുന്നു.

*മഹർഷിയായ ഹരി പറഞ്ഞു:*
"ആരൊരുവൻ ആത്മാവിൽ എല്ലാവരെയും ദർശിക്കുന്നുവോ, അതിനെ പരമാത്മാവായി അറിയുന്നുവോ, സകലജീവജാലങ്ങളിലെയും ആത്മാവിനെ ഈശ്വരനായി അറിയുകയും ചെയ്യുന്നുവോ അയാളാണ് ഉത്തമനായ ദൈവപുരുഷൻ. ആരൊരുവൻ ഭഗവാനിൽ ഭക്തനാണോ, ഭഗവൽഭക്തരോട് സൗഹൃദത്തിലാണോ, അജ്ഞാനികളിൽ ദയാവായ്പുള്ളവനാണോ, ശത്രുക്കളോട് ശത്രു-മിത്ര ഭാവമില്ലാത്തവനാണോ അയാൾ മദ്ധ്യമനായ ദൈവപുരുഷൻ. ആരൊരുവൻ ഭഗവാനെ മൂർത്തിപൂജയിലൂടെ ഉപാസിക്കുകയും എന്നാൽ ഭഗവൽഭക്തരിലും മറ്റുള്ളവരിലും ഈശ്വരനെ ദർശിക്കാതിരിക്കുകയും ചെയ്യുന്നുവോ അയാൾ ഏറ്റവും താഴ്ന്നനിലയിലുള്ള ദൈവപുരുഷനത്രെ."

ആരൊരുവൻ ഈ ലോകത്തെ ഭഗവാൻെറ മായാശക്തിയുടെ പ്രകടിതരൂപം മാത്രമാണെന്നറിയുന്നുവോ അയാൾ ആ മായയിൽ സ്വയം നഷ്ടപ്പെടുന്നില്ല. അയാളിൽ സുഖാസ്വാദനത്തിനുള്ള ആസക്തി ഇല്ലാത്തതുകൊണ്ട് കർമ്മങ്ങൾ അയാളെ ബന്ധിക്കുന്നില്ല. അങ്ങിനെ ജനനമരണങ്ങളിൽ നിന്നും അയാൾ മോചിതനാവുന്നു. ഭഗവൽഭക്തന് കുലാഭിമാനമോ, ധനാഭിമാനമോ ഇല്ല. തൻെറ സ്വത്തുക്കളെ അധീനത്തിൽ വച്ചുകൊണ്ടിരിക്കുന്നതിൻെറ ദുരിതവും അയാൾക്ക് അനുഭവിക്കേണ്ടതില്ല. സദാ ഭഗവൽസ്മരണയിൽ ജീവിക്കുന്നതുകൊണ്ട് അയാളിൽ അജ്ഞാനത്തിൻെറ തീവ്രജ്വരം ഇല്ലാതാകുന്നു. ഭഗവൽനാമം ഹൃദയത്തിൽ സിംഹാസനസ്ഥമാകയാൽ എല്ലാ പാപങ്ങളും അയാളിൽ ഇല്ലാതാവുന്നു.

**ഗുണൈർഗുണാൻ സ ഭുഞ്ജാന ആത്മപ്രദ്യോതിതൈ: പ്രഭു:**
**മന്യമാന ഇദം സൃഷ്ടമാത്മാനമിഹ സജ്ജതേ (11-3-5)**
**കർമ്മാണി കർമ്മഭി: കുർവ്വൻ സനിമിത്താനി ദേഹഭൃത്**
**തത്തത് കർമ്മഫലം ഗൃഹ്ണൻ ഭ്രമതീഹ സുഖേതരം (11-3-6)**
**കർമ്മണ്യാരഭമാണാനാം ദു:ഖഹത്യൈ സുഖാ യച**
**പശ്യേത് പാകവിപര്യാസം മിഥുനീചാരിണാം നൃണാം (11-3-18)**

*അന്തരീക്ഷമുനി പറഞ്ഞു:*
ജിവാത്മാക്കളുടെ മോക്ഷത്തിനായി പരംപൊരുൾ സൃഷ്ടിപരിണാമങ്ങൾ നടത്തുന്നത് മായ എന്ന ഊർജ്ജത്തിൻെറ സഹായത്തോടെയത്രെ. പരമാവബോധമാണല്ലോ ആ പരംപൊരുൾ. ഈ വിശ്വത്തെ സൃഷ്ടിച്ച ശേഷം അതു സ്വയം സൃഷ്ടികളിലേക്കിറങ്ങിച്ചെന്ന് മനസ്സും ഇന്ദ്രിയങ്ങളും വിടർത്തി. ഇവകളിലൂടെ അന്തര്യാമി പുറംലോകത്തേയും ദ്രവ്യങ്ങളെയും ആസ്വദിക്കുന്നു. അയാൾ ചിലതരം അനുഭവങ്ങളിൽ ആകൃഷ്ടനാവുകയും ആ അനുഭവങ്ങളെ സാധിതമാക്കിത്തന്ന വസ്തുക്കളിൽ ആസക്തനും ആവുന്നു. അതിനുശേഷം അയാളുടെ കർമ്മങ്ങൾ സുഖാസ്വാദനം തേടിയുള്ളവയും അതിൻെറ പരിണിതഫലങ്ങൾ അയാൾക്ക് അനുഭവിക്കേണ്ടതായും വരുന്നു. അങ്ങിനെ അയാൾ ഈ സൃഷ്ടി ചക്രത്തിൽ നിസ്സഹായനായി വലയുന്നു. ഈ ലോകചക്രത്തിൻെറ അവസാനം നൂറുകൊല്ലം നീണ്ടു നിൽക്കുന്ന ഒരു വരൾച്ച ഉണ്ടാവും. അതിൻെറ അവസാനം വിശ്വാഗ്നിയിൽ എല്ലാം അലിഞ്ഞു ചേരും. അവസാനമായി ഒരു വിശ്വപ്രളയത്തിൽപ്പെട്ട് സകലതും മുങ്ങിപ്പോവും. സൃഷ്ടികൾ ഉൾവലിഞ്ഞ് തങ്ങളുടെ കാരണങ്ങളിലേക്ക് മടങ്ങിപ്പോവും. അവസാനം പ്രകൃതിയിൽ വിലയിക്കുകയും ചെയ്യും. ഇങ്ങിനെ മായ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നു.

പ്രബുദ്ധമുനി പറഞ്ഞു:
ഒരുവൻ അനവരതം അസന്തുഷ്ടിയെ ഒഴിവാക്കി സുഖമാസ്വദിക്കാൻ പരിശ്രമിക്കുമ്പോൾ വിപരീതഫലമാണ് അവനുണ്ടാവുന്നതെന്ന് അറിയേണ്ടതാണ്. ഇഹലോകത്തോ സ്വർഗ്ഗത്തിൽപോലുമോ നിതാന്തപരമാനന്ദം സാദ്ധ്യമല്ലതന്നെ. കാരണം വെറുപ്പിൽനിന്നും മത്സരത്തിൽനിന്നും ഭയത്തിൽനിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇവിടെയും സ്വർഗ്ഗത്തിലും ജീവിതത്തെ ബാധിക്കും. ഇതറിഞ്ഞ് വിവേകശാലിയായ ഒരുവൻ ആസക്തി വിട്ടവനും സത്യദർശിയുമായ ഒരു ഗുരുവിനെ അഭയം പ്രാപിക്കണം. ഗുരുപൂജയിലൂടെയും ഗുരുസേവയിലൂടെയും ഭഗവൽപ്രേമത്തിലേക്കുള്ള പാതയും ലൗകീക സുഖങ്ങളിലുള്ള അനാസക്തിയും മനുഷ്യബന്ധങ്ങളോടുള്ള ശരിയായ മനോഭാവവും ആത്മനിയന്ത്രണം ശീലിക്കുന്നതെങ്ങിനെയെന്നും ശുദ്ധവും ലളിതവുമായ ജീവിതം നയിക്കുന്നതെങ്ങിനെയെന്നും സകലജീവജാലങ്ങളിലും ആത്മാവിനേയോ ഈശ്വരനേയോ ദർശിക്കുന്നതെങ്ങിനെയെന്നും സ്വന്തം ജീവൻ, ആത്മത്യാഗത്തിലൂടെ ഭഗവാനർപ്പിക്കുന്ന തെങ്ങിനെയെന്നുംഷ ഭഗവൽഭക്തരെയും മറ്റുള്ളവരെയും എങ്ങിനെ സ്നേഹപൂർവ്വം പരിചരിക്കണമെന്നും, തുടർച്ചയായി ഭഗവൽകഥാകഥനവും ശ്രവണവും നടത്തേണ്ടതെങ്ങിനെയെന്നും അയാൾ പഠിക്കണം.

അങ്ങിനെയുള്ള ഭക്തൻ ഭഗവൽസ്മരണയാൽ സദാ വിലീനനായിരിക്കും. ചിലപ്പോൾ ഭഗവദ് വിരഹ ദു:ഖത്തിൽ തപിച്ചു കണ്ണീരൊഴുക്കിയും ചിലപ്പോൾ ആഹ്ലാദപ്രകടനം നടത്തിയും ഭഗവൽസാന്നിദ്ധ്യം അറിഞ്ഞ് പാടിയും ആടിയും മറ്റു ചിലപ്പോൾ ഈശ്വരസാക്ഷാത്കാരത്തിൽ സ്വയം മറന്നു ശാന്തനും നിശ്ശബ്ദനായും അയാൾ ഇരിക്കുന്നു. ആരൊരുവൻ അങ്ങിനെ ഈശ്വരഭക്തൻെറ അപ്രതീക്ഷിതവും വ്യവസ്ഥാനുസാരിയല്ലാത്തതുമായ കാര്യങ്ങളെ പഠിക്കുന്നുവോ അയാൾക്ക് ഈശ്വരപ്രേമം വർദ്ധിക്കുന്നു.

**സത്ത്വം രജസ്തമ ഇതി ത്രിവൃദേകമാദൌ**
**സൂത്രം മഹാനഹമിതി പ്രവദന്തി ജീവം**
**ജ്ഞാനക്രിയാർത്ഥഫലരൂപതയോരു ശക്തി**
**ബ്രഹ്മൈവ ഭാതി സദസച്ച തയോ: പരം യത് (11–3–37)**
**ആത്മാനം തൻമയം ധ്യായൻ മൂർത്തിം സംപൂജയേദ്ധരേ:**
**ശേഷാമാധായ ശിരസി സ്വധാമ്ന്യു ദ്വാസ്യ സത്കൃതം (11–3–54)**
**ഏവ മഗ്ന്യർക്കതോയാദാവതിഥൌ ഹൃയയേ ച യ:**
**യജതീശ്വരമാത്മാനമചിരാൻമുച്യതേ ഹി സ: (11–3–55)**

*പിപ്പലായന മഹർഷി പറഞ്ഞു:*
രൂപങ്ങൾ സദാ മറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഉൺമ അചഞ്ചലമത്രെ. സ്വപ്ന-ജാഗ്രദ്-സുഷുപ്തി സമയങ്ങളിലെല്ലാം - സമാധിയിൽപ്പോലും അനുസ്യൂതം തുടർന്നു പോവുന്നത് അവബോധം മാത്രം. ആകാശം വീട്ടിനകത്തും പുറത്തും ചുമരിലും എല്ലാം തുടർച്ചയായും വേർപെടാതെയും സ്ഥിതിചെയ്യുന്നതുപോലെ യാണത്. അത് സൂര്യനേപ്പോലെ സ്വയം സ്പഷ്ടമാണ്. എത്ര വെളിച്ചമുണ്ടായാലും അന്ധനെ തീ ‘കാണിക്കാൻ’ സാധിക്കാത്തതുപോലെ എത്രതന്നെ വിവരിച്ചാലും ഊഹിച്ചാലും ആത്മീയാന്ധത ബാധിച്ചവന് അതിനെ ‘കാണാൻ’ സാധിക്കുകയില്ല. “ഗോചരമായ സൃഷ്ടിക്കുമുൻപും ഉൺമ ഉണ്ടായിരുന്നു. അതിനെ സത്ത്വ-രജ-തമസ്സ് എന്നീ ഗുണങ്ങളിലൂടെ പല രീതിയിൽ വിവരിച്ചു. അനേക രീതികളിലവതരിക്കാൻ കഴിവുള്ള സൂത്രമാനായും, വിശ്വബോധമായും, ജീവനിലെ ‘അഹം’ഭാവമായും അറിവ്-കർമ്മം-കർമ്മഫലം എന്നിവയായും, ഉൺമയും പ്രകടിതമായ ഉൺമയായും, ഇവകൾക്കെല്ലാമതീതമായും, അനന്തമായ ഉൺമ മാത്രമായും വിവരിക്കപ്പെടുന്നു. ഈ ഉൺമക്ക് ജനനമരണങ്ങളോ മാറ്റങ്ങളോ ഇല്ല. അതിന്റെ സർവ്വാന്തര്യാമിത്ത്വം കാരണം അത് എല്ലാ ജീവജാലങ്ങളിലുമധിവസിക്കുന്നു എന്നു മനസ്സിലാക്കാം. കാഴ്ചയുള്ളവനു മാത്രമേ ഈ പ്രകാശം കാണാനാവൂ. ഭഗവൽഭക്തനു മാത്രമേ ഹൃദയം നിറഞ്ഞ ഭക്തി കൊണ്ട് ഈ സത്യത്തെ ‘കാണാൻ’ കഴിയൂ.

*അവിർഹോത്ര മുനി പറഞ്ഞു:*
ജ്ഞാനികൾ പോലും വൈദീക വിധികളെപ്പറ്റിയും അനുശാസിതമോ നിഷിദ്ധമോ ആയ കർമ്മങ്ങളെപ്പറ്റിയും അവയുടെ വിശിഷ്ടതകളെപ്പറ്റിയും പലപ്പോഴും ശരിയായ ധാരണയില്ലാത്തവരത്രെ. വേദങ്ങൾ കൊട്ടിഘോഷിക്കുന്നത് കർമ്മത്തെ കർമ്മം കൊണ്ട് നേരിടാനാണ്. വിഡ്ഢികളായവരെ അതിലേക്കാകർഷിക്കാൻ സ്വർഗ്ഗജീവിതം തുടങ്ങിയ പ്രലോഭനങ്ങളും അതു നൽകുന്നു. അജ്ഞാനിയായ വിഡ്ഢി വേദശാസനകളെ ഉപേക്ഷിക്കുന്നതായാൽ തീർച്ചയായും അവസാനമില്ലാത്ത കർമ്മങ്ങൾക്കും പ്രതിപ്രവർത്തനങ്ങൾക്കും ഇരയാവുന്നു. എന്നാൽ വേദാനുസാരിയായ കർമ്മങ്ങൾ ഇഹലോക ലാഭേഛയോ സ്വർഗ്ഗലാഭേഛയോ കൂടാതെ അനുഷ്ടിക്കുന്ന ഒരുവന് മോക്ഷം ലഭിക്കുന്നു. അങ്ങിനെയുള്ളവനുവേണ്ടി വിപുലവും ഫലവത്തുമായ തന്ത്രവിധികളിലൂടെ ഭഗവാനെ ആരാധിക്കുന്നതെങ്ങിനെയെന്നുള്ള വിശദീകരണങ്ങൾ വേദങ്ങളിലുണ്ട്. ഈ മാർഗ്ഗങ്ങൾ ഗുരുമുഖത്തുനിന്നും പഠിച്ച ഒരുവൻ തന്റെ ഇഷ്ടാനുസരണം ഒരു ഈശ്വരബിംബത്തെ പൂജിക്കണം. “സ്വയം ഈശ്വരവിലീനനായി കണക്കാക്കി ഭഗവൽപ്പൂജ നടത്തി പൂജാസമയത്ത് പവിത്രമാക്കപ്പെട്ട പുഷ്പവും ജലവും അയാൾ തലയിലണിയണം. ഇങ്ങിനെ അയാൾ അഗ്നിയിലും ജലത്തിലും സൂര്യനിലും അതിഥിയിലും സ്വന്തമാത്മാവിലും ഉള്ള ഈശ്വരനെ പൂജിക്കണം. അങ്ങിനെ അയാൾ താമസംവിനാ മോക്ഷപദം പ്രാപിക്കുന്നു.”

**ത്വാംസേവതാം സുരകൃതാ ബഹവോ*f*ന്തരായാ:**
**സ്വൌകോ വിലംഘ്യ പരമം വ്രജതാം പദം തേ**
**നാന്യസ്യ ബർഹിഷി ബലീൻ ദദത: സ്വഭാഗാൻ**
**ധത്തേ പദം ത്വമവിതാ യദി വിഘ്ന മൂർദ്ധ്നി (11-4-10)**
**ക്ഷുത്തൃട്ത്രികാലഗുണമാരുതജൈഹ്വശൈശ്ന്യാ**
**നസ്മാനപാരജലധീനതിതീര്യ കേചിത്**
**ക്രോധസ്യ യാന്തി വിഫലസ്യ വശം പദേ ഗോർ**
**മ്മജ്ജന്തി ദുശ്ചരതപശ്ച വൃഥോത്സൃജന്തി (11-4-11)**

*ദ്രുമിള മുനി പറഞ്ഞു:*
ഇഹലോകവും സ്വർലോകങ്ങളും പാതാളങ്ങളുമെല്ലാം ഭഗവാൻെറ ശരീരമത്രെ. അദ്ദേഹം എല്ലാവരുടെ ഉള്ളിലും അധിവസിക്കുന്നതാകയാൽ 'പുരുഷൻ' എന്നറിയപ്പെടുന്നു. സകലജീവികളുടെയും ജീവൻ അവിടുന്നാണ്. രാജസബ്രഹ്മാവായി ഭഗവാൻ സൃഷ്ടി നടത്തുന്നു. സാത്വികവിഷ്ണുവായി സംരക്ഷ നൽകുന്നു. താമസരുദ്രനായി സംഹാരവും ചെയ്യുന്നു.

ആത്മജ്ഞാനം പ്രചരിപ്പിക്കുന്നതിനായി ഭഗവാൻ സ്വയം സനാതനമഹർഷിയായ നാരായണനായും നരനായും അവതാരമെടുത്തു. പണ്ടുകാലത്ത് ദക്ഷൻെറയും ധർമ്മയുടെയും പുത്രിയായ മൂർത്തിയിലാണ് ഭഗവാൻ ജനിച്ചത്. സ്വർഗ്ഗരാജനായ ഇന്ദ്രന് നാരായണൻ കഠിന തപസ്സിലേർപ്പെട്ടിരിക്കുന്നത് തന്നെ സ്ഥാനഭ്രഷ്ടനാക്കുവാനാണോ എന്ന സംശയം ഉണ്ടായിരുന്നു. അതുകൊണ്ട് പതിവുപോലെ ഇന്ദ്രൻ കാമദേവനെ അയച്ച് മുനിയുടെ തപസ്സിന് ഭംഗം വരുത്താൻ ഏർപ്പാടു ചെയ്തു. കാമദേവനും അപ്സരകന്യകമാരുടെ ഒരു സഞ്ചയവും നാരായണൻ തപസ്സനുഷ്ടിക്കുന്നിടത്തു ചെന്നു. അവർ മുനിയുടെ മുന്നിൽ തങ്ങളുടെ വിദ്യകൾ പ്രയോഗിച്ചപ്പോൾ അവയാൽ വശംവദനാകുന്നതിനു പകരം മുനി പുഞ്ചിരിയോടെ അവരെ എതിരേറ്റു സ്വാഗതം ചെയ്തു. വിനയാന്വിതനായി ഉപചാരങ്ങളും നൽകി. ദേവൻമാർ ആശ്ചര്യപ്പെട്ടു. അതേ സമയം ഭഗവാൻെറ (നാരായണൻ) സമീപത്ത് മറ്റൊരുപറ്റം കന്യകമാർ - അപ്സരസ്സുകളേക്കാൾ സൗന്ദര്യമുള്ളവർ - പ്രത്യക്ഷമായി. ഗർവ്വഭംഗം വന്ന കാമദേവനും കൂട്ടരും നാരായണനെ വണങ്ങി ഇങ്ങിനെ പറഞ്ഞു. "അവിടുന്ന് മായക്കതീതൻ. അതുകൊണ്ട് ഞങ്ങളുടെ ബാലിശമായ വിളയാട്ടങ്ങൾ അങ്ങയെ ബാധിക്കുന്നില്ല. ആരാണോ തങ്ങളുടെ നിലയെ അതിശയിച്ചു കടന്നുപോകാൻ ശ്രമിക്കുന്നത് അവരുടെ പ്രയത്നങ്ങളെ ദേവൻമാർ തടസ്സപ്പെടുത്തുന്നു. എന്നാൽ അവരെ പ്രീതിപ്പെടുത്തുന്ന പക്ഷം അവർ വിഘ്നങ്ങളേതും നൽകുന്നില്ല. പക്ഷേ അവിടുത്തെ ഭക്തനെ ഒന്നുംതന്നെ ബാധിക്കുന്നില്ല. അവിടുത്തെ കൃപകൊണ്ട് വിഘ്നങ്ങൾക്കുമുകളിൽ ചവിട്ടിക്കയറി ഭക്തൻ ആ പാദങ്ങളിലേക്ക് ഉയർന്നു പോകുന്നു. ചിലർക്ക് ഞങ്ങളുടെ ദൂതൻമാരായ വിശപ്പ് ദാഹം തണുപ്പ് എന്നിവയെ അതിശയിച്ച് ജീവിക്കാനാവുന്നു. എന്നാൽ അവർ ക്രോധം എന്ന വികാരത്തിനടിമപ്പെട്ടും പോകുന്നു. സമുദ്രം പ്രയാസമില്ലാതെ തരണം ചെയ്തയാൾ ചെറിയൊരു കുഴിയിലെ വെള്ളത്തിൽ മുങ്ങിപ്പോകുംപോലെയാണത്. അങ്ങ് അവിടുത്തെ പ്രവൃത്തികൾ കൊണ്ട് ശരിയായ മാർഗ്ഗം കാണിച്ചിരിക്കുന്നു. അവിടുത്തെ ഭക്തൻ തൻെറ തപസ്സിനു ഭംഗം വരുത്തുന്നവരെപ്പോലും ശപിക്കുന്നില്ല. ദേവൻമാർ സ്വർഗ്ഗത്തിലേയ്ക്കു മടങ്ങി. കൂട്ടത്തിൽ നാരായണനെ സേവിച്ചിരുന്ന സുന്ദരിമാരിലഗ്രഗണ്യയായ ഉർവ്വശിയെ കൂടെ കൊണ്ടുപോവുകയും ചെയ്തു.

ഭഗവാൻ പലേ രൂപഭാവങ്ങളിൽ ധർമ്മസംസ്ഥാപനം നടത്തുകയും ദുഷ്ടരെ നിഗ്രഹിക്കുകയും ചെയ്തു. അങ്ങിനെയുള്ള അവതാരങ്ങൾ അനവധിയത്രെ. അവിടുത്തെ മഹിമയും സവിശേഷതയും ഗുണഗണങ്ങളും വർണ്ണനാതീതവും അനന്തവുമാണ്.

ॐ



**യങ്ഘ്രാണഭക്ഷോ വിഹിത: സുരായാസ്തഥാ പശോരാലഭനം ന ഹിംസാ**
**ഏവം വ്യവായ: പ്രജയാ ന രത്യാ ഇമം വിശുദ്ധം ന വിദു: സ്വധർമ്മം (11-5-13)**
**യേ ത്വനേവം വിദോഽസന്ത: സ്തബ്ധാ: സദഭിമാനിന:**
**പശൂൻ ദ്രുഹ്യന്തി വിസ്രബ്ധാ: പ്രേത്യ ഖാദന്തി തേ ച താൻ (11-5-14)**
**ധ്യേയം സദാ പരിഭവഘ്നമഭീഷ്ടദോഹം**
**തീർത്ഥാസ്പദം ശിവവിരിഞ്ചിനുതം ശരണ്യം**
**ഭൃത്യാർത്തിഹം പ്രണതപാല ഭവാബ്ധി പോതം**
**വന്ദേ മഹാപുരുഷ തേ ചരണാരവിന്ദം (11-5-33)**
**കലിം സഭാജയന്ത്യാര്യാ ഗുണജ്ഞാ: സാരഭാഗിന:**
**യത്ര സങ്കീർത്തനേനൈവ സർവ്വ: സ്വാർത്ഥോഽഭി ലഭ്യതേ (11-5-36)**

*ചാമസമുനി പറഞ്ഞു:* ഭഗവാൻെറ അവയവങ്ങളിൽ നിന്നും മനുഷ്യൻെറ നാലു വിഭാഗങ്ങൾ ജനിച്ചു- ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. ഇവരിൽ ആരാണോ ഭഗവാൻ ഹരിയെ ആരാധിക്കാത്തത്, അവർ മനുഷ്യജൻമം പാഴാക്കി നരകത്തിൽ പതിക്കുന്നു. വേദപഠനാർഹതയുള്ള ബ്രാഹ്മണന് ആത്മജ്ഞാനത്തിനുള്ള ഉപാധി വേദപഠനമാണല്ലോ. എന്നാൽ അവർ വേദങ്ങളെ തെറ്റായരിതിയിൽ വായിച്ചു വ്യാഖ്യാനിക്കുകയും വൈദീകനിരോധനങ്ങളെ അവഗണിച്ച് മദ്യപിക്കുകയും മൃഗബലി നടത്തുകയും ലൈംഗീകതക്കടിമപ്പെടുകയും ചെയ്യുന്നു. വേദങ്ങൾ ഒരു സൗജന്യമെന്ന നിലയിൽ ഇവയെല്ലാം ആത്മനിയന്ത്രണമില്ലാത്ത അജ്ഞാനികൾക്കനുവദിച്ചു കൊടുത്തിട്ടുണ്ടെങ്കിലും മദ്യം മണക്കാൻ മാത്രവും മൃഗങ്ങൾ യാഗശാലയെ അലങ്കരിക്കാൻ മാത്രവും ലൈംഗീകാസ്വാദനം സന്താനോൽപ്പാദനാർത്ഥം മാത്രവും ആയിരിക്കണം. ഇതിനെപ്പറ്റി വിവരമില്ലാത്തവർ ധാർഷ്ട്ര്യത്തോടെ സ്വയം ജ്ഞാനികളെന്നുനടിച്ച് മൃഗങ്ങളെ കൊല്ലുന്നു. എന്നാൽ അവയോ ഇഹലോകം വെടിയുമ്പോൾ ഇവരെ കൊല്ലുകയും ചെയ്യുന്നു. അതുപോലെ ഭഗവൽഭക്തരെയും ഭഗവാനെത്തന്നെയും വെറുക്കുകയും നശ്വരമായ ശരീരത്തോട് ആസക്തരായിരിക്കുകയും ചെയ്യുന്നവരും താത്വീകമായി സത്യജ്ഞാനം അറിവുണ്ടെങ്കിലും ലൗകീകതയോട് ആസക്തി പൂണ്ടിരിക്കുന്നവരും വികാസ പരിണാമത്തിൻെറ പാതയിൽ താഴേയ്ക്കു പോകുന്നു.

*കരഭജനൻ പറഞ്ഞു:* സത്യയുഗത്തിൽ ഭഗവാന് ധവളനിറമായിരുന്നു. സമമാനസരും ശാന്തശീലരുമായവർ ഭഗവാനെ തപശ്ചര്യയിലൂടെയും മറ്റും ആരാധിച്ചു. ത്രേതായുഗത്തിൽ ഭഗവാന് ചുവപ്പുകലർന്ന നീലനിറമായിരുന്നു. വൈദീകയാഗങ്ങളിലൂടെ വേദം പഠിച്ചവർ ഭഗവാനെ പൂജിച്ചു. ദ്വാപരയുഗത്തിൽ ഭഗവാന് കടുംതവിട്ടുനിറമായിരുന്നു. മനുഷ്യർ വൈദികയാഗങ്ങളിലൂടെയും താന്ത്രികവിദ്യകളിലൂടെയും ഭഗവാനെ ആരാധിച്ചു. കലിയുഗത്തിൽ ഭഗവാൻെറ നിറം കറുപ്പേറിയതത്രെ. ഭഗവാൻെറ മഹിമകൾ പാടി മനുഷ്യർ ആരാധന ചെയ്യുന്നു. അവിടുത്തെ പാദങ്ങളിൽ ഞാനഭയം തേടുന്നു. അല്ലയോ ഭഗവാനേ, ആ പാദങ്ങൾ ഞങ്ങളുടെ ദുരിതങ്ങളെ അകറ്റി അഭീഷ്ടങ്ങളെ സാധിപ്പിച്ചു തരുന്നു. പവിത്രതയുടെ ഉറവിടമായ അവ ദേവൻമാരാൽ ആരാധിക്കപ്പെടുന്നു. അവ ഭക്തൻെറ യാതനകളെ അകറ്റുന്നു. സംസാരസാഗരം തരണം ചെയ്യാനുള്ള -പ്രാപഞ്ചികമായ അസ്തിത്വത്തിനപ്പുറത്തേക്ക് പോകാനുള്ള - വഞ്ചിയാണവ. വാസ്തവത്തിൽ ഭഗവാൻ തൻെറ ഭക്തർക്ക് ഈ യുഗത്തിൽ ക്ഷിപ്രപ്രസാദിയത്രെ. വിവേകശാലികൾ, ഭഗവൽമഹിമകളെ വാഴ്ത്തിയും നാമങ്ങൾ പാടിയും അവിടുത്തെ സാക്ഷാത്കരിക്കാനാവുന്ന ഈ കലിയുഗത്തെ സ്തുതിക്കുന്നു. ദക്ഷിണേന്ത്യയിൽ ഭഗവൽഭക്തരായ അനേകംപേർ ഉണ്ടാവും. ഇവർ ലൗകീകതയെല്ലാം വെടിഞ്ഞ് ഭഗവാനിലഭയം പ്രാപിച്ച് ക്ഷണനേരത്തിൽ ദേവൻമാരോടും മഹർഷിമാരോടും പിതാമഹാൻമാരോടുമുള്ള കടപ്പാടുകൾക്കെല്ലാം അതീതരാവുന്നു. അങ്ങിനെയുള്ള ഭക്തൻ ചെയ്യുന്ന പാപങ്ങൾപോലും ഭക്തിയാൽ കഴുകപ്പെടുന്നു.

*ശുകമുനി തുടർന്നു:* വസുദേവരോട്, ശ്രീകൃഷ്ണൻ ഭഗവാൻെറ അവതാരമാണെന്നുള്ള വസ്തുത നാരദൻ വീണ്ടും ഓർമ്മിപ്പിച്ചു. ഈ വാക്കുകൾ കേട്ട് ദേവകിയും വസുദേവനും ഈശ്വരസാക്ഷാത്കാരം നേടി. ഈ അനുശാസനത്തെ ധ്യാനിക്കുന്നവർക്ക് ആത്മസാക്ഷാത്കാരം ലഭിക്കുന്നു.

**നതാ: സ്മ തേ നാഥപദാരവിന്ദം**
**ബുദ്ധീന്ദ്രിയപ്രാണമനോ വചോഭി:**
**യച്ചിന്ത്യതേƒന്തർഹൃദിഭാവയു ക്തൈർ**
**മ്മുമുക്ഷുഭി: കർമ്മയോരുപാശാത് (11-6-7)**
**ഭൂമേർഭാരാവതാരായ പുരാ വിജ്ഞാപിത: പ്രഭോ**
**ത്വമസ്മാഭിരശേഷാത്മം സ്തത്തഥൈവോപപാദിതം (11-6-21)**
**ധർമ്മശ്ച സ്ഥാപിത: സത്സു സത്യസന്ധേഷു വൈ ത്വയാ**
**കീർത്തിശ്ച ദിക്ഷു വിക്ഷിപ്താ സർവ്വലോകമലാപഹാ (11-6-22)**

*ശുകമുനി തുടർന്നു:*
അധികം താമസിയാതെ സ്വർഗ്ഗത്തിൽ നിന്നും ബ്രഹ്മാവിൻെറ നേതൃത്വത്തിൽ ദേവൻമാർ എല്ലാവരും ദ്വാരകയിൽ ഭഗവാൻ കൃഷ്ണനെ കാണാൻ ചെന്നു. അവർ ഭഗവാനെ പുഷ്പമർപ്പിച്ച് വാഴ്ത്തിപ്പാടി. "ഞങ്ങൾ അവിടുത്തെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുന്നു പ്രഭോ. ഞങ്ങളുടെ ബുദ്ധി, മനസസ്, പ്രാണവായു, വാക്ക് എന്നിവയെല്ലാം അവിടുത്തെ കുമ്പിടുന്നു. കർമ്മപാശത്തിൽനിന്നു മുക്തി നേടാനാഗ്രഹിക്കുന്ന ഭക്തശിരോമണികൾ നിരന്തരം ധ്യാനിക്കുന്നത് ആ പദകമലങ്ങളെ യാണല്ലോ."

*ബ്രഹ്മാവ് പറഞ്ഞു:*
ഭൂമിയുടെ ഭാരം കുറയ്ക്കാനായി ഞങ്ങൾ അവിടുത്തോടപേക്ഷിക്കുകയുണ്ടായി. അങ്ങ് ഞങ്ങളുടെ പ്രാർത്ഥന നിറവേറ്റുകയും ചെയ്തു. അങ്ങ് ഭൂമിയിൽ ധർമ്മസ്ഥാപനം നടത്തുകയും ചെയ്തു. ധർമ്മസംരക്ഷണവും പരിപാലനവും അവിടുന്ന് സ്വഭക്തൻമാരെ ഏൽപ്പിക്കുകയും ചെയ്തിരിക്കുന്നു. സകല പാപങ്ങളെയും ഇല്ലാതാക്കുന്ന അവിടുത്തെ മഹിമാവിശേഷം ലോകം മുഴുവൻ പരന്നു കഴിഞ്ഞിരിക്കുന്നു. നൂറ്റി ഇരുപത്തിയഞ്ച് കൊല്ലം മുൻപ് അങ്ങ് യദുകുലത്തിൽ പിറന്നു. ഇപ്പോൾ തിരികെ അവിടുത്തെ സ്ഥിരവാസസ്ഥലത്തേക്ക് മടങ്ങാൻ സമയമായിരിക്കുന്നു.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
എൻെറ ഉദ്ദേശം അതുതന്നെയാണ്. എൻെറ സംരക്ഷണത്തിൽ കഴിഞ്ഞിരുന്ന യാദവർ അഹംഭാവികളും ധിക്കാരികളുമായിരിക്കുന്നു. ഇത്രയും കാലം ധാർമ്മീമകച്യുതി വരുത്തുന്നതിൽ നിന്നും അവരെ തടയാൻ എനിക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഇനി മറ്റാർക്കും അതിന് കഴിയുകയില്ല. അതിനാൽ ഞാൻ ബ്രാഹ്മണരെക്കൊണ്ട് അവർക്ക് ഒരു ശാപമേൽപ്പിച്ചിട്ടുണ്ട്. ആ ശാപഫലം യദുകുലത്തിൽ കണ്ടു തുടങ്ങുമ്പോൾ ഞാൻ ഇവിടം വിടുന്നതാണ്.

ഉടനേ തന്നെ ദ്വാരകയിൽ ദു:ശ്ശകുനങ്ങൾ കണ്ടു തുടങ്ങി. ശ്രീകൃഷ്ണൻ യാദവരോട് അവിടംവിട്ട് പ്രഭാസമെന്ന ഒരിടത്തേക്ക് കുടിയേറിപ്പാർക്കാൻ ഉപദേശിച്ചു. പ്രഭാസം ഒരു പുണ്യസ്ഥലമത്രെ. ക്ഷയരോഗികൾ പോലും അവിടെ സുഖപ്പെടുന്നു. യാദവർ യാത്രയ്ക്കു വേണ്ട തയ്യാറെടുപ്പ് നടത്തുമ്പോൾ ഉദ്ധവർ അവിടെയെത്തി ഭഗവാനെ കണ്ടു.

ഉദ്ധവർ പറഞ്ഞു:
ഭഗവാനേ അവിടുന്ന് ഇഹലോകവാസം അവസാനിപ്പിക്കാൻ പോവുന്നു എന്നുറപ്പായിരിക്കുന്നു. ഞങ്ങൾ സദാ അവിടുത്തെ സഹചാരികൾ ആയിരുന്നു. ഇത്രയുംകാലം ഒരുമിച്ച് കഴിഞ്ഞിട്ട് ഇപ്പോൾ വേർപെടുക അസാദ്ധ്യം. അതു ഞങ്ങൾ സഹിക്കുന്നതെങ്ങിനെ? ദയവായി എന്നെയും കൂടെ കൊണ്ടുപോകൂ. സകലതും ഉപേക്ഷിച്ച മഹർഷിവര്യൻമാർ നീണ്ടകാലത്തെ തപസ്സും ധ്യാനവും കൊണ്ട് അവിടുത്തെ പ്രാപിക്കുന്നു. ഞങ്ങൾ കർമ്മചക്രത്തിൽ ഉഴറുന്നവരെങ്കിലും സംസാരസാഗരം തരണം ചെയ്യാനായി അവിടുത്തെ കഥകളും മഹിമാവിലാസങ്ങളും ഞങ്ങൾക്കു സ്വന്തമായുണ്ട്.

**പുംസോƒയുക്തസ്യ നാനാർത്ഥോ ഭ്രമ: സ ഗുണദോഷഭാക്**
**കർമ്മാകർമ്മവികർമ്മേതി ഗുണദോഷധിയോ ഭിദാ (11-7-8)**
**തസ്മാദ്യുക്തേന്ദ്രിയഗ്രാമോ യുക്തചിത്ത ഇദം ജഗത്**
**ആത്മനീക്ഷ സ്വ വിതതമാത്മാനം മയ്യധീശ്വരേ (11-7-9)**
**ദോഷബുദ്ധ്യോഭയാതീതോ നിഷേധാന്ന നിവർത്തതേ**
**ഗുണബുദ്ധ്യാ ച വിഹിതം നകരോതി യഥാർഭക: (11-7-11)**

*കൃഷ്ണൻ പറഞ്ഞു:*
നിങ്ങൾ പറഞ്ഞതു ശരി തന്നെ. ഞാൻ ലോകവാസം അവസാനിപ്പിക്കാൻ പോകുന്നു. എന്റെ അവതാരോദ്ദേശം നിറവേറിക്കഴിഞ്ഞിരിക്കുന്നു. ബ്രഹ്മാവും കൂട്ടരും ഞാൻ സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു വരാൻ ആഗ്രഹിക്കുന്നു. ഞാൻ മടങ്ങിയാൽ ഉടൻ കലിയുഗം ആരംഭിക്കുകയായി. മനുഷ്യർ അധാർമ്മീക മാർഗ്ഗങ്ങളിലേക്ക് തിരിയാൻ തുടങ്ങും. അങ്ങിനെയുള്ള ഒരു ലോകം ഉദ്ധവാ അങ്ങേയ്ക്കു ചേർന്നതല്ല. എല്ലാ ബന്ധങ്ങളും ആസക്തികളും ഉപേക്ഷിച്ചാലും. അവയ്ക്ക് ശരിയായ ഉൺമയില്ലെന്ന് മനസ്സിലാക്കുക. ഈ ലോകം മുഴുവൻ മനസ്സിന്റെ വിക്ഷേപം മാത്രം. ഈ പ്രകടിതാവസ്ഥ സത്യമല്ല തന്നെ. “ആരൊരുവൻ ഉള്ളിൽ സത്യവുമായി ഒന്നുചേർന്നിരിക്കുന്നില്ലയോ അവൻ ഇവിടെ നാനാത്വം ദർശിക്കുന്നു. അങ്ങിനെയുള്ള ഒരാൾക്ക് ശരിയും തെറ്റുമായുള്ള കർമ്മങ്ങൾ എന്ന വിവേചനം ഉണ്ട്. യോഗമാർഗ്ഗത്തിലൂടെ ആത്മനിയന്ത്രണം വരുത്തി ഈ ലോകം മുഴുവനും നിന്റെ ആത്മാവാണെന്നും അതിന്റെ നാഥനായി ഞാൻ വാഴുന്നുവെന്നും അറിയുക. അങ്ങിനെ എല്ലാ നൻമ-തിൻമഭാവങ്ങളും ഉപേക്ഷിക്കുമ്പോൾ സദ്കർമ്മങ്ങളി ലേയ്ക്കോ ദുഷ്കർമ്മങ്ങളിലേയ്ക്കോ യാതൊരുവിധ പ്രതിപത്തിയും ഉണ്ടാവുകയില്ല. ദുഷ്കർമ്മങ്ങൾ ചെയ്യാതിരിക്കുന്നത് പാപഭീതികൊണ്ടോ സദ്കർമ്മങ്ങൾ ചെയ്യുന്നത് പുണ്യമാഗ്രഹിച്ചിട്ടോ ആവുകയില്ല. കർമ്മങ്ങൾ ഒരു ശിശുവിൻേറതുപോലെ അയത്നലളിതമായിരിക്കും. അപ്പോൾ നിങ്ങൾ ഒരിക്കലും തെറ്റിലേക്കു വഴുതി വീഴുകയില്ല. വിശ്വംമുഴുവനും ആത്മാവെന്നുകണ്ട് നിങ്ങൾക്ക് ആത്മശാന്തിയുണ്ടാവും. സകല ജീവജാലങ്ങൾക്കും നിങ്ങൾ സുഹൃത്താകുന്നു.

*ഉദ്ധവർ പറഞ്ഞു:*
ഭഗവാനേ, അവിടുന്നു വ്യാഖ്യാനിച്ച സന്യാസമാർഗ്ഗം സുഖാസ്വാദനത്വരമുഴുവനും വിട്ടുപോകാത്തവർക്ക് സാദ്ധ്യമാവുകയില്ല. അവിടുത്തോട് ഹൃദയം നിറഞ്ഞ ഭക്തിയില്ലാത്തവർക്കും അത് അപ്രാപ്യമത്രെ. ദയവു ചെയ്ത് അനാസക്തിയും സന്യാസവും എങ്ങിനെ നേടാമെന്നു പറഞ്ഞു തന്നാലും. അല്ലയോ നാരായണാ, മനുഷ്യന്റെ ശരിയായ സുഹൃത്തായുള്ള ഭഗവാനേ, ഞാനങ്ങയിൽ അഭയം തേടുന്നു.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ഈ ലോകത്ത് ഒരുവൻ സ്വയം തന്റെ ആത്മോദ്ധാരണം നടത്തണം. ഒരുവൻ അവനവന്റെ തന്നെ ഗുരുവത്രെ. കാരണം എന്തെല്ലാം കാണുന്നു, അനുമാനിക്കുന്നു എന്നതനുസരിച്ച് പരമാനന്ദപദത്തിലേക്കുള്ള പാത അവൻ സ്വയം കണ്ടെത്തുകയാണ് ചെയ്യുന്നത്. ജീവജാലങ്ങളിൽ എനിക്കേറ്റവും പ്രിയപ്പെട്ടത് മനുഷ്യരെയാണ്. ജാഗരൂകമായ നിരീക്ഷണത്തിലൂടെ അവന് എന്നെ സാക്ഷാൽക്കരിക്കാൻ കഴിയും.

ഇക്കാര്യത്തിനുദാഹരണമായി നമുക്ക് ഒരു കഥയുണ്ട്. ഒരു യദുവും സന്യാസിയും തമ്മിലുള്ള സംഭാഷണമാണതിലെ വിഷയം. തേജസ്വിയും യുവത്വം തുളുമ്പുന്നവനുമായ ഒരു സന്യാസി തന്റെ വേഷഭൂഷകളിൽ ശ്രദ്ധയേതുമില്ലാതെ ഭയരഹിതനായി അലയുന്നതു കണ്ടിട്ട് യദു അദ്ദേഹത്തോട് ഇങ്ങിനെ ചോദിച്ചു.

**സന്തിമേ ഗുരവോ രാജൻ ബഹവോ ബുദ്ധ്യുപാശ്രിതാ:
യതോ ബുദ്ധിമുപാദായ മുക്തോƒടാ മീഹതാൻ ശൃണു (11-7-32)**

*യദു പറഞ്ഞു:*
അരോഗദൃഢഗാത്രനായ അങ്ങയെ ലൗകീകവും ഇന്ദ്രിയപരവുമായ ആസക്തിയേതുമില്ലാതെ ഒരു ശിശുവിനെപ്പോലെയോ അല്ലെങ്കിൽ ഭ്രാന്തനേപ്പോലെയോ ഭൂതപ്രേതാദികളെപ്പോലെയോ അലഞ്ഞു നടക്കാൻ ഇടയാക്കിയ വിജ്ഞാനസാരത്തിൻെറ സ്രോതസസ് എവിടെയാണ്?

*മുനി പറഞ്ഞു:*
എൻെറ ബുദ്ധി ഉണർന്നത് ഇരുപത്തിനാലു ഗുരുക്കൻമാരിലൂടെയാണ്. ഭൂമി, വായു, ആകാശം, ജലം, അഗ്നി, ചന്ദ്രൻ, സൂര്യൻ, പ്രാവ്, പെരുമ്പാമ്പ്, കടൽ, ഈയാംപാറ്റ, തേനീച്ച, ആന, തേനീച്ച വളർത്തുന്നവൻ, മാൻ, മത്സ്യം, നർത്തകിയായ പിംഗള, കഴുകൻ, ശിശു, പെൺകുട്ടി, അമ്പുണ്ടാക്കുന്നവൻ, പാമ്പ്, എട്ടുകാലി, കടന്നൽ, എന്നിവരാണാ ഗുരുക്കൻമാർ.

ഭൂമിയിൽ നിന്നും ഞാൻ ക്ഷമാശീലം പഠിച്ചു. പരിഹാസപാത്രമായാൽ പോലും ഭൂമിയേപ്പോലെ തൻെറ കടമകൾ ഉപേക്ഷിക്കാതെ ക്ഷമാശീലനായി ഒരുവൻ വർത്തിക്കണം. മരങ്ങളിലൂടെയും മലകളിലൂടെയും ഭൂമി എന്നെ നിസ്വാർത്ഥസേവനമെന്തെന്ന് പഠിപ്പിച്ചു. ലോകത്തു മുഴുവൻ സകലവസ്തുക്കളിൽക്കൂടിയും അലഞ്ഞു തിരിയുമ്പോഴും സ്വയം മാലിന്യമേശാതെ എങ്ങിനെ സ്വതന്ത്രനായി നടക്കാം എന്ന് വായു എന്നെ പഠിപ്പിച്ചു. പ്രാണവായു എന്ന നിലയിൽ വായു എന്നെ സംതൃപ്തിയെന്തെന്നു പഠിപ്പിച്ചു. അതാതവസരങ്ങളിൽ വേണ്ടത്ര മാത്രമേ നാം ശ്വസിക്കുന്നുള്ളു. അതുപോലെ ജീവിതം ജീവിക്കാനാണ്- വെറും ഇന്ദ്രിയ സുഖഭോഗത്തിനായല്ല. ഒരുവൻ പട്ടിണികിടന്ന് മരിക്കരുത് എന്നാൽ അവൻെറ ജീവിതം ഭക്ഷണാർത്ഥം മാത്രമാവരുത്. ആകാശംപോലെ സർവ്വവ്യാപിയാണ് ആത്മാവ്. ആകാശത്തിൽ പ്രത്യക്ഷവും അപ്രത്യക്ഷവുമാകുന്ന വസ്തുക്കൾ ആകാശത്തിൻെറ സ്വഭാവത്തെ മാറ്റിമറിക്കുന്നില്ല. ജലം പോലെ ശുദ്ധവും മധുരിമയാർന്നതും സുതാര്യവുമായിരിക്കണം ഒരു യോഗിവര്യൻെറ ജീവിതം. അഗ്നിയെപ്പോലെ എല്ലാ മാലിന്യങ്ങളെയും എരിക്കാൻ യോഗിക്ക് കഴിയും. പ്രകടിതമായ അവസ്ഥകൾക്ക് പിറകിലായി ഒളിഞ്ഞിരിക്കുന്നതാണ് ഉൺമ എന്നും അഗ്നിയിൽ നിന്നും പഠിക്കാം. അഗ്നിയേപ്പോലെ യോഗിവര്യനും പ്രകാശവാനാണ്. അടുത്തുവരുന്ന അശുദ്ധവസ്തുക്കൾക്കൊന്നും അഗ്നിയെ ബാധിക്കാനാവാത്തതുപോലെ യോഗിവര്യനും ജിവിക്കണം. അഗ്നി എപ്രകാരമാണോ ചിലപ്പോൾ പ്രകടമായും മറ്റുചിലപ്പോൾ ഒളിഞ്ഞും നിലകൊള്ളുന്നത് അപ്രകാരം യോഗി നിലകൊള്ളുന്നു. അയാൾ എന്നും എല്ലാവരാലും പൂജിക്കപ്പെടുന്നു. ചന്ദ്രൻെറ വൃദ്ധിക്ഷയങ്ങൾ എന്നെ പഠിപ്പിച്ചത് ജനനമരണങ്ങൾ ആത്മാവിനല്ല എന്നാണ്. സൂര്യൻ ജലത്തെ നീരാവിയാക്കി പിന്നീടതിനെ മഴയാക്കിപ്പെയ്യിക്കുന്നു. എന്നാൽ അവയുമായി യാതൊരുവിധ ബന്ധവും പുലർത്തുന്നില്ല. യോഗിയുടെ കർമ്മങ്ങളും ഇപ്രകാരമായിരിക്കണം. ഞാനൊരിക്കൽ ഒരു പ്രാവ് തൻെറ ഇണയോടും കുട്ടികളോടുമൊപ്പം ഒരു മരത്തിൽ കഴിയുന്നതു കണ്ടു. ഒരു വേടൻ ആ പക്ഷിക്കുഞ്ഞുങ്ങളേയും അമ്മപ്പക്ഷിയേയും വലയിലാക്കി. ആസക്തിപൂണ്ട് ആൺപക്ഷിയും വലയിലേക്കെടുത്തു ചാടി. ഈ പ്രാവിൽനിന്നും ലൗകീകാസക്തിഷ കണ്ണഞ്ചിക്കുന്ന ഇരുട്ടാണെന്നു ഞാൻ മനസ്സിലാക്കി.

ഓം



**സുഖ മൈന്ദ്രിയകം രാജൻ സ്വർഗ്ഗേ നരക ഏവ ച**
**ദേഹിനാം യദ്യഥാ ദു:ഖം തസ്മാന്നേച്ഛേത തദ് ബുധ: (11-8-1)**
**ന ഹ്യംഗാജാതനിർവ്വേദോ ദേഹബന്ധം ജിഹാസതി**
**യഥാ വിജ്ഞാനരഹിതോ മനുജോ മമതാം നൃപ (11-8-29)**

*മുനി തുടർന്നു:*
ഇന്ദ്രിയസുഖങ്ങളും വേദനകളും സ്വർഗ്ഗനരകങ്ങളിൽ ലഭ്യമാണ്. അതിനാൽ വിവേകിയായവൻ അവയെ ആഗ്രഹിക്കരുത്. പെരുമ്പാമ്പിനേപ്പോലെ കിട്ടുന്നതെന്തും കൊണ്ട് ഒരുവൻ സംതൃപ്തനായി ജീവിക്കണം. ഒരു സന്യാസിവര്യൻ ശാന്തശീലനും അക്ഷോഭ്യനും ആഴമളക്കാനരുതാത്തവനും അഭേദ്യനും ഇഷ്ടാനിഷ്ടങ്ങൾ ബാധിക്കാത്തവനും ആയിരിക്കണം. സമുദ്രം ഇങ്ങിനെയാണല്ലോ. കടലിൽ വന്നുചേരുന്ന നദികൾ ജലസമൃദ്ധമോ വറ്റിവരണ്ടതോ എന്ന വ്യത്യാസമില്ലാതെ അതു നിലകൊള്ളുന്നതുപോലെ ഒരു സന്യാസി സമചിത്തനും പ്രിയവും അപ്രിയവുമായ അനുഭവങ്ങളെ ഒരുപോലെ സ്വീകരിക്കുന്നവനുമായിരിക്കണം. ഈയാംപാറ്റ അഗ്നിപ്രഭയിൽ കുടുങ്ങി അതിൽ ചാടി എരിഞ്ഞൊടുങ്ങുന്നതുപോലെ വിഡ്ഢിയായ മനുഷ്യൻ സ്ത്രീയിൽ ഭ്രമിച്ച് വശനായി ആത്മീയപാതയിൽ സ്വയം ചാവുന്നു. തേനീച്ച പൂവിനു മുകളിലിരുന്ന് തേനുണ്ണുമ്പോൾ എപ്രകാരമാണോ പൂവിനെ നോവിക്കാത്തത് അതുപോലെയാവണം സന്യാസി ഭിക്ഷ തേടേണ്ടത്. ജനങ്ങളെ വിഷമിപ്പിക്കാതെ വേണം അവരിൽ നിന്നും ഭിക്ഷ സ്വീകരിക്കാൻ. തേനീച്ച പൂക്കളിൽനിന്നും തേനെടുത്ത് സംഭരിക്കുന്നതുപോലെ വിജ്ഞാനിയായ ഒരുവൻ പലേയിടങ്ങളിൽ നിന്നും വിജ്ഞാനം സ്വീകരിച്ച് സ്വയം അറിവു കണ്ടെത്തണം. എന്നാൽ തേനീച്ച സംഭരിക്കുന്നതു പോലെ മുതൽക്കൂട്ടു നടത്തുന്നതായാൽ നാശത്തിലേക്കാണതു നയിക്കുക. തേനെടുക്കുന്നവൻ കൈ വയ്ക്കുന്നത് ഏറ്റവും കൂടുതൽ തേനുള്ള കൂട്ടിലാണല്ലോ. ഭിക്ഷാംദേഹിയായ സന്യാസി എല്ലാവിധ സ്ത്രീസംസർഗ്ഗങ്ങളും ഒഴിവാക്കണം. ആനയെ പിടികൂടുവാൻ സാധിക്കുന്നത് അതിന് പെണ്ണാനയോടുള്ള ആസക്തിയുണ്ടാവുന്ന സമയത്താണല്ലോ. ഒരു പരിവ്രാജകൻ ഒരിക്കലും വഷളായ ഗാനങ്ങൾ കേൾക്കരുത്. മാൻപേട പാട്ടു കേട്ടാണല്ലോ കുടുങ്ങുന്നത്. സ്ത്രീകളുടെകൂടെ നൃത്തംചെയ്ത് ഋഷ്യശൃംഗൻ കാമത്തിനടിമയായി. ഇന്ദ്രിയങ്ങളിൽ നാവിൻെറ സ്വാദിനെയാണ് നിയന്ത്രിക്കാൻ ഏറ്റവും ബുദ്ധിമുട്ട്. അതിനെ നിയന്ത്രിച്ചാൽ മറ്റെല്ലാം എളുപ്പം. സ്വാദിനെ നിയന്ത്രിക്കാനാവാത്ത മീൻ ചൂണ്ടയിൽ എളുപ്പം കുരുങ്ങുന്നു.

പണ്ട് പിംഗള എന്നു പേരായ ഒരു ദേവദാസിയുണ്ടായിരുന്നു. ഒരു സായാഹ്നത്തിൽ മനോഹരമായി അണിഞ്ഞൊരുങ്ങി അവൾ തൻെറ വീടിനു മുന്നിൽ ഇരുന്നു. ധനികരായ കക്ഷികളേയും കാത്ത് അവൾ വീട്ടിനു മുന്നിൽ പാതിരാവാകുംവരെ ഉലാത്തി. അവസാനം തളർന്ന് ആശയറ്റ് പിംഗള സ്വയം പറഞ്ഞു. "ഇപ്പോൾ എൻെറ വിഡ്ഢിത്തം നിറഞ്ഞ ആശകൾ സഫലമാവാത്തത് ഒരു സൗഭാഗ്യമായി ഞാൻ കണക്കാക്കുന്നു. പരംപൊരുളായ ഭഗവാനെ ഓർമ്മിക്കാനും, മനസ്സും ഹൃദയവും അവിടുത്തെനേർക്ക് തിരിക്കാനും ഉള്ള സൗഭാഗ്യം എനിക്കു ലഭിച്ചുവല്ലോ. കഷ്ടം. ഇത്ര നാളും ഞാൻ മലീമസമായ വസ്തുക്കൾ തൊലിയിൽ പൊതിഞ്ഞു വച്ച മനുഷ്യൻ എന്നു പറയപ്പെടുന്നവർക്കു വേണ്ടി എൻെറ ശരീരത്തെ ചെറിയൊരു പ്രതിഫലത്തിനും വലിയ ദുരിതങ്ങൾക്കും വേണ്ടി വിറ്റുപോന്നു. ഇപ്പോൾ മുതൽ ഭഗവാനിൽ ഞാൻ അഭയം പ്രാപിക്കുന്നു. അവിടുന്ന് എല്ലാ ജീവജാലങ്ങൾക്കും പ്രിയനാണല്ലോ."

അങ്ങിനെ വിഡ്ഢിത്തം നിറഞ്ഞ ആഗ്രഹങ്ങളെല്ലാം ഉപേക്ഷിച്ച് അവൾ പരമാനന്ദത്തെ പ്രാപിച്ചു. ആ അവസ്ഥയിൽ ആഗ്രഹങ്ങൾ ഒന്നും അവശേഷിക്കുന്നില്ല. ഇങ്ങിനെയുള്ള അറപ്പിൻെറയും വെറുപ്പിൻെറയും അനുഭവപാഠം കൂടാതെ ഒരുവൻ ശരീരബോധത്തെ ഉപേക്ഷിക്കുകയില്ല. വിജ്ഞാനവും വിവേകവും ഇല്ലാതെ ഒരുവന് വസ്തുവകകളിലുള്ള ഉടമാവകാശവും ആസക്തിയും ഉപേക്ഷിക്കുക സാദ്ധ്യമല്ല.

**വാസേ ബഹൂനാം കലഹോ ഭവേദ്വാർത്താ ദ്വയോരപി**
**ഏക ഏവ ചരേത്തസ്മാത് കുമാര്യാ ഇവ കങ്കണ: (11–9–10)**
**മന ഏകത്ര സംയുജ്യാജ്ജിതശ്വാസോ ജിതാസന:**
**വൈരാഗ്യാഭ്യാസയോഗേന ധ്രിയമാണമതന്ദ്രിത: (11–9–11)**
**യത്ര യത്ര മനോ ദേഹീ ധാരയേത് സകലം ധിയാ**
**സ്നേഹാദ്ദ്വേഷാദ്ഭയാദ്വാപി യാതി തത്തത്സരൂപതാം (11–9–22)**
**ന ഹ്യേകസ്മാദ്ഗുരോർജ്ഞാനം സുസ്ഥിരം സ്യാത് സുപുഷ്കലം**
**ബ്രഹ്മൈതദദ്വിതീയം വൈ ഗീയതേ ബഹുധർഷിഭി: (11–9–31)**

*മുനി തുടർന്നു:*
ശക്തനായ ഒരു കഴുകൻ ദുർബ്ബലനായ മറ്റൊന്നിനെ ആക്രമിക്കുന്നത് ഞാനൊരിക്കൽ കാണുകയുണ്ടായി. അതിൻെറ വായിൽ ഒരിറച്ചിക്കഷണമുണ്ടായിരുന്നു. ലൗകീകവസ്തുക്കൾക്കുവേണ്ടിയാണല്ലോ മനുഷ്യരും പരസ്പരം കലഹിക്കുന്നത്. കഴുകൻ ഇറച്ചിക്കഷണം പ്രയാസമേതും കൂടാതെ ഉപേക്ഷിച്ച് പറന്നുപോയി. അതുപോലെ വിവേകിയായ ഒരുവൻ സമ്പാദ്യങ്ങളെ ഉപേക്ഷിച്ച് ശാന്തത നേടേണ്ടതാണ്. ഒരു ശിശുവിനെപ്പോലെ ഞാൻ മാനാപമാനങ്ങൾക്കതീതനാണ്. എനിക്ക് ആശങ്കകളുമില്ല. നിർദ്ദോഷിയായ ശിശുവിനും ശിശുവിനെപ്പോലെ നിഷ്ക്കളങ്കനായ മഹർഷിക്കും മാത്രമേ ഇഹലോകത്തിൽ സന്തോഷമുള്ളു. ഒരു ചെറിയ പെൺകുട്ടി തനിക്ക് വിവാഹാലോചനയുമായി വന്ന അതിഥികളെ സൽക്കരിക്കുന്ന തിരക്കിലായിരുന്നു. നെല്ലു കുത്തുമ്പോൾ കയ്യിൽ കിടന്ന വളകൾ ശബ്ദമുണ്ടാക്കി. അവൾ വളകളോരോന്നായി പൊട്ടിച്ചു കളഞ്ഞു. അവസാനം രണ്ടു വളകൾ വീതമായിട്ടും ശബ്ദം ഉണ്ടായിരുന്നു. ഒടുവിൽ അവൾ ഓരോ കയ്യിലും ഓരോ വള മാത്രം ഇട്ടപ്പോൾ ശബ്ദവും നിലച്ചു. ഇതിൽ നിന്നും ഞാൻ പഠിച്ചത് പലർ കൂടുമ്പോൾ കലാപമുണ്ടാവുന്നു വെന്നും രണ്ടുപേരായാൽ പരദൂഷണമുണ്ടാവുമെന്നും അതിനാൽ ഏകനായിരിക്കുന്നതാണുത്തമം എന്നുമത്രെ.

ഒരുവൻ തൻെറ ഇരിപ്പും ശ്വാസഗതിയും നിയന്ത്രിച്ച് ജാഗ്രത വളർത്തണം. അനാസക്തിയും സ്ഥിരപരിശീലനവും കൊണ്ട് മാന്ദ്യമേതും കൂടാതെ അതു നേടാനാവുന്നതത്രെ. അമ്പുണ്ടാക്കുന്നയാൾ അതീവ ജാഗരൂകനാകയാൽ അതുവഴി കടന്നുപോയ രാജാവിനേയോ സന്നാഹങ്ങളെയോ അയാൾ കണ്ടതുപോലുമില്ല. അതുപോലെയായിരിക്കണം നമ്മുടെ ശ്രദ്ധ. ഒരു പാമ്പിനേപ്പോലെ ഭിക്ഷാംദേഹിയായ സന്യാസി മറ്റുള്ളവർ ഉപേക്ഷിച്ചുപോയ വസതികളിൽ താമസിക്കണം. അല്ലാതെ സ്വന്തമായി ഒന്നുണ്ടാക്കി സമയം വൃഥാവിലാക്കരുത്. എട്ടുകാലി എപ്രകാരമാണോ വലയുണ്ടാക്കി സ്വയം അതിനുള്ളിലേക്ക് വലിയുന്നത് അപ്രകാരം ഭഗവാൻ സ്വയം വിശ്വസൃഷ്ടി നടത്തി അതിനുള്ളിൽ തന്നിലേക്ക് സ്വയം വിലീനനാവുന്നു. അവിടുന്നു മാത്രമാണുൺമ. “എന്താണോ ഒരുവൻ നിതാന്തമായി ജീവിതം മുഴുവൻ ധ്യാനിക്കുന്നത് - അത് പ്രേമത്തിലൂടെയോ വെറുപ്പിലൂടെയോ, ഭയത്തിലൂടെയോ ആയിക്കൊള്ളട്ടെ - അവൻ അതായിത്തീരുന്നു.” ഒരു കടന്നലിൻെറ കുത്തേറ്റ പുഴു കടന്നലിനെത്തന്നെ ധ്യാനിച്ച് ഒടുവിൽ അതായിത്തീരുന്നു.

ഈ പാഠങ്ങളെല്ലാം ഞാനീ ഗുരുക്കൻമാരിൽ നിന്നുമഭ്യസിച്ചു. എൻെറ ശരീരത്തിൽനിന്നും ഞാൻ ഏറെ പഠിക്കുകയുണ്ടായി. ഈ ശരീരം മറ്റുള്ളവർക്കു സ്വന്തമാണ്. എൻേറതല്ല. ജീവിതകാലത്ത് ഇന്ദ്രിയങ്ങളുടെ പിടിയിൽപ്പെട്ടു വലഞ്ഞ് പലേദിശകളിലേക്ക് വലിച്ചിഴക്കപ്പെട്ട് ദുരിതങ്ങൾ സഹിച്ച് ഭാവി ജീവിതങ്ങളിലേക്കുള്ള വിത്തും പാകി അയാൾ മരണം വരിക്കുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും ഈ മനുഷ്യജീവിയുടെ സൃഷ്ടിയിലാണ് ഭഗവാൻ സംതൃപ്തനായത്. മറ്റെല്ലാ സൃഷ്ടികൾക്കും ഉപരിയായി മനുഷ്യജൻമത്തിൽ മാത്രമാണ് ആത്മസാക്ഷാത്ക്കാരം സാദ്ധ്യമാവുന്നത്. അത് അവൻെറ പ്രത്യേകതയത്രെ. ഈ ഒരു ലക്ഷ്യവുമായാണ് ഒരുവൻ മനുഷ്യജൻമമെടുക്കുന്നത്. സ്ഥിരപ്രതിഷ്ഠമായ അറിവു നൽകുന്നത് ഒരു ഗുരു മാത്രമല്ല. ഏകമായ ആത്മാവിനെപ്പറ്റി പലേ ഋഷിവര്യൻമാരും പലവിധത്തിൽ പാടി പുകഴ്ത്തിയിട്ടുണ്ട്.

*ശ്രീകൃഷ്ണൻ പറഞ്ഞു:*
ഇതു കേട്ട് യദുവിന് ബോധോദയമുണ്ടായി.

**നിവൃത്തം കർമ്മ സേവേത പ്രവൃത്തം മത്പരസ്ത്യജേത്**
**ജിജ്ഞാസായാം സംപ്രവൃത്തോ നാദ്രിയേത് കർമ്മചോദനാം (11–10–4)**
**ആചാര്യോƒരണിരാദ്യ: സ്യാദന്തേവാസ്യുത്തരാരണി:**
**തത്സന്ധാനം പ്രവചനം വിദ്യാസന്ധി: സുഖാവഹ: (11–10–12)**
**കാല ആത്മാƒƒഗമോ ലോക: സ്വഭാവോ ധർമ്മ ഏവച**
**ഇതി മാം ബഹുധാ പ്രാഹുർഗുണവ്യതികരേ സതി (11–10–34)**

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*

എല്ലാവരും അവനവൻെറ ധർമ്മങ്ങൾ ശാസ്ത്രവിധിപ്രകാരവും കുടുംബപാരമ്പര്യമനുസരിച്ചും സ്വാർത്ഥമോഹങ്ങളേതും കൂടാതെയും നിർവ്വഹിക്കേണ്ടതാണ്. ഇത് മനസ്സിനെ ശുദ്ധീകരിക്കുന്നു. സംശുദ്ധമായ മനസ്സിന് ജീവിതത്തെ സമ്യക്ഭാവത്തോടെ നേരിടാനാവും. ഈ ലോകത്ത് വിജ്ഞാനിയായവൻ കഷ്ടപ്പെടുകയും വിഡ്ഢികൾക്ക് സമ്പൽസമൃദ്ധി കൈവരുകയും ചെയ്യുന്നതായി കാണുന്നു. സന്തോഷവും ദു:ഖവും എല്ലാവർക്കും ഉളളതാണ്. ഒരുവൻ ആരോഗ്യവാനും സന്തുഷ്ടനുമായി കാണപ്പെടുന്നുവെങ്കിലും മരണത്തെ ഒഴിവാക്കുവാൻ അവനു കഴിയുകയില്ല. അപ്പോൾപ്പിന്നെ സുഖമെന്നാലെന്താണ്? എല്ലായ്പ്പോഴും മരണമെന്ന പേടി കൂടെയുളളപ്പോൾ എല്ലാ സുഖങ്ങളും മാഞ്ഞുപോകുന്നു. അപ്പോൾ സുഖം പോലും നമ്മുടെ ശ്രദ്ധയർഹിക്കുന്നില്ല. അതുപോലെ തന്നെ സ്വർഗ്ഗവും മായികമത്രെ. ശാസ്ത്രവിധിപ്രകാരമുളള യാഗകർമ്മാദികൾ നടത്തി ഒരുവൻ ദേവതകളെ പ്രീതിപ്പെടുത്തി സ്വർഗ്ഗം നേടുന്നു. അവിടെ വിമാനങ്ങളിൽ സഞ്ചരിക്കുന്ന സുന്ദരികളാൽ സേവിക്കപ്പെട്ട് സുഖിക്കുന്നു. സ്വയം ആരോഗ്യവാനും സുന്ദരനും ആയിത്തീരുന്നു. എന്നാൽ ഈ ഒഴിവുകാലവും ഉടനേ അവസാനിക്കുന്നതാണ്. ആർജ്ജിതപുണ്യം മുഴുവൻ ചിലവഴിച്ചു കഴിയുമ്പോൾ ജീവൻ നശ്വരജീവിതത്തിലേക്ക് തിരിച്ചുവരുന്നു. ഒരുവൻ ക്രൂരവും നിന്ദ്യവും ആയ പ്രവൃത്തികൾ ചെയ്ത് നരകം പൂകുന്നു. അവിടെ കൃമികീടങ്ങളുടെ ശരീരത്തിൽ പ്രവേശിക്കുന്നു. ജീവന് ഒരു ശരീരവസ്ത്രം ഉളളിടത്തോളവും നാനാത്വമെന്ന മായികബോധമുളള കാലത്തോളവും ഈ പോക്കുവരവു തുടർന്നു പോകും.

ഇതെല്ലാം കണ്ട് ജ്ഞാനിയായവൻ എൻെറ നേർക്കു തിരിയുന്നു. എൻെറ ഭക്തൻ നിവൃത്തികർമ്മങ്ങളിലേർപ്പെടേണ്ടതാണ്. അത്തരം കർമ്മങ്ങൾ അയാളെ ലൗകീകതയിൽ നിന്നും അകറ്റിക്കൊണ്ടു പോകുന്നു. അയാൾ പ്രവൃത്തികർമ്മങ്ങൾ (ലൗകീകമായവ) ഉപേക്ഷിക്കുന്നു. അയാൾ എന്നെക്കുറിച്ചുളള അന്വേഷണത്തിൻെറ ആഴത്തിൽ കർമ്മസംബന്ധിയായ എല്ലാ നിർദ്ദേശങ്ങളും അവഗണിക്കണം. അയാൾ ചിലപ്പോഴൊക്കെ വ്രതം നോക്കുകയും ആചരിക്കുകയും ഗുരുസേവ ചെയ്യുകയും വേണം. ഗുരുവെന്നാൽ ഞാൻ തന്നെ. അരണികടഞ്ഞു തീയുണ്ടാക്കുന്നതുമായി ഈ ബന്ധത്തെ താരതമ്യപ്പെടുത്താം. ഗുരു താഴത്തേതും ശിഷ്യൻ മുകളിലത്തെ അരണിയുമത്രെ. മുകളിലത്തെ അരണിയാണ് കൂടുതൽ ചടുലമായിട്ടുളളത്. ശിഷ്യൻെറ അന്യേഷണത്വരക്ക് ഗുരുവിൽനിന്നു കിട്ടുന്ന പ്രതികരണം അരണികടഞ്ഞു കിട്ടുന്ന അഗ്നിയെപ്പോലെ അറിവിനെയുണർത്തുന്നു. അങ്ങിനെ പൂർണ്ണമായും ഉണർന്ന ശിഷ്യൻ സംശുദ്ധമായ ഈ അറിവ് ഗുരുവിൽ നിന്നും സ്വീകരിച്ച് നാനാത്വങ്ങൾ കാണപ്പെടുന്നത് സത്യമല്ലെന്നും സത്യമായത് ഒന്നുമാത്രമെന്നും അതാണ് സത്യമെന്നും സ്വയം സാക്ഷാത്ക്കരിക്കുന്നു. വൈവിദ്ധ്യങ്ങൾ ഭയഹേതുവും എല്ലാം ഒന്നെന്ന അറിവ് ഭയനാശകവും. അങ്ങിനെ അയാൾ ഞാൻ മാത്രമാണ് സമയമായും ആത്മാവായും വേദങ്ങളായും ലോകമായും പ്രകൃതിയായും ധർമ്മമായും പ്രകടിതമാവുന്നത് എന്നു മനസ്സിലാക്കുന്നു. പ്രകൃതിയുടെ ഗുണസംതുലിതാവസ്ഥക്ക് ഭഞ്ജനമുണ്ടാവുമ്പോഴാണ് വൈവിദ്ധ്യബോധമുണ്ടാകുന്നത്.

**ബദ്ധോ മുക്ത ഇതി വ്യാഖ്യാ ഗുണതോ മേ ന വസ്തുത:**
**ഗുണസ്യ മായാമൂലത്വാന്ന മേ മോക്ഷോ ന ബന്ധനം (11–11–1)**
**ദേഹസ്ഥോऽപി ന ദേഹസ്ഥോ വിദ്വാൻ സ്വപ്നാദ്യഥോത്ഥിത:**
**അദേഹസ്ഥോऽപി ദേഹസ്ഥ: കുമതി: സ്വപ്നദൃഗ്യഥാ (11–11–8)**
**യസ്യ സ്യുർവ്വീതസങ്കൽപ്പാ: പ്രാണേന്ദ്രിയമനോധിയാം**
**വൃത്തയ: സവിനിർമുക്തോ ദേഹസ്ഥോऽപി ഗി തദ്ഗുണൈ: (11–11–14)**
**സൂര്യോऽഗ്നിർ ബ്രാഹ്മണോ ഗാവോ വൈഷ്ണവ: ഖം മരുജ്ജലം**
**ഭൂരാത്മാ സർവ്വ ഭൂതാനി ഭദ്ര പൂജാപദാനി മേ (11–11–42)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:* ബന്ധനവും മുക്തിയും ഗുണസംബന്ധിയത്രെ. ഗുണങ്ങൾ മായാധിഷ്ഠമായതിനാൽ ബന്ധവും മുക്തിയും എന്നിൽ ഇല്ല. അതുപോലെ തന്നെ ദേഹാന്തരപ്രാപ്തി, കർമ്മം, സുഖം, ദു:ഖം ഇവയെല്ലാം അജ്ഞാനസംബന്ധിയത്രെ. സത്യമല്ല. എന്നാൽ അജ്ഞാനവും അതിൽ നിന്നു കരകയറ്റുന്ന വിജ്ഞാനവും എന്നെക്കുറിച്ചുള്ളതും അനാദിയുമത്രെ. അങ്ങിനെ സ്വയം ഉണർവുണ്ടാവുന്നതുവരെ ജീവൻ സ്വയം ബന്ധിതനെന്ന് കരുതുന്നു. സ്വപ്നത്തിൽനിന്നുണർന്ന ഒരുവന് സ്വപ്നത്തിൽനിന്നു മുക്തി ലഭിക്കുംപോലെ വിജ്ഞാനിയായ ഒരുവൻ ദേഹസ്ഥനാണെങ്കിൽക്കൂടി ദേഹബന്ധിതനല്ല. എന്നാൽ അജ്ഞാനിയായവൻ സ്വയം ബന്ധിതനല്ലെങ്കിലും ദേഹബന്ധിതനാണെന്ന് അനുമാനിക്കുന്നു. സ്വപ്നാവസ്ഥയിൽ തുടരുന്നവന്റെ അവസ്ഥയത്രെ അത്. വിവേകിയായ ഒരുവൻ തന്റെ ജീവശാസ്ത്രപരവും മാനസീകവുമായ ദേഹീകരണം സൃഷ്ടിയുടെ ഭാഗമാണെന്ന് മനസ്സിലാക്കി അവയുടെ പരസ്പര പ്രവർത്തനങ്ങളാൽ ബാധിക്കപ്പെടുന്നില്ല. അയാളുടെ പ്രവൃത്തികൾ അഹിംസാപരമാണ്. അയാളുടെ പ്രാണശക്തി, ഇന്ദ്രിയങ്ങൾ, മനസ്, ബുദ്ധി ഇവ സ്വാർത്ഥപരമായ ആഗ്രഹങ്ങളാലോ ചിന്തകളാലോ കലുഷമല്ല. അയാൾക്ക് സുഖദു:ഖങ്ങളിൽ ചാഞ്ചല്യമില്ല. മാനാപമാനങ്ങളുമില്ല. അയാൾ മറ്റുള്ളവരെ വിമർശിക്കുയോ, പുകഴ്ത്തുകയോ, നിന്ദിക്കുയോ ചെയ്യുകയില്ല. അതുകൊണ്ട് ജ്ഞാനി എല്ലായ്പ്പോഴും എന്നെക്കുറിച്ചാണ് സംസാരിക്കേണ്ടത്. എന്നാൽ എപ്പോഴും എന്നിൽ മനസ്സുറപ്പിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലെങ്കിൽ എനിക്കുവേണ്ടി നിങ്ങളുടെ കർമ്മങ്ങൾ സ്വാർത്ഥലേശമില്ലാതെ അനുഷ്ഠിക്കുക. എന്നെക്കുറിച്ചുള്ള കഥകൾ കേൾക്കുകയുംഷ പാടുകയും അഭിനയിക്കുകയും ചെയ്യുക. ധർമ്മനിഷ്ഠ യുംഷ സമ്പത്തും ആസ്വാദനവും എനിക്കായി സമർപ്പിക്കുക. നിങ്ങൾ എന്നിലെത്തിച്ചേരുന്നതാണ്.

*ഉദ്ധവർ ചോദിച്ചു.* എന്താണ് ഭക്തി? ഭക്തലക്ഷണങ്ങൾ എന്തെല്ലാം?

*ഭഗവാൻ കൃഷ്ണൻ മറുപടി പറഞ്ഞു:* ഒരു ഭക്തൻ കൃപാലുവും നിരുപദ്രവിയും സഹനശക്തിയുള്ളവനും സത്യവാനും തെറ്റുചെയ്യാത്തവനും സമചിത്തനും സർവ്വോപകാരിയും കാമമറ്റവനും അച്ചടക്കമുള്ളവനും മൃദുഭാഷിയും ശുദ്ധനും ദരിദ്രനും നിഷ്ക്രിയനും മിതശീലനും ശാന്തനും ഉറച്ചവനും എന്നിൽ ഭക്തിയുള്ളവനും ജാഗരൂകനും അക്ഷോഭ്യനും വിനയവാനും ശക്തനും സൗഹൃദമുള്ളവനുമത്രെ. വിഗ്രഹപൂജ, മഹിമാകഥനം, ധ്യാനം, ക്ഷേത്രോത്സവങ്ങൾ, എന്നെ പൂജിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക, മൂർത്തീസ്ഥാപനം നടത്തുക, സാമൂഹികവും ക്ഷേമപരവുമായ പ്രവർത്തനങ്ങൾ നടത്തുക (അതിനെപ്പറ്റി അഭിമാനം പുലർത്താതെ), ഏറ്റവും ഇഷ്ടപ്പെടുന്നതെന്തോ അത് എനിക്കായി സമർപ്പിക്കുക, ഇവയെല്ലാം എന്നോടുള്ള ഭക്തിസാധനയുടെ ഭാഗമത്രെ. സൂര്യൻ, അഗ്നി, ബ്രാഹ്മണർ, പശുക്കൾ, വിഷ്ണുഭക്തർ, ആകാശം, വായു, ജലം, ഭൂമി, ആത്മാവ് എന്നല്ല എല്ലാ ജീവജാലങ്ങളും എന്നെ ഭക്തിസാധനയിലൂടെ പ്രാപിക്കാനുതകുന്ന ഉപാധികളത്രെ. ശരിയായ മാർഗ്ഗങ്ങളാൽ, ഈ ഉപാധികളിലൂടെ എന്നെ പൂജിക്കുക. ആത്മസാക്ഷാത്ക്കാരത്തിലേക്ക് എന്നോടുള്ള ഭക്തിയല്ലാതെ മറ്റൊരു രാജപാതയുമില്ല തന്നെ. ഇതു സാധിക്കുവാൻ ദിവ്യരുമായുള്ള സൽസംഗം ഉണ്ടാകട്ടെ.

**ന രോധയതി മാം യോഗോ ന സാംഖ്യം ധർമ്മ ഏവച**
**ന സ്വാധ്യായസ്തപസ്ത്യാഗോ നേഷ്ടാപൂർത്തം ന ദക്ഷിണാ (11-12-1)**
**വ്രതാനി യജ്ഞ: ഛന്ദാംസി തീർത്ഥാനി നിയമാ യമാ:**
**യഥാവരുന്ധേ സത്സംഗ സർവ്വ സംഗാപഹോ ഹി മാം (11-12-2)**
**സത്സംഗേന ഹി ദൈതേയാ യാതുധാനാ മൃഗാ: ഖഗാ:**
**ഗന്ധർവ്വാപ്സരസോ നാഗാ: സിദ്ധാശ്ചാരണഗുഹ്യകാ: (11-12-3)**
**കേവലേന ഹി ഭാവേന ഗോപ്യോ ഗാവോ നഗാ മൃഗാ:**
**യേfന്യേ മൂഢധിയോ നാഗാ: സിദ്ധാ മാമീയുരഞ്ജസാ (11-12-8)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
“യോഗം, സാംഖ്യം, ധർമ്മം, ശാസ്ത്രപഠനം, വ്രതനിഷ്ഠകൾ, സന്യാസം, സാമൂഹ്യക്ഷേമകർമ്മങ്ങൾ, യാഗങ്ങൾ, തപശ്ചര്യകൾ, തീർത്ഥാടനം, യമനിയമാദികൾ എന്നിവയൊന്നും സത്സംഗംപോലെ എന്നെ പ്രീതിപ്പെടുത്തുന്നില്ല. ഭക്തരുമായിച്ചേർന്നുള്ള കൂട്ടായ്മയിലൂടെ ഒരുവന് അനാസക്തി വളർത്തിയെടുക്കാം. രാക്ഷസൻമാരും, പക്ഷികളും, യക്ഷകിന്നരൻമാരും, സർപ്പങ്ങളും സത്സംഗത്തിലൂടെ എന്നെ പ്രാപിച്ചിട്ടുണ്ട്. നിയതമായ ശാസ്ത്രപഠനമോ നിയമാദികളോ അറിവില്ലാത്ത ഗോപികമാരും ഗോപൻമാരും എന്നിലെത്തിച്ചേർന്നത് അവർക്ക് എന്നോടുള്ള പരമപ്രേമം ഒന്നുകൊണ്ടത്രേ. അതുകൊണ്ട് ഈ നിയമനിബന്ധനകളും ശാസ്ത്രപഠനവും എല്ലാമുപേക്ഷിച്ച് എന്നിലഭയം തേടുക. എല്ലാറ്റിൻെറയും ആത്മസത്ത ഞാനാകുന്നു.”

ഉദ്ധവർ പറഞ്ഞു: ഭഗവാനേ, ഇത്രയെല്ലാം കേട്ടിട്ടും എന്നിലെ സംശയങ്ങളും അജ്ഞതയും വിട്ടുപോകുന്നില്ല. അവയെ നീക്കി തന്നാലും.

*ഭഗവാൻ കൃഷ്ണൻ തുടർന്നു:* ഒരു ജീവിയുടെ അന്ത:രംഗമായ നിലവറയിൽ പ്രാണശക്തിയിലൂടെ പ്രവേശിച്ച ജീവൻ സ്വയം മനസ്സായി പരിണമിക്കുന്നു. അതു വാക്കായി പ്രകടമാവുന്നു. അതുപോലെ തന്നെ ശരീരത്തിൻെറ മറ്റു ധർമ്മങ്ങളും. വിശ്വം മുഴുവനും, അതിലെ പദാർത്ഥനിഷ്ടമായ സകലതും അവയുടെ അധിദേവതകളും എൻെറതന്നെ പ്രകടിതരൂപങ്ങളാണെന്നു മനസ്സിലാക്കിയാലും. എത്രതന്നെ വിവിധ രൂപങ്ങളിൽ കാണപ്പെട്ടാലും യഥാർത്ഥത്തിൽ ഞാൻ ഒന്നുമാത്രം. വിശ്വത്തിന് ഈശ്വരനെക്കൂടാതെ ഒരു നിലനിൽപ്പില്ല. ഈശ്വരനിൽ നിന്ന് സ്വതന്ത്രമായൊരു നിലനിൽപ്പ് വിശ്വത്തിനുണ്ടെന്ന തെറ്റായ തോന്നലും മതിയാക്കൂ. നൂലിനെ കൂടാതെ തുണിക്ക് നിലനിൽപ്പില്ല തന്നെ (തിരിച്ച് നൂലിൻെറ നിലനിൽപ്പ് തുണിയെ ആശ്രയിച്ചല്ല). ഈ പ്രകടിതഭാവങ്ങൾ അനാദിയത്രെ. വിശ്വസാക്ഷാത്ക്കാരത്തിൻെറ വൃക്ഷത്തിന് രണ്ടു വിത്തുകൾ - സൽഗുണവും ദുർഗുണവും. അതിൻെറ അനേകങ്ങളായ വേരുകളത്രേ. ആഗ്രഹങ്ങളും കർമ്മങ്ങളും. ത്രിഗുണങ്ങളാണവയുടെ കാണ്ഡം. പഞ്ചഭൂതങ്ങളാണതിൻെറ കൊമ്പുകൾ. വൃക്ഷത്തിൽ നിന്നൂറുന്ന രസം അഞ്ചുതരത്തിലുള്ള ദു:ഖങ്ങത്രെ. അതിന് മനസ്സും ഇന്ദ്രിയങ്ങളും ചേർന്ന് പതിനൊന്നു ശാഖകൾ. അവയിൽ ജീവൻ, ഈശ്വരൻ എന്നീ രണ്ടു പക്ഷികൾ നിവസിക്കുന്നു. വൃക്ഷത്തിൽനിന്നും സുഖദു:ഖങ്ങളാകുന്ന രണ്ടു ഫലങ്ങൾ ലഭിക്കുന്നു. ലൗകീകനായ മനുഷ്യൻ ഇന്ദ്രിയാസക്തനായി ദു:ഖമുണ്ണുന്നു. വിവേകിയായ മനുഷ്യൻ സുഖവും.

ജാഗരൂകമായ നിരീക്ഷണത്തിലൂടെയും ഗുരുവിൻെറ നിർദ്ദേശാനുസരണം ജിവിച്ചും ഒരുവന് വിശ്വസൃഷ്ടിയും ഞാനും ഒന്നെന്നുള്ള തിരിച്ചറിവുണ്ടാവുന്നു. അങ്ങിനെ സ്വയം നിയന്ത്രണത്തിലാവുമ്പോൾ വൈവിധ്യഭാവത്തിൻെറ അജ്ഞതാജന്യമായ വേരുകൾ അറ്റുപോവുന്നു. അതിനുള്ള ജ്ഞാനം ഗുരുഭക്തിയാലാണ് ലഭിക്കുന്നത്. അവസാനം ഈ ജ്ഞാനത്തേയും ഉപേക്ഷിച്ച് പരിപൂർണ്ണ സ്വതന്ത്രനാവുക.

**ഏവം വിമൃശ്യ ഗുണതോ മനസസ്ത്ര്യവസ്ഥാ**
**മൻമായയാ മയി കൃതാ ഇതി നിശ്ചിതാർത്ഥാ:**
**സംഛിദ്യ ഹാർദ്ദമനുമാനസദുക്തി തീക്ഷ്ണ**
**ജ്ഞാനാസിനാ ഭജത മാഖിലസംശയാധിം (11-13-33)**
**സംദൃശ്യതേ ക്വച യദീദമവസ്തു ബുദ്ധ്യാ**
**ത്യക്തം ഭ്രമായ നഭവേത് സ്മൃതിരാനിപാതാത് (11-13-35)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ജ്ഞാനികൾ സാത്വീകമെന്ന് കണക്കാക്കുന്ന ആഹാരക്രമങ്ങളും ശാസ്ത്രങ്ങളും ജലവുമെല്ലാം ഉപയോഗിച്ചു വളർത്തി ശക്തിയാർജ്ജിച്ച സത്വം കൊണ്ട് ദുഷ്ടചിന്തകൾ വളർത്തുവാനിടയാക്കുന്ന രജസ്സിനെയും തമസ്സിനെയും വെല്ലണം. എന്നിട്ട് സത്വഗുണംകൊണ്ടുതന്നെ അതിനെയും മറികടക്കണം. രജോഗുണം 'ഞാൻ' എന്ന തെറ്റിദ്ധാരണയോടെ ശരീരത്തെ കണക്കാക്കി 'സുഖം' തേടി അലയാനിടയാക്കുന്നു. ഇത് ഫലസിദ്ധിയാഗ്രഹിച്ചുകൊണ്ടുളള കർമ്മളിലേക്ക് നയിക്കുന്നു. അത്തരം കർമ്മങ്ങൾക്ക് പ്രത്യാഘാതങ്ങളും ഉണ്ട്. ജ്ഞാനി അത്തരം പെരുമാറ്റങ്ങളിലെ ദൂഷ്യഫലം മനസ്സിലാക്കി ധ്യാനയോഗത്തിലൂടെ - ആസനം പ്രാണായാമം ഇവയിലൂടെ - എന്നിൽ സ്ഥിരപ്രതിഷ്ഠനാവുന്നു. ഇതാണ് ഞാൻ ബ്രഹ്മാവിനെയും എന്റെ പ്രഥമശിഷ്യരായ സനകാദികളെയും പഠിപ്പിച്ച വിദ്യ.

*സനകനും സഹോദരൻമാരും ബ്രഹ്മാവിനോട് ചോദിച്ചു:* "മനസസ് എല്ലായ്പ്പോഴും ഇന്ദ്രിയ സുഖങ്ങളന്വേഷിക്കുന്നു. അവ മനസ്സിൽ ഉണ്ടാക്കുന്ന അവ്യക്തബോധം ഹേതുവായി അത് അവസാന മില്ലാതെ ആവർത്തിക്കപ്പെടുന്നു. ഒരുവൻ എങ്ങിനെയാണീ അധോഗതിയെ തടഞ്ഞു നിർത്തുക?"

ബ്രഹ്മാവിന് ഈ ചോദ്യത്തിന് ഉത്തരം നൽകാൻ കഴിഞ്ഞില്ല. അപ്പോൾ ഒരു അരയന്നത്തിന്റെ വേഷത്തിൽ ഞാൻ പ്രത്യക്ഷപ്പെട്ടു. അവർ ചോദിച്ചു. "നീ ആരാണ്?" "നിങ്ങൾ ആത്മീയായൈക്യത്തെപ്പറ്റി പറയുകയാണെങ്കിൽ അങ്ങിനെയൊരു ചോദ്യം ഉണ്ടായതെങ്ങിനെ? നിങ്ങൾ ശരീരത്തെപ്പറ്റിയാണ് ചോദിച്ചതെങ്കിൽ നമ്മുടെയെല്ലാം ശരീരങ്ങൾ നിർമ്മിച്ചിരിക്കുന്നത് ഒരേ വസ്തുക്കൾ കൊണ്ടാണ്. മനസ്സും ഇന്ദ്രിയങ്ങളും എന്തിലൊക്കെ അഭിരമിക്കുന്നുവോ അവയെല്ലാം ഞാൻ തന്നെയാണെന്ന് മനസ്സിലാക്കുക. വാസ്തവത്തിൽ ഇന്ദ്രിയവസ്തുക്കളും മനസ്സും ജീവന്റെ ഇന്ദ്രിയങ്ങളും ചേർന്ന് ജീവശരീരവുമായി അഭേദ്യമായ ഒരൈക്യഭാവം പൂണ്ട് 'ഞാൻ' ആകുന്നു. ഈ സത്യമറിഞ്ഞ് ജീവൻ എല്ലാ ആസക്തികളെയും അതിജീവിക്കേണ്ടതാണ്. അതുപോലെ ബോധത്തിന്റെ മൂന്നുതലങ്ങളെയും - ജാഗ്രത്, സ്വപ്ന സുഷുപ്തികൾ- നിയന്ത്രിക്കുന്നതും ജീവനത്രെ. ഈ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ അവയെ അതിജീവിക്കാൻ ജീവനു കഴിയും. ആത്മാവിനേയോ ജീവനെയോ അപൂർണ്ണബോധവുമായി താദാത്മ്യഭാവത്തിൽ കാണുന്നതാണ് ദു:ഖകാരണം. ഈ അറിവുകൊണ്ട് ഒരുവന് ബോധതലങ്ങളുടെ ഏകീകൃതഭാവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നു. അപൂർണ്ണബോധമാണ് ശരീരത്തെ ജീവനെന്ന തെറ്റിദ്ധാരണയുണ്ടാക്കുന്നത്. വൈവിദ്ധ്യം അയാഥാർത്ഥമത്രെ. സ്വപ്നത്തിലുണ്ടാകുന്ന വൈവിദ്ധ്യം സ്വപ്നം കാണുന്നയാളിന്റെ പൂർണ്ണതയെ ബാധിക്കുന്നില്ലല്ലോ. ഈ സത്യത്തെ അറിഞ്ഞ് കാണപ്പെടുന്നതായ വൈവിദ്ധ്യങ്ങൾ എന്റെ മായ കാരണമാണെന്ന് മനസ്സിലാക്കുക. ജ്ഞാനികളായ ഭക്തരുമായുള്ള സത്സംഗം കൊണ്ടാർജ്ജിച്ച വിജ്ഞാനത്താൽ ഈ മോഹത്തിന്റെ വേരറുക്കുക. അതിനുശേഷം ഈ ലോകം വൈവിദ്ധ്യപൂർണ്ണമായിത്തന്നെ കാണപ്പെട്ടുവെന്നിരിക്കും. അവയാൽ നിങ്ങൾ മോഹിതരാവുകയില്ല. സ്വപ്നത്തിൽ നിന്നുണർന്നവന് സ്വപ്നത്തിലെ സംഭവങ്ങൾ ബാധിക്കുകയില്ലല്ലോ. നിങ്ങളെ പൊതിയുന്ന ഈ ശരീരവസ്ത്രംപോലും നിങ്ങളെ മോഹിപ്പിക്കയില്ല. കുടിച്ചുൻമത്തനായ ഒരുവൻ ശരീരത്തിൽ തൂങ്ങിക്കിടക്കുന്ന വസ്ത്രത്തെപ്പറ്റി ബോധവാനല്ല. സമാധിയവസ്ഥയിലെത്തിയ ഒരാൾക്ക് പിന്നീട് ലൗകീകാവസ്ഥയെ അനുഭവിക്കേണ്ടതായില്ല. അയാളുടെ അന്ത:രാത്മാവ് പരിപൂർണ്ണമായ മാറ്റത്തിന് വിധേയമാവുന്നു. ഇതാണ് യോഗത്തിന്റെയും സാംഖ്യത്തിന്റെയും രഹസ്യം. ഇതിന്റെയെല്ലാം ലക്ഷ്യം ഞാനാകുന്നു. സനകാദികൾ സംശയംതീർന്നു സന്തുഷ്ടരായി. അവർ എന്നെ പൂജിച്ചു. അതിനുശേഷം ഞാൻ എന്റെ ദിവ്യസാമ്രാജ്യത്തിലേക്ക് മടങ്ങി.

**തത് സർവ്വവ്യാപകം ചിത്തമാകൃഷ്യൈകത്ര ധാരയേത്**
**നാന്യാനി ചിന്തയേദ്ഭൂയ: സുസ്മിതം ഭാവയേൻമുഖം (11-14-43)**
**തത്ര ലബ്ധപദം ചിത്തമാകൃഷ്യ വ്യോമ്നി ധാരയേത്**
**തച്ച ത്യക്ത്വാ മദാരോഹോ ന കിഞ്ചിദപി ചിന്തയേത് (11-14-44)**

*ഉദ്ധവൻ പറഞ്ഞു:*
വേദങ്ങൾ പലേ പാതകളും നിർദ്ദേശിക്കുന്നു. അവിടുന്ന് ഭക്തിമാർഗ്ഗമെന്തെന്നും പറഞ്ഞു തന്നു. ഏതാണവയിൽ ഉത്തമമായുള്ളത്? ഓരോ സത്യാന്വേഷിക്കും ഉചിതമായ മാർഗ്ഗം എങ്ങിനെയാണ് കണ്ടെത്തുക?

ഭഗവാൻ കൃഷ്ണൻ അരുളി:
ഈ യുഗാരംഭത്തിൽ ഞാൻ ബ്രഹ്മാവിന് വേദങ്ങൾ നൽകി. അദ്ദേഹം മഹാത്മാക്കളായ ഋഷിവര്യൻമാരെ അതു പഠിപ്പിച്ചു. ലോകങ്ങളിലുള്ളവർ ഋഷികളിൽനിന്നും യോഗശാസ്ത്രങ്ങൾ സ്വീകരിച്ചു. ജനങ്ങൾ അവർക്കിഷ്ടമുള്ള രീതിയിൽ അവയെ വ്യാഖ്യാനിക്കാൻ തുടങ്ങി. അവർ മുക്തിപദത്തിലേക്ക് പലേ പാതകളുമുണ്ടെന്ന് വിശദീകരിക്കുന്നു. ചിലർ ധർമ്മപാതയിലും മറ്റുള്ളവർ കീർത്തി, മോഹം, ആത്മ സംയമനം, പ്രശാന്തത, സ്വാർത്ഥപരമായ പ്രവർത്തനങ്ങൾ, ഭരണം, സന്യാസം, ആത്മത്യാഗം, തപസ്, ദാനം, വ്രതനിഷ്ഠകൾ എന്നിവയിലും മുഴുകി ജീവിച്ചു. ഈ മാർഗ്ഗങ്ങളെല്ലാം ഉപാധികൾ നിറഞ്ഞവയാകയാൽ അവകളിൽ മുഴുകിയവർ അജ്ഞാനികളും വിഡ്ഢികളുമത്രെ. അവർ ചെയ്യുന്ന നൻമകൾ തുലോം നിസ്സാരവും ക്ഷണികവുമാണ്. ഇവകൾക്കൊന്നും എന്നോടുള്ള ഭക്തിയുടെ പിൻബലമില്ലാതെ യാതൊരു മൂല്യവും ഇല്ലതാനും. എന്നിൽ പരമഭക്തിയുള്ളവന് സകലദിശകളിൽനിന്നും പരമാനന്ദമൊഴുകിയെത്തുന്ന അനുഭവം ഉണ്ടാകും. എന്നിൽ ഹൃദയമർപ്പിച്ചവന് മറ്റാഗ്രഹങ്ങളൊന്നും ബാക്കിയുണ്ടാവുകയില്ല. മാത്രമല്ലാ പരമഭക്തനായ ഒരുവൻെറ പാദരേണുക്കൾക്കായി ഞാൻ സ്വയം അവനു പുറകേ ചെന്ന് എന്നെത്തന്നെ പവിത്രമാക്കുന്നു. ലൗകീകവസ്തുക്കളിൽ മനസുറപ്പിച്ച ഒരുവന് അവയിലാണ് മമത. എൻെറ ഭക്തൻെറ മനസ്സ് എന്നിലാണ് വിലീനമായിരിക്കുന്നത്.

*ഉദ്ധവൻ പറഞ്ഞു:* ദയവായി അങ്ങയെ ധ്യാനിക്കേണ്ടതെങ്ങിനെയെന്ന് വിശദീകരിച്ചാലും.

ഭഗവാൻ കൃഷ്ണൻ *പറഞ്ഞു*: അധികം ഉയർന്നതോ താഴ്ന്നതോ അല്ലാത്ത ഒരു പീഠത്തിൽ, ഭക്തൻ സുഖകരമായ ഒരാസനത്തിൽ ഉപവിഷ്ടനാവണം. കൈകൾ മടിയിൽവച്ച് ശരീരം നേരെയാക്കി ദൃഷ്ടി മൂക്കിൻതുമ്പത്തുനട്ട് ശാന്തനായി ഇരിക്കുക. എന്നിട്ട് പ്രാണവായുവിനെ ശുദ്ധീകരിക്കാൻ പ്രാണായാമം നടത്തുക. ശ്വസനം, ഉൾക്കൊള്ളൽ, ഉഛ്വാസം, ഇവയാണ് പ്രാണായാമത്തിൻെറ ഘട്ടങ്ങൾ. അപ്പോൾ അയാൾ അന്തരംഗത്തിൽ ഹൃദയാന്തർഭാഗത്തുനിന്നും ഓം.. എന്ന ശബ്ദം കേട്ട് അതിനെ പ്രാണവായുവിനൊപ്പം ഉയർത്തി വീണ്ടും ഹൃദയത്തിലേക്ക് പ്രവേശിപ്പിക്കണം. ഇങ്ങിനെ പത്താവർത്തി പ്രാണായാമം തുടരുക. ഇങ്ങിനെ മൂന്നു തവണ ദിനവും ചെയ്യുന്നയാൾക്ക് പ്രാണസംയമനം ഉണ്ടാകുന്നു. എന്നിട്ട് തലകീഴായുള്ള ഒരു താമരയെ ഹൃദയത്തിൽ സങ്കൽപ്പിക്കുക. എട്ടിതളുകളുള്ളതും സൂര്യചന്ദ്രൻമാരും അഗ്നിയും ചുറ്റും നിൽക്കുന്നതുമായ താമര. അഗ്നിമദ്ധ്യത്തിൽ എൻെറ രൂപത്തെ ധ്യാനിക്കുക. മനസിൻെറ ശ്രദ്ധാകിരണങ്ങളെയെല്ലാം ഉള്ളിലേക്കുതിരിച്ച് അവയെ എന്നിലേക്ക് കേന്ദ്രീകരിക്കുക. അപ്രകാരം എന്നിൽത്തന്നെ ധ്യാനനിരതനായശേഷം എൻെറ മുഖദാവിലേക്ക് മാത്രമായി ശ്രദ്ധ നിലനിർത്തുക. അങ്ങിനെ നിസ്തന്ദ്രമായി എന്നിൽ കേന്ദ്രീകരിച്ചിരിക്കുന്ന മനസ്, എൻെറ സർവ്വവ്യാപകതയെ ആകാശരൂപത്തിൽ ധ്യാനിക്കണം. അവസാനം അതുമുപേക്ഷിച്ച് ചിന്താരഹിതനായിരിക്കുക. അപ്രകാരം മനസ്സു മുഴുവൻ ആത്മവിലീനമായിരിക്കുമ്പോൾ വൈവിദ്ധ്യതയെന്നും നാനാത്വമെന്നുമുള്ള തെറ്റിദ്ധാരണയെല്ലാം അപ്രത്യക്ഷമാവുന്നു.

**ഉപാസകസ്യ മാമേവം യോഗധാരണയാ മുനേ:**
**സിദ്ധയ: പൂർവ്വകഥിതാ ഉപതിഷ്ഠന്ത്യശേഷത: (11-15-31)**
**അന്തരായാൻ വദന്ത്യേതാ യുഞ്ജതോ യോഗമുത്തമം**
**മയാ സംപദ്യമാനസ്യ കാലക്ഷപണഹേതവ: (11-15-33)**

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
സിദ്ധി, അല്ലെങ്കിൽ അതിഭൗതീകശക്തി, ആത്മീയമാർഗ്ഗിക്ക് സ്വയം ആവശ്യപ്പെടാതെതന്നെ സ്വായത്തമാവുന്നു. അങ്ങിനെയുള്ള പതിനെട്ടു സിദ്ധികളെപ്പറ്റി ഋഷിമാർ വിവരിച്ചിട്ടുണ്ട്. അവയിൽ പത്തെണ്ണം സാത്വികജീവിതം കൊണ്ടു തന്നെ, സാത്വീകതയിൽ പ്രതിഷ്ഠിതനാവുന്നതുകൊണ്ടുതന്നെ ലഭ്യമാണ്. എന്നാൽ എട്ട് പ്രധാനസിദ്ധികൾ എൻെറ ഭക്തനുമാത്രമേ ലഭിക്കൂ. അവ എന്തെല്ലാമെന്ന് ഞാൻ പറഞ്ഞു തരാം.

1) **അണിമ**: എന്നെ സൂക്ഷ്മത്തിലും സൂക്ഷ്മഭാവത്തിൽ അണുവിൻെറ ആത്മാവായും പൂജിക്കുന്ന ഒരുവന് സ്വയം ഒരണുവിൻെറയത്ര ചെറുതായി മാറാൻ കഴിയും.
2) **മഹിമ**: മഹത്തിലും മഹത്തായ വിശ്വത്തിൻെറ തന്നെ പരംപൊരുളായി വിശ്വഭൂതങ്ങളെയും വിലയം ചെയ്യുന്ന നിസ്സീമമായ ശക്തിവിശേഷമായി എന്നെ ധ്യാനിക്കുന്നവന് സ്വയം എത്രവേണമെങ്കിലും വലുപ്പമാർജ്ജിക്കാൻ കഴിയും.
3) **ലഘിമ**: പഞ്ചഭൂതങ്ങളിൽ ആകാശമൊഴികെയുള്ളവയുടെയെല്ലാം അന്തർവാസിയായ എന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരുവന് സ്വയം അതീവലഘുവായി, ഭാരമേതുമില്ലാതാവാൻ കഴിയും. ഈ മൂന്നും ഭൗതീക ശരീരത്തിൻെറ സിദ്ധികളാണ്.
4) **പ്രാപ്തി**: ആരൊരുവൻ എന്നെ സാത്വീകജന്യമായ പരമനിയന്താവായി ധ്യാനിക്കുന്നുവോ, അവന് ജീവികളുടെ മനസ്സുകളെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കാൻ കഴിയും.
5) **പ്രാകാമ്യം**: ആരൊരുവൻ എന്നെ വിശ്വബുദ്ധിയായും ഊർജ്ജമായും വിശ്വമഹത്തിൻെറ തത്ത്വമായും ധ്യാനിക്കുന്നുവോ അവന് ഏതുസുഖം വേണമെങ്കിലും ആസ്വദിക്കാൻ കഴിയും.
6) **ഈശിഷ്ടം**: ആരാണോ എന്നെ മായാധിപനായും വിശ്വത്തിൻെറ പരമനിയന്താവായും ധ്യാനിക്കുന്നത്, അയാൾക്ക് എല്ലാ ജീവികളേയും നിയന്ത്രിക്കാനാകും.
7) **വാസിഷ്ടം**: ഭൗതീകശരീരം, സൂക്ഷ്മശരീരം, കാരണശരീരം, എന്നിവയാൽ നിയതമായ, സമഷ്ടിക്കു നിദാനമായ, വിശ്വതത്ത്വങ്ങൾക്കുമതീതനായ, ഭഗവാൻ നാരായണനെ ധ്യാനിക്കുന്നവൻ യാതൊന്നിനോടും മമതയില്ലാതെ എൻെറ പ്രകൃതിയെ സ്വീകരിക്കുന്നു. ഭഗവാൻ എന്നാൽ ആസ്വദിക്കുന്നവൻ. അതായത്: i) വിശ്വപ്രഭുത്വം, ii) ധർമ്മം, iii) പ്രശസ്തി, iv) ഐശ്വര്യം, v) വിജ്ഞാനം, vi) അനാസക്തി എന്നിവ സ്വായത്തമായുള്ളയാൾ.
8) **കാമാവസായിതം**: ആരാണോ എന്നെ പരംപൊരുളും നിരുപാധികവുമായ ബ്രഹ്മവുമായി ധ്യാനിക്കുന്നത്, അയാൾക്ക് പരമാനന്ദം ലഭിക്കുന്നു.

മറ്റു യോഗമാർഗ്ഗങ്ങളിലൂടെ എൻെറ ഭക്തന് പലേവിധ സിദ്ധികൾ ലഭിക്കുന്നു. ഉദാഹരണത്തിന് മൃഗങ്ങളുടെ ഭാഷ മനസ്സിലാക്കുക, പരകായപ്രവേശം, സ്വേച്ഛപ്രകാരം സഞ്ചരിക്കുക തുടങ്ങിയ സിദ്ധികൾ. എന്നാൽ കുലമഹിമയാലോ, മരുന്നുകൾകൊണ്ടോ, തപസ്സുകൊണ്ടോ, മന്ത്രസിദ്ധിയാലോ ലഭിക്കുന്ന ഈദൃശശക്തികൾ തടസ്സങ്ങളത്രെ. കാരണം അവ ആത്മസാക്ഷാത്കാരത്തിലെത്തുന്നതിൽനിന്നും ഒരുവന് കാലതാമസമുണ്ടാക്കുന്നു. ഈശ്വരസാക്ഷാൽക്കാരം ലഭിക്കാൻ എന്നിലുള്ള സമ്പൂർണ്ണഭക്തിമാത്രമേ മാർഗ്ഗമുള്ളു.

**മയേശ്വരേണ ജീവേന ഗുണേന ഗുണിനാ വിനാ**
**സർവ്വാത്മനാപി സർവ്വേണ ന ഭാവോ വിദ്യതേ ക്വചിത് (11-16-38)**
**തേജ: ശ്രീ: കീർത്തിരൈശ്വര്യം ഹ്രീസ്ത്യാഗ: സൌഭഗം ഭഗ:**
**വീര്യം തിതിക്ഷാ വിജ്ഞാനം യത്ര യത്ര സ മേംƒശക: (11-16-40)**

*ഉദ്ധവൻ പറഞ്ഞു:*
അവിടുന്നാണ് അപരിമേയമായ ബ്രഹ്മം. അവിടുത്തെ ഏതെല്ലാം പ്രകടിതരൂപങ്ങളിലൂടെയാണ് ഭക്തൻ പൂജകൾ ചെയ്യേണ്ടത്?

*ഭഗവാൻ കൃഷ്ണൻ അരുളി:*
മഹാഭാരതയുദ്ധസമയത്ത് അർജ്ജുനനും ഇതേചോദ്യം ചോദിക്കുകയുണ്ടായി. ഉദ്ധവാ, എല്ലാ ജീവജാലങ്ങളുടെയും ആത്മസത്ത ഞാൻ തന്നെയാണ്. ഞാനാണവയുടെ ഉത്ഭവസ്ഥാനവും നിലനിൽപും അവയുടെ ലക്ഷ്യവും. ഞാൻതന്നെ കാലവും ത്രിഗുണങ്ങളുടെ സംതുലിതാവസ്ഥയും. സകലവസ്തുക്കളുടെയും സ്വഭാവഗുണങ്ങളും ഞാൻ തന്നെ. വിശ്വബോധവും മഹത് തത്വവും ഞാനാണ്.

സൂക്ഷ്മതത്വങ്ങളിൽ ഞാൻ ജീവനാകുന്നു. വേദഗുരുക്കൻമാരിൽ ഞാൻ ബ്രഹ്മാവാകുന്നു. മന്ത്രങ്ങളിൽ ഓം. ഋഷിമാരിൽ ഭൃഗു. ദേവർഷികളിൽ നാരദൻ. അസുരൻമാരിൽ പ്രഹ്ലാദൻ. നക്ഷത്രങ്ങളിൽ ചന്ദ്രൻ. താപ-ജ്യോതി സ്രോതസ്സുകളിൽ സൂര്യൻ. മനുഷ്യരിൽ രാജാവ്. മൃഗങ്ങളിൽ സിംഹം. ആശ്രമങ്ങളിൽ സന്യാസം. വർണ്ണാശ്രമത്തിൽ ബ്രാഹ്മണൻ. നദികളിൽ ഗംഗ. തടാകങ്ങളിൽ സമുദ്രം. എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ഹിമാലയം. വ്രതങ്ങളിൽ അഹിംസ. ശുദ്ധീകരണവസ്തുക്കളിൽ വായു, അഗ്നി, സൂര്യൻ, ജലം, വാക്ക് എന്നിവ. യോഗാവസ്ഥകളിൽ സമാധി. വിജയകാംക്ഷികളിൽ നയതന്ത്രജ്ഞത. ശാസ്ത്രാധിഷ്ഠിതമായ അറിവിലൂടെ സത്യമന്വേഷിക്കുന്നവർക്ക് ഊർജ്ജവും ദ്രവ്യവും തമ്മിലുള്ള വ്യതിരിക്തത. അവബോധാത്മകതത്വത്തെപ്പറ്റി ചർച്ചചെയ്യുന്നവരിൽ സംശയം. വ്രതങ്ങളിൽ അഭയം. ഭയമില്ലാതാക്കുന്ന മാർഗ്ഗങ്ങളിൽ ചിന്തകളെ അതിജീവിക്കൽ. രഹസ്യങ്ങളിൽ നിശ്ശബ്ദത. നിതാന്ത ജാഗരൂകതയിലിരിക്കുന്നവരിൽ സമയം. ദിവ്യവ്യക്തികളിൽ വസുദേവൻ. മർക്കടങ്ങളിൽ ഹനുമാൻ. ലോഹങ്ങളിൽ സ്വർണ്ണം. വിലപിടിച്ച കല്ലുകളിൽ മാണിക്യം. മനോജ്ഞവസ്തുക്കളിൽ താമരമൊട്ട്. സമ്പത്താഗ്രഹിക്കുന്നവർക്ക് ധനം. ചതിപ്രയോഗങ്ങളിൽ ചൂത്. ശാശ്വതമായി നിൽക്കുന്നവയിൽ സഹിഷ്ണുത. ധൈര്യശാലികളിൽ ധൈര്യം. ശക്തിശാലികളിൽ ശക്തി. ഭക്തൻമാരുടെ കർമ്മങ്ങൾ എല്ലാം ഞാൻ തന്നെയെന്നറിഞ്ഞാലും. ഭൂമി, ജലം, അഗ്നി, സൂര്യൻ, ആകാശം തുടങ്ങിയവയുടെയെല്ലാം സ്വഭാവസവിശേഷതകൾ ഞാനാകുന്നു. ഇന്ദ്രിയങ്ങളുടെ വിവിധങ്ങളായ ഭൗതീകപ്രവർത്തനങ്ങളും ഞാൻ തന്നെ. ധാതുക്കളുടെ മൂലസ്വഭാവങ്ങൾ, അഹം, മഹത്തത്വം, ത്രിഗുണങ്ങൾ എന്നല്ല പരബ്രഹ്മവും ഞാനാണെന്നറിയുക.

യാതൊന്നും എന്നിൽനിന്ന് വ്യത്യസ്ഥമായി നിലകൊള്ളുന്നില്ല. ഞാൻ ഈശ്വരനും, ജീവനും, മറ്റെല്ലാ അതിഭൗതീകജീവികളുമാകുന്നു. എന്തെല്ലാം ഈ ലോകത്ത് മഹനീയമായുണ്ടോ, ഐശ്വര്യപൂർണ്ണമായുണ്ടോ, പ്രശസ്തമായുണ്ടോ, ശക്തമായുണ്ടോ, വിനീതമായുണ്ടോ, ഉദാരമതിയായുണ്ടോ, ആകർഷണീയമായുണ്ടോ, ഭാഗ്യമായുണ്ടോ, ബുദ്ധിപരമായുണ്ടോ, അവയെല്ലാം എൻെറ അംശാവതാരങ്ങളാണെന്നു മനസ്സിലാക്കിയാലും. ഇപ്പോൾ പറഞ്ഞ വിശദീകരണങ്ങളെല്ലാം വാക്കുകൾ കൊണ്ടുള്ള കളികൾ മാത്രമാണ്. നിങ്ങൾ മനോബുദ്ധികളെ നിയന്ത്രിച്ച് എൻെറ സർവ്വാന്തര്യാമിത്വം സാക്ഷാത്കരിക്കുമ്പോൾ വൈവിദ്ധ്യമെന്ന മായ ഇല്ലാതാവുന്നു.

**വിപ്രക്ഷത്രിയവിട്ശുദ്രാ മുഖബാഹുരുപാദജാ:**
**വൈരാജാത് പുരുഷാജ്ജാതാ യ ആത്മാചാരലക്ഷണാ: (11-17-13)**
**ഗൃഹാശ്രമോ ജഘനതോ ബ്രഹ്മചര്യം ഹൃദോ മമ**
**വക്ഷ: സ്ഥാനാദ്വനേ വാസോ ന്യാസ: ശീർഷണി സംസ്ഥിത: (11-17-14)**

*ഉദ്ധവൻ പറഞ്ഞു:*
കഴിഞ്ഞ യുഗത്തിൽ അവിടുന്ന് മനുഷ്യരെ സാമൂഹികമായുള്ള പലതരം ധർമ്മങ്ങളെപ്പറ്റിയും വർണ്ണാശ്രമങ്ങളെപ്പറ്റിയും പഠിപ്പിച്ചുവല്ലോ. വർണ്ണാശ്രമധർമ്മങ്ങൾ ഇപ്പോൾ മനുഷ്യർ മിക്കവാറും മറന്നിരിക്കുന്നു. സംപ്രീതനായി എനിക്കു വേണ്ടി അവയെ വിശദീകരിച്ചാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
സത്യയുഗത്തിൽ ജനങ്ങൾ എല്ലാവരും ആത്മസംയമനമുള്ള, ആത്മമഗ്നരായ, ശുദ്ധരും പാവനചരിതരും ഹംസങ്ങളുമായിരുന്നു. അടുത്തയുഗമായ ത്രേതായുഗത്തിൽ വിശ്വപുരുഷൻ നാലുവർണ്ണങ്ങളെ സൃഷ്ടിച്ചു. ബ്രാഹ്മണ,ക്ഷത്രിയ,വൈശ്യ,ശൂദ്രജാതികൾ. വിശ്വപുരുഷൻെറ വായിൽനിന്നും ബ്രാഹ്മണർ, കൈകളിൽ നിന്നും ക്ഷത്രിയർ, തുടകളിൽനിന്നും വൈശ്യർ, കാലടികളിൽനിന്നും ശൂദ്രർ. നാല് ധർമ്മാശ്രമങ്ങൾ- ഗൃഹസ്ഥാശ്രമം, ബ്രഹ്മചര്യം, താപസജീവിതം സന്യാസം എന്നിവ യഥാക്രമം എൻെറ അരക്കെട്ടിലും, ഹൃദയത്തിലും, മാറിടത്തിലും ശിരസ്സിലും നിലകൊള്ളുന്നു. അതാതിൻെറ മൂലസ്ഥാനമനുസരിച്ച് ആശ്രമങ്ങൾ അവയുടെ സ്വഭാവസവിശേഷതകൾ കൈവരിക്കുന്നു.

ആത്മനിയന്ത്രണം, തപസ്, പരിശുദ്ധി, സംതൃപ്തി, സത്യം, ദയ, ഭക്തി എന്നിവയാണ് ബ്രാഹ്മണൻെറ സ്വഭാവം. വീര്യം, ഉറപ്പ്, ധൈര്യം, സഹനശക്തി, ഔദാര്യം, പരിശ്രമശീലം, പരം പൊരുളിലുള്ള ഭക്തി എന്നിവ ക്ഷത്രിയ ലക്ഷണം. ഈശ്വരനിലും വേദശാസ്ത്രങ്ങളിലുമുള്ള ശ്രദ്ധാഭക്തി, വിശ്വാസങ്ങൾ, ദാനശീലം, വിനയം, ഭഗവദ്സേവ, മഹാത്മാക്കളെ പരിചരിക്കുക, സമ്പത്തുണ്ടാക്കുവാനായി ഉൽക്കർഷേച്ഛയോടെ പരിശ്രമിക്കുക - ഇവയെല്ലാം വൈശ്യലക്ഷണം. മേൽപ്പറഞ്ഞ മൂന്നുകൂട്ടർക്കുംവേണ്ട പരിചരണങ്ങൾ, പശുക്കൾക്കും ഈശ്വരനും സേവചെയ്യൽ, ആ സേവകളിൽനിന്നും ലഭിക്കുന്ന പ്രതിഫലത്തിൽ സംതൃപ്തി എന്നിവ ശൂദ്രൻെറ ലക്ഷണങ്ങളിൽ പെടുന്നു. മാലിന്യം, അസത്യം, കളവ്, മതനിന്ദ, വെറുപ്പ്, കാമം, ക്രോധം തുടങ്ങിയവ ചാതുർവർണ്ണ്യത്തിൽപ്പെടാത്തവരുടെ സ്വഭാവമത്രെ. അഹിംസ, സത്യം, കളവില്ലാതിരിക്കൽ കാമക്രോധലോഭാദികളിൽനിന്നും മുക്തി, പ്രേമം, സകലജീവികളെയും സ്നേഹത്തോടെ സേവിക്കുക എന്നിവയാണ് സകലർക്കും നിയതമായ ധർമ്മം. വിദ്യാർത്ഥി തൻെറ ഗുരുഗൃഹത്തിൽ പ്രവേശിച്ച് അവിടെ ആത്മസംയമനത്തിൻെറയും പഠനത്തിൻേറതുമായ അച്ചടക്കംനിറഞ്ഞ ജീവിതം നയിച്ച് ഗുരുവിനെ ഈശ്വരതുല്യം സേവിക്കണം. ഗൃഹസ്ഥജീവിതം ആഗ്രഹിക്കുന്നില്ലെങ്കിൽ അവൻ തീവ്രമായ തപശ്ചര്യകളിലൂടെയും ഗുരുസേവയിലൂടെയും സ്വയം ശുദ്ധീകരിച്ച് നിത്യബ്രഹ്മചാരിയായും പ്രഭവാനായ ഭക്തനായും വിരാജിക്കട്ടെ. എന്നാൽ ഗൃഹസ്ഥജീവിതം ആഗ്രഹിക്കുന്നപക്ഷം ഗുരുഗൃഹം വിട്ട് വിവാഹം കഴിച്ച്, ശുദ്ധവും ദിവ്യവുമായ ജീവിതം നയിക്കണം. അത്യാവശ്യഘട്ടങ്ങളിലും, അത്യാഹിതം ഒഴിവാക്കാനും മാത്രം മറ്റുള്ളവർക്കായി വിധിക്കപ്പെട്ട തൊഴിൽ ചെയ്യാൻ ഒരുവന് അനുവാദമുണ്ട്. എന്നാൽ അത്യാവശ്യഘട്ടം കഴിഞ്ഞാലുടൻ തൻെറ സ്വന്തം ജോലികളിലേക്ക് അവൻ മടങ്ങണം.

ഗൃഹസ്ഥൻ എപ്പോഴും താൻെറ ഭാര്യാപുത്രാദികളിലാസക്തനായിത്തീരാതെ ജാഗരൂകനായിരിക്കണം. നിണ്ടൊരു യാത്രയിലെ സഹയാത്രികർ മാത്രമാണവർ. അതിൽ കൂടുതലായി മറ്റൊന്നുമില്ല. ഞാൻ സകല ചരാചരങ്ങളുടെയും രക്ഷകനാണ്. അതുകൊണ്ട് കുടുംബചുമതല തുടങ്ങിയ തെറ്റിദ്ധാരണകൾ വെച്ചു പുലർത്താതെ ഗൃഹസ്ഥൻെറ ധർമ്മങ്ങൾ എന്നോടുള്ള പൂജാക്രമങ്ങൾ പോലെ ഭംഗിയായി നിർവ്വഹിക്കുക.

**യദാ കർമ്മ വിപാകേഷു ലോകേഷു നിരയാത്മസു**
**വിരാഗോ ജായതേ സമൃങ്ന്യസ്താഗ്നി: പ്രവ്രജേത്തത: (11-18-12)**
**മൌനാനീഹാനിലായാമാ ദണ്ഡാ വാഗ്ദേഹചേതസാം**
**ന ഹ്യേതേ യസ്യ സന്ത്യംഗ വേണുഭിർന്ന ഭവേദ്യതി: (11-18-17)**
**ബുധോ ബാലകവത് ക്രീഡേത് കുശലോ ജഡവച്ചരേത്**
**വദേദുന്മത്തവദ്വിദ്വാൻ ഗോചര്യാം നൈഗമശ്ചരേത് (11-18-29)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ജീവിതത്തിലെ മൂന്നാം ഘട്ടത്തിൽ മനുഷ്യൻ ഗൃഹസ്ഥ ജീവിതത്തിൽനിന്നും പിൻമാറി ഭാര്യയെയും കൂട്ടി വീടു വിട്ടിറങ്ങണം. അല്ലെങ്കിൽ ഭാര്യയെ മക്കളുടെ ചുമതലയിലേൽപ്പിച്ച് തനിയെ പുറപ്പെടണം. ഇക്കാലത്ത് മാനസീകവും ശാരീരികവുമായി അജ്ഞാനഹേതുകമായ എല്ലാം സമഗ്രമായ പരിശ്രമംകൊണ്ട് ഇല്ലാതെയാക്കണം. പരിപൂർണ്ണമായ ആത്മനിയന്ത്രണവും കഠിന തപ:ശചര്യകളും കൊണ്ടാണിതു സാധിക്കുക. ഉഷ്ണം,കാലവർഷം,ശിശിരം എന്നിവയെഎല്ലാം സഹിച്ച് ആത്മനിയന്ത്രണത്തിൻെറ കഠിനപരീക്ഷകളെ തരണം ചെയ്യുക. ശരീരശുദ്ധിക്കുപോലും വേണ്ടി സമയം വൃഥാ കളയരുത്. ഭക്ഷണം ലഘുവും അതിവ സാത്വീകവുമായിരിക്കണം. പൂജകർമ്മാദികൾക്ക് മുടക്കമൊന്നും വരുത്താൻ ഇനിയും സമയമായിട്ടില്ല.

ആർജ്ജിത പുണ്യം കൊണ്ടു ലഭിച്ച ഇഹലോകമോഹങ്ങളോ, സ്വർഗ്ഗകാംക്ഷയോ എല്ലാം വിട്ടുപോയിക്കഴിഞ്ഞാൽ ഒരുവൻ വാനപ്രസ്ഥം അവസാനിപ്പിച്ച് സന്യാസജീവിതം തുടങ്ങണം. അങ്ങിനെ സന്യാസം സ്വീകരിക്കാൻ തുടങ്ങുമ്പോൾ പലേവിധ തടസ്സങ്ങളും മുന്നിൽവരും. ഭാര്യ, മക്കൾ തുടങ്ങിയ പലേ ഉപാധികളും കൊണ്ടാവും തടസ്സങ്ങൾ ഉണ്ടാവുക. ഇവയെ എല്ലാം ദൃഢനിശ്ചിതനായി തരണം ചെയ്യുക. സന്യാസിക്ക് ശാസ്ത്രവിധികൾ ബാധകമല്ലതന്നെ. മൗനംകൊണ്ട് വാക്കുകളെ നിയന്ത്രിച്ചും, തികഞ്ഞ നിസ്വാർത്ഥത കൊണ്ട് ശരീരം നിയന്ത്രിച്ചും, പ്രാണായാമം കൊണ്ട് മനസ്സു നിയന്ത്രിച്ചും, അയാൾ ജീവിതം നയിക്കേണ്ടതാണ്. താപസൻെറ വേഷഭൂഷാദികൾകൊണ്ടുമാത്രം ഒരുവൻ അതാവുന്നില്ല. സ്വയം മനസ്സും ഇന്ദ്രിയങ്ങളും പൂർണ്ണ നിയന്ത്രണത്തിലാവുമ്പോൾ അയാൾ ലോകം മുഴുവനും ചുറ്റി നടക്കണം. ഭക്ഷണത്തിനുവേണ്ടി ഭിക്ഷയാചിച്ച് ശരീരത്തെ നിലനിർത്തുക. ആത്മവിദ്യാപരമായ ജ്ഞാനം ലഭിച്ചിട്ടില്ലെങ്കിൽ ഒരു ഗുരുവിൻെറ ചരണങ്ങളിലഭയം തേടി ഗുരുവിനെ ഈശ്വരസമാനം സേവിച്ചുപാസിക്കുക. അങ്ങിനെ ആത്മസത്യം മനസ്സിലാക്കുക. അപ്രകാരം വിജ്ഞനായ ഒരുവൻ ലോകത്തുള്ള യാതൊന്നിനോടും മമതാലേശമില്ലാതെ അലഞ്ഞു തിരിയണം. ലോകം മുഴുവൻ വെറുമൊരു ദൃശ്യം മാത്രമെന്നയാൾക്കറിയാം. ബോധോദയമുദിച്ചവനെങ്കിലും അയാൾ ഒരു ശിശുവിനേപ്പോലെ പെരുമാറുന്നു. കാര്യപ്രാപ്തിയും നൈപുണ്യവുമുണ്ടെങ്കിലും ഒരു വിഡ്ഢിയേപ്പോലെയാണയാൾ പെരുമാറുക. അതീവജ്ഞാനിയെങ്കിലും ഭ്രാന്തനേപ്പോലെയും, വേദശാസ്ത്രാദികളിൽ ജ്ഞാനമുണ്ടെങ്കിലും ഒരു മൃഗത്തേപ്പോലെയും അയാൾ പെരുമാറണം. മാനോപമാനങ്ങൾക്ക് നേരേ പ്രതികരിക്കാതെ, ആരോടും ദേഷ്യമോ ഈർഷ്യയോ ഇല്ലാതെ, തന്നോട് എന്തുചെയ്താലും ആരോടും കയർക്കാതെ അയാൾ ജീവിക്കണം. അയാൾക്ക് ആരോടും ശത്രുതയുമരുത്. ഈ നിയമങ്ങളും അയാൾ വെറുമൊരു ലീലപോലെയാണ് കണക്കാക്കുക. അയാളിൽ അജ്ഞതാലേശമില്ല തന്നെ. വൈവിദ്ധ്യമെന്ന തോന്നലേ അയാൾക്കില്ല. അയാൾക്ക് ഒരു ശീലമെന്നപോലെ ലോകദൃശ്യം മരണംവരെ തുടരുന്നു. അതിനുശേഷം അയാൾ എന്നിൽ പൂർണ്ണമായി വിലീനനത്രെ. അയാളിൽ വെറുമൊരു നിഴലുപോലെ ഉണ്ടായിരുന്ന അഹംവും ഇല്ലാതാവുന്നു.

ആരെല്ലാം നിസ്വാർത്ഥമതികളായി തൻെറ ധർമ്മങ്ങൾ എന്നിലർപ്പിച്ചനുഷ്ഠിക്കുന്നുവോ അവരെല്ലാം എന്നെ പ്രാപിക്കുന്നു.

## കിം വർണ്ണിതേന ബഹുനാ ലക്ഷണം ഗുണദോഷയോ:
## ഗുണദോഷദൃശിർദ്ദോഷോ ഗുണസ്തൂഭയവർജ്ജിത: (11-19-45)

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ആത്മസാക്ഷാത്ക്കാരത്തിനായി തപശ്ചര്യകളോ, തീർത്ഥാടനങ്ങളോ, പ്രാർത്ഥനയോ, ദാനങ്ങളോ മറ്റ് ആത്മശുദ്ധീകരണമാർഗ്ഗങ്ങളോ ഒന്നും തന്നെ ഒരു ജ്ഞാനകിരണത്തിന്റെയത്ര ഫലപ്രദമല്ല. അതിനാൽ ആ ജ്ഞാനത്തോടെ എന്നെ പൂജിച്ചാലും. കാരണം വിജ്ഞാനികൾ എന്നെയല്ലാതെ മറ്റൊന്നിനോടും ഭക്തിയുള്ളവരല്ല.

*ഉദ്ധവർ പറഞ്ഞു:* ദയവായി ഭക്തിയുടെയും ജ്ഞാനത്തിന്റെയും ധർമ്മാധർമ്മങ്ങളുടെയും സ്വഭാവ സവിശേഷതകൾ വിവരിച്ചു തന്നാലും.

*ഭഗവാൻ കൃഷ്ണൻ അരുളി:*
മഹായുദ്ധം കഴിഞ്ഞ സമയത്ത് യുധിഷ്ഠിരനും ഇതേ ചോദ്യം തന്നെ ഭീഷ്മരോട് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ ഉത്തരത്തിന്റെ സാരമെന്തെന്ന് ഞാൻ പറയാം. ജ്ഞാനം എന്നത് ഒൻപത് അടിസ്ഥാന തത്വങ്ങളെക്കുറിച്ചും (പ്രകൃതി, പുരുഷൻ, മഹത്, അഹങ്കാരം, പഞ്ചഭൂതങ്ങൾ, എന്നിവയാണാ തത്വങ്ങൾ). അവയിൽനിന്ന് പരിണമിച്ചുണ്ടായ പതിനൊന്നു രൂപങ്ങളെക്കുറിച്ചും (പത്തിന്ദ്രിയങ്ങളും മനസ്സും). പഞ്ചഭൂതങ്ങളെക്കുറിച്ചും. വിശ്വസൃഷ്ടി മുഴുവനും വ്യാപിച്ചിരിക്കുന്ന ത്രിഗുണങ്ങളെക്കുറിച്ചും, സകലതിന്റെയും സാരസത്തായും അന്തര്യാമിയായും വർത്തിക്കുന്ന ആ പരംപൊരുളിനെക്കുറിച്ചും ഉള്ള സമ്യക്കായ അറിവാണ്, വിജ്ഞാനം എന്നത്. ഒരുവനിൽ നാനാത്വബോധം ഇല്ലാതാക്കുന്നതും അദ്വൈതമായ ഏകതാ ബോധമുളവാക്കുന്നതുമായ അറിവത്രെ അത്. അനശ്വരമായ ഏകസത്യം അതു മാത്രമായതിനാൽ പരമാർത്ഥമുള്ളതും അതു മാത്രം. ഏതൊന്നാണോ തുടക്കത്തിലും, മദ്ധ്യത്തിലും, അവസാനത്തിലും - ഭൂതവർത്തമാനഭാവികാലങ്ങളിൽ- നിലകൊള്ളുന്നത്, അതുമാത്രമേ പരമാർത്ഥമായുള്ളു. മദ്ധ്യത്തിൽ പരിണാമങ്ങൾക്ക് വിധേയമായതുപോലെ കാണപ്പെടുന്നു എങ്കിലും മഹർഷിമാരുടെ വെളിപാടുകളിൽ നിന്നും, നേരിട്ടുള്ള അവബോധത്തിൽനിന്നും, പാരമ്പര്യത്തിൽനിന്നും എല്ലാം ഈ അദ്വൈതസത്യത്തെപ്പറ്റി നമുക്ക് അറിയാനാവുന്നു.

ഇനി ഭക്തിക്കു സഹായമായുള്ള കാര്യങ്ങളെക്കുറിച്ച് കേട്ടാലും. എന്നെക്കുറിച്ചുള്ള കഥകളിലുള്ള സമ്പൂർണ്ണ വിശ്വാസം, എന്നെക്കുറിച്ചുള്ള കഥാകഥനം, എന്നോടുള്ള ആരാധനയിൽ മുഴുകിയിരിക്കൽ, സങ്കീർത്തന ങ്ങളും പ്രാർത്ഥനകളും, എനിക്കുവേണ്ടി സേവചെയ്യാനുള്ള ത്വര, എന്നെ നമസ്കരിക്കുക, എന്റെ ഭക്തരെ നമസ്കരിക്കുക, മാത്രമല്ല, ഏറ്റവും പ്രധാനമായി, സകലജീവജാലങ്ങളിലും എന്നെക്കാണുക, എല്ലാ കർമ്മങ്ങളും എന്നിലർപ്പിച്ച് ചെയ്യുക, മനസ്സ് മുഴുവൻ എന്നിലർപ്പിക്കുക, ആഗ്രഹങ്ങളില്ലാതിരിക്കുക, സമ്പത്തിനെ ത്യജിക്കുക, സുഖാസ്വാദനങ്ങൾ എനിക്കുവേണ്ടി ചെയ്യുക, എല്ലാ ധർമ്മാചരണങ്ങളും എനിക്കു വേണ്ടി ചെയ്യുക, എന്നിവയിലൂടെ ഭക്തി വളർത്തിയെടുക്കാം. ഇവയെല്ലാം അനുഷ്ഠിക്കുന്നവരിൽ എന്നോടുള്ള പരമപ്രേമമുണരുന്നു. ഈ പ്രേമമുദിച്ചു കഴിഞ്ഞാൽ ഇഹലോകത്ത് നേടേണ്ടതായി മറ്റൊന്നുമില്ല തന്നെ. അഹിംസ, സത്യം, അകളങ്കത, അനാസക്തി, വിനയം, ധനം പൂഴ്ത്തിവയ്ക്കാതിരിക്കൽ, വിശ്വാസം, ഇന്ദ്രിയനിഗ്രഹം, മൗനം, ദൃഢത, ക്ഷമാശീലം, നിർഭയത്വം, പവിത്രത, ജപം, തപസ്സ്, അഗ്നിപൂജ, സമർപ്പണം, ആതിഥ്യം, എന്നെ പൂജിക്കൽ, തീർത്ഥാടനം, നിസ്വാർത്ഥസേവനം, സംതൃപ്തി, ഗുരുസേവ ഇവയാണ് യമ-നിയമങ്ങൾ. ആരെയും വെറുക്കാതിരിക്കുക എന്നതാണ് ഏറ്റവും വലിയ ഉദാരത. ധൈര്യമാണ് ആത്മനിഷ്ക്കർഷത. സ്വന്തം ശരീരത്തെ ആത്മാവെന്നു കരുതുന്നവൻ വിഡ്ഢിയത്രെ. ധർമ്മപാതയിൽ ചരിക്കുന്നവനത്രെ സമ്പന്നൻ. സംതൃപ്തിയില്ലാത്തവൻ ദരിദ്രനും. ധർമ്മത്തെക്കുറിച്ചുള്ള ചർച്ചകൾ വെറും അധരവ്യായാമം മാത്രം. മറ്റുള്ളവരുടെ നൻമതിൻമകളെക്കുറിച്ച് ചിന്തിക്കുന്നത് തെറ്റാണ്. മറ്റുള്ളവരുടെ നൻമതിൻമകളെ നോക്കാതെയിരിക്കലാണ് നൻമ.

**നൃദേഹമാദ്യം സുലഭം സുദുർല്ലഭം പ്ലവം സുകൽപ്പം ഗുരുകർണ്ണധാരം**
**മയാനുകൂലേന നഭസ്വതേരിതം പുമാൻ ഭവാബ്ധിം ന തരേത് സ ആത്മഹാ (11-20-17)**
**ഭിദ്യതേ ഹൃദയഗ്രന്ഥി: ഛിദ്യന്തേ സർവ്വസംശയാ:**
**ക്ഷീയന്തേ ചാസ്യ കർമ്മാണി മയി ദൃഷ്ടേƒഖിലാത്മനി (11-20-30)**

*ഉദ്ധവൻ പറഞ്ഞു:*
അവിടുന്നു തന്നെ വേദങ്ങളിൽ പറഞ്ഞിട്ടുള്ളത് ഒരുവൻ നിരന്തരം നൻമതിൻമകളെ വിവേചനബുദ്ധിയോടെ നേരിടണമെന്നാണല്ലോ. എന്നാലിപ്പോൾ അത്തരം ചർച്ചകൾ വൃഥാവിലാണെന്നും പറയുന്നു. ഈ ചിന്താക്കുഴപ്പം മാറ്റിതന്നാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ഞാൻ മൂന്നു തരത്തിലുള്ള യോഗമാർഗ്ഗങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. ജ്ഞാനയോഗം, കർമ്മയോഗം, ഭക്തിയോഗം. യാഗകർമ്മാദികളിൽ താത്പര്യമില്ലാത്തവർക്കാണ് ജ്ഞാനയോഗം പത്ഥ്യം. കർമ്മയോഗമാകട്ടെ അവകളിൽ താത്പര്യമുള്ളവർക്കും. എന്നെക്കുറിച്ചുള്ള കഥകൾ കേൾക്കാൻ താത്പര്യവും എന്നെക്കുറിച്ചു പാടാൻ ആഗ്രഹവുമുള്ളവർ ഭക്തിയോഗം സ്വീകരിക്കുന്നു. ഇന്ദ്രിയസുഖങ്ങളോടുള്ള ആഭിമുഖ്യമവസാനിപ്പിക്കുന്നതുവരെയും എന്നെക്കുറിച്ചുള്ള മഹിമാകഥനങ്ങളോടു മാത്രം താത്പര്യമുണ്ടാകുംവരെയും ശാസ്ത്രാധിഷ്ഠിതമായ കർമ്മധർമ്മങ്ങൾ ആചരിക്കേണ്ടതാണ്. കാലക്രമേണ അയാളുടെ ഹൃദയം പരിശുദ്ധമാവുകയും, ജ്ഞാനവും ഭക്തിയും ഉണരുകയും ചെയ്യും. സ്വധർമ്മങ്ങൾ ആചരിക്കുമ്പോൾ മനസ്സിനെ ആസ്വാദനത്വരയിൽനിന്ന് പിന്തിരിപ്പിച്ച് സ്വർഗ്ഗമോഹം പോലും ഉപേക്ഷിക്കണം. അയാൾ സ്വർഗ്ഗത്തിലോ, നരകത്തിലോ, ഭൂമിയിലോ ജൻമമെടുക്കാൻ മോഹിക്കുന്ന പക്ഷം ആത്മീയപാതയിൽനിന്ന് വ്യതിചലിക്കുകയത്രെ ചെയ്യുന്നത്. മനുഷ്യജൻമം ലഭിച്ച് ഗുരുവിൻെറ അനുഗ്രഹവും, എൻെറ കൃപയും ലഭിച്ചിട്ടുപോലും സംസാരസാഗരം കടക്കാൻ പരിശ്രമിക്കാത്തവൻ ആത്മഹത്യ ചെയ്യുന്നു.

അയാൾ തൻെറ കടമകൾ തീരുമ്പോൾ ശ്രദ്ധയെ കേന്ദ്രീകരിച്ച്, ധ്യാനമാർഗ്ഗം സ്വീകരിക്കണം. അയാൾ അനുരഞ്ജനമാർഗ്ഗത്തിലൂടെ പ്രാണനെ നിയന്ത്രിച്ച്, ഇന്ദ്രിയങ്ങളെ അടക്കി സാത്വീകത വർദ്ധിപ്പിക്കണം. എന്നാൽ മനസ്സിനെ തൻെറ നിരീക്ഷണപഥത്തിൽനിന്നു വ്യതിചലിക്കാൻ അനുവദിച്ചു കൂടാ. ചിന്തകളുടെ വികാസപരിണാമങ്ങളുടെയും ഉൾവലിയലിനെയും സൂക്ഷ്മമായി നിരീക്ഷിക്കുന്നതിലൂടെ മനസ്സ് ദുഷ്ടതയിൽനിന്നും അകന്നു പോകുന്നു. മനസ്സിന് ഏകാഗ്രത ലഭ്യമായി കഴിയുമ്പോൾ അയാൾ എന്നെ ആരാധിക്കാനും ആത്മാന്വേഷണത്തിനും സ്വയം സമർപ്പിക്കണം.

യോഗി, ഒരു പാപമോ, തെറ്റോ ചെയ്തു പോയാൽ അതിൻെറ പ്രതിവിധിയായിട്ടുള്ള യാഗങ്ങൾ അനുഷ്ടിക്കണം. ഏകാഗ്രചിത്തനായി ഒരുവൻ സദ്പാതയിലേക്ക് പോകുന്നതു നൻമയും, അതിൽനിന്നു വ്യതിചലിക്കുന്നത് തിൻമയുമാണ്. എന്നെപ്പറ്റിയുള്ള കഥാകഥനങ്ങളിൽ ആകൃഷ്ടനായി കഴിഞ്ഞിട്ടുള്ള ഒരുവന് സുഖാസ്വാദനത്വര ഇനിയും തീർന്നിട്ടില്ലാ എങ്കിൽ ഇന്ദ്രിയസുഖങ്ങൾ വേദനാജന്യങ്ങളാണെന്നു മനസ്സിലാക്കി എന്നെ പൂജിക്കേണ്ടതാണ്. ഞാൻ അയാളുടെ ഹൃദയത്തിൽ വസിക്കുന്നു. അയാളുടെ തടസ്സങ്ങളെ ഞാൻ അകറ്റി, അയാളുടെ സുഖാർത്തികളെ മുഴുവൻ ഇല്ലാതാക്കുന്നു. എന്നെ ഹൃദയത്തിൽ ദർശിക്കുമ്പോൾ അജ്ഞതാ പാശമറ്റ് അയാളുടെ കർമ്മവും സംശയങ്ങളും ഇല്ലാതാകുന്നു.

എന്നിൽ ഭക്തനായുള്ളവൻ മറ്റൊന്നിനുമായി ആഗ്രഹിക്കുന്നില്ല. ഞാൻ സംപ്രീതനായി നൽകുന്ന മുക്തിപദത്തിനു പോലും അവനാഗ്രഹിക്കുന്നില്ല. മുകളിൽ പറഞ്ഞ പാതയെ പിന്തുടരുന്ന ഒരുവൻ താമസംവിനാ പരംപൊരുളായ ബ്രഹ്മത്തെ സാക്ഷാത്കരിക്കുന്നു.

**ശുദ്ധ്യശുദ്ധീവിധിയേതേ സമാനേഷ്വപി വസ്തുഷു**
**ദ്രവ്യസ്യ വിചികിത്സാർത്ഥം ഗുണ ദോഷൌ ശുഭാശുഭൌ (11-21-3)**
**ധർമ്മാർത്ഥം വ്യവഹാരാർത്ഥം യാത്രാർത്ഥമിതി ചാനഘ**
**ദർശിതോ*f*യം മയാ*f*ചാരോ ധർമ്മമുദ്വഹതാം ധുരം (11-21-4)**
**ക്വചിദ് ഗുണോ*f*പി ദോഷ: സ്യാദ്ദോഷോ*f*പി വിധിനാഗുണ:**
**ഗുണദോഷാർത്ഥനിയമസ്തദ്ഭിദാമേവ ബാധതേ (11-21-16)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ഒരുവൻെറ സ്വധർമ്മത്തോടുള്ള ഭക്തിയെ നൻമയെന്നും, അതിനെതിരായി വർത്തിക്കുന്നതിനെ തിൻമയെന്നും പറയുന്നു. അതിനാൽ ഒരുവനു നൻമയായിട്ടുള്ളത് മറ്റുള്ളവന് അപ്രകാരമാവണം എന്നില്ല. ഈ വിരോധാഭാസം മന:പ്പൂർവ്വമായി വേദശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത് നൻമതിൻമകളെപ്പറ്റി ആരോഗ്യകരമായ ഒരു സംശയമുണ്ടാക്കി മനുഷ്യനെ സദാ ജാഗരൂകനാക്കുവാനാണ്. അങ്ങിനെ അയാൾ സ്വയം അന്വേഷണത്വരയുള്ളവനാകുന്നു. നൻമതിൻമകളെപ്പറ്റിയുള്ള മറ്റു നിർവ്വചനങ്ങൾ സാമൂഹ്യഘടനകളെ നിലനിർത്താനായും ജനങ്ങൾക്ക് മാർഗ്ഗദർശനത്തിനായും സ്ഥാപിച്ചിട്ടുള്ളതത്രെ. അങ്ങിനെയുള്ള നിർവ്വചനങ്ങൾ നിയമസമാധാനപാലനത്തിൻെറ ചുമതലയുള്ളവർക്ക് അനിവാര്യമാണല്ലോ.

ലോകത്തുള്ള എല്ലാ ജീവികളും, പഞ്ചഭൂതങ്ങളാലും ജിവനാലും നിർമ്മിതമായതുകൊണ്ട് പരസ്പരം യാതൊരു ഭേദവുമില്ല. വേദങ്ങൾ അവയെ ബ്രാഹ്മണൻ - - മുതലായി തരം തിരിച്ചിട്ടുണ്ട് എന്നുള്ളത് സത്യംതന്നെ. സമ്പൂർണ്ണതയെ പ്രാപിക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കവേ, ചില ധർമ്മങ്ങളും വേദങ്ങൾ വിവരിക്കുന്നുണ്ട്. എൻെറതന്നെ വാക്കുകളായ വേദങ്ങൾ, നൻമതിൻമകളെ കാലത്തിനും ദേശത്തിനും ബാധകമായ സംഗതികളായേ ഗണിച്ചിട്ടുള്ളൂ. അതുകൊണ്ട് ചില സ്ഥലങ്ങളെ ദിവ്യമെന്നും മറ്റുചിലതിനെ അദിവ്യമെന്നും പറയുന്നു. ചില സമയങ്ങൾ ശുഭോദർക്കമെന്നും മറ്റുചില സമയങ്ങൾ അശുഭമെന്നും അറിയപ്പെടുന്നു. ചില വസ്തുക്കൾ മറ്റുള്ളവയോട് ചേരുമ്പോൾ അശുദ്ധമായെന്നും, അവയുടെ ശുദ്ധീകരണത്തിനായി മറ്റുചില ശുദ്ധീകരണ വസ്തുക്കൾ ഉണ്ടെന്നും ശാസ്ത്രങ്ങൾ പറയുന്നു. ജലം, മണ്ണ്, അഗ്നി, വായു, കാലം എന്നിവ ശുദ്ധീകരണോപാധികളത്രെ. അഹങ്കാരബോധമുള്ളവരെ ശുദ്ധീകരിക്കാൻ സ്നാനം, ദാനം, തപസ്സ്, യാഗകർമ്മാദികൾ എന്നിവയും അവക്കെല്ലാമുപരിയായി എന്നെ സ്മരിക്കലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ചില അവസരങ്ങളിൽ നൻമയെന്ന് വിവക്ഷിക്കുന്നവ മറ്റു ചിലപ്പോൾ തിൻമയായി വരുമെന്നും മറ്റുചിലപ്പോൾ തിൻമയെ നൻമയെന്നു കണക്കാക്കാമെന്നും വേദങ്ങൾ പറയുന്നത്, മൂല്യങ്ങൾ ഒന്നും നിരുപാധികമല്ലെന്നു വ്യക്തമാക്കാനാണ്. ഉദാഹരണത്തിന്, ചില കർമ്മങ്ങൾ നൻമയെന്ന് കരുതി ചിലർ അതിനോട് അമിതമായ മമതയിൽ വർത്തിക്കുന്നു. അത്തരം മമത മറ്റുള്ളവരോട് സ്പർദ്ധയുണ്ടാക്കാൻപോലുമിടയാക്കുന്നു. അപ്പോൾ ക്രോധവും, ബുദ്ധിഭ്രമവും ഉണ്ടായി ഒടുവിൽ ജ്ഞാനത്തെ മറക്കാനിടയാവുകയും ചെയ്യുന്നു. ഇത് തിൻമയത്രെ. അപ്രകാരം അജാഗരൂകവും യാന്ത്രീകവുമായി നൻമയോട് ആസക്തി പൂണ്ട് ജീവിക്കുന്നതു കൊണ്ട് നൻമയുടെ ഉദ്ദേശം തന്നെ നഷ്ടമാവുന്നു.

സ്വർഗ്ഗീയസുഖമാസ്വദിക്കാനുതകുന്ന ചില കർമ്മങ്ങളെ വേദങ്ങൾ പ്രോൽസാഹിപ്പിക്കുന്നുണ്ടെന്നു തോന്നും. എന്നാൽ സ്വർഗ്ഗസുഖത്തിൻെറ ക്ഷണികതയെപ്പറ്റി നിശ്ചയമുള്ള വേദങ്ങൾ എന്തുകൊണ്ടിങ്ങിനെ പറയുന്നു എന്നാണെങ്കിൽ, അത്, മനുഷ്യനെ ഇന്ദ്രിയഭോഗങ്ങളിൽ നിന്നും പിന്തിരിപ്പിച്ച് ഈശ്വരമാർഗ്ഗത്തിലേക്ക് നയിക്കാനാണ്. വേദവാക്കുകൾ മനസ്സിലാക്കാൻ വിഷമമുള്ളവയല്ല. മന്ത്രങ്ങളുടെ ശബ്ദഘോഷം മാത്രം സത്യമാവുകയില്ല. വേദങ്ങളുടെ ശരിയായ അർത്ഥം അതീവഗുഹ്യവും എനിക്കു മാത്രം അറിയാവുന്നതുമത്രെ. അതുകൊണ്ട് എന്നിൽ പരമഭക്തനായിട്ടുള്ളവനു മാത്രമേ അതു മനസ്സിലാക്കാൻ കഴിയൂ.

## പരസ്പരാനുപ്രവേശാത് തത്ത്വാനാം പുരുഷർഷഭ
## പൌർവ്വാപര്യപ്രസംഖ്യാനം യഥാ വക്തുർവ്വിവക്ഷിതം (11–22–7)
## ഇതി നാനാ പ്രസംഖ്യാനം തത്ത്വാനാമൃഷിഭി: കൃതം
## സർവ്വം ന്യായ്യം യുക്തിമത്ത്വാദ് വിദുഷാം കിമശോഭനം (11–22–25)

*ഉദ്ധവർ ചോദിച്ചു:*
ഭഗവാനേ സത്യത്തെ പ്രതിപാദിക്കുന്ന തത്ത്വങ്ങൾ എന്തെല്ലാമാണ്? അവിടുന്നുതന്നെ ഇരുപത്തിയെട്ടു തത്ത്വങ്ങളെപ്പറ്റി പറയുകയുണ്ടായി. മഹർഷിമാർ പലതരത്തിലാണ് അതിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. ആർക്കാണിവിടെ തെറ്റു പറ്റിയത്?

*ഭഗവാൻ കൃഷ്ണൻ അരുളി:*
മഹർഷിമാർ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിനെല്ലാം കാരണങ്ങളുടെ അടിസ്ഥാനമുള്ളതിനാൽ ഉചിതം തന്നെ. അവരെല്ലാം "എൻേറതാണ് ശരി. നിങ്ങളുടേത് തെറ്റ്" എന്ന വാചകകസർത്തുകളിൽ മുഴുകിയിരിക്കുന്നു. കാരണം, ഈ തത്ത്വങ്ങളെല്ലാം എൻെറതന്നെ പ്രകടിതഭാവങ്ങളും ശക്തി വിശേഷങ്ങളുമത്രെ. അവർക്കെല്ലാം ഗ്രഹിക്കാൻ സാധിക്കുന്ന കാര്യങ്ങൾക്കപ്പുറത്തുമാണവ. എല്ലാ 'കാര്യ'ത്തിനുപിറകിലും 'കാരണം' സഹജമത്രെ. തിരിച്ചും അപ്രകാരം തന്നെ. അതുകൊണ്ട്, ഓരോരുത്തരും ഏതെല്ലാമാണ് പ്രാഥമീകമായും മാദ്ധ്യമീകമായും (കാരണവും, ഫലവും) എന്നു സ്വയം തീരുമാനിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട്, വിഭിന്നങ്ങളായ വ്യാഖ്യാനങ്ങൾ യുക്തിസഹമത്രെ. ഇന്ദ്രിയങ്ങളടക്കി, മനസ്സിനെ നിയന്ത്രണത്തി ലാക്കുമ്പോൾ മാത്രമേ ഇവയെ സംബന്ധിച്ച സത്യാവസ്ഥ അറിയുകയുള്ളു.

ചില മഹർഷിമാരുടെ അഭിപ്രായത്തിൽ വ്യക്തിത്വമാർന്ന ജീവന് സ്വയം മുക്തിനേടാൻ കഴിയുകയില്ല. അതുകൊണ്ട് 'ഈശ്വരൻ' എന്നൊരുതരം സത്തയെ അവതരിപ്പിച്ചിരിക്കുന്നു. മറ്റുചിലർ ഈശ്വരനും ജീവാത്മാവും തമ്മിലുള്ള വ്യത്യാസം തുലോം നിരങ്കുശമാണെന്നും, ഈശ്വരൻ എന്നത് ആത്മാവുതന്നെയായതുകൊണ്ട് ഇങ്ങിനെയൊരു വ്യത്യസ്ഥസങ്കൽപം അനാവശ്യമാണെന്നും വാദിക്കുന്നു. അതുകൊണ്ട്, ചിലർ ഇരുപത്തിയാറ്, മറ്റുചിലർ ഇരുപത്തിയഞ്ച്, അടിസ്ഥാനതത്ത്വങ്ങൾ വ്യാഖ്യാനിക്കുന്നു. ഞാൻ ഇരുപത്തിയെട്ട്തത്ത്വങ്ങൾ അവതരിപ്പിച്ചപ്പോൾ ത്രിഗുണങ്ങളെ പ്രത്യേകമായെണ്ണി. മറ്റുള്ളവർ 'പ്രകൃതി'യിൽ ഗുണങ്ങൾ ഉൾക്കൊള്ളിക്കുന്നു. അങ്ങിനെ ഇരുപത്തിയഞ്ച്. ചിലർ പഞ്ചഭൂതങ്ങളെയും, ബോധത്തെയും, ഇവക്കെല്ലാമടിസ്ഥാനമായ പരംപൊരുളിനെയും ചേർത്ത് ഏഴ് തത്ത്വങ്ങൾ കണക്കാക്കുന്നു. ചിലർ ആറ് തത്ത്വങ്ങൾ എന്ന് പറയുന്നു. പഞ്ചഭൂതങ്ങളും പരംപൊരുളായ ബോധവും. ഇനിയും ചിലർ വായുവിനെയും ആകാശത്തെയും ഒഴിവാക്കി നാലു തത്ത്വങ്ങളെ വ്യാഖ്യാനിക്കുന്നു.

പഞ്ചഭൂതങ്ങൾ, പഞ്ചേന്ദ്രിയങ്ങൾ, മനസ്സ്, ആത്മാവ് എന്നിങ്ങിനെ പതിനേഴ് തത്ത്വങ്ങൾ എന്ന് ഒരു കൂട്ടർ. ചിലർ മനസ്സിനെയും ആത്മാവിനെയും ചേർത്ത് ഒന്നാക്കി വിവരിച്ച്, പതിനാറ് തത്ത്വങ്ങൾ എന്നു മാറ്റുന്നു. പഞ്ചഭൂതങ്ങൾ, പഞ്ചേന്ദ്രിയങ്ങൾ, മനസ്സ്, ജീവൻ, പരംപൊരുൾ എന്നിങ്ങിനെ പതിമൂന്നാണ് തത്ത്വങ്ങൾ ചിലർക്ക്. മനസ്സിനെയും ജീവനെയും പരംപൊരുളിൽ എണ്ണിയാൽ എണ്ണം പതിനൊന്നായി. പഞ്ചഭൂതങ്ങൾ, മനസ്സ്, ബുദ്ധി, അഹങ്കാരം, ബോധം എന്നിങ്ങിനെ ഒൻപതാണ് തത്ത്വങ്ങൾ എന്നു പറയുന്നവരുമുണ്ട്. അതുകൊണ്ട്, ഇവയെല്ലാം യുക്തിസഹജമായ കണക്കാക്കൽ തന്നെയത്രെ. ഇത്തരം വിവിധചിന്താസരണികൾ വിവേകബുദ്ധിയില്ലാത്തതുകൊണ്ടാണുണ്ടാവുന്നതെന്നു പറയുക വയ്യ.

**ആത്മാƒപരിജ്ഞാനമയോ വിവാദോ**
**ഹ്യസ്തീതി നാസ്തീതി ഭിദാർത്ഥനിഷ്ഠ:**
**വ്യർത്ഥോƒപി നൈവോപരമേത പുംസാം**
**മത്ത: പരാവൃത്തധിയാം സ്വലോകാത് (11-22-33)**
**നിത്യദാ ഹ്യംഗ ഭൂതാനി ഭവന്തി ന ഭവന്തി ച**
**കാലേനാലക്ഷ്യവേഗേന സൂക്ഷ്മത്വാത്തന്ന ദൃശ്യതേ (11-22-42)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ത്രിഗുണങ്ങളുടെ സമതുലിതാവസ്ഥ നഷ്ടമാവുമ്പോൾ വൈവിദ്ധ്യവും വൈവിദ്ധ്യബോധവും സത്വങ്ങളിൽ പ്രകടമാവുന്നു. ഈ വൈവിദ്ധ്യങ്ങൾ അനന്തമെങ്കിലും അവയെ മൂന്നായി തരംതിരിക്കാം. ആദ്ധ്യാത്മം, ആധിഭൂതം, ആധിദൈവം. ഉദാഹരണത്തിന്, കാഴ്ചശക്തി ആദ്ധ്യാത്മവും, വസ്തുവിന്റെ നിറം ആധിഭൂതവും, ഒന്ന് മറ്റൊന്നുമായി ബന്ധപ്പെടുത്തുന്ന അവബോധം ആധിദൈവവുമാണ്. അതുപോലെയാണ് വ്യക്തിത്വത്തിന്റെ മറ്റു കാര്യങ്ങളും. ആത്മാവെന്നത് ബോധം തന്നെയാണ്. ഇവയുടെ എല്ലാം അടിത്തറയും അതുതന്നെ. ആത്മാവ് ഇവയിൽനിന്നെല്ലാം സ്വതന്ത്രമായാണോ അല്ലയോ നിലനിൽക്കുന്നത് എന്നതിനെക്കുറിച്ചുള്ള വ്യഥാവിവാദം, ഇവർ എന്നിൽനിന്ന് - അതായത് അവരുടെ സ്വന്തം ആത്മാവിൽ നിന്ന് - അകന്നു നിൽക്കുന്നിടത്തോളം കാലം തുടർന്നു കൊണ്ടേയിരിക്കും.

*ഉദ്ധവർ ചോദിച്ചു:* എങ്ങിനെയാണ് സർവ്വവ്യാപകമായി നിലകൊള്ളുന്ന ആത്മാവ് ദേഹങ്ങളിൽനിന്ന് ദേഹങ്ങളിലേക്ക് മാറി മാറി സഞ്ചരിക്കുന്നത്?

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ജീവന്റെ മനസ്സാണ് ദേഹങ്ങളിൽനിന്നും ദേഹങ്ങളിലേക്ക് സഞ്ചരിക്കുന്നത്. പുതുതായി സ്വീകരിക്കുന്ന ശരീരവുമായി പരിപൂർണ്ണമായും താദാത്മ്യം പ്രാപിച്ചിരിക്കുന്നതുകൊണ്ട് ജീവന് പഴയ ശരീരത്തെപ്പറ്റി തീരെ ഓർമ്മയുണ്ടാവുന്നില്ല. ഇതാണ് ജനനം. ശരീരവുമായി ബന്ധപ്പെട്ട കർമ്മാനുഭവം തീരുന്നതോടെ ആ ശരീരവുമായി തീരെ താദ്വാത്മ്യം ഇല്ലാതാവുമ്പോൾ അതിനെ ഉപേക്ഷിക്കുന്നു. ഇതത്രെ മരണം. ഇങ്ങിനെ ഒരു ജൻമം സംഭവിക്കുമ്പോൾ നേരത്തെ പറഞ്ഞ ത്രിവിധ വൈശിഷ്ട്യങ്ങൾ ജീവിയിൽ അന്തർഭൂതമാവുകയും ഗ്രഹണശക്തിയും വൈവിദ്ധ്യാനുഭവവും ഉണ്ടാവുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജീവികൾ നിരന്തരം ജനനമരണങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടേയിരിക്കുന്നു. പക്ഷേ വേഗതകൊണ്ടും സമയത്തിന്റെ സൂക്ഷ്മതകൊണ്ടും ഇതാർക്കും ഗ്രഹിക്കാനാവുന്നില്ല. മെഴുകുതിരിയുടെ തീനാളം നിരന്തരം നവീകരിച്ചു കൊണ്ടിരിക്കുന്നതുപോലെയും നീർച്ചാലിലെ വെള്ളം അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നതുപോലെയും ഈ ശരീരവും മാറ്റങ്ങൾക്കു വിധേയമാണ്. തീനാളത്തേയും, ജലത്തേയും മാറ്റമില്ലാത്തവയെന്നു കണക്കാക്കുന്നതു പോലെ ശരീരത്തേയും മനുഷ്യർ അപ്രകാരം കണക്കാക്കുന്നു. ജീവന് ജനനമോ മരണമോ ഇല്ല. അഗ്നി എപ്പോഴും നിലനിൽക്കുന്നു. ചിലപ്പോൾ പ്രകടിതവും മറ്റുചിലപ്പോൾ അപ്രകടിതവും ആയി നിലകൊള്ളുന്നു. ഗർഭധാരണം, ഗർഭം, ജനനം, ശൈശവം, ബാല്യം, യൗവനം, മദ്ധ്യവയസ്, വാർദ്ധക്യം, മരണം എന്നിവയാണ് ഒരു ജീവിയുടെ ഒൻപതവസ്ഥകൾ. ആരൊരുവൻ പരിപൂർണ്ണമായും ദേഹബുദ്ധിയോടെ ജീവിക്കുന്നുവോ, അവന് വേദനയും സുഖവുമെല്ലാം അനുഭവവേദ്യമത്രെ. അവൻ മോഹിതനായി കർമ്മചക്രത്തിൽ തിരിയുന്നു. സത്വഗുണങ്ങൾ വളർത്തിയവൻ മരിക്കുമ്പോൾ ദേവലോകത്തിൽ എത്തുന്നു. രജോഗുണങ്ങൾ വളർത്തിയെടുത്തവൻ മനുഷ്യനായി പിറക്കുന്നു. തമോഗുണി മരിക്കുമ്പോൾ അസുരലോകങ്ങളിലോ, ഉപമനുഷ്യവർഗ്ഗങ്ങളിലോ ജനിക്കുന്നു. ഇതെല്ലാം ദേഹാസക്തിയുടെ ഫലമത്രെ. വിവേകിയായ ഒരുവൻ ഈ മോഹവലയത്തിൽ നിന്നും ബന്ധമുക്തനായി ശരീരത്തിനു ലഭിക്കുന്ന മാനാപമാനങ്ങളിൽ തികഞ്ഞ നിസ്സംഗത പാലിച്ച്, പ്രതികരിക്കാതെ നിലകൊള്ളുകയാണ് വേണ്ടത്.

**സ്തേയം ഹിംസാ*f*നൃതം ദംഭ: കാമ: ക്രോധ: സ്മയോ മദ:**
**ഭേദോ വൈരമവിശ്വാസ: സംസ്പർദ്ധാ വ്യസനാനിച (11–23–18)**
**ഏതേ പഞ്ചദശനാർത്ഥാ ഹ്യർത്ഥമൂലാ മതാ നൃണാം**
**തസ്മാദനർത്ഥമർത്ഥാഖ്യം ശ്രേയോ*f*ർത്ഥീ ദൂരതസ്ത്യജേത് (11–23–19)**
**ഏവം സ ഭൌതികം ദു:ഖം ദൈവികം ദൈഹികം ച യത്**
**ഭോക്തവ്യമാത്മനോ ദിഷ്ടം പ്രാപ്തം പ്രാപ്തമബുധ്യത (11–23–41)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ദേഹത്തിനേൽക്കുന്ന മുറിവിനേക്കാൾ അസഹനീയം അപമാനമത്രെ. സാത്വികനായ ഒരുവന് ദുഷ്ടരുടെ അധിക്ഷേപം വളരെ വേദനാജനകമാണ്. ഇതിനെക്കുറിച്ചൊരു കഥയുണ്ട്. അവന്തിയിൽ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ അതീവ ധനികനായിരുന്നുവെങ്കിലും പിശുക്കനായിരുന്നു. അതുകൊണ്ട് അടുത്ത ബന്ധുക്കളും, ദേവതകളും, ബ്രാഹ്മണരും, പിതൃക്കളും, മനുഷ്യരും, മൃഗങ്ങളും എല്ലാവരും അയാൾക്കെതിരായിത്തീർന്നു. ഗൃഹസ്ഥാശ്രമിക്ക് വിധിച്ചിട്ടുള്ള അഞ്ചു പൂജാവിധികളോ മറ്റ് ശാസ്ത്രാധിഷ്ഠിത കർമ്മങ്ങളോ അയാൾ അനുഷ്ഠിച്ചിരുന്നുമില്ല. അങ്ങിനെ അയാളുടെ പുണ്യമെല്ലാം നശിച്ചു. സമ്പത്തു സമാഹരിക്കാൻ പരിശ്രമിച്ച് അയാൾ ക്ഷീണിച്ചു. ഒടുവിൽ സമ്പത്തും അയാളെ വിട്ടു പോയി. ബന്ധുക്കൾ കുറച്ചെടുത്തു. കള്ളൻമാർ മറ്റൊരു പങ്ക്. ബാക്കിയുള്ളവ കേടുവന്നോ, അപകട ങ്ങളിൽപെട്ടോ, നികുതിയായോ നഷ്ടമായി.

ഇപ്പോൾ അയാൾ ദരിദ്രനായി സ്വയം ശപിച്ചു. “ഈ സമ്പത്തെന്നു പറയുന്നത് എത്ര ഭയങ്കരമാണ്. എല്ലാ തിൻമകളുടെയും, പാപത്തിൻെറയും, ദുരിതത്തിൻെറയും മൂലകാരണം അതാണല്ലോ. കളവ്, ക്രൂരത, തിൻമ, അഹങ്കാരം, കാമം, ക്രോധം, ഔദ്ധത്യം, കാപട്യം, അനൈക്യം, സ്പർദ്ധ, അവിശ്വാസം, ചൂതുകളിക്കാനുള്ള വാസന, ദുരിതങ്ങൾ - എന്നിവയെല്ലാം സമ്പത്തിൽനിന്നു നേരിട്ടുത്ഭവിക്കുന്നു. അതുകൊണ്ട് പരമശാന്തിയാഗ്രഹിക്കുന്ന ഒരുവൻ, തികച്ചും അനർത്ഥമായ(അധർമ്മം) അർത്ഥത്തെ(സമ്പത്തിനെ) ആഗ്രഹിക്കരുത്. സമ്പത്ത് ബന്ധുമിത്രാദികളെയും സുഹൃത്തുക്കളെയും ശത്രുക്കളാക്കി മാറ്റുന്നു. മരണം വാതിൽക്കൽ മുട്ടിവിളിക്കുന്നതറിയാതെ എൻെറ ജീവിതവും ഊർജ്ജവും ഈ ശത്രുവിനെ വളർത്തിയെടുക്കാൻ ഞാൻ വിനിയോഗിച്ചു. എന്നാൽ അധികം വൈകുംമുൻപ് ശ്രീഭഗവാൻ ഹരിയുടെ അനുഗ്രഹംകൊണ്ട് ഞാൻ വിഷണ്ണനും, ആശയറ്റവനും വിവരമുള്ളവനുമായിത്തീർന്നു. എനിക്കീലോകത്ത് അവശേഷിച്ചിട്ടുള്ള സമയമത്രയും ഞാൻ ഭഗവദ്സേവക്കായി വിനിയോഗിക്കും. അവിടുത്തെ പാദങ്ങളെ ശരണം പ്രാപിക്കാൻ എനിക്ക് കഴിയും. സർവ്വാത്മനായുള്ള ഭക്തികൊണ്ട് ചുരുങ്ങിയ കാലംകൊണ്ടു തന്നെ ഖട്വാംഗന് അതിനു സാധിച്ചുവല്ലോ.”

ഉടനേ തന്നെ അയാൾ ഒരു ഭിക്ഷാംദേഹിയായി സന്യാസജീവിതം തുടങ്ങി. മനസ്സ്സും ഇന്ദ്രിയങ്ങളും നിയന്ത്രിച്ച് അഹങ്കാരത്തിൻെറയും ‘ഞാൻ-എൻെറ’ എന്ന ഭാവത്തിൻേറയും കെട്ടഴിച്ച് അയാൾ അലഞ്ഞു നടന്നു. ആളുകൾക്ക് അദ്ദേഹത്തെ മനസ്സിലായില്ല. ചിലർ അദ്ദേഹത്തെ ഭ്രാന്തനെന്ന് കരുതി. മറ്റുചിലർ കപടനാട്യക്കാരനെന്നും. അവർക്ക് മതിയാവുംവരെ ബ്രാഹ്മണനെ അടിച്ചും, തുപ്പിയും തുറുങ്കിലടച്ചും ഉപദ്രവിച്ചു. എന്തെല്ലാം അനുഭവങ്ങൾ (ആധിഭൗതികം, ആധിദൈവികം, ആദ്ധ്യാത്മികം) ഉണ്ടായോ അവയെ എല്ലാം അദ്ദേഹം സസന്തോഷം സ്വാഗതം ചെയ്തു.

**നായം ജനോ മേ സുഖദു:ഖ ഹേതുർന്ന ദേവതാ*ff*ത്മാ ഗ്രഹകർമ്മകാലാ:**
**മന: പരം കാരണമാമനന്തി സംസാരചക്രം പരിവർത്തയേദ്യത് (11-23-43)**
**ന കേനചിത് ക്വാപി കഥഞ്ചനാസ്യ ദ്വന്ദോപരാഗ: പരത: പരസ്യ**
**യഥാഹമ: സംസൃതി രൂപിണ: സ്യാ ദേവം പ്രബുദ്ധോ ന ബിഭേതി ഭൂതൈ: (11-23-57)**

*അവന്തിബ്രാഹ്മണൻ സ്വയം പറഞ്ഞു:*
എന്റെ സുഖദു:ഖങ്ങൾക്ക് കാരണക്കാർ ഈ മനുഷ്യരോ, ദേവൻമാരോ, ആത്മാവോ, നക്ഷത്രങ്ങളോ, ഗ്രഹങ്ങളോ, കർമ്മമോ കാലമോ ഒന്നുമല്ല. മനസ്സു മാത്രമാണതിനു കാരണം. മനസ്സാണല്ലോ ജനന മരണചക്രത്തിനെ തിരിക്കുന്നത്. മനസ്സ് ത്രിഗുണങ്ങളെ കർമ്മോൻമുഖമാക്കി അതിൽനിന്നും വിവിധതരം കർമ്മങ്ങളും പ്രത്യാഘാതങ്ങളും ഉണ്ടാക്കുന്നു. അങ്ങിനെ ഒരുവൻ തുടരെത്തുടരെ ജനനമരണങ്ങൾ അനുഭവിക്കുന്നു. എന്റെ ഹൃദയത്തിൽ സ്ഥിതനായിട്ടുള്ള ഭഗവാൻ ഒരു സാക്ഷിയത്രെ. അദ്ദേഹമാണെന്റെ ഉത്തമ സുഹൃത്ത്. എന്നാൽ ഞാൻ -ജീവൻ- മനസ്സു കൊണ്ടുപോവുന്ന മാറ്റങ്ങളിലുഴറി ബന്ധിതനാവുന്നു. ദാനധർമ്മങ്ങളെപ്പറ്റി ജനങ്ങൾ വാഴ്ത്തിപ്പാടുന്നു. എന്നാൽ മനസ്സു ശാന്തമാക്കിയവന് ദാനം കൊണ്ടെന്ത് നേടാനാവും? അതുപോലെ മനസ്സ് നിയന്ത്രിക്കാത്തവന് ദാനം കൊണ്ടെന്തു നേട്ടമുണ്ടാവാനാണ്! സ്വയം തന്റെ ശത്രുവായ മനസ്സിനെ നിയന്ത്രിക്കാത്തവൻ മറ്റുള്ളവരെ മിത്രങ്ങളായും ശത്രുക്കളായും എണ്ണുന്നു.

മറ്റൊരാളെ എന്റെ വേദനയ്ക്ക് ഞാൻ കുറ്റപ്പെടുത്തിയാൽ ഒരു ശരീരം മറ്റൊന്നിനെ ദ്രോഹിക്കുന്നു എന്നല്ലേ അർത്ഥം? പല്ല് വിരലിനെ കടിച്ച് മുറിവേൽപ്പിച്ചാൽ ആരെയാണ് കുറ്റപ്പെടുത്തുക? അതുപോലെ ഒരു ദേവനെ ഒരുവന്റെ ദു:ഖത്തിന് കാരണമായി കണ്ടാൽ ആ ദേവൻ സ്വയം പീഢിപ്പിക്കുന്നു - ദേവൻമാർ ഓരോ ശരീരഭാഗങ്ങളുടെയും അധിദേവതകളത്രെ. പീഢനം ആത്മാവിനേൽക്കുന്നില്ല. കാരണം മനസ്സിനും ഇന്ദ്രിയങ്ങൾക്കും അതീതനാണല്ലോ ആത്മാവ്. എന്നാൽ ആത്മാവാണ് ദു:ഖത്തിനുത്തരവാദി എന്നു വന്നാൽ സ്വന്തം ആത്മാവിനോട് കയർത്തു നിൽക്കുന്നതിൽ എന്താണൊരു യുക്തി? നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും മറ്റും അവയുടെ ഉപകാരപ്രദവും ദ്രോഹപരവുമായ സ്വാധീനം ചെലുത്താൻ കഴിയുന്നത് ശരീരത്തിൽ മാത്രമാണ്.

അപ്പോൾ ഞാൻ -ആത്മാവ്- അവയോട് ക്രോധം വച്ചു പുലർത്തുന്നതെന്തിനാണ്? അതുപോലെ കർമ്മം ബാധിക്കുന്നത് ശരീരത്തെയാണ്. കർമ്മമാണ് ശരീരത്തിന്റെ ഹേതു. ശരീരം ദ്രവ്യവും ആത്മാവ് ശുദ്ധബോധവുമത്രെ. വെറും ദ്രവ്യവസ്തുവിനോ, ശുദ്ധബോധത്തിനോ സ്വയം പ്രവർത്തിക്കാൻ കഴിവില്ലാത്തതുകൊണ്ട്, കർമ്മത്തെ വാസ്തവമെന്ന് പറയാൻ വയ്യ. എന്നാൽ സമയത്തെ കുറ്റപ്പെടുത്താമെന്നുവച്ചാൽ ആത്മാവും കാലവും പരംപൊരുളുമായി താദാത്മ്യം പ്രാപിച്ചിരിക്കുന്നതുകൊണ്ട് അതും യുക്തിയല്ല. അതുകൊണ്ട് സർവ്വാന്തര്യാമിയും, അപരിമേയനും, ശുദ്ധബോധവും, ദ്രവ്യാവസ്ഥകൾക്ക് വിധേയമല്ലാത്തതും ആയ ആത്മാവിന് നമുക്കുണ്ടാകുന്ന ദു:ഖങ്ങളിൽ യാതൊരു പങ്കുമില്ല. മായികമായ അഹങ്കാരബോധത്തിനാലാണ് ദു:ഖം ഉണ്ടാവുന്നത്. ഈ സത്യമറിഞ്ഞവന് ഒരു ജീവിയേയും ഭയപ്പെടേണ്ടതില്ല. ഈ സാക്ഷാത്ക്കാരത്തിൽ മനസ്സുറപ്പിച്ച് ഭഗവാൻ കൃഷ്ണന്റെ കൃപയാൽ ഈ മായികമായ സംസാരത്തിനെ ഞാനുപേക്ഷിക്കുന്നതാണ്.

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
അങ്ങിനെ നിങ്ങൾ സർവ്വാത്മനാ എന്നിൽ ശ്രദ്ധകേന്ദ്രീകരിച്ച് മനസ്സു നിയന്ത്രിക്കൂ. ഇതാണ് ഉത്തമമായ യോഗം. ആരൊരുവൻ ആവേശഭരിതവും ഉദാത്തവുമായ ഈ അവന്തിബ്രാഹ്മണ ചരിതം ധ്യാനിക്കുന്നുവോ അയാളെ സുഖദു:ഖങ്ങൾ തുടങ്ങിയ ദ്വന്ദഭാവങ്ങൾ ബാധിക്കുന്നതല്ല.

**ഏഷ സാംഖ്യവിധി: പ്രോക്ത: സംശയഗ്രന്ഥിഭേദന:**
**പ്രതിലോമാനുലോമാഭ്യാം പരാവരദൃശാ മയാ (11–24–29)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ഏതൊരു ജ്ഞാനംകൊണ്ട് ഒരുവൻ അജ്ഞാനത്തിൻെറയും മോഹത്തിൻെറയും ദു:ഖത്തിൻെറയും ബന്ധനത്തിൽ നിന്നും മോചിതനാവുമോ, ആ ജ്ഞാനം ഞാൻ നിങ്ങൾക്കായി പറഞ്ഞു തരാം.

സൃഷ്ടിക്കു മുൻപ് പരബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ അപരിമേയസത്വത്തിൽ ദ്വന്ദഭാവസാദ്ധ്യത അടങ്ങിയിട്ടുള്ള, മാസ്മരികശക്തിയുള്ള മായ ഉയർന്നു. ഈ ദ്വന്ദത, പ്രകൃതിയുടെ ആവിർഭാവത്തോടെ നിലവിൽവന്നു. പ്രകൃതിയെ കാര്യകാരണങ്ങൾ, പുരുഷൻ, ബോധം എന്നിങ്ങിനെ തരംതിരിച്ചിട്ടുണ്ട്. കാലത്തിൻെറ രൂപത്തിൽ ഞാൻ പ്രകൃതിയുടെ സമതുലിതാവസ്ഥക്ക് ഭംഗമേൽപ്പിച്ചതിൻെറ ഫലമായി സത്വ-രജ-തമോഗുണങ്ങൾ ഉണ്ടായി. അതിൽനിന്നു വിശ്വസൂത്രമാനും (ദ്വന്ദഭാവത്തിനും ജീവൻെറ ആവിർഭാവത്തിനും സാദ്ധ്യതയേകുന്നത്) മഹത്തും (വിശ്വബോധം) ഉളവായി. മഹത്തിൽനിന്നും അഹങ്കാരം (വിശ്വാവബോധം) ഉണ്ടായി. അവയെ സാത്വീകഹങ്കാരം, താമസാഹങ്കാരം എന്നിങ്ങിനെ വിഭാഗിച്ചിരിക്കുന്നു.

സാത്വീകഹങ്കാരത്തിൽനിന്നും ദേവതകൾ, രജസീകാഹങ്കാരത്തിൽ നിന്നും ഇന്ദ്രിയങ്ങൾ, തമസാഹങ്കാരത്തിൽ നിന്നും മൂലഭൂതങ്ങൾ, ഇവ ഉണ്ടായി. ഈ അഹങ്കാരത്തെ ആത്മീയമായും ദ്രവ്യപരമായും, ഇവ തമ്മിലുള്ള കണ്ണിയായും കണക്കാക്കി വരുന്നു. ഇവയെല്ലാം ചേർന്ന് വിശ്വണ്ഡമായി വിശ്വപ്രളയജലത്തിൽ കിടന്നു. അതിൽ നാരായണനായി ഞാൻ ആവിർഭവിച്ചു. എൻെറ നാഭിയിൽനിന്നും സൃഷ്ടികർത്താവായ ബ്രഹ്മാവ് ജനിച്ചു. അദ്ദേഹം ഈ വിശ്വം മുഴുവൻ മൂന്നുതരം ഭൂഗോളങ്ങൾ കൊണ്ടുണ്ടാക്കി. ഭൂലോകം (ഭൂമിയും പാതാളങ്ങളും), ഭുവർലോകം (ഇടനിലയ്ക്കുള്ള ലോകങ്ങൾ), സ്വർലോകം (സ്വർഗ്ഗങ്ങൾ) എന്നിവ. ഈ ലോകങ്ങളിൽ മനുഷ്യരും, അതിമാനുഷരും, ഉപമാനുഷരും അവരുടെ കർമ്മങ്ങൾ അനുഭവിച്ചുതീർക്കുന്നു. സ്വർലോകത്തിനുമപ്പുറം മഹർലോകം, ജനലോകം, തപോലോകം, സത്യലോകം, എന്നിവയാണ്. യോഗാഭ്യാസം, തപസ്സ്, സന്യാസം എന്നിവയിലൂടെ ഈ ലോകങ്ങൾ പ്രാപ്യമാണ്. അതിനെല്ലാമപ്പുറം എൻെറ വാസസ്ഥലമത്രെ. അവിടെയെത്താൻ ഭക്തികൊണ്ടു മാത്രമേ സാധിക്കൂ.

പ്രകൃതിയുടെയും പുരുഷൻെറയും പ്രകടിതരൂപമാണ് സൃഷ്ടികൾ മുഴുവനും. സൃഷ്ടി തുടങ്ങിയപ്പോൾ ഈ രണ്ടു സത്വങ്ങളേ ഉണ്ടായിരുന്നുള്ളൂ. സൃഷ്ടി അവസാനിക്കുമ്പോഴും ഇവർ മാത്രം അവശേഷിക്കും. അതുകൊണ്ട്, സത്യമെന്തെന്നാൽ അവർ മാത്രമേ ഇപ്പോഴും നിലനിൽക്കുന്നുള്ളൂ. പ്രളയകാലം വരുമ്പോൾ സൃഷ്ടിക്കപ്പെട്ടവ മുഴുവനും ഭൂമിയിൽ പ്രവേശിക്കും, ഭൂമി ജലത്തിൽ ലയിക്കും, ജലം അഗ്നിയിൽ ലയിക്കും, അഗ്നി വായുവിലും, വായു ആകാശത്തിലും മറയുന്നു. അങ്ങിനെ ഓരോന്നും അതാതിൻെറ സ്വാഭാവിക ഗുണങ്ങളിലേക്ക് മറയുന്നു. കാര്യം, കാരണത്തിലേക്ക് മടങ്ങിപ്പോവുന്നു. അങ്ങിനെ എല്ലാം അഹങ്കാരത്തിൽ നിമഗ്നമാവുന്നു. അഹങ്കാരം മഹത് തത്ത്വത്തിലും, ത്രിഗുണമാർന്ന മഹത്തത്ത്വം പ്രകൃതിയിലും, പ്രകൃതി പുരുഷൻമാർ വിശ്വപുരുഷനിലും, മായാധിപതിയായ വിശ്വപുരുഷൻ എന്നിലും ലയിക്കുന്നു. "ഞാനിവിടെ വിവരിച്ച സാംഖ്യതത്വം ദു:ഖഹേതുവായ സംശയങ്ങളെയും മോഹത്തെയും നശിപ്പിക്കുന്നു."

ॐ



**നി: സംഗോ മാം ഭജേദ്വിദ്വാനപ്രമത്തോ ജിതേന്ദ്രിയ:**
**രജസ്തമശ്ചാഭിജയേത് സത്ത്വസംസേവയാ മുനി: (11-25-34)**
**സത്ത്വം ചാഭിജയേദ്യുക്തോ നൈരപേക്ഷ്യേണ ശാന്തധീ:**
**സംപദ്യതേ ഗുണൈർമുക്തോ ജീവോ ജീവം വിഹായമാം (11-25-35)**
**ജീവോ ജീവവിനിർമുക്തോ ഗുണൈശ്ചാശയസംഭവൈ:**
**മയൈവ ബ്രഹ്മണാ പൂർണ്ണോ ന ബഹിർന്നാന്തരശ്ചരേത് (11-25-36)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ഉദ്ധവരേ, ഇനിഞാൻ ത്രിഗുണങ്ങൾ മനുഷ്യനെ എങ്ങിനെ സ്വാധീനിക്കുന്നു എന്നു പറഞ്ഞു തരാം. ഓരോ ഗുണങ്ങളും വ്യതിരിക്തമായ ഓരോ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. അവ ഓരോ സ്വഭാവങ്ങളായി അവതരിക്കുന്നു. സത്വഗുണം, ആത്മസംയമനം, സഹനശക്തി, വിരക്തി, സത്യസന്ധത, വിശ്വാസം, വിനയം, ദയവ്, അവബോധം, സംതൃപ്തി, സന്യാസം, നിർമമത, ആത്മാരമ്യത എന്നിവയിലൂടെ അവ പ്രകടമാവുന്നു. കാമം, സ്വാർത്ഥപരമായ കർമ്മങ്ങൾ, ധിക്കാരവും മർക്കടമുഷ്ടിയും, ആർത്തി, ദംഭ്, ആഗ്രഹം, ബുദ്ധിപരമല്ലാത്ത വിവേചനം, സുഖാന്വേഷണം, സാഹസികത, അത്യുൽസാഹം, പ്രശസ്തി തേടൽ, അലംഭാവം, ഒതുക്കമില്ലാത്ത പൊട്ടിച്ചിരി, ഊർജ്ജം, ശക്തി, പരിശ്രമം എന്നിവയാണ് രജോഗുണപ്രകടനങ്ങൾ. ദേഷ്യം, അത്യാഗ്രഹം, തിന്മ, ക്രൂരത, യാചന, കപടത, ആലസ്യം, യോജിപ്പില്ലായ്മ, ദു:ഖം, വ്യാമോഹം, മയക്കം, പ്രതീക്ഷ, ഉറക്കംതൂങ്ങൽ, ആഗ്രഹം, ഭയം, മടി ഇവയെല്ലാം തമോഗുണജന്യമത്രെ. ഗുണങ്ങൾ മിക്കവാറും പലേ അളവുകളിൽ പരസ്പരം കൂട്ടിച്ചേർന്ന് പ്രകടിതമാവുന്നു. അതുകൊണ്ട് മനുഷ്യൻെറ സ്വഭാവങ്ങളും അപ്രകാരം മേൽപ്പറഞ്ഞ പ്രകടിതഗുണങ്ങളുടെ ഒരു മിശ്രിതരൂപമാർജ്ജിച്ചിരിക്കുന്നു. ഒരുവൻ ധാർമ്മീകാചാരങ്ങളോട് അതീവഭക്തിയുള്ളവനാണെങ്കിലും സ്വാർത്ഥപരമായ ആഗ്രഹസാദ്ധ്യത്തിനാവാം അപ്രകാരം ആചരിക്കുന്നത്. രണ്ടുതരം ഗുണങ്ങൾ കൂടിക്കലർന്ന പ്രകടിതഭാവം വ്യക്തമാക്കാൻ ഈ ഉദാഹരണം മതിയല്ലോ.

ഇഹലോകത്തിലെ വസ്തുക്കളെല്ലാം - സ്ഥലങ്ങൾ, പഴവർഗ്ഗങ്ങൾ, സമയം, അറിവ്, കർമ്മം, കർമ്മി, വിശ്വാസം, ബോധതലങ്ങൾ, ജനനം, വിധി - സാത്വീകമെന്നും, രാജസീകമെന്നും താമസീകമെന്നും തരം തിരിക്കപ്പെട്ടിരിക്കുന്നു. ഈ ഗുണങ്ങളെല്ലാം എപ്പോഴും ചുറ്റിത്തിരിഞ്ഞ് ഒന്നു മറ്റൊന്നിനെ വെന്നു നിലകൊള്ളുന്നു. അങ്ങിനെ ചിലപ്പോൾ ഒരു ഗുണം പ്രധാനമായി കാണപ്പെടുന്നു. മറ്റുഗുണങ്ങൾ തുലോം ഒതുങ്ങിയതായും അനുഭവപ്പെടുന്നു. പൊതുവേ പറഞ്ഞാൽ സാത്വീകഗുണം ആത്മാവിനെ എൻെറയടുത്തേക്കുയർത്താൻ പര്യാപ്തമത്രെ. ഇഹലോകത്തോ സ്വർഗ്ഗത്തോ ലഭിക്കാവുന്ന പ്രതിഫലത്തെപ്പറ്റി സ്വാർത്ഥചിന്തയേതുമില്ലാത്ത പരമഭക്തികൊണ്ട് ഇതു സാദ്ധ്യമാണ്. രജോഗുണം മനുഷ്യനെ സദാ ശാന്തരഹിതനാക്കി നിലനിർത്തി സുഖാന്വേഷണത്വരിതനും മനുഷ്യതലത്തിൽ ലാഭേച്ചരുവുമാക്കി തീർക്കുന്നു. തമോഗുണമാകട്ടെ ഒരുവനെ താഴ്ന്നതലങ്ങളിലേക്ക് - നിലനിൽപ്പിൻെറയും, ബോധതലങ്ങളുടെയും, സ്വഭാവത്തിൻെറയും, പെരുമാറ്റത്തിൻെറയും - നയിക്കുന്നു. ഒരുവൻെറ ഭാവിജൻമം സ്വാഭാവികമായും ഒരുവൻെറ മരണസമയത്തെ ഗുണാവസ്ഥയനുസരിച്ചിരിക്കുന്നു.

ത്രിഗുണങ്ങളുടെ പ്രവർത്തനങ്ങളെ ഒരുവൻ സശ്രദ്ധം പഠിക്കേണ്ടതും എല്ലാ കാര്യത്തിലും രജോഗുണത്തിനും തമോഗുണത്തിനുമുപരിയായി സത്വഗുണത്തെ വരിക്കേണ്ടതുമാണ്. അതുകഴിഞ്ഞ് സത്വഗുണത്തെ സത്വംകൊണ്ട് തന്നെ വിജയിക്കണം. അങ്ങിനെ സൂക്ഷ്മശരീരത്തിൽ നിന്നും സ്വയം വിടുവിച്ച് എന്നിലെത്തിച്ചേരുക. കാരണം, സത്വഗുണമായിരിക്കരുത് ജീവതലക്ഷ്യം. ഒരുവൻ തൻെറ നിത്യജീവിതവും കർമ്മങ്ങളും എല്ലാം എനിക്കായി സമർപ്പിച്ച് എനിക്കുവേണ്ടി ജിവിക്കുന്നുവെങ്കിൽ അയാൾ ത്രിഗുണങ്ങളുടെ സ്വാധീനവലയത്തിൽപ്പെടുകയില്ല. അങ്ങിനെ ജീവസങ്കൽപ്പത്തിനും ഗുണസങ്കൽപ്പത്തിനും അതീതനായിരിക്കുന്ന ഒരുവൻ എന്നിൽനിന്ന് അകലത്തേക്കോ പുറത്തേക്കോ പോകുന്നില്ല. സദാ എന്നിൽത്തന്നെ അയാൾ ജീവിക്കുന്നു.

**കിംവിദ്യയാ കിം തപസാ കിം ത്യാഗേന ശ്രുതേന വാ**
**കിം വിവിക്തേന മൌനേന സ്ത്രീഭിര്യസ്യ മനോ ഹൃതം (11–26–12)**
**സ്വാർത്ഥസ്യാകോവിദം ധിങ്മാം മൂർഖം പണ്ഡിത മാനിനം**
**യോƒഹമീശ്വരതാം പ്രാപ്യ സ്ത്രീഭിർഗ്ഗോഖരവജ്ജിത: (11–26–13)**
**കിമേതയാ നോƒപകൃതം രജ്ജ്വാ വാ സർപ്പചേതസ:**
**രജ്ജുസ്വരൂപാവിദുഷോ യോƒഹം യദജിതേന്ദ്രിയ: (11–26–17)**
**പിത്രോ കിം സ്വം നു ഭാര്യായാ: സ്വാമിനോƒഗ്നേ ശ്വഗൃധ്രയോ:**
**കിമാത്മന: കിം സുഹൃദാമിതി യോ നാവസീയതേ (11–26–19)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*

എന്നിൽ ഭക്തനായുള്ള ഒരു ജ്ഞാനി എന്നിൽ നിന്നും "പുറത്തേക്ക് പോവുകയില്ല". അയാൾക്ക് മായാമൂടുപടം മാറ്റാനുള്ള അറിവും വസ്തുവകകളിലുള്ള ആസക്തിയും സുഖാന്യേഷണബോധവും വെറും പൊള്ളയാണെന്ന അറിവുണ്ടായിരിക്കും. അപ്രകാരമുള്ള ഭക്തിയുണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നവർ സത്രീകളുടെയും ഇന്ദ്രിയസുഖാന്യേഷികളുടെയും സംഗം ഉപേക്ഷിക്കേണ്ടതാണ്. കാരണം, അവർ സത്യത്തെ മറയ്ക്കുന്ന ഇരുട്ടാണ്. അവരോടു കൂട്ടുചേരുന്നവരേക്കൂടി അവർ അന്ധതയിലാഴ്ത്തുന്നു. നിങ്ങൾക്കറിയാം പുരൂരവസ്സ് ഊർവ്വശിയുമായി ജീവിച്ച കഥ. ഊർവ്വശി പുരൂരവസ്സിനെ ഉപേക്ഷിച്ചു പോയിക്കഴിഞ്ഞപ്പോൾ അവളെ തിരിച്ചു കിട്ടാൻ അയാൾ ഓടിയലഞ്ഞു നടന്നു. "നീൽക്കൂ ഒരു നിമിഷം നിൽക്കൂ", എന്നു പറഞ്ഞ് നഗ്നനായി അയാൾ അവൾക്കു പിറകേ ഓടിച്ചെന്നു. അവസാനം ഹതാശനായി സ്വയം ഇങ്ങിനെ പറഞ്ഞു: "ഭയങ്കരവും ശക്തിമത്തുമാണീ മതിഭ്രമം. അതിന്റെ സ്വാധീനത്തിൽപ്പെട്ട് ഞാൻ വർഷങ്ങൾ വൃഥാവിലാക്കി. എന്റെ ജീവിതത്തിന്റെ നല്ലൊരുകാലം അറിയാതെ കടന്നുപോയി. എന്നെ നോക്കൂ. വലിയ ചക്രവർത്തിയും പ്രതാപവാനുമാണെങ്കിലും ഞാൻ ഒരു സ്ത്രീക്കു പിറകേ നഗ്നനായി ഭ്രാന്തുപിടിച്ചു നടന്നു. വിരക്തി, സന്യാസം, വൈദീകപഠനം, മൗനം ഇവകൊണ്ടൊക്കെ സ്ത്രീക്കടിമപ്പെട്ട ഹൃദയമുള്ളവന് എന്താണു പ്രയോജനം? എന്റെ അവസ്ഥ പരിതാപകരം തന്നെ. എന്റെ ശരിയായ താത്പര്യങ്ങളെപ്പറ്റി എനിക്കറിയില്ല. ഞാൻ സ്വയം പഠിച്ചവനും വിവേകിയുമാണെന്നഭിമാനിക്കുന്നു. എന്നാൽ ഞാനൊരു പടുവിഡ്ഢി. ഞാൻ പലേ ശക്തികളും ആർജ്ജിച്ചിട്ടുണ്ടെങ്കിലും സ്ത്രീയാൽ പരാജിതനത്രെ. ഇത്രകാലത്തെ ആസ്വാദനത്തിനുശേഷവും എന്റെ സുഖാന്യോഷണത്വര മാറിയിട്ടില്ല. ഇന്ദ്രിയാസ്വാദനത്വര കൂടിയിട്ടേയുള്ളു. ഭഗവാനുമാത്രമേ എന്നെ ഈ നരകത്തിൽ നിന്നു കരകയറ്റുവാൻ കഴിയൂ. ഒരു സ്ത്രീയെ കുറ്റപ്പെടുത്തുന്നതിൽ എന്താണു കാര്യം? കയറിന്റെ കുഴപ്പമാണോ ഒരുവൻ അതിനെ പാമ്പായി കാണുന്നത്? മനുഷ്യന്റെ ആസക്തി തന്നെയാണ് അവന്റെ പതനത്തിനു കാരണം."

"എല്ലാം ഈ ശരീരത്തിനുവേണ്ടി എന്നാണെങ്കിൽ, ആരുടേതാണീ ശരീരം? ആർക്കറിയാം? ഇത് അച്ഛനമ്മമാർക്ക് സ്വന്തമാണോ? ഭാര്യക്കോ? തൊഴിലുടമയ്ക്കോ? അഗ്നിക്കോ? നായക്കോ? കഴുകനോ? ആത്മാവിനോ? സുഹൃത്തുക്കൾക്കോ? ആർക്കറിയാം? ശരീരത്തെ താനെന്നു കരുതി മനുഷ്യൻ ഇന്ദ്രിയങ്ങൾക്ക് സുഖസംവേദനത്തിനുതകുന്ന വസ്തുവകകൾ അന്യേഷിക്കുന്നു. ഇന്ദ്രിയലാളനാക്ഷമമായ വസ്തുക്കളോട് മനസ്സു തിരിക്കാതിരിക്കുമ്പോൾ അതു ശാന്തമാവുന്നു. എന്നാൽ അറിവുള്ളവൻ മന്സ്സിനെയും ഇന്ദ്രിയങ്ങളെയും വിശ്വസിക്കരുത്. അയാൾ സ്ത്രീകളെയും സ്ത്രീകളെ ഇഷ്ടപ്പെടുന്നവരേയും അവഗണിക്കണം." എന്നിങ്ങിനെ തീരുമാനമെടുത്ത് പുരൂരവസ്സ് ഹൃദയം എന്നിലുറപ്പിച്ച് എന്നെ പ്രാപിച്ചു. അറിവുള്ളവൻ എല്ലാവിധ ദുഷ്ടസംഗവും ഉപേക്ഷിച്ച് ഭക്തരുടെയും മഹർഷിമാരുടെയും സത്സംഗം തേടണം. കാരണം, അവരുമായുള്ള സഹവാസം, സംസാരസാഗരം കടക്കുവാനുള്ള തോണിയത്രെ. ജീവികൾക്ക് ആഹാരം അവശ്യം. കഷ്ടത അനുഭവിക്കുന്നവർക്ക് ഏകാശ്രയം ഞാനാകുന്നു. മനുഷ്യന്റെ ഏക സമ്പത്ത് ധർമ്മം. എന്നാൽ മോക്ഷമാഗ്രഹിക്കുന്നവർക്കുള്ള ഏക ആശ്രയം സാത്വീകരുമായുള്ള സംഗം മാത്രമത്രെ.

**അഭ്യർച്ച്യാഥ നമസ്കൃത്യ പാർഷദേഭ്യോ ബലിം ഹരേത്**
**മൂലമന്ത്രം ജപേദ്ബ്രഹ്മ സ്മരന്നാരായണാത്മകം (11-27-42)**
**സ്തവൈരുച്ചാവചൈ: സ്തോത്രൈ: പൌരാണൈ: പ്രാകൃതൈരപി**
**സ്തുത്വാ പ്രസീദ ഭഗവന്നിതി വന്ദേത ദണ്ഡവത് (11-27-45)**
**ശിരോ മത്പാദയോ: കൃത്വാ ബാഹുഭ്യാം ച പരസ്പരം**
**പ്രപന്നം പാഹി മാമീശ ഭീതം മൃത്യുഗ്രഹാർണ്ണവാത് (11-27-46)**
**അർച്ചാദിഷു യദാ യത്ര ശ്രദ്ധാ മാം തത്ര ചാർച്ചയേത്**
**സർവ്വഭൂതേഷ്വാത്മനി ച സർവ്വാത്മാഹമവസ്ഥിത: (11-27-48)**

*ഉദ്ധവൻ പറഞ്ഞു:*
ക്രിയായോഗമാണ് മനുഷ്യന് സാധിക്കാവുന്നതിൽ ഏറ്റവും ഉദാത്തമായുള്ളത് എന്ന് മഹർഷിവര്യൻമാർ പറഞ്ഞിട്ടുണ്ടല്ലോ. ദയവായി എനിക്കതു പഠിപ്പിച്ചു തന്നാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ഞാൻ ചുരുക്കത്തിൽ ക്രിയായോഗമെന്നാൽ എന്തെന്ന് വിശദീകരിക്കാം. മൂന്നുതരത്തിൽ എന്നെ പൂജിക്കാവുന്നതാണ് - വൈദീകം, താന്ത്രികം, ഇവ കൂടാതെ രണ്ടും ചേർന്ന് മറ്റൊരു രീതി. ഏതു പാത വേണമെങ്കിലും ഒരുവന് ഇഷ്ടാനുസരണം തിരഞ്ഞെടക്കാം.

രാവിലെ ഉണർന്നു കഴിഞ്ഞാൽ ഒരുവൻ പല്ലുതേച്ച് ദേഹശുദ്ധി വരുത്തണം. ദേഹത്ത് കളിമണ്ണും മറ്റും പൂശി ഉരച്ച് കഴുകി വേണം കുളിക്കാൻ. ലൗകീകപരമായ കടമകളെ ഒന്നും അവഗണിക്കാതെ, ധർമ്മാചാരമര്യാദകളനുസരിച്ച് ജീവിച്ചുകൊണ്ട് അയാൾ എന്നെ പൂജിക്കട്ടെ. എട്ടു തരത്തിലുള്ള മൂർത്തികളാവാം - കല്ല്, മരം, ലോഹം, മണ്ണ്, ചന്ദനം, ചായം, മണൽ, വിലപിടിച്ച കല്ലുകൾ - അല്ലെങ്കിൽ മനസ്സിൽ സങ്കൽപ്പിച്ച എതെങ്കിലും ചരമോ അചരമോ ആയ മൂർത്തിയെ വച്ചും പൂജകൾ ചെയ്യാം. ആ മൂർത്തികളിൽ ഉചിതമായ പൂജകൾ ചെയ്യണം. ഹൃദയത്തിലുറപ്പിച്ച മൂർത്തിയെ പ്രേമമൊന്നുകൊണ്ട് മാത്രം പൂജിക്കണം. ഭക്തൻ, കിഴക്കോട്ടോ, വടക്കോട്ടോ അല്ലെങ്കിൽ മൂർത്തിക്കഭിമുഖമായോ ഇരുന്ന് എനിക്കും ഉചിതമായ ആസനം നൽകണം. എന്നിട്ട് സ്നാനം, വസ്ത്രം, ആഭരണങ്ങൾ, ആഹാരം എന്നിവയെല്ലാം അർപ്പിച്ച് സ്വന്തം ശരീരത്തിൽ എൻെറ സജീവസാന്നിദ്ധ്യം അനുഭവവേദ്യമാക്കിത്തീർക്കണം.

അതു കഴിഞ്ഞ് യാഗാഗ്നിയിലൂടെ എന്നെ പൂജിക്കണം. അഗ്നിയിൽ ഉചിതമായ മന്ത്രോച്ചാരണങ്ങളോടെ നെയ്യൊഴിക്കണം. അങ്ങിനെ എന്നേയും അഗ്നിയേയും പൂജിച്ചിട്ട് അയാൾ സ്വന്തം ഇഷ്ടമന്ത്രമുരുക്കഴിച്ച് അനന്തനായ നാരായണനായി എന്നെ ധ്യാനിക്കണം. പിന്നീട് പുരാണങ്ങളിലും മറ്റും ഉള്ള കീർത്തനങ്ങൾ പാടി എൻെറ മഹിമാവിലാസങ്ങളെ പ്രകീർത്തിക്കണം. ഭഗവാനേ, രക്ഷിച്ചാലും, എന്നെ സംരക്ഷിച്ചാലും എന്നാവർത്തിച്ച് എനിക്ക് മുന്നിൽ ദണ്ഡനമസ്ക്കാരം ചെയ്യണം. എൻെറ കാൽക്കൽ നമസ്ക്കരിച്ച് 'ഈ സംസാരസാഗരത്തിൽ നിന്നെന്നെ രക്ഷിക്കണമേ' എന്ന് പ്രാർത്ഥിക്കണം. എൻെറ ഭക്തന് ഏത് ഇഷ്ടരൂപത്തിലും ഭാവത്തിലും എവിടെ വച്ചും എന്നെ പൂജിക്കാം. കഴിവുള്ളവർ എനിക്കു വേണ്ടി ഒരു ദേവാലയം പണിയട്ടെ. അതുകൊണ്ട് അയാൾ വലിയ പുണ്യമാർജ്ജിക്കുന്നു.

*ഈ അദ്ധ്യായത്തിൽ പലേ തരത്തിലുള്ള കർമ്മങ്ങളെപ്പറ്റി വിവരണങ്ങളുണ്ട്. അത്തരം പൂജാക്രമങ്ങൾ ചെയ്യുന്ന ഒരാളിൽ നിന്നും നേരിട്ടാണ് ഈ കാര്യങ്ങൾ പഠിക്കേണ്ടത്.*

**കിം ഭദ്രം കിമഭദ്രം വാ ദ്വൈതസ്യാവസ്തു ന: കിയത്**
**വാചോദിതം തദനൃതം മനസാ ധ്യാതമേവ ച (11-28-4)**
**യോഗധാരണയാ കാംശ്ചിദാസനൈർദ്ധാരണാന്വിതൈ:**
**തപോമന്ത്രൌഷധൈ: കാംശ്ചി ദുപസർഗ്ഗാൻ വിനിർദ്ദഹേത് (11-28-39)**
**കാംശ്ചിൻമമാനുധ്യാനേന നാമസങ്കീർത്തനാദിഭി:**
**യോഗേശ്വരാനുവൃത്ത്യാ വാ ഹന്യാദശുഭദാൻ ശനൈ: (11-28-40)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
അറിവുള്ളവൻ, ഏകത്വം മാത്രമാണ് പരമസത്യം എന്നറിയാവുന്നതുകൊണ്ട് ലോകത്തുള്ള യാതൊന്നിനേയും പുകഴ്ത്തുകയോ, ഇകഴ്ത്തുകയോ ഇല്ല. നാനാത്വം എന്നത് ജീവൻെറ സുഷുപ്തിയായ അജ്ഞാനത്തിൻെറ സന്തതിയത്രെ. അതൊരു നീണ്ട സ്വപ്നം. കാര്യങ്ങൾ അങ്ങിനെയായിരിക്കെ എന്താണ് നൻമ? എന്താണ് തിൻമ? "എന്തെല്ലാം വാക്കുകൾ കൊണ്ട് വിവരിക്കാമോ, എന്തെല്ലാം മനസ്സിൽ ആലോചിക്കാമോ, അതെല്ലാം അസത്യമത്രെ."

*ഉദ്ധവർ ചോദിച്ചു:* ഭഗവാനേ, ശരിരമെടുക്കുന്ന സത്ത എന്ത്?

*ഭഗവാൻ കൃഷ്ണൻ അരുളി:* ഉറങ്ങിക്കിടക്കുന്ന ജീവാത്മാവ് ഈ വൈവിദ്ധ്യമാർന്ന ലോകത്തെ സ്വപ്നം കാണുന്നിടത്തോളവും, ഇന്ദ്രിയങ്ങളുമായും ഇന്ദ്രിയവസ്തുക്കളുമായും ഇടപഴകുന്ന കാലത്തോളവും വിഘ്നങ്ങളെ മനസ്സായും അതിൻെറ മാറ്റങ്ങളായും ബന്ധമുണ്ടാക്കുന്ന കാലത്തോളവും, ഒരു ശരീരത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറിമാറിപോകുന്നതായി അത് സ്വപ്നം തുടർന്നുകൊണ്ടേയിരിക്കും. ശരീരമായും, ഇന്ദ്രിയങ്ങളുമായും, ജിവശക്തിയുമായും, മനസ്സുമായും താദാത്മ്യം പ്രാപിക്കുന്ന അന്തരാത്മാവിനെ ജീവൻ എന്നു പറയുന്നു. അജ്ഞാനാവസ്ഥയിൽ, ഈ ജീവനാണ് ദു:ഖമനുഭവി ക്കുന്നതായി തോന്നുന്നത്. വാസ്തവത്തിൽ ജീവനെ ദു:ഖം ബാധിക്കുന്നില്ല. വിവേകമുദിക്കുമ്പോൾ അതിൻെറ വെളിച്ചത്തിൽ ഒരുവൻ, തൻെറ ശരീരവും, ലോകംതന്നെയും മാറ്റങ്ങൾക്കു വിധേയമാകുന്നതിൽ ആത്മാവിന് യാതൊരു പങ്കുമില്ലെന്നും മനസ്സിലാക്കുന്നു. അതോടെ ബന്ധമുക്തനായി, വ്യാമോഹരഹിതനായി എല്ലാ ആർത്തികൾക്കും ദു:ഖങ്ങൾക്കും അതീതനായി ലോകത്ത് അലഞ്ഞുതിരിയാൻ അയാൾക്കു കഴിയും. ദ്വൈതഭാവത്തിന് നിലനിൽപ്പില്ല തന്നെ. സൃഷ്ടിക്കുമുൻപ് ഞാൻ മാത്രമേയുണ്ടായിരുന്നുള്ളു. സംഹാരത്തിനു ശേഷവും ഞാൻ മാത്രം. അതിനാൽ എന്തെന്തു രൂപഭാവങ്ങളിലാലോചിച്ചാലും ഞാൻ മാത്രമേ ഇപ്പോഴും നിലനിൽക്കുന്നുള്ളു. സ്വർണ്ണം എപ്പോഴും സ്വർണ്ണം തന്നെ. ഏതെല്ലാം രൂപങ്ങളിലുള്ള ആഭരണങ്ങളുടെ രൂപമെടുത്താലും സ്വർണ്ണം ഒന്നു തന്നെ. അതുകൊണ്ട് ഈ ദ്വൈതഭാവത്തിൻെറ മൂടൽമഞ്ഞിനുപരി മുകളിലുയർന്ന് ആത്മജ്ഞാനപ്രകാശത്തിൽ മുങ്ങാൻ വിവേകബുദ്ധി വളർത്തിയെടുക്കുക. അതുണ്ടാകുംവരെ വ്യാമോഹത്തിനടിപ്പെട്ട ജീവൻ പുതിയ ശരീരങ്ങളെടുത്തു കൊണ്ടേയിരിക്കും. ആത്മസാക്ഷാത്ക്കാരം എന്ന പരിപൂർണ്ണത എത്തിയാലല്ലാതെ മറ്റൊന്നും മോക്ഷദായകമല്ല. അതുണ്ടാവുംവരെ വൈവിദ്ധ്യ ഭാവസന്തതികളായ കാമവും ആർത്തിയും വീണ്ടുംവീണ്ടും ആവർത്തിച്ചു കൊണ്ടേയിരിക്കും. ശരിയായി ചികിൽസിക്കാത്ത അസുഖം പോലെ. "പരിപൂർണ്ണ തയിലെത്താൻ പരിശ്രമിക്കുന്ന യോഗിക്ക് പാതയിൽ തടസ്സങ്ങൾ നേരിട്ടാൽ അവയെ തരണം ചെയ്യണം. ധ്യാനം കൊണ്ട്, അല്ലെങ്കിൽ യോഗാഭ്യാസങ്ങൾ കൊണ്ട്, തപശ്ചര്യകൾ കൊണ്ട്, പച്ചമരുന്നുകൾ കൊണ്ട്, മന്ത്രജപംകൊണ്ട്, പൂജാദികളും എന്നെക്കുറിച്ചുള്ള അപദാന കീർത്തനങ്ങൾ കൊണ്ട്, അതുമല്ലെങ്കിൽ മഹായോഗികളെ ഭക്തിപുരസ്സരം സേവിച്ച് വിഘ്നങ്ങളെ തരണം ചെയ്യണം." യോഗമഭ്യസിക്കുന്നവൻ എൻെറ കൃപയാൽ വിഘ്നങ്ങളാൽ കഷ്ടപ്പെടാനിടവരികയില്ല. അയാൾ താമസംവിനാ ഈശ്വരസാക്ഷാത്കാരം പൂകുന്നു.

*പരിപൂർണ്ണതയിൽ താഴെ - ആത്മസാക്ഷാത്കാരമെന്യേ യാതൊന്നിനും നമ്മെ മോചിപ്പിക്കാനാവില്ല. അതുവരെ ആർത്തിയും കാമവും വൈവിദ്ധ്യബോധത്തിൻെറ സന്തതികളായി ആവർത്തിച്ചുകൊണ്ടേയിരിക്കും.*

**നരേഷ്വഭീക്ഷ്ണം മദ്ഭാവം പുംസോ ഭാവയതോ*f* ചിരാത്**
**സ്പർദ്ധാസൂയാതിരസ്കാരാ: സാഹങ്കാരാ വിയന്തി ഹി (11-29-15)**
**വിസൃജ്യ സ്മയമാനാൻ സ്വാൻ ദൃശം വ്രീഡാം ച ദൈഹികീം**
**പ്രണമേദ്ദണ്ഡവദ് ഭൂമാവാശ്വചാണ്ഡാളഗോഖരം (11-29-16)**

*ഉദ്ധവൻ പറഞ്ഞു:*
ഭഗവൻ, അവിടുന്നു പഠിപ്പിച്ച ഈ യോഗമാർഗ്ഗം തുലോം ദുഷ്ക്കരമാണ്. മനോനിയന്ത്രണം ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യമാണ്. അതില്ലാതെ യോഗാഭ്യാസം അസാദ്ധ്യവുമാണല്ലോ. ഈ ദുർഘടത്തെ എങ്ങിനെ അതിജീവിക്കാമെന്നു പറഞ്ഞു തന്നാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
ഏതൊരു കാര്യംകൊണ്ട് എന്നെ ഏറ്റവും എളുപ്പത്തിൽ പ്രീതിപ്പെടുത്താനാവുമോ, അമരത്വം ലഭിക്കാനുതകുന്ന എറ്റവും നല്ല മാർഗ്ഗമേതാണോ, ഏതൊരു തരം യോഗമാർഗ്ഗമാണ് ഞാൻ ഉത്തമമെന്ന് കരുതുന്നത്, അതു ഞാൻ പറഞ്ഞു തരാം. മനസ്സു മുഴുവൻ എന്നിൽ സമർപ്പിച്ച്, ഹൃദയം മുഴുവൻ എന്നിലേയ്ക്കു തിരിച്ച്, സർവ്വാത്മനാ എല്ലാ പ്രവൃത്തികളും എനിക്കായി മാത്രം അനുഷ്ഠിക്കുക. എല്ലാ ജീവജാലങ്ങളിലും എന്നെമാത്രം ദർശിച്ച് സകലജീവികളോടും സമഭാവത്തോടെ വർത്തിക്കണം. ഉന്നതകുലജാതനായ ബ്രാഹ്മണനോടും ഭക്തനോടും അധമരിൽ അധമരായ കൃമികീടങ്ങളോടും സമദൃഷ്ടി വളർത്തിയെടുക്കുക. "ഇങ്ങിനെ ഇടതടവില്ലാതെ അഭ്യസിക്കുന്നപക്ഷം പകയുടെയും, വെറുപ്പിൻെറയും, മൽസരത്തിൻെറയും മറ്റുള്ളവരിൽ കുറ്റം കണ്ടുപിടിക്കുന്നതിൻെറയും പ്രവണത ഇല്ലാതാവുന്നു. ഇവയെല്ലാം ആത്മഗർവ്വത്തിൻെറ ഭാഗങ്ങളാണല്ലോ. യാതൊരു വിധത്തിലുള്ള നാണമോ മടിയോ കൂടാതെ, മറ്റുള്ളവർ എന്തു പറയും എന്ന ചിന്തയേതുമില്ലാതെ കഴുത പോലുള്ള മൃഗങ്ങളുടെ മുന്നിൽ പോലും വെട്ടിയിട്ട മരംപോലെവീണ് സാഷ്ടാംഗനമസ്ക്കാരം ചെയ്യണം." ഇങ്ങിനെ അയാൾ എല്ലാറ്റിനേയും അനന്തനായ പരബ്രഹ്മമെന്നു കണക്കാക്കാൻ ഇടവരുന്നു. ഇതാണ് ആത്മസാധനാമാർഗ്ഗങ്ങളിലെ ഏറ്റവും മഹത്തായ മാർഗ്ഗം. മഹത്തായ യോഗവും, ആത്മജ്ഞാനലാഭത്തിനുള്ള എളുപ്പമേറിയ മാർഗ്ഗവും ഇതു തന്നെ. ഈ പാതയിൽ നേട്ടങ്ങളല്ലാതെ, നഷ്ടങ്ങൾ യാതൊന്നും ഇല്ല. ഞാൻ സ്വയം നിർദ്ദേശിച്ച മാർഗ്ഗമായതു കൊണ്ട് ത്രിഗുണങ്ങൾക്ക് ഇതിനെ ബാധിക്കുക അസാദ്ധ്യം. എന്നിലേക്കർപ്പിക്കപ്പെട്ട പ്രവൃത്തികൾക്കൊന്നും ത്രിഗുണങ്ങൾ ബാധിക്കയില്ല. അതിനാൽ മുക്തിലാഭത്തിനുത്തമമത്രേ ഈ പാത. ഞാനിതുവരെ പറഞ്ഞു തന്നിട്ടുള്ളള കാര്യങ്ങൾ വേദാന്തവിജ്ഞാനത്തിൻെറ സാരസമ്പത്താണ്. ഈ വിജ്ഞാനത്തെ പ്രചരിപ്പിക്കുന്നവർക്ക് ഞാൻ എൻെറ ആത്മാവുതന്നെ നൽകുന്നതാണ്. നമ്മുടെ ഈ സംഭാഷണം കേൾക്കുന്നവർക്ക് പരമഭക്തിയുണ്ടാവുകയും അവർക്ക് കർമ്മപാശത്തിൽ നിന്ന് മോചനം ലഭിക്കുകയും ചെയ്യും.

*ഉദ്ധവർ പറഞ്ഞു:* എൻെറ അറിവിനെ മൂടിക്കിടന്ന അജ്ഞാനാന്ധകാരം അവിടുത്തെ ശിക്ഷണം കൊണ്ട് ഇല്ലാതായി. അവിടുത്തോട് എന്നും നിലനിൽക്കുന്ന പ്രേമം എൻെറ ഹൃദയത്തിൽ നിറയാൻ എന്നെ അനുഗ്രഹിച്ചാലും.

*ശുകമുനി പറഞ്ഞു:* ഭഗവാൻ കൃഷ്ണൻ അപ്പോൾ ഉദ്ധവരോട് ബദരീകാശ്രമത്തിൽ പോയി ഭഗവാനെ നിരന്തരമായി ധ്യാനിക്കാൻ നിർദ്ദേശിച്ചു. ഉദ്ധവർ ഭഗവാനെ നമസ്ക്കരിച്ച് ബദരീകാശ്രമത്തിലേക്ക് യാത്രയായി. അവിടെ ഭഗവാൻ പഠിപ്പിച്ച യോഗമാർഗ്ഗമനുഷ്ഠിച്ച് ഭഗവാനിൽ വിലീനനായി മുക്തിപദം പ്രാപിച്ചു.

**തതസ്തസ്മിൻ മഹാപാനം പപുർമ്മൈരേയകം മധു**
**ദിഷ്ട വിഭ്രംശിതധിയോ യദ്ദ്രവൈർഭ്രശ്യതേ മതി: (11–30–12)**
**മാ ഭൈർജ്ജരേ ത്വമുത്തിഷ്ഠ കാമ ഏഷ കൃതോ ഹി മേ**
**യാഹി ത്വം മദനുജ്ഞാത: സ്വർഗ്ഗം സുകൃതിനാം പദം (11–30–39)**

*ശുകമുനി തുടർന്നു:*
ഞാൻ ആദ്യം പറഞ്ഞതുപോലെ രാജ്യത്ത് കലാപലക്ഷണങ്ങളുടെ ദു:ശകുനങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തന്റെ ബന്ധുമിത്രാദികളോട് ദ്വാരകയിൽനിന്നും പ്രഭാസത്തിലേക്ക് കുടിയേറിപ്പാർക്കാൻ ഭഗവാൻ ഉപദേശിച്ചു. സ്ത്രീകളേയും കുട്ടികളേയും പ്രായം ചെന്നവരേയും ശംഖോദ്ധാരം എന്നയിടത്തും യുവാക്കളെ പ്രഭാസത്തേക്കും അയച്ചു. പ്രഭാസത്തിൽ ബ്രാഹ്മണശാപത്താൽ വ്യാമോഹിതരായ യുവാക്കളുടെ ബുദ്ധിയെ ദുർവിധിയുടെ കാർമേഘം ബാധിച്ചതുകൊണ്ട് അവർ മൈരേയം എന്ന ശക്തിയേറിയ മദ്യം സേവിച്ച് ഉൻമത്തരായി വിവേകബുദ്ധി നിശ്ശേഷം ഇല്ലാതായി. അവിടെ വാദപ്രതിവാദങ്ങളും വഴക്കും, മല്ലയുദ്ധവും യാദവരുടെ ഇടയിൽ കാണായി. താമസംവിനാ, അവർ തമ്മിൽ ഗദകൊണ്ടും അമ്പുംവില്ലുമെടുത്തും മറ്റും പരസ്പരയുദ്ധം തുടങ്ങി. സഹോദരൻമാർ തമ്മിലും അഛനും മക്കളും തമ്മിലും കയ്യിൽക്കിട്ടിയ എന്തുമെടുത്തും പോരാട്ടമായി. ആയുധങ്ങളെല്ലാം തീർന്നപ്പോൾ അവർ എരകപ്പുല്ല് മുറിച്ചെടുത്ത് പരസ്പരം അടിക്കാൻ തുടങ്ങി. സമുദ്രതീരത്തു വളർന്നുവന്ന പുല്ലിൽ ബ്രാഹ്മണശാപഫലമായി ഉണ്ടായ ഇരുമ്പുലക്കയുടെ പൊടി ഉണ്ടായിരുന്നു. പരസ്പരം പുല്ല് വീശിയതോടെ അവർ ചത്തുവീഴാൻ തുടങ്ങി. കൃഷ്ണന്റെ ഇഛ അതായിരുന്നു. ബ്രാഹ്മണശാപവും അതുതന്നെയായിരുന്നല്ലോ. ബലരാമനും കൃഷ്ണനും അവരെ തടയാൻ തുനിഞ്ഞപ്പോൾ യുവാക്കൾ അവർക്കുനേരെ തിരിഞ്ഞു. രാമകൃഷ്ണൻമാർ അവരുടെ പ്രഥമശത്രുക്കളായി. വ്യാമോഹവും കുടിലതയും ബാധിച്ചാൽ എന്തു തന്നെ ചെയ്തു കൂടാ?

അധാർമ്മികരെ മുഴുവൻ നിർമ്മാർജ്ജനം ചെയ്യുക എന്ന അവതാരോദ്ദേശം, യാദവനാശത്തോടെ ഭഗവാൻ പൂർത്തിയാക്കി. അദ്ദേഹവും ദേഹമുപേക്ഷിക്കാൻ തയ്യാറായിരുന്നു. ബലരാമൻ പരംപൊരുളിനെ ധ്യാനിച്ച് ആ സവിധത്തിലേക്ക് ആരോഹണം ചെയ്തു. ഭഗവാൻ കൃഷ്ണൻ ഒരു അരയാലിന്റെ ചുവട്ടിൽ മരത്തിൽച്ചാരിയിരുന്നു. അവിടെ അദ്ദേഹം പുകയില്ലാത്ത അഗ്നിപോലെ ശോഭിച്ചു. ആ സമയത്ത് ജരൻ എന്നുപേരായ ഒരു നായാട്ടുകാരൻ ഭഗവാന്റെ കാൽപ്പാദങ്ങളിലേക്ക് ഒരമ്പയച്ചു. ഒരു മാനിന്റെ വായെന്ന് നിനച്ചാണ് ജരൻ അമ്പയച്ചത്. ഇരുമ്പുലക്കയിലെ അവസാനത്തെ അംശം ആ അമ്പിന്റെ തുമ്പത്തുണ്ടായിരുന്നു. തന്റെ അമ്പിന്നിരയായതാരെന്നു മനസ്സിലാക്കിയ ജരൻ ഉറക്കെ പൊട്ടിക്കരഞ്ഞു. “ഭഗവാനേ, എന്നെയുടനെതന്നെ കൊന്ന് ഈ പാപത്തിൽ നിന്നു മോചിപ്പിച്ചാലും”. എന്നാൽ പ്രേമപൂർവ്വം ഭഗവാൻ പറഞ്ഞു. “പേടിക്കണ്ട, ഞാനുദ്ദേശിച്ച കാര്യംതന്നെയാണ് നീ ചെയ്തത്. നിനക്ക് സ്വർഗ്ഗാരോഹണവും ധർമ്മം വാഴുന്നിടത്തൊരു സ്ഥാനവും ലഭിക്കുന്നതാണ്., ഭഗവാനെ വണങ്ങി ഒരാകാശവാഹനത്തിലേറി ജരൻ സ്വർഗ്ഗാരോഹണംചെയ്തു. കൃഷ്ണന്റെ സാരഥിയായ ദാരുകൻ അപ്പോൾ അവിടെയെത്തി. ഭഗവാൻ പറഞ്ഞു. “തിരിച്ചുപോയി സ്ത്രീകളോടും കുട്ടികളോടും വയോധികൻമാരോടും ഇവിടെ സംഭവിച്ചതെല്ലാം പറയുക. ഞാനിപ്പോൾ ഭൂമിയിലെ വാസം അവസാനിപ്പിക്കാൻ പോവുന്നു. ദ്വാരക പ്രളയജലത്തിൽ മുങ്ങിപ്പോകും. നമ്മുടെ മാതാപിതാക്കളും, കട്ടികളും, വനിതകളും ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകട്ടെ. നിന്റെ കാര്യം - എന്നിൽ ഭക്തനായി ജീവിക്കൂ. നിശ്ചയമായും നീ എന്റെ മണ്ഡലത്തിൽ എത്തിച്ചേരുന്നതാണ്. ഇതു പറഞ്ഞു തീരുമ്പോഴേക്കും രഥം സ്വർഗ്ഗത്തേക്കുയർന്നു.

*കൃഷ്ണന്റെ ‘മരണം’ സംബന്ധിച്ച ജ്യോതിശ്ശാസ്ത്രപരമായ വസ്തുതകൾ വച്ച് നോക്കുമ്പോൾ കലിയുഗാരംഭം ക്രിസ്തുവിന് മുൻപ് 3106-ൽ ആയിരുന്നു എന്ന് കാണാം.*

**ഭഗവാൻ പിതാമഹം വിക്ഷ്യ വിഭൂതീരാത്മനോ വിഭു:**
**സംയോജ്യാത്മനി ചാത്മാനം പത്മനേത്രേ ന്യമീലയത് (11-31-5)**
**ലോകാഭിരാമം സ്വതനും ധാരണാധ്യാനമംഗളം**
**യോഗധാരണയാ*ff*ഗ്നേയ്യാ*f*ദഗ്ദ്ധ്വാ ധാമാവിശത് സ്വകം (11-31-6)**
**തഥാപ്യശേഷസ്ഥിതിസംഭവാപ്യയേ**
**ഷ്വനന്യഹേതുര്യദശേഷശക്തിധൃക്**
**നൈച്ഛത് പ്രണേതും വപുരത്ര ശേഷിതം**
**മർത്ത്യേന കിം സ്വസ്ഥഗതിം പ്രദർശയൻ (11-31-13)**

*ശുകമുനി തുടർന്നു:*
സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ നേതൃത്വത്തിൽ ദേവൻമാരും, യക്ഷകിന്നരഗന്ധർവ്വാദികളും, മാമുനിമാരും ഭഗവാന്റെ സ്വധാമാരോഹണദൃശ്യം കാണാൻ പ്രഭാസത്തിലെത്തി. പുഷ്പവൃഷ്ടികൊണ്ടവർ ഭഗവാനെ പൂജിച്ചു. ഭഗവാൻ ബ്രഹ്മാവിനെ നോക്കി തന്റെ ജീവനെ പരമാത്മാവിൽ ലയിപ്പിച്ച് കണ്ണുകളടച്ചു. യോഗമാർഗ്ഗത്തിലൂടെ -അഗ്നിധാരണം- ഭഗവാൻ, അനേക ഹൃദയങ്ങളെ സമാകർഷിച്ചതും ഏതൊന്നിനെ ധ്യാനിച്ചാൽ ഭക്തർക്ക് ഐശ്വര്യങ്ങളുണ്ടാവുമോ ആ ശരീരം എരിയാതെതന്നെ (യോഗാഗ്നിയിൽ ശരീരം എരിച്ചു എന്നും അർത്ഥമാവാം) സ്വധാമത്തേക്ക് മടങ്ങിപ്പോയി. ചിലർക്ക് ഈ ദൃശ്യം ഗോചരമായി. മറ്റുള്ളവർക്ക് അതിനുള്ള ഭാഗ്യമുണ്ടായതുമില്ല. ദേവൻമാർ അവരവരുടെ ഗോളങ്ങളിലേക്ക് മടങ്ങി.

പരീക്ഷിത്തേ! ഇതെല്ലാം ഭഗവാന്റെ വെറും ലീലാവിലാസങ്ങൾ മാത്രം. അദ്ദേഹം സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നു. സ്വയം മനുഷ്യവേഷമണിഞ്ഞ് ദിവ്യലീലയാടി തന്റെ ഭാഗം അഭിനയിച്ചു തീർത്തു. സ്വയം തന്റെ മഹിമാവിലാസത്തിൽ സ്ഥിതനെങ്കിലും ഈ ദിവ്യനാടകം കളിക്കുന്നതിലൂടെ ഭഗവാൻ സ്വയം താഴുന്നില്ല. "ഭഗവാൻ സർവ്വശക്തിമാനെങ്കിലും, മറ്റാരുടെയും സഹായമില്ലാതെ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്താൻ കഴിവുണ്ടെങ്കിലും, അദ്ദേഹം തന്റെ ശരീരത്തെ സംരക്ഷിച്ചു വയ്ക്കാൻ ആഗ്രഹിച്ചില്ല. നശ്വരമായ ഈ ശരീരം എന്നെന്നേക്കുമായി സംരക്ഷിക്കാനർഹമല്ലെന്ന വസ്തുത മനുഷ്യർക്ക് മനസ്സിലാക്കാൻ വേണ്ടിയാണ് ഭഗവാൻ അതു ചെയ്യാതിരുന്നത്". ആരൊരുവൻ പ്രഭാതകാലത്ത് ഭഗവാന്റെ സ്വധാമാരോഹണകഥ ചൊല്ലുന്നുവോ അയാൾക്ക് ഭഗവാന്റെ സവിധത്തിലേക്കുയർന്നു പോവാൻ കഴിയും. ദാരുകൻ കൃഷ്ണന്റെ ബന്ധുമിത്രാദികളോട് സംഭവമെല്ലാം വിവരിച്ചു. ഭഗവാന്റെ (ഭൂമിയിലെ) മാതാപിതാക്കൾ തത്ക്ഷണം ജീവനുപേക്ഷിച്ചു. സ്ത്രീകൾ തങ്ങളുടെ വീരരായ ഭർത്താക്കൻമാരുടെ ചിതയിൽക്കയറി ജീവനൊടുക്കി. ബലരാമന്റെ ഭാര്യമാർ അദ്ദേഹത്തെ ആലിംഗനം ചെയ്ത് ചിതയിൽക്കിടന്ന് ജീവനുപേക്ഷിച്ചു. കൃഷ്ണന്റെ പത്നിമാരും ഭഗവാനെ ധ്യാനിച്ച് തങ്ങളുടെ ശരീരത്തെ ഉപേക്ഷിച്ചു.

ഹൃദയവ്യഥയോടെ, കൃഷ്ണവിരഹം സഹിക്കാതെയെങ്കിലും, ഭഗവദ്ഗീതയിലെ ശിക്ഷണത്തെ ഓർത്ത് അർജുനൻ സ്വയം സമാധാനിച്ചു. അദ്ദേഹം ഇന്ദ്രപ്രസ്ഥത്തിൽ നിന്നും മടങ്ങി. കൂട്ടക്കൊലയിലൊടുങ്ങിയവരുടെ സ്ത്രീകൾക്കും ബന്ധുജനങ്ങൾക്കും രക്ഷകനായിപ്പോയി. അദ്ദേഹം അനിരുദ്ധന്റെ മകനായ വജ്രനെ കിരീടധാരണം ചെയ്യിച്ചു. അതിനുശേഷം പാണ്ഡവർ ഹിമാലയത്തിലേക്കു പോയപ്പോഴാണല്ലോ, പരീക്ഷിത്തേ നിങ്ങളെ രാജാവാക്കി വാഴിച്ചത്. ഭഗവാൻ കൃഷ്ണനെക്കുറിച്ചുള്ള ഈ ശുഭോദർക്കമായ കഥ കേൾക്കുന്ന ഏവനും ഭഗവാനിൽ പരമഭക്തിയുണ്ടാവുന്നതാണ്.

*"ദഗ്ദ്ധ്വാ' എന്ന വാക്കിൽ കൃഷ്ണൻ സ്വയം യോഗാഗ്നിയിൽ ശരീരമെരിച്ചു എന്നു വരുന്നു. 'അദഗ്ദ്ധ്വാ' എന്നാണെങ്കിൽ 'എരിക്കാതെ' എന്നും ആവാം.*

പന്ത്രണ്ടാം സ്കന്ദം ആരംഭം

**അസംസ്കൃതാ: ക്രിയാഹീനാ രജസാ തമസാ*ff*വൃതാ:
പ്രജാസ്തേ ഭക്ഷയിഷ്യന്തി മ്ലേഛാ രാജന്യരൂപിണ: (12–1–42)
തന്നാഥാസ്തേ ജനപദാസ്തച്ഛീലാചാരവാദിന:
അന്യോന്യതോ രാജഭിശ്ച ക്ഷയം യാസ്യന്തി പീഡിതാ: (12–1–43)**

*പരീക്ഷിത്ത് ചോദിച്ചു:*
ഭഗവാൻ ശ്രീകൃഷ്ണൻെറ തിരോധാനത്തിനുശേഷം ആരാണ് ഭൂമിയെ ഭരിച്ചത്?

*ശുകമുനി തുടർന്നു:*
പ്രദ്യോതനൻമാർ എന്നറിയപ്പെടുന്ന അഞ്ചു രാജാക്കൻമാരുള്ള ഒരു രാജവംശം നൂറ്റിമുപ്പത്തിയെഴുവർഷം ഭരണം നടത്തും. അടുത്തതായി ശിശുനാഗവംശം മുന്നൂറ്റിഅറുപതുവർഷം ഭരിക്കുന്നതാണ്. ശിശുനാഗൻമാരിൽ അവസാനത്തെ കണ്ണിയായി മഹാനന്ദിയുടെ മകൻ മഹാപദ്മൻ ശൂദ്രസ്ത്രീയിൽ ജനിക്കും. മഹാപദ്മനും അദ്ദേഹത്തിൻെറ പുത്രൻമാരും ഒരുനൂറുകൊല്ലം ഭരണത്തിലുണ്ടാവും. ഇതാണ് നന്ദവംശം. രാജാവേ, താങ്കളുടെ ജനനംമുതൽ നന്ദവംശത്തിൻെറ കിരീടധാരണംവരെ ആയിരത്തിഒരുനൂറ്റിപതിനഞ്ചു കൊല്ലമെടുക്കും. നന്ദവംശത്തിൻെറ അവസാനം ചാണക്യൻ മുഖാന്തിരമായിരിക്കും. അദ്ദേഹം ചന്ദ്രഗുപ്ത മൌര്യനെ രാജാവാക്കി വാഴിക്കും. മൗര്യൻമാർ നൂറ്റിമുപ്പത്തിയേഴുകൊല്ലം ഭരണത്തിലുണ്ടാവും. പുഷ്യാമിത്രശുങ്കൻ എന്ന സൈന്യാധിപൻ ബ്രഹദ്രതമൗര്യനെ വധിച്ച് ശുങ്കവംശം സ്ഥാപിക്കും. അതിലെ പത്തു രാജാക്കൻമാർ, നൂറു കൊല്ലത്തോളം ഭൂമിയെ ഭരിക്കും. ദുർമ്മാർഗ്ഗിയായ ദേവഭൂതിയെ അദ്ദേഹത്തിൻെറ മന്ത്രിയായ വാസുദേവൻ വധിക്കുകയും കണ്വവംശം സ്ഥാപിക്കുകയും ചെയ്യും. അവർ മുനൂറ്റിനാൽപ്പത്തിയഞ്ചു കൊല്ലം ഭരണം നടത്തും. കണ്വവംശത്തിലെ അവസാനത്തെ രാജാവായ സുഷർമനെ ഭൃത്യനായ ബലി വധിക്കും. ബലിയും പിൻതലമുറക്കാരുമായ മുപ്പതോളം പേർ നാനൂറ്റിയൻപത്തിയാറു കൊല്ലം ഭരണമേൽക്കും.

പിന്നീട് ഏഴ് ആഭീരരാജാക്കൻമാർ, പത്ത് ഗർദഭീകർ, പതിനാറ് കനകൻമാർ, എട്ട് യവനൻമാർ, പതിനാല് തുരുഷ്കകാൻമാർ, പത്ത് ഗുരുന്തൻമാർ, പതിനൊന്ന് മൗനാൻമാർ, തുടങ്ങിയവരാണ് ആയിരത്തിമുന്നൂറ്റി തൊണ്ണൂറ്റിഒൻപത്കൊല്ലം ഭരണം നടത്തുക. ഇവർക്കു ശേഷം നൂറ്റിയാറുകൊല്ലം ഭൂതാനന്ദനും പിൻതലമുറക്കാരും, അതിനുശേഷം ബാഹ്ലികൻ, പുഷ്പമിത്രൻ, ദുർമിത്രൻ, എന്നിവരും ഭൂമിയെ ഭരിക്കും. ദുർമതിയായ പുരാഞ്ജയൻ(രണ്ടാമൻ) തൻെറ പ്രജകളെയെല്ലാം മ്ലേഛമാർഗ്ഗത്തിലേക്ക് മതം മാറ്റും. ക്ഷത്രിയരെ ഒന്നടങ്കം നശിപ്പിച്ച് പദ്മാവതി നഗരത്തിൽ നിന്നും ഭരണം നടത്തും. ഗംഗ മുതൽ പ്രയാഗവരെയുള്ള സ്ഥലമാണ് പദ്മാവതി. ശൂദ്രൻമാരും അധ:പതിച്ച ബ്രാഹ്മണരും അധാർമ്മികളായ മറ്റുള്ളവരുമായിരിക്കും സിന്ധുനദീതടവും, ചന്ദ്രഭാഗവും കാശ്മീരിൻെറ ഭാഗങ്ങളും ഭരിക്കുക. രാജാക്കൻമാർ സ്ത്രീകളെയും, പശുക്കളെയും, കുട്ടികളെയും ബ്രാഹ്മണരേയും കൊന്ന് രാക്ഷസീയമായി ജീവിതചര്യ കൈകൊള്ളും. ധർമ്മത്തിൽ നിന്നകന്ന് രാജസീകവും താമസീകവും മാത്രമായ കർമ്മങ്ങളോടെ, സ്വന്തം ആൾക്കാരെപ്പോലും അവർ അടിമകളാക്കി ദ്രോഹിക്കും. പ്രജകളും അവരുടെ രാജാവിൻെറ മാർഗ്ഗം പിന്തുടർന്ന് പരസ്പരം ചൂഷണം ചെയ്ത് പരസ്പരം മൽസരിച്ച് സർവ്വനാശത്തിലേക്ക് സ്വയം നയിക്കും. ആരൊരുവൻ സ്വശരീരത്തിനായി മറ്റുള്ളവരെ ചൂഷണം ചെയ്യുന്നുവോ അവൻ സ്വന്തം നൻമയെപ്പറ്റി അറിവില്ലാത്തവനത്രെ. ഭൂമിയെ ഭരിക്കാൻ യോഗ്യതയുണ്ടായിരുന്ന മഹാരാജാക്കൻമാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അവരുടെ പേരുകൾ മാത്രം കഥകളിൽ ഇന്നും പ്രതിപാദിക്കപ്പെടുന്നു, അത്രമാത്രം.

വിത്തമേവ കലൌ നൃണാം ജൻമാചാരഗുണോദയ
ധർമ്മന്യായവ്യവസ്ഥായാം കാരണം ബലമേവ ഹി (12-2-2)
ദാമ്പത്യേƒഭീരുചിർഹേതുർമ്മായൈവ വ്യാവഹാരികേ
സ്ത്രീത്വേ പുംസ്ത്വേ ച ഹി രതിർവ്വിപ്രത്വേ സൂത്രമേവഹി (12-2-3)
ശംഭള ഗ്രാമമുഖ്യസ്യ ബ്രാഹ്മണസ്യ മഹാത്മന:
ഭവനേ വിഷ്ണുയശസ: കൽക്കി: പ്രാദുർഭവിഷ്യതി (12-2-18)

*ശുകമുനി തുടർന്നു:*
ഭഗവാൻ കൃഷ്ണൻ ഇഹലോകവാസം വെടിഞ്ഞതോടെ കലിയുഗം ആരംഭിച്ചു. ഈ യുഗത്തിൽ ദിനംദിനം ധർമ്മം അധ:പതിക്കും. അതോടൊപ്പം മനുഷ്യൻെറ ആയുസ്സും, ശക്തിയും, ആരോഗ്യവും കുറഞ്ഞുവരും. "ഒരുവൻെറ കുലം, സ്വഭാവം, പെരുമാറ്റം ഇവയെ എല്ലാം സമ്പത്തിൻെറ മാനദണ്ഡം കൊണ്ടു മാത്രമായിരിക്കും കണക്കാക്കുക. ശക്തിയൊന്നു മാത്രമായിരിക്കും ഇടപാടുകളിൽ ധാർമ്മീകതയും നീതിയും നിശ്ചയിക്കാനുള്ള മാർഗ്ഗം. ഭാര്യാഭർത്താക്കൻമാരുടെ ബന്ധം പരസ്പരം ഇഷ്ടപ്പെടുന്നതിൻെറ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. കച്ചവടഇടപാടുകളിൽ പരസ്പരം ചതി, സാധാരണമാവും. പുരുഷത്വവും സ്ത്രീത്വവും ലൈംഗീകാസക്തിയുടെ അടിസ്ഥാനത്തിൽ അളക്കപ്പെടും. ബ്രാഹ്മണരെ തിരിച്ചറിയാൻ അവരണിയുന്ന പൂണൂൽ മാത്രമേ ഉണ്ടാവൂ." നിതിന്യായഭരണകർത്താക്കൻമാർപോലും കൈക്കൂലിയാലും അഴിമതിയാലും വഴിപിഴച്ചുപോവും. തലമുടിയാവും സൗന്ദര്യത്തിന്നാധാരം. സംസാരത്തിൻെറ ശക്തിക്കനുസരിച്ചാവും സത്യനിർണ്ണയം. പ്രശസ്തി ലഭിക്കാനായി മാത്രമാവും മനുഷ്യൻ സമൂഹത്തിനു നൻമ ചെയ്യുക. ജിവിതത്തിലെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, സന്യാസം, വാനപ്രസ്ഥം എന്നീ ആശ്രമങ്ങൾ എല്ലാം ചേർന്ന് ഗാർഹസ്ഥ്യത്തിൽ മാത്രമൊതുങ്ങും.

ഈകാലത്ത് സജ്ജനങ്ങൾ അഴിമതി നിറഞ്ഞ നഗരജീവിതം അവസാനിപ്പിച്ച് സ്വയം വനത്തിലോ മലമുകളിലോ സ്വഛജീവിതം നയിക്കും. അവർ ഫലമൂലാദികളും തേനും ഭക്ഷിച്ചു ജീവിക്കും. മറ്റിടങ്ങളിൽ ക്ഷാമം, സാംക്രമീകരോഗങ്ങൾ, വരൾച്ച, കൊടുങ്കാറ്റ്, എന്നിവയാൽ ജനം കഷ്ടപ്പെടും. അവരുടെ സമ്പത്ത് നികുതിയാലും അധാർമ്മീകജീവിതത്താലും നശിച്ച് വയസ്സെത്തും മുൻപ് അവർ മരിച്ചു പോവും. മരങ്ങൾപോലും അധാർമ്മീകരായ മനുഷ്യരുടെ നിഷ്ക്കരുണമായ ചൂഷണത്തിൻെറ ഫലമായി മുരടിച്ചു പോവും. പശുക്കൾ മെലിഞ്ഞ് വളരെക്കുറച്ചു പാലുമാത്രം തരും.

ആ സമയത്ത് ഭഗവാൻ ശംഭലമെന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണഗൃഹത്തിൽ കൽക്കിയെന്ന നാമം ധരിച്ചവതരിക്കും. അസാമാന്യപ്രഭയോടെ അദ്ദേഹം നഗരങ്ങൾ പറന്നു സഞ്ചരിച്ച് കള്ളരാജാക്കൻമാരെയെല്ലാം നശിപ്പിക്കും. അതിനുശേഷം സത്യയുഗമാവും. ധാർമ്മീകതയുടെയും പവിത്രതയുടെയും യുഗം. സൂര്യൻ, ചന്ദ്രൻ, വ്യാഴം, എന്നിവ ഒരേ ഗൃഹത്തിലാവുകയും പുഷ്യനക്ഷത്രസഞ്ചയം ആരോഹണത്തിലാവുകയും ചെയ്യുമ്പോഴാണ് സത്യയുഗാരംഭം. ശന്തനുവിൻെറ സഹോദരനായ ദേവാപിയും ഇഷ്വാകുവംശത്തിലെ മരുവും കലാപഗ്രാമത്തിൽ വാസം തുടരും. സത്യയുഗം തുടങ്ങുമ്പോൾ അവർ മനുഷ്യരെധാർമ്മീകതയെപ്പറ്റി പഠിപ്പിക്കാൻ ജീവിച്ചിരിപ്പുണ്ടാവും.

**കലേർദോഷനിധേ രാജന്നസ്തി ഹ്യേകോ മഹാൻ ഗുണ:**
**കീർത്തനാദേവ കൃഷ്ണസ്യ മുക്തസംഗ: പരം വ്രജേത് (12-3-51)**
**കൃതേ യദ്ധ്യായതോ വിഷ്ണും ത്രേതായാം യജതോ മഖൈ:**
**ദ്വാപരേ പരിചര്യായാം കലൌ തദ്ധരികീർത്തനാത് (12-3-52)**

*ശുകമുനി തുടർന്നു:*
നൻമനിറഞ്ഞ ഭൂമി ദുഷ്ടരാജാക്കൻമാരെ നോക്കി സഹതപിച്ചു പറയുന്നു. "ഈ വിഡ്ഢിമനുഷ്യരുടെ വിചാരം അവർക്ക് എന്നെ കീഴടക്കാമെന്നത്രെ. മനുഷ്യൻ പലപ്പോഴും ആത്മനിയന്ത്രണം നടത്തുന്നത് മറ്റുള്ളവരെ ആക്രമിച്ച് കീഴടക്കുവാനാണ്. എന്നിട്ട് തുടർച്ചയായി സാമ്രാജ്യവിസ്തൃതി കൂട്ടാമെന്നാണ് വിചാരം. ആത്മനിയന്ത്രണം ആത്മജ്ഞാനസമ്പാദനത്തിനാണെന്നവർക്കറിയില്ല. എത്ര ശുഷ്ക്കമാണവരുടെ വീക്ഷണം. മരണം എപ്പോഴും അവനെ വിഴുങ്ങാൻ തയ്യാറായി നിൽക്കുകയാണെന്നവൻ മനസ്സിലാക്കാത്തതെന്തേ? എത്ര വീരരാജാക്കൻമാർ എന്നെ കീഴടക്കാൻ പരിശ്രമിച്ചു? എന്നാൽ അവസാനത്തെ പൊട്ടിച്ചിരി എനിക്കു തന്നെയായിരുന്നു. അവരെല്ലാം ഓരോ കഥകൾ മാത്രം ബാക്കിവച്ചിട്ട് അപ്രത്യക്ഷരായിക്കഴിഞ്ഞിരിക്കുന്നു. അവരിൽ ചിലരുടെ കഥകൾ ഞാൻ അങ്ങയോടു പറഞ്ഞുതന്നത് അത്തരം ജീവിതത്തോട് അങ്ങേയ്ക്ക് വെറുപ്പുളവാക്കുവാനാണ്. കാരണം ഭഗവാനെക്കുറിച്ചുള്ള കഥകൾ മാത്രമേ കേൾക്കാനും ധ്യാനിക്കാനും കൊള്ളാവുന്നതായിട്ടുള്ളു.

ഓരോരോ യുഗങ്ങളിലുമുള്ള ധർമ്മങ്ങളെപ്പറ്റി വിശദീകരിക്കാൻ പരീക്ഷിത്താവശ്യപ്പെട്ടതനുസരിച്ച് ശുകമുനി തുടർന്നു.: സത്യയുഗത്തിൽ ധർമ്മത്തിനു നാലു കാലുകളുണ്ടായിരുന്നു. സത്യം, ദയ, തപസ്സ്, സർവ്വചരാചരങ്ങളോടും പ്രേമപൂർവ്വം സേവചെയ്യൽ, എന്നിവ. ത്രേതായുഗത്തിൽ ഇവയെല്ലാം അധർമ്മത്തിൻെറ സ്വാധീനത്തിൽ നശിച്ചു. ദ്വാപരയുഗത്തിൽ പകുതി കാലുകൾ ഇല്ലാതായി. കലിയുഗത്തിൽ നാലിൽ മൂന്നും നഷ്ടമായി. കലിയുഗത്തിൽ ബാക്കിയുള്ള ഒരു കാലിൻെറ ശക്തിയും നാശോൻമുഖമാവും. സത്യയുഗത്തിൽ സത്വം പ്രബലമായിരിക്കും. ത്രേതായുഗത്തിൽ രജസ്സ് പ്രബലം. ദ്വാപരയുഗത്തിൽ രജസും തമസും പ്രബലത യാർജ്ജിക്കും. കലിയുഗത്തിൽ തമസ്സാണ് പ്രബലമായിരിക്കുക. സ്ത്രീകൾ പാതിവ്രത്യം തെറ്റിക്കും. പുരോഹിതൻമാർ പോലും സമ്പത്തിനും സുഖത്തിനും വേണ്ടി ജിവിക്കും. സ്ത്രീകൾ സ്ത്രൈണത വെടിഞ്ഞ് പരുഷമായ പെരുമാറ്റം തുടങ്ങും. ഭൃത്യർക്ക് തങ്ങളുടെ യജമാനൻമാരോട് കൂറില്ലാതാവും. യജമാനൻമാരാകട്ടെ ആരോഗ്യം നശിച്ച ഭൃത്യരെ ഉപേക്ഷിക്കുകയും ചെയ്യും. അതുപോലെ പാലു തരാത്ത പശുവിനെ പട്ടിണിക്കിടും. യോഗ്യതയില്ലാത്തവർ താപസികളായിനടിച്ച് ജിവിതായോധനം നടത്തും. ധർമ്മത്തെപ്പറ്റി വിവരമില്ലാത്തവൻ മറ്റുള്ളവരെ ധർമ്മം പഠിപ്പിക്കും. കേവലം ചെറിയ തുകയ്ക്കുവേണ്ടി മനുഷ്യൻ മനുഷ്യനെ കൊല്ലും. അത്യാഗ്രഹികളായ അഛൻമാർ മക്കളെ തള്ളിപ്പറയും. നന്ദിയില്ലാത്ത മക്കളോ, അച്ഛനമ്മമാരെ പരിചരിക്കുന്നതിൽ വീഴ്ച വരുത്തും. ഇതിലെല്ലാമുപരി ജനം വിഷ്ണുപൂജയ്ക്കു വിഘ്നം വരുത്തും. വിശ്വത്തിലെ ഏറ്റവും ഉന്നതനായ ആരധനാമൂർത്തിയാണല്ലോ ഭഗവാൻ വിഷ്ണു. എപ്പോഴാണോ ഭഗവാൻ മനുഷ്യഹൃദയത്തിലാസനസ്ഥനാവുന്നത്, അപ്പോൾ മാത്രമേ കലിയുഗകൻമഷങ്ങൾ ലോകത്തിൽനിന്നും മറയുകയുള്ളു. മരണക്കിടക്കയിലുള്ള ഒരുവൻ നിസ്സഹായനായി അവിടുത്തെ നാമമുരുവിടുന്നതായാൽ ഭഗവാൻ അവനെ തൻെറ സവിധമണയ്ക്കുന്നു.

എന്നാൽ ഇതൊക്കെയാണെങ്കിലും കലിയുഗത്തിൽ ഒരു മഹത്തായ രക്ഷാമാർഗ്ഗമുണ്ട്. ഭഗവാൻ ഹരിയുടെ നാമോച്ചാരണം ഒന്നുകൊണ്ടു മാത്രം ഒരുവന് പരമപദം പൂകാനാവും. സത്യയുഗത്തിൽ ഭഗവദ്ധ്യാനം കൊണ്ടു മാത്രം സാദ്ധ്യമായിരുന്നതെന്തോ, ത്രേതായുഗത്തിൽ യജ്ഞാദികൾകൊണ്ടു സാദ്ധ്യമായിരുന്നതെന്തോ, ദ്വാപരയുഗത്തിൽ നിസ്വാർത്ഥസേവനംകൊണ്ടു സാദ്ധ്യമായതെന്തോ, അത് കലിയുഗത്തിൽ ഭഗവദ് നാമോച്ചാരണം കൊണ്ട് ക്ഷിപ്രസാദ്ധ്യമാവുന്നു.

**ഏഷനൈമിത്തക: പ്രോക്ത: പ്രളയോ യത്ര വിശ്വസൃക്
ശേതേƒനന്താസനോ വിശ്വമാത്മസാത് കൃത്യ ചാൻമഭൂ: (12-4-4)
ഏഷപ്രാകൃതികോ രാജൻ പ്രളയോ യത്ര ലീയതേ
ആണ്ഡകോശസ്തു സാങ്ഘാതോ വിഘാത ഉപസാദിതേ (12-4-6)
യദൈവമേതേന വിവേകഹേതിനാ
മായാമയാഹങ്കരണാത്മബന്ധനം
ഛിത്വാച്യുതാത്മാനുഭവോƒവതിഷ്ഠതേ
തമാഹുരാത്യന്തികമംഗ സംപ്ലവം (12-4-34)
നിത്യദാ സർവ്വഭൂതാനാം ബ്രഹ്മാദീനാം പരന്തപ
ഉത്പത്തിപ്രളയാവേകേ സൂക്ഷ്മജ്ഞാ: സംപ്രചക്ഷതേ (12-4-35)**

*ശുകമുനി തുടർന്നു:*

പരീക്ഷിത്തേ, ഇനി വിശ്വത്തിൻെറ വിവിധഘട്ടങ്ങളിലായുള്ള വിഘടനത്തെപ്പറ്റി പറഞ്ഞുതരാം. സൃഷ്ടാവിൻെറ ഒരു ദിവസം - കല്പം എന്നാൽ ആയിരം ചതുർയുഗങ്ങൾ ചേർന്നതാണ്. ഒരു കല്പത്തിൻെറ അവസാനം അത്രയും തന്നെ കാലയളവിൽ പ്രളയമാണ്. അപ്പോഴാണ് സൃഷ്ടാവിൻെറ നിദ്ര. ഇതിന് നൈമിത്തികപ്രളയം എന്ന് പറയും. സൃഷ്ടാവും, ഭഗവാൻ നാരായണനും നിദ്രയിലാണ്ട് സൃഷ്ടികളെ മുഴുവൻ അവയുടെ സത്തയിലേക്ക് പിൻവലിപ്പിക്കുന്നു. എന്നാൽ ബ്രഹ്മാവിൻെറ ജീവിതകാലം കഴിയുമ്പോൾ മഹത്ത്, അഹങ്കാരം, സൂക്ഷ്മഭൂതങ്ങൾ, എന്നിവചേർന്ന കാരണതത്വങ്ങൾ പ്രകൃതിയിൽ അലിയുന്നു. ഇതിന് പ്രാകൃതികപ്രളയം എന്നു പേർ. ഇതിനു മുൻപ് നീണ്ടൊരു കാലഘട്ടം വരൾച്ചയായിരിക്കും. അതിനുശേഷം അത്യുഗ്രമായ ചൂടുമായിരിക്കും. സൂര്യനിൽനിന്നും ഭൂമിക്കടിയിൽ നിന്നും കഠിനതാപത്താലും കൊടുങ്കാറ്റിനാലും വിശ്വം മുഴുവനും മൂലരൂപത്തിലുള്ള ഒരു ഘടകമായിത്തീരും. ഇതാണ് വിശ്വാണ്ഡം. ഈ വിശ്വാണ്ഡം കാരണസമുദ്രത്തിൽ ഒഴുകി നടക്കും. പ്രകൃതിയും (ഇനിയും പ്രകടിതമാവാത്ത സഹജഗുണം) പരമപുരുഷനും വിശ്വബോധത്തിലേക്കുൾവലിഞ്ഞ് എല്ലാ വിശദീകരണങ്ങൾക്കും വർണ്ണനകൾക്കും അതീതമായി നിലകൊള്ളും. എന്തെല്ലാം ഉണ്ടായിരുന്നുവോ, ഇപ്പോഴുണ്ടോ, ഇനിയുണ്ടാകുമോ അതെല്ലാം വിശ്വബോധമൊന്നു മാത്രം. യാതൊന്നും ഇതിൽനിന്നും വേർപെട്ടു നിലകൊള്ളുന്നില്ല. ബുദ്ധി, ഇന്ദ്രിയങ്ങൾ, അവയുടെ വിഷയങ്ങൾ ഇവയെല്ലാം ബോധത്തിൽ മൂലാധിഷ്ഠിതമത്രെ. ഉണർന്നിരിക്കുന്ന അവസ്ഥ, സ്വപ്നാവസ്ഥ, സുഷുപ്തി എന്നിവയും ഈ ബോധത്തെ ആശ്രയിച്ചിരിക്കുന്നു. ആകാശത്ത് മേഘങ്ങൾ രൂപപ്പെട്ടു മറയുന്നതുപോലെ വിശ്വം പ്രകടിതവും അപ്രകടിതവുമായി അനന്തനായ ആ വിശ്വജീവിയിൽ കാണപ്പെടുന്നു. സൂര്യതാപത്താൽ ഉണ്ടാവുന്ന മേഘം സൂര്യനെത്തന്നെ നമ്മുടെ ദൃഷ്ടിയിൽ നിന്നു മറയ്ക്കുന്നതുപോലെ അഹങ്കാരം, ബോധജന്യമെങ്കിലും, ആ ബോധത്തെത്തന്നെ മറയ്ക്കുന്നു. മേഘം ഇല്ലാതാവുമ്പോൾ സൂര്യനെ കാണാം. അഹങ്കാരം മായുമ്പോൾ ബ്രഹ്മത്തെ ദർശിക്കാം. ഇതാണ് ആത്യന്തിക പ്രളയം. ആത്മാവിലെ അവസാനത്തെ പ്രളയം ഇതാണ്. മാത്രമല്ലാ മഹർഷിമാരുടെ പ്രഖ്യാപനമെന്തെന്നാൽ എല്ലാവരും അനുനിമിഷം പ്രളയമനുഭവിക്കുന്നു എന്നാണ് - നിത്യപ്രളയം. കാരണം, നിരന്തരമായി സൃഷ്ടിയും സംഹാരവും നടക്കുന്നു. അഗ്നിസ്ഫുരണങ്ങൾ, തിരമാലകൾ എന്നുവേണ്ട വിശ്വനിർമ്മിതിയിലെ എല്ലാ ഘടകപദാർത്ഥങ്ങളും അനുനിമിഷം സൃഷ്ടിസംഹാരവിധേയമാണ്. നിങ്ങൾ ജനിച്ചുവെന്നും, ഇനി മരിക്കുമെന്നുമുള്ള മൂഢവിശ്വാസം ഉപേക്ഷിച്ചാലും. ഇതെല്ലാം അജ്ഞാനിയായ ജീവൻെറ നിദ്രാവസ്ഥയത്രെ. മനസ്സുമാത്രമാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നത്. മനസ്സ് മായാ സന്താനവുമാണ്. ശരീരവും അതിൻെറ ജനനമരണാവസ്ഥകളും മായാവിക്ഷേപങ്ങളത്രെ. “ഞാൻ അനന്തനായ ബ്രഹ്മവും പരമസത്തയും ലക്ഷ്യവുമാണ്.” എന്ന സത്യബോധത്തിൽ അടിയുറച്ചിരിക്കുക. ഞാൻ എൻെറ ആത്മാവിനെപ്പറ്റിയും ഭഗവാൻ ഹരിയുടെ ദിവ്യകർമ്മങ്ങളെപ്പറ്റിയും അങ്ങേയ്ക്കു പറഞ്ഞുതന്നുകഴിഞ്ഞു. കേൾക്കാൻ കൊള്ളുന്നതായി മറ്റെന്തുണ്ട്?

**സിദ്ധോ*f*സ്മ്യനുഗൃഹീതോ*f*സ്മി ഭവതാ കരുണാത്മനാ**
**ശ്രാവിതോ യച്ച മേ സക്ഷാദനാദിനിധനോ ഹരി: (12-6-2)**
**ബ്രഹ്മഭൂതസ്യ രാജർഷേർദ്ദേഹോ*f*ഹിഗരളാഗ്നിനാ**
**ബഭൂവ ഭസ്മസാത് സദ്യ: പശ്യതാം സർവദേഹിനാം (12-6-13)**
**ത ഏതദധിഗച്ഛന്തി വിഷ്ണോര്യത് പരമം പദം**
**അഹം മമേതി ദൌർജ്ജന്യം ന യേഷാം ദേഹഗേഹജം (12-6-33)**
**നാമോ ഭഗവതേ തസ്മൈ കൃഷ്ണായാകുണ്ഠമേധസേ**
**യത് പാദാംബുരുഹധ്യാനാത് സംഹിതാ മധ്യഗാമിമാം (12-6-35)**

*പരീക്ഷിത്തു പറഞ്ഞു:*
ഞാൻ സമ്പൂർണ്ണനും അനുഗ്രഹീതനുമായി. പരമദയാലുവായ അവിടുന്ന് ഭഗവാൻ ഹരിയുടെ കഥകൾ എനിക്കായി പറഞ്ഞുതന്നുവല്ലോ. തക്ഷകസർപ്പത്തെ ഇനി എനിക്കു പേടിയില്ല. മരണത്തെത്തന്നെ ഭയമില്ലാത്തതുകൊണ്ട് തക്ഷകദംശത്താൽ എനിക്കുണ്ടാവുന്ന മരണത്തെപ്പറ്റി ഞാൻ ആകുലനല്ല. ഞാൻ അനന്തനായ പരമാത്മാവിൽ ഒന്നുചേർന്നിരിക്കുന്നു. അവിടുത്തെ ശിക്ഷണംകൊണ്ട് എനിക്ക് ഭയമേതുമില്ലാതായിരിക്കുന്നു.

*സൂതൻ പറഞ്ഞു:*
അങ്ങിനെ പരീക്ഷിത്തു രാജാവിനാൽ പ്രകീർത്തിക്കപ്പെട്ട്, പൂജിക്കപ്പെട്ട ശുകമഹർഷി അവിടം വിട്ടുപോയി. ഗംഗാതീരത്ത് രാജാവ് തീവ്രധ്യാനത്തിലേർപ്പെട്ടിരുന്നു. അനന്തവുമായി വിലയം പ്രാപിച്ചു. അധികം താമസിയാതെ ബ്രാഹ്മണശാപഫലമായി തക്ഷകൻ പരീക്ഷിത്തിനെ കൊല്ലാൻ പുറപ്പെട്ടു. വേഷമേതും ധരിക്കാൻ കഴിവുള്ള തക്ഷകൻ ഒരു ബ്രാഹ്മണവേഷത്തിൽ പരീക്ഷിത്തിൻെറ അടുക്കലേക്ക് പുറപ്പെട്ടു. വഴിയിൽ കശ്യപമുനിയെക്കണ്ട് അദ്ദേഹത്തിനു കൈക്കൂലികൊടുത്ത് വശപ്പെടുത്തി രാജാവിനെ രക്ഷിക്കുന്നതിൽ നിന്നും പിന്തിരിപ്പിച്ചു. കശ്യപമുനിക്ക് സർപ്പവിഷപ്രതിവിധി അറിയാമായിരുന്നു. തീവ്രധ്യാനത്തിൽ മുഴുകിയിരുന്ന പരീക്ഷിത്ത് പരമാത്മാവിൽ വിലയം പ്രാപിച്ചിരുന്നു. അദ്ദേഹത്തിൻെറ ശരീരത്തിൽ തക്ഷകൻ കടിച്ചു. വിഷം വ്യാപിച്ച് ശരീരം ചാമ്പലായി.

ഇതുകണ്ട് പരീക്ഷിത്തിൻെറ പുത്രൻ ജനമേജയൻ ക്രുദ്ധനായി. ചില ബ്രാഹ്മണരുടെ സഹായത്തോടെ അദ്ദേഹം സകലസർപ്പങ്ങളേയും കൊന്നൊടുക്കാനുള്ള ഒരു യാഗം തുടങ്ങി. തക്ഷകൻ ഇന്ദ്രനെ അഭയം പ്രാപിച്ചു. ഇന്ദ്രൻ അഭയമേകാമെന്നു സമ്മതിക്കുകയും ചെയ്തു. അഛൻെറ ഘാതകനെ കണ്ടെത്താൻ കഴിയാതെ ജനമേജയൻ ബ്രാഹ്മണരെ ചോദ്യം ചെയ്തു. അവർ സത്യമറിയച്ചു. "തക്ഷകനെയും അവനെ സംരക്ഷിക്കുന്ന ഇന്ദ്രാദികളേയും ഈ യാഗാഗ്നിയിൽ വീഴ്ത്തി നശിപ്പിക്കണമെന്ന സങ്കൽപ്പത്തോടെ നമുക്ക് തർപ്പണം ചെയ്യാം". ജനമേജയൻ പറഞ്ഞു. ഇതുപറയവേ ഇന്ദ്രൻെറ സിംഹാസനം ഇളകി. ബ്രഹസ്പതി ഇടപ്പെട്ട് രാജകുമാരനെ ഉപദേശിച്ചു. "നിങ്ങൾ പല നിരപരാധികളായ സർപ്പങ്ങളെ നശിപ്പിച്ചുകഴിഞ്ഞു. ഈ യാഗം ഫലപ്രദമാവുകയില്ല. കാരണം അമൃതിൻെറ ഒരംശം കിട്ടിയതു കൊണ്ട് തക്ഷകനെ കൊല്ലുക അസാദ്ധ്യം. ജീവികൾ ദുരിതങ്ങൾ സഹിക്കാനിടയാവുന്നതു സ്വന്തം കർമ്മഫലം കൊണ്ടാണ്. ഒരുവൻെറ മരണവും നിശ്ചയിക്കപ്പെടുന്നത് കർമ്മമനുസരിച്ചത്രെ. അതുകൊണ്ട് ദ്രോഹബുദ്ധിയോടെ ചെയ്യുന്ന ഈ യജ്ഞം അവസാനിപ്പിച്ചാലും." ജനമേജയൻ മഹർഷിയെ അനുസരിച്ചു.

കർമ്മങ്ങളും, പ്രതിപ്രവർത്തനങ്ങളും സുഖദു:ഖങ്ങളുമെല്ലാം മായയുടെ തലത്തിൽ മാത്രമേയുള്ളു. ഭഗവാൻ ഇതിനെല്ലാം അതീതനാണ്. "സ്വശരീരവും, ഗൃഹവും മറ്റുമായി ബന്ധപ്പെട്ട് ഞാൻ, എൻേറത്, എന്ന ബോധമുണ്ടാകുന്നു. അവയിൽനിന്നെല്ലാം ഉയർന്ന്, അത്തരം തോന്നലുകൾ കൊണ്ടുണ്ടാകുന്ന അവസ്ഥകളിൽ പ്രതികരിക്കാതിരിക്കുന്നവർക്കു മാത്രമേ വിഷ്ണുപദം പൂകാൻ കഴിയൂ.

ഏതൊരു ഭഗവാൻെറ പാദകമലങ്ങളുടെ മഹത്വം കൊണ്ട് ഞാനീ മഹിമയേറിയ ദിവ്യഗ്രന്ഥം പഠിച്ചുവോ ആ ഭഗവാൻ കൃഷ്ണന് നമോവാകം.

**സമാഹിതാത്മനോ ബ്രഹ്മൻ ബ്രഹ്മണഃ പരമേഷ്ഠിനഃ**
**ഹൃദ്യാകാശാദഭൂന്നാദോ വൃത്തിരോധാദ്വിഭാവ്യതേ (12-6-37)**
**യദുപാസനയാ ബ്രഹ്മൻ യോഗിനോ മലമാത്മനഃ**
**ദ്രവ്യക്രിയാകാരകാഖ്യം ധൂത്വാ യാന്ത്യപുനർഭവം (12-6-38)**
**തതോ*f*ഭൂത് ത്രിവൃദോങ്കാരോ യോ*f*വ്യക്തപ്രഭവഃ സ്വരാട്**
**യത്തല്ലിംഗം ഭഗവതോ ബ്രഹ്മണഃ പരമാത്മനഃ (12-6-39)**
**ശൃണോതി യ ഇമം സ്ഫോടം സുപ്തശ്രോത്രേ ച ശൂന്യദൃക്**
**യേന വാഗ് വ്യജ്യതേ യസ്യ വ്യക്തിരാകാശ ആത്മനഃ (12-6-40)**

*ശൗനകൻ ചോദിച്ചു:*
വേദങ്ങളുടെ ഉൽപ്പത്തിയും അവയെ എങ്ങിനെയെല്ലാം തരംതിരിച്ചിരിക്കുന്നു എന്നും പറഞ്ഞു തന്നാലും.

*സൂതൻ പറഞ്ഞു:*
ബ്രഹ്മാവ് തന്റെ മനസ്സ് ആത്മാവിൽ ശ്രദ്ധയുറപ്പിച്ച് ധ്യാനിച്ചു. അപ്പോൾ സ്വന്തം ഹൃദയത്തിന്റെ ഉള്ളറയിൽനിന്നും ഒരു ശബ്ദപ്രകമ്പനം കേൾക്കായി. മനോവ്യാപരങ്ങളെല്ലാം ശാന്തപൂർണ്ണമാവുമ്പോൾ ഇതനുഭവിക്കാൻ കഴിയും. ആ ശബ്ദതരംഗത്തെ ആരാധിക്കുന്ന യോഗി സ്വയം എല്ലാ മാലിന്യങ്ങളിൽനിന്നും മുക്തി നേടുന്നു. വസ്തുക്കളാലോ, കർമ്മങ്ങളാലോ, രൂപങ്ങളാലോ ആർജ്ജിച്ച മാലിന്യമെല്ലാം അകന്ന് സ്വയം പവിത്രത പൂകുന്നു. അങ്ങിനെ അമരത്വമാർജ്ജിക്കുന്നു. ഓം എന്നശബ്ദമായാണ് അത് പ്രകടമാവുക. *അ, ഉ, മ* എന്നീ ഭാഗങ്ങളായി അതു വിശ്വസത്വത്തെ വ്യഞ്ജിപ്പിക്കുന്നു.

ഈ ഏകാക്ഷരത്തിന്റെ മൂന്നു വിഭാഗങ്ങളാണ് ത്രിഗുണങ്ങൾ, ത്രിവേദങ്ങൾ, ത്രിവിധബോധാവസ്ഥകൾ എന്നിവ. ഇതിൽ നിന്ന് സൃഷ്ടാവ് അക്ഷരമാലയിലെ അക്ഷരങ്ങൾ സൃഷ്ടിച്ചു. ഈ അക്ഷരങ്ങൾ ഉപയോഗിച്ച് തന്റെ നാലു മുഖങ്ങളും വായകളും കൊണ്ട് ബ്രഹ്മാവ് നാലു വേദങ്ങൾ ആവിഷ്ക്കരിച്ചു - ഋഗ്, യജുസ്, സാമം, അഥർവം. ബ്രഹ്മാവ് തന്റെ മാനസപുത്രൻമാരായ മഹർഷികൾക്ക് വേദമോതി. അവർ മറ്റുള്ളവരെയും പഠിപ്പിച്ചു. വാമൊഴിയായി വേദം പരമ്പരയായി കേട്ടു വന്നു.

ഈ യുഗത്തിൽ ഭഗവാൻ പരാശരന്റെയും സത്യവതിയുടെയും പുത്രനായി വ്യാസൻ എന്ന പേരിൽ അവതരിച്ചു. അദ്ദേഹമാണ് വേദങ്ങളെ നാലായി തരംതിരിച്ചത്. അദ്ദേഹം ഋഗ്വേദം പൈലനേയും, യജുർവേദം വൈശംമ്പായനേയും, സാമവേദം ജൈമിനിയേയും അഥർവവേദം സുമന്തുവനേയും പഠിപ്പിച്ചു. അവർ കാലക്രമത്തിൽ തങ്ങളുടെ ശിഷ്യൻമാരെയും പഠിപ്പിക്കുകയും പലപല ഉപഭാഗങ്ങളായി വേദങ്ങളെ തരംതിരിക്കുകയും ചെയ്തു.

വൈശംമ്പായനന്റെ ശിഷ്യനായ യാജ്ഞവല്ക്ക്യൻ തന്റെ ഗുരുവിൽനിന്നും ശാപമേൽക്കാനിടയായി. പ്രായശ്ചിത്തകർമ്മമായി നടത്തിയ ഒരു യാഗത്തോടനുബന്ധിച്ച് ഗുരുവിനെ ധിക്കരിച്ചതിനാൽ അതുവരെ പഠിച്ച ജ്ഞാനമെല്ലാം ഛർദ്ദിച്ചുകളയാൻ ഗുരു ശപിച്ചു. ഛർദ്ദിച്ച അറിവെല്ലാം തൈത്തിരി പ്പക്ഷികളായിപ്പറന്നുവന്ന മാമുനിമാർ ഭക്ഷിച്ചു. അതിന് തൈത്തിരീയം എന്നു പേരുവന്നു. സൂര്യദേവന്റെ ആരാധകനായിരുന്ന യാജ്ഞവല്ക്യനിൽ സംപ്രീതനായ സൂര്യൻ ഒരു കുതിരയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് യജുർവേദഭാഗങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചു. മറ്റാരും പഠിച്ചിട്ടില്ലാത്ത ആ ഭാഗത്തിന് വാജസനി എന്നു പേർ. അങ്ങിനെ തലമുറതലമുറകളായി വേദങ്ങൾ പ്രചരിച്ചുകൊണ്ടേയിരിക്കുന്നു.

**സർഗ്ഗോƒസ്യാഥ വിസർഗ്ഗസ്ച വൃത്തി രക്ഷാന്തരാണിച**
**വംശോ വംശാനുചരിതം സംസ്ഥാ ഹേതുരപാശ്രയ: (12–7–9)**
**ദശഭിർലക്ഷണൈര്യുക്തം പുരാണം തദ്വിദോ വിദു:**
**കേചിത് പഞ്ചവിധം ബ്രഹ്മൻ മഹദല്പവ്യവസ്ഥയാ (12–7–10)**
**ബ്രാഹ്മം പാദ്മം വൈഷ്ണവം ച ശൈവം ലൈംഗം സഗാരുഡം**
**നാരദീയം ഭാഗവതമാഗ്നേയം സ്കാന്ദസംജ്ഞിതം (12–7–23)**
**ഭവിഷ്യം ബ്രഹ്മവൈവർത്തം മാർക്കണ്ഡേയം സവാമനം**
**വാരാഹം മാത്സ്യം കൌർമ്മം ച ബ്രഹ്മാണ്ഡാഖ്യ മിതി ത്രിഷട് (12–7–24)**

*സൂതൻ തുടർന്നു:*

ത്രയാരുണി, കശ്യപൻ, സാവരണി, അകൃതവർണ്ണൻ, വൈശമ്പായൻ, ഹാരീതൻ എന്നിവരാണ് പുരാണങ്ങൾ വിശദീകരിച്ചത്. അവരെല്ലാം എന്റെ അഛനിൽനിന്നുമാണ് പഠിച്ചത്. ഞാൻ അവരിൽനിന്നും. പുരാണങ്ങൾക്ക് പത്തു സ്വഭാവങ്ങളാണുള്ളത്. സൃഷ്ടി, ആവിഷ്ക്കരണം, സംരക്ഷണം, പരിപാലനം, ലോകചക്രം, രാജകുലങ്ങൾ, അവയെക്കുറിച്ചുള്ള കഥകൾ, പ്രളയം, കാരണം, അടിസ്ഥാനം, എന്നിവ. ചില മഹർഷിമാർ അഞ്ചു സ്വഭാവങ്ങളാണ് പുരാണങ്ങൾ ക്കുള്ളതെന്ന പക്ഷക്കാരാണ്.

**സർഗ്ഗം (സൃഷ്ടി)-** സൂക്ഷ്മപദാർത്ഥങ്ങളുടെ ആവിർഭാവം, ത്രിഗുണങ്ങളുടെ സംതുലിതാവസ്ഥക്ക് ഭംഗം വരുന്നതിനാലാണ് സൂക്ഷ്മഭൂതങ്ങൾ ഉളവാകുന്നത്.

**വിസർഗ്ഗം-** സൃഷ്ടിയുടെ അടുത്തപടി. ചരാചരങ്ങളും, വൈവിദ്ധ്യങ്ങളായ അവയുടെ സവിശേഷതകളും അവയുടെ പരമപുരുഷൻ അവയിലെല്ലാം അധിവസിക്കുന്നതും അതിനാൽത്തന്നെ എല്ലാ ജീവജാലങ്ങളും സ്വയം പുന:സൃഷ്ടി നടത്തുന്നതും ഇതിൽപ്പെടുന്നു.

**വൃത്തി-** എല്ലാ ജീവജാലങ്ങൾക്കും നിലനിൽക്കാനാവശ്യമായ ഉപാധികളെക്കുറിച്ചു വിവരണങ്ങളും അവ എങ്ങിനെയാണ് ജീവിക്കേണ്ടതെന്നും ഇതിലടങ്ങുന്നു.

**രക്ഷ -** സൃഷ്ടിക്കപ്പെട്ട വിശ്വത്തിന്റെ ഗതി ശരിയായ ലക്ഷ്യത്തിലേക്കു നയിക്കുന്നതിനായി, സംതുലിതാ വസ്ഥയെ പരിപാലിക്കാനായി, ഭഗവാൻ കാലാകാലങ്ങളിൽ തന്റെ സൃഷ്ടികളിലേക്കിറങ്ങി വന്നവതരിച്ച് ദിവ്യരക്ഷ നൽകുന്നതിനെപ്പറ്റിയുള്ള വിവരണം.

**അന്തരം-** മന്വന്തരങ്ങൾ- ലോകചക്രങ്ങൾ- ദേവതകളുടെയും മഹർഷിമാരുടെയും സഹായത്തോടെ മനുവിന്റെ അധീനതയിലുള്ള കാലയളവിനെപ്പറ്റിയുള്ള വിവരണം.

**വംശം-** രാജവംശങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ.

**വംശാനുചരിതം-** കുലങ്ങളിലെ രാജാക്കൻമാരുടെ കഥകൾ. ആത്മീയസത്യങ്ങൾ വ്യക്തമാക്കാനുതകുന്ന കഥകൾ. ഇഹലോകത്തിലെ എല്ലാവിധ പരിശ്രമങ്ങളും വൃഥാവിലാണെന്നും, ആത്മജ്ഞാനസമ്പാദനാർത്ഥ മായുള്ളതു മാത്രമേ ശാശ്വതമായുള്ളുവെന്നും വ്യക്തമാക്കുന്ന ജീവിതോദാഹരണങ്ങൾ.

**സംസ്ഥം-** നാലുതരത്തിലുള്ള പ്രളയങ്ങൾ.

**ഹേതു-** സൃഷ്ടിയുടെ കാരണം.

**അപാശ്രയം-** സൃഷ്ടിയുടെ അടിസ്ഥാനം. പരമസത്വം.

ഇങ്ങിനെയുള്ള പുരാണങ്ങൾ പതിനെട്ടാണുള്ളത്. ബ്രഹ്മപുരാണം, വിഷ്ണുപുരാണം, ശിവപുരാണം, ലിംഗപുരാണം, ഗരുഡപുരാണം, നാരദപുരാണം, ഭാഗവതപുരാണം, അഗ്നിപുരാണം, സ്കന്ദപുരാണം, ഭവിഷ്യപുരാണം, ബ്രഹ്മവൈവർത്തപുരാണം, മാർക്കണ്ഡേയപുരാണം, വാമനപുരാണം, വരാഹ പുരാണം, മത്സ്യപുരാണം, കൂർമ്മപുരാണം, ബ്രഹ്മാണ്ഡപുരാണം.

**തസ്യൈവം യുഞ്ജതശ്ചിത്തം തപഃ സ്വാധ്യായ സംയമൈഃ
അനുഗ്രഹയാവിരാസീന്നരനാരായണോ ഹരിഃ (12-8-32)**

*ശൗനകൻ പറഞ്ഞു:*
ചിലർ പറയുന്നത് മാർക്കണ്ഡേയമഹർഷി ഒരു പ്രളയത്തെ അതിജീവിച്ചുവെന്നും, അദ്ദേഹത്തെ അതു ബാധിച്ചിട്ടില്ല എന്നുമാണ്. എന്നാൽ അദ്ദേഹം ഈ മന്വന്തരത്തിലും ജീവിച്ചിട്ടുണ്ട്. ഈ ലോകചക്രം അവസാനിച്ചിട്ടുമില്ല. ഈ പരസ്പരവൈരുദ്ധ്യം എങ്ങിനെയാണു വിശദീകരിക്കുക?

*സൂതൻ പറഞ്ഞു:*
ഉപനയനകർമ്മത്തിനുശേഷം മാർക്കണ്ഡേയൻ വേദാഭ്യാസവും തപശ്ചര്യയും നടത്തി. അദ്ദേഹം നിത്യബ്രഹ്മചര്യവ്രതമെടുത്ത് സദാ ഭഗവാൻഹരിയിൽ ഭക്തിപൂണ്ട് തിവ്രതപശ്ചര്യകളിൽ മുഴുകി ജീവിച്ചു. അതേസമയം തൻെറ ഗുരുവിനെയും, സൂര്യദേവനെയും, അഗ്നിയേയും പൂജിച്ചു. അങ്ങിനെ ഏറെക്കാലം ഭഗവൽധ്യാനത്തിൽ മുഴുകി ജീവിച്ച് ഒടുവിൽ ആത്മീയപാതയിലെ ശത്രുക്കളായ കാമം, ക്രോധം, ലോഭം, അഹങ്കാരം, അജ്ഞാനം എന്നിവയെയും മരണത്തെപ്പോലും അതിജീവിച്ചു.

ആറ് മന്വന്തരങ്ങൾ അദ്ദേഹമിങ്ങിനെ കഴിഞ്ഞു. ഏഴാമത് മന്വന്തരത്തിൽ ദേവേന്ദ്രന് മാർക്കണ്ഡേയൻ തൻെറ പദവി തട്ടിയെടുക്കുമോ എന്ന ഭയമുണ്ടായി. മാർക്കണ്ഡേയൻെറ അനിതരസാധാരണമായ തപശ്ചര്യകളും സാധനകളും മൂലം തൻെറ സിംഹാസനം നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ മാർക്കണ്ഡേയൻെറ തപശ്ചര്യക്ക് ഭംഗം വരുത്താൻ പതിവുപോലെ ഏർപ്പാടുകൾ ചെയ്തു. അപ്സരസ്സുകൾ ഗായകരോടും കാമദേവനോടുമൊപ്പം മഹർഷിയുടെ തപസ്സിളക്കാൻ പുറപ്പെട്ടു.

കാമദേവനും കൂട്ടരും ഹിമാലയത്തിൻെറ വടക്കേ ചെരുവിൽ മഹർഷി ധ്യാനനിരതനായിരിക്കുന്നയിടത്തു ചെന്നു. അവർക്കറിയാവുന്ന മാർഗ്ഗമെല്ലാം പ്രയോഗിച്ചുവെങ്കിലും മാർക്കണ്ഡേയൻ ഇളകിയില്ല. തങ്ങളുടെ പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടതിൽ തലതാഴ്ത്തി അവർ ഇന്ദ്രസവിധമണഞ്ഞു. അതേ സമയം മഹർഷിയുടെ തപസ്സിൽ അതീവസന്തുഷ്ടനായ ഭഗവാൻഹരി നര-നാരായണരൂപത്തിൽ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. മാർക്കണ്ഡേയൻ സാഷ്ടാംഗനമസ്കാരം നടത്തി. എന്നിട്ട് എഴുന്നേറ്റു നിന്നു വണങ്ങി ഹൃദയം നിറഞ്ഞ ഭക്തിയോടെ ഇങ്ങിനെ പ്രാർത്ഥിച്ചു.

"ഭഗവൻ, അവിടുന്ന് ഈ ദ്വിരൂപത്തിൽ പ്രകടമായിരിക്കുന്നത് മൂലോകങ്ങളിലുമുള്ള സകലജിവികൾക്കും മോക്ഷം നൽകുവാനായാണല്ലോ. ത്രിഗുണങ്ങളുടെ വിളയാട്ടമേൽക്കാത്ത അവിടുത്തെ പാദാരവിന്ദങ്ങളിൽ ഞാൻ അഭയം പ്രാപിക്കുന്നു. മഹത്തായ കാലംപോലും അവിടുത്തെ പുരികക്കൊടിയുടെ ലീല മാത്രം. കാര്യങ്ങൾ ഇങ്ങിനെയായിരിക്കേ ലൗകീകവസ്തുക്കളോടും നശ്വരമായ ഈ ശരീരത്തോടും ഇവയുമായി ബന്ധപ്പെട്ട എന്തിനോടും മൂല്യം കൽപ്പിക്കുന്നത് എത്രമാത്രം വ്യഥാവിലാണ്? അതുകൊണ്ട് ഞാൻ അവയിൽ നിന്നെല്ലാം പിന്തിരിഞ്ഞ് അവിടുത്തെ അഭയം പ്രാപിക്കുന്നു."

**ജിതം തേ ദേവദേവേശ പ്രപന്നാർത്തിഹരാച്യുത**
**വരേണൈതാവതാലം നോ യദ്ഭവാൻ സമദൃശ്യത (12-9-4)**
**അഥാപ്യംബുജപത്രാക്ഷ പുണ്യശ്ലോകശിഖാമണേ**
**ദ്രക്ഷ്യേ മായാം യയാ ലോക: സപാലോ വേദ സദ് ഭിദാം (12-9-6)**

*മഹിമയേറിയ ഭഗവാൻ ഇങ്ങിനെ പറഞ്ഞു:*
"അങ്ങയുടെ ജീവിതം മുഴുവൻ നീണ്ടുനിന്ന സാധനയിലും, തപസ്സിലും പരമഭക്തിയിലും ഞാൻ അതി പ്രീതനായിരിക്കുന്നു. ഇഷ്ടവരം എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക."

*മാർക്കണ്ഡേയൻ പറഞ്ഞു:*
ഭഗവാനേ അവിടുത്തെ കൃപകൊണ്ട് ആ മുഖദാവ് ദർശിക്കാൻ ഭാഗ്യം ലഭിച്ചശേഷം ഞാൻ എന്തു വരമാണ് ചോദിക്കുക? എന്നാൽ എനിക്ക് അനുഗ്രഹമേകണമെന്ന് അവിടുത്തേക്ക് നിർബന്ധമാണെങ്കിൽ മായാശക്തി എന്തെന്ന് കാട്ടിത്തന്നാൽ കൊള്ളാം.

*സൂതൻ പറഞ്ഞു:*
'തഥാസ്തു' എന്നു പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി. മഹർഷി തന്റെ പതിവുസാധനകൾ തുടർന്നു. ഭഗവാന്റെ മായയുടെ അർത്ഥം എന്താണെന്ന് നിരന്തരം ധ്യാനിച്ചു. അദ്ദേഹത്തിൽ പരമഭക്തി വളർന്ന് ചിലസമയം ഭഗവാന്റെ പാദപങ്കജം പൂജിക്കാൻപോലും അദ്ദേഹം മറന്നു. ഒരു ദിവസം പുഷ്പഭദ്രാനദീതടത്തിൽ പൂജചെയ്തുകൊണ്ടിരിക്കുമ്പോൾ അതിഭീകരമായൊരു കൊടുങ്കാറ്റ് ഭൂമിയെ മുഴുവൻ കുലുക്കി. അതേത്തുടർന്ന് പേമാരിയും പെയ്തു. എല്ലായിടവും ജലത്തിനടിയിലായി. സമുദ്രം ഭൂമിയെ മിക്കവാറും ജലത്തിലാഴ്ത്തിയോ എന്ന മട്ടിലായിരുന്നു വെള്ളപ്പൊക്കം.

മാർക്കണ്ഡേയമഹർഷി ആശങ്കാകുലനായി. ആകാശം മുട്ടെയുള്ള തിരമാലകൾ ചുറ്റുപാടും കാണപ്പെട്ടു. ജീവജാലങ്ങളെല്ലാം അപ്രത്യക്ഷമായി. അതീവകലുഷമായ സമുദ്രജലത്തിൽ ജീവനുള്ളതായി താൻ മാത്രമേയുള്ളൂ. സമ്പൂർണ്ണതമസ്സായതിനാൽ ഏതു ദിശയിലേക്കാണു താൻ പോവുന്നതെന്നും അദ്ദേഹത്തിനു മനസ്സിലായില്ല. ഈ ദുർഘടാവസ്ഥയിൽ ദശലക്ഷം വർഷങ്ങൾ കടന്നുപോയിരിക്കും എന്നദ്ദേഹത്തിനു തോന്നി. വിശ്വപ്രളയം തന്നെയിത് എന്ന് അദ്ദേഹം വിചാരിച്ചു.

അതും കഴിഞ്ഞ് വളരെ ഏറെക്കാലം കഴിഞ്ഞപോലെ അദ്ദേഹത്തിനു തോന്നി. ഒരു കഷണം ഭൂമി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടു. അതിലൊരാൽമരം. അതിലെ ഇലകളിലൊന്നിൽ ഒരു ശിശു നഗ്നനായി കിടക്കുന്നു. കാണാൻ അതീവരമണീയനും ഇരുണ്ടപച്ചനിറമാർന്നവനും ആയ ശിശു കാൽപ്പാദം കൈകൊണ്ടുയർത്തി അതിലെ പെരുവിരൽ വായിലിട്ടങ്ങിനെ രസിച്ചുകിടന്നു. ഏറെക്കാലമായി പ്രളയ ദുരിതത്താൽ കഷ്ടപ്പെട്ട മാർക്കണ്ഡേയന്, ശിശുവിന്റെ ദർശനം കൊണ്ടുതന്നെ ക്ഷീണം മാറി. അദ്ദേഹം അതിന്റെ സമീപം ചെന്നു. ശിശു അകത്തേക്ക് വലിച്ച ശ്വാസത്തിലൂടെ മുനി അതിന്റെ വയറ്റിൽ ചെന്നു. അവിടെ വിശ്വം മുഴുവൻ ദൃശ്യമായി. ഹിമാലയവും തന്റെ ആശ്രമവും തന്നെപ്പോലും ശിശുവിന്റെ ഉദരത്തിൽ കണ്ടു. ശിശുവിന്റെ ഉഛ്വാസവായുവിലൂടെ മഹർഷി പുറത്തുവന്നു. വിചിത്രമായ ഈ അനുഭവത്തിൽ അത്ഭുതചകിതനായി അദ്ദേഹം ശിശുവിനെ വാരിപ്പുണരാൻ പുറപ്പെട്ടു. എന്നാൽ അദ്ദേഹം തൊടും മുൻപ് ശിശു അപ്രത്യക്ഷനായിരുന്നു. ജലവും അപ്രത്യക്ഷമായി. ഭൂമി പഴയതുപോലെ തന്നെ നിലനിൽക്കുന്നു. അദ്ദേഹം നദിക്കരയിൽ തന്റെ ആശ്രമത്തിനു മുന്നിൽ നിൽക്കുന്നു.

**ബ്രാഹ്മണാ: സാധവ: ശാന്താ നി: സംഗാ ഭൂതവത്സലാ:**
**ഏകാന്തഭക്താ അസ്മാസു നിർവ്വൈരാ: സമദർശിന: (12-10-20)**
**സലോകാ ലോകപാലാസ്താൻ വന്ദന്ത്യർച്ചന്ത്യുപാസതേ**
**അഹംച ഭഗവാൻ ബ്രഹ്മാ സ്വയം ച ഹരീശ്വര: (12-10-21)**
**നതേ മയ്യച്യുതേƒജേ ച ഭിദാമണ്വപി ചക്ഷതേ**
**നാത്മനശ്ച ജനസ്യാപി തദ്യുഷ്മാൻ വയമീമഹി (12-10-22)**

*സൂതൻ തുടർന്നു:*
താൻ കാണണമെന്നാഗ്രഹിച്ച ഭഗവൽമായയാണിതെന്നു മനസ്സിലാക്കിയ മാർക്കണ്ഡേയൻ ഭഗവാനെ ധ്യാനിച്ച് ഹൃദയം നിറഞ്ഞ ഭക്തിയോടെ പ്രാർത്ഥിച്ചു.

ഒരുദിവസം ഭഗവാൻ പരമശിവനും പാർവ്വതിയും മുനിയുടെ ആശ്രമത്തിനു മുകളിലൂടെ പറക്കുമ്പോൾ മാർക്കണ്ഡേയൻ ധ്യാനനിരതനായി അതിൽ വിലീനനായിരിക്കുന്നതു കണ്ടു. പാർവ്വതി മുനിയെക്കണ്ട് അദ്ദേഹത്തിന്റെ പരമഭക്തി എത്രമാത്രമുണ്ടെന്ന് മറ്റു ഭക്തൻമാർക്ക് മനസ്സിലാക്കിക്കൊടുക്കാനായി വെളിപ്പെടുത്തണമെന്ന് തന്റെ നാഥനോടഭ്യർത്ഥിച്ചു. ശിവൻ പറഞ്ഞു: "അദ്ദേഹത്തേപ്പോലുള്ള മാമുനിമാർ ഏതെങ്കിലും ദേവതകളിൽനിന്നും വരം ചോദിക്കുകയില്ല. കണ്ടുകൊള്ളുക." അത്രയും പറഞ്ഞ് അദ്ദേഹം മുനിക്കു മുന്നിൽ ചെന്നു നിന്നു. ധ്യാനവിലീനനായിരുന്നതുകൊണ്ട് പരമശിവൻ വന്നുനിൽക്കുന്നകാര്യം മാർക്കണ്ഡേയൻ അറിഞ്ഞില്ല. അപ്പോൾ ശിവൻ മുനിയുടെ ഹൃദയത്തിൽ കയറി. അപ്പോൾ മാത്രമാണദ്ദേഹം പരമശിവന്റെ സാന്നിദ്ധ്യം മനസ്സിലാക്കിയത്. അദ്ദേഹം പരമശിവനെയും പാർവ്വതിയേയും ഭഗവൽ മഹിമകൾ പാടി പൂജിച്ചു.

*ഭഗവാൻ പരമശിവൻ പറഞ്ഞു:* "ത്രിമൂർത്തികൾ- ബ്രാഹ്മാവും വിഷ്ണുവും ഞാനും- ഞങ്ങളുടെ ഭക്തൻമാർക്ക് വരമേകുന്നു. അതുകൊണ്ട് മാമുനേ എന്ത് വരമാണ് വേണ്ടതെന്നു പറഞ്ഞാലും. എല്ലാ ദേവതകളും ത്രിമൂർത്തികളായ ഞങ്ങളും, സദാ ശാന്തശീലരും അനാസക്തരും സകലജീവജാല സുഹൃത്തുക്കളും, ഞങ്ങളിൽ പരമഭക്തരും സമദൃഷ്ടികളും, ആരോടും വെറുപ്പില്ലാത്തവരുമായ നിങ്ങളെപ്പോലുള്ള മഹർഷിമാരെ നമസ്ക്കരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. അവർ ബ്രാഹ്മാവിഷ്ണു മഹേശ്വരൻമാരിൽ യാതൊരു വൈവിദ്ധ്യങ്ങളും ദർശിക്കുന്നില്ല. മാത്രമല്ല വിശ്വത്തിലെ യാതൊരു ജീവകൾതമ്മിലും അവർക്ക് വ്യത്യസ്ഥഭാവമില്ല. അതു കൊണ്ട് ഞങ്ങൾ അങ്ങയേപ്പോലുള്ള മാമുനിമാരെ ആരാധിക്കുന്നു. അങ്ങയേപ്പോലുള്ളവരെക്കുറിച്ച് കേൾക്കുന്നതുകൊണ്ടു തന്നെ കൊടുംപാപികൾ പോലും പവിത്രരാകുന്നു. അങ്ങയെക്കാണാനും അങ്ങയുടെകൂടെ കഴിയാനും സാധിക്കുന്നത് എത്ര മഹത്തരം."

*മാർക്കണ്ഡേയൻ പറഞ്ഞു:* "ഭഗവാനേ അങ്ങയുടെ മഹത്വത്തിന്റെയും പ്രവർത്തനങ്ങളുടെയും ആഴം ആർക്കാണളക്കുവാനാവുക? അങ്ങയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അനുകരിക്കാൻ വേണ്ടി മാത്രം. ഭഗവാനേ, അവിടേയ്ക്ക് നമസ്ക്കാരം. എനിക്ക് ഒരു വരം മാത്രം മതി. എന്റെ ഹരിഭക്തിയും ഭക്തരിലും അങ്ങയിലും ഉള്ള ഭക്തിയും എന്നെന്നും വളരാനിടവരണം."

*പരമശിവൻ പറഞ്ഞു:* "തഥാസ്തു മഹാമുനേ. ഞാൻ മറ്റൊരു വരം കൂടി നൽകുന്നു. ഈമന്വന്തരം കഴിയുംവരെ അങ്ങയുടെ പ്രശസ്തി നിലനിൽക്കട്ടെ. ആരോഗ്യസൗഭാഗ്യവും മരണത്തിൽനിന്നുള്ള പ്രതിരോധവും അങ്ങേയ്ക്കുണ്ടാവും. അങ്ങേയ്ക്ക് ആത്മജ്ഞാനസാക്ഷാത്ക്കാരം ഉണ്ടാവട്ടെ. അങ്ങൊരു പുരാണം പഠിപ്പിക്കുകയും അത് അങ്ങയുടെ നാമധേയത്തിൽ അറിയപ്പെടുകയും ചെയ്യും."

അങ്ങിനെ മാർക്കണ്ഡേയൻ ഭഗവൽമായയുടെ മാസ്മരീകത അനുഭവിച്ചു. ഒരുപ്രളയം അതിജീവിച്ചു എന്ന തോന്നലുമുണ്ടായി. അദ്ദേഹം മഹായോഗിയായി ജീവിച്ച് ഒടുവിൽ പരമപദം പൂകി.

## ശ്രീകൃഷ്ണ കൃഷ്ണ സഖ വൃഷ്ണ്യൃഷഭാവനിധ്രു -
## ഗ്രാജന്യ വംശദഹനാനപവർഗ്ഗവീര്യ
## ഗോവിന്ദ ഗോപവനിതാവ്രജഭൃത്യഗീത-
## തീർത്ഥശ്രവ: ശ്രവണമംഗള പാഹി ഭൃത്യാൻ (12-11-25)

*ശൗനകൻ പറഞ്ഞു:*
അല്ലയോ സൂതാ: ദയവായി ഭഗവാൻെറ ശരീരം ഞങ്ങൾക്ക് ധ്യാനിക്കുന്നതിനായി വിവരിച്ചു തന്നാലും. അങ്ങിനെ ശരിയായ ഭാവത്തിൽ ഞങ്ങൾക്ക് ധ്യാനം നടത്താമല്ലോ.

*സൂതൻ പറഞ്ഞു:*
വിശ്വാണ്ഡം ഒൻപതു പ്രാഥമീകതത്വങ്ങൾ (പ്രകൃതി, മഹത്, സൂത്രം, അഹങ്കാരം, സൂക്ഷ്മ ധാതുക്കൾ). പതിനാറു പരിണിതരൂപങ്ങൾ (മനസ്, പത്തിന്ദ്രിയങ്ങൾ, അഞ്ച് സ്ഥൂലധാതുക്കൾ) എന്നിവ ചേർന്നുള്ളതാണെന്നാണ് ശാസ്ത്രമതം. ഇതിനെ നയിക്കുന്നത് വിശ്വപുരുഷനത്രെ. വിശ്വപുരുഷൻെറ അവയവങ്ങളോരോന്നും ദ്യോതിപ്പിക്കുന്നതും അവയിൽ അധിവസിക്കുന്നതുമായ ദേവതകളെപ്പറ്റി ഞാൻ നേരത്തെതന്നെ പറഞ്ഞു തന്നിട്ടുണ്ടല്ലോ. ബോധമെന്ന ജീവനാണ് അദ്ദേഹത്തിൻെറ മാറിലെ കൗസ്തുഭം. അതിൻെറ പ്രഭയാണ് ശ്രീവൽസം. ഗുണങ്ങൾ പൂമാലയാകുന്നു. വേദങ്ങൾ അദ്ദേഹത്തിൻെറ അരക്കെട്ടിൽ ചുറ്റിയ വസ്ത്രം. *ഓം* (അ, ഉ, മ) എന്നത് മൂന്നിഴകളുള്ള പൂണൂലത്രെ. സാംഖ്യവും യോഗവും കണ്ഠാഭരണങ്ങൾ. ബ്രഹ്മലോകമാണ് കിരീടം. അപ്രകടിതാവസ്ഥയാണ് സർപ്പമെത്ത. പത്മാസനം സത്വം. പ്രാണനാണ് വിശ്വപുരുഷൻെറ ഗദ. ശംഖ് ജലത്തെയും, ചക്രം അഗ്നിയെയും പ്രതിനിധീകരിക്കുന്നു. ആകാശം വാളും, കാലം അസ്ത്രവുമാണ്. ആവനാഴി നിറയെ സകലജീവജാലങ്ങളുടെയും കർമ്മഫലങ്ങൾ. മനസ്സാണ് സാരഥി. സൂര്യപഥത്തിലുള്ള ഭഗവാനെ ആരാധിക്കുന്നതുമൂലം പൂജകൾ ഒന്നുകൊണ്ടുതന്നെ പാപങ്ങൾ ഇല്ലാതാവുന്നു.

ഭഗവാൻെറ കയ്യിലുള്ള താമരപ്പൂ ആറ് ലോകസ്വഭാവങ്ങളെ പ്രതിനിധീകരിക്കുന്നു. വൈകുണ്ഠം കുടയാണ്. തൻെറ വാഹനമായ ഗരുഡൻ വേദമാണ്. അദ്ദേഹം സ്വയം യജ്ഞമാണ്, ബലിയുടെ ആത്മസത്ത. തൻെറ സ്വശക്തിയാണ് ലക്ഷ്മി. വിശ്വസേനൻ, ഭഗവാൻെറ പ്രഥമസേവകനും പൂജാവിധികളും തന്ത്രങ്ങളുമത്രെ. ദിവ്യശക്തികൾ അവിടുത്തെ സേവകരാണ്. അദ്ദേഹം നാലുരൂപങ്ങളോടെയാണ് സങ്കൽപ്പിക്കപ്പെട്ടിട്ടുള്ളത്. വാസുദേവൻ, സംകർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ- ഇവ യഥാക്രമം വിശ്വൻ, തൈജസൻ, പ്രാജ്ഞൻ, തുരീയൻ എന്നീ ബോധാവസ്ഥകളെ പ്രതിനിധാനം ചെയ്യുന്നു.

അദ്ദേഹത്തെ പലരീതിയിലും വർണ്ണിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ഒന്നു മാത്രം - ഭക്തൻെറ ആത്മസത്ത തന്നെ. പ്രഭാതകാലത്ത് ഭഗവദ്ഭക്തൻ ഈ ശ്ലോകം ഉരുവിടണം. "കൃഷ്ണാ, അർജ്ജുനസുഹൃത്തേ, വൃഷ്ണികളിൽ ഉത്തമനായുള്ളവനേ, ഗോവിന്ദാ, ദുഷ്ടരാജാക്കൻമാരെ നിഗ്രഹിച്ചവനേ, അനന്തശക്തിയുള്ളവനേ, ഗോപികമാരും മറ്റുള്ളവരും വാഴ്ത്തുന്ന മാഹാത്മ്യമേ, അവിടുത്തെ ഭക്തരെ സംരക്ഷിച്ചാലും." ഇതുമൂലം പരമപുരുഷനെ ഹൃദയത്തിൽ സാക്ഷാത്ക്കരിക്കാൻ ഭക്തനു സാധിക്കും.

*ശൗനകൻ പറഞ്ഞു:*
ശ്രീഹരിതന്നെയായ സൂര്യദേവനെപ്പറ്റി പറഞ്ഞു തന്നാലും.

*സൂതൻ പറഞ്ഞു:*
ഭഗവാൻ ഹരിയുടെ അവതാരങ്ങളിലൊന്നാണെങ്കിലും മാമുനിമാർ പല വിധത്തിലാണ് സൂര്യനെ വിവരിച്ചിട്ടുള്ളത്. ഒന്നുതന്നെയെങ്കിലും, ശ്രീഹരിയെ കാലം, ആകാശം, കർമ്മം, കർമ്മി, ഉപകരണം, ക്രിയ, വേദം, ദ്രവ്യവസ്തുക്കളും കർമ്മഫലങ്ങളും എന്നിങ്ങിനെയെല്ലാം വർണ്ണിച്ചിട്ടുണ്ടല്ലോ. കാലമായി ഭഗവാൻ ഹരി സൂര്യദേവൻെറ രൂപത്തിൽ പന്ത്രണ്ടു സൂര്യരാശികളായി മാസാമാസം പന്ത്രണ്ടു സേവകവൃന്ദങ്ങളുടെ അകമ്പടിയോടെ ചുറ്റിസഞ്ചരിക്കുന്നു.

**നമോ ധർമ്മായ മഹതേ നമ: കൃഷ്ണായ വേധസേ**
**ബ്രാഹ്മണേഭ്യോ നമസ്കൃത്യ ധർമ്മാൻ വക്ഷ്യേ സനാതനാൻ (12–12–1)**
**ഏതദ്വ: കഥിതം വിപ്രാ വിഷ്ണോശ്ചരിതമദ്ഭുതം**
**ഭവദ്ഭിര്യദഹം പൃഷ്ടോ നരാണാം പുരുഷോചിതം (12–12–2)**
**അത്ര സങ്കീർത്തിത: സാക്ഷാത് സർവ്വപാപഹരോഹരി:**
**നാരായണോ ഋഷീകേശോ ഭഗവാൻ സാത്വതാം പതി: (12–12–3)**
**അത്ര ബ്രഹ്മ പരം ഗുഹ്യം ജഗത: പ്രഭവാപ്യയം**
**ജ്ഞാനം ച തദുപാഖ്യാനം പ്രോക്തം വിജ്ഞാന സംയുതം (12–12–4)**
**ഭക്തിയോഗ: സമാഖ്യാതോ വൈരാഗ്യം ച തദാശ്രയം**
**പാരീക്ഷിതമുപാഖ്യാനം നാരദാഖ്യാനമേവ ച. (12–12–5)**

*സൂതൻ പറഞ്ഞു:*
ഞാൻ ധർമ്മത്തെ നമസ്ക്കരിക്കുന്നു. ഞാൻ കൃഷ്ണനെ നമസ്ക്കരിക്കുന്നു. ഞാൻ മഹാത്മാക്കളെ നമസ്ക്കരിക്കുന്നു. ഞാൻ നിങ്ങളോട് ഭഗവാൻ വിഷ്ണുവിൻെറ കഥ പറഞ്ഞുതന്നു. നിങ്ങൾ അഭ്യർത്ഥിച്ചിട്ടു പറഞ്ഞതാണെങ്കിലും അതുത്തമം തന്നെയായി. ഇതിൽ ഭഗവാൻെറ മഹിമയാണ് ഞാൻ വർണ്ണിച്ചത്. ഇതിൽ അനന്തസത്വത്തിനെയും അതിൻെറ വിജ്ഞാനത്തെയും പ്രതിപാദിച്ചിരിക്കുന്നു. മാത്രമല്ലാ, നേരിട്ട് അതിനെ സാക്ഷാത്ക്കരിക്കുന്നതിനെപ്പറ്റിയും വിവരണമുണ്ടല്ലോ. ഇതിൽ ഭക്തിയോഗത്തെപ്പറ്റിയും വൈരാഗ്യത്തെപ്പറ്റിയും പ്രതിപാദിച്ചു. നാം പരീക്ഷിത്തിൻെറ കഥയും അദ്ദേഹത്തിൻെറ ശാപത്തെപ്പറ്റിയും പറഞ്ഞു. വിദുരനും ഉത്ഥവനും തമ്മിലുള്ളതും വിദുരനും മൈത്രേയനും തമ്മിലുമുള്ള സംഭാഷണങ്ങൾ നാം കേട്ടു. ഇതിനെത്തുടർന്ന് സൃഷ്ടിയെപ്പറ്റിയും രൂപപരിണാമങ്ങളെപ്പറ്റിയും കാലത്തിനെപ്പറ്റിയും വിവരിച്ചു.

ഭഗവാൻ കപിലമുനിയായവതരിച്ചതിനെക്കുറിച്ചുള്ള പരിപൂർണ്ണ വിവരണം, കപിലമുനി തൻെറ അമ്മയായ ദേവഹൂതിക്കു നൽകിയ നിർദ്ദേശങ്ങൾ - ഇതിൽ അത്യുന്നതങ്ങളായ വിജ്ഞാനശകലങ്ങളുണ്ട്- എന്നിവ നാം മനസ്സിലാക്കി. ഭഗവാൻെറ മറ്റ് അവതാരങ്ങളെക്കുറിച്ചും പിന്നീട് വിശദീകരിച്ചു. അജാമിളൻെറ കഥ, ദക്ഷനെയും അദ്ദേഹത്തിൻെറ പെൺകുട്ടികളെയും പറ്റി, അവരിൽ നിന്ന് പലേതരം ജീവികൾ ഉത്ഭവിച്ച തിനെപ്പറ്റി, എല്ലാം വിശദമായി പറയുകയുണ്ടായി. പലേ രാജകുലങ്ങളെപ്പറ്റിയും, മന്വന്തരങ്ങളെപ്പറ്റിയും, സൂര്യവംശത്തെപ്പറ്റിയും, ചന്ദ്രവംശത്തെപ്പറ്റിയും, സംക്ഷിപ്തമായി വിവരിച്ചു. ഭഗവാൻ കൃഷ്ണനായിപ്പിറന്നത് ചന്ദ്രവംശത്തിലാണല്ലോ.

ഭഗവാൻ കൃഷ്ണൻെറ ബാല്യകാലലീലകൾ നിങ്ങൾ കേട്ടു. അദ്ദേഹത്തിൻെറ ഇഹലോകദിവ്യവാസ ത്തിനിടയ്ക്കു ചെയ്ത അത്യത്ഭുതമഹത്കൃത്യങ്ങളും നിങ്ങൾക്കായി പറഞ്ഞുതന്നു. അദ്ദേഹം വെറുമൊരുലീലയെന്ന മട്ടിൽ ഭൂലോകത്തിലെ ദുഷ്ടരെ വകവരുത്തിയതെങ്ങിനെയെന്നും നിങ്ങൾക്കറിയാം. മാത്രമല്ലാ ആരെല്ലാം ആ ഭഗവാനെ പ്രേമംകൊണ്ടോ, ഭക്തികൊണ്ടോ, പേടികൊണ്ടോ, വെറുപ്പുകൊണ്ടോ സദാ സ്മരിച്ചുവോ അവർക്കെല്ലാം സായൂജ്യപദം ലഭിച്ചകഥകളും പറഞ്ഞുകഴിഞ്ഞു. സ്വയം തൻെറ ഗോത്രത്തിന് നാശം വരുത്താനിടയാക്കിയ കഥയും ഉത്ഥവനോട് അത്യുന്നത ജ്ഞാനോപദേശം നൽകിയതും ഇഹലോകവാസം വെടിഞ്ഞതുമായ കാര്യങ്ങൾ ഞാൻ വിവരിക്കുകയുണ്ടായി. അവസാനമായി പരീക്ഷിത്ത് രാജാവ് എങ്ങിനെയാണ് സ്വശരീരമുപേക്ഷിച്ച് പരമപദം പൂകിയതെന്നും നിങ്ങൾ കേട്ടു.

ആരൊരുവൻ “ഹരയേനമ:” എന്ന് അറിയാതെപോലും ജപിച്ചുവെന്നാൽ അയാൾക്ക് മോക്ഷം ലഭിക്കും. ഇഹലോകത്തിൽ നമുക്ക് ചെയ്യാൻ കൊള്ളാവുന്ന ഏകജോലി ഭഗവൽകഥാകഥനവും മഹിമാകീർത്തനവും മാത്രമത്രേ. നിങ്ങൾ എല്ലാവരും ഭഗവാനിൽ പരമഭക്തിയുള്ളവരാകയാൽ അനുഗ്രഹീതരത്രെ. നിങ്ങൾക്ക് ഈ പരമഭാഗവതപുരാണം പറഞ്ഞു തരാനവസരം കിട്ടിയതിൽ ഞാനും വളരെ അനുഗ്രഹീതനാണ്. ഈ പുരാണം കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നയാളുടെ പാപങ്ങളെല്ലാം ക്ഷണനേരം കൊണ്ട് ഇല്ലാതാവുന്നതാണ്.

**യം ബ്രഹ്മാ വരുണേന്ദ്രരുദ്രമരുത: സ്തുന്വന്തി ദിവ്യൈ: സ്തവൈർ**
**വ്വേദൈ: സാംഗപദക്രമോപനിഷദൈർഗായന്തി യംസാമഗാ:**
**ധ്യാനാവസ്ഥിതതദ്ഗതേന മനസാ പശ്യന്തി യം യോഗിനോ**
**യസ്യാന്തം നവിദു: സുരാസുരഗണാ ദേവായ തസ്മൈ നമ: (12-13-1)**
**പൃഷ്ഠേ ഭ്രാമ്യദമന്ദമന്ദരഗിരിഗ്രാവാഗ്രകണ്ഡൂയനാ -**
**ന്നിദ്രാലോ: കമഠാകൃതേർഭഗവത: ശ്വാസാനിലാ: പാന്തുവ:**
**യത്സംസ്കാരകലാനുവർത്തനവശാദ്വേലാനിഭേനാംഭസാം**
**യാതായാതമതന്ദ്രിതം ജലനിധേർന്നാദ്യാപി വിശ്രാമ്യതി (12-13-2)**
**നാമസങ്കീർത്തനം യസ്യ സർവ്വപാപപ്രണാശനം**
**പ്രണാമോ ദു:ഖശമനസ്തം നമാമി ഹരിം പരം (12-13-23)**

*സൂതൻ തുടർന്നു:*

വരുണൻ, ഇന്ദ്രൻ, രുദ്രൻ, വായുദേവൻ തുടങ്ങിയവരെല്ലാം ദിവ്യസങ്കീർത്തനങ്ങളാൽ വാഴ്ത്തുന്ന ഭഗവാന് നമസ്ക്കാരം. സങ്കീർത്തനകർത്താക്കൾ വേദങ്ങളായി വാഴ്ത്തുന്നതും, നിതാന്തധ്യാനത്താൽ ഹൃദയം ഭഗവാനിലുറച്ച യോഗിവര്യൻമാർ സങ്കൽപ്പിക്കുന്നതും, എന്നാൽ ദേവൻമാർക്കും അസുരൻമാർക്കുമൊന്നും അളക്കാനാവാത്തതുമായ ആ ഭഗവാനായിക്കൊണ്ട് നമസ്ക്കാരം. ദിവ്യനായ ആമയുടെ രൂപത്തിലവതരിച്ച് പുറത്തുള്ള മന്ദരപർവ്വതത്താൽ ഉരസപ്പെട്ടതു കൊണ്ട് ഉറക്കംതൂങ്ങി മൃദുവായി ശ്വാസോച്ഛ്വാസം നടത്തിയ ഭഗവാൻെറ ശ്വാസോച്ഛ്വാസം നിങ്ങൾക്ക് സംരക്ഷയേകട്ടെ. അവയെത്ര മഹത്തരം! അവയാണല്ലോ സമുദ്രങ്ങളിൽ അലയുണ്ടാക്കുന്നത്. തിരമാലകൾ ഇന്നും സമുദ്രങ്ങളിൽ അലയടിച്ചു കൊണ്ടേയിരിക്കുന്നു.

ആകെ പതിനെട്ടുപുരാണങ്ങളുണ്ടെന്ന് നിങ്ങൾ കേട്ടു. അവയെല്ലാം ചേർന്ന് നാനൂറായിരം ഈരടികളുണ്ട്. അതിൽ ഭാഗവതപുരാണത്തിൽ മാത്രം പതിനെണ്ണായിരം ഈരടികളാണുള്ളത്.

ഭാഗവതപുരാണം ഭഗവാൻ സ്വയം ബ്രഹ്മാവിനു പറഞ്ഞു കൊടുത്തു. അതുകൊണ്ട് ഇതിന് ഭാഗവതം എന്നു പേരു വന്നു - ഭഗവാനെക്കുറിച്ചുള്ള പുസ്തകം. മാത്രമല്ല, ഈ പുസ്തകം മുഴുവനും ഭഗവാനെക്കുറിച്ചും അവിടുത്തെ മഹിമകളെക്കുറിച്ചുമാണ്. ഉപനിഷത്തുക്കളുടെ സാരസത്ത ഇതിലുണ്ട്. ഇതിലെ പ്രതിപാദവിഷയം അനന്തമജ്ഞാതമവർണ്ണനീയമായ ബ്രഹ്മമത്രെ. ആരൊരുവൻ ഈ ഗ്രന്ഥത്തിൻെറ ഒരു പ്രതി ഭാദ്രപദമാസത്തിലെ പൗർണ്ണമിയിൽ മറ്റുള്ളവർക്ക് നൽകുന്നുവോ, അയാൾ പരമലക്ഷ്യത്തിലെത്തിച്ചേരുന്നു. മറ്റുപുരാണങ്ങൾക്ക് തിളക്കമുണ്ടാവുന്നത് ഭാഗവതം കേൾക്കുംവരെ മാത്രമേയുള്ളു. ഗംഗയാണല്ലോ നദികളിൽ ഉത്തമം. ഭഗവാൻ വിഷ്ണുവാണ് ഭഗവദവതാരങ്ങളിൽ അഗ്രഗണ്യം. പരമശിവനാണ് ഭഗവൽഭക്തരിലത്യുത്തമൻ. ഭാഗവതമാണ് പുരാണങ്ങളിൽ അതിശ്രേഷ്ഠം. ഇത് വിഷ്ണുഭക്തർക്കും, താപസൻമാരിൽ ഏറ്റവും ഉയർന്നവർക്കും പ്രിയമത്രെ. ആരൊരുവൻ ഇത് വായിക്കുന്നുവോ, കേൾക്കുന്നുവോ, ധ്യാനിക്കുന്നുവോ, അയാൾ മോക്ഷപദം പ്രാപിക്കും. ഭഗവാൻ കൃഷ്ണനു നമസ്ക്കാരം. ശ്രീവ്യാസനു നമസ്ക്കാരം. ശുകമുനിക്കും പരീക്ഷിത്ത് രാജാവിനും നമസ്ക്കാരം. ഭഗവാൻ ഹരിക്ക് നമോവാകം. ആരുടെ നാമജപം ഒരുവൻെറ പാപങ്ങളും ദു:ഖങ്ങളും അകറ്റുന്നുവോ, ആ ഭഗവാനായ ശ്രീഹരിക്ക് നമസ്ക്കാരം.

**ഓം നമോ നാരായണായ**
**ഓം നമോ ഭഗവതേ വാസുദേവായ**
**ഓം തത് സത്.**
**ഹരിശ്രീ ഗണപതയേ നമ:**
**അവിഘ്നമസ്തു.**
**ഓം നമ: ശിവായ.**

ॐ

# ശ്രീമദ് ഭാഗവതം

## മഹാത്മാക്കൾ

ॐ

# സോറോ അസ്ട്രർ

സോറോ അസ്ട്രർ (സാരഥുസ്ട്രൻ) പേർഷ്യയിലെ ജനങ്ങൾ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെടും മുമ്പ് ഉണ്ടായിരുന്ന മതത്തിൻെറ സ്ഥാപകനാണ്. അദ്ദേഹം ജീവിച്ചിരുന്ന കാലയളവിനെപ്പറ്റി കൃത്യമായ വിവരങ്ങൾ ഇല്ല. ക്രിസ്തുവിന് ആറായിരം കൊല്ലം മുൻപാണ് അദ്ദേഹം ജീവിച്ചിരുന്നതെന്നും ക്രിസ്തുവിന് മുൻപ് ഏഴാം നൂറ്റാണ്ടിലാണെന്നും പറയപ്പെടുന്നു. പടിഞ്ഞാറേ ഇറാനിലെ അസൈർ ബൈജാൻ ജില്ലയിൽ ബഹുമാനപ്പെട്ട പൊറുഷാസ്പോയുടെയും ദുഗ്ദ്ധവോയുടെയും മകനായി അദ്ദേഹം ജനിച്ചു. സോറോ അസ്ട്രർ അവതരിച്ചത് വിശ്വത്തിൻെറ പരമദൈവമായ അഹുർ മാസ്ദയെ ആരാധിക്കാനും പൂജാവിധികൾ നടപ്പിലാക്കുവാനുമായാണ്.

അദ്ദേഹം മൂന്നു തവണ വിവാഹം കഴിച്ചു. കുറെയേറെ കുട്ടികളും ഉണ്ടായി. ചെറുബാലനായിരിക്കുമ്പോൾ തന്നെ മഹത്തരമായ ബുദ്ധിയും വിവേകവും അദ്ദേഹം പ്രകടിപ്പിച്ചു. ജ്ഞാനികളുമായി അദ്ദേഹം തർക്കിച്ചു. പതിനാറുവയസ്സിൽ അദ്ദേഹം ഇഹലോകാസക്തി വെടിഞ്ഞു. ലൌകീകസുഖം അദ്ദേഹത്തെ സംതൃപ്തനാക്കിയില്ല. എല്ലാ ഇന്ദ്രിയപ്രലോഭനങ്ങൾക്കും അദ്ദേഹം അപ്പോഴേ അതീതനായിക്കഴി ഞ്ഞിരുന്നു. ലൗകീകതയോട് തീരെ മമതയുണ്ടായിരുന്നില്ലെങ്കിലും തീവ്രമായിത്തന്നെ അദ്ദേഹം എല്ലാ ജീവജാലങ്ങളേയും സ്നേഹിച്ചു. ഇരുപതാമത്തെ വയസ്സിൽ വീടുപേക്ഷിച്ച് സൊറോ അസ്ട്രർ രാജ്യം മുഴുവൻ ചുറ്റി സഞ്ചരിച്ചു. സംശുദ്ധിയുടെയും ധാർമ്മീകതയുടെയും ജീവിതം നയിച്ച് കാടുകളിലും ഗുഹകളിലും മലമുകളിലും അദ്ദേഹം വസിച്ചു. ഭക്ഷണത്തിൽ മിതഭോഗിയായിരുന്നു അദ്ദേഹം. നാവിനെയും മറ്റ് ഇന്ദ്രിയങ്ങളെയും നിയന്ത്രണത്തിൽ നിർത്താൻ സൊറോ അസ്ട്രർക്ക് കഴിഞ്ഞിരുന്നു. തീവ്രധ്യാനത്തിൽ മിക്കവാറും സമയം ചിലവഴിച്ചു അദ്ദേഹം. സബ്റ്റം മലയിൽ സൊറോ അസ്ട്രർ വിശ്വനാഥനായ അഹുർ മസ്ദയെ സാക്ഷാത്ക്കരിച്ചു. പ്രവചനാത്മകമായ ദിവ്യദൃഷ്ടിയുണ്ടായിരുന്ന അദ്ദേഹം ഈശ്വര കൽപ്പിതമായ വിജ്ഞാനം ഏഴ് വെളിപാടുകളുടെ രൂപത്തിൽ അവതരിപ്പിച്ചു. മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം അഹുർ മസ്ദയുടെ പ്രവാചകനായിത്തീർന്നു.

സൊറോ അസ്ട്രറുടെ ആത്മീയപാതയിൽ പല ദൈവദൂതൻമാരും അദ്ദേഹത്തോട് നേരിട്ട് സംവദിച്ച് സഹായിക്കുകയുണ്ടായി. മാലാഖമാരിൽ പ്രമുഖരാണ് ദൈവദൂതൻമാർ. ശിവഗണങ്ങളെപ്പോലെയോ വിഷ്ണുപാർഷദൻമാരായ ജയവിജയ, നന്ദ, സുനന്ദമാരേപ്പോലെയോ ഉള്ള ഭഗവൽസേവകരാണ് അഹുർ മസ്ദയുടെ ഈ ദൂതൻമാർ. 'സെൻത് അവെസ്ത', സൊറോ അസ്ട്രർക്ക് അഹുർ മസ്ദയിൽനിന്നും നേരിട്ട് ലഭിച്ച വിജ്ഞാനമത്രെ. പാർസികളുടെ ബൈബിൾ എന്നോ, ഗീതയെന്നോ വിവരിക്കാവുന്ന ഗ്രന്ഥമത്രെ അത്. സൊറോ അസ്ട്രറുടെ ദിവ്യാനുഭവങ്ങൾ ഛന്ദോഗ്യോപനിഷത്തിലെ സത്യകാമ ജാബാലൻേറതുമായി സാമ്യമുള്ളതാണ്.

ആത്മവിലീനരായ മഹാത്മാക്കൾക്ക് സാധാരണ ഉണ്ടാവുന്ന എതിർപ്പുകൾ പുരോഹിതൻമാരിൽ നിന്നുമാണല്ലോ. സൊറോഅസ്ട്രറുടെ പുരോഗമനാശയങ്ങൾക്ക് അവരെതിരായിരുന്നു. കുറച്ചുകാലം അദ്ദേഹത്തെ തടവിലിട്ടിരുന്നുവെങ്കിലും പിന്നീട് വിട്ടയക്കുകയുണ്ടായി. ഇറാനിലെ ചക്രവർത്തിയായ വിസ്താപും രാജ്ഞിയും ഒരു ദിവ്യസ്വപ്നം കണ്ടതിനുശേഷം സൊറോ അസ്ട്രറുടെ മതം സ്വീകരിച്ചു. അങ്ങിനെ അത് പ്രചരിച്ചു. ഇറാനും തുറാനും തമ്മിലുണ്ടായ ഒരു യുദ്ധത്തിനിടയിൽ സൊറോ അസ്ട്രർ കൊല്ലപ്പെട്ടു. നഷ് അദർ ദേവാലയത്തിനു മുന്നിൽ ജപമാലയും കയ്യിൽവച്ച് പ്രാർത്ഥിക്കുമ്പോഴാണ് അദ്ദേഹം എഴുപത്തിയേഴാം വയസ്സിൽ നിര്യാതനായത്. ഇറാനിലെ ഏറ്റവും മഹാനായ പ്രവാചകനും സൊരാഷ്ട്രിസത്തിൻെറ സ്ഥാപകനുമായിരുന്നു ആ ദിവ്യപുരുഷൻ.

സ്വാമി ശിവാനന്ദ.

ॐ

# മിശിഹ

ഈജിപ്തിൽ ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നതിൽ പരിഭ്രാന്തനായ ഫറോവ, ഹീബ്രു സ്ത്രീകൾക്ക് ജനിച്ച ആൺകുട്ടികളെയെല്ലാം ജനിച്ചയുടനേ കൊന്നു കളയാൻ കൽപ്പിച്ചു. തൻെറ പുത്രൻെറ ജീവൻ സംരക്ഷിക്കാൻ ഒരു ഇസ്രായേലി സ്ത്രീ പ്രസവിച്ചയുടനെ മകനെ മൂന്നുമാസത്തേക്ക് ഒളിപ്പിച്ചു വച്ചു. കുട്ടിയെ ഒളിപ്പിച്ചു വയ്ക്കാൻ കഴിയാതെ വന്നപ്പോൾ കാട്ടുചെടികൾ കൊണ്ടൊരു തൊട്ടിലുണ്ടാക്കി അതിൽ വച്ച് കുട്ടിയെ ഒരു നദിക്കരയിൽ ഉപേക്ഷിച്ചു. കുളിക്കാൻ വന്ന രാജകുമാരിക്ക് ശിശുവിൽ അനുകമ്പ തോന്നി അവനെ എടുത്തു വളർത്തി. മിശിഹ എന്നു പേരിട്ടു.

ഫറോവയുടെ ഗൃഹത്തിൽ വളർന്ന മിശിഹ തൻെറ കുലത്തോട് അതീവ കൂറുള്ളവനായിരുന്നു. ഒരു ദിവസം ഈജിപ്തിലെ മുതലാളിമാർക്കു വേണ്ടി ഹീബ്രു ജോലിക്കാർ പണിചെയ്തു കൊണ്ടിരിക്കുമ്പോൾ ഒരു ജോലിക്കാരനെ യജമാനൻ ക്രൂരമായി മർദ്ദിക്കുന്നതു കണ്ടു. മിശിഹാ ആ ക്രൂരനെ കൊന്ന് ജഡം മണലിൽ കുഴിച്ചു മൂടി. ഫറോവ വിവരമറിഞ്ഞതോടെ മിശിഹക്ക് അവിടെ നിന്നു പാലായനം ചെയ്യേണ്ടി വന്നു. മിഡിയൻ ദേശത്ത് വെറുമൊരിടയനായി ജീവിച്ച് ഒരു പുരോഹിതപുത്രിയായ സിപ്പോറയെ വിവാഹം കഴിച്ച് അദ്ദേഹം ജീവിച്ചു. കുറ്റിച്ചെടികൾക്കിടയിലെ അഗ്നിനാളത്തിൽ നിന്നും ദൈവം നേരിട്ട് മിശിഹായോട് സംസാരിച്ചത് ഈ നാട്ടിൽ വച്ചാണ്. ഈജിപ്തിൻെറ അടിമത്തത്തിൽ നിന്ന് ഇസ്രായേലിന് മോചനം നേടാൻ മിശിഹയ്ക്ക് ദൈവത്തിൽ നിന്നും ആജ്ഞ ലഭിച്ചു. അദ്ദേഹം ഈജിപ്തിലേക്ക് മടങ്ങി. സഹോദരനായ ആരനുമൊത്ത് ഫറോവായോട് തങ്ങളുടെ ആൾക്കാരെ മോചിപ്പിക്കാൻ അഭ്യർത്ഥിച്ചു. ഫറോവ സമ്മതിച്ചില്ല. എന്നാൽ അവരുടെ ദിവ്യോദ്ദേശം നടപ്പിലാക്കാൻ ദൈവം പല രീതിയിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഒടുവിൽ ഫറോവ അവരുടെ അഭ്യർത്ഥന മാനിക്കുകയുണ്ടായി.

എന്നാൽ അവർ പുറപ്പെട്ട് അധികം താമസിയാതെ ഫറോവയുടെ മനസ്സു മാറി. അവരെ പിടി കൂടാൻ രാജാവ് തീരുമാനിച്ചു. അപ്പോൾ ദൈവം മിശിഹായോട് തൻെറ കരങ്ങൾ നീട്ടാൻ കൽപ്പിച്ചു. അപ്പോൾ ചെങ്കടൽ രണ്ടായി പകുത്ത് ഇസ്രായേലികൾക്ക് കടൽ കടക്കാൻ സൗകര്യം ഉണ്ടായി. അതു കഴിഞ്ഞ് ചെങ്കടൽ ഒന്നു ചേർന്നതോടെ ഫറോവയുടെ സൈന്യം മുങ്ങി നശിക്കുകയും ചെയ്തു. അവർ രക്ഷപ്പെട്ട് മൂന്ന് മാസം കഴിഞ്ഞപ്പോൾ അവർ സീനായ് മലകളിൽ എത്തിച്ചേർന്നു. ആ കുന്നിൻചെരുവുകളിലാണ് മിശിഹാ ധ്യാനനിരതനായിരുന്നതും ദൈവം പത്തു കല്പനകൾ നൽകിയതും. രണ്ട് കൽപ്പലകകളിലായി കൊത്തിവച്ചിട്ടുള്ള ആ പത്തു കൽപ്പനകളാണ് ഇസ്രായേൽ സന്തതികൾ ഇപ്പോഴും അനുവർത്തിക്കുന്നത്. ഈശ്വര നിർദ്ദേശപ്രകാരം മിശിഹായും കൂട്ടരും അക്കേഷ്യാ മരത്തിൽ തീർത്തതും സ്വർണ്ണഖചിതവുമായ ഒരു പെട്ടിയിൽ ഈ കൽപ്പനകളടങ്ങിയ കല്ലുകൾ വച്ച് യാത്ര തുടർന്നു.

മിശിഹായും ഇസ്രായേലിൻെറ സന്തതികളും നാല്പതു കൊല്ലം വനാന്തരങ്ങളിൽ അലഞ്ഞു നടന്ന് ഒടുവിൽ വാഗ്ദത്ത ഭൂമിയിലെത്തിച്ചേർന്നു. പ്രായമേറെച്ചെന്നുവെങ്കിലും ആത്മീയതയിലും കഴിവിലും മിശിഹയ്ക്ക് കുറവൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചില്ല. മിശിഹായുടെ അവസാന നിർദ്ദേശങ്ങളാണ് പഴയനിയമത്തിലെ അഞ്ചാം പുസ്തകം. അവസാനമായി ജനങ്ങൾക്ക് അനുഗ്രഹം നൽകി ജോർദ്ദാനിൽ നിന്ന് പത്തു മൈൽ കിഴക്കുള്ള മലമുകളിലേയ്ക്ക് മിശിഹാ യാത്രയായി. അവിടെ നിന്ന് ഇസ്രായേലിൻെറ പരിപൂർണ്ണമായ ദൃശ്യം കണ്ട് ഈ മഹാനായ പ്രവാചകൻ, ദൈവദൂതൻ, അന്തഃരിച്ചു.

മിശിഹാ ലോകചരിത്രത്തിൽ അറിയപ്പെടുന്നത് നിയമദാതാവായും, ഉത്തമനായ, വിശ്വസ്ഥനായ നേതാവുമായാണ്.

സ്വാമി ശിവാനന്ദ

ॐ

# ഭഗവാൻ മഹാവീരൻ

ക്രിസ്തുവിന് 599 വർഷം മുൻപ് കുന്തലപുരത്തെ രാജാവായ സിദ്ധാതൻെറയും ത്രിശാലരാജ്ഞിയുടെയും പുത്രനായി ജനിച്ച ഭഗവാൻ മഹാവീരൻ എഴുപത്തിരണ്ടു കൊല്ലം ജീവിച്ചു. അദ്ദേഹം തികഞ്ഞ സത്യവാനും കളങ്കമില്ലാത്ത ജീവിതത്തിനുടമയും ആയിരുന്നു. സ്വന്തമായി യാതൊരു സ്വത്തുക്കളും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അഛനമ്മമാരെ അനുസരിച്ച് അവരെ ശ്രദ്ധാഭക്തിയോടെ സേവിച്ച അദ്ദേഹം അവിവാഹിതനായിരുന്നു. നിപുണനായ ഒരു രാജ്യകാര്യതന്ത്രജ്ഞനായിരു. ക്രി. മു. 569ൽ അദ്ദേഹം വീടു വിട്ടിറങ്ങി, പന്ത്രണ്ടു വർഷത്തിനു ശേഷം അദ്ദേഹം ഈശ്വരസാക്ഷാത്ക്കാരം നേടി.

മഹാനായ വീരൻ തന്നെയായിരുന്നു അദ്ദേഹം. ജൈനതത്ത്വമീമാംസകളനുസരിച്ച് ഒരർദ്ധചക്രത്തിൽ ഇരുപത്തിനാലു തീർത്ഥങ്കരൻമാർ ജനിക്കുന്നു. അവർ കുറേ കാലയളവിടവിട്ടാണ് ജനിക്കുക. ജൈന സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനായാണ് അവർ അവതരിക്കുന്നത്. ഇരുപത്തിനാലാമത്തെ തീർത്ഥങ്കരനായ മഹാവീരനും ത്രികാലജ്ഞനായിരുന്നു എന്ന് പറയപ്പെടുന്നു. തീർത്ഥം എന്നാൽ 'കടക്കൽ' (താണ്ടൽ) എന്നർത്ഥം. അതായത് ജനനമരണസംബന്ധിയായ സംസാരസാഗരം താണ്ടാൻ ആത്മീയമാർഗ്ഗം നൽകുന്നയാളാണ് തീർത്ഥങ്കരൻ. ചെറുപ്രായത്തിലേ അദ്ദേഹം ആത്മധ്യാനനിരതനായിരുന്നു. ഇഹലോകസുഖങ്ങൾ ക്ഷണികങ്ങളാണെന്നും അത് കർമ്മപാശത്തെ ഉറപ്പിക്കുകയേയുള്ളു എന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. സന്യാസം അനശ്വരമായ ആനന്ദത്തിലേക്ക് നയിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. ബാലനായിരിക്കേ മഹാവീരൻെറ വിവേകബുദ്ധി ആൾക്കാരെ അത്ഭുതപ്പെടുത്തിയിരുന്നു. അദ്ദേഹം ധ്യാനത്തിലും, സംഗീതത്തിലും, സാഹിത്യത്തിലും തല്പരനായിരുന്നു. മുപ്പതുകൊല്ലം ഇവയിൽ ശ്രദ്ധാലുവായി ജീവിക്കുകയും ചെയ്തു.

ദിവ്യദൃഷ്ടിയിലൂടെ താൻ എണ്ണമില്ലാത്ത ജൻമങ്ങളിലൂടെ കടന്നുപോവുന്നതായി മഹാവീരൻ കണ്ടു. മഹാവീരൻ ആലോചിച്ചു. ''എത്ര ജൻമങ്ങളാണ് വൃഥാ കളഞ്ഞത്? ആത്മാവ് ദ്രവ്യത്തിൽ നിന്നു വിഭിന്ന മാണെന്ന് ഞാൻ വ്യക്തമായി മനസ്സിലാക്കുന്നു. ഞാൻ മുപ്പതു വർഷം പാഴാക്കിക്കളഞ്ഞു. തപസ്സോ, സന്യാസമോ പരിശുദ്ധമായ ആത്മജ്ഞാനസമ്പാദനത്തിനായി ഞാൻ ഇതുവരെ തടുങ്ങിവച്ചിട്ടില്ല.''

വർദ്ധമാന രാജകുമാരൻ (മഹാവീരൻ അറിയപ്പെട്ടിരുന്നത് അങ്ങിനെയാണ്) തീവ്രസാധന ആരംഭിച്ചു. ലൗകീകവസ്തുക്കൾ ഉപേക്ഷിക്കുകയും ചെയ്തു. അഛനമ്മമാരോടും, ബന്ധു മിത്രാദികളോടുമുള്ള മമതയെല്ലാം അവസാനിപ്പിച്ച് വീട് വിട്ടുപോകാൻ അദ്ദേഹം തീരുമാനിച്ചു. തൻെറ അഛനെ രാജ്യ ഭരണത്തിൽ സഹായിക്കാനായി അമ്മ അഭ്യർത്ഥിച്ചതിനു മറുപടിയായി മഹാവീരൻ പറഞ്ഞു: ''ആരാധ്യയായ അമ്മേ, ലൗകീകവസ്തുക്കൾ ജലകുമിളകൾ പോലെ ക്ഷണികമത്രെ. രോഗങ്ങളുടെയും ദു:ഖത്തിൻെറയും വേദനയുടെയും മരണത്തിൻെറയും വാസസ്ഥലമായ ഈ ലോകത്തുനിന്ന് എങ്ങിനെയാണ് സന്തോഷം കണ്ടെത്തുന്നത്? എനിക്കിപ്പോൾത്തന്നെ ഇവയെല്ലാം ഉപേക്ഷിക്കണം നിശ്ചയം.'' അദ്ദേഹം സ്വത്തുക്കളെല്ലാം ദരിദ്രർക്കായി വീതിച്ചുനൽകി വനത്തിലേക്ക് പോയി. താനുടുത്തിരുന്ന തുണിക്കഷണംപോലും ഉപേക്ഷിച്ച് പരിപൂർണ്ണ നഗ്നനായി അദ്ദേഹം നടന്നു. വടക്കുദിശയിൽ നോക്കി അദ്ദേഹം നമസ്ക്കരിച്ചു. ''ആത്മസാക്ഷാത്ക്കാരം നേടിയ ഋഷിപുംഗവൻമാർക്കു നമോവാകം.'' അദ്ദേഹം കഠിനമായ തപശ്ചര്യകൾ ആചരിച്ചു. പലദിവസങ്ങൾ തുടർച്ചയായി വ്രതമെടുത്ത് ആത്മാവിൻെറ സംശുദ്ധരൂപത്തെ ധ്യാനിച്ചു. സ്വർഗ്ഗവാസികൾ അദ്ദേഹത്തെ സ്വാധീനിക്കാൻ സുന്ദരതരുണികളെ അയച്ചു. എന്നാൽ അദ്ദേഹത്തിൻെറ മനസ്സിളക്കാൻ അവർക്കായില്ല. അദ്ദേഹം സർവ്വജ്ഞനായിത്തീർന്നു. അതിനുശേഷം മുപ്പതു കൊല്ലത്തോളം സമാധാനത്തിൻെറ സന്ദേശം പ്രചരിപ്പിച്ചു മഗധയിലും മിഥിലയിലും മറ്റു പലേയിടങ്ങളിലും അദ്ദേഹം ചുറ്റി നടന്നു. മഹാരാജാക്കൻമാർ പോലും അദ്ദേഹത്തിൻെറ ശിഷ്യൻമാരായി.

സ്വാമി ശിവാനന്ദ

ഓം
# ശ്രീ ബുദ്ധൻ

ക്രിസ്തുവിന് 560 വർഷം മുൻപ് ജനിച്ച ശ്രീബുദ്ധൻ എൺപതു വയസു വരെ ജീവിച്ചിരുന്നു. അച്ഛൻെറ പേര് ശുദ്ധോദനൻ- സഖ്യൻമാരുടെ രാജാവ്. അമ്മ, മായ. ലുംബിനി എന്ന സ്ഥലത്താണദ്ദേഹത്തിൻെറ ജനനം. നേപ്പാൾ-ഹിമാലയപർവ്വതനിരകളിലെ പൽപമേരുവിൻെറ താഴ്‌വാരത്തിൽ കപിലവസ്തു നഗരത്തിന് സമീപമാണീ സ്ഥലം. ബുദ്ധൻെറ കുടുംബനാമം ഗൗതമൻ എന്നാണ്. ബുദ്ധൻ സഖ്യമുനി എന്നും അറിയപ്പെടുന്നു. 'സഖ്യവർഗ്ഗത്തിലെ താപസൻ' എന്ന അർത്ഥത്തിൽ. ബുദ്ധൻ പതിനാറാം വയസ്സിൽ വിവാഹം കഴിച്ചു. രാഹുലൻ എന്നു പേരായി ഒരു പുത്രനും അദ്ദേഹത്തിനുണ്ടായി.

ഒരു ദിവസം സിദ്ധാർത്ഥൻ അച്ഛൻെറ അനുവാദവും വാങ്ങി നഗരംചുറ്റാനും തൻെറ പ്രജകളെ കാണാനുമായി കൊട്ടാരത്തിനു വെളിയിലിറങ്ങി. ആ ദിവസവും പിന്നീടു നടത്തിയ നഗരസന്ദർശന സമയത്തുമായി ജരാക്രാന്തനായൊരു വൃദ്ധൻ, രോഗി, മൃതദേഹം, സന്യാസി, എന്നിവരെ കണ്ടു. താനും ഒരിക്കൽ വാർദ്ധക്യത്തിനും, രോഗത്തിനും, മരണത്തിനും ഇരയാവുമെന്ന് അദ്ദേഹത്തിനു മനസ്സിലായി. സന്യാസിയിലെ ശാന്തതയും ചുറുചുറുക്കും അദ്ദേഹത്തെ ആകർഷിച്ചു. അദ്ദേഹം ആലോചിച്ചു. ''ഞാനും സന്യാസിയാകും.'' ദു:ഖദുരിതങ്ങൾ നിറഞ്ഞ ഈ ലോകം ഉപേക്ഷിച്ച് ജനിമൃതികൾക്കപ്പുറം ഞാൻ കടന്നു പോകുന്നതാണ്. സുഖഭോഗങ്ങളുടെതായ ഈ ലൗകീകജീവിതം തുലോം നിഷ്ഫലമത്രെ. ഞാൻ ജീർണ്ണതയ്ക്കും, ജരാനരയ്ക്കും, വാർദ്ധക്യത്തിനും അതീതനല്ല. ലൗകീകസുഖങ്ങൾ കേവലം ക്ഷണികമത്രെ. അങ്ങിനെ എല്ലാം ഉപേക്ഷിച്ച് സന്യസിക്കാൻ അദ്ദേഹം തീർച്ചയാക്കി.

സിദ്ധാർത്ഥൻ കൊട്ടാരത്തിൻെറ കനത്ത മതിൽക്കെട്ടിനു വെളിയിൽ കടന്നു. കൊട്ടാരവും, സമ്പത്തും, അധികാരവും, ഭരണവും, അച്ഛനെയും ഭാര്യയെയും ഏക പുത്രനെയും എല്ലാം ഉപേക്ഷിച്ചു. തലമൊട്ടയടിച്ച് മഞ്ഞവസ്ത്രമുടുത്ത് മഗധയുടെ തലസ്ഥാനമായ രാജഗൃഹത്തിൽ ചെന്നു. അവിടെ ഉരുവിളവനത്തിൽ(ബുദ്ധഗയ) യോഗാഭ്യാസങ്ങളും, തപശ്ചര്യകളും, പ്രാണായാമവുമായി ആറുകൊല്ലം ചിലവഴിച്ചു. പരമശാന്തി ലഭിക്കാൻ ഇന്ദ്രിയനിഗ്രഹം ചെയ്ത് ശരീരത്തെ അദ്ദേഹം പീഢിപ്പിച്ചു. ആഹാരം ഏതാണ്ട് പൂർണ്ണമായിത്തന്നെ ഉപേക്ഷിച്ചു. ഇതൊക്കെയായിട്ടും ആത്മീയപുരോഗതി കൈവന്നില്ല. അദ്ദേഹം രോഗിയും അവശനുമായി ശോഷിച്ച് എല്ലും തോലുമായി. ഒരു ദിവസം അദ്ദേഹം കുറെ ഗ്രാമീണ പെൺകുട്ടികൾ പാടുന്ന ഒരു ഗാനം കേട്ടു. ''സിത്താറിൻെറ കമ്പി അധികം മുറുക്കിയാൽ പൊട്ടിപ്പോകുമെന്നും അയഞ്ഞു കിടന്നാൽ ശബ്ദമുണ്ടാവില്ല'' എന്നുമായിരുന്നു ഗാനസാരം. അതുകേട്ട് ഈ തീവ്രതപസ്സുകൊണ്ട് പ്രയോജനമില്ലാ എന്ന് അദ്ദേഹത്തിനു മനസ്സിലായി. ശരീരത്തെ ഇനി പീഢിപ്പിക്കേണ്ടതില്ലാ എന്ന് തീരുമാനിച്ച് അദ്ദേഹം മദ്ധ്യപാത സ്വീകരിച്ചു.

വലിയൊരു മരത്തിൻെറ തണലിലിരുന്ന്, അനുകമ്പയോടെ ഒരു ഗ്രാമീണപെൺകുട്ടി വച്ചുനീട്ടിയ ആഹാരം കഴിച്ച് അദ്ദേഹം ഉപവാസമവസാനിപ്പിച്ചു. ആ വൃക്ഷം ജ്ഞാനവൃക്ഷം എന്നറിയപ്പെടുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ദേഹം ആ വൃക്ഷചുവട്ടിൽ ധ്യാനനിരതനായി ഇരുന്നു. തീവ്രമായൊരു തീരുമാനവും ഉദ്ദേശവും അദ്ദേഹത്തിനുണ്ടായിരുന്നു. ''ഞാൻ മരിച്ചുകൊള്ളട്ടെ. ശരീരം ജീർണ്ണിച്ചുകൊള്ളട്ടെ. എൻെറ മാംസം വരണ്ടുകൊള്ളട്ടെ. പരിപൂർണ്ണ ബോധോദയം ഉണ്ടാവാതെ ഞാൻ ഇവിടെ നിന്നും എണീക്കുന്നതല്ല. എന്നിട്ട് അദ്ദേഹം ധ്യാനത്തിലാണ്ടു. ആ രാത്രി അദ്ദേഹത്തിന് ബോധോദയം സിദ്ധിച്ചു.

അദ്ദേഹത്തെ മായ പലവിധത്തിൽ വശീകരിക്കാനും വഴി തെറ്റിക്കാനും ശ്രമിച്ചുവെങ്കിലും ബുദ്ധൻ മനസ്സുറച്ചു നിന്നു. ദിവ്യപ്രഭാപൂരത്തോടെ, പരിപൂർണ്ണബോധത്തോടെ വിജയശ്രീലാളിതനായി അദ്ദേഹം എഴുന്നേറ്റു. ഏഴു ദിനരാത്രങ്ങൾ ബോ-മരത്തിനു ചുറ്റും അദ്ദേഹം ആനന്ദനൃത്തം ചെയ്തു. പിന്നീട് അദ്ദേഹം സാധാരണ ബോധാവസ്ഥയിലേക്ക് തിരിച്ചു വന്നു. ഹൃദയം കരുണാർദ്രവും കൃപാപരവുമായി. ആ ഭാവങ്ങൾ മാനവർക്കു മുഴുവനും പങ്കുവച്ചു നൽകാൻ അദ്ദേഹം ആഗ്രഹിച്ചു. ബുദ്ധൻ ഭാരതം

ॐ

മുഴുവനും ഈ പുതിയ സുവിശേഷം പ്രചരിപ്പിച്ചു നടന്നു. അങ്ങിനെ മാനവരുടെ മുഴുവൻ രക്ഷകനും മോക്ഷദാതാവു മായിത്തീർന്നു ബുദ്ധൻ.

വാരാണാസിയിലെ ഉദ്യാനത്തിൽ സ്ത്രീപുരുഷഭേദമെന്യേ, ജ്ഞാനികൾക്കും അജ്ഞാനികൾക്കും വേണ്ടി ഒരുപോലെ അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി. താൻ കണ്ടെത്തിയ സമാധാനത്തിൻെറ സന്ദേശം പ്രചരിപ്പിച്ചു. ശ്രീബുദ്ധൻെറ ആദ്യകാലശിഷ്യൻമാർ വെറും സാധാരണക്കാരായിരുന്നു. അവരിൽ രണ്ടുപേർ സ്ത്രീകളും. ബുദ്ധശിഷ്യൻമാർ ക്രമത്തിൽ വർദ്ധിച്ചു വന്നു. പ്രഭുക്കൻമാർ, ബ്രാഹ്മണർ, സമ്പന്നർ, ദരിദ്രർ, ചണ്ഡാലൻമാർ എന്നുവേണ്ട എല്ലാവരെയും ബുദ്ധൻ മതത്തിൽ ചേർത്തു. ഒരിക്കൽ തൻെറ അഛൻെറ അഭ്യർത്ഥനയനുസരിച്ച് കൊട്ടാരത്തിൽ ചെന്ന ബുദ്ധനെ കാണാൻ എല്ലാവരും വന്നു ചേർന്നു. യാശോധര ഒഴികെ. 'അദ്ദേഹം എന്നെ കാണാൻ വരും. എനിക്ക് എന്തെങ്കിലും വില അദ്ദേഹം കൽപ്പിക്കുന്നുവെങ്കിൽ എന്നെ വന്നു കണ്ടുകൊള്ളും.'' അവർ സദ്സ്വഭാവിയും, വിവേകബുദ്ധിയും, അനാസക്തയും, നൻമയുടെ വിളനിലവുമായിരുന്നു. ഭർത്താവു തന്നെവിട്ടുപോയ അന്നുമുതൽ തീവ്രസാധനയും തപസുമായി കഴിഞ്ഞു യശോധര. എല്ലാവിധ ആഢംബരങ്ങളുമുപേക്ഷിച്ച് ദിവസത്തിൽ ഒരു നേരത്തെ ലളിതഭക്ഷണവും കഴിച്ച് പായിൽ കിടന്നുറങ്ങി അവർ കാലം കഴിച്ചു. ബുദ്ധൻ വിവരമറിഞ്ഞ് ഉടനേത്തന്നെ അവരെ കാണാൻ ചെന്നു. അദ്ദേഹം അവരുടെ കാൽക്കൽവീണു നമസ്ക്കരിച്ചു, പൊട്ടിക്കരഞ്ഞു. താമസംവിനാ, ബുദ്ധൻ സ്ത്രീകളുടെ സന്യാസവൃന്ദം സ്ഥാപിച്ചപ്പോൾ യശോധര ആദ്യത്തെ ബുദ്ധമത സന്യാസിനിയായിത്തീർന്നു. ഒരുദിവസം നടക്കുമ്പോൾ ഒരുപറ്റം ആട്ടിൻകൂട്ടം ചെറിയൊരിടവഴിയിലൂടെ നടന്നുപോകുന്നതു കണ്ടു. ഇടയൻെറ അടിയേറ്റു കാലിൽ മുറിവേറ്റ ഒരാട്ടിൻകുട്ടി മുടന്തിമുടന്തി കഷ്ടപ്പെട്ട് കൂട്ടത്തിൽ എത്താൻ വിഷമിക്കുന്നത് ബുദ്ധൻ കണ്ടു. ബുദ്ധൻ അതിനെ എടുത്തുപിടിച്ചു. ''നിർദ്ദോഷിയായൊരു ജീവിയുടെ വേദന മാറ്റുന്നതാണ് ഗുഹയിലോ പാറകളിലോ പോയിരുന്ന്, മാനവരുടെ ദു:ഖത്തിൽ തീരെ അനുകമ്പയോ താത്പര്യമോ ഇല്ലാതെ ധ്യാനിക്കുന്നതിനേക്കാൾ ഉത്തമം.''

ദൈവപ്രീതിക്കായി ഈ മൃഗങ്ങളെയെല്ലാം ബലികൊടുക്കാനാണ് കൊണ്ടുപോകുന്നതെന്നും, രാജകൊട്ടാരത്തിലാണ് കർമ്മം നടക്കുന്നതെന്നും മനസ്സിലാക്കിയ ബുദ്ധൻ ഇടയനെ പിന്തുടർന്നു. ആട്ടിൻകുട്ടിയെ ചുമന്നുകൊണ്ടായിരുന്നു ബുദ്ധൻ കൊട്ടാരത്തിലെത്തിയത്. ചടങ്ങുകൾ ആരംഭിച്ചു. ആദ്യത്തെ ആടിനെ ബലി കൊടുക്കാൻ തുടങ്ങവേ ബുദ്ധൻ എഴുന്നേറ്റ്നിന്ന് അത് തടഞ്ഞു. ''ഈ ക്രൂരത അവസാനിപ്പിക്കൂ മഹാരാജൻ.'' അദ്ദേഹം മൃഗത്തിനെ കയറഴിച്ച് വിട്ടു. ''എല്ലാ ജീവികളും മനുഷ്യരേപ്പോലെതന്നെ ജീവനിലാഗ്രഹമുള്ളവരാണ്.'' അടുത്ത ദിവസം, എല്ലാ മൃഗബലികളും നിർത്തലാക്കി രാജാവ് വിളംബരം നടത്തി. പക്ഷിമൃഗാദികളോട് ദയവു കാണിക്കാനും രാജാവ് വിളംബരത്തിലൂടെ ആഹ്വാനം ചെയ്തു. ബുദ്ധഭഗവാൻ പഠിപ്പിച്ചതിതാണ്. ''ദു:ഖത്തിൻെറ കാരണവും അതിൽനിന്ന് രക്ഷനേടാനുള്ള മാർഗ്ഗവും നാം കണ്ടെത്തണം. ഇന്ദ്രിയസുഖഭോഗാസക്തിയും ലൗകീക ജീവിതത്തോടുള്ള മമതയുമാണ് ദു:ഖകാരണം. ആഗ്രഹങ്ങളവസാനിപ്പിച്ചാൽ എല്ലാവിധ ദു:ഖങ്ങളും അതോടെ അവസാനിക്കും. നിർവ്വാണപദവും പരമാനന്ദവും അങ്ങിനെ ലഭ്യമാവും. അഷ്ടപാത - ശരിയായ അഭിപ്രായം, ശരിയായ തിരുമാനം, ശരിയായ വാക്ക്, ശരിയായ പെരുമാറ്റം, ശരിയായ ജോലി, ശരിയായ പ്രർത്തനം, ശരിയായ ചിന്ത, ശരിയായ ആത്മകേന്ദ്രീകരണം എന്നിവയിലൂടെ ദു:ഖവും വേദനയും ഇല്ലാതാക്കാം. ബുദ്ധദേവൻ നാൽപ്പത്തിയഞ്ചുകൊല്ലം തൻെറ പ്രമാണം പ്രചരിപ്പിച്ചു. ഒരിക്കൽ ഭക്ഷണത്തിലെ തകരാറുകൊണ്ട് അദ്ദേഹത്തിന് രോഗം ബാധിച്ചു. പ്രഥമ ശിഷ്യനായ ആനന്ദനോട് രണ്ടു സാലവൃക്ഷങ്ങൾക്കിടക്ക് കിടക്കയൊരുക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം അവിടെ കിടന്നു. വൃക്ഷങ്ങൾ ക്ഷണത്തിൽ അകാലമായിട്ടും പൂത്തു തളിർത്തു, ബുദ്ധദേവനു മുകളിൽ പുഷ്പവൃഷ്ടി നടത്തി. അദ്ദേഹം പറഞ്ഞു: ''പ്രിയപ്പെട്ട സന്യാസിമാരേ, ഞാൻ നിങ്ങളോട് യാത്ര പറയുന്നു. സങ്കീർണ്ണ വസ്തുക്കൾ വിഘടനം ചെയ്യുന്നതാണ്. കർമ്മോദ്യുക്തരായി കാര്യക്ഷമതയോടെ ഐശ്വര്യമാർന്ന് നിങ്ങൾ നിർവ്വാണപദം പ്രാപിച്ചാലും. ,

സ്വാമി ശിവാനന്ദ

ॐ

# ഭഗവാൻ വെങ്കിടേശ്വരൻ

കൃഷ്ണഭഗവാൻ ഭൂമിയിലെ അവതാരോദ്ദേശം നിറവേറ്റിയശേഷം മടങ്ങിപ്പോയി. അപ്പോൾ കലിയുഗം ആരംഭിച്ചു. ദേവൻമാരും മാമുനിമാരും ഭഗവാന് ഒരു സ്ഥിരം 'വസതി' വേണമെന്ന് അഭ്യർത്ഥിച്ചു. ഭാഗവതത്തിൽ ഭൃഗുമുനി വിഷ്ണുവിൻെറ മാറിടത്തിൽ ചവിട്ടിയതും അങ്ങിനെ പരമപൂജാർഹത തനിക്കാണെന്നു തെളിയിച്ചതുമായ ഒരു കഥയുണ്ടല്ലോ. ഭഗവാൻെറ സഹധർമ്മിണിയായ ലക്ഷ്മീദേവി അപ്പോൾ കുപിതയായി ഭഗവാനെ വിട്ടു പോയി.

ലക്ഷ്മീദേവി ഭൂമിയിലുണ്ടെന്നറിഞ്ഞ ഭഗവാൻ ദേവിയെ പിന്തുടർന്ന് ഭൂമിയിലെത്തി. വെങ്കടമലയിൽ ഒരു ചിതൽപുറ്റിനുള്ളിലിരുന്ന് തപസ്സനുഷ്ടിക്കാൻ തുടങ്ങി. ബ്രഹ്മാവ് ഒരു പശുവായിവന്ന് വരാഹരാജാവിൻെറ പശുക്കൂട്ടത്തിൽ കൂടി. ദിവസവും ഈ പശു ചിതൽപ്പുറ്റിനുമുകളിൽ പാൽ ചുരത്തിവന്നു. ഒരു ദിവസം ഇതു കണ്ടുപിടിച്ച ഇടയൻ ക്രുദ്ധനായി പശുവിനെ പ്രഹരിക്കാൻ തുടങ്ങവേ ഭഗവാൻ മൺപുറ്റിൽ നിന്നും പുറത്തുവന്ന് അടി സ്വയം തലയിലേറ്റു.

പിന്നീട് ഭഗവാൻ വരാഹനുമായി സൗഹൃദത്തിലായി. താമസിക്കാൻ കുറച്ചുകൂടി ഭൂമി അദ്ദേഹത്തിൽ നിന്നും വാങ്ങി. വരാഹൻ തൻെറ സേവകൻ വകുലമാലികയെ ഭഗവൽപാർഷദയാക്കി. വകുലമാലിക പൂർവ്വജൻമത്തിൽ യശോദയായിരുന്നു. കൃഷ്ണൻെറ വിവാഹം നേരിട്ടുകാണാൻ കഴിയാത്തതിൽ യശോദക്ക് ദു:ഖമുണ്ടായിരുന്നു. അങ്ങിനെ ദിവ്യഗിരിയിൽ താമസിക്കവേ ഭഗവാൻ നായാട്ടിനായി പുറപ്പെട്ടു. ഒരു കാട്ടാനയെ അദ്ദേഹം ഓടിച്ചു. ആനയും ഭഗവാനും കുറെ ദൂരം ഓടി. ഒടുവിൽ ആന തിരിഞ്ഞു നിന്ന് ഭഗവാനെ നമസ്ക്കരിച്ച് ഓടിപ്പോയി.

ആകാശരാജാവിൻെറ മകൾ പദ്മാവതി അതിസുന്ദരിയായിരുന്നു. ആയിരമിതളുള്ള താമരയിലാണ് രാജാവ് പദ്മാവതിയെ കണ്ടെത്തിയത്. ഭഗവാൻെറ നായാട്ടു നടന്ന സ്ഥലത്തിനടുത്ത് പദ്മാവതിയും സഖിമാരും ഒരുദ്യാനത്തിൽ കളിക്കുകയായിരുന്നു. ഒരു കാട്ടാന സുമുഖനായ ഒരു യുവതരുണനെ നമസ്ക്കരിച്ച് പോകുന്ന ദൃശ്യം അവൾ കണ്ടു. പദ്മാവതി യുവാവിൽ അനുരക്തയായി. എങ്കിലും പാരമ്പര്യങ്ങൾ തെറ്റിക്കാൻ അവളാഗ്രഹിച്ചില്ല. യുവാവ് അവളോട് സംസാരിക്കാൻ തുനിഞ്ഞപ്പോൾ പദ്മാവതിക്കു ദേഷ്യം പിടിച്ചു. ഭഗവാൻ ഹൃദയവ്യഥയോടെ തിരിച്ചു പോയി. പദ്മാവതി കൊട്ടാരത്തിലെത്തി അസുഖം പിടിച്ചു കിടപ്പിലുമായി.

ഭഗവാൻ വകുലമാലികയോട് തൻെറ ഹൃദയാഭിലാഷമറിയച്ചു. ''ഞാൻ രാമനായിരുന്നപ്പോൾ പദ്മാവതി, വേദവതിയായിരുന്നു. എന്നോടും സീതയോടും അതീവഭക്തിയുള്ളവളായിരുന്നു. സീത, എന്നോട് വേദവതിയെക്കൂടി വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടതാണ്. എന്നാൽ ഏകപത്നീവ്രതനായിരുന്നു ഞാൻ അപ്പോൾ. മറ്റൊരു ജൻമത്തിൽ ആ അഭിലാഷം നിറവേറ്റിക്കൊള്ളാമെന്ന് ഞാൻ അവൾക്കു വാക്കു നൽകിയിരുന്നു. അതിനു വേണ്ടിയാണ് ഞാനിപ്പോൾ വന്നിട്ടുള്ളത്'';

വകുലമാലിക ആകാശരാജവിൻെറ കൊട്ടാരത്തിൽ ചെന്ന് പദ്മാവതിയും പ്രേമപരവശയായി കിടക്കുക യാണെന്നറിഞ്ഞു. പദ്മാവതിയുടെ മാതാപിതാക്കൾ വിവാഹത്തിനു സമ്മതിച്ചു. സമ്പത്തിൻെറ ദേവതയായ കുബേരൻ, വിവാഹാവശ്യത്തിനുള്ള വസ്തുക്കൾ വെങ്കിടേശന് (കൃഷ്ണന്) നൽകി. ലക്ഷ്മിയും വിവാഹത്തിൽ പങ്കെടുത്തു. ഭഗവാനുമായി ഒന്നുചേർന്നു. അദ്ദേഹം കൃഷ്ണൻ തന്നെ. എന്നാൽ വെങ്കിടമലയിലധിവസിക്കുന്നതു കൊണ്ട് വെങ്കിടേശ്വരൻ എന്നറിയപ്പെടുന്നു. 'വെങ്കിട' എന്നാൽ പാപസംഹാരി എന്നർത്ഥം. പാപസംഹാരിയായി ശ്രീകൃഷ്ണൻ വെങ്കിടേശ്വരൻ എന്നറിയപ്പെടുന്നു. തിരുപ്പതിയിൽ വെങ്കിടേശ്വരൻ ഇപ്പോഴും വാഴുന്നു.

സ്വാമി ശിവാനന്ദ

ॐ

# ക്രിസ്തു ഭഗവാൻ

ബെത്‌ലഹേമിൽ മേരിയുടെയും ജോസഫിൻെറയും പുത്രനായി ജനിച്ച യേശു പാലസ്തീനിയൻ ജൂതനായിരുന്നു. ഹാരോദ്‌രാജാവിൻെറ അധീനതയിലുള്ള ഈജിപ്തിൽ ശിശുവിന് ജീവരക്ഷ ഉണ്ടാവില്ല എന്ന പേടിയിൽ അവിടെ നിന്ന് പാലായനം ചെയ്ത അവർ നസറേത്ത് എന്നയിടത്ത് താമസമുറപ്പിച്ചു. ദരിദ്രവും ലളിതവുമായ കുടുംബത്തിൽ അദ്ദേഹത്തിനെ അഛൻ ആശാരിപ്പണി പഠിപ്പിച്ചു. കേവലം പന്ത്രണ്ടു വയസ്സുള്ള ബാലനായിരിക്കേ, ജ്ഞാനം കൊണ്ടും വിവേകംകൊണ്ടും വിദ്വാൻമാരെ യേശു അത്ഭുതപ്പെടുത്തി. വാർഷികനൊയമ്പിൻെറ അവസാനം അവരുടെ ദേവാലയത്തിൽ മുതിർന്നവരോടൊപ്പം യേശു ചർച്ചകൾ നടത്തി.

പതിമൂന്നാം വയസ്സിൽ വീടുവിട്ടിറങ്ങിയ യേശു മുപ്പത്തിയൊന്നാം വയസ്സിലാണ് തിരിച്ചു വന്നത്. ഈ കാലയളവിൽ യേശു ഇൻഡ്യയിലുടനീളം സഞ്ചരിച്ച് യോഗാഭ്യാസം ചെയ്തു. കച്ചവടക്കാരുടെ കൂടെ സിന്ധുനദീതിരത്ത് എത്തിയ അദ്ദേഹം വരാണസി, രാജഗ്രഹം, മറ്റു പട്ടണങ്ങൾ എന്നിവ സന്ദർശിച്ചു പലേ വർഷങ്ങൾ ഹിന്ദുസ്ഥാനിൽ കഴിച്ചുകൂട്ടി. അദ്ദേഹത്തിന് തിതിക്ഷയുടെയും അനാസക്തിയുടെയുമായ ഒരാത്മീയത സ്വായത്തമായി ഉണ്ടായിരുന്നു. ബുദ്ധമതസന്യാസിയായും ഹിന്ദുസന്യാസിയായും അദ്ദേഹം സനാതനധർമ്മത്തിൻെറ സാരസത്തയും, നിയമങ്ങളും, സങ്കൽപ്പങ്ങളും സ്വായത്തമാക്കി. അതിനാലാണ് അദ്ദേഹത്തിൻെറ അനുശാസനങ്ങൾക്ക് ഹിന്ദുമതവും ബുദ്ധമതവുമായി ഇത്രയധികം സാദൃശ്യം. പരിപൂർണ്ണയോഗിയെന്ന നിലയിൽ യേശുവിന് മാന്ത്രികസിദ്ധികളുണ്ടായിരുന്നു. സമുദ്രത്തിലെ തിരകളെ അദ്ദേഹം നിർത്തി, അന്ധന് കാഴ്ചയേകി, കുഷ്ഠരോഗികളെ സുഖപ്പെടുത്തി, ഒരൊറ്റ അപ്പക്കഷണം കൊണ്ട് അനേകരുടെ വിശപ്പടക്കി.

യേശുവിൻെറ വിജ്ഞാനവിവേകം ഈ വാക്കുകളിലടങ്ങിയിരിക്കുന്നു. ''വിനീതരും ശാന്തരുമായുള്ളവർ അനുഗ്രഹീതർ, എന്തുകൊണ്ടെന്നാൽ അവർ ഈ ഭൂമിക്കവകാശികളായിത്തീരും.'' അദ്ദേഹം എത്ര വിനീതനായിരുന്നു! അവസാന അത്താഴത്തിൻെറ സമയത്ത് അദ്ദേഹം ശിഷ്യൻമാരുടെ കാലുകൾ കഴുകി. യുധിഷ്ഠിരൻ നടത്തിയ രാജസൂയത്തിൻെറ സമയത്ത് ഭഗവാൻ കൃഷ്ണനും സഭാവാസികളുടെ പാദങ്ങൾ കഴുകിയല്ലോ. ഭഗവദാവതാരങ്ങൾക്കും ഉന്നതാത്മാക്കൾക്കും മാത്രമേ ഇപ്രകാരം പ്രവർത്തിക്കാനാവൂ.

ക്രിസ്തുദേവൻ ജനങ്ങളെ പഠിപ്പിച്ചും അവരെ സുഖപ്പെടുത്തിയും എല്ലാടവും സഞ്ചരിച്ചു. ലളിതമായ കഥകളിലൂടെ ഉന്നതങ്ങളായ തത്വങ്ങൾ അദ്ദേഹം വെളിപ്പെടുത്തി. എന്താണ് കൽപനകളിൽ ഏറ്റവും ഉത്തമമായുള്ളത് എന്നു ചോദിച്ചതിന് യേശു പറഞ്ഞു. ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു തരുന്നു. നിങ്ങൾ നിങ്ങളുടെ ദൈവത്തെ ഹൃദയം നിറയെ സ്നേഹിക്കുക, ആത്മാവുകൊണ്ടും, മനസ്സുകൊണ്ടും, ശക്തികൊണ്ടും സർവ്വാത്മനാ സ്നേഹിക്കുക. നിന്നേപ്പോലെതന്നെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക. നിയമം മുഴുവൻ ഇതിലടങ്ങിയിരിക്കുന്നു എന്ന് യേശു അരുളി. ''ദൈവത്തിൻെറ സ്വർഗ്ഗസാമ്രാജ്യം അവനവൻെറ ഉള്ളിൽത്തന്നെയാണ്. മറ്റൊരിടത്തേക്ക് ചൂണ്ടിക്കാട്ടി, അതാ അവിടെയാണ് എന്ന് പറയാവുന്ന ഒരിടത്തല്ല അത്.മ്മ

ഒരിക്കൽ നൊയമ്പു കാലത്ത് ജറുസലേമിലെ ദേവാലയപരിസരത്തുനിന്ന് യേശു കച്ചവടക്കാരെ ഓടിച്ചകറ്റി. പലിശക്ക് പണം കൊടുക്കുന്നവരും, ആടുമാടുപ്രാവുകളെ വിൽക്കുന്നവരും അവിടെയുണ്ടായിരുന്നു. ''ഇതെല്ലാം എടുത്തു കൊണ്ടുപോവുക. എൻെറ പിതാവിൻെറ ദേവാലയം ചന്തയാക്കരുത്.'' യേശു സ്വന്തം രാജ്യത്തേക്ക് മടങ്ങി. ദേവാലയത്തിൽ അദ്ധ്യാപനം തുടർന്നു. പലരും അതുകേട്ട് നീരസപ്പെട്ടു. ''എന്ത് വിവരമാണിയാൾക്കുള്ളത്? ആശാരിപ്പണിക്കാരനായ ജോസഫിൻെറയും മേരിയുടെയും മകനല്ലേ ഇത്?'' യേശു അവരോട് പറഞ്ഞു: ''ഒരു പ്രവാചകൻ സ്വന്തം രാജ്യത്തും,

ബന്ധുമിത്രാദികൾക്കിടക്കും, കുടുംബത്തിലുമൊഴികെ എല്ലായിടത്തും ബഹുമാനിക്കപ്പെടുന്നു.'' അദ്ദേഹം മഹത്തായ കർമ്മങ്ങളൊന്നും അവിടെ നടത്തുകയുണ്ടായില്ല.

യേശു, ലോകഗുരുവും, പ്രവാചകനും, മിശിഹായുമായിരുന്നു. അദ്ദേഹത്തിൻെറ ''മലമുകളിലെ സുവിശേഷം,'' രാജയോഗത്തിലെ യമനിയമങ്ങളോടും ബുദ്ധൻെറ അഷ്ടപാതയോടും തുല്യമത്രെ. ആത്മപ്രചോദിതവും, ഉൾപ്പുളകമുണ്ടാക്കുന്നതുമാണ് ''മലമുകളിലെ സുവിശേഷം''.

യേശു പഠിപ്പിച്ച വിശ്വപ്രേമത്തിൻെറ പാഠവും, അദ്ദേഹത്തിൻെറ പ്രശസ്തിയും പുരോഹിതവർഗ്ഗത്തിന് ഹിതമായിരുന്നില്ല. അവരുടെ അധികാരത്തെ തുരങ്കം വയ്ക്കുന്നതാണ് പുതിയ തത്വശാസ്ത്രമെന്നവർ കരുതി. യേശുവിന് പേരിനോ പെരുമയ്ക്കോ ഉള്ള ആഗ്രഹങ്ങളേതുമില്ലെന്ന് അവർക്കു മനസ്സിലായില്ല. ദൈവദൂഷണക്കുറ്റം ചുമത്തി അദ്ദേഹത്തെ വധിക്കാൻ അവർ തീർച്ചയാക്കി. മുപ്പത്തിമൂന്നാം വയസ്സിൽ അദ്ദേഹം കുരിശിലേറി മരണപ്പെട്ടു.

യേശുവിൻെറ അവസാനവാക്കുകൾ ലോകത്തിനുതന്നെ ഒരു പാഠമത്രെ. ''പിതാവേഷ ഇവരോടു ക്ഷമിക്കേണമെ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ തന്നെ അറിയുന്നില്ല.'' എത്രവലിയ ഹൃദയത്തിൻെറ ഉടമയായിരുന്നു ക്രിസ്തുദേവൻ! യേശുവിൻെറ രൂപം ക്ഷമാശീലത്തിൻെറ മൂർത്തിമദ്ഭാവമത്രെ. അനേകലക്ഷം ജനങ്ങൾ അദ്ദേഹത്തെ ഇന്നും ആരാധിക്കുന്നു.

ക്രൂശിക്കപ്പെട്ടു മൂന്നാംദിവസം അദ്ദേഹം ഉയർത്തെഴുന്നേറ്റു. ഈ ഉയർത്തെഴുന്നേൽപ്പ് യേശുവിൻെറ വാക്കുകളിൽ അവർണ്ണനീയമായ ഒരവസ്ഥയാണ്. എല്ലാവിധ ശാരീരികപരിമിതികൾക്കുമപ്പുറം ഈശ്വര സാന്നിദ്ധ്യം സദാ അനുഭവപ്പെടുന്ന അവസ്ഥാവിശേഷമത്രെ ഇത്. യേശുവിന് തൻെറ ശരീരവുമായി ഐക്യബോധമുണ്ടായിരുന്നില്ല. അദ്ദേഹം പരമാത്മാവുമായി താദാത്മ്യത്തിലായിരുന്നുവല്ലോ. ''ഞാനും എൻെറ പിതാവും ഒന്നാകുന്നു.'' എന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞു.

ഡിസംബർ ഇരുപത്തിയഞ്ചാംതീയതി യേശുവിൻെറ ജൻമദിനം ആഘോഷിക്കപ്പെടുന്നു. ക്രിസ്തുമസ് സന്ദേശം, വിശ്വപ്രേമത്തിൻെറയും വർണ്ണനാതീതമായ മഹത്വത്തിൻെറയുമാണ്. ഒരാത്മീയഉണർവിൻെറ ഫലമായി സ്വർഗ്ഗരാജ്യം ഒരുവൻെറയുള്ളിൽ സംജാതമാവുന്നതിൻെറ പ്രതീകമാണ് ക്രിസ്തുമസ്. ഈശ്വരനുമായി ഒന്നുചേരുക, ഹൃദയത്തിൻെറ ഉള്ളറയിൽ അവനെ കുടിയിരുത്തുക, നഷ്ടപ്പെട്ട ദൈവീകതവീണ്ടെടുക്കുക, ക്രിസ്തുബോധമുണർത്തുക, സകലജീവജാലങ്ങളോടും സ്നേഹത്തിലാവുക, എല്ലാവരെയും സ്നേഹത്തോടെ ആലിംഗനം ചെയ്യുക എന്നിവയെല്ലാമാണ് ക്രിസ്തുമസ്സിൻെറ അനുഭവപാഠങ്ങൾ.

സ്വാമി ശിവാനന്ദ

ഓം

# മുഹമ്മദ്

ഇസ്ലാമിൻെറ പ്രവാചകനെന്നറിയപ്പെടുന്ന മുഹമ്മദ് മെക്കയിലെ ഖുറേഷ് ഗോത്രത്തിൽ ഏപ്രിൽ 20-ാം തിയതി ഭൂജാതനായി. അഛൻ അബ്ദുള്ളയും അമ്മ അമ്നയും. നിരക്ഷരനായിരുന്നുവെങ്കിലും ചെറുപ്രായത്തിൽത്തന്നെ മുഹമ്മദ് ശ്രദ്ധാലുവായിരുന്നു. ഗൗരവപ്രകൃതിയായിരുന്ന അദ്ദേഹം മറ്റുകുട്ടികളേപ്പോലെ കളിതമാശകൾ ഒന്നും നടത്തിയിരുന്നില്ല. തൻെറ സത്യസന്ധതകൊണ്ടും വിശ്വാസ്യതകൊണ്ടും ആർജവംകൊണ്ടും സൽപ്പേരു സമ്പാദിച്ച മുഹമ്മദ് തൻെറ വാക്കുകൾ എന്നും പാലിച്ചു പോന്നു. അത്ര വിശ്വസ്ഥനായിരുന്നതുകൊണ്ട് അൽഏഅമിൻ എന്ന് അദ്ദേഹത്തിന് പേരു വീണു. അദ്ദേഹം ഇരുപത്തിയഞ്ചു വയസ്സുള്ളപ്പോൾ നാൽപ്പതുകാരിയും മെക്കയിലെ സമ്പന്നവിധവയുമായ ഖദീജയെ വിവാഹം കഴിച്ചു. ഖദീജ സദ്ഗുണസ്വഭാവസമ്പന്നയും കളങ്കലേശമില്ലാത്തവളുമായിരുന്നു.

ഒരു പ്രഭാതത്തിൽ, മുഹമ്മദ് ധ്യാനനിരതനായിരിക്കുമ്പോൾ ഗബ്രിയേൽ മാലാഖ മുന്നിൽ പ്രത്യക്ഷപ്പെട്ടു. താൻ മാസങ്ങളോളം പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞുപോന്ന ഗുഹയിലാണ് മാലാഖ പ്രത്യക്ഷപ്പെട്ടത്. "ഉണരൂ. നീ ദൈവപ്രവാചകനാവുന്നു. നിൻെറ ഈശ്വരൻെറ നാമം നീ പ്രചരിപ്പിച്ചാലും. നിൻെറ ദൈവം കരുണാലുവാണ്." പ്രവാചകന് ദൈവം അരുളിക്കൊടുത്ത വാക്കുകൾ അവിടെ കേൾക്കായി. അത് രേഖപ്പെടുത്തിയതാണ് വിശുദ്ധഗ്രന്ഥമായ ഖുറാൻ. തൻെറ ഭാര്യയോട് ദൈവദർശനത്തെപ്പറ്റി പറഞ്ഞപ്പോൾ അവർ ഭർത്താവിൻെറ വാക്കുകൾ അപ്പാടെ വിശ്വസിച്ചു. അങ്ങിനെ ഖദീജ മുഹമ്മദിൻെറ പ്രഥമശിഷ്യയും ഇസ്ലാമിൻെറ ആദ്യത്തെ അനുചാരിയുമായി.

മുഹമ്മദ് തൻെറ മതം ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചുവന്നു. അദ്ദേഹം തർക്കങ്ങളിലേർപ്പെടുകയോ വിവാദപ്രദമായ ചർച്ചകളിലേർപ്പെടുകയോ ചെയ്തില്ല. അദ്ദേഹം തൻെറ ശക്തമായ വ്യക്തിപ്രഭാവംകൊണ്ടും, ആകർഷണീയതകൊണ്ടും, ദിവ്യശക്തികൊണ്ടും നിശ്ശബ്ദനായി ജനങ്ങളെ തൻെറ വിശ്വാസത്തിൽ ചേർത്തു. തന്നെ ദ്രോഹിച്ചവരുടെ ക്രൂരതകളെ ക്ഷമയോടെ നേരിട്ടു. അദ്ദേഹത്തിൻെറ സ്വഭാവസവിശേഷതയും ഖുറാനിലെ വരികളുടെ ശക്തിയും ജനഹൃദയങ്ങളെ സമാകർഷിച്ചു.

ഖുറേഷ് ഗോത്രം തൻെറ ജീവനൊടുക്കാൻ പദ്ധതിയിടുന്നു എന്നറിഞ്ഞ മുഹമ്മദ് മെക്കയിൽനിന്നും മെദീനയിലേക്ക് എ.ഡി. 622 ൽ പാലായനം ചെയ്തു. ഹിജറവർഷം -മുസ്ലിംവർഷം- ആരംഭിക്കുന്നത് മുഹമ്മദിൻെറ ഈ പാലായനത്തിൻെറ ദിവസമാണ്. മെദീനയിലെ ജനങ്ങൾ മുഹമ്മദിൻെറ മതം എളുപ്പത്തിൽ സ്വീകരിച്ചു. വളച്ചുകെട്ടില്ലാത്തതും പിന്തുടരാൻ എളുപ്പവുമായിരുന്നല്ലോ അദ്ദേഹത്തിൻെറ മതം. ഒടുവിൽ മുഹമ്മദ് മെക്കയിലേക്ക് തിരിച്ചുപോയി. തൻെറ ബന്ധുമിത്രാദികളേയും മതം മാറ്റിയെടുക്കുകയുണ്ടായി. മുഹമ്മദ് വളരെ സാധാരണക്കാരനായിനിന്ന് ലളിതമായ പെരുമാറ്റങ്ങളിലൂടെ ജനങ്ങളെ ആകർഷിച്ചു. ലോകഗുരുവായി അദ്ദേഹം നടിച്ചില്ല. തൻെറ ശിഷ്യൻമാർ സാധാരണക്കാരായിരുന്നു. അള്ളാവിലും അവിടുത്തെ വചനങ്ങളിലും ജനങ്ങൾക്ക് വിശ്വാസമുണ്ടാക്കി കൊടുക്കാൻ നിയോഗിക്കപ്പെട്ട വെറുമൊരു പ്രവാചകൻ - അങ്ങിനെയാണ് അദ്ദേഹം സ്വയം കരുതിയത്.

മുഹമ്മദ് കരുണയുടെയും പ്രേമത്തിൻെറയും പ്രതീകമായിരുന്നു. വിധവകളെയും, അനാഥരെയും, ദരിദ്രരെയും, രോഗികളെയും, വൃദ്ധരെയും സ്വന്തമായി വീടില്ലാത്തവരെയും എല്ലാം അദ്ദേഹം സേവിച്ചു. ഒരുദിവസം ദരിദ്രയും വൃദ്ധയുമായ ഒരു വിധവയെക്കണ്ടു അദ്ദേഹം. മുഹമ്മദ് ഭാര്യയോട് പറഞ്ഞു. "പ്രിയേ ഈ വൃദ്ധയ്ക്ക് ആദ്യം ഭക്ഷണം നൽകിയതിന് ശേഷം നീ കഴിക്കുക." അന്ധയായ ഒരു സ്ത്രീ വീഥിയിൽ തപ്പിതടയുന്നതു കണ്ട് അദ്ദേഹം അവളെ വീട്ടിലെത്തിച്ചു. എന്നിട്ട് അവൾക്കുള്ള ഭക്ഷണം ദിവസവും അവിടെ പോയി കൊടുത്തുവന്നു. രോഗിയായ ഒരു അടിമയെ പരിചരിക്കുമ്പോൾ മുഹമ്മദിനോട് അയാൾ ചോദിച്ചു. "എൻെറ യജമാനൻ എന്നെ നോക്കാനായി നിങ്ങളെ പറഞ്ഞു വിട്ടതാണോ?" "അതെ, മുഹമ്മദ് പറഞ്ഞു. യജമാനൻമാരുടെ യജമാനനാണ് നിന്നെ പരിചരിക്കാൻ എന്നെ പറഞ്ഞയച്ചിരിക്കുന്നത്".

ॐ

മെക്കയിൽ ദരിദ്രനായ ഒരിടയൻ ദേവാലയത്തിൽ പ്രാർത്ഥിക്കാൻ ചെന്നു. തൻെറ ലളിതമായ രീതിയിൽ അവൻ പൂജ നടത്തി. ദിവ്യസ്ഥാനത്ത് നമസ്ക്കരിച്ച് കല്ലു ചുംബിച്ചു. കണ്ണീരോടെ അവൻ പ്രാർത്ഥിച്ചു. ''അല്ലയോ ആരാധ്യനും, സ്നേഹത്തിൻെറ ഈശ്വരനുമായ അങ്ങ് എനിക്കായി അവിടുത്തെ തിരുമുഖം കാട്ടിത്തതന്നാലും. ഞാനവിടുത്തെ ദാസനായിക്കൊള്ളാം. ഞാൻ അവിടുത്തെ ചെരുപ്പു തുടച്ചുവയ്ക്കാം. മുടിയിൽ എണ്ണ തേച്ചു തരാം. മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കി വെളുപ്പിക്കാം. എൻെറ ആടിൽ നിന്നും പാലു കറന്നെടുത്ത് ദിവസവും ഇവിടെ എത്തിക്കാം. അവിടുത്തെ കൈകളിൽ ചുംബിച്ച്, കാലു കഴുകിക്കാം ഞാൻ. അവിടുത്തെ മുറി ഞാൻ തുടച്ചു വൃത്തിയാക്കാം.''

ദേവാലയത്തിലെ പൂജാരികൾ, ഇടയൻെറ ഭക്തിപ്രകടനം ദൈവനിന്ദയാണെന്നു കരുതി അവനെ അവിടെനിന്നും ഓടിക്കാൻ ഒരുങ്ങവേ മുഹമ്മദ് അവിടെയെത്തി. ''ഏതു ദിശയിലേക്കാണ് നിങ്ങൾ ദൂരദേശത്തായിരിക്കുമ്പോൾ മുഖം തിരിക്കുക?'' ''ഞങ്ങൾ മെക്കയിലേക്ക് മുഖം തിരിക്കും.'' വീണ്ടും അദ്ദേഹം ചോദിച്ചു. ''നാലു ചുമരുകൾക്കുള്ളിലായിരിക്കുമ്പോൾ എങ്ങോട്ടാണ് നിങ്ങൾ മുഖം തിരിക്കുക?'' ''ഇവിടെ എല്ലാം വിശുദ്ധമാണല്ലോ'' അവർ പറഞ്ഞു ''എങ്ങോട്ടാണ് മുഖം തിരിക്കുക എന്നത് ഒരു പ്രശ്നമേയല്ല''. ''നിങ്ങളുടെ ഉത്തരം സുന്ദരം തന്നെ. ദേവാലയത്തിൽ, എങ്ങോട്ട് മുഖം തിരിച്ചിരിക്കുന്നു എന്നതിൽ കാര്യമില്ല. നിങ്ങളുടെ വിശുദ്ധഹൃദയത്തിൻെറ ഉള്ളിൽ എങ്ങിനെയാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത് എന്നത് കാര്യമാക്കേണ്ടതില്ല. ശ്രദ്ധയും ഭക്തിയും പ്രേമവും ഉണ്ടാവണം. അത്രമാത്രം. ആ ദരിദ്രനായ ഇടയൻെറ പ്രാർത്ഥന അള്ളാവിൻെറ ചെവികളിൽ നിങ്ങളുടെ പ്രാർത്ഥനകൾ എത്തുന്നിലും വേഗത്തിൽ എത്തിച്ചേരും. കാരണം അവൻെറ പ്രാർത്ഥന ഹൃദയത്തിൽ നിന്നും നേരിട്ട് തീവ്രപ്രേമത്തോടെ, ഭക്തിവിശ്വാസത്തോടെ ആത്മാർത്ഥമായി വന്നതാണല്ലോ. അവന് എൻെറയടുക്കൽ സ്ഥലം നൽകിയാലും. വിനയവാനും ശുദ്ധനുമായ അവൻ അനുഗ്രഹീതനത്രെ.''

മുഹമ്മദ് ലളിത ജീവിതം നയിച്ചു. വിനയശീലനായിരുന്നു അദ്ദേഹം. വളരെയധികം അനുയായികളുള്ള ഒരു പ്രവാചകനായിരുന്നുവെങ്കിലും സാധാരണക്കാരനായ ഒരു ജോലിക്കാരനായി മറ്റുള്ളവരുടെ ഒപ്പം മെദീനയിലെ ആദ്യത്തെ പള്ളി പണിയാൻ അദ്ദേഹം മുന്നിട്ടിറങ്ങി. സ്വയം തൻെറ പാദരക്ഷകളുണ്ടാക്കി, പശുവിനെ കറന്ന്, വീടു വൃത്തിയാക്കി, ചന്തയിൽ പോയി, ഒട്ടകത്തെ കെട്ടിയിടുകയും തീറ്റ കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മുഖം ആകർഷണീയവും പുഞ്ചിരി വശ്യവുമായിരുന്നു. ദരിദ്രരെ ബഹുമാനിച്ചും അടിമകളെ മോചിപ്പിച്ചും അദ്ദേഹം ജീവിച്ചു.

ഇസ്ലാം എന്നാൽ ''ദൈവേച്ഛാനുസരണം'' എന്നർത്ഥം. ഇസ്ലാംതത്വങ്ങൾക്ക് ജൂതമതത്തിലെ തത്വങ്ങളുമായി സാമ്യമുണ്ട്. ഇസ്ലാംതത്വങ്ങൾക്ക്, സാഹോദര്യത്തിൻെറ തത്വങ്ങൾക്ക്, മുൻതൂക്കം നൽകി ലളിതജീവിതത്തിലൂടെ മനുഷ്യൻെറ സമതയെ ലക്ഷ്യമാക്കിയാണ് ഇസ്ലാം നിലകൊള്ളുന്നത്.

ഇസ്ലാം ഉത്തരവുകളിൽ പ്രധാനമായവ: വ്രതമെടുക്കൽ, പ്രാർത്ഥന, തീർത്ഥയാത്ര, ഏകദൈവത്തിലും പ്രവാചകനിലുമുള്ള അടിയുറച്ച വിശ്വാസം, ദാനം എന്നിവയാണ്. വിശുദ്ധഖുറാൻ തുടങ്ങുന്നതും അവസാനിക്കുന്നതും ഏകദൈവത്തെക്കുറിച്ചുള്ള വിഷയങ്ങളിലാണ്. ഇസ്ലാം ശാന്തിയുടെ മതമാണ്. മുഹമ്മദ് അഹിംസാവാദിയായിരുന്നുവല്ലോ. നിസ്വാർത്ഥതയും മാനവസേവനവുമാണ് ഇസ്ലാമിൻെറ പ്രധാന വാക്കുകൾ.

സ്വാമി ശിവാനന്ദ

ॐ

# ബാൽ ഷെം തോവ്

'ഇസ്രായേൽ ബെൻ എലിസെർ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹം 1700-ൽ ഒകോപ് എന്ന ഒരു ചെറുഗ്രാമത്തിൽ -ഉക്രൈൻ പ്രിശ്യയിലായിരിക്കണം- ജനിച്ചു. ജനനസ്ഥലം ജനനത്തീയതി ദാരിദ്രമോ സമ്പന്നമോ ആയ കുലം എന്നിവയെല്ലാം വിദ്വാൻമാർക്ക് താത്പര്യമുള്ള കാര്യങ്ങളാണ്. ദൈവമനുഷ്യർക്ക് ഇതിലൊന്നും താത്പര്യമില്ല തന്നെ. ഇസ്രായേലിൽ ജീവിച്ചിരുന്ന ദൈവജ്ഞരിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം. ജീവിതകാലത്തെക്കുറിച്ചദ്ദേഹം യാതൊരു സൂചനയും വച്ചിട്ടുണ്ടായിരുന്നില്ല.

അദ്ദേഹത്തെ ബാൽ ഷെം തോവ് (സൽപ്പേരിന്റെ നാഥൻ) എന്നു വിളിച്ചു വന്നു. ചിലർ അദ്ദേഹത്തെ മിശിഹാ ആണെന്നു കരുതി . അദ്ദേഹമായിരുന്നില്ല ആദ്യത്തെ ബാൽഷെം തോവ്. ആദ്യത്തെ ഹസീദും അദ്ദേഹമല്ല. എന്നാൽ ഇവരിൽ ഏറ്റവും പ്രശസ്തൻ ഇദ്ദേഹം തന്നെയാണ്. ഹസീദുമാർ അറിയപ്പെടാത്ത സന്യാസിമാരാണ് പൊതുവിൽ. എന്നാൽ ഇസ്രായേലിൽ ഇദ്ദേഹം അറിയപ്പെട്ടിരുന്നു. ആധുനിക ഹസീദിസത്തിന്റെ സ്ഥാപകനായി അറിയപ്പെടുന്ന ബാൽ ഷെം തോവ് സ്വയമൊരു ചിന്താപദ്ധതിക്ക് തുടക്കമിട്ടില്ല. അദ്ദേഹിന്റെ ശിഷ്യൻമാർ അദ്ദേഹത്തോട് എഴുതാനും, തങ്ങളെ പഠിപ്പിക്കുവാനും ആവശ്യപ്പെട്ടു. അപ്പോൾ അവരെ കളിയാക്കി അദ്ദേഹം പറഞ്ഞു: "എന്നെക്കുറിച്ച് നിങ്ങളുടെ പുസ്തകത്താളുകളിൽ ഒന്നും കാണുകയില്ല. ഞാൻ പറയാത്തത് നിങ്ങൾക്ക് കേട്ടുവെന്ന തോന്നലാണുള്ളത്." എന്നാൽ ശിഷ്യൻമാരുടെ ശ്രമംകൊണ്ടും ഭക്തികൊണ്ടും ബാൽ ഷെം തോവ് ഒരു ഇതിഹാസപുരുഷനായിത്തീർന്നു.

ബാലനായിരിക്കുമ്പോഴേ അദ്ദേഹം അനാഥനായിത്തീർന്നു. അച്ഛനമ്മമാർക്ക് നൂറ് വയസ്സുള്ളപ്പോളാണ് അദ്ദേഹം ജനിച്ചതെന്ന് പറയപ്പെടുന്നു. എന്നാൽ അച്ഛൻ മരിക്കുംമുൻപ് ബാലനെ ഉപദേശിച്ചിരുന്നു. "നിന്നെ ദൈവഭയമുള്ള ഒരു മനുഷ്യനാക്കി, ദൈവഭയമുള്ളവനെ സ്നേഹിക്കുന്നവനാക്കി, വളർത്തിയെടുക്കാൻ അവസരം കിട്ടുംമുൻപ് ഞാൻ പോയാൽ, നീ ഒന്നോർമ്മിച്ചാലും. ദൈവം നിന്റെ ഭാഗത്തുണ്ട്. അവനെ മാത്രമേ നീ ഭയക്കേണ്ടതായുള്ളു." ഇതവന്റെ സുവിശേഷമായിത്തീർന്നു. അതിന്റെ എല്ലാ അർത്ഥത്തിലും.

ഇസ്രായേലിന് ചെറുപ്രായത്തിൽത്തന്നെ വിവാഹം കഴിക്കേണ്ടിവന്നുവെങ്കിലും ഭാര്യ ഉടനെതന്നെ മരിച്ചുപോയി. ചെറിയ ജോലികൾ ചെയ്ത് അദ്ദേഹം അരിഷ്ടിച്ചു ജീവിച്ചു വന്നു. ഒരിക്കൽക്കൂടി അദ്ദേഹത്തിന് വിവാഹം നിശ്ചയിച്ചു. വധു ഒരു ശിശുവായിരുന്നു. താമസിയാതെ അവളുടെ അച്ഛൻ മരിച്ചു. വർഷങ്ങൾ ഏറെക്കഴിഞ്ഞ് വധുവിനെത്തേടി ഇസ്രായേൽ അവളുടെ സഹോദരനെ സമീപിച്ചു. അയാൾ അവളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഇസ്രായേലും അവൾക്കു മുന്നറിയിപ്പു നൽകി. തന്റെ ജീവിതം ആത്മീയലക്ഷ്യത്തോടെയുള്ളതാണെന്നും ഭാര്യയെന്ന നിലയിൽ അതുകൊണ്ട് കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുമെന്നും ഇസ്രായേൽ അവളെ അറിയിച്ചു. എന്നാൽ ഹന്നാ ഇതിനൊക്കെ തയ്യാറായിരുന്നു. 'തലതിരിഞ്ഞ' ഇസ്രായേലിനെയും തന്റെ സഹോദരിയേയും താൻ താമസിക്കുന്ന സ്ഥലത്തുനിന്നും അകറ്റാൻ സഹോദരൻ അവരെ കർപ്പാത്തിയൻ മലകളിലേക്ക് അയച്ചു. അവിടെ ഭാര്യയും ഭർത്താവും കഷ്ടത നിറഞ്ഞ ജീവിതം നയിച്ചു വന്നു.

ബാൽ ഷെം തോവിന്റെ ആത്മീയപ്രഭ എല്ലാ സമയത്തും തെളിഞ്ഞു നിന്നു. ഒരു ശനിയാഴ്ച, ബാൽ ഷെമിന്റെ അതിഥിയായ ഒരു ചെറുപ്പക്കാരൻ പാതിരാക്ക് ഞെട്ടിയുണർന്ന് വീട്ടിൽ തീവ്രമായ ഒരഗ്നിജ്വാല കാണുകയുണ്ടായി എന്നു പറയപ്പെടുന്നു. അത് ബാൽ ഷെമിന്റെ ദേഹത്തിൽ നിന്നാണ് പുറപ്പെട്ടത് എന്ന് കണ്ട് അയാൾ അത്ഭുതസ്തബ്ദനായി.

ॐ

മുപ്പത്തിയാറാമത്തെ വയസ്സിൽ തനിക്ക് ആത്മീയനേതാവാകാനുള്ള നിയോഗമുണ്ടെന്ന് ഇസ്രായേലിന് ദർശനം കിട്ടി. വിനയശീലംകൊണ്ടും ലാളിത്യംകൊണ്ടും തനിക്കതിന് യോഗ്യതയേതുമില്ലെന്ന് കരുതി ഇസ്രായേൽ മൂന്ന ദിവസം ഉപവാസം നടത്തി. എന്നാൽ ദൈവേഛ അദ്ദേഹത്തിനെ ആത്മീയഗുരുവാക്കി. അദ്ദേഹത്തിനു പലേ ദിവ്യദർശനങ്ങളുമുണ്ടായി. ചോദ്യം ചെയ്യപ്പെടാത്ത നേതാവായി ആളുകൾ അദ്ദേഹത്തെ അനുകരിച്ചു വന്നു.

ബാൽ ഷെം തോവ് സമതയുടെ പ്രതീകമായിരുന്നു. എല്ലാവർക്കും ഹീനജാതികൾക്കും, യോഗ്യതയില്ലാത്ത വർക്കും എന്നുവേണ്ട സകലർക്കും സഹായിയായിരുന്നു. ബാൽ ഷെമിനെപ്പറ്റി മി. എലീവീസൽ പറയുന്നു, ''അദ്ദേഹത്തിൻെറ ദൃഷ്ടി നിങ്ങളുടെ മേൽ പതിയുക എന്നാൽ അദ്ദേഹത്തിൻെറ അഗ്നി നിങ്ങളിലൂടെ കടന്നു പോയി എന്നർത്ഥം. ഒരു കർഷകൻ ബാൽഷെമിനെ തണുപ്പിൽനിന്നു രക്ഷിച്ചു. പകരമായി അവൻ നൂറു വർഷം സമ്പന്നതയോടെ ജീവിക്കും. ഒരു ബാലൻ അദ്ദേഹത്തിൻെറ പാഠങ്ങൾ ആത്മാർത്ഥയോടെ ഉരുവിടുന്നു. അവന് തൻെറ കൂട്ടുകാരിൽ തിന്നും ബഹുമതിയും മതിപ്പും ലഭിച്ചു. ഒരു കള്ളന് ബാൽഷെമിനെ ഒരിക്കൽ നേരിടേണ്ടി വന്നു. തിരിച്ചറിഞ്ഞപ്പോൾ അവൻ ബാൽഷെമിനോട് ചോദിച്ചു. ''നിങ്ങൾക്ക് വേണ്ടരീതിയിൽ നോക്കാനറിയാമല്ലോ. അപ്പോൾ നൻമ മാത്രം കണ്ടുകൂടയോ?'' അങ്ങിനെ ആ തസ്ക്കരനും ഹസീദ് ഇതിഹാസങ്ങളിൽ സ്ഥാനം പിടിച്ചു.'' അദ്ദേഹത്തെ നിരൂപണം ചെയ്തവരും ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന് വെറുക്കാൻ തക്കതായി ആരും ഉണ്ടായിരുന്നില്ല. ആരും അദ്ദേഹത്തിൻെറ ശ്രദ്ധാർഹതക്ക് താഴെയായിരുന്നില്ല. തുടർച്ചയായി ഒരു ഗ്രാമത്തിൽനിന്നും മറ്റൊന്നിലേക്ക് അദ്ദേഹം യാത്ര ചെയ്തു എന്നും പറയപ്പെടുന്നു. ഒരേ സമയത്ത് എല്ലായിടത്തും അദ്ദേഹം ഉണ്ടായിരുന്നു എന്ന തേന്നലായിരുന്നു എല്ലാവർക്കുമുണ്ടായിരുന്നത്.

ബാൽഷെമിൻെറ പാഠങ്ങൾ അതീവ ലളിതമാണ്. വിദുഷൻമാരെ അദ്ദേഹം നിന്ദിച്ചില്ല. അദ്ദേഹം പറഞ്ഞു ''ആട്ടിടയൻെറ പുല്ലാങ്കുഴൽ വായനയും സന്യാസിയുടെ ധ്യാനവും ഈശ്വരൻ ഒരുപോലെ കേൾക്കുന്നു'' നിത്യജീവിതംഷ, ദിവ്യജീവിതമാക്കണമെന്നദ്ദേഹം പഠിപ്പിച്ചു. അദ്ദേഹത്തിൻെറ സുവിശേഷം, സന്തോഷത്തിൻേറതായിരുന്നു. കേവലം സ്വാർത്ഥനായ ഒരുവനുമാത്രമേ അസന്തുഷ്ടനായിരിക്കാനാവൂ. മാനവീകതയിൽ സന്തുഷ്ടി കണ്ടെത്തുന്നവൻ അതിൻെറ സന്തോഷത്തിൽത്തന്നെ ഈശ്വരനിലേക്ക് നയിക്കപ്പെടുന്നു.

ബാൽ ഷെം തോവിൻെറ മാനവീകതയിൽ എല്ലാ മനുഷ്യരും ഉൾപ്പെട്ടിരുന്നു. പാപിയോ, പരിശുദ്ധനോ എന്നൊന്നും വേർതിരിക്കാതെ എല്ലാവരേയും അദ്ദേഹം ഉൾപ്പെടുത്തി. അദ്ദേഹം ആരേയും യഹൂതമതത്തിലേക്ക് പരിവർത്തനം ചെയ്തില്ല. എല്ലാവരോടും തൻെറ സ്വന്തം മതങ്ങളോട് കൂറുള്ളവരായിരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആത്മസാക്ഷിയോട് കൂറ് കാണിക്കാനും അദ്ദേഹം പറഞ്ഞു. മി. വീസൽ പറയുന്നു. ''ബാൽഷെമിൻെറ ആഗ്രഹം എല്ലാ തലത്തിലും കണ്ണികളുണ്ടാക്കുക എന്നതായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ആളുകളെ തമ്മിൽ അടുപ്പിക്കുമോ, അവരെ ഒറ്റക്കെട്ടാക്കുമോ അതാണ് നൻമ. പരസ്പരം അകറ്റുന്ന എന്തും തിൻമയുമാണ്.'' ബാൽ ഷെമിൻേറതായി പലേ അത്ഭുതങ്ങളും പറയപ്പെടുന്നു. മാലാഖമാരെപ്പോലും അദ്ദേഹം പഠിപ്പിച്ചു. ശ്രീബുദ്ധൻെറ ശിഷ്യരായ മാലാഖമാരും ഇതിൽ പെടുമെന്നാണ് ഐതിഹ്യം. ഇതൊക്കെയായാലും ലളിതജീവിതത്തിലും അതിലളിതമായ ശക്ഷണങ്ങളിലും ജീവിതത്തിലെ ദിവ്യപ്രഭയിലുമാണ് ബാൽ ഷെം തോവിൻെറ ജീവചരിത്രത്തിൻെറ പരമസൗകുമാര്യം ദർശിക്കാവുന്നത്. ജീവിതാവസാനകാലത്ത് അദ്ദേഹത്തിൽ ആത്മപ്രഹർഷം തീവ്രമാവുകയും, ജീവിതം കൂടുതൽ വിലക്ഷണമാവുകയും ചെയ്തു. ബാൽ ഷെം തോവിന് അറുപതു വയസ്സായിരുന്നു. വ്രതകാലം. ഏഴാഴ്ച്ചകൾ അസുഖമായിക്കിടന്നപ്പോൾ തൻെറ അന്ത്യമായി എന്നദ്ദേഹം മനസ്സിലാക്കി. ശിഷ്യൻമാർ ചുറ്റുംകൂടിനിന്നു വിലപിച്ചു. അദ്ദേഹം അവരെ ആശ്വസിപ്പിച്ചു. ''എന്തിനാണു നിങ്ങൾ കരയുന്നത്? ഞാൻ ഒരു വാതിലൂടെ പോകുന്നത് മറ്റൊരു വാതിലിലൂടെ കടന്നു വരാനായാണല്ലോ.''

സ്വാമി ശിവാനന്ദ

ॐ

## സൂചിക


| | ദിവസങ്ങൾ |
|---|---|
| അദിതി | 185-187 |
| അഘാസുരൻ | 229 |
| അജാമിളൻ | 131-133 |
| അക്രൂരൻ | 255,257-260,268,269,278 |
| അംബരീഷൻ | 197-199 |
| അംഗിരൻ | 146,147 |
| അനിരുദ്ധൻ | 283-285 |
| അരിഷ്ടൻ | 253 |
| അർജുനൻ | 7,14,15,20,21,279,316,353 |
| അശ്വത്ഥാമാവ് | 7 |
| അവന്തി ബ്രാഹ്മണൻ | 344,345 |
| അവതാരങ്ങൾ | 3,27 |
| അരയന്നം | 333 |
| ബഹുലാശ്വൻ | 310 |
| ബകാസുരൻ | 228 |
| ബലരാമൻ | 225,228,231,232-238,253,257-264,268-270,273,275,278,283, 284,287-289,299-301,308-310,352 |
| ബലി | 174,179,180,184,187-192,309 |
| ബല്വലൻ | 300,301 |
| ബാണൻ | 284,285 |
| ഭഗീരഥൻ | 203 |
| ഭരതൻ | 108-115 |
| ഭീമൻ | 293-295 |
| ഭീഷ്മർ | 9 |
| ഭൃഗു | 315 |
| ബ്രഹ്മാവ് | 29,30,40,41,73,155,156, 174,190,230-232,315,325 |
| ബ്രാഹ്മണ പുത്രർ | 316 |
| ബ്രാഹ്മണ സ്ത്രീകൾ | 240,241 |
| ചാണൂരൻ | 262,263 |
| ചിത്രകേതു | 146-150 |

| | |
|---|---|
| ച്യവനൻ | 196 |
| ദക്ഷൻ | 69-74,135,136, |
| ദന്തവക്രൻ | 300 |
| ദേവഹൂതി | 53-57,67 |
| ദേവകി | 216-221,263,299,304,309,324 |
| ധേനുകൻ | 233 |
| ധൃതരാഷ്ട്രർ | 13,32,269 |
| ധ്രുവൻ | 75-79 |
| ദിതി | 46,47,49,151 |
| ദ്രൗപദി | 7,32 |
| ദുര്യോധനൻ | 7,297 |
| ദുഷ്യന്തൻ | 212 |
| ദ്വിവിദൻ | 287 |
| ദ്യുമാൻ | 298,299 |
| ഭൂമിയും പരീക്ഷിത്തും | 16,17 |
| ഭൂമിയും പൃഥുവും | 84,85 |
| ഗജേന്ദ്രൻ | 171-173 |
| ഗാന്ധാരി | 13 |
| ഗംഗ | 114,190,202,203 |
| ഗോപികമാർ | 239,246-252, 254,266,267,304,305 |
| ഗോവർദ്ധനം | 242,243 |
| ഹരിശ്ചന്ദ്രൻ | 201 |
| ഹസ്തിനാപുരം | 290 |
| ഹയഗ്രീവൻ | 193 |
| ഹിരണ്യകശിപു | 46,49,153-156,160 |
| ഹിരണ്യാക്ഷൻ | 46,49-51,153,154 |
| ഇന്ദ്രൻ | 86,87,105,138-145,151,159,179,180,184,192, 242-244 |
| ജാംബവാൻ | 277 |
| ജരാസന്ധൻ | 270,273,292-295 |
| ജയൻ | 47,48,153 |
| കാലയവനൻ | 270,271 |
| കലിയുഗം | 355,356 |
| കാളീയൻ | 234,235 |

ॐ


| | |
|---|---|
| കംസൻ | 217,218,221,255,261,263 |
| കപിലൻ | 56-67,202 |
| കർദ്ദമൻ | 53-55 |
| കശ്യപൻ | 46,49,151,185-187 |
| കേശി | 256 |
| കൃഷ്ണൻ | 220,225,352,353 |
| കൃഷ്ണ സഹോദരർ | 309 |
| കൃഷ്ണ വേണു | 238 |
| കുബേരൻ | 78,79 |
| കുബേര പുത്രൻമാർ | 227 |
| കുബ്ജ | 261,268 |
| കുചേലൻ | 302,303 |
| കുന്തി | 8 |
| കുവലയാപീഠം | 262 |
| കൂർമ്മം | 176 |
| ലക്ഷ്മി | 177 |
| മൈത്രേയൻ | 36-40 |
| മത്സ്യം | 193 |
| മന്ഥാതൻ | 200 |
| മാർക്കണ്ഡേയൻ | 361-363 |
| മരുത്ത് | 151 |
| മോഹിനി | 177,178,181 |
| മുചുകുന്ദൻ | 271,272 |
| മുഷ്ടികൻ | 262,263 |
| നാഭാഗൻ | 197 |
| നാഭി | 104,105 |
| നന്ദൻ | 222,223,228,235,242, 243-245,267 |
| നാരദർ | 5,6,13,72,74,93-101,135,147-149,153-169,217,227,255, 256,276,291-293,307,319-324 |
| നരകാസുരൻ | 280 |
| നിമി | 206,319-324 |
| നൃഗൻ | 286 |
| പരശുരാമൻ | 208,209 |
| പരീക്ഷിത്ത് | 8,12,15-23,28,358 |
| പാലാഴി മഥനം | 175-177 |
| പൗണ്ഡ്രകൻ | 288 |
| പ്രചേതർ | 91-93,100,101,135 |

| | |
|---|---|
| പ്രദ്യുമ്നൻ | 276,283,298,299 |
| പ്രഹ്ളാദൻ | 156-162,165,191,192 |
| പ്രലമ്പൻ | 236 |
| പ്രിയവ്രതൻ | 75,102,103 |
| പൃഥു | 82-90 |
| പുരഞ്ജനൻ | 93-100 |
| പുരു | 211 |
| പുരൂരവസ് | 207,348 |
| പൂതന | 223 |
| രഹൂഗുണൻ | 11,114 |
| രാമൻ | 204,205 |
| രന്തിദേവൻ | 213 |
| രാസലീല | 246-252 |
| രോഹിണി | 218,222,225,304 |
| ഋഷഭൻ | 105-107 |
| രുക്മിണി | 273-276,281,282 |
| സാഗരൻ | 202 |
| സമുദ്ര മഥനം | 175-177 |
| ശകുന്തള | 212 |
| സാല്വൻ | 298,299 |
| സാംബൻ | 290,318 |
| ശംഭരൻ | 276 |
| സാമീകൻ | 18 |
| സനകാദികൾ | 47,333 |
| സാന്ദീപനി | 264 |
| ശംഖചൂഡൻ | 253 |
| സതി | 69-71,74 |
| സൗഭരി | 200 |
| ശിശുപാലൻ | 273,275,296 |
| ശിവൻ | 69,74,150,176,181,194, 314,315,363 |
| ശ്രുതദേവൻ | 310 |
| സുഭദ്ര | 310 |
| സുദർശനം | 253 |
| സൃഷ്ടി | 23-25,36-44,346 |
| സുദ്യുമ്നൻ | 194 |
| ശുകൻ | 4,7,9 |
| സ്വായംഭുവ മനു | 52-54,75,78,102,170 |
| സ്യമന്തക മണി | 277,278 |
| തക്ഷകൻ | 18, 24, 358 |
| താപസനും ഗുരുക്കളും | 326-329 |
| ത്രിപുരം | 162 |

ॐ


| | |
|---|---|
| ത്രിമൂർത്തികൾ | 213,315 |
| ത്രിവക്ര | 261,268 |
| തൃണാവർത്തൻ | 224 |
| ഉത്ഥവൻ | 32-35,234-257,325-351 |
| ഉഗ്രസേനൻ | 217,264 |
| ഉർവ്വശി | 207,348 |
| ഉഷ | 284,285 |
| ഉത്താനപാദൻ | 68 |
| വാമനൻ | 187-191 |
| വരുണൻ | 49,201,245 |
| വാസുദേവൻ | 216,222,263,264,299,<br>306,307,319,324 |
| വിശ്വ വിവരണം | 119-130 |
| വിശ്വ രൂപം | 21,22,189 |
| വിശ്വ പ്രളയം | 357 |
| വരാഹം | 45,50,51 |
| വനാഗ്നി | 235,236 |
| വത്സാസുരൻ | 228 |
| വേദ സ്തുതി | 311-313 |
| വേനൻ | 80-82 |
| വിദുരൻ | 13,32,33,36,39 |
| വിദൂരഥൻ | 300 |
| വിജയൻ | 37,38,153 |
| വീരഭദ്രൻ | 72 |
| വിശ്വരൂപൻ | 138-140 |
| വൃകാസുരൻ | 314 |
| വൃത്രൻ | 140-146 |
| വ്യാസൻ | 3,5 |
| വ്യോമൻ | 256 |
| യാദവർ | 215,318,325,352 |
| യക്ഷൻ | 77 |
| യമൻ | 131-134 |
| യമുന | 220,287 |
| യശോദ | 218,220,223-226,304 |
| യയാതി | 210,211 |
| യുധിഷ്ഠിരൻ | 9,10,13,14,153-169,292-<br>297 |


*This Translation Is For Private Circulation Only*




*For Private Circulation Only*
*Copyrights reserved*

ॐ